
HOLY WEEK

(W / PROMIYONS AND GOSPELS)

NAMASKARAM





MALANKARA ORTHODOX CHURCH

CONTENTS

തിങ്കളാഴ്ച സന്ധ്യാനമസ്ക്കാരം

† പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ.

തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

കൗമാ

[illegible] [illegible] ܐܠܗܐ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. **3 Times**

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܚܫܗ ܦܪܩ ܠܢ ܠܟܠܢ
ܩܒܠ ܬܫܡܫܬܢ ܘܪܚܡܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܫܘܒܚܐ ⁜ ܘܣܓܕܬܐ ܘܬܘܕܝܬܐ ܠܪܘܚܐ
ܘܩܘܕܫܐ ⁜ ܘܥܠܝܢ ܚܛܝܐ ܛܝܒܘܬܐ ܘܪܚܡܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ⁜ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܬܪܘܢܘܣ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

† ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܀ ܘܥܠܝܢ ܡܣ̈ܟܢܐ
ܘܚ̈ܛܝܐ ܪ̈ܚܡܐ ܘܚܢܢܐ ܢܬܡܠܘܢ ܕܐܠܗܘܬܗ ܒܥܠܡ̈ܐ ܬܪ̈ܝܢ
ܠܥܠܡܝܢ ܀ ܐܡܝܢ ܀

ܬܘܒ ܕܚܘܣܝܐ

ദൈവമായ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ കഷ്ടാനുഭവത്തിൽ ഞങ്ങൾകഷ്ടപ്പെടുവാനും ഞങ്ങൾക്കു വേണ്ടിയുള്ള നിൻെറ താഴാഴ്മയിൽ സദൃശ്യപ്പെടുവാനും ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ കുരിശാരോഹണത്തിൽ പ്രശംസിപ്പാനും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിൻെറ മുറിവുകളാൽ സൗഖ്യം പ്രാപിപ്പാനും ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുന്നതായ നിൻെറ മരണത്താൽ ജീവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ ഞങ്ങളുടെ ദുഃഖത്തെ ആഹ്ളാദകരമാക്കുന്ന നിൻെറ പുനരുത്ഥാനത്തിൽ ഞങ്ങൾ നിന്നോടുകൂടെ സന്തോഷിച്ച് ആനന്ദിക്കുമാറാകണമെ..
ഹോശോ

English

Pure and unblemished Lamb, Who was led to the slaughter by the wicked, and quiet and silent in His humility, and (Who) took away the sin of the world by His sacrifice, hold us worthy to put on the likeness of Your passion and Your life-giving death, and to You the sound of praise and to rejoice in the day of Your resurrection our Lord and our God forever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ തിരുമുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ

എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 മനസ്സോടെ മൃതിയേൽപ്പാൻ വന്ന്, സ്ലീബാ-
യാലുലകം വീണ്ടൊരു ദേവാ ദയചെയ്തീടണമെ.

2 സ്വർഗ്ഗത്തി-ന്നാഗതനായ് തന്നിൽ, ദൃഷ്ടാ-
ന്തങ്ങളെ നിറവേറ്റിയ ദേവാ ദയചെയ്തീടണമെ.

3 തൻഹാശാ യേരുശലേം പുരിയിൽ, കാണും
പ്രേഷിതരെന്നരുളിയ ദേവാ ദയചെയ്തീടണമെ.

4 സകലത്തി-ന്നുടയോനായ് വാഴ്കെ, സ്വയമേ
മാനവനായ്ത്തീർന്നൊരു ദേവാദയചെയ്തീടണമെ

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

5 താൻ ബലിയായ്-ത്തീർന്നിഹ താതനെയീ, ലോക-
ത്തൊടു രഞ്ജിപ്പിച്ചൊരു ദേവാ ദയചെയ്തീടണമെ.

കുറിയേലായിസ്സോൻ: **കർത്താവേ ഞാൻ നിന്നെ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.**

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും, എന്റെ കൈകളിലെ കാഴ്ച, വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമെ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും, ഞാൻ അന്യായ ക്രിയകൾ പ്രവൃത്തിക്കുകയും ചെയ്യാതിരിപ്പാൻ, എന്റെ വായ്ക്ക് കാവൽക്കാരനെയും, എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പു കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാ കരുതെ. നീതിമാൻ എന്നെപഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെദോഷംനിമിത്തമാകുന്നു. അവരുടെ ന്യായാധിപതി മാർ പാറയാൽതടയപ്പെട്ടു ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുപിളർന്നു ചിതറിക്കുന്നതുപോലെ, പാതാള വാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള, പ്രശംസ ക്കാരുടെ കൈയിൽനിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻവിളിച്ചു. എന്റെ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു. തിരു സന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും, തിരു മുമ്പിൽ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവു കുണ്ഠിതപ്പെട്ടിരിക്കുമ്പോൾ, എന്റെ ഊടുവഴികൾ നീ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എനിക്കുവേണ്ടി അപേക്ഷിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്നോടുനിലവിളിച്ചു. നീ എന്റെ ആശ്രയവും, ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പി ക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന്, എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ

എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻഏറ്റവുംക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെവചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എൻെറ ആത്മാവ് എല്ലായ്പ്പോഴും നിൻെറ കൈയിൽ ഇരിക്കുന്നു. നിൻെറ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽനിന്നും തെറ്റിപ്പോയില്ല. ഞാൻനിൻെറസാക്ഷി എന്നേയ്ക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അതു എൻെറ ഹൃദയത്തിൻെറ ആനന്ദ മാകുന്നു. നിൻെറകൽപ്പനകൾ എന്നേയ്ക്കും സത്യത്തോടെ ചെയ്വാനായിട്ട് ഞാൻ എൻെറ ഹൃദയം തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ഈത്തോ-ദബ് ഹാശോക് എന്നപോലെ

1 നിൻ ഹാശാ-യിൽഖേദംപൂ-ണ്ടോർ മോ-ദിക്കുമുത്ഥാനേ
സഭതൻ മ-ക്കൾ രക്ഷ-കനേ വാ-ഴ്‌വാ-ർജ്ജിച്ചീടണമെ.

2 നരരക്ഷ-യ്ക്കായ്താഴ്മയൊടെ-ത്തിഗിരിഗോഗുൽത്തായിൽ
ക്രൂശിതനാ-യൊരു മശിഹായെ-ത്തിരു-സഭയെകീർത്തിക്ക.

3 രക്ഷകനേ നിൻ പാടോർത്തേ-വം സഭ കീർത്തിക്കുന്നു
പീഡയവൾ-ക്കായേറ്റോരി-ടയാ പ്രാർത്ഥന കൈക്കൊൾക

4 കൊലയാളി-കളാം യൂദന്മാരെ നീ വിധി ചെയ്തീടും
ഏറ്റുപറ-ഞ്ഞ പുറജാതി-കളോ രാജ്യേ മോദിക്കും

5 സ്വർഗ്ഗമണാ-ളൻതൻമണവ-റയിൽ ക്ഷണമർഹിപ്പോരേ
അജ്ഞാന-ന്ദിപ്പാനാ-ത്മാവിൻ ദീപം തെളിയിപ്പിൻ.

ബാറെക്മോർ.† ശുബഹോ-മെന്ഓലാം--

6 വിനയസമേ-തംഗോഗുൽത്താ-യിൽ നിന്നെ രക്ഷിപ്പാൻ
ക്രൂശിതനാ-മുന്നതനായ് സ്തോത്രംപാടീടുക സഭയെ.

സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ

[illegible]

[illegible]

[illegible]

[illegible]

ഞങ്ങളെ കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർപ്പാനായിട്ട് തന്റെ മനുഷ്യാവതാരത്താൽ മനസ്സോടെ കഷ്ടാനുഭവത്തിന് എഴുന്നെള്ളിവരികയും തന്റെ

കഷ്ടാനുഭവത്താൽ ഞങ്ങളുടെ കുറ്റപത്രങ്ങളെ കീറിക്കളയുകയും കഷ്ടതയുള്ളതായ ഞങ്ങളുടെ വർഗ്ഗത്തിന് കഷ്ടതയില്ലായ്മയെ ക്ഷണിച്ചുവരുത്തുകയും തന്റെ വിശുദ്ധകഷ്ടാനുഭവങ്ങളാൽ സ്വർഗ്ഗവാസികളെയുംഭൂവാസികളെയും തമ്മിൽ യോജിപ്പിക്കുകയുംചെയ്തവനും തന്റെ ഉണ്മയിൽ കഷ്ടതയില്ലാത്തവനും ആയ കർത്താവിന് സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

May we be held worthy at all times and moments to offer glory, thanksgiving, honour, praise and good exaltation that never passes away. Glory to Him who is impassible in His substance, and came for voluntary suffering in His dispensation, in order to make us impassible and immortal, and torn away the bond of our debts by His passion, and brought impassibility for our race liable to suffering, and recomciled the heavenly and the earthly beings by His holy sufferings. There befits Him glory, hounor and worship at this evening prayer and all seasons and hours all the days of our life.

ܦܘܼܙ

കാരുണ്യവാനും കൃപയും സത്യവും ധാരാളം ഉള്ളവനും ദയാലുവും ദീർഘക്ഷമയുള്ളവനും മനുഷ്യരെ സ്നേഹിക്കുന്നവനും ഭരണപ്രകാരംമനുഷ്യരോടുകൂടി സഞ്ചരിക്കുകയും പ്രകൃത്യാ കഷ്ടതയില്ലാത്തവനും കഷ്ടതകളിൽനിന്ന് അകന്നിരിക്കുന്നവനും ആയിരിക്കെ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വമനസ്സാൽ ജഡത്തിൽ കഷ്ടം അനുഭവിക്കുകയും പാപവികാരങ്ങൾക്കു ഞങ്ങൾ കീഴ്പ്പെടാതെ അവയെ ഞങ്ങളുടെ ആത്മാക്കളിൽനിന്ന് വെടിപ്പാക്കി നിർമ്മലമാക്കുവാനായിട്ട് ഞങ്ങളെ പഠിപ്പിക്കുകയുംചെയ്ത മശിഹാതമ്പുരാനേ, നിൻെറ കഷ്ടാനുഭങ്ങളാൽ ഞങ്ങൾ രക്ഷിക്കപ്പെടുകയും നിൻെറ അടികളാൽ ഞങ്ങൾ സൗഖ്യപ്പെടുകയും നിൻെറ മുറിവുകളാൽ ഞങ്ങൾ സ്വതന്ത്രരാവുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ നിന്നെ വന്ദിച്ച് സ്തോത്രം ചെയ്ത് നിൻെറ കഷ്ടാനുഭത്തെ എതിരേൽപ്പാൻ വാഞ്ഛിക്കുകയും ആഹ്ളാദത്തോടെ ഞങ്ങൾ അട്ടഹസിച്ച് പറയുകയും ചെയ്തിരിക്കുന്നു. പാപത്തിൻെറ അശുദ്ധ വികാരങ്ങളിൽനിന്ന് ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരവും വിശുദ്ധവുമായ കഷ്ടാനുഭവമേ, സമാധാനത്തോടെ വരിക. അക്ഷയമായ പുതിയ ജീവൻ ഞങ്ങൾ കണ്ടെത്തിയ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക. ആത്മീയമായ സകലഭാഗ്യങ്ങളുടേയും ഭണ്ഡാരത്തെ ഞങ്ങളുടെ മുമ്പിൽ തുറന്നുതന്ന ഞങ്ങളുടെ ദൈവത്തിൻെറ രക്ഷാകരമായ

കഷ്ടാനുഭമേ സമാധാനത്താലെ വരിക. അശുദ്ധപ്രവൃത്തികളുടെ മലിനതയെ നീക്കി വിശുദ്ധിയെ ഞങ്ങൾക്കു സമ്പാദിച്ചുതന്ന ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരമായ കഷ്ടാനുഭവമേ സമധാനത്തോടെ വരിക. ഞങ്ങളെ സ്വർഗ്ഗരാജ്യത്തിലേക്ക് കൊണ്ടുപോകുന്നതായ പെരുവഴിയും, ഊടുവഴിയുംആയിത്തീർന്ന ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്താലെ വരിക. സകല നന്മകളുടെയും സങ്കേതസ്ഥാനം ഞങ്ങൾക്കു ചൂണ്ടിക്കാണിച്ചുതന്നതായ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക. ഞങ്ങൾക്ക് രക്ഷയുടെ ആയുധമായിത്തീർന്ന മശിഹായുടെ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭമേ സമാധായത്തോടെ വരിക. കൽപ്പനലംഘനംമൂലം ഉണ്ടായ ഞങ്ങളുടെ കടംവീട്ടിയ വിശുദ്ധവും ജീവനുണ്ടാക്കുന്നതുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക. സാത്താൻെറ വഞ്ചനയെ നശിപ്പിച്ചതായ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭമേ സമാധാനത്തോടെ വരിക. ഇന്നു സകല ഭൂഭാഗങ്ങളിലും സകലജാതികളും രാജകീയമായവിധത്തിൽ എതിരേറ്റ് ആഘോഷിക്കുന്ന വിശുദ്ധവും രക്ഷാകരവുമായകഷ്ടാനുഭവമേ സമാധാനത്തോടെ വരിക. ഞങ്ങളുടെ മനുഷത്വത്തിൻെറ നൊമ്പരങ്ങളും രോഗങ്ങളും സൗഖ്യമാക്കിയ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെവരിക.

പാപത്തിൻെറ തിരമാലകളിൽനിന്നും കൊടുങ്കാറ്റിൽനിന്നും ഞങ്ങൾക്കു രക്ഷയുടെതുറമുഖം ആയിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെവരിക. ഞങ്ങളുടെ മലിനതകളും പിഴകളും കഴുകിവെടിപ്പാക്കിയ വിശുദ്ധവും ജീവദായകവുമായ കഷ്ടാനുഭവമേ, സമാധാന ത്തോടെ വരിക. സകല സൃഷ്ടികൾക്കും പ്രകാശവും ജീവനും ഉദിപ്പിച്ച വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭ വമേ സമാധാനത്തോടെവരിക. ഞങ്ങളുടെ പാപബന്ധന ങ്ങളും മൂടുപടങ്ങളും അറുത്തുകളഞ്ഞ വിശുദ്ധവുംരക്ഷാകര വുമായ കഷ്ടാനുഭവമേ, സമാധാനത്തോടെവരിക. വിവിധ തരങ്ങളായ സഹായങ്ങൾ ഞങ്ങൾക്കു നൽകിയതായ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാന ത്തോടെവരിക. ഞങ്ങൾക്കുവേണ്ടി പിതാവിനെനിരപ്പാക്കുന്ന ധൂപകലശമായിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെവരിക. ആദാമിൻെറ സ്വരൂപം വീണ്ടുംപുതിയരൂപത്തെസമ്പാദിച്ചതായ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെവരിക. വിശുദ്ധിയും നീതീകരണവും ഞങ്ങൾക്കു സമ്പാദിച്ചുതന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാന ത്തോടെവരിക. ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്കുള്ള അഭ്യുന്നതി ഞങ്ങൾക്കു നൽകിയ വിശുദ്ധവും രക്ഷാകരവു മായ കഷ്ടാനുഭവമേസമാധാനത്തോടെവരിക. ഞങ്ങൾക്ക് സ്വർഗ്ഗീയരോട് രമ്യതയുണ്ടാക്കിയ വിശുദ്ധവും രക്ഷാകരവു മായ കഷ്ടാനുഭവമേ സമാധാനത്തോടെവരിക. കൽപ്പന

ലംഘനത്താൽ ആദാം അടച്ചുകളഞ്ഞ വാതിൽ ഞങ്ങൾക്കു തുറന്നുതന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെവരിക. ഞങ്ങൾക്കുവേണ്ടി മനസ്സോടെ ശരീരത്തിൽ കഷ്ടതയനുഭവിച്ച ഞങ്ങളുടെ മശിഹാ തമ്പുരാനേ, ഈ പരിശുദ്ധധൂപം വഴിയായി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ, നിൻെറ കഷ്ടാനു ഭവത്തെ ധരിപ്പാനും നിൻെറ അപമാനത്തെ വഹിപ്പാനും നിൻെറ താഴാഴ്മയിൽ സാമ്യപ്പെടുവാനും നിൻെറ കുരിശാ രോഹണത്തിൽ വിജയംഘോഷിപ്പാനും നിൻെറകരുണയാൽ ഞങ്ങളുടെ ആത്മാക്കൾ പുണ്യപ്പെടുവാനും ഞങ്ങൾ നിൻെറ മണവറയിൽക്ഷണിക്കപ്പെട്ടവരും നിൻെറ കല്യാണ വിരുന്നിൽ തോഴന്മാരും ആകുവാനും ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും നിൻെറ വലത്തുഭാഗത്തു നിൻെറ കരുണയെ കാണുവാനുമായി ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കുംസ്തുതിയുംസ്തോത്രവും കരേറ്റുമാറാകണമെ.

ഹോശോ ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

(സഭ പറയുന്നു.) എൻെറ പ്രിയന് സുഭിക്ഷതയുള്ള ദേശ ത്തിൻെറ ഒരറ്റത്ത് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിൽ അദ്ധ്വാനിക്കുകയും അതിനുചുറ്റും വേലി

കെട്ടുകയും മുന്തിരിപ്പഴങ്ങൾ കായ്പ്പാൻ നോക്കിപ്പാർക്കുകയുംചെയ്തു. എന്നാൽ അതിനുപകരം കാട്ടുമുന്തിരിങ്ങാകൾ കായിച്ചതിനാൽ അവൻ അതിനെ ഉന്മൂലനാശം ചെയ്യുകയും ജാതികളുടെ ഇടയിൽ അതിനെ ചിതറിക്കുകയുംചെയ്തു. കൂടാതെ പരിശുദ്ധസഭയെതനിക്കു വിവാഹ നിശ്ചയംചെയ്തു. അവളുടെ മക്കൾ തനിക്കു സ്തുതി പാടുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ---

ശാപത്തിൽനിന്ന് നമ്മെരക്ഷിച്ച ഏകജാതൻെറ കഷ്ടാനുഭവങ്ങളെക്കുറിച്ച് സ്ക്കറിയാപ്രവാചകൻ ദീർഘദർശനം പറഞ്ഞിരിക്കുന്നു. നിൻെറ സ്നേഹിതന്മാരുടെ ഭവനത്തിൽ വെച്ച് നീ ഏറ്റതായി നിൻെറ കൈകളിൽ ഞാൻ കാണുന്ന ഈ മുറിവുകൾ എന്താകുന്നു ? നശിച്ചുപോയ ലോകത്തെ തൻെറതാഴ്ചയാൽ ജീവിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
മൊറിയോറാഹേം ---

The Church says: my beloved had a vineyard at the heart of the fertile land. He labored in it and built a fence around it and waited that it produces grapes. In return, it produced wild grapes. Therefore he rooted it up and scattered it among the gentiles, ang He betrothed the Holy Church, and her children sing praise to Him. Berekmore.

Glory be to the Father, Son and Holy Spirit.

Un to the ages of ages and for ever more.

The Prophet Zachariah fortold the sufferings of the Only-Begotten, by which he will save us from curse: ‘What are these wounds that I see on your hands, that you had endured in the house of your friends? (Zach; 13:6). Blessed is He who, by His humiliation gave life to the world which was perished. Moriorahem---

എത്രൊ

കർത്താവേ, നിൻെറ വിശുദ്ധസഭയുടെധൂപം കരുണയോടെ കൈക്കൊള്ളണമെ. നിൻെറ കഷ്ടാനുഭവങ്ങളെ വന്ദിച്ചു സ്തുതിക്കുകയും നിൻെറമുറിവുകളെഓമനിച്ച് ആലിംഗനം ചെയ്യുകയും നിൻെറസ്ലീബായിൽ സന്തോഷിച്ച് പ്രശാംസിക്കുകയുംചെയ്യുന്ന വിശേഷബുദ്ധിയുള്ള നിൻെറ ആട്ടിൻ കൂട്ടത്തിൻെറ പ്രാർത്ഥനകളിൽ പ്രസാദം തോന്നണമെ. നാനാഭാഗത്തും സഭയുടെ കൊമ്പിനെ ഉയർത്തണമെ. പിതാവിനോടും വിശുദ്ധറൂഹായോടുംകൂടെ വന്ദിച്ച് സ്തുതിക്കപ്പെടുന്ന വന്ദ്യപുത്രനും സാക്ഷാൽ അവകാശിയുമായ നിനക്ക് സ്തോത്രമാകുന്ന മധുരഫലങ്ങളെ ഇടവിടാതെ അതു സമർപ്പിക്കുമാറാകണമെ. ഹോശോ---

Accept O Lord, by Your compassion the incense of Your Holy Church, and be pleased with the supplication of Your rational flock, which worships

and glorifies Your passion, cherishes and kisses Your wounds, rejoices and takes pride in Your Cross. Exalt its horn in every quarter, that always she may offer You the sweet fruits of thanksgiving, instead fo the vinegar of impiety extended to You by that killer, to You the adorable Son and the true heir- for You are worshipped and glorified with the Father and the Holy Spirit. Now and always for ever and ever.

വീണ്ടും കോലോ

യഹൂദന്മാർഅസൂയപൂണ്ടു. ആദിമുതലുള്ള മനുഷ്യഘാതകൻ കുറ്റംചെയ്യാത്ത നീതിമാനായ ഹബേലിനെകൊന്നു. അവൻെറ ദോഷകരമായ മരണക്കെണിയിൽ സപ്രേന്മാരും പ്രീശേന്മാരും അകപ്പെട്ടു. യേശുതമ്പുരാൻെറ കുറ്റമില്ലാത്ത രക്തംചിന്തുവാൻ തനിക്കെതിരായി അവർ ദുരാലോചന ചെയ്തു ബാറെക്മോർ. † ശുബഹോ: മെന്ഗാലം വാദാമോ ല്ഗാലാം ഒൽമീനാമീൻ

ഞാൻ വിവാഹനിശ്ചയംചെയ്ത മണവാട്ടി എന്നെ ദ്വേഷിച്ചു. അവൾക്കുപകരം മറ്റൊരുവളെ ഞാൻ വിവാഹ നിശ്ചയം ചെയ്യുകയും അവൾക്കായി ഞാൻ വലിയൊരു വിരുന്നുകഴിക്കുകയുംചെയ്തു. കുഞ്ഞാടിനെയോ പള്ളാടി നെയോ അല്ല, തടിച്ച കാളയെത്തന്നെ അതിനായി ഞാൻ അറുത്തു. എൻെറ ഏകജാതനായ പുത്രനെ ഞാൻ ബലി കഴിച്ച് കല്യാണവിരുന്നിൽ അവളുടെ മുമ്പാകെ വച്ചു. കണ്ടാലും അവൾ അവനെ കൈക്കൊള്ളുകയും അവളുടെ

സർവ്വമക്കൾക്കും പാപപരിഹാരത്തിനായി വിഭജിച്ചു നൽകുകയും ചെയ്യുന്നു.

The Jews were full jealousy. In the beginning, the killer of man, killed the just and innocent Abel. With the same snare of death-which is the evil's work-the scribes and the Pharisees were caught up and they plotted against Jesus, in order to shed innocent blood. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

The bride whom I betrothed hated me and in her place, I have betrothed another. I have prepared a great banquet for her. Instead of lambs and calves, I have slain a fattened ox and placed it before her at the marriage feast-I have sacrificed my Only-Begotten Son. Behold, she holds him and divides for the atonement of all her children.

ബോത്തേദ്ഹാശോ

ܒܥܝܢ ܡܪܢ ܚܫܐ ܕܣܒܪܬ ܚܠܦܝܢ

ܒܥܝܢ ܡܘܟܟܟ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

നിൻ ഹാ-ശായെ വർണ്ണിച്ചീ-ടാൻ
എൻവീ-ണയ്ക്കേ-കേണം രാഗം
    നിൻ കൃപയിന്നും ഞാൻ പ്രാപിച്ച
പീഡാ-വയലിൽ ഞാൻ കൊയ്യു-ന്നോ-
രനുഭ-വമെന്നിൽ മാഞ്ഞീടല്ലെ.

ഉന്നതനാകും ദൈവസുതൻെറ
വധവൃ-ത്താന്തം പീഡാപൂ-ർണ്ണം
    സ്നേഹിപ്പോർ തൻ രക്ഷാലക്ഷ്യം
ദുഷ്ടാ-ത്മാവാൽ ബദ്ധൻ ദാസൻ
നൃപയാ-തനയാൽ രക്ഷിതനായി.

ദൈവത്വത്തോ-ടുടയോൻ വന്നാൽ
നേരേ-നിൽപ്പാ-നാരാലാ-വും
    നമ്മൾക്കായി കഷ്ടപ്പെടുവാൻ
ഹിതമാ-ർന്നപ്പോളെല്ലാരേ-യും
രക്ഷിച്ചീടാൻ മൃത്യുവരിച്ചു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܳܚܶܡ ܠܰܟܡܳܐ ܟܽܠܗ ܕܪܳܚܶܡ ܥܠܰܝܢ
ܠܒܰܝܬ ܢܰܦܫܳܐ ܠܳܐ ܡܶܢܝ ܠܐܶܬܪܰܚܰܡ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܣܰܟܝܳܢܳܐ ܕܬܶܬܶ ܠܢܫܰܐ ܘܡܰܢܬܶܬ ܘܡܰܩܒܠܰܢܬܶܬ

ܡܫܺܝܚܳܐ ܕܶܐܨܛܠܶܒ ܘܡܺܝܬ ܚܠܳܦ ܚܰܝܒܶܐ ✠

ܩܰܒܶܠ ܨܠܰܘ̈ܬܰܢ ܘܰܪܚܶܡ ܥܰܠ ܢܰܦ̈ܫܳܬܰܢ ✠

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ

പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

പൂ-ജിത ബലിയും തൻ പൂജകനും മശിഹാ തന്നെ

അമലാ-ചാര്യനുമാദ്യൻ ജാതനുമാകു-ന്നതുതാൻ

അർപ്പി-തനുപോൽ ബലികൾക്കുടയോൻ സ്വീകാ-രകനും

പൂ-ജിതമജവും ബലികൾ വാങ്ങും പരനുംതാനാം.ദേവാ--

രക്ഷ-ക്കിഹതൻ സുതനെ വിട്ടൊരു താതൻ സ്തുത്യൻ

എബ്രാ-യർ തൻ ചതി വെളിവാക്കിയ പുത്രൻ വന്ദ്യൻ

അവരെ-പരജന നിന്ദിതരാക്കി പകരം സഭയെ

തൻസ്തുതിസതതംപാടാൻചേർത്തൊരുറൂഹാപൂജ്യൻ. ദേവാ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ

വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ

പെത്ഗോമോ

ഹാലേലുയ്യാ ഉ ഹാലേലുയ്യാ പീഡനമേൽപ്പാൻ ഞാൻ വന്നു

വേദനയെന്നെയനിശം നേരിട്ടു. ഹാലേലുയ്യാ

ശുശ്രൂഷക്കാരൻ. ബാറെക്മോർ, നാം അടക്കത്തോടും, ഭയത്തോടും, വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ നാം കേൾക്കണം.

ܠܥܕܬܐ ܩܕܝܫܬܐ ܘܠܟܠܗܘܢ ܕܡܫܝܚܐ ܠܟܠܟܘܢ ✠ ܫܠܳܡ ✠

✱ ܩܘܪܒܢܐ ✱ ܡܣܒܪܢܐ ܠܘܩܐ ܡܢ ܩܕܝܫܐ ܐܘܢܓܠܝܘܢ

വി. ലൂക്കോസ് 19. 41 - 20. 8

യേശു യെരുശലേമിനെ സമീപിച്ചപ്പോൾ നഗരം കണ്ട് അതിനെക്കുറിച്ച് അത്യധികം വിലപിച്ച് പറഞ്ഞു. ഈ നാളിലെങ്കിലും നിൻെറ സമാധാനത്തിനുള്ളത് നീ അറിഞ്ഞെങ്കിൽകൊള്ളാമായിരുന്നു. എന്നാൽ ഇപ്പോൾ അത് നിൻെറ കണ്ണുകൾക്കു മറയ്ക്കപ്പെട്ടിരിക്കുന്നു. നിൻെറ സന്ദർശനകാലം നീ അറിഞ്ഞില്ല. അതുകൊണ്ട് നിന്നെ ശത്രുക്കൾ വളയുകയും എല്ലാഭാഗത്തുനിന്നും നിന്നെ ഞെരുക്കുകയും ചെയ്യും. നിന്നെയും നിൻെറ മക്കളെയും നിശ്ശേഷം നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ല് ശേഷിക്കാതാക്കുകയും ചെയ്യും. യേശു ദിവസംതോറും ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും ജനപ്രമാണിമാരും അവനെ കൊല്ലുവാൻ മാർഗ്ഗം അന്വേഷിച്ചു. ജനമെല്ലാം അവൻെറ വചനത്തിൽ പ്രീതിപ്പെട്ടിരിക്കുകയാൽ അവനോട് എന്തു ചെയ്യേണ്ടുവെന്ന് നിശ്ചയിക്കുവാൻ അവർക്കു കഴിഞ്ഞില്ല. പിന്നെ ഒരുദിവസം അവൻ ദേവാലയത്തിൽ ജനങ്ങളെ പഠിപ്പിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ പ്രധാനാചാര്യന്മാരും, ജനപ്രമാണികളോടൊത്ത് വേദപണ്ഡിതന്മാരും അവനെ എതിരിട്ട് നീ ഏത്അധികാരത്താൽ ഇവപ്രവർത്തിക്കുന്നു. ഈ അധികാരം നിനക്കു തന്നതാര്, ഞങ്ങളോടു പറയുക എന്നു പറഞ്ഞു.

യേശു അവരോട് ചോദിച്ചു. ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടെ. എന്നോട് ഉത്തരം പറയുവിൻ. യോഹന്നാൻെറ മാമോദീസാ സ്വർഗ്ഗത്തിൽനിന്നോ, മനുഷ്യരിൽ നിന്നോ? അവർ ആലോചിച്ച് പരസ്പരം പറഞ്ഞു. സ്വർഗ്ഗത്തിൽ നിന്ന് എന്നു നാം പറഞ്ഞാൽ നിങ്ങൾ അവനെ വിശ്വസിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് അവൻ ചോദിക്കും. മനുഷ്യരിൽ നിന്ന് എന്നു പറഞ്ഞാൽ ജനമെല്ലാം നമ്മെ കല്ലെറിയും. കാരണം യോഹന്നാൻ ഒരു പ്രവാചകനാണെന്ന് അവർ അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ട് അവർ അവനോട്, എവിടെ നിന്നാണെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ എന്നു പറഞ്ഞു. എങ്കിൽ ഏതധികാരത്തിൽ ഇവ പ്രവർത്തിക്കുന്നുവെന്ന് ഞാനും നിങ്ങളോടു പറയുന്നില്ല എന്ന് യേശു അവരോട് അരുളിച്ചെയ്തു.

ܒܥܕܢ ܨܦܪܐ ܁ ܩܘܪܒܢܐ ܁

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

ܡܫܝܚܐ ܕܒܚܢܢܗ ܦܬܚ ܠܢ ܬܪܥܗ

ܩܘܠܐ ܬܪ̈ܥܐ ܕܐܘܪܫܠܡ ⁜

Christ, Who - by His Passion saved - us from sin
Receive Our worship, Have mer-cy on us

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - by His Passion saved - us from sin,
receive Our worship, Have mer-cy on us. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܚܫܘܗܝ ܦܪܩܢ ܡܢ ܛܘܥܝܝܐ

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ✠ [3]

[illegible]

[illegible]

[illegible]

ܘܕ[illegible] ✠ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ

ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡܝܢ ✠ ܐܡܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

തിങ്കളാഴ്ച സുത്താറ

[illegible]

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ

കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും

മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - by His Passion saved - us from sin, receive Our worship, Have mer-cy on us. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܚܫܗ ܦܪܩܢ ܡܢ ܚܛܗܝܢ
ܩܒܠ ܣܓܕܬܢ ܘܐܬܪܚܡ ܥܠܝܢ ܀ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܬܘܕܝܬܐ ܀ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ܀ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ܀ ܢܬܦܬܚܘܢ
ܬܪܥܝ ܨܗܝܘܢ ܕܠܥܠ ܀ ܘܢܬܩܒܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ܀ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ܀ ܒܪܟܡܪܝ ܀

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ.

[illegible]

[illegible]
[illegible]
[illegible]
[illegible]

പ്രകൃത്യാ ഉന്നതനും കഷ്ടതകളിൽനിന്ന് അകന്നിരിക്കുന്നവനും തിരുവിഷ്ടപ്രകാരം ജഡത്തിൽ കഷ്ടതകൾക്കായി അടുത്തുവന്നവനും തിരുമനസ്സായപ്രകാരം ജഡത്തിൽ മരിക്കയും ആത്മാവിൽ ജീവിക്കയുംചെയ്തവനായി മരണത്തിൽനിന്ന് ഉയർന്നിരിക്കുന്നവനും കുറ്റക്കാരനെപ്പോലെ കുരിശിന്മേൽ തൂക്കപ്പെടുകയും തൻെറ കഷ്ടാനുഭവം കൊണ്ട് ഞങ്ങളുടെകഷ്ടാനുഭവത്തെ മായിച്ചുകളയുകയും

തൻെറ മരണത്താൽ മരണത്തിൻെറകാഠിന്യത്തെ ഞങ്ങളിൽ നിന്ന് നശിപ്പിക്കുകയും തൻെറ സ്ലീബായാൽ ദുഷ്ടൻെറ അധികാരത്തെ നശിപ്പിച്ച് ഞങ്ങളുടെമേലുള്ള അവൻെറ ജയത്തെ മായിച്ചുകളയുകയും തൻെറ ദേഹത്യാഗത്താൽ അർക്കാവോസേന്മാരെയും ശാലീത്തോനെന്മാരെയും ലജ്ജിപ്പിക്കുകയുംചെയ്ത മനുഷ്യത്വത്തിൻെറ നാഥനുംആയ കർത്താവിന് അനശ്വരമായ സ്തുതിയും കുറഞ്ഞുപോകാത്ത പുകഴ്ചയും മാഞ്ഞുപോകാത്ത സ്തോത്രയും വണക്കമുള്ള വന്ദനവും ഇടവിടാതെയുള്ള കൃതജ്ഞതയും നാം അണയ്ക്കണം. തൻെറ കഷ്ടാനുഭവത്തിനും മരണത്തിനും സ്ലീബായ്ക്കും രക്ഷയ്ക്കുംവേണ്ടി ഈ നേരത്തിൽ തൻെറ മുമ്പാകെ സ്തോത്രശബ്ദങ്ങൾ നാം സമർപ്പിക്കുകയും വേണം. തനിക്ക് സുത്താറാ പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുല്ഹൂൻ--- ആമ്മീൻ.

To Him Who, by His nature, is exalted and beyond passions, Who came near in flesh for voluntarily sufferings, and Who, being exalted from death died in the body, and is living in the spirit as He was willing, that Lord of glory Who was suspended on the Cross as guilty one, and removed our sufferings by His suffering, and by His death, removed sting of death from us, and by His Cross

dethroned the authority of the evil one and blotted our his victory upon us, and by the stripping of His body, He has put the principaties and authorities in to shame, let us offer unceasing honour and unending glory and unfailing praise, humble worship and eternal thanksgiving. On account of His passion, deth, cross and salvation, let us offer hymns of thanksgiving before Him now and always and all the days of our life.

ܣܶܕܪܳܐ

ഞങ്ങളെ നേർവഴികാണിപ്പാൻവേണ്ടി മനുഷ്യാവതാരത്തിൽ ഞങ്ങളോടുകൂടെ പെരുമാറുകയും പ്രകൃത്യാ പൂർണ്ണമായി കഷ്ടതയില്ലാത്തവനായിരിക്കുമ്പോൾ ഞങ്ങളുടെരക്ഷയ്ക്കു വേണ്ടി മനസ്സോടെ ജഡത്തിൽ കഷ്ടമനുഭവിക്കുകയും പാപവികാരങ്ങളെ സൽപ്രവൃത്തികളാൽ ഞങ്ങളുടെ ആത്മാക്കളിൽനിന്ന് മുഴുവനും കഴുകിവെടിപ്പാക്കുവാൻ ഞങ്ങളെ പഠിപ്പിക്കുകയുംചെയ്ത കാരുണ്യവാനും ഭയങ്കര നുമായ ദൈവമേ, ഞങ്ങൾ നിഷ്ക്കളങ്കഹൃദയത്തോടെ ആനന്ദപൂർവ്വം ഉച്ചത്തിൽ പറയുന്നു. വിഗ്രഹാരാധനയിൽ നിന്നും അതുമൂലമുള്ള അശുദ്ധിയിൽനിന്നും ഞങ്ങളെ രക്ഷിച്ച രക്ഷാകരമായ കഷ്ടാനുഭമേ സമാധാനത്തോടെ വരിക. ദുഷ്ടൻെറ തന്ത്രത്തിൽനിന്നും വഞ്ചനയിൽനിന്നും ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരമായ കഷ്ടാനുഭവമേ നീ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾക്ക് ജീവൻെറയും

രക്ഷയുടെയും മാർഗ്ഗമായിത്തീർന്ന ബഹുമാനകരവും വിശുദ്ധവുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക. ഞങ്ങളുടെ കുറ്റങ്ങളും മാലിന്യങ്ങളും പരിഹരിക്കപ്പെട്ടു എന്ന രക്ഷാകരവും വിശുദ്ധവുമായ കഷ്ടാനുഭവമേ നീ അനുഗ്രഹീതയാകുന്നു. ഞങ്ങളുടെ ബലഹീനതയെനീക്കി ശക്തി നൽകുകയും അസ്ഥിരതയെമാറ്റി സ്ഥിരത നൽകുകയും അറിവില്ലായ്മയെ നീക്കി ഞങ്ങൾക്കു ജ്ഞാനം നൽകുകയുംചെയ്ത രക്ഷാകരവും വിശുദ്ധവും ആയ കഷ്ടാനുഭവമേ നിനക്കു സമാധാനം. ആകയാൽ ഞങ്ങൾക്കുവേണ്ടി ജഡത്തിൽ കഷ്ടമനുഭവിച്ച മശിഹാ തമ്പുരാനേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങൾ നിൻെറ കഷ്ടാനുഭവത്തിൽ കഷ്ടത സഹിപ്പാനും നിൻെറ അപമാനത്തെവഹിപ്പാനും നിൻെറതാഴ്മയിൽ പുകഴുവാനും നിൻെറ കുരിശിൽത്തറപ്പിൽ പ്രശംസിപ്പാനും നിൻെറ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുവാനും നിൻെറ മണവറയിൽ ക്ഷണിക്കപ്പെട്ടവരും നിൻെറ കല്യാണത്തിൽ തോഴന്മാരുമായിത്തീരുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിൻെറ പിതാവിനോടും വിശുദ്ധറൂഹായോടുംകൂടെ നിൻെറ കർത്തൃത്വത്തിനു കടപ്പെട്ടിരിക്കുന്ന സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ വബ്കൂൽസ് ---- ആമ്മീൻ.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ - കൂക്കോയോ

ഉത്തമഭൂമിയിലബ്രഹാം നട്ടൊരു മുന്തിരി തൻ
തോട്ടത്തെ സുതനിസഹാക്കും യാക്കോബും കാത്തു
മോദപ്രദമാം ഫലമവർ കാംക്ഷിച്ചു
അതിലുളവായി കഷ്ടം വന്യഫലം
നിർമ്മൂലം ക്ഷിതിയിൽ ചിതറി-പ്പോയോ-രീവല്ലി
തലമുറകൾക്കെല്ലാം പാർത്താൽ നിന്ദാ-പാത്രം താൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. ബാറെക്മോർ.

ശുബഹോ-- മെന്ഓലാം വാദാമൊ --- ഹാലേലൂയ്യാ

ലോകത്തിൻ രക്ഷകനുടയോൻ രോഗ-ങ്ങളെ നീക്കി
പാഴ്മരുഭൂമിയിലപ്പത്താൽ നൽകി സംതൃപ്തി
പകരം നേരി-ല്ലാത്തൊരു യൂദന്മാർ
പകലായവനെ കൊലചെ-യ്‌വാൻ കൂടി
അവനവരെ അന്യന്മാർതൻ മദ്ധ്യേ ചിതറിച്ചു
സുതനെ പ്രേഷിപ്പിച്ചവനാം താതൻ ധന്യൻ താൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

ബോത്തേദ് ഹാശോ

ܒܪܝܟ ܡܪܝ ܚܫܟ ܕܗܘܐ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܟ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

എല്ലാ-ലോകങ്ങൾക്കും നാഥൻ
സകലത്തേയും വിധിചെയ്യുന്നോൻ

മണ്ണാ-ലാക്ഷേ-പം പൂണ്ടപ്പോൾ
സ്വർഗ്ഗം തന്നിൽ വാഴും സൈന്യം
ക്ഷോഭം മൂലം കിടിലം കൊണ്ടു.

മൃതിയി-ല്ലാത്തോൻ തൻ മൃതിയിങ്കൽ
ലോകം സർവ്വം കമ്പം പൂണ്ടു
കഷ്ടതയേൽപ്പാൻ താനേ വന്നാൻ
തോട്ടത്തിൽ വ-ച്ചാദാം ചെയ്ത
പാപത്തെത്തൻ മുറിവാൽ പോക്കി

സത്യത്തിൻെറ താതൻ വന്ദ്യൻ
പ്രിയനാം പുത്രൻ ശ്രേഷ്ഠൻ ധന്യൻ
മകുടം പൂണ്ടോൻ പരിശുദ്ധാത്മൻ
നമ്മൾക്കായി കഷ്ടതയേറ്റാൻ
ദിവ്യം ശക്ത്യാ നമ്മെക്കാക്കും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܢܚܶܠ ܠܗܽܘ ܒܒܥܡܳܐ ܕܕܢܚܳܝ
ܠܒܢܰܝܳܐ ܥܰܡܶܗ ܡܶܢ ܐܳܠ ܐܰܣܶܩܠܶܠ ⁜ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܠܰܝ ܒܚܢܳܢܳܟ ܘܳܪܳܐ ܘܰܚܣܽܘܝ
ܒܚܢܳܢܳܟ ܥܳܒܶܕ ܟܽܠܗܽܘܢ ܘܰܡܟܰܒܢܳܟ ܥܰܒܕܳܐ ⁜
ܠܘܳܬܳܟ ܐܶܬܪܰܚܰܡ ܡܳܪܝ ܥܰܒܕܳܟ ܕܥܡܗ ܒܟܠܗ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ,
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ദൈവത്തിന്നാദ്യതനൂജൻ
ശിഷ്യസമേതം വർത്തിച്ചു
പാതകികൾക്കായർപ്പിതനായ്
തൻപരിപാവന രക്തത്താൽ
നിജതാതൻ തൻ പ്രീതിക്കായ്
തന്നത്താൻ ബലിയായ്ത്തീർന്നാൻ. ദേവാ ദയ---

2 പീഡകളാൽ പാപം പോക്കും
ബലിയായ്ത്തീർന്നതനൂജന്നും
അവനെ മാനവരക്ഷയ്ക്കായ്
വിട്ടോരദൃശ്യപിതാവിന്നും
പാവനറൂഹായ്ക്കും സ്തോത്രം
തത്കൃപ ഞങ്ങൾക്കാലംബം. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

കൂറിയേലായിസ്സോൻ കൂറിയേലായിസ്സോൻ കൂറിയേലായിസ്സോൻ

91-ാം മസുമൂർ

ബാറെക്മോർ, **ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമേ**

ബാറെക്മോർ, **ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം, എൻെറ ശരണവും, എൻെറ സങ്കേതസ്ഥലവുമെന്ന്, കർത്താവിനെക്കുറിച്ച് നീ പറക.**

എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും

അവ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നിൻെറ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും, ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്, അവൻ നിന്നെക്കുറിച്ച് അവൻെറ മാലാഖമാരോട്കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ, അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെവഹിക്കും

സർപ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, എൻെറ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

121-ാം മസൂമൂർ

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകൾ ഉയർത്തും, എൻെറ സഹായക്കാരൻ എവിടെ നിന്നു വരും

എൻെറ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച, കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തൻെറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ -- മെന്ഓലാം--

ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ അനുഗ്രഹത്തിൻെറ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ അനുഗ്രഹത്താൽ, നിൻെറ അടിയാരുടെ അപേക്ഷ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കി ക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹപരമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാകണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)
നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. **3 Times**

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܚܫܗ ܦܪܩ ܠܢ ܛܘܒܝܢ
ܩܒܠ ܬܫܡܫܬܢ ܘܐܬܪܚܡ ܥܠܝܢ ❉ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܬܘܕܝܬܐ ❉ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܫܘܒܚܐ ❉ ܘܥܠܝܢ ܚܛܝܐ ܚܢܢܐ ܘܪܚܡܐ ❉ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ❉ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܗ
ܕܡܫܝܚܐ ❉ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ❉ ܒܪܟܡܪܝ ❉

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

<u>വിശ്വാസ പ്രമാണം</u>

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻ്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻ്റേയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിൻെറ ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസ ഒരിക്കൽ മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ, ബാറെക്മോർ. സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.





തിങ്കളാഴ്ച രാത്രിനമസ്ക്കാരം - പേജ് 20

കൗമാ

ܒܝܰܕ ܚܽܘܫܳܐ ܕܚܰܫܶܫܬ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܫܡܗ ܦܪܩܢ ܡܢ ܛܘܒܢܐ
ܩܠܐ ܠܬܫܡܫܬܐ ܘܠܬܫܒܘܚܬܗ ❈ [3]

ܟܠ ܡܕܡ ܠܬܫܒܘܚܬܐ ܘܠܐܝܩܪܗ ܐܡܪܝܢ ❈ ܘܡܫܒܚܝܢ ܩܘܕܫܐ ܩܕܝܫܐ
ܘܩܘܪܒܢܐ ❈ ܘܒܟܠܢ ܚܝܠܐ ܫܡܝܢܐ ܘܐܢܫܐ ❈ ܠܬܫܒܘܚܬܗ
ܐܬܐ ܕܩܘܪܒܢܐ ܘܠܡܠܟܐ ❈ ܘܢܝܚܐ ܠܥܠܡ ܡܢ ܟܠ
ܘܩܕܝܫܐ ❈ ܩܕܝܫܐ ܐܢܬ ܡܪܝ ܩܕܝܫܐ ܐܢܬ ܡܪܝ
ܩܕܝܫܐ ܐܢܬ ܡܪܢ ܠܥܠܡ ❈ ܒܪܟܡܪܝ ❈

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❈ ܐܡܝܢ ❈

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ

കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിൻേറയും നാശത്തിൻേറയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധറൂഹായുമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

113, 119 117 സങ്കീർത്തനങ്ങൾ - പേജ് 30

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

ബാറെക്മോർ: ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ

ആകാശവും ഭൂമിയുംസൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ ജീവിപ്പി ക്കുകയും ചെയ്യണമെ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും, എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിന്റെ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെടുന്നതിനാൽ, നിന്റെ കൈ എന്നെ സഹായിക്കണമെ.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിന്റെ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - എത്തയിർ ഹത്തോയേ എന്നപോലെ

1 ആദാമിനെ വീണ്ടും പറുദീസയിലേറ്റാൻ
രാജതനൂജൻ പരിചൊടൊരുങ്ങി പാടേൽപ്പാൻ
സർവ്വാധിപതേ സ്തോത്രം തേ.

2 സൗഖ്യം രോഗാർത്തർ-ക്കേകിയ മശിഹായെ
ക്രൂശിൽ തൂക്കാൻ സപ്രേന്മാർ തീർപ്പുണ്ടാക്കി
സർവ്വാധിപതേ സ്തോത്രം തേ.

3 വരുവിൻ യാതനയേ-റ്റേവം ഘോഷിക്കാം
ഞങ്ങൾക്കായി-യാതനയേറ്റൊരു സൽസൂനോ
സർവ്വാധിപതേസ്തോത്രംതേ. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

4 ജഡമാർന്നൊരു ദേവാ വചനാധീശ്വരനേ
നിൻ രക്തത്താൽ ഞങ്ങളെ നാഥാ നീ വാങ്ങി
സർവ്വാധിപതേ സ്തോത്രം തേ.

കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ.

ഒന്നാം കൗമാ

(എക്ബോ - ഹോനാവുയറഹോ)

ജീവപ്രദമാം നിൻ ഹാശാ-യെ
ഓർക്കും രാത്രൗ സ്തോ-ത്രം നാഥാ

കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് - കൂറിയേലായിസ്സോൻ*

ܦܪܘܡܝܘܢ

[illegible] ⁜ [illegible]
[illegible] ⁜ [illegible]
[illegible]
[illegible] ⁜

ജഡികരെയുംമൺമയരെയും തനിക്കു സദൃശ്യരാക്കുവാനും തള്ളപ്പെട്ടവരേയും അന്യന്മാരെയും തൻ്റെ വംശജരാക്കിത്തീർപ്പാനും ദൂരസ്ഥരേയും ബഹിഷ്കൃതരേയും തൻ്റെ സമീപത്തേക്ക് അടുപ്പിക്കുവാനും തൻ്റെ ശ്രേഷ്ഠതയാൽ നിർദ്ദിഷ്ടസ്ഥാനത്തേക്ക് അവരെ ശേഖരിപ്പാനും തൻ്റെ അവകാശമായ മുന്തിരിത്തോട്ടത്തിൽ നട്ടുപിടിപ്പിപ്പാനും അതിലെ വേലക്കാരായി അവരെ ആക്കുവാനും തൻ്റെ രാജ്യത്തിലെ ഭാഗ്യങ്ങൾ അവർക്കു അവകാശമായി കൊടുപ്പാനും തൻ്റെ ശ്രേഷ്ഠതയുടെ പ്രഭയിൽ അവരെ സന്തോഷിപ്പിക്കുവാനുമായി സ്വന്ത ഇഷ്ടപ്രകാരം ജഡധാരണത്തിന് വന്നവനും സ്വതവേ നിർമ്മലനും

ആത്മീയനും ആയ വചനമായിരിക്കുന്ന കർത്താവിന് രാത്രിപ്രാർത്ഥനയുടെ ഒന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

രഹസ്യവും പരസ്യവുമായ സകല സൃഷ്ടികളുടേയും ദൈവവും പിതാവും നാഥനും സൃഷ്ടാവുമായുള്ളോവേ, അവർണ്ണനീയമായ നിൻെറ മനുഷ്യസ്നേഹംമൂലം ഭൂമിയിൽ ഇസ്രായേലാകുന്ന ആന്തരീയ മുന്തിരിത്തോട്ടത്തെ നീ നട്ടുണ്ടാക്കുകയും മോശൈക ന്യായപ്രമാണമാകുന്ന വേലി അതിന് ചുറ്റും കെട്ടുകയും ന്യായപ്രമാണ ബലികളെ പൂർണ്ണമാക്കുന്ന അഹറോന്യ ആചാര്യസ്ഥാന മാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും ചെയ്തു. രഹസ്യകാര്യങ്ങളെകാണുന്ന ദീർഘദർശനമാകുന്ന ഉയർന്ന ഗോപുരം അതിൽ നീ പണിയുകയും ഉപദേശങ്ങളും ശാസനകളും ശിക്ഷകളുംകൊണ്ട് അതിനെ പരിചരിച്ച് സംരക്ഷിപ്പാൻ ആചാര്യന്മാരുംസപ്രേന്മാരുംആയ വേലക്കാരെ ഭരമേൽപ്പിക്കുകയും ചെയ്തു. എന്നാൽ വിളവുകാലമടുത്ത പ്പോൾ ആത്മീയ ഫലങ്ങളെ ശേഖരിച്ചു സമർപ്പിപ്പാനായിട്ട് വിശുദ്ധ ദീർഘദർശിമാരായ ദാസന്മാരെ തോട്ടക്കാരുടെ അടുക്കലേക്ക് നീ അയച്ചു. എന്നാൽ തോട്ടക്കാർ അവരെ

പിടിച്ച് ചിലരെഅടിക്കുകയും ചിലരെ കൊല്ലുകയുംചയ്തു. വീണ്ടും മുമ്പിലത്തേക്കാൾ അധികംദാസന്മാരെ നീ അയച്ചു. ഇവരോടും അവർ അപ്രകാരം തന്നെ ചെയ്തു. എന്നാൽ നിൻെറ വാത്സല്യപുത്രനെക്കണ്ട് ലജ്ജിപ്പാനും അവൻ മുഖാന്തിരം ഫലങ്ങളെ സമർപ്പിപ്പാനുമായിട്ട് ഒടുവിൽ അവരുടെ അടുക്കലേക്ക് അവനെ നീ അയച്ചു. ഇവൻ അവകാശി എന്ന് അവർ ഗ്രഹിച്ചശേഷം അവർ അവനെ പിടിച്ച് തോട്ടത്തിൽനിന്ന് പുറത്തുകൊണ്ടുപോയി കുരിശിൽ തറയ്ക്കുകയും കൊല്ലുകയും കബറിൽ അടയ്ക്കുന്നതിനായി ഏൽപ്പിക്കുകയുംചെയ്തു. ഇങ്ങനെ ഇസ്രായേലാകുന്ന ശപിക്കപ്പെട്ട തോട്ടം നല്ല മുന്തിരിപ്പഴങ്ങൾക്ക് പകരം ചീത്തയും നിന്ദ്യവുമായ നടപടികളാകുന്ന കാട്ടുമുന്തിരിങ്ങകൾ കായിച്ചു. തന്മൂലം അതിനെ നീ നശിപ്പിക്കുകയും ചിതറിക്കുകയും അതിൻെറ വേലി പൊളിക്കുകയും ദീർഘദർശിമാരാകുന്ന അതിൻെറ ഉന്നത ഗോപുരത്തെ മറിച്ചിടുകയും അതിനെ ചവിട്ടുമാറാക്കുകയും ചെയ്തു. ദൈവികഅറിവാകുന്ന മഴ അതിൻെറമേൽ വർഷിപ്പാതിരിപ്പാൻ മാലാഖമാരാകുന്ന മേഘങ്ങളോട് നീ ആജ്ഞാപിച്ചു. അതിന് പകരം പുറജാതികളിൽനിന്നുള്ള വിശുദ്ധസഭയായി തെരഞ്ഞെടുക്കപ്പെട്ടതും മഹത്വമുള്ളതുമായ മുന്തിരിയെ നട്ടുണ്ടാക്കി. സുവിശേഷപ്രമാണമാകുന്ന വേലി അതിനു ചുറ്റും കെട്ടി മാലാഖയ്ക്ക് സദൃശ്യമായ ആചാര്യസ്ഥാനത്താൽ അതിനെ അലങ്കരിച്ചു. ഉന്നത ഗോപുരമാകുന്ന സ്ലീബായാൽ അതിനെ ഉറപ്പിക്കുകയും ശ്ലീഹന്മാരും

ഇടയന്മാരും അറിയിപ്പുകാരും മൽപ്പാന്മാരും പട്ടക്കാരുമായ ഉത്തമതോട്ടക്കാർമൂലം നിൻെറ ദൈവത്വത്തിന് അനുരൂപങ്ങളായ ആത്മീയ ഫലങ്ങളെ സമർപ്പിപ്പാനായിട്ട് അത് അവരെഏൽപ്പിക്കുകയുംചെയ്തു. യഹൂദപ്രമാണികളാകുന്ന പണിക്കാർ നിരസിച്ച മശിഹായാകുന്ന കല്ലിനെ സ്വർഗ്ഗവാസികളെയും ഭൂവാസികളെയും സ്വജാതികളെയും പുറജാതികളെയുംകൂട്ടിയോജിപ്പിക്കുകയും അതിൽ ഇടറുന്ന എല്ലാവരെയും വിറപ്പിക്കുകയും പൊടിയാക്കുകയും വിതറുകയും ചെയ്തു. വിശ്വസിക്കുന്നവരെ മൂലക്കല്ലായി നിർത്തുകയും ചെയ്യുന്നു. ഇത് നിന്നിൽനിന്ന് ആകയാൽ ലോകത്തിൽ അത്ഭുതമായിത്തീർന്നിരിക്കുന്നു. ഇത് ഹേതുവായിട്ട് ഉത്തമനും മനുഷ്യസ്നേഹമുള്ളവനുമായ കർത്താവേ, ഈ പരിമളധൂപത്തോടുകൂടി ഞങ്ങൾനിന്നോട് അപേക്ഷിക്കുന്നത് എന്തെന്നാൽ, നീതിയുടെ ഫലങ്ങളെ തരുന്നതിന് തെരഞ്ഞെടുക്കപ്പെട്ട തോട്ടമായി ഞങ്ങളെ ആക്കിത്തീർക്കണമെ. പ്രഭാതം മുതൽ സന്ധ്യവരെ നിൻെറ തോട്ടത്തിൽ വേലചെയ്തിട്ടുള്ള ഉത്സാഹമുള്ള വേലക്കാരോടുകൂടെ പൂർണ്ണവും ആത്മീയവും ആയ കൂലിക്ക് ഞങ്ങൾ യോഗ്യരായിത്തീരുകയും ശ്രേഷ്ഠതയോടും നീതിയോടും വെടിപ്പോടും വിശുദ്ധിയോടും നിനക്ക് ശിഷ്യപ്പെടുകയും നിൻെറ വാത്സല്യപുത്രനെ അനുഗമിക്കുകയും ചെയ്തിട്ടുള്ളവർക്ക് നീ ഒരുക്കിയിരിക്കുന്ന നിൻെറ വിരുന്നിൽവച്ച് ആത്മീയമായ മുന്തിരിയുടെ ചാറ് പുതുതായി ഞങ്ങൾ കുടിക്കുകയും ചെയ്യണമെ. ഞങ്ങൾ

അവൻെറ കഷ്ടാനുഭവത്തിൻെറയും മരണത്തിൻെറയും ഓഹരിക്കാരായിത്തീർന്നപ്രകാരം നശിച്ചുപോകാത്തതായ പുതിയജീവനിലും പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതായ അവൻെറ ഉയിർപ്പിലും ഞങ്ങൾ സംബന്ധിക്കുവാൻ ഇടയായിത്തീരുമാറാകണമെ. അവൻ മുഖാന്തരവും അവനോടുകൂടെയും ഞങ്ങൾ നിനക്കു സ്തുതിയുംസ്തോത്രവുംകരേറ്റും. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടുലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഫലപുഷ്ടിയുള്ള സ്ഥലത്തു നട്ടതായ പ്രിയൻെറ മുന്തിരിത്തോട്ടത്തിൽ അവൻ വേലചെയ്യുകയും അതിനുചുറ്റും വേലികെട്ടുകയും എല്ലാവിധ ഭംഗിയുമുള്ള ഫലങ്ങളാൽ അതിനെ അലങ്കരിക്കുകയുംചെയ്തു. മധുരമുള്ള മുന്തിങ്ങാകൾക്കു പകരം കയ്പ്പും പുളിയുമുള്ളവ അതു തനിക്കായി പുറപ്പെടുവിച്ചു. തന്നിമിത്തം അതിനെ അവൻ ഉന്മൂലനം ചെയ്യുകയും അത് നിന്ദയ്ക്കും പരിഹാസത്തിനും ആയിത്തീരുകയുംചെയ്തു. അതിനുപകരം മഹത്വത്തിൻെറ ഫലങ്ങൾ നൽകുന്ന മുന്തിരിത്തോട്ടം അവൻ നട്ടുണ്ടാക്കി.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

പുരോഹിതന്മാരും സപ്രേന്മാരും പ്രീശേന്മാരും യേശുതമ്പുരാനിൽ ശ്രേഷ്ഠതയേറിയ നന്മ ദർശിച്ചതിനാൽ പക നിറഞ്ഞു. അസൂയയാൽ ഭ്രാന്തുപിടിച്ചു. ഹൃദയങ്ങളെ പരിശോധിക്കുന്നവനായ തന്നെ ഭൂമിയിൽനിന്നുനശിപ്പിക്കുവാൻ

മാർഗ്ഗം അന്വേഷിച്ച് അതിനെക്കുറിച്ച് അവർ ആലോചിച്ചു. അതിനുവേണ്ടി അക്രമികൾ തുനിഞ്ഞു. അപ്പോൾമുതൽ തന്നെ കൊല്ലേണ്ടുന്നതിനായി ആ വഞ്ചകന്മാർ തക്കം നോക്കിയിരുന്നു. മൊറിയോ--

In the vineyard of the beloved, planted in the fertile land, he labored and built a fence around it, and He adorned it with all kinds of beautiful fruits. Instead of sweet grapes, it extended gall and vinegar to Him. Because of this, He rooted it up and it became a mocking and disgrace and in its place, He planted the vineyard which gived Him fruits of praises. **Barekmore. Glory be to the Father --- Unto the ages ---**

On seeing His exalted beauty, the priests, scribes, and the Pharisees were raging with jealousy and hatred for Jesus, and sought to destroy Him from earth, the One Who searches the hearts. The ungrateful decided to plot against Him and then the deceivers closely watched out to kill Him. **Moriyo-**

Ethro

Receive, O Lord, the fruits of our lips and the praises of our tongues as acceptable sacrifices and fragrant incense that are offered for Your pleasure. Bless those who offer and remit the

debts of the poor, for You have said: “offer thanksgiving to God” and “His sacrifices are humble spirit”. Like wise, hold us worthy to minister You always. For You did not desire the sacrifice of the Law, and You were not pleased with the whole burnt offerings which were shadows. But You are pleased in the atoning sacrifice of Your Beloved Son, Who took (away) by His person the sins of the world. To Him, with You and with Your Holy Spirit, we owe glory, honor, exaltation, thanksgiving and adoration, now and always for ever and ever.

എത്രൊ

ഞങ്ങളുടെനാഥനായകർത്താവേ, ഞങ്ങളുടെ അധരങ്ങളുടെ ഫലങ്ങളെയും നാവുകളുടെ സ്തോത്രങ്ങളെയും നിൻെറ പ്രസാദത്തിനായി സമർപ്പിക്കപ്പെടുന്ന അംഗീകാരബലികൾ പോലെയും സുഗന്ധധൂപകലശങ്ങൾ പോലെയും നീ കൈക്കൊള്ളണമെ. ഇവയെ അണയ്ക്കുന്നവരെ നീ വാഴ്ത്തുകയും ദരിദ്രരായ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കുകയും ചെയ്യണമെ. എന്തെന്നാൽ ദൈവത്തിനു സ്തോത്രബലി കഴിപ്പിൻ എന്നും അവൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു എന്നും നീ അരുളിച്ചെയ്തിരിക്കുന്നുവല്ലൊ ഇപ്രകാരം നിനക്ക് എല്ലായ്പ്പോഴും ആചാര്യവേല ചെയ്യുവാനായിട്ട് ഞങ്ങളെ നീ

യോഗ്യരാക്കണമെ. എന്തെന്നാൽ ന്യായപ്രമാണബലികളിൽ നീ നിരപ്പായതുമില്ല. എങ്കിലോ തന്റെ ശരീരത്തിൽ ലോകത്തിൻെറ പാപത്തെ വഹിച്ചവനായ നിൻെറ വാത്സല്യ പുത്രൻെറ പുണ്യപ്പെടുത്തുന്ന ബലി നിനക്കു പ്രസാദകര മായിരിക്കുന്നു. തനിക്കു നിന്നോടും വിശുദ്ധറൂഹായോടുകൂടെ വന്ദനവും ബഹുമാനവും പുകഴ്ചയും സ്തോത്രവും വന്ദനവും കടപ്പെട്ടിരിക്കുന്നു. ഹോശോ---

വീണ്ടും കോലോ

വഞ്ചകന്മാരായ പുരോഹിതന്മാർ ഒരുമിച്ചുകൂടി കുറ്റമില്ലാത്ത തന്നെ സ്ക്കീപ്പായിൽ കയറ്റുവാൻ തക്കവണ്ണം കുറ്റംകണ്ടെ ത്തുന്നതിനു അന്യായം ആലോചിച്ചു. തൻെറ കരുണമൂലം ഞങ്ങൾക്കുവേണ്ടി താഴ്മപ്പെടുകയും സ്ക്കീപ്പായുടെ കഷ്ട തകൾ സഹിക്കുകയും വഴിതെറ്റിൽനിന്നും ഞങ്ങളെ വീണ്ടെടുക്കുകയും ചെയ്ത തനിക്കു സ്തുതി.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

അത്ഭുതപ്രവർത്തനങ്ങളാൽ ജനത്തെ വഞ്ചിക്കാതിരിപ്പാൻ തക്കവണ്ണം യേശു മരിക്കേണ്ടത് എത്രയും നല്ലതാകുന്നു എന്നു ജനത്തിൻെറ മഹാപുരോഹിതന്മാർ പറഞ്ഞു. കൈക്കൂലിയാൽ തൻെറ രക്തം അവർവാങ്ങി. മരണവിധി യാൽ തന്നെ ശിക്ഷിച്ചു. താനോ അവരെ നാനാഭാഗങ്ങളി ലേക്കും ചിതറിച്ചു. തനിക്കു സ്തുതി.

The fraudulent priests gathered together and took wicked counsel to condemn the innocent once to

be crucified. Glory to Him, who by His mercies towards us lowered Himself and endured sufferings on the Cross and saved us from error.

Barekmore. Glory be to the Father--- Unto the ages ---

The priests of the people said: it is better that Jesus should die, lest this people may go astray by the signs that He does. With bribe, they purchased His blood and condemned Him to death. Glory to Him, who scattered them to the four quarters.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܟ ܕܣܘܒܪ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܟ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

മുന്തിരി വിളതൻ വേലക്കാരോ-

ടുടയോൻ സൗമ്യം കനിചോദിച്ചാൻ

കാട്ടിൽ കായ്ക്കും കായ്കൾ നൽകി

ശാന്ത്യാ സ്നേഹം കാണിച്ചോനേ

അവർ കൈ-യ്യേറി കൊലചെയ്തല്ലോ.

കാനാ-വിലെ വെ-ള്ളം വീഞ്ഞാക്കി

പകരം കയ്പ്പിൻ നീരങ്ങേ-കി

കാട്ടിൽ കായ്ക്കും കായ്കൾ നൽകി

മഴയാൽ പരിചോ-ടത്തോട്ടത്തെ
പരിപാ-ലിച്ചോ-നാ ദുഷ്ടന്മാർ.

ഇന്നീ നിശയിൽ സ്തുതിപാടട്ടെ
ഭാഗ്യം നിറയും നിൻ മണവാട്ടി
നിൻ ഹാ-ശായാൽ ക്ളേശം നീങ്ങി
നിൻപേർ-ക്കും നിൻ താതൻ പേർക്കും
റൂഹാ-യ്ക്കുമവൾ പാട്ടുകൾ പാടും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪ̈ܚܶܡ ܠܶܗ ܠܰܒܢܳܫܳܐ ܕ̈ܪܚܡܰܘܗܝ
ܠܰܒܢ̈ܝܳܐ ܥܰܡܳܐ ܡܶܢ ܐܳܦ ܐܰܠܳܗܳܐ ❉ ܡܶܢܝ ܘܪܚܡ ❉

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܰܚܫܳܐ ܘܰܨܠܺܝܒܽܘܬܳܐ ܘܡܰܘܬܳܐ
ܫܡܰܥ ܒܳܥܽܘܬܰܢ ܘܪܰܚܶܡ ܥܰܠ ܢܰܦ̈ܫܳܬܰܢ ❉
ܠܰܘ ܕܫܰܒܰܚܠܝ ܡܶܢ ܟ̈ܢܫܶܝܢ ܝܰܘܡ ܟܠܝܘܡ ❉

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

സർവ്വാ-ധീ-ശൻ ദൈവം താനിത്തോപ്പിൻ നാഥൻ
ആപ-ത്തീ-ന്നും മാനവരെ പരിപാലി-ക്കുന്നു
ആമോസ് തനയാ കൊലനിലമായോരീത്തോ-ട്ടത്തെ
നാഥൻ ദൈവം മായിച്ചതിനാൽ വിലപിച്ചാലും. ദേവാ--

രക്ഷി-ച്ചീ-ടാൻ സുതനെയയച്ചോൻ താതൻ സ്തുത്യൻ
ഞങ്ങൾ-ക്കായ് പാടേൽപ്പാൻ വന്നൊരുപുത്രൻ വന്ദ്യൻ
ആരം-ഭി-ച്ചെല്ലാം നിറവേറ്റും റൂഹാ സ്തുത്യൻ
ഏകം ഭാവം സന്തതമിയലും ത്രിത്വം വന്ദ്യം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാ- ഹാ- കയ്പ്പേറിയതാണവരുടെ മുന്തിരിയിൻ കായ്
ആ മുന്തിരിയിൻ കുലകൾക്കും കയ്പ്പേറും. ഹാലേലൂയ്യാ

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡ ܥܠܡܝܢ܀ܐܡܝܢ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܡܬܝ ܫܠܝܚܐ ܀ ܟܪܘܙܘܬܗ ܀

വി. മത്തായി 21. 33 - 46

യേശുഅരുളിച്ചെയ്തു. മറ്റൊരു ഉപമ കേട്ടുകൊള്ളുക. ഒരു വീട്ടുടമസ്ഥൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി. അതിനു ചുറ്റും വേലികെട്ടി. അതിൽ ഒരു ചക്ക് കുഴിച്ചിട്ട് ഒരു ഗോപുരവും പണിതു. അവൻ അതു കൃഷിക്കാരെ ഏൽപ്പിച്ച് ദൂരദേശത്തേക്ക് പോയി. വിളവെടുപ്പുകാലം ആയപ്പോൾ തൻെറ ഓഹരി വാങ്ങുവാൻ കൃഷിക്കാരുടെ അടുത്തേക്ക് അവൻ ഭൃത്യന്മാരെ അയച്ചു. എന്നാൽ കൃഷിക്കാർ ആ ദാസന്മാരെ പിടിച്ച് ചിലരെ അടിക്കുകയും ചിലരെ കല്ലെറിയുകയും ചിലരെ കൊല്ലുകയും ചെയ്തു.

പിന്നെയും അവൻ ആദ്യത്തേക്കാൾ അധികം ദാസന്മാരെ അയച്ചു. അവരോടും അങ്ങനെത്തന്നെ ചെയ്തു. എന്നാൽ ഒടുവിൽ അവൻ, എൻെറ പുത്രനെ അവർ ആദരിക്കും എന്നു പറഞ്ഞ് തൻെറ പുത്രനെ അയച്ചു. പുത്രനെ കണ്ടപ്പോൾ, ഇവൻ അവകാശിയാണ്, വരുവിൻ നമുക്ക് ഇവനെ കൊന്ന് ഇവൻെറ അവകാശം കരസ്ഥമാക്കാം എന്ന് തമ്മിൽപറഞ്ഞ്, അവനെ പിടിച്ച് മുന്തിരിത്തോട്ടത്തിനു പുറത്തുകൊണ്ടുപോയി കൊന്നുകളഞ്ഞു. മുന്തിരിത്തോട്ട ത്തിൻെറ ഉടമസ്ഥൻ ആ കൃഷിക്കാരോട് എന്തുചെയ്യും ? അവർ അവനോട് മറുപടി പറഞ്ഞു. അവൻ അവരെ നിഷ്ഠൂരം നശിപ്പിക്കുകയും യഥാസമയം അവന് വിളവു കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏൽപ്പിക്കു കയും ചെയ്യും. യേശു അവരോട് പറഞ്ഞു. “പണിക്കാർ തള്ളിക്കളഞ്ഞകല്ലുതന്നെ പ്രധാനകോണിൻെറ മൂലക്കല്ലായി ത്തീർന്നു, അത് കർത്താവിൻെറ പ്രവൃത്തിയാകുന്നു. നമ്മുടെ കണ്ണുകൾക്ക് ഇത് അത്ഭുതമാകുന്നു” എന്ന് തിരുവെഴു ത്തുകളിൽ നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ ? അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു. ദൈവരാജ്യം നിങ്ങളിൽനിന്നെടുത്ത് ഫലം നൽകുന്ന ജനതയ്ക്കു കൊടുക്കും ഈ കല്ലിന്മേൽ വീഴുന്നവൻതകർന്നുപോകും. ഇത് ആരുടെമേൽ വീണാലും അവനെ അത് ധൂളിയാക്കും. പ്രധാനാചാര്യന്മാരും പരീശന്മാരും അവൻെറ ഉപമകൾ കേട്ടിട്ട്, അവൻ തങ്ങളെക്കുറിച്ചാണ് പറഞ്ഞതെന്ന് അറിഞ്ഞ് അവനെ പിടിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അവനെ ഒരു

പ്രവാചകനായി ജനങ്ങൾ ഗണിച്ചിരുന്നതു കൊണ്ട് അവർ ജനത്തെ ഭയപ്പെട്ടു.

ܒܥܕܢ ܫܗܪܐ ✣ ܩܘܪܝܠܝܣܘܢ ✣

കൗമാ

ܒܠܝܠܐ ܕܗܢܐ ܢܦܠ ܣܓܕܝܢ ܠܗ

[3] ✣ ܢܩܝܦ ܒܚܫܘܗܝ ܕܦܪܩܢ ܠܡܫܝܚܐ

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം

മശിഹായെ വാഴ്ത്തി നമിക്കാം ഈ രാവിൽ (3)

നാഥാ, തേ സ്തുതിയും മാനം താതന്നും

മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ

സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ

നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v’d us by Passion and - lowliness
Let us - kneel and adore Him- this night time . 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܒܫܝܢܐ ܕܠܠܝܐ ܐܘܪܝ ܬܫܒܘܚܬܐ ܠܗ
ܠܡܫܝܚܐ ܕܦܪܩ ܒܨܠܝܒܗ ܐܢܫܐ ܀ [3]

ܠܟ ܡܪܝ ܐܠܗܐ ܘܠܐܒܘܟ ܐܒܐ ܀ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ
ܘܬܘܕܝܬܐ ܀ ܘܠܟܠܢ ܚܝܐ ܘܫܡܝܐ ܘܐܪܥܐ ܀ ܢܬܦܪܣ
ܐܦ ܥܠܝܢ ܪܚܡܝܟ ܘܕܠܟܠܢ ܀ ܘܚܝܐ ܠܥܠܡ ܡܢ ܟܠܗ
ܕܡܫܝܚܐ ܀ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡܝܢ ܀ ܒܪܟܡܪܝ ܀

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

രണ്ടാം കൗമാ

(എക്ബോ - കുംപൗലോസ്)

സ്തുതി സർവ്വേശാ നീ ഞങ്ങൾക്കായേറ്റ
കഷ്ടപ്പാടേറ്റം ധന്യം തന്നെ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

[illegible]

[illegible]
[illegible]
[illegible]
[illegible]

ദൈവമേ നിനക്കു ഇഷ്ടം തോന്നി ഇസ്രായേലാകുന്ന ജ്ഞാനമുന്തിരിത്തോട്ടത്തെ ഭൂമിയിൽ പുഷ്ടിയുള്ളസ്ഥലത്ത് കൃപമൂലം നീ നട്ടുണ്ടാക്കി. നിൻ്റെ നീതിയാൽ ന്യായപ്രമാണമാകുന്ന വേലി അതിനുചുറ്റും കെട്ടുകയും നിൻ്റെ കരുണയാൽ കൽപ്പനകളുടെ ആചാരമാകുന്ന ഗോപുരത്തെ അതിൽപണിയുകയും നിൻ്റെകൃപയാൽ ബലികളുടെയും

പാനീയ കാഴ്ചകളുടെയും ബലിപീഠമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയുംചെയ്തു. നിൻെറ കരുണമൂലം ജീവൻെറ ഉപദേശങ്ങളാകുന്ന മഴയെ അതിൽ വർഷിപ്പാൻ ദീർഘദർശിമാരെ നിയോഗിക്കുകയും ചെയ്തു. നിൻെറ ഇഷ്ടംപോലെ അതിൽ വേല ചെയ്യുവാനായിട്ട് സപ്രേന്മാരുംപട്ടക്കാരുമായ വേലക്കാർക്ക് അതിനെ ഏൽപ്പിച്ചുകൊടുക്കുകയുംചെയ്തു. മുന്തിരിങ്ങാകൾക്കായി കാത്തിരിക്കുമ്പോൾ കാട്ടുമുന്തിരിങ്ങാകളെ അതു കായിച്ചു. നീതിയുടെ ഫലങ്ങളെ നീ അതിൽ അന്വേഷിച്ചപ്പോൾ ദുഷ്ടന്മാരായ വേലക്കാർ അതിൻെറ അവകാശിക്കു വിരോധമായി ലഹള ഉണ്ടാക്കുകയും, തോട്ടത്തിൻെറ പുറത്തുവച്ച് രക്തം ചിന്തി അവനെ പരിഹസിക്കുകയും ചെയ്തു. ഈ തോട്ടത്തെ നശിപ്പിച്ചു വിശ്വാസമാകുന്ന മധുരഫലങ്ങളെ കായിക്കുന്ന തോട്ടത്തെ ഉണ്ടാക്കുകയും നിൻെറ ജ്ഞാനംമൂലം ഏദൻതോട്ടത്തെ സ്ഥാപിക്കുകയും ചെയ്തുവല്ലൊ. ദൈവമേ, ഞങ്ങൾ രാത്രിപ്രാർത്ഥനയുടെ രണ്ടാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും കരേറ്റുന്നു. ബ്കുല്ഹൂൻ---

ܣܒ݂ܪ

തൻെറ സൃഷ്ടികളുടെ രക്ഷയ്ക്കായി പിതാവിനാൽ അയക്കപ്പെട്ട വചനമായ ദൈവവും പുഷ്ടിയുള്ളസ്ഥലത്തു

തൻെറ പിതാവ് ഉണ്ടാക്കിയിട്ടുള്ളതോട്ടത്തെ ദർശിപ്പാനായി കാലാവസാനത്തിൽ വന്ന വാത്സല്യപുത്രനും ദുഷ്ടന്മാരായ വേലക്കാരുടെ കൈകളാൽ ശൂന്യമായ തോട്ടത്തിനു പകരം പുറജാതികളുടെ ഇടയിൽ നടുന്നതിനായിട്ടുവന്ന മഹത്വ മുള്ള മുന്തിരിയും തോട്ടക്കാരോടുള്ള തൻെറ ശിക്ഷാ വിധിയെഅറിയിക്കയും അവരുടെ നാശത്തേയും അവർക്കു പകരം നിയമിപ്പാനിരുന്ന വേലക്കാരെയും കുറിച്ച് അറിയിക്കുകയും ചെയ്ത നീതിയുടെ ന്യായാധിപതിയും, വിളവെടുപ്പുകാലത്തു വരികയും തൻെറ തോട്ടത്തിൽ കാട്ടുമുന്തിരിങ്ങകളല്ലാതെ നല്ല മുന്തിരികളെ കണ്ടെത്താ തിരിക്കുകയും, തൻെറ അവകാശത്തിൻെറ പിന്നാലെ വന്നിട്ടുള്ള അവകാശി താനാകുന്നു എന്ന് തന്നെക്കുറിച്ച് അറിയിക്കുകയും ചെയ്തവനും, അവകാശി ആകുന്നു എന്ന് കായേൻെറ മക്കൾ തന്നെ അറിയുകയും, താൻ അവകാശിയായിത്തീരാതിരിപ്പാനായിട്ട് തന്നെകൊല്ലണമെന്ന് അവർ ആലോചിക്കുകയുംചെയ്ത ജീവൻെറ തുറമുഖവും, കുറ്റക്കാരായ വേലക്കാരെ അവരുടെ കുറ്റത്തിനുതക്കവണ്ണം ശിക്ഷിക്കുകയും, താൻ മുഖാന്തരം അവർ നശിപ്പാനായിട്ട് അവർ ത്യജിച്ചിട്ടുള്ള മൂലക്കല്ല് താനാകുന്നു എന്ന് അവരോട് അറിയിക്കുകയും ചെയ്തവനായി തൻെറ ന്യായത്തിൽ കുറ്റമില്ലാത്തവനു, കായേൻെറ മക്കളോട് തൻെറസ്നേഹത്തെക്കാണിക്കുകയും അവർ വൃഥാ തന്നെ ദ്വേഷിക്കുകയുംചെയ്ത വാത്സല്യമുള്ളവനും ദുഷ്ടന്മാരുടെ മേൽ തൻെറ നന്മയെ ചൊരിയുകയും അവർതന്നോട്

പ്രതിപകരമായി പ്രവർത്തിച്ച തിന്മകളെ സഹിക്കുകയും ചെയ്ത നല്ലവനും, തൻെറ തോട്ടത്തിൽനിന്നു മധുര ഫലങ്ങളെ ശേഖരിപ്പാനായി വരികയും, ശപിക്കപ്പെട്ട വേലക്കാർ തനിക്കുനൽകിയ കാടിയുംകയ്പ്പും സ്വീകരിക്കുകയും ചെയ്തവനായി പിതാവിൻെറ അവകാശിയും കയേൻെറ കൊലയ്ക്ക് അന്യായക്കാരോടുകൂടെ അവർ തന്നെ ശിക്ഷയ്ക്കു വിധിച്ചവനായും അന്യായം ചെയ്യാത്തവനും തൻെറ വായിൽ വഞ്ചന കണ്ടെത്തപ്പെടാത്തവനുമായ നീതിമാനും, അസൂയക്കാരായ തൻെറ സഹോദരന്മാരിൽ നിന്ന് വേദനകളും അടികളും ദണ്ഡനങ്ങളും സഹിച്ചവനായി ദുഃഖിതരുടെ ആശ്വാസവും രോഗികളുടെ വൈദ്യനും ചതിവാൽ തൻെറ ശിഷ്യനാൽ വിൽക്കപ്പെടുകയും തൻെറ പിതാവിൻെറ മത്സരക്കാരായ ഭൃത്യന്മാരാൽ വിലയ്ക്കു വാങ്ങിക്കപ്പെടുകയുംചെയ്ത സകലത്തിൻെറയും നാഥനും ഇസ്രായേലിലെ മരിച്ചവരെ ജീവിപ്പിക്കുകയും വഞ്ചകന്മാരായ പട്ടക്കാർ തന്നെ കൊല്ലുവാനും തൻെറ നാമത്തെ നശിപ്പിപ്പാനുമായി ആലോചന ചെയ്യുകയുംചെയ്ത ഉയിർപ്പിൻ ജീവനും, നീതിമാന്മാരായ പിതാക്കന്മാർ തന്നെ കാൺമാനായിട്ട് കാത്തിരിക്കുകയും മത്സരക്കാരായമക്കൾ തന്നെ കുരിശിപ്പാനായിട്ടു മരത്തെ ഒരുക്കുകയുംചെയ്ത ആശാബന്ധവും തൻെറപിതാവായ ദാവീദിൻെറ രാജ്യത്തെ നവീകരിപ്പാനായിട്ടു വരികയും സ്വജനങ്ങൾ തന്നെ ഉപേക്ഷിച്ച് തനിക്കുപകരം കള്ളനെ ചോദിക്കുകയും ചെയ്തവനായ

ഈശായിയുടെ വേരും യഹൂദായിൽ നിന്നുള്ള കുറ്റിയും തൻെറ ജനത്തിൻെറ രക്ഷയ്ക്കായി വരികയും കഠിന ഹൃദയന്മാരായ ജനം തൻെറ രക്ഷയിൽ മനസ്സുവെയ്ക്കാതിരിക്കുകയും ചെയ്ത രക്ഷിതാവും അന്ധകാരത്തെ പ്രകാശിപ്പിപ്പാനായിട്ടുവരികയും രാവിൻെറ മക്കൾ പന്തങ്ങളും ദീപയഷ്ടികളുംപിടിച്ചുകൊണ്ടു തന്നെകെടുത്തികളയുന്നതിനായി രാത്രിയിൽ വരികയും ചെയ്ത പിതാവിൻെറ കതിരും തൻെറ വിശുദ്ധിയിൽ അശുദ്ധരെ ശുദ്ധീകരിക്കുകയും കപടഭക്തിക്കാർ തന്നെ കൊന്നതിനാൽ അശുദ്ധപ്പെടുകയും ചെയ്ത വിശുദ്ധനും തൻെറ തിരുമേനിയുടെ രക്തത്താൽ തൻെറ പിതാവിനെ തൻെറ സൃഷ്ടിയോട് നിരപ്പാക്കാനായിട്ട് വരികയും കുറ്റമില്ലാത്ത രക്തത്തെ ചിന്തിയവർ അരിഷ്ടന്മാരുടെ സാദൃശ്യത്തിൽ എന്നേക്കും കായേനെപ്പോലെ ഉഴലുകയും അലയുകയും ചെയ്ത മനുഷ്യരെ സ്നേഹിക്കുന്നവനും തൻെറ ജനത്തോട് സമാധാനം സംസാരിപ്പാനായിട്ട് വരികയും മത്സരക്കാർ അവരുടെ പിതാക്കന്മാരെപ്പോലെ തന്നോട് തർക്കിക്കുകയുംചെയ്ത സ്വർഗ്ഗീയ സമാധാനവും ദിഷ്ടതിക്കാരുടെമേൽ തൻെറ സഹായങ്ങളുടെ സമുദ്രത്തെ ഒഴുക്കുകയും ദുഷ്ടന്മാരും കരുണയില്ലാത്തവരുമായ ഭൃത്യന്മാർ തന്നോട് കാണിച്ച ശത്രുതകളെ സഹിക്കുകയും ചെയ്ത അനുഗ്രഹങ്ങളുടെ ആഴവും തൻെറ സ്വന്തത്തിലേക്ക് വരികയും തൻെറ സ്വന്തക്കാർ തന്നെ കൈക്കൊള്ളാതിരിക്കുകയും ചെയ്തവനുമായ സർവ്വ

ശക്തിയുള്ള മശിഹാതമ്പുരാനേ, നിനക്ക്സ്തുതി, നിനക്കു സ്തോത്രം. കർത്താവേ ഞങ്ങളുടെ ബോധങ്ങളിൽ നിന്നെ കൈക്കൊള്ളുകയും ഞങ്ങളുടെ പൂർണ്ണമനസ്സോടെ നിന്നെ സ്നേഹിക്കുകയും ഹൃദയമാകുന്ന തൊട്ടികളിൽ നിന്നെ ആഘോഷിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളെ നിനക്ക് സന്തോഷങ്ങളുടെ ഭൂമിയിൽ കൃപമൂലം പുതിയ തോട്ടമായി സ്ഥാപിക്കുകയും അനുഗ്രഹവും കരുണയുമാകുന്ന വേലി ഞങ്ങൾക്കുചുറ്റും കെട്ടുകയും ചെയ്തുവല്ലോ. സ്തോത്ര ബലികൾ അതിന്മേൽ അർപ്പിക്കപ്പെടുന്ന ജ്ഞാനപീഠത്തെ ഞങ്ങൾക്കുണ്ടാക്കിത്തരികയും ഉന്നതമായ ഗോപുരത്തെ സ്വർഗ്ഗത്തിൽ ഞങ്ങൾക്കു നീ പണിതുതരികയും മാഞ്ഞുപോകാത്ത നിൻെറ ഉറവയിൽനിന്ന് ജീവനുള്ളതും ആത്മീയവുമായ വെള്ളം നീ ഞങ്ങൾക്ക് ഒഴുക്കി ത്തരുകയുംചെയ്തിരിക്കുന്നു. കർത്താവേ, നിൻെറ കർത്തൃത്വത്തിന് യോഗ്യമായിരിക്കുന്നപ്രകാരം നിന്നെ സന്തോഷിപ്പിക്കുന്ന മാധുര്യമുള്ള മുന്തിരിങ്ങകളെ നിനക്ക് സമർപ്പിപ്പാനും ശുദ്ധതയോടെ നിന്നെ സ്നേഹിപ്പാനും മുന്തിരിങ്ങകളിൽനിന്ന് സ്നേഹമാകുന്ന രസമുള്ളവീഞ്ഞിനെ നിനക്ക് പിഴിഞ്ഞ് തരുവാനും വെടിപ്പുള്ളവയും കുറ്റമില്ലാത്ത വയുമായ ഫലങ്ങളെ ആത്മീയമായി നിന്നെ കാണിപ്പാനും ഉത്തമഭൃത്യന്മാരും നിൻെറ ഇഷ്ടം ചെയ്യുന്നവരുമായി ത്തീരുവാനും ഞങ്ങളെ നീ യോഗ്യരാക്കണമെ. കായേന്യ മക്കളുടെ വഞ്ചനയിൽനിന്ന് ഞങ്ങളെ നീ വെടിപ്പാക്കു കയും കയ്യാപ്പാഗണത്തിൻെറ വഞ്ചനയിൽനിന്ന് ഞങ്ങളെ

വീണ്ടുകൊള്ളുകയും പ്രീശേന്മാരായ കപടഭക്തിക്കാരുടെ ദുഷ്ടവിചാരങ്ങളിൽനിന്ന് ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യണമെ. സപ്രേന്മാരുടെയും അധർമ്മം ഉപദേശിക്കുന്ന വരുടെയും അരിഷ്ടതകളിൽനിന്ന് ഞങ്ങളെരക്ഷിക്കുകയും രക്തം ചിന്തുന്നവരും വഞ്ചകരുമായ മനുഷ്യരിൽനിന്നും ഞങ്ങളെ കാത്തുകൊള്ളുകയും നിഷ്ക്കളങ്ക കുഞ്ഞാടായ ഹബേലിനോടുകൂടെ ഞങ്ങളെ ചേർത്തുകൊള്ളുകയും നിന്റെ വലതുഭാഗത്തെ കള്ളനോടൊപ്പം നിന്റെ രാജ്യത്തിൽ നിന്നോടുകൂടെ ഞങ്ങളെസന്തോഷിപ്പിക്കുകയും ചെയ്യണമെ. നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുകൂടെ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയുംസ്തോത്രവും ഞങ്ങൾകരേറ്റുന്നു.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

സ്വർഗ്ഗസ്ഥപിതാവിന്റെ അവകാശിയായ ഏകജാതനായ പുത്രൻ വിശ്വാസം നീതി സത്യം എന്നീ ഫലങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടുന്നതിനായി യിസ്രായേലാകുന്ന മുന്തിരി ത്തോട്ടത്തിന്റെകാവൽക്കാരായ വേലക്കാരുടെ അടുത്തേക്ക് ഇറങ്ങിവന്നു. ആ മത്സരികൾ തനിക്കെതിരായി കൂട്ടുകെട്ടു ണ്ടാക്കി. തന്നെ കൊല്ലുവാനായി ആലോചിച്ചു. തന്റെ നീതിക്കു സ്തുതി. താൻ അവരെ തന്റെ മുന്തിരിത്തോട്ട

ത്തിൽനിന്നു തള്ളിക്കളയുകയും അതിൽ ജീവൻെറവചനം വിതയ്ക്കുകയുംചെയ്തു. കണ്ടാലും സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന ജാതികൾ തന്നെ വണങ്ങുന്നു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

താണിറങ്ങിവന്ന് മനുഷ്യനായിത്തീർന്ന ദൈവപുത്രനു സ്തുതി. നീതിപ്രവർത്തനം നിരസിച്ച യിസ്രായേലാകുന്ന മുന്തിരിത്തോട്ടത്തിനുപകരം തൻെറ ഉപദേശം സ്വീകരിച്ച സത്യമുന്തിരിത്തോട്ടമാകുന്ന വിശ്വാസിനിയായസഭയെ താൻ തിരഞ്ഞെടുത്തു. അതിൽ വൃക്ഷങ്ങൾക്കുപകരം സ്വജാതിയിൽ നിന്നും പുറജാതിയിൽനിന്നും ഉള്ളവരെ നടുകയും വേലക്കാർക്കുപകരം ദൈവത്തിൻെറ സത്യഉപദേശമാകുന്ന ജീവൻെറ മഴയാൽ അതിനെ നനയ്ക്കുവാൻ ശ്ലീഹന്മാരെ കാവൽക്കാരായി നിയമിക്കുകയും സ്ക്കീപ്പായിൽ മരിക്കുകയും ചെയ്തു. മൊറിയോ--

The only begotten Son of God, the heir of the heavenly Father, lowered Himself towards the laboureres, the keepers of the vineyard of Israel, to inquire about their works: (namely) faith, justice and truth. The insolents dared to assail Him and decided to put Him to death. Glory to His justice which expelled them from the vineyard and sowed the living word in it. Behold, the pelples who are saved by the Cross, worship Him. Berekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

Glory to the Son of God Who lowered Himself and became man instead of the vineyard of Israel, which rejected the work of justice, He had chosen the believing Church, the true vineyard which received His teaching. In the place of tree, He planted in it those chosen from the people and the gentiles, and instead of the labourers, He appointed the Apostles as keepers to water it with the living rains of the doctrine of truth of the God Who died on the Cross. **Moriyorahem---**

എത്രൊ

കർത്താവേ, പാപത്തിൻെറ കലങ്ങിയ ഓളങ്ങളാലും ചുഴലികളാലും പ്രയാസപ്പെട്ടും ക്ഷീണിച്ചും വലഞ്ഞും ഇരിക്കുന്നവർക്ക് ആശ്വാസവും ജീവൻെറ ഉറവിടവും സകല നന്മകളുടെയും തുറമുഖവും നീ ആകുന്നു. നിൻെറ മുമ്പാകെ ഞങ്ങൾ അണച്ചിട്ടുള്ള ഈ ധൂപത്തെ കൈക്കൊള്ളണമെ. അതിനാൽ ഞങ്ങൾ ശക്തി പ്രാപിക്കുകയും നിൻെറ മുമ്പാകെ ഞങ്ങൾ ചെയ്തു പോയിട്ടുള്ള സകലവിധ നിയമലംഘനങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും ഞങ്ങൾ നിർമ്മലീകരിക്കപ്പെടുകയും ചെയ്യുമാറാകണമെ. നീതിയോടെ നിന്നെ സേവിക്കുകയും

വെടിപ്പോടെ നിൻെറ മുമ്പാകെ നിൽക്കുകയും ചെയ്തിട്ടുള്ളവർക്ക് നീ ഒരുക്കിയിട്ടുള്ള പ്രകാശത്തിൻെറ തുറമുഖത്തേക്ക് നിൻെറ കൃപമൂലം സമാധാനത്താലെ വന്നു ചേരുവാനായി ഞങ്ങളെ നീ യോഗ്യരാക്കണമെ. എന്തെന്നാൽ സകല മനുഷ്യരുടേയും ആയുസ്സിൽ നീ ഇഷ്ടപ്പെടുന്നു. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ---

The only begotten Son of God, the heir of the heavenly Father, lowered Himself towards the laboureres, the keepers of the vineyard of Israel, to inquire about their works: (namely) faith, justice and truth. The insolents dared to assail Him and decided to put Him to death. Glory to His justice which expelled them from the vineyard and sowed the living word in it. Behold, the pelples who are saved by the Cross, worship Him. Berekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

Glory to the Son of God Who lowered Himself and became man instead of the vineyard of Israel, which rejected the work of justice, He had chosen the believing Church, the true vineyard which

received His teaching. In the place of tree, He planted in it those chosen from the people and the gentiles, and instead of the labourers, He appointed the Apostles as keepers to water it with the living rains of the doctrine of truth of the God Who died on the Cross. Moriyorahem---

ETHRO

O Lord, the goal of life and the harbor of every benefit, who consoles those who are trobled, wearied and afflicted by the waves and tumults and storms of sin, accept this incense thar we offer before You. May we be strengthened by it and be purified from every transgression and fault which we have committed before You. By Your grace, hold us worthy to reach peacefully the harbor of light which You prepared for those who toiled with rectitude and stood before You with purity. For You desire the salvation of all men. To You we offer up glory and thanksgiving and to Your Father and to Your Holy Spirit, now and always for ever and ever. Amen.

വീണ്ടും കോലോ

വിജയത്തിൻെറ ഈ മാസത്തിൽ വഞ്ചകനായ ഫറവോൻ അവൻെറ രക്ഷയ്ക്കുവേണ്ടി കർത്താവിനോടു പോരാടി.

രഹസ്യത്തിലും പരസ്യത്തിലും ഫറവോൻ തോറ്റുപോയി. രഹസ്യവാനായ കർത്താവ് തൻെറ മദ്ധ്യസ്ഥനായ മോശ മൂലം പരസ്യമായി വിജയവും ശ്രേഷ്ഠതയും പ്രാപിച്ചു.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ജാതികളുടെയിടയിൽപ്രകീർത്തിക്കപ്പെട്ട പ്രിയൻെറസുഭിക്ഷത യേറിയ മുന്തിരിത്തോട്ടം വിശ്വാസത്തിൻെറ ഫലങ്ങൾക്കു പകരം മുന്തിരിത്തണ്ടുകളിൽ കാട്ടുമുന്തിരിങ്ങാകൾ വഹിച്ചു. ക്രൂശകരായജനത്തിൻെറ പ്രശംസമുഴുവനും നശിക്കുകയും ചെയ്തു.

In this month of victory, Pharaoh contended against the Lord regarding the redemption of the ungrateful people. Pharaoh sinned secretly and openly. Through Moses, who was the mediator (the Lord) won victory and was glorified both secretly and openly. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

The prosperous vineyard of the beloved, renowned among gentiles, bore wild grapes in the clusters, instead of the fruits of faithfulness, and He destroyed completely the pride of the uprooted people who crucified Him.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܝܒܪ ܚܠܦܝܢ
ܒܪܝܟ ܗܘ ܡܘܟܟܗ ܕܩܒܠ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.
ദൈവ-ത്തിൻെറ കുഞ്ഞാടായോൻ
ആട്ടിൻ-കൂട്ട-ത്തിനു ബലിയാവാൻ
മേലീന്നെത്തി മാനവനായി
അവനാ-ണുടയോൻ തൻ കുഞ്ഞാടെ-
ന്നാമൂഢന്മാർ ബോധിച്ചില്ല.

കർത്താ-വേ നിൻ സാദൃശ്യത്തിൽ
മണ്ണാ-ലാദാ-മിനെ സൃഷ്ടിച്ചു
ദുഷ്ക്കർമ്മത്തീ-ന്നവനെ നീക്കി
സ്വർഗ്ഗാ-നന്ദം നൽകാനായി
പീഡി-തനായതു യുക്തം തന്നെ.

ദുഷ്ടാ-ത്മാവിൻ ദാസ്യംമൂലം
ചതിയും പരിഹാ-സവുമേറ്റോളെ
ബിംബാർച്ചനയാം മരുവിൽ കണ്ടാൻ
മദ്ധ്യേ-ചെന്നാൻ വഴി നേരാക്കി
കാവൽ-ക്കാരീ-ന്നവളെ വീണ്ടു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܪܳܚܶܡ ܠܶܗ ܒܟ݂ܽܡܪܳܐ ܕܪܰܚܡܶܐ

ܒܪܰܚܡܶܐ ܥܰܡܳܟ ܡܳܪܝ ܐܰܠܳܗܰܢ ܀ ܡܳܪܝ ܐܰܦܪܶܝܡ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬ݂ܪܰܚܰܡ ܥܠܰܝܢ ܒܚܰܫܳܟ ܕܗܘܳܐ ܚܠܳܦܰܝܢ

ܒܚܰܫܳܟ ܗܰܘ ܚܰܫܝܫܳܐ ܘܰܡܫܰܒܚܳܐ ܢܺܐܪܬ݂ܳܐ ܀

ܐܰܠܳܗܳܐ ܐܶܬ݂ܪܰܚܰܡ ܥܠܰܝܢ ܡܳܪܝ ܚܽܘܣ ܥܠܰܝܢ ܀

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 നല്ലഫലം നല്ലവകാശി-
ക്കേകിടുവാൻ നൽ കൃഷിഭൂവിൽ
നല്ലൊരു സുന്ദരമാം തോട്ടം
ജ്ഞാനധനൻ നട്ടുണ്ടാക്കി
അതിനുള്ളിൽ ദേവാലയമാം
ഉന്നതഗോപുരമുളവാക്കി. ദേവാ ദയ---

2 തോട്ടത്തിന്നധിനാഥൻ തൻ
ബഹുമാനാർത്ഥം ബലിനൽകാൻ
പാപവിമോചന ബലിവേദി-
ച്ചക്കുമതിന്നകമേ നാട്ടി. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.   ദേവാ ദയ--

മദറോശോ - കുംപൗലോസ് എന്ന രീതി

സ്തുതി സർവ്വേശാ നീ ഞങ്ങൾക്കായേറ്റ
കഷ്ടപ്പാടേറ്റം ധന്യം തന്നെ

1 ലോകമഴിഞ്ഞെന്നും സൃഷ്ടാവായോനെ
സൃഷ്ടിമറന്നെന്നും താതൻ കണ്ടു
സുന്ദരമാം സൃഷ്ടി നാശം പൂകായ്‌വാൻ
ഉത്തമനൻപോട-പ്പുത്രനോടോതി
അവതരണം ചെയ്തെൻ തനയാ നീ വേഗം
വഴിതെറ്റിപ്പോയ ലോകത്തെ ര-ക്ഷി-ക്കേണം
ലോകം വീണ്ടീടാൻ താതനികേതത്തിൽ
ശോഭനമാം തോപ്പിൽ വന്നവകാശി.

2 ഇരുളെഴുമിപ്പാരിൽ കതിർ കതിരോൻ വീശി
സൃഷ്ടികളെപ്പാരം ശോഭിപ്പിച്ചു
ധരണിയിലെമ്പാടും കിരണങ്ങൾ നീട്ടി
കൂരിരുളിൻകൂട്ടം പാടെ നീക്കി
സൃഷ്ടികൾ തൻനാഥൻ ധരയിൽ നടന്ന
കാലടിവീര്യത്താൽ മുള്ളുകൾ നി-ശ്ശേ-ഷംനീക്കി
മാർഗ്ഗഭ്രംശത്തിൻ കാർമേഘം നീങ്ങി
ജ്ഞാനത്തിൻ ദീപ്ത്യാ ക്ഷിതി മോദിച്ചു.

3 അബറാഹാമിൻെറ ഏകസുതൻ പക്കൽ
പ്രേഷിതരായോരാം ദൂതന്മാരെ
ഹോറേബിൽ കാള-ക്കുട്ടിയെ വന്ദിച്ചോൾ
വെറുതെ ഹിംസിച്ചാൾ കല്ലേറാലെ
സവിധമണഞ്ഞോനാ-മവകാശിക്കായി
മൃതിവിധിനൽകീടാൻ ആലോചിച്ചാ-ളാ-വേശ്യ
നാശം ദാഹിച്ചോൾ അരികിലണഞ്ഞോനാം
മന്നവനെയേതും കൈക്കൊണ്ടില്ല.

4 പെരുന്നാൾകൾക്കെല്ലാ-മവസാനത്തേതാ-
മപ്പെരുന്നാളിപ്പോ-ളാഗതമായി
മിസറേമിൽ കൊന്ന-പ്പെസഹാക്കുഞ്ഞാട്
സൂചിപ്പിച്ചോരാ-നിയമം കാത്തു
ആ നിയമം വന്നു പാർത്താലിപ്പാരിൽ
ഭൂമിയിലെല്ലാർക്കും സ്വതന്ത്ര്യത്തിന്നായിത്തീരാൻ
പാപം പോക്കീടും യാഗമതായീടാൻ
അജവേഷം പൂണ്ടാൻ സകലാധീശൻ.

5 ആചാര്യൻനാഥൻ ബലിയായിത്തീർന്നു
ബലികളെയേൽക്കുന്നോൻ കുഞ്ഞാടായി
ജീവൻ നൽകുന്നോൻ മരണം കൈക്കൊണ്ടു
ബലി നിറവേറ്റുന്നോൻ ബലിയർപ്പിച്ചു
മൂശസമർപ്പിച്ചൊ-രജപോതം മൂലം
പൂർണ്ണതനൽകിക്കൊ-ണ്ടെബറായന്മാരെ കാത്തു
ഉപമകൾ തൻ കാലം പോയിമറഞ്ഞപ്പോൾ
പുതുമകളാരംഭി-ച്ചുൺമയിൽ നിർത്തി.

6 മൂശാതൻ മാർഗ്ഗം നിറവേറ്റീടാനായ്
പെസഹാ കൊണ്ടാടാൻ തയ്യാറായോൻ
സത്യം കാംക്ഷിച്ചാ-കുഞ്ഞാടായുള്ളോൻ
മെസറേമിൽ കൊന്നോ-രജപോതത്തെ
ഭക്ഷിച്ചീടാനും ന്യായമാർഗ്ഗത്തിൻ മാർഗ്ഗം
നേടിയെടുപ്പാനും കർത്താവിന്നിഷ്ടം തോന്നി
ലോകത്തിൻ പാപം പേറുന്നോനാട്ടിൻ-
ക്കുട്ടികളെ കൊല്ലും ബലിയൊഴിവാക്കി.
7 ദൈവതനൂജൻ തൻ മരണത്തെക്കാട്ടി
മുൻക്കൂട്ടിത്തന്നെ മിസറേം നാട്ടിൽ
പെസഹാക്കുഞ്ഞാടാ-ജനതതിയെ വീണ്ടു
ഇന്നിവനാകട്ടെ സൃഷ്ടികളെയും
രക്ഷിച്ചു കുഞ്ഞാ-ടെബറായന്മാരെ
ഏകസുതൻ കുഞ്ഞാ-ടീ സൃഷ്ടികളെ രക്ഷിച്ചു
ദിവ്യകടിഞ്ഞൂലിൻ കൊലയാലീ മന്നിൽ
പഴമയുടെ മാർഗ്ഗം സ്വാർത്ഥകമായി.
8 ആർദ്രതയാൽ താണു സൃഷ്ടികളെയെല്ലാം
രക്ഷിപ്പാൻ ദൈവം മാനവനായി
തൻ കൃപയിൽ തൻെറ മെയ്മറവായ് മേവി
കഷ്ടപ്പാടേറ്റാൻ തിരുവിഷ്ടത്താൽ
ഹിതമോടേൽപ്പിച്ചാൻ ദ്രോഹികൾ തൻ കയ്യിൽ
ഉഗ്രാത്മീയത്വം ആവൃതമായീഗാത്രത്താൽ
ലോകമഹാവീരൻ വിനയം കൈക്കൊണ്ടു
ദുഷ്ടന്മാർ കൈയ്യാൽ നിന്ദസഹിച്ചു.

9 സ്വർഗ്ഗപിതാവിൻെറ കിരണമതായോൻ തൻ
കിരണസമൂഹത്താൽ ധരണി വിളങ്ങി
തൻസഞ്ചാരത്താൽ മാലിന്യം നീക്കി
നൈർമ്മല്യം നൽകി വിടുതലുമേകി
വചനത്താൽ സൗഖ്യം നേടിയ ശോഷിച്ച
കൈ നീട്ടപ്പെട്ടു അക്കവിളിൽ താഡിച്ചീടാൻ
സ്തുതി പാടാനായി നാവു മനഞ്ഞോൻെറ
തിരുവദനത്തിന്മേൽ തുപ്പലുവീഴ്ത്തി.

10 പരിമിതമാമപ്പം പുരുഷാരത്തിന്നായ്
മരുവിൽ വച്ചേകി തൃപ്തി വരുത്തി
ആ ഭോജ്യം മൂലം തൃപ്തിയടഞ്ഞോരാം
ജനമവനെ കൊല്ലാ-നുത്സുകരായി
അഹരോനും മോശ-യ്ക്കും പകരം വന്നു
അതിദുഷ്ടന്മാരാം ഹന്നാനും കയ്യാ-പ്പാ-യും
നരരീന്നും നീചാ-ത്മാക്കളെ ഓടിച്ചു
ബേൽസ്ബുബാലാണെ-ന്നവരുരചെയ്തു.

ഏവൻഗേലിയോൻ.

ഹാ- ഹാ- കയ്പ്പേറിയതാണവരുടെ മുന്തിരിയിൻ കായ്
ആ മുന്തിരിയിൻ കുലകൾക്കും കയ്പ്പേറും. ഹാലേലുയ്യാ

ܠܥܕܬܐ ܫܘܒܚܐ ܘܥܠܝܢ ܘܥܠܝܟܘܢ ܪܚܡܘܗܝ ܠܥܠܡܝܢ ܐܡܝܢ

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܣܘܒܪܐ ܡܒܣܪܢܐ ܕܠܘܩܐ ܫܠܝܚܐ ⁜ ܫܠܡܐ ܠܟܘܢ ⁜

വി. ലൂക്കോസ് 14. 12 - 24

യേശുവിനെ ഭക്ഷണത്തിന്ക്ഷണിച്ചവനോട് അവൻ പറഞ്ഞു. നീ ഒരു സദ്യയോ അത്താഴവിരുന്നോ ഒരുക്കുമ്പോൾ നിൻെറ സ്നേഹിതന്മാർ, സഹോദരന്മാർ, ചാർച്ചക്കാർ എന്നിവരെയും, ധനവാന്മാരായ അയൽക്കാരെയും വിളിക്കരുത്. അങ്ങനെചെയ്താൽ അവരും നിന്നെ പകരം ക്ഷണിക്കുകയും അത് നിനക്ക് പ്രത്യുപകാരമായിത്തീരുകയും ചെയ്യും. അതുകൊണ്ട് നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രർ, അംഗഹീനർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. പ്രത്യുപകാരം ചെയ്യുവാൻ അവർക്കു വകയില്ലാത്തതിനാൽ നീ അനുഗൃഹീതനാകും. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ലഭിക്കും. എന്നാൽ അവൻെറ കൂടെ പന്തിയിൽ ഇരുന്ന ഒരുവൻ ഇതു കേട്ടിട്ട് യേശുവിനോട്, ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാനാകുന്നു എന്നു പറഞ്ഞു. യേശു അവനോട് ഇപ്രകാരം പറഞ്ഞു. ഒരു മനുഷ്യൻ ഒരു വലിയ വിരുന്നു ഒരുക്കി അനേകരെ ക്ഷണിച്ചു. വിരുന്നു സമയമായപ്പോൾ 'ഇതാ സകലവും ഒരുങ്ങിയിരിക്കുന്നു, വരുവിൻ' എന്നു ക്ഷണിക്കപ്പെട്ടവരോടു പറയുവാൻ അവൻ ഭൃത്യനെ അയച്ചു. എന്നാൽ ഓരോരുത്തരും ഒഴികഴിവ് പറഞ്ഞുതുടങ്ങി. ഒന്നാമൻ അവനോട്, ഞാൻ ഒരു നിലം വാങ്ങി, അത് പോയി നോക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു, എന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു എന്നു പറഞ്ഞു. മറ്റൊരുവൻ, ഞാൻ അഞ്ചേർ കാളയെ വാങ്ങി, അവയെ പരിശോധിക്കാൻ പോകുന്നു, എന്നെ ഒഴിവാക്കണ

മെന്ന് ഞാൻഅപേക്ഷിക്കുന്നു എന്നുപറഞ്ഞു. വേറൊരുവൻ, ഞാൻ വിവാഹം കഴിച്ചിരിക്കുന്നു, അതുകൊണ്ട് വരുവാൻ എനിക്കു നിവൃത്തിയില്ല എന്നു പറഞ്ഞു. ആ ഭൃത്യൻ മടങ്ങിച്ചെന്ന് ഈ വിവരങ്ങൾ യജമാനനോടു പറഞ്ഞു. അപ്പോൾ ആ വീട്ടുടമസ്ഥൻ കോപിച്ച്, നീ വേഗം പട്ടണത്തിലെ തെരുവീഥികളിലും ഇടവഴികളിലും ചെന്ന്, ദിരിദ്രരേയും,അംഗഹീനരേയും, മുടന്തരേയും, കുരുടരേയും ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരിക, എന്ന് ഭൃത്യനോടു പറഞ്ഞു. അനന്തരം ആ ഭൃത്യൻ, യജമാനനേ, നീ കൽപ്പിച്ചതുപോലെ ഞാൻ ചെയ്തു, ഇനിയും സ്ഥലമുണ്ട് എന്നു പറഞ്ഞു. അപ്പോൾ യജമാനൻ ദാസനോട് പറഞ്ഞു. നീ പോയി വഴികളിലും വേലിയിറമ്പുകളിലും പോയി എൻെറ വീട് നിറയത്തക്കവിധം ആളുകൾ വന്നുചേരുവാൻ നിർബ്ബന്ധിക്കുക. ആ ക്ഷണിക്കപ്പെട്ടവരിൽ ഒരുവൻപോലും എൻെറ വിരുന്ന് ആസ്വദിക്കുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു. ܠܡܳܪܰܢ ܫܽܘܒܚܳܐ ܀ ܘܥܰܠܰܝܢ ܀

കൗമാ

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തി നമിക്കാം ഈ രാവിൽ (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ

സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us - kneel and adore Him- this night time . 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܚܫܐ ܘܡܟܝܟܘܬܐ ܦܪܩܢ ܡܫܝܚܐ ܠܗ
ܠܡܣܓܕ ܘܢܦܠ ܒܫܥܬܐ ܕܠܠܝܐ ❉ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ❉ ܘܒܘܪܟܬܐ ܠܪܘܚܐ ܩܕܝܫܐ
ܘܥܠܝܢ ܚܛܝܐ ❉ ܚܢܢܐ ܘܪܚܡܐ ❉ ܢܬܦܬܚܘܢ ܠܢ
ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ❉ ܘܒܥܘܬܢ ܬܥܘܠ ܩܕܡ ܟܘܪܣܝܗ
ܕܡܫܝܚܐ ❉ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ❉ ܒܪܟܡܪܝ ❉

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ

തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

മൂന്നാം കൗമാ

(എക്ബോ - ആമ്മോ ഉ ആമ്മേ)

പാരിടവും വാ-നും നാഥാ നിന്നെ വന്ദി-പ്പൂ സ്തോത്രം
നിൻവരവാൽ പാ-പികൾ പാപംവിട്ടതിനാലെ സ്തോത്രംതേ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. ***സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ***

ܦܘܡܝ

ܝܠܐ ܠܟ ܘܬܫܒܘܚܬܐ ܘܣܝܒܪܐ ܦܘܡ ܦܬܝܐ ܢܦܩܬܐ ✱ ܦܐܪܐ ܡܒܣܡܢܐ
ܩܢܘܡ ܒܟܠܗ ܘܒܪܝܬܐ ✱ ܠܡܫܒܚܘܬܟ ܘܠܡܘܕܝܘܬܟ ܘܩܕܝܫܘܬܟ ܘܡܥܠܝܘܬܐ
ܘܫܘܒܚܐ ܘܐܝܩܪܐ ܘܠܐ ܡܫܬܠܝܐ ܠܟ ܡܪܝܐ
ܘܒܟܠܗܝܢ ܕܐܝܬ ܠܟ ✱

തൻെറകൃപയാൽ സകലത്തേയും ഉണ്ടാക്കിയ ജ്ഞാനമുള്ള സൃഷ്ടാവും സകലത്തിനും വേണ്ടി മനുഷ്യസ്നേഹംമൂലം തന്നെ രക്ഷയായി നിയമിച്ച രക്ഷിതാവും ശക്തിയുള്ള വീണ്ടെടുപ്പുകാരനും പാപത്താൽപ്രയാസപ്പെട്ടുംഞെരുങ്ങിയും ഇരിക്കുന്നവർ താൻ മുഖാന്തിരം ആശ്വാസം കണ്ടെത്തിയ നിരപ്പിൻെറ തുറമുഖവും ന്യായപ്രമാണസംബന്ധമായ ഭാരമുള്ള ചുമടുകളെ വഹിച്ചവർ താൻ നിമിത്തം സ്വാതന്ത്ര്യം നേടിയ സമാധാനത്തിൻെറ സങ്കേതസ്ഥലവും പാപികൾക്കുവേണ്ടി തന്നെത്തന്നെ പാപമാക്കിത്തീർത്ത നീതിമാനും രോഗികളുടെ നൊമ്പരങ്ങളെ ശമിപ്പിക്കുവാനായി അവർക്കുവേണ്ടി തന്നെ രോഗിയായി എണ്ണിയ ജ്ഞാനമുള്ള വൈദ്യനും ആയ കർത്താവിന് സ്തുതി. തനിക്ക് രാത്രിപ്രാർത്ഥനയുടെ മൂന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

സത്യപ്രകാശവും നിർണ്ണയിക്കപ്പെടാവതല്ലാത്തവനും താൽപ്പര്യത്തോടെ വിചാരിക്കുന്നവനും സകലത്തിൻേറയും സഹായിയും ആയ ദൈവമേ, നിൻെറ ഉദയത്തിൻെറ ശക്തിയാൽ സകല ഭാഗങ്ങളെയും നീ പ്രകാശിപ്പിക്കുന്നു. ആദിയിൽ മനുഷ്യനെ നിൻെറ ഛായയിൽ നീ സൃഷ്ടിക്കുകയും നിൻെറ റൂഹായുടെ മഹത്വംകൊണ്ടും

നൽവരംകൊണ്ടും അവനെ പൂർണ്ണനാക്കുകയും ചെയ്തു. അവൻ നിന്റെ കല്പനയെ ലംഘിച്ചു ജീവന്റെ സ്ഥലത്തുനിന്ന് ത്യജിക്കപ്പെട്ടു. പറുദീസായിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടപ്പോൾ നാശത്താൽ ജീർണ്ണീഭവിച്ചിരുന്ന തിനാൽ നിന്റെ കരുണമൂലം അവന്റെമേൽ നീ കരുണ കാണിക്കുകയും നിന്റെപുത്രനെ അവന്റെ രക്ഷയ്ക്കായി നീ അയയ്ക്കുകയും ചെയ്തു. അവൻ വിശുദ്ധകന്യകയിൽ നിന്ന് ജനിക്കുകയും രോഗം ബാധിച്ചും മാലിന്യത്താൽ അശുദ്ധപ്പെട്ടും ഇരുന്ന മനുഷ്യന് രക്ഷാകരവും ജീവദായ കവുമായ തന്റെ വ്യാപാരത്താൽ സൗഖ്യവും സ്വസ്ഥതയും നൽകുകയും സഹായങ്ങളുടെ കൈ അവനു നീട്ടിക്കൊടു ക്കുകയും ചെയ്തു. അവന്റെ മുറിവുകളിന്മേൽ വീഞ്ഞും എണ്ണയും ധാര ഒഴുക്കുകയും പുത്രന്റെ കഷ്ടാനുഭവ ത്താൽ മനുഷ്യന്റെ കഷ്ടനുഭവങ്ങളുടെ വിലാപകരമായ ഇരുളിനെ നീക്കിക്കളയുകയും ആകാശത്തിൻകീഴിലുള്ള സകലത്തേയും അവന്റെ അറിവിന്റെ പ്രകാശംകൊണ്ട് നിറയ്ക്കുകയും മഹത്വമുള്ള കതിർപോലെ കാണപ്പെടു കയുംചെയ്തു. ജീവന്റെ മാർഗ്ഗത്തിൽകൂടി ഞങ്ങൾ പ്രയാണം ചെയ്‌വാനായിട്ട് വിശുദ്ധപ്രകാശമാകുന്ന ദീപയ ഷ്ടിയുടെ സാദൃശ്യത്തിൽ അതിനെക്കുറിച്ച് ഞങ്ങളോട് അറിയിക്കുകയും അവൻ ഞങ്ങൾക്ക് സത്യത്തിലേക്കുള്ള വഴികാട്ടിയും സകല നന്മകളുടേയും സങ്കേതസ്ഥലവും ആയിത്തീരുകയുംചെയ്തു. അവൻ ഞങ്ങൾക്ക് ലൗകികങ്ങ ളായ സകല കലങ്ങിയ ഓളങ്ങളിൽനിന്ന് രക്ഷപ്പെടുവാ

നുള്ള തുറമുഖമായി കാണപ്പെടുകയും സകല പ്രയാസങ്ങളിൽനിന്നും ഞെരുങ്ങളിൽനിന്നും ന്യായപ്രമാണത്തിലെ ഭാരിച്ചചുമടുകളിൽ നിന്നുമുള്ള പൂർണ്ണ ആശ്വാസമായി തീരുകയുംചെയ്തു. അവൻ താഴ്മയുടെ ലഘുവായ നുകമാകുന്ന പുതിയ കൽപ്പന ഞങ്ങളെ പഠിപ്പിക്കുകയും അവൻ മുഖാന്തരംഞങ്ങളുടെ ആത്മാവിൽ പൂർണ്ണ ആശ്വാസം ഞങ്ങൾ കണ്ടെത്തുകയുംചെയ്തു. ഇപ്പോൾ അവൻ മുഖാന്തരം ഞങ്ങൾക്ക് നൽകിയിട്ടുള്ള രക്ഷയെ ക്കുറിച്ച് സന്തോഷത്തോടും മനസ്സിൻെറ ആഹ്ളാദത്തോടും ആനന്ദത്തോടും ഞങ്ങളുടെഅധരങ്ങൾകൊണ്ട് പരസ്യമായി ഞങ്ങൾ പുകഴ്ത്തുകയും ഞങ്ങളുടെ വിചാരങ്ങൾകൊണ്ട് രഹസ്യമായി ഞങ്ങൾ ഏറ്റുപറയുകയും ഞങ്ങളുടെ കൈകളിൽ ദീപയഷ്ടികളെ പിടിക്കുകയും ചെയ്യുമാറാക ണമെ. ഞങ്ങളുടെ പഴയ മനുഷ്യത്വത്തെ ഞങ്ങൾ ഉരിഞ്ഞുകളയുകയും പ്രകാശത്തിനടുത്ത കതിരുകളാൽ ഞങ്ങൾ വിളങ്ങുകയും നിന്നിലുള്ള സാദൃശ്യമാകുന്ന പുതിയ മനുഷ്യനെ ധരിക്കുകയും ഇവിടെനിന്ന് പ്രകാശത്തിൻെറ തുറമുഖത്തേക്ക് ഞങ്ങൾ വന്നെത്തുകയും ചെയ്യുമാറാകണമെ. ഞങ്ങൾ ദാവീദു നിബിയോടുകൂടെ പറയുന്നതെന്തെന്നാൽ പകലിൽ നിൻെറ പ്രകാശത്തിൽ ഞങ്ങൾപ്രകാശിക്കപ്പെടുകയും രാത്രിയിൽ പ്രകാശത്തിൻെറ തൂണാകുന്ന നീ മൂലം ഞങ്ങൾ പ്രയാണം ചെയ്യുകയും സത്യപ്രകാശമാകുന്ന നിന്നാൽ ഞങ്ങളുടെ വിചാരങ്ങളും ചിന്തകളും പ്രകാശിക്കപ്പെടുകയും ചെയ്യുമാറാകണമെ.

സൽപ്രവൃത്തികളാൽ ഞങ്ങൾ നിന്നെ ആരാധിക്കുകയും മാഞ്ഞുപോകാത്ത നിൻെറ രാജ്യത്തിലേക്ക് ഞങ്ങൾക്ക് രക്ഷയുടെ തുറമുഖമായിടത്തീർന്ന നിൻെറ ഏകജാതൻെറ രക്ഷാകരവും ജീവകരവുമായ കഷ്ടാനുഭവത്തെ കൈക്കൊള്ളുവാനായിട്ട് ഞങ്ങളെഒരുക്കമുള്ളവരാക്കണമെ. ഞങ്ങളുടെ വിളക്കുകൾ മങ്ങിക്കത്തുകയും സൽപ്രവൃത്തിയായ എണ്ണയ്ക്ക് ആവശ്യപ്പെടുകയും ചെയ്യാതെ വിശുദ്ധ സഭയിൽ ഇപ്പോൾ ഇവിടെ ഞങ്ങളുടെ കയ്യിൽ പിടിച്ചിരിക്കുന്ന ദീപയഷ്ടികൾക്കുപകരം ബുദ്ധിയുള്ള കന്യകമാരോടുകൂടെ പ്രകാശത്തിൻെറ ദീപയഷ്ടികളാൽ നിന്നെ ഞങ്ങൾ എതിരേൽക്കുകയും അവിടെ നിൻെറ മഹത്വമുള്ള മണവറയിൽ ഞങ്ങളുടെ ആത്മാവാകുന്ന ദീപയഷ്ടികൾ കരുണയാകുന്ന എണ്ണയാൽശോഭിക്കുകയും ചെയ്യുമാറാകണമെ. ഞങ്ങളുടെ ഹൃദയം വെടിപ്പോടും നിർമ്മലമായ വിചാരത്തോടും തിന്മകളിൽനിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യത്തോടും, ഞെരുക്കങ്ങളിൽനിന്നുള്ള പൂർണ്ണവിമോചനത്തോടുംകൂടെ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യണമെ. ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഏശായാ ദീർഘദർശി നീ വരിക. ദൈവപുത്രൻെറവധത്തെക്കുറിച്ച് ആത്മാവ് നിനക്ക് എങ്ങനെ വെളിപ്പെടുത്തി എന്ന് പറയുക. അറക്കുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവർ തന്നെ കൂട്ടിക്കൊണ്ടുപോയി. രോമം കത്രിക്കുന്നവൻെറ മുമ്പാകെ പെണ്ണാടുപോലെ താൻ സംസാരിക്കാതെ മൗനമായിരുന്നു. താൻ വിനീതനായിത്തീരുകയും തൻെറ സഭയെ ഉയർത്തുകയുംചെയ്തു. താൻ ചെവിട്ടത്ത് അടിയേറ്റ് അതിൻെറ മക്കളെ സ്വാതന്ത്ര്യപ്പെടുത്തി. തൻെറ തിരുവിലാവിൽ നിന്നൊഴുകിയിട്ടുള്ള രക്തത്താൽ നമ്മെ രക്ഷിച്ചവനു സ്തുതി.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഉയരത്തിലെ തൻെറ നിവാസത്തിൽനിന്ന് നമ്മുടെ രക്ഷയെ പ്രതി ഇറങ്ങിവന്ന ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് തൻെറ പിതാവിൻെറ മുന്തിരിത്തോട്ടത്തിൽ മഹത്വത്തിൻെറ ഫലങ്ങൾ അന്വേഷിച്ചു. ദുഷ്ടന്മാരായ വേലക്കാർ തന്നെ കണ്ട് അവകാശി ഇവനാകുന്നു. വരുവിൻ ഇവനെ കൊന്ന് ഇവൻെറ അവകാശം നമുക്കെടുക്കാം എന്ന് നിരുപിച്ചു. അവരെ ഉന്മൂലനംചെയ്ത് ചിതറിക്കുകയും സഭയെ തനിക്ക് വിവാഹം നിശ്ചയിക്കുകയുംചെയ്ത കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ--

Come Isaiah, tell us how the Spirit revealed to you the slaughter of the Son of God. They led Him like a lamb for slaughter. Like an ewe before the shearer, He remained silent without speacking. He

was humbles and exalted His Church. He was slapped on the check, and set her children free. Glory to Him Who came down to save us with the blood from His side. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

The Living Lamb of God came down from above. From the loftly dwelling, He lowered Himself for the sake of our salvation and sought the 'fruit of praises' in the vineyard of His Father. The accursed labourers saw Him and began to think" 'behold He is the heir; come let us kill him and let us take His inheritance for us'. Blessed is He Who rooted (them) up and dispersed and betrothed the Church. Moriyorahem---

എത്രൊ

നിൻെറ അനുഗ്രഹത്തെശരണമാക്കിയിരിക്കുന്ന ദുഃഖിതർക്ക് വർണ്ണിക്കാൻ പാടില്ലാത്ത കൃപയാകുന്ന മഴകൊണ്ട് ആശ്വാസം നൽകുന്നവനും അനുഗ്രഹങ്ങളുടെയും ദയയുടേയുംസമുദ്രവുമായകർത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ അണച്ച ഈ സുഗന്ധധൂപത്താൽ നീ ഞങ്ങളെതുണയ്ക്കുകയും രക്ഷിക്കുകയും ചെയ്യണമെ. പാപത്തിൻെറ ദുഷ്ട വിചാരങ്ങളിൽനിന്ന് ഞങ്ങളെമോചിപ്പിക്കണമെ. ഞങ്ങളുടെ

കടങ്ങൾക്കും പാപങ്ങൾക്കും പരിഹാരം വരുത്തണമെ. നീതിയുടേയും സത്യത്തിൻേറയും മണവാളനായുള്ളോവേ, ബുദ്ധിമതികളായ കന്യകമാരോടൊപ്പം ഹൃദയപൂർവ്വമായ സന്തോഷത്തോടും ആഹ്ളാദത്തോടുംകൂടി നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമെ. മോറാൻ---

O Lord, the ocean of mercies and compassion, who by the copious showers of Your ineffable grace, console the afflicted and the distressed who take refuge in Your loving kindness, be to us Helper and Saviour through this incense which we offer before You. Make us free from the shameful passions of sin. By it, grantus remission of debts and forgiveness of sins. Hold us worthy, O Bridegroom of righteousness and truth, along with those virgins who were not negligent, with joyous shouts, exultation and cheerful minds, to offer up glory and thanksgiving to You and Your Father and Your Holy Spirit now and always for ever and ever. Amen.

വീണ്ടും കോലോ

രക്തത്തിന്നായി ദാഹിച്ചിരുന്ന മൂഢരും അന്ധരുമായ യൂദ ജനം യഥാർത്ഥവൈദ്യൻവന്നുവെന്ന് കണ്ടപ്പോൾ അവനെ കൊല്ലുവാൻ ആലോചിച്ചു.

അശുദ്ധരായ ആചാര്യന്മാരും തിന്മയെ സ്നേഹിച്ച സപ്രേന്മാരും ആദാമിൽ ജീവശ്വാസം ഊതിയവനെ കൊല്ലുവാൻ ആലോചിച്ചു.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܐ ܕܩܒܠ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഹവ്വായുടെ ശാ-പം തീർത്തീടാൻ
സ്വർഗ്ഗത്തീന്നും സ്രഷ്ടാവെത്തി
സ്വാതന്ത്ര്യ ന-മ്മൾക്കുണ്ടാവാൻ
കൂരാണികളും കുത്തും തല്ലും
ക്ഷമയോടേൽപ്പാൻ ദേഹം പൂണ്ടാൻ.

മരുഭൂമിയിൽ വ-ച്ചവരെ പോറ്റി
തൻ നന്മകളെ ആകെ ദുഷിച്ചാൻ
കൊല്ലുകയെന്ന-വരുദ്ഘോഷിച്ചു
മതിയാം വണ്ണം നാഥൻ തീറ്റി
പകരം കയ്പിൻ നീരവരേകി.

ദാസന്നുടയോൻ വിടുതൽ നൽകി
കുഞ്ഞാടിൻെറ രക്തത്താലെ
രക്ഷിച്ചോനാം താതന്നൊത്തോൻ

മൂശാനിബിതൻ ദൃഷ്ടാന്തങ്ങൾ
തൻ രക്തത്താ-ലെ നിറവേറ്റി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܺܝܢܳܟ ܠܳܗ ܠܡܳܪܳܢ ܕܺܝܢܳܐ
ܠܕܺܝܢܳܐ ܕܰܢܚܶܡ ܡܶܢ ܠܐ ܬܶܥܠܶܗ ⁜ ܡܪܝ ܐܚܣ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܚܰܫܳܐ ܘܡܰܘܬܳܐ ܘܨܠܺܝܒܽܘܬܳܐ
ܫܡܰܥ ܨܠܽܘܬܰܢ ܘܚܽܘܣ ܥܰܠ ܢܰܦܫܳܬܰܢ ⁜
ܐܠܗܐ ܘܡܪܚܡܢܐ ܡܢ ܒܚܢܢܗ ܗܘ ܟܠܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

കല്യാണത്തിൽ തീർത്താൻ നീരിനെ നൽവീഞ്ഞാക്കി
പാനം ചെയ്തോർ നൽകിചൊറുക്കാ ക്രൂശിലവന്നായ്
വർദ്ധി-പ്പി-ച്ചാനപ്പം പകരം കയ്പ്പ-ങ്ങേകി
നൽ ഭോജ്യത്തിനു പകരം പാരം ദോഷംചെയ്തു. ദേവാ--

നീസാൻ മാസപ്പെരുമഴപോലവനുപദേശിച്ചു
ശ്രീയാർന്നീടാൻ ജനമന്നാളിൽ ഹിതമാർന്നില്ല
ആ വർഷത്തെയേറ്റോളം ധര ശാപം പൂണ്ടാൾ
ഉൽപ്പാദി-പ്പിച്ചതു മുള്ളുകളെ നാഥൻ പേർക്കായ്. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

സൂഗീസോ

ആമ്മോ ഉ ആമ്മേ

പാരിടവും വാ-നും നാഥാ
നിന്നെ വന്ദി-പ്പൂ സ്തോ-ത്രം
നിൻവരവാൽ പാ-പികൾ പാപം
വിട്ടതിനാലെ സ്തോത്രം തേ

ആ ഹാബേലിൻ ചരിത-ത്താൽ
വിസ്മിതനായ് ഞാന-ത്യന്തം
സഹജന്മാർ തൻ പോരാ-ട്ടം
വിവരിപ്പാൻ പ്രേഷിതനായ് ഞാൻ.

രണകാരണമെ-ന്താണെ-ന്നും
സോദര കലഹത്താ-ലാ-ദ്യം
വധമെങ്ങനെയുണ്ടായെ-ന്നും
കേൾവിക്കാരോടുര ചെയ്യാം.

ഇപ്പാരിതിൽ നീ അദ്ധ്വാനി-ച്ചപ്പംഭക്ഷിച്ചീടേ-ണം
ഏവം വിധമാം വിധിപോ-ലെ
ഇരുസോദരരും ജീവി-ച്ചു.

ആദമിരുന്നാ-ജ്ഞാപി-ച്ചാൻ
ഏവം വിധമാ-ത്മജരോ-ടായ്
സമ്പാദ്യത്തി-ന്നർപ്പി-പ്പിൻ
ആദ്യഫലം നാ-ഥനു നി-ങ്ങൾ.

താതനിയോഗം നിറവേ-റ്റാൻ
കായേനും ഹാ-ബേൽ താ-നും
കാഴ്ചകളേന്തി കർത്താ-വിൻ
സന്നിധി തന്നിൽ ചെന്നെ-ത്തി.

ഉന്നതഭൂവിൽ കർത്താ-വിൻ
സന്നിധിയിൽ കാ-ഴ്ചകളേ-കി
ഹാബേലിൽ പ്രീ-തിപ്പെ-ട്ടാൻ
കായേനിൽ പൂ-ണ്ടപ്രീ-തി.

നിൻകൊലയാൽ ഞാൻ പകവീ-ട്ടും
നിരസിച്ചാനെൻ ബലി നാ-ഥൻ
നിൻ ബലി തുഷ്ട്യാ കൈക്കൊ-ണ്ടു
കായേനേവം വിധമോ-തി.

ആദ്യാത്മജനാ-മെൻ കാ-ഴ്ച
സ്വീകൃതമാകാ-നതിയോ-ഗ്യം
എന്നുടെ ബലിയെ നിരസിച്ചി-
ട്ടൻപൊടു നിൻേറ-തേറ്റ-ല്ലോ.

പ്രിയനീന്നും നീ-ക്കും നി-ന്നെ
പാർക്കില്ലിഹ നീ എൻ കൂ-ടെ
ഞാൻ മാത്രം ശേ-ഷിക്കു-മ്പോൾ
നിരസിക്കില്ലെൻ ബലി നാ-ഥൻ.

നിൻ നിലവിളിയും കണ്ണീ-രും
എന്നെ മയക്കി-ല്ലാ തെ-ല്ലും

നിന്നുടെ ബലികൈ-ക്കൊണ്ട-പ്പോൾ
നിന്നെ മൃതനായ് ഞാനെ-ണ്ണി.

നിന്നെ മാതാ-വാം ഹവ്വാ
ഇനിമേൽ ശുശ്രൂ-ഷിക്കി-ല്ല
ആദാം തിരയും, കാണി-ല്ല
നിയെന്നേക്കും പൊയ്പോ-യാൻ.

നിൻ ബലി ദൈവം കൈ-ക്കൊണ്ടു
തീജ്വാലകളാൽ മാനി-ച്ചു
എൻ ബലി നിരസി-ച്ചതിനാൽ ഞാൻ
നൂനം നിന്നെ കൊല ചെ-യ്യും.

ഞാനും ബലിയും പാഴാ-കാൻ
കാരണമറിയാ-മെന്നാ-കിൽ
പറയുക നിന്നെ വിട്ടേ-ക്കാം
കാളുന്നെന്നിൽ കടുകോ-പം.

എന്തു ഗുണം നിൻ വെളിപാ-ടാൽ
നിൻെറ വധത്തി-ന്നതു ഹേ-തു
സങ്കടവസ്ത്രം ചാർത്തിച്ച്
രട്ടതിനാൽ മെ-യ്യും മൂ-ടി.

നിൻ ബലി സദയം കൈക്കൊ-ണ്ടാൻ
എൻ ബലിനതികൾ കൈവി-ട്ടാൻ
നാഥൻ സ്നേഹി-ച്ചതിനാൽ നിൻ
ബലിയിൽ ചേർക്കും നിൻ രക്തം.

നിന്മേൽ കൽക്കു-ന്നുണ്ടാ-കും
പകരം വീട്ടാ-നാരു-ണ്ടാം
കർത്താവിൻ സന്നിധി വി-ട്ടാൽ
ആരിഹ നിന്നെ രക്ഷി-ക്കും.

മേന്മേൽ കഴുക-പ്പെട്ടാ-ലും
മായുകയില്ലെ-ന്നുൾക്കോ-പം
നിന്നുടെ രക്തം നുകരാ-തെൻ
ചിത്തമടങ്ങി-ല്ലൊരുനാ-ളും.

നീ ചതി കാട്ടാ-യ്കിൽ പാ-രം
സ്വീകൃതനായ്ത്തീ-ർന്നേനേ ഞാൻ
എന്നിലുമിളയോ-നാം നീ-യി-
ന്നോർത്താലെന്നെ-ക്കാൾ മു-മ്പൻ.

ഈ ബലി വൃത്താ-ന്തം നേ-രി-
ട്ടാദാമാരാ-യുന്നേ-രം
എന്നോടധികം കോപി-ക്കും
നിന്നൊടു തോന്നും സം-പ്രീ-തി.

പാർത്താലെന്നെ-ക്കാളേ-റ്റം
പൊങ്ങാനാവും മുളയെ ഞാൻ
എന്നെ പീഡി-പ്പിക്കായ്-വാൻ
മുളയിൽത്തന്നെ-നുള്ളീ-ടും.

എന്നെ തള്ളി കോപി-ച്ചോ-ൻ
എൻ ബലി നതികൾ കൈവി-ട്ടോൻ

നിന്നെ ഞാൻ ഹിം-സിച്ചെ-ന്നാൽ
എന്തധികമവൻ ചെയ്തീ-ടും.

അൻപിലുമമ്പേ കഠിനം താൻ
നീ പറയുന്നോ-രിക്കാ-ര്യം
എന്നെ വെറുത്തോൻ തൻ മു-മ്പി-ൽ
പോകണമെന്നോ-നീ ചൊ-ൽവൂ?

നിർത്തുക നീയീ-സംസാ-രം
സാദ്ധ്യത രക്ഷയ്-ക്കില്ലേ-തും
നാഴികയായി ദുർഭ-ഗനേ
ഇങ്ങെന്തിനു നീ നിൽ-ക്കു-ന്നു.

കുഞ്ഞാടിനെയെ-ന്നോണം താൻ
അനുജനെ അയ്യോ കൊലചെയ്-താൻ
അക്കൈയ്യേറ്റം കണ്ട-പ്പോൾ
മണ്ണും വിണ്ണും വിലപി-ച്ചു.

അദ്രികളപ്പോൾ വിലപി-ച്ചു
മുറവിളി കൂട്ടി ശൈല-ങ്ങൾ
പ്രകൃതി വിറച്ചു ഞെട്ടി-പ്പോയ്
പ്രഥമനിണത്താൽ ഭൂലോ-കം.

ഘാതകനോടായ് ചോദി-ച്ചു
നീ ചെയ്തെന്തെ-ന്നാനീ-ശൻ
ആദാമും ഹ-വ്വായും കാ-
ത്തമരും നിൻ സോ-ദരനെ-ങ്ങ്?

അനുജൻ കണ്ണീ-രൊടു കെ-ഞ്ചി
നിർദ്ദയമവനെ നീ കൊ-ന്നു
സ്നേഹഗുണം തീ-ണ്ടാത്തോ-നേ
പാരിലലഞ്ഞു നടക്കും നീ.

ഏവൻഗേലിയോൻ.

ഹാ- ഹാ- കയ്പ്പേറിയതാണവരുടെ മുന്തിരിയിൻ കായ്
ആ മുന്തിരിയിൻ കുലകൾക്കും കയ്പ്പേറും. ഹാലേലൂയ്യാ

ܠܡܫܝܚܐ ܫܘܒܚܐ ܘܠܐܒܘܗܝ ܘܠܪܘܚܗ ܠܥܠܡܥܠܡܝܢ⁜ܐܡܝܢ⁜

⁜ ܘܐܢܫܝܢ ܡܫܝܚ ܡܢ ܥܠ ܡܫܝܚܐ ⁜ ܗܘܪܐܟܫܘܢ ⁜

വി. മത്തായി 22. 1 - 14

പിന്നെയും യേശു ഉപമകളിലൂടെ സംസാരിച്ചു. സ്വർഗ്ഗരാജ്യം സ്വന്തപുത്രനുവേണ്ടി കല്യാണവിരുന്ന്ഒരുക്കിയ ഒരു രാജാവിന് സദൃശ്യമാകുന്നു. അവൻ വിരുന്നിനു ക്ഷണിക്കപ്പെട്ടവരെ വിളിക്കുവാൻ ഭൃത്യന്മാരെ അയച്ചു. എന്നാൽ വിരുന്നിനു വരുവാൻ അവർ വിസമ്മതിച്ചു. ഇതാ എൻെറ വിരുന്ന് ഒരുങ്ങിയിരിക്കുന്നു. കാളകളെയും പുഷ്ടിയുള്ള മൃഗങ്ങളെയും കൊന്നിരിക്കുന്നു. സകലവും തയ്യാറായിരിക്കുന്നു. നിങ്ങൾ വിരുന്നിനു വരുവിൻ എന്ന് ക്ഷണക്കപ്പെട്ടവരോടു പറയുവാൻ അവൻ വീണ്ടും വേറെ ഭൃത്യന്മാരെ അയച്ചു. ക്ഷണിക്കപ്പെട്ടവർ അവൻെറ വാക്കുകൾ വകവയ്ക്കാതെ, ഒരാൾ തൻെറ വയലിലേക്കും, അപരൻവ്യാപാരത്തിനായും പൊയ്ക്കളഞ്ഞു.

മറ്റുചിലർ അവൻെറ ദാസന്മാരെ പിടിച്ച്അപമാനിക്കുകയും കൊല്ലുകയും ചെയ്തു. രാജാവ് അത് കേട്ടപ്പോൾ കോപിച്ച്, തൻെറ സൈന്യത്തെ അയച്ച് ആ ഘാതകരെ നശിപ്പിക്കുകയും, അവരുടെ പട്ടണം ദഹിപ്പിച്ചുകളയുകയും ചെയ്തു. പിന്നെ അവൻ തൻെറ ഭൃത്യന്മാരോട്, വിരുന്ന് ഒരുങ്ങിയിരിക്കുന്നു, ക്ഷണിക്കപ്പെട്ടവർ യോഗ്യരായിരുന്നില്ല. അതുകൊണ്ട് തെരുവീഥികളിൽ ചെന്ന് നിങ്ങൾ കണ്ടെത്തുന്നവരെയെല്ലാം വിരുന്നിന് ക്ഷണിച്ചുകൊണ്ടു വരുവിൻ എന്ന് പറഞ്ഞു. ആ ഭൃത്യന്മാർ വഴികളിൽചെന്ന് കണ്ടെത്തിയ ദുഷ്ടന്മാരെയും നല്ലവരെയുമെല്ലാം കൂട്ടിക്കൊണ്ടുവന്നു. കല്യാണശാല വിരുന്നുകാരെകൊണ്ട് നിറഞ്ഞു. രാജാവ് വിരുന്നുകാരെകാണുവാൻവന്നു. അവിടെ കല്യാണവസ്ത്രങ്ങൾ ധരിച്ചിട്ടില്ലാത്ത ഒരു മനുഷ്യനെക്കണ്ട് അവനോട്, എൻെറ സ്നേഹിതാ, നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ പ്രവേശിച്ചതെങ്ങനെ എന്നു ചോദിച്ചു. അവൻ മിണ്ടാതിരുന്നു. അപ്പോൾ രാജാവ് ഭൃത്യന്മാരോട് കൽപ്പിച്ചു. അവൻെറ കൈകളും കാലുകളും കെട്ടി പുറത്തെ അന്ധകാരത്തിൽ തള്ളിക്കളയുക. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും വിളിക്കപ്പെട്ടവർ വളരെയും തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കവുമാകുന്നു.

ܒܬܪ ܫܠܝܚܐ ܆ ܗܘܠܠܝܘܢ ܆

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ,

ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി.

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും,

അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രൃഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെരാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ

ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള

കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

നാലാം കൗമാ

(പത്തു കന്യകമാരെക്കുറിച്ച്)

ܦܘܩܕܢ

ܚܝܠܐ ܕܟܠ ܘܫܘܒܚܐ ܘܝܩܪܐ ܠܟ ܡܪܝܐ ܢܘܗܪܐ ✱ ܡܪܝܐ ܡܪܚܡܢܐ

ܕܗܘ ܟܠܗ ܘܟܠܗܘܢ ✱ ܠܡܫܝܚܐ ܕܐܬܝܠܕ ܘܕܢܚ ܘܡܫܒܚܐ

ܘܡܫܒܚܐ ܐܝܟ ܕܐܠ ܟܠܗ ܒܬܘܠܬܐ ܒܟܠ ܒܝܬ

ܘܒܟܠܝ ܢܫܬܐ ܢܘܪ ✱

ഞങ്ങളുടെ മശിഹാതമ്പുരാനേ, ഞങ്ങളുടെ ജീവൻെറ രക്ഷയ്ക്കായിട്ട് നിൻെറ മനുഷ്യസ്നേഹംമൂലം ഭരണ പ്രകാരം ഞങ്ങളോടുകൂടെ നീ സഞ്ചരിക്കുകയും തൻെറ

സൃഷ്ടിയുടെമേൽ കരുണചെയ്യുന്ന നാഥനെപ്പോലെ രക്ഷാജന്യമായ ഉപമകളെ പ്രസ്താവിക്കുകയും മണവാളൻ എപ്പോൾ വരുന്നു എന്ന് നിങ്ങൾ അറിയാത്തതിനാൽ നിങ്ങൾ ഉണർന്നിരിപ്പിൻ എന്നും ബുദ്ധിയില്ലാത്ത കന്യകമാർക്ക് നിങ്ങൾ സദൃശ്യരാകരുത് എന്നും രക്ഷാകരമായ നിൻെറ സുവിശേഷത്തിൽ ഞങ്ങളോട് അരുളിച്ചെയ്യുകയും ചെയ്തതിനാൽ നിനക്ക് സ്തുതി. കർത്താവേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നീതിയാകുന്ന എണ്ണയാൽ ഞങ്ങളുടെ ദീപയഷ്ടികൾ പ്രകാശിച്ചുകൊണ്ട് നിൻെറ ഭയരങ്കരവരവിൻെറ എതിരേൽപ്പിന് പുറപ്പെടുവാനും നിൻെറ വിശുദ്ധന്മാരുടെ ഗണങ്ങളുമായി പ്രകാശം നിറഞ്ഞിരിക്കുന്ന മണവറയിലേക്ക് നിന്നോടുകൂടെ പ്രവേശിപ്പാനും ആയിട്ട് ഞങ്ങളെ നീ യോഗ്യരാക്കണമെ. രാത്രിപ്രാർത്ഥനയുടെ നാലാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

[illegible]

ഞങ്ങളുടെ മശിഹാതമ്പുരാനേ, ജഡപ്രകാരമുള്ള നിൻെറ പ്രത്യക്ഷതയാൽ മഹിമയുള്ള അവങ്കുരത്തെക്കുറിച്ചും വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും നീ ഞങ്ങൾക്കു വെളിപ്പെടുത്തിത്തരുകയും വചനമായിരിക്കുന്ന ഏകജാതനായുള്ളോവേ, കന്യകയിൽ നിന്ന് നീ ജഡമെടുക്കുകയും

ഞങ്ങൾക്കുവേണ്ടി നീ മനുഷ്യനായിത്തീരുകയും ചെയ്തു. ഇത് ഹേതുവായിട്ട് കന്യാവ്രതത്തെ നീ ഉന്നതപ്പെടുത്തി ശ്രേഷ്ഠമാക്കുകയും മാലാഖമാർക്ക് സംബന്ധമുള്ളതാക്കി ത്തീർക്കുകയും പാപത്തിൽനിന്ന് ഒഴിഞ്ഞിരിക്കുന്ന വിശുദ്ധന്മാർക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നപ്രകാരം സ്വർഗ്ഗരാജ്യത്തെ കന്യകമാരോട് നീ ഉപമിക്കുകയും ദീപയഷ്ടികളെ വഹിച്ചിരിക്കുന്ന പത്തുകന്യകമാരോട് നിൻെറ യാഥാർത്ഥ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സകല മനുഷ്യരുടെയും അറുതിയെ നീ സാമ്യപ്പെടുത്തു കയുംചെയ്തു. ഇന്ദ്രിയ തീഷ്ണതയാൽ എണ്ണയോട് ഉപമിക്കപ്പെട്ടിരിക്കുന്ന നീതിചെയ്തവരെ ബുദ്ധിയുള്ള കന്യകമാരോട് താരതമ്യപ്പെടുത്തുകയും സുകൃതമാകുന്ന എണ്ണയില്ലാതിരുന്നവരെ ബുദ്ധിയില്ലാത്ത കന്യകമാരായി നീ ഗണിക്കുകയും ഞങ്ങളുടെ വർഗ്ഗത്തോടുള്ള നിൻെറ യോജിപ്പും മനുഷ്യസ്നേഹവും മൂലം നിൻെറ കൃപയാൽ നിന്നെ നീ മണവാളനെന്ന് നാമകരണം ചെയ്കയും നിൻെറ സ്വർഗ്ഗാരോഹണം മുതൽ നിൻെറ രണ്ടാമത്തെ വരവുവരെയുള്ള കാലത്തെ താമസമെന്നു നാമകരണം ചെയ്കയും എല്ലാവരെയും കൂട്ടിക്കൊണ്ടുപോകുന്നതായ മരണത്തെ മയക്കമെന്നും ഉറക്കമെന്നും സൂചിപ്പിക്കുകയും അവസാനത്തെ കാഹളം പ്രധാനദൂതൻെറ ശബ്ദം എല്ലാവരുടേയും കബറിങ്കൽനിന്നുള്ള ഉയിർപ്പ് എന്നിവയെ അട്ടഹാസമായിട്ടും മണവാളൻെറയും മണവാട്ടിയുടെയും എതിരേൽപ്പിനുള്ള ഘോഷമായിട്ടും നീ അറിയിക്കുകയും

ചെയ്തു. ബുദ്ധിഹീനകളുടെ ദീപയഷ്ടികളുടെ അയോഗ്യത, എണ്ണയ്ക്കുള്ളചോദ്യം എണ്ണയുടെ അഭാവം എന്നിവയാൽ ഇവിടെ എല്ലാവരും ചെയ്തിട്ടുള്ള പ്രവൃത്തികളോട് നിൻെറ സന്നിധിയിൽ ന്യായമായി നിൽക്കുമെന്നു നീ കാണിച്ചു. പ്രകാശത്തിൻെറ ക്രിയകളാൽ ശോഭയോടെ ജീവിച്ചിട്ടുള്ളവർ പ്രശോഭിതവും പ്രകാശ സമൃദ്ധവുമായ പ്രകാശത്തിൽ ആനന്ദിക്കുമെന്നും നിൻെറ മോക്ഷത്തിലെ ആത്മീയവും അഴിഞ്ഞുപോകാത്തതുമായ മണവറയിലേക്ക് നിന്നോടുകൂടെ പ്രവേശിക്കുന്നതിന് യോഗ്യന്മാരായിത്തീരുമെന്നും എന്നാൽ അ്ധകാരമയമായ ദുഷ്പ്രവൃത്തികളാൽ അന്ധന്മാരായിത്തീരുകയും തങ്ങളുടെ ആത്മാക്കളാകുന്ന ദീപയഷ്ടികൾക്കു സുകൃതമാകുത്ത എണ്ണ ഇല്ലാതാകുകയും ചെയ്തിട്ടുള്ളവർ വിശുദ്ധ മണവറയുടെ വാതിൽക്കൽ നിന്നുള്ള ബഹിഷ്ക്കരണത്താൽ പുറത്തെ കൂരിരുട്ടിൽ കഠിനവേദന അനുഭവിക്കുകയും ചെയ്യുമെന്നു നീ അറിയിച്ചു. ഇതുനിമിത്തം സ്വജാതിക ളെയും പുറജാതികളെയും തൻെറ മഹത്വമുള്ള മണവറയി ലേക്ക് വിളിക്കുകയും തൻെറ തേജോമയമായ മണവറയി ലേക്ക് ജാതികളെയും ഗോത്രങ്ങളെയും ക്ഷണിക്കുകയും ചെയ്യുന്ന കാരുണ്യവാനും സത്യസ്വരൂപനുമായ ദൈവമേ, നിൻെറ സന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ പരിമളധൂപംമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെ ന്നാൽ സംഭ്രമജനകമായ നിൻെറ എഴുന്നെള്ളത്തിൻെറ ഘോഷങ്ങൾ ഉണ്ടാകുന്ന രാത്രിയിലും ഭയങ്കരമായ നിൻെറ

പ്രത്യക്ഷതയുടെ നാഴികയിലും ഒരുങ്ങിനിന്ന കന്യകമാർക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ദുഃഖം ആസന്നമാകുകയും നിൻെറ എഴുന്നെള്ളത്തിൻെറ സമയം പെട്ടെന്ന് വരികയും നിൻെറ പ്രത്യക്ഷതയുടെ സമയം ധൃതിയോടെ ഉദിക്കുകയും നിൻെറ ശ്രേഷ്ഠതയുടെ എഴുന്നെള്ളത്തിനു മുൻപു സംഭ്രമകരമായആർപ്പുവിളിയും നിൻെറ ബഹുമാനത്തിൻെറ മഹത്വത്തിനുചുറ്റും ഭയങ്കരമായ ഭ്രമവും ഉണ്ടാകുകയും ചെയ്യും. ബുദ്ധിയുള്ള കന്യകമാർ മുഖപ്രീതിയോടെ പുറപ്പെടുകയും ബുദ്ധിഹീനർ മുഖവാട്ടത്തോടെ നിൽക്കുകയും, ബുദ്ധിയുള്ളവർ പ്രസന്നമുഖത്തോടെ നിന്നെ എതിരേൽക്കുകയും, ബുദ്ധിഹീനർ ലജ്ജയോടെ മുഖം കുനിച്ച് നിന്നോട് അപേക്ഷിക്കുകയും, ബുദ്ധിയുള്ളവരുടെ ജ്ഞാനം പ്രകാശംപോലെ ഉദിക്കുകയും ബുദ്ധഹീനകളുടെ ഭോഷത്വം അന്ധകാരമായിത്തീരുകയും ചെയ്യും. ബുദ്ധിയുള്ളവരുടെ ദീപയഷ്ടികൾ മിന്നിത്തിളങ്ങുകയും ബുദ്ധിയില്ലാത്തവരുടെ വിളക്കുകൾ കെട്ടുപോകുകയും ബുദ്ധിയുള്ളവരിൽനിന്ന് ബുദ്ധിയില്ലാത്തവരെ വേർതിരിച്ച് അ്ധകാരമുള്ളവരെ പ്രകാശമുള്ളവരിൽനിന്നു നീ തള്ളിക്കളെയുകയും പ്രകാശമുള്ളവരായ ബുദ്ധിമതികളെ നീ തിരഞ്ഞെടുക്കുകയും അന്ധകാരമുള്ള ബുദ്ധിയില്ലാത്തവരെ നീ നിരസിക്കുകയും ബുദ്ധിയുള്ളവർ അവരുടെ പ്രകാശത്തിനടുക്കൽ ആനന്ദിക്കുകയും ബുദ്ധിയില്ലാത്തവർ അവരുടെ വിളക്കുകളുടെ അരികിൽ ദുഃഖിക്കുകയുംചെയ്യും. ഒരുങ്ങിയിരുന്നവർ മുൻകൂട്ടി പ്രവേശിക്കുകയും ഉദാസീനരായിരുന്നവർ

ലജ്ജയോടെ നിൽക്കുകയും ബുദ്ധിയുള്ളവർ സന്തോഷ പൂർവ്വം മണവറയിലേക്കു പ്രവേശിക്കുകയും ബുദ്ധിയില്ലാ ത്തവരുടെ മുമ്പാകെ ദുഃഖത്തോടെ വാതിൽ അടയ്ക്ക പ്പെടുകയുംചെയ്യും. ബുദ്ധിയില്ലാത്തവർ മണവറയുടെ വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുന്നതു കാണുകയും തങ്ങളുടെ കെട്ടുപോയ ദീപയഷ്ടികളെ സൂക്ഷിക്കുകയും വിവേകമുള്ളവർ മണവറയിൽ ആനന്ദിക്കുകയും വിവേക മില്ലാത്തവർ നരകത്തിൽ ഞെരുക്കം അനുഭവിക്കുകയും ബുദ്ധിയുള്ളവർ മഹത്വത്തോടെ നിന്നെ കാണുകയും, ബുദ്ധിഹീനകൾ സങ്കടത്തോടെ നിന്നെ വിളിക്കുകയും, ബുദ്ധിയുള്ളവർ പ്രകാശത്തിൻെറ മണറവറയിൽ ഇരുന്നു പാടുകയും ബുദ്ധിയില്ലാത്തവർ വാതിലിന് പുറത്തുനിന്ന് കരയുകയുംചെയ്യും. അപ്പോൾ ഭയങ്കരവും സംഭ്രമജനകവു മായ ആ നാഴികയിൽ വാതിലിന് പുറത്ത് ലജ്ജയോടെ നീ ഞങ്ങളെ ആട്ടിക്കളയരുതെ. കല്യാണത്തിൽ ഞങ്ങളുടെ ആത്മാക്കളാകുന്ന വിളക്കുകളെ നീ കെടുത്തിക്കളയരുതെ. നിൻെറ മണവറയിൽ ഞങ്ങളുടെ ആത്മാക്കളാകുന്ന ദീപയഷ്ടികളെ നീ അന്ധകാരപ്പെടുത്തരുതെ. നിൻെറ മണവറയുടെ വാതിൽ ഞങ്ങളുടെ മുമ്പാകെ നീ അടച്ചു കളയരുതെ. നിൻെറ നീതിയുള്ള ന്യായവിധികളാൽ ഞങ്ങളെ നീ തള്ളിക്കളയരുതെ. എന്നാലോ തയ്യാറാക്ക പ്പെട്ടിരിക്കുന്ന വഴിയാത്രയ്ക്കുള്ള ഭക്ഷണങ്ങളോടും മലിന പ്പെടാത്ത വസ്ത്രങ്ങളോടും പ്രകാശിക്കുന്ന വിളക്കുകളോടും കെട്ടുപോകാത്ത ദീപയഷ്ടികളോടുംകൂടെ നിൻെറ

പ്രത്യാഗമനത്തിൽ എതിരേൽപ്പാനും ലജ്ജിപ്പാനിടവരാത്ത നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ നിന്നെ സ്വീകരിപ്പാനും മരണമില്ലാത്തതായ തോഴ്മക്കാരോടും ക്ഷണിക്കപ്പെട്ടവരോടും ഒരുമിച്ച് നിനക്ക് സ്തുതി പാടുവാനുമായിട്ട് നിൻെറ കൃപയാൽ ഞങ്ങളെ അർഹരാക്കണമെ. നിൻെറ കല്യാണത്തിന് നീ ക്ഷണിച്ചിട്ടുള്ള ക്ഷണിക്കപ്പെട്ടവരിൽനിന്ന് നിൻെറ മണവറയിലേക്ക് പ്രവേശിക്കുന്നതിന് ഒരുങ്ങിനിൽക്കുന്നവരിൽനിന്നും നിൻെറവിരുന്നിൽസന്തോഷിക്കുന്ന വിരുന്നുകാരിൽനിന്നും നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ബഹുമാനവും കരേറ്റുമാറാകണമെ.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

സന്തോഷഫലങ്ങൾ സ്വീകരിപ്പാൻ, ദീർഘനാളുകളായി പ്രിയൻ കൈവശംവച്ചിരുന്ന മുന്തിരിത്തോപ്പ് കാട്ടുമുന്തിരിങ്ങാകൾ പുറപ്പെടുവിച്ചു. വേലക്കാർമൂലം തോട്ടത്തിൻെറ യജമാനന് അതും മുള്ളും പറക്കാരയും ഉത്ഭവിപ്പിച്ചു നൽകി. താൻ അതിനോട് ഏറ്റം കോപിച്ച് നീതിയാംവണ്ണം വിധി കൽപ്പിച്ച് ഇപ്രകാരം പറഞ്ഞു. “ഞാൻ എന്തുചെയ്യണമെന്ന് എനിക്കറിയാം. ഉപദേശമാകുന്ന പനിമഞ്ഞ് അതിൽ വർഷിക്കാതിരിക്കുവാൻ ദീർഘദർശിമാരെയും രാജാക്കന്മാരെയും നീതിമാന്മാരെയും പുണ്യവാന്മാരെയും അതിൽനിന്നു

ഞാൻഛേദിച്ചുകളയും. അതിൽ മഴ പെയ്യാതിരിക്കേണ്ടതിന് മേഘങ്ങളെ തടയുകയും അങ്ങനെ അത് എന്നേക്കും നശിക്കുകയും ചെയ്യും".

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഞാൻ വിവാഹനിശ്ചയം ചെയ്ത മണവാട്ടി എന്നെ ദ്വേഷിച്ചതുകൊണ്ട് ഞാൻ മറ്റൊരുത്തിയെ വിവാഹംനിശ്ചയിക്കുകയും എനിക്കുള്ള സർവ്വവും അവൾക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു. സെഹിയോനെ ഞാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എങ്കിലും അവൾ എന്നെ ദ്വേഷിക്കുകയാൽ ഇനിയുംഒരിക്കലും ഒരുമിച്ചുകൂടാത്തവണ്ണം ജാതികളുടെയിടയിൽ അവളെ ചിതറിച്ചിരിക്കുന്നു. ഇതാ സഭയെഞാൻവിവാഹനിശ്ചയംചെയ്യുകയും ഭൂതലത്തിൻെറ എല്ലാ അതിർത്തികളിൽനിന്നും എല്ലാജാതികളും അവളുടെ ബഹുമതിക്കായി വരികയും ചെയ്തിരിക്കുന്നു.

The beloved planted a vineyard and (waited for) long time to get the 'fruits of joy' from it. But vine bore wild grapes. It produced and gave through it labourers briars and thorns to its owner. His anger was kindled against it and with justice he pronounced judgement, saying: Behold I know what to do. I shall cut off the prophets, kings, just and the upright from it, lest they might sprinkle the dew of the teaching, and I shall withhold the

clouds from showering rain over it; it will be destroyed for ever. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

As the bride whom I betrothed, has despised me, I shall betroth another for me, and I shall give her everything that I have. Though I have betrothed Zion, she has despised me and I have dispersed her among the gentiles, lest she might never gather together. Now I have betrothed the Church, and (behold) from all quarters of the world, all gentiles are coming to honour her. Moriyorahem--

എത്രൊ

തങ്ങളുടെ ദീപയഷ്ടികളെ തയ്യാറാക്കിയിരുന്ന ബുദ്ധിയുള്ള കന്യകമാരെപ്പോലെ നിൻെറ രണ്ടാമത്തെ വരവിൽ നിൻെറ എതിരേൽപ്പിന് പുറപ്പെടുവാൻ ഞങ്ങൾ സന്നദ്ധരായിരിക്കേണമെന്നും അല്ലാത്തപക്ഷം സന്തോഷം നിറഞ്ഞിരിക്കുന്ന മണവറയിലേക്ക് പ്രവേശിപ്പാൻ അർഹരല്ലാത്തതിനാൽ ഞങ്ങളുടെ മുമ്പാകെ വാതിൽ അടയ്ക്കപ്പെടുമെന്നും ഞങ്ങളോട് ഉപദേശിച്ച സത്യമണവാളനായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്നെ വന്ദിക്കുന്നവരുടെ ഈ ധൂപം നിൻെറ കരുണയാൽ നീ കൈക്കൊള്ളണമെ. നിൻെറ പ്രത്യക്ഷനാളിൽ ഞങ്ങളുടെ ദീപയഷ്ടികൾ പ്രകാശിച്ചും

ഞങ്ങളുടെ മുഖം തെളിഞ്ഞും ദുഃഖത്തിൽനിന്നും ലജ്ജയിൽ നിന്നും സ്വതന്ത്രരായി നിന്നെ എതിരേൽപ്പാനും നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ നിനക്കും നിൻെറ പിതാവിനും സ്തുതിയുംസ്തോത്രവും പാടുവാനും നിൻെറ കൃപയാൽ ഞങ്ങളെ നീ യോഗ്യരാക്കണമെ. **മോറാൻ---**

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܗܘ ܡܘܟܟܐ ܕܩܒܠ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ദുഷ്ട-ന്മാരാം മനുജരെ നേടാൻ
സ്വർഗ്ഗം വിട്ടി-ങ്ങാഗതനായോൻ
അഞ്ച-പ്പത്താൽ പോഷിപ്പിച്ചു
കയ്പേ-റുംനീർ പകരം നൽകി
ശിക്ഷി-ച്ചീടാൻ ബഹളം കൂട്ടി.

വീഞ്ഞാ-ശിച്ച് മുന്തിരി നട്ടു
പകരം കയ്പ്പ-ങ്ങതിലുളവായി
നന്മകളെല്ലാം വർഷിച്ചോന്
മന്നാ-തന്നോ-നാ ജനസംഘം
പകരം നൽകി കയ്പ്പയ്യയ്യൊ.

ഞങ്ങൾ-ക്കായ് നീ-യെളിമപ്പെട്ടു
നിൻ കാ-രുണ്യം സ്തുത്യം നാ-ഥാ

ഏറ്റാൻ പീഡ-പീഡാഹീനൻ
തൻഭാ-വത്താൽ പീഡാതീ-താ
നിന്നെ വാഴ്ത്തും പീഡിതവൃന്ദം.
നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪ ܕܪܳܚܶܡ ܠܟܽܘ ܒܰܚܡܳܪ ܕܪܳܚܶܡ

ܒܶܝܢܳܐ ܡܰܡܶܢ ܡܶܢ ܠܳܐ ܠܰܚܡܳܠܠ ✲ ܡܶܢ ܕܚܡ ✲

മോർ ബാലായിയുടെ ബോവൂസോ

ഞങ്ങളെ ഹാശായാൽ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

1 നാഥൻ കൃപയാൽ തൻ ശ്രേഷ്ഠതയെ താഴ്ത്തി
നരരെ രക്ഷിപ്പാൻ അവതാരം ചെയ്തു
ആർദ്രതയാലെത്തി വഴിതെറ്റിൽനിന്നും
നമ്മെ രക്ഷി-ച്ചോനെന്നെന്നും ധന്യൻ.

2 സകലത്തിന്മേലും കൃപചെയ്യും താതാ
സകലർക്കുംവേണ്ടി പാടേറ്റോൻ പുത്രാ
നിൻ വെളിപാടോർത്താൽ വന്ദ്യം റൂഹായെ
വിമലാത്മാവേ നി-ന്നാവാസം സ്തുത്യം.

വിണ്ണവർ നാഥാ മൺമയരാശയുമേ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

മാലാഖമാരുടെ സ്തുതിപ്പ് - പേജ് 45

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രുഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനാകുന്ന ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ, നിൻെറ സ്തുതിയുടെവലിപ്പംനിമിത്തം ഞങ്ങൾ സ്തോത്രംചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, പിതാവായ ദൈവത്തിൻെറ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, നിത്യമായികർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളിൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. **3 Times**

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܚܫܘܗܝ ܦܪܩܢ ܡܢ ܛܥܝܘܬܐ
ܩܒܠ ܬܫܡܫܬܢ ܘܪܚܡ ܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܥܠܝܢ ܪܚܡܝܟ ܒܟܠܥܕܢ ✠ ܘܒܪܝܫܐ ܘܬܘܕܝܬܐ

ܘܕܘܒܪܐ ✠ ܘܥܠܝܢ ܚܘܣܐ ܘܪܚܡܐ ✠ ܠܥܠܡܝܢ

ܐܡܝܢ ܘܐܡܝܢ ✠ ܘܒܟܠܥܕܢ ܘܥܠܝܢ ܡܪܝ ܚܘܣ

ܘܪܚܡܢܐ ✠ ܚܘܣܐ ܥܠܝܢ ܡܪܝ ܚܘܣܐ ܥܠܝܢ ܡܪܝ

ܚܘܣܐ ܥܠܝܢ ܘܥܢܝܢ ܘܪܚܡܝܢ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം

(രാത്രിനമസ്ക്കാരത്തോടുകൂടെത്തന്നെ പ്രഭാതനമസ്ക്കാരവും ചൊല്ലുന്നെങ്കിൽ ഇവിടെ വിശ്വാസപ്രമാണം ചൊല്ലേണ്ടതില്ല. യാമപ്രാർത്ഥനകൾ തുടർച്ചയായി ചൊല്ലുകയാണെങ്കിൽ പ്രാർത്ഥനയുടെ അവസാനംമാത്രം വിശ്വാസപ്രമാണം ചൊല്ലിയാൽമതി. ഓരോ യാമപ്രാർത്ഥനയുടെയും അവസാനം വിശ്വാസപ്രമാണം ചെല്ലേണ്ടതില്ല)

തിങ്കളാഴ്ച പ്രഭാതം - പേജ് 48

കൗമാ

ܒܪܝܟ ܫܘܒܚܗ ܕܡܪܢ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all

Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܫܡܗ ܦܬܚ ܠܢ ܬܪܥܐ
ܕܟܠ ܬܫܡܫܬܢ ܘܬܬܩܒܠ ܒܥܘܬܢ ✠ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܬܝܐ ✠ ܘܠܪܘܚܟ ܩܕܝܫܐ ܫܘܒܚܐ
ܘܬܘܕܝܬܐ ✠ ܘܥܠܝܢ ܚܛܝܐ ܕܥܒܕܐ ܘܡܚܝܠܐ ✠ ܢܦܩܘܢ
ܪܚܡܝܟ ܘܚܢܢܟ ✠ ܘܢܬܪܚܡ ܥܠܝܢ ܡܪܝ ܪܚܡ
ܘܡܫܝܚܐ ✠ ܩܘܪܝܐ ܠܝܣܘܢ ܩܘܪܝܐ ܠܝܣܘܢ
ܩܘܪܝܐ ܠܝܣܘܢ ܠܥܠܡ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܘܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ

തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

†ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܀ ܘܥܠܝܢ ܚܛܝ̈ܐ
ܘܚܝ̈ܒܐ ܪ̈ܚܡܐ ܘܚܢܢܐ ܢܬܦܪܣܘܢ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ
ܥܠܡܝ̈ܢ ܀ ܐܡܝܢ ܀

ܩܘܠܐ ܕܫܘܪܝܐ

എന്റെ കർത്താവേ, നല്ല മുന്തരിപ്പഴങ്ങൾക്കുപകരം കാട്ടു മുന്തിരിങ്ങാകളെകായിച്ച ഇസ്രായേലാകുന്ന മുന്തിരിത്തോട്ടം പോലെ ഞങ്ങളുടെ ഹൃദയമാകുന്ന ഭൂമി തരിശായിത്തീരരുതെ. പിന്നെയോ നീ നട്ടുപിടിപ്പിച്ച മുന്തിരിവള്ളികളും നീ നട്ടു വളർത്തിയ മുന്തിരിച്ചെടികളും സന്തോഷകരമായ പഴങ്ങളെയും രസമുള്ള കനികളെയും കായിക്കുമാറാകണമെ. നിന്റെ പിതാവ് ഞങ്ങളിൽസന്തോഷിക്കുകയും നിന്നോടും നിന്റെ പരിശുദ്ധറൂഹായോടുംകൂടി ഏക സാരാംശമായി ഞങ്ങളാൽ സ്തുതിക്കപ്പെടുകയും ചെയ്യണമെ. ഹോശോ--

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം

തിരിച്ച്, എൻ്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻ്റെ ആത്മാവിനെ എൻ്റെ ഉള്ളിൽ പുതുക്കണമെ. നിൻ്റെ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻ്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻ്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻ്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻ്റെ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻ്റെ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻ്റെ നാവ് നിൻ്റെ നീതിയെ സ്തുതിക്കും. കർത്താവേ, എൻ്റെ അധരങ്ങൾ എനിക്കു തുറക്കണമെ, എൻ്റെ വായ് നിൻ്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻ്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഹൗ ദഹവൊ ബുഖറൊ എന്നപോലെ

1 മന്നവരുംവിധിനാഥന്മാരും തന്നെ-
കൊല്ലാനാലോചിച്ചോരു, ദേവാ ദയചെയ്തീടണമെ.

2 സഹജമതായ് ക്ളേശമതില്ലായ്കെ ഞങ്ങൾ-
ക്കായ് ക്ളേശിച്ചോരു, ദേവാ ദയചെയ്തീടണമെ.

3 യാതന തീ-ർത്തെങ്ങളെ രക്ഷിപ്പാൻ, സ്വയമെ
യാതനയേറ്റോനേ, ദേവാ ദയചെയ്തീടണമെ.

4 വിധികർത്താ-വായ് വാഴുന്നേരം വിധിയേ-
റ്റാദാമിനെ വീണ്ടോരു, ദേവാ ദയചെയ്തീടണമെ.

5 വിധിയേറ്റോൻ ന്യായാധിപനാഥാ, ശിക്ഷി-
ക്കരുതെ നിൻ വിധിയാൽ, ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. †ശുബഹോ -- മെന്ഓലാം വാദാമോ----

6 സ്വർഗ്ഗത്തിൽ ശുദ്ധന്മാരോപ്പം ഞങ്ങൾ-
ക്കേകണമെ മോദം, ദേവാ ദയചെയ്തീടണമെ.

63-ാം സങ്കീർത്തനം

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെ പ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെകൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ ദേവേശാ മശിഹാ എന്നപോലെ

1. തൻ കഷ്ടതയാൽ കഷ്ടതയേലും, ഞങ്ങടെ
മാനവവർഗ്ഗത്തിൻ, കഷ്ടത തീർത്തോനാം മശിഹാ,
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

2. കഷ്ടപ്പാടുകളും, മൃതിയുംമൂലം,
പങ്കിലമാമപഥത്തീന്നും, സഭയെ വീണ്ടോനാം നാഥാ,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

3. തൻ മുൻകുറിയാം, ഗൂഢോക്തികളും
ദൃഷ്ടാന്തങ്ങളുമുപമകളും, നിറവേറ്റാൻ വന്നോൻമശിഹാ,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

4. മശിഹായാം നാഥാ, ആദാമിനെയും, മക്കളെയും
രക്ഷിച്ചീടാൻ, കുരിശും പീഡയുമേറ്റോനേ,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

5. പടേറും മൃതിയാൽ, അപഥത്തിന്നും, രക്ഷിച്ചതിനാൽ
സർവ്വേശാ, സഭ നിന്നെ കീർത്തിക്കുന്നു,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

6. മർത്ത്യ സ്നേഹത്താൽ പാപവികാരത്തെ, നിഹനിച്ചോനാം
രക്ഷകനേ, നിൻ പീഡാനുഭവം സ്തുത്യം, നിൻ
മുൻ വന്നേൻ കൃപചെയ്കെന്മേൽ. കുറിയേലായിസ്സോൻ

<u>19-ാം മസുമൂർ - പേജ് 56</u>

ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടത്തും അവയുടെ അറിയിപ്പും, ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറ മേൽ അവൻെറ കൂടാരം അടിച്ചു. അതു തൻെറ മണവറയിൽ നിന്നും പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അറ്റങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിന്മേൽ അതിൻെറ താങ്ങലും

ആകുന്നു. അതിൻെറ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിൻെറ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ള വരാക്കുന്നതുമാകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിൻെറ കല്പന തെരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായ വിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായി ട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മധുരമുള്ളവയും ആകുന്നു.

അത്രയുമല്ല, നിൻെറ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര് ? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും, പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽ നിന്ന് നിൻെറ ദാസനെ തടയണമെ. എൻെറ സഹായകനും, രക്ഷിതാവുമായ കർത്താവേ,

എൻെറ വായിലെ വചനങ്ങൾ നിൻെറ ഇഷ്ടപ്രകാരവും എൻെറ ഹൃദയത്തിലെ ധ്യാനം നിൻെറ മുമ്പാകെയും ഇരിക്കണമെ. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ - നൂഹറോദ് മെൻ റൂഹറോ എന്നപോലെ

1. രക്ഷകനാം നാഥൻ, ശാന്ത്യാ മൗനം പാലിക്കെ
ശാപം-പൂണ്ടോർ കൊലചെയ്‌വാൻ,
കൂട്ടം കൂടിയതാശ്ചര്യം, വരുവിൻ ജാതികളേ
അവനെ നമിക്കാം സാ-ഷ്ടാംഗം.

2. മണവാ-ളൻ തന്നെ, കൊന്നാൾ സ്വൈരിണിമണവാട്ടി
പാരം-സൽക്രിയ ചെയ്തോനെ
ന്യായവിധിക്കായേൽപ്പിച്ചാൾ, വരുവിൻ ജാതികളേ
അവനെ നമിക്കാം സാ-ഷ്ടാംഗം.

3. കൊലപാ-തകി യൂദാ, പണമോഹത്താൽ നിർമ്മലനെ
ഏൽപ്പി-ച്ചീടാമെന്നേവം, ഗൂഢമുടമ്പടിയുണ്ടാക്കി, വരുവിൻ
ജാതികളേ അവനെ നമിക്കാം സാ-ഷ്ടാംഗം.

4. സൃഷ്ടി-ഗണാധീശൻ, പാപം ചെയ്തോരാദത്തി-ന്നേദൻ-
വീണ്ടും നൽകാനായ്, മനസാ പാടേൽപ്പാൻ വന്നാൻ,
വരുവിൻ ജാതികളേ, അവനെ നമിക്കാം സാ-ഷ്ടാംഗം.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

5. രോഗം ബാധിച്ചോർ-ക്കാശ്വാസകനാം രക്ഷകനെ
ക്രൂശിന്മേൽതൂക്കിക്കൊല്ലാൻ, വൈദികപ്രീശേന്മാർചേർന്നു
വരുവിൻ ജാതികളേ അവനെ നമിക്കാം സാ-ഷ്ടാംഗം.

കുറിയേലായിസ്സോൻ

കർത്താവിന് ഒരു പുതിയ പാട്ടിനേയും അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവൻെറ സ്തുതികളെ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവു എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തൻെറ ശത്രുക്കളെ സംഹരിക്കും

ആകാശങ്ങളെ, മേലിൽ നിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു.

ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനൊ

ഗഹ്വരഭവനാം മന്നവനേ - എന്ന പോലെ

1. ആത്മീയമതാം മണവറയിൽ നൂ-തനജീവൻ നൽകീടാൻ
നിൻ കൃപനിന്നെ യാതനതൻ സ്ഥാനത്തേക്കാകർഷിച്ചു
ദേവേശാ നാഥാ നീ ധന്യൻ.

2. നിന്നോടൊപ്പം ഞങ്ങളഹോ
പീ-ഡകൾ കൈക്കൊണ്ടീടുകയാൽ
ഉത്ഥാനാമോദം നൽകി പിതൃസന്നിധിയിൽ സാക്ഷിക്ക
ദേവേശാ നാഥാ നീ ധന്യൻ.

3. വിധിപതിമാർതൻ വിധിപതിയാം
നി-ന്നെ മൃതിയാൽ ശിക്ഷിപ്പാൻ
ചതിയൊടു പര്യാലോചിച്ചു കുടിലന്മാരാചാര്യന്മാർ
ദേവേശാ നാഥാ നീ ധന്യൻ.

4. നിൻമൃതിദുർഗ്ഗംഞങ്ങളെയാ-ദോ-ഷിയിൽനിന്നും കാക്കട്ടെ
നിൻെറ മുഖത്തേറ്റൊരു തുപ്പൽ ഞങ്ങളെ രക്ഷാപാനീയം
ദേവേശാ നാഥാ നീ ധന്യൻ.

ബാറെക്മോർ. † ശുബഹോ---മെന്ഓലാം---

5. സ്നേഹമെഴും ശുശ്രൂഷകളെ
നാ-ഥാ കൈക്കൊണ്ടീടണമെ
ഇപ്രാർത്ഥനയിൽ പ്രീതിപ്പെ-ട്ടെന്നും കൃപചെയ്തീടേണം
ദേവേശാ നാഥാ നീ ധന്യൻ. ആമ്മീൻ

രണ്ടാം സങ്കീർത്തനം

1. *ജാതികൾ കലഹിച്ചതും, ജനങ്ങൾ വ്യർത്ഥ ചിന്ത ചെയ്തതും എന്തിന്?*

(ബാഹോനോയൗമോ - എന്ന രീതി)

ഇന്നാൾ ശാപം പൂണ്ടോർ ഗൂഢം കൂട്ടംകൂടിച്ചതിവയ്യോ കുറ്റം ചെയ്യാ-ത്തോനെതിരെ ആലോചിച്ചു. കുറിയേലായിസ്സോൻ.

2. അവർ കർത്താവിനും തന്റെ അഭിഷിക്തനുമതിരായി ആലോചിച്ചു.

ഇന്നാളാനേർ-കെട്ടൊരുകൂട്ടം പൈശൂന്യത്താൽ ചതിയോടെ മർമ്മങ്ങളെഅറിയുന്നോനെ കൊല്ലാനാർത്തു. കുറിയേലായിസ്സോൻ.

3. അവൻ അവരുടെ അമിവള്ളിമുറിച്ച്, അവരുടെ നുകം നമ്മിൽനിന്നു നീക്കും.

ഇന്നാൾ ജീവപ്രദനാം നാഥൻ വീഥിയിലൂടെ സഞ്ചാരം ചെയ്‌വതുകണ്ടപ്പോഴേറ്റം കിടിലംകൊണ്ടാർ. കുറിയേലായിസ്സോൻ.

4. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കും, കർത്താവ് അവരെ നിന്ദിക്കും.

ഇന്നാൾ സത്യപുരോഹിതനാകും ഈശോതൻവധശിക്ഷ-യ്ക്കായ്, പാരം രക്തപകയുള്ളോ-രാലോചിച്ചു. കുറിയേലായിസ്സോൻ.

5. അവന്റെ കോപത്തിൽ അവർക്കെതിരെ അവൻ സംസാരിക്കും, അവന്റെക്രോധത്തിൽ അവരെ നശിപ്പിക്കും.

ഇന്നാൾബലിയാകാനാചാര്യൻ താതൻതൻ തിരുവുള്ളത്താൽ തന്നത്താൻ വന്നേൽപ്പിച്ചാൻ ദുഷ്ടന്മാർക്കായ്. കുറിയേലായിസ്സോൻ.

6. എന്റെ നിയമത്തെപ്പറ്റി വിവരിപ്പാൻ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ എന്റെ രാജാവിനെ ഞാൻ നിയമിച്ചു. **ബാറെക്മോർ. ശുബഹോ -- മെന്ഓലാം----**

ഇന്നാൾതെരുവിൽ സത്യമതാകും കുഞ്ഞാടിനെയാ ചെന്നായ്ക്കൾ, കണ്ടിട്ടവനെ കൊലചെയ്‌വാൻപല്ലുകടിച്ചു. ആമ്മീൻ.

113-ാ0 സങ്കീർത്തനം

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു.

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܢܠܐ ܒܟ ܘܬܫܒܘܚܬܐ ܘܚܝܐ ܡܢ ܡܪܝܐ ܢܒܥܐ ❉ ܡܪܝܐ ܡܫܝܚܐ
ܦܬܚ ܒܠܒܢ ܘܒܪܘܢ ❉ ܠܡܫܝܚܐ ܘܠܡܘܕܥܬܐ ܘܠܕܘܪܫܐ ܘܡܘܗܒܬܐ
ܘܡܘܡܪܢܘܬܐ ܐܠܗܐ ܕܠܐ ܒܠܐ ܐܡܝܢܐ ܒܟܠ ܠܟ
ܘܒܢܝܢܝ ܢܫܡܬܢ ܢܫܐ ❉

മിസ്രമീംകാരായ പുറജാതികളുടെ ഇടയിൽ തനിക്കായി ഒരു മുന്തിരി വള്ളി നടുകയും അതിനെ ശക്തികളാലും അത്ഭുതങ്ങളാലും പുറപ്പെടുവിക്കയുംചെയ്ത യഥാർത്ഥ കൃഷിക്കാരനും സത്യമായ തോട്ടത്തിൻെറ ഉടമസ്ഥനും ആയ ദൈവമേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം. അതു ഭൂമിയിലെങ്ങും നിറയുകയും നിനക്കു ന്യായമായിരിക്കുന്ന ഫലങ്ങളെ തരാതിരിക്കുകയുംചെയ്തു. അതിലെ വേലക്കാർ തോട്ടത്തിനകത്തുവച്ചു നിൻെറ ദീർഘദർശിമാരെകൊല്ലുകയും അതിലെ പട്ടക്കാർ നിൻെറ വാത്സല്യപുത്രനെ ക്രൂശിൽ തറയ്ക്കുകയുംചെയ്തു. അതിനാൽ താൻ ആ തോട്ടത്തെ നശിപ്പിച്ചു തള്ളി ക്കളയുകയും പുറജാതികൾ ചവിട്ടുമാറാക്കുകയുംചെയ്തു. അതിനു പകരം താൻ ഒരു സഭയെ സ്ഥാപിച്ചു. അത് ഇതാ അവനു മഹത്തരങ്ങളായ മധുരഫലങ്ങളെ കൊടുക്കുന്നു. നിനക്ക് പ്രഭാതനമസ്ക്കാരത്തിൻെറ ഈ നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലം

ഒക്കെയിലും നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും ഞങ്ങൾ കരേറ്റുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

അദൃശ്യനും സകലത്തിൻെറയും നാഥനുമായ പിതാവും, സർവ്വത്തിൻേറയും സൃഷ്ടാവും ആയ ദൈവമേ, ഈ കാണപ്പെടുന്ന സ്ഥൂലലോകത്തെ നീ സൃഷ്ടിക്കുകയും ഭൗമികനും സ്വർഗ്ഗീയനുമായ ആദ്യമനുഷ്യനെ നിൻെറ മഹത്വത്തിൻെറ സ്വരൂപത്തിലും നിൻെറ ശ്രേഷ്ഠതയുടെ സദൃശ്യത്തിലും നിർമ്മിച്ച് അതിൽ രാജാവും നാഥനുമായി നീ കൽപ്പിച്ചാക്കുകയുംചെയ്തു. ദുഷ്ടൻെറ അസൂയമൂലം നീ അവനു നിയമിച്ച കൽപ്പനയെ അവൻ മറന്നു ലംഘിച്ചതിനാൽ അവൻെറ വാസസ്ഥലമാകുന്ന ഏദനിൽനിന്ന് ഭ്രഷ്ടനാവുകയും കൈപ്പുരസത്താൽ പരാജിതനാവുകയും ജീവവൃക്ഷത്തിൻെറ അടുക്കൽനിന്ന് ദുഃഖകരമായ വിദേശത്തേക്ക് ഭ്രഷ്ടനാക്കപ്പെടുകയും, അവനുവേണ്ടി അനേകം കഷ്ടതകൾ നീ അനുഭവിക്കുകയും സഹിക്കുകയും ചെയ്തതിനാൽ പിന്നീട് നിൻെറ കൃപാസഹായത്തിൽനിന്ന് അവൻ വേർപെടാതിരിക്കുകയും ചെയ്തു. പൂർവ്വികന്മാരായ നീതിമാന്മാരോടും അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ പ്രധാന പിതാക്കന്മാരോടും ഉള്ള ഉടമ്പടി അനുസരിച്ച് പുറജാതികളിൽനിന്ന് നിനക്കായിട്ട് അതിനെ തിരഞ്ഞെടുക്കുകയും നിൻെറ നാമം അതിനു വിളിക്കപ്പെടുകയുംചെയ്ത ഇസ്രായേലാകുന്ന

നിൻെറ വാത്സല്യജനത്തിനുവേണ്ടി ഉടമ്പടി നിറവേറ്റുകയും കൃപ നൽകുകയും ചെയ്തു. മിസ്രയീമിൽ നിന്നുള്ള ആ മുന്തിരിവള്ളിയെ വിസ്മയനീയമായ ശക്തികളാലും അനേകം അടയാളങ്ങളാലും നീ പുറത്തു കൊണ്ടു വരികയും പുറജാതികളെ നശിപ്പിച്ച് അതിനെ നട്ടുപിടിപ്പി ക്കുകയുംചെയ്തു. അതു ഭൂമിയെ നിറയ്ക്കുകയും അതിൻെറ നിഴലുകളാൽ പർവ്വതങ്ങളും അതിൻെറ ചില്ലികളാൽ കുന്നുകളും മൂടപ്പെടുകയുംചെയ്തു. ആദ്യജാതനും വത്സലനും എന്ന് വിളിക്കപ്പെട്ട വിശിഷ്ടവും ആന്തരീയവുമായ ആ തോട്ടത്തിനു ചുറ്റും ന്യായപ്രമാണ മാകുന്ന വേലികെട്ടി ഉറപ്പിക്കുകയും, ന്യായപ്രമാണ സംബന്ധവും നിഴലുമായ പുരോഹിത കർമ്മങ്ങളാകുന്ന ചക്ക് അതിൽ നീ കുഴിച്ചിടുകയും അതിൽ നിൻെറ വിശുദ്ധ ഉടമ്പടിയാകുന്ന ഉന്നതഗോപുരം പണിയുകയു, ദീർഘദർശിമാരാകുന്ന മഴകൊണ്ട് അതിനെ നനച്ച് വളർത്തുകയും, ഉപദേശങ്ങളും സൽപ്രവൃത്തികളും കൃഷി ചെയ്യപ്പെട്ട് സൽഫലങ്ങൾ നൽകുന്നതിനായി അതിനെ ജനത്തിലെ സപ്രേന്മാരാകുന്ന സമാർത്ഥ്യമുള്ള വേലക്കാരെ ഏൽപ്പിക്കുകയുംചെയ്തു. വിളവെടുപ്പുകാലത്ത് സൽഫലങ്ങ ളാകുന്ന ആദ്യഫലത്തെ വാങ്ങിക്കൊണ്ടുവരുവാനായിട്ട് വിശുദ്ധദീർഘദർശിമാരായ നിൻെറദാസന്മാരെമടിയന്മാരായ ആ വേലക്കാരുടെ അടുക്കലേക്ക് നീ അയച്ചു. അവർ അവരുടെ അഹങ്കാരംമൂലം ഫലങ്ങളെ സമർപ്പിച്ചില്ലെന്ന് മാത്രമല്ല, നിൻെറവാത്സല്യമുള്ളദാസന്മാരെ പീഡിപ്പിക്കുകയും

ചെയ്തു. ചിലരെ അവർ ന്യായം വിധിക്കുകയും ചിലരെ അടിക്കുകയും, മറ്റുചിലരെ പീഡിപ്പിക്കുകയും ചിലരെ അപമാനിക്കുകയും, ചിലരെ മുറിവേൽപ്പിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. ആ വേലക്കാർക്ക് ലജ്ജയും നാണവും തോന്നുവാൻ തക്കവണ്ണം തൻെറ പ്രിയപുത്രനെ അവരുടെ അടുക്കലേക്ക് നീ അയച്ചു. അവരുടെ ഇടയിൽ വിനയമുള്ളവനും സൗമ്യനും ആയി കണ്ടിട്ട് അവർ തന്നെ അധിക്ഷേപിക്കുകയും ഭ്രാന്തനെന്നും ശമരിയാക്കാരനെന്നും വിളിക്കുകയും ചെയ്തു. സകല കഷ്ടതകളും തന്നെ അനുഭവിപ്പിക്കുകയും സകല അപമാനങ്ങളും തനിക്കു പ്രതിഫലമായിനൽകുകയും ന്യായസ്ഥലത്ത്കൊണ്ടുപോയി നിർത്തുകയും പരിഹാസവസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തു. താൻ അവകാശിയെന്ന് അറിഞ്ഞപ്പോൾ അവർ തന്നെ തോട്ടത്തിൽനിന്ന് പുറത്തു കൊണ്ടുപോയി മരത്തിന്മേൽ ക്രൂശിക്കുകയും മധുരഫലങ്ങൾക്കുപകരം കാടിയും കയ്പും തന്നെകുടിപ്പിക്കുകയും ചെയ്തു. എന്നാൽ തോട്ടത്തിൻെറ നാഥനും സ്ഥാപകനുമായ നീ ന്യായാനുസരണം അവരോട് പ്രതിപകരംചെയ്തു. മുന്തിരി പ്പഴങ്ങൾക്കുപകരം കാട്ടുമുന്തിരിങ്ങകളെ നൽകിയ ശപിക്ക പ്പെട്ട തോട്ടത്തെ നീ വേരോടെ പറിച്ച് പുറജാതികളുടെ ഇടയിൽ ചിതറിക്കുകയും ഭ്രമിപ്പിക്കുകയും ചവിട്ട് ഏൽക്കു മാറാക്കുകയും ചെയ്തു. കാട്ടുജന്തുക്കൾ അതിൽ നിന്ന് മേയുകയും അതിൻെറ കൊമ്പുകളിൽ അഗ്നി ഇടുകയും ന്യായപ്രമാണമാകുന്ന അതിൻെറ വേലിയെ നീ

പൊളിച്ചുകളയുകയും അതിൻെറ ഉറപ്പുള്ളഗോപുരത്തെ മറി ച്ചിടുകയും പുരോഹിതകർമ്മങ്ങളാകുന്ന ചക്കിനെ മായിച്ചു കളയുകയും അതിനു പകരം പുറജാതികളിൽനിന്നുള്ള പുതിയ ജനങ്ങളാകുന്ന ഒരു നല്ലതോട്ടം നിനക്കായിട്ട് നട്ടുണ്ടാക്കുകയുംചെയ്തു. ജാതികളിൽനിന്നും കുടുംബ ങ്ങളിൽനിന്നും ഒരുവൾ കൂട്ടിച്ചേർക്കപ്പെട്ടു. അവൾ നിൻെറ ഏകജാതൻെറ രക്തത്താൽരക്ഷിക്കപ്പെടുകയും വിഗ്രഹാരാ നയാകുന്ന വഞ്ചനയിൽനിന്ന് തിരിച്ചുവരികയുംചെയ്തു. അവളുടെ സന്തതികൾ നിൻെറ സത്യത്തെ പാലിക്കുകയും അവളുടെ മക്കൾ "ഞങ്ങളുടെ പിതാവേ", എന്ന് നിന്നെ വിളിക്കുകയുംചെയ്യുന്നു. അവൾ നിൻെറ ഏകജാതൻെറ മരണത്തിൽ അഭിനന്ദിക്കുകയും തൻെറ വിശുദ്ധകഷ്ടാനുഭ വങ്ങളിൽ പ്രശംസിക്കുകയുംചെയ്യുന്നു. ഭർത്താവുള്ളവളുടെ മക്കളെക്കാൾ ഭർത്താവില്ലാത്തവളുടെ മക്കൾ അധികം വർദ്ധിച്ചു എന്ന് ദീർഘദർശി ഇവളെക്കുറിച്ച് മുൻകൂട്ടി പ്രസംഗിച്ചിട്ടുണ്ട്. കർത്താവേ, ഞങ്ങൾ നിന്നോട് അപേക്ഷി ക്കുന്നതെന്തെന്നാൽ നിൻെറ വലത്തുകൈ അവളുടെമേൽ നിഴലിപ്പിക്കണമെ. നിൻെറ ബലമുള്ള ഭുജത്താൽ അവളുടെ ശത്രുക്കളെ നീക്കിക്കളയണമെ. നിൻെറബലത്താൽ അവളെ ദ്വേഷിക്കുന്നവരെ മായിച്ച് നാമാവശേഷമാക്കണമെ. അവളുടെ ദൂരസ്ഥന്മാരെ നീ കൂട്ടിച്ചേർക്കണമെ. അവളുടെ സമീസ്ഥരെ നീ സംരക്ഷിക്കുകയും അവളുടെ ഇടയന്മാരെ സന്തോഷിപ്പിക്കുകയും അവളുടെ പട്ടക്കാരെ ആനന്ദിപ്പിക്കു കയും അവളുടെ ശെമ്മാശ്ശന്മാരെ ശുദ്ധീകരിക്കുകയും

അവളുടെ എല്ലാക്കൂട്ടങ്ങളെയും പരിപാകതയുള്ളവരാക്കുകയും അവളിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന പരേതരെ നിൻെറ ഭാഗ്യമുള്ള ഭവനങ്ങളിൽ വിശ്രമിപ്പിക്കുകയും ചെയ്യണമെ. ആയത് നിനക്ക് സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുവാനായിട്ട് തന്നെ. ഹോശോ വബ്കൂൽസ്---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നമ്മുടെരക്ഷകൻെറ കഷ്ടാനുഭവദിവസം ഇതാ സമീപിച്ചിരിക്കുന്നു. താൻ തൻെറ ശ്ലീഹന്മാരോട് 'മനുഷ്യപുത്രൻ യെരുശലേമിലേക്ക് പ്രവേശിപ്പാനും മനുഷ്യരാൽ വിധിക്കപ്പെടാനുമിരിക്കുന്നു' എന്നരുളിച്ചെയ്തു. നമ്മുടെരോഗങ്ങളെ വഹിക്കുകയും നമുക്കുവേണ്ടി കഷ്ടതകൾ സഹിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ.

ശുബഹോ - മെന്ഓലാം --

ദീർഘദർശിയായ മോശ എല്ലാവിധഅടയാളങ്ങളാലും ശക്തിയാലും മെസ്രേമിൽനിന്നുപുറപ്പെടുവിച്ച മുന്തിരിവള്ളി നട്ട് അതിനായി വേലചെയ്തു. അതിൻെറ ഉടമസ്ഥൻ അതിൽനിന്ന് വീഞ്ഞ് ആരാഞ്ഞു. എന്നാൽ അത് പുളിവീഞ്ഞ് പിഴിഞ്ഞ് അവനു നൽകി. അതിൻെറ ഉന്മൂലനംചെയ്ത് ചിതറിച്ച്മറിച്ചിടുകയും സഭയെതനിക്കായിനട്ടുണ്ടാക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവളോ തന്നെ വന്ദിക്കുന്നു. മൊറിയോ--

Behold the day of our Savior's passion is at hand. He told His disciples: 'behold the Son of man is about to enter Jerusale., and to be condemned by men. Blessed is He Who bore our sickness and endured passion for our sake. Barekmore.

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

The prophet Moses planted the vine that he had brought from Egypt with all kinds of signs and wonders and he nurtured it. Its master asked for wine from it. (But) it sqeezed vinegar and gave it to Him. Blessed is Who has uprooted and scattered and ruined it and planted the Church and she worships Him.

വീണ്ടും കോലോ - കൂക്കോയോ

മൂശാനിബിയാൽ മിസറേമിൽ രാവിൽ ചിത്രിതമാം
ദൈവത്തിൻ കുഞ്ഞാടിൻെറ പെസഹായാസന്നം
തൻ രക്തത്താൽ മനുജരെ വീണ്ടിടുവാൻ
വന്നിടുവോനെ എതിരേൽപ്പാൻ വരുവിൻ
പീഡാമരണോത്ഥാനങ്ങൾ ചേലോ-ടോർത്തീടാൻ
പ്രിയതമയാം സഭയോടാജ്ഞാപിച്ചോൻ ധന്യൻതാൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. ബാറെക്മോർ.

ശുബഹോ - മെന്ഓലാം - ഹാലേലൂയ്യാ.

വത്സലരേ വരുവിൻ ദൈവാത്മജനെ കീർത്തിപ്പാൻ
നമ്മെ വിളിച്ചാൻ പിതൃഭവനേ സന്തോ-ഷിച്ചീടാൻ
അവനോടൊപ്പം മഹിമാവാർജ്ജിപ്പാൻ
സ്നേഹത്താലെ യാതനയേറ്റീടാം
ദീപ്തി പരത്തും ദീപങ്ങൾ പേറി-പ്പോയീടാം
ശക്തിയണഞ്ഞീടാം രക്ഷാസന്തോ-ഷം നേടാൻ
ഹാലേലൂയ്യാ, സ്തോത്രം പാടീടാം

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܟ ܕܩܒܠܬ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܟ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

1 സ്വർഗ്ഗം കൈവി-ട്ടേകൻ പുത്രൻ
നമ്മൾക്കായ് വ-ന്നേറ്റാൻ ഭാരം
ലോകർക്കായി ക്ലേശം പൂണ്ടാൻ
ക്രൂശേൽപ്പിച്ചോ-രവനെ പാരം
മേന്മേൽ നിന്ദി-ച്ചാക്ഷേപിച്ചു.

2 ഗോഗുൽത്തായാം ലക്ഷ്യസ്ഥാനേ
സേനാപതിപോൽ തൻ ഹാശാക്കായ്
ആട്ടിൻക്കൂട്ട-ത്തെച്ചേർത്താൻ താൻ
ആ വൃന്ദത്തിൻ ദാഹം തീർക്കാൻ
തൻ രക്തത്തിനു മാത്രം സാദ്ധ്യം.

3 തൻ യാതനയെ വർണ്ണിച്ചീടാൻ
പുത്രസ്ക്കീപ്പാ തരുവായ്ത്തീർന്നു
ജീവൻതിങ്ങും കായ്കൾ നേടി
വ്യഥ തീണ്ടാത്തോൻ വ്യഥയേറ്റതിനാൽ
സഭയത്യന്തം സന്തോഷിക്കും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

[illegible]
[illegible]

മോർ അപ്രേമിൻെറ ബോവൂസോ

[illegible]
[illegible]
[illegible]

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ദൈവമിറങ്ങി താഴ്ചയിലേ-ക്കാദാമ്യരെസംരക്ഷിപ്പാൻ
കുറ്റം ചാർത്താനുത്സുകരായ്

ശാപം കിട്ടിയ യൂദന്മാർ അമ്പേ ദുഷ്ടജനക്കൂട്ടം
വൻചതി ചെയ്യാൻ ചിന്തിച്ചു. ദേവാ ദയ---

2 സാത്താൻ കയറി പരീശരിലും
സാദൂക്യന്മാരിലുമപ്പോൾ
പാപവിഹീന നിണം ചിന്താൻ
വഞ്ചക ഘാതക ജനമാഞ്ഞു
കളവിൻ സാക്ഷികളെ നിർത്തി
പഴിചാരാൻ വിധി ഗേഹത്തിൽ. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

വായനകൾ

വായനക്കാരൻ, നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിൻേറയും രക്ഷയുടേയും ശബ്ദം എന്ന് ദാവീദുമുഖാന്തിരം പരിശുദ്ധ റൂഹാ പാടി

ഉൽപ്പത്തി 3. 1 - 21, 2 രാജാക്കന്മാർ 17. 7 - 15
ന്യായാധിപന്മാർ 11. 30 - 40, ഏശായാ 28. 5 - 13

ഭൂവിലശേഷം, ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർപോയ് ജാതികളിടയിൽ,
ഭൂതലസീമയതോളം നല്ലേവൻഗേല്യോൻ
കൈകൊൾവോർക്കൊക്കെയെഴും,
ഭാഗ്യമിതെന്നറിയിച്ചു, സ്വർഗ്ഗമഹാരാജ്യം.

ശുശ്രൂഷക്കാരൻ. പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തക ത്തിൽനിന്നും ഹാബീബായ് ബാറെക്മോർ. Acts 25: 6 - 12,

ജനം.ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ. Acts 25: 6 - 12,

അവൻ ഏകദേശം എട്ടു പത്തുദിവസം അവരുടെ ഇടയിൽ താമസിച്ചശേഷം കൈസര്യയ്ക്കു മടങ്ങിപ്പോയി. പിറ്റേന്ന് ന്യായാസനത്തിൽ ഇരുന്നു പൗലോസിനെ വരുത്തുവാൻ കൽപ്പിച്ചു. അവൻ വന്നാറെ യെരുശലേമിൽനിന്നു വന്ന യഹൂദന്മാർ ചുറ്റും നിന്ന് അവന്റെ നേരെ കഠിനകുറ്റം പലതും ബോധിപ്പിച്ചു. പൗലൊസോ, യഹൂദന്മാരുടെ ന്യായ പ്രമാണത്തോടാകട്ടെ, ദൈവാലയത്തോടാകട്ടെ കൈസറോ ടാകട്ടെ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല എന്ന് പ്രതി വാദിച്ചാറെ, ആ കുറ്റങ്ങളെ തെളിയിപ്പാൻ അവർക്കു കഴി ഞ്ഞില്ല. എന്നാൽ ഫെസ്തോസ് യഹൂദന്മോരുടെ പ്രീതി സമ്പാദിപ്പാൻ ച്ഛരിച്ച് പൗലൊസിനോട്, യരുശലേമിലേക്ക് ചെന്ന് അവിടെ എന്റെ മുമ്പിൽവെച്ച് ഈ സംഗതികളെ കുറിച്ച് വിസ്താരംനടപ്പാൻ നിനക്കു സമ്മതമുണ്ടോ എന്ന് ചോദിച്ചതിന് പൗലൊസ് ഞാൻ കൈസരുടെ ന്യായാസന ത്തിനു മുമ്പാകെ നിൽക്കുന്നു. അവിടെ എന്നെ വിസ്തിരി ക്കേണ്ടതാകുന്നു, യഹൂദന്മാരോട് ഞാൻ ഒരു അന്യായവും ചെയ്തിട്ടില്ല, അതു നീയും നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. ഞാൻ അന്യായം ചെയ്തു മരണയോഗ്യമായത് വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ,മരണശിക്ഷഏൽക്കുന്നതിന് എനിക്കു വിരോധമില്ല. ഇവർ എന്റെ നേരെ ബോധിപ്പിക്കുന്ന

അന്യായം നേരല്ല എന്നു വരികിലോ എന്നെ അവർക്കു ഏർപ്പിച്ചുകൊടുപ്പാൻ ആർക്കും കഴിയുന്നതല്ല. ഞാൻ കൈസരെ അഭയം ചൊല്ലുന്നു എന്നു പറഞ്ഞു. അപ്പോൾ ഫെസ്തോസ് തൻെറ ആലോചനസഭയോട് സംസാരിച്ചിട്ട്, കൈസരെ നീ അഭയം ചൊല്ലിയിരിക്കുന്നു, കൈസരുടെ അടുക്കലേക്ക് നീ പോകും എന്ന് ഉത്തരം പറഞ്ഞു. ഹാബിബായ് ബാറെക്മോർ.

പൗ-ലൊസ് ശ്ലീഹാ ധന്യൻചൊൽ കേ-ട്ടൻ ഇതേ-വം
നിങ്ങളെ ഞങ്ങൾ അറിയിച്ചതെതിരായ്
വേറൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലും ആ ദൂ~~തൻ
താനേൽക്കും സഭയിൻ ശാ--പം
പലതരമുപദേശ-ങ്ങളഹോ, പാരിൽ മുളച്ചുപരക്കുന്നു
ദൈവത്തിൻ ഉപദേശംതൊട്ട്,
അവസാനിപ്പിപ്പോൻ ധ--ന്യൻ.

ശുശ്രൂഷക്കാരൻ. പരിശുദ്ധനായ പൗലോസ് ശ്ലീഹാ എബ്രായർക്ക് എഴുതിയ ലേഖനത്തിൽ നിന്നും ആഹായ് ബാറെക്മോർ. Hebrews 1:6-2:4

ജനം. ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തൻെറ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

എബ്രായർ 1. 6 - 2. 4

ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ: “ദൈവത്തിൻെറ സകല ദൂതന്മാരും അവനെ

നമസ്ക്കരിക്കേണം" എന്ന് അരുളിച്ചെയ്യുന്നു. "അവൻ കാറ്റുകളെ തൻെറ ദൂതന്മാരും അഗ്നിജ്വാലയെ തൻെറ ശുശ്രൂഷകരും ആക്കുന്നു" എന്നു ദൂതന്മാരെക്കുറിച്ചു പറയുന്നു. പുത്രനോടോ: "ദൈവമേ, നിൻെറ സിംഹാസനം എന്നും എന്നേക്കുമുള്ളത്. നിൻെറ രാജത്വത്തിൻെറ ചെങ്കോൽ നേരുള്ള ചെങ്കോൽ. നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കുകയും ചെയ്തിരിക്കയാൽ ദൈവമേ, നിനെറ ദൈവം നിൻെറ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" എന്നും "കർത്താവേ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു, ആകാശവും നിൻെറ കൈകളുടെ പ്രവർത്തിആകുന്നു. അവ നശിക്കും; നീയോ നിലനിൽക്കും. അവ എല്ലാം വസ്ത്രംപോലെപഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രംപോലെ അവ മാറിപ്പോകും. നീയോ അനന്യൻ; നിൻെറ സംവത്സരം അവസാനിക്കുകയുമില്ല" എന്നും പറയുന്നു. "ഞാൻ നിൻെറ ശത്രുക്കളെ നിനക്കു പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തിരിക്ക" എന്നു ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ? അവൻ ഒക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കു അയക്കപ്പെടുന്ന സേവകാത്മാക്കളെല്ലയോ? അതുകൊണ്ടു വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തിരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ

ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധവീര്യപ്രവർത്തികളാലും തൻെറ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്കു ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെപോയാൽ എങ്ങനെ തെറ്റി ഒഴിയും. ആഹായ് ബാറെക്മോർ.

ഏവൻഗേലിയോൻ.

ഹാ- ഹാ- കയ്പ്പേറിയതാണവരുടെ മുന്തിരിയിൻ കായ്
ആ മുന്തിരിയിൻ കുലകൾക്കും കയ്പ്പേറും. ഹാലേലുയ്യാ

ܠܡܕܝܢܚܐ ܩܘܪܒܐ ܘܟܠܟܘܢ ܘܫܘܒܚܐ ܠܟܠܟܘܢ ✽ ܫܠܡ ✽

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܡܬܝ ܫܠܝܚܐ ✽ ܟܪܘܙܘܬܗ ✽

വി. മത്തായി 21. 23 - 32, 17. 10 - 18

യേശു ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കെ, പ്രധാനാ ചാര്യന്മാരും ജനപ്രമാണികളും അവൻെറയടുക്കൽ ചെന്ന് അവനോട്, നീ എന്ത് അധികാരത്താൽ ഇത് പ്രവർത്തിക്കുന്നു, ഈ അധികാരം നിനക്കു തന്നതാര്, എന്നു ചോദിച്ചു. യേശു ഉത്തരമായി അവരോട്, ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കാം. നിങ്ങൾ എന്നോട് ഉത്തരം പറഞ്ഞാൽ, ഏത് അധികാരത്താൽ ഞാൻ ഇവ

പ്രവർത്തിക്കുന്നുവെന്ന്നിങ്ങളോടുപറയാം. യോഹന്നാൻെറ മാമോദീസാ സ്വർഗ്ഗത്തിൽനിന്നോ, മനുഷ്യരിൽ നിന്നോ എന്നുചോദിച്ചു. അവർ ആലോചിച്ച് പരസ്പരം പറഞ്ഞു. സ്വർഗ്ഗത്തിൽ നിന്ന് എന്നു നാം പറഞ്ഞാൽ നിങ്ങൾ അവനെ വിശ്വസിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് അവൻ നമ്മോട് ചോദിക്കും. മനുഷ്യരിൽ നിന്ന് എന്നു പറഞ്ഞാൽ, നാം ജനത്തെ ഭയപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ എല്ലാവരും യോഹന്നാനെ ഒരു പ്രവാചക നായി കരുതിയിരിക്കുന്നു. പിന്നെ അവർ അവനോട്, ഞങ്ങൾക്കറിഞ്ഞുകൂടാ എന്നു ഉത്തരം പറഞ്ഞു. അവരോട് യേശുഅരുൾചെയ്തു. എങ്കിൽ ഏതധികാരത്താൽ ഇവ പ്രവർത്തിക്കുന്നുവെന്ന് ഞാനും നിങ്ങളോടു പറയുന്നില്ല. എന്നാൽ നിങ്ങൾക്ക് എന്തുതോന്നുന്നു. ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവൻ ഒന്നാമത്തവൻെറ അടുത്തുചെന്നഅവനോട്, എൻെറ മകനേ, നീ ഇന്ന് മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക എന്നു പറഞ്ഞു. അപ്പോൾ അവൻ എനിക്കുമനസ്സില്ല എന്നു ഉത്തരം പറഞ്ഞു. പിന്നീട് അവൻ പശ്ചാത്തപിച്ച് മുന്തിരിത്തോട്ടത്തിലേക്ക് പോയി. ആ പിതാവ് മറ്റേ പുത്രൻെറ അടുത്തുചെന്ന് അവനോടും അങ്ങനെതന്നെ പറഞ്ഞു. അപ്പോൾ അവൻ ഉത്തരമായി, അപ്പാ ഞാൻ പോകാം എന്നു പറഞ്ഞു. പോയതമില്ല. ഈ രണ്ടു പേരിൽ പിതാവിൻെറ ഇഷ്ടം പ്രവർത്തിച്ചതാരാണ്? അവർ അവനോട്, ഒന്നാമൻ എന്നു പറഞ്ഞു. ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പെ

ദൈവരാജ്യത്തിൽ പ്രവേശിക്കും എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. എന്തെന്നാൽ യോഹന്നാൻ നീതിമാർഗ്ഗം നിങ്ങളെ അറിയിച്ചു. നിങ്ങൾ അവനിൽ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനിൽ വിശ്വസിച്ചു. അതു കണ്ടിട്ടും അവനിൽ വിശ്വസിക്കത്തക്ക വിധം ഒടുവിൽ പോലും നിങ്ങൾ പശ്ചാത്തപിച്ചതുമില്ല. ശിഷ്യന്മാർ യേശുവിനോട്, ആദ്യം ഏലിയാവ് വരേണ്ടതാകുന്നു എന്ന് വേദപണ്ഡിതർ പറയുന്നതെന്ത് എന്നു ചോദിച്ചു. യേശു ഉത്തരമായി അവരോട്, സകലവും നിവൃത്തിയാക്കുവാൻ ആദ്യമേ ഏലിയാവ് വരേണ്ടതാകുന്നു. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ഏലിയാവ് വന്നു. അവരുടെ ഇഷ്ടാനുസരണം അവനോടു ചെയ്തു. അങ്ങനെതന്നെ മനുഷ്യപുത്രനെയും അവർ പീഡിപ്പിക്കും. അവൻപറഞ്ഞത് യോഹന്നാൻ സ്നാപകനെക്കുറിച്ചാണെന്ന് അപ്പോൾ ശിഷ്യന്മാർക്ക് മനസ്സിലായി.

⁜ ܒܫܝܢܐ ܥܠܝܟ ⁜ ܗܘܝܘܕܥܬܐ ⁜

പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രംചെയ്യുന്നതും, ഉന്നതമായ തൻെറ തിരുനാമത്തിനുപാടുന്നതും, പ്രഭാതത്തിൽ തൻെറ കൃപയും, രാത്രികാലങ്ങളിൽ തൻെറ വിശ്വാസവും, അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതത്തിൽ എൻെറ ശബ്ദം നീ കേൾക്കണമെ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു

കരുണ തോന്നണമെ. കർത്താവേ, ഞങ്ങളെല്ലാവരുടെയും പാപങ്ങൾപരിഹരിച്ചുക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ നിൻെറ വലത്തുകൈ ആവസിപ്പിച്ച് നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെപാപരോഗത്തെസൗഖ്യമാക്കണമെ.ആമ്മീൻ.

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܺܝܚܳܐ ܕܒܚܫܶܗ ܦܪܰܩ ܠܰܢ ܠܥܳܠܡܳܐ

ܫܽܘܒܚܳܐ ܠܡܫܰܡܫܳܢܶܗ ܘܐܰܠܗܽܘܬܶܗ ❉ [3]

ܠܳܟ ܡܳܪܝ ܬܶܫܒܽܘܚܬܳܐ ܘܠܒܰܪܳܟ ܐܺܝܩܳܪܳܐ ❉ ܘܠܪܽܘܚܳܟ ܩܰܕܺܝܫܳܐ ܫܽܘܒܚܳܐ

ܘܬܰܘܕܺܝܬܳܐ ❉ ܘܥܰܠ ܟܽܠܰܢ ܪܰܚܡܶܝܟ ❉ ܡܫܺܝܚܳܐ ܦܳܪܽܘܩܰܢ

ܠܥܳܠܰܡ ܥܳܠܡܺܝܢ ❉ ܘܰܠܟܽܠܗܘܢ ܥܳܠܡܺܝܢ ܐܰܡܺܝܢ ܘܰܐܡܺܝܢ

ܩܰܕܺܝܫܳܐ ❉ ܫܽܘܒܚܳܐ ܠܳܟ ܡܳܪܝ ܫܽܘܒܚܳܐ ܠܳܟ ܡܳܪܝ

ܫܽܘܒܚܳܐ ܠܳܟ ܫܳܡܰܥ ܠܨܠܽܘܬܳܢ ❉ ܒܳܥܽܘܬܳܐ ❉

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ: ܢܶܬܩܰܕܰܫ ܫܡܳܟ. ܬܺܐܬܶܐ ܡܰܠܟܽܘܬܳܟ. ܢܶܗܘܶܐ
ܨܶܒܝܳܢܳܟ: ܐܰܝܟܰܢܳܐ ܕܒܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ. ܗܰܒ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ. ܘܰܫܒܽܘܩ ܠܰܢ ܚܰܘܒܰܝܢ ܘܚܰܛܳܗܰܝܢ: ܐܰܝܟܰܢܳܐ
ܕܳܐܦ ܚܢܰܢ ܫܒܰܩܢ ܠܚܰܝܳܒܰܝܢ. ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ. ܐܶܠܳܐ
ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ. ܡܶܛܠ ܕܕܺܝܠܳܟ ܗ̄ܝ ܡܰܠܟܽܘܬܳܐ ܘܚܰܝܠܳܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ

തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ

ܒܚܫܗ ܦܪܘܩܢ ܡܫܝܚܐ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܚܫܗ ܦܪܩܢ ܡܢ ܠܘܬܟ

ܩܘܠܐ ܬܫܡܫܬܐ ܘܬܫܒܘܚܬܐ ❊ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ❊ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ
ܘܬܘܕܝܬܐ ❊ ܘܥܠܝܢ ܪ̈ܚܡܐ ܘܚܘܣܝܐ ❊ ܢܫܦܥܘܢ
ܬܘܒ ܐܘܫܥܢܐ ܕܟܠܐ ❊ ܘܢܝܚܐ ܟܠܗ ܡܢ ܩܕܡ
ܘܡܫܒܚܐ ❊ ܡܫܒܚܐ ܠܟ ܡܪܝ ܡܫܒܚܐ ܠܟ ܡܪܝ
ܡܫܒܚܐ ܠܟ ܡܪܝ ܠܥܠܡ ❊ ܒܪܟܡܪܝ ❊

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻവെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ,എൻെറവായ്നിൻെറസ്തുതികൾപാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമ ബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 പീഡകളാൽ ലോകരെ രക്ഷിപ്പാൻ
ഞങ്ങൾ-ക്കായ് ബലിയായ് തീർന്നൊരു
ദേവാ ദയചെയ്തീടണമെ.

2 തൻവടിവിൽ-കനിവൊടു നിർമ്മിച്ച്
കുരിശാൽ-ഞങ്ങളെ രക്ഷിച്ചൊരു
ദേവാ ദയചെയ്തീടണമെ.

3 ഞങ്ങൾക്കായ് ഭൂവിലിറങ്ങിയഹോ
ഞങ്ങൾ തൻ ദാസ്യം തീർത്തൊരു
ദേവാ ദയചെയ്തീടണമെ.

4 സർവ്വജ്ഞാ-നിൻ മൃതി വൃത്താന്തം
ശിഷ്യന്മാർക്കായ് വെളിവാക്കിയ ദേവാദയചെയ്തീടണമെ.

5 ഞാനിരുളി-ന്നടിപെട്ടീടാത്ത
വെളിവാ-ണെന്നരുളിച്ചെയ്തൊരു
ദേവാദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ--മെന്ഓലാം--

6 ഉടയോനേ കടമെല്ലാം പോക്കി
നൽകുക യോഗ്യത നിൻ സ്തുതിപാടാൻ
ദേവാ ദയചെയ്തീടണമെ. സ്തൗമെൻകാലോസ്----

ܦܪܘܡܝܘܢ

ܢܟܦܐ ܕܟܝܐ ܘܩܕܝܫܐ ܘܠܐ ܡܬܡܠܠܢܐ ✠ ܘܠܐ ܚܫܐ ܘܠܐ ܡܝܘܬܐ
ܘܠܐ ܡܬܚܒܠܢܐ ܕܒܨܒܝܢܗ ✠ ܚܫ ܚܠܦ ܦܘܪܩܢܐ ܕܒܢܝ ܐܢܫܐ
ܘܒܚܫܘܗܝ ܫܪܐ ܚܫܐ ܕܝܠܢ ܘܒܡܘܬܗ ܡܝܬ ܠܡܘܬܐ
ܘܝܗܒ ܠܢ ܚܝܐ ✠

പുണ്യവാനുംപരിശുദ്ധനും അവർണ്ണനീയനും കഷ്ടതയില്ലാത്തവനും മരണമില്ലാത്തവനും അക്ഷയനും തൻെറ മനസ്സോടെ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി കഷ്ടപ്പെടുകയും തൻെറ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിച്ചുകളയുകയും ഞങ്ങൾക്കുവേണ്ടിയുള്ള തൻെറ മരണത്താൽ കഠിനമായ മരണത്തെ മരിപ്പിക്കുകയും ഞങ്ങൾക്കു നാശമില്ലായ്മയും മരണമില്ലായ്മയും കഷ്ടതയില്ലായ്മയും നൽകുകയും ചെയ്തവനും ആയ കർത്താവിനു സ്തുതി. ഈ പരിമളധൂപത്തോടുകൂടെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ പീഡയിൽ പീഡയനുഭവിപ്പാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമെ. ഞങ്ങൾ നിന്നോടുകൂടെ മഹത്വപ്പെടുകയും ലോകത്തിനും അതിൻെറ സകല വികാരങ്ങൾക്കും കുരിശിക്കപ്പെടുകയുംചെയ്യുമാറാകണമെ. ഞങ്ങൾ നിനക്ക് മൂന്നാം മണിയുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലം

ഒക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും കരേറ്റുന്നു. ബ്കുല്ഹൂൻ---

ܣܕܘܐ

ഉന്നതനും അദൃശ്യനും തൻെറ ഉൺമയിൽ മഹോന്നതനും വന്ദ്യനും അത്യുന്നതനും തൻെറ ദൈവത്വത്തിൽ മഹത്വമുള്ളവനും തൻെറപിതാവിനോടുംവിശുദ്ധറൂഹായോടുംകൂടെ സാരാംശത്തിൽ ഒന്നായിരിക്കുന്നവനുമായ നമ്മുടെ മശിഹാതമ്പുരാൻ മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കുവേണ്ടി ഭൂമിയിൽ കാണപ്പെടുകയും മരണത്തിൻേറയും പാപത്തിൻേറയും നാശത്താൽ പഴകിപ്പോയ തൻെറ സൃഷ്ടിയെ പുതുക്കുവാനായി ഭരണപ്രകാരം മനുഷ്യരോടുകൂടെ പെരുമാറുകയുംചെയ്തു. ന്യായപ്രമാണഭാഷയിൽ കൊഞ്ഞയുള്ളതായി പറയപ്പെട്ടവയെ സ്ഥിരപ്പെടുത്തുകയും പഴയ പുസ്തകത്തിലെ മഹത്വത്തെ വ്യാഖ്യാനിക്കുകയും കർണ്ണരസമുള്ളതാക്കിത്തീർക്കുകയും ചെയ്തു. യഹൂദദേശത്ത് അനേകംസൽപ്രവർത്തികൾ മുമ്പേതന്നെ താൻചെയ്തിട്ടും അനുസരണമില്ലാത്ത ജനങ്ങളാൽ തൻെറ എല്ലാ നന്മകളിലും താൻ നിരസിക്കപ്പെട്ടു. വിസ്മയനീയങ്ങളായ സൗഖ്യങ്ങളെയും നല്ല അത്ഭുതങ്ങളെയും അവരുടെ ഇടയിൽ ചെയ്തതിനാൽ അവർ തന്നെ വെറുതെ ദ്വേഷിക്കുകയും അസൂയയാൽതന്നെതൃജിക്കുകയുംചെയ്തു. അന്യായമായി തന്നെ കുരിശിൽ തറപ്പാനായിട്ട് ആ അഹങ്കാരികൾഒരുമ്പെടുകയും വചനത്താൽ കൗശലത്താൽ തന്നെ കുടുക്കിലാക്കുവാനായി ആ അന്യായക്കാർ

വിചാരിക്കുകയുംചെയ്തു. തൻെറ രക്തം ചിന്തുവാനായി ആ പുണ്യവാൻെറ ജീവനെ നശിപ്പിക്കുന്നതിന് ഒരുങ്ങി. നിയമത്തിന് എതിരായി അവർ അപരാധം പറഞ്ഞുണ്ടാക്കി. ഇത് ഹേതുവായിട്ട് തന്നെ എളുപ്പത്തിൽ കുടുക്കുവാനായി കൈസറിന് തലവരിപ്പണം കൊടുക്കുന്നത് ന്യായമോ അല്ലയോ എന്നുള്ള ചോദ്യങ്ങൾ ഉപായത്തിൽ ചോദിച്ചു. താൽക്കാലികമായ രാജത്വത്തിന് എതിരായിട്ട് താൻ നിൽക്കുന്നു എന്നു വന്നാൽ എളുപ്പത്തിൽ കുറ്റം ചുമത്താമല്ലോ എന്നു കരുതി തന്നോട് ചോദിക്കുകയും ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളും തന്നിൽ നിക്ഷിപ്തം ആയിരിക്കുന്നവനും രാജാക്കന്മാർക്ക് രാജാവും കർത്താക്കന്മാർക്ക്കർത്താവും അധികാരികൾക്ക് കിരീടങ്ങളെ മുടയുന്നവനുമായ തന്നോട് താൻ എവിടുത്തു കാരനെന്ന് അവരോട് അറിയിക്കണമെന്ന് തൻെറ അധികാരത്തെക്കുറിച്ച് ചോദിക്കുകയും ചെയ്തു. എന്നാൽ കർത്താവായ താൻ അറിവുള്ളവനാകയാലും കപടതന്ത്ര ങ്ങൾ തൻെറ മുമ്പാകെ ഫലിക്കാത്തതിനാലും അവരുടെ ക്രോധത്തിന് എതിരായി ശാന്തമായി ഉത്തരം പറയുകയും അവരുടെ കൗശലത്തിന് എതിരായി ജ്ഞാനത്തോടെ ദൃഷ്ടാന്തങ്ങളെ ഉപയോഗിക്കുകയും ചെയ്തു. അവരുടെ അന്യായത്തെ അവരുടെമേൽ ചുമത്തുകയും അവരുടെ തിന്മനിമിത്തം അവരെ മിണ്ടാതാക്കുകയും ചെയ്തു. എന്നാൽ ആ പരമദുഷ്ടന്മാർ അവരുടെ കാഠിന്യത്തിൽ നിന്ന് പിന്മാറാതെ എപ്പോഴും ലഹളകൂട്ടുകയം അവരുടെ

ഇടയിൽ നീ എപ്പോഴും ചെയ്തുകൊണ്ടിരുന്ന ഉപകാരങ്ങളെക്കുറിച്ചും നന്മകളെക്കുറിച്ചും അവർ വാദിക്കുകയും അവയെ ദോഷങ്ങളും ദ്രോഹങ്ങളുമായി കണക്കിടുകയും ചെയ്തു. ഇതുനിമിത്തം തൻെറ നന്മയെ അവരുടെ അസൂയയാൽ കുറ്റപ്പെടുത്തുകയും എപ്പോഴും വഞ്ചനയുള്ള സംഘങ്ങളെ വിളിച്ചുകൂട്ടുകയും വലിയ കടും കൊലയ്ക്ക് തക്കസമയം നോക്കിയിരിക്കുകയുംചെയ്തു. എന്നാൽ താനോ തൻെറ ദീർഘക്ഷമയും കൃപയും നിമിത്തം പട്ടക്കാരുടെ അസൂയയും സപ്രേന്മാരുടെ വെറുപ്പും പ്രീശേന്മാരുടെ ദ്വേഷവും ദുഷ്ടന്മാരുടെ ഉപദ്രവവും സഹിക്കുകയും സകലത്തേയും പൂർണ്ണമായി രക്ഷിപ്പാൻവേണ്ടി കുരിശിലെമരണത്തിന്ഒരുങ്ങുകയുംചെയ്തു. രക്ഷാകരമായ തൻെറകഷ്ടാനുഭവത്തിൻെറ ഓർമ്മയെ ഘോഷിപ്പാനായിട്ട് ദരിദ്രരും അരിഷ്ടരുമായ ഞങ്ങൾ തൻെറ കൃപമൂലം വന്ന് യോഗ്യമായിത്തീരുകയും തൻെറ വലിയ ഓർമ്മയെ കൊണ്ടാടുന്നതിന് ഒരുങ്ങിവരികയും ചെയ്തിരിക്കുന്നു. തൻെറ വലിയ കഷ്ടാനുഭവത്താൽ പാപത്തിൻെറ എല്ലാ നികൃഷ്ടവികാരങ്ങളിൽനിന്നും തങ്ങളുടെ ആത്മാക്കൾക്ക് സ്വാതന്ത്ര്യം നൽകുവാനും തൻെറ കൃപകളെ സ്ഥിരമായി ഏറ്റുപറയുന്നവരായിത്തീരുവാനും ദുഷിക്കുന്നവരും അന്യായക്കാരുമായി കണ്ടെത്തപ്പെടാതെ ഇരിപ്പാനായി ഞങ്ങൾക്ക് കൃപനൽകുവാനും തൻെറ വലിയ പെസഹായുടേയും ആനന്ദപൂർണ്ണമായ തൻെറ ഉയിർപ്പിൻേറയും വിശുദ്ധവും ജീവിപ്പിക്കുന്നതുമായ സംബന്ധത്തിന് വെടിപ്പോടെ

അടുത്തുവരുവാനും സന്തോഷത്തോടുംആനന്ദത്തോടുംകൂടെ നിനക്കും നിൻെറപിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾനിൻെറ മനുഷ്യസ്നേഹത്തോട് യാചിച്ച് ഈ പരിമളധൂപത്തോടുകൂടെ നിൻെറ കരുണയോട് അപേക്ഷിക്കുന്നു. ഹോശോ വബ്കൂൽസ്---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നമുക്കുവേണ്ടി സ്വയംതാഴ്ത്തിയ മശിഹാരാജാവിനെ ഇന്നേ ദിവസം നാം സ്തോത്രംചെയ്തു വന്ദിക്കണം. നമ്മെ കൊല്ലുന്ന മരണത്തെ താൻ കൊല്ലുകയും സഹദേന്മാർ കിരീടം പ്രാപിക്കുമ്പോൾ പറുദീസയിലേക്ക് നമ്മെ തിരികെ ചേർപ്പാൻ കുരിശിലെകഷ്ടതകൾ സഹിക്കുകയുംചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

പറുദീസായിലേക്ക് നമ്മെപ്രവേശിപ്പിക്കുവാൻ നമുക്കുവേണ്ടി താണിറങ്ങിയ ജയാളിയായ നമ്മുടെ രാജാവിനെ ഇന്നേ ദിവസം നാം സ്തോത്രംചെയ്തു മഹത്വപ്പെടുത്തണം. നമ്മുടെ ബഹുമതിയും തൻെറ സ്നേഹിതന്മാർക്കായി വാഗ്ദത്തം ചെയ്തിരിക്കുന്ന ജീവനും നമുക്കു തിരികെത്തരുവാനായി മത്സരികളിൽനിന്നു താൻപരിഹാസംഏറ്റു. മൊറിയോ

Today, let us praise and worship Christ our King, Who humbled Himself for our sake. He killed our killer, death and endured sufferings on the Cross in order to restore us to the Paradise, when the martyrs receive their crown. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

Today, let us praise and glorify our victorious King Who came down for our sake, in order to introduce us into Paradise. He received unsult from the insolents in order to restore our honour and the life promised to His friends. Moriyorahem--

വീണ്ടും കോലോ

സകലത്തിനും ജ്ഞാനംനൽകുന്നവൻ ഭോഷന്മാരും കഠിന തയിൽ ജീവിച്ചവരുമായവരുടെ അടുക്കൽ സ്നേഹത്തോടെ വന്നു. അവരെസമ്പരാക്കുവാൻ അവന്അവസരംനൽകാതെ വിവേകത്തിൻെറ ഭണ്ഡാരമായവനെ വിവേകശൂന്യരായി അവർ പീഡിപ്പിച്ചു. തൻെറതാഴ്മയ്ക്കുസ്തുതി. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

അടികൊള്ളുന്നവൻ സഹിക്കണമെന്നും, കഷ്ടപ്പെടുന്നവൻ പിറുപിറുക്കരുതെന്നും നമ്മെ താഴ്മപ്പെടുത്തുന്നതിനു ഉപദേശിപ്പാനും തൻെറ റൂഹായിൽ അപ്രകാരംചെയ്തു നമ്മെ പഠിപ്പിപ്പാനും തിരുമനസ്സായ രാജപുത്രൻ

മനുഷ്യത്വത്തെ പൂർണ്ണമാക്കുകയായിരുന്നു. തന്നെ അയച്ചവനു സ്തുതി.

The One Who makes all wise, in His love, came down towards the foolish peoples and dwelt (among them) for their sake. They percecuted the treasury of discernment without discernment, lest He might influence (*n'altar*) them. Glory to His humiliation. Barekmore

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

The Son of the King perfected the human nature by His own will, in order to teach us by His own example to endure the beating and to suffer without murmuring. May He encourage us to be humble. Glory to Him who sent Him.

ബോത്തേദ്ഹാശോ

ܒܥܝ ܡܪܝ ܚܫܐ ܕܣܒܪܬ ܚܠܦܝܢ

ܒܥܝ ܡܘܟܟܐ ܕܩܒܠܬ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

1 അവനെ കൊല്ലാൻ വട്ടം കൂട്ടി
രക്തത്തിന്നായ് ദാഹിക്കുന്നോർ
ലോകത്തിൻെറ തേജസ്സാകും

ജീവൻ കുരിശിൽ നിഹനിച്ചീടാൻ
കെണിവയ്ക്കുകയാ-യിരുളിൻ മക്കൾ.

2 ജ്വാലയ്ക്കെതിരെ താളടിപോലെ
ആഴിക്കെതിരെ പുഴി കണക്കെ
തൻ പാനീയ-ത്താൽ ലോകത്തിൻ
ദാഹം തീർത്തോ-നെതിരായ് ഗൂഢം
സപ്രേന്മാരോ-ആലോചിച്ചു.

3 കുറ്റമശേഷം ചെയ്യാത്തോനെ
വിസ്താരത്താൽ ശിക്ഷിച്ചീടാൻ
ആചാര്യന്മാർ വട്ടംകൂട്ടി
സൗഖ്യപ്രദനെ-ക്കുരിശിച്ചീടാൻ
തരുവായ്യൂദർ സജ്ജമതാക്കി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܳܢܽܘܟ ܠܗܽ ܒܒܶܡܳܐ ܕܕܺܝܢܳܐ
ܒܕܺܝܢܳܐ ܥܰܡܗܽܘܢ ܠܳܐ ܬܕܽܘܢܰܢ ⁜ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܠܰܝܢ ܡܳܪܳܐ ܕܪܰܚܡܶܐ
ܥܠܰܝܢ ܐܽܘܪܳܐ ܚܢܺܝܢܳܐ ܘܰܡܫܰܒܚܳܐ ܬܶܐܪܳܐ ⁜
ܘܰܠܟܽܘܢ ܐܶܬܪܰܚܰܡ ܡܳܪܝ ܟܰܢܫܳܐ ܗܳܢܳܐ ܟܽܠܶܗ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക

നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 സ്രൃഷ്ടാവിൻ കൽപ്പന ലംഘി-
ച്ചാദാം കുറ്റം ചെയ്യുകയാൽ
പകരം മാലാഖാനാഥൻ
വിധിയേൽപ്പൂ ദുഷ്ടന്മാരാൽ. ദേവാ ദയ---

2 യാതനയാൽ മഹിമാവേറും
ജേതാവേ നീ-യതിധന്യൻ
പ്രേഷക താതൻ സ്തുത്യർഹൻ
പാവനറൂഹാ സ്തോത്രാർഹൻ. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാ- ഹാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാലേലുയ്യാ

ܠܡܪܝܐ [illegible] ܠܥܠܡ ܥܠܡܝܢ ❊ ܐܡܝܢ ❊

[illegible] ❊ ܐܘܢܓܠܝܘܢ ❊

വി. മത്തായി 19. 1 - 12, വി. ലൂക്കോസ് 9. 35 - 45

യേശു ഗലീലയിൽ നിന്നു പുറപ്പെട്ട് യോർദ്ദാൻെറ മറുകരയിൽ യെഹൂദ്യദേശത്ത് എത്തി. വലിയ ജനക്കൂട്ടം അവൻെറപിന്നാലെചെന്നു. അവിടെവച്ച് അവൻ അവരുടെ രോഗികളെ സുഖപ്പെടുത്തി. യേശുവിൻെറ അടുത്ത് പരീശർചെന്ന് അവനെ പരീക്ഷിച്ചുകൊണ്ട് ഏതെങ്കിലും കാരണത്താൽ ഒരുവന് ഭാര്യയെ ഉപേക്ഷിക്കുവാൻ ന്യായമുണ്ടോ എന്നു ചോദിച്ചു. അവൻ അവരോട് ഉത്തരം പറഞ്ഞു. ആദിയിൽസ്രൃഷ്ടാവ് ആണുംപെണ്ണുമായി അവരെ സൃഷ്ടിച്ചുവെന്നും അതുകൊണ്ട് പുരുഷൻ പിതാവിനെയും മാതാവിനെയുംവിട്ട് ഭാര്യയോടു ചേർന്ന് അവർ ഇരുവരും ഒരു ശരീരിമായിത്തീരുമെന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതിനാൽ അവർരണ്ടല്ല, ഒരുശരീരമാകുന്നു. അതുകൊണ്ട് ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്. വീണ്ടും പരീശർ അവനോട്, അങ്ങിനെയെങ്കിൽ ഉപേക്ഷണപത്രം കൊടുത്ത് ഭാര്യയെ പിരിച്ചുവിടുവാൻ മോശ കൽപ്പിച്ചത് എന്തുകൊണ്ട് എന്നു ചോദിച്ചു. അവൻ അവരോടു പറഞ്ഞു. മോശ നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം ഭാര്യയെ ഉപേക്ഷിക്കുവാൻ അനുവദിച്ചു. എന്നാൽ ആദിയിൽ അങ്ങനെയായിരുന്നില്ല. ഞാനോ നിങ്ങളോടു പറയുന്നു. വ്യഭിചാരക്കുറ്റംകൊണ്ടല്ലാതെ സ്വന്തഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം ചെയ്യുന്നത് വ്യഭിചാരമാണ്. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹംചെയ്യുന്നതും വ്യഭിചാരം തന്നെ. ശിഷ്യന്മാർ അവനോട്, ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസ്ഥിതി ഇങ്ങനെയെങ്കിൽ വിവാഹം

ചെയ്യുന്നതു തന്നെ നല്ലതല്ലല്ലൊ എന്നു പറഞ്ഞു. യേശു അവരോടു പറഞ്ഞു. വരം ലഭിച്ചവനല്ലാതെ എല്ലാവരും ഇതിന് യോഗ്യരല്ല. കാരണം മാതാവിൻെറ ഉദരത്തിൽ നിന്നുതന്നെ ഷണ്ഡന്മാരായി ജനിക്കുന്നവരുണ്ട്. മനുഷ്യർ ഷണ്ഡന്മാരാക്കുന്നവരുണ്ട്. സ്വർഗ്ഗരാജ്യത്തിന്നായി ഷണ്ഡത്വം സ്വയം സ്വീകരിച്ചിരിക്കുന്നവരുമുണ്ട്. ഗ്രഹിക്കുവാൻ കഴിവുള്ളവൻഗ്രഹിക്കട്ടെ. എല്ലാവരും ദൈവത്തിൻെറ മഹിമയെപ്പറ്റി അത്ഭുതപ്പെട്ടു. യേശു ചെയ്യുന്നതിനെ പ്പറ്റിയെല്ലാം എല്ലാവരും വിസ്മയിച്ചിരിക്കുമ്പോൾ യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു. ഈ വചനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുകൊള്ളുവിൻ. മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെടുവാനിരിക്കുന്നു. ഈ വചനം അവർ ഗ്രഹിച്ചില്ല. അവർക്കു ഗ്രഹിക്കുവാൻ കഴിയാത്ത വിധം അത് നിഗൂഢമായിരുന്നു. എങ്കിലും അതിനെക്കുറിച്ച് അവനോടു ചോദിക്കുവാൻ അവർ ഭയപ്പെട്ടു.

കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܺܝܚܳܐ ܕܒܚܰܫܶܗ ܦܪܰܩܰܢ ܡܶܢ ܠܗܽܘܒܰܢ
ܩܰܒܶܠ ܬܶܫܡܶܫܬܰܢ ܘܶܐܬ݂ܪܰܚܰܡ ܥܠܰܝܢ ⁜ [3]

ܠܳܟ݂ ܡܳܪܝ ܬܶܫܒܽܘܚܬܳܐ ܘܰܠܐܰܒܽܘܟ݂ ܐܳܦ ܐ̄ܢܳܐ ⁜ ܘܰܠܪܽܘܚܳܐ ܣܽܘܓܕܳܐ ܘܫܽܘܒܚܳܐ
ܘܰܪܰܚܡܶܐ ⁜ ܘܰܥܠܰܝܢ ܚܰܛܳܝܶܐ ܪ̈ܰܚܡܶܐ ܘܚܶܢܳܢܳܐ ⁜ ܢܶܬ݂ܦܰܬܚܽܘܢ
ܬܰܪ̈ܥܶܐ ܕܨܶܗܝܽܘܢ ܕܰܠܥܶܠ ⁜ ܘܰܒܥܳܘ̈ܳܬܰܢ ܢܶܬ݂ܩܰܒܠܽܘܢ ܩܕܳܡ ܟܽܘܪܣܝܗ
ܕܡܫܺܝܚܳܐ ⁜ ܫܽܘܒܚܳܐ ܠܳܟ݂ ܡܳܪܝ ܫܽܘܒܚܳܐ ܠܳܟ݂ ܡܳܪܝ
ܫܽܘܒܚܳܐ ܠܳܟ݂ ܣܰܒܪܰܢ ܠܥܳܠܰܡ ⁜ ܒܳܪܶܟ݂ܡܳܪ ⁜

ܐܰܦܰܘ ܕܰܡܫܰܡܫܳܢܳܐ


ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ



ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܫܡܗ ܩܡܢ ܡܢ ܛܘܒܢ

ܨܠܘܬܐ ܬܫܡܫܬܐ ܘܬܫܒܘܚܬܐ * [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܒܝܢ * ܘܠܪܘܚܐ ܩܘܕܫܐ ܫܒܝܚܐ
ܘܠܪܘܚܐ ܩܕܝܫܐ * ܘܥܠܝܢ ܚܛܝܐ ܪܚܡܐ * ܢܬܦܢܐ
ܐܠܗܐ ܕܟܠ ܥܠܡܝܢ * ܘܥܠܝܢ ܚܛܝܐ ܪܚܡ
ܕܡܫܝܚܐ * ܡܪܝܐ ܪܚܡ ܥܠܝܢ ܡܪܝܐ ܚܘܣ
ܡܪܝܐ ܥܢܝܢ ܘܪܚܡ ܥܠܝܢ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ

തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.
ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - പ്രതിവാദത്താൽ യൂദന്മാർ എന്നപോലെ

1 കനി ചോദിപ്പാൻ വന്നോനാം
തോട്ടക്കാരനെ വേലക്കാർ
കോലചെയ്വാനാലോചിച്ചു.

2 മാമക വത്സല തനയൻ താൻ
നല്ല നിലത്തെ തോട്ടത്തിൽ
മുന്തിരി വന്യഫലം നൽകി.

3 നിബിയന്മാരുടെ മധുമൊഴികൾ
പാനം ചെയ്തൊരു തോട്ടമഹൊ
തൻ യജമാനനു കൈയ്പ്പേകി.

4 ആശ്വാസത്തിൻ ലക്ഷ്യത്തിൽ
ഞങ്ങളണഞ്ഞതിനാൽ നാഥാ
പാപവിമോചന മേ-കേ-ണം.

5 പാപികൾ ഗൂഢാലോചനയാൽ
ഏതും കൂസാതുടയോന്
കുരിശുമരം തയ്യാറാക്കി.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6 സപ്രേന്മാരും വൈദികരും
കാവൽക്കാരും യേശുവിനെ
ക്രൂശിക്കണമെന്നാർപ്പിട്ടു. സ്തൗമെൻകാലോസ്----

ܦܪܘܡܝܘܢ

ܪܥܝܐ ܛܒܐ ܘܐܣܝܐ ܚܟܝܡܐ ܕܡ ܡܪܝܐ ܢܒܝܐ ⁜ ܡܪܝܐ ܡܫܝܚܐ
ܕܢܚ ܠܢ ܘܟܢܫܢ ⁜ ܠܥܡܡܐ ܘܠܫܪܒܬܐ ܘܚܘܪܐ ܘܡܘܟܟܐ
ܘܡܫܝܚܐ ܡܪܝܐ ܕܠܐ ܟܠܗ ܐܡܝܢܬܐ ܠܥܠܡ ܐܡܝܢ
ܘܠܥܠܡܝܢ ܢܗܘܐ ܢܦܫ ⁜

മരണത്തിന് തന്നത്താൻ ഏൽപ്പിക്കപ്പെടുകയും ബുഭുക്ഷയുള്ള ചെന്നായ്ക്കളിൽനിന്ന് തൻെറ ആട്ടിൻക്കൂട്ടത്തെ രക്ഷിക്കുകയുംചെയ്തഉത്തമഇടയനും അശുദ്ധന്മാരിൽനിന്ന് കഷ്ടതകളെ സഹിക്കുകയും വന്ദിക്കുന്നവരെ സ്തോത്രങ്ങൾ പഠിപ്പിക്കുകയുംചെയ്ത ദയാലുവും മാനുഷികമായ ത്യാഗത്തിന് തന്നെ കീഴ്പ്പെടുത്തുകയും അധർമ്മികളിൽ നിന്ന് പരിഹാസവും മരണവും കൈക്കൊണ്ട് ലോകത്തെ രക്ഷിക്കുകയുംചെയ്ത കർത്താവിന് സ്തുതി. തനിക്ക് ആറാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

English

Glory to that Good Shepherd who gave Himself for slughter and redeemed His sheepfold from the devouring wolves, and that Compassionate One who endured form the corrupt and taught the glorifications to the worshippers, and the Free One who subdued Himself to the human privation and accepted insult and death form the wicked and saved the world. There befits Him glory and thanks giving at this time of the sixth hour and all seasons and hours, all the days of life.

ܗܳܒ݂ܘ̇ܙ

വിനീതനായപ്പോഴും തൻെറ ഉന്നതിയിൽ സ്ഥിതിചെയ്യുന്നവനും ശൂന്യമാക്കപ്പെട്ടപ്പോഴും തൻെറ പൂർണ്ണതയിൽ വസിക്കുകയും, ജഡമെടുക്കുകയും തൻെറ ആത്മീയാവസ്ഥയിൽനിന്ന് അകലാതെ ഇരിക്കുകയും, മനുഷ്യനായിത്തീരുകയും തൻെറദൈവത്വത്തെ നശിപ്പിക്കാതിരിക്കുകയും ചെയ്ത വചനമാകുന്ന ദൈവമേ, നിനക്കു സ്തുതി. പിടിക്കപ്പെടുകയും, ശണ്ഠകൂടാതെ ഇരിക്കുകയും അടികൊണ്ടിട്ട് നിലവിളിക്കാതിരിക്കുകയും ദണ്ഡിപ്പിക്കപ്പെട്ടിട്ട് ദുഃഖിക്കാതിരിക്കുകയും പരിഹസിക്കപ്പെട്ടിട്ട് പിറുപിറുക്കാതിരിക്കുകയും ചോദ്യം ചെയ്തപ്പോൾ ഉത്തരം പറയാതിരിക്കുകയും അറുപ്പിന് കുഞ്ഞാടുപോലെ കൂട്ടിക്കൊണ്ടുപോയപ്പോൾ മൗനമായിരിക്കുകയും തൻെറ വസ്ത്രങ്ങൾ

അഴിച്ചപ്പോൾ ഭ്രമിക്കാതിരിക്കുകയും കമ്മീസ്സു ധരിപ്പിക്കപ്പെട്ടപ്പോൾ വിരോധിക്കാതിരിക്കുകയും കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ കോപിക്കാതിരിക്കുകയും കഷ്ടതകൾ അനുഭവിച്ചപ്പോൾ തൻെറ യഥാർത്ഥാവസ്ഥയിൽനിന്ന് വ്യത്യാസപ്പെടാതിരിക്കുകയും മുൾക്കിരീടം ധരിപ്പിക്കപ്പെട്ടപ്പോൾ തടയാതെ ഇരിക്കുകയും കാടിവെള്ളം നീട്ടിയപ്പോൾ തർക്കിക്കാതിരിക്കുകയും ചെയ്തതിനാൽ നിനക്കു സ്തോത്രം. ഇവയെല്ലാം നിന്നോട് ചെയ്തവർക്കുവേണ്ടി നീ പ്രാർത്ഥിക്കുകയും നിൻെറ പിതാവിൻെറ അടുക്കൽ നിന്ന് മാപ്പുകൊടുപ്പിക്കുകയുംചെയ്ത നിൻെറ ദീർഘക്ഷമയ്ക്കു സ്തുതി. കിഴക്കേ ദിക്ക് നിന്നെക്കണ്ട് ദുഃഖിക്കുകയും പടിഞ്ഞാറേ ദിക്ക് നിന്നെ സൂക്ഷിച്ചുനോക്കി ഭ്രമിക്കുകയും മറ്റുഭാഗങ്ങൾ സംഭ്രമിക്കുകയുംചെയ്തു. സൂര്യൻ ഉയരത്തിൽ നിന്നെക്കണ്ടു മറഞ്ഞു കളഞ്ഞു. ചന്ദ്രൻ ആകാശത്തിൽ ഭ്രമിക്കുകയും നക്ഷത്രങ്ങൾ ആകാശവിതാനത്തിൽ നിന്നു പൊഴിഞ്ഞുവീഴുകയും മരിച്ചവരുടെ ശരീരങ്ങൾ ജീവിച്ച് എഴുന്നേൽക്കുകയും ചെയ്തു. ദേവാലയത്തിലെ തിരശ്ശീലകീറിപ്പോകുകയും പർവ്വതങ്ങളും കുന്നുകളും ദഹിച്ചുപോകുകയും അന്ധകാരം ഭൂലോകത്തിൻെറ മുഖത്തെ മൂടുകയും നട്ടുച്ച രാത്രിയായി മാറുകയുംചെയ്തു. മരണം പെട്ടെന്ന് തോൽക്കുകയും പിശാചുക്കളുടെ അധികാരം അഴിഞ്ഞുപോകുകയും പാപം മാഞ്ഞുപോകുകയും മനുഷ്യവർഗ്ഗം രക്ഷിക്കപ്പെടുകയും ചെയ്തു. നിൻെറ സ്നേഹംമൂലം രക്ഷയ്ക്കുവേണ്ടി

ഇപ്രകാരമുള്ള എല്ലാ താഴ്മകൾക്കും ഇറങ്ങി വന്നവനായ ദൈവമേ, ഈ പരിമളധൂപത്താൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ, നിൻെറ വിശുദ്ധനാമം ഞങ്ങളിൽ ഉന്നതപ്പെടുത്തണമെ. നിൻെറ കഷ്ടാനുഭവ ത്തിൻെറയും നിൻെറ രാജ്യത്തിലെ മഹത്വത്തിൻെറയും സംബന്ധികളായി ഞങ്ങളെ നീ ആക്കിത്തീർക്കണമെ. ലോകത്തിനും അതിൻെറ സകല മോഹങ്ങൾക്കും കുരിശിക്കപ്പെടുവാനായിട്ട് ഞങ്ങളെ നീ ശക്തരാക്കണമെ. നിൻെറ മഹത്വമുള്ള കുരിശിൽ പ്രശംസിപ്പാൻ നീ ഞങ്ങൾക്ക് സംഗതിയാക്കണമെ. നിത്യവും അതിനെ ധീരതയോടെ ഞങ്ങളുടെ ആത്മാക്കളിൽ വഹിപ്പാൻ ഞങ്ങളെ നീയോഗ്യരാക്കണമെ. നിന്നെആരാധിക്കുന്നവർക്ക് ഭയങ്കരഅടയാളമായി നൽകപ്പെട്ടിരിക്കുന്ന പ്രകാരം അതിൻെറ ജീവനുള്ള മുദ്രയാൽ ഞങ്ങളെ നീ പാലിച്ചു കൊള്ളണമെ. അതിൻെറ മഹിമയുള്ളവയും ദിവ്യങ്ങളുമായ കരിരുകളെ ഞങ്ങളിൽ പ്രശോഭിപ്പിക്കണമെ. നിൻെറ വിശുദ്ധ സ്നേഹമാകുന്ന വീഞ്ഞിനാൽ ഞങ്ങളെ ലഹരി പിടിപ്പിക്കണമെ. നിൻെറ ജീവകരമായ പെസഹായുടെ സംബന്ധത്തിന് ഞങ്ങളെ നീ ചേർത്തുകൊള്ളണമെ. നിൻെറ മഹത്വമുള്ള ഉയിർപ്പിനെ നിഷ്ക്കളങ്കമായി കൊണ്ടാടുന്നതിന് ഞങ്ങളെ നീ ഒരുക്കണമെ. ഞങ്ങളു ടെയും വിശ്വാസികളായ ഞങ്ങളുടെ പതേരുടെയും പാപ മോചനത്തിൽ സന്തോഷിപ്പാൻ ഞങ്ങൾക്കു സംഗതിയാക്ക ണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും

നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

എൻെറസഹോദരന്മാരേ, വരുവിൻ, രക്ഷകൻെറ കഷ്ടാനുഭവത്തിൽ നാമെല്ലാവരും കഷ്ടത ധരിക്കുകയും, നെടുവീർപ്പോടെ അട്ടഹസിച്ചു പറയുകയും ചെയ്യണം. കർത്താവേ, ഞങ്ങൾക്കു വേണ്ടിയുള്ള നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകളെ ശമിപ്പിക്കുകയും ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കുകയും ചെയ്യണമെ.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

വിശ്വസമുള്ള സഭ അട്ടഹസിച്ചു പറയുന്നതെന്തെന്നാൽ, കർത്താവേ, നിൻെറ കഷ്ടാനുഭവത്താൽ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. എൻെറ മക്കൾ നിൻെറ ശരീരത്തിൽ ഇമ്പപ്പെടുകയും തിരുരക്തത്താൽ ആനന്ദിക്കുകയും അവർക്കു വേണ്ടി കഷ്ടതകൾക്കായി താണിറങ്ങിയ നിനക്കു പുതിയ സ്തുതി കരേറ്റകയും ചെയ്യുന്നു. മൊറിയോ--

Come brothren, let us all put on passion in the passion of Him Who redeemed the creation and let us cry out towards Him with sigh, saying: 'O Lord by Your passion for our sake, heal our pains and remit our debts. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

Behold the believing Church cries out, saying" 'My Lord, I have been saved by Your passion. My children take delight in Your body and exult in Your blood and they offer up new praise to You, for You have come dome down for their sake. Moriyo--

വീണ്ടും കോലോ

ദാസനായിത്തീരുകയും ദാസന്മാരെവലിപ്പപ്പെടുത്തുന്നതിനായി താഴ്മയ്ക്കെഴുന്നെള്ളുകയും ചെയ്ത ഒരു രാജാവിനെ കണ്ടവൻ ആരുള്ളു? അവർ കർത്താവിനെ കോപിപ്പിച്ചിട്ടും താൻ കോപിച്ചില്ല. ദാസന്മാരെ ശാപത്തിൽനിന്നും കരുണയോടെ രക്ഷിപ്പാൻ ഇവയെല്ലാം സഹിച്ച നിനക്കു സ്തുതി.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

കുറ്റമില്ലാത്തവനെ അവർകുറ്റപ്പെടുത്തി. ദാനംചെയ്യുന്നവനെ അവർനിരസിച്ചു. സ്രുഷ്ടാവിനെ അവർനിന്ദിച്ചു. ദയവാനെ അവർ പരിഹസിച്ചു. ഇമ്പമുള്ളവനെ അവർ ഞെരുക്കി. പ്രകാശത്തെ അവർ ആക്ഷേപിച്ചു. എങ്കിലും അവമൂലം അവൻ പരാജിതനായില്ല. എന്തെന്നാൽ ലോകത്തെ അവൻ ജയിച്ചിരിക്കുന്നു. അക്രമികളിൽനിന്ന് ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി.

Who has seen the King who suddenly became a servant and came for humiliation by which He

exalted His servants, and endured slap on the cheek from the ungrateful? Glory be to Him, Who by His compassion, when they insulted Him, did not get angry and endured in order to redeem His servants from curse. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

They condemned the Innocent One and rejected the One who provides and dishonoured the Creator and mocked at the Compassionate One, and oppressed the King One, and insulted the Splendour. He was not defeated by them, for He has won the world. Glory to His humility for He endured the ungrateful.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܗ ܕܡܫܬܠܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നാഥാ നിന്നുടെ രൂപമതാകും
മണ്ണിൻ പൊടിയാ-യിടുമാദത്തെ

പൂർവ്വ-സ്ഥാന-ത്തേറ്റീടാനായ്
പകരം പാരം യാതനയേൽപ്പാൻ
പ്രേരിപ്പിച്ചു നിൻ കൃപ നിന്നെ.

വീണോനാമാ-ദാമിൻ രക്ഷയ്-
ക്കുയരത്തീന്നും നീ താണെത്തി
സ്നേഹം നിന്നെ പ്രേരിപ്പിച്ചു
ആദാം സ്വാതന്ത്ര്യം നേ-ടീടാൻ
മനസാക്ക്ളേശം നീ കൈക്കൊണ്ടു.

ഈ ഞങ്ങൾ തൻ രക്ഷയ്ക്കായി
വ്യഥയും കുരിശും ഭരമേറ്റേനേ
എല്ലാറ്റിന്നും നല്ലോനീശാ
സ്തോത്രം തിരുനാ-മത്തിന്നും നിൻ
പ്രേഷകതാത-ന്നും റൂഹായ്ക്കും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܐ ܕܪܳܚܶܡ ܠܗ ܒܒܰܫܡܳܐ ܕܪܳܘܚܶܐ
ܒܪܰܒܳܐ ܥܰܡܶܗ ܡܶܢܶܗ ܠܳܐ ܬܶܬܪܰܟܰܠ ⁜ ܡܶܢܝ ܐܢܶܫ ⁜

മോർ ബാലായിയുടെ ബോവൂസോ

ഞങ്ങളെ ഹാശായാൽ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

1 ഞങ്ങളെ രക്ഷിപ്പാൻ യാതനയേറ്റേനേ
യോഗ്യതയേറും നിൻ പ്രതിരൂപത്തിന്നായ്

തുപ്പലതേറ്റോനാം സർവ്വേശാ നാഥാ
വിസ്മയനീയം താൻ നിൻ വലുതാം താഴ്മ.

2 അബറാഹാം താതൻ പുഷ്ടിയെഴും ഭൂവിൽ
മുന്തിരിതൻ തോട്ടം കൃഷി ചെയ്തുണ്ടാക്കി
മുറപോലത്തോട്ടം സൽഫലമാർന്നില്ല
പകരം നാഥന്നായ് വന്യഫലം നലകി.
വിണ്ണവർ നാഥാ മൺമയരാശയുമേ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

ഏവൻഗേലിയോൻ.

ഹാ- ഹാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു
ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാലേലുയ്യാ

ܩܡܘ ܡܠܟܐ ܕܐܪܥܐ ܘܫܠܝܛܢܐ ܐܬܬܚܫܒܘ ܐܟܚܕܐ ⁜ ܗܠܠܘܝܗ ⁜

ܥܠ ܡܪܝܐ ܘܥܠ ܡܫܝܚܗ ⁜ ܫܘܒܚܐ ⁜

വി. മത്തായി 19. 1 - 12, വി. ലൂക്കോസ് 9. 35 - 45

അനന്തരം പരീശന്മാർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ യേശു അവരോട്, മശിഹായെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു, അവൻ ആരുടെപുത്രനാണ് എന്നു ചോദിച്ചു. ദാവീദിൻെറ പുത്രൻ എന്ന് അവർ പറഞ്ഞു. അവൻ അവരോട് ഇപ്രകാരം ചോദിച്ചു, ദാവീദ് ആത്മപ്രചോദിതനായി അവനെ കർത്താവെന്നു വിളിക്കുന്നതെങ്ങനെ? എന്തെന്നാൽ 'നിൻെറ ശത്രുക്കളെ എൻെറ പാദപീഠമാക്കുവോളം നീ എൻെറ വലതുഭാഗത്തിരിക്കുക

എന്ന് കർത്താവ് എൻെറ കർത്താവിനോട് പറഞ്ഞു' എന്ന് ദാവീദ് പറഞ്ഞിട്ടുണ്ടല്ലോ. ദാവീദ് അവനെ കർത്താവെന്നു വിളിക്കുന്നെങ്കിൽ അവൻ ദാവീദിൻെറ പുത്രനാകുന്ന തെങ്ങനെ? അതിന് ഉത്തരം കൊടുക്കുവാൻ ആർക്കും കഴിഞ്ഞില്ല. അന്നു മുതൽ യേശുവിനോട് എന്തെങ്കിലും ചോദിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. അനന്തരം യേശു ജനക്കൂട്ടത്തോടും തൻെറ ശിഷ്യന്മാരോടും ഇപ്രകാരം പറഞ്ഞു. വേദപണ്ഡിതരും പരീശരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതുകൊണ്ട് അനുഷ്ഠിക്ക ണമെന്ന് അവർ പറയുന്ന സകലവും അനുഷ്ഠിക്കുക. എന്നാൽ അവരുടെ പ്രവൃത്തികൾ അനുകരിക്കരുത്. അവർ പറയുന്നതേയുള്ളു. പ്രവർത്തിക്കുന്നില്ല. അവർ ഭാരമേറിയ ചുമടുകൾ മനുഷ്യരുടെചുമലുകളിൽവയ്ക്കുന്നു. തങ്ങളുടെ വിരൽകൊണ്ടുപോലും അത് താങ്ങിക്കൊടുക്കുവാൻ അവർക്കു മനസ്സില്ല. അവർ തങ്ങളുടെ നെറ്റിപ്പട്ടങ്ങൾക്ക് വീതികൂട്ടുകയും മേലങ്കികളുടെ തൊങ്ങലുകൾക്ക് നീളം കൂട്ടുകയും ചെയ്യുന്നു. അവർ വിരുന്നുശാലകളിൽ മുഖ്യസ്ഥാനവും സുനഗോഗുകളിൽ മുഖ്യാസനവും തെരുവുകളിൽ വന്ദനവും മനുഷ്യർ ഗുരു എന്നു വിളിക്കുന്നതുംആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ ഗുരുഎന്നു വിളിക്കപ്പെടരുത്. കാരണം നിങ്ങൾക്ക് ഗുരു ഒരുവനേ യുള്ളു. നിങ്ങളെല്ലാവരും സഹോദരന്മാരാണ്. ഭൂമിയിൽ നിങ്ങൾ ആരേയും പിതാവെന്ന് വിളിക്കരുത്. എന്തെന്നാൽ സ്വർഗ്ഗത്തിലുള്ള ഒരുവനേ നിങ്ങൾക്ക് പിതാവിട്ടുള്ളു.

നിങ്ങൾ നായകന്മാരെന്നും വിളിക്കപ്പെടരുത്. എന്തെന്നാൽ മശിഹാ എന്ന ഒരുവനേ നിങ്ങൾക്ക് നായകനായുള്ളു. നിങ്ങളിൽ പ്രധാനി നിങ്ങൾക്ക് ശുശ്രൂഷകനായിരിക്കണം. എന്തെന്നാൽ തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും എന്നു താൻ കൽപ്പിച്ചരുളി ചെയ്തു.

ܠܡܪܝܐ ܫܘܒܚܐ ܀ ܘܥܠܝܢ ܒܘܪܟܬܗ ܀

കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times
Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܡܫܰܒܚܳܐ ܕܰܒܚܢܳܢܶܗ ܦܰܪܩܰܢ ܡܶܢ ܛܽܘܥܝܰܝܢ
ܘܰܒܛܶܠ ܠܫܽܘܥܒܳܕܳܐ ܕܒܥܶܠܕܒܳܒܰܢ ❋ [3]

ܠܶܗ ܡܳܪܝ ܠܬܶܫܒܽܘܚܬܳܐ ܘܰܠܐܒܽܘܗܝ ܐܰܡܺܝܢ ❋ ܘܰܠܪܽܘܚܳܐ ܩܰܕܝܫܳܐ ܣܽܘܓܕܬܳܐ
ܘܬܰܘܕܺܝܬܳܐ ❋ ܘܰܟܠܗܽܘܢ ܫܡܰܝܳܢܶܐ ܘܰܐܪܥܳܢܶܐ ❋ ܢܶܬܩܰܠܣܽܘܢ
ܠܰܒܪܳܐ ܕܰܐܬܓܠܺܝ ܘܰܦܪܰܩ ❋ ܘܰܠܟܽܠ ܕܰܟܬܺܝܒܺܝܢ ܚܰܝܶܐ ܝܰܗܒ
ܘܰܡܫܰܒܚܳܐ ❋ ܫܽܘܒܚܳܐ ܠܳܟ ܡܳܪܝ ܫܽܘܒܚܳܐ ܠܳܟ ܡܳܪܝ
ܫܽܘܒܚܳܐ ܠܳܟ ܣܰܒܪܰܢ ܠܥܳܠܰܡ ❋ ܒܳܪܶܟܡܳܪܝ ❋


ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ : ܢܶܬܩܰܕܰܫ ܫܡܳܟ . ܬܺܐܬܶܐ ܡܰܠܟܽܘܬܳܟ . ܢܶܗܘܶܐ
ܨܶܒܝܳܢܳܟ : ܐܰܝܟܰܢܳܐ ܕܒܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ . ܗܰܒ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒܽܘܩ ܠܰܢ ܚܰܘܒܰܝܢ ܘܰܚܛܳܗܰܝܢ : ܐܰܝܟܰܢܳܐ
ܕܳܐܦ ܚܢܰܢ ܫܒܰܩܢ ܠܚܰܝܳܒܰܝܢ . ܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ
ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ ܡܶܛܽܠ ܕܕܺܝܠܳܟ ܗ݈ܝ ܡܰܠܟܽܘܬܳܐ ܚܰܝܠܳܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ

ܒܚܫܐ ܕܦܪܩܢ ܡܫܝܚܐ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܡܫܢܐ ܕܒܫܡܗ ܦܬܚ ܡܢ ܬܘܒܢܢ
ܫܘܒܚܐ ܠܐܠܗܐ ܒܡܪܘܡܐ ܘܥܠ ܐܪܥܐ * [3]

ܠܟ ܡܪܝ ܠܫܡܟ ܩܕܝܫܐ ܘܠܐܒܘܟ ܒܪܝܟ * ܘܠܪܘܚܐ ܩܕܝܫܐ ܫܘܒܚܐ
ܘܬܘܕܝܬܐ * ܘܥܠܡܐ ܫܠܡܐ ܘܣܒܪܐ ܛܒܐ * ܠܒܢܝ ܐܢܫܐ
ܠܐܠܗܐ ܒܡܪܘܡܐ ܘܒܟܠܗ * ܘܥܠ ܐܪܥܐ ܫܠܡܐ ܘܣܒܪܐ
ܘܩܕܝܫܐ * ܩܕܝܫܐ ܐܢܬ ܡܪܝ ܩܕܝܫܐ ܐܢܬ ܡܪܝ
ܩܕܝܫܐ ܐܢܬ ܡܪܢ ܠܥܠܡܝܢ * ܐܡܝܢ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ

തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു. നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ഹൗ ദഹവൊ ബുഖറൊ എന്നപോലെ

1 പാതകിപോൽ ഞങ്ങടെ രക്ഷയ്ക്കായ്
ന്യായ-സ്ഥാനം പ്രാപിതനേ, ദേവാ ദയചെയ്തീടണമെ.

2 ഹാശായിൽ ക്ളേശിച്ചോർ ഞങ്ങൾ
ഉത്ഥാനേ മോദിക്കട്ടെ, ദേവാ ദയചെയ്തീടണമെ.

3 നിൻ വ്യഥയിൽ വ്യഥയേൽക്കും ഞങ്ങൾ
നിൻ രാജ്യം നേടീടണമെ, ദേവാ ദയചെയ്തീടണമെ.

4 നിൻ ഹാശാ വഞ്ചകനെ വീഴ്ത്തി
ആട്ടിൻകൂട്ടം രക്ഷിതമായ്, ദേവാ ദയചെയ്തീടണമെ.

5 നാഥാ നിൻ കൃപയാൽ ഞങ്ങളുടെ
കടപാ-പങ്ങളെ നീക്കണമെ, ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെനീഓലാം വാദാമോ----

6 നിൻ പേർക്കും താതാത്മാവിന്നും
സ്തുതിയാടുകളർപ്പിക്കുന്നു
ദേവാ ദയചെയ്തീടണമെ. സ്തൗമെൻകാലോസ്----

പ്രഘോ:ഷ

ܢܶܠܐ ܒܟܡ ܘܦܫܩܐ ܘܚܢܢܐ ܩܡ ܩܕܝܫܐ ܢܒܚܐ ⁜ ܩܕܝܫܐ ܡܕܝܫܩܢܐ
ܦܫܡ ܒܟܠܡ ܘܟܒܦܡ ⁜ ܠܡܫܚܬܐ ܘܠܘܒܠܬܐ ܘܦܘܒܐ ܘܡܩܘܟܫܐ
ܘܦܘܡܕܩܐ ܡܩܐ ܘܠܐ ܟܡܠܠ ܐܡܫܢܠܬܐ ܒܒܠܠ ܪܟܡ
ܘܒܒܠܟܝ ܢܫܠܘܐ ܢܩܡ ⁜

മരണത്തിനായി സ്വയംനൽകുകയും ബുഭുക്ഷയുള്ള ചെന്നായ്ക്കളിൽനിന്ന് തൻെറ ആട്ടിൻക്കൂട്ടത്തെ രക്ഷിക്കുകയും ചെയ്തനല്ലഇടയനും സകലകഷ്ടതകളിൽനിന്നും അകന്നിരിക്കുന്നവനും, ജീവിപ്പിക്കുന്ന തൻെറ കഷ്ടാനുഭവങ്ങളാൽ പാപവികാരങ്ങളെ പീഡിപ്പിച്ച് നശിപ്പിക്കുവാനായിട്ട് ഞങ്ങൾക്കുവേണ്ടി ജഡപ്രകാരം കഷ്ടതകൾക്ക് വശംവദനായിത്തീർന്ന കർത്താവിന് സ്തുതി. തനിക്ക് ഒമ്പതാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

English

Praise to that Good Shepherd who gave Himself to slughter and save His sheepfold from the devouring wolves, Who is exalted from all sufferings, and for our sake subjected Himself to suffering in the flesh and by His life-giving sufferings subdued and removed the sinful

passions, to Him befits glory and praise and to His Father and His Holy Spirit at this time of the nineth hour and all festivals, seasons and hours, and all the days of life.

ܩܘܠܐ

പാപത്തിൻെറ ദാസന്മാരെ സ്വതന്ത്രരാക്കുവാൻ പാപികളുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ട കർത്താവും, അന്ധകാരമയമായ ആത്മാക്കളെ പ്രകാശിപ്പിക്കുവാനായിട്ട് നിഴലുകൾ തന്നെകണ്ടുപിടിച്ച നീതിയുടെ സൂര്യനും, ന്യായവിധികളുടെ അതിവേദനകളിൽനിന്നും ഞങ്ങളെ രക്ഷിപ്പാൻ ശിക്ഷാവിധിയേറ്റ ന്യായാധിപന്മാരുടെ ന്യായാധിപതിയും, ബലവാൻെറ ബന്ധനങ്ങളിൽനിന്നു ഞങ്ങളെ മോചിപ്പിക്കുവാൻ ബന്ധിക്കപ്പെട്ട ലോകൈക യോദ്ധാവും, ലജ്ജയിൽനിന്നും നാണത്തിൽനിന്നും ഞങ്ങളെ വേർപെടുത്തുവാനായിട്ട് പരിഹാസമേറ്റ വിശുദ്ധനും, ശുദ്ധീകരിക്കുന്നവനും നീ ആകുന്നു. മനുഷ്യർക്ക് സന്തോഷം നൽകുവാൻ ദണ്ഡനം ഏറ്റ രാജാധിരാജാവും മലിനതകളിൽനിന്നും വ്രണങ്ങളിൽനിന്നും ഞങ്ങളെഉരിഞ്ഞ്കളവാനായിട്ട് തൻെറവസ്ത്രങ്ങളെ ഉരിഞ്ഞുകളഞ്ഞ മഹത്വമുള്ളവനും നീയാകുന്നുവല്ലൊ. ഞങ്ങൾക്കു ധൈര്യം നൽകുവാൻ ഭയപ്പെട്ട ശക്തിമാനും, ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊള്ളപ്പെടുവാൻ പ്രാർത്ഥിച്ച ദൈവവും നീയാകുന്നു. ഞങ്ങൾക്കു മധുരം നൽകുവാൻ കാടിവെള്ളവും കയ്പ്പും കുടിച്ച ദയാലുവും

പാപത്തെ കുരിശിൽ തറപ്പാനായി കുരിശിക്കപ്പെട്ട അത്യുന്നതനനും, വിശുദ്ധന്മാരോടുകൂടെ ഞങ്ങളെ ക്രമീകരിപ്പാൻ അന്യായക്കാരോടുകൂടെ എണ്ണപ്പെട്ട നീതിമാനും നീയാകുന്നു. കഷ്ടതകളെ മായിച്ചുകളയുവാനായിട്ട് ജഡപ്രകാരം കഷ്ടതയനുഭവിച്ച കഷ്ടതയില്ലാത്തവനും മരണത്തെ കൊല്ലുവാൻ ജഡപ്രകാരം മരിച്ച മരണമില്ലാത്തവനും മരിച്ചവരെഉയിർപ്പിപ്പാൻ കബറക്കപ്പെട്ട പുനരുത്ഥാനവുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇവയെല്ലാം അനുഭവിക്കുകയും സഹിക്കുകയും ചെയ്ത നിന്നോടു ഈ പരിശുദ്ധധൂപംമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. നിന്നോടുകൂടെ കുരിശിക്കപ്പെടുവാൻവേണ്ടി സകല ലൗകിക ഭാരങ്ങളെയും മോഹങ്ങളെയും ഞങ്ങളിൽനിന്നു നീക്കിക്കളെയുവാനായിട്ട് ഞങ്ങളെ നീ ശക്തരാക്കണമെ. നിന്നോടുകൂടി മരിപ്പാൻവേണ്ടി സകല വികാരങ്ങളെയും മോഹങ്ങളെയും നീ മുഖാന്തരം മരിപ്പിക്കുന്നതിന് ഞങ്ങളെ സഹായിക്കണമെ. നിന്നോടുകൂടെ സംസ്ക്കരിക്കപ്പെടുവാനായിട്ടു നിൻെറസ്നേഹത്തിൽനിന്നു ഞങ്ങളെവേർപെടുത്തുന്ന സകലത്തെയും സംസ്ക്കരിക്കുന്നതിനും മായിച്ചുകളയുന്നതിനും ഞങ്ങളെ നീ പ്രേരിപ്പിക്കണമെ. നിന്നിൽനിന്നുള്ള ശക്തിയാൽ ഇവയെ ഞങ്ങൾ പ്രവർത്തിച്ചു നിൻെറ സഹായങ്ങളാൽ പൂർത്തീകരിച്ച് നിന്നോടുകൂടെ ജീവിച്ച് എഴുന്നേറ്റ് നിൽപ്പാനും മഹത്വപ്പെടുവാനും നിന്നിൽനിന്നു സന്തോഷവുംആനന്ദവുംകൈക്കൊള്ളുവാനും, ഇവിടെയുള്ള

അപമാനത്തിനും പീഡകൾക്കും പ്രയാസങ്ങൾക്കും പകരം നീ മുഖാന്തരം സ്വർഗ്ഗരാജ്യത്തിൽ വാഴ്ത്തപ്പെട്ട നിൻെറ പിതാവിനോടുകൂടെ സന്തോഷിച്ചു പ്രബലപ്പെടുവാനും നിൻെറ വിശുദ്ധറൂഹാമൂലം പ്രകാശങ്ങളുടെ കൂടാരങ്ങളിൽ നിൻെറ തെരഞ്ഞെടുക്കപ്പെട്ടവരോടുകൂടി ആനന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. അനശ്വരമായ സന്തോഷത്തിൽ ലയിപ്പാനും അവിടെ അംഗീകരിക്കപ്പെട്ട ബലികൾ നിനക്കു സമർപ്പിപ്പാനും നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

കർത്താവേ, ഞങ്ങളുടെ വർഗ്ഗത്തോടു നീ പ്രവർത്തിച്ചിട്ടുള്ള നിൻെറ കൃപയെ സ്തോത്രം ചെയ്യുവാൻ കഴിവുള്ളവൻ ആരുള്ളൂ. നിൻെറ ശ്രേഷ്ഠതയുടെ ഔന്നത്യത്തെ നീ താഴ്ത്തി മൺമയരോടൊന്നിച്ചു നിൻെറ ശ്രേഷ്ഠതയെ നീ കലർത്തി, മൺമയനായ ആദാമിനുവേണ്ടി നീ താഴ്ത്തപ്പെടുകയും നിന്നെ അടിച്ച പരിഹാസക്കോലാൽ അവൻെറ രോഗങ്ങളെ വഹിക്കുകയും ചെയ്തതുകൊണ്ട് അവനു ഭാഗ്യം. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എൻെറ സഹോദരന്മാരേ, നമുക്കുവേണ്ടി പീഡയനുഭവിച്ച പുത്രൻെറ പീഡയാൽ രക്ഷിക്കപ്പെട്ടവരായ നാമെല്ലാവരും അവൻെറ പീഡാദിവസങ്ങളിൽ അവനോടൊന്നിച്ച് പീഡയേൽക്കണം. തൻെറ രാജ്യത്തിൽ തന്നോടൊന്നിച്ച് നാംസന്തോഷിക്കുകയും തൻെറആർദ്രതയ്ക്ക് സ്തുതിയും സ്തോത്രവും പാടുകയും ചെയ്യണം. എന്തെന്നാൽ നമുക്കു വേണ്ടി മരണം ആസ്വദിപ്പാനായി താൻ എത്രയും താഴ്ത്തപ്പെട്ടു. മൊറിയോ--

Who is able to give thanks for the grace that You have towards our race. You had lowered the height of Your magnificence and Your greatness mingled with the earthly one. Blessed is Adam the earthly one, for, for his sake, You lowered Yourself and bore his pains by the 'reed of insult' that had beaten You. **Barekmore. Glory be--- Unto the ages-**

Brethren, let us all, redeemed by the passion of the Son Who suffered for our sake, suffer with Him on the day of His passion that we might rejoice with Him in His kingdom. Let us sing glory and praise to His graciousness, for He had so much humbled that He tasted death for our sake. **Moriyorahem--**

എത്രൊ

ദൈവമായ കർത്താവേ, നിൻെറ സ്നേഹം ധരിച്ചും, നിൻെറ സത്യം അണിഞ്ഞും നിൻെറ ഭ്ക്തികൊണ്ട് കിരീടം ധരിച്ചും നിർമ്മലമായ ആത്മാവോടും സദാചാരമാകുന്ന ധൂപത്തോടുംകൂടി നിൻെറ സന്നിധിയിൽ പ്രാർത്ഥനകളും അപേക്ഷകളും സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഇപ്പോൾ നിൻെറ സഭ കഷ്ടാനുഭവത്താൽ ശ്രേഷ്ഠതപ്പെട്ട് നിൻെറ കുരിശാരോഹണത്തിൽ പുകഴ്ച നേടുന്നു. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, അവൾ സൽപ്രവൃത്തികളിൽ അനുഗ്രഹിക്കപ്പെട്ടു. നിൻെറ മണവറയിലേക്ക് പ്രവേശിക്കുകയും നിൻെറ തിരുമേനി ഏകയോജിപ്പാൽ വന്ദിക്കപ്പെടുകയും ചെയ്യുമാറാകണമെ.

English

Hold us worthy, O Lord God, with pure soul and the incense of the pure manners of life to offer before You prayers and supplications, having put on Your love and wearing Your truth, and crowned with Your friendship. Now Your Church is glorified in Your passion and takes pride in Your crucifixion Having been adorned with good works, may she entered Your bridal chamber and with one consent may she worship Your Lordship, our Lord and God, forever.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

പങ്കപ്പാടാകും വീഞ്ഞേകി
പാനം ചെയ്തി-ട്ടുയിരേകാനും
ആദാം ജീവി-ച്ചേദൻ നേടാൻ
മനസാ പാടേ-ൽപ്പാനും നാഥൻ
അജവൃന്ദത്തെ-ത്തേടാനെത്തി.

ബിംബങ്ങൾക്കായ് ബലിയർപ്പിക്കെ
വാനിൽ ധൂപം ദിശകളിലെങ്ങും
ഭീമാകാരം മേന്മേൽ പൊങ്ങി
ബലവാനപ്പോൾ വിട്ടൊരു സൂനു
കൂട്ടിച്ചേർത്താ-നജവൃന്ദത്തെ.

തൻ പേർക്കായ് വൻ പാടേറ്റോനേ
സഭ സാഷ്ടാംഗം പ്രണമിക്കട്ടെ
സന്താനങ്ങൾ പാടീടട്ടെ
പാടേറ്റേനേ നീ വന്ദ്യൻ താൻ
എന്നേവം സ്തോ-ത്രാരാവത്താൽ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܩܳܠ ܕܕܢܚܳܐ ܠܶܗ ܒܒܳܥܽܘܬܳܐ ܕܕܢܚܳܐ
ܒܪܺܝܫ ܚܰܕ ܒܫܰܒܳܐ ܠܳܐ ܡܶܬܬܰܠܰܠ ⁜ ܡܶܢ ܕܒܚܰܡܫܳܐ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܥܠܰܝܢ ܐܶܬܪܰܚܰܡ ܒܚܰܫܳܐ ܪܰܒܳܐ ܕܚܰܫܶܬ
ܒܚܰܫܳܐ ܗܳܘ ܢܶܣܒܳܐ ܒܡܰܠܟܽܘܬܳܟ ܝܽܘܪܬܳܢܳܐ ⁜
ܐܰܠܳܗܳܐ ܐܶܬܪܰܚܰܡ ܥܠܰܝܢ ܡܳܪܝܳܐ ܚܽܘܣ ܥܠܰܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. ബലവാനാം നീ നിന്ദിതനായ്
ക്രൂശിൽ പീഡകളേറ്റെങ്കിൽ
മൺമയനേൽക്കും യാതനയിൽ
ഖേദിപ്പാൻ പഴുതല്ലേതും. ദേവാ ദയ---

2. ഉരിയാടാതുടയോൻ നിന്നു
കൊലചെയ്വാൻ ജനമാർപ്പിട്ടു
ദുഷ്ടപ്രീശേ സപ്രേന്മാർ
കൊലചെയ്വാനാലോചിച്ചു. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക

നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാലേ- ഹാലേലുയ്യാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാലേലുയ്യാ

ܠܡܪܝܐ ܡܫܝܚܐ ܘܠܥܠܡ ܘܠܥܠܡܝܢ ܫܘܒܚܐ ܠܟܠܟܘܢ ⁜ܫܠܡܐ⁜

ܐܘܢܓܠܝܘܢ ܡܢ ܡܬܝ ܫܠܝܚܐ ⁜ ܟܪܘܙܘܬܐ ⁜

വി. മത്തായി 23. 13 - 39

യേശു അരുൾച്ചെയ്തു. കപടഭക്തരായ വേദപണ്ഡിതരേ, പരീശരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല. പ്രവേശിക്കുവാൻ പോകുന്നവരെ അനുവദിക്കുന്നുമില്ല. കപടഭക്തരായ വേദപണ്ഡിതരേ, പരീശരെ നിങ്ങൾക്ക് ഹാ കഷ്ടം. എന്തെന്നാൽ നിങ്ങൾ ഒരാളെ മതത്തിൽ ചേർക്കുവാൻ കരയും കടലും ചുറ്റിസഞ്ചരിക്കുന്നു. ചേർത്തുകഴിയുമ്പോൾ അവനെ നിങ്ങളേക്കാൾ ഇരട്ടി നരകയോഗ്യരാക്കി തീർക്കുന്നു. കുരുടരായ വഴികാട്ടികളേ നിങ്ങൾക്ക് ഹാ കഷ്ടം. ആരെങ്കിലും ദേവാലയത്തെകൊണ്ട് ആണയിട്ടാൽ ഒന്നുമില്ലെന്നും ദേവാലയത്തിലുള്ള സ്വർണ്ണത്തെക്കൊണ്ട് ആണയിട്ടാൽ അവൻ കടപ്പെട്ടവനാണെന്നും നിങ്ങൾ പറയുന്നു. മൂഢരും കുരുടരുമേ, ഏതാണ് വലുത്?

സ്വർണ്ണമോ, സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന ദേവാലയമോ? ആരെങ്കിലും ബലിപീഠത്തെക്കൊണ്ട് ആണയിട്ടാൽ ഒന്നുമില്ലെന്നും അതിന്മേലുള്ള വഴിപാടുവസ്തുവെക്കൊണ്ട് ആണയിട്ടാൽ അവൻ കടപ്പെട്ടവനാണെന്നും നിങ്ങൾ പറയുന്നു. മൂഢരും കുരടരുമേ, ഏതാണ് വലുത്? വഴിപാടുവസ്തുവോ, വഴിപാടുവസ്തുവെ ശുദ്ധീകരിക്കുന്ന ബലിപീഠമോ? ബലിപീഠത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെയും അതിലുള്ള സകലത്തെയും കൊണ്ടാണ് ആണയിടുന്നത്. ദേവാലയത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെയും അതിൽ വസിക്കുന്നവനെയും കൊണ്ടാണ് ആണയിടുന്നത്. സ്വർഗ്ഗത്തെക്കൊണ്ട് ആണയിടുന്നവൻ ദൈവത്തിൻെറ സിംഹാസനത്തെയും അതിൽ ഇരിക്കുന്ന വനെയും കൊണ്ടാണ് ആണയിടുന്നത്. കപട ഭക്തരായ വേദപണ്ഡിതരേ, പരീശരേ നിങ്ങൾക്കു ഹാ കഷ്ടം. നിങ്ങൾ ചീരയിലും,ചതകുപ്പയിലും ദശാംശം കൊടുക്കുന്നു. ന്യായപ്രമാണത്തിലുള്ള നീതി, കരുണ, വിശ്വാസം എന്നീ ഗൗരമേറിയ കാര്യങ്ങൾ നിങ്ങൾ വിട്ടുകളയുന്നു. മറ്റുള്ളവ വിട്ടുകളയാതെ ഇവയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. നിങ്ങൾ കൊതുകിനെ അരിച്ചുനീക്കി, ഒട്ടകങ്ങളെ വിഴുങ്ങുന്ന കരുടരായവഴികാട്ടികളാകുന്നു. കപടഭക്തരായ വേദപണ്ഡിതരേ, പരീശരേ നിങ്ങൾക്ക് ഹാ കഷ്ടം. എന്തെന്നാൽ നിങ്ങൾ പാനപാത്രത്തിൻേറയും ഭക്ഷണപാത്രത്തിൻേറയും പുറം ശുദ്ധമാക്കുന്നു. അകമോ, കവർച്ചയും ദുഷ്ടതയുംകൊണ്ട് നിറഞ്ഞിരിക്കുന്നു.

കുരുടരായ വേദപണ്ഡിതരേ, പരീശരേ പാനപാത്രത്തിൻേറയും ഭക്ഷണപാത്രത്തിൻേറയും പുറംകൂടി ശുദ്ധമാകുവാൻ ആദ്യംഅകംശുദ്ധമാക്കുക. കപടഭക്തരായ വേദപണ്ഡിതരേ, പരീശരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ വെള്ളപൂശിയ കബറുകൾക്ക് തുല്യരാകുന്നു. അവ പുറമേ ഭംഗിയുള്ളതായി കാണപ്പെടുന്നു. അകമേ മരിച്ചവരുടെഅസ്ഥികളും സകല മാലിന്യങ്ങളും നിറഞ്ഞിരി ക്കുന്നു. അങ്ങനെതന്നെ നിങ്ങളും പുറമേനീതിമാന്മാരായി മനുഷ്യർക്കു കാണപ്പെടുന്നു. അകം ദുഷ്ടതയും കാപട്യവുംകൊണ്ട് നിറഞ്ഞിരിക്കുന്നു. കപടഭക്തരായ വേദപണ്ഡിതരേ, പരീശരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ പ്രവാചകന്മാരുടെ ശവകുടീരങ്ങൾ പണിയുകയും നീതിമാന്മാരുടെ ശവകുടീരങ്ങൾഅലങ്കരിക്കുകയും ഞങ്ങൾ പിതാക്കന്മാരുടെ കാലത്ത് ജീവിച്ചിരുന്നെങ്കിൽ അവരോടു കൂടെ രക്തത്തിൽ പങ്കാളികളാകുമായിരുന്നില്ല എന്ന് പറയുകയും ചെയ്യുന്നു. അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ സന്തതികളെന്ന് സ്വയം സാക്ഷ്യം വഹിക്കുന്നു. നിങ്ങളുടെ പിതാക്കന്മാർ തുടങ്ങിവെച്ചത് നിങ്ങൾ പൂർത്തിയാക്കുവിൻ. സർപ്പങ്ങളേ, അണലിസന്തതി കളേ നരകവിധിയിൽ നിന്ന് നിങ്ങൾ എങ്ങനെ ഒഴിഞ്ഞുമാറും? അതുകൊണ്ട് ഇതാ, പ്രവാചകരേയും ജ്ഞാനികളേയും വേദപണ്ഡിതരേയും ഞാൻ നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നു. അവരിൽ ചിലരെ നിങ്ങൾ കൊല്ലുകയും ചിലരെ കുരിശിൽ തറയ്ക്കുകയും ചിലരെ

സുനഗോഗുകളിൽവച്ച് ചമ്മട്ടികൊണ്ട് അടിക്കുകയും ഒരു പട്ടണത്തിൽനിന്ന് മറ്റൊന്നിലേക്ക് പിന്തുടർന്ന് ദ്രോഹിക്കുകയും ചെയ്യും. ഇത്, നീതിമാനായ ഹാബേലിൻെറ രക്തം മുതൽ ദേവാലത്തിനും ബലിപീഠത്തിനും മദ്ധ്യേവച്ച് നിങ്ങൾ കൊന്ന ബ്രഖ്യായുടെ പുത്രനായ സഖറിയാവിൻെറ രക്തം വരെ ഭൂമിയിൽ ചൊരിഞ്ഞ പുണ്യവാന്മാരുടെ രക്തത്തിൻെറ മുഴുവൻ ശിക്ഷയും നിങ്ങളിൽ പതിക്കുവാനാണ്. ഇവയെല്ലാം ഈ തലമുറയിന്മേൽ വരുമെന്ന് സത്യമായും നിങ്ങളോടു പറയുന്നു. യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും, നിൻെറയടുക്കലേക്ക് അയയ്ക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുന്നതു പോലെ നിൻെറ മക്കളെ ചേർക്കുവാൻ എത്രവട്ടം ഞാൻ ആഗ്രഹിച്ചു. നിങ്ങളോ സമ്മതിച്ചില്ല. ഇതാ നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും. എന്തെന്നാൽ ഇപ്പോൾമുതൽ കർത്താവിൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് നിങ്ങൾ പറയുന്നതുവരെ നിന്നെ എന്നെ കാണുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു.

ܠܡܳܪܝ ܡܫܝܚܐ ⁜ ܩܘܼܪܝܠܝܣܘܢ ⁜

കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യംചെയ്ക. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah, who saved us by Thy passion
Recei-ve, this our office a-nd have mercy. **3 Times**


Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܚܫܗ ܦܪܩܢ ܡܢ ܛܘܒܢ
ܩܒܠ ܬܫܡܫܬܢ ܘܐܬܪܚܡ ܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܪܘܡܪܡܐ ⁜ ܘܥܠܝܢ ܚܛܝܐ ܕܒܥܘ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܬܥܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܗ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം.



ചൊവ്വാഴ്ച സന്ധ്യ

കൗമാ

ܒܬܪ ܩܘܠܐ ܕܚܫܐ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܫܲܝܢܵܐ ܘܲܒ݂ܣܝܡܘܼܬ݂ܵܐ ܐܲܡܝܼܢܵܐ ܒܥܘܼܡܪܵܢ

ܘܲܫܠܵܡܵܐ ܛܵܒ݂ܵܐ ܦܘܼܪܥܵܢ ܠܲܒ݂ܢܲܝ̈ ܐ݇ܢܵܫܵܐ * [3]

ܠܵܟ݂ ܡܵܪܝ ܬܸܫܒ݁ܘܿܚܬܵܐ ܘܐܝܩܵܪܵܐ ܘܲܩܘܼܕܵܫܵܐ * ܐܲܡܝܼܢܵܐ
ܘܬܵܘܕܝܼܬܵܐ * ܘܒ݂ܟ݂ܠ ܙܲܒ݂ܢܝܼܢ ܘܲܥܕܵܢܝܼܢ * ܢܲܩܲܕܫܘܼܢ
ܠܐܵܒ݂ܵܐ ܘܲܠܒ݂ܪܵܐ ܘܲܠܪܘܼܚܵܐ ܕܩܘܼܕܫܵܐ * ܡܶܢ ܥܵܠܲܡ ܘܲܥܕܲܡܵܐ ܠܥܵܠܲܡ
ܘܡܫܲܒ݁ܚܵܐ * ܫܘܼܒ݂ܚܵܐ ܠܵܟ݂ ܡܵܪܝ ܫܘܼܒ݂ܚܵܐ ܠܵܟ݂ ܡܵܪܝ
ܫܘܼܒ݂ܚܵܐ ܠܵܟ݂ ܡܵܪܲܢ ܠܥܵܠܲܡ * ܒܲܪܟ݂ܡܵܪܝ *

ܐܲܒ݂ܘܼܢ ܕܒܲܫܡܲܝܵܐ

ܐܲܒ݂ܘܼܢ ܕܒܲܫܡܲܝܵܐ : ܢܸܬ݂ܩܲܕܲܫ ܫܡܵܟ݂ . ܬܹܐܬܹܐ ܡܲܠܟ݂ܘܼܬ݂ܵܟ݂ . ܢܸܗܘܹܐ
ܨܸܒ݂ܝܵܢܵܟ݂ : ܐܲܝܟܲܢܵܐ ܕܒܲܫܡܲܝܵܐ ܐܵܦ݂ ܒܲܐܪܥܵܐ . ܗܲܒ݂ܠܲܢ ܠܲܚܡܵܐ
ܕܣܘܼܢܩܵܢܲܢ ܝܵܘܡܵܢܵܐ . ܘܲܫܒ݂ܘܿܩ ܠܲܢ ܚܵܘܒܲܝ̈ܢ ܘܚܵܛܵܗܲܝ̈ܢ : ܐܲܝܟܲܢܵܐ
ܕܐܵܦ݂ ܚܢܲܢ ܫܒ݂ܲܩܢ ܠܚܲܝܵܒ݂ܲܝ̈ܢ . ܘܠܵܐ ܬܲܥܠܲܢ ܠܢܸܣܝܘܿܢܵܐ . ܐܸܠܵܐ
ܦܲܨܵܢ ܡܢ ܒܝܼܫܵܐ ܡܛܠ ܕܕܝܼܠܵܟ݂ ܗ̄ܝ ܡܲܠܟ݂ܘܼܬ݂ܵܐ ܘܚܲܝܠܵܐ
ܘܬܸܫܒ݁ܘܿܚܬܵܐ ܠܥܵܠܲܡ ܥܵܠܡܝܼܢ * ܐܵܡܹܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

† ܫܽܘܒܚܳܐ ܠܰܐܒܳܐ ܘܰܠܒܪܳܐ ܘܰܠܪܽܘܚܳܐ ܩܰܕܺܝܫܳܐ ⁜ ܘܥܰܠܰܝܢ ܚܰܛܳܝ̈ܶܐ
ܘܚܰܝܳܒ̈ܶܐ ܪ̈ܰܚܡܶܐ ܘܚܢܳܢܶܐ ܢܶܫܬܰܦܥܽܘܢ ܒܥܳܠܡܶܐ ܬܪ̈ܰܝܢ
ܒܥܳܠܡܺܝܢ ⁜ ܐܳܡܺܝܢ ⁜

ܬܘܒ ܕܗܘܦܟܐ

ദുഷ്ടന്മാർ കൊല്ലുവാനായിട്ട് തന്നെ കൊണ്ടുപോകുകയും തൻെറ താഴ്മയാൽ മൗനംപൂണ്ടും തൻെറ ബലിയാൽ ലോകത്തിൻെറപാപത്തെവഹിക്കുകയുംചെയ്ത കുറ്റമില്ലാത്ത വെടിപ്പുള്ള കുഞ്ഞാടായുള്ളോവേ, നിൻെറ ജീവനുണ്ടാക്കുന്ന കഷ്ടാനുഭവത്തിൻേറയും മരണത്തെ ജീവിപ്പിക്കുന്നതായ നിൻെറ മരണത്തിൻേറയും സാദൃശ്യം ധരിപ്പാനും ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ നിൻെറ പുനരുത്ഥാനദിവസത്തിൽ സ്തോത്ര ശബ്ദങ്ങളാൽ നിനക്ക് ബലികഴിച്ച് സന്തോഷിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.. ഹോശോ

English

Hold us worthy, O Lord God, to suffer in Your Passion afor us and to imitate Your Humility for us and to be proud of Your crucifixion for our sake, and to be heald by Your wounds for salvation, and to live by Your death which gives life to our

mortality, so that we rejoice with You and exult in Your resurrection which gladdens our sorrow our Lord and our God forever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 യാതനയാൽ പാപവികാരത്തെ
സർവ്വംമായിച്ചൊഴിവാക്കിയ ദേവാ ദയചെയ്തീടണമെ.

2 ഞങ്ങൾ തൻ രക്ഷയ്ക്കായ് വന്ന്
തെറ്റിൽനിന്നും രക്ഷിച്ചൊരു ദേവാ ദയചെയ്തീടണമെ.

3 വഞ്ചകനാം ദുഷ്ടനെ വീഴ്ത്തിയഹോ
ഞങ്ങൾക്കുന്നതിതന്നോനെ ദേവാ ദയചെയ്തീടണമെ.

4 ഉണർവൊടു പ്രാ-ർത്ഥിക്കുവിനെന്നേവം
തൻശി-ഷ്യന്മാരോടരുളിയ ദേവാദയചെയ്തീടണമെ

5 യാതനയാൽ സഭയെ രക്ഷിച്ച
മശിഹാനാഥാസ്തോത്രംതേ ദേവാദയചെയ്തീടണമെ

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6 സ്തുതി നതികൾ സത്യപിതാവിന്നും
സുതനുംവിമലാത്മാവിന്നും ദേവാ ദയചെയ്തീടണമെ.

141, 142, 119, 117 സങ്കീർത്തനങ്ങൾ

കുറിയേലായിസ്സോൻ: കർത്താവേ ഞാൻ നിന്നെ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എൻെറ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.

എൻെറ പ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും, എൻെറ കൈകളിലെ കാഴ്ച, വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമെ. എൻെറ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും, ഞാൻ അന്യായ ക്രിയകൾ പ്രവൃത്തിക്കുകയും ചെയ്യാതിരിപ്പാൻ, എൻെറ വായ്ക്ക് കാവൽക്കാരനെയും, എൻെറ അധരങ്ങൾക്ക് സൂക്ഷിപ്പു കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാ കരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എൻെറ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എൻെറ പ്രാർത്ഥന അവരുടെ ദോഷംനിമിത്തമാകുന്നു. അവരുടെ ന്യായാധിപ ന്മാർ പാറയാൽതടയപ്പെട്ടു ഇമ്പമുള്ള എൻെറ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുപിളർന്നു ചിതറിക്കുന്നതുപോലെ, പാതാള വാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, എൻെറ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എൻെറ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള, പ്രശംസ ക്കാരുടെ കൈയിൽനിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

എൻെറ ശബ്ദത്തിൽ കർത്താവിനെ ഞാൻവിളിച്ചു. എൻെറ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു. തിരു സന്നിധിയിൽ എൻെറ സങ്കടം ഞാൻ ഉയർത്തുകയും, തിരു മുമ്പിൽ എൻെറ ഞെരുക്കം അറിയിക്കയും ചെയ്തു. എൻെറ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, എൻെറ ഊടുവഴികൾ നീ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എനിക്കുവേണ്ടി അപേക്ഷിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്നോടുനിലവിളിച്ചു. നീ എൻെറ ആശ്രയവും, ജീവനുള്ളവരുടെ ദേശത്ത് എൻെറ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എൻെറ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പി ക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിൻെറ നാമത്തെ സ്തുതിക്കേണ്ടതിന്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള

വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻഏറ്റവുംക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെവചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എൻെറ ആത്മാവ് എല്ലായ്പ്പോഴും നിൻെറ കൈളിൽ ഇരിക്കുന്നു. നിൻെറ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽനിന്നും തെറ്റിപ്പോയില്ല. ഞാൻനിൻെറസാക്ഷി എന്നേയ്ക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അതു എൻെറ ഹൃദയത്തിൻെറ ആനന്ദ മാകുന്നു. നിൻെറകൽപ്പനകൾ എന്നേയ്ക്കും സത്യത്തോടെ ചെയ്വാനായിട്ട് ഞാൻ എൻെറ ഹൃദയം തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ബ്ഹൗനുഹറൊ ഗായോ മാലാഖെ എന്നപോലെ

1 വിശ്വസ്ത സഭേ-അപഥത്തീ-ന്നും നിന്നെ രക്ഷിച്ച
നിന്നുടയോ-നാം മശിഹായെ-നീ സ്തോത്രംചെയ്തിടുക.

2 ജാതികൾ മ-കളെ സ്ക്കീപ്പാമൂ-ലം നിന്നെ വധുവാക്കി
ജീവൻതന്നോ-രാദ്യജനേ നീ സ്തോത്രം ചെയ്തിടുക.

3 ഉടയവനേ-ശു നിന്മരണത്താൽ ഞങ്ങൾ രക്ഷിതരായ്
നിന്നെനയി-ച്ചോരു താതൻധന്യൻ നിൻവിനയംസ്തുത്യം

4 അതിവീര്യത്താൽ-സൃഷ്ടിയെയെല്ലാം താങ്ങീടും നിന്നെ
സ്ക്കീപ്പാതാങ്ങി-നരരക്ഷയ്ക്കായ് സ്തുത്യം നിൻവീര്യം

5 ജാതികൾമ-കളെ തൻവ്യഥയാ-ലും സ്ക്കീപ്പാമൃതിയാലും
സ്വാതന്ത്ര്യംനൽ-കിയ മശിഹായെ-സ്തോത്രം നീ-ചെയ്ക.

ബാറെക്മോർ.† ശുബഹോ-മെന്ഓലാം--

6 പരമോന്ന-തനായ് സാരാംശ-ത്തിൽ ഒന്നാം ത്രിത്വത്തെ
സ്തോത്രം-ചെയ്യാം-കീർത്തിച്ചീടാം ആരാധിച്ചീടാം.

സ്തൗമെൻകാലോസ് - കുറിയേലായിസ്സോൺ

ܦܪܘܡܝܘܢ

[illegible]

[illegible]

[illegible]

[illegible]

ദൈവികപ്രകാരം സകല കഷ്ടതകളിൽനിന്നും അകന്നിരിക്കുന്നവനും ഭരണപ്രകാരം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കൃപമൂലം ജഡത്തിൽ കഷ്ടമനുഭവിച്ചവനും മനുഷ്യസ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി ശിക്ഷഏറ്റവനായി കുടംബങ്ങളെയും ഗോത്രങ്ങളെയും നീതിയാൽ ന്യായം വിധിക്കുന്നവനും ഞങ്ങൾക്കുവേണ്ടി ഗോഗുൽത്തായുടെ മുകളിൽവച്ച് സ്വയം ബലിയർപ്പിച്ചവനും തൻെറ പിതാവിനോടും വിശുദ്ധ

റൂഹായോടുംകൂടെ വിശുദ്ധിയാൽസകലബലികളും തനിക്ക് അർപ്പിക്കപ്പെടുന്നവനുമായ കർത്താവേ നിനക്ക് സ്തുതി. ഞങ്ങൾ നിന്നോടപേക്ഷിച്ചു നിൻെറ താഴ്മയോടു പ്രാർത്ഥിക്കുകയും നിൻെറ കരുണയോടു യാചിക്കുകയുംചെയ്യുന്നു. ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ഞങ്ങളുടെ പരേതരുടെ നല്ല ഓർമ്മയ്ക്കും വേണ്ടി നിൻെറ ദാസരായിരിക്കുന്ന പാപികളാകുന്ന ഞങ്ങളുടെ കൈകളിൽനിന്ന് ഈ സുഗന്ധധൂപത്തെ നീ കൈക്കൊള്ളണമെ. നിനക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

English

Glory to Him who is divinely exalted form every kind of passion, who is His grace, by way of dispensation endured sufferings in the flesh for our salvation, Who rightly judges the races and tribes, Who was judged for us like a guilty one, by way of the love for humanity, to Him all sacrifices are offered in a saintly manner with His Father and His Holy Spirit, Who offered Himself for us as a sacrifice on the top on Golgotha. We supplicate

You and we beseech Your humility and entreat Your mercy, to accept from our hands, Your servants, the sinners, this fragrant incense, for the remission of our debts and the forgiveness of our sins and for the good memory our departed. We offer praise and thanksgiving to You, to Your Father and Your Holy Spirit this time of the evening prayer and all festivals, seasons and hours and the days of life.

ܗܽܘܣܳܝܳܐ

രക്ഷാകരമായ കുരിശിലെ കഷ്ടാനുഭവത്തോളം തൻെറ കരുണ തന്നെ ഇറക്കിക്കൊണ്ടുവന്നവനായി അനുഗ്രഹങ്ങളുടെ സമുദ്രവും അളവറ്റ ആഴവും, കഷ്ടതയാലും താഴ്മയാലും ഞങ്ങൾക്കു പൂർണ്ണരക്ഷ നൽകുകയും അനശ്വരമായ ജീവൻ ഞങ്ങൾക്കു ഒരുക്കിത്തരുകയും ചെയ്തവനും ആയ ഞങ്ങളുടെ മശിഹാ തമ്പുരാൻെറ ജീവപ്രദമായ കഷ്ടാനുഭവത്തെ ഞങ്ങൾ ഓർക്കുകയും, രക്ഷാകരമായതൻെറതാഴ്മയെ ഞങ്ങൾ പ്രശംസിക്കുകയും സർവ്വ വിശുദ്ധ രഹസ്യങ്ങളും നിറഞ്ഞിരിക്കുന്ന തൻെറ കുരിശിനെ ഞങ്ങൾ വന്ദിക്കുകയും വിശുദ്ധറൂഹായുടെ ഗീതങ്ങളാൽ ആനന്ദത്തോടെ അട്ടഹസിച്ചു പറയുകയും ചെയ്യുന്നു. തൻെറ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിച്ച രക്ഷാകരമായ കഷ്ടാനുഭവം

ഇതാകുന്നു. അതിനാൽ പറുദീസായിലേക്ക് ഞങ്ങൾ തിരിച്ചുവന്നതായ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. സ്ക്കറിയോത്തായുടെ വഞ്ചനയെ വെളിപ്പെടുത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. കുറ്റക്കാരനെപ്പോലെ ന്യായാധിപതിമാരുടെ ന്യായാധിപതി ശിക്ഷ ഏൽക്കേണ്ടി വന്ന രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. മഹത്വമുള്ള ഉയിർപ്പിലേക്കു ഞങ്ങളെ വഴിനടത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. പരിശുദ്ധ പെസഹായിൽ ഭക്ഷണത്തിനു വിശുദ്ധ ശ്ലീഹന്മാരെ ക്ഷണിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ദാസനിൽനിന്നും ചെകിട്ടത്ത് അടിയേറ്റ നീതിമാനും നാഥനുമായവൻെറ രക്ഷാകരമായ കഷ്ടാനുഭവംഇതാകുന്നു. ആകാശവീഥിയിൽ പ്രകാശങ്ങൾ തൻെറ നിമിത്തം ഇരുണ്ടുപോയ രക്ഷാകരമായ കഷ്ടാനുഭവംഇതാകുന്നു. മനുഷ്യവർഗ്ഗത്തിനു ദൈവകൃപ അതിനാൽ ലഭിച്ചതായ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. കുരിശിൽ തറച്ചവർ രക്ഷകന് കയ്പ്പുനീരും ജീവിച്ചിരിക്കുന്നവന് കാടിയും കൊടുത്ത രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ലോകത്തിലെ സകല ഭൂതങ്ങളും ഭ്രമിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. വിശ്വാസികൾക്കു സത്യജീവൻെറ തുറമുഖം അതിനാൽലഭിച്ച രക്ഷാകരമായകഷ്ടാനുഭവം ഇതാകുന്നു. മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കു വേണ്ടി ഒരുങ്ങിവന്ന രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. സ്രഷ്ടാവിനെ കുരിശിൽ കണ്ടതിനാൽ നിശബ്ദമായ പ്രകൃതികൾ

ഇളകിപ്പോയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ഉത്തമനായ ഇടയൻെറനേരെ ചെന്നായ്ക്കൾ പാഞ്ഞെത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. സൃഷ്ടികളുടെ നാഥൻ കുരിശുമരത്തിന്മേൽ തൂങ്ങിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. നാഥനോടും ദൈവത്തോടും ദാസന്മാർ നന്മയ്ക്കു പകരം തിന്മ ചെയ്ത രക്ഷാകരമായ കഷ്ടാനുഭവംഇതാകുന്നു. പ്രാർത്ഥനകളെ കേൾക്കുന്നവൻ തൻെറ പിതാവിനു പ്രാർത്ഥന സമർപ്പിച്ച രക്ഷാകരമായ കഷ്ടാനുഭവംഇതാകുന്നു. അദൃശ്യങ്ങളും ഗുപ്തങ്ങളുമായ രഹസ്യങ്ങൾ വെളിപ്പെട്ട രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. പാറകൾ പൊളിയുകയും കബറുകൾ തുറക്കുകയുംചെയ്ത രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. അദൃശ്യവുംഉന്നതനുമായ പിതാവിൻെറമഹത്വം കുരിശിൽ വിളങ്ങിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ബലഹീനരും പാപികളുമായ ഞങ്ങൾ ഇന്നേ ദിവസം തൻെറ വലിയ കഷ്ടാനുഭവത്തിൻെറ ഓർമ്മയെ ക്കഴിച്ചു ഈ സുഗന്ധധൂപംമൂലം തൻെറ കരുണയോടു അപേക്ഷിച്ചു പ്രാർത്ഥിക്കുകയും കഷ്ടാനുഭവത്തിനും മരണത്തിനും തന്നെപ്രേരിപ്പിച്ച തൻെറ ദിവ്യ കരുണയോടു യാചിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ പാപങ്ങളും അധർമ്മങ്ങളും ക്ഷമിച്ചു നീതീകരിക്കപ്പെടുകയും തൻെറ ജീവിപ്പിക്കുന്ന കബറടക്കംമൂലം ഞങ്ങളുടെ കാഴ്ചകളെ മേൽപ്പോട്ടു കരേറ്റുകയും തനിക്ക് ഇടവിടാതെയുള്ള സ്തുതിയും അടങ്ങാത്ത സ്തോത്രവും സമർപ്പിക്കുകയും

ചെയ്‌വാനായിട്ട് ഞങ്ങളെയും വിശ്വാസികളായ ഞങ്ങളുടെ പരേതരേയും യോഗ്യരാക്കുകയും ചെയ്യണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തൻെറ പുത്രനെ അയച്ച പിതാവിന് സ്തുതി. സ്നേഹംമൂലം താൻ ഇറങ്ങിവന്ന് മനുഷ്യനായിത്തീരുകയും തിരുവിഷ്ടത്താൽ കഷ്ടതയും മരണവും സ്ക്കീപ്പായും സഹിക്കുകയും നാശത്തിൽ ജീർണ്ണിച്ച ആദാമിനെ രക്ഷിക്കുകയുംചെയ്തു. ബാറെക്മോർ.

† ശുബഹോ: മെന്ഗാലം വാദാമോ ല്ഗാലാം ഒൽമീനാമീൻ

ഏകജാതനായ ദൈവമേ, നിൻെറ താഴ്മയ്ക്കുസ്തുതി. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ സ്വയം ഏൽപ്പിക്കുകയും യൂദന്മാരുടെ ശപിക്കപ്പെട്ട ജനം മരണമില്ലാത്ത ജീവനുള്ളവനായ നിന്നെ കൊല്ലേണ്ടതിനായി സ്ക്കീപ്പായ്ക്കും വിധിക്കുകയുംചെയ്തു. മൊറിയോ---

Glory to the Father Who sent His Son for our salvation. He came down and in His love became man and voluntarily endured passions, death and cross and reconciled Adam who became old by corruption . Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

Glory to Your humiliation, O Only Begotten God, for You delivered up Yourselves for the sake our salvation, and accursed Jewish people condemned You to cross, in order to put You death, You Who are the Living One Who do not die. **Moriyo---**

എത്രൊ

എൻെറ കർത്താവേ, നിൻെറ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിൻെറ സഭയുടെ ധൂപത്തെ നീ കൈക്കൊള്ളണമെ. നിൻെറ രക്തംകൊടുത്തു വാങ്ങിയ നിൻെറ ഇടവകയുടെ ധൂപത്തിൽ നീ നിരിപ്പാകണമെ. നിൻെറ മരണത്തിൽ പ്രശംസിക്കുന്ന ആടുകളുടെ അപേക്ഷകളെ നീ ശ്രദ്ധിക്കണെമെ. നിൻെറ മുറിവുകളെ ചുംബിക്കുന്ന നിൻെറ മണവാട്ടിയുടെ പ്രാർത്ഥന കേൾക്കണെമെ. നിന്നിൽനിന്ന് അകറ്റുന്ന എല്ലാ വികാരങ്ങളിൽനിന്നും നിൻെറ അവകാശത്തെ സൂക്ഷിച്ചുകൊള്ളണമെ. അവൾ നിൻെറ കഷ്ടതയിൽ കഷ്ടമനുഭവിക്കുകയും നിൻെറ മഹത്വത്തിൽ മഹിമപ്പെടുകയും നിൻെറ ഉയിർപ്പിൽ സന്തോഷിക്കുകയും നിനക്കും നിൻെറ പിതാവിനും സ്തുതി കരേറ്റുകയും ചെയ്യുമാറാകണമെ. മോറാൻ---

English

Receive O Lord, the incense of Your Church redeemed by Your cross, and be pleased with the censor of Your sheepfold bought by Your blood.

Give heed to the supplications of Your flock, which is proud of Your slughter. Hear the prayer of Your bride, who kisses Your wounds. Keep Your inheritance from every desire that alienates it from You, that she might suffer in Your suffering and be glorified in Your glory, and rejoice in Your resurrection and offer glory and praise to You and to Your Father.

കോലോ - കൂക്കോയോ രീതി

വാഗ്ദത്തിൻ നാട്ടീന്നും രണ്ടാൾ തണ്ടിന്മേൽ
മുന്തിരിയിൻ കുല എത്തിച്ചു യോശ്വാ സന്നിധിയിൽ
മുമ്പിൽ വന്നോ-നക്കുല കണ്ടില്ല
പിമ്പൻ കണ്ടാൻ കണ്ടോരാം യൂദർ
കായ്കൾ പറിച്ചെങ്കിലുമവരോ വീഞ്ഞു കുടിച്ചില്ല
പാനം ചെയ്തൊരു ജാതികളോ രക്ഷാ-ദായകനെ
ഹാലേലൂയ്യാ സ്തോത്രം ചെയ്യുന്നു. ബാറെക്മോർ.

† ശുബഹോ -- മെനി്ഓലാം വാദാമോ----ഹാ-

മാനവ വത്സലനേ ജഗതീ രക്ഷ-കനേ സ്തോത്രം
താതൻ തന്നാത്മീയ സുതൻ ഗാത്രം കൈക്കൊണ്ടു
മൃതിയാർന്നോനാ-മാദാമിൻ രക്ഷ-
യ്ക്കേറ്റാൻ തനുവിൽ കഷ്ടപ്പാടേറ്റു
ആകൽക്കറുസാ തൻ ദാസ്യം നീങ്ങി സ്വാതന്ത്ര്യം
നേടി ശാശ്വതരാജ്യത്തിൽ ജീവ-നവൻ നേടാൻ
ഹാലേലൂയ്യാ സ്തുത്യം തദ്വിനയം.

ബോത്തേദ്ഹാശോ

ܒܗܝ ܡܪܝ ܚܫܐ ܕܩܒܠܬ ܚܠܦܝܢ

ܒܗܝ ܡܘܟܟܐ ܕܡܬܡܟܟܬ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

തേജസ്സുദയം ചെയ്തെന്നാലും
വെറുമന്ധന്മാർ മിഴികൾ പൂട്ടി
    ഇരുളിൻ മക്കൾ കൺകൾ ചിമ്മി
ഇരുളാക്കുകയാൽ ന്യായത്തീർപ്പി-
ന്നാരേയേൽപ്പി-ച്ചെന്നോർത്തില്ല.

ഗൂഢം വളരും രോഗങ്ങൾക്കു
സൗഖ്യം തന്നോ-നാണീ വൈദ്യൻ
    എന്നാൽ സൗഖ്യം പൂണ്ടോരെല്ലാം
അവനെ ചുറ്റി വസ്ത്രം കീറി
ആക്ഷേപിച്ചു വെറുതെ കൊന്നു.

ആദ്യപിതാവാ-മാദത്തേയും
ലോകത്തേയും സൃഷ്ടിച്ചോൻ തൻ
    തൃക്കൈ രണ്ടി-ന്മേലുമടിക്കാൻ
രക്തക്കൊതിയന്മാരിന്നാളിൽ
ചതിവാലോചി-ച്ചാണികൾ തീർത്തു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܢܺܝܚ ܠܶܗ ܒܒܰܡܳܐ ܕܢܘܚܡ

ܒܢܳܝܳܐ ܒܥܡܳܐ ܡܶܢܝ ܐܢܳܐ ܐܒܥܘܬܐ ܇ ܡܶܢܝ ܕܚܡܘ ܇

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܚܰܫܳܐ ܘܨܠܺܝܒܳܐ ܘܩܰܒܶܠܬܳܐ

ܩܰܒܶܠ ܒܥܽܘܬܰܢ ܘܰܒܛܺܝ ܕܢܰܦܫܳܐ ܟܽܠ ܢܰܦܫܳܬܰܢ ܇

ܠܗܽܘܢ ܕܢܶܚܚܠܘܢ ܡܶܢܝ ܒܢܩܦܝܢ ܫܡܫ ܒܠܗ ܇

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

സത്തമനേ ആ ദുഷ്ടാത്മാക്കൾ നിന്മേൽ കുറ്റം
ചാർത്തിയതെല്ലാം വർണ്ണിച്ചീടാൻ കഴിവേകേണം
പുണ്യാത്മാവാമങ്ങു സഹിച്ചാനാക്ഷേപങ്ങൾ
അത്ഭുതചരിതൻ നിന്ദനമതിലും കോപിച്ചില്ല. ദേവാ--

കാരുണ്യത്താൽ സൗഖ്യം മൂകന്മാർക്കായേകി
ആ ദുഷ്ടന്മാർ തിരുവദനത്തിൽ തുപ്പൽ വീഴ്ത്തി
ഭൂതങ്ങളെയോടിച്ചോനെ ഭൂതമതെന്നാർത്തു
രോഗാർത്തർക്കാശ്വാസപ്രദനെ-യാക്ഷേപിച്ചാർ. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ

പെത്ഗോമോ

ഹാലേ- ഹാലേലൂയ്യാ- ജനതതി തൻ വചനം വ്യാജം
മാനസ ചിന്തകളെല്ലാം തിന്മ ഹാലേലൂയ്യാ

ܕܓܠܐ ܡܡܠܠܝܢ ܘܣܦܘܬܗܘܢ ܢܟܝܠܬܐ ܠܒܢܝܢܫܐ ⁜ܗܠܠܘܝܐ⁜

ܘܠܒܗܘܢ ܡܠܐ ܥܡ ܥܡܗ ܚܫܒܐ ⁜ ܗܘܝܢ ܒܝܫܬܗܘܢ ⁜

വി. മത്തായി 22. 15 - 66

പരീശർ പോയി യേശുവിനെ എങ്ങനെ വാക്കിൽകുടുക്കാം എന്ന് ആലോചിച്ചു. അവർ തങ്ങളുടെ അനുയായികളെ ഹേറോദേസ്പക്ഷക്കാരോടുകൂടെ അവൻെറ അടുക്കലേക്ക് അയച്ചു. അവർ അവനോട് ഇപ്രകാരം ചോദിച്ചു. ഗുരോ നീ സത്യവാനാണെന്നും, ദൈവമാർഗ്ഗം സത്യമായി പഠിപ്പിക്കുന്നവനാണെന്നും, മുഖം നോക്കാത്തതിനാൽ ആരെയും ഭയപ്പെടുന്നില്ലെന്നും ഞങ്ങൾ അറിയുന്നു. അതിനാൽ ഞങ്ങളോട് പറയുക, കൈസറിന് നികുതി കൊടുക്കണമോ, വേണ്ടയോ? നിനക്ക് എന്തു തോന്നുന്നു? യേശു അവരുടെ ദുരുദ്ദേശ്യം അറിഞ്ഞിട്ട്, കപടഭക്തരേ, നിങ്ങൾ എന്തിന് എന്നെ പരീക്ഷിക്കുന്നു? നികുതിക്കുള്ള ദീനോറോ എന്നെ കാണിക്കുക എന്നു പറഞ്ഞു. അവർ ഒരു ദീനോറോ അവനെ കാണിച്ചു. യേശു അവരോട്, ഈ സ്വരൂപവും ലിഖിതവും ആരുടേത് എന്നു ചോദിച്ചു. അവർ കൈസറിൻേറത് എന്നു പറഞ്ഞു. അവൻ അവരോട്, അങ്ങനെയെങ്കിൽ കൈസറിൻേറത് കൈസറിനും ദൈവത്തിൻേറത് ദൈവത്തിനും കൊടുക്കുക എന്നു പറഞ്ഞു. അവർ അതുകേട്ട് ആശ്ചര്യപ്പെട്ട് അവനെ

വിട്ടുപോയി. മരിച്ചവർക്ക് പുനരുത്ഥാനമില്ലെന്നു പറയുന്ന സാദൂക്യർ അന്നുതന്നെ യേശുവിനെ സമീപിച്ച് ചോദിച്ചു. ഗുരോ ഒരുവൻ മക്കളില്ലാതെ മരിച്ചുപോയാൽ, അവൻെറ ഭാര്യയെ അവൻെറ സഹോദരൻ വിവാഹംചെയ്ത് സഹോദരനുവേണ്ടി സന്തതി നിലനിർത്തണമെന്ന് മോശ പറഞ്ഞിട്ടുണ്ടല്ലോ. ഞങ്ങളുടെഇടയിൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു. ഒന്നാമൻവിവാഹംകഴിച്ചു. സന്താനമില്ലാതെ ഭാര്യയെ അവൻെറ സഹോദരനായി വിട്ട് മരണമടഞ്ഞു. ഇങ്ങനെതന്നെ രണ്ടാമനും മൂന്നാമനും ഏഴാമൻവരെ മറ്റുള്ളവരും ചെയ്തു. അവസാനം ആ സ്ത്രീയും മരിച്ചു. അവർഎല്ലാവരും അവളെ വിവാഹംചെയ്തിരുന്നതുകൊണ്ട് പുനരുത്ഥാനത്തിൽ അവൾ ഈ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും? യേശു അവരോട്ഉത്തരമായി ഇപ്രകാരം പറഞ്ഞു. നിങ്ങൾ തിരുവെഴുത്തുകളും ദൈവശക്തിയും അറിയാത്തതുകൊണ്ട് തെറ്റിപ്പോകുന്നു. എന്തെന്നാൽ മരിച്ചവർ ഉയിർക്കുമ്പോൾ, അവർ വിവാഹം ചെയ്യുന്നില്ല, വിവാഹംചെയ്തുകൊടുക്കുന്നുമില്ല. പിന്നെയോ അവർ സ്വർഗ്ഗദൂതന്മാരെപ്പോലെ ആയിരിക്കും. ഞാൻ അബ്രഹാമിൻെറ ദൈവവും, ഇസഹാക്കിൻെറ ദൈവവും, യാക്കോബിൻെറ ദൈവവുമാകുന്നു എന്ന് മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി ദൈവംഅരുളിച്ചെയ്തിട്ടുള്ളത് നിങ്ങൾ വായിച്ചിട്ടില്ലയോ? അവൻ മരിച്ചവരുടെയല്ല ജീവിച്ചിരിക്കുന്നവരുടെ ദൈവമാകുന്നു. അതുകേട്ടപ്പോൾ ജനങ്ങൾ യേശുവിൻെറ ഉപദേശത്തെക്കുറിച്ച്വിസ്മയിച്ചു. ⁜ ܥܡܟܘܢ ⁜ ܫܠܡܐ ܠܟܘܢ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܚܰܕ݂ܬ݂ܳܐ ܕ݁ܚܰܫܶܫ ܐܶܬ݂ܒ݁ܰܣܡܰܬ݂ ܙܪܝܬ݂ܳܐ ܒ݁ܩܽܘܝܳܡܳܟ݂
ܘܢܶܣܒ݁ܽܘܢ ܡܶܢܳܟ݂ ܦ݁ܘܽܡܰܝ ܒ݁ܽܘܪ̈ܟ݂ܳܬ݂ܳܐ ܘܚܽܘܣܳܝܳܐ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܒܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܩܘܕܫܐ ܠܥܠܡܝܢ

ܘܡܫܒܚܐ ⁜ ܘܡܠܟܐ ܕܡܠܟܐ ܚܝܐ ⁜ ܢܫܒܚܘܢܟ

ܟܠܗܘܢ ܥܒܕܝܟ ܘܥܒܕܝܐ ⁜ ܡܫܒܚܝܢ ܠܟ ܡܪܢ ܥܠܡ

ܘܡܫܒܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ

ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡܝܢ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ചൊവ്വാഴ്ച സുത്താറാ നമസ്ക്കാരം

കൗമാ

ܒܬܪ ܩܘܡ ܕܢܘܚܡ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܚܛܗܝܢ ܘܚܘܒܝܢ ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ

ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ ܐܠܐ ܦܨܢ ܡܢ ܒܝܫܐ ❉ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܫܘܒܚܐ ❉ ܘܠܪܘܚܐ ܩܕܝܫܐ ܐܝܩܪܐ

ܘܬܘܕܝܬܐ ❉ ܘܥܠܝܢ ܚܛܝܐ ܘܚܝܒܐ ❉ ܢܬܚܢܢ

ܠܐ ܬܟܠ ܘܫܘܒܚܐ ❉ ܘܥܠܝܢ ܥܠܡܐ ܡܢ ܥܠܡ ܐܡܝܢ

ܘܡܫܝܚܐ ❉ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܡܪܝ ܠܥܠܡܝܢ ❉ ܒܪܟܡܪܝ ❉

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

സ്തൗമെൻകാലോസ്- കുറിയേലായിസ്സോൻ

ܦܘܩܕܢ

ܢܝܚܐ ܠܟܠ ܘܫܝܢܐ ܘܚܝܐ ܡܢ ܡܪܝܐ ܢܬܠܐ ❉ ܡܪܝܐ ܡܪܚܡܢܐ

ܫܒܘܚ ܠܟܠܢ ܘܠܒܢܝܢ ❉ ܠܡܫܝܚܐ ܠܦܪܘܩܢ ܘܠܐܒܘܗܝ ܘܡܚܠܡܢܐ

ܘܥܡܗ ܠܟܠ ܘܠܐ ܠܝܬ ܠܗ ܕܡܘܬܐ ܒܟܠ ܐܢܫ

ܘܒܟܠܚܕ ܢܦܫܐ ܢܦܫ ❉

ഫലം കായ്ക്കാത്ത അത്തിവൃക്ഷത്തെ തന്റെ നീതിയാൽ ശപിക്കുകയും തന്നെസ്തുതിക്കാത്തസംഘത്തെ ന്യായമായി വേരോടെ പറിച്ചുകളയുകയും തനിക്കു വിവാഹം പറഞ്ഞു നിശ്ചയിക്കപ്പെട്ട മണവാട്ടിയായസഭയെ തന്റെ കൃപമൂലം സ്ഥാപിക്കുകയും തന്റെ സൽഗുണസമൃദ്ധിയിൽ മഹത്വ ത്തോടെ തന്റെ വലതുഭാഗത്ത് അവൾ നിൽക്കുകയും തന്റെവിശുദ്ധ കഷ്ടാനുഭവങ്ങളിൽ സന്തോഷത്തോടും ലജ്ജകൂടാതെയും ഏറ്റുപറയുകയും തന്റെ പിതാവിന്റെ ഭവനത്തിലെ സകല കഷ്ടതകളിൽനിന്നും തന്റെ മുറിവ കൾമൂലം അവൾ സൗഖ്യപ്പെടുകയുംചെയ്ത സത്യവാനായ കർത്താവിനുസ്തുതി. തനിക്ക് സുത്താറപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

Glory to that Righteous One, Who by His justice cursed the Fig tree which did not yield fruits, and fittingly uprooted the congregation that did not utter His praise, and by His grace, planted the Church, the bride whom He had betrothed and by ministering His virtues, she stood in glory at His right hand, confessed gladly and without shame the holy sufferings and by His wounds she was

healed from all the sufferings of her father's house. To Him be glory, honour and worship at this time of Soothara time and all festivels and seasons and hours, all the days of our life.

ܣܶܕܪܳܐ

**ശ്രേഷ്ഠതയിൽമഹത്വമുള്ളവനും ആലോചനകളിൽ അറുതി
യില്ലാത്തവനും, ശ്രേഷ്ഠതയുടെ ബലത്തിൽ പ്രബലനും
കൃപാബഹുത്വത്തിൽ ഉന്നതനും, ജ്ഞാനധനത്തിൽ മഹോ
ന്നതനും ഉൺമയുടെ സൗന്ദര്യത്തിൽ വിസ്മയനീയനും,
തൻെറതേജസ്സിൻെറ പ്രഭയാൽ സൃഷ്ടികളെ അലങ്കരിക്കു
കയും ഭൂലോകത്തെ മഹത്വത്തിൻെറ അങ്കി ധരിപ്പിക്കു
കയുംചെയ്ത നിർമ്മിതാവും, തൻെറ നിത്യജ്ഞാനത്താൽ
സകലത്തെയും സൃഷ്ടിക്കുകയും, തൻെറ ആദ്യന്തമില്ലാത്ത
ജ്ഞാനത്താൽ ആകാശത്തെ വിരിക്കുകയുംചെയ്ത
സൃഷ്ടാവും നീ ആകുന്നു. അബ്രഹാമിൻെറ പുത്രിയും
വ്യഭിചാരിണിയും ആയി വിവാഹംപറഞ്ഞു നിശ്ചയിക്കപ്പെട്ട
മണവാട്ടിയെ, അതായതു നിരസിക്കപ്പെട്ട സഭയെ,
അലങ്കരിപ്പാനായിട്ടു നിൻെറ പിതാവിനോടും പരിശുദ്ധ
റൂഹായോടുംകൂടി മോശയ്ക്കു ന്യായപ്രമാണം കൊടുത്തിട്ടു
ള്ളവൻ നീ ആകുന്നു. നീ അവൾക്കു മോതിരം
കൊടുക്കുകയും മേൽത്തരംദൃഷ്ടന്തങ്ങളാലും ഉപമകളാലും
കൂടാരത്തിലെ വസ്ത്രങ്ങളാലും അതിനെ അലങ്കരിക്കു
കയുംചെയ്തു. വാത്സല്യമുള്ളമക്കളെപ്പോലെ ന്യായപ്രമാണ**

പള്ളിയറയിൽ അടങ്ങി ഒതുങ്ങി ഇരിക്കുന്നതിനായിട്ടു പാതിവൃത്യമാകുന്ന മൂടുപടംകൊണ്ട് അവളെ നീ മൂടി. ലോകത്തിൽ മഹത്വമുള്ള മുന്തിരിവള്ളിയെന്ന് അവൾക്ക് പേരിടുകയും ദീർഘദർശനവചനങ്ങളാകുന്ന ജീവവചനങ്ങൾകൊണ്ട് അതിനെ കൃഷിചെയ്യുകയും അതിനു ചുറ്റും വിശുദ്ധകൽപ്പനകളാകുന്ന വേലി ഉത്സാഹപൂർവ്വം കെട്ടുകയുംചെയ്തു. ശുദ്ധീകരണത്തിനായി ബലികളാകുന്ന ചക്ക് അതിൽ കുഴിച്ചിടുകയും സൽഗുണ സമൃദ്ധിയാൽ ദീർഘദർശനമാകുന്ന ശീതമുള്ള മേഘങ്ങളാൽ അതിനെ നനയ്ക്കുകയും ചെയ്തു. സന്തോഷവർഷങ്ങളാൽ അതിനെ ഐശ്വര്യപ്പെടുത്തുകയും അതിൽ നിൻെറ ഭരണം നിലനിൽപ്പാനും നിൻെറ കരുണമൂലം മനുഷ്യത്വം ബന്ധിക്കപ്പെടുവാനുമായി അതിൻെറ കൊമ്പുകളിൽനിന്നു ചില്ലിയുടെ സാദൃശ്യത്തിൽ രാജ്യത്തിൻെറ ചെങ്കോലിനെ നിനക്കായിട്ടു നീ വേർതിരിക്കുകയും ചെയ്തു. നിൻെറ ബഹുമാനത്തിൻെറ പ്രഭാവത്തിനു ആയിത്തീരുവാനായി തെരഞ്ഞെടുക്കപ്പെട്ട നടുതലയിൽനിന്നു ഒരു കൊമ്പിനെ നീ എടുത്തു. ആ അഹങ്കാരി നിൻെറ സാക്ഷികളുടെയും ന്യായപ്രമാണങ്ങളുടെയും വ്യവസ്ഥയെ നിരസിക്കുകയും നിൻെറ ദീർഘദർശിമാരെയും സ്ഥാനാപതികളെയും കൊല്ലുകയും വ്യർത്ഥആരാധനകളെ സ്നേഹിക്കുകയും ചെയ്തു. എന്നാൽ പരിശുദ്ധ മണവാളനായുള്ളോവേ, അവളുടെ അമിതമായ അനുസരണക്കേടിനെ കണ്ടിട്ടു നിൻെറ കരുണമൂലം അവളുടെ അടുക്കലേക്ക് നീ

ഇറങ്ങിവരുകയും പൂർവ്വന്മാർ ഉപമകളാൽ നിന്നെ വരച്ചുകാണിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളെയും രഹസ്യങ്ങളെയും നീ പൂർണ്ണവും പരിപൂർണ്ണവും ആക്കിത്തീർക്കുകയും ചെയ്തു. രക്ഷാകരമായ കുരിശിലെ കഷ്ടാനുഭവത്തിന് മുമ്പ് ഊർശലേം പട്ടണത്തിലേക്കു നീ പ്രവേശിച്ചപ്പോൾ വഴിയരികെയുള്ള അത്തിവൃക്ഷത്തിൻെറ അടുക്കലേക്ക് അതായത് അന്യായമായ മുന്തരിയുള്ള കൂട്ടത്തിലേക്ക് നീ എഴുന്നെള്ളിച്ചെന്നു. പോഷത്തിനായി അതിൽനിന്ന് എടുക്കപ്പെടുന്നഫലങ്ങളെപ്പോലെ വെടിപ്പോടെ അതിൽ നിന്ന് സമർപ്പിക്കപ്പെട്ട ആ ഫലങ്ങൾക്ക് നീ ആഗ്രഹ മുള്ളവനെന്ന്കാണിച്ചു. രണ്ടും ഒരുപോലെ ഫലശൂന്യങ്ങ ളായി കണ്ടപ്പോൾ ഒന്നിനെ ഉണക്കിക്കളയുകയും മറ്റതിനെ നിൻെറ പിതാവിൻെറ ഭവനത്തിൽനിന്നും തള്ളി പുറത്താക്കുകയും ചെയ്തു. ഇതുഹേതുവായിട്ട് അത്ഭുത കരമായ മനുഷ്യസ്നേഹത്തോട് ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നതെന്തെന്നാൽ ഉന്നതമായ നിൻെറ ദൈവത്വത്തെ നിരപ്പാക്കുന്നതായ അനുഗ്രഹ ഫലങ്ങളെ നിനക്ക് സമർപ്പിക്കുന്നതിന് നിൻെറ മണവാട്ടിയാകുന്ന വിശുദ്ധസഭയെ പരിപാകതയുള്ളതും വാഴ്ത്തപ്പെട്ടതും ആക്കിത്തീർക്കണമെ. അതിൻെറകൊമ്പിനെ ലോകത്തിൻെറ നാനാഭാഗങ്ങളിലും നീ ഉയർത്തണമെ. അതിൻെറ സന്താന ങ്ങളുടെ സംഘത്തെ എല്ലാ ശ്രേഷ്ഠദാനങ്ങളാലും നീ പ്രബലപ്പെടുത്തണമെ. അത് നിനക്കും നിൻെറ പിതാവിനും

പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റു വാനായിട്ടുതന്നെ. ഹോശോവബ്--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ

മനുഷ്യസ്നേഹമുള്ളവനായകർത്താവേ, യൂദജനം അസൂയ യാൽ നിന്നെ നിരസിക്കുകയും നിന്നെ കൊല്ലുവാൻ ഒരുങ്ങുകയും നിൻെറ വിലയേറിയ രക്തത്തെ കൈക്കൂലി യാൽ വാങ്ങുകയുംചെയ്തു. തന്നിമിത്തം ജാതികളുടെ ഇടയിൽ അവർ ചിതറിക്കപ്പെട്ടു. ബാറെക്മോർ † ശുബഹോ: മെന്ഓലം--

ഇന്നേദിവസം ആകാശവും ഭൂമിയും ദുഃഖിച്ചു. സൃഷ്ടികളു ടെമേൽ സംഭ്രമവും വിറയലുംഉണ്ടായി. എന്തെന്നാൽ വിധി യേൽക്കുവാൻ മനസ്സായ ന്യായാധിപന്മാരുടെ ന്യായാധി പനെ പൊടിമണ്ണായവൻ ഇതാ നിന്നു ന്യായംവിധിക്കുന്നു.

O Lover of men, by jealousy, the Jewish people rejected You and got ready to put You to death, and purchased Your precious blood with bribe. Therefore they were scattered among the gentiles.

Barekmore. Glory be to the Father,--- Unto the ages----

Today the heaven and the earth mourned, and trembling and fear came upon the creations for the

dust rose up and judged the Judge of the judges Who was pleased to be condemnes.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܐ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

സൃഷ്ടാവിനെ സ്ക്കീ-പ്പായിൽ തൂക്കാൻ
കഴിവാർക്കുണ്ടാം ചിന്തിച്ചീടിൻ
ആദാമിൻെറ ദാസ്യം നീക്കാൻ
സ്നേഹത്താൽ പ്രേ-രിതനാമീശൻ
ദുഷിയേൽപ്പാനായ് മന്നിലിറങ്ങി.

മിസറേമിൽ നി-ന്നത്ഭുതശക്ത്യാ
വന്നോരീ മു-ന്തിരിവള്ളിക്ക്
ശ്രേയസ്സെല്ലാം പാരം തന്ന
മന്നാതൻ നാ-ഥനുമായോന്
കയ്പ്പേറും പാ-നീയം നൽകി.

ദുഷ്ടക്കൂട്ടം അണലിസുതന്മാർ
കൂട്ടം കൂടി കൗശലപൂർവ്വം
ദോഷം ചിന്തി-ച്ചവരുടെ ഹൃദയെ
സൗഖ്യപ്രദനെ കുരിശിൽ തൂക്കി
ജീവൻ നീക്കി നിഹനിച്ചീടാൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܳܚܶܡ ܠܗ̇ ܠܒܰܝܬܳܐ ܕܪܽܘܚܳܡܰܝ
ܒܕܺܝܢܳܐ ܥܳܒܶܕ ܡܶܢܝ ܠܳܐ ܬܬܒܥܢ ܀ ܡܳܪܝ ܘܰܚܶܡ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬ݂ܪܰܚܰܡ ܒܚܰܫܳܐ ܕܗܘܳܐ ܕܚܠܳܦܰܝܢ
ܒܚܰܫܳܐ ܕܥܘܠܐ ܢܬܩܢܐ ܘܡܰܠܟܽܘܬܳܐ ܫܡܰܝܳܐ ܀
ܠܟܘܠ ܐܬܪܚܡ ܡܳܪܝ ܕܒܚܫܐ ܗܘܝ ܚܠܦܝ ܀

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ഉന്നതനേ നിൻ കാരുണ്യം
നിന്നെയത്യന്തം താഴ്ത്തി
പാതകിയാമാദാമിന്നായ്
ക്രൂശേൽപ്പാൻ ഹിതമാർന്നപ്പോൾ
നേരറ്റോർ സീയോൻ മക്കൾ
നിന്മേലയ്യോ കൈവെച്ചു. ദേവാ ദയ---

2 ആ നിബിയന്മാർ തന്മൊഴികൾ
സർവ്വം നീ നിറവേറ്റുകയായ്

ഹാശായ്ക്കായ് നീ വന്നെത്തി
നിന്ദിതമാം സ്ക്കീപ്പായേറ്റു
നിൻബലിയിൽ താതൻ ദൈവം
ലോകത്തൊടു പ്രീതിപ്പെട്ടു.ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

91-ാം മസുമൂർ

ബാറെക്മോർ, ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമേ

ബാറെക്മോർ, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം, എൻെറ ശരണവും, എൻെറ സങ്കേതസ്ഥലവുമെന്ന്, കർത്താവിനെക്കുറിച്ച് നീ പറക.
എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും

അവ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നിൻെറ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും, ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്, അവൻ നിന്നെക്കുറിച്ച് അവൻെറ മാലാഖമാരോട്കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ, അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെവഹിക്കും

സർപ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, എൻെറ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

121-ാം മസുമൂർ

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകൾ ഉയർത്തും, എൻെറ സഹായക്കാരൻ എവിടെ നിന്നു വരും

എൻെറ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച, കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തൻെറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ -- മെന്ഓലാം--

ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ അനുഗ്രഹത്തിൻെറ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ അനുഗ്രഹത്താൽ, നിൻെറ അടിയാരുടെ അപേക്ഷ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കി ക്കൊണ്ടിരി ക്കുന്നു. ഞങ്ങളുടെ കടങ്ങളുംപാപങ്ങളും പരിഹരിച്ച്, ഇഹ പരമായ രണ്ട്ലോകങ്ങളിലും ഞങ്ങളോട്കരുണചെയ്യണമെ.

കർത്താവേ, നിൻെറ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാകണമെ.

നിന്നെ പ്രസവിച്ച മാതാവിൻ്റേയും നിൻ്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെകടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܚܰܝܠܳܐ ܕܰܒܫܡܰܝܳܐ ܐܰܠܳܗܳܐ ܐܶܢܳܫ ܒܢܽܘܗܪܳܟ
ܘܰܢܫܰܒܚܳܟ ܡܶܢ ܦܽܘܡ ܟܽܠ ܢܰܦܫܳܐ ✱ [3]


ܠܳܟ ܡܳܪܝ ܬܶܫܒܽܘܚܬܳܐ ܘܰܠܐܰܒܽܘܟ ܐܺܝܩܳܪܳܐ ✱ ܘܰܠܪܽܘܚܳܐ ܩܰܕܺܝܫܳܐ ܫܽܘܒܗܳܪܳܐ
ܘܬܰܘܕܺܝܬܳܐ ✱ ܘܥܰܠܰܝܢ ܚܰܠܫܶ̈ܐ ܘܰܚܛܳܝܶ̈ܐ ✱ ܢܶܫܦܥܽܘܢ
ܪ̈ܰܚܡܶܐ ܘܚܢܳܢܶ̈ܐ ✱ ܥܰܠ ܥܺܕܬܳܐ ܘܰܒܢܰܝ̈ܗ̇ ܚܰܝ̈ܶܐ ܡܺܝܬ ܩܳܐܡ
ܘܰܠܡܫܺܝܚܳܐ ✱ ܫܽܘܒܚܳܐ ܠܳܟ ܡܳܪܝ ܫܽܘܒܚܳܐ ܠܳܟ ܡܳܪܝ
ܫܽܘܒܚܳܐ ܠܳܟ ܣܰܒܪܰܢ ܠܥܳܠܰܡ ✱ ܒܳܪܶܟܡܳܪܝ ✱

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ : ܢܶܬܩܰܕܰܫ ܫܡܳܟ . ܬܺܐܬܶܐ ܡܰܠܟܽܘܬܳܟ . ܢܶܗܘܶܐ
ܨܶܒܝܳܢܳܟ : ܐܰܝܟܰܢܳܐ ܕܒܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ . ܗܰܒ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒܽܘܩ ܠܰܢ ܚܰܘܒܰܝܢ ܘܚܰܛܳܗܰܝܢ : ܐܰܝܟܰܢܳܐ
ܕܳܐܦ ܚܢܰܢ ܫܒܰܩܢ ܠܚܰܝܳܒܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ
ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ ܡܶܛܽܠ ܕܕܺܝܠܳܟ ܗܺܝ ܡܰܠܟܽܘܬܳܐ ܘܚܰܝܠܳܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.





കൗമാ

ܒܥܕܳܢ ܩܘܳܡܳܐ ܕܩܰܝܳܡܬܳܐ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܬܒܐ ܕܚܡܫܐ ܐܬܐܡܪܬ ܬܝܚܐ ܒܘܫܡܗ

ܘܢܦܩܘܢ ܡܢܗ ܦܘܩܕܢ ܠܒܪܬ ܢܘܗܪܐ ✱ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢ ✱ ܘܠܪܘܚܐ ܩܘܕܫܐ ܗܫܐ

ܘܒܟܠܥܕܢ ✱ ܢܘܗܪܐ ܘܫܒܚܐ ܘܝܩܪܐ ܘܒܟܠܝܘܡ ✱ ܢܩܒܠܘܢ

ܬܘܒ ܐܬܝܚܕܬ ܘܒܟܠܠܐ ✱ ܘܢܗܘܐ ܠܟܘܢ ܡܢ ܟܠܡ

ܘܡܩܕܫܐ ✱ ܩܘܕܫܐ ܠܟ ܡܪܝ ܩܘܕܫܐ ܠܟ ܡܪܝ

ܩܘܕܫܐ ܠܟ ܫܡܪܝ ܠܥܠܡ ✱ ܒܡܒܥܝܢ ✱

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റേയും നാശത്തിന്റേയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധറൂഹായുമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

113, 119 117 സങ്കീർത്തനങ്ങൾ - പേജ് 30

ബാറെക്മോർ: **രാത്രി കാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.**

ബാറെക്മോർ: **ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ**

ആകാശവും ഭൂമിയുംസൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എൻെറ സ്തുതി നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ ജീവിപ്പിക്കുകയും ചെയ്യണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെടുന്നതിനാൽ, നിൻെറ കൈ എന്നെ സഹായിക്കണമെ.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനൊ ആത്മാവേ നീ സ്തുതിയേക്കാൾ

1. ധന്യൻഗുണനിധിതൻ കൃപയെ
പ്രേഷിപ്പിച്ചോൻ മേലീന്നും
ആദാമ്യർക്കായ് വിധി നിലയെ
സ്വഹിതാൽ യാതന-യേറ്റോനാം
കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ
സർവ്വാധിപതേ സ്തോത്രം തേ.

2. നിർമ്മലനിൽ കുറ്റം ചാർത്താൻ
പ്രീശകസപ്രേ-ന്മാർ കൂടി
സൗഖ്യദനെക്കൊല ചെയ്തീടാൻ
കുരിശുമരം ത-യ്യാറാക്കി.
കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ
സർവ്വാധിപതേ സ്തോത്രം തേ.

3. യേരുശലേമിൽ പാപികൾ തൻ
രോഗങ്ങളെ നാ-ഥൻ നീക്കി
അവർ വേതനമായ് യാതനയും
ദുഷിയും കുരിശും ഹാ നൽകി
കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ
സർവ്വാധിപതേ സ്തോത്രം തേ.

4. ജനത നശിക്കാതാദാമിൻ തനയർക്കായേ-കൻ മരണം
പ്രാപിപ്പതു നന്നെന്നേവം കയ്യപ്പാമുൻചൊന്നപ്പോൾ
ആ വചനം നേരായ്ത്തീർന്നു
സർവ്വാധിപതേ സ്തോത്രം തേ. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

5. ദാവീദിൻ സുതയിൽ ജാതം
   ചെയ്തോൻ പാപം മോചിപ്പാൻ
   മനസാ യാതനയേറ്റിടുവാൻ കനിവവനനെ പ്രേരിപ്പിച്ചു
      കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ
      സർവ്വാധിപതേ സ്തോത്രം തേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

ഒന്നാം കൗമാ

എക്ബോ - ഹോക്തിലുബു മെസ്രേൻ എന്നപോലെ

നാഥാ നീയേറ്റോരു ഹാശാ ധന്യം
വ്യഥയുണ്ടാക്കിയതാം ബലിയും ധന്യം

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കുസ്തുതി. ബാറെക്മോർ. സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ

ܩܘܡܐ

ܫܠܐ ܠܟ ܘܬܫܒܘܚܬܐ ܘܣܓܕܬܐ ܗܘ ܦܪܘܩܐ ܡܫܝܚܐ ܀ ܦܪܘܩܐ ܡܫܒܚܐ
ܕܨܠܝܒܗ ܠܥܕܬܗ ܙܝܢܐ ܥܫܝܢܐ ܀ ܘܐܦ ܠܝܪܬܘܬܗ ܘܡܥܡܪܐ ܕܡܠܟܘܬܐ
ܘܡܫܝܚܐ ܡܠܟܐ ܕܐܬܐ ܠܟܠ ܐܢܫܘܬܐ ܒܟܠ ܕܪ
ܘܡܠܟܘܬܗ ܢܬܠ ܠܗ ܀
തന്റെ സ്ലീബായെ തന്റെ ഇടവകയ്ക്കു ശക്തിയുള്ള ആയുധമാക്കിത്തീർക്കുകയും തന്റെ അവകാശത്തിന്

രക്ഷയുടെ പരിചയായി അതിനെ നൽകുകയും അതിനാൽ സഭയുടെ കൊമ്പിനെ ഉയർത്തുകയും അതിനാൽ തൻെറ ഇടവകയുടെ ആട്ടിൻക്കൂട്ടത്തെ സംരക്ഷിക്കുകയും തന്നെ ഉപേക്ഷിച്ച ജനത്തെ ലജ്ജിപ്പിക്കുകയുംചെയ്ത തനിക്ക് അവർണ്ണനീയമായ സ്തുതികളും അന്തമില്ലാത്ത പ്രഭകളും കരേറ്റുവാൻ ഞങ്ങൾ യോഗ്യരാകണമെ. തനിക്ക് രാത്രി നമസ്ക്കാരത്തിൻെറ ഒന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

May we be held worthy of offering ineffable praises and invisible glories to the Savior Who made His cross a powerfull weapon for His sheepfold, and gave it as a shield of salvation for His inheritance, and by it exalted the horm of His Church, and by it guarded the sheep of His flock, and by it put to shame the people who renounced Him, and gladdened the people who believed in Him. To Him befits glory, honour and worship at the time of first kauma of the midnight prayer and all seasons and hours, all the days of our life.

ܩܘܡܘ

പിതാവിൻെറവചനമായഏകപുത്രനും തൻെറ പിതാവിൻെറ ഭേതമില്ലാത്ത രൂപവും മുദ്രയുമായ ഞങ്ങളുടെ മശിഹാ തമ്പുരാനേ, നിൻെറസൃഷ്ടിയുടെമേൽ നിനക്ക് ദയതോന്നി. ഞങ്ങളുടെ രക്ഷയ്ക്കായി ഇറങ്ങിവരികയും നിൻെറ തിരു വിഷ്ടത്താൽ കന്യാവ്രതമുള്ളഗർഭപാത്രത്തിൽനിന്ന് കഷ്ടത യുള്ള ഞങ്ങളുടെ ശരീരത്തോട് യോജിക്കുകയും നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകളെ നീക്കിക്കള യുവാനായിട്ട് ഞങ്ങളുടെ കഷ്ടതകൾനിമിത്തം നീ കഷ്ടമനുഭവിക്കുകയും എല്ലാവരെയുംപോലെമരിക്കുകയും ജീവനുള്ളവർക്കും മരണമുള്ളവർക്കും രക്ഷയുണ്ടാക്കുവാ നായിട്ട് നിൻെറ മരണത്താൽ എല്ലാവരെയും ജീവിപ്പിക്കു കയും മരണത്തെ ജീവനും കഷ്ടതകളെ കഷ്ടതയില്ലാ യ്മയായും മാറ്റുകയും ചെയ്തു. നീ സ്വഭാവത്തിൽ ദൈവ മാകകൊണ്ട് ബലഹീനതയുടെ ജഡം ധരിച്ചു. നീ കഷ്ടാനുഭവത്തിന് അടുത്തുവന്ന് യഹൂദന്മാരിൽനിന്നുള്ള അപമാനത്തെ സ്വീകരിച്ചപ്പോൾ പ്രകൃതികൾ അവയുടെ സൃഷ്ടാവേറ്റ നിന്ദയെക്കണ്ട് സഹിക്കവെയ്യാതെ ഞെട്ടിവിറ യ്ക്കുകയും പഞ്ചഭൂതങ്ങൾ പരിഭ്രമിക്കുകയുംചെയ്തു. ഇത് ഹേതുവായിട്ട് നീ സ്ലീബായിൽ തൂങ്ങിക്കിടക്കുന്നതു കണ്ടിട്ട് തങ്ങളുടെ നാഥനും രക്ഷിതാവുമായവനെ തിരിച്ച റിയുന്നതിനു മനസ്സില്ലാതെ നിന്നെ കുരിശിൽതറച്ചവരുടെ പശ്ചാത്താപമില്ലാത്ത ഹൃദയം ലജ്ജിച്ചുപോകുവാനായിട്ട് സൂര്യൻ തൻെറ കിരണങ്ങളെ മറച്ചുകളഞ്ഞു. പാറകൾ പൊളിയുകയും വാതിൽമറകീറുകയും ഭൂമി വിറയ്ക്കുകയും

ചെയ്തു. യൂദകെട്ടിഞാന്നു. മരിച്ചവർപുനരുത്ഥാനത്തിൻെറ സത്യത്തെ മുൻകൂട്ടികാണിച്ചുകൊണ്ട് ജീവിച്ചെഴുന്നേൽക്കുകയും കുരിശിക്കപ്പെട്ടവൻ സാക്ഷാൽ ദൈവമാകുന്നുവെന്ന് അട്ടഹസിക്കുകയുംചെയ്തു. സത്യമായിട്ടും ഇവൻ ദൈവ പുത്രൻ ആകുന്നു എന്ന് ശതാധിപൻ നിലവിളിക്കുകയും കള്ളൻ സ്തോത്രംചൊല്ലുകയുംചെയ്തു. നിൻെറ ശരീരത്തിൽനിന്ന് ആത്മാവ്വേർപെട്ടതിനാൽ ഞങ്ങൾക്കുവേണ്ടി മനസ്സോടെമരിച്ചതായി നീ കാണിച്ചു. ദൈവത്വംശരീരത്തിൽ നിന്നും ആത്മാവിൽനിന്നും അകന്നുപോകാതെ അവ രണ്ടിനേയും യോജിപ്പിച്ച് ഞങ്ങളുടെ മരണം ഞങ്ങൾക്കുവേണ്ടി നീ കൈയേറ്റു. അത് നിൻേറതായിട്ടല്ല, നിനക്ക് വേണ്ടിയുമല്ല. “എൻെറ പിതാവേ, എൻെറ ആത്മാവിനെ നിൻെറ കയ്യിൽ ഭരമേൽപ്പിക്കുന്നു” എന്നു പറഞ്ഞുകൊണ്ട് ഞങ്ങളെല്ലാവരുടെയും ആത്മാക്കളെ നിൻെറ പിതാവിനെ നീ ഭരമേൽപ്പിച്ചു. പാതാളത്തിലേക്ക്നീഇറങ്ങി, ‘ബന്ധനസ്ഥന്മാരേ പുറത്തുവരുവിൻ’ എന്നും ‘അന്ധകാരത്തിൽ അടിമകളായി കിടക്കുന്നവരേ വെളിച്ചത്തിലേക്ക് പോരുവിൻ’ എന്നും പറഞ്ഞുകൊണ്ട് അവിടെയുള്ള അടിമകളോടും ബന്ധനസ്ഥന്മാരോടും നീ സദ്വർത്തമാനം പ്രസംഗിച്ചു. ഞങ്ങളുടെ അടുക്കൽ പ്രവൃത്തിക്കുകയും ഞങ്ങൾക്കുവേണ്ടി നിർവ്വഹിക്കുകയും ചെയ്തിട്ടുള്ള അത്ഭുതങ്ങളെ പരശോധിച്ചുകൊണ്ട്സ്തുതിച്ചുപറയുന്നതെന്തെന്നാൽ, ഞങ്ങളെ പുതിയ സൃഷ്ടിയാക്കിത്തീർത്ത് നാശമില്ലായ്മയിലേക്ക് എഴുന്നേൽപ്പിക്കുവാനും പുനരുത്ഥാനത്തിൻേറയും ഉയിർപ്പിൻേറയും

ആശ ഞങ്ങളിൽവിതപ്പാനുമായിട്ട് നീ സൃഷ്ടിയെ വിളിച്ചു നിർത്തി. കുരിശിൽതൂങ്ങുകയും ഞങ്ങളുടെ കഷ്ടതകളിൽ സംബന്ധിക്കുകയും മരണത്തിന് അധീനനാകുകയും ചെയ്തതുപോലെ ഇത്ര മഹത്തരവും വിസ്മയനീയവുമായ ഒരു കാര്യമില്ല. ഇത് ഹേതുവായിട്ട് ഈ സുഗന്ധധൂപം മൂലം നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. ജഡത്തിൻെറ എല്ലാ വികാരങ്ങളെയും മോഹങ്ങളെയും മരവിപ്പിച്ച് നിൻെറ സ്ക്കീപ്പായെവഹിപ്പാനും നിൻെറ കഷ്ടാനുഭവങ്ങളിൽ സാദൃശ്യപ്പെടുവാനും ഞങ്ങളെ എല്ലാവരെയും നീ യോഗ്യരാക്കണമെ. ഞങ്ങളുടെക്രോധത്തെയുംനാശകരമായ മോഹത്തേയും കല്ലറയിൽ ഇട്ട്മൂടി നിന്നോടുകൂടി ഞങ്ങൾ സംസ്ക്കരിക്കപ്പെടുമാറാകണമെ. ഞങ്ങൾ നിന്നിൽനിന്ന് അക്ഷയമായ ജീവനെ നേടുകയും കർത്താവിനടുത്തതും ശാശ്വതവുമായ ഉയിർപ്പിൻെറ സന്തോഷത്തോടെ പ്രകാശത്തിൻെറ കൂടാരങ്ങളിൽ നിൻേറയും വാഴ്ത്തപ്പെട്ടവനായ നിൻെറ പിതാവിൻേറയും ഉത്തമനും വന്ദ്യനും സാരാംശത്തിൽ നിനക്കു സമനായിരിക്കുന്നവനുമായ പരിശുദ്ധറൂഹായുടേയും മഹത്വോന്നതത്തിൽ വസിക്കുകയും ചെയ്യുമാറാകണമെ. ഹോശോ----

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ

സ്വഭാവത്തിൽ ദൈവമായിരിക്കുമ്പോൾ തൻെറ ശ്രേഷ്ഠതയുടെ ഉന്നതാവസ്ഥയെ താഴ്ത്തി തിരുവിഷ്ടത്താൽ കഷ്ടാനുഭവത്തിനു വന്ന ദൈവപുത്രനെ മേലുള്ള ഈറേന്മാർ കണ്ടപ്പോൾ എത്രയും അത്ഭുതപ്പെട്ടു. ആദാമിൻെറ രക്ഷയ്ക്കുവേണ്ടിഎത്രയുംതാഴ്ത്തപ്പെടുകയും പാപത്തിൻെറ അടിമത്വത്തിൽനിന്ന് മരണമുള്ള വർഗ്ഗത്തെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവനായ നിനക്കു സ്തുതി.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

പിതാവിൻെറ അദൃശ്യോന്നതങ്ങളിൽനിന്ന് ശാപംനിറഞ്ഞ ഭൂമിയിലേക്ക് ദൈവം ഇറങ്ങി. ഭൂമി അതിൻെറ പാദവിന്യാസത്താൽ അനുഗ്രഹിക്കപ്പെടുകയും അതിൽനിന്ന് താൻ മുള്ളുകളെ ഉന്മൂലനം ചെയ്യുകയും എല്ലാവിധ നന്മകളും അതിൽ വിതയ്ക്കുകയും ചെയ്തു. എന്നാൽ സപ്രേന്മാരും പ്രീശേന്മാരും സാത്താൻെറ ദുരാലോചനയാൽ തൻെറ നേരെ പാഞ്ഞെത്തുകയും നിരപരാധിയായ തന്നെ കുറ്റമില്ലാത്തമരണത്തിന് അവർവിധിക്കുകയുംചെയ്തു. മൊറിയോ--

The watchers were greatly astonished when they saw the Son of God who, being God by nature, lowered the heights of His greatness and came down for voluntary passion. Glory to Him, who so much humbled Himself for the salvation of Adam and to set free the the mortal races from the servitude of sin.

Barekmore. Glory be to the Father,--- Unto the ages----

God came down from the invisible geights of His Father towards the earth full of curses, in order to bless it by His footsteps, and to uproot the thorns. He ‘sowed’ all sorts of blessings in it and the scribes and the priests assailed Him and by the vicious counsel of Satan, they condemned the innocent One to death without any fault. Moriyo--

വീണ്ടും കോലോ

തിരുവിഷ്ടത്താൽ ബലി ആയിത്തീരുകയും മരണം ആസ്വദിക്കുകയും താണിറങ്ങി ആദാമിനെ കരേറ്റുകയുംചെയ്ത മഹാപുരോഹിതനായുള്ളോവേ, നിൻെറ ജീവനുള്ളശബ്ദം നിദ്രപ്രാപിച്ചവരെ പുനരുത്ഥാനദിവസത്തിൽ കബറിൽനിന്നു പറുദീസായിലേക്കു വിളിച്ചു നിർത്തുമാറാകണമെ.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

നീ തീക്കൽപ്പാറ തുറന്ന് അബ്രാഹാമിൻെറ പുത്രിയെ കുടിപ്പിക്കുകയും നിന്നെദ്വേഷിച്ചവൾക്കു മന്നായുംകാടപ്പക്ഷിയും ഭക്ഷണമായി കൊടുക്കുകയുംചെയ്തു. നിന്നെ തള്ളിപ്പറയാതിരുന്ന സത്യമണവാട്ടിയായതിരുസഭയ്ക്കു, നിൻെറവിലാവ് തുറന്നുകൊടുക്കുകയും നിൻെറ വിലയേറിയതിരുരക്തം അവളെ കുടിപ്പിക്കുകയുംചെയ്തു.

The great High Priest Who voluntarily became sacrifice and tasted death and lowered Himself and redeemed Adam. On the day of resurrection,

may Your Living Son call and raise of life those who are fallen asleep from the tombs to Paradise.

Barekmore. Glory be to the Father,--- Unto the ages----

You opened the flinty rock and gave drink to Abraham’s daughter, and fed those who hated You with manna and quail. You opened Your side and gave Your precious blood as drink to the Church, Your true bride who did not renounce You.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܦܪܘܩܢ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܗ ܕܡܠܟܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

യൂദന്മാരാം നീചന്മാർക്കായ്
സ്വയമേൽപ്പിച്ചോൻ ജഗതീവീരൻ
വെന്നെന്നോർത്താ മൂഢാത്മാക്കൾ
നാഥൻ വീര്യം സ്വയമേ താഴ്ത്തി
ബന്ധിക്കാൻ വ-ന്നോർ പിടികൂടി.

ദൈവം പോൽ നാ-ഥൻ ഭൂതത്തെ
നീക്കി ബേൽസ്സാ-ബൂബാലെന്നാർ
‘പൈശാച്യം ത-ന്നത്ഭുതങ്ങൾ’
കേടറ്റോനെ നിന്ദിച്ചീടാൻ

അവരുടെയുള്ളിൽ സാത്താൻ മേവി.

ഈറേ മാലാ-ഖാമാർ നാഥാ
ആർ പാടീടും നിന്നുടെ സ്തോത്രം
സ്തോത്രം ഘോഷം വേണ്ടെന്നാലും
കീർത്തിപ്പോരെ പാരിൽച്ചേർത്തു
സ്തുതിതേ നാഥാ തവ താതന്നും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܳܢܽܘܟ ܟܽܠܗ ܒܒܶܡܳܐ ܕܕܺܝܢܳܐ
ܒܝܽܘܡ ܕܺܝܢܳܐ ܠܐ ܡܶܢܝ ܠܰܒܢܳܟ ⁜ ܡܶܢܝ ܘܚܳܣ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܢ ܕܐܶܬ݂ܚܰܫܰܚܠܰܢ ܚܫܳܐ ܕܡܳܐ ܕܣܰܓܺܝܐܶܐ
ܒܚܰܫܳܐ ܕܗܘܳܐ ܡܫܺܝܚܳܐ ܘܡܰܠܟܽܘܬܳܐ ܢܺܐܪܰܬ ⁜
ܐܠܗܢ ܕܚܫܚܠܝܢ ܡܳܪܢ ܚܽܘܣ ܘܪܰܚܶܡ ܥܠܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽനേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ഉടയോനെ കൊലചെയ്‌വാനായ്
കുരിശുമരം പണിയിച്ചോരാം
ഇസ്രേലിന്നായ്‌വിലപിപ്പാൻ മൂശാനിബിയേ വന്നിടുക

അബറാഹാമിസഹാക്ക് യാക്കോ-
ബെന്നിവരേയും കൊണ്ടുവരൂ. ദേവാ ദയ---

2 അത്ഭുതശക്ത്യാ കൊണ്ടിഹ വ-
ന്നത്ഭുതകർമ്മ സമന്വിതമായ്
ആ മുന്തിരിലത മോശാഖ്യൻ
നട്ടു പുഷ്ടിയെഴും ധരയിൽ
തോട്ടത്തിൽ കാലുകൾ നാട്ടി
ചട്ടത്തിൽ വേലികൾ കെട്ടി. ദേവാ ദയ--

3 കൃപയും നീതിയുമാം കായ്കൾ
കൊല്ലംതോറും നൽകിടുവാൻ
ചക്കു കുഴിച്ചിട്ടാൻ പിന്നീ-ടുന്നതഗോപുരവും കെട്ടി
നന്മ ലഭിച്ചോരു തോട്ടമഹൊ
പകരം നൽകി കാട്ടുകനി. ദേവാ ദയ--

4 ഇത്തോട്ടത്തൊടു ഞാൻ ചെയ്യാൻ
പോകുന്നതു കേൾപ്പിൻ നിങ്ങൾ
ഏൽപ്പിച്ചോരു നിയമാവലിയാം
വേലിക്കെട്ടു പൊളിക്കും ഞാൻ
തിരുബലിയിങ്ങുണ്ടാകായ്വാൻ
ചക്കുതകർക്കും നിർമ്മൂലം. ദേവാ ദയ--

5 ഉപദേശം മതിയാക്കാൻ ഞാൻ
നിബിയന്മാരൊട് കൽപ്പിക്കും
കിളയും വളവും കൂടാതീ
വിളയെന്നേക്കും പാഴാകും. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

സൂഗീസോ - ഹൊക്തീലുബ് മെസ്രേൻ - എന്ന രീതി

1. ഞങ്ങൾക്കായേ-റ്റൊരു ഹാശാ ധന്യം
വ്യഥയുണ്ടാക്കിയതാം ബലിയും ധന്യം.

2. ഇരുകുഞ്ഞാടുകൾ തൻ മദ്ധ്യേ നിന്നു
പെസഹായും പൊരുളും ശിഷ്യർ തിന്നു.

3. സൂചന നേരിവ ത-ന്നിടയിൽ ശിഷ്യർ
സൂചന നീങ്ങിപ്പോയ് നേരതു കണ്ടാർ.

4. പത്തീറാ നൽകി മിസറേം ദേശം
സഭ പകരം ജീവ-ൻറപ്പം നൽകി.

5. മൃതികരമാമപ്പം ഹവ്വാ നൽകി
അപ്പം ജീവകരം മറിയാ നൽകി.

6. ഭക്ഷിച്ചു പെസഹാ-ക്കുഞ്ഞാടിനെയാ
സത്യത്തിൻ കുഞ്ഞാ-ടായോനന്നാൾ.

7. നിഴലോടി പൊരുൾ ത-ന്നുദരം പൂകി
സൂചനകൾ ശുദ്ധ-സ്ഥാനേ നിന്നു.

8. പൂർണ്ണത സർവ്വത്തി-ന്നും നൽകുന്നോൻ
മുൻകുറി പോലെല്ലാം നിറവേറ്റുകയായ്.

9. നാഥൻ തൃക്കൈയ്യാ-ലാറാം ദിവസം
സൃഷ്ടിപരം കർമ്മം നിറവേറ്റിയപോൽ.

10. ആറാം നാൾ സുവിശേ-ഷം കേട്ടപ്പോൾ
പറുദീസാ-പാരം പ്രമദം പൂണ്ടു.

11. ആറാം നാളാദാ-മേറ്റാൻ ശാപം
മൃതി പാതാ-ളങ്ങൾ സന്തോഷിച്ചു.

12. പെസഹാക്കുഞ്ഞാടിൻ വലുതാം പെരുന്നാൾ
മലരുകൾ തൻ മാസം തന്നിൽ വന്നു.

13. സുമസഹിതം നീസാൻ മാസം തന്നിൽ
നോമ്പും വന്നതിനാൽ മോദിച്ചേങ്ങൾ.

14. പെസഹാ മെസറേനെ കൈയ്യേറുകയാൽ
ഉളവായി ക്ഷോഭം മണവാട്ടികളിൽ.

15. അടിമനുകം നീക്കി ബദ്ധന്മാർക്ക്
വിടുതൽ നൽകിയതാം പെരുന്നാളിതു താൻ.

16. കൊണ്ടിഹ പോയ് നരരേ മരുവിൽ മോശ
നല്ലുടയാടകളാൽ മരു ഭൂഷിതയായ്.

17. യുവതികൾ ബാലകരും ശൂശാനയുടെ
കുസുമാലങ്കാര-ത്താൽ ശോഭിച്ചു.

18. ഹതനാം കുഞ്ഞാട-ച്ചെന്നായ്പ്പടയെ
നിഹനിച്ച മിസറേ-മിനെയും വീഴ്ത്തി.

19. ഹിതമായ് ദൈവത്തിൻ കുഞ്ഞാടും നൽ
പെസഹക്കുഞ്ഞാടും നീസാൻ മാസേ.

20. വാരിധി ഭൂമദ്ധ്യേ പാടി മോശ
മുങ്ങിയവർ കടലിൽ മറ്റോർ കരയിൽ.

21. കൊടിയടയാളത്താൽ കടൽ മോശയ്ക്ക-
ങ്ങടിയാൻ പോലന്നാ-ളടിപെട്ടല്ലോ.

പെത്ഗോമോ

ഹാ- ഹാലേലൂയ്യാ വായ്കളെയവരാകാശത്തിൽ വച്ചു
നാവുകളൂഴിയിലൂടാടി ഹാലേലൂയ്യാ

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡ ܥܠܡܝܢ܀ܐܡܝܢ܀

ܘܐ̈ܢܫܝܗܘܢ ܩܝܡܐ ܡܢ ܩܕܡ ܦܘܩ ܡܫܝܚܐ ܘܡ̈ܠܐܟܘܗܝ܀ ܀ܡܘܙܡܘܪܐ܀

ഏവൻഗേലിയോൻ

വി. മത്തായി 12. 38 - 45. വി. ലൂക്കോസ് 11, 53 - 54

വേദപണ്ഡിതരിലും പരീശരിലും ചിലർ യേശുവിനോട്, ഗുരോ, നിന്നിൽനിന്ന് ഒരു അടയാളം കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നുഎന്നുപറഞ്ഞു. യേശു ഉത്തരമായി അവരോട് അരുൾ ചെയ്തു. ദുഷിച്ചതും അവിശ്വസ്തവുമായ തലമുറ അടയാളം അന്വേഷിക്കുന്നു. യോനാ പ്രവാചകൻെറ അടയാളമല്ലാതെ വേറെഅടയാളം അതിനു ലഭിക്കുകയില്ല. യോനാ മൂന്നു പകലും മൂന്നു രാവും തിമിംഗലത്തിൻെറ ഉള്ളിൽ ആയിരുന്നു. അതുപോലെതന്നെ മനുഷ്യപുത്രനും മൂന്നു പകലും മൂന്നു രാവും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. നിനുവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടുകൂടെ എഴുന്നേറ്റ് ഇതിനെ കുറ്റപ്പെടുത്തും. അവർ യോനായുടെ

പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടു. ഇവിടെ ഇതാ യോനയേക്കാൾ വലിയവൻ. തെക്കേദേശത്തെ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോടുകൂടെ എഴുന്നേറ്റ് ഇതിനെ കുറ്റം വിധിക്കും. അവൾ ശലോമോൻെറ ജ്ഞാന വചനങ്ങൾ കേൾക്കുവാൻ ഭൂമിയുടെ അതിർത്തികളിൽ നിന്നുവന്നു. ഇവിടെ ഇതാ ശലോമോനേക്കാൾ വലിയവൻ. അശുദ്ധാത്മാവ് ഒരു മനുഷ്യനിൽനിന്ന് പുറപ്പെട്ടുപോകുമ്പോൾ അത് ആശ്വാസം തേടി വരണ്ട സ്ഥലങ്ങളിൽ അലഞ്ഞുനടക്കുന്നു. എന്നാൽ കണ്ടെത്തുന്നുന്നില്ല. അപ്പോൾ അശുദ്ധാത്മാവ്, താൻ പുറപ്പെട്ടുപോന്ന എൻെറ ഭവനത്തിലേക്കുതന്നെ തിരിച്ചുചെല്ലുമെന്ന്പറയുന്നു. അത് തിരിച്ചുവരുമ്പോൾ ആ ഭവനം ഒഴിഞ്ഞും അടിച്ചുവാരി അലങ്കരിക്കപ്പെട്ടതുമായി കാണുന്നു. അപ്പോൾ അതു പോയി തന്നേക്കാൾ ദുഷ്ടതയുള്ള വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടുവന്ന് അവിടെ കയറിപാർക്കും. അങ്ങനെ ആ മനുഷ്യൻെറ അവസാനം ആദ്യത്തേതിനേക്കാൾ കഷ്ടതരമായിത്തീരുന്നു. ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെതന്നെ സംഭവിക്കും. യേശു ഇവ അരുളിച്ചെയ്യുമ്പോൾ വേദപണ്ഡിതരും പരീശരും കഠിനമായി കോപിച്ച് അവനെ നിശിതമായി വിമർശിക്കുവാൻ തുടങ്ങി. അവനെ വാക്കിൽകുടുക്കി ദോഷാരോപണം ചെയ്ത് പിടികൂടുവാൻ തക്കം നോക്കിക്കൊണ്ട് അവർ പലതും അവനോട് ചോദിക്കുകയും ചെയ്തു.

ܒܥܘܬܐ ܕܡܪܝ ❊ ܩܘܪܝܠܘܣ ❊

രണ്ടാം കൗമാ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം ഈ രാവിൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us - kneel and adore Him- this night time.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܚܫܐ ܕܟܠܢ ܐܦܪܩ ܡܫܝܚܐ ܠܗ
ܠܡܣܓܕ ܕܩܘܡ ܒܫܘܒܚܗ ܢܩܪܐ ❉ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܛܒܐ * ܘܠܪܘܚܐ ܩܕܝܫܐ ܘܡܚܝܢܐ
ܘܣܘܓܕܬܐ * ܘܬܘܕܝܬܐ ܘܐܝܩܪܐ ܘܫܘܒܚܐ * ܠܥܠܡ ܥܠܡܝܢ
ܐܡܝܢ ܘܐܡܝܢ * ܡܪܝ ܚܘܣ ܘܪܚܡ ܥܠܝܢ ܘܥܕܪܝܢ
ܘܡܫܒܚܐ * ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ - കും-പൌലോസ് എന്നപോലെ

സ്തുതി, മൃതിയാർന്നോനേ വീണ്ടുമുയിർത്തോനേ

മൃതിഹീനാ പ്രാണ-പ്രദനേ സ്തോത്രം.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമെ, കർത്താവേ, ഉത്തര മരുളിചെയ്ത് ഞങ്ങളോടു കരുണചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കുസ്തുതി, ഞങ്ങളുടെകർത്താവേ നിനക്കുസ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

ܦܪܘܡܝܘܢ

ܝܐܐ ܠܟ ܘܙܕܩܐ ܘܫܦܝܪܐ ܗܘ ܩܠܐ ܕܫܘܒܚܐ ✱ ܩܠܐ ܡܫܒܚܢܐ

ܪܒܐ ܠܟ ܘܪܡܐ ✱ ܠܡܫܒܚܘ ܘܠܡܪܘܪܡܘ ܘܠܡܩܠܣܘ

ܘܠܡܘܕܝܘ ܠܚܕ ܡܫܝܚܐ ܦܪܘܩܐ ܕܟܠ ܥܠܡܐ ܘܗܘ

ܘܠܟܠܗܘܢ ܡܠܘܗܝ ܦܘܩܕܢܘܗܝ ✱

തന്റെ ശ്രേഷ്ഠതയുടെ ബലത്തിൽ മഹത്വമുള്ളവനും തന്റെ താഴ്മയുടെ സമൃദ്ധിയിൽ വന്ദ്യനും തന്റെ മഹത്വത്തിൽ സകലത്തേക്കാളും ഉന്നതനും തന്റെ സ്നേഹത്തിൽ എല്ലാവരെക്കാളും വിനയപ്പെട്ടവനും തന്റെ രക്ഷയിൽപൂർണ്ണനും തന്റെ ഉന്നതിയിൽ ഏകനും തന്റെ വചനശക്തിയാൽ സകലത്തേയും വഹിച്ചിരിക്കുന്നവനും തന്റെ കരുണനിമിത്തം തിരുമനസ്സായതിനാൽ പിടിക്കപ്പെട്ട വനും തന്റെ ഉദയത്താൽ സകലത്തേയും ആനന്ദിപ്പിക്കു കയും തന്റെ കഷ്ടാനുഭവത്താൽ സകലത്തേയും ശക്തിപ്പെടുത്തുകയും ചെയ്ത മഹത്വമുള്ളവനുമായ

തനിക്ക് സ്തുതി. തനിക്ക് രാത്രിപ്രാർത്ഥനയുടെ രണ്ടാം കൗമായുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܦܘܪܐ

കർത്താവേ, നിൻെറ ശരീരത്തിൽ സകല രഹസ്യങ്ങളെയും നിവർത്തിക്കുകയും ന്യായപ്രമാണഭാഷയിൽപറയപ്പെട്ടവയെ സ്ഥിരപ്പെടുത്തുകയും പഴയ തിരുവെഴുത്തിനെ മാറ്റി വെയ്ക്കുകയുംചെയ്തു. നീ മദ്ധ്യത്തിലുള്ള വേലിയെ പൊളിക്കുകയും നിൻെറ കൽപ്പനയാൽ കൽപ്പനകളുടെ ശത്രുതയെ മായിച്ചുകളയുകയും യഹൂദന്മാരെയും വിജാതിയരെയും പുതിയ മനുഷ്യരാക്കി പൂർണ്ണതയിലേക്ക് വരുത്തുകയും ചെയ്തു. വലിയ സമാധാനമാകുന്ന നിനക്ക് എതിരായി സപ്രേന്മാരാകുന്ന സമുദ്രം അടിച്ചു കയറുകയും പുരോഹിതന്മാരാകുന്ന പ്രളയം നിനക്ക് വിരോധമായി ക്ഷോഭിക്കുകയും ചെയ്തു. അപ്പോൾ ശാന്തമായി ദീർഘക്ഷമയോടെ നീ വർത്തിച്ചു. നിൻെറ സ്ക്കീപ്പായുടെ ചുവടുകൊണ്ട് ഹർമ്മോനാ സർപ്പത്തെ ചതപ്പാൻ ഒരുങ്ങിയിരിക്കുമ്പോൾ അസൂയമൂലം പിടിപെടുവാനായിട്ട് ആന്തരികസർപ്പത്തിൻെറ വിഷം നിൻെറ മേൽ ഒഴുക്കിയ ഉറവയും, സ്വയം ഏൽപ്പിക്കുകയും പിടിക്കപ്പെടുകയും നിൻെറ ഉൺമയെ താഴ്ത്തി ഇറങ്ങിവന്നതിനാൽ പിടിക്കപ്പെടുകയുംചെയ്തു. നിനക്ക് തിരുമനസ്സായി ജഡം

ധരിച്ചതിനാൽബന്ധിക്കപ്പെടുകയും ഇറങ്ങിവന്നു ജഡമെടുത്തതിനാൽ അടിയേൽക്കുകയുംചെയ്തു. ശക്തനും മാതാവിൻെറ ഉദരം തന്നെ പ്രസവിച്ചതിനാൽ മോഗുൽത്താതന്നെകൈക്കൊള്ളുകയും ഗർഭപാത്രം നിനക്കുമതിയായതുകൊണ്ട് കബർ നിനക്ക് ഒരുക്കപ്പെടുകയുംചെയ്തു. ഞങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളെ വെറുപ്പുകൂടാതെ നീ കൈക്കൊള്ളുകയും കുരിശിൽ മരണത്തെ ആവലാതികൂടാതെ സഹിക്കുകയും ചെയ്തു. നീ കരുണയോടെ തിരുമനസ്സായി ജഡമെടുത്തതിനാൽ മരിപ്പാൻ പ്രാപ്തനാകുകയും ഞങ്ങളെപ്പോലെ ആയിത്തീർന്നതിനാൽ കബറക്കപ്പെടുകയുംചെയ്ത ജീവനുള്ളവനാകുന്നു. നിൻെറ ജീവൻ നിന്നിൽ സൂക്ഷിക്കപ്പെട്ടിരിക്കുമ്പോൾ നിൻെറ കരുണമൂലം മരിച്ചവനെപ്പോലെ ആയിത്തീർന്നവനായി മരിച്ചവരെ ഉയിർപ്പിക്കുന്നവനുംആകുന്നു. ദാരിദ്ര്യത്താൽ നിൻെറ സമ്പത്തിനെ മൂടുകയും നിൻെറ ദൈവത്വത്തെ നിൻെറമനുഷ്യത്വത്തിൽമറച്ചുവെയ്ക്കുകയും അധികാരികൾ നിന്നെക്കണ്ടിട്ട് നിന്നെ അറിയാതിരിക്കുകയും നിൻെറ താഴ്മകൊണ്ട് നീ പിശാചുക്കളെലജ്ജിപ്പിക്കുകയും നിൻെറ ബലഹീനതയാൽ പ്രഭുക്കന്മാരെനാണിപ്പിക്കുകയും ജ്ഞാനികളെ മായിച്ചുകളയുകയും നിന്നെക്കുറിച്ച് താർക്കികന്മാരുടെ ഇടയിൽ തർക്കമുണ്ടാകുകയും ജ്ഞാനികൾ പരാജയമടഞ്ഞ അതിശയവും നീയാകുന്നു. നിന്നെക്കുറിച്ച് തത്വജ്ഞാനികൾ വ്യാഖ്യാനിപ്പാനായിട്ട് നോക്കിയെങ്കിലും വ്യാഖ്യാനിക്കുവാൻകഴിഞ്ഞില്ല. നിന്നെപരിശോധിച്ചറിയുവാൻ

നോക്കിയെങ്കിലും അവർക്ക് അതിന് കഴിഞ്ഞില്ല. ഞങ്ങളുടെ മശിഹാ തമ്പുരാനേ, നിർണ്ണയിക്കപ്പെടുവാൻ വഹിയാത്ത ദൈവമേ, ഞങ്ങൾ ഈ പരിമളധൂപം നിനക്ക് അർപ്പിച്ച് അപേക്ഷിക്കുന്നു. നിൻെറ ജീവിപ്പിക്കുന്ന രക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിൻെറ വിശുദ്ധസഭയെ നിൻെറസ്നേഹംമൂലം നീ ദർശിക്കണമെ. വഴിതെറ്റിപ്പോയ പുറജാതികളുടെ അഹങ്കാരത്തെ മായിച്ചുകളയണമെ. വേദവിരോധികളുടെ ഉയർച്ചയെ വേഗത്തിൽ ഇടിച്ചു നിരത്തണമെ. നിൻെറ വിശുദ്ധരക്തത്താൽ നീ രക്ഷിച്ചിട്ടുള്ള നിൻെറ അവകാശമായ സഭയ്ക്കുവേണ്ടി നീ സംരക്ഷണം ചെയ്യുന്നവനായിരിക്കണമെ. എല്ലാ പള്ളികളിലും ഭവനങ്ങളിലും സന്യാസമഠങ്ങളിലും സത്യ വിശ്വാസത്തെ സ്ഥാപിക്കണമെ. ഞങ്ങൾ എല്ലാവരെയും നിൻെറ രാജ്യത്തിന് യോഗ്യരാക്കണമെ. ഞങ്ങളെ നിൻെറ പ്രകാശത്തിൻെറ മക്കളാക്കിത്തീർക്കണമെ. എന്തെന്നാൽ നീ കരുണയുള്ളവനും കൃപാസമൃദ്ധിയുള്ളവനും ആകുന്നുവല്ലോ. ഞങ്ങൾ നിനക്കും നീ മുഖാന്തരം നിന്നോടുകൂടെ നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

സത്യത്തെ ദ്വേഷിച്ചവരായ യൂദന്മാർ യേശുതമ്പുരാന് എതിരായി കൂടി. തൻെറ സർവ്വനന്മകൾക്കുംപകരം അവർ തിന്മ പ്രതിപകരം നൽകി. തന്നെ തൂക്കുവാൻ അവർ മരം ഒരുക്കുകയും അന്യായക്കാരോടൊരുമിച്ച് തന്നെ ഗണിക്കുകയുംചെയ്തു. ലോകരക്ഷകനായ താൻ നമ്മെ കൂട്ടിച്ചേർക്കുകയും അവരെ ചിതറിക്കുകയുംചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എൻെറവാത്സല്യവാന്മാരേ, മണവറയ്ക്കുള്ളിൽവേശ്യാദോഷം ചെയ്ത, മണവാളനെ സ്ക്കീപ്പായിൽ തൂക്കിയ, മണവാട്ടിയായി ക്രൂശകയായ സെഹ്യോനെയല്ലാതെ ആരെ എവിടെ കണ്ടിട്ടുണ്ട്? അവൾ കാളക്കുട്ടിയേയും ബാലിനെയും വന്ദിക്കുകയും നല്ലവനെ മരത്തിൽ തൂക്കുകയുംചെയ്തു. വേശ്യയെ പുറത്താക്കുകയും അവൾക്കുപകരം സഭയെ തനിക്കു വിവാഹം നിശ്ചയിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ--

The Jews who hate the truth were furious against Jesus and rewarded Him with evil for all His graciousness. They prepared the wood for His crucifixion. They reckoned Him with the wicked. Jesus the Savior gathered us together and scattered them. Barekmore. Glory be to the Father,- Unto the ages--

My beloved, where and when have you seen the bride who committed fornication inside the bridal

chamber and suspended her bridegroom on the Cross, except Zion the one who crucified Him? She worshipped the calf and bull and suspended the Good One on the tree. Blessed is He Who had driven out the harlot and betrothed the Church instead of her. **Moriyo---**

എത്രൊ

ദൈവമായിരിക്കുന്ന അവസ്ഥയിൽനിന്ന് അശേഷം ഭേതപ്പെടാതെ തന്നെത്താൻശൂന്യമാക്കി ദാസൻെറ സാദൃശ്യമെടുത്ത് സാക്ഷാൽ മനുഷ്യനായിത്തീർന്ന ദൈവത്തിൻെറ ജീവനുള്ളകുഞ്ഞാടും ഞങ്ങളുടെ സ്തോത്രത്തിൻെറ പ്രധാന പുരോഹിതനുമായ മശിഹാതമ്പുരാനേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചതായ ഈ സുഗന്ധധൂപത്താൽ ഞങ്ങൾ നിൻെറ കഷ്ടാനുഭവത്തിൽ കഷ്ടമനുഭവിപ്പാനും നിൻെറ താഴാഴ്മയിൽസാദൃശ്യപ്പെടുവാനും നിൻെറ എല്ലാ വിശുദ്ധന്മാരോടുംകൂടെ നിൻെറ സ്വർഗ്ഗരാജ്യത്തിൽ സന്തോഷിപ്പാനും നിൻെറ അപരിമിതമായ കരുണയാൽ ഞങ്ങൾക്ക് സംഗതിയാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ.

Jesus Christ, the Living Lamb of God and the High Priest of our religion, Who emptied Yourself and took the likeness of a servant and truly became

man, You did not change at all from Your state of being God.

വീണ്ടും കോലോ - കൂക്കോയോ

ഇന്നാൾ നാഥൻ സത്യത്തിൻ ദർശകർ ഘോഷിച്ച
ദിവ്യരഹസ്യം ദൃഷ്ടാന്തം സർവ്വം വെളിവാക്കി
യൂദജനത്താൽ പീഡിതനാമെന്നും
മൃതിയാലുലകം രക്ഷിതമാമെന്നും
വീണ്ടും താൻ വന്നിടുമെന്നും നിബി വാക്യത്താലും
താതന്മാരുപമകളാലും മുമ്പേ അറിയിച്ചു
ഹാലേലുയ്യാ സ്തുത്യം തദ്വിനയം. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ-ഹാലേലുയ്യാ

ക്രൂശിതനാം ദൈവസുതൻ തൻ സ്നേഹത്തീന്നാർക്കും
എന്നെയകറ്റാനെളുതല്ലെന്നേവം സഭ ചൊൽവൂ
ഉടയോനീശോ നിന്നെ വാഴ്ത്തുന്നേൻ
പ്രഭയാമീശോ മശിഹായാം ദൈവം
ജഡമാർന്നൊരു വചനം തന്നെ നരനായൊരു ദൈവം
സസ്നേഹം യാതനയേറും മരണം കൈക്കൊണ്ടു
ഹാലേലുയ്യാ നമ്മെ രക്ഷിച്ചു.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܗܘ ܡܘܟܟܗ ܕܡܫܡܠܝܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നാഥാ നിൻ താഴ്മയെ വർണ്ണി-പ്പാൻ
വായ്കൾ പതിനായിരവും പോരാ
കർത്താവേ നിൻ ശ്രേഷ്ഠം ഭാവം
പാടേറ്റീടാ-നെത്രത്തോളം
താണെന്നോതാൻ നാവുകൾ പോരാ.

മശിഹായെ പി-ടികൂടിയ യൂദർ
തോൽപ്പിച്ചവനെ ക്രൂശിച്ചില്ല
ആദത്തെ പറു-ദീസായേറ്റാൻ
പകരം മരണം നുകരാനായി
മൃതി പൂകീടാൻ സ്വയമേൽപ്പിച്ചാൻ.

മഹിമാധീശാ സകലാധീശാ
സ്തോത്രം സർവ്വം പാരം ശ്രേഷ്ഠം
ഈലോകത്തെ നീ രക്ഷിച്ചു
അർപ്പിക്കുന്നു സ്തോത്രം ഞങ്ങൾ
നിൻ താതന്നും റൂഹ്ക്കുദിശായ്ക്കും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܳܚܶܡ ܠܗ̇ ܒܒܰܣܪܳܐ ܕܪܳܚܡܰܝ
ܠܒܰܪܢܳܫܳܐ ܥܒܶܕ ܡܢܶܗ ܠܐ ܐܶܬܚܰܫܰܫ ✤ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ✤

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܡܰܟܰܟ ܒܚܘܒܳܟ ܚܠܳܦ ܕܚܰܘܒܶܝܢ
ܒܚܘܒܳܟ ܗܘܳܐ ܚܛܺܝܬܳܐ ܘܡܰܠܟܘܬܳܟ ܠܢ ܐܝܬܝ ✤

ܐܠܗܐ ܪܚܡܢܐ ܡܢ ܒܚܫܝܟ ܚܘܣ ܥܠܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

തങ്ങടെ മലിനത മറവാക്കാൻ
നിൻെറ കൊലയ്ക്കവർ വിളികൂട്ടി
കനിവതി ദുഷ്ടാത്മാക്കളിലും
കാട്ടിയ നിൻ വിനയം ശ്രേഷ്ഠം
പകയാൽ നിന്നെ നിന്ദിതയാം
കൂരിശിൽ തൂക്കിയ ജനതയ്ക്കായ്

സ്വർഗ്ഗപിതാവേ ദുഷ്ടത വി-ട്ടിവരനുതാപം പൂണ്ടെന്നാൽ
അജ്ഞതയാലയ്യോചെയ്യും തെറ്റിനു മാപ്പേകീടണമേ
ശീഘ്രം മോചനമേകീടാൻ നാഥാ നീയർത്ഥിച്ചല്ലോ
താപം തീണ്ടാതധമന്മാർ മോചനമങ്ങു പുറന്തള്ളി. ദേവാ--

താതനു രമ്യത യാതനയാൽ
ഉളവാക്കിയ നീ സ്തുത്യർഹൻ
നിന്നിടവക അതിനിർമ്മലമാം
മനമൊടു നിന്നെ കീർത്തിപ്പൂ
പീഡകളേറ്റതിനാൽ നിൻ പേർ-
ക്കതുമഹിമാമുടി മുടയുന്നു
ആയിരമായ് പതിനായിരമായ്

കർത്താവേ സ്തുതി തേ, സ്തുതി തേ
സ്തുതി തേ താതനു റൂഹായ്ക്കും
സ്തുതിയെന്നെന്നേയ്ക്കുംസ്തോത്രം. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

മദറോശോ - കുംപൗലോസ്

1. ശിഷ്യരുമായെത്തി മാളികയിൽ നാഥൻ
ദൃഷ്ടാന്തം സർവ്വം നിറവേറ്റീടാൻ
വിനയസമുദ്രത്തി-ന്നടിയോളം ചെന്നാൻ
തന്നെത്താൻ താഴ്ത്തി ബലവാനീശൻ
സകലത്തിൻ നാഥൻ നിഖിലത്തിൻ ദൈവം
ജീവരഥത്തിന്മേൽ ആഘോഷിത-നായീ-ടുന്നോൻ
മാതൃകയാവാനായ് വിനയത്തിൻ മാർഗ്ഗം
ശിഷ്യർക്കായ് കാട്ടാൻ ഉള്ളിലുറച്ചാൻ.

2. ദൈവിക സൗധത്തിൽ ദാസന്മാർ വന്നു
യജമാനൻ നിന്നു മുൻഭാഗത്തായ്
തോർത്തരയിൽ ചുറ്റി നിന്നു കുനിഞ്ഞീശൻ
ശിഷ്യസമൂഹത്തിൻ കാൽ കഴുകീടാൻ
വഞ്ചകയൂദാതൻ കാലും നീ കഴുകി
മനുജകുലസ്നേഹം നിന്നെയഹോ പാരം താഴ്ത്തി
കരുണ നിറഞ്ഞോനേ ഉത്തമനേ സ്തോത്രം
പാടേറ്റോനേ നിൻ സ്നേഹം സ്തുത്യം.

3. നേരിലുറച്ചോരായ് നിർമ്മലരായ് മേവും
കുഞ്ഞാടിൻ കൂട്ടം സ്വീകൃതമായി
മനുജസ്നേഹത്താ-ലവരർക്കൊന്നൊപ്പം
ശോഭിപ്പാൻ കർത്താ-വാഗ്രഹമാർന്നു
അത്ഭുതകാര്യങ്ങൾ ചെയ്‌വാൻ കെൽപ്പേകി
അധികാരംനൽകി പദവികൾ വാ-ഗ്ദാനംചെയ്തു
സാഘോഷം കർത്താ-വാഗതനാകുമ്പോൾ
വിധിപീഠത്തിന്മേ-ലവരുമിരിക്കും.

4. അഗ്നിമയന്മാരാൽ സേവിതനാകുന്നോൻ
ജീവനൊടങ്ങാളി-ക്കത്തിടുമഗ്നി
പൂഴിയതിൻ മുമ്പിൽ തൻ തലയും താഴ്ത്തി
കാൽകഴുകീടാനായ് അർത്ഥിക്കുന്നു
ക്രോബേ സ്രോപ്പേന്മാർ കീർത്തിച്ചീടുന്നോൻ
ജീവരഥത്തിന്മേൽ സ്ഥിതിചെയ്യും സർവ്വാ-ധീശൻ
നിന്നു ശീമോൻ മുമ്പിൽ തൻതലയും താഴ്ത്തി
സ്തുത്യൻ താനേവം വിനയം പൂണ്ടോൻ.

5. മണ്ണാമെൻ പാദം കഴുകുംമട്ടേവം
സ്വർഗ്ഗീയാ പാരം താണീടരുതേ
എൻ കർത്താവേ ഞാൻ നിന്ദിതമാം പൂഴി
എങ്ങനെയിക്കാര്യം നീ ചെയ്തീടും
ആദാമിൻ താതാ സൃഷ്ടികൾതൻ നാഥാ
ഞാൻ നിൻ ശ്ലീഹാ താൻ എന്നെ ലജ്ജിപ്പിക്കല്ലെ
എൻ കർത്താവേ ഞാൻ പേടിക്കുന്നേറ്റം
ഗുരുനാഥാ, നീയെൻ കാൽ കഴുകേണ്ടാ.

6. വെള്ളം പാത്രത്തിൽ കോരിയൊഴിച്ചീശൻ
പ്രഥമൻ ശീമോനോ-ടേവമുരച്ചു
വരിക-ശീമോനേ നീ എന്നരികെ വേഗം
നിന്നുടെ പാദങ്ങൾ ഞാൻ കഴുകട്ടെ
തൻ പണിയായീടും പൂഴിയതാം പാദം
കഴുകിയ വാനോനേ-സ്തുത്യംത-ന്നെ നിൻതാഴ്മ
എവ്വിധമിക്കാര്യം നേരിടുമെന്നോർത്ത്
ശീമോനത്യന്തം സംഭ്രമമാർന്നു.

7. ശീമോനേ ശീഘ്രം നിന്നിഷ്ടം തള്ളി
എന്നിഷ്ടത്തെ നീ കൈക്കൊള്ളേണം
വിനയത്തിൻ മാർഗ്ഗം കാട്ടിത്തന്നീടാം
കീപ്പായേ നിൻ കാൽ-ഞാൻ കഴുകട്ടെ
നീയും ചെയ്തേവം സ്വർഗ്ഗീയന്മാരെ
വീഴ്ത്തിയതാം വൻ നിഗളത്തെ നീ-ക്കി-ടേണം
കാൽകഴുകീടാനായ് തൻ തലയും താഴ്ത്തി
അർത്ഥിച്ചാൻ നാഥൻ ശിഷ്യനൊടേവം.

8. എന്തിനു ശീമോനേ തർക്കിക്കുന്നേവം
എതിരായ് നിൽക്കാതെൻ വചനം കേൾക്ക
വായുതലത്തിങ്കൽ കാവലിരിപ്പോനെ
പോരിൽ തോൽപ്പിച്ചീടാൻ ഞാനിച്ഛിപ്പൂ
കേൾക്കുക ശീമോനേ നീ തന്നിഷ്ടത്താൽ
എന്നെ മറുത്തെന്നാൽ ഇല്ല നിന-ക്കെൻശി-ഷ്യത്വം
ശീമോനേ ഞാൻ നിൻ കാൽ കഴുകീടായ്കിൽ
പ്രിയരൊപ്പം സ്ഥാനം നീ നേടീടാ.

9. ശിഷ്യവരൻ ശീമോൻ ഗുരുസവിധം ചെന്നു
കാൽ കഴുകാൻ നാഥൻ മുതിരുകയായി
ഇതുപോലാശ്ചര്യം കാണുമ്പോഴയ്യോ
വിസ്മിതനായേവൻ കരയുകയില്ല?
ബലവാനാം ദൈവം സ്രൃഷ്ടിഗണാധീശൻ
മൺപൊടിയിൽമുമ്പിൽ നിൽക്കുന്നുശീർഷംതാഴ്ത്തി
നിഗളികളേ, നോക്കിൻ ഡംഭികളേ കാൺമിൻ
തന്നത്താൻ നിങ്ങൾ ശോധന ചെയ്‌വിൻ.

10. നന്മനിറഞ്ഞോൻ കാൽ കഴുകി വെടിപ്പാക്കി
തൻ ശിഷ്യന്മാരെ ജ്ഞാനികളാക്കി
അതുപോലന്യോന്യം ശിഷ്യന്മാർ ചെയ്‌വാൻ
വിനയത്തിൻ മാർഗ്ഗം നാഥൻ നൽകി
കുഞ്ഞാടിൻമാംസം ഭക്ഷിപ്പാൻ രാവിൽ
പന്തിയിലേക്കേറ്റി സത്തമനാ ശി-ഷ്യ-ന്മാരെ
ദിവ്യമതാമാട്ടിൻ കുട്ടിയെ രക്ഷിച്ചു
പുതുബലിയർപ്പിപ്പാൻ വേളയടുത്തു.

11. ആശിസ്സിൻമാരി നീയെന്തിന്നാവോ
കളകൾക്കീവണ്ണം ജലമേകുന്നു
നന്മ വിതച്ചോനാം നല്ല കൃഷിക്കാരാ
മുള്ളുകൾ നിൻ കാലിൽ കുത്തുന്നില്ലേ?
നല്ലതിനും തീരെ തീയതിനും തുല്യം
മാരിചൊരിഞ്ഞോനേ കാരുണ്യ-ത്തിൻ തൂ-മഞ്ഞേ
ദുഷ്ടതയാം മുള്ളി-ന്നെന്തിനു നീരേകി?
അതു നിൻ പാദത്തെ കുത്തുന്നല്ലോ.

12. മാനസമേ ചൊല്ലൂ വീക്ഷിക്കുന്നെവിടെ
ഭീകരമാം ക്രോബേ-ത്തേരിലിരിപ്പോൻ
മഹിമകൾ തൻ നാഥൻ നിർമ്മാതാവിനെയോ?
ശിഷ്യന്മാർ മദ്ധ്യേ തൻ സുതനെയോ?
താതൻ മാർവ്വതിലോ-ശിഷ്യർ തൻപാദം
പുത്രൻ കഴുകീടും സ്ഥാനമതാമീ പാരതിലോ
ആദത്തെ വീണ്ടും ഏദനിലാക്കീടാൻ
സ്വയമേൽപ്പിച്ചൻപാൽ മരണത്തിന്നായ്.

ഏവൻഗേലിയോൻ.

ഹാലേ- ഹാലേലൂയ്യാ- വായ്കളെയവരാകാശത്തിൽവച്ചു
നാവുകളൂഴിയിലൂടാടി. ഹാലേലൂയ്യാ

ܒܥܕܢܐ ܫܘܒܚܐ ܘܒܟܠܗܘܢ ܥܕܢܝܢ ܠܥܠܡ ܥܠܡܝܢ ܀ ܐܡܝܢ ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܀ ܟܪܘܙܘܬܗ ܀

വി. യോഹന്നാൻ 2. 12 - 25, 3. 13 - 21

യേശു തൻെറ മാതാവിനോടും സഹോദരന്മാരോടും ശിഷ്യന്മാരോടുംകൂടെ കഫർന്നഹൂമിലേക്ക് പോയി കുറച്ചു നാൾ അവിടെതാമസിച്ചു. യഹൂദന്മാരുടെ പെസഹപ്പെരുന്നാൾ സമീപിപ്പിച്ചപ്പോൾ യേശു യെരുശലേമിലേക്ക് പോയി. ദേവാലയത്തിൽ ആടുമാടുകളെയും പ്രാവുകളെയും വിൽക്കുന്നവരും നാണയമാറ്റക്കാരും ഇരിക്കുന്നതു കണ്ട്, കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുമാടുകളോടുകൂടി ദേവാലയത്തിൽനിന്ന് പുറത്താക്കി.

നാണയമാറ്റക്കാരുടെ മേശകൾ മറിച്ചിട്ട് നാണയങ്ങൾ ചിതറിച്ചു. പ്രാവുകൾ വിൽക്കുന്നവരോട്, നിങ്ങൾ ഇവിടെ നിന്ന് എടുത്തുകൊണ്ടുപോകുവിൻ, എൻെറ പിതാവിൻെറ ഭവനം വ്യാപാരശാലയാക്കരുത് എന്നു പറഞ്ഞു. 'തൻെറ ഭവനത്തെക്കുറിച്ചുള്ള എരിവ് എന്നെഗ്രസിച്ചുകളയും' എന്ന് എഴുതിയിരിക്കുന്നത് അപ്പോൾ ശിഷ്യന്മാർ ഓർത്തു. യഹൂദന്മാർ ഇതെല്ലാം ചെയ്യുവാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് നീ എന്ത് അടയാളം കാണിച്ചുതരും എന്ന് ചോദിച്ചു. യേശു ഉത്തരമായി, ഈ ആലയം പൊളിക്കുക. മൂന്നുദിവസംകൊണ്ട് ഞാൻ ഇത് വീണ്ടും പണിയാം എന്നു പറഞ്ഞു. യഹൂദന്മാർ അവനോട്, നാൽപ്പത്തിയാറു വർഷം കൊണ്ടാണ് ഈ ദേവാലയം നിർമ്മിച്ചത്. ഇത് മൂന്നു ദിവസംകൊണ്ട് നീ വീണ്ടും പണിയുമോ എന്നു ചോദിച്ചു. എന്നാൽ തൻെറ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് യേശു പറഞ്ഞത്. യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ അവൻ ഇങ്ങനെ പറഞ്ഞിരുന്നു എന്ന് ശിഷ്യന്മാർ ഓർത്തു. പെസഹാപ്പെരുന്നാളിൽ യേശു യെരുശലേമിലായിരുന്നപ്പോൾ ചെയ്ത അടയാളങ്ങൾ കണ്ട് അനേകമാളുകൾ അവൻെറ നാമത്തിൽ വിശ്വസിച്ചു. എന്നാൽ അവൻ എല്ലാവരെയും അറിഞ്ഞിരുന്നതുകൊണ്ട് അവരിൽ വിശ്വാസം അർപ്പിച്ചില്ല. മനുഷ്യൻെറ അന്തർഗതം അറിയാമായിരുന്നതുകൊണ്ട്, അവരെപ്പറ്റി മറ്റുള്ളവരുടെ സാക്ഷ്യം യേശുവിന്ആവശ്യമില്ലായിരുന്നു. യേശു അരുളിച്ചെയ്തു. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന സ്വർഗ്ഗസ്ഥനായ

മനുഷ്യപുത്രനല്ലാതെ ആരും ഇതുവരെ സ്വർഗ്ഗത്തിൽ കയറിയിട്ടില്ല. മോശ മരുഭൂമിയിൽ പിച്ചള സർപ്പത്തെ ഉയർത്തി നാട്ടിയതുപോലെ മനുഷ്യപുത്രനെയും അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യ ജീവൻ ലഭിക്കുവാൻ, ഉയർത്തി നാട്ടേണ്ടിയിരിക്കുന്നു. ദൈവം തൻെറ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻ അവനെ നൽകുവാൻതക്കവിധം അത്രയ്ക്ക് ലോകത്തെസ്നേഹിച്ചു. ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ വിധിക്കുന്നതിനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വസിക്കുന്നവൻ വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവൻ ദൈവത്തിൻെറ ഏകപുത്രൻെറ നാമത്തിൽ വിശ്വസിക്കാത്തതിനാൽ മുമ്പേ തന്നെ വിധിക്കപ്പെട്ടിരിക്കുന്നു. ന്യായവിധി ഇതാകുന്നു. പ്രകാശം ലോകത്തിലേക്കു വന്നു. മനുഷ്യർ പ്രകാശത്തേക്കാളധികം അന്ധകാരത്തെ സ്നേഹിച്ചു. എന്തെന്നാൽ അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു. തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവൻെറ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുവാൻ അവൻ പ്രകാശത്തിലേക്ക് വരുന്നില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു. അങ്ങനെ അവൻെറ പ്രവൃത്തികൾ ദൈവത്താലുള്ളനെന്ന് വെളിപ്പെടുകയും ചെയ്യുന്നു.

ܫܠܡܐ ܥܡ ܟܠܟܘܢ ❊ ܘܥܡ ܪܘܚܟ ❊

മൂന്നാം കൗമാ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം ഈ രാവിൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us-kneel and adore Him- this night time.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܚ̈ܫܐ ܕܡܟܟܐ ܐܘܪܚܐ ܘܫܘܒܚܐ ܠܗ
ܠܡܫܝܚܐ ܕܦܪܩ ܒܫܘܒܚܐ ܢܣܓܘܕ ܀ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܒܪܟ ܐܝܩܪܐ ✠ ܘܠܪܘܚܐ ܩܕܝܫܐ ܫܘܒܚܐ

ܘܬܘܕܝܬܐ ✠ ܘܥܠܡ ܚܝܝܢ ܕܩܕܡ ✠ ܢܬܩܒܠ

ܠܐܒܘܢ ܕܡܫܝܚܐ ✠ ܘܥܠܡܝܢ ܕܟܠܗ ܡܢ ܩܕܡ

ܘܡܩܕܫܐ ✠ ܩܕܝܫܐ ܠܟ ܡܪܝ ܩܕܝܫܐ ܠܟ ܡܪܝ

ܩܕܝܫܐ ܠܟ ܡܪܢ ܠܥܠܡܝܢ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✠ ܐܡܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പുത്രരഹസ്യം ശ്രദ്ധിപ്പിൻ
സ്തോത്രം ചെയ്‌വീനെല്ലാരും.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമെ, കർത്താവേ, ഉത്തര മരുളിചെയ്ത് ഞങ്ങളോടു കരുണചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കുസ്തുതി, ഞങ്ങളുടെകർത്താവേ നിനക്കുസ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

ܦܪܘܡܝܘܢ

ܕܠܐ ܟܠܗ ܘܦܫܛܐ ܘܫ̈ܪܪܐ ܥܡ ܡܪܝܐ ܢܒ̈ܝܐ ⁜ ܡܪܝܐ ܡܫܡܫܢܐ
ܦܓܪܗ ܒܟܠܗ ܘܒܪܝܬܗ ⁜ ܠܡܫܡܠܝܘ ܐܪ̈ܙܐ ܘܢܒܝܘܬܐ ܘܡܫܡܫܢܐ
ܘܡܫܡܫܢܐ ܐܒܐ ܕܐܬ ܟܠܗ ܐܒܪܗܡ ܒܟܠܗ ܕܡ
ܘܒܒܟܝܗ ܐܦܠܐ ܢܦܫ ⁜

തൻ്റെ തിരുമേനിയാൽ ദീർഘദർശിമാരുടെ രഹസ്യങ്ങൾ നിവർത്തിപ്പാനും തൻ്റെ സൃഷ്ടിയുടെ രക്ഷയ്ക്കുവേണ്ടി തൻ്റെ ശരീരത്തിൻ്റെ യാഗത്താൽ അവരുടെ വചനങ്ങളെ നിറവേറ്റുവാനുമായി പിതാവ് കൽപ്പിച്ചയച്ച മഹോന്നതമായ വചനവും അബ്രഹാം തൻ്റെ സാദൃശ്യങ്ങളെ രൂപവൽക്കരിക്കുകയും ഇസഹാക്ക് മരത്തിന്മേലുള്ള തൻ്റെ ബലിയെ മുൻക്കൂട്ടിരേഖപ്പെടുത്തകയും തൻ്റെ ദിവസത്തെ അവനു കാണിച്ചുകൊടുക്കുകയും തൻ്റെ രക്ഷയിൽ

അവർ സന്തോഷിക്കുകയും ചെയ്ത ദൈവത്തിൻെറ ഏകജാതനുമായ കർത്താവിന് രാത്രി നമസ്ക്കാരത്തിൻെറ മൂന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܶܕܪܳܐ

അദൃശ്യവാനായ പിതാവിൻെറ പുത്രനും സൃഷ്ടിയല്ലാത്തവനും സങ്കൽപ്പിപ്പാൻ വഹിയാത്തവനും ആയ വചനമായദൈവമേ, കൽപ്പനലംഘനമാകുന്ന ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരുന്ന ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി ആകൃതികൊണ്ടും സ്വഭാവത്താലും ഞങ്ങളുടെമാംസത്തോടു നിന്നെ നീ കൂട്ടിച്ചേർത്തു. നീ ദൈവമായിരിക്കുമ്പോൾ ദാവീദിൻെറ പുത്രിയാകുന്ന കന്യകയിൽനിന്ന് ജഡപ്രകാരം ജനിക്കുകയും വ്യത്യാസംകൂടാതെ മനുഷ്യനായിത്തീരുകയും ചെയ്തു. മനുഷ്യപ്രകാരം ദാവീദിൻെറ പുത്രനെന്നും അബ്രഹാമിൻെറ ദൈവവും ദാവീദിൻെറ നാഥനും ആണെന്ന് യഹൂദന്മാരെ ധരിപ്പിപ്പാൻ നീ തിരുമനസ്സായപ്പോൾ 'നമ്മുടെ പിതാവായ അബ്രഹാം എൻെറ ദിവസം കാൺമാൻ ആഗ്രഹിക്കുകയും കണ്ടു സന്തോഷിക്കുകയും ചെയ്തു' എന്നും 'അബ്രഹാം ഉണ്ടാകുന്നതിനുമുമ്പ് തന്നെ ഞാനുണ്ട്' എന്നും 'എൻെറ വലത്തു ഭാഗത്തു നീ ഇരിക്ക എന്ന് കർത്താവ് എൻെറ കർത്താവിനോട് പറഞ്ഞു എന്ന്

ദാവീദ് പറഞ്ഞിരിക്കുന്നു' എന്നും 'ഞാൻ അവൻെറ പുത്രനാണെങ്കിൽ അവൻ ആത്മാവിൽ കർത്താവ് എന്ന് എന്നെ വിളിക്കുന്നതെങ്ങനെ' എന്നും നീ അവരോട് ചോദിച്ചു. നിൻെറ പിതാവിൻെറ ഇഷ്ടം നിറവേറ്റുവാൻ ഇറങ്ങിവന്ന നിൻെറ രഹസ്യത്താൽ ഇസഹാക്ക് അവൻെറ പിതാവിനാൽ അറുക്കപ്പെടുവാനുള്ള കുഞ്ഞാടുപോലെ കൂട്ടിക്കൊണ്ടു പോകപ്പെട്ടു. ബലികഴിക്കപ്പെടുവാനായിട്ട് ഊർശലേമിലേക്കു നീ പ്രവേശിച്ചപ്പോൾ കഴുതമേൽ കരേറിയപ്രകാരം ഇസഹാക്ക് നിൻെറ സൂചനയാൽ കഴുതപ്പുറത്തു കരേറിപ്പോയി. നീ അതിന്മേൽ കുരിശിക്കപ്പെട്ട മരത്തെ നീ വഹിച്ച് ഗോഗുൽത്തായിലേക്ക് കരേറിപ്പോയതുപോലെ ഇസഹാക്ക് നിൻെറ സൂചനയാൽ വിറകുകൾ വഹിച്ച് പർവ്വതത്തിലേക്ക് കരേറിപ്പോയി. കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് നീങ്ങിപ്പോ കണമെന്ന് നീ നിൻെറ പിതാവിനോട് അപേക്ഷിച്ചപ്രകാരം നിൻെറ സൂചനയാൽ ബലിക്കുള്ള ആട്ടിൻകുട്ടി എവിടെ യെന്ന് ഇസഹാക്ക് അവൻെറ പിതാവിനോട് ചോദിച്ചു. നിൻെറ പിതാവിനോടുകൂടെ ഭൂമിയുടെ അടിസ്ഥാനങ്ങളെ ഉറപ്പിച്ചപ്രകാരം നിൻെറ സൂചനയാൽ അവൻെറ പിതാവിനോടുകൂടി ബലിപീഠം പണിതുണ്ടാക്കി മൗനമായി നീ മരത്തിന്മേൽ തറയ്ക്കപ്പെട്ടതുപോലെ ഇസഹാക്ക് നിൻെറരഹസ്യത്താൽ മൗനമായി ബന്ധിക്കപ്പെടുകയും വിറകിന്മേൽ വയ്ക്കപ്പെടുകയുംചെയ്തു. ലോകരക്ഷ യ്ക്കായി നീ എഴുന്നെള്ളിവരികയും സർവ്വ ലോകത്തിനും

വേണ്ടി അർപ്പിക്കപ്പെടുകയും ചെയ്തതിനാൽ എൻെറ കർത്താവേ, ദീർഘദർശിനിയിൽനിന്ന്, അതായത് കന്യക യിൽ നിന്ന് ജനിച്ച കുഞ്ഞാടെന്ന് നീ വിളിക്കപ്പെട്ടപ്രകാരം തൽക്ഷണം വൃക്ഷത്തിൽ നിന്നുള്ള കുഞ്ഞാട് നിൻെറ സൂചനയാൽ കാണപ്പെടുകയും അവനു പകരം ബലി കഴിക്കപ്പെട്ട് അവനെ രക്ഷിക്കുകയുംചെയ്തു. വഞ്ചനയു ടെയും പാപത്തിൻെറയും ബന്ധനത്തിൽനിന്ന് നിൻെറ കഷ്ടാനുഭവത്താലും മരണത്താലും ലോകം സ്വതന്ത്രമാക്ക പ്പെട്ടു. കർത്താവേ, അബ്രഹാം നിൻെറ സൂചനയിലും ഇസഹാക്കിൻെറ രക്ഷയിലും സാറാ അവളുടെ പുത്രനെ കണ്ടതിനാലും ഏതുപ്രകാരം സന്തോഷിച്ചുവോ അപ്രകാരം നിൻെറ പിതാവും, ലോകത്തെ രക്ഷിച്ചതിനാലും നിൻെറ മാതാവ് നിൻെറ ഉയിർപ്പിലും സന്തോഷിച്ചു. എൻെറ കർത്താവേ, പാപബന്ധനങ്ങളിൽനിന്നു നീ ഞങ്ങളെ അഴിച്ചു സ്വാതന്ത്ര്യപ്പെടുത്തുകയും നിൻെറ ദിവ്യ ദർശന ത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും ഞങ്ങളെ അബ്രഹാമി ൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും മടിയിലേക്ക്ഉയർത്തിക്കരേറ്റുകയുംചെയ്യണമെ. ഞങ്ങളെയും ഞങ്ങളുടെ വാങ്ങിപ്പോയവരെയും അവരോടു കൂടെ സന്തോഷിപ്പിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും,പരിശുദ്ധറൂഹായ്ക്കും സ്തുതിയുംസ്തോത്രവും കരേറ്റും. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

പൈതലായ ഇസഹാക്ക് ബന്ധിതനായി ബലിപീഠത്തിൽ വയ്ക്കപ്പെട്ടു. മരിക്കുന്നതിനും സ്രൃഷ്ടാവിൻെറ ഇഷ്ടം നിവർത്തിക്കുന്നതിനും അവനു സന്തോഷമായിരുന്നു. ഇതു നമ്മുടെ രക്ഷയ്ക്കായിട്ടു തന്നെഅയച്ച പിതാവിൻെറ ഇഷ്ടം നിർത്തിപ്പാൻ നമുക്കുവേണ്ടി മരിച്ച പുത്രൻെറ രഹസ്യത്തെസൂചിപ്പിക്കുകയായിരുന്നു. പരിശുദ്ധാത്മദൃഷ്ടിയാൽ തൻെറ സാദൃശ്യങ്ങൾദർശിച്ച നീതിമാന്മാരുടെ വചനങ്ങൾ സത്യമായി നിറവേറ്റിയ ഉപമകളുടെ നാഥനു സ്തുതി.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

അബ്രഹാംകണ്ണുകളുയർത്തി, മലയിൽവച്ച്ഒരുവൃക്ഷത്തേയും അതിൻെറ കൊമ്പുകൾക്കിടയിൽ കുഞ്ഞാടിനെയും കണ്ടു. ആരും നടാത്ത വൃക്ഷത്തേയും ജനിക്കാത്ത മുട്ടാടിനെയും കുറിച്ച് അവൻ അത്ഭുതപ്പെട്ടു. പുത്രൻെറ രഹസ്യങ്ങളും രക്ഷകൻെറസാദൃശ്യങ്ങളും അതിൽ രൂപീകരിക്കപ്പെട്ടിരുന്നു. കുഞ്ഞാട് ഇസഹാക്കിനെ രക്ഷിച്ചപ്രകാരം മശിഹാ സഭയേയും അതിൻെറ മക്കളെയും രക്ഷിച്ചു. ഞങ്ങളുടെ രക്ഷയ്ക്കായിവന്നകർത്താവേ, ഞങ്ങളുടെകരുണയുണ്ടാകണമെ. മൊറിയോ--

Isaac the child was bound and was placed on the altar. He rejoiced to die and to fulfill the will of his Creator. He indicated the mystery of the Son who died for our sake in order to fulfill the will of the

Father who sent Him for our salvation. Glory to the Lord of the types who fulfilled the words of the upright who saw His images with the eyes of the Holy Spirit.

Barekmore. Glory be to the Father,--- Unto the ages----

Abraham raised his hands and on the mountain, he saw a tree and a lamb in its branches. He was amazed because of the tree that was not planted and the first-born that was not born. In it were depicted the mysteries of the Son and types of our Savior. As the lamb delivered Isaac, Christ (redeemed) the Church and her children. O Lord Who came for our salvation, have pity and mercy upon us. Moriyo---

എത്രൊ

തൻെറ സൂചനയാൽ അബ്രഹാമിനെ സന്തോഷിപ്പിക്കുകയും ഇസഹാക്കിനെ കൊലയിൽനിന്ന് രക്ഷിക്കുകയും ഗോഗുൽത്താമേലുള്ള തൻെറ ബലിയാൽ പാപമരണത്തിൽനിന്നും നാശത്തിൽനിന്നും വീണ്ടെടുക്കുകയും തൻെറ പിതാവിനെ പ്രസാദിപ്പിപ്പാൻ ഞങ്ങൾക്കുവേണ്ടി സുഗന്ധവാസനയായിത്തീരുകയുംചെയ്ത വചനമായ ദൈവമേ, നിൻെറ കൃപമൂലം ഇവിടെ ഈ ലോകത്തിൽ ദുഷ്ടനിൽ നിന്നു രക്ഷിച്ചു സന്തോഷിപ്പിക്കുകയും വരുവാനിരിക്കുന്ന

ലോകത്തിൽ പുനരുത്ഥാനനാളിൽ സന്തോഷമുഖത്തോടെ ഞങ്ങളെ കൈക്കൊള്ളുകയും ചെയ്യണമെ. ഞങ്ങൾക്കു വേണ്ടി ജഡത്തിൽ കഷ്ടമനുഭവിച്ച മശിഹാതമ്പുരാനേ, നിൻെറ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളോടുകൂടെ നിൻെറ മോക്ഷത്തിൽ ഞങ്ങളെ ആഹ്ളാദിപ്പിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനായിട്ടുതന്നെ.

God the Word, Who, by His mystery, rejoiced Abraham and redeemed Isaac from slaughter and by Your sacrifice on Golgotha, Your delivered the world from death and the corruption of sin, and became for us a fragrant incense to Your Father for (His) reconciliation. Make us also rejoice by Your grace here in this world by the deliverance from the evil one, and in the coming world, receive us with peaceful face in the day of resurrection. May we rejoice with lambs of Your right hand side in Your kingdom. O Christ Who suffered in the flesh for us. We will offer up glory and praise to You and Your Father and Your Holy Spirit now and always for ever and ever. Amen.

വീണ്ടും കോലോ

കർത്താവേ അബ്രഹാം മലയിൽവച്ച് നിൻെറ രഹസ്യത്തെ ദൃഷ്ടാന്തപ്പെടുത്തി. എന്തെന്നാൽ അവൻെറ ഏകജാതനെ

വൃക്ഷത്തിൽനിന്നുള്ള കുഞ്ഞാട് രക്ഷിച്ചു. കുഞ്ഞാട് ഇസഹാക്കിനെ വിടുവിക്കുകയും കൊലയിൽനിന്ന് വീണ്ടെടുക്കുകയുംചെയ്തു. നിൻെറ സാദൃശ്യത്തിൽ ഇസഹാക്ക് രക്ഷ പ്രാപിച്ചതിനെകണ്ട് അബ്രഹാം സന്തോഷിച്ചു. ഞങ്ങൾക്കു വേണ്ടി നിന്നെ അയച്ച പിതാവിനു സ്തുതി.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ആചാര്യനായഅബ്രഹാമിനോട് സാറാ പറഞ്ഞതെന്തെന്നാൽ എൻെറ ഏകപുത്രനെ നീ എവിടേക്കു കൂട്ടിക്കൊണ്ടു പോകുന്നു? അവനോട് രഹസ്യത്തിൽഎന്നപോലെ നീ ചെയ്യുന്നതെന്താണ്? നിൻെറ ദർശനം ഏതോ രഹസ്യത്തെ സൂചിപ്പിക്കുന്നതിനും ഉപമകളെ ദൃഷ്ടാന്തീകരിക്കുന്നതിനും തുല്യമാകുന്നു. കർത്താവ് നിങ്ങൾക്ക് അനുയാത്രയാവുകയും സമാധാനത്തോടെ നിങ്ങളെ മടക്കിവരുത്തുകയും ചെയ്യട്ടെ.

On the mountain, Abraham represented Your mystery, for the lamb in the tree redeemed his only begotten. He saw and rejoiced, for his son was delivered by Your mystery. The lamb released Isaac and delivered him from slaughter. Glory to the Father who sent You for our sake

Barekmore. Glory be to the Father,--- Unto the ages----

Sarah told Abraham the priest: ‘where are you leading my only begotten? What are you doing

with him secretly? It seems to me that your vision contains a mystery and you indicate images. May the Lord accompany you and may you come back with peace.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫ ܕܗܘܐ ܚܠܦܝܢ
ܒܪܝܟ ܩܘܪܒܢܗ ܕܦܘܪܩܢܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

അബ്രാമിസഹാ-ക്കിവർതൻ യാഗം
ജനകാത്മജരുടെ ബലികാണിച്ചു
സഭയെ പ്രതിയാ-ണീ ബലി നൂനം
പാപക്ഷമയാ-ദാമ്യർക്കേകും
ജീവപ്രദമാം ബലിപീഠം താൻ.

ഇസഹാക്കിൻ ദൃ-ഷ്ടാന്തം ശ്രേഷ്ഠം
തൻ യാഗത്തിൻ വിറകിൻ ഭാരം
താൻ തന്നെ തോ-ളിന്മേലേന്തി
ക്രൂശിൽ കേറാൻ ക്രൂശും താങ്ങി
പോയോൻ താൻ ദൃഷ്ടാന്തം കാട്ടി.

സുതനെ ബലിയർ-പ്പിക്കാൻ ധൈര്യം
കാണിച്ചോനാ-മബറാഹാമിൽ
ആരുണ്ടാശ്ച-ര്യം കൂറാത്തോർ

ക്രൂശേൽപ്പാനായ് സുതനെ തന്ന
താതൻ താൻ മുൻ-കുറിയിക്കാര്യം.
നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܰܝܳܢܶܗ ܟܽܠܗ ܠܥܳܠܡܳܐ ܕܺܝܢܳܟ
ܠܒܰܢܰܝ ܥܰܡܳܟ ܡܶܢ ܠܳܐ ܬܶܕܽܘܢ ❈ ܡܳܪܝ ܘܰܪܚܶܡ ❈

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܰܐܬܳܐ ܠܚܰܫܳܐ ܘܡܰܘܬܳܐ ܘܙܩܺܝܦܽܘܬܳܐ
ܩܰܒܶܠ ܒܳܥܽܘܬܰܢ ܘܰܥܒܶܕ ܪܰܚܡܶܐ ܥܰܠ ܢܰܦܫܳܬܰܢ ❈
ܐܰܠܳܗܰܢ ܘܰܡܫܰܒܚܳܢ ܗܽܘ ܟܰܕ ܣܳܓܕܺܝܢ ܫܽܘܒܚ ܠܶܗ ❈

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ശൈലത്തിന്മേൽ സുതനെ ബലിയർപ്പിക്കെന്നേവം
അബ്ര-ഹാ-മിന്നുടയോനീന്നും വെളിപാടുണ്ടായ്
കഴിവില്ലാതായ് ബലിവാളീന്നും സുതനെ കാപ്പാൻ
മോദത്തോടങ്ങർപ്പിക്കാനായ് യാനം ചെയ്താൻ. ദേവാ--

ബന്ധിച്ചിട്ടാ വിറകിന്മീതെ സുതനെയേറ്റി
വാളിനുനേരെ സങ്കടമെന്യേ കണ്ഠം കാട്ടി
കുഞ്ഞാടാകും സൂചന തരുവിൽ കാണപ്പെട്ടു
ഇസഹാക്കിൻകെട്ടൊഴിവായ് താതൻസന്തോഷിച്ചു. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

പുത്രരഹസ്യം ശ്രദ്ധിപ്പിൻ സ്തോത്രം ചെയ്‌വീനെല്ലാരും.

ബലിയബ്രഹാമൊടുതാതൻ ചോദിച്ചതു ഞാൻവർണ്ണിക്കാം
അബ്രാഹാമോടിസഹാക്കും താതാത്മജദൃഷ്ടാന്തം താൻ.

താതൻചൊന്നാൻ നീ കേൾക്കൂ നിൻപ്രിയനാമേകൻസൂനു
ഇസഹാക്കിനെനീയെൻപേർക്കായ്സങ്കടരഹിതംബലിനൽക.

സാറാ ചൊന്നാൾ നീയെന്തേ പുത്രബലിക്കായ് മുതിരുന്നു
തേച്ചുമിനുക്കും വാളാൽ നീ എന്നെ തുണയറ്റോളാക്കും.

വേദയേറ്റം ഞാനേറ്റു നീയവയെല്ലാമറിയുന്നു
എന്നെ ദുഃഖിപ്പിക്കല്ലേ പോവുക അവനെൻ പ്രത്യാശ.

കൂടാരം വിട്ടബ്രാഹാം കഴുതച്ചുമലിൽ മകനേറി
ഇതുസുതനീശൻ പുരിശാലേം പൂകിയതിൻ മുൻകുറിയായി.

ഇസഹാക്കിൻ സന്താനത്തിൻ വർദ്ധനവിന്നായ് വരമേകി
മരണമവൻ പ്രാപിച്ചെന്നാൽ ആ വാഗ്ദാനം പൊളിയാകും.

ഉടയോനോടങ്ങബ്രാഹാം ദൃഷ്ടിയുയർത്തി പ്രാർത്ഥിച്ചാൻ
നൽകിയ സുതനെവേണെങ്കിൽ ബലിയിടമിപ്പോൾകാണിക്ക

ഇസഹാക്കന്നേരം ചൊന്നു തീയും വിറകും കൂട്ടുണ്ട്
ആടില്ലാ പീഠവുമില്ലാ എങ്ങനെ ബലിയർപ്പിച്ചീടും?

ദിവ്യരഹസ്യം മാതാവാം സാറായൊടു നീ ചൊന്നില്ല
കുഞ്ഞാടെന്യേ ബലിനൽകാൻ വന്നതുമെന്തെന്നുര ചെയ്ക.

രക്തവിഹീനം ബലിയില്ല വിശ്വാസമെനിക്കിതിലില്ല
നീയിന്നേരം ചെയ്യുമ്പോൾ ആരും ചെയ്തിട്ടില്ലെങ്ങും.

എന്നെ സാറായുടെ ഗർഭേ നൽകിയനാഥൻ ധർമ്മിഷ്ഠൻ
ആശ്വാസമവൾക്കേകീടും നെടുവീർപ്പുകളെ മായിക്കും.

ഭീകരമിവിടം ഗിരി ശൂന്യം തീയും വിറകും സജ്ജം താൻ
വിശ്വാസമെനിക്കില്ലേതും പീഠവുമാടും ഇവിടില്ല.

മൂന്നുദിനം നാം നടകൊണ്ടു നോക്കിയിരിക്കുന്നെൻ മാതാ
ബലികൽപ്പനപോലർപ്പിക്ക ശങ്കിച്ചെന്നെ നോക്കേണ്ട.

കല്ലുകളാൽതീർക്കുകവേദി വൈദികനെപ്പോൽ ബലിനൽക
ഞാൻബലിയാണെന്നറിയുന്നേൻ നീയുയരുംഞാൻഖേദിക്കാ.

ആത്മജനേക്കാൾ കർത്താവേ നൂനം നിൻകൽപ്പന കാമ്യം
അവനെബന്ധിച്ചേൻനോക്കൂബലിനൽകാൻഞാൻസന്നദ്ധൻ

ഉളവാകരുതേ പ്രതിബന്ധം ഞാൻ തീർത്തോരീ പീഠത്തിൽ
ഇസഹാക്കേറ്റം ദയനീയം-കേണാലും ഞാൻ ബലിനൽകും.

മദ്ധ്യസ്ഥൻ തൻ ശബ്ദത്താൽ മോചനമാന്നാനിസഹാക്ക്
ജാതികളുടയോനാലാശി-സ്സേറ്റതിനിതു മുൻ കുറിയായി.

അബറാഹാമോടിസഹാക്കും സഭതൻപേർക്കായ്ബലിയായി
ജീവൻനിറയും ഭോജ്യത്തിൽ പിതൃവചനത്തിൻ ദൃഷ്ടാന്തം.

തൻെറ ബലിക്കെന്നറിയാതെ വിറകും പേറിപ്പോയോനാം
ഇസഹാക്കേകും ദൃഷ്ടാന്തം പാരം ശ്രേഷ്ഠം മഹനീയം.

കൈവയ്ക്കരുതേകൊല്ലരുതെ-ന്നാർത്തൊരുശബ്ദം
സംസ്തുത്യം
വധമേൽക്കാതങ്ങാ ബലിയാൽ നാഥനെസൂചിപ്പിച്ചിസഹാക്ക്

ജീവമയൻ തന്നാത്മജനെ സുതനിസഹാക്കും സാറായും
നിൻ ദൃഷ്ടാന്തം കാണിച്ചോ-രബ്രാമും നിന്നെ വാഴ്ത്തും.

സ്വതന്ത്ര്യത്താൽ സർവ്വേശാ സ്രൃഷ്ടിസമൂഹംസ്തുതിപാടും
നിൻഹാശായിൽ കീർത്തിക്കും മണവറയിൽ ഹാലേലുയ്യാ.

ഏവൻഗേലിയോൻ.

ഹാലേലുയ്യാ- ഹാ- വായ്കളെയവരാകാശത്തിൽവച്ചു
നാവുകളൂഴിയിലൂടാടി. ഹാലേലുയ്യാ

ܠܡܪܢ ܦܪܘܩܢܐ ܘܠܒܪܝܟܐ ܐܒܘܗܝ ܘܪܘܚܗ ܠܥܠܡܝܢ ܐܡܝܢ

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܝܘܚܢܢ ܟܪܘܙܐ ܡܒܣܪܢܐ ܫܠܡܐ ܠܟܘܠܟܘܢ

വി. യോഹന്നാൻ 5. 30 - 6. 4

യേശുഅരുൾചെയ്തു. ഞാൻ സ്വയം ഒന്നും ചെയ്യുകയില്ല. എന്നാലോ എന്നോടു പറയുന്നപ്രകാരം വിധിക്കുന്നു. എൻെറ വിധി നീതിയുള്ളതുമാകുന്നു. എന്തെന്നാൽ ഞാൻ എൻെറ ഇഷ്ടമല്ല എന്നെ അയച്ചവൻെറ ഇഷ്ടമാണ് അന്വേഷിക്കുന്നത്. ഞാൻ തന്നെ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയാൽ എൻെറ സാക്ഷ്യം സത്യമാകുകയില്ല. എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്ന വേറൊരാളുണ്ട്. അവൻ എന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം സത്യമാണെന്ന് ഞാൻ അറിയുകയും ചെയ്യുന്നു. നിങ്ങൾ യോഹന്നാൻെറ അടുത്ത് ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം നൽകി. എന്നാൽ ഞാൻ മനുഷ്യരിൽ നിന്നുള്ള സാക്ഷ്യം സ്വീകരിക്കുന്നില്ല.

നിങ്ങൾ രക്ഷ പ്രാപിക്കുവാനാണ് ഞാൻ ഇതു പറയുന്നത്. യോഹന്നാൻജ്വലിച്ചുപ്രകാശിക്കുന്നവിളക്കായിരുന്നു. നിങ്ങൾ അൽപ്പസമയം അവൻെറ പ്രകാശത്തിൽ സന്തോഷിക്കുവാ ഇച്ഛിച്ചു. എന്നാൽ എനിക്ക് യോഹന്നാൻെറ സാക്ഷ്യത്തേ ക്കാൾ ശ്രേഷ്ഠമായ സാക്ഷ്യമുണ്ട്. എന്തെന്നാൽ ഞാൻ നിറവേറ്റുവാൻ പിതാവ് എന്നെ ഏൽപ്പിച്ച പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ, പിതാവ് എന്നെ അയച്ചുവെന്നത് സാക്ഷ്യപ്പെടുത്തുന്നു. നിങ്ങൾ ഒരു നാളും അവൻെറ ശബ്ദം കേട്ടിട്ടില്ല. അവൻെറ രൂപം കണ്ടിട്ടുമില്ല. അവൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതിനാൽ അവൻെറ വചനം നിങ്ങളിൽ വസിക്കുന്നില്ല. നിങ്ങൾ തിരുവെഴുത്തുകൾ പരിശോധിക്കുവിൻ. അവയിൽ നിത്യ ജീവനുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടല്ലോ. അത് എന്നെ ക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും നിത്യജീവൻ ലഭിക്കേണ്ടതിന് എൻെറയടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല. മനുഷ്യരുടെഅംഗീകാരം ഞാൻ സ്വീകരിക്കുന്നില്ല. എന്തെന്നാൽ നിങ്ങൾക്ക് ദൈവസ്നേഹം ഇല്ലെന്ന് ഞാൻ അറിഞ്ഞിരിക്കുന്നു. ഞാൻ എൻെറ പിതാവിൻെറ നാമത്തിൽ വന്നു. നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. മറ്റൊരുവൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ സ്വീകരിക്കും. തമ്മിൽ തമ്മിൽ ബഹുമതി സ്വീകരിക്കുകയും, ഏകദൈവ ത്തിൽനിന്നുള്ള ബഹുമതി അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?

ഞാൻ നിങ്ങളെപ്പറ്റി പിതാവിൻെറ മുമ്പാകെ കുറ്റമാരോപിക്കുന്നെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? നിങ്ങളിൽ കുറ്റമാരോപിക്കുന്നവൻ നിങ്ങൾ പ്രത്യാശവെച്ചിരിക്കുന്ന മോശ തന്നെയാകുന്നു. മോശയെ നിങ്ങൾ വിശ്വസിച്ചെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. എന്തെന്നാൽ മോശ എന്നെക്കുറിച്ച് എഴുതിയിട്ടുണ്ട്. അവൻ എഴുതിയിട്ടുള്ളത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ എൻെറ വചനങ്ങൾ എങ്ങനെ വിശ്വസിക്കും? തിബെരിയോസ് എന്നും പേരുള്ള ഗലീലക്കടലിൻെറ മറുകരയിലേക്ക് യേശു പോയി. അവൻ രോഗികളിൽ പ്രവർത്തിച്ച അടയാളങ്ങൾ കണ്ടതുകൊണ്ട് വലിയ ജനക്കൂട്ടം അവൻെറ പിന്നാലെ ചെന്നു. യേശു മലയിൽ കയറി ശിഷ്യന്മാരോടുകൂടി അവിടെ ഇരുന്നു. യഹൂദന്മാരുടെ പെസഹാപ്പെരുന്നാൾ അടുത്തിരുന്നു.

⁜ [illegible] ⁜ [illegible]

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി.

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെരാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

നാലാം കൗമാ

ܦܽܘܪܩܳܢ

ܥܶܠܳܐ ܒܟܳܝ ܘܰܫܡܰܝܳܐ ܚܰܝܠܶܐ ܡܶܢ ܡܶܢܳܐ ܒܰܪܢܳܫܳܐ ✣ ܡܶܢܳܐ ܡܶܫܬܰܒܚܳܐ
ܩܰܕܺܝܫ ܒܟܽܠ ܘܰܒܪܰܘܡܳܐ ✣ ܠܡܫܰܒܚܽܘܬܶܗ ܕܐܰܠܳܗܽܘܬܶܗ ܘܩܽܘܕܫܶܗ ܘܡܰܠܟܽܘܬܶܗ
ܘܰܡܫܰܒܚܳܐ ܠܟܳܐ ܕܠܳܐ ܠܰܒܠܶܗ ܡܶܫܬܰܒܚܳܐ ܒܟܽܠ ܢܶܓܽܘܪ
ܘܰܒܟܽܠܗܶܝܢ ܕܩܳܠܶܗ ܢܣܰܒ ✣

മുകളിൽ മേലുള്ള സൈന്യങ്ങളാൽ ആഘോഷിക്കപ്പെടുന്നവനും താഴെ കൃപാനിഷേധികളായ യഹൂദന്മാരാൽ നിന്ദിക്കപ്പെട്ട് അപമാനിക്കപ്പെടുന്നവനും ആയി തൻെറ പൂർണ്ണതയിൽ ഉന്നതനും ഉൽകൃഷ്ടനും ഉന്നതങ്ങളിൽ ക്രൂബേന്മാരാരാൽ വാഴത്തപ്പെടുകയും ജനങ്ങളുടെ പുരോഹിതന്മാരാൽ അന്യായമായി കുററംചുമത്തപ്പെടുകയും ചെയ്തവാഴ്ത്തപ്പെട്ടവനും അനുഗൃഹീതനും ദുഷ്ടന്മാരായ സപ്രേന്മാരാലും പ്രീശേന്മാരാലും അഹങ്കാരത്തോടെ ദുഷിക്കപ്പെടുന്നവനും വിശുദ്ധ സ്രാപ്പികളാൽ ത്രിത്വമായി പരിശുദ്ധൻ എന്ന് സ്തുതിക്കപ്പെടുന്നവനും ആയി സകലത്തേയും ശുദ്ധീകരിക്കുന്ന പരിശുദ്ധനുമായ

കർത്താവിന് സ്തുതി. തനിക്ക് രാത്രിനമസ്ക്കാരത്തിൻെറ നാലാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܩܘܿܠܐ

എഴുന്നെള്ളിവന്ന, ദീർഘദർശിമാർ തന്നെ രൂപീകരിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളെ തൻെറ തിരുമേനികൊണ്ടുനിറവേറ്റുകയും ബലിയായിത്തീർന്ന ജീവകരമായ തൻെറ രക്തപ്രവാഹ ത്താൽ ലോകത്തിനു പാപപരിഹാരം ഉണ്ടാക്കുകയുംചെയ്ത ഉത്തമനാഥനും, ഞങ്ങൾക്കുവേണ്ടി തന്നെത്തന്നെ തൻെറ പിതാവിനു ബലിയർപ്പിക്കുകയും തൻെറ കരുണമൂലം ഞങ്ങൾക്കു രക്ഷ കണ്ടെത്തുകയും ചെയ്ത രക്ഷകനും, ഇസഹാക്കിനു പകരം ബലി കഴിക്കപ്പെട്ടതായ വൃക്ഷത്തിൽ നിന്നുള്ള കുഞ്ഞാടിനെക്കൊണ്ട് തൻെറ ജനനത്തെയും മരണത്തെയും മുൻകൂട്ടി കാണിക്കുകയും അവിടെ ചെയ്യപ്പെട്ടവയാൽ അബ്രഹാമിന് തൻെറ കഷ്ടാനുഭവ ദിവസത്തെയും തൻെറ ഉയിർപ്പിൻെറ മഹാത്മ്യത്തേയും കാണിച്ചുകൊടുക്കുകയുംചെയ്ത ഉന്നതനും, ദേഹം നിർമ്മിച്ചതിനാൽ പിടിക്കപ്പെടുകയും ശരീരിയായിത്തീർന്നതി നാൽ ദുഷ്ടൻമൂലം അപമാനിക്കപ്പെടുകയുംചെയ്ത നിർമ്മലനും താഴ്മപൂണ്ടതിനാൽ നിഴലുകൾ തന്നോടു

യുദ്ധംചെയ്കയും ഇറങ്ങിവന്നതിനാൽ ബന്ധനത്തിലാകുകയും ചെയ്ത പ്രകാശങ്ങളുടെ പ്രകാശവും ദുഷ്ടന്മാർ തന്റെ വസ്ത്രം ആഴിച്ചിട്ടും നഗ്നനാകാതിരിക്കുകയും തന്റെ ജഡമുരിച്ചിലാൽ അന്യായത്തിന്റെ പ്രമാണിയെ ലജ്ജിപ്പിക്കുകയും താനോ നിഗളിക്കാതിരിക്കുകയുംചെയ്ത നല്ലവനും ദൈവമാകകൊണ്ട് തന്റെ ആംഗ്യത്താൽ സൃഷ്ടികളെ വഹിച്ചിരിക്കുമ്പോൾ തന്റെ കുരിശിനെ വഹിക്കുകയും താൻ വ്യവസ്ഥിതനാകയാൽ തന്റെ കഷ്ടതകൊണ്ടു കഷ്ടതകളെ പീഡിപ്പിക്കുകയുംചെയ്ത ശക്തിമാനും ഞങ്ങളിൽ നിന്നുണ്ടായ മരണത്തിന്റെ കാസായെ കുടിക്കുകയും തന്റെ പിതാവിനോടു സമനാകയാൽ തന്റെ മരണംമൂലം മരണത്തെ കൊല്ലുകയുംചെയ്ത ജീവനുള്ളവനും മരിച്ചവനെപ്പോലെ പാതാളത്തിലേക്ക് ഇറങ്ങുകയും ജീവനുള്ളവനെപ്പോലെ അതിന്റെ കോട്ടകളെ ഇടിച്ചു നിരത്തുകയുംചെയ്ത ഉന്നതനും ആയിരിക്കുന്ന ദൈവമേ, നിർണ്ണയിക്കപ്പെടാവതല്ലാത്ത നിന്റെ സ്നേഹംമൂലം ഈ താഴാഴ്മയ്ക്ക് നീ ഇറങ്ങിവന്നതിനാൽ ഈ പരിമളധൂപത്തെ ഞങ്ങൾ നിനക്കു സമർപ്പിക്കുന്നു. നിന്റെ സ്നേഹംമൂലം നീ പ്രസാദിച്ചു ഞങ്ങളുടെ അരിഷ്ടങ്ങളായ കൈകളിൽനിന്ന് ഇതിനെ നീ ആംഗീകരിക്കണമെ. ശ്രവണമാത്രയിൽ പാതാളം ഭ്രമിക്കുകയും ദുഷ്ടാത്മാക്കൾ തള്ളപ്പെടുകയും ചെയ്യുന്നതായ നിന്റെ വിശുദ്ധ വാതിൽമറയ്ക്കുള്ളിൽ എഴുതപ്പെട്ടിരിക്കുന്ന തിരുനാമത്താൽ നിന്റെ കൽപ്പനകളെ

ആചരിപ്പാനും സത്യത്തിനെതിരായി നിൽക്കുന്ന സകല അഹങ്കാര വിചാരത്തേയും തള്ളിക്കളെയുവാനും ഞങ്ങളെ നീ ശക്തരാക്കണമെ. വിശ്വാസത്താൽ അനുസരണക്കേടിനെ പുറത്താക്കുവാനും കോപത്തെ മായിച്ചുകളയുവാനും അഹങ്കാരത്തെ അമർത്തുവാനും ദോഷജനകങ്ങളായ എല്ലാ സ്വഭാവങ്ങളെയും നിർമ്മൂലമാക്കുവാനും നിശ്ചലങ്ങളായ നിർമ്മലബുദ്ധിയെ സമ്പാദിപ്പാനും പുണ്യപ്രവർത്തികളോടുകൂടെ നിനക്ക് പ്രസാദകരമായ ഭാഗ്യമുള്ള അവസാനം പ്രാപിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നീ ജാതികളെ നശിപ്പിക്കുകയും മിസ്രേമിൽനിന്ന് കൊണ്ടുവന്ന മുന്തിരിവള്ളിയെ നടുകയുംചെയ്തു. അതിൻെറ മുമ്പിൽ പർവ്വതങ്ങൾ കുഞ്ഞാടുകളെപ്പോലെ തുള്ളി. അതിലുള്ള വിശിഷ്ടമായ മുന്തിരിക്കുലയെ ജാതികൾ പറിച്ചെടുക്കുകയും തിന്നു തൃപ്തരാകുകയും തന്നെ മരത്തിന്മേൽ ക്രൂശിച്ചവർ എന്നേക്കും നശിക്കുകയും ചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

വിശ്വാസമുള്ള വിശുദ്ധസഭയേ, നീ സ്തുതിപാടുക. തൻെറ മരണത്താൽ പാപികളെജീവിപ്പിക്കുകയും തൻെറ കഷ്ടാനുഭങ്ങളാൽ നിൻെറ മക്കളെസ്വാതന്ത്ര്യപ്പെടുത്തുകയും തൻെറ ഉയിർപ്പിൻെറ ദിവസത്തിൽ മേലുള്ളവരെയും

താഴെയുള്ളവരെയും ആകാശത്തേയും ഭൂമിയേയും സന്തോഷിക്കുകയും ചെയ്ത നിഹതനായ മണവാളനു സ്തുതി പാടുക.

You had destroyed the gentiles and planted the vine that You brought from Egypt. The mountains skipped before it like lambs. The gentiles plucked it beautiful clusters and ate it and were satisfied. She who crucified Him on the tree became desolate forever. **Barekmore. Glory be to the Father,-- Unto the ages-**

The believing Holy Church, praise the bridegroom who was killed and Who, by His death, gave life to the sinners, and set Your children free through His sufferings, and on the day His resurrection, gladdened those who are above and below and the heaven and the earth.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܟ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܟ ܕܐܬܡܟܟ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നല്ലിടയാ നിൻ വൃത്തം കേൾപ്പാൻ
ആട്ടിൻകൂട്ടം ചെവി ചായിപ്പൂ

തന്നുടെ ഹാശാ സഭയിൻ കോട്ട
അജവൃന്ദത്തെ ചീന്തിയ ചെന്നായ്
തന്മൂലം നി-ശ്ശേഷം മാഞ്ഞു.

ഇരു ലോകത്തും ഘോരാരാവം
ഘോഷിച്ചിട്ടും സീയോൻ നിദ്ര
വിട്ടില്ലെന്നാ-ലവളുടെ കാന്തൻ
മർദ്ദിച്ചപ്പോൾ അവളെഴുന്നേറ്റാ
ഉണർവ്വുള്ളോനെ നീക്കം ചെയ്തു.

തൻ പ്രതിരൂപം മുടിവേൽക്കായ്വാൻ
വന്നോനാമു-ന്നതനേ സ്തോത്രം
കാലത്തികവിൽ നരനായ്ത്തീർന്നാൻ
മാർഗ്ഗം നിറവേ-റ്റി പാടേറ്റു
നിൻ പ്രേഷകനാം താതൻ സ്തുത്യൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܶܢܚܳܐ ܠܶܗ ܒܰܡܳܪܝܳܐ ܕܕܢܰܚ
ܒܰܝܢܳܐ ܥܰܡܶܗ ܡܶܢ ܐܳܬ ܐܰܒܘܢ ✣ ܡܶܢ ܕܩܳܡ ✣

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܥܳܠܡܳܐ ܘܚܰܝܶܐ ܘܦܘܼܪܩܳܢܳܐ
ܥܰܡܶܗ ܥܳܠܡܳܐ ܘܰܒܪܳܐ ܕܫܰܡܳܐ ܟܽܠ ܢܰܦܫܳܬܰܢ ✣
ܠܗܘܢ ܕܫܰܒܒܚܘܢ ܡܶܢ ܟܰܢܘܫܬܳܐ ܢܰܦܫܳܢ ܒܟܠܝܢ ✣

മ്ശിഹാ സ്ക്കിപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

നാഥൻ നൽകി കണ്ണു തുറന്നാ കുരുടനു കാഴ്ച
അല്ലല്ലേവം മറ്റൊരുവൻ താനിവനല്ലെന്നാർ
മിണ്ടാത്തോനാം ചെകിടനു സൗഖ്യം കർത്താവേകി
ഭൂതങ്ങൾ തൻ തലവനെയാലെന്നവരങ്ങോതി. ദേവാ--

സ്തോത്രാർഹൻ നീ ദോഷികളിന്നും ദൂഷണമേറ്റു
സൽപുത്രാ നിൻ സ്തുതി പാടീടാനാരാലാവും
കീർത്തിച്ചീടും സ്വന്തം വടിവിൽ ലോകം സർവ്വം
സ്തോത്രംനാഥാ നിൻജനകന്നുംറൂഹ്ക്കുദിശായ്ക്കും.ദേവാ---
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

<u>മാലാഖമാരുടെ സ്തുതിപ്പ് - പേജ് 45</u>

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനാകുന്ന ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ, നിൻെറ സ്തുതിയുടെവലിപ്പംനിമിത്തം ഞങ്ങൾ സ്തോത്രംചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനു മായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, പിതാവായ ദൈവത്തിൻെറ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, നിത്യമായികർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങ ളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളിൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിന്റേയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ

മോറാനേശു മശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܥܕܬܐ ܕܚܫܬ ܒܚܫܟ ܐܬܒܣܡܬ ܒܩܝܡܬܟ
ܘܥܒܕܝܟ ܢܣܒܘ ܡܢܟ ܡܪܝ ܛܝܒܘܬܐ ܘܚܘܣܝܐ ⁜ [3]

ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܣܓܕܬܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܬܫܒܘܚܬܐ
ܘܥܠܝܢ ܚܛܝܐ ⁜ ܛܝܒܘܬܐ ܘܪܚܡܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܝ ܕܨܗܝܘܢ ⁜ ܘܬܥܠܐ ܒܥܘܬܢ ܠܟܘܪܣܝܐ ܩܕܡ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.



കൗമാ

ܒܚܫܝܟ ܥܕܬܐ ܕܚܫܬ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܒܬܪ ܕܒܫܡܐ ܐܬܡܠܝܬ ܐܢܫܐ ܒܩܘܫܬܐ

ܘܡܫܒܚܝܢ ܡܢܟ ܦܪܘܩ ܠܒܪ̈ܝܬܐ ܫܘܒܚܐ ❊ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܒܐ ❊ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ

ܘܡܘܕܝܢܘܬܐ ❊ ܘܥܠܝܢ ܚܛ̈ܝܐ ܪ̈ܚܡܐ ܘܚܢܢܐ ❊ ܢܫܦܥܘܢ

ܠܕܪ̈ܐ ܘܫܘܡܠܝܐ ܘܠܒܪܝܬܐ ❊ ܘܒܩܪܐ ܕܠܘܢ ܩܕܡ ܩܕܡ

ܘܡܫܒܚܐ ❊ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ

ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ❊ ܒܪܟܡܪ ❊

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❊ ܐܡܝܢ ❊

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക്

ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

†ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܀ ܘܥܠܝܢ ܡܣܟ̈ܢܐ
ܘܚܛܝ̈ܐ ܪ̈ܚܡܐ ܘܚܢܢܐ ܢܫܬܦܟܘܢ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ
ܥܠܡ̈ܝܢ ܀ ܐܡܝܢ ܀

[illegible]

ഞങ്ങളുടെ മശിഹാതമ്പുരാനേ, നിൻെറ കഷ്ടാനുഭവങ്ങളുടെ സഹായത്താൽ നിന്നെ വന്ദിക്കുന്നവരുടെ ഹൃദയങ്ങളിൽനിന്നും ബോധങ്ങളിൽനിന്നും പാപമയമായ അശുദ്ധവിചാരങ്ങളാകുന്ന അന്ധകാരമൂടിയെ നീക്കിക്കളെയണമെ. നിൻെറ കഷ്ടാനുഭവത്തിൽ ഞങ്ങൾ കഷ്ടം അനുഭവിച്ചുകൊണ്ട് നിൻെറ പുനരുത്ഥാനദിവസത്തിൽ നിന്നോടുകൂടെ സന്തോഷിപ്പാനും നിനക്കും നിൻെറ പിതാവിനും,പരിശുദ്ധറൂഹായ്ക്കും സ്തുതിയുംസ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ--

51-ാം സങ്കീർത്തനം - പേജ് 42

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ

പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഹൗ ദഹവൊ ബുഖറൊ എന്നപോലെ

1 വ്യഥയാലും തന്നുടെ മൃതിയാലും
നവ്യം ജീവൻതന്നരുളിയ, ദേവാ ദയചെയ്തീടണമെ.

2 ഉയിരോനായ് ക്ന്നൂമ്മായിൽ വാഴ്കെ
ഞങ്ങൾ-ക്കായ് മൃതിയേറ്റോനേ, ദേവാദയചെയ്തീടണമെ.

3 ജീവദനേ ജീവനതുള്ളോനേ
മൃതിയാൽ ജീവൻതന്നോനേ, ദേവാദയചെയ്തീടണമെ.

4 വ്യജമെഴും വൈദികപരിഷയ്ക്കായ്
യൂദാ-ചതിയാലേൽപ്പിച്ചോരു, ദേവാദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

5 രക്തത്താൽ ഞങ്ങളെ വാങ്ങിയ നീ
യൂദാ-യാൽ വിൽക്കപ്പെട്ടു, ദേവാ ദയചെയ്തീടണമെ.

63-ാം സങ്കീർത്തനം

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെ പ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെകൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

†ശുബഹോ - മെന്ഗാലം വാദാമോ ല്ഗാലാം ഒൽമീനാമീൻ

എനിയോനൊ ദേവേശാ മശിഹാ എന്നപോലെ

1. **ഏറ്റൊരു കഷ്ടതയാൽ കഷ്ടതയിന്നും
ഞങ്ങളെ സംരക്ഷിച്ചോനേ കഷ്ടതയേറ്റോനാം മശിഹാ-
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.**

2. **ഏറ്റൊരു കഷ്ടതയാൽ മൃതികഷ്ടതയെ
നീക്കിയ ജീവമയാത്മജനേ കഷ്ടത തീണ്ടിടാത്തോനേ,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.**

3. **ഞങ്ങൾക്കായ് വിധിതൻ നിലയം പൂകി
പാപ പിശാചുക്കളെ നീക്കി നൽസ്വാതന്ത്ര്യം തന്നോനേ,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.**

4. **ജഡപരമായ് മനസാ, മൃതി കൈക്കൊണ്ട്
ആദാമിനെ മരണത്തിന്നും രക്ഷിച്ചോൻ മശിഹാ നാഥാ,
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.**

5. **കഷ്ടതയാദമിനായ് സ്വയമേ കൈക്കൊണ്ട്
ഞങ്ങളിൽനിന്നും ഭിന്നതയെ നിർമ്മൂലം നീക്കിയമശിഹാ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.**

ബാറെക്മോർ. † ശുബഹോ ---- മെന്ഗാലാം വാദാമോ ---

6. **താതനോടൊപ്പം സ്ഥിതി ചെയ്യുന്നോനേ
ഞങ്ങളെ രക്ഷിപ്പാൻ മനസ്സാ യാതനയേൽപ്പാൻവന്നോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.** കുറിയേലായിസ്സോൻ

19-ാം മസുമൂർ - പേജ് 56

ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടത്തും അവയുടെ അറിയിപ്പും, ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറ മേൽ അവൻെറ കൂടാരം അടിച്ചു. അതു തൻെറ മണവറയിൽ നിന്നും പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അറ്റങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിന്മേൽ അതിൻെറ താങ്ങലും ആകുന്നു. അതിൻെറ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിൻെറ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ള വരാക്കുന്നതുമാകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിൻെറ കല്പന തെരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായ വിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായി ട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മധുരമുള്ളവയും ആകുന്നു.

അത്രയുമല്ല, നിൻെറ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര് ? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും, പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽ നിന്ന് നിൻെറ ദാസനെ തടയണമെ. എൻെറ സഹായകനും, രക്ഷിതാവുമായ കർത്താവേ, എൻെറ വായിലെ വചനങ്ങൾ നിൻെറ ഇഷ്ടപ്രകാരവും എൻെറ ഹൃദയത്തിലെ ധ്യാനം നിൻെറ മുമ്പാകെയും ഇരിക്കണമെ. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

<u>എനിയോനൊ കാഴ്ചയിതിൽ കർത്താവേ എന്നപോലെ</u>

1. ആദാമിൻ വീഴ്ചയൊഴിപ്പാൻ
താഴ്ചയിലേക്കുടയോൻ വന്നു
അവനെ ദോഷികൾ യൂദന്മാർ
നിഹനിപ്പാനാലോചിച്ചു.

2. യാതനയേൽപ്പാൻ വന്നോനാം
നാഥനെ ദോഷികൾ നിന്ദിച്ചു
സൃഷ്ടികളെ തൻ മരണത്താൽ
രക്ഷിച്ചാനപഥത്തീന്നും.

3. വ്യഥപൂണ്ടും തിരുവിഷ്ടത്താൽ
കുരിശിന്മേൽ മൃതി കൈക്കൊണ്ടും
ഈ ഞങ്ങൾക്കപെഥത്തീന്നും
സ്വാതന്ത്ര്യം തന്നോൻ ധന്യൻ.

4. നീ ഞങ്ങൾക്കഭയസ്ഥാനം
ബലമേറും തുണയും നാഥാ
നിന്നേയും സ്ലീബായേയും
നമ്പുന്നോൻ ലജ്ജിതനാകാ.

5. യേശുവിനെ കുരിശിച്ചീടാൻ
കശ്മലരാം വൈദികരാർത്തു
സപ്രേന്മാരുപദേശകരും
കൊലചെയ്‌വാനാലോചിച്ചു.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

6. ആദമിനോടാത്മജരേയും
പാപത്തിൻ ദാസ്യത്തീന്നും
വ്യഥയാലും വിനയത്താലും
വീണ്ട കൃപാനിധിയേ സ്തോത്രം. കുറിയേലായിസ്സോൻ

ഏശായാ 42: 10-13, - പേജ് 58

കർത്താവിന് ഒരു പുതിയ പാട്ടിനേയും അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവൻെറ സ്തുതികളെ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവു എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തൻെറ ശത്രുക്കളെ സംഹരിക്കും

ആകാശങ്ങളെ, മേലിൽ നിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു. **ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ. † ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ**

<u>എനിയോനൊ ഏദൻതോട്ടം നട്ടോനേ എന്ന പോലെ</u>

1. നിൻപേർക്കായ് പാടേറ്റോനേ
നിൻ സുതരെ അപഥത്തീന്നും
വീണ്ടൊരു ജീവേശാത്മജനെ ഇന്നാൾ സഭയേ കീർത്തിക്ക.

2. വിധിപതിമാർക്കധിപതിതന്നെ
മൃത്യുവിനായ് വിധി ചെയ്തീടാൻ
വൈദിക ശാസ്ത്രി പരീശന്മാർ
ഇന്നാൾ ഗൂഢം ചിന്തിച്ചു.

3. ആകൽക്കറുസായെ വീഴ്ത്തി
ദാസ്യനുകം ധൂമിച്ചോനിൽ
കുറ്റം ചാർത്താൻ കുറ്റക്കാർ
ഇന്നാളീർഷ്യയൊടൊന്നിച്ചു. ബാറെക്മോർ. † ശുബഹോ--മെന്ഓലാം--

4. മൂഢന്മാരാം യൂദന്മാർ
രക്ഷകനെ കൈവിട്ടതിനാൽ
കുറ്റക്കാരായ്ത്തീർന്നെങ്ങും
ജാതികളിൽ ചിതറിപ്പോയി. കുറിയേലായിസ്സോൻ.

സങ്കീർത്തനങ്ങൾ

1. *കർത്താവേ, രക്ഷിക്കണമെ. നീതിമാന്മാർ ഇല്ലാതെയായി. ഭൂമിയിൽനിന്ന് വിശ്വാസം നശിച്ചിരിക്കുന്നു.*

(ബാഹോനോയൗമോ - എന്ന രീതി)

ഇന്നാൾ ശാപംപൂണ്ടോർ കുറ്റം തീണ്ടാത്തോനെക്രൂശിന്മേൽ
തൂക്കിക്കൊല്ലാ-നയ്യയ്യോ കൂട്ടം കൂടി. കുറിയേലായിസ്സോൻ.

2. *മനുഷ്യൻ വ്യർത്ഥത സംസാരിക്കുന്നു. തന്റെ സ്നേഹിതനോട് ഭിന്നഅധരങ്ങളാൽ സംസാരിക്കുന്നു.*

ഇന്നാൾ ലോക-ർക്കായിട്ടേകൻ മൃതനാവുന്നതു നന്നാണെ-
ന്നാചാര്യന്മാർ മന്ത്രിച്ചു പാരം ഗൂഡം. കുറിയേലായിസ്സോൻ.

3. രഹസ്യമായും ഹൃദയംകൊണ്ടും അവർ സംസാരിക്കുന്നു. കർത്താവ് ഭിന്നഅധരങ്ങളെ നശിപ്പിക്കും.

ഇന്നാൾ ഹീനർ ഹന്നാനും ദൂർ-വൈദിക ഗണ-വുംമന്ത്രിച്ചു മൂഢാന്മാവാം കയ്യാപ്പാ തന്നെ വിധിച്ചു. കുറിയേലായിസ്സോൻ.

4. ഞങ്ങളുടെ നാവ് വമ്പു പറയുമെന്നും അധരങ്ങൾ ഞങ്ങളുടേതാകുന്നു എന്നും കർത്താവ് ആരാകുന്നു എന്നും അവർ പറഞ്ഞു.

ഇന്നാൾ യൂദാ-സ്ക്കറിയോത്താ രക്ഷകനെ വഞ്ചിപ്പാനെത്തി സർവ്വാധിപനെ-യേൽപ്പിക്കാൻ നാണ്യം വാങ്ങി. കുറിയേലായിസ്സോൻ.

5. ദരിദ്രന്മാരുടെ കവർച്ചയും അഗതികളുടെ നെടുവീർപ്പും നിമിത്തം ഞാൻ എഴുന്നേറ്റ് പരസ്യമായി രക്ഷപ്രവർത്തിക്കും എന്ന് കർത്താവ് പറയുന്നു.

ഇന്നാൾ നിന്ദിത-വിഷസർപ്പങ്ങൾ തേജസ്സേകിയനീതിമഹാ-സൂര്യൻ തന്നെനിന്ദിപ്പാ-നാലോചിച്ചു. ബാറെക്മോർ. ശുബഹോ--മെന്ഗാലാം--

ഇന്നാൾ ഗുരുവിനെഒറ്റിയചതിയൻഘാതകനാകുംയൂദാമേൽ വർഷിക്കട്ടെ ശാപങ്ങൾ പാരും വാനും. ആമ്മീൻ.

113-ാ സങ്കീർത്തനം - പേജ് 60

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളൂ ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ܦܪܘܡܝܘܢ

ܝܐܐ ܠܟ ܬܫܒܘܚܬܐ ܘܫܘܒܚܐ ܡܢ ܦܘܡܐ ܢܟܦܐ * ܦܘܡܐ ܡܫܒܚܢܐ
ܕܢܚܬ ܠܘܬܢ ܘܫܪܐ * ܒܪܡܘܬܗ ܘܐܣܬܪܩ ܡܛܠ ܦܘܪܩܢܢ
ܘܡܫܡܠܝܘܬܗ ܠܐ ܫܢܐ ܡܢ ܟܠܗ ܡܫܒܚܐ ܒܟܠ ܙܒܢ
ܘܡܒܠܒܠ ܢܦܫܬܐ ܢܦܫ *

ഞങ്ങൾക്കുവേണ്ടി ഇറങ്ങിവരികയും തൻെറ ശ്രേഷ്ഠതയിൽ വസിക്കുകയും ചെയ്തവനും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ശൂന്യമാക്കപ്പെടുകയും തൻെറ പരിപൂർണ്ണതയിൽനിന്നു വിട്ടുമാറാതെയിരിക്കുകയുംചെയ്ത

പൂർണ്ണനും, ദേഹം നിർമ്മിക്കുകയും ശരീരിയായി കാണപ്പെട്ടപ്പോഴും തന്റെ ആത്മീയാവസ്ഥയിൽ സ്ഥിതിചെയ്യുകയുംചെയ്ത നിർമ്മലനും മനുഷ്യനായിത്തീരുകയും മനുഷ്യനായി കാണപ്പെട്ടപ്പോൾ തന്റെ ദൈവത്വത്തിൽ തന്നെ താമസിക്കുകയുംചെയ്ത ദൈവവും, ജഡപ്രകാരം കുരിശിക്കപ്പെടുകയും തന്റെ ഉൺമയിൽ നിന്നുമാറാതെ ഇരിക്കുകയുംചെയ്ത ജീവനുള്ളവനും ജഡപ്രകാരം മരിക്കുകയും തന്റെ മഹിമയിൽനിന്ന് അകലാതെ ഇരിക്കുകയുംചെയ്ത മരണമില്ലാത്തവനും ആയ കർത്താവിന് സ്തുതി. തനിക്ക് പ്രഭാതമനസ്ക്കാര ത്തിന്റെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയുംയുക്തമായിരിക്കുന്നു.ബ്കുല്ഹൂൻ---

ܩܘܡܐ

ശ്രേഷ്ഠമായ തന്റെ ഉൺമയിൽ കഷ്ടതകളിൽനിന്ന് അകന്നിരിക്കുന്നവനും രഹസ്യകാര്യങ്ങളെ അറിയുന്നവനും പരസ്യകാര്യങ്ങളുടെ ന്യായാധിപതിയും 'ഇതാ നാം ഊർശലേമിലേക്ക് കരേറിപ്പോകുന്നു' എന്നും മനുഷ്യപുത്രൻ അധർമ്മികളുടെ കൈയ്യിൽ ഏൽപ്പിക്കപ്പെടുമെന്നും അവർ അവനെ അടിച്ച് കുരിശിൽ തറയ്ക്കുമെന്നും മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കുമെന്നും പറഞ്ഞു കൊണ്ട് രക്ഷാകരവും ജീവനുണ്ടാക്കുന്നതുമായ തന്റെ

കഷ്ടാനുഭവത്തിന് മുമ്പ് ജീവപ്രദമായ തൻെറ കഷ്ടാനുഭവത്തിൻെറ രഹസ്യത്തെക്കുറിച്ച് തൻെറ വിശുദ്ധശിഷ്യന്മാരോട്അറിയിച്ചവനുംആയമശിഹാതമ്പുരാനേ, പാപത്തിൻെറ സകല കഷ്ടതകളിൽനിന്നും ഞങ്ങളെ രക്ഷിപ്പാനായിട്ട് ജഡത്തിൽ ഞങ്ങൾക്കുവേണ്ടി കഷ്ടതയനുഭവിച്ചവനായ നിന്നെ ഞങ്ങൾ ദൈവമെന്നും സ്വഭാവത്തിൽ കഷ്ടതയില്ലാത്തവനെന്നും അറിയുന്നു. ആത്മീയ ശബ്ദങ്ങളാൽ ഞങ്ങൾ നിന്നെ വന്ദിച്ച് സ്തോത്രം ചെയ്ത് പറയുന്നത് എന്തെന്നാൽ, ആട്ടിൻകുട്ടിയെപ്പോലെ വെട്ടുവാൻ കൊണ്ടുപോവുകയും രോമം വെട്ടുന്നവൻെറ മുമ്പാകെ തൻെറ ക്രൂശാരോഹണ സമയത്ത് പെണ്ണാടുപോലെ അനങ്ങാതെ നൽക്കുകയും ചെയ്ത ദൈവത്തിൻെറ കുഞ്ഞാട് ഇതാകുന്നു. കയ്യാപ്പായുടെ ആളുകൾ തന്നെ പരിഹസിക്കുകയും അടിക്കുകയും ചെയ്ത ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. യൂദാ സ്ക്കറിയോത്തായുടെ വഞ്ചനയെ വെളിപ്പെടുത്തിയ ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. അധർമ്മികൾ വെറുതെ തന്നെ കുറ്റം ചുമത്തി ശിക്ഷയ്ക്ക് വിധിച്ച ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. വലത്തുഭാഗത്തെ കള്ളൻ വിശ്വസിച്ച ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. തൻെറ സഭയ്ക്ക് ജീവൻെറ സങ്കേതസ്ഥലം നൽകിയ ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. തൻെറ കഷ്ടാനുഭവ സമയത്ത് ഭൂമി കുലുങ്ങുകയും വിറയ്ക്കുകയും ചെയ്ത ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. താൻ നഗ്നനായി

കിടക്കുന്നതിനെ കണ്ടിട്ട് സൂര്യൻ ഇരുണ്ടുപോയ ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. തൻെറ ക്രൂശാരോഹണ സമയത്ത് പർവ്വതങ്ങളും കുന്നുകളും പാറകളും പിളർന്നുപോയ ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. അന്യായക്കാർ തൻെറഭക്ഷണത്തിൽ കയ്പു കൊടുക്കുകയും തൻെറ ദാഹത്തിന് കാടി കുടിപ്പിക്കുകയും ചെയ്ത ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. അഹങ്കാരികൾ പരിഹസിച്ചിട്ട് തൻെറതലയിൽ മുൾക്കിരീടം വച്ച ദൈവത്തിൻെറകുഞ്ഞാട് ഇവനാകുന്നു. സ്വപ്നം മൂലം താൻ ദൈവമാകുന്നുവെന്ന് പീലാത്തോസിൻെറ ഭാര്യയെ ബോദ്ധ്യപ്പെടുത്തിയ ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. തൻെറമരണസമയത്ത് ഭൂമി കുലുങ്ങുകയും വിറയ്ക്കുകയും ചെയ്ത ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. കുറ്റക്കാരനായ ആദാമിനു പകരം ആക്ഷേപവും നിന്ദയും സഹിച്ച ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. ഞങ്ങൾക്കുവേണ്ടി അന്യായമുള്ള ജനത്തിൽനിന്ന് അപമാനവും പരിഹാസവും സഹിച്ച ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. പ്രധാനാചാര്യൻെറ ഭൃത്യൻ അഹങ്കാരമായി തൻെറ ചെകിട്ടത്ത് അടിച്ച ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. ലജ്ജയിൽനിന്നും തുപ്പലിൽനിന്നും തൻെറ മുഖം പിൻവലിക്കാതിരുന്ന ദൈവത്തിൻെറ കുഞ്ഞാട് ഇവനാകുന്നു. വഞ്ചനയുള്ള ആചാര്യന്മാർ തൻെറ കാലുകളിലും കൈകളിലും ആണികൾ തറച്ച ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട്

ഇവനാകുന്നു. മരത്തിന്മേൽവച്ച് "എൻെറ ദൈവമേ എൻെറ ദൈവമേ" എന്നു നിലവിളിച്ച ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. തൻെറ ആത്മാവിനെ തൻെറ മഹത്വമുള്ള പിതാവിൻെറ കൈകളിൽ ഏൽപ്പിച്ച ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. തൻെറ ശബ്ദത്താൽ ഉറങ്ങിയിരുന്നവർ ഉണർന്നു തന്നെ വന്ദിച്ച ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. പാതാളത്തിലേക്ക് ഇറങ്ങി നീതിമാന്മാരെ അവരുടെ ഭവനങ്ങളിൽവച്ച് സന്ദർശിച്ച് ആനന്ദിപ്പിക്കുകയും പാതാള വാതിലുകളെ തകർക്കുകയും ചെയ്ത ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാട് ഇവനാകുന്നു. ഇതു ഹേതുവായിട്ട് കാരുണ്യവാനായ കർത്താവേ, നിൻെറ നന്മയോടു ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടി സഹിച്ച രക്ഷകരമായ നിൻെറ കഷ്ടാനുഭവത്താൽ നിന്നെ വിളിക്കുന്ന ഞങ്ങളുടെ മേൽ നീ കരുണ ചെയ്യണമെ. നീ ഞങ്ങൾക്കു സഹായിയും സങ്കേതസ്ഥലവും ആയിരിക്കണമെ. നിൻെറ കഷ്ടാനുഭവങ്ങളെ വിശ്വസിച്ചു നിൻെറ സ്ലീബായെ ഏറ്റു പറഞ്ഞിട്ടുള്ള ഞങ്ങളും ഞങ്ങളുടെ പരേതരും നിൻെറ വലത്തുഭാഗത്തു നിൻെറ കരുണയെ കാൺമാനും നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

സാറാ അബ്രഹാമിനോട് പറഞ്ഞതെന്തെന്നാൽ, എൻെറ ഏകജാതനെ നീ എവിടേക്കുകൂട്ടിക്കൊണ്ടുപോകുന്നുവെന്ന് വെളിവാക്കുക. എനിക്ക്അത്വിശദീകരിച്ചുതന്നതിനുശേഷം അവനെ കൂട്ടിക്കൊണ്ടു പൊയ്ക്കൊൾക. അബ്രഹാം അവളോട്, 'എനിക്കും എൻെറ കർത്താവിനും പൈതലിനും ഇടയിൽ ഒരു രഹസ്യമുണ്ട്. സമാധാനത്താലെ വസിച്ച് എനിക്കുവേണ്ടി പ്രാർത്ഥിക്കുക' എന്ന് പറഞ്ഞു. അവൾ അവനോട് സമാധാനത്താലെ നിങ്ങൾ പോകുവിൻ. കർത്താവ് നിൻെറ കാഴ്ചയെ കൈക്കൊള്ളട്ടെ എന്ന് മറുപടി പറഞ്ഞു. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ---

പൈതലായഇസഹാക്ക് അവനെ ദഹിപ്പിക്കുവാനുള്ളവിറക് ചുമന്നത്, അവൻ നിർവ്വഹിച്ച വലിയരഹസ്യം ആയിരുന്നു. അത് ഊർശലേമിൽനിന്ന് പുറപ്പെട്ട് സ്ക്കീപ്പാമരം ചുമന്നു കൊണ്ടുപോയ ദൈവപുത്രൻെറ സാദൃശ്യത്തെ ദൃഷ്ടാന്തപ്പെടുത്തി. ഞങ്ങളുടെമേൽ വാണ മത്സരക്കാരനിൽനിന്ന് തൻെറസ്ക്കീപ്പായാൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ--

Sarah asked Abraham: 'Where are you taking my only begotten to, reveal me. Explain me and take him and go'. Abraham told her: 'There is a mystery between me and the Lord and the child. Remain in peace and pray for me'. And she said: ' go in peace. May the lord accept your offering. Barekmore

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

Great is the mystery performed by the child Isaac by carrying the wood for his sacrifice. He represented the type of the Son of God, who carried His cross and left Jerusalem. Blessed is He Who by His Cross, set us free from the rebellion that ruled over us. Moriyorahem--

എത്രൊ

കുരിശിന്മേലുള്ള ജീവനുണ്ടാക്കുന്ന തൻെറ ബലിയാൽ ലൗകികമായ ദുർഗ്ഗന്ധം നീക്കി ഭൂലോകത്തിൽ കൃപയാകുന്ന പരിമളംവീശിയ വിലയേറിയ മൂറോൻതൈലവും മേൽത്തരമായ നറുദീനും ജ്ഞാനിയായ തോട്ടക്കാരനുംആയ കർത്താവേ, ഞങ്ങളുടെ അരിഷ്ട കൈകളാൽ നിനക്കു സമർപ്പിക്കപ്പെടുന്ന ഈ ധൂപത്തിൽ നിനക്കു പ്രീതിയുണ്ടായി സന്തോഷപൂർവ്വം അതിനെ കൈക്കൊള്ളണമെ. അതിനാൽ ഭൂമിയെങ്ങുമുള്ള നിൻെറഇടവകകൾക്കു നീ പാപപരിഹാരം നൽകണമെ. തിരുനാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും അതിനാൽ പാപപരിഹാരം നൽകണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. മോറാൻ---

വീണ്ടും കോലോ

സ്രൃഷ്ടിയിൽ വിറയലുംസംഭ്രമവുംനിറഞ്ഞഅത്ഭുതമുണ്ടായി. ദൈവംമനുഷ്യനായി തിരുവിഷ്ടത്താൽ സ്വയംവെറുമയാക്കി. തിരുകൽപ്പനയാൽ നട്ട മുന്തിരിത്തോപ്പിൽ മഹത്വഫലങ്ങൾ അന്വേഷിച്ചതിനാൽ തന്നെകൊല്ലുവാൻ യഹൂദന്മാരാകുന്ന അന്ധരായ മൂഢജനം ആഗ്രഹിച്ചു. അവർ തന്നെ നിന്ദിക്കുകയും അപമാനിക്കുകയും തനിക്കായി സ്ക്കീപ്പാമരം ഒരുക്കുകയുംചെയ്തു. തൻെറ സർവ്വനന്മകൾക്കും പകരം തനിക്കുദാഹമുണ്ടായപ്പോൾ കയ്പും ചൊറുക്കായും അവർ തനിക്കായി തയ്യാറാക്കി. ബാറെക്മോർ † ശുബഹോ: മെന്ഓലം---

അന്യായക്കാർ ദൈവപുത്രന് നിന്ദയുടെ സ്ക്കീപ്പാ ഒരുക്കി. ആ അസൂയക്കാർ തൻെറ ശ്രേഷ്ഠസൗന്ദര്യം കണ്ടിട്ട് സഹിച്ചില്ല. താൻ അവരുടെവേദനകൾ സൗഖ്യമാക്കുകയും ഉപദേശത്താൽ രക്ഷയിലേക്ക്അവരെവിളിക്കുകയുംചെയ്തു. അവർ കേട്ടിട്ട് പിറുപിറുക്കുകയും തന്നെ കൊല്ലുവാൻ ഒരുമിച്ചുകൂടുകയും ചെയ്തു. തൻെറ കൃപയ്ക്കുസ്തുതി. ഈറേന്മാർക്കു കാണുവാൻ കഴിയാത്തവൻ മനസ്സോടെ താഴ്മപ്പെട്ടതിനാൽ അശുദ്ധന്മാർ തന്നെ പിടിക്കുകയും അന്യായക്കാരനെപ്പോലെ പരിഹസിക്കുകയം ചെയ്തു.

Qolo : *mshihô natrih l'edthok*

1. A miracle full of shaking and terror has taken place in the creation: God became man and voluntarily emptied Himself. The foolish and blind Jewish people wanted to put Him to death, for He

sought the ‘fruits of glory’ in the vineyard that was planted at His commandment. They insulted and mocked at Him and made the wood ready for His crucifixion. For all His favours, they prepared gall and vine when He was thirsty. *Shubho.*

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. The evil doers prepared the cross of dishonour for the Son of God. On seeing His exalted beauty, the jealous people could not bear. He had healed their pains and with His teachings, He invited them to salvation. On hearing it, they were provoked to wrath and they assembled to put Him to death. Glory to His grace, for He, whom the watchers are unable to see, was pleased to humble Himself and the impure people could seize Him and insult Him as an evil doer.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܗܘ ܡܘܟܟܐ ܕܫܡܠܬ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

പങ്കപ്പാടേ-ൽക്കും നാഥൻ തൻ
ചിത്രം കണ്ടാൽ സന്താപത്താൽ
    ഏവൻ കണ്ണീർ വർഷിക്കില്ല?
ഭ്രമമോടീറേർ നോക്കുന്നോനെ
ക്രൂശിച്ചല്ലോ ദുഷ്ടസമൂഹം.

മനസ്സാ ശിഷ്ടാ-ത്മാവാം നാഥൻ
ദുഷ്ടാത്മാക്കൾ-ക്കായ് കീഴ്പ്പെട്ടാൻ
    അവനെ കൊന്നീ-ടാനേൽപ്പിച്ചാർ
രോമം കത്രി-ക്കുന്നോൻ മുമ്പിൽ
പെണ്ണാടുസമം മൗനം പൂണ്ടാൻ.

വീഴ്ചക്കടിപെ-ട്ടോരാം മർത്ത്യർ-
ക്കതിയാതനയാൽ വിടുതൽ നൽകി
    ക്ളേശം പൂണ്ടോൻ സ്തോത്രാർഹൻ താൻ
നയനാദൃശ്യൻ താതൻ ധന്യൻ
പരിപാവന റൂ-ഹാ സ്തുത്യർഹൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܝܢܺܝܢ ܠܗ ܠܕܰܝܳܢܳܐ ܕܕܳܢܽܘܗܝ
ܒܕܺܝܢܳܐ ܥܰܡܰܢ ܡܳܪܝ ܠܳܐ ܬܶܥܽܘܠ ⁜ ܡܳܪܝ ܐܪܚܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܳܬܳܐ ܠܥܳܠܡܳܐ ܘܰܚܝܳܬܶܗ ܘܦܰܪܩܶܬܶܗ

⁜ ܫܡܰܥ ܒܳܥܽܘܬ݂ܰܢ ܘܰܚܢܳܢ ܥܰܠ ܢܰܦ̮ܫܳܬ݂ܰܢ ⁜

⁜ ܠܗܰܘ ܕܰܡܫܰܒ݁ܚܺܝܢ ܠܶܗ ܒܰܫܡܰܝܳܐ ܗܳܫܳܐ ܒܟܽܠܝܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

നല്ലോനാം യൂദായെ വിളിച്ചാൻ സുവിശേഷിപ്പാൻ
ഹീനതയാർന്നപ്പോൾ ക്രൂശകരൊടു സഖ്യം ചേർന്നാൻ
നല്ലോരായാൽ താതൻ നരരെ നിരസിക്കില്ല
നല്ലോനാം ശ്ലേമൂൻ തൻ യാഗം കൈക്കൊണ്ടീശൻ
ബിംബാരാധനയിലവൻ തൽപ്പരനായ് കണ്ടപ്പോൾ
തൻ തിരുമുമ്പീന്നും ശ്ലേമോനെ തള്ളി ദൈവം. ദേവാ--

ആദാമർഹിക്കുന്നൊരു ദുഷിയും തുപ്പലുമേറ്റാൻ
പാതകിയെപ്പോൽ നമ്മുടെ കർത്താവാദാമീന്നും
പീഡിപ്പിക്കുന്നോർക്കായ് കൂറാൽ പാടേറ്റോനേ
സ്വാഭാവികമായ് കഷ്ടതയില്ലാത്തോനേ സ്തോത്രം
ക്രൂശേറ്റത്താൽ മഹിമ നിനക്കേറ്റിയൊരാ താതൻ
പാരം ശ്രേഷ്ഠൻ സ്തുത്യനവൻ റൂഹായോടൊപ്പം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

വായനകൾ

ആവർത്തനം 31. 16 - 20, സെഫന്യാവ് 1. 11 - 18

യെശയ്യാ 55. 4 - 11

1 യോഹന്നാൻ 1. 1 - 9, എബ്രായർ 2. 5 - 18

ഏവൻഗേലിയോൻ.

ഹാ- ഹാ- വായ്കളെയവരാകാശത്തിൽവച്ചു
നാവുകളൂഴിയിലൂടാടി. ഹാലേലൂയ്യാ

ܠܡܳܪܝܳܐ ܡܫܺܝܚܳܐ ܘܰܐܠܳܗܳܐ ܦܳܪܽܘܩܰܢ ܠܥܳܠܰܡ ܥܳܠܡܺܝܢ ❈ ܐܰܡܺܝܢ ❈

ܘܥܰܡ ܪܽܘܚܳܟ ܡܰܪܝܳܐ ܥܰܡ ܪܽܘܚܳܟ ܡܫܺܝܚܳܐ ❈ ܩܘܪܝܠܐܝܣܘܢ ❈

വി. യോഹന്നാൻ 8. 28 - 59

യേശു വീണ്ടും അരുൾ ചെയ്തു. നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ ഞാൻ തന്നെ അവൻ എന്നും, ഞാൻ സ്വയമായി ഒന്നും ചെയ്യുന്നില്ലെന്നും, എൻെറ പിതാവ് എന്നെ പഠിപ്പിച്ചതാണ് ഞാൻ സംസാരിക്കുന്നതെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്. എപ്പോഴും അവന് പ്രസാദകരമായത് ഞാൻ ചെയ്യുന്നതിനാൽ അവൻ എന്നെ തനിയെ വിട്ടിരിക്കുകയല്ല. ഇതു പറഞ്ഞപ്പോൾ അനേകർ അവനിൽ വിശ്വസിച്ചു. തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു പറഞ്ഞു, എൻെറ വചനത്തിൽ നിങ്ങൾ നിലനിൽക്കുമെങ്കിൽ നിങ്ങൾ എൻെറ യാഥാർത്ഥ ശിഷ്യന്മാരാകും. നിങ്ങൾ സത്യം അറിയുകയും ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. അവർ അവനോട്, ഞങ്ങൾ അബ്രഹാമിൻെറ സന്തതികളാകുന്നു. ഞങ്ങൾ ആർക്കും ഒരുകാലത്തും അടികളായിരുന്നിട്ടില്ല. പിന്നെ നിങ്ങൾ സ്വതന്ത്രരാകുമെന്ന് നീ പറയുന്നതെന്ത് എന്നു ചോദിച്ചു. അതിന് ഉത്തരമായി

യേശുപറഞ്ഞു. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. പാപം ചെയ്യുന്നവനെല്ലാം പാപത്തിൻെറ അടിമ യാകുന്നു. അടിമ നിത്യമായി ഭവനത്തിൽ പാർക്കുന്നില്ല. പുത്രനാകട്ടെ എന്നേക്കും പാർക്കുന്നു. അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരായിത്തീരും. നിങ്ങൾ അബ്രഹാമിൻെറ സന്തതി കളാണെന്ന് എനിക്കറിയാം. എങ്കിലും എൻെറ വചനം മനസ്സിലാക്കുവാൻ നിങ്ങൾ പ്രാപ്തരല്ലാത്തതിനാൽ എന്നെ കൊല്ലുവാൻ നോക്കുന്നു. എൻെറ പിതാവിൻെറ അടുക്കൽ കണ്ടത് ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിൻെറ അടുക്കൽ കണ്ടത് നിങ്ങളും പ്രവർത്തിക്കുന്നു. അവർ അവനോട്, ഞങ്ങളുടെ പിതാവ് അബ്രഹാമാണ് എന്നു പറഞ്ഞു. യേശു അവരോട്, നിങ്ങൾ അബ്രഹാമിൻെറ മക്കളായിരുന്നെങ്കിൽ അബ്രഹാമിൻെറ പ്രവൃത്തികൾ ചെയ്യു മായിരുന്നു. എന്നാൽ ദൈവത്തിൽനിന്നു കേട്ടിട്ടുള്ളസത്യം, നിങ്ങളോടുസംസാരിച്ച എന്നെ കൊല്ലുവാൻ ഇപ്പോൾ നിങ്ങൾ ആഗ്രഹിക്കുന്നു. ഇങ്ങനെ അബ്രഹാം ചെയ്തില്ലല്ലോ. നിങ്ങൾ നിങ്ങളുടെ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നു എന്നുപറഞ്ഞു. അവൻ അവനോട്, ഞങ്ങൾ പരസംഗത്താൽ ഉണ്ടായവരല്ല, ദൈവമെന്ന ഏകപിതാവേ ഞങ്ങൾക്കുള്ളു എന്നു പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. ദൈവം നിങ്ങളുടെ പിതാവായിരുന്നെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായി രുന്നു. എന്തെന്നാൽ ഞാൻ ദൈവത്തിൽനിന്ന് പുറപ്പെട്ടു

വന്നിരിക്കുന്നു. ഞാൻ സ്വയമായി വന്നതല്ല. പിന്നെയോ അവൻ എന്നെ അയച്ചതാകുന്നു. നിങ്ങൾ എന്തുകൊണ്ട് എൻെറ വചനം ഗ്രഹിക്കുന്നില്ല? അത് ഗ്രഹിക്കുവാൻ നിങ്ങൾക്ക്പ്രാപ്തിയില്ല. നിങ്ങളുടെപിതാവായ പിശാചിൻെറ ഇഷ്ടം ആചരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. ആദിമുതലേ അവൻകൊലയാളിയാണ്. അവൻ സത്യത്തിൽ നിലനിൽക്കുന്നില്ല. എന്തെന്നാൽ അവനിൽ സത്യമില്ല. വ്യാജം സംസാരിക്കുന്നത് അവന് സഹജമാകുന്നു. എന്തെന്നാൽ അവൻ അസത്യവാദിയും അസത്യത്തിൻെറ പിതാവുമാണ്. എന്നാൽ സത്യം സംസാരിക്കുന്ന എന്നെ നിങ്ങൾ വിശ്വസിക്കുന്നില്ല. എനിക്ക് പാപബോധം വരുത്തുവാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ? ഞാൻ സത്യം സംസാരിക്കുന്നെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതെന്ത്? ദൈവത്തിൽ നിന്നുള്ളവൻ ദൈവവചനം കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരല്ലാത്തതിനാൽ ദൈവവചനം കേൾക്കുന്നില്ല. അപ്പോൾ യഹൂദന്മാർ അവനോട്, നീ ഒരു ശമര്യനാണെന്നും നിന്നിൽ ദുരാത്മാവുണ്ടെന്നും ഞങ്ങൾ പറയുന്നത് ശരിയല്ലേ എന്നു ചോദിച്ചു. യേശു അവരോടുപറഞ്ഞു. എന്നിൽദുരാത്മാവില്ല. ഞാൻ എൻെറ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളോ എന്നെ അപമാനിക്കുന്നു. എന്നാൽ ഞാൻ സ്വന്തമഹത്വം അന്വേഷിക്കുന്നില്ല. സ്വന്തമഹത്വം അന്വേഷിക്കുകയും വിധിക്കുകയും ചെയ്യുന്ന ഒരുവനുണ്ട്. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. എൻെറ വചനം

ആചരിക്കുന്നവന് ഒരിക്കലും മരണമില്ല. യഹൂദന്മാർ അവനോട്, നിന്നിൽദുരാത്മാവുണ്ടെന്ന് ഇപ്പോൾഞങ്ങൾക്ക് വ്യക്തമായി. അബ്രഹാമും പ്രവാചകന്മാരും മരിച്ചു. എൻെറവചനംപാലിക്കുന്നവൻ ഒരിക്കലുംമരിക്കുകയില്ലെന്ന് നീ പറയുന്നു. മരിച്ചുപോയ ഞങ്ങളുടെ പിതാവായ അബ്രഹാമിനേക്കാളും, പ്രവാചകന്മാരെക്കാളും നീ വലിയവനോ? നീ ആരാണെന്നാണ് അവകാശപ്പെടുന്നത് എന്നു ചോദിച്ചു. യേശു അവരോട് പറഞ്ഞു. ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തുന്നെങ്കിൽ എൻെറ മഹത്വം ഏതുമില്ല. എന്നെ മഹത്വപ്പെടുത്തുന്നത് എൻെറ പിതാവാണ്. അവനെയാണ് ഞങ്ങളുടെ ദൈവമെന്ന് നിങ്ങൾ പറയുന്നത്. നിങ്ങൾ അവനെ അറിഞ്ഞിട്ടില്ല. ഞാനോ അവനെ അറിയുന്നു. ഞാൻ അവനെ അറിയുന്നില്ലെന്ന് പറഞ്ഞാൽ നിങ്ങളെപ്പോലെ ഞാനും അസത്യവാദിയാകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവൻെറ വചനം പാലിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രഹാം എൻെറ ദിവസം കാണുവാൻ ആഗ്രഹിച്ചു. അവൻ കണ്ട് സന്തോഷിക്കുകയും ചെയ്തു. യഹൂദന്മാർ അവനോട്, നിനക്ക് അമ്പതു വയസ്സുപോലും പ്രായമായിട്ടില്ല. നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞു. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. അബ്രഹാം ഉണ്ടാകുന്നതിനു മുമ്പ് ഞാൻ ഉണ്ട്. അപ്പോൾ അവനെ

എറിയുവാൻ അവർ കല്ലെടുത്തു. യേശു ഒഴിഞ്ഞുമാറി, ദേവാലയം വിട്ടുപോയി. ⁜ ܡܪܝܐ ܐܬܪܚܡ ⁜ ܥܠܝܢ ܘܥܕܪܝܢ ⁜

പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രംചെയ്യുന്നതും, ഉന്നതമായ തന്റെ തിരുനാമത്തിനുപാടുന്നതും, പ്രഭാതത്തിൽ തന്റെ കൃപയും, രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും, അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതത്തിൽ എന്റെ ശബ്ദം നീ കേൾക്കണമെ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടണമെ. കർത്താവേ, നിന്റെ ജനത്തോടു കരുണ തോന്നണമെ. കർത്താവേ, ഞങ്ങളെല്ലാവരുടെയും പാപങ്ങൾപരിഹരിച്ചുക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ നിന്റെ വലത്തുകൈ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെപാപരോഗത്തെസൗഖ്യമാക്കണമെ.ആമ്മീൻ.

കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܥܺܕ݁ܬܳܐ ܕ݁ܒ݂ܚܰܫܳܟ݂ ܐܶܬ݂ܒ݁ܰܣܡܰܬ݂ ܬܳܢܶܐ ܒ݁ܩܝܳܡܳܟ݂
ܘܥܰܒ݂ܕ݁ܰܝܟ݂ ܡܶܢܳܟ݂ ܦܳܪܽܘܩ ܒ݁ܽܘܪ̈ܟܳܬ݂ܳܐ ܚܽܘܣܳܝܳܐ ❉ [3]

ܠܳܟ݂ ܡܳܪܝ ܬܶܫܒ݁ܽܘܚܬ݁ܳܐ ܘܰܠܐܰܒ݂ܽܘܟ݂ ܐܰܡܺܝܢ ❉ ܘܣܶܓ݂ܕ݁ܬܳܐ ܘܫܽܘܒ݂ܚܳܐ ܠܪܽܘܚܳܐ ܩܰܕ݁ܺܝܫܳܐ
ܘܪ̈ܘܡܝܢܐ ❉ ܘܥܠܝܢ ܚܛܝ̈ܐ ܛܝܒܘܬܐ ܘܚܢܢܐ ❉ ܢܬܦܬܚܘܢ
ܬܰܪ̈ܥܶܐ ܕ݁ܨܶܗܝܽܘܢ ܕ݁ܠܥܶܠ ❉ ܘܒ݂ܳܥܽܘܬ݂ܰܢ ܬܶܫܬ݁ܡܰܥ ܩܕ݂ܳܡ
ܕ݁ܡܫܺܝܚܳܐ ❉ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ
ܫܽܘܒ݂ܚܳܐ ܠܳܟ݂ ܣܰܒ݂ܪܳܐ ܕ݁ܟ݂ܽܠܰܢ ❉ ܒ݁ܳܪܶܟ݂ܡܳܪܝ ❉

ܐܰܒ݂ܽܘܢ ܕ݁ܒ݂ܰܫܡܰܝܳܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ

ܒܬܪ ܩܘܡܐ ܕܚܠܦܝܢ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܫܽܘܒܚܳܐ ܠܐܰܒܳܐ ܘܰܠܒܪܳܐ ܘܰܠܪܽܘܚܳܐ ܕܩܽܘܕܫܳܐ

ܘܰܥܠܰܝܢ ܚܰܛܳܝܶܐ ܘܚܰܝܳܒܶܐ ܢܶܗܘܽܘܢ ܪ̈ܰܚܡܶܐ ܘܚܢܳܢܳܐ ❈ [3]

ܠܶܟ ܡܳܪܝ ܠܡܫܺܝܚܳܐ ܘܰܠܐܒܽܘܟ ܐܰܒܳܐ ❈ ܘܰܠܪܽܘܚܳܐ ܩܽܘܕܫܳܐ ܫܽܘܒܚܳܐ
ܘܬܰܘܕܺܝܬܳܐ ❈ ܘܥܰܠܰܝܢ ܚܰܛܳܝܶܐ ܘܚܰܝܳܒܶܐ ❈ ܢܶܗܘܽܘܢ
ܪ̈ܰܚܡܶܐ ܘܰܚܢܳܢܳܐ ܕܰܠܥܳܠܰܡ ❈ ܒܥܳܠܡܳܐ ܗܳܢܳܐ ܘܰܒܥܳܠܡܳܐ ܕܥܳܬܺܝܕ
ܘܰܡܫܺܝܚܳܐ ❈ ܫܽܘܒܚܳܐ ܠܶܟ ܡܳܪܝ ܫܽܘܒܚܳܐ ܠܶܟ ܡܳܪܝ
ܫܽܘܒܚܳܐ ܠܶܟ ܡܰܠܟܰܢ ܠܥܳܠܡܺܝܢ ❈ ܒܳܪܶܟܡܳܪܝ ❈

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ

ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ : ܢܶܬܩܰܕܰܫ ܫܡܳܟ . ܬܺܐܬܶܐ ܡܰܠܟܽܘܬܳܟ . ܢܶܗܘܶܐ
ܨܶܒܝܳܢܳܟ : ܐܰܝܟܰܢܳܐ ܕܒܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ . ܗܰܒ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒܽܘܩ ܠܰܢ ܚܰܘܒܰܝܢ ܘܚܰܛܗܰܝܢ : ܐܰܝܟܰܢܳܐ
ܕܳܐܦ ܚܢܰܢ ܫܒܰܩܢ ܠܚܰܝܳܒܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ
ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ . ܡܶܛܠ ܕܕܺܝܠܳܟ ܗ̱ܝ ܡܰܠܟܽܘܬܳܐ ܘܚܰܝܠܳܐ
ܘܬܶܫܒܽܘܚܬܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ❈ ܐܡܝܢ ❈

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറമേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - സീയോനിൻ തരുവിൽ ക്രൂശേറ്റോനേ എന്നപോലെ

1 സൃഷ്ടിയെ സ-ന്ദർശിപ്പാനായ് നാഥൻ
വന്നൊരു നേരം ദുഷ്ടന്മാരാർത്തു
ദേവാ ദയചെയ്തീടണമെ.

2 സ്വർഗ്ഗത്തിൽ ഈറയർ സേവിപ്പോനേ
കുരിശിച്ചീടാൻ വിധി കശ്മലരേകി
ദേവാ ദയചെയ്തീടണമെ.

3 നമ്മൾക്കായ് നിന്ദിതമാം മൃതിയേറ്റു
കഷ്ടതയേതും തീണ്ടാത്തോൻ നാ-ഥൻ
ദേവാ ദയചെയ്തീടണമെ.

4 വചനത്താൽ രവിചന്ദ്രരെ നിർമ്മിച്ചോൻ
മലിനന്മാർ തൻ തുപ്പലുമങ്ങേ-റ്റു
ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

5 സ്രാപ്പേന്മാർ വാഴ്ത്തുന്നോനെ വീഴ്ത്താൻ
മതിഹീനന്മാർ ചതിവാലോചിച്ചു
ദേവാ ദയചെയ്തീടണമെ. സ്തൗമെൻകാലോസ്----

പ്രമിയോം:ഫ

ܢܺܐܠܳܐ ܥܠܰܝܢ ܘܚܢܳܢܳܐ ܘܪ̈ܰܚܡܶܐ ܡܶܢ ܡܳܪܝܳܐ ܢܶܚܡܳܐ ❉ ܡܳܪܝܳܐ ܡܪܰܚܡܳܢܳܐ
ܕܢܰܦܫܳܢ ܠܟܽܠܗܘܢ ܘܰܡܥܰܕܪܳܢ ❉ ܠܡܶܫܟܺܝܢ̈ܳܐ ܘܠܰܬܘ̈ܳܒܶܐ ܘܠܶܐܒ̈ܝܳܐ ܘܰܡܩܰܒܠܳܢܳܐ
ܘܰܡܫܰܒܚܳܐ ܠܡܳܪܝܳܐ ܕܠܳܐ ܥܳܐܠܳܐ ܐܰܚ̈ܝܳܢܳܐ ܒܥܳܠܡܳܐ ܕܥܳܠܶܡ
ܘܰܒܥܳܠܡܰܝ̈ ܠܥܳܠܡܺܝܢ ܐܰܡܺܝܢ ❉

തൻെറ നീതിയാൽ, തന്നെ ക്രൂശിൽ തൂക്കിയവരെ ചിതറിക്കുകയും തൻെറ കൃപയാൽ തന്നെ വന്ദിക്കുന്നവരെ കൂട്ടിച്ചേർക്കുകയുംചെയ്ത നീതിമാനും സത്യവാനും ബലഹീനതയാൽ ബലത്തേയും താഴ്മയാൽ നിഗളത്തേയും ദുഷിക്കുകയും ഉപായത്താൽ ഭരണകർത്താക്കളുടെ നിഗളത്തെ അമർത്തുകയും ബലഹീനതയാൽ പ്രഭുക്കന്മാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും മൂഢതയാൽ വിദ്വാന്മാരുടെ തത്വജ്ഞാനത്തെ അജ്ഞാനമാക്കുകയും വന്ദനീയമായ തൻെറ ക്രൂശിൻെറ വിനയത്തിൽനിന്നു വീശിയ വൻ കാറ്റിനാൽ തർസ്സീസിലെ കപ്പലുകളെ ഉടയ്ക്കുകയും പരിശുദ്ധവും രക്ഷാകരവുമായ തൻെറകഷ്ടാനുഭവത്തിൻെറ പുണ്യത്താൽ അക്രമികളുടെ കപ്പൽപാകളെ കീറിക്കളെയുകയുംചെയ്ത നീതിമാനും ജ്ഞാനിയുമായ കർത്താവിന് മൂന്നാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കൂല്ഹൂൻ---

ܩܘܪܐ

ശക്തനും സർവ്വാധിപതിയും ജീവനുള്ളവനും ഭാഗ്യവാനുമായ പിതാവിൻെറ ജീവനുള്ള വചനവും സഹായങ്ങളുടെ ഉറവയും മനുഷ്യസ്വഭാവത്തിനു രക്ഷയെ നൽകുന്നവനും ഉന്നതമായ തൻെറ ദൈവത്വത്തിൻെറ അദൃശ്യാവസ്ഥയിൽ സൃഷ്ടികളുടെ സകല അറിവിൽനിന്നും വിവേകത്തിൽ നിന്നും നിർണ്ണയത്തിൽനിന്നും ഉയർന്നിരിക്കുന്നവനും ആയ ദൈവമായ കർത്താവേ, നിൻെറ സ്വരൂപം പാപവികാരങ്ങളാൽ കേടുപറ്റി സ്വേച്ഛയാൽ പാപത്തിൻേറയും സാത്താൻെറയും കെണികളിൽ കുടുങ്ങിയിരിക്കുന്നതിനെ നീ കണ്ടപ്പോൾ അനാദ്യന്തവും നിത്യവുമായ നിൻെറ കരുണയാൽ നീ നിർബന്ധിതനായി, മാംസത്തോടും വിശേഷജ്ഞാനമുള്ള ആത്മാവോടും ബന്ധിക്കപ്പെടുകയും പരിശോധിക്കുവാൻ വഹിയാത്ത നിൻെറ അദൃശ്യാവസ്ഥയിൽ ദൈവമായി സ്ഥിതിചെയ്തുകൊണ്ട് വ്യത്യാസമോ ഭേതമോകൂടാതെ പൂർണ്ണ മനുഷ്യനായിത്തീരുകയും മനുഷ്യന് ദൈവത്വം നൽകുവാനും അവനെ പീഡിപ്പിച്ചിരുന്ന നികൃഷ്ടപീഡകളിൽനിന്ന് അവനെ സ്വതന്ത്ര്യപ്പെടുത്തുവാനുമായി മാനുഷികവും കുറ്റമില്ലാത്തവയുമായ സകലത്തേയും മനസ്സോടെ നീ സഹിക്കുകയും ചെയ്തു. ഞങ്ങളെ പീഡിപ്പിക്കുന്നവരെ പീഡിപ്പിപ്പാനും രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങളുടെ ദുർവികാരങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി ഞങ്ങളെ പീഡാരഹിതരാക്കുവാനും കുരിശിലെ കഷ്ടാനുഭവത്തിനായി നിന്നെ നീ ഒരുക്കി സന്നദ്ധനാക്കി. ഇത് ഹേതുവായിട്ട് കർത്താവേ,

നിന്നോട് ഞങ്ങൾഅപേക്ഷിക്കുന്നു. രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്താൽതന്നെ ഞങ്ങളെസ്വസ്ഥരാക്കി സുഖപ്പെടുത്തണമെ. ഞങ്ങളെപാപത്തിന്പരാജിതരാക്കിത്തീർക്കരുതെ. മത്സരക്കാരനായ ആകൽക്കറുസായുടെ നിന്ദാകരവും നാശകരവുമായ എല്ലാവികാരങ്ങളിൽനിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തണമെ. വന്ദനീയമായ നിൻെറ സ്ലീബായുടെ ശക്തിയാൽ അവൻെറ ക്രൂരമായ മേൽക്കോയ്മയെ ഞങ്ങളുടെപാദങ്ങൾക്ക്കീഴ് തകർക്കണമെ. രക്ഷാകരമായ നിൻെറ കഷ്ടാനുഭങ്ങളിൽ പ്രശംസിക്കുന്നതിനാൽ ഇഹ ജീവിതത്തിൽ ഞങ്ങളെ ശ്രേഷ്ഠതപ്പെടുത്തുകയും അവിടെ നിൻെറ ദൈവികഭാഗ്യത്താൽ ഞങ്ങളെ മഹത്വപ്പെടുത്തുകയും ചെയ്യണമെ. ഞങ്ങളുടെ രക്ഷയ്ക്ക് എതിരായ എല്ലാ പ്രതികൂലത്തിൽനിന്നും ഞങ്ങളെ നീ വീണ്ടുകൊള്ളണമെ. വന്ദനീയമായ നിൻെറ കഷ്ടാനുഭവങ്ങൾനിമിത്തം ഞങ്ങളുടെ ബോധനീയമായ ഊടുവഴികളെ തെറ്റുകൂടാതെ ശരിപ്പെടുത്തണമെ. ഞങ്ങളുടെ രക്ഷയ്ക്കായി ജഡീകമായ കഷ്ടതകളിൽ ഉൾപ്പെട്ടുഎങ്കിലും സാരാംശത്തിൽ കഷ്ടത ഇല്ലാത്ത ദൈവമാകുന്നനിന്നാൽ ഞങ്ങൾ പ്രകാശിക്കുമാറാകണമെ. നിൻെറ രക്ഷയെ നിത്യവും ഞങ്ങളിൽ പുതുക്കണമെ. നിൻെറ പെസഹായുടെയും നിൻെറ ആരാധകർക്ക് നിൻെറ മോക്ഷത്തിൽ പൂർണ്ണമായി നൽകുന്നതായ മഹത്വമുള്ള ഉയിർപ്പിൻേറയും സംബന്ധത്തിന് ഞങ്ങളെ ഒരുക്കണമെ. നിൻെറകരുണയാൽ നിൻെറ സഭയെ സംരക്ഷിക്കുകയും സകല വഴിതെറ്റിൽനിന്നും അതിലെ ഭരണക്കാരെ

നീ വീണ്ടുകൊള്ളുകയും ചെയ്യണമെ. ഇവിടെ ഞങ്ങളുടെ രക്ഷയുടെപെരുന്നാളിൽ നിനക്ക് സ്തുതി കരേറ്റുവാനും അവിടെ സ്വർഗ്ഗീയസംഘങ്ങളോടും വിശുദ്ധന്മാരുടെ ഗണങ്ങളോടുംകൂടി നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങളെ രക്ഷിച്ച കഷ്ടതയില്ലാത്ത ജീവനുള്ള പുത്രാ, നിനക്കും ഞങ്ങളുടെ രക്ഷയിൽ തിരുമനസ്സായിരിക്കുന്ന നിൻെറ മഹത്വമുള്ള പിതാവിനും, ഞങ്ങളുടെ ആത്മാക്കളെ പൂർണ്ണമാക്കുന്നവനുംശുദ്ധീകരിക്കുന്നവനുമായ നിൻെ വിശുദ്ധറൂഹായ്ക്കും ഞങ്ങൾ കീർത്തനം പാടുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ വബ്കൂൽസ്---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ശപിക്കപ്പെട്ട യൂദജനം സകലത്തിൻെറയും നാഥനെതിരായി വഞ്ചനവിചാരിക്കുകയും സ്ക്കറിയോത്തായ്ക്കുനൽകുവാൻ അസൂയപൂണ്ടു ദ്രവ്യം തയ്യാറാക്കുകയുംചെയ്തു. ജീവൻെറ തലവനെ അവൻ അവർക്കു ഏൽപ്പിച്ചുകൊടുക്കുകയും അഹങ്കാരികൾ തന്നെ പരിഹസിക്കുകയും തൻെറ രക്തം അവർ ചിന്തുകയും അതിനാൽ സർവ്വലോകത്തേയും താൻ പുണ്യപ്പെടുത്തുകയും ചെയ്തു. ബാറെക്മോർ. † ശുബഹോ: മെന്ഗാലം--

ശക്തികളും അടയാളങ്ങളും പ്രവർത്തിക്കുകയും തങ്ങളുടെ വേദനകൾ സൗഖ്യപ്പെടുത്തുകയും തളർന്നവരെ

എഴുന്നേൽപ്പിച്ചു സ്ഥിരപ്പെടുത്തുകയുംചെയ്ത മശിഹാ തമ്പുരാനെ അസൂയക്കാർ കണ്ടിട്ടു നിന്ദയും പരിഹാസവും ആക്ഷേപകരവുമായ തിന്മകൾ തനിക്ക് അവർ പ്രതിപകരമായിനൽകി. ഞങ്ങൾക്കുവേണ്ടി ഇത്രത്തോളം സഹിച്ചതായ തൻെറ കരുണയ്ക്കു സ്തുതി. മൊറിയോ---

Qolo*: Ptah li thar'eh dahnonok*

1. The accursed Jewish people devised deceit against the Lord of all, and in their jealousy, they got money ready to give to Judas Iscariot. He betrayed the 'head of life' to them and the insolent insulted Him and they shed His blood, with which He gave absolution to the world. **Barekmore**

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

2. The envious ones saw Christ doing miracles and signs and healing their pains, and restoring their weak. They rewarded Him with evil, disgrace, insult and mocking. Glory to His grace, for He endured so much for our sake. ***Moryo rahem alain.***

എത്രൊ

എൻെറ കർത്താവേ നിൻെറ കൃപയുടെ സുവിശേഷപ്രകാശത്താൽ ഞങ്ങളുടെ ബുദ്ധിയെ നീ പ്രകാശിപ്പിക്കണമെ. നിൻെറസ്ലീബായെക്കുറിച്ചുള്ള സ്നേഹത്താൽ ഞങ്ങളുടെ

ആത്മാക്കളെ നീ സ്ഥിരപ്പെടുത്തണമെ. നിൻെറ സ്നേഹ മാകുന്ന ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ നീ കാത്തു കൊള്ളണമെ. നിൻെറ സ്തുതികളെ വർണ്ണിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ നീ ഉയർത്തണമെ. നിന്നെ നിരപ്പാക്കുന്ന പുണ്യപ്രവൃത്തികളുടെ പരിമളവാസന ഞങ്ങളിൽ വീശണമെ ഞങ്ങളുടെ ധൂപത്തെ നിൻേറയും നിൻെറ പിതാവിൻേറയും പരിശുദ്ധറൂഹായുടേയും നിരപ്പി നായി നീ കൈക്കൊള്ളണമെ. മോറാൻ വാലോഹാൻ--

വീണ്ടും കോലോ

പരമാർത്ഥിയും കുഞ്ഞാടിനു സദൃശ്യനുമായിരുന്ന ഹാബേൽ വെളിപ്രദേശത്തേക്കിറങ്ങിയപ്പോൾ മലകളും കുന്നുകളും കരഞ്ഞു. കണ്ണുനീരോടും പ്രലാപത്തോടുംകൂടെ അവൻ സഹോദരനോട് കേണപേക്ഷിച്ചതെന്തെന്നാൽ, ഭൂതലം നിനക്കു നൽകപ്പെട്ടിരിക്കുന്നു. എന്നെ കൊല്ലുകമാത്രം അരുത്. നീ അതിൽ അവകാശിയായിരുന്നുകൊൾക. എൻെറ രക്തത്തെ നീ ചിന്തരുത്. എൻെറ സഹോദരാ, ഉയരത്തിലും ആഴത്തിലും സൂക്ഷിച്ചുനോക്കുന്ന ദൈവമു ണ്ടെന്ന് ഓർത്തുകൊൾക. തൻെറ കൈകൾ മെനഞ്ഞഭംഗി യേറിയ സ്വരൂപത്തെ നീ നശിപ്പിക്കരുത്. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

സർവ്വ സൃഷ്ടികളുടെയും ഉടയവൻ പെരുന്നാളിൽ വന്ന് അനുതപിക്കുന്ന പാപികൾക്ക് സഹായങ്ങൾ നൽകുകയും തൻെറ വിശുദ്ധവചനത്താൽ രോഗികൾക്ക് സൗഖ്യം

നൽകുകയുംചെയ്തു. തന്നെവിലക്കുവാങ്ങി പിടിച്ചുകൊണ്ടു പോകുവാനും മരത്തിന്മേൽ തൂക്കുവാനുമായി യൂദന്മാരായ ശപിക്കപ്പെട്ടജനംനിരൂപിച്ചു. “അവർ നന്മയ്ക്കുപകരം തിന്മ എനിക്കു പ്രതിഫലമായി നൽകി. എന്റെ കഷ്ടതയിൽ അവർ ഒരുമിച്ചുകൂടി സന്തോഷിച്ചു” എന്നുള്ള ദീർഘദർശി യുടെ വചനം നിവർത്തിയായി

Qolo: *bkulmedem ethbaqith*

1. The hills and the mountains wept when Abel who was innocent and resembling a lamb came down to the plain. With fears and weeping he beseeched his brother: ‘the world has been given to you; but only spare me. Do not shed my blood on the earth. Remember, my brother, there is God who looks at the heights and the abyss. Do not destroy the fair image that His hands have fashioned’. Barekmore

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

2. The Lord of the entire creation came for the festival and poured out His helps to the sinners who repent. He healed the sick with His holy word. The accursed Jewish people plotted against Him to seize Him with a price and to hang Him on the

top of the tree. The word of the prophet was fulfilled: ‘They rewarded me with evil instead of the favours; and in my passion, they gathered together and they rejoiced at me’. *Moryo rahem alain.*

ബോത്തേദ്ഹാശോ

ܒܚ̈ܫܝ ܡܳܪܝ ܚܰܫܳܐ ܕܣܰܒܰܪܬ ܚܠܳܦܰܝܢ

ܒܚ̈ܝ ܡܰܘܬܳܟ ܕܡܰܚܝܳܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നാലാകും ജീ-വികളേന്തീടും
തേരോടാത്മീ-യന്മാരേയും
കൈവിട്ടോനാം സ്വർഗ്ഗാധീശൻ
പങ്കപ്പാടാൽ നരവർഗ്ഗത്തെ
സംരക്ഷിപ്പാ-നേറ്റം താണു.

തന്നതാം വ്യഥയാൽ വ്യഥയെ നീക്കി
ജനവൃന്ദത്തെ സംരക്ഷിപ്പാൻ
ആത്മാർത്ഥം കാം-ക്ഷിച്ചോൻ നാഥൻ
ഈശോതൻ ഹാ-ശായാൽ ലോകം
വിടുതൽ നേടി ജീവൻ നേടി.

നല്ലോരിടിയാ മാലേറ്റോനേ
പാരംപൊങ്ങും നാദത്തോടെ
ഞങ്ങൾ സ്തോത്രം പാടീടുന്നു

നിൻയാതനയാൽ ഞങ്ങളുയിർത്തു
താതാത്മജസമേ-തം നീ വന്ദ്യൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܢܚܶܬ ܠܗ ܠܥܳܠܡܳܐ ܕܢܦܰܩ
ܒܦܰܓܪܳܐ ܕܢܣܰܒ ܡܶܢ ܒܬܘܠܬܳܐ ⁜ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܠܰܝܢ ܒܚܫܳܟ ܕܗܘܳܐ ܕܚܠܳܦܰܝܢ
ܒܚܫܳܟ ܗܘܳܐ ܢܶܣܒܰܝ ܠܡܰܠܟܘܬܳܟ ܢܺܐܪܰܬ ⁜
ܐܰܠܳܗܳܐ ܐܶܬܪܰܚܰܡ ܥܠܰܝܢ ܡܳܪܝ ܚܰܢܶܢ ܚܘܣ ܥܠܰܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 മുന്തിരിലതയുടെ പരിചരണം
നിന്തിരുവടി നിറപടിയാക്കി
എങ്കിലുമതിലീ വന്യഫലം
വന്നിടുവിൻ കാരണമെന്താം ? ദേവാ ദയ---

2 അവരിഹ കയ്പിൻ പാനീയം
വീഞ്ഞിനുപകരമെനിക്കേകി
നന്മയനേകം ഞാൻ നൽകി
പകരം തിന്മയെനിക്കേകി. ദേവാ ദയ--

3 മഹിമവിശുദ്ധരിൽ നിന്നേറ്റ
മാലില്ലാത്തോനേ സ്തോത്രം
ഞങ്ങൾക്കായ് കുരിശേറ്റൊരു നിൻ
സത്യസ്നേഹം സ്തുത്യർഹം. ദേവാ ദയ--

4 നീചനിഷേധികളെത്തള്ളി
നീ സ്വർഗ്ഗം ഞങ്ങൾക്കേകി
ഞങ്ങൾ നിനക്കും താതന്നും
റൂഹായ്ക്കും സ്തുതിപാടുന്നു. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാ- ഹാലേലുയ്യാ നൽകി നന്മയ്ക്കവർ പകരം തിന്മ
നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാലേലുയ്യാ

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡ ܥܠ̈ܡܝܢ ܀ܐܡܝܢ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܀ ܟܪܘܙܘܬܐ ܕܝܘܚܢܢ ܀

വി. യോഹന്നാൻ 7. 45 - 52, 8. 12 - 20

അനന്തരം പ്രധാനാചാര്യന്മാരുടെയും പരീശന്മാരുടെയും അടുത്ത് പടയാളികൾ ചെന്നപ്പോൾ അവരോട്, നിങ്ങൾ അവനെകൊണ്ടുവരാത്തത് എന്തുകൊണ്ട് എന്നു ചോദിച്ചു.

പടയാളികൾ മറുപടിയായി, ആ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളുംസംസാരിച്ചിട്ടില്ല എന്നു പറഞ്ഞു. പരീശന്മാർ അവരോട്, നിങ്ങളും തെറ്റിപ്പോയോ, ന്യായപ്രമാണം അറിഞ്ഞുകൂടാത്ത ഈ ശപിക്കപ്പെട്ട ജനമല്ലാതെ പ്രധാനികളിലോ പരീശരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. പരീശരിൽ ഒരുവനും നേരത്തെ യേശുവിൻെറഅടുക്കൽ വന്നവനുമായ നിക്കോദിമോസ് അവരോട്, ഒരുവനു പറയുവാനുള്ളത് ആദ്യംകേൾക്കാതെയും, ചെയ്തതെന്തെന്ന് അറിയാതെയും ന്യായംവിധിക്കുവാൻ നമ്മുടെനിയമം അനുവദിക്കുന്നുണ്ടോ എന്നു ചോദിച്ചു. അവർ അവനോട്, നീയും ഗലീലക്കാരനോ, ഗലീലയിൽനിന്ന് ഒരു പ്രവാചകൻ ഉണ്ടാകുകയില്ലെന്ന് നീ പരിശോധിച്ചറിയുക എന്നു പറഞ്ഞു. യേശു വീണ്ടും ജനങ്ങളോട്, ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. പിന്നെയോ അവന് ജീവൻെറ പ്രകാശം ഉണ്ടായിരിക്കും എന്നു പറഞ്ഞു. പരീശന്മാർ അവനോട്, നിന്നെക്കുറിച്ച് നീ തന്നെ സാക്ഷ്യം പറയുന്നു. നിൻെറ സാക്ഷ്യംസത്യമല്ല എന്നുപറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം നൽകിയാലും എൻെറ സാക്ഷ്യംസത്യമാകുന്നു. എന്തെന്നാൽ ഞാൻ എവിടെനിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നും എനിക്കറിയാം. എന്നാൽ ഞാൻ എവിടെനിന്നാണ് വന്നതെന്നും എവിടേക്കാണ്

പോകുന്നതെന്നും നിങ്ങൾ അറിയുന്നില്ല. നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു. ഞാൻ ആരെയും വിധിക്കുന്നില്ല. എന്നാൽ ഞാൻ വിധിച്ചാലും എൻെറ വിധി സത്യമായിരിക്കും. എന്തെന്നാൽ ഞാൻ തനിച്ചല്ല, ഞാനും എൻെറ പിതാവുംകൂടിയാണ് വിധിക്കുന്നത്. രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ച് ഞാൻതന്നെ സാക്ഷ്യം നൽകുന്നു, എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു. അവർ അവനോട്, നിൻെറ പിതാവ് എവിടെയാകുന്നു എന്നു ചോദിച്ചു. യേശു അതിന് ഉത്തരമായി നിങ്ങൾ എന്നെയോ എൻെറ പിതാവിനെയോ അറിയുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എൻെറ പിതാവിനേയും അറിയുമായിരുന്നു എന്നു പറഞ്ഞു. യേശു ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഭണ്ഡാര സ്ഥലത്തുവെച്ചാണ് ഈ വചനങ്ങൾ സംസാരിച്ചത്. അപ്പോഴും അവൻെറ സമയം ആയിട്ടില്ലാഞ്ഞതിനാൽ ആരും അവനെ പിടികൂടിയില്ല. ⁜ ܠܡܳܪܝ ܫܽܘܒܚܳܐ ⁜ ܘܥܰܠܰܝܢ ܪ̈ܰܚܡܶܐ ⁜

കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܥܕܬܐ ܕܚܫܬ ܒܚܫܟ ܚܕܝ ܒܩܝܡܬܟ
ܘܥܒܕܝܟ ܢܣܒܘܢ ܡܢܟ ܛܝܒܘܬܐ ܘܪܚܡܐ ✣ [3]

ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܫܘܒܚܐ ✣ ܘܠܪܘܚܐ ܩܕܝܫܐ ܣܓܝܕܬܐ
ܘܬܗܘܐ ✣ ܥܠܝܢ ܚܛܝܐ ܛܝܒܘܬܐ ܘܪܚܡܐ ✣ ܘܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ✣ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ✣ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܬܘܒܚܐ ܠܟ ܡܪܝ ܠܥܠܡ ⁜ ܒܪܟܡܪ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം

Manna from Heaven

കൗമാ

ܒܚ̈ܫܐ ܩܽܘܡܳܐ ܕܚܠܽܘܦܰܝܢ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܚܕܬܐ ܕܒܣܡ ܐܬܒܣܡܬ ܐܝܟ ܒܘܣܡܐ

ܘܢܦܫܬܗ ܡܢܗ ܦܪܘܩ ܠܒܪ̈ܝܬܐ ܚܘܣܝܐ ❈ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ❈ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ

ܘܬܘܕܝܬܐ ❈ ܘܚܠܢ ܚܝܠܐ ܩܫܝܢܐ ܘܚܝܠܐ ❈ ܢܬܩܒܠ

ܐܠܗܐ ܘܫܡܝܐ ܘܠܟܠܐ ❈ ܘܕܝܢܐ ܠܟܘܢ ܡܢ ܩܕܡ

ܘܡܫܒܚܐ ❈ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ

ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡܝܢ ❈ ܒܥܕܡܝ ❈

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗ̇ܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❈ ܐܡܝܢ ❈

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ

പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ദേവേശാ മശിഹാ എന്നപോലെ

1 മൃതിയുള്ളോരാമീ ഞങ്ങൾക്കായി
വിധിഗേഹത്തിൽ ക്രൂശകരാൽ
നിന്ദിതനാം മശിഹാ നാഥാ
നിൻമുൻ വ-ന്നേൻ കൃപചെയ്കെന്മേൽ.

2 ഈറേന്മാർ വാനിൽ പരിസേവിക്കെ
ഞങ്ങൾക്കായ് വ്യഥയേറ്റീടാൻ
വന്നോനാം മശിഹാനാഥാ
നിൻമുൻ വ-ന്നേൻ കൃപചെയ്കെന്മേൽ.

3 ആകാശത്തട്ടിൻ നിർമ്മാതാവേ
യാതനമാനവനെപ്പോല-ങ്ങേറ്റോനാം മശിഹാനാഥാ
നിൻമുൻ വ-ന്നേൻ കൃപചെയ്കെന്മേൽ.

4 ധരയെ നീരിന്മേൽ സ്ഥാപിച്ചോനേ
ശുദ്ധിവിഹീനന്മാരിന്നും, തുപ്പലതേറ്റോനാം മശിഹാ
നിൻമുൻ വ-ന്നേൻ കൃപചെയ്കെന്മേൽ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

5 കുരിശിൻ യാതനയാൽ തിരുസഭയിന്നും
തർക്കങ്ങളെനീക്കംചെയ്തോ-രുടയോനേമശിഹാനാഥാ
നിൻമുൻ വ-ന്നേൻ കൃപചെയ്കെന്മേൽ. സ്തൗമെൻ---

ܦܪܘܡܝܘܢ

ܚܠܦ ܚܛܗܝܢ ܘܚܘ̈ܒܝܢ ܘܣܘ̈ܟܠܝܢ ܗܘ ܩܪܒ ܦܓܪܗ * ܩܘܪܒܢܐ ܡܩܕܫܐ
ܦܓܪܗ ܠܟܠܢ ܘܒܪܫܐ * ܠܐܒܘܗܝ ܘܒܐܘܪܚܐ ܕܚܫܘ̈ܗܝ ܘܦܘܪܩܢܐ
ܘܣܘܒܪܐ ܕܐܬܐ ܕܢܦܠ ܒܫܘ̈ܠܡܐ ܒܟܠܗ ܕܡ
ܘܒܟܠܗܘܢ ܫܥ̈ܝܢ ܕܚܝ̈ܝܢ *

ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനുവേണ്ടി തൻെറ ദേഹത്തെ പരിശുദ്ധബലിയായി അർപ്പിക്കുകയും വിസ്മയനീയമായ തൻെറ താഴ്മയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ രക്ഷിക്കുകയും, കുരിശുമരംമൂലം മരത്തെ സംബന്ധിച്ച ആജ്ഞലംഘിച്ചതിനാലുള്ള ആദ്യത്തെ ശിക്ഷയെ നീക്കിക്കളയുകയും മരണകരമായ കയ്പ്രസത്തിന് പകരം ജീവകരമായ മധുരരസം ഞങ്ങൾക്കു സമ്മാനമായി നൽകുകയുംചെയ്ത ഉൽകൃഷ്ട പുരോഹിതന് സ്തുതി. തനിക്ക് ആറാം മണിയുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

മരണമില്ലായ്മയെ നേടിയിരിക്കുന്നവനായി സർവ്വത്തിൻെറയും സ്രൃഷ്ടാവും, നിർമ്മിതാവും ആയ ദൈവമേ, നിൻെറ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ

മായിപ്പാനും നിൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ മരിപ്പിപ്പാനുമായി ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ബഹുലമായ നിൻെറ സ്നേഹത്താലും നല്ല മനസ്സാലും കഷ്ടതയ്ക്കും മരണത്തിനും നീ എഴുന്നെള്ളിവരികയും യഹൂദജനത്തിൽ നിന്ന് അപമാനവും, അധിക്ഷേപവും പരിഹാസവും സഹിക്കുകയുംചെയ്തു. എല്ലാവർക്കും വിധികർത്താവായിരിക്കുമ്പോൾ ഒരു കുറ്റക്കാരനെപ്പോലെ നാടുവാഴിയായ പീലാത്തോസിൻെറ മുമ്പാകെ നിൽക്കുകയും വിസ്തരിക്കപ്പെടുകയും ഒരു ദ്രോഹിയെപ്പോലെ കൊലയ്ക്കായി ഏൽപ്പിക്കപ്പെടുകയുംചെയ്തു. ഉന്നതങ്ങളിൽക്രൂബേന്മാരുടെ മുകളിൽ ഇരുന്ന് വാഴ്ത്തപ്പെടുമ്പോൾ രക്ഷാകരമായ സ്ലീബാമേൽ മനസ്സോടെ നീ തൂങ്ങി. മാലാഖമാർ അഗ്നിജ്വാലനിമിത്തം തങ്ങളുടെ മുഖം മറച്ച് നിൽക്കുമ്പോൾ നഗ്നനായി നീ കുരിശിൽ തറയ്ക്കപ്പെടുകയും മദ്ധ്യാഹ്നത്തിൽ സൂര്യനെ അന്ധകാരപ്പെടുത്തുകയുംചെയ്തു. നിൻെറ കൈകളുടെ നീട്ടലാൽ വായുമണ്ഡലത്തെ ശുദ്ധീകരിക്കുകയും നിന്നെയും നിൻെറപിതാവിനെയും പരിശുദ്ധറൂഹായേയും വന്ദിപ്പാനായി സർവ്വത്തേയും നീ ആകർഷിക്കുകയുംചെയ്തു. അശുദ്ധബലികൾകൊണ്ട് നാറിയിരുന്ന വായുമണ്ഡലത്തെ നിൻെറ പരിമളവാസനയാൽ രമണീയമാക്കുകയും മരത്തിന്മേൽവച്ചുള്ള നിൻെറ വിളിയാൽ ദേവാലത്തിലെ തിരശ്ശീലയെ കീറുകയും ഭൂമിയെ വിറപ്പിക്കുകയും പാറകളെപിളർക്കുകയും കബറുകളെ തുറക്കുകയും ചെയ്തു. സാത്താനെ നീ കൊല്ലുകയും ശവക്കല്ലറകളിൽ

കിടന്നവരോട് ജീവനെയും നാശമില്ലായ്മയേയുംപ്പറ്റി സംസാരിക്കുകയും അവർ അവരുടെശവക്കല്ലറകളിൽനിന്ന് എഴുന്നേറ്റ് നിൻെറ ഉയിർപ്പിൻെറ സ്ഥിരതയെ അറിയിക്കുകയുംചെയ്തു. ഇത് ഹേതുവായിട്ട് നിൻെറ കഷ്ടാനുഭവത്തെഓർക്കുന്ന നാളിൽ ബലഹീനതയും പാപവുമുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേൽ നീ പൊഴിച്ചിട്ടുള്ള കൃപയോടും ആദിയും ഇല്ലാത്ത നിൻെറ അനുഗ്രഹങ്ങളോടും ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ, കഷ്ടതയില്ലാത്തവരും ഉപദ്രവം അനുഭവിക്കാത്തവരുംആയി ഞങ്ങളെ നീ ആക്കിത്തീർക്കണമെ. അപമാനകരങ്ങളും നിന്ദാകരങ്ങളുമായ സകല വികാരങ്ങളിൽനിന്നും ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തണമെ ദുഷ്ടൻെറ ജ്വലിക്കുന്ന സകലഅസ്ത്രങ്ങളോടും പാപക്കെണികളോടും എതിർത്തു നിൽക്കുന്നതിന് ഞങ്ങൾക്ക് പ്രാപ്തിയുണ്ടാകുവാനും നീ മുഖാന്തിരം വൈരികളുടെ എല്ലാ പ്രവൃത്തികളെയും ജയിപ്പാനുമായിട്ട് നിൻെറ ദൈവികശക്തിയാകുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കണമെ. നിൻെറ സ്ലീബായുടെ ജീവനുള്ളഅടയാളത്താൽ ഞങ്ങളെ കാത്തുരക്ഷിച്ച് അതിൻെറ ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചുകൊള്ളണമെ. നിന്നെ ഉപേക്ഷിക്കുകയും നിൻെറ ഭരണത്തെ അധിക്ഷേപിക്കുകയുംചെയ്തിട്ടുള്ളവരോടുകൂടെ നിൻെറ അവസാനഎഴുന്നെള്ളത്ത് ദിവസത്തിൽ ഞങ്ങൾ ലജ്ജിക്കുമാറാകരുതെ. നിൻെറ കുറ്റമില്ലാത്ത കഷ്ടാനുഭവങ്ങളെ പരിഹസിച്ചിട്ടുള്ളവരോടുകൂടെ ഞങ്ങൾ അതിവേദനപ്പെടരുതെ. അഹങ്കാരത്തോടെ നിന്നെ മരത്തിന്മേൽ

ക്രൂശിൽതറച്ചവരോടുകൂടെ അഗ്നിയാൽ ഞങ്ങൾ മായിക്ക പ്പെടുമാറാകരുതെ. നിൻെറമുഖത്തുതുപ്പുകയും വടികൊണ്ട് നിന്നെ അടിക്കുകയും ചെയ്തിട്ടുള്ളവരോടുകൂടെ കൂരിരു ട്ടിൽ ഞങ്ങൾ തപ്പിനടക്കുമാറാകരുതെ. നീ ദൈവത്തിൻെറ പുത്രനാകുന്നു എങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരിക, എന്നാൽ ഞങ്ങൾനിന്നെവിശ്വസിക്കാം എന്നു ദുഷിച്ചു പറഞ്ഞവരോടുകൂടെ ഞങ്ങളുടെ ദേഹികൾക്ക് ഞങ്ങൾ അരിഷ്ടത കൊടുക്കുമാറാകരുതെ. തങ്ങളുടെ ചുണ്ടുകൾ മലർത്തിയും തലകുലുക്കിയുംകൊണ്ട്, ഏഹെ അവനെ ഞങ്ങളുടെ കൺകൾ കണ്ടു എന്നു പറഞ്ഞിട്ടുള്ളവരോടു കൂടെ കരച്ചിലിനുംപല്ലുകടിക്കും ഞങ്ങളെ ഏൽപ്പിച്ചു കൊടുക്കരുതെ. എന്നാലോ കരുണയുള്ളവനേ, ഭയം നിറഞ്ഞിരിക്കുന്നതായ ആ നാഴികയിൽ ദയചെയ്ത് ഞങ്ങളെ അനുഗ്രഹിക്കണമെ. ഇപ്പോൾ നിൻെറ സന്നിധി യിൽ സാഷ്ടാംഗം നമസ്ക്കരിക്കുകയും ജീവനുണ്ടാക്കുന്ന നിൻെറ കഷ്ടാനുഭവങ്ങളെ ബഹുമാനിക്കുകയും നിൻെറ സ്ലീബായിൽ പ്രശംസിക്കുകയും നിൻെറ മുറിവുകളെ ആലിംഗനംചെയ്തു ചുംബിക്കുകയും നിൻെറ രക്ഷയിൽ അഭിമാനിക്കുകയുംചെയ്യുന്ന നിൻെറ ദാസന്മാരായഞങ്ങളെ എല്ലാവരെയും നീ വീണ്ടുകൊള്ളണമെ. ഞങ്ങളുടെഅധർമ്മ ങ്ങളെയും നീ മായിച്ചുകളയണമെ. നിൻെറ സ്ലീബായുടെ ജയമുള്ള തണലിൽ ഞങ്ങളെ നീ മറച്ചുകൊള്ളണമെ. സ്വർഗ്ഗീയമണവാളനായ നിന്നോടുകൂടെ നിൻെറ നിത്യരാജ്യ ത്തിലേക്കു ഞങ്ങളെ നീ പ്രവേശിപ്പിക്കണമെ. ഞങ്ങൾ

നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ വബ്കൂൽസ്--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

വനത്തിൽവെച്ച് മന്നാനൽകുകയും പാറയിൽനിന്ന് വെള്ളം പുറപ്പെടുവിക്കുകയും പാളയത്തിലെ സംഘത്തിൻ മദ്ധ്യത്തിൽ രൂപീകരിച്ച സർപ്പത്താൽ ജീവൻ നൽകുകയുംചെയ്ത തന്നെ അവർ സ്ക്കീപ്പായിലെ മരണത്തിനായി അസൂയ യോടെ വിധിച്ചു. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ--

ആകൽക്കറുസായുടെഅടിമത്തം അവർക്കു സന്തോഷമായി രുന്നു. രക്ഷകൻ വന്നപ്പോൾ അവർ അധികാരത്തോടെ തന്നോട് പെരുമാറുകയും ദുഷ്ടനെയും മരണയോഗ്യ നെയുംപോലെ അസൂയയോടെ തന്നെ ദണ്ഡിപ്പിക്കുകയും ചെയ്തു. മൊറിയോ--

Qolo : ***bsapro hzaw(h)i thalmide***

1. In the wilderness He gave her manna and brought forth water from the rock, and gave (her) life by the serpent that was represented in the midst of the camp. But she condemned Him to crucifixion, and to experience the death of disgrace. ***Barekmore.***

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. The servitude to the accuser was agreeable for them, and when the Saviour came, they met Him insolently and with jealousy, they scourged Him like an evil doer deserving death. ***Moryo rahem alain.***

വീണ്ടും കോലോ

പുത്രൻെറ മരണത്തെക്കുറിച്ചുള്ള ഈ രഹസ്യം ഗൂഢമായി കാക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ജനനത്താൽ താൻ സകലത്തേയും സാദൃശ്യപ്പെടുത്തി. തൻെറ കൃപ വിഗ്രഹാ രാധനയിൽനിന്ന് സകലജാതികളെയും വിടുവിച്ചുരക്ഷിച്ചു. പാപത്തിൽ വീണുപോയ നമ്മുടെ വർഗ്ഗം തൻെറ താഴ്മ യാൽ ഉന്നതിപ്രാപിച്ചു. **ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാ--**

ശെമഓൻെറ വായിൽനിന്ന് അബദ്ധകാര്യങ്ങൾ പുറപ്പെട്ടു. കർത്താവേ സ്ക്കീപ്പായിൽ നീ ആസ്വദിക്കുവാൻ ഒരിക്കലും ഇടയാകരുതെ എന്ന് അവൻ പറഞ്ഞു. എന്നാൽ ഇക്കാര്യ ത്തിൽ അവൻ പ്രതികൂലിയാകുന്നുവെന്ന് കർത്താവ് അവനെ മനസ്സിലാക്കി. തന്നെ വഞ്ചിക്കുവാൻ ആഗ്രഹിച്ച അബദ്ധത്തെ താൻ കീഴടക്കുകയുംചെയ്തു. അവൻെറ വഞ്ചനയെ പരസ്യമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

Qolo: ***Eno no nuhro shariro***

1. This mystery regarding the death of the Son - that Unique Child who sets all free - was kept

hidden. Behold His grace has set free and redeemed all people from idolatry, and for the rejected, it has plaited a crown that one who is victorious deserves. By His humiliation, our race fallen into sin has been exalted. **Barekmore.**

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. Erroneous words came out of Simon’s mouth as he said: ‘Lord, this shall never happen to You! God forbid that You experience death on the cross!’ Our Lord showed him that this word is a hindrance to Him. He subdued the error that wanted to ensnare him and to go astray. Blessed is He who unveiled the deceit of the evil.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

നീതിപ്രിയനാ-കും യാക്കോബും

നിർമ്മലനായീ-ടും യൗസേപ്പും

ദൈവാ-ത്മജനെ സൂചിപ്പിച്ചു

പിൻഗാ-മികളാം ദുഷ്ടാത്മാക്കൾ
അവനെ ഗോഗുൽ-ത്തായിൽ തൂക്കി.

ആ ഹവ്വാതൻ കടമതു വീട്ടാൻ
വിധിഗേഹത്തിൽ നിലകൊണ്ടോനാം
    പാപം തീണ്ടാ-ത്തോൻ ധന്യൻ താൻ
ഹാ കുഞ്ഞാടെ-ന്നോണം നിന്നോൻ
ദുഷ്ടന്മാരാൽ കൊല്ലപ്പെട്ടു.

ക്ലേശം തീണ്ടാ-ത്തോനാം നാഥാ
ഞങ്ങൾക്കായി ക്ലേശിച്ചോനേ
    നിൻേറ-താമീ ആട്ടിൻ കൂട്ടം
നിന്നെയെന്നും വർണ്ണിക്കുന്നു
കീർത്തിക്കുന്നു വാഴ്ത്തീടുന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܐ ܕܚܳܫ ܠܗ ܒܒܶܣܪܳܐ ܕܝܠܰܢ
ܠܒܢܰܝ̈ܐ ܥܰܡܳܐ ܡܶܢ ܠܳܐ ܬܬܒܰܛܰܠ ⁜ ܡܳܪܝ ܪܰܚܶܡ̄ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܶܢ ܐܰܒܪܳܗܳܡ ܒܡܶܠܬܳܐ ܕܗܳܐ ܕܢܶܦܩܘܢ
ܒܡܶܠܬܳܐ ܗܳܝ ܕܢܶܦܩܰܬ ܘܒܰܫܠܡܘܬܳܐ ܢܶܬܠܰܘܶܐ ⁜
ܠܗܘܢ ܐܰܒܪܳܗܳܡ ܡܶܢ ܢܰܒܝܳܐ ܢܶܦܫܳܐ ܚܰܠܝܳܐ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക

നിൻ ഹാശായിൻ കഷ്ടതയാൽ, നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. നിൻെറ ജനത്തെ കരുണാബ്ധേ
നീയത്യന്തം സ്നേഹിച്ചു
പൂർവ്വസ്ഥാനമവർക്കേകാൻ
നീ മനസാ മൃതി കൈക്കൊണ്ടു
കഷ്ടതയും കുരിശും പേറി
ശാശ്വത ജീവനവർക്കേകി. ദേവാ ദയ---

2. തെറ്റിൽനിന്നും പീഡകളാൽ
രക്ഷിച്ചോൻ സ്തുത്യർഹൻ താൻ
മാനവരക്ഷയ്ക്കായ് നിന്നെ
വിട്ടോനാം താതൻധന്യൻ, പാറകലീത്താപാവനനാം
റൂഹായ്ക്കെന്നേക്കും സ്തോത്രം. ദേവാ ദയ---

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാ- ഹാ- നൽകി നന്മയ്ക്കവർ പകരം തിന്മ
നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാലേ--

വി. ലൂക്കോസ് 11. 37 - 54

ܒܙܒܢܐ ܗܳܫܳܐ ܘܒܟܠܗܘܢ ܙܒܢܝܢ ܠܥܠܡ ܥܠܡܝܢ܀ ܐܡܝܢ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܠܘܩܐ ܡܒܣܪܢܐ ❋ ܣܘܪܝܝܐ ❋

യേശു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പരീശൻ തന്നോടുകൂടെ ഭക്ഷണം കഴിക്കുവാൻ അവനെ ക്ഷണിച്ചു. അവൻ ആ പരീശൻെറ ഭവനത്തിൽ കടന്ന് ഭക്ഷണ ത്തിനിരുന്നു. ഭക്ഷണത്തിനുമുമ്പ് അവൻ കൈ കഴുകയി ല്ലെന്നു കണ്ടിട്ട് ആ പരീശൻ ആശ്ചര്യപ്പെട്ടു. യേശു അവനോടുപറഞ്ഞു. പരീശന്മാരായ നിങ്ങൾ പാനപാത്രങ്ങളു ടെയും ഭക്ഷണപാത്രങ്ങളുടെയും പുറം വെടിപ്പാക്കുന്നു. അകമോ കവർച്ചയുംദുഷ്ടതയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. ബുദ്ധിഹീനരേ, പുറം നിർമ്മിച്ചവനല്ലയോ അകവും നിർമ്മിച്ചത്? നിങ്ങൾക്കുള്ളത് ഭിക്ഷ നൽകുവിൻ. അപ്പോൾ നിങ്ങൾക്കുള്ളതെല്ലാം ശുദ്ധമായിത്തീരും. പരീശന്മാരേ, നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ ചീരയുടെയും ജീരകത്തിൻേറയും മറ്റെല്ലാ സസ്യത്തിൻേറയും ദശാംശം കൊടുക്കുന്നു. എന്നാൽ നീതി ദൈവസ്നേഹം എന്നിവ നിങ്ങൾ അവഗണിക്കുന്നു. ഇവയാണ് നിങ്ങൾ അനുഷ്ഠിക്കേണ്ടിയിരുന്നത്. മറ്റുള്ളവയെ ഉപേക്ഷിക്കരുതു താനും. പരീശന്മാരേ, നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ സുനഗോഗുകളിൽ പ്രധാനസ്ഥാനവും തെരുവുകളിൽ അഭിവാദനവും ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ മറഞ്ഞു കിടക്കുന്ന ശവക്കല്ലറ പോലെയാകുന്നു. മനുഷ്യർ അറിയാതെ അതിന്മേൽ നടക്കുന്നു. അനന്തരം വേദപണ്ഡിതന്മാരിൽ ഒരുവൻ യേശുവിനോട്, ഗുരോ നീ ഇങ്ങനെ പറഞ്ഞ് ഞങ്ങളെയും അപമാനിക്കുന്നുവോ എന്നു ചോദിച്ചു. അവൻപറഞ്ഞു. വേദപണ്ഡിതന്മാരേ, നിങ്ങൾക്ക്

ഹാ കഷ്ടം. എന്തെന്നാൽ ഭാരമേറിയ ചുമടുകൾ മനുഷ്യരെക്കൊണ്ടു എടുപ്പിക്കുന്നു. ചെറുവിരൽകൊണ്ടു പോലും നിങ്ങൾ അതു താങ്ങുന്നതുമില്ല. നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങളുടെ പിതാക്കന്മാർ വധിച്ച പ്രവാചകന്മാരുടെ കബറുകൾ നിങ്ങൾ നിർമ്മിക്കുന്നു. അതിനാൽ നിങ്ങളുടെ പിതാക്കന്മാരുടെ പ്രവൃത്തിക്ക് നിങ്ങൾ സാക്ഷ്യംവഹിക്കുന്നു. അത് അംഗീകരിക്കുകയും ചെയ്യുന്നു. അവർ പ്രവാചന്മാരെ കൊന്നു. നിങ്ങൾ അവരുടെ കബറുകൾ പണിയുകയും ചെയ്യുന്നു. ഇക്കാരണത്താൽ ദൈവത്തിൻെറ ജ്ഞാനം ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഞാൻ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും അവർക്കായി അയയ്ക്കും. അവരിൽ ചിലരെ അവർ പീഡിപ്പിക്കുകയും, ചിലരെ കൊല്ലുകയും ചെയ്യും. അത് ലോകാരംഭത്തിലെ ഹാബേലിൻെറ രക്തം മുതൽ, ദേവാലയത്തിനും ബലിപീഠത്തിനും മദ്ധ്യേവച്ച് കൊല്ലപ്പെട്ട സഖറിയായുടെ രക്തംവരെ ചൊരിയപ്പെട്ട സകല പ്രവാചകന്മാരുടെയും രക്തത്തിന്, ഈ തലമുറയോട് പകരംചോദിക്കുവാനാകുന്നു. അതേ, ഞാൻ നിങ്ങളോടു പറയുന്നു. ഈ തലമുറയോട് അതിന് പകരംചോദിക്കും. വേദപണ്ഡിതന്മാരേ നിങ്ങൾക്ക് ഹാ കഷ്ടം എന്തെന്നാൽ ജ്ഞാനത്തിൻെറ താക്കോൽ നിങ്ങൾ കൈയ്ക്കലാക്കി, നിങ്ങൾപ്രവേശിച്ചില്ല, പ്രവേശിക്കുന്നവരെ തടയുകയും ചെയ്യുന്നു. യേശു ഇവ അരുളിച്ചെയ്യുമ്പോൾ വേദപണ്ഡിതന്മാരും പരീശന്മാരും കഠിനമായി കോപിച്ച് അവനെ നിശിതമായി വിമർശിക്കുവാൻ തുടങ്ങി. അവനെ

വാക്കിൽകുടുക്കി ദോഷാരോപണം ചെയ്ത് പിടികൂടുവാൻ തക്കം നോക്കിക്കൊണ്ട് അവർ അവനോട് പലതും ചോദിക്കുകയും ചെയ്തു. ⁜ [illegible] ⁜ [illegible]

കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r’d in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܚܕܬܐ ܘܒܚܡܕ ܐܬܒܪܟܬ ܐܬܝܬ ܕܒܘܣܡܝ
ܘܡܫܒܚܝܢ ܡܢܢ ܦܘܡܢ ܠܒܢܘܗܝ ܢܘܗܪܐ ✻ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܒܪܟ ܐܝܩܪܐ ✻ ܘܠܪܘܚܟ ܩܕܝܫܐ ܫܘܒܚܬܐ
ܘܬܘܕܝܬܐ ✻ ܘܠܟܠܢ ܚܘܣܝܐ ܘܪܚܡܐ ✻ ܢܬܦܠܚܘܢ
ܬܐܘܕܐ ܕܒܗܝܢ ܘܠܟܠܐ ✻ ܘܒܝܬܐ ܠܟܘܪܝ ܡܢ ܩܕܡ
ܘܡܫܝܚܐ ✻ ܩܕܝܫܐ ܠܟ ܡܪܝ ܩܕܝܫܐ ܠܟ ܡܪܝ
ܩܕܝܫܐ ܠܟ ܡܪܝ ܠܥܠܡܝܢ ✻ ܒܟܠܙܒܢ ✻


ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✻ ܐܡܝܢ ✻

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ

പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ

ܒܰܝܢ ܩܳܘܢ ܕܚܰܫܰܡ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܚܰܝ̈ܠܐ ܘܫܽܘܒܚܐ ܠܥܳܠܡܺܝܢ ܐܡܝܢ ܕܒܫܡܝܐ

ܘܰܡܪܰܚܡܳܢ ܡܶܢܢ ܦܬܘܡ ܠܒܢܝܗ ܫܘܡܠܐ ❊ [3]

ܠܳܟ݂ ܡܳܪܝ ܬܶܫܒܽܘܚܬܳܐ ܘܰܠܐܰܒ݂ܽܘܟ݂ ܐܰܡܺܝܢ ❊ ܘܰܠܪܽܘܚܳܐ ܩܽܘܕܫܳܐ ܗܽܘ ܐܒܫܡ

ܘܗܘܡܢܐ ❊ ܘܰܠܥܳܠܰܡ ܚܰܝܳܐ ܕܠܳܐ ܡܳܝܽܘܬ݂ܳܐ ❊ ܚܽܘܣ ܥܠܰܝܢ

ܐܶܬ݂ܪܰܚܰܡ ܥܠܰܝܢ ܘܥܢܝܢ ❊ ܘܰܟ݂ܰܠܰܢ ܥܘܡܢܐ ܡܢ ܡܳܪܝ

ܘܰܡܫܰܒܚܳܐ ❊ ܫܽܘܒܚܳܐ ܠܳܟ݂ ܡܳܪܝ ܫܽܘܒܚܳܐ ܠܳܟ݂ ܡܳܪܝ

ܫܽܘܒܚܳܐ ܠܳܟ݂ ܡܳܪܰܢ ܠܥܳܠܡܺܝܢ ❊ ܒܳܪܶܟ݂ܡܳܪܝ ❊

ܐܰܒ݂ܽܘܢ ܕܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܽܘܢ ܕܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕܰܫ ܫܡܳܟ݂ . ܬܺܐܬܶܐ ܡܰܠܟ݂ܽܘܬ݂ܳܟ݂ . ܢܶܗܘܶܐ

ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟ݂ܢܳܐ ܕܒ݂ܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ

ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒ݂ܽܘܩ ܠܰܢ ܚܰܘ̈ܒܰܝܢ ܘܰܚܛܳܗ̈ܰܝܢ : ܐܰܝܟ݂ܢܳܐ

ܕܳܐܦ ܚܢܰܢ ܫܒ݂ܰܩܢ ܠܚܰܝ̈ܳܒܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ

ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ ܡܶܛܽܠ ܕܕܺܝܠܳܟ݂ ܗ̱ܝ ܡܰܠܟ݂ܽܘܬ݂ܳܐ ܘܚܰܝܠܳܐ

ܘܬ݂ܶܫܒܽܘܚܬܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ❊ ܐܰܡܺܝܢ ❊

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- മെന്ഓലം--

എനിയോനോ - യോർസെമ് കർമേ എന്നപോലെ

1 അത്ഭുതശക്ത്യാ മിസറേമീ-
ന്നെത്തിയ മുന്തിരിവല്ലിയഹൊ
നാഥനു പരിഹാസം നൽകി.

2 രക്ഷകനെ പരിഹാസത്താൽ
നിന്ദിച്ചോളാം നിൻ മകളെ
കാണുക വന്നബറാ-ഹാമേ.

3 ഉടയവനെ കുരിശേറ്റിയൊരാ
മുന്തിരി വിളയെ പ്രതി കേഴാൻ
ആഗതനാവുക യാക്കോബേ.

4 വന്യഫലത്തിൻ മുന്തിരിയെ
നീക്കി പകരം തിരുസഭയെ
നട്ടവനാംനാഥൻ ധന്യൻ. ബാറെക്മോർ.† ശുബഹോ--മെന്ഓലാം-

5 സകലാധിപനാമങ്ങേക്ക്
മഹിമാവാം ഫലമേകിടുവാൻ
ഞങ്ങൾക്കേകണമേ വീര്യം. സ്തൗമെൻകാലോസ്----

ܦܪܘܡܝܘܢ

ܠܗܘ ܕܒܐܘܣܝܐ ܠܐ ܚܫܐ ܗܘ ܠܚܫܐ ܨܒܝܢܝܐ ܐܬܐ ܒܡܬܒܪܢܫܢܘܬܗ ܀
ܕܢܥܒܕܢ ܠܐ ܚܫܘܫܐ ܘܠܐ ܡܝܘܬܐ ܘܒܚܫܘܗܝ ܢܨܪܘܛ ܫܛܪ ܚܘܒܝܢ ܀
ܘܠܓܢܣܢ ܡܝܘܬܐ ܠܐ ܚܫܘܫܘܬܐ ܢܬܠ ܘܒܚܫܘܗܝ ܩܕܝܫܐ ܠܥܠܝܐ
ܘܠܬܚܬܝܐ ܢܦܨܐ ܀

ഞങ്ങളെ കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർപ്പാനായിട്ട് തൻെറ മനുഷ്യാവതാരംമൂലം മനസ്സോടെ കഷ്ടാനുഭവത്തിന് എഴുന്നെള്ളിവരികയും തിരുമേനിയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കുറ്റപത്രത്തെ കീറിക്കളെയുകയും ഞങ്ങളുടെ മരണമുള്ള വർഗ്ഗത്തിന് കഷ്ടതയില്ലായ്മ നൽകുകയും വിശുദ്ധ കഷ്ടാനുഭവങ്ങളാൽ മേലുള്ളവരെയും താഴെയുള്ളവരെയും നിരപ്പാക്കുകയും ചെയ്തവനായി തൻെറഉൺമയിൽ കഷ്ടതയില്ലാത്തവനായ കർത്താവിന് സ്തുതി. തനിക്ക് ഒമ്പതാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

To the One Who is impassible in His essence, Who came to voluntary passion by His incarnation to make us impassible and immortal and by His sufferings torm away the deed of our debts, and

granted impassibility to our mortal race and made peace among those who are above and below by His holy sufferings. To Him befits glory, Honour and worship during this nineth hour prayer and all seasons and hours and all the days of life.

ܣܶܕܪܳܐ

വചനമായ ദൈവമേ ഞങ്ങളുടെ പക്കലുള്ള തൻെറ കൃപ കൾക്കുവേണ്ടി ന്യായമായിരിക്കുന്നപ്രകാരം നിന്നെ സ്തോത്രംചെയ്വാൻകഴിയുന്നവൻ ആരാകുന്നു. ഞങ്ങളെ കഷ്ടതയില്ലാത്തവരാക്കുവാനായിട്ട് നീ കഷ്ടാനുഭവ ത്തിനും മരണത്തിനും മനസ്സോടെവരികയും ഞങ്ങളെ ദൈവത്തിൻെറമക്കളാക്കിത്തീർക്കുവാനായിട്ട് നീ സത്യമായി മനുഷ്യനായിത്തീരുകയുംചെയ്തു. മത്സരക്കാരനായ ആകൽ ക്കറുസാ ഞങ്ങളുടെവർഗ്ഗത്തെ കഠിനമായി ഉപദ്രവിച്ചതിനെ കണ്ടിട്ട് കഷ്ടാനുഭവത്തിനും മരണത്തിനും നീ എഴുന്നെള്ളി വരികയും അതിനെ രക്ഷിക്കുകയും ചെയ്തു. എന്നാൽ നിൻെറ ഈ ഇറങ്ങിവരവിനെ ദീർഘദർശിമാരും പുണ്യവാ ന്മാരും അവരുടെ മനോനയനങ്ങൾകൊണ്ട് മുൻകൂട്ടി അറിയിച്ചു. കുറ്റക്കാരനായആദാമിൻെറനിമിത്തമുള്ള നിൻെറ മരണത്തേയുംബലിയേയും അവർ സൂചിപ്പിച്ചിരുന്നു. ഒരാൾ ചിന്തപ്പെട്ടതായ അവൻെറ രക്തംമൂലം ലോകരക്ഷയ്ക്കു വേണ്ടി ചൊരിയപ്പെടുന്നതായ നിൻെറ രക്തത്തെ രേഖപ്പെ ടുത്തിയിരുന്നു. ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാടാകുന്ന

നിൻെറ ബലിയെ ദൃഷ്ടാന്തപ്പെടുത്തികൊണ്ട് വേറൊരാൾ തൻെറപുത്രനെബലിപീഠത്തിൽവച്ച്ബന്ധിച്ചു. മറ്റൊരുത്തൻ, മിസ്രയീമിലേക്കുള്ള അവൻെറ ഇറക്കംമൂലം നിൻെറ മാർഗ്ഗത്തെ രൂപപ്പെടുത്തി. മറ്റൊരുത്തൻ, കൊല്ലപ്പെട്ടിരുന്ന കുഞ്ഞാടിനാൽ നിന്നെ കൊലപ്പെടുത്തുന്നതിനെ രൂപീകരിച്ചു. വേറൊരുത്തൻ, ലോകത്തിലുള്ള ബലികളാലും പാനീയ കാഴ്ചകളാലും നിൻെറ ബലിയെകാണിച്ചു. വേറൊരുവൻ മശിഹാ എഴുന്നെള്ളിവന്ന് ഊർശലേമിൽവച്ച് വധിക്കപ്പെടു മെന്നും അതിനെ നശിപ്പിച്ചുകളയുമെന്നും ദീർഘദർശനം പറഞ്ഞു. ഒരുത്തൻ, സന്ധ്യാസമയത്ത് അറുക്കപ്പെട്ടിരുന്ന കുഞ്ഞാടിനാൽ കാലാവസാനത്തിലുള്ള നിൻെറ തിരുമേനി യുടെ അറുപ്പിനെ മുൻകൂട്ടികാണിച്ചിരുന്നു. വേറൊരുത്തൻ കുന്തം ഉയർത്തിനേടിയ വിജയത്താൽ നിൻെറ ബഹുമാന മുള്ള സ്ലീബായുടെ വിജയത്തെഅറിയിച്ചു. ഒരുവൻ ഞാൻ കഷ്ടതയനുഭവിപ്പാൻ ഒരുങ്ങിയിരിക്കുന്നു എന്നിങ്ങനെ ഞങ്ങൾക്കുവേണ്ടി ഉണ്ടായ നിൻെറ കഷ്ടാനുഭവത്തെക്കു റിച്ച് ദീർഘദർശനം പറഞ്ഞു. വേറൊരുത്തൻ സത്യമായിട്ട് അവൻ നമ്മുടെ കഷ്ടതകളെ സഹിക്കുകയും നമ്മുടെ നൊമ്പരങ്ങളെ കൈയ്യേൽക്കുകയുംചെയ്തു എന്നുപറഞ്ഞു. ഒരുവൻ തൻെറ വസ്ത്രങ്ങൾ ചുവന്നിരിക്കുന്നതും തൻെറ തിരുമേനിയിൽ രക്തം പുരണ്ടിരിക്കുന്നതും എന്ത് എന്ന് ചോദിച്ചു. മറ്റൊരുത്തൻ കള്ളന്മാരുടെ മദ്ധ്യത്തിൽവച്ചുണ്ടായ ജീവൻനൽകുന്നനിൻെറമരണത്തെക്കുറിച്ച് തൻെറദേഹിയെ മരണത്തിന് വിട്ടുകൊടുക്കുകയും അധർമ്മികളോടുകൂടെ

എണ്ണപ്പെടുകയുംചെയ്തു എന്നോർമ്മിച്ചു. ഒരുത്തൻ അധർമ്മികളിൽനിന്ന് നിൻെറ മുഖം കൈക്കൊണ്ട തുപ്പലിനെക്കുറിച്ചും ചമ്മട്ടികൾകൊണ്ട് നീ സഹിച്ച അടികളെക്കുറിച്ചും 'എൻെറദേഹത്തെ അടികൾക്കായിട്ടും എൻെറ മുഖത്തെ ചതയ്ക്കുന്നതിനും ഞാൻകൊടുത്തു' എന്നും 'ലജ്ജയിൽനിന്നും തുപ്പലിൽനിന്നും എൻെറ മുഖം ഞാൻ പിന്തിരിച്ചില്ല' എന്നും പ്രസംഗിച്ചു. മറ്റൊരുത്തൻ, നിൻെറ നിയമത്തിൻെറ രക്തംമൂലം ബന്ധനത്തിൽപ്പെട്ട വരെ നീ അഴിച്ചുവിടുമെന്നും അറിയിച്ചു. എന്നാൽ ദീർഘദർശിമാരിൽ മഹത്വമുള്ളവനായ ഏശായ പുറജാതി കളിൽനിന്നു നീ തെരഞ്ഞെടുത്തിട്ടുള്ള നിൻെറ ജനങ്ങളുടെ അടുക്കലേക്ക് പ്രവഹിക്കുന്നതായ നിൻെറ കൃപയെക്കുറിച്ച് അവൻെറ ഉദാഹരണംമൂലംമുൻകൂട്ടിഅറിയിച്ചു. നിന്നെവിട്ട് ഓടിപ്പോയ യൗനാനും ഇതിനെത്തന്നെ അറിയിച്ചു. ഏശായാ നിൻെറ താഴ്മയേയുംമൗനത്തേയും മുൻകൂട്ടി ക്കണ്ടുകൊണ്ട് അവൻ ആട്ടിൻകുട്ടിപോലെ വെട്ടുവാൻ കൊണ്ടുപോകപ്പെടുകയും രോമംവെട്ടുന്നവൻെറ മുമ്പിൽ പെണ്ണാടുപോലെ അനങ്ങാതെ നിൽക്കുകയും ചെയ്തു വെന്ന്പറഞ്ഞു. 'എൻെറ കൈകളും കാലുകളുംഅവർ കുത്തിത്തുളച്ചു' എന്ന് ദാവീദ് പരസ്യമായി അട്ടഹസിച്ചു. ഇടയനെഅടിക്കുമെന്നുംഅവൻെറ ആടുകൾ ചിതറിപ്പോകു മെന്നും സഖറിയപറഞ്ഞു. എന്നാൽ കർത്താവേ ദീർഘദർശിമാരുടെ വചനങ്ങളെ നീ നിറവേറ്റി. ഏശായ മുൻകൂട്ടി ഉദാഹരണമായി പറഞ്ഞിട്ടുള്ള തോട്ടത്തിലേക്ക്

ഫലം അന്വേഷിപ്പാനായിട്ട് ഇന്നേദിവസം നീ എഴുന്നെള്ളി വന്നു. എന്നാൽ ദീർഘദർശിമാരെ കൊല്ലുകയും അപമാനിക്കുകയുംചെയ്തിട്ടുള്ള വേലക്കാർഎഴുന്നേറ്റു, ദീർഘദർശിമാരുടെ നാഥനും എല്ലാവർക്കും ദൈവവുമായ നിന്നെ മരണത്തിനുംകുരിശിനും ഏൽപ്പിച്ചുകൊടുത്തു. ഇതു ഹേതുവായിട്ട് ദീർഘദർശിമാരുടെ വചനപ്രകാരം തോട്ടത്തെ നീ നശിപ്പിക്കുകയും അതിലുള്ളഗോപുരം നിർമ്മൂലമാക്കുകയും വേലിപൊളിച്ചുകളയുകയും സീയോനുപകരംനല്ലഫലങ്ങളെ കായിക്കുന്ന തോട്ടമായി വിശുദ്ധസഭയെ നീ സ്ഥാപിക്കുകയുംചെയ്തു. ആകയാൽ വിശുദ്ധസഭയുടെ മക്കളാകുന്ന ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ദുഷ്ടനിൽനിന്നും അവൻെറസകലകെണികളിൽനിന്നും ആഗ്രഹങ്ങളിൽനിന്നും സഭയെ കാത്തുകൊള്ളണമെ. അതിൻെറ സന്താനങ്ങളാകുന്ന ഞങ്ങൾ നിൻെറ കഷ്ടതയിൽ കഷ്ടം അനുഭവിപ്പാനും നിൻെറ മണവറയിൽ ഇമ്പപ്പെടുവാനും നിൻെറ ക്രൂശിൽ വിജയം ഘോഷിപ്പാനും നിൻെറ രാജ്യത്തിൽ സന്തോഷിപ്പാനും യഹൂദജനത്തിൻെറ ആക്ഷേപത്തിനു പകരമായി നിനക്കു പ്രസാദകരമായിരിക്കുന്ന സ്തുതിയെ സമർപ്പിപ്പാനും നീ ഞങ്ങൾക്കുസംഗതിയാക്കണമെ. നിൻെറ ആന്തരീയതോട്ടത്തിൽ വെടിപ്പോടും വിശുദ്ധിയോടും വേല ചെയ്യുവാനുമായിട്ട് ഞങ്ങൾക്കു നീ കൃപ നൽകണമെ. നിൻെറ വിശുദ്ധതിരുനാമം ഞങ്ങളിൽ ശ്രേഷ്ഠതപ്പെടുവാനായിട്ട് സ്ഥിരമായ നിരപ്പും സമൃദ്ധിയായ സമാധാനവും ഞങ്ങൾക്ക് വർദ്ധിപ്പിച്ചുതരണമെ. നിൻെറ ഉയിർപ്പിൻെറ

ആനന്ദകരമായപെരുന്നാളിന് വെടിപ്പോടെ വന്നുചേരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയുംസ്തോത്രവും കരേറ്റും. ഹോശോ വബ്കൂൽസ്--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന് നമ്മുടെ രക്ഷകൻ തൻെറ ശിഷ്യന്മാരോട് അരുളിച്ചെയ്തപ്പോൾ ഹൃദയദുഃഖവും വിലാപവുംപൂണ്ട് അവർ തമ്മിൽ തമ്മിൽ പറഞ്ഞതെന്തെന്നാൽ, 'നമ്മുടെയിടയിൽ വഞ്ചനയോടെ പതിയിരുന്ന് നമ്മോട് പോരാടുന്നവനായി പ്രാക്കളുടെ കൂട്ടത്തിലെ സർപ്പം ആരാകുന്നു. ബാറെക്മോർ. † ശുബഹോ: മെന്ഓലം--

നമ്മുടെ രക്ഷയെപ്രതി തൻെറ ശ്രേഷ്ഠതയെ താഴ്ത്തിയ ദൈവത്തിൻെറ താഴ്മയെക്കുറിച്ച് വർണ്ണിപ്പാൻ കഴിവുള്ളവനുംആരുള്ളു? താൻ സ്വർഗ്ഗീയരുടെ സ്തുതിയെ വെടിഞ്ഞ് മത്സരികളുടെ നിന്ദയെ സ്വീകരിച്ചു. തൻെറ പീഡാനുഭവങ്ങളാൽ നമ്മെ രക്ഷിച്ചവനു സ്തുതി. മൊറിയോ--

Qolo* in the tune*: men abo moro dnah lan

1. When our Saviour told the disciples that 'one among you will betray me', their hearts were filled with sorrow and pain. They said one to another:

'Who is the serpent among the doves and plotting to fight against us?'. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. Who is able to speak of the abasement of God? He had lowered His Magnificence and left the praise of the heavenly beings for our salvation, and received insult from the insolent. Glory to Him, who came down and saved us by His sufferings. ***Moryo rahem alain*.**

എത്രൊ

ഞങ്ങൾക്കുവേണ്ടി ജഢപ്രകാരം പീഡ ഏൽക്കുകയും നിർദ്ദോഷമായ തൻെറ കഷ്ടതയുടെ പരിമളത്താൽ പാപ വികാരങ്ങളുടെ ദുർഗന്ധത്തെ മായിച്ചുകളയുകയുംചെയ്ത പീഡാരഹിതനായുള്ളോവേ, ഞങ്ങൾക്ക് വേണ്ടിയുള്ള നിൻെറ രക്ഷാകരമായ കഷ്ടാനുഭവത്തെ ഓർക്കുന്ന ഈ സമയത്ത് ഞങ്ങൾ നിൻെറ തിരുസന്നിധിയിൽ സമർപ്പിച്ചിട്ടുള്ള ഈ സുഗന്ധധൂപത്താൽ ഞങ്ങളുടെഅവയവങ്ങളിൽ നിന്നും നാശകരമായ എല്ലാവികാരങ്ങളേയും ഉന്മൂലനം ചെയ്യണമെ. നിന്നെ പ്രസാദിപ്പിക്കുന്ന ശ്രേഷ്ഠനടപ്പുകളുടെ പരിമളം നീ ഞങ്ങളുടെ ആത്മാക്കൾക്ക് സമ്പാദിച്ചു തരണമെ. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നീ പുണ്യത്തിൻെറധൂപകലശവും രക്ഷയുടെ ധൂപകലശവും

ആരാധകരുടെ ആത്മാക്കളിൽ വീശുന്ന പരിമളവും ആകുന്നു വല്ലോ. മോറാൻ വാലോഹാൻ---

The impassible one who suffered for us in the flesh, Who, with sweet odour of His innocent sufferings, have removed the foul smell of the passions of sin, now also, though this fragrant incense which we offer before You for the memory of Your redemptive passions for us, remove all the destructive passions from our members. Grant our souls the fragrance of noble maners that pleases You. For You are the censer of absolution and the incense of salvation and the sweet odore that breaths in the souls of Your worhipers, our Lord and our God, for ever.

വീണ്ടും കോലോകൾ

സൃഷ്ടികളുടെനാനാഭാഗത്തേക്കും അവരെ ചിതറിക്കുകയും അവർ ജാതികൾക്ക് നിന്ദാവിഷയമായിത്തീരുകയുംചെയ്തു. അവർക്കായി നരകം സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം--

ജനമൊക്കെയും നശിക്കാതിരിക്കേണ്ടതിനു ഒരുവൻ മരിക്കുന്നത് നല്ലതാകുന്നു എന്ന് കയ്യാപ്പാ സത്യമായി ദീർഘദർശനം പറഞ്ഞു.

Qolo **in the tune *thraihun olme dilok mor***

1. He scattered them to the four quarters of the creation and behold they have become a shame among the peoples, and Gehenna has been kept for the. **Barekmore.**

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. Caiaphas prophesied and his mouth spoke truth that one man ought to die lest the entire people might perish.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܟ ܕܩܘܙ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܟ ܕܠܘܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

മൂശാ മുതലീ വധവൃത്താന്തം
ഭാഗം ഭാഗം സൂചിപ്പിച്ചു
ദുഷ്ടാ-ത്മാക്കൾ രക്തം ചിന്തി
ശാപം പൂണ്ടോ-നാം കായേനിൻ
കഷ്ടപ്പാടി-ന്നർഹതനേടി.

നിജതേജസ്സിൻ ലേശത്തിങ്കൽ
നേരെ നിൽപ്പാനാരാളാവൂ?
ദേഹം തന്നിൽ തേജ-സ്സാണ്ടു

ബോധം കെട്ടോ-രപ്പകയന്മാർ
വീക്ഷിച്ചീടാൻ ധൈര്യം പൂണ്ടു.

നിന്നാംഗൃത്താൽ നീ സൃഷ്ടിച്ച
വായ്കൾ നിന്നെ വാഴ്ത്തീടട്ടെ
ആദാം താനും പാരും വാനും
പുതുതായതിനാൽ സ്തുതിയങ്ങേക്കും
ജനകന്നും റൂ-ഹായ്ക്കും പാടും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܚܺܝܠ ܗܽܘ ܠܥܳܠܡܳܐ ܕܕܺܝܢܳܟ݂
ܒܕܺܝܢܳܐ ܕܰܡܳܐ ܡܶܢ ܠܳܐ ܐܶܬ݂ܒܰܣܰܠ ⁜ ܡܳܪܝ ܪܰܚܶܡܰܝ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬ݂ܪܰܚܰܡܥܠܰܝܢ ܒܚܶܢܳܟ݂ ܘܰܐܦ ܕܰܚܠܳܦܰܝܢ
ܒܚܶܢܳܟ݂ ܕܗܘܳܐ ܚܰܫܺܝܫܳܐ ܘܰܒܡܰܠܟܽܘܬ݂ܳܟ݂ ܢܶܬ݂ܬ݂ܰܘܪܰܬ݂ ⁜
ܠܗܰܘ ܕܶܐܬ݂ܪܰܚܰܡ ܥܠܰܝܢ ܒܚܢܳܢܶܗ ܫܽܘܚ ܠܥܳܠܰܡ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. നമ്മുടെ രക്ഷകനത്തിയൊട-
ങ്ങിസ്രായേലിനെ ഉപമിച്ചാൻ

അതിനാലത്തിമരം പോലെ ഇസ്രായേൽ വാടിപ്പോയി
പശിയുണ്ടായതു നീസാനിൽ ഫലമാർജ്ജിച്ചീടാനല്ല
അത്തിമരത്താൽ വേശ്യയുടെ
ദൃഷ്ടാന്തം നാഥൻ കാട്ടി.   ദേവാ ദയ---

2. നിന്നെയുറപ്പോടേറ്റോളാം
സഭ നിൻ സ്തുതി പാടീടുന്നു
ഞങ്ങളെ രക്ഷയ്ക്കായ് നിന്നെ
വിട്ടോനാം താതൻ സ്തുത്യൻ
ദിവ്യ രഹസ്യം കൂടികൊള്ളും
ത്രിത്വം നിത്യം ധന്യം താൻ. ദേവാ ദയ---

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.   ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാ- ഹാ- നൽകി നന്മയ്ക്കവർ പകരം തിന്മ
നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാലേ--

വി. യോഹന്നാൻ 6. 30, 8. 21 - 30

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܢܗܘܘܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ⁜ ܐܡܝܢ ⁜

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܝܘܚܢܢ ܟܪܘܙܐ ⁜ ܟܪܘܙܘܬܗ ⁜

യഹൂദന്മാർ യേശുവിനോട്, ഞങ്ങൾ നിന്നെ കണ്ടു
വിശ്വസിക്കുവാൻ തക്കവിധം നീ എന്ത് അടയാളം

കാണിക്കുന്നു, എന്തു പ്രവർത്തിക്കുന്നു എന്നു ചോദിച്ചു. യേശു അവരോട്, ഞാൻ പോകുന്നു, നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ നിങ്ങൾ നിങ്ങളുടെ പാപത്തിൽ ത്തന്നെ മരിക്കും. പക്ഷേ ഞാൻ പോകുന്നിടത്തേക്ക് വരുവാൻ നിങ്ങൾക്കു കഴിയുകയില്ല എന്നു പറഞ്ഞു. ഞാൻ പോകുന്നിടത്തേക്കു വരുവാൻ നിങ്ങൾക്കു കഴിയുകയി ല്ലെന്ന് പറഞ്ഞതിനെക്കുറിച്ച്, ഇവൻ ആത്മഹത്യ ചെയ്തേക്കുമോ എന്നു യഹൂദന്മാർ പറഞ്ഞു. യേശു പിന്നേയും അവരോടു പറഞ്ഞു. നിങ്ങൾ താഴെ നിന്നുള്ളവരും ഞാൻ മുകളിൽനിന്നുള്ളവനും ആകുന്നു. നിങ്ങൾ ലോകത്തിൽനിന്നുള്ളവരാകുന്നു. എന്നാൽ ഞാൻ ഈ ലോകത്തിൽനിന്നുള്ളവനല്ല. നിങ്ങൾ നിങ്ങളുടെ പാപത്തിൽത്തന്നെ മരിക്കുമെന്ന് ഞാൻ നിങ്ങളോടു പറഞ്ഞല്ലോ. എന്തെന്നാൽ, ഞാൻ തന്നെ അവൻ എന്നു വിശ്വസിക്കാത്തപക്ഷം നിങ്ങൾനിങ്ങളുടെ പാപത്തിൽമരിക്കും. അപ്പോൾ യഹൂദന്മാർ, നീ ആരാകുന്നു എന്നു ചോദിച്ചു. അതിന് യേശു അവരോട്പറഞ്ഞു. നിങ്ങളോടുമുമ്പേതന്നെ പറയപ്പെട്ടവൻതന്നെ. എങ്കിലും എനിക്ക് നിങ്ങളെക്കുറിച്ച് വളരെപറയുവാനും വിധിക്കുവാനുമുണ്ട്. എന്നെഅയച്ചവൻ സത്യവാനാകുന്നു. അവനിൽനിന്ന് കേട്ടതുതന്നെയാണ് ഞാൻ ലോകത്തോടുസംസാരിക്കുന്നത്. തൻ്റെ പിതാവിനെ ക്കുറിച്ചാണ് യേശു തങ്ങളോടു പറഞ്ഞതെന്ന് അവർ മനസ്സിലാക്കിയില്ല. യേശു വീണ്ടും അരുൾചെയ്തു. നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ ഞാൻ തന്നെ അവൻ

എന്നും, ഞാൻ സ്വയം ഒന്നും ചെയ്യുന്നില്ലെന്നും, എൻെറ പിതാവ് എന്നെപഠിപ്പിച്ചതാണ് ഞാൻസംസാരിക്കുന്നതെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെ യുണ്ട്. എപ്പോഴും അവന് പ്രസാദമായത് ഞാൻ ചെയ്യുന്ന തിനാൽ അവൻ എന്നെ തനിയെ വിട്ടിരിക്കുകയല്ല. ഇതു പറഞ്ഞപ്പോൾ അനേകർ അവനിൽ വിശ്വസിച്ചു.

ܒܫܝܢܐ ܗܘܝ ⁜ ܩܘܡܐ ܕܡܪܝ ⁜

കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റസഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾനി-ന്നിൽനിന്നേൽ-ക്കും പുണ്യംരക്ഷകനെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all

Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܬܰܪ̈ܥܶܐ ܕܰܫܡܰܝܳܐ ܐܶܬܦܬܰܚܘ ܬܶܥܘܠ ܒܳܥܘܬܰܢ
ܘܰܢܫܬܰܡܥܘܢ ܩܕܳܡ ܦܳܪܘܩܰܢ ܠܒܪ̈ܝܬܐ ܫܘܒܚܐ ❈ [3]


ܠܶܟ ܡܳܪܝ ܬܶܫܒܽܘܚܬܳܐ ܘܥܰܠܰܝܟ ܣܰܒܪܳܐ ❈ ܘܒܪ̈ܝܬܐ ܡܘܕܝܐ ܡܢ ܬܚܝܬ
ܘܪܘܡܪܡܳܐ ❈ ܘܥܠܝܢ ܚܝܠܘ̈ܬܐ ܩܕܝ̈ܫܐ ܘܣܓܕܝܢ ❈ ܠܫܘܒܚܟ
ܐܢ̈ܫܐ ܘܫܡܝܢ̈ܐ ܘܥܠ̈ܝܢܐ ❈ ܘܢܘܪܢܝܐ ܥܡ ܪܘܚܢܐ
ܘܡܫܒܚܝܢ ❈ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܡܪܝ ܠܥܠܡ ❈ ܒܪܟܡܪܝ ❈

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘ̈ܒܝܢ ܘܚܛܗ̈ܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒ̈ܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❈ ܐܡܝܢ ❈

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം.



ബുധനാഴ്ച സന്ധ്യാ നമസ്ക്കാരം

കൗമാ

ܒܰܪܝ ܩܽܘܒܢ ܕ݁ܚܽܠܩܳܐ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܩܕܡ ܕܐܬܘܬܐ ܟܠ ܫܡܫܐ ܒܬܪܗ ܢܣܒ

ܘܡܫܝܚܐ ܕܐܬܐ ܠܗ ܘܡܣܝܒܪ ܢܚܬܘܗܝ ܠܥܠܡܝܢ✣[3]

ܠܟ ܗܘ ܡܪܝ ܬܫܒܘܚܬܐ ܘܐܝܩܪܐ ܘܬܘܕܝܬܐ ܩܘܕܫܐ ✣ ܘܒܪܝܫ ܐܝܬܝܟ

ܘܩܘܕܫܐ ✣ ܘܠܥܠܡ ܫܡܝܐ ܘܐܪܥܐ ܘܚܝܠܐ ✣ ܠܐܠܗܘܬܟ

ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ✣ ܩܕܝܫܬ ܐܠܗܐ ܩܕܝܫܬ ܡܪܝܐ

ܘܩܕܝܫܐ ✣ ܩܕܝܫܐ ܠܟ ܡܪܝ ܩܕܝܫܐ ܠܟ ܡܪܝ

ܩܕܝܫܐ ܠܟ ܡܪܝ ܠܟܠܢ ✣ ܒܪܟܡܪܝ ✣

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✣ ܐܡܝܢ ✣

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

† ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ⁜ ܘܥܠܝܢ ܡܣܟܢ̈ܐ
ܘܚ̈ܛܝܐ ܪ̈ܚܡܐ ܘܚܢܢܐ ܢܫܬܦܥܘܢ ܥܠܝܗܘܢ ܒܥܠܡܐ ܒܥܠܡܝܢ
ܥܠܡܝܢ ⁜ ܐܡܝܢ ⁜

ܨܠܘܬܐ ܕܦܘܪܫܐ

ദൈവമായ കർത്താവേ, ഈ ദിവസത്തിൽ പഞ്ചഭൂതങ്ങളും പ്രകൃതിയും ഞെട്ടിവിറച്ചതുപോലെ ഞങ്ങൾ നിന്റെ ന്യായവിധിയെ ഭയപ്പെട്ടു വിറയ്ക്കുമാറാകണമെ. അന്ത്യ ദിവസത്തെക്കുറിച്ചുള്ളഭയം ഞങ്ങളിൽ നീ വസിപ്പിക്കണമെ. നിന്നെ കുരിശിൽ തറച്ചവരോടുകൂടെ ഞങ്ങളെ ഗണിക്ക രുതെ. എന്നാലോ നിന്നിലും രക്ഷാകരമായ നിന്റെ കഷ്ടാനുഭങ്ങളിലും ഏറ്റുപറഞ്ഞിട്ടുള്ള ഞങ്ങളെ നീ ഏറ്റു പറയണമെ. ദുഷ്പ്രവൃത്തിക്കാർക്കായി സൂക്ഷിച്ചിരിക്കുന്ന കഠിനമായ വേദനകളിൽനിന്നു ഞങ്ങളെ നീ വീണ്ടെടുക്ക ണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും.

ഹോശോ---

English

Hold us worthy, O Lord God, that with the elements and natures which were moved and shaken today, may we fear and be moved by Your

judgements. Make to dwell in us the fear of the last day. Do not count us with those who crucified You. But confess us for we have confessed You and Your redeeming Passions. Deliver us from torments that are kept for the evil doers. We will offer up glory and thanksgiving to You and to Your Father forever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ

എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 ലോകങ്ങൾക്കധിപതിയായ് വാഴ്കെ
ദാസൻ കവിളിൽ പ്രഹരിച്ചോരു
ദേവാ ദയചെയ്തീടണമെ.

2 സ്വാതന്ത്ര്യം ഞങ്ങൾക്കേകിടുവാൻ
ദാസ-ർക്കായ് ദാസ്യം പൂണ്ടൊരു
ദേവാ ദയചെയ്തീടണമെ.

3 ഉടയവനായ് ഉൺമയിൽ വർത്തിക്കെ
ഞങ്ങൾ-ക്കായ് കഷ്ടതയേറ്റൊരു
ദേവാ ദയചെയ്തീടണമെ.

4 കഷ്ടതയാൽ ഞങ്ങളെ കഷ്ടതകൾ
തൻക്നൂ-മ്മായാൽ മായിച്ചോരു
ദേവാദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ--മെന്ഓലാം--

5 സകലേശാ തെറ്റിപ്പോയോരെ
സ്വന്തംരക്തത്താൽ വാങ്ങിയ ദേവാദയചെയ്തീടണമെ.

141, 142, 119, 117 സങ്കീർത്തനങ്ങൾ

കുറിയേലായിസ്സോൻ: കർത്താവേ ഞാൻ നിന്നെ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും, എന്റെ കൈകളിലെ കാഴ്ച, വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമെ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും, ഞാൻ അന്യായ ക്രിയകൾ പ്രവൃത്തിക്കുകയും ചെയ്യാതിരിപ്പാൻ, എന്റെ വായ്ക്ക് കാവൽക്കാരനെയും, എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പു കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷംനിമിത്തമാകുന്നു. അവരുടെ ന്യായാധിപന്മാർ പാറയാൽതടയപ്പെട്ടു ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുപിളർന്നു ചിതറിക്കുന്നതുപോലെ, പാതാള വാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ

ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എൻെറ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള, പ്രശംസ ക്കാരുടെ കൈയിൽനിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

എൻെറ ശബ്ദത്തിൽ കർത്താവിനെ ഞാൻവിളിച്ചു. എൻെറ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു. തിരു സന്നിധിയിൽ എൻെറ സങ്കടം ഞാൻ ഉയർത്തുകയും, തിരു മുമ്പിൽ എൻെറ ഞെരുക്കം അറിയിക്കയും ചെയ്തു. എൻെറ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, എൻെറ ഊടുവഴികൾ നീ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എനിക്കുവേണ്ടി അപേക്ഷിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്നോടുനിലവിളിച്ചു. നീ എൻെറ ആശ്രയവും, ജീവനുള്ളവരുടെ ദേശത്ത് എൻെറ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എൻെറ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പി ക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ

നിൻെറ നാമത്തെ സ്തുതിക്കേണ്ടതിന്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻഏറ്റവുംക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെവചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എൻെറ ആത്മാവ് എല്ലായ്പ്പോഴും നിൻെറ കൈളിൽ ഇരിക്കുന്നു. നിൻെറ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽനിന്നും തെറ്റിപ്പോയില്ല. ഞാൻനിൻെറസാക്ഷി എന്നേയ്ക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അതു എൻെറ ഹൃദയത്തിൻെറ ആനന്ദ മാകുന്നു. നിൻെറകൽപ്പനകൾ എന്നേയ്ക്കും സത്യത്തോടെ ചെയ്‌വാനായിട്ട് ഞാൻ എൻെറ ഹൃദയം തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെസ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-മെന്ഓലാം--

എനിയോനോ - എൻ നാഥാനിൻ കൃപനിന്നെ എന്നപോലെ

1 സർവ്വാധിപനെ ദുഷ്ടന്മാർ നിന്ദിക്കുന്നതു കാണുമ്പോൾ
സോദരരേ സന്താപത്താൽ ആരയ്യോ വിലപിക്കില്ല ?

2 വിധിനിലയേദൈവംനിന്നു മനസാകഷ്ടത കൈക്കൊണ്ടു
തുപ്പൽമുഖത്തു പതിച്ചപ്പോൾ കരുണാനിധി കോപിച്ചില്ല.

3 മോശേ നിൻ പീഠത്തിലിതാ കയ്യാപ്പാ നിൽപ്പതു കാൺക
അഹരോനേ ന്യായാധിപനാം ഹന്നാനെപ്രതി വിലപിക്ക.

4 ചൊന്നിടുവിൻ പകയന്മാരേ ഇവനെന്തപരാധം ചെയ്തു
പാരം പുണ്യം ചെയ്തോനെ നിങ്ങധിക്ഷേപിക്കുന്നു.

5 വാനിൽക്രോബേസ്രാപ്പേന്മാർവിറകൊള്ളുംമഹിമാവുള്ളോൻ
പാരിൽ പാരം പാടേറ്റു പാർക്കിൽ വിശ്വമഹാശ്ചര്യം.

ബാറെക്മോർ. † ശുബഹോ-മെന്ഓലാം--

6 വിശ്വാസിനി പരിശുദ്ധസഭേ മനസാ വന്നതികഷ്ടതയാൽ
സുതരുടെദാസ്യംതീർത്തോനാം ദൈവാത്മജനെകീർത്തിക്ക

സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ

[illegible]

[illegible]

[illegible]

[illegible]

[illegible]

ഭംഗിയും തേജസ്സുംകൂടാതെ സൃഷ്ടിയിൽ പ്രത്യക്ഷപ്പെടുകയും ഭൂമിയിൽ നിന്ദ്യനും ഹീനനുമായി കാണപ്പെടുകയും ചെയ്തവനായി സ്തുതികളിൽ പ്രബലനും പുകഴ്ചകളിൽ മഹോന്നതനും ഞങ്ങളുടെ കഷ്ടതകളെ വഹിപ്പാനും ഞങ്ങളുടെ നൊമ്പരങ്ങളെ സഹിപ്പാനുമായിട്ട് തൻെറ സ്ഥലത്തുനിന്നു ഇറങ്ങിവന്നവനായി കഷ്ടതകളിൽനിന്ന് ഉയർന്നിരിക്കുന്നവനും വേദനകളിൽനിന്ന് അകന്നിരിക്കുന്നവനും തന്നെ ക്രൂശിൽ തറച്ചവരെ തൻെറ നീതിയാൽ ചിതറിക്കുകയും തൻെറ കൃപയാൽ തൻെറ ആരാധകരെ കൂട്ടിച്ചേർക്കുകയും ചെയ്ത നീതിമാനും സത്യവാനുമായ കർത്താവിന്സ്തുതി. തനിക്ക് സന്ധ്യാനമസ്ക്കാരത്തിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

English

To Him who is honourable in praises and exalted in Magnificence, Who appeared in creation without beauty and splendor, and seen contemptible and humble on earth, the one Who exalted from sufferings and remote from pains, Who lowered Himself from His place to bear our sufferings and to endure our pains, to that juse and upright, Who by His justice scattered His crucifiers and by His

grace gathered together His worshippers. To Him befits praise and thanksgiving at this time of the evening prayer and all festivals, seasons and hours and all the days of life.

ܣܕܪܐ

സർവ്വശക്തനും സർവ്വാധിപതിയും ജീവനുള്ളവനും, ഭാഗ്യവാനുമായ പിതാവിൻെറ ജീവനുള്ള വചനവും സഹായങ്ങളുടെ ഉറവയും നാശമില്ലായ്മയെ പ്രദാനം ചെയ്യുന്നവനും സകലഅറിവിനും വിജ്ഞാനത്തിനും മേലായിരിക്കുന്നവനും ഉന്നതമായ തൻെറ ദൈവത്വത്തിൻെറ അദൃശ്യാവസ്ഥയിൽ സൃഷ്ടികളുടെ അതിർത്തിയായിരിക്കുന്ന ദൈവവുമായ കർത്താവേ, പാപവികാരങ്ങളാൽ ഞെരുങ്ങി സ്വമനസ്സാൽ സാത്താൻെറ കെണികളിൽ കുടുങ്ങിയിരിക്കുന്ന നിൻെറ സ്വരൂപത്തെ നീ കണ്ടപ്പോൾ അനുകമ്പതോന്നി ദേഹത്തോടും ആന്തരീകമായദേഹിയോടുംകൂടെ നീ ചേരുകയും വ്യത്യാസംകൂടാതെ പൂർണ്ണമനുഷ്യനായിത്തീരുകയും നിൻെറ ദൈവത്വത്തിൽ സ്ഥിതിചെയ്യുകയുംചെയ്തു. ലോകത്തിൽ സഞ്ചരിച്ചവനും കാലയളവിൽ ഉൾപ്പെടാത്തവനും കാലങ്ങൾക്കു മേലായിരിക്കുന്നവനും അവർണ്ണനീയമായ അത്ഭുതവും അനിർവ്വചനീയമായ അതിശയവും ആയിരിക്കുന്ന നീ കാലങ്ങൾക്കു വിധേയനായി വർത്തിച്ചു. അത്ഭുതങ്ങളും കഷ്ടതകളും താഴ്മയും ഉയർച്ചയും ബലഹീനതയും പരാക്രമവും ആയി ദൈവികവും മാനുഷികവുമായി നിന്നിൽ കണ്ടെത്തപ്പെട്ടിരുന്ന സംഗതികളാൽ അനേകരും

വിസ്മയിപ്പാനും രാജാക്കന്മാർ തങ്ങളുടെ വായ്കളെ അടച്ചുകളയുവാനുംതക്കവണ്ണം നീ ലോകത്തിൽ താമസിച്ചു. എന്തെന്നാൽ നിൻെറ നടപടികളിൽനിന്നു അത്ഭുതകാര്യങ്ങൾഉദിച്ചു. നിൻെറതാഴ്മയിൽനിന്നു നിൻെറപുകഴ്ചകൾ മുളച്ചു. ഇങ്ങനെ അധികാരികളിൽ നീ വിസ്മയത്തെതൂകി. അവർ നിന്നെ തിരിച്ചറിഞ്ഞില്ല. അവർ നിന്നെക്കുറിച്ചുള്ള കേൾവിയെ വിശ്വസിച്ചില്ല. ലോകത്തിലെ തത്വജ്ഞാനം തിങ്ങി ഞെരുങ്ങി അഗ്നിയും വെള്ളവും പ്രകൃതിക്കുമീതെ കഷ്ടപ്പെടുന്നു. ചാഞ്ഞുപോയതായ സൃഷ്ടിയെ താങ്ങുവാനായിട്ടുവന്ന നീ, ചതഞ്ഞ ഞാങ്ങണഎന്നു പറയപ്പെടുകയും ഇരുണ്ടലോകത്തെ പ്രകാശിപ്പിപ്പാനായിട്ടു വന്ന നിന്നെ മങ്ങിക്കത്തുന്ന വിളക്കെന്നു വിളിക്കുകയും ചെയ്തു. ഞങ്ങളുടെ പൂർവ്വസൗന്ദര്യം വീണ്ടുംതരുവാനായിട്ടുവന്ന നീ മനുഷ്യരിൽവച്ച് വിരൂപനെന്ന് വിളിക്കപ്പെട്ടു. ഞങ്ങൾക്കു ബഹുമാനവും ഉന്നതിയും നൽകുന്നതിന് നീ നിന്ദ്യനെന്നും മനുഷ്യരിൽ അധമനെന്നും നാമം ധരിച്ചു. ഞങ്ങൾക്കു പൂർണ്ണമോചനം തരുന്നതിനുവേണ്ടി ഞങ്ങളുടെ പാപങ്ങളും ആയികൂട്ടിമുട്ടി. എന്തെന്നാൽനിൻെറമുറിവുകളാൽ ഞങ്ങൾ സൗഖ്യപ്പെടുവാനും നിൻെറ രോഗത്താൽ സ്വസ്ഥതപ്പെടുവാനുംവേണ്ടി സത്യമായിട്ടു നീ ഞങ്ങളുടെ കഷ്ടതകളെ സഹിക്കുകയും ഞങ്ങളുടെവേദനകളെ അനുഭവിക്കുകയും ചെയ്തു. കഷ്ടതകളിൽനിന്നും അകന്നിരിക്കുന്നവനേ, നൊമ്പരങ്ങളിൽനിന്നും വേദനകളിൽനിന്നും വേർപെട്ടിരിക്കുന്നവനേ, പാപംചെയ്യാത്തവനും തൻെറവായിൽ വഞ്ചന

കണ്ടെത്തപ്പെടാത്തവനും ആയുള്ളോവേ, നിനക്ക് ഇഷ്ടം തോന്നി നിന്നെത്തന്നെ താഴ്ത്തി കഷ്ടത അനുഭവിക്കു കയും ഞങ്ങളുടെവർഗ്ഗത്തലവൻെറ പാപങ്ങളെയും വേദന കളെയും നിൻെറമേൽ കയ്യേൽക്കുകയും ചെയ്തു. ഇതു ഹേതുവായിട്ട്നിന്നെക്കുറിച്ച്അപഖ്യാതിയുംപറഞ്ഞു. നിൻെറ ചരിത്രത്തിൽ മുറിവുകളും കഷ്ടതകളും സംസാരിക്കപ്പെട്ടു. നിൻെറദൈവീകമായ സകലവ്യാപാരത്തിൻെറയും അന്ത്യ ത്തിൽ ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി കൊല്ലപ്പെടുവാനും നീ സന്നദ്ധനാകുകയും ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുന്നതായ മരണത്തിന് ഒരുങ്ങുകയും ചെയ്തു. ഞങ്ങളുടെ അധർമ്മം നിമിത്തം അവർണ്ണനീയമായ താഴ്മ നീ സമ്പാദിച്ചു. ഞങ്ങളുടെ കോപത്തിന്പകരം അറുതിയി ല്ലാത്ത ശാന്തതകാണിച്ചു. നീ വായ് തുറക്കാതെ അത്യധിക മായ താഴ്മയാൽ ഞങ്ങൾക്കു വേണ്ടിയുള്ള വമ്പിച്ച പോരാ ടത്തിന് നിന്നെ നീ ഒരുക്കി. നീ കൊലയ്ക്കു കുഞ്ഞാടു പോലെ കൂട്ടിക്കൊണ്ടുപോകപ്പെടുകയും രോമം കത്രിക്കുന്ന വൻെറ മുമ്പാകെ പെണ്ണാടുപോലെ മൗനമായിരിക്കുകയും ചെയ്തു. ദീർഘദർശനത്തിൽ നിന്നെക്കുറിച്ച് എഴുതപ്പെട്ടി രുന്നവയെ സഹിപ്പാനായിട്ടു കാരാഗൃഹത്തിൽനിന്നും ന്യായാ സനത്തിൽനിന്നും നീ ഒളിച്ചോടിപ്പോയില്ല. നീ പിൻതിരിയു കയാകട്ടെ വാദിച്ചുനിൽക്കുകയാകട്ടെചെയ്തില്ല. എന്നാലോ നിൻെറ ദേഹത്തെ അടികൾക്കായിട്ട് കൊടുക്കുകയും നിൻെറ കവിൾത്തടത്തെ ദണ്ഡനങ്ങൾക്കായിട്ടും നിൻെറ മുഖത്തെതുപ്പലിനുംവയ്ക്കുകയുംചെയ്തു. നിൻെറമുഖത്തെ

ലജ്ജയിൽനിന്നു പിൻതിരിക്കാതെ നിൻെറ തൃക്കൈകളും കാലുകളും ആണിതറപ്പാനായിട്ടു ഏൽപ്പിച്ചു കൊടുത്തു. നിൻെറ വിലാവിനെ കുന്തത്തിനും നിൻെറ വസ്ത്രങ്ങളെ ചിട്ടിയിട്ടു വീതിക്കുന്നതിനും നിൻെറ വായെ കാടിയും കയ്പ്പും കുടിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്തു. ഇങ്ങനെ നിന്ദയുടെകുരിശിന്മേൽ നീ തൂക്കപ്പെടുകയും അധർമ്മി കളോടുകൂടെ എണ്ണപ്പെടുകയും നിന്നെക്കാണുന്ന എല്ലാവ രാലും പരിഹസിക്കപ്പെടുകയും നിൻെറ ചുറ്റുമുള്ളവരാൽ നീ നിന്ദിക്കപ്പെടുകയുംചെയ്തു. മരണത്തിനു നിന്നെ ഏൽപ്പിച്ചുകൊടുക്കുകയും പ്രബലന്മാർക്കു കവർച്ചയെ വിഭജിച്ചുകൊടുക്കുകയും അനേകം ജാതികളെ തിരിച്ചു വരുത്തി നിൻെറ പിതാവിൻെറ ഇഷ്ടം നിന്നിൽ നിവൃത്തി യാക്കുകയും ചെയ്തു. നിൻെറ കഷ്ടാനുഭവനേരത്തു വ്യാകുലപ്പെടാതിരിപ്പാനും നിൻെറകുരിശുമരണാവസരത്തിൽ വിരുദ്ധപ്പെടാതിരിപ്പാനുമായിട്ടു നിൻെറ ശിഷ്യന്മാർക്ക് നിൻെറരഹസ്യത്തെവെളിപ്പെടുത്തിക്കൊടുക്കുകയും നിനക്കു സംഭവിപ്പാനിരിക്കുന്നതിനെ നിൻെറ ശ്ലീഹന്മാരോടു അറിയിക്കുകയുംചെയ്തു. ഇതു ഹേതുവായിട്ട് ഈ സുഗന്ധധൂപം മൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്ന തെന്തെന്നാൽ, തീഷ്ണമായ സകലദുഃഖത്തേയും ആത്മാ വിനെ നശിപ്പിച്ചു, നിന്നിൽനിന്ന് അകറ്റുന്ന അസഹനീയ മായ സകലകഷ്ടതകളേയും ഞങ്ങളിൽനിന്ന് അകറ്റണമെ. പിന്മാറാത്ത പരിപൂർണ്ണമായ പശ്ചാത്താപം ഉണ്ടാകുവാനും നിൻെറസങ്കേതസ്ഥലത്തേക്ക് എപ്പോഴുംഅടുത്തുവരുവാനും

ആയി ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടിയുള്ള പ്രശസ്തമായ കഷ്ടാനുഭവദുഃഖവും ഞങ്ങളുടെ അകൃത്യങ്ങളെക്കുറിച്ചുള്ള വിസ്മയനീയമായ വ്യസനവും ഞങ്ങൾക്ക് നീ നൽകണമെ. ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിനക്കും നിൻെറപിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ—

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ

നമ്മുടെ കർത്താവിനോട് തൻെറ ശിഷ്യന്മാർ പറഞ്ഞാവിത്, 'ഈ ഉപമ ഞങ്ങൾക്ക് വ്യക്തമാക്കിത്തരിക. സാത്താനായിരുന്നുകൊണ്ട് നിന്നെ യഹൂദന്മാർക്ക് ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരാകുന്നു?' കർത്താവ് ഉത്തരമായിട്ട് ഭയചകിതരായിരുന്നശിഷ്യന്മാരോട് അരുളിച്ചെയ്തു. എന്നോടൊന്നിച്ച് താലത്തിൽ കൈമുക്കുന്നവൻ യഹൂദജനത്തിന് എന്നെ ഒറ്റിക്കൊടുക്കും. ബാറെക്മോർ.† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം---

വചനമായ ദൈവമേ, നിനക്കുസ്തുതി. നിൻെറ കൃപയാൽ നീ മനുഷ്യനായിത്തീരുകയും ബലഹീനന്മാർക്ക് നിന്നെത്തന്നെ നൽകിയതുകൊണ്ട് അവർ നിന്നെ പിടിക്കുകയും ചെയ്തു. അവർ ന്യായാധിപൻെറ അടുക്കൽ നിന്നെ കൊണ്ടുവന്നു. ഞങ്ങളുടെ എളിയകുലത്തിനുവേണ്ടി കുഞ്ഞാടിനെപ്പോലെ കൊലയ്ക്കായി നീ കൂട്ടിക്കൊണ്ടുപോകപ്പെട്ടു. ഉത്തമനായുള്ളോവേ, നിൻെറ കരുണയ്ക്കു സ്തുതി.

ഞങ്ങൾക്കുവേണ്ടി മരണം ആസ്വദിപ്പാൻ തക്കവണ്ണം ഞങ്ങളുടെ സ്വഭാവത്തെ നീ സ്നേഹിച്ചു. മൊറിയോ---

The desciples told our Lord. 'Explain to us this parable! Who is the one to become Satan and to betray You to the Jews?' Our Lord answered and told them, as the desciples were frightened: 'the one who dips his hand with me in the dish will betray me to the accursed Jewish people.' **Berekmore.**

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

Glory to You, O, God the Word, for by Your grace, You became man, and as You gave up Yourself to the weak, they seized You, and they took You to the judge. For our sake, You were led like a lamb for slaughter. Glory to Your mercies, O Good One You have so much loved our nature that You tasted death for our sake . Moriyo---

എത്രൊ

ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്ന് ഞങ്ങളെപ്പോലെ മനുഷ്യനായിത്തീരുകയും ഞങ്ങളെ രക്ഷിപ്പാൻവേണ്ടി പീഡകളെ സഹിക്കുകയുംചെയ്ത മഹോന്നതനായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥനകളെയും അപേക്ഷകളെയും ശ്രദ്ധിക്കണമെ. ഞങ്ങളുടെ ഈ നിസ്സാരധൂപത്തെ നീ കൈക്കൊള്ളണമെ. അതിനാൽ നിൻെറമാഹാത്മ്യപ്രകാശം

കൊണ്ടു ഞങ്ങളുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കണമെ. ജീവിപ്പിക്കുന്നതായ നിൻെറ കൽപ്പനകളെ ആചരിക്കുന്നതിനായി ഞങ്ങളെ എല്ലാവരെയും ശക്തിപ്പെടുത്തണമെ. സൽപ്രവർത്തികൾക്കായി ഞങ്ങളുടെ കൈകളെ നീ ആയുധംധരിപ്പിക്കണമെ. നിൻെറവചനപ്രകാരം ഞങ്ങളുടെ നടപ്പുകളെ നീ ശരിപ്പെടുത്തണമെ. നിന്നെക്കുറിച്ചുള്ള ഓർമ്മയാൽ ഞങ്ങളുടെ വിചാരങ്ങളെയും നിൻെറ സ്തുതിയുടെ വചനങ്ങളാൽ ഞങ്ങളുടെ അധരങ്ങളെയും നാവുകളെയും നീ കാത്തുരക്ഷിച്ചുകൊള്ളണമെ. ഞങ്ങളുടെ കർത്താവും എന്നേയ്ക്കുംഞങ്ങളുടെദൈവവുമായുള്ളോവേ നിൻെറ സത്യത്താൽ ഞങ്ങളെ എല്ലാവരെയും നീ ശുദ്ധീകരിക്കണമെ. മോറാൻ---

English

The Exalted One Who abased Himself for us and became man like us, and endured passions for our salvation, hear our prayers and supplications and accept this incense from our feebleness. By it, enlighten the eyes of our intellects with the light of Your praises. Strengthen all of us for the observance of Your life-giving commandments. Equip our hands for the works our virtues, strengthen our walks according to Your word. Guard our thoughts with Your memory and our lips and tongues with the words of Your praises.

Sanctify all of us with Your truth, our Lord and God for ever. Amen.

കോലോ - കൂക്കോയോ രീതി

സത്യപരന്മാർ നിബിയന്മാർ ഘോഷിച്ചൊരു മർമ്മം
ബുധനാം ദിവസെ വെളിവാക്കി ശിഷ്യർ-ക്കായ് നാഥൻ
മന്നിതിലുടയോൻ വന്നിടുമെന്നേവം
ദർശകവൃന്ദം മുന്നം പ്രവചിച്ചു
പീഡാമൃതിയേറ്റുലകത്തെ നാഥൻ വീണ്ടിടുമെ-
ന്നേവം ദൃഷ്ടാന്തങ്ങളിലുടാദ്യ പിതാക്കന്മാർ
ഹാലേലൂയ്യാ സൂചനകൾ നൽകി. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----ഹാ-

യേരുശലേമിൽ വൻ ബഹളം ബുധനാം ദിവസത്തിൽ
വംശത്തലയാമാദത്തെ സൃഷ്ടിച്ചൊരു കൈയ്യിൽ
ചേർത്തുതറയ്ക്കാ-നാണികൾ യൂദന്മാർ
തീച്ചൂളകളിൽ മൂർച്ച വരുത്തുന്നു
ബന്ധനമേറ്റോൻ സ്വാതന്ത്ര്യം ബദ്ധ-ന്മാർക്കെല്ലാം
നൽകിടുമെന്നേവം ദാവീദോത-യതാം വചനം
ഹാലേലൂയ്യാ ദോഷികളോർത്തില്ല.

ബോത്തേദ്ഹാശോ

ܒܪ̈ܝܟ ܡܪܝ ܚܫܝܟ ܕܗܘܘ ܚܠܦܢ
ܒܪ̈ܝܟ ܡܘܟܟܟ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നിജ തേജസ്സോ-ടുടയോൻ വന്നാൽ
നേരെനിൽപ്പാ-നാരാളാവും ?
    ക്ലേശം കൈക്കൊ-ണ്ടീടാൻ വന്നാൻ
എല്ലാവരെയും രക്ഷിപ്പാനായ്
മൃതിയേറ്റിടുവാൻ നരനായ് തീർന്നു.

സ്രാപ്പേവൃന്ദം ചിറകാൽ പാറി
ദൈവത്വത്തെ കീർത്തിക്കുന്നു
    മണ്ണിൻ മക്കൾ നിന്ദിക്കുന്നു
സ്രാപ്പേന്മാർ കാ-ദീശാർക്കുന്നു
നീചാത്മാക്കൾ ക്രൂശിക്കെന്നും.

വായ്കൾ സർവ്വം നാഥാ നിന്നെ
അത്യുച്ചത്തിൽ സ്തോത്രം ചെയ്വൂ
    ക്ലേശം കൈയ്യേ-ൽപ്പാൻ നീ വന്നു
ഏറ്റു ദുഷ്ട-ന്മാരുടെ തുപ്പൽ
ധന്യാത്മാവേ സ്തോത്രം സ്തോത്രം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܰܝܳܢܳܐ ܟܽܠܶܗ ܠܥܳܠܡܳܐ ܕܕܳܐܶܢ
ܒܕܺܝܢܳܐ ܥܰܡܰܢ ܡܳܪܝ ܠܳܐ ܬܶܥܽܘܠ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܒܥܰܝܢܳܐ ܕܳܐܬܳܐ ܠܡܶܚܢܳܐ ܘܡܰܚܘܳܬܳܐ ܘܰܪܚܡܬܳܐ
ܫܰܕܰܪ ܥܽܘܬܳܐ ܘܰܐܝܢܳܐ ܕܶܝܢܳܐ ܥܰܠ ܚܰܘܣܰܢ ⁜

ܐܠܗܢ ܕܫܒܒܠܐ ܗܘ ܒܪܫܡܐ ܢܦܫ ܒܠܐ ❋

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ ---

മിസ്രേം നാട്ടിൽ ബലഹീനതയിൽ നിവസിച്ചോളാം
കാന്തയ്ക്കേകി മാന്യതപാരം പ്രിയനാം കാന്തൻ
സൗഭാഗ്യപ്രദനാം നിർമ്മലനെ കൈവിട്ടേറ്റം
നാശം ചേർക്കും കാളക്കുട്ടിയെ ആരാധിച്ചാർ. ദേവാ--

ദൈവാത്മജവൃത്താന്തം വർണ്ണിപ്പതു നന്നല്ലോ
ഏകാത്മജവൃത്താന്തം കേൾപ്പതു യോഗ്യം തന്നെ
ദൈവാത്മജനേയാത്മാർത്ഥം സ്നേഹിച്ചീടുന്നോ-
നീ വൃത്താന്തം ശ്രദ്ധിക്കുന്നതിലുണ്ടാനന്ദം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

പെത്ഗോമോ

ഹാലേലൂയ്യാ - ഹാലേലൂയ്യാ ദോഷം ചിന്തിച്ചുരചെയ്താർ
അത്യുന്നതനെപ്പറ്റിക്കൈതവമവരോതി ഹാലേലൂയ്യാ

ഏവൻഗേലിയോൻ

വി. യോഹന്നാൻ 11. 47 - 12. 2, 9 - 11

ܒܥܕܢܐ ܗܘܟܢܫܘ ܘܟܠܗܘܢ ܕܫܡܥܘܢ ܠܟܠܡܢ❋ܡܪܝܐ❋

ܐܡܪܝܢ ܡܢ ܢܥܒܕ ܡܬܝ ܩܫܝܫܐ ❋ ܡܘܪܝܘܚܢܢ ❋

പ്രധാനാചാര്യന്മാരും പരീശരും സന്നദ്രിംസംഘത്തെ വിളിച്ചു
കൂട്ടി. നാം എന്തുചെയ്യേണ്ടു, ഈ മനുഷ്യൻ അനേക

അടയാളങ്ങൾ ചെയ്യുന്നല്ലോ. നാം ഇവനെ ഇങ്ങനെ വിടുന്നപക്ഷം എല്ലാവരും ഇവനിൽ വിശ്വസിച്ചുപോകും. റോമാക്കാർ വന്ന് നമ്മുടെ ദേശത്തേയും ജനങ്ങളെയും പിടിച്ചടക്കുകയും ചെയ്യും എന്നു പറഞ്ഞു. അവരിൽ ഒരുവനും ആ വർഷത്തെ പ്രധാനാചാര്യനുമായ കയ്യാപ്പാ അവരോട്, നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ, ജനമെല്ലാം മരിക്കുന്നതിനേക്കാൾ ജനങ്ങൾക്കുവേണ്ടി ഒരുവൻ മരിക്കു ന്നതാണ് നമുക്ക് നല്ലതെന്ന് നിങ്ങൾ വിചാരിക്കുന്നുമില്ല എന്നു പറഞ്ഞു. എന്നാൽ ഇത് അവൻ സ്വമേധയാ പറഞ്ഞതല്ല. അവൻ ആ വർഷത്തെ പ്രധാനാചാര്യനായിരു ന്നതുകൊണ്ട് ജനത്തിനുവേണ്ടി, ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിപ്പാർക്കുന്ന ദൈവമക്കളെ ഒരുമിച്ചു ചേർക്കുവാൻ വേണ്ടി, യേശു മരിക്കുവാൻ പോകുന്നു എന്ന് പ്രവചനം പറയുകയാണ്ചെയ്തത്. അന്നുമുതൽ അവർയേശുവിനെ കൊല്ലുവാൻ ആലോചിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് യേശു യഹൂദന്മാരുടെഇടയിൽ പരസ്യമായി സഞ്ചരിക്കാതെ, മരുഭൂമിക്കടുത്തുള്ള എഫ്രയീംഎന്ന പട്ടണത്തിലേക്കുപോയി, അവിടെ തന്റെ ശിഷ്യന്മാരോടുകൂടെ പാർത്തു. യഹൂദന്മാരുടെ പെസഹാപ്പെരുന്നാൾ അടുത്തു. തങ്ങളുടെ ശുദ്ധീകരണത്തിനായി ഗ്രാമങ്ങളിൽനിന്ന് പലരും പെരുന്നാളി നുമുമ്പതന്നെ യെരുശലേമിലേക്ക് പോയി. ദേവാലയത്തിൽ വെച്ച് അവർ യേശുവിനെഅന്വേഷിച്ചുകൊണ്ട്, നിങ്ങൾക്ക് എന്തു തോന്നുന്നു, അവൻ പെരുന്നാളിനു വരികയില്ലേ എന്ന് പരസ്പരം ചോദിച്ചു. യേശു എവിടെയാണെന്ന്

ആരെങ്കിലും അറിഞ്ഞാൽ വിവരം തങ്ങളെ അറിയിക്കണെമെന്ന് അവനെ പിടിക്കുവാൻവേണ്ടി പ്രധാനാചാര്യന്മാരും പരീശരും കൽപ്പന കൊടുത്തിരുന്നു. മരിച്ചവരിൽനിന്ന് താൻ ഉയിർപ്പിച്ച ലാസർ പാർത്തിരുന്ന ബഥാന്യായിൽ പെസഹായക്ക് ആറുദിവസംമുമ്പ് യേശു ചെന്നു. അവിടെ അവർ അവന് ഒരു അത്താഴവിരുന്ന് നടത്തി. മാർത്ത ശുശ്രൂഷിക്കുകയായിരുന്നു. ലാസറും അവൻെറ കൂടെ ഭക്ഷണത്തിന് ഇരുന്നിരുന്നു. യേശു അവിടെ ഉണ്ടെന്നറിഞ്ഞ് യഹൂദന്മാരുടെ വലിയ ഒരു സമൂഹം അവിടേക്കു വന്നു. അവർ വന്നത് യേശുവിനെ ഉദ്ദേശിച്ചു മാത്രമല്ല, അവർ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ലാസറിനെ കാണുവാൻ കൂടിയാണ്. ലാസറിനെക്കൂടെ കൊല്ലുവാൻ പ്രധാനാചാര്യന്മാർ ആലോചിച്ചു. എന്തെന്നാൽ അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ട് യേശുവിൽ വിശ്വസിച്ചിരുന്നു.

ܡܳܪܰܢ ܝܶܫܽܘܥ ܀ ܡܫܺܝܚܳܐ ܀

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܕܝܢܐ ܕܐܬܘܒ ܟܠܠ ܡܫܠܡ ܒܝܕܟ ܢܬܕܝܢ
ܘܡܩܒܠܢܐ ܕܚܫܘܗܝ ܠܟ ܘܒܚܫܟ ܢܡܠܟܘܢ ܒܡܠܟܘܬܟ ❉[3]
ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܫܘܒܚܐ ❉ ܘܬܘܕܝܬܐ ܣܓܕܬܐ ܠܪܘܚܐ
ܘܬܘܕܝܬܐ ❉ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ❉ ܢܬܦܬܚܘܢ

ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ❊ ܕܩܘܕܫܐ ܡܢ ܥܠܡ ܘܥܕܡܐ ܠܥܠܡ
ܘܡܫܒܚܐ ❊ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡ ❊ ܒܪܟܡܪܝ ❊

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❊ ܐܡܝܢ ❊

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.


Christ cleaning the temple by Carl Bloch

കൗമാ

ܒܢܰܝ ܨܶܗܝܽܘܢ ܕܰܚܠܳܐ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who
called for Thy Death.
Who receiv'd Thee- and Thy Passion, shall reach
Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܫܘܒܚܐ ܕܐܒܘܟ ܟܠܠ ܡܫܝܚܐ ܒܪܝܟ ܢܫܒܚ

ܘܡܫܒܚܐ ܕܐܒܘܗܝ ܒܪ ܘܡܫܝܚܐ ܢܒܥܘܢ ܠܥܠܡ ܥܠܡܝܢ ⁜[3]

ܠܟ ܗܘ ܬܫܒܘܚܬܐ ܘܠܐܒܘܟ ܬܘܕܝܬܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ

[illegible]

[illegible]

ܘܡܫܒܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള

അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

സ്തൗമെൻകാലോസ്- കുറിയേലായിസ്സോൻ

[illegible]

[illegible] ❈ [illegible]

[illegible] ❈ [illegible]

[illegible]

[illegible] ❈

പഴങ്ങൾനൽകാതിരുന്ന അന്യായമുള്ള മുന്തിരിയെ സമൂലം പറിച്ചുകളഞ്ഞ നീതിമാനും, കാട്ടുമുന്തരിങ്ങാകളെ കായിച്ച നടുതലയെ ശപിച്ച് അതിൻെറ വേലിപൊളിച്ചു ഏവർക്കും ചവിട്ടുമാറാക്കിത്തീർക്കുകയും മുൾച്ചെടികൾ മുളപ്പിച്ചു അതിനെ പന്നികൾക്കു മേയുവാൻ വിട്ടുകൊടുക്കുകയും അതിനുപകരം പുറജാതികളുടെ സഭയെ പുതിയ നടുതല യായി തെരഞ്ഞെടുക്കുകയും അതു തനിക്ക് ശ്രേഷ്ഠഫല ങ്ങളെയും സ്തുത്യർഹങ്ങളായ കാഴ്ചകളെയും സമർപ്പിക്കുവാനായി വളർന്നുവരുന്നതിന് തൻെറ സ്ലീബാ കൊണ്ട് അതിലെ ഉഴവുചാലുകളെ നനയ്ക്കുകയും ചെയ്ത സത്യവാനുമായ ദൈവമേ നിനക്ക്സ്തുതി. നിനക്ക് സുത്താറ നമസ്ക്കാരത്തിൻെറ ഈ സമയത്തും

സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

Glory to that Just Who uprooted the 'ungrateful vine' that did not yield fruit, to that Rightdous One Who cursed the plant which produced husks, and broke its fence and made it to be trampled by all, and allowed thorns to sprout (in it), and left it to be grazed by swine, and in its place chose the Church of the gentiles as the new plant, and watered its furrows with the cross that it may grow and to give Him fruits of praise, and offer Him gifts of thanksgiving. To Him befits glory, honor and worship at this time of soothro prayer and all seasons and hours and all the days of our life.

ܗܒܘܢ

മഹത്തായ ഏദനെ സ്ഥാപിച്ചവനേ നിനക്ക് സ്തുതി. നിനക്കുകീർത്തനം. നിൻെറ വന്ദ്യസ്ലീബാകൊണ്ട് ജീവകര മായഫലങ്ങളെനിനക്കായിട്ട് നീ കായിപ്പിക്കുകയും നിൻെറ വിശുദ്ധസഭയാകുന്ന ആത്മീയതോട്ടത്തെ നിനക്കായിട്ട് നട്ടു പിടിപ്പിക്കുകയും അതിൽ രക്ഷയുടെ മഹാഗോപുരത്തെ പണിയുകയും രഹസ്യമാകുന്ന ഉറവയെ പുറപ്പെടുവിക്കു കയുംചെയ്തു. അതിനെ സന്തോഷിപ്പിക്കുന്ന നീർച്ചാലു കളെ ഉണ്ടാക്കുകയും അതിൻെറ ഫലങ്ങൾ വളർന്നു

വരുവാനായിട്ട് അതിൻെറ ഉഴവുചാലുകളെ നനയ്ക്കുകയും അതിൻെറ മുളവരുന്നതിന് ചാറൽമഴകളെ വർദ്ധിപ്പിക്കുകയുംചെയ്തു. അവിശ്വാസമാകുന്ന നിന്ദ്യങ്ങളായ കാട്ടു മുന്തിരിങ്ങാകൾക്കുപകരം വിശ്വാസമാകുന്ന നല്ല മുന്തിരിപ്പഴങ്ങളെയും ദൂഷണമാകുന്ന കടുംകയ്പ്പിനു പകരം സ്തോത്രമാകുന്നമധുരഫലങ്ങളെയും നീ അതിൽ മുളപ്പിച്ചു. കുരിശുമൂലമുള്ള അപമാനത്തിനും ആക്ഷേപത്തിനും പകരം സ്തുതിയാകുന്ന മഹിമയുടെഫലങ്ങളെയും കുരിശിനാലുള്ള യഥാർത്ഥ വിജയത്തേയും അതിൽ നീ ഉളവാക്കി. ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ഈ വിധം താൽപ്പര്യം കാണിച്ച ഞങ്ങളുടെ ദൈവമായ കർത്താവേ, ഈ പരിമളധൂപത്തോടുകൂടെ ഞങ്ങൾ നിന്നോട് അപേക്ഷിച്ച് നിൻെറ അനവധി അനുഗ്രഹങ്ങളോട് യാചിക്കുന്നതെന്തെന്നാൽ, നിൻെറ രാജ്യത്തിലെ ഉത്സാഹമുള്ള വേലക്കാരും നിൻെറ സ്വത്തിനെ അന്വേഷിക്കുന്ന വ്യാപാരികളും നിൻെറ തോട്ടത്തിനുള്ളിൽ മഹത്വമുള്ള മുന്തിരിവള്ളികളും നിൻെറ വയലിൽ വാഴ്ത്തപ്പെട്ട വിത്തും നിൻെറ പത്തായങ്ങളിൽ നല്ല ഗോതമ്പും നിൻെറ വിശുദ്ധപ്രാകാരത്തിൽ പ്രിയപ്പെട്ട നടുതലകളും നിൻെറ രാജ്യത്തിലെ മേച്ചിൽപ്പുറങ്ങളിൽ തടിച്ച ആട്ടിൻ കൂട്ടികളും നിൻെറ മഹനീയകിരീടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട രത്നങ്ങളും നിൻെറ പറുദീസായിൽ ഉയർന്ന ദക്കിലാകളും നിൻെറ ഉപദേശമാകുന്നനീർച്ചാലുകൾക്കരികെ ഭംഗിയുള്ള കാരകിലുകളും നിൻെറ സഭാമലകളിൽ മഹിമയുള്ള

വൃക്ഷങ്ങളുമായി ഞങ്ങളെ നീ ആക്കിത്തീർക്കണമെ. നിൻെറ ബഹുമാനത്തിൻെറ ഭവനത്തിൽ മഹാത്മ്യമുള്ള സൈത്തുവൃക്ഷംപോലെയും നിൻെറ ശ്രേഷ്ഠതയുടെ തോട്ടത്തിൽ മഹിമയുള്ള മുന്തിരിവള്ളിപോലെയും ഞങ്ങളെ ആക്കിത്തീർക്കണമെ. നിൻെറ തോട്ടത്തിൽ വേലചെയ്യുന്ന ഉത്സാഹികളായകൃഷിക്കാരും നിൻെറ വാസത്തിന് നിർമ്മല ഭവനങ്ങളും നിൻെറ മാഹാത്മ്യത്തിൻെറ ബഹുമാനത്തിനു വെടിപ്പുള്ള ആലയങ്ങളും നിൻെറ ഉൺമയുടെ വാസത്തിനു നിർമ്മലമായ ബലിപീഠങ്ങളും നിൻെറ ശ്രേഷ്ഠതയുടെ വാസത്തിനു നിഷ്ക്കളങ്കരായ സ്തുതിപാഠകരും നിൻെറ തിരുമേനിയുടെ രാജ്യത്തിനു സ്ഥിരമായ അതിഥികളും നിൻെറ മുത്താഴത്തിലെ വിരുന്നിനു തക്ക വിരുന്നുകാരും നിൻെറ മണവറയിൽ വെടിപ്പുള്ള തോഴരുമായി ഞങ്ങളെ ആക്കിത്തീർക്കണമെ. ഞങ്ങൾ അവിടെ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ - കൂക്കോയോ രീതി

ദർശകരെ നിഹനിച്ചുനിണം പാനം-ചെയ്വോളേ
ഹതനാമേശായാ നിന്നോടെന്ത-യ്യോ ചെയ്തു ?
ഏറമിയായെ-ച്ചേർക്കുണ്ടിൽത്തള്ളി
ഹതനായ് സ്ക്കറിയാ-ബലിപീഠത്തിങ്കൽ

കൊലപാതകിയാം മണവാട്ടി പുത്രൻ തൻ കൊലയാൽ
തന്നെത്താനെ-ന്നന്നേയ്ക്കും മുടിവോ-ളം നിൻെറ
ഹാലേലൂയ്യാ ഭ്രാന്തു ശമിച്ചില്ല. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----ഹാ-

സുന്ദരനാം ദാനീയേലും മന്നൻ ദാവീദും
യേരുശലേമിനെ മുൻനിർത്തി സൂച-നകൾ നൽകി
രക്ഷകനെ ഹനി-ച്ചതിനാൽ കല്ലിന്മേൽ
കല്ലുണ്ടാവി-ല്ലെന്നൊരുവൻ ചൊന്നാൻ
അപ്പുരമുന്മൂലിതമാകും പകരം തൽസ്ഥാനേ
സഭ സംസ്ഥാപിതമായിടുമെന്നപരൻ ഘോഷിച്ചാൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

ബോത്തേദ്ഹാശോ

ܒܳܬܰܪ ܗܳܝ ܚܰܫܳܐ ܕܡܳܪܰܢ ܢܶܠܰܦ
ܒܳܬܰܪ ܫܽܘܒܚܳܐ ܕܩܝܳܡܬܶܗ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നരവർഗ്ഗത്തി-ന്നുയിരേകീടാൻ
താണോനാം നിൻ സ്നേഹം പൂർണ്ണം
പുൽകീടട്ടെ-ന്നുള്ളം നിന്നെ
യത്നിക്കും ഞാൻ നിന്നോടൊപ്പം
ശ്രേഷ്ഠംതാൻ നീ നൽകും കൂലി.

ഈ ലോകത്തെ വെണ്ണീറാക്കാൻ
പോരും തീതൻ വീര്യം പോക്കാൻ
    മുള്ളിൻകൂട്ടം ചുറ്റും കൂടി
എരിതീ താനേ ശൈത്യം പൂണ്ടു
മണ്ണിൻ മക്കൾ ചൂടേറ്റില്ല.

പാപികളാം നാം കൂടെ ചേരാൻ
കാരുണ്യം കാ-ണിച്ചോൻ സ്തുത്യൻ
    പങ്കപ്പാടും ക്രൂശും മൂലം
മൃതിയെ നീക്കി ജീവൻ നൽകി
തൽപ്രേഷകനാം താതൻ ധന്യൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܝܢܺܝܢ ܠܗܘܢ ܠܕܰܝ̈ܳܢܶܐ ܕܕܳܢܽܘܟ
ܒܕܺܝܢܳܐ ܥܰܡ ܥܰܒ̈ܕܰܝܟ ܠܳܐ ܬܶܥܽܘܠ ܀ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܶܢ ܐ̱ܘܠܨܳܢ̈ܰܝܟ ܕܣܰܓܺܝܐܺܝܢ ܚܽܘܣ ܥܠܰܝܢ
ܒܚܢܳܢܳܟ ܗ̱ܘܳܐ ܚܰܝ̈ܶܐ ܘܡܰܠܟܽܘܬܳܟ ܢܺܐܪܰܬ ܀
ܒܟܠܗܘܢ ܐ̱ܘܠܨܳܢ̈ܰܝܟ ܡܶܢ ܚܰܫ̈ܰܝܟ ܚܽܘܣ ܥܠܰܝܢ ܀

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ഭീതിയൊടീറേന്മാർ വാനിൽ
സ്തോത്രം ചെയ്യുന്നോൻ വന്ദ്യൻ
അവനെപ്പാരിൽ വൈദികരും
സപ്രേന്മാരും നിന്ദിപ്പൂ. ദേവാ ദയ---

2 ജീവിതരുടെതലയായോനെ വടിയാൽപ്രഹരിച്ചീടുന്നു
ദർശകരുടെ ദൃഷ്ടാന്തങ്ങൾ
നിറവേറ്റിയവൻ സംസ്തുത്യൻ. ദേവാ ദയ--

3 തിരികെ തൻെറ തൊഴുത്തിൽ നാം
ചേർത്തിടുവാൻ മൃതികൈക്കൊണ്ടാൻ
നാഥന്നും തൻ പ്രേഷകനും
സ്തുതി പരിശുദ്ധാത്മാവിന്നും. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

91-ാം മസുമൂർ

ബാറെക്മോർ, ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമേ

ബാറെക്മോർ, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം, എൻെറ ശരണവും, എൻെറ സങ്കേതസ്ഥലവുമെന്ന്, കർത്താവിനെക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും

അവ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നിൻെറ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും, ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്, അവൻ നിന്നെക്കുറിച്ച് അവൻെറ മാലാഖമാരോട്കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ, അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെവഹിക്കും.

സര്‍പ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവന്‍ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാന്‍ അവനെ രക്ഷിച്ചു ബലപ്പെടുത്തും, എന്‍െറ നാമം അറിഞ്ഞതുകൊണ്ട് അവന്‍ എന്നെ വിളിക്കും

ഞാന്‍ അവനോട് ഉത്തരം പറയും, ഞെരുക്കത്തില്‍ ഞാന്‍ അവനോടു കൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീര്‍ഘായുസ്സുകൊണ്ട് ഞാന്‍ അവനെ തൃപ്തിപ്പെടുത്തും, എന്‍െറ രക്ഷ അവനെ ഞാന്‍ കാണിക്കുകയും ചെയ്യും.

121-ാം മസുമൂര്‍

ഞാന്‍ പര്‍വ്വതത്തിലേക്ക് എന്‍െറ കണ്ണുകള്‍ ഉയര്‍ത്തും, എന്‍െറ സഹായക്കാരന്‍ എവിടെ നിന്നു വരും

എന്‍െറ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച, കര്‍ത്താവിന്‍െറ സന്നിധിയില്‍ നിന്നാകുന്നു.

അവന്‍ നിന്‍െറ കാല്‍ ഇളകുവാന്‍ സമ്മതിക്കുകയില്ല. നിന്‍െറ കാവല്‍ക്കാരന്‍ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാല്‍ ഇസ്രായേലിന്‍െറ കാവല്‍ക്കാരന്‍ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിന്‍െറ കാവല്‍ക്കാരന്‍ കര്‍ത്താവാകുന്നു, കര്‍ത്താവ് തന്‍െറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകല്‍ ആദിത്യനെങ്കിലും, രാത്രിയില്‍ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ -- മെന്ഓലാം--

ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ അനുഗ്രഹത്തിൻെറ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ അനുഗ്രഹത്താൽ, നിൻെറ അടിയാരുടെ അപേക്ഷ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹപരമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാകണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܟܡܐ ܕܐܬܘܪܒ ܥܠܠ ܡܛܠܬ ܒܪܢܫ ܢܛܫܢܟ
ܘܒܥܝܢܐ ܕܐܬܘܪܗ ܒܝ ܘܒܫܝܛܝ ܢܒܠܗ ܠܡܠܟܘܬܟ⁜[3]
ܠܟ ܡܪܝ ܠܡܫܝܚܐ ܘܠܐܒܘܗܝ ܐܢܦܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܩܕܝܫܬܐ
ܘܣܘܡܚܝܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪܥܝ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܬܥܒܕ ܒܥܘܬܢ ܡܢ ܩܕܡ
ܘܡܫܒܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം





കൗമാ

ܒܪܝܟ ܗܘܟ ܕܚܢܢ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Church that suffe-r'd in Thy Pa-ssion, rejoice on Resurrection
Thy servants re-ceive from Thee Lord, Blessings and mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ

ܘܥܠ ܐܪܥܐ ܫܠܡܐ ܘܣܒܪܐ ܛܒܐ ܠܒܢܝ̈ܢܫܐ ✠ [3]

ܠܟ ܡܪܝ ܐܠܗܐ ܘܠܐܒܘܟ ܐܘܕܝܢ ✠ ܘܠܪܘܚܐ ܩܕܝܫܐ
ܘܬܘܕܝܬܐ ✠ ܘܝܩܪܐ ܘܣܓܕܬܐ ✠ ܠܥܠܡ ܥܠܡܝܢ
ܐܡܝܢ ܘܐܡܝܢ ✠ ܘܡܫܒܚܝܢܢ ܠܟ ܡܪܝ ܫܘܒܚܐ
ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ ✠ ܘܡܫܒܚܝܢܢ
ܫܘܒܚܐ ܠܟ ܡܪܝ ܠܥܠܡܝܢ ✠ ܐܡܝܢ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റേയും നാശത്തിന്റേയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധറൂഹായുമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

113, 119 117 സങ്കീർത്തനങ്ങൾ - പേജ് 30

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

ബാറെക്മോർ: ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ

ആകാശവും ഭൂമിയുംസൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കുകയും

ചെയ്യണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെടുന്നതിനാൽ, നിൻെറ കൈ എന്നെ സഹായിക്കണമെ.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെസ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കുംകർത്താവാകുന്നു. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

എയിയോനോ - യോയേ ഉസോദേക് - എന്നപോലെ

1. തൻ യാതനയാൽ നമ്മൾതൻ യാതനയെമായിച്ചോനാം
നാഥനെ നിദ്രവെടിഞ്ഞിപ്പോൾ സോദരരേകീർത്തിക്കേണം

സ്തോത്രം തേ സ്തോത്രം തേ, സ്തോത്രം തേ
സർവ്വേശാ, അൻപുടയോനേ കൃപചെയ്ക.

2. ഇന്നാൾ രാവിൽ വെളിവാക്കി കർത്താവഴലിൻ വൃത്താന്തം
ശ്ലീഹന്മാർ സന്താപത്താൽ വൈവശ്യം പാരം പൂണ്ടു
സ്തോത്രം തേ സ്തോത്രം തേ, സ്തോത്രം തേ
സർവ്വേശാ, അൻപുടയോനേ കൃപചെയ്ക.

3. ഇന്നാൾരാവിൽസ്ക്കറിയോത്താ-പണമോഹത്താലുടയോനെ
ഏൽപ്പിച്ചങ്ങുകൊടുക്കാമെ-ന്നേറ്റാൻ ഗൂഢാലോചനയിൽ
സ്തോത്രം തേ സ്തോത്രം തേ, സ്തോത്രം തേ
സർവ്വേശാ, അൻപുടയോനേ കൃപചെയ്ക.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

4. ഇന്നാൾ രാവിൽ ദുഷ്ടന്മാർ കൂട്ടം കൂടി ദൈവത്തിൻ
പുത്രൻ തന്നെ പിടികൂടാൻ വഴിയെന്തെന്നാലോചിച്ചു
സ്തോത്രം തേ സ്തോത്രം തേ, സ്തോത്രം തേ
സർവ്വേശാ, അൻപുടയോനേ കൃപചെയ്ക.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

ഒന്നാം കൗമാ

(എക്ബോ - എസ്ക്കാത്തൽവാവയാലൂദേ, നാഥാ ഈ നിൻ ജന്മത്തിൻ --)

ആട്ടിൻകൂട്ടത്തിനിടയൻ ധ-ന്യൻ
ഞങ്ങൾക്കായ് ബലിയാ-യോൻ ധന്യൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായി സ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു

കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܝܳܕܰܥ ܟܰܣ̈ܝܳܬܳܐ ܘܕܰܝܳܢܳܐ ܕܚܽܘܫܳܒ̈ܶܐ ❉ ܒܳܚܶܐ ܠܶܒ̈ܶܐ ܘܡܓܰܠܝܳܢܳܐ
ܕܟܰܣ̈ܝܳܬܳܐ ܘܡܶܢ ܩܕܳܡ ܚܰܫܶܗ ܩܰܕܺܝܫܳܐ ❉ ܠܓܰܒܰܝ̈ܳܐ ܘܩܰܕܺܝ̈ܫܶܐ
ܬܰܠܡܺܝ̈ܕܰܘܗ̱ܝ ܓܰܠܺܝ ܐܳܪܳܙܶܗ ܕܦܽܘܪܩܳܢܳܐ ܕܙܰܩܝܦܶܗ ܘܢܶܟܠܶܗ
ܕܬܰܠܡܺܝܕܳܐ ܢܟܺܝܠܳܐ ܘܢܶܟܠܶܗ ❉

രഹസ്യങ്ങളെ അറിയുന്നവനും വിചാരങ്ങളുടെ ന്യായാധിപതിയും ഹൃദയങ്ങളെ പരിശോധിക്കുന്നവനും രഹസ്യകാര്യങ്ങളെ വെളിപ്പെടുത്തുന്നവനും മനസ്സോടെയുള്ളതായ തൻെറ വിശുദ്ധകഷ്ടാനുഭവത്തിനുമുമ്പ് തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരുമായ തൻെറ ശിഷ്യന്മാർക്ക് തൻെറ രഹസ്യത്തെ വെളിപ്പെടുത്തുകയും രക്ഷാകരമായ തൻെറ ക്രൂശാരോഹണത്തെക്കുറിച്ചും വഞ്ചകനായ ശിഷ്യൻെറ വഞ്ചനയേയും നുണയൻെറ വ്യാജത്തേയുംകുറിച്ചും അറിയിക്കുകയും തൻെറ ജീവനുള്ളതായ മരണത്തിൻെറ കാലത്തെ അവരോട് അറിയിക്കുകയും മഹത്വമുള്ള പുനരുത്ഥാനത്തിൻെറ സമയവും തൻെറ അത്ഭുതകരമായ വെളിപാടിൻെറ ദിവസവും അതിശയനീയമായ തൻെറ ഉഷസ്സിൻെറ നാഴികയും അവർക്ക് മുൻകൂട്ടി വെളിപ്പെടുത്തുകയും ചെയ്തവനുമായ കർത്താവിന് സ്തുതി. തനിക്ക്

രാത്രി നമസ്ക്കാരത്തിൻെറ ഒന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

The One Who knows the secrets, that Judge of the thoughts, the Examiner of hearts, the Revealer of the unknown things, who before His holy and voluntary passion revealed His mystery to His chosen and holy disciples, and informed them about His salvific cross and the deceit of the fraudulent disciple, and the treachery of the deceiver, and revealed to them the time of His life-giving death, and foretold them the time of His glorious resurrection, and the day of His glorious revelation, and the moment of His amazing manifestation, to Him befits glory, honour and worship at this time of the first Kauma of Midnight prayer and all seasons and hours and all the days of our life.

ܫܽܘܪܳܝ

കഷ്ടതയില്ലാത്തവനും മരണമില്ലാത്തവനും കഷ്ടതയില്ലായ്മയും മരണമില്ലായ്മയും പ്രകൃത്യാ നേടിയിരിക്കുന്നവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിനക്ക് സ്തുതി,

നിനക്കു കീർത്തനം. നിൻെറ സ്നേഹംമൂലം നീ മനുഷ്യനായിത്തീരുകയും മനസ്സോടെയുള്ള കഷ്ടതകളെ നിൻെറമേൽ നീ കൈക്കൊള്ളുകയുംചെയ്തു. കുറ്റമില്ലാത്ത നിൻെറ കഷ്ടാനുഭവങ്ങളാൽ മനുഷ്യവർഗ്ഗത്തിന് കഷ്ടതയില്ലായ്മയെ നീ ക്ഷണിച്ചുവരുത്തുകയും നിൻെറ തിരുമേനിയുടെ കഷ്ടാനുഭവങ്ങളാൽ മനുഷ്യവർഗ്ഗത്തിന് കഷ്ടതയില്ലായ്മയെ നീ ക്ഷണിച്ചുവരുത്തുകയും നിൻെറ തിരുമേനിയുടെ കഷ്ടാനുഭവങ്ങളാൽ പീഡകളെ പീഡിപ്പിക്കുകയുംചെയ്തു. മോശ മുഖാന്തരം സൂചിപ്പിക്കപ്പെട്ടിരുന്നതായ കുഞ്ഞാടിൻെറ ദൃഷ്ടാന്തം നിറവേറി. രഹസ്യപൂർണ്ണമായ അത്താഴത്തിൽവച്ച് ഇതാ ഇപ്പോൾത്തന്നെ എല്ലാ സൂചനകളും ഉപമകളും ദൃഷ്ടാന്തങ്ങളും നിറവേറിയിരിക്കുന്നുവെന്ന് നിൻെറ വത്സല ശിഷ്യന്മാരുടെ ശ്രേഷ്ഠസമൂഹത്തോട് ഇവയെമുൻകൂട്ടി നീ അറിയിച്ചു. 'നിങ്ങളിൽഒരുവൻ എന്നെ മരണത്തിന് ഏൽപ്പിച്ചുകൊടുക്കും' എന്ന് അവരോട് നീ അരുൾചെയ്തു. വഞ്ചകനായ ശിഷ്യനും കള്ളശ്ലീഹായുമായവൻെറവഞ്ചനയെ നീ വെളിപ്പെടുത്തി. ന്യായാധിപതിയുടെ ന്യായാധിപതിയും സകലത്തേയും ഭരിക്കുന്ന രാജാധിരാജാവും കർത്താധികർത്താവും നീ ആയിരിക്കുമ്പോൾ ന്യായാധിപനായ പീലാത്തോസിൻെറ അടുക്കലേക്ക് വെട്ടുവാൻ ആട്ടിൻകുട്ടി എന്നപോലെ കൊണ്ടുപോകപ്പെടുകയും രോമംവെട്ടുന്നവൻെറ മുമ്പാകെ പെണ്ണാടുപോലെ അനങ്ങാതെ നിൽക്കുകയുംചെയ്തു. മനുഷ്യനെപ്പോലെ ന്യായസ്ഥലത്തു നീ നിൽക്കുകയും ഒരുസാധാരണനെപ്പോലെ

ചോദ്യംചെയ്യപ്പെടുകയുംചെയ്തു. ദാസന്മാരിൽ നിന്ന് നീ ചെകിട്ടത്ത് അടികൊള്ളുകയും പാപത്തിൻെറ ദാസന്മാരെ സ്വതന്ത്രരാക്കുകയും കുരിശുമരത്തിൽ നീ തൂങ്ങുകയും മേലുള്ളഉന്നതത്തിലേക്കു ഞങ്ങളെ നീ ഉയർത്തുകയും ജീവൻെറ കാസാ ഞങ്ങളെ കുടിപ്പിപ്പാനായിട്ട് കയ്പ്പും കാടിയും നീ കുടിക്കുകയുംചെയ്തു. നിൻെറ കൈകൾ ആണികളാൽ തറയ്ക്കപ്പെടുകയും ഞങ്ങളുടെ കൈകൾ പരിശുദ്ധങ്ങളായിത്തീരുകയുംചെയ്തു. നിൻെറ വിലാവിൽ നീ ചവളംകൊണ്ടു കുത്തേൽക്കുകയും ക്രൂബയുടെ കുന്തത്തിന് തുരുമ്പു പിടിപ്പിക്കുകയുംചെയ്തു. നീ കുരിശിൽമരിക്കുകയും കഠിനമരണത്തെ മരിപ്പിക്കുകയും ചെയ്തു. ഇത്ഹേതുവായിട്ട് സത്യമായിട്ടും നീ ഞങ്ങളുടെ രക്ഷയുടെ ദൈവമാണെന്ന് ഞങ്ങൾഅറിയുന്നു. ആകയാൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ, നിന്നോടു കൂടെ മഹത്വപ്പെടുവാനും ലോകത്തിനും അതിൻെറ സകല വികാരങ്ങൾക്കും മോഹങ്ങൾക്കും ക്രൂശിക്കപ്പെടുവാനും, ലോകം ഞങ്ങൾക്കുക്രൂശിക്കപ്പെടുവാനും പഴയമനുഷ്യൻെറ സകല ഉല്ലാസത്തെയും ഞങ്ങളിൽനിന്ന് മരിപ്പിപ്പാനും സത്യ ജീവനാകുന്ന നിന്നിൽ ജീവിപ്പാനുംതക്കവെണ്ണം വെടിപ്പോടും വിശുദ്ധിയോടും തകർന്നഹൃദയത്തോടും വിനയമുള്ള ആത്മാവോടുംകൂടി നിൻെറ കഷ്ടാനുഭവങ്ങളിൽ കഷ്ടത യനുഭവിപ്പാനും ഞങ്ങളെ നീ യോഗ്യരാക്കണമെ. വീണ്ടും ഞങ്ങൾ നിന്നോടപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. ഞങ്ങളെ പാപത്തിന് അന്യരും രഹസ്യാത്മകമായ വിരുന്നിന്

ഓഹരിക്കാരും ആയി നീ ആക്കിത്തീർക്കണമെ. നിൻെറ തേജസ്സ് ഞങ്ങളെധരിപ്പിക്കണമെ. നിൻെറ ഉയിർപ്പിലേക്ക് സന്തോഷപൂർവ്വം നീ ഞങ്ങളെക്ഷണിക്കണമെ. സ്വർഗ്ഗീയ കൂടാരങ്ങളിൽ നിനക്കും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച പീഡാരഹിതനായ നിൻെറ പിതാവിനും പരിശുദ്ധനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിനക്കു സമനായിരിക്കുന്നവനുമായ നിൻെറ റൂഹായ്ക്കും ഞങ്ങൾ കീർത്തനം പാടുമാറാകണമെ. ഹോശോ വബ്കൂൽ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ രീതി

1. കർത്താവേവം കൽപ്പിച്ചാൻ ദർശ-കവൃന്ദത്തെ
കല്ലേറാൽ കൊലചെയ്തോളേ പുരി യേ-രുശലേമേ
സുതരെ കൂട്ടി-ച്ചേർപ്പാൻ ഞാൻ വെമ്പി
എന്നാലവർ കൈ-വിട്ടില്ലന്യായം
കണ്ടാലും നിങ്ങടെ ഭവനം ദൈവ-കൃപാശൂന്യം
എന്മൊഴികേൾക്കുംജാതികളെ ഞാൻ കൂ-ട്ടിച്ചേർക്കും
ഹാലേലുയ്യാ, ഉ ഹാലേലുയ്യാ. ബാറെക്മോർ. † ശുബഹോ: മെനോലം

2. വിശ്വസിനിയാം വിമലസഭേ തൻ പ-ങ്കപ്പാടാൽ
ദുർമ്മാർഗ്ഗത്തിന്നും നിന്നെ സംര-ക്ഷിച്ചോനായ്
നിന്ദയുമടിയും മുൾമുടിയതുമേറ്റ
ദൈവാത്മജനെ കീർത്തി-ച്ചീടുക നീ
ദോഷികൾ ശപ്തന്മാരൊടുകൂ-ടവനെ ക്രൂശിച്ചു

പീഡയെഴും മൃതിയാൽ ജീവൻ ലോകർ-ക്കവനേകി

തന്നെഅയച്ചോൻ തൻ താതൻ ധന്യൻ.മൊറിയോ--

എത്രൊ

സ്വമനസ്സാൽ കഷ്ടതയേൽപ്പാൻ എഴുന്നെള്ളിവരികയും, കുരിശിന്മേൽ ഉയർത്തപ്പെടുകയും തൻെറ സത്യവാഗ്ദാനത്തിനൊത്തവണ്ണം തൻെറ ആരാധനയ്ക്കായി സൃഷ്ടികളെ ആകർഷിക്കുകയും ചെയ്തവനായി വിശ്വാസികളുടെ രക്ഷിതാവും പരിപാലകനും ആയുള്ളോവേ, രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്തിൻെറ ഈ ദിവസം നിനക്ക് അർപ്പിച്ചിട്ടുള്ള സുഗന്ധധൂപംകൈക്കൊള്ളണമെ. വന്ദ്യവും മഹത്തരവുമായ നിൻെറ സ്ലീബായാൽ ഞങ്ങളുടെ സംഘത്തെ അനുഗ്രഹിച്ചു പാലിച്ചുകൊള്ളണമെ. നിൻെറ സ്ലീബായുടെ ചിറകിൻകീഴ് ഞങ്ങളെ മറച്ചുകൊള്ളണമെ. ഞങ്ങൾ നിന്നെയും നിൻെറ പിതാവിനെയും പരിശുദ്ധ റൂഹായേയും സ്തുതിപ്പാനായിട്ടുതന്നെ. ഹോശോ--

The Redeemer and Guardian of the faithful Who voluntarily came for passion, and was raised on the cross, and incited the creation for His worship, according to we offer to You on this day of Your redeeming passion. Bless the guard our congregation, by Your adorable and glorious cross. Protect us under the wings of Your grace, so that we may glorify You and Your Father and Holy Spirit now and always of our life.

വീണ്ടും കോലോ

യിസ്രായേൽ ദീർഘദർശിമാരെല്ലാവരും തന്നെക്കുറിച്ചു പ്രവചിച്ച രഹസ്യത്തെ ഇന്നേദിവസം നമ്മുടെ രക്ഷകൻ ശിഷ്യന്മാർക്ക് വിശദമായി വെളിപ്പെടുത്തി. താൻ ഊർശലേമിൽ മരിക്കുവാനിരിക്കുന്നുവെന്നും അവരുടെപിതാക്കന്മാരെ കുഞ്ഞാടുമൂലം മരണത്തിൽനിന്ന് രക്ഷിച്ചവൻ വഞ്ചനയിൽ നിന്ന് തിരുസഭയെ രക്ഷിക്കുവാൻ സ്നേഹപൂർവ്വം താണിറങ്ങിവന്നിരിക്കുന്നുവെന്നും അവരോടു പറഞ്ഞു.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ആകാശവും ഭൂമിയും മാലാഖമാരും മനുഷ്യരും കഷ്ടാനുഭവത്തിനും താഴ്മയ്ക്കുമായി വന്ന ദൈവപുത്രനെ കണ്ടതുകൊണ്ട് ഇന്നേദിവസം ദുഃഖം ധരിച്ചു. ശിഷ്യന്മാരും തൻെറ കഷ്ടുനുഭവത്തെക്കുറിച്ച് അറിയിക്കപ്പെട്ടതുകൊണ്ട് സങ്കടവുംവ്യാകുലവുംപൂണ്ടു. തൻെറമരണത്താൽ ആദാമിനെയും അവൻെറ മക്കളെയും രക്ഷിച്ചവനായ തനിക്കു സ്തുതി.

In the night, our Lord explained and revealed to His disciples, the mystery that all the prophets of Israel indicated regarding His passion: The One Who redeemed their father through the lamb, is going to die in Jeresalem. He has lowered Himself by His love in order to save His Church from error.

Barekmore. Glory be to the Father….. Unto the ages of…..

Behold, today the heaven and earth, angles and men have ‘put on’ passion for they have seen the

Son of God who came for passion and humiliation. The disciples have ‘put on’ sorrow and they were ‘clad’ with sadness for they were told about His passion. Glory to Him Who buy His death has redeemed Adam and his children.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܘܨܥܪܐ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܐ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

പകയ-ന്നടിമ-പ്പെട്ടോരാ-ട്ടിൻ
കൂട്ടത്തെ സം-രക്ഷിച്ചീ-ടാൻ
ധർമ്മി-ഷ്ഠൻ മ-ർത്യത്വം പൂണ്ടു
ആട്ടിൻ സാദൃ-ശ്യത്താൽ നാഥൻ
കൊള്ളക്കാരീ-ന്നവയെ വീണ്ടു.

കത്തും തീയാ-യോൻ തൻ ദീപ്തി
മെയ്യാൽ മൂട-പ്പെട്ടതുമൂലം
മ-ണ്ണോ-ടൊത്തോർ പു-ല്ലോ-ടൊത്തോർ
ആ തീയിൽ കൈ-വയ്പാനാഞ്ഞു
തൻ തീ-ഷ്ണത തേ നാശകരം താൻ.

പിതൃ സ-ന്നിധിവി-ട്ടിഹമാർന്നോനാം
സുതനേ പാരിൽ വ്യഥയേ-റ്റോനേ
ആട്ടിൻ കൂട്ടം നീ ര-ക്ഷിച്ചു

അതുനിൻ-പേർക്കും താതൻ-പേർക്കും
റൂഹ്ക്കു-ദിശായ്ക്കും സ്തുതി പാടുന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܶܫܠܗ ܠܽܗ ܠܒܳܢܰܝ ܕܪ̈ܰܘܚܶܐ
ܒܪܶܝܫ ܠܡܶܠܰܝ ܡܶܢ ܠܝ ܠܒܰܝܬܳܐ ❉ ܡܳܪܝ ܪܰܚܶܡ ❉

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܶܐܬܳܐ ܠܚܰܫܳܐ ܘܰܠܡܰܘܬܳܐ ܘܰܠܙܩܺܝܦܽܘܬܳܐ
ܩܰܒܶܠ ܒܳܥܽܘܬܰܢ ܘܰܚܢܶܢ ܥܰܠ ܢܰܦ̈ܫܳܬܰܢ ❉
ܠܗܽܘܢ ܕܰܫܒܰܩܘ ܡܶܢ ܒܰܝܢܳܬܰܢ ܢܽܘܚ ܠܗܽܘܢ ❉

മ്ശിഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

നാഥൻ വന്നു പെരുന്നാളിന്നായ് ദിവ്യമതാകും
തൻ തേജസ്സിൻ ഭംഗ്യാലതിനെ ഭൂഷിപ്പിച്ചാൻ
സൂചന കാട്ടും ദൃഷ്ടാന്തങ്ങൾ നിറവേറ്റീടാൻ
ശിഷ്യന്മാരൊത്തുടയോൻ പെരുന്നാളിന്നായ് വന്നു
അർഹതയുള്ളോൻ ഗർദ്ദഭമേറി തൻ വക തേടാൻ
വന്നതറിഞ്ഞാ വിഗ്രഹസേവിനി ഭീതിപ്പെട്ടു
മോദിക്കുക നിൻ കാന്തൻ വന്നെന്നാ നിബി ചൊന്നു
താതങ്കൽ നിന്നിവളെ തള്ളുന്നോനായ് കണ്ടാൾ. ദേവാ--

ശ്രേഷ്ഠൻ പകലോൻ തൻ നാഴികകൾ വിട്ടു കടത്തി
പെസഹാപ്പെരുന്നാളാഘോഷിപ്പാൻ സന്ധ്യയ്ക്കെത്തി

ശിഷ്യരുമൊത്തപ്പെസഹ ഭുജിപ്പാൻ വാഞ്ഛിച്ചേറെ
പുതുതായിട്ടൊരു നിയമമവർക്കായ് താനുണ്ടാക്കി
പെരുന്നാളുകൾ തന്നധിനാഥാ നീ പൂജായോഗ്യൻ
സ്തോത്രം സർവ്വം സഭകളിലെങ്ങും നീയർഹിപ്പൂ
ആഘോഷങ്ങൾക്കെല്ലാമോർത്താലീശൻ നീ താൻ
നിന്നാൽ ഭൂഷിതമാഘോഷങ്ങൾ നാഥാ സ്തുത്യം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാ- ഹാ- ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം
നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാലേലുയ്യാ

വി. യോഹന്നാൻ 10. 15 - 38

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܘܥܠܝܟܘܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ♱ ܐܡܝܢ ♱

ܐܘܢܓܠܝܘܢ ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ♱ ܟܪܘܙܘܬܗ ♱

യേശു അരുൾചെയ്തു. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവൻ ആർപ്പിക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവയും എന്റെ ശബ്ദം കേൾക്കും. എല്ലാംകൂടി ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും ആയിത്തീരും. വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ എന്റെ ജീവൻ അർപ്പിക്കുന്നതുകൊണ്ട് എന്റെ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽനിന്ന് എന്റെ

ജീവൻ എടുത്തുകളയുകയില്ല. മനസ്സോടെ ഞാൻ അത് സമർപ്പിക്കുകയാണ്. എന്തെന്നാൽ അത് സമർപ്പിക്കുവാനും വീണ്ടും പ്രാപിക്കുവാനും എനിക്ക് അധികാരമുണ്ട്. എൻെറ പിതാവിൽ നിന്ന് എനിക്കു ലഭിച്ചിട്ടുള്ള കൽപ്പനയാണിത്. ഈ വചനങ്ങൾനിമിത്തംയഹൂദന്മാരുടെഇടയിൽ പിന്നെയും ഭിന്നത ഉണ്ടായി. അവരിൽ പലരുംഇവനിൽ ഭൂതമുണ്ട്, ഇവന് ഭ്രാന്തു പിടിച്ചിരിക്കുന്നു, നിങ്ങൾ എന്തിന് ഇവനെ ശ്രദ്ധിക്കുന്നു എന്നു പറഞ്ഞു. മറ്റു ചിലർ, ഈ വചനങ്ങൾ ഒരു പിശാചുബാധിതൻേറതല്ല, പിശാചിന് കുരുടൻെറ കണ്ണുകൾ തെളിയിക്കുവാൻ കഴിയുമോ എന്നു ചോദിച്ചു. യെരുശലേമിൽ പ്രതിഷ്ഠാ പെരുന്നാളായിരുന്നു. അപ്പോൾ ശീതകാലവുമായിരുന്നു. ദേവാലയത്തിൽ ശലോമോൻെറ മണ്ഡപത്തിൽക്കൂടി യേശു നടക്കുമ്പോൾ യഹൂദന്മാർ വളഞ്ഞ്ചോദിച്ചു. നീ എത്രകാലം ഞങ്ങളെ സംശയിപ്പിക്കും? നീ മശിഹാ ആണെങ്കിൽ സ്പഷ്ടമായി ഞങ്ങളോടു പറയുക. യേശു അവരോട് പറഞ്ഞു. ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. നിങ്ങൾ വിശ്വസിക്കുന്നില്ല. എൻെറ പിതാവിൻെറനാമത്തിൽ ഞാൻ ചെയ്യുന്നപ്രവൃത്തികൾതന്നെ എന്നെക്കുറിച്ച്സാക്ഷ്യംനൽകുന്നു. എങ്കിലും എന്നെ നിങ്ങൾ വിശ്വസിക്കുന്നില്ല. എന്തെന്നാൽ ഞാൻ നിങ്ങളോടു പറഞ്ഞി ട്ടുള്ളതുപോലെ നിങ്ങൾ എൻെറ ആടുകളിൽപ്പെട്ടവരല്ല. എൻെറ ആടുകൾ എൻെറ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുന്നു. അവ എൻെറ പിന്നാലെ വരുകയും ചെയ്യുന്നു. ഞാൻ അവയ്ക്ക് നിത്യ ജീവൻ നൽകും. അവ

ഒരിക്കലും നശിച്ചു പോകുകയില്ല. ഒരുവനും എൻെറ കയ്യിൽനിന്ന് അവയെ അപഹരിക്കുകയില്ല. എന്തെന്നാൽ അവയെ എനിക്കു തന്ന എൻെറ പിതാവ് എല്ലാവരിലും വലിയവനാകുന്നു. എൻെറ പിതാവിൻെറ കയ്യിൽനിന്ന് അവയെ അപഹരിക്കുവാൻ ആർക്കും കഴിയുകയില്ല. ഞാനും പിതാവും ഒന്നാകുന്നു. യഹൂദന്മാർ പിന്നെയും അവനെ എറിയുവാൻ കല്ലുകളെടുത്തു. യേശു അവരോട്, എൻെറ പിതാവിൽ നിന്നുള്ള അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങൾക്കു കാണിച്ചുതന്നു. അവയിൽ ഏതു പ്രവൃത്തികാരണമാണ് നിങ്ങൾഎന്നെകല്ലെറിയുന്നത് എന്നു ചോദിച്ചു. യഹൂദന്മാർ അവനോട്, നല്ല പ്രവൃത്തി കാരണ മല്ല, നീ ദൈവദൂഷണംപറയുന്നതുകൊണ്ടും, നീ മനുഷ്യ നായിരിക്കെ സ്വയംദൈവമാക്കുന്നതുകൊണ്ടുമത്രെ ഞങ്ങൾ നിന്നെ കല്ലെറിയുന്നത് എന്നു പറഞ്ഞു. യേശു അവരോട് പറഞ്ഞു. 'നിങ്ങൾ ദേവന്മാരാകുന്നുവെന്ന് ഞാൻ പറഞ്ഞു' എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടില്ലയോ? തിരുവെഴുത്തിനു മാറ്റമില്ലല്ലോ. ദൈവത്തിൻെറ അരുളപ്പാടു ലഭിച്ചിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞിരിക്കെ, പിതാവ് ശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച എന്നോട്, ഞാൻ ദൈവപുത്രനാണെന്ന് പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറഞ്ഞുവെന്ന് നിങ്ങൾ പറയുന്നുവോ? ഞാൻ പിതാവിൻെറ പ്രവൃത്തികൾചെയ്യുന്നില്ലെങ്കിൽ എന്നെ നിങ്ങൾ വിശ്വസി ക്കേണ്ട. എന്നാൽ ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നെവിശ്വസിക്കുന്നില്ലെങ്കിലും, പിതാവ് എന്നിലും ഞാൻ

പിതാവിലുംആണെന്ന് നിങ്ങൾഅറിഞ്ഞ് വിശ്വസിക്കേണ്ടതിന്, എൻെറ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ എന്നു താനരുളിച്ചെയ്തു. ⁜ ܒܪܝܟ ܝܩܪܗ ⁜ ܡܢ ܐܬܪܗ ⁜



ബുധനാഴ്ച രാത്രി രണ്ടാം കൗമാ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം ഈ രാവിൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us - kneel and adore Him- this night time.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܠܠܝܐ ܕܗܢܐ ܐܬܘ ܢܣܓܘܕ ܠܗ
ܠܡܫܝܚܐ ܕܦܪܩ ܒܚܫܘ̈ܗܝ ܐܢܫܐ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܬܘܕܝܬܐ ܩܘܕܫܐ ܠܪܘܚܐ
ܘܙܘܡܪܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪ̈ܥܐ ܐܘܪܫܠܡ ܕܠܥܠ ⁜ ܘܒܥܘܬܢ ܠܩܘܒܠܐ ܡܢ ܩܕܡ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

(എക്ബോ - കും പൗലോസ്, അരിമത്യാനാട്ടിൽ എന്ന പോലെ --)

ബലികളെ നീക്കീടും തിരുബലി ധന്യം താൻ
പുണ്യം നൽകീടും ബലിയേ സ്തോത്രം

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കുസ്തുതി. ബാറെക്മോർ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܫܘܒܚܐ ܠܦܪܘܩܐ ܗ̇ܘ ܕܡܐܬܝܬܗ ܢܒܝܐ ✱ ܩܕܡܘ ܐܟܪܙܘ

ܘܙܕܝܩܐ ܨܝܪܘ ܦܘܪܩܢܗ ✱ ܩܕܝܫܐ ܓܠܘ ܙܟܘܬܗ ܘܟܐܢܐ ܡܘܟܟܗ

ܘܫܪܝܪܐ ܚܫܗ ܘܟܪܘܙܐ ܐܟܪܙܘ ܙܩܝܦܘܬܗ ܐܝܟ

ܕܒܟܠܗܘܢ ܢܫܬܒܚ ✱

ദീർഘദർശിമാർ തൻെറ വരവിനെ മുൻകൂട്ടി സൂചിപ്പിക്കുകയും പുണ്യവാന്മാർ തൻെറ രക്ഷയെ രേഖപ്പെടുത്തുകയും പരിശുദ്ധന്മാർ തൻെറ മഹിമയെ അറിയിക്കുകയും, നീതിമാന്മാർ തൻെറ താഴ്മയെ മുൻകൂട്ടി തെര്യപ്പെടുത്തുകയും സത്യവാന്മാർ തൻെറ കഷ്ടാനുഭവത്തെക്കുറിച്ച് വിവരിക്കുകയും, അറിയിപ്പുകാർ തൻെറകുരിശാരോഹണത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തവനായ രക്ഷിതാവിന് സ്തുതി. തനിക്ക് രാത്രിനമസ്ക്കാരത്തിൻെറ രണ്ടാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

Praise to that Redeemer, whose coming, the prophets foretold and the righteous represented the salvation, and the saints revealed the victory, the just indicated the humility, and the righteous informed the passion, the seers preached the

crucifixion, to Him befits glory, honour and worship at this time of the second kaumo of midnight prayer and all seasons and hours, all the days of our life.

ܣܘܓܝܬܐ

ഞങ്ങളുടെ മശിഹാതമ്പുരാനേ, നിൻെറയും നിർണ്ണയിപ്പാൻ വഹിയാത്തവനായ നിൻെറ പിതാവിൻെറയും നിൻെറ പരിശുദ്ധറൂഹായുടെയുംതിരുവിഷ്ടത്താൽ നിൻെറ ദൈവിക തിരുമേനിയാൽ ഞങ്ങൾക്കൊത്ത ശരീരത്തോടു നീ യോജിക്കുകയും നിൻെറ രക്ഷാകരമായ ഭരണത്താൽ മനുഷ്യരായ ഞങ്ങളുടെഅപരാധത്തിന് പൂർണ്ണരക്ഷ പ്രദാനംചെയ്യുകയും നിൻെറ സത്യദൈവത്വത്തിൽവസിച്ചുകൊണ്ട് പാപമൊഴികെ ഞങ്ങളുടെസാദൃശ്യത്തിൽ ഞങ്ങളോടുകൂടെപെരുമാറുകയും ചെയ്ത സർവ്വശക്തനായ സ്രുഷ്ടാവും നിർമ്മിതാവും എന്നപോലെ ഞങ്ങളുടെ സ്വഭാവത്തിന് സ്വാതന്ത്ര്യവും സത്യവും സുസ്ഥിരവുംആയ ഭവനാവകാശവും നീ നൽകി. നിൻെറ ദൈവീകഭരണത്തിൻെറ പൂർണ്ണതയാൽ രക്ഷാകരമായ കഷ്ടാനുഭവത്തിങ്കലേക്ക് എഴുന്നെള്ളിവരികയും, ഈ ലോകത്തിനപ്പുറത്തുള്ളപോരാട്ടംനിവർത്തിക്കുകയും നിൻെറ ശ്രേഷ്ഠതയാൽ യഥാർത്ഥമായ വിജയം ഞങ്ങളെ പഠിപ്പിക്കുകയും, ഞങ്ങളിൽ ആണ്ടുകിടന്നിരുന്ന മരണകരമായ കനിയെ ചതയ്ക്കുകയുംചെയ്തു. ഞങ്ങളുടെ അധർമ്മങ്ങൾനിമിത്തം കുരിശിന്മേലുള്ള താഴ്മയും, അപമാനവും, നിന്ദയും കാടിയും മുൾക്കിരീടവും കൈക്കൊള്ളുകയും

ചെയ്തു. ഇതുമാത്രമല്ല കള്ളന്മാരോടുകൂടി നീ എണ്ണപ്പെടുകയും പരിശുദ്ധ ദീർഘദർശിമാർ നിന്നെക്കുറിച്ചു പ്രസംഗിച്ചിട്ടുള്ള സകലത്തെയും നിൻെറ ദേഹിയിൽ നിവർത്തിക്കുകയുംചെയ്തു. ഒരാൾ ദുഃഖമെന്യേ നീ സഹിച്ച കഷ്ടാനുഭവങ്ങളാൽ വിസ്മയനീയങ്ങളായ നിൻെറ കഷ്ടാനുഭവത്തിൻെറ ദൃഷ്ടാന്തത്തെസൂചിപ്പിച്ചു. മറ്റൊരാൾ തൻെറ വാത്സല്യഭാജനത്തിൻെറ ബലിപീഠത്തിനുമേലുള്ള ബന്ധനത്താൽ മരത്തിന്മേൽ ഉള്ള നിൻെറ താഴ്മയെ അറിയിച്ചു. ഒരാൾ അറുക്കപ്പെട്ട കുഞ്ഞാടിനാൽ കാലാവസാനത്തിൽ നിൻെറതിരുമേനിയുടെ അറുപ്പിനെ രേഖപ്പെടുത്തി. വേറൊരാൾ കുന്തമേന്തി നേടിയ വിജയത്താൽ നിൻെറ സ്ലീബായുടെ വിജയത്തെ അറിയിച്ചു. ഒരാൾ ഞങ്ങൾക്കുവേണ്ടിയുണ്ടായമനസ്സോടെയുള്ള നിൻെറ കഷ്ടാനുഭവത്തെക്കുറിച്ചു, 'ഞാൻ പീഡയേൽപ്പാനായി ഒരുങ്ങിയിരിക്കുന്നു' എന്ന് പ്രവചിച്ചു. വേറൊരാൾ സത്യമായിട്ട് നീ ഞങ്ങളുടെ പീഡകളെസഹിക്കുമെന്നും ഞങ്ങളുടെ രോഗങ്ങളെ വഹിക്കുമെന്നുംപറഞ്ഞു. ഒരുവൻ മശിഹാരാജാവ് കൊല്ലപ്പെടുമെന്നും തൻെറ കൊലയാൽ ഊർശലേം നശിച്ചുപോകുമെന്നും ബാബേലിൽവച്ച്ഉൽഘോഷിച്ചു. വേറൊരാൾ ഞങ്ങളുടെ പാപങ്ങൾനിമിത്തവും അധർമ്മങ്ങൾനിമിത്തവും നീ ബലിയായി സമർപ്പിക്കപ്പെടുമെന്നു ബോദ്ധ്യപ്പെടുത്തി. ഒരാൾ നിൻെറ വസ്ത്രങ്ങൾ ചുവന്നിരിക്കുന്നതും നിൻെറ ദേഹം രക്തം പുരണ്ടിരിക്കുന്നതും എന്തുകൊണ്ടാണെന്ന് ചോദിച്ചു. വേറൊരാൾ വെള്ളമില്ലാത്ത രക്തത്താൽ നീ

അഴിച്ചുവിടുമെന്ന് സുവിശേഷിച്ചു. ആകയാൽ കാരുണ്യവാനായകർത്താവേ, നിൻെറ മനുഷ്യസ്നേഹത്തോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ ഈ സുഗന്ധധൂപത്താലും രക്ഷാകരവും ചൈതന്യപ്രദവുമായ നിൻെറ കഷ്ടാനുഭവങ്ങളാലും സത്യവും വെടിപ്പും ദേഹാത്മശുദ്ധിയും അനുഗ്രഹങ്ങളും പുണ്യവും പാപമോചനവും നീ ഞങ്ങൾക്കു നൽകണമെ. എന്തെന്നാൽ, നീ ഞങ്ങളുടെരക്ഷകനാകുന്നു. ഞങ്ങൾ നിനക്കും കഷ്ടതയില്ലാത്തവനും ഭാഗ്യവാനുമായ നിൻെറപിതാവിനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിനക്കു സദൃശ്യനുമായ നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഇന്നേദിവസം സെഹ്യോൻപുത്രന്മാരായ ഭോഷന്മാർ അവരുടെ രോഗികൾക്കു സൗഖ്യം നൽകുന്ന ദൈവപുത്രനെ കണ്ടു. താൻ പ്രവർത്തിച്ച നന്മകൾക്കെതിരായി സപ്രന്മാരും പ്രീശേന്മാരും ഈർഷ്യപൂണ്ട് തന്നെ കൊല്ലുവാൻ രഹസ്യമായി ആലോചിച്ചു. ലോകരക്ഷകനായ യേശു തമ്പുരാനേ, ഞങ്ങൾക്കുവേണ്ടിയുണ്ടായ നിൻെറ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ബാറെക്മോർ. † ശുബഹോ: മെന്ഗാലം--

ദാവീദുരാജാവ് “ആത്മാവിൽ ദൈവം അവരെ വിധിക്കുകയും അവരുടെവാഗ്ദത്തത്തിൽനിന്ന് അവർ വീണുപോകുകയും ചെയ്യും” എന്ന് വെളിപാടായി പറഞ്ഞു. അന്യായത്തിൻെറ ആധിക്യത്താൽ മഹോന്നതൻെറ ആലയത്തിൽ നിന്ന് അവർ തള്ളപ്പെടുമാറാകട്ടെ. എന്തെന്നാൽ തൻെറ വാത്സല്യവാനെ കൊല്ലുവാൻ അവർ ആലോചിച്ചുവല്ലോ. വഴിതെറ്റിൽനിന്ന് താൻ രക്ഷിച്ച ജാതികൾ തന്നിൽ ശരണപ്പെട്ടിരിക്കുകയാൽ സന്തോഷിക്കട്ടെ. മൊറിയോ--

Today the foolish sons of Zion saw the Son Who healed their sick and the scribes and the Pharisees were burned with jealousy for the favors that He had done. They plotted secretly for His death. blessed is Your passion which had taken place for us, O Jesus the Saviour of the world.

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

‘May God condemn them and let them fall down from their promises’, revealed David in the Spirit. Because of the multitude of their iniquities, let them be rejected from the house of the Exalted One, for they have donspired for killing His beloved. And since He had redeemed the gentiles from error, let every one who trust in Him rejoice.

എത്രൊ

തൻെറ തിരുമേനിയാൽ ഉത്തമമാതൃകയെ ഞങ്ങൾക്കു നൽകുവാനായി താഴ്മപൂണ്ട ഉത്തമനായ ഞങ്ങളുടെ കർത്താവേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ധൂപം കൈക്കൊള്ളണമെ. ഞങ്ങളുടെ ആത്മാക്കളുടെ രഹസ്യഅവയവങ്ങളിൽനിന്നു പാപത്തിൻെറ അദൃശ്യമായ മാലിന്യത്തെ കഴുകിക്കളയുവാനും വെടിപ്പുള്ളവരും കുറ്റമില്ലാത്തവരും ആയിത്തീരുവാനും ഞങ്ങളെ യോഗ്യരാക്കണമെ. നിൻെറ മഹിമയുള്ള ഉയിർപ്പിൽ സന്തോഷിപ്പാനും നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും നിർമ്മലസ്തുതികൾ പാടുവാനും ഞങ്ങൾ യോഗ്യരായിത്തീരണമെ. ഹോശോ-

The Exalted One Who humbled Himself in order to give us excellent example by His resurrection, O Lord receive the incense that we offer before You. Hold us worthy to wash away the hidden defilement of sin from the hidden members of our souls, and may we become pure and without fault, and may we be held worthy to rejoice in Your glorious resurrection and to sing pure hymns to Your and Your Father and Your Holy Spirit now and always for ever and ever. Amen.

വീണ്ടും കോലോ

ഇന്നേദിവസം പുരോഹിതന്മാരും സപ്രേന്മാരും പ്രീശേന്മാരും നമ്മുടെരക്ഷകനെ നീതിരഹിതമായി കൊല്ലുവാൻനിരൂപിച്ചു. അവരുടെ രോഗികളെ താൻസൗഖ്യമാക്കി. അവരോ തന്നെ കൊല്ലുവാൻ രഹസ്യമായി ആലോചിച്ചു. താൻ ഹൃദയങ്ങളെയും അന്തരേന്ദ്രിയങ്ങളെയും പരിശോധിക്കുവാനാകുന്നു എന്ന് വഞ്ചകന്മാർഗ്രഹിച്ചില്ല. മരണമുള്ള നമ്മുടെവർഗ്ഗത്തെ പ്രതി കഷ്ടതയ്ക്കും മരണത്തിനുമായി വന്ന തൻെറ താഴ്മയ്ക്കു സ്തുതി. ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാ--

ബുധനാഴ്ചദിവസം സത്യാന്വേഷികളായ പുരോഹിതന്മാരും സപ്രേന്മാരും പ്രീശേന്മാരുമായ യൂദന്മാർ പ്രധാനാചാര്യനായ കയ്യാപ്പായുടെ അടുക്കൽ ഒരുമിച്ചുകൂടി. ഉയരത്തിൻേറയും ആഴത്തിൻേറയും നാഥനെതിരായി അന്യായം ചെയ്യുവാൻ നിരൂപിച്ചു. മരണശിക്ഷയ്ക്കു കുറ്റംകൂടാതെ തന്നെ വിധിപ്പാനായി അവർ സന്നദ്ധരായി. പാപന്ധകാരമായന്മാരായ വഞ്ചകരിൽനിന്ന് മനസ്സോടെ കഷ്ടതകൾ സഹിച്ച തൻെറ താഴ്മയ്ക്കു സ്തുതി.

On Wednesday the priests, scribes and the Pharisees gathered together and plotted against our Saviour wickedly to put Him to death. Though He healed their sick, they conspired for His death. The deceivers did not understand that He tests the heart and the interior. Glory to His humiliation, Who for the sake of our mortal nature came for

passion in order to set us free from the servitude of sin. Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

On Wednesday the Jews who hate truth, the priests, scribes and the Pharisees, gathered together, along with the high priest Caiaphas. They plotted ‘word of iniquity’ against the Lord of the heights and the depths, and made preparation to condemn the One Who is without guilt to death sentence. Glory to His humiliation, for He endured voluntary suffering from darkness, the deceivers, in order to set us free from the dartness of sin.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܗܘ ܡܘܟܟܗ ܕܡܠܟܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

തേജോ-മാർഗ്ഗം ബോധിപ്പി-ക്കാൻ

തേജോ-നാഥൻ ഭൂവിൽ വ-ന്നു

ഹീനാ-ത്മാക്കൾ കൺകൾ പൂ-ട്ടി

കൈക്കൊ-ണ്ടോരാ-മന്യന്മാരോ

സുവിശേ-ഷത്താൽ ശോഭിതരാ-യി.

ക്രോബേ-ന്മാർ തൻ ചിറകാം തേ-രിൽ
ആഘോ-ഷിതനെ ദുഷ്ടക്കൂട്ടം
കള്ള-ന്മാരോ-ടൊപ്പം തൂക്കി-
ക്കൊന്നാർ കഷ്ടം തൻ ഹാശാ-യാൽ
സഭയെ സംര-ക്ഷിച്ചോൻ ധ-ന്യൻ.

അംഗ-ങ്ങളിലാ ദുഷ്ടാത്മാക്കൾ
പ്രഹരി-ച്ചയ്യോ ക്ളേശിപ്പി-ച്ചു
കൈ കാ-ൽകൾ ഹാ കുത്തി-ക്കീറി
മുഖതാ-രിങ്കൽ തുപ്പൽ വീ-ഴ്ത്തി
ശീർഷം താഴ്ത്തി പാർശ്വം ചീ-ന്തി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܐܶܢ ܠܶܗ ܠܒܰܢܰܝ̈ܳܐ ܕܕܳܢܽܘܟ

ܠܕܰܝ̈ܳܢܶܐ ܠܳܐ ܬܕܽܘܢ ܠܰܢ ܡܳܪܝ ܀ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܠܰܝܢ ܒܚܰܫܳܐ ܕܰܩܒܰܠ ܚܠܳܦܰܝܢ

ܒܚܰܫܳܐ ܗܰܘ ܕܣܰܝܒܰܪܬ ܒܰܡܠܟܽܘܬܳܟ ܢܶܬܬܢܺܝܚ ܀

ܘܰܒܚܰܝܳܐ ܕܰܠܥܳܠܰܡ ܡܳܪܝ ܬܰܫܡܶܫ ܥܰܡܳܟ ܒܰܢ ܀

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. രക്ഷകനൊടു ശപ്തർ യൂദർ
ദുഷ്ടത പ്രതികാരം ചെയ്താർ
ഹവ്വായുടെ കടമൊഴിവാക്കാ-
നവയെല്ലാമേറ്റാൻ മനസാ
മൺമയനാദാമിന്നായി
നിന്ദയുമാക്ഷേപവുമേറ്റാൻ. ദേവാ ദയ---

2. ഞങ്ങടെ കഷ്ടത നീക്കിടുവാൻ
താഴ്മവരിച്ചോനതി ധന്യൻ
പൊയ്പ്പോയോനാമാദത്തെ
കണ്ടെത്താൻ ദൂഷണമേറ്റാൻ
മതിയും നേരും കെട്ടോർ തൻ
ഗർവ്വത്തെ നാഥൻ നീക്കി.
ദേവാ ദയയുണ്ടാകേണം നാഥാ
കൃപതോന്നേണമൻപാൽ

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

മദറോശോ - കുംപൗലോസ്

ബലികളെ നീക്കീടും തിരുബലിധന്യം താൻ
പുണ്യം നൽകീടും ബലിയേ സ്തോത്രം

1. പെസഹായത്താഴം ശിഷ്യന്മാരൊപ്പം
ഭക്ഷിപ്പാൻ നാഥൻ തയ്യാറായി
തൻവധ ഗൂഢാർത്ഥം സൂചിപ്പിക്കാനായ്
ചേർത്തതിലന്നേരം കയ്പ്പും നാഥൻ
കുഞ്ഞാടും കയ്പും ഭക്ഷിച്ചു ശിഷ്യർ
കയ്പിൻ ദൃഷ്ടാന്തം മൂശാ മുൻ സൂ-ചി-പ്പി-ച്ചു
അത്താഴത്തിൽ വ-ച്ചുളവായൊരു ദുഃഖം
കയ്പാക്കിത്തീർത്തു ഭോജനമതിനെ.
2. പെസഹാക്കുഞ്ഞാടിൻ അത്താഴം കുഞ്ഞാ-
ടന്തിയതാം നേര-ത്തങ്ങു നടത്തി
അമ്റാമിൻ സൂനു മിസറേം രാജ്യത്തിൽ
ദൃഷ്ടാന്തം മുന്നം സൂചിപ്പിച്ചു
ഉജ്ജ്വലനേശായാ രക്ഷകനായോനെ
വധമേൽപ്പാനുള്ളോ-രജമാക്കി ദൃ-ഷ്ടാ-ന്ത-ത്താൽ
ദൈവത്തിൻ കുഞ്ഞാ-ടിവനാണെന്നേവം
യോഹന്നാൻ കാട്ടി തൻ വിരൽ ചൂണ്ടി.
3. മോശേ നാഥൻെറ സുതനത്താഴത്തിൽ
ആടിനെ ഭക്ഷിപ്പൂ വന്നിഹ കാൺക
ഗൂഢക്ളേശത്തെ സൂചിപ്പിച്ചീടാൻ
ഭക്ഷിച്ചു നാഥൻ കയ്പു കലർത്തി
അമ്രാം പുത്രൻെറ പെസഹാക്കുഞ്ഞാടിൻ
സൂചനയാംവാക്യം പാർത്താലേ-വം-സ-മ്പൂർണ്ണം
മഹിമാവേറീടും മാളിക തന്നുള്ളിൽ
ദിവ്യരഹസ്യങ്ങൾ വെളിവായല്ലൊ.

4. വിമലസമൂഹത്തിൽ കയ്പു വെളിപ്പെട്ടു
അവരതിഖേദത്താൽ കഷ്ടതപൂണ്ടു
മൃതിയുടെ വൃത്താന്തം കേട്ടു നടുങ്ങിപ്പോയ്
മനതാരിൽ പാരം സങ്കടമാർന്നു
ഗുരുവിനെ ആരായ്കെ അറിയില്ലെന്നയ്യോ
എങ്ങനെ നാമോതും ഏൽപ്പിച്ചോ-നയ്യോ-നാ-ശം
ഈവിധമിന്നാളി-ലവരുടെയത്താഴം
കയ്പുനിറഞ്ഞേറ്റം മുഴുകീമാലിൽ.

5. നിസ്സീമസ്നേഹം പകരും പന്ത്രണ്ടിൽ
വേലിപൊളിക്കുന്നോ-നാരാണാവോ
ആരാണാ ശ്ലീഹ-ന്മാരെ വെടിഞ്ഞേവം
ക്രൂശകവൃന്ദത്തെ സ്നേഹിതരാക്കി ?
ശീമോൻ യോഹന്നാൻ എന്നീ നല്ലോരാം
സ്നേഹിതരെ കഷ്ടം കൈവിട്ടോനാ-രാ-ണാ-വോ
ആരിരുളിൽ മേവും ഹന്നാ കയ്യാപ്പാ
എന്നിവരെ തൻ കൂ-ട്ടാളികളാക്കി ?

6. ഉജ്ജ്വലമായ് മിന്നും സംഘത്തെ കൈവി-
ട്ടോടിപ്പോയ് വേഗം ക്രൂശകർ തന്റെ
കൂട്ടത്തിൽ കൂടി തേജസ്സിൻ നാഥ-
ന്നെതിരായ്ത്തീർന്നോ-നാരാണാവോ?
നന്മകളോടൊപ്പം നല്ല സഹായങ്ങൾ
പ്രാണനുമേകീടും മാധുര്യ-ത്തെ പിൻ-ത-ള്ളി
ഘാതകസംഘത്തിൽ ചേർന്നുടയോനെ ഹാ
നിഹനിച്ചീടുന്നോ-നെന്നും നിന്ദ്യൻ.

7. മനസ്സാ ചെന്നേവം ഘാതകികൾക്കയ്യോ
സ്നേഹിതനായ്ത്തീർന്നോൻ ആരാണാവോ?
ദീനജനങ്ങൾ തൻ ആശ്രയമാം നിൻെറ
നന്മകളെയെല്ലാം തള്ളിയതാര് ?
ഉന്നതനായോൻ തൻ ആദ്യജനാം സൂനോ
രക്ഷകനേ നിൻെറ മഹിമയെഓർക്കാത്തോൻനിന്ദ്യൻ
നിന്നെ നിന്ദിച്ചോൻ മൃത്യുവിനേൽപ്പിച്ചോൻ
നിൻ വില വാങ്ങിച്ചോൻ ഹാ ഹാ നിന്ദ്യൻ.

8. കുഞ്ഞാടിൻ കൂട്ടം ഖേദത്താൽ കേണു
വിസ്മിതരായ് തമ്മിൽ തമ്മിൽ നോക്കി
വത്സലസംഘം വി-ട്ടിട്ടിനമിന്നേരം
വേർപെട്ടോനാരെ-ന്നവരാരാഞ്ഞു
സംഭമഖേദത്താ-ലവരഴലിൽ മുങ്ങി
എങ്ങനെ കേഴണമെ-ന്നറിയാതേ-റ്റംക്ളേ-ശി-ച്ചാർ
ഗുരുമൃതിയോർത്തേറ്റം സന്താപം പൂണ്ടാർ
ഹാ നഷ്ടപ്പെട്ടോ-നെന്നും നിന്ദ്യൻ.

9. ശ്രേഷ്ഠമതാം ദീപ്തി സുന്ദരമാം ദീപ്തി
കൈവിട്ടങ്ങേവം കൂരിരുളേറും
മങ്ങിയ മാർഗ്ഗത്തിൽ നീങ്ങുന്നോനാരാം
മഹിമാവോടേറ്റം കതിരൊളി വീശും
പകലിനെയിന്നേരം ദൂരത്തായ് തള്ളി
കൂരിരുൾ തിങ്ങീടും രാത്രിയുമായ് ബന്ധം കൂ-ടി
തടവിലമർന്നോനായ് ഇരുളിൽ പാറാവിൽ
നാശം തന്നത്താ-നാർന്നോനാരാം ?

10. താതനിൽ നിന്നുള്ള തേജസ്സാം നാഥാ
നിന്നെ ഏൽപ്പിപ്പോ-നാരാണാവോ ?
സൃഷ്ടികൾ തൻ മൗലി മഹിമാവായോനേ
നിന്നെ ഏൽപ്പിപ്പോ-നാരാണാവോ ?
മലിനതയേറീടും വാരിധിഗർത്തത്തിൽ
മുങ്ങി വലഞ്ഞോനെ ഹാ കഷ്ടം നിൻ ദൗർ-ഭാ-ഗ്യം
ഉത്തമനേ നിന്നെ ദ്വേഷിപ്പോനാര് ?
നിന്നെദ്വേഷിപ്പോ-നാ-രെ സ്നേഹിക്കും ?

11. നിർമ്മലനായ് നൈർമ്മ-ല്യത്തെ സ്നേഹിക്കും
നാഥനോടായ് നിന്നെ ഏൽപ്പിക്കുന്നോൻ
ആരാണെന്നേവം ചോദിപ്പാൻ യോഗം
താപസനാം യോഹ-ന്നാനു ലഭിച്ചു
സുമുഖതയാൽ ധന്യൻ പാവനനാം യോഗി
ദിവ്യരഹസ്യങ്ങൾ അറിയും കന്യാ-പു-ത്ര-ൻെറ
നെഞ്ചിൽ ചാരിക്കൊ-ണ്ടാവശ്യപ്പെട്ടാൻ
ഈ മഹിതം മർമ്മം വെളിവാക്കീടാൻ.

12. ഞാനപ്പം നീരിൽ മുക്കിയവന്നേകും
അതു വാങ്ങുന്നോൻ താ-നേല്പിക്കുന്നോൻ
മുക്കിയതാമപ്പം കൈക്കൊള്ളുന്നോൻ താൻ
സത്യത്തീന്നോർത്താൽ ഉരിയപ്പെട്ടോൻ
വകതിരിവില്ലാതെ ചതിചെയ്യുന്നോന്
കുറ്റം ചാർത്തുന്നോ-നേകും ഞാൻ നീ-രോ-ടപ്പം
വെള്ളത്തിൽ മുക്കി-നൽകുമതാമപ്പം
ഏൽപ്പതുതാൻ തന്നെ ഘാതക ചിഹ്നം

13. ശിഷ്യസമൂഹത്തിൻ ഹൃദയത്തിൽ മേന്മേൽ
സങ്കട നീരാവി കാർപോൽ പൊങ്ങി
മുഖതേജസ്സെല്ലാം മങ്ങിപ്പോയ് പാടെ
മാലവരെ ചൂഴ്ന്നു ദിശകളിലെങ്ങും
ആ സന്ധ്യാനേര-ത്തവർ സന്താപത്താൽ
ഉൾഭയമോടേറ്റം വിറപൂണ്ടു-ച്ചത്തിൽ കേ-ണു
കപടതയില്ലാത്തോ-രാ വിമലാത്മാക്കൾ
അഴലോടന്യോന്യം സംസാരിച്ചു.

14. അപ്പെസഹാ തൻ കു-ഞ്ഞാടിനെ ഭക്ഷിച്ചു
മൂശാതൻ മാർഗ്ഗം താൻ നിറവേറ്റി
ശീമോൻ തൊട്ടുള്ളോ-ർക്കമ്പോടേ-ൽപ്പിച്ച
നൂതനമാം മാർഗ്ഗം ആരംഭിച്ചു
കൊല്ലപ്പെട്ടോനാം ആ മൃതിഹീനൻ തൻ
ഗാത്രം ഖണ്ഡിച്ചു തൻ ശിഷ്യന്മാർക്കായ് നൽകി
നമ്പിടുവോർക്കെല്ലാം പാപത്തെ പോക്കും
തൻ തിരുമെയ്യും തൻ നിണവും തന്നെ.

ഏവൻഗേലിയോൻ.

ഹാ- ഹാ- ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം
നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാലേലുയ്യാ

വി. യോഹന്നാൻ 12. 19 - 33

ܒܥܕܢܐ ܫܘܒܚܐ ܘܠܐܒܘܗܝ ܘܠܪܘܚܗ ܠܥܠܡܝܢ܀ ܐܡܝܢ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܟܪܘܙܘܬܐ ܕܝܘܚܢܢ ܫܠܝܚܐ܀

പരീശർ പരസ്പരം, നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നില്ലല്ലൊ. അതാ ലോകമാസകലം അവൻെറപിന്നാലെ പോയിക്കഴിഞ്ഞു എന്നു പറഞ്ഞു. പെരുന്നാളിൽ ആരാധിക്കുവാൻ വന്നവരിൽ ഏതാനും യവനന്മാരും ഉണ്ടായിരുന്നു. അവർ ഗലീലയിലെ ബത്സയിദക്കാരനായ ഫിലിപ്പോസിൻെറ അടുത്തുചെന്ന്അവനോട്, പ്രഭോ, ഞങ്ങൾക്ക് യേശുവിനെ കാണുവാൻ ആഗ്രഹമുണ്ട് എന്ന് അറിയിച്ചു. ഫിലിപ്പോസ് ചെന്ന് അന്ത്രയോസിനോട് പറഞ്ഞു. അന്ത്രയോസും ഫിലിപ്പോസുംകൂടി യേശുവിനോട് അക്കാര്യം പറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. മനുഷ്യപുത്രൻ മഹത്വീകരിക്കേണ്ട സമയമായിരിക്കുന്നു. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പുമണി നിലത്തുവീണ് അഴുകുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കും. അഴുകുന്നെങ്കിലോ വളരെ ഫലം നൽകും. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അത് നശിപ്പിക്കും. ഈ ലോകത്തിൽ തൻെറ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനുവേണ്ടി അത് കാത്തുസൂക്ഷിക്കും എന്നെ ശുശ്രൂഷിക്കുന്നവൻ എൻെറ പിന്നാലെവരട്ടെ, ഞാൻ ഇരിക്കുന്നിടത്തുതന്നെ എൻെറ ശുശ്രൂഷകനും ഇരിക്കും. എൻെറ ശുശ്രൂഷകനെ പിതാവ് ആദരിക്കുകയും ചെയ്യും. ഇപ്പോൾ എതാ എൻെറ മനസ്സ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടൂ. എൻെറ പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമെ. അല്ല, ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിൽ ഞാൻ വന്നുചേർന്നിരിക്കുന്നത്.

പിതാവേ, നിൻെറ നാമത്തെ മഹത്വപ്പെടുത്തണമെ. അപ്പോൾ സ്വർഗ്ഗത്തിൽനിന്ന്, ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്വപ്പെടുത്തുകയുംചെയ്യും എന്നൊരു ശബ്ദമുണ്ടായി. അവിടെ നിന്നിരുന്ന ജനം അതുകേട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ഒരു മാലാഖ അവനോടു സംസാരിച്ചതാണെന്ന് മറ്റുചിലർ പറഞ്ഞു. അപ്പോൾ യേശു അവരോട്, ശബ്ദമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാകുന്നു. ഈ ലോകത്തിൻെറ ന്യായവിധി ഇപ്പോഴാകുന്നു. ഇപ്പോൾ ഈ ലോകത്തിൻെറ അധിപതി പുറത്തു തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും എന്നു പറഞ്ഞു. ഏതു പ്രകാരമുള്ള മരണം തനിക്ക് അനുഭവിക്കേണ്ടിയിരിക്കുന്നു എന്നുസൂചിപ്പിക്കുവാനായിരുന്നു അവൻ ഇങ്ങനെ പറഞ്ഞത്.

ܠܡܳܪܝܐ ܫܽܘܒܚܐ ❋ ܘܥܰܠܝܢ ❋

ബുധനാഴ്ച രാത്രി മൂന്നാം കൗമാ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം ഈ രാവിൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കര്‍ത്താവേ സ്തോത്രം കര്‍ത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോര്‍.

Christ sa-v'd us by Passion and - lowliness
Let us-kneel and adore Him- this night time.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܚܫܐ ܕܡܫܝܚܐ ܦܪܩܢ ܘܡܟܝܟܘܬܗ ܠܗ
ܠܡܫܝܚܐ ܕܦܪܩܢ ܒܚܫܘܗܝ ܢܣܓܘܕ ❈ [3]

ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܫܘܒܚܐ ❈ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܬܫܒܘܚܬܐ ❈ ܥܠܝܢ ܚܛܝܐ ܚܘܣܝܐ ܘܪܚܡܐ ❈ ܢܬܦܬܚܘܢ
ܬܪ̈ܥܐ ܕܨܗܝܘܢ ❈ ܘܒܥܘܬܢ ܬܬܩܒܠ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ❈ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ❈ ܒܪܟܡܪ ❈

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. **ആമ്മീൻ.**

എക്ബോ - മൃതിയെ നുകർന്നുത്ഥാനത്തിൻ -- എന്നപോലെ

ജാതികളെ കുരിശാൽ താതന്നരികെ
ചേർത്തോനാ-മാദ്യൻ തനയൻ സ്തുത്യൻ

കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായി സ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് - കൂറിയേലായിസ്സോൻ*

ܦܪܘܡܝܘܢ

ܫܘܒܚܐ ܠܡܥܕܪܢܐ ܥܘܕܪܢܐ ܐܠܗܝܐ ܠܓܢܣܢ ⁜ ܘܝܗܘܒܐ ܡܘܗܒܬܐ
ܫܡܝܢܝܬܐ ܠܫܪܒܬܢ ⁜ ܘܡܦܩܢܐ ܒܢܝܟܐ ܒܓܓܘܠܬܐ ܘܡܦܬܚܢܐ
ܠܢ ܡܥܝܢܐ ܪܘܚܢܝܐ ܡܢ ܨܠܝܒܗ ܡܢ ܓܒܗ ܕܟܐܢܐ
ܘܙܕܝܩܐ ⁜

ഞങ്ങളുടെ വർഗ്ഗത്തിന് ദൈവികസഹായങ്ങളെ പ്രദാനം ചെയ്യുന്നവനും, ഞങ്ങളുടെ കുടുംബത്തിന് സ്വർഗ്ഗീയ വരങ്ങളെ നൽകുന്നവനും ഗോഗുൽത്താമേൽവച്ച് ചവളം കൊണ്ട് കുത്തിക്കുഴിച്ച പുതിയ കിണറിനെ ഞങ്ങൾക്കു നൽകുകയും തൻെറ കുരിശിനാൽ കർത്തൃവിലാവിൽ നിന്ന് രഹസ്യപൂർണ്ണമായ ഉറവയെ ഞങ്ങൾക്ക് തുറന്ന് തരികയും ചെയ്ത ഉത്തമനും നീതിമാനും ആയ കർത്താവിന് സ്തുതി. തനിക്ക് രാത്രിനമസ്ക്കാരത്തിൻെറ മൂന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകലപെരുന്നാളുകളിലുംനേരങ്ങളിലും നാഴിക കളിലുംഞങ്ങളുടെആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

സകലത്തിൻേറയുംസൃഷ്ടാവുംനിർമ്മിതാവുംഎല്ലാറ്റിൻേറയും രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ ഞങ്ങളുടെ മശിഹാ തമ്പുരാനേ, നിൻെറ മനുഷ്യ സ്നേഹത്താലും കൃപയാലും ബഹുലമായ കരുണയാലും എത്രയും യോഗ്യമായ

വിധത്തിൽ ഞങ്ങളെ നീ സൃഷ്ടിച്ചു. ഞങ്ങളുടെ കൽപ്പനലംഘനത്താലും നിയമലംഘനങ്ങളാലും ഞങ്ങളുടെ സൃഷ്ടിയെ അഴിച്ചു കളയുന്നതിനും ഞങ്ങളുടെ വർഗ്ഗത്തെ നശിപ്പിപ്പാനും ഞങ്ങൾ തുനിഞ്ഞതിനാൽ നിൻെറ അപരിമിതമായ കരുണയാൽ ഞങ്ങളുടെ പഴയ അവസ്ഥയ്ക്ക് എത്രയും ഉൽകൃഷ്ടമായ പുതുക്കം വരുത്തി. അളവില്ലാത്ത നിൻെറ കരുണയാൽ ഞങ്ങൾക്കുവേണ്ടി ശ്രേഷ്ഠമായ ആലോചന ആലോചിച്ചു. അപ്പോൾ മുതൽ ലോകത്തിൽ നിൻെറമനുഷ്യാവതാരത്താൽ ഒടുവിൽ വെളിപ്പെടുവാനിരിക്കുന്നതിനെ ഞങ്ങളോട് അറിയിപ്പാൻവേണ്ടി ദർശനക്കാരുടെ ദർശനങ്ങളാലും സൂചനകളാലും നിൻെറ ദീർഘദർശിമാർ മുഖാന്തിരം നീ ഞങ്ങളോട് സംസാരിച്ചു. പിതാക്കന്മാരുടെ തലവനായ യാക്കോബ് ജീവിപ്പിക്കുന്നവയായ നിൻെറ രഹസ്യങ്ങളെ സൂചിപ്പിക്കുന്നതായ അവൻെറ സത്യ പടപടികളാൽ വീണ്ടും ഇവയെ ശരിയായി മുൻകൂട്ടി സൂചിപ്പിച്ചു. എന്തെന്നാൽ അവൻ തൻെറ പിതാവിൻെറ ഭവനത്തിൽനിന്ന് പുറപ്പെട്ട് ഒരു സ്ത്രീയെ പരിഗ്രഹിപ്പാൻവേണ്ടി ഹാരാൻ ദേശത്തേക്കു പോകുവാൻ നിശ്ചയിച്ചതിനാൽ ഞങ്ങളുടെഅടുക്കലേക്കുള്ള അവർണ്ണനീയമായ നിൻെറ ആഗമനത്തേയും പുറജാതികളുടെ പുത്രിയും കാന്തിമതിയുമായ മണവാട്ടിയുടെ വിവാഹനിശ്ചയത്തേയും രേഖപ്പെടുത്തി. രഹസ്യപൂർണ്ണമായ കിണറിൻെറ അടുക്കൽ അവൻ ചെന്ന് അവിടെ കിടന്നിരുന്ന ആട്ടിൻ കൂട്ടത്തിനു വെള്ളംകൊടുപ്പാൻവേണ്ടി

കിണറിൻെറ മുകളിൽനിന്നു പൊക്കുവാൻ വഹിയാത്ത കല്ല് ഉരുട്ടിനീക്കിയതിനാൽ ന്യായപ്രമാണമാകുന്ന മൂടി എടുത്തു നിൻെറ ജീവൻെറ സുവിശേഷം വിശദീകരിക്കപ്പെടുവാനിരു ന്നതിനെരൂപപ്പെടുത്തി. അതിനാൽ പുറജാതികളുടെ കല്ലായ ഹൃദയത്തെനീക്കി മാംസമയമായ ഹൃദയം ദീർഘദർശിയുടെ വചനപ്രകാരം നീ നൽകി. ഈ കല്ലുകളിൽനിന്ന് അബ്രഹാമിന് മക്കളെ ഉണ്ടാക്കിക്കൊടുപ്പാൻ ദൈവത്തിന് കഴിയുമെന്ന് പറഞ്ഞതിനാൽ നിൻെറ പക്കൽ ഇതിനെ ഉറപ്പിച്ചു. സ്വതന്ത്രകളും വെപ്പാട്ടിമാരുമായ അവൻെറ നാലു സ്വന്തഭാര്യമാരെക്കൊണ്ട് ഉൽകൃഷ്ടത നിമിത്തം ഒന്നാമത്തവരായ ശ്ലീഹന്മാരിൽ നിന്നും, പ്രസംഗംമൂലം രണ്ടാമത്തവരായ അറിയിപ്പുകാരിൽ നിന്നുമുള്ള സുവിശേഷ പരിചാരകന്മാരെ അവൻസൂചിപ്പിച്ചു. എന്നാൽ പന്ത്രണ്ടു സഖിമാരെക്കൊണ്ട് പുതിയ ഇസ്രായേലിനു കുടിപ്പാനായി സത്യപാറയാകുന്ന നിന്നിൽനിന്ന് ഒഴുകുന്ന വിശുദ്ധ ശ്ലീഹന്മാരാകുന്ന പന്ത്രണ്ട് ജ്ഞാനനദികളെ അവൻ അറിയിച്ചു. വെള്ളത്തൊട്ടികൾക്കുനേരെ തൊലി ഉരിഞ്ഞു നാട്ടിയ മരക്കൊമ്പുകൾ കണ്ട് ഗർഭം ഏറ്റ ആടുകളുടെ വിസ്മയനീയമായ ജനനത്താൽ രക്ഷാകരമായ സ്ലീബാ മൂലം നിവർത്തിക്കപ്പെടുന്നതായി മാമോദീസായുടെ ആത്മീയജനനത്തിൻെറ അദൃശ്യാവസ്ഥയിൽ ഉൽകൃഷ്ട മായിരിക്കുന്ന ജനനത്തെ അവൻ ഗ്രഹിപ്പിച്ചു. അതിൽ അതായത് കുരിശിൽ രക്തവും വെള്ളവും ജീവനും മരണവും ദൈവത്വവും മനുഷ്യത്വവും എന്നീ രണ്ട്

മനോഹരവർണ്ണങ്ങൾകാണപ്പെട്ടിരുന്നു. ഇപ്രകാരം ജനിക്കുന്നവർ ആത്മീയജ്ഞാനം നേടി ജഡികസ്വഭാവം വിട്ട് കൃപയാൽ ദൈവീകരായിത്തീരുവാൻ തക്കവണ്ണം അവ രണ്ടിലും നീ ഒരുപോലെ വർത്തിക്കുന്നു. കൗശലത്തെക്കുറിച്ചും, മരക്കൊമ്പുകളെക്കുറിച്ചും ഒന്നും അറിഞ്ഞിട്ടില്ലാത്ത ആടുകളുടെ ഈയൊരവസ്ഥയാൽ മരണത്തിൽ നിന്നൊഴിവാനായി നീ ചെയ്ത പ്രാർത്ഥനയാൽ നീ നശിപ്പിച്ചവനായ ലോകാധിപതിയായ ആകൽക്കറുസായുടെ വഞ്ചനയെ അവൻ രൂപീകരിച്ചു. എന്നാൽ ഞങ്ങളുടെ രക്ഷിതാവായ നീ സ്വേഛരയാൽജഡമെടുത്ത് ഭൂമിയിൽ കാണപ്പെട്ടപ്പോൾ എല്ലാം അക്ഷരപ്രകാരം നിൻെറ സ്വന്ത ദേഹത്തിൽ നീ നിവർത്തിച്ചു. ആദാമ്യരെ ദൈവത്തിൻെറ ആശയിൽ വഞ്ചിച്ചതിനുപകരം സാത്താനെ നിൻെറ മനുഷ്യത്വത്താൽ നീ വഞ്ചിച്ചു. ഭക്ഷണത്താൽ അവൻ അവരെവഞ്ചിച്ചതുകൊണ്ട് നിൻെറ വിശപ്പാൽ നീ അവനെ കൊന്നുകളഞ്ഞു. തീർച്ചയായും നീ മരിക്കുകയില്ല എന്നു കൗശലത്താൽ അവർക്കു ആശനൽകി വിശ്വസിപ്പിച്ചതിനാൽ നിൻെറ മരണംമൂലം അവൻെറ ജ്ഞാനത്തെ പാടെ മറിച്ചിട്ട് അവൻ അവരെ അടിച്ച അടികൊണ്ടുതന്നെ നീ അവനെ അടിച്ചു. അവൻ അവരെ കൊന്ന കൊലകൊണ്ടു തന്നെ നീ അവനെ കൊന്നു. കഠിനമായി ഉപദ്രവിക്കപ്പെട്ടിരുന്നവരുടെസൗഖ്യത്തിനായി പാളയത്തിൽ മരത്തിന്മേൽ മോശ തൂക്കിയതായ പിത്തളസർപ്പം നിന്നെ രൂപീകരിച്ചു. ഉപദ്രവം ഏൽക്കുന്നവർക്കുവേണ്ടി തൂക്കപ്പെട്ടിരുന്ന സർപ്പം

നീ ആകകൊണ്ട് നിൻെറ കുരിശിലേക്കും ഞങ്ങൾ താൽപ്പര്യത്തോടെ സൂക്ഷിച്ചുനോക്കിക്കൊള്ളുന്നു. സ്ലീബാ അതിൽ നാട്ടിയതായ ജീവൻെറ കാസായും മാമോദീസാ യുടെ രഹസ്യപൂർണ്ണമായ ഉറവയും നീയാകുന്നു. കുരിശിൽ വെച്ച് നിൻെറവിലാവിൽനിന്നൊഴുകിയിട്ടുള്ള രക്തത്താലും വെള്ളത്താലും സാത്താൻെറമേൽ മരണകരമായ വിഷം നീ പൊഴിച്ചു. അന്യായമായി അവൻ അപഹരിച്ചു കൊണ്ടുപോയി അഹങ്കാരത്തോടെ സ്വന്തമാക്കി വെച്ചിരുന്ന അപഹരിക്കപ്പെട്ടിരുന്ന നിൻെറ ആട്ടിൻകൂട്ടത്തെ അവനിൽ നിന്നും ബലാൽക്കാരേണ നീ വീണ്ടെടുത്തു. നിൻെറ അടിമയെ അവൻെറ പിടിയിൽനിന്ന് വേർപെടുത്തി അവൻെറ നുകത്തിൽനിന്ന് നീ അഴിച്ചുവിട്ടു. മാമോദീസാ യുടെവെള്ളംമൂലം അതിനെവെൺമയാക്കി, നിർമ്മലീകരിക്കു കയും, പരിശോധിച്ചു വെടിപ്പാക്കുകയും വിസ്മയകരമാം വണ്ണം രണ്ടാമത്തെ സൃഷ്ടിയായി നീ അതിനെ ആക്കിത്തീർക്കുകയും ചെയ്തു. രണ്ടാമത്തെജനനത്താൽ അത് പൂർവ്വാധികം പ്രശസ്തവും ഉൽകൃഷ്ടവുമായി ത്തീർന്നു. പണ്ട് യോഗ്യതയുള്ളവളായി ഇരുന്നശേഷം പിന്നീട് വന്നുകൂടിയ അവളുടെ കറുപ്പ് വെളുപ്പായിമാറി. മദ്ധ്യാഹ്നത്തിൽ അടിക്കുന്ന കാറ്റിനുപകരം വിശുദ്ധ റൂഹായ്ക്കു അതു വാസസ്ഥലമായിത്തീർന്നു. ഞങ്ങളുടെ മശിഹാതമ്പുരാനേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നത് എന്തെന്നാൽ, ആകൽക്കറുസായുടെ കഠിനപരീക്ഷകളിൽ നിന്നും ശക്തിയേറിയ പേരാട്ടങ്ങളിൽ നിന്നും ഞങ്ങളെ

നീ വീണ്ടുകൊള്ളണമെ. ഞങ്ങളുടെ ഇടത്തുഭാഗത്തുനിന്ന് അന്തരീയമായ ആയിരംപേരെയും ഞങ്ങളുടെ വലത്തുഭാഗത്തുനിന്നും പതിനായിരംപേരെയും നീ തള്ളിക്കൊള്ളണമെ. അവർ ഞങ്ങളുടെ അടുക്കലേക്ക് ഒരുനാളും അടുത്തുവരാതിരിക്കണമെ. എന്നാലോ, ദുഷ്ടന്മാർക്ക് പ്രതിപകരംചെയ്യുന്നതുമാത്രം ഞങ്ങൾ കാണുമാറാകണമെ. കർത്താവേ, ഞങ്ങളുടെആയുഷ്ക്കാലം മുഴുവനും നിൻെറ മുമ്പാകെ നടക്കുന്നതിന് പുതുസൃഷ്ടിക്കനുയോജ്യമായ നടപടികളെ നിൻെറ കൃപയാൽ നീ ഞങ്ങൾക്കു നൽകണമെ. നിൻെറ ഇഷ്ടം ചെയ്യുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ആനന്ദസൗഭാഗ്യത്തിന് ഞങ്ങൾ യോഗ്യരായിത്തീരണമെ. അതു നിൻെറ കൃപയാലും വാഴ്ത്തപ്പെട്ട നിൻെറ പിതാവിൻെറ നല്ല തിരുവിഷ്ടത്താലും നിൻെറ വിശുദ്ധറൂഹായുടെ വ്യാപാരത്താലുംആകുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ശെമവൂൻ ആംഗ്യം കാട്ടി വ്രതസ്ഥനായ യൂഹാനോനെ വിളിച്ച് അവനോട് നമ്മുടെ ഇടയിൽ മറഞ്ഞിരുന്നുകൊണ്ട് നമുക്ക് പ്രതികൂലിയായിത്തീരുകയും സാത്താനാകുകയും ചെയ്തിരിക്കുന്നവൻ ആര് എന്ന് ചോദിച്ചു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ശരണമായവൻ ലോകത്തിലേക്കുവന്നു. സ്വജനം ശരണത്തെ ഹനിച്ചു. ജാതികളിലേക്ക് അവനെതള്ളിക്കളഞ്ഞു. ജാതികൾ ഓടിയെത്തി അവർക്കായി വന്ന ശരണത്തെ സ്വീകരിച്ചു. തന്റെ നാമത്തെ അവർ സ്തുതിക്കുന്നു. നിന്റെ ശരണത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തണമെ. മൊറിയോ--

Simon make a sign to John the Virgin to draw near and to ask Him: who is the one that is hidden among us and became our opponent and satan.

Berekmore. Glory be to the Father, Son and the Holy Spirit. Unto the ages--

The Hope came to the world. The people renounced their Hope and rejected Him among the gentiles. The gentiles ran (towards Him) and received the Hope that came for them. Behold they praise His name. established us in Your hope. **Moriyo-**

എത്രൊ

ദൈവമായ കർത്താവേ, ജീവൻ നിറഞ്ഞിരിക്കുന്നതായ നിന്റെ ഉയിർപ്പിന്റെ വിരുന്നിന് ക്ഷണിക്കപ്പെട്ടവരും ഒരുങ്ങിയിരിക്കുന്നവരും ആയിത്തീരുവാനായിട്ട് ഞങ്ങളെ നീ ഒരുക്കണമെ. ഇവിടെ നിന്റെ കഷ്ടതകളിൽ പങ്കു കൊള്ളുകയും നിന്റെകുരിശാരോഹണത്തെ പെരുന്നാളായി കൊണ്ടാടുകയും നിന്റെ മുറിവുകളിൽ അഭിമാനിക്കുകയും നിന്റെ അടികളിൽ പ്രശംസിക്കുകയും ചെയ്യുന്ന ഞങ്ങൾ അവിടെ നിന്നിൽ സന്തോഷിച്ചാനന്ദിപ്പാനും നിന്നേയും

നിൻെറ പിതാവിനെയും പരിശുദ്ധറൂഹായേയും സ്തുതിപ്പാനും ഞങ്ങളെ അർഹരാക്കണമെ. മോറാൻ--

Prepare us, O Lord God, to become the invited and prepared fo the feast of Your resurrection full of life, and to suffer here with Your passions and to celebrate Your crucifixion. We take pride in Your bruises and in Your beatings. There hold us worthy to rejoice and to exult in You and to glorify You and Your Father and Your Holy Spirit now and always for ever and ever. Amen.

വീണ്ടും കോലോ

ശിഷ്യന്മാർദൈവപുത്രനോട്പറഞ്ഞതെന്തെന്നാൽ, നീ പറഞ്ഞ ദൃഷ്ടാന്തം ഞങ്ങൾക്കു മനസ്സിലാക്കിത്തരണമെ. നിന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാകുന്നു? നിൻെറ ശ്രേഷ്ഠത യ്ക്കെതിരായി പതിയിരിപ്പാൻ തുനിഞ്ഞിരിക്കുന്നവൻ ആരാകുന്നു? പ്രകാശത്തിൽനിന്ന് വേർപിരിഞ്ഞ് അന്ധകാര ത്തിലേക്ക് പോകുന്നവൻ ആരാകുന്നു? സാത്താൻെറ സഖി യായിത്തീർന്നുകൊണ്ട് മഹോന്നതൻെറ പുത്രനായ നിന്നെ ദ്വേഷിക്കുന്നവനും ആരാകുന്നു? കർത്താവ് അപ്പംകൊണ്ട് അടയാളം നൽകി വഞ്ചകനെ പരസ്യമാക്കി.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

'പെസഹാ കഴിയുവോളം ജനത്തിൽ കലഹമുണ്ടാക്കാകാതി രിപ്പാൻ ഇന്ന് നാം അവനെ പിടിക്കേണ്ട. എല്ലാവരും കഴി വുള്ളപ്രകാരം സ്വയം ഒരുങ്ങിവന്ന് വെള്ളിയാഴ്ച മൂന്നു

മണിക്ക് അവനെ മരത്തിന്മേൽ തൂക്കുവാൻ തയ്യാറാകണം' എന്ന് കയ്യാപ്പാ പറഞ്ഞപ്രകാരം തന്നെ കുടുക്കിപ്പെടുത്തേണ്ടതിന് വ്യാജേന ഗൂഢാലോചന ചെയ്ത് വഞ്ചന നിരൂപിച്ചു. നമ്മുടെരക്ഷയ്ക്കുവേണ്ടി ഇവയെല്ലാം സഹിച്ചവനുസ്തുതി.

The desciples told the Son of God: 'Explain to us the parable that You have told. Who is the one that betrays You? Who is the one that dares to assault on Your majesty? Who is the one that separated himself from light and goes after darkness? Who is the one that becomes the companion of Satan and haes You, the Son of the Most High?' With the bread our Lord gave a sign and exposed the deceiver. **Berekmore.**

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

Caiphas said'' 'Today we should not seize him, lest there might be turbulence among the people until the Passover. Let every one prepare himself as far as possible and on Friday at the third hour he should be suspended on the tree'. With treachery, they plotted and laid snare to capture him by deceit. Glory to Him Who endured so much for our salvation.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܗܘ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നരനായ് തീർന്നോരത്യുന്നതനേ
ചതിയർക്കറിയാൻ സാധിച്ചില്ല
തന്നെ അന്ധ-ന്മാർ കണ്ടില്ല
പോരാട്ടത്തിൽ മുറിവേറ്റോൻ നീ
മർത്യർക്കെല്ലാം വിടുതൽ നൽകി.

ഇടയൻ വന്നാൻ ആട്ടിൻകൂട്ടം
ശാന്തിസ്ഥലമാർ-ന്നിടുമെന്നേവം
ദൃഷ്ടാന്തത്താൽ സംസാരിച്ചു
പിതൃഗേഹത്തെ പ്രാപിച്ചീടാൻ
വാഗ്ദാനമതും നൽകപ്പെട്ടു.

തൻ യാഗത്താൽ കുറ്റക്കാരെ
രക്ഷിച്ചോനാ-മാചാര്യേശാ
സ്തോത്രം, സ്വാത-ന്ത്ര്യം പ്രാപിച്ചോ-
രാട്ടിൻകൂട്ട-ത്തിൻ സ്തുതിയേറ്റോൻ
സ്തുത്യൻ പിതൃറൂ-ഹായോടൊപ്പം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܪܝ ܕܪܚܡ ܠܗ ܠܒܢܝܢܐ ܕܪܘܫܡ
ܒܕܝܠܟ ܚܡܘܗܝ ܡܢ ܠܐ ܐܬܚܫܠ ⁜ ܡܪܝ ܪܚܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܨܠܒܐ ܘܡܪܡܪܐ
ܩܒܠ ܒܥܘܬܢ ܘܥܒܕ ܪܚܡܐ ܥܠ ܢܦܫܬܢ ⁜
ܠܟܘܢ ܘܫܒܚܝܢ ܡܢ ܟܕ ܫܒܚܝܢ ܫܘܡܗ ܟܠܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ ---

ദാസന്മാർക്കായ് വിടുതൽ നൽകാനടികൊണ്ടോനേ
ക്രൂശേറ്റത്തിൻ സ്തുതി പാടീടാൻ വീര്യം നൽക
ക്രൂശിന്മീതേ നഗ്നതയാർന്നോനേ നിൻ ശക്ത്യാ
നിൻ കാര്യങ്ങൾ സംസാരിപ്പാനിടയാകേണം
കൂത്തേറ്റോനേ സ്നേഹത്താൽ നീ ക്ളേശം പൂണ്ടു
സർവ്വം വർണ്ണിച്ചീടാനെന്മേൽ കൃപ ചെയ്യേണം
ന്യായാഗാരേ വെള്ളിടിയാം നീ മൗനം നിന്നു
നിൻ മാഹാത്മ്യം വിവരിച്ചീടാൻ ബലമേകേണം. ദേവാ--

നിൻ സ്ക്കീപ്പായാൽ ഇടമാശ്ചര്യം പാരം പൂണ്ടു
കൗടില്യത്തിൻ വമ്പു തകർന്നു താഴ്ത്തി മൗലി
പാതാളത്തിൻ കോട്ടകളെ നിൻ നാദം വീഴ്ത്തി
ആ സോപാനം വഴിയായ് വാനോർ യാനം ചെയ്തു
ഞങ്ങൾതൻ വർഗ്ഗത്തെ ദുഷ്ടൻ മൃതിയിവയീന്നും
രക്ഷിപ്പാൻ സാമോദം പാടേറ്റോൻ നീ സ്തുത്യൻ

സ്നേഹേ നിന്നെ പ്രേഷിപ്പിച്ചോൻ താതൻ വന്ദ്യൻ
എന്നെന്നേക്കും പരിശുദ്ധത്മാവിന്നായ് സ്തോത്രം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

മദറോശോ - ഹൊക്തിയിലുബ് മെസ്രേൻ - മൃതിയെ നുകർന്നുത്ഥാ---

1. ജാതികളെ കുരിശാൽ താത ന്നരികെ
ചേർത്തോനാ-മാദ്യൻ തനയൻ സ്തുത്യൻ

2. മരണത്തിൻ നദിയീ-ന്നും രക്ഷിതരാം
ഉണ്ണികളി-ന്നാളിൽ സന്തോ-ഷിച്ചു
ഫറവോൻ തൻ കഥതീ-ർന്നതിനാ-ലിന്നാൾ
താതന്മാർ സുതരൊ-ത്താന-ന്ദിച്ചു.

3. തടവിലിരു-ന്നോരാം ചെറുപു-ഷ്പങ്ങൾ
നീസാൻ മാസത്തിൽ വിടുതൽ നേടി
ഇപ്പെരുന്നാൾ തന്നിൽ മരുവാം ധരയിൽ
ഒരുപോൽ പു-ഷ്പിച്ചു ശിശുപുഷ്പങ്ങൾ.

4. ശബ്ദമെഴും നീസാൻ മാസം തന്നിൽ
ഉണ്ണികൾ നിർഭയമായ് സംസാരിച്ചു
ഘാതകർ നാ-ദം-കേ-ട്ടിടുമെ-ന്നോർത്ത്
വായ്പൊത്തി പേടിച്ചാ മാതാക്കൾ.

5. തടവില്ലാ-തായോരാട്ടിൻ കിടപോൽ
ഉണ്ണികളാ-വഴിയിൽ നൃത്തം വെച്ചു
മൂശാ ബന്ധിച്ചോ-രിക്കുഞ്ഞാ-ട്
ഉണ്ണികളാ-മാട്ടിൻ-കിടയെ-വീണ്ടു.

6. ആ മാസം ത-ന്നിൽ അപ്പെ-രുന്നാളിൽ
നിഹനിക്കപ്പെട്ടു-പൊരുളും നിഴലും
പെസഹക്കു-ഞ്ഞാടും സാക്ഷാലാടും
നിർഗ്ഗതമായ് കൃപയെ നിരസിച്ച ജനം.

7. ആടവരെ-മിസറേ-മീന്നും വീണ്ടു
കാളയെ വ-ന്ദിച്ച-ങ്ങാ മ-ത്സരികൾ
കാളയെ മരു-ഭൂവിൽ മറവിൽ കൊന്നാർ
തനുവിനു വേ-ണ്ടീട്ടാ-ത്മം പാ-ഴാക്കി.

8. ആടിനെ ആ-രാധി-ച്ചെങ്കിൽ നൂനം
ഏറ്റുപറ-ഞ്ഞേനേ-അപരാധങ്ങൾ
ജാതികൾ കുഞ്ഞാടിൻ പെരുന്നാൾ കൂടി
സൂചനകൾ തീർന്നു സ്വജനം മാഞ്ഞു.

9. നിർഗ്ഗതരായ് ജനമ-പ്പത്തീറയൊടും
വിഗ്രഹസേവനമാം പുളിമാ-വോടും
പത്തീറാ-വായിൽ-പുളിമാ-വുള്ളിൽ
പാപച്ചായ്‌വിനു മാ-റ്റം വന്നില്ല.

10. പത്തീറാ-തന്നിൽ പ്രാണൻ ഗുപ്തം
അതു തിന്നീടരുതേ-ശിശുപോ-ലാരും
ഇന്നാൾ സാക്ഷാൽ കു-ഞ്ഞാടിൻ രക്തം
ശിഷ്യസമൂഹത്തി-ന്നുള്ളിൽ-ലീനം.

ഏവൻഗേലിയോൻ.

ഹാ-ഹാ- ഭോഷൻചൊല്ലുന്നുള്ളത്തിൽ ദൈവമതില്ലെന്നേവം
നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാലേലൂയ്യാ

ܠܡܫܝܚܐ ܦܪܘܩܢ ܘܡܚܝܢܢ ܘܠܐܒܘܗܝ ܘܠܪܘܚܗ ܠܥܠܡܝܢ ⁜ ܐܡܝܢ ⁜

ܘܥܠܝܢ ܪܚܡܘܗܝ ܢܗܘܘܢ ܡܢ ܥܕܢܐ ܠܥܕܢܐ ⁜ ܫܠܡܐ ܠܟܘܠܟܘܢ ⁜

ജനക്കൂട്ടം യേശുവിനോട്, മശിഹാ എന്നേക്കും ഇരിക്കുമെന്ന് ഞങ്ങൾ ന്യായപ്രമാണത്തിൽ നിന്ന് കേട്ടിട്ടുണ്ട്. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടുമെന്ന് നീ പറയുന്നതെന്ത്, ഈ മനുഷ്യപുത്രൻ ആരാണ് എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞു. ഇനി കുറച്ചുകാലം പ്രകാശം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. അന്ധകാരം നിങ്ങളെ കീഴ്പ്പെടുത്താതിരിക്കുവാൻ വെളിച്ചമുള്ളപ്പോൾതന്നെ അതിൽ നടന്നുകൊൾവിൻ. ഇരുട്ടിൽ നടക്കുന്നവൻ എവിടേക്കു പോകുന്നുവെന്ന് അറിയുന്നില്ല. നിങ്ങൾ പ്രകാശത്തിൻെറ സന്താനങ്ങൾ ആകുവാൻ, പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ. ഇതു പറഞ്ഞതിനുശേഷം യേശു അവരിൽനിന്ന് പോയി രഹസ്യമായി പാർത്തു. അവരുടെ മുമ്പിൽവച്ച് യേശു ഈ അടയാളങ്ങൾ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല. ‘കർത്താവേ, ഞങ്ങൾ പറഞ്ഞത് ആരു വിശ്വസിച്ചു, കർത്താവിൻെറ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു’ എന്നു ഏശായാ പ്രവാചകൻ പറഞ്ഞ വചനം ഇങ്ങനെ നിവൃത്തിയാകുവാൻഇടയായി. ഇക്കാരണത്താൽ അവർക്കു വിശ്വസിക്കുവാൻകഴിഞ്ഞില്ല. എന്തെന്നാൽ ഏശായാ വീണ്ടുംപറഞ്ഞിരിക്കുന്നു, ‘തങ്ങളുടെ കണ്ണുകൊണ്ട്

കാണാതെയും, ഹൃദയംകൊണ്ട് തിരിച്ചറിയാതെയും, മനം തിരിയാത്തതിനാൽ ഞാൻ അവരെ സുഖപ്പെടുത്താതെയും ഇരിക്കുവാൻ, അവർ തങ്ങളുടെ കണ്ണുകൾ കരുടാക്കുകയും, ഹൃദയം ഇരുളാക്കുകയും ചെയ്തു'. ഏശായാ ദൈവമഹിമ കണ്ടപ്പോഴാണ് അവനെക്കുറിച്ച് ഇങ്ങനെ പറഞ്ഞത്. പ്രമാണികളിൽ പലരും അവനിൽ വിശ്വസിച്ചു. എന്നാൽ സുനഗോഗുകളിൽനിന്ന് പരീശന്മാർ തങ്ങളെ പുറത്താക്കുമെന്നു ഭയന്ന് അവർ പരസ്യമായി അത് ഏറ്റുപറഞ്ഞില്ല. എന്തെന്നാൽ അവർ ദൈവമഹത്വത്തേക്കാൾ മനുഷ്യസ്തുതിയാണ് ഇഷ്ടപ്പെട്ടത്. അനന്തരം യേശു ഇപ്രകാരം ഉച്ചത്തിൽപറഞ്ഞു. എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലത്രെ വിശ്വസിക്കുന്നത്. എന്നെകാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. എന്നിൽ വസിക്കുന്ന ആരും ഇരുട്ടിൽ വസിക്കാതിരിക്കുവാൻ ഞാൻ പ്രകാശമായി ലോകത്തിലേക്കു വന്നിരിക്കുന്നു. എൻെറ വചനം വചനംകേട്ടിട്ട് അത് അനുഷ്ഠിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല. ഞാൻ ലോകത്തെ വിധിക്കുവാനല്ല, രക്ഷിക്കുവാനാണ് വന്നത്. എന്നെ നിരക്കുകയും എൻെറ വചനങ്ങൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവനെ വിധിക്കുന്നവനുണ്ട്. ഞാൻ സംസാരിച്ച വചനംതന്നെ അവസാനനാളിൽ അവനെ വിധിക്കും. എന്തെന്നാൽ ഞാൻ സ്വമേധയാ സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവുതന്നെ, എന്തു പറയണം, എങ്ങനെ പറയണം എന്ന് എനിക്കു കൽപ്പന തന്നിരിക്കുന്നു.

അവൻെറ കൽപ്പന നിത്യജീവനാകുന്നു എന്ന് ഞാൻ അറിയുന്നു. അതിനാൽ ഞാൻ സംസാരിക്കുന്നതെല്ലാം എൻെറ പിതാവ് എന്നോട് കൽപ്പിച്ചതു തന്നെയാണ് എന്ന് താൻ കൽപ്പിച്ചരുളിച്ചെയ്തു. ⁜ ܫܘܒܚܐ ܠܐܒܐ ⁜ ܘܠܒܪܐ ܘܠܪܘܚܐ ⁜

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി.

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ

എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെരാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

നാലാം കൗമാ

ܦܪܘܡܝܘܢ

[illegible]
[illegible]
[illegible]
[illegible]

സ്വമനസ്സോടെ അടികൊള്ളുകയും തൻെറ ഇടവകയിലെ ആടുകൾ ചിതറിപ്പോകുകയും ചെയ്ത നല്ല ഇടയനും ആകൽക്കറുസായുടെ ആധിപത്യത്തിൽനിന്ന് ഞങ്ങളെ

അഴിച്ചുവിടുവാനായിട്ട് തനിക്കു ഇഷ്ടമായതിനാൽ പിടിക്കപ്പെട്ടവനായി സകലത്തേയും പിടിച്ചിരിക്കുന്നവനും, പാപാശുദ്ധിയിൽനിന്ന് വിശുദ്ധിയിലേക്ക് ഞങ്ങളെ കൊണ്ടുവരുവാൻവേണ്ടി അശുദ്ധന്മാരിൽനിന്ന് നിന്ദ ഏറ്റ പരിശുദ്ധനുമായ കർത്താവിന് സ്തുതി. തനിക്ക് രാത്രി നമസ്ക്കാരത്തിൻെറ നാലാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܩܘܠܐ

വചനമായ ദൈവമേ, നിൻെറ രക്ഷകരമായ ഭരണത്തെ വർണ്ണിപ്പാൻ കഴിയുന്നവൻ ആരാകുന്നു. നിൻെറ മനുഷ്യസ്നേഹത്തിൻെറ ആഴത്തെ പറഞ്ഞു മനസ്സിലാക്കുവാൻ ആരുമതിയാകും. ഭയങ്കരന്മാരായ ക്രൂബേന്മാർപോലും നിൻെറ സങ്കേതത്തിലേക്ക് സൂക്ഷിച്ചുനോക്കുവാൻ ചുളുങ്ങുന്നു. സ്രോപ്പേന്മാർ അവരുടെ ചിറകുകൾകൊണ്ടു തങ്ങളുടെ മുഖങ്ങളെയും കാലുകളെയും മൂടി തൻെറ തിരുമേനിക്ക് കാദീശ് പാടുന്നു. മനസ്സോടെ ഉള്ളവയും കുറ്റരഹിതങ്ങളും രക്ഷാകരവുമായ കഷ്ടതകളും അപമാനവും അപഹാസവും അധിക്ഷേപവും ക്രൂരന്മാരും അഹങ്കാരികളുമായ യഹൂദജനത്തിൽനിന്ന് നീ സഹിച്ചു. എന്തെന്നാൽ നീ സകലത്തിൻേറയും നാഥനും സൃഷ്ടാവും ആയിരിക്കുമ്പോൾ അത്താഴത്തിൽ ദാസനെപ്പോലെ

ശുശ്രൂഷിച്ച് പിശാചുക്കളുടെ നിഗളത്തെ നീ നശിപ്പിച്ചു. മുട്ടുകുത്തി നിൻെറ പിതാവിൻെറ മുമ്പാകെ നീ അപേക്ഷ അണയ്ക്കുകയും അധഃപതനത്തിൽനിന്നും വിഗ്രഹാരാധന യിൽനിന്നും ഞങ്ങളെ നീ ഉദ്ധരിക്കുകയുംചെയ്തു. നിൻെറ പിതാവിനോട്കൂടെ നീ അടുപ്പാൻ വഹിയാത്തവനും അത്യുഗ്രനും ആയിരിക്കുമ്പോൾ പാപത്തിനു വിൽക്ക പ്പെട്ടിരുന്ന ഞങ്ങളെ മരണത്തിൽനിന്നും പാപത്തിൽനിന്നും സാത്താനിൽനിന്നും നിൻെറ രക്തത്താൽ വിലയ്ക്കു വാങ്ങുവാൻവേണ്ടി യഹൂദായാൽ നീ പണത്തിനു വിൽക്ക പ്പെട്ടു. മേലുള്ള സൈന്യങ്ങൾക്കു നീ അദൃശ്യനായിരിക്കു മ്പോൾ അവനാൽ ചുംബനംകൊണ്ട് നീ കാണിച്ചുകൊടു ക്കപ്പെട്ടു. ഗതിവേഗംകൊണ്ടുമിന്നലുകൾക്കുപോലും നിന്നെ പിന്തുടരുവാൻ കഴിയാതെയും ബോധജ്ഞാനങ്ങൾകൊണ്ടു പരിശോധിപ്പാൻവഹിയാതെയുംഇരിക്കുമ്പോൾ അശുദ്ധരായ യൂദസംഘങ്ങളാൽ നീ പിടിക്കപ്പെട്ടു. അപ്പോൾ സ്നേഹിത ന്മാരും സഖാക്കളും വീട്ടുകാരും ആയ നിൻെറ ശിഷ്യന്മാർ നിന്നെ ഉപേക്ഷിച്ച് ഓടിക്കളഞ്ഞു. നിൻെറ അയൽക്കാർ ദൂരെ മാറിനിന്നു. അധർമ്മികൾ നിന്നെ തടവിലാക്കുന്നതി നായി ന്യായസ്ഥലത്തേക്ക്കൊണ്ടുപോയി. നിന്നെ തടവിലാക്കിയതിനാൽ ആത്മാക്കളുടെ ദുഃഖകരമായ തടവുമുറിയാകുന്ന പാതാളത്തിൽനിന്നു നീ ഞങ്ങളെ പുറത്തുകൊണ്ടുവന്നു. ന്യായവിധിയാൽ കുറ്റക്കാരനായി ത്തീർന്ന ആദാമിനെ സ്വതന്ത്രനാക്കുവാൻവേണ്ടി പീലാത്തോ സിൽനിന്നു നീ മനസ്സോടെ ശിക്ഷാവിധി ഏറ്റു. നീ

ദാസനിൽനിന്നു ചെകിട്ടത്ത്അടിയേൽക്കുകയും ദാസ്യത്തിൽ നിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തു. തിരുമുഖത്ത് തുപ്പലേറ്റു ലജ്ജയിൽനിന്നും ഭാവിശിക്ഷയിൽ നിന്നും ഞങ്ങളെ നീ വീണ്ടെടുത്തു. അവർ നിന്നെ ചുവന്ന കുപ്പായം ധരിപ്പിക്കുകയും കൽപ്പനലംഘനത്താൽ ഞങ്ങൾ അഴിച്ചുകളഞ്ഞ മഹത്വഅങ്കി വീണ്ടും ഞങ്ങളെ ധരിപ്പിക്കു കയും ചെയ്തു. തൂണിന്മേൽ നീ ബന്ധിക്കപ്പെട്ടതിനാൽ പാപബന്ധനങ്ങളിൽനിന്നു ഞങ്ങളെ അഴിച്ചുവിട്ടു. അവർ നിൻെറ ശിരസ്സിൽ മുൾക്കിരീടം അണിയിച്ചു. നീയോ ഭൂമിയിൽനിന്നു മുള്ളുകളും കാരമുള്ളുകളും സമൂലം പറിച്ചുകളഞ്ഞു. നീ നിന്ദിക്കപ്പെട്ട് ഞങ്ങളെ ശ്രേഷ്ഠത പ്പെടുത്തി. നീ പീഡയേറ്റു ഞങ്ങളെ രക്ഷിക്കുകയും മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. ഇതു ഹേതുവായിട്ട് വിസ്മയപൂർണ്ണമായ നിൻെറ താഴ്മയിൽ ഞങ്ങൾ അത്ഭുതപ്പെട്ട് ഭക്തിയോടും സ്തോത്രത്തോടും പറയുന്നു. ഞങ്ങളുടെ പീഡകളെ നശിപ്പിച്ച രക്ഷാകരമായ കഷ്ടാനുഭവങ്ങൾ വിസ്മയനീയങ്ങളത്രെ. ഞങ്ങളുടെ വ്രണങ്ങൾ അവയാൽ ഉണങ്ങിയതായ ചെറുരക്തത്തു ള്ളികൾവിസ്മയനീയങ്ങളാകുന്നു. ഞങ്ങൾ നിൻെറ കഷ്ടാ നുഭവങ്ങളെ ഏറ്റുപറയുകയും കുരിശിനെ വന്ദിക്കുകയും, ഞങ്ങൾക്കു വേണ്ടിയുള്ള നിൻെറ താഴ്മയെ വർണ്ണി ക്കുകയുംചെയ്യുന്നു. ഞങ്ങൾക്കു വേണ്ടിയുള്ള നിൻെറ മരണത്തിൽ ഞങ്ങൾപ്രശംസിക്കുകയും ഞങ്ങളെ അധഃപത നത്തിൽനിന്നു ഉയർത്തിയ നിൻെറ പുനരുത്ഥാനത്തിൽ

ഞങ്ങൾ ആനന്ദിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ മശിഹാതമ്പുരാനേ ഞങ്ങൾ നിന്നോട് അപേക്ഷിച്ച് പ്രാർത്ഥിക്കുന്നതെന്തെന്നാൽ നിൻെറ സ്ലീബായാൽ ആകൽക്കറുസായുടെ ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിതയായ നിൻെറ സഭയെ കാത്തുകൊള്ളണമെ. അവൾ നിൻെറ കഷ്ടാനുഭവത്തിൽ കഷ്ടതയനുഭവിക്കുകയും നിൻെറ താഴ്മയിൽ സാമ്യപ്പെടുകയും ചെയ്യുമാറാകണമെ. അവൾ സന്തോഷിച്ച് ആനന്ദിച്ചു കൊണ്ട് നിൻെറ മുറിവുകളെ തലോടുകയും നിൻെറ പുനരുത്ഥാനത്തിൽ സന്തോഷിക്കുകയും ചെയ്യുമാറാകണമെ. നീ മഹത്വത്തോടെ ഉദിക്കുന്ന ദിവസം മുഖപ്രസാദത്തോടെ നിന്നെഎതിരേൽപ്പാൻ അവൾ പുറപ്പെടുകയും നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതികരേറ്റുകയുംചെയ്യുമാറാകണമെ. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരോടു പറഞ്ഞു. 'ഞാൻ കഷ്ടാനുഭവത്തിനായി ഒരുങ്ങുന്നു. മൺമയനായ ആദാമിൻെറ മക്കളുടെ ഹൃദയം ചഞ്ചലപ്പെടേണ്ട. എൻെറ കഷ്ടതയാൽ അവരുടെ ആത്മാക്കളെ പൊടിമണ്ണിൽനിന്ന് ഞാൻ വീണ്ടെടുക്കും'.

ബാറെക്മോർ. † ശുബഹോ : മെന്ഓലം വാദാ---

ഞങ്ങളുടെ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവത്താൽ ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തി. നിന്‍െറ ഇടവക അതിനുവേണ്ടി നീ സഹിച്ച കഷ്ടതകൾ വഹിച്ചിരിക്കുന്നതിനാൽ നിന്‍െറ ആർദ്രതയാൽ അവരോട് നീ ഉത്തരം അരുളുകയും നിന്‍െറ ആരാധകരുടെ യാചന കൈക്കൊള്ളുകയും ചെയ്യുമാറാകണമെ. മൊറിയോ--

Our Lord told His disciples: I am prepared for the passion. Let the hearts of Adam’s children, the earthly one, not be moved, for, by My passion, I will save their souls from dust. Barekmore.

Glory be to the Father, Son and the Holy Spirit. Unto the ages--

Our Lord, by Your passion for our sake, You have set us free from error. By the abundant mercies of Your grace, answer Your sheepfold, which, behold, has put on Your passion, that was for her sake. And accept the supplication of Your worshippers.

എത്രൊ

തന്‍െറ ബലിയാൽ സകല ബലികളെയും വിഗ്രഹാരാധനയിലെ പാനീയനിവേദ്യങ്ങളെയും ഭൂമിയിൽനിന്നു മായിച്ചുകളയുകയും തന്‍െറകഷ്ടാനുഭവത്താൽ മനുഷ്യവർഗ്ഗത്തിൽനിന്നു കഷ്ടതകളെനശിപ്പിക്കുകയും തന്‍െറ കുരിശിനാൽ ഞങ്ങളുടെ പിതാവായത്താദാമിനെ പറുദീസായിൽവച്ച് കൊന്നവനെ കൊല്ലുകയും, തന്‍െറ ഉയിർപ്പുമൂലം

പാപവീഴ്ചയിൽനിന്നു ഞങ്ങളെ എഴുന്നേൽപ്പിക്കുകയും ചെയ്ത പുഷ്ടിയുള്ള കാളക്കുട്ടിയായുള്ളോവേ നിൻെറ തിരുമേനിക്കു നിസ്സാരന്മാരായ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം കൈക്കൊള്ളണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെദൈവവുമായുള്ളോവേ, ശത്രുതയും വഴക്കും തർക്കവും ഞങ്ങളിൽ നിന്നു മായിച്ചുകളഞ്ഞ് ഭിന്നിച്ചുപോകാത്ത സമാധാനമാകുന്ന നിൻെറ നിരപ്പും പ്രസാദവും ഞങ്ങളുടെമേൽ സദാ നീ വസിപ്പിക്കണമെ. ഹോശോ-

The fatten bull, Who by His sacrifice, abolished all sacrifices and libations of the idols from earth, and Who by His passion put to death the sufferings of the human race and by His crucifixion, killed the one killed our father Adam in the Paradise, and by His resurrection raised us from the fall of sin, receive this fragrant incense from our feebleness, which we offer to Your Lordship. Remove from us enmity, schism and controversy. Let Your peace reign over us - You, Who are always indivisible peace - Christ, our Lord and our God forever.

വീണ്ടും കോലോ

എൻെറ സഹോദരന്മാരേ, വരുവിൻ. സെഹിയോൻ പുത്രി പ്രവർത്തിച്ച സംഭ്രമജനകമായ കാര്യവും അബ്രഹാമിൻെറ മക്കൾചെയ്ത ദുഷ്ടതയും ഇസഹാക്കിൻെറ മക്കൾ

ചെയ്ത അധർമ്മവും ഞാൻ പ്രസ്താവിക്കാം. അവർ അവരുടെ നാഥനെതിരായി മത്സരിച്ചു. അവരെ ശാസിക്കുകയും അവരുടെ വഞ്ചനയെ വെളിപ്പെടുത്തുകയും ചെയ്തതിനാൽ അവർ തനിക്കു സ്ക്കീപ്പാമരം ഒരുക്കി. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാ---

അസൂയയാൽ അന്ധതപിടിച്ച ജനം ചെന്നായെപ്പോലെ കുഞ്ഞാടിന്മേൽ ചാടിവീണു. തൻെറ മഹാകരുണയാൽ അവരുടെരോഗികളെ സൗഖ്യമാക്കിയതിനുപകരം അവർ തന്നെ നിന്ദിക്കുകയും നിരസിക്കുകയും അവർക്കു നന്മ പ്രവർത്തിച്ച നാഥനെ പരിഹസിക്കുകയുംചെയ്തു. അതിരില്ലാത്ത നീതിമാനായ തൻെറ താഴ്മയ്ക്കു സ്തുതി.

Come brothren, let me narrate the horrors that the daughter of Zion has done and the evil that the children of Abraham have inflicted and the wickedness that the children of Isaac have committed. They dared to assault on their Lord, and they prepared tree for His crucifixion, for He reproved them and unmasked their deceits. Barekmore.

Glory be to the Father, Son and the Holy Spirit. Unto the ages--

The people who were blind with jealousy assaulted on the Lamb like a wolf, for He had healed their illness by the abundant mercies of His grace. They insulted, rejected and mocked at the Lord Who

granted them favours. Glory to His humility, Who is unlimited in His Essence.

ബോത്തേദ്ഹാശോ

ܒܪܺܝܟ݂ ܡܳܪܝ ܚܰܫܶܗ ܕܣܰܝܒܰܪ ܚܠܳܦܰܝܢ

ܒܪܺܝܟ݂ ܡܽܘܟܳܟ݂ܶܗ ܕܡܶܬ݂ܚܰܡܠܳܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ദൈവം മർത്യർ-ക്കപ്രാപ്യൻ താൻ
അതിനാൽ നര-രക്ഷയ്ക്കായ് ദൈവം
ഭൂലോകത്തെ സന്ദർശിച്ചു
സൗഖ്യം രോഗാ-ർത്തന്മാർക്കേകി
അവനെ ജനമോ കൊല ചെയ്തല്ലോ.

തനയൻ തൻെറ പീഡാവാർത്ത
കാലം തോറും നിബിമാർ ചൊന്നു
പൂണ്ടാനന്ത്യം താൻ മർതൃത്വം
ദർശകവാക്യം സകലം ഭംഗ്യാ
നിറവേറിക്കൊണ്ടേറി ക്രൂശിൽ.

പ്രകൃതത്തിൽ ക്ളേ-ശം തീണ്ടാത്തോൻ
ക്ളേശം കൈക്കൊണ്ടീടാൻ വന്നാൻ
ശ്രേഷ്ഠൻതൻ പു-ത്രൻ നാഥാ നിൻ
പേർക്കായ് സ്തോത്രം ചൊന്നീടുന്നു
ഘോഷിക്കുന്നു സതതം സ്തോത്രം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕ݁ܺܝܢܳܐ ܠܶܗ ܠܥܳܠܡܳܐ ܕ݁ܕ݂ܳܐܶܢ
ܒ݁ܺܝܢܳܐ ܥܰܡܶܗ ܡܶܢ ܠܳܐ ܬ݁ܕ݂ܽܘܢܰܢ ⁜ ܡܳܪܝܳܐ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕ݁ܐܶܬ݂ܳܐ ܠܚܰܫܳܐ ܘܰܡܰܘܬ݂ܳܐ ܘܰܙܩܺܝܦ݂ܽܘܬ݂ܳܐ
ܩܰܒ݁ܶܠ ܒ݁ܳܥܽܘܬ݂ܰܢ ܘܰܥܢܺܝ ܪܰܚܶܡ ܥܰܠ ܢܰܦ݂ܫܳܬ݂ܰܢ ⁜
ܠܗܽܘܢ ܕ݁ܰܡܫܰܒ݁ܚܺܝܢ ܡܶܢܝ ܒ݁ܪܰܚܡܶܝܢ ܫܡܳܟ݂ ܟ݁ܽܠܗܘܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

മിസറേമീന്നും വന്നോളാം പ്രിയയെ കടലിൽ നിന്നും
രക്ഷിച്ചോനാം പ്രിയനോടു ചെയ്തത് മൂശേ കാൺക
ഗോഗുൽത്തായിൽ പ്രിയനായ് നൽകിയ ഭോജനമതിനാൽ
സൽക്കാ-രത്തിൻ സ്വാദറിയാൻ വന്നാലും മൂശേ. ദേവാ--

പാരം ദുഷ്ടതയുള്ളോൾ പാനീയം ക-യ്പാക്കി
വാളിന്നേറ്റി മൂർച്ച, തറച്ചാൾ വൻകൂരാണി
എബ്രായാത്മജ നൽകിയ ഭോജ്യം ദർശിച്ചാലും
ആ ശീമോനിൽ ചെയ്തതിനോടതു സമമോനോക്കൂ ദേവാ -

മൂശാ കേണാൻ മുന്തിരിലതയെ വേലക്കാരാം
കയ്യാപ്പാവും ഹന്നാൻ താനും പിഴുതെന്നേവം
വഞ്ചിക്കുന്നോർ മുള്ളു വിതച്ചാരത്തോട്ടത്തിൽ
കയ്പേറീടും വന്യഫലം താനങ്ങുണ്ടായി. ദേവാ ---

അബ്രഹാമിൻ മുന്തിരിവള്ളിക്കെന്തൊരു മാറ്റം
ഇസഹാക്കിന്നുടെ മുന്തിരിയിൻ സ്വാദില്ലാതായി
അദ്ധ്വാനിച്ചോൻ യാക്കോബേ നീ ഉണരുന്നില്ലേ ?
കൈയ്യേറീടും ഹീനന്മാരാൽ തോട്ടം ശൂന്യം. ദേവാ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

<u>മാലാഖമാരുടെ സ്തുതിപ്പ് - പേജ് 45</u>

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രുഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനാകുന്ന ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ, നിൻെറ സ്തുതിയുടെവലിപ്പംനിമിത്തം ഞങ്ങൾസ്തോത്രം ചെയ്യുന്നു.

പിതാവിൻെറപുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, പിതാവായ ദൈവത്തിൻെറ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, നിത്യമായികർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളിൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും,

ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg’d, in Thy judgement, who called for Thy Death.
Who receiv’d Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܒܫܡܐ ܕܐܒܘܟ ܥܠ ܫܡܝܐ ܒܪܝܟ ܢܫܒܚ
ܘܒܫܡܗ ܕܒܪܗ ܘܒܫܡܗ ܕܪܘܚܗ ܠܥܠܡ ܥܠܡܝܢ *[3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ * ܘܠܪܘܚܟ ܩܘܕܫܐ ܫܘܒܚܐ
ܘܥܘܕܪܢܐ ܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ * ܢܬܦܬܚܘܢ
ܬܪ̈ܥܐ ܕܨܗܝܘܢ ܕܠܥܠ * ܘܢܬܩܒܠ ܒܥܘܬܢ ܡܢ ܩܕܡ
ܕܡܫܝܚܐ * ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

⁜ ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ⁜ ܬܠܬ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.



കൗമാ

ܒܳܬܰܪ ܩܳܘܠܳܐ ܕܚܰܠܩܳܡ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)
നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܥܡܐ ܕܐܬܘܪ̈ܝܐ ܟܠܗ ܡܫܒܚ ܒܩܠܐ ܢܫܒܚ

ܘܡܫܒܚܐ ܕܐܬܘܗ ܡܢ ܘܡܫܝܚܐ ܢܚܠܗ ܠܡܠܟܘܬܗ ❊ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܒܪܟ ܐܡܪܝܢ ❊ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܬܐ

ܘܫܘܒܚܐ ❊ ܘܠܟܠܗ ܚܝܠܐ ܘܥܒܕܐ ܘܚܝܠܐ ❊ ܢܬܒܪܟ

ܬܘܕܝܬܐ ܘܫܒܚܐ ܘܠܟܠܗ ❊ ܘܡܠܝܢ ܫܡܝܐ ܡܢ ܫܘܒܚܗ

ܘܡܫܒܚܐ ❊ ܩܕܝܫܐ ܐܢܬ ܡܪܝ ܩܕܝܫܐ ܐܢܬ ܡܪܝ

ܩܕܝܫܐ ܐܢܬ ܡܪܝ ܠܥܠܡܝܢ ❊ ܒܟܠܙܒܢ ❊

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❊ ܐܡܝܢ ❊

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ

കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

†ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ⁜ ܘܥܠܝܢ ܚܛܝ̈ܐ
ܪ̈ܚܡܐ ܘܚܢܢܐ ܢܫܬܦܥܘܢ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ
ܥܠܡܝܢ ⁜ ܐܡܝܢ ⁜

ܒܥܘܬܐ ܕܡܪܝ

ദൈവമായ കർത്താവേ, ഈ ദിവസത്തിൽ പഞ്ചഭൂതങ്ങളും പ്രകൃതിയും ഞെട്ടിവിറച്ചതുപോലെ ഞങ്ങൾ നിൻെറ ന്യായവിധിയെ ഭയപ്പെട്ടു വിറയ്ക്കുമാറാകണമെ. അന്ത്യ ദിവസത്തെക്കുറിച്ചുള്ളഭയം ഞങ്ങളിൽ നീ വസിപ്പിക്കണമെ. നിന്നെ കുരിശിൽ തറച്ചവരോടുകൂടെ ഞങ്ങളെ ഗണിക്കരുതെ. എന്നാലോ നിന്നിലും രക്ഷാകരമായ നിൻെറ കഷ്ടാനുഭങ്ങളിലും ഏറ്റുപറഞ്ഞിട്ടുള്ള ഞങ്ങളെ നീ ഏറ്റു പറയണമെ. ദുഷ്പ്രവൃത്തിക്കാർക്കായി സൂക്ഷിച്ചിരിക്കുന്ന കഠിനമായ വേദനകളിൽനിന്നു ഞങ്ങളെ നീ വീണ്ടെടുക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ---

51-ാം സങ്കീർത്തനം - പേജ് 42

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ട്തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങു മാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴിപഠിപ്പിക്കും, പാപികൾനിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - മോദം ഭൂസ്വർഗ്ഗങ്ങൾ -- എന്നപോലെ

1 ഞങ്ങളെ വൻ-യാതനയാൽ തെറ്റിൽനിന്നും വീണ്ടോനേ
കർത്താവേ നിൻ കൃപയെ വാഴ്ത്താത്തോനുണ്ടോ
ദേവേശാ ദയചെയ്തീടേണം

2 കായികമാംകഷ്ടതയാൽ ഞങ്ങടെകഷ്ടതതീർത്തോനേ
നിൻ മരണത്താൽ മരണത്തെ മായിച്ചോനേ,
ദേവേശാ ദയചെയ്തീടേണം.

3 പുത്രൻ തൻ ഹാശായിൽ കഷ്ടതയാർന്നീടേണം നാം
ഉത്ഥാനത്തിൽ തൻ രാജ്യത്തിൽ മോദിപ്പാൻ,
ദേവേശാ ദയചെയ്തീടേണം.

4 ജഡപരമായ് ഞങ്ങൾക്കായ് യാതനയേറ്റോനാം നാ-ഥാ
ഞങ്ങളെയീശാ പാപത്തീന്നും വീണ്ടിടുക,
ദേവേശാ ദയചെയ്തീടേണം.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

5 വിമലസഭേ മോദിക്ക ഹാശായാൽ നിൻ മക്കൾക്കായ്
സ്വാതന്ത്ര്യം തന്നോനാത്മജനെ കീർത്തിക്ക,
ദേവേശാ ദയചെയ്തീടേണം. കുറിയേലായിസ്സോൻ.

63-ാം സങ്കീർത്തനം

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെകൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ ദേവേശാ മശിഹാ എന്നപോലെ

1. ദേവേശാ മശിഹാ സ്വസ്നേഹത്താൽ, ആദാമിൻ മെയ്-
കൈക്കൊണ്ട് വ്യഥയും മരണവുമേറ്റോനേ,
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

2. ദേവേശാ മശിഹാ പാതകിയെപ്പോൽ,
ദുഷ്ടന്മാർ തൻ നിന്ദകളേ-റ്റടിമത്തം മായിച്ചോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

3. ശിഷ്യന്മാരോടായ് നിങ്ങളിലൊരുവൻ
എന്നെ ശത്രുക്കൾക്കേൽപ്പിച്ചിടുമെന്നേവം ചൊന്നോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

4. മാനവവർഗ്ഗത്തെ ജീവദമാംനിൻ,
യാതനയാൽ യാതന നീക്കി സ്വാതന്ത്ര്യത്താൽ വീണ്ടോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

5. നാഥാ ഞങ്ങൾക്കായ് പാടേറ്റോനേ
ദുർബലരാമീ ഞങ്ങൾതൻ പാപക്ളേശം നീക്കണമെ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

6. രക്ഷയ്ക്കാഗതനായ് വിനയം മൂലം
യാതനനീക്കി സ്വാതന്ത്ര്യം ഞങ്ങൾക്കേകിയവൻ ധന്യൻ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

7. സാരാംശത്തിൽ സത്ത്യേകേശാ, പിതൃസുത-
പരിശുദ്ധാത്മാവാം ത്രിത്വാത്മകനെ സ്തോത്രം തേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ. കുറിയേലായിസ്സോൻ

19-ാം മസുമൂർ - പേജ് 56

ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടത്തും അവയുടെ അറിയിപ്പും, ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറ മേൽ അവൻെറ കൂടാരം അടിച്ചു. അതു തൻെറ മണവറയിൽ നിന്നും പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അറ്റങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിന്മേൽ അതിൻെറ താങ്ങലും ആകുന്നു. അതിൻെറ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിൻെറ

സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതുമാകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിൻെറ കല്പന തെരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മധുരമുള്ളവയും ആകുന്നു.

അത്രയുമല്ല, നിൻെറ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര് ? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും, പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽ നിന്ന് നിൻെറ ദാസനെ തടയണമെ. എൻെറ സഹായകനും, രക്ഷിതാവുമായ കർത്താവേ, എൻെറ വായിലെ വചനങ്ങൾ നിൻെറ ഇഷ്ടപ്രകാരവും എൻെറ ഹൃദയത്തിലെ ധ്യാനം നിൻെറ മുമ്പാകെയും ഇരിക്കണമെ. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ മശിഹാ ജീവിച്ചെഴുന്നേറ്റു-- എന്നപോലെ

1. വത്സലനാംദൈവസുതൻെറ വിശ്രുതമാം നല്ലൊരുതോട്ടം
വിശ്വാസക്കനി നൽകാതെ വന്യഫലംനൽകി വിചിത്രം.

2. അബ്രാമിൻ മുന്തിരിവള്ളി യാക്കോബിൻ സുതയാംചില്ലി
ഇസഹാക്കിൻ ശാഖാവല്ലി മൂശാതൻ കനി മഹനീയം.

3. അവരവനെ ആക്ഷേപിച്ചു കുരിശിപ്പാൻ വിധിയും നൽകി
ക്രൂശകിയെ പാടെനീക്കി തിരുസഭയെ വധുവായേറ്റാൻ.

4. വെളിവാക്കി രക്ഷകനിന്നാൾ നിജഹാശാ തൻവൃത്താന്തം
നിർമ്മലരാം ശ്ലീഹന്മാർ തൻ മനമഴലാ-ലാകുലമായി.

5. വഞ്ചകനാം യൂദായിന്നാൾ സ്വയമേ ശിഷ്യഗണം വിട്ടു
ചെന്നയ്യോ ഗുരുവിനെവിറ്റു വാങ്ങിവില-യ്ക്കപെമരണത്തെ

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

6.അത്യധികംനന്മനമുക്കായ്-ചെയ്തോനെകൊലചെയ്തീടാൻ
നേരറ്റോരാചാര്യന്മാർ സംഘംചേർന്നാലോചിച്ചു. കുറിയേലായിസ്സോൻ

ഏശായാ 42: 10-13, - പേജ് 58

കർത്താവിന് ഒരു പുതിയ പാട്ടിനേയും അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്ന വർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന്

ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവൻെറസ്തുതികളെ ദ്വീപുകളിൽ അറിയിക്കയുംചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവു എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തൻെറ ശത്രുക്കളെ സംഹരിക്കും

ആകാശങ്ങളെ, മേലിൽ നിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെതളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനൊ - യൗമ്മോനോ

1. ഇന്നാളിൽ നാഥൻ വിശദം ശിഷ്യന്മാരോടേവംചൊന്നാൻ
ഏൽപ്പിച്ചുകൊടുത്തെൻ വിലനിങ്ങളി-ലൊരുവൻ വാങ്ങും
നേടീടുമവൻ യാതനയും വൻതീ-നരകമതും.

2. ഇന്നാളിൽസർവ്വരഹസ്യ-ങ്ങളുമറിവോനേവം വെളിവാക്കി
ശിഷ്യരിലേകൻ യൂദർക്കെന്നെ ഏൽപ്പിച്ചീടും
തന്മൂലമവൻ-സ്വാത്മത്തെ സ്വയമേ നിഹനിക്കും.

3. ഇന്നാളിൽതൻയാതനയെ മുൻനിർത്തിസർവ്വേശൻനാഥൻ
നിങ്ങളിലൊരുവൻ യൂദർക്കെന്നെ ഏൽപ്പിച്ചിടുമെ-
ന്നോതിയനേരം ശിഷ്യന്മാരേറ്റം ഖേദിച്ചു.

4. സ്ലീബായാൽ-രക്ഷിച്ചോനേ,മർത്യർക്കായ്മരണംപൂണ്ടോനേ
ഓഹരി തിരികെ നൽകുകയാല-ങ്ങാദമിനാലെ
കീർത്തിതനായോ-രീശോരാജാവേ സ്തോത്രം തേ.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

4. മാനവരെ-മരണത്തിന്നും-രക്ഷിച്ചോൻനാഥാ-നീ-സ്തുത്യൻ
ഞങ്ങടെ രക്ഷയ്ക്കങ്ങയെ വിട്ടോൻ താതൻ സ്തുത്യൻ
പരിശുദ്ധാത്മാ-വെന്നെന്നേക്കും താൻ ബഹുമാന്യൻ.

സങ്കീർത്തനം

1. കർത്താവേ, ഞെരുക്കകാലത്ത് നീ എന്തുകൊണ്ട് ദൂരെ നിന്ന് നിന്റെ നോട്ടം മാറ്റിക്കളയുന്നു.

(ബ്ഹോനോയൗമോ - എന്ന രീതി)

ഇന്നാൾനാഥൻ ഗൂഢരഹസ്യം പന്തിരുവർക്കായ്‌വെളിവാക്കി
എൻവിലനിങ്ങളിലൊരുവൻവാങ്ങിടുമെന്നേവം. കുറിയേലായിസ്സോൻ.

2. ദുഷ്ടന്മാരുടെഅഹങ്കാരത്താൽ ദരിദ്രൻദഹിച്ചുപോകുന്നു. അവർ ചിന്തിച്ച ആലോചനയിൽ പിടിക്കപ്പെടും.

ഇന്നാളാട്ടിൻ-കൂട്ടം വിട്ടിട്ടാച്ചെന്നായ് ചെന്നഥ ചേർന്നു
കയ്യാപ്പാ തൻ സംഘത്തിൽ സ്വയമേ തന്നെ. കുറിയേലായിസ്സോൻ.

3. സ്വന്തമോഹങ്ങളിൽ ദുഷ്ടൻ പ്രശംസിക്കുന്നു. അധർമ്മി വാഴ്ത്തപ്പെടുമ്പോൾ കർത്താവ് കോപിക്കുന്നു.

ഇന്നാൾ യൂദാവഞ്ചനമൂലം സ്നേഹിതരിന്നും വേർപെട്ടു
സത്യാത്മകനാ-മിടയന്നെതിർ സംസാരിച്ചാൻ. കുറിയേലായിസ്സോൻ.

4. ദുഷ്ടൻ അവന്റെ അഹങ്കാരത്തെ പരിശോധിക്കുന്നില്ല. അവന്റെ ചിന്തകളിലൊന്നും ദൈവമില്ല.

ഇന്നാൾനല്ലോൻ-സ്വയമേൽപ്പിച്ചാൻപീഡയ്ക്കുംമരണത്തിന്നും
ഏദനിലപരാധം ചെയ്തോനാദാമ്മിന്നായ്. കുറിയേലായിസ്സോൻ.

5. അവന്റെ മാർഗ്ഗങ്ങൾ സദാ കുഴഞ്ഞവയാകുന്നു. അവന്റെ മുമ്പിൽനിന്ന് നിന്റെ നീതി തള്ളപ്പെട്ടിരിക്കുന്നു

ഏകൻ മൃതിയാർന്നീ ജനതതിയെ രക്ഷിപ്പതുനന്നെന്നിന്നാൾ രക്ഷകകാര്യം മുൻചൊന്നാ-നാചാര്യേശൻ. കുറിയേലായിസ്സോൻ.

6. അവൻെറ എല്ലാവൈരികളെയും ദുഷിച്ചുകൊണ്ട് ഞാൻ ഒരിക്കലും ഇളകുകയില്ലെന്ന് അവൻെറ ഹൃദയത്തിൻ പറയുന്നു. അവൻ ദുഷ്ടത ചിന്തിക്കുന്നു. അവൻെറ വായിൽ ശാപം നിറഞ്ഞിരിക്കുന്നു. ചതിയും വഞ്ചനയും അധർമ്മവും ദുഷ്ടതയും അവൻെറ നാവിൻകീഴിലുണ്ട്.

ഇന്നാൾ നാഥൻ ശിഷ്യന്മാരോട് ചൊന്നേവം ഖേദിക്കേണ്ട ജീവൻ നിങ്ങൾക്കുണ്ടാവാൻ ഞാൻ ജീവിക്കും. കുറിയേലായിസ്സോൻ.

7. അവൻ വാസസ്ഥലത്തു പതിയിരിക്കുന്നു. ഒളിവിൽ ധാർമ്മികനെ കൊല്ലുന്നു. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

ഇന്നാൾ നാഥൻ ചൊന്നാനെന്നെ യൂദന്മാർക്കായേൽപ്പിക്കും നിബിയന്മാർ തൻ ലിഖിതങ്ങൾ നിറവേറീടും. ആമ്മീൻ.

113-ാം സങ്കീർത്തനം - പേജ് 60

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ܦܪܘܡܝܘܢ

ܕܠܳܐ ܚܰܫܳܐ ܘܡܰܘܬܳܐ ܘܚܰܝܶܐ ܗܽܘ ܡܳܪܝܳܐ ܢܶܚܫܳܐ ܀ ܡܳܪܝܳܐ ܡܫܺܝܚܳܐ

ܕܰܚܫ ܒܚܫ ܘܡܺܝܬ ܀ ܠܚܰܫܰܘܗܝ ܘܠܡܰܘܬܶܗ ܕܰܡܨܺܝܢ ܘܦܰܪܩܰܢ

ܘܰܐܘܕܰܥ ܐܳܪܳܙܳܐ ܕܝܠܶܗ ܠܟܢܽܘܫܬܳܐ ܕܫܠܺܝܚܶܐ ܝܰܘܡܳܢܳܐ

ܘܰܐܫܠܶܡ ܢܰܦܫܶܗ ܦܘܡ ܀

തൻെറകഷ്ടാനുഭവത്താലും മനസ്സോടെയുള്ളമരണത്താലും ഞങ്ങൾക്കു കഷ്ടതയില്ലായ്മയും മരണമില്ലായ്മയും നൽകുവാനായിട്ട് കഷ്ടതയുള്ളവരും മരണമുള്ളവരുമായ ഞങ്ങൾക്കുവേണ്ടി പീഡയുംമരണവുമുള്ള ജഡംധരിച്ചവനും, തൻെറ കഷ്ടാനുഭവത്തിൻേറയും തന്നെ ഏൽപ്പിച്ചുകൊടു ക്കുന്നതിൻെറയും രഹസ്യത്തെ ഇന്നു തൻെറ ശ്ലീഹന്മാ രുടെ സംഘത്തിനു വെളിപ്പെടുത്തിക്കൊടുക്കുകയും, തൻെറ പിതാവിനെകൊന്ന മത്സരക്കാരനായ യഹൂദമൂലം താൻ

ഏല്‍പ്പിച്ചുകൊടുക്കുവാനിരിക്കുന്നുഎന്ന് അവരെ ഗ്രഹിപ്പിച്ച് അവരെ വേദനപ്പെടുത്തുകയും മൂന്നാം ദിവസമുള്ള തന്‍െറ പുനരുത്ഥാനത്തെക്കുറിച്ച് അവരോടറിയിച്ച് അവരെ ധൈര്യപ്പെടുത്തുകയും ചെയ്തവനും ആയ വചനമായിരിക്കുന്ന ദൈവമായ കര്‍ത്താവിന് സ്തുതി. തനിക്ക് പ്രഭാതനമസ്ക്കാരത്തിന്‍െറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരി ക്കുന്നു. ബ്കുല്ഹൂന്‍---

ܣܶܕܪܳܐ

സ്വര്‍ഗ്ഗവാസികളുടേയും ഭൂവാസികളുടെയും ദൈവവും രാജാവും നാഥനും ആയ മശിഹാതമ്പുരാനേ, നിന്‍െറ മനുഷ്യസ്നേഹംമൂലം ഞങ്ങളുടെ ജഡത്തോടു ഭേതം കൂടാതെ നീ യോജിക്കുകയും പാപകരമായ വിചാരങ്ങളില്‍ നിന്നും സാത്താന്‍െറ ദാസ്യത്തില്‍നിന്നും ഞങ്ങളുടെ ജീവന്‍െറ പ്രത്യാശയെ ഖണ്ഡിക്കുന്ന നാശത്തില്‍നിന്നും ക്ഷയത്തില്‍നിന്നും നിന്‍െറ കൃപയാല്‍ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുവാന്‍ ഞങ്ങള്‍ക്കുവേണ്ടിയും ഞങ്ങളുടെ നിമിത്തവും ജഡത്തില്‍ പീഡയനുഭവിപ്പാനായി നീ തിരുമനസ്സാവുകയുംചെയ്തു. “യഹൂദന്മാര്‍ക്ക് എന്നെ ഏല്‍പ്പിച്ചുകൊടുക്കുവാനിരിക്കുന്നവന്‍ നിങ്ങളില്‍ ഒരുവനാകുന്നു” എന്നു പ്രിയപ്പെട്ട പന്തിരുവരോടു തുറന്നുപറയുവാന്‍ ഇന്നേദിവസം നിനക്കു തിരുവുള്ളംതോന്നി. ഇന്നു വഞ്ചകന്മാരായ പ്രധാനാചാര്യന്മാരും സൊപ്രേന്മാരും ഒരുമിച്ചുകൂടി

എല്ലാവർക്കും നന്മകൾ നൽകുന്നവനും വിശേഷിച്ച് അവർക്കു മേന്മ കൽപ്പിക്കുന്നവനുമായ നിനക്കു വിരോധ മായി തിന്മകൾആലോചിച്ചു. എല്ലാവർക്കുംവേണ്ടി മരിപ്പാൻ എഴുന്നെള്ളി വന്നവനും സകലത്തിൻേറയും ജിവനുമാകുന്ന നിന്നെ കൊലപ്പെടുത്തുവാനായി ഏൽപ്പിച്ചുകൊടുക്കുന്നതിന് അവൻേറ സ്വാതന്ത്ര്യത്താലും സാത്താൻേറ വശീകരണ ത്താലും യഹൂദസ്ക്കറിയോത്താ ഇന്നേദിവസം കള്ളപ്പുരോ ഹിതന്മാരുടെ അടുക്കലേക്കുപോയി. സ്വന്തരക്തത്താൽ ലോകമെല്ലാം വിലയ്ക്കുവാങ്ങുവാൻ എഴുന്നെള്ളിവന്നവ നായ നിന്നെ വിലയ്ക്കു വിൽക്കുവാൻ ആ വഞ്ചകനായ ശിഷ്യൻ വെറുതെ നിന്നെ ദ്രോഹിക്കുന്നവരോടുകൂടി ഇന്ന് ആലോചനനടത്തി. ദീർഘദർശി എഴുതിയിരിക്കുന്ന പ്രകാരം ദുഷ്ടന്മാരും മത്സരക്കാരുമായ ദാസന്മാർ സകലത്തി ൻേറയും നാഥനായ നിനക്കു മുപ്പതു വെള്ളിപ്പണം ഇന്നു വില നിശ്ചയിച്ചു. ഇന്നു ചെന്നായ് ആയിത്തീർന്ന കുഞ്ഞാടിൽ ദുഷ്ടന്മാരുടെ സംഘത്തോടുകൂടെ ആകൽക്ക റുസാ സന്തോഷിച്ചു. നിൻേറ തൊഴുത്തിൽനിന്ന് വഴിതെറ്റി പ്പോയ ആടിനെ ക്രൂരചെന്നായുടെ വായിൽനിന്ന് നിൻേറ ബലിമൂലം വീണ്ടെടുപ്പാൻ എഴുന്നെള്ളിവന്ന നല്ല ഇടയനും കുറ്റമില്ലാത്ത കുഞ്ഞാടും ആയ നിനക്ക് വിരോധമായി പാഞ്ഞെത്തി. ഇന്നു യൂദ വെറും മുപ്പതു വെള്ളിക്കാശിനു നിന്നെ വിറ്റു. വേശ്യാസ്ത്രീ മുന്നൂറു പണത്തിനു വാങ്ങിയ തൈലവുമായി നിൻേറ അടുക്കൽ വരികയും വിലതീരാത്ത ദിവ്യമൂറോനാകുന്ന നിന്നെ പൂശുകയും ചെയ്തു. ഇന്ന്

യഹൂദാ നിൻെറ ദൈവികചാർച്ചയിൽനിന്ന് വിട്ടു പുറപ്പെട്ടു പോയി. പാപിയായ സ്ത്രീ അവളുടെ കണ്ണുനീർകൊണ്ട് നിഷ്ക്കളങ്കസ്നേഹത്തോടെ നീയുമായി ചാർച്ച സമ്പാദിച്ചു. ഇന്നു വഞ്ചകൻ തൻെറഇഷ്ടം സാധിപ്പിച്ചതും ശിഷ്യഗണം നിൻെറ കഷ്ടാനുഭവത്തേയും നിൻെറ സ്ഥാനത്തുനിന്ന് വേർപ്പെട്ടുപോയ വഞ്ചകശിഷ്യനേയും കുറിച്ചു ദുഃഖിച്ചതും കണ്ടിട്ട് ക്രൂരന്മാരുടെ സംഘം ഉല്ലസിച്ചു തുള്ളിക്കളിക്കുന്നു. ഇന്ന് വലത്തുഭാഗം അതിൽനിന്ന് പിരിഞ്ഞുപോയ സ്വതന്ത്രനെക്കുറിച്ചു ദുഃഖിക്കുകയും ഇടത്തുഭാഗം വലത്തുള്ളവനെ വശീകരിച്ച് തട്ടിക്കൊണ്ട് പോന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഇന്ന് സകല തിന്മകളു ടേയും മൂലമായ ദ്രവ്യസ്നേഹം നിൻെറസ്നേഹിതനായ യഹൂദായെ ശിഷ്യപദവിയിൽനിന്ന് നശിപ്പിച്ച് തൂങ്ങിച്ചാ വേണ്ടവനാക്കിത്തീർത്തു. എൻെറ കർത്താവേ നിന്നെ വഞ്ചിച്ചവൻ ആശാഭംഗത്താൽ അവനെ നശിപ്പിച്ചതു വരേയ്ക്കും ദീർഘക്ഷമയോടെ വർത്തിച്ച നിൻെറ നന്മകളെ അളക്കുവാൻ ആർക്കുകഴിയും. ചുരുങ്ങിയ പണത്തിന് വിറ്റു കൈമാറ്റം ചെയ്തവനെയും ജീവകരമായ ഉപദേശത്തിൽ നിന്നു വിരോധിക്കാതെയിരുന്ന നിന്നെ പ്പോലെ ദയാലുവും ശാന്തനുമായി ആരുള്ളു. നിനക്കു വിരോധമായി പൊക്കിയ കുതികാലിനെ കീപ്പായുടേതിനെ പ്പോലെ കഴുകുവാൻ തക്കവണ്ണം താഴ്മ പൂണ്ട ഉന്നത നായ നിനക്ക് സദൃശ്യനായി ആരുള്ളു. കൂസൽകൂടാതെ പാത്രത്തിൽ നിന്നോടൊപ്പം കൈയ്യിട്ടവനെ കുർബ്ബാന

അപ്പത്തിൽനിന്ന് വിരോധിക്കാതെ ഇരുന്നവനായി ഉയരത്തിൽനിന്ന് ഇറങ്ങിവന്ന ജീവൻെറ അപ്പമായ നിന്നോട് ഉപമിക്കാവുന്നവൻ ആരുള്ളൂ. എന്നാൽ നിൻെറ പേരിൽ വെറുതെ അസൂയയും വഞ്ചനയും വഴക്കും ഉൾക്കൊണ്ടിരുന്ന അവന് യോഗ്യമായിരുന്ന വിധത്തിൽ അതിനെ വെള്ളത്തിൽമുക്കി നീ കൊടുത്തു. എന്നാൽ എൻെറ നാഥാ നിൻെറ രക്തത്താൽ വിലയ്ക്കു വാങ്ങിക്കപ്പെട്ടവരും നിൻെറ സ്ലീബായാൽ രക്ഷിക്കപ്പെട്ടവരും നിൻെറ തിരുനാമത്താൽ ഉൽക്കർഷപ്പെട്ടവരും ഞങ്ങൾക്കു വേണ്ടിയുള്ള രക്ഷാകരമായ നിൻെറ കഷ്ടാനുഭവങ്ങളിൽ പ്രശംസിക്കുന്നവരുമായ ഞങ്ങൾ ദുഃഖത്തോടും ഹൃദയ ശുഷ്ക്കാന്തിയോടും നിന്നോട് അപേക്ഷിക്കുന്നു. സകല തിന്മകളുടേയും മൂലമായ ദ്രവ്യസ്നേഹത്തിൽനിന്ന് നീ ഞങ്ങളെ അകറ്റണമെ. വഴക്കിൽനിന്നും കോപത്തിൽനിന്നും ഞങ്ങളെ വെടിപ്പാക്കണമെ. അസൂയയിൽനിന്നും ചതിവിൽ നിന്നും ഞങ്ങളെ വേർതിരിക്കണമെ. വഞ്ചനയിൽനിന്നും കൗശലത്തിൽനിന്നും ഞങ്ങളെ നിർമ്മലീകരിക്കണമെ. സകല അധർമ്മങ്ങളിൽനിന്നും ഞങ്ങളെ നീ അകറ്റണമെ. നാശകരമായ ആശാഭംഗത്തിൽനിന്നു ഞങ്ങളെ വീണ്ടെടുക്കണമെ. എൻെറ നാഥാ ഇവയ്ക്കുപകരം വിശ്വാസവും ആശയും പരിപൂർണ്ണസ്നേഹവും നിരപ്പും സമാധാനവും സൗമ്യതയും ദയയും പരമാർത്ഥതയും സത്യവും താഴ്മയും വെടിപ്പും സന്തോഷവും ആഹ്ളാദവും നിനക്കു പ്രസാദകരമായിരിക്കുന്നസകലസദാചാരവും ഞങ്ങളിൽനിറയ്ക്കണമെ.

നിൻെറ വിശുദ്ധശ്ലീഹന്മാരെപ്പോലെ ജീവിപ്പിക്കുന്നതായ നിൻെറ തിരുശരീരവും തിരുരക്തവും കൈക്കൊള്ളുന്നതിനും നിൻെറകഷ്ടതകളിൽ നിന്നോടുകൂടെ കഷ്ടപ്പെടുന്നിതനും നിൻെറ പുനരുത്ഥാനത്തിൽ സന്തോഷിപ്പാനും നിൻെറ പ്രത്യക്ഷതയിൽ ആനന്ദിപ്പാനും ഞങ്ങൾ യോഗ്യരായിത്തീരണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ - കൂക്കോയോ

1. ബുധനും വ്യാഴവുമേരുശലേം പുരിയിൽ വൻബഹളം
വിറ്റവനും വാങ്ങിച്ചവനും നേടിയതില്ലേതും
യൂദാ വിറ്റു, കയ്യാപ്പാ വാങ്ങി
ഇരുവരുമൊരുപോൽ വഞ്ചകരാം ശിഷ്യർ
ലാഭം സിദ്ധിച്ചില്ല കൊടു-ത്തോനും കൊണ്ടോനും
നരകത്തോടങ്ങെരിതീയും രണ്ടാൾക്കും സജ്ജം
ഹാലേലുയ്യാ കഷ്ടമവർക്കെന്നും.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ--

2. ഗുരുവിനെ വഞ്ചിപ്പാൻ ശപ്തർ-ദ്രവ്യാഗ്രഹി ശിഷ്യൻ
ദുഷ്ടപിശാചിൽ സന്തതിയ-പ്രാണദനുടയോനെ
ചതിവാൽ വിറ്റ് ദ്രവ്യം നേടീടാം
എന്നകതാരിൽ ചിന്തിച്ചാൻ ഗൂഢം

ആഗതനായ് ശിഷ്യൻ കൈയ്യാൽ വിൽക്കപ്പെട്ടു
തൻ രക്തത്താൽ തിരുസഭയെവാങ്ങി സ്ലീബായാൽ
ഹാലേലുയ്യാ രക്ഷിച്ചോൻസ്തുത്യൻ. മൊറിയോ--

എത്രൊ

എൻെറ കർത്താവേ, നിൻെറ പ്രത്യക്ഷതയുടെ പ്രകാശത്താൽ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. നിൻെറ സ്ലീബായെക്കുറിച്ചുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാക്കളെ ഉറപ്പിക്കണമെ. നിൻെറ പീഡാരാഹിത്യം കൊണ്ടു ഞങ്ങളുടെ ശരീരങ്ങളെ ആയുധം ധരിപ്പിക്കണമെ. നിൻെറ കൃപയുടെ ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ കാത്തുരക്ഷിക്കണമെ. നിൻെറ സ്തുതികളെ വന്ദിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ ഉണർത്തണമെ. നിന്നെ പ്രസാദിപ്പിക്കുന്ന സദാചാര പരിമളം ഞങ്ങളിൽ ധൂപിപ്പിക്കണമെ. എൻെറ കർത്താവേ, നിൻേറയും നിൻെറ പിതാവിൻേറയും പരിശുദ്ധറൂഹായുടേയും പ്രീതിക്കായി ഞങ്ങളുടെ ധൂപം കൈക്കൊള്ളണമെ. മോറാൻ വാലോഹാൻ--

വീണ്ടും കോലോ

താണിറങ്ങിവന്ന് ശരീരംധരിക്കുകയുംആദാമിനെ അവൻെറ സ്ഥലത്തുവച്ച് സന്ദർശിക്കുകയും അവനെ വീഴ്ചയിൽ നിന്നെഴുന്നേൽപ്പിക്കുകയും ചെയ്ത ദൈവമേ നിനക്കു സ്തുതി. മനുഷ്യവർഗ്ഗം ഉയർത്തപ്പെടുകയും പിശാചുക്കൾ വീഴുകയും ചെയ്വാൻ തക്കവണ്ണം നീ വിനയപ്പെടുകയും കഷ്ടതകൾ സഹിക്കുകയുംചെയ്തു. അക്രമികളാൽ നീ

പരിഹസിക്കപ്പെട്ടു. ശമരിയാക്കാരൻഎന്ന് നീ വിളിക്കപ്പെട്ടു. ആ അഹങ്കാരികൾ അന്ധതപ്പെടാതിരിപ്പാനായി നിന്റെ പ്രഭയെ നീ മറച്ചുവച്ചു. നിന്റെ സകല നന്മകൾക്കും പകരം അന്യായക്കാർക്കുള്ള നിന്ദയിൻ സ്ക്കീപ്പാ അവർ നിനക്കായി ഒരുക്കി. ബാറെക്മോർ † ശുബഹോ: മെന്ഓലം

നെടുവീർപ്പോടെ പ്രാർത്ഥിപ്പാൻ നീ മുട്ടുകുത്തി. പ്രാർത്ഥനകളെ കൈക്കൊള്ളുന്ന നീ മുഴക്കം നിറഞ്ഞ ശബ്ദത്താൽ നിന്റെ പിതാവിനോടുപ്രാർത്ഥിച്ചു. നീ മനുഷ്യനായിത്തീർന്നതുകൊണ്ട് പ്രാർത്ഥനയ്ക്കായി സ്നേഹത്തോടെ നീ സ്വയം വിനയപ്പെട്ടു. സ്രാപ്പേന്മാർ നിന്റെ മുമ്പിൽ ഭയന്നു വിറയ്ക്കുകയും തങ്ങളുടെ മുഖം മറയ്ക്കുകയുംചെയ്യുന്നു. സീയോൻ പുത്രന്മാരായ ഭോഷന്മാർ നിനക്കായി നിന്ദയുടെ സ്ക്കീപ്പാ ഒരുക്കി. അന്ധകാരത്തിൽനിന്ന് അവർ രക്ഷപ്പെടുവാൻ അവർക്കുവേണ്ടി ഇത്രത്തോളം സഹിച്ചവനായ നിനക്കു സ്തുതി.

Qolo: ***mshiho natrih l'edthok***

1. Glory to You O God who lowered Yourself and put on body and visited Adam in his place and raised him from his fall. You humbled Yourself and put on passion in order to raise our race and cause the demons to fall. You were insulted by the evil-doers, and You were called 'Samaritan'. You had concealed Your glory lest the insolents become blind. In spite of all Your favours, they

prepared the cross of disgrace for You with the evil-doers. **Barekmore**

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. With sighs He knelt down to pray. The One who receives prayers beseeched the Father who sent Him with words full of agony. Since You became man, by Your love, Your lowered Yourself for prayer. The Seraphim tremble before Him and hide their faces. The foolish children of Zion prepared the cross of disgrace for Him. Glory to Him who endured so much at the hands of the evil doers, to save them from darkness.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܗܘܒܒܐ ܕܗܫܠܡܟ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

വിമലൻ വീരൻ മാലേറ്റെങ്കിൽ

ഒഴിവാകും മൺ-മക്കളിലേവൻ

വിനയം നീ ശീ-ലിപ്പി-ച്ചോണം

ശീലിപ്പിക്കാൻ മർത്യന്മാരിൽ

പാർത്താലാർക്കും മഹിമാവില്ല.

സൗഖ്യപ്രദനാം വൈദ്യൻ പേർക്കായ്
ദോഷം നിറയും പകരം നൽകി
നീ രോഗാർത്തർ-ക്കേകി സൗഖ്യം
തലയിൽ തല്ലി മുഖതാർ തന്നിൽ
തുപ്പി കുമ്പി-ട്ടാക്ഷേപിച്ചു.

ഹൃദയം കഠിനം മൃദുവായില്ല
നിന്ദ്യം കർമ്മം കൈവിട്ടില്ല
ഹാ ദൈവത്തെ വിദ്വേഷിച്ചാർ
അവരെത്തനയൻ തീരെ താഴ്ത്തി
വിശ്വാസത്തിൽ വിഘ്നക്കാരായ്.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܝܶܢ ܠܶܗ ܠܥܳܠܡܳܐ ܕܕܳܝܶܢ
ܠܥܰܒ̈ܕܰܝܟ ܥܰܡ ܡܳܪܝ ܠܳܐ ܬܶܬܥܰܠ ❉ ܡܳܪܝ ܐܶܬܪܰܚܰܡ ❉

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܠܰܝܢ ܒܚܰܫܳܐ ܕܗܘܳܐ ܕܚܠܳܦܰܝܢ
ܒܚܰܫܳܐ ܕܗܘܳܐ ܫܰܒ̈ܬܳܐ ܘܰܒܥܪܘܽܒܬܳܐ ܕܚܰܫܳܐ ❉
ܠܗܘܢ ܐܶܬܪܰܚܰܡ ܡܳܪܝ ܒܣܘܽܓܳܐ ܕܚܶܣܕܳܐ ܥܠܰܝܢ ❉

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 എന്നെ നിങ്ങളിലൊരുവൻ താൻ
ഏൽപ്പിച്ചിടുമെന്നുരചെയ്താൻ
ഇതുകേട്ടപ്പോൾ ശിഷ്യന്മാർ
ഭീതിനിമിത്തം ചഞ്ചലരായ്
മ്ളാനതപൂണ്ട മുഖത്തോടെ സംഭ്രമപൂർവ്വം മന്ത്രിച്ചു
എന്തോതണമെന്നറിയാതെ
നോക്കുകയായവരന്യോന്യം. ദേവാ ദയ---

2 ഗുരുമൃതിയോർത്തോ വേർപിരിയും
ശിഷ്യനെയോർത്തോ കരയേണ്ടൂ ?
ഗുരുവിങ്കൽ പരമസ്നേഹം
സ്നേഹിതനിൽ ബഹുവാത്സല്യം
ഗുരുവേവിരഹം ഖേദകരം
പ്രിയനെ നഷ്ടം ഖേദകരം
ഉള്ളിലുയർന്നവിഷാദത്താ-ലവരത്യന്തംപേടിച്ചു. ദേവാ--
3 ദൈവസുതാനിന്നെ നിന്ദി-ച്ചയ്യോ കൈവിട്ടോനാരാം
മഹിതസ്ഥാനം വിട്ടിന്നാൾ
വീണോനാംവത്സലനാരാം സിംഹാസനമതു വിട്ടയ്യോ
പടുകുഴിയിൽ പെട്ടോനാരാം
പ്രാവുസമം വിമലത കാട്ടി
ഗൂഢം കെണിവെച്ചോനാരാം. ദേവാ ദയ---

4 സ്നേഹം ഭാവിച്ചൊളിവിൽ താൻ
വാളിനു മൂർച്ചവരുത്തുന്നോൻ

സാത്താൻ കക്ഷിയിലുൾപ്പെട്ട്
ക്രൂശകമൈത്രി പുലർത്തുന്നോൻ
ഉജ്ജ്വലതേജസ്സേനിന്നെ, ഒറ്റുന്നോനാരാണാവോ?
താതൻ തൻ കതിരേ നിന്നെ
തള്ളുന്നോനാരാണാവോ ?
ആ ശിഷ്യന്മാരൊന്നാകെ
സങ്കടവും വ്യഥയും പൂണ്ടു. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

പഴമ വായന

Leviticus 6: 24 - 7: 7, 1 Samuel 16: 1 - 13
Isaiah 5: 1 - 7

ശ്ലീഹാ വായന

Acts 19: 37 - 52; Colossians 1: 9 - 23

ഏവൻഗേലിയോൻ.

ഹാ- ഹാ- ഭോഷൻചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം
നാശം പ്രാപിച്ചാർ വഞ്ചനയാൽമാലിന്യത്തിൻ. ഹാലേലുയ്യാ

വി. യോഹന്നാൻ 6. 63 - 7. 13

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܘܥܠܝܟܘܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ⁜ ܐܡܝܢ ⁜

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܝܘܚܢܢ ܫܠܝܚܐ ⁜ ܟܪܘܙܘܬܗ ⁜

യേശുഅരുൾചെയ്തു. ജീവൻ നൽകുന്നത് ആത്മാവാണ്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു. എന്നാൽ വിശ്വസിക്കാത്ത ചിലർ നിങ്ങളിലുണ്ട്. വിശ്വസിക്കാത്തവർ ആരെല്ലാമെന്നും, തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്നും, യേശു മുന്നമേ അറിഞ്ഞിരുന്നു. അവൻ അവരോട് പിന്നെയും പറഞ്ഞു. എൻെറ പിതാവ് വരം നൽകുന്നില്ലെങ്കിൽ ആർക്കും എൻെറ അടുക്കൽ വരുവാൻ കഴിയുകയില്ലെന്ന് ഞാൻ നിങ്ങളോട് പറഞ്ഞത് ഇതു കൊണ്ടാണ്. ഈ വചനം നിമിത്തം അവൻെറ ശിഷ്യന്മാരിൽ പലരും അവനെ വിട്ടുപോയി. പിന്നെ അവർ അവനോടുകൂടി സഞ്ചരിച്ചതുമില്ല. അപ്പോൾ യേശു പന്തിരുവരോട്, നിങ്ങളും പോകുവാൻ ആഗ്രഹിക്കുന്നുവോ എന്നു ചോദിച്ചു. ശീമോൻ കീപ്പാ അവനോട്, കർത്താവേ ഞങ്ങൾ ആരുടെയടുക്കൽ പോകും, നിൻെറയടുക്കൽ ജീവൻെറ വചനം ഉണ്ടല്ലോ, നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മശിഹായാകുന്നുവെന്ന് ഞങ്ങൾ വിശ്വസിച്ചും ഇരിക്കുന്നുഎന്ന് ഉത്തരംപറഞ്ഞു. യേശുഅവരോട്, നിങ്ങൾ പന്ത്രണ്ടു പേരെയല്ലയോ ഞാൻ തിരഞ്ഞെടുത്തത്, എങ്കിലും ഒരുവൻസാത്താനാകുന്നു എന്നു പറഞ്ഞു. പന്തിരുവരിൽപ്പെട്ട ശീമോൻ ഇസ്ക്കറിയോത്തായുടെ മകനായ യൂദാ അവനെ ഒറ്റിക്കൊടുക്കുവാനിരുന്നതിനാൽ അവനെക്കുറിച്ചാണ് ഇതു പറഞ്ഞത്. ഇതിനുശേഷം യേശു ഗലീലയിൽചുറ്റിസഞ്ചരിച്ചു. അവനെ കൊല്ലുവാൻ യഹൂദന്മാർ അന്വേഷിച്ചിരുന്നതു

കൊണ്ട് യഹൂദ്യയിൽ സഞ്ചരിക്കുവാൻ അവൻ ഇഷ്ടപ്പെട്ടിരുന്നില്ല. യഹൂദന്മാരുടെ കൂടാരപ്പെരുന്നാൾ അടുത്തിരുന്നു. അവൻെറ സഹോദരന്മാർ അവനോട്, നീ ചെയ്യുന്ന പ്രവൃത്തികൾ നിൻെറ ശിഷ്യന്മാർ കാണുവാൻ, നീ ഇവിടംവിട്ട് യഹൂദ്യയിലേക്ക് ചെല്ലുക. എന്തെന്നാൽ പരസ്യമായി അറിയപ്പെടുവാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി ഒന്നും ചെയ്യാറില്ലല്ലോ. നീ ഇതൊക്കെ ചെയ്യുന്നെങ്കിൽ ലോകത്തിന്നിന്നെത്തന്നെ വെളിപ്പെടുത്തുക എന്നു പറഞ്ഞു. യേശുവിൻെറ സഹോദരന്മാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല. യേശു അവരോട് പറഞ്ഞു. എൻെറസമയം ഇരുവരെ ആയിട്ടില്ല. നിങ്ങളുടെ സമയമോ എപ്പോഴും അനുകൂലമാണല്ലോ. ലോകത്തിന് നിങ്ങളെ ദ്വേഷിക്കുവാൻകഴിയുന്നതല്ല. എന്നാൽ അതിൻെറ പ്രവൃത്തി ദോഷമുള്ളതെന്ന് ഞാൻ സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ ദ്വേഷിക്കുന്നു. നിങ്ങൾ പെരുന്നാളിനു പോകുക. എൻെറ സമയം പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ പെരുന്നാളിന് ഇപ്പോൾ ഞാൻ വരുന്നില്ല. ഇങ്ങനെ പറഞ്ഞിട്ട് യേശു ഗലീലയിൽ തന്നെ താമസിച്ചു. എന്നാൽ അവൻെറ സഹോദരന്മാർ പെരുന്നാളിനു പോയശേഷം അവനുംപരസ്യമായല്ലാതെരഹസ്യമായിപോയി. പെരുന്നാളിൽ അവൻ എവിടെഎന്ന് യഹൂദന്മാർഅന്വേഷിച്ചുകൊണ്ടിരുന്നു. ജനങ്ങൾരഹസ്യമായിഅവനെക്കുറിച്ച് പലതും പറഞ്ഞിരുന്നു. ചിലർ, അവൻ നല്ലവനാണെന്നും, മറ്റുചിലർ, അല്ല അവൻ ജനങ്ങളെ വഴിപിഴപ്പിക്കുന്നവനാണെന്നും പറഞ്ഞു. എന്നാൽ

യഹൂദന്മാരെ ഭയന്ന് ആരും പരസ്യമായി അവനെക്കുറിച്ച് സംസാരിച്ചില്ല. ⁜ ܩܘܩܠܝܘܢ ⁜ ܥܕܢܐ ܕܨܦܪܐ

പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രംചെയ്യുന്നതും, ഉന്നതമായ തൻെറ തിരുനാമത്തിനുപാടുന്നതും, പ്രഭാതത്തിൽ തൻെറ കൃപയും, രാത്രികാലങ്ങളിൽ തൻെറ വിശ്വാസവും, അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതത്തിൽ എൻെറ ശബ്ദം നീ കേൾക്കണമെ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു കരുണ തോന്നണമെ. കർത്താവേ, ഞങ്ങളെല്ലാവരുടെയും പാപങ്ങൾപരിഹരിച്ചുക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ നിൻെറ വലത്തുകൈ ആവസിപ്പിച്ച് നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെപാപരോഗത്തെസൗഖ്യമാക്കണമെ.ആമ്മീൻ.

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor.**

ܥܡܐ ܕܐܬܘܕ ܒܠܠ ܡܘܬܟ ܒܕܝܢܟ ܢܬܕܝܢܘܢ
ܘܡܩܒܠܢܐ ܕܐܘܕܝܘ ܒܟ ܘܒܚܫܝܟ ܢܥܠܘܢ ܠܡܠܟܘܬܟ ✠[3]

ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܫܘܒܚܐ ✠ ܘܣܓܕܬܐ ܦܫܝܛܐ ܠܪܘܚܐ ܩܕܝܫܐ
ܘܪܘܡܪܡܐ ✠ ܘܥܠܝܢ ܚܛܝܐ ܦܫܝܛܐ ܘܚܢܢܐ ✠ ܢܬܦܬܚܘܢ
ܬܪ̈ܥܝ ܐܘܪܫܠܡ ܕܠܥܠ ✠ ܘܬܬܩܒܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക്തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കുംനിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ

ܒܳܪܝ ܡܳܘܪܝ ܕܚܰܠܦܰܝܢ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg’d, in Thy judgement, who called for Thy Death.
Who receiv’d Thee- and Thy Passion, shall reach Thy Kingdom. (3 Times)
Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

[illegible]
[illegible] ܠܥܳܠܰܡ ܥܳܠܡܺܝܢ ✠ [3]

ܠܳܟ݂ ܡܳܪܝ [illegible] ✠ [illegible]
[illegible] ✠ [illegible] ✠ [illegible]
[illegible] ✠ [illegible]
[illegible] ✠ [illegible]
[illegible] ✠ ܒܰܪܶܟ݂ܡܳܪ ✠

ܐܰܒ݂ܽܘܢ ܕܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܽܘܢ ܕܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕܰܫ ܫܡܳܟ݂ . ܬܺܐܬ݂ܶܐ ܡܰܠܟ݂ܽܘܬ݂ܳܟ݂ . ܢܶܗܘܶܐ ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟ݂ܰܢܳܐ ܕܒ݂ܰܫܡܰܝܳܐ ܐܳܦ݂ ܒܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒ݂ܽܘܩ ܠܰܢ ܚܰܘܒܰܝܢ ܘܰܚܛܳܗܰܝܢ : ܐܰܝܟ݂ܰܢܳܐ ܕܳܐܦ݂ ܚܢܰܢ ܫܒ݂ܰܩܢ ܠܚܰܝܳܒ݂ܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ ܡܶܛܽܠ ܕܕ݁ܺܝܠܳܟ݂ ܗ݈ܝ ܡܰܠܟ݂ܽܘܬ݂ܳܐ ܘܚܰܝܠܳܐ ܘܬ݂ܶܫܒ݂ܽܘܚܬ݂ܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ✠ ܐܰܡܺܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ

പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറരക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെരക്ഷിച്ചുകൊള്ളണമെ. എൻെറനാവ് നിൻെറനീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - സീയോനിൻ തരുവിൽ ക്രൂശേറ്റോനേ എന്നപോലെ

1 യാതനയിൽ ഞങ്ങൾ വിജയം നേടാൻ
യാതനയേ-ൽപ്പാൻ സദയം വന്നോ-നേ
ദേവാ ദയചെയ്തീടണമെ.

2 ഞങ്ങൾക്കായ് തോളിൽ കുരിശേറ്റോനേ
സഭയം ക്രോ-ബേ-ന്മാരേന്തുന്നോ-നേ
ദേവാ ദയചെയ്തീടണമെ.

3 ഞങ്ങൾക്കായ് മാനവനായ്ത്തീർന്നോനേ
അഴലേറ്റാ-ദാമിനെ രക്ഷിച്ചോ-നേ
ദേവാ ദയചെയ്തീടണമെ.

4 ജഡപരമാം പങ്കപ്പാടുകളാലെ
ഞങ്ങളെ പാ-പം സർവ്വം തീർത്തോ-നേ
ദേവാ ദയചെയ്തീടണമെ.

5 കരുണയൊടീ-ശുശ്രൂഷകൾ കൈക്കൊണ്ട്
യാചനക-ൾക്കായ് ഉത്തരമരുളേ-ണം
ദേവാ ദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

6 കനിവോടാ-ദാമിനെ സൃഷ്ടിച്ചോനേ

മൃതിയാർന്നോരെ-മോചിപ്പിച്ചോ-നേ

ദേവാ ദയചെയ്തീടണമെ. സ്തൗമെൻകാലോസ്----കൂറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܚܝܠܐ ܟܠܗ ܘܫܘܒܚܐ ܘܐܝܩܪܐ ܩܡ ܦܐܝܐ ܢܟܐ ܀ ܦܐܝܐ ܡܫܒܚܢܐ

ܦܢܝܢ ܒܟܠܗ ܘܒܪܝܟ ܀ ܠܥܠܡ ܘܡܢܗܪܢܐ ܘܪܫܐ ܘܩܕܝܫܐ ܘܡܥܠܝܐ

ܘܡܫܒܚܐ ܐܠܗܐ ܕܠܐ ܫܘܠܐ ܐܝܩܪܐ ܒܟܠܠ ܠܟ

ܘܒܟܠܟܝ ܠܥܠܡ ܥܠܡܝܢ ܀

ഞങ്ങളുടെ പാപമോചനത്തിനുവേണ്ടി സ്വന്തദേഹത്തെ ബലികഴിക്കുകയും തൻെറ താഴ്മയുടെ പീഡയാൽ ഞങ്ങളെ രക്ഷിക്കുകയും കുരിശുമരണത്താൽ മരം മൂലമുണ്ടായ ശിക്ഷയെ നീക്കുകയും ചെയ്ത പരിശുദ്ധ പ്രധാനാചാര്യനായ കർത്താവിന് സ്തുതി. തനിക്ക് മൂന്നാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

ഞങ്ങളുടെ മശിഹാതമ്പുരാനേ കുറ്റക്കാരനായ ആദാമിനെ മരണശിക്ഷയിൽനിന്നും ആജ്ഞാലംഘനശിക്ഷയിൽനിന്നും സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ട് നിൻെറ അനുഗ്രഹങ്ങളും കരുണാബാഹുല്യവും നിമിത്തം അവനുവേണ്ടി മനസ്സോടെ കഷ്ടതയ്ക്കും താഴ്മയ്ക്കും ആയി നീ എഴുന്നെള്ളിവന്നു. മിസ്രയീമിൽവച്ച് നിൻെറ ദാസനായ മോശ മുൻകൂട്ടി

വരച്ചുവച്ച സൂചനയെ നിന്റെ ദേഹത്തിൽ നീ നിറവേറ്റി. വിശുദ്ധസഭയുടെ ജീവകരമായ അറിവുകളും രഹസ്യങ്ങളും നിറഞ്ഞ മാളികയിൽവച്ച് രക്ഷയുടെ ആ സന്ധ്യയിൽ ശ്ലീഹന്മാരുടെ സംഘത്തിനു മുമ്പാകെ ഇതിനെ നിറവേറ്റി. എന്തെന്നാൽ പഴയതിനെ കുഞ്ഞാടിനെക്കൊണ്ടു അവസാനിപ്പിക്കുകയും പുതിയതിനെ അപ്പം കൊണ്ടാരംഭിക്കുകയും, രഹസ്യപൂർണ്ണമായ ആ അത്താഴത്തിൽവച്ച് ഞങ്ങളെ പുണ്യപ്പെടുത്തുന്നതിന് നിന്റെ ശരീരവും രക്തവും ഭക്ഷണപാനീയങ്ങളായി ഞങ്ങൾക്കു നീ നൽകുകയും ചെയ്തു. നിന്റെ ശിരസ്സിനെ വഞ്ചനയുടെ ചുംബനത്തിന് നീ ചായിച്ചുകൊടുത്തു. ശപിക്കപ്പെട്ട യഹൂദജനത്താൽ നീ പടിക്കപ്പെട്ടു. കുരിശിലെ അപമാനത്തിനായി നീ എഴുന്നെള്ളിവരികയും കഷ്ടാനുഭവങ്ങളാൽന്യായസ്ഥലത്തു നിൽക്കുകയുംചെയ്തു. പാപശിക്ഷയിൽ നിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുവാൻ അഹങ്കാരിയായ ദാസനിൽനിന്ന് ചെകിട്ടത്ത് അടിയേൽക്കുകയും ഒരു കുറ്റക്കാരനെപ്പോലെ ന്യായവിധി സ്ഥലത്തു നിൽക്കുകയും ചെയ്തു. അശുദ്ധന്മാരിൽനിന്നു തിരുമുഖത്തേറ്റ തുപ്പൽകൊണ്ട് കൽപ്പനലംഘനത്താൽ ഞങ്ങളെ കീഴടക്കിയതായ നികൃഷ്ടാപമാനത്തെ ഞങ്ങളുടെ എല്ലാവരുടേയും മുഖത്തുനിന്നു നീ നീക്കിക്കളഞ്ഞു. ദുഷ്ടന്റേയും ഘോരസർപ്പത്തിന്റേയും അസൂയയാൽ വൃക്ഷങ്ങളുടെ ഇടയിൽവച്ച് ഞങ്ങൾ ഊരിക്കളഞ്ഞ പരിശുദ്ധാത്മാവിനെ വീണ്ടും ഞങ്ങളെ ധരിപ്പിപ്പാനായി യഹൂദന്മാരുടെ ആക്ഷേപപരിഹാസങ്ങളാകുന്ന അശുദ്ധ

വസ്ത്രങ്ങൾ നീ ധരിച്ചു. ഞങ്ങളുടെ അവയവങ്ങളിൽ മരണത്തെ വിതച്ച പാപത്തെ നിന്റെ കിരീടത്തിന്റെ മുള്ളുകൾകൊണ്ട് വേരോടെ നീ പറിച്ചുകളഞ്ഞു. സപ്രേന്മാർ നിന്നെ വേദനപ്പെടുത്തിയ ഹാസ്യമായ കോൽകൊണ്ട് ജീവന്റെ പുസ്തകത്തിൽ ഞങ്ങളുടെ പേരുകൾ നീ എഴുതി. മരത്തിന്റെ മുകളിൽ നഗ്നനായി നീ തൂക്കപ്പെടുകയും സ്വശരീരത്യാഗത്തിൽ ദോഷങ്ങളുടെ തലവനും വ്യാജത്തിന്റെ പിതാവുമായ ആയാറിലെ പ്രഭുവിനെ നീ ലജ്ജിപ്പിക്കുകയുംചെയ്തു. വൃക്ഷത്തിന്റെ മരണകരമായ കനി ഭക്ഷിച്ച ആദാമിനുവേണ്ടി കാടിയും കയ്പ്പും നീ കുടിച്ചു. ആഹാരം മോഷ്ടിച്ചെടുത്ത് എല്ലാ തലമുറകളിലും മരണത്തെ പ്രവേശിപ്പിച്ച ആ കൈയുടെ നിമിത്തം നിന്റെ കൈകളും കാലുകളും ഇരുമ്പാണി തറപ്പാൻ നീ വിട്ടുകൊടുത്തു. നിന്റെ പിതാവിന്റെ ദീർഘദർശിമാർ മുൻകൂട്ടി നിന്നെക്കുറിച്ചു സൂചിപ്പിച്ചിട്ടുള്ള സകല സൂചനകളും നിന്റെ ശരീരംകൊണ്ട് നിറവേറ്റി. ഇതാസകലവുംനിവൃത്തിയായി എന്നു നീ അരുൾ ചെയ്തു. കർത്താവേ അവർണ്ണനീയമായ നിന്റെ താഴ്മയേയും സ്വമനസ്സോടെ കുറ്റമില്ലാതെ അനുഭവിച്ച കഷ്ടാനുഭവങ്ങളെയും ഓർത്ത് ഇവിടെയും എവിടെയുമുള്ള കാതോലികവും അപ്പോസ്തോലികവുമായ നിന്റെ പരിശുദ്ധസഭയെ പരിപാലിച്ചുകൊള്ളണമെ. അവൾ കുറ്റമില്ലാത്ത വിശ്വാസത്തോടെ നിന്റെ കഷ്ടനുഭവങ്ങളെ വന്ദിക്കുകയും നിന്റെ മനുഷ്യാവസ്ഥകളെ ഏറ്റുപറയുകയും ചെയ്യുന്നു.

സത്യമായിട്ട് എല്ലാറ്റിൻേറയുംദൈവമാകുന്ന നിന്നെ അവൾ അറിയുകയും ഞങ്ങളുടെ വർഗ്ഗത്തിൻെറ കുറ്റത്തെ മായിച്ചു കളഞ്ഞവയായ നിൻെറ കഷ്ടാനുഭവങ്ങളുടെ ഓർമ്മയെ കഴിക്കുന്ന ഈ സമയത്ത് ബലഹീനതും അരിഷ്ടരുമായ ഞങ്ങൾ അർപ്പിക്കുന്ന ഈ പരിമളധൂപത്തോടുകൂടെ അവൾ നിന്നോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കും നിസ്സാരന്മാരായ ഞങ്ങളുടെ പ്രാർത്ഥനകളെ ആവശ്യപ്പെടുന്ന വിശ്വാസികളായ ഞങ്ങളുടെ എല്ലാ സഹോദരങ്ങൾക്കും കടങ്ങളുടെപരിഹാരവും പാപങ്ങളുടെ മോചനവും നീ നൽകണമെ. ഞങ്ങളുംഅവരും മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും ചെയ്തുപോയിട്ടുള്ള സകല പിഴകളേയും നീക്കി നിൻെറ ശരണത്തിന്മേൽ വാങ്ങിപ്പോയ വിശ്വാസികളായ എല്ലാ വാങ്ങിപ്പോയവർക്കും നല്ല ഓർമ്മ നീ ഉണ്ടാക്കണമെ. ഞങ്ങളും അവരും നിൻെറ വലത്തുഭാഗത്തു നിന്നു നിൻെറ കരുണ കാണുകയും നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

അവരുടെ രോഗികളെ സൗഖ്യമാക്കിവനെ ന്യായസ്ഥലത്തു വച്ച് കുറ്റപ്പെടുത്തുവാൻ ശപിക്കപ്പെട്ട യൂദജനം അസൂയയോടെ ആലോചിച്ചു. അവർ രഹസ്യമായി ആലോചിച്ച് പുറപ്പെട്ടുചെന്ന് തന്നെ പിടിക്കുകയും സ്ക്കീപ്പായ്ക്കും മരണത്തിനുമായി വിധിക്കുകയും ചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

കർത്താവേ നിന്റെ കഷ്ടാനുഭവത്തിൽ നിന്റെ സഭ ദുഃഖവസ്ത്രം ധരിച്ചിരിക്കുന്നു. സർവ്വസൃഷ്ടിയും സങ്കടവും വിലാസവും അണിയുകയും ചെയ്തിരിക്കുന്നു. ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ മരണത്തിൽ ഞങ്ങൾ പുകഴുന്നു. നിന്റെ വരവിന്റെ ദിവസത്തിൽ നിന്റെ മണവറയ്ക്കു ഞങ്ങളെ യോഗ്യരാക്കണമെ. **മൊറിയോ---**

The accursed Jewish people, by jealousy, took counsel to accuse the One Who healed their sick in the tribunal. The evil-doers plotted and conspired and went out and seized Him and condemned Him to Cross and death. **Barekmore.**

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

Behold, in Your passion, the Chruch has put on garment of lamentation and the entire creation has put on mourning and sorrow. In Your death for our sake, O Lord, we take pride and on the day of Your coming hold us all worthy of Your bridal chamber.

എത്രൊ

എൻെറ കർത്താവേ നിൻെറ കഷ്ടാനുഭവത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിൻെറ സഭയുടെ ധൂപത്തെ കൈക്കൊള്ളണമെ. തിരുരക്തത്താൽ വിലയ്ക്കു വാങ്ങിയ ഇടവകയുടെ ധൂപത്തിൽ നിരപ്പാകണമെ. നിൻെറ വധത്തിൽ അഭിമാനിക്കുന്ന നിൻെറ ആടുകളുടെ പ്രാർത്ഥന കളെ ശ്രദ്ധിക്കണമെ. നിൻെറ മുറിവുകളെ ആലിംഗനം ചെയ്യുന്ന നിൻെറ മണവാട്ടിയുടെ പ്രാർത്ഥനകളെ കേൾക്കണമെ. നിന്നിൽനിന്ന് അവളെ അകറ്റുന്ന സകല വികാരങ്ങളിൽനിന്നും നിൻെറ അവകാശത്തെ നിൻെറ സ്ലീബായാൽ കാത്തുകൊള്ളണമെ. അവൾ നിൻെറ മഹിമയിൽ മഹിമപ്പെടുകയും നിൻെറ പുനരുത്ഥാനനാളിൽ ഒരുമിച്ചുല്ലസിക്കുകയും നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുകയും ചെയ്യുമാറാകണമെ. മോറാൻ വാലോഹാൻ--

വീണ്ടും കോലോ

അത്യുന്നതൻ നമ്മുടെ രക്ഷയ്ക്കുവേണ്ടി തൻെറ ശ്രേഷ്ഠ തയെ എത്രയുംതാഴ്ത്തി. തൻ വന്ന് എല്ലാ കഷ്ടതകളും സഹിക്കുകയും അടിമയിൽനിന്ന് നമ്മെ സ്വാതന്ത്ര്യപ്പെടുത്തു കയുംചെയ്തു. നമ്മുടെ വർഗ്ഗത്തിനുവേണ്ടിയുള്ള തൻെറ താഴ്മയാൽ പിശാചുക്കളുടെ അഹങ്കാരത്തെ താൻ പരസ്യ മാക്കുകയുംചെയ്തു. ബാറെക്മോർ. † ശുബഹോ: മെന്ഓലം

എന്റെ സഹോദരന്മാരേ, നാം ഉണർന്ന് താൽപ്പര്യത്തോടും വിവേകത്തോടും നമുക്കുവേണ്ടിയുള്ള തന്റെകഷ്ടാനുഭവം മൂലം നമ്മുടെ കുറ്റങ്ങൾ ക്ഷമിക്കുന്നതിനും നമ്മുടെ ദുഷ്കൃത്യങ്ങൾ ഓർക്കാതിരിക്കുന്നതിനുംവേണ്ടി നമ്മുടെ രക്ഷകനോടു പ്രാർത്ഥിക്കണം.

Qolo: b'eden sapro dmethpathhin

1. How much the Great One has lowered His greatness for our salvation. He came and endured every sort of suffering and set us free from servitude. For the fake of our race, by His humiliation, He has unmasked the haughtiness of the demons. **Barekmore.**

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

2. Brethren, let us wake up, and pray with diligence and determination and beseech our Saviour to remit our debts, and not to remember our iniquities, by His passion that had taken place for our sake.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܐ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഇന്നാ-ൾ നാഥൻ ശിഷ്യ-ന്മാരോ-
ടേവം ചൊന്നാൻ നിങ്ങളിലേ-കൻ
    എന്നെ കാണി-ച്ചേൽപ്പി-ച്ചീടും
ക്രൂശി-പ്പോരീ-ന്നെൻ വില വാ-ങ്ങും
നേര-റ്റോർ തൻ പ്രിയനായ്ത്തീ-രും.

ഇന്നാൾ വ്യാജാ-ത്മാവാം ശി-ഷ്യൻ
വാങ്ങി-ക്കൊണ്ടാ മുപ്പതു വെ-ള്ളി
    കാണി-ച്ചീടാൻ സഖ്യം ചെയ്തു
ദുഷ്ട-ന്മാരാം സുതരുദ്ദേ-ശ്യം
സാധി-ച്ചതിനാൽ സന്തോഷിച്ചു.

മരുഭൂ-വിൽവ-ച്ചവരെ പോ-റ്റി
പകരം തന്നെ ആക്ഷേപി-ച്ചു
    ആ വീ-ഞ്ഞേ-റ്റം വർദ്ധി-പ്പി-ച്ച്
ഏവം പാരം സ്നേഹിച്ചോ-നേ
ഗോഗുൽ-ത്തായിൽ കുരിശിൽ തൂ-ക്കി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܰܝܳܢܶܗ ܟܽܠܗ ܥܳܠܡܳܐ ܕܽܘܢܰܝ
ܒܝܽܘܡܳܐ ܕܕܺܝܢܳܟ ܡܳܪܝ ܠܳܐ ܬܕܽܘܢܰܝܢ ⁜ ܡܳܪܝ ܪܰܚܶܡ ܥ̄ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬ݂ܪܰܚܰܡ ܒܰܫܡܳܟ ܕܰܡܶܐ ܕܝܰܠܕܳܐ
ܒܫܡܳܟ ܢܽܘܗܪܳܐ ܫܡܰܝܳܐ ܘܰܒܟܽܠܗܶܝܢ ܐܬܘܬ݂ܳܐ ⁜

ܐܠܗܐ ܪܚܡܢܐ ܡܢ ܒܚ̈ܫܝܟ ܚܘܣ ܥܠܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ
കൃപതോന്നേണമൻപാൽ

1 വൻ തീജ്വാലയെ മൺപൂഴി
പിടികൂടിയതോ അത്ഭുതമാം
ഉഗ്രത താഴ്ത്തിയ തീക്കുഴിയെ
ബന്ധിച്ചതു പരമാശ്ചര്യം
ബന്ധിച്ചതു പരമാശ്ചര്യം
ദുഷ്ടസമൂഹം ദൈവത്തെ
ബന്ധിച്ചിന്നാൾ വിധി നിലയെ
കൊണ്ടിഹ പോയതിലളവറ്റോ-
രത്ഭുതമാർക്കുണ്ടാകില്ല. ദേവാ ദയ---

2 ഇടയനെ ആ നായ്ക്കൾ ചുറ്റി
ആടുകളെങ്ങും ചിതറിപ്പോയ്
തെല്ലിട പിൻപ്പറ്റിയ ശീമോൻ
ഗുരുവിനെ അറികില്ലെന്നോതി
മനസ്സാ നാഥൻ നിറവേറ്റി
മാനവരക്ഷാവ്യാപാരം. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാ- ഹാലേലൂയ്യാ ഭോഷത്തരമവരുടെ വായോതുന്നു
അന്യായം വലതുകരത്തിൽ കവിയുന്നു. ഹാലേലൂയ്യാ

വി. യോഹന്നാൻ 7. 14 - 27

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܪܚܡܘܗܝ ܠܥܠܡܝܢ※ܐܡܝܢ※
ܘܠܢܝܚܝܗܘܢ ܦܫܝܛ ܡܢ ܩܕܡ ܡܫܝܚܐ ※ ܩܘܪܒܢܗܘܢ ※

പെരുന്നാൾ ദിവസങ്ങൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽപ്രവേശിച്ച് ഉപദേശിച്ചുതുടങ്ങി. യഹൂദന്മാർ ആശ്ചര്യപ്പെട്ട്, പഠിപ്പില്ലാത്ത ഇവന് എങ്ങനെ ഇത്ര അറിവ് ലഭിച്ചു എന്നു പറഞ്ഞു. യേശു അവരോട് അരുൾ ചെയ്തു. എന്റെ ഉപദേശം എന്റെ സ്വന്തമല്ല, എന്നെ അയച്ചവൻേറതാണ്. അവന്റെ ഇഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ, എന്റെ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ, ഞാൻ സ്വയം പറയുന്നതോ എന്നു മനസ്സിലാക്കും. സ്വമേധയാസംസാരിക്കുന്നവൻ സ്വന്തമഹത്വം ആഗ്രഹിക്കുന്നു. തന്നെ അയച്ചവന്റെ മഹത്വം അന്വേഷി ക്കുന്നവനാണ് സത്യവാൻ. അവനിൽ അനീതിയില്ല. മോശ നിങ്ങൾക്ക് ന്യായപ്രമാണം നൽകിയിട്ടില്ലയോ? നിങ്ങളിൽ

ഒരുവനും ന്യായപ്രമാണം അനുസരിക്കുന്നില്ല. നിങ്ങൾ എന്തിനാണ് എന്നെ കൊല്ലുവാൻ ശ്രമിക്കുന്നത്? അതിന് ജനം അവനോട്, നിന്നിൽ ഭൂതംമുണ്ട്. ആരാണ് നിന്നെ കൊല്ലുവാൻ ശ്രമിക്കുന്നത് എന്നു ചോദിച്ചു. യേശു അവരോട് ഇപ്രകാരംപറഞ്ഞു. ഞാൻ ഒരു പ്രവൃത്തിചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു. മോശ നിങ്ങൾക്ക് പരിച്ഛേദനനിയമംനൽകി. മോശയിൽ നിന്നല്ല പിതാക്കന്മാരിൽനിന്നാണ് അതുണ്ടായത്. ആ നിയമംമൂലം ശാബതിൽപോലും നിങ്ങൾ പരിച്ഛേദന ചെയ്യുന്നു. മോശയുടെ ന്യായപ്രമാണത്തിന് ലംഘനം വരാതെ ശാബതിലും പരിച്ഛേദന ആകാമെങ്കിൽ ശാബതിൽ ഒരു മനുഷ്യന് പൂർണ്ണസൗഖ്യം നൽകിയതിന് എന്നോട് നീരസപ്പെടുന്നുവോ? നിങ്ങൾ മുഖം നോക്കി വിധിക്കാതെ നീതിയോടെ വിധിക്കുക. അപ്പോൾ യെരുശലേംകാരായ ചിലർപറഞ്ഞു. ഇവനെയല്ലേ അവർ കൊല്ലുവാൻ അന്വേഷിക്കുന്നത്? ഇതാ ഇവൻ പരസ്യമായി സംസാരിക്കുന്നു. അവർ ഇവനോട് ഒന്നും പറയുന്നതുമില്ല. ഇവൻ മശിഹായാണെന്ന് അധികാരികൾക്ക്ബോദ്ധ്യപ്പെട്ടിരിക്കുമോ? എങ്കിലും ഇവൻ എവിടെ നിന്നാണ് വരുന്നതെന്ന് നമുക്കറിയാം. എന്നാൽ മശിഹാവരുമ്പോൾ എവിടെ നിന്നാണെന്ന് ആരും അറിയുകയില്ല. ⁜ [illegible] ⁜ [illegible]

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܟܠ ܕܐܬܘܟܝ ܥܠܠ ܡܘܬܟ ܒܕܝܢܟ ܢܬܕܝܢܘܢ
ܘܡܩܒܠܝܢ ܕܐܘܕܝܘ ܒܟ ܘܒܚܫܝܟ ܢܐܬܘܢ ܠܡܠܟܘܬܟ܀[3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ܀ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܫܘܒܚܐ ܀ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ܀ ܢܬܦܬܚܘܢ

ܠܬܪ̈ܥܝ ܐܘܪܫܠܡ ܘܠܟܠܗ̇ ❊ ܘܒܢ̈ܝܗ̇ ܕܝܠܟ ܡܢ ܩܕܡ
ܘܡܫܒܚܐ ❊ ܩܕܝܫܐ ܐܢܬ ܡܪܢ ܩܕܝܫܐ ܐܢܬ ܡܪܢ
ܩܕܝܫܐ ܐܢܬ ܡܪܢ ܠܥܠܡ ❊ ܒܪܟܡܪܝ ❊

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❊ ܐܡܝܢ ❊

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

<u>വിശ്വാസപ്രമാണം</u>



കൗമാ

ܒܪ ܡܪܝܡ ܕܚܠܦܝܢ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܐܰܡܺܝܢ ܕܰܐܒܳܘܗܝ ܥܰܠ ܡܫܺܝܚܳܐ ܒܢܰܝܢ ܢܶܫܒܰܚ
ܘܰܡܫܰܒܚܳܐ ܕܐܳܘܪܗ ܒܳܗ ܘܰܡܫܺܝܚܳܐ ܢܶܫܒܚܳܘܗܝ ܠܥܳܠܰܡ ܥܳܠܡܺܝܢ❊[3]

ܠܟ ܗܘ ܦܪܘܩܐ ܡܫܒܚܐ ܘܬܘܕܝܬܐ ❊ ܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ
ܘܬܘܕܝܬܐ ❊ ܡܪܝܐ ܚܘܣ ܘܪܚܡ ܥܠܝܢ ❊ ܡܪܝܐ ܥܢܝܢ
ܐܠܗܐ ܕܫܘܒܚܐ ܘܫܠܡܐ ❊ ܐܬܪܚܡ ܥܠܝܢ ܡܢ ܟܠܗܝܢ
ܘܡܫܒܚܐ ❊ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡܝܢ ❊ ܒܪܟܡܪܝ ❊

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❊ ܐܡܝܢ ❊

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ

പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറരക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെരക്ഷിച്ചുകൊള്ളണമെ. എൻെറനാവ് നിൻെറനീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - പ്രതിവാദത്താൽ യൂദന്മാർ എന്നപോലെ

1 തൻബലിമൂലം പൂർവ്വികമാം
പെസഹായുടെദൃഷ്ടാന്തത്തെ പാടെമായിച്ചോൻ ധന്യൻ.

2 മനസ്സാ ബലിയാകാൻ വന്നി-ട്ടാദാമ്യരെ രക്ഷിച്ചോനേ
ബലി കൈക്കൊൾവോനേ സ്തോത്രം.

3 ബലികളെനാഥാ നീ നീക്കി ദൃഷ്ടാന്തങ്ങളെ നിറവേറ്റി
പാപം പോക്കും യാ-ഗം നീ.

4 അർപ്പകനുംസ്വീകാരകനും, മോചനവുംമോചകനും നീ
ഞങ്ങൾക്കായ് നീ ബലി-യായി.

5 നാഥാ നീ അഭയസ്ഥാനം
ഞങ്ങളെയേറ്റുക താതങ്കൽ
താതൻനിന്നാൽ തെളി-യട്ടെ.ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

6 അക്ഷയ കരുണാ സാഗരമെ
സ്തോത്രം തേ നിൻ സോപ്പായാൽ
നീക്കുക ഞങ്ങടെ മാ-ലിന്യം. സ്തൗമെൻ കാലോസ് ----

പ്രുമിയോൻ

ܚܝܠܐ ܠܟ ܘܫܘܒܚܐ ܘܚܢܢܐ ܗܘ ܡܪܝܐ ܕܟܠܐ ܀ ܡܪܝܐ ܡܪܚܡܢܐ
ܕܐܝܬ ܠܟ ܘܠܐܒܘܟ ܀ ܠܡܫܝܚܐ ܠܐܘܪܚܐ ܘܩܘܪܒܢܐ ܘܡܫܬܟܚܢܐ
ܘܡܫܕܪܢܐ ܚܝܐ ܕܠܐ ܡܘܬܐ ܠܐܢܫܘܬܐ ܟܠܗ ܥܡ
ܘܒܟܠܙܒܢ ܠܥܠܡܝܢ ܐܡܝܢ ܀

ഞങ്ങളെ രക്ഷിപ്പാൻവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും വസ്മയനീയങ്ങളായ തൻ്റെ താഴ്മയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ പീഡകളെ മായിച്ചുകളയുകയും ഞങ്ങളുടെ പാപങ്ങളെ ഉന്മൂലനം ചെയ്യുകയും കൽപ്പനലംഘനംമൂലമുള്ള മരത്തിൻ്റെ ശിക്ഷയെ കൂരിശിൻ്റെ ശക്തിയാൽ സുഖപ്പെടുത്തുകയുംചെയ്ത പരിശുദ്ധ പ്രധാനപുരോഹിതനായിരിക്കുന്ന കർത്താവിന് സ്തുതി. തനിക്ക് ആറാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

എൻ്റെ കർത്താവേ മഹോന്നതൻ്റെ മധുരഫലമായ നിൻ്റെ സഭ നിന്നെ വന്ദിക്കുന്നു. ദിവ്യത്വത്തിൻ്റെ സന്തതിയാകുന്ന നിൻ്റെറഇടവക പരിശുദ്ധങ്ങളായ നിൻ്റെ കർത്തൃകഷ്ടാനുഭവങ്ങളെ പുകഴ്ത്തുന്നു. ലോകയോദ്ധാവായുള്ളോവേ നിൻ്റെ സഭ പുണ്യമുണ്ടാക്കുന്നവയായ

നിൻെറ മുറിവുകളെ വന്ദിക്കുന്നു. നിൻെറ അമിതമായ സ്നേഹത്താൽ ആദാമിൻെറ സന്താനങ്ങൾക്കുവേണ്ടി നികൃഷ്ടമരമാകുന്ന സിംഹാസനത്തിൽ കയറിയിരുന്ന് നിൻെറ തിരുമേനിയുടെ ബലിയാൽ ഭൂമിയിലെ അനീതിയെ നീ നീതീകരിച്ചു. ഗോഗുൽത്തായുടെ മുകളിൽവച്ച് തന്നെത്താൻ ബലികഴിച്ചു ഭൂവാസികളെ സ്വർഗ്ഗവാസികളോടു സമാധാനപ്പെടുത്തിയ തടിച്ച കാളക്കുട്ടി നീയാകുന്നു. സ്വമനസ്സോടെ ബലിയാൽ ലോകത്തിൻെറ പാപത്തെ നീക്കിയ വെടിപ്പും ശുദ്ധിയുമുള്ള കുഞ്ഞാടും നീയാകുന്നു. കുറ്റക്കാരുടെ നിരപ്പിന് ധൂപമായി ത്തീർന്ന് സൃഷ്ടികളെ തൻെറ പിതാവിനോടു യോജിപ്പിച്ച വനായി സർവ്വത്തേയും പുണ്യമാക്കുന്ന നാഥാ നിൻെറ കഷ്ടാനുഭവങ്ങളെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ പാപത്തെ മായിച്ചുകളഞ്ഞ നിൻെറ കുരിശിനെ ഞങ്ങൾവന്ദിക്കുന്നു. അവയാൽ ഞങ്ങളുടെ അധർമ്മങ്ങളും വേദനകളും മാഞ്ഞ് ഇല്ലാതായിത്തീർന്ന നിൻെറ മുറിവു കളെ ഞങ്ങൾ ചുംബിക്കുന്നു. വിഴുങ്ങിക്കളയുന്ന പാതാള ത്തിൻെറ വായിൽനിന്നു ഞങ്ങളെ ഉദ്ധരിച്ച നിൻെറ പുനരു ത്ഥാനത്തെ ഞങ്ങൾപുകഴ്ത്തുന്നു. എന്തെന്നാൽ ദൈവത്തെ പോലെ ലോകത്തെ വഹിച്ചിരിക്കുമ്പോൾ കുരിശിൽ തറയ്ക്കുന്ന ആളുകളുടെ പിടിയിൽപ്പെടുകയും വഴിതെറ്റി പ്പോയ ആടിനെ അതായത് ഞങ്ങളുടെ മനുഷ്യസ്വഭാവത്തെ രക്ഷിപ്പാനായിട്ട് നികൃഷ്ടമായകുരിശിനെ നിൻെറ തോളിൽ വഹിച്ചുകൊണ്ട് കുറ്റമില്ലാത്ത ആട്ടിൻകുട്ടിയെപ്പോലെ

കൊലയേൽപ്പാനായിട്ട് നീ പോകയുംചെയ്തു. കാണാതെ പോയതിനെ നിൻെറ തോളിൽ വച്ചുകൊണ്ട് നിൻെറ പിതാവിൻെറ ഭവനത്തിലേക്ക് നീ പ്രവേശിച്ചു. കർത്താവേ, ഇപ്പോൾ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ സന്നിധിയിൽ ഞങ്ങളണച്ചിരിക്കുന്ന ഈ ധൂപം നിൻെറ തൃക്കൈകൾ വഴിയായി നിന്നെ അയച്ചവൻെറ അടുക്കൽകൈക്കൊള്ളപ്പെടുമാറാകണമെ. വിശ്വാസമാകുന്ന കവചം ഞങ്ങൾ ധരിച്ചും രക്ഷയാകുന്ന പടത്തൊപ്പിവച്ചും സത്യസ്നേഹമാകുന്ന ഉടുപ്പിട്ടും ജീവൻെറ ശരണമാകുന്ന അരക്കെട്ടുകെട്ടിയുംകൊണ്ട് മുഖപ്രസാദത്തോടെ നിൻെറ മഹത്വമുള്ള പുനരുത്ഥാനത്തിൽ അടുത്തുവരുവാനും നിൻെറ കല്യാണശാലയിൽ തോഴന്മാരും അതിഥികളും നിൻെറ രാജ്യത്തിൽ പുതിയ അവകാശികളും ആയിത്തീരുവാനും ഞങ്ങൾ അർഹരാകണമെ. ഞങ്ങളും ഞങ്ങളുടെ സകല വാങ്ങിപ്പോയവരും അക്ഷയങ്ങളുംമാഞ്ഞുപോകാത്തവയുമായ ഭാഗ്യങ്ങളിൽ ആനന്ദിക്കുമാറാകണമെ. ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി കഷ്ടമനുഭവിച്ച മശിഹാതമ്പുരാനേ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമെ. ഹോശോ—

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

എല്ലാ ദർശകരും സൂചിപ്പിച്ചിരുന്ന രഹസ്യങ്ങൾ, ഇന്നേ ദിവസം നമ്മുടെ രക്ഷകൻ നിറവേറ്റി. താൻ കഷ്ടതയും നിന്ദയും പരിഹാസവും ചെകിട്ടത്തടിയും ഏറ്റു. തൻെറ ന്യായത്തീർപ്പിൽ ഞങ്ങളുടെന്യായത്തീർപ്പിനെ അഴിച്ചുകളഞ്ഞ തനിക്ക് അവർ മരണശിക്ഷ വിധിച്ചു. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഓൽമീനാമീൻ

കർത്താവേ, നിൻെറ താഴ്മയ്ക്കു സ്തുതി. ആകൽക്കറുസായിൽനിന്ന് ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തുകയും കൽപ്പനലംഘനത്താൽ അധഃപതിച്ചുപോയ ഞങ്ങളുടെ മരണമുള്ള വർഗ്ഗത്തെ നീ ഉയർത്തുകയുംചെയ്തു. കണ്ടാലും പരിശുദ്ധസഭയും അതിൻെറ മക്കളും നിൻെറ താഴ്മയ്ക്കു സ്തുതി പാടുന്നു. മൊറിയോ--

Qolo*: *mo rhimin dukronaikun

1. Today our Saviour fulfilled all the mysteries indicated by the seers. He endured passion, insult, mocking and slapping on the cheek. They condemned to death the One who abolished our punishment by His condemnation. Barekmore.

Glory be to the Father, Son and the Holy Spirit
Unto the ages of ages and for ever more.

2. Glory to Your humiliation, O Lord, with which You had set us free from the Accuser, and raise our mortal race which was fallen by the transgression of the Law. Behold, the Holy Church

and her children sing praise daily for Your humiliation. ***Moryo rahem alain.***

എത്രൊ

എൻെറ കർത്താവേ, നിൻെറ കൃപയുടെ സുവിശേഷപ്രകാശത്താൽ ഞങ്ങളുടെ ബുദ്ധിയെപ്രകാശിപ്പിക്കണമെ. നിൻെറ സ്ലീബായെക്കുറിച്ചുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാക്കളെ ഉറപ്പിക്കണമെ. നിൻെറ പീഡയുടെ പീഡയില്ലായ്മയാൽ ഞങ്ങളുടെ ശരീരങ്ങളെ ആയുധം ധരിപ്പിക്കണമെ. നിൻെറസ്നേഹമാകുന്നഭാഗ്യത്താൽ ഞങ്ങളുടെവിചാരങ്ങളെ കാത്തുരക്ഷിക്കണമെ. നിൻെറ സ്തുതികളെ വർണ്ണിപ്പാൻ ഞങ്ങളുടെ ഹൃദയത്തെ ഉണർത്തണമെ. നിന്നെ പ്രസാദിപ്പിക്കുന്ന കർമ്മങ്ങളുടെ പരിമളം ഞങ്ങളിൽ ധൂപിപ്പിക്കണമെ. നിൻെറയുംനിൻെറപിതാവിൻെറയും പരിശുദ്ധറൂഹയുടേയും കരുണയുടെ പ്രസാദത്തിനായി ഞങ്ങളുടെ ധൂപം കൈക്കൊള്ളണമെ. മോറാൻ വാലോഹാൻ--

വീണ്ടും കോലോ

ഇന്നേ ദിവസം നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരുടെ കൂട്ടത്തിന് ഗൂഢമായ രഹസ്യം വെളിപ്പെടുത്തി. 'നിങ്ങളിൽ ഒരുവൻ യൂദജനത്തിന് എന്നെ ഏൽപ്പിച്ചുകൊടുക്കും. അവർ എന്നെ പരിഹസിക്കുകയും ആദാമിൻെറ രക്ഷയ്ക്കു വേണ്ടി മരത്തിന്മേൽ തൂക്കുകയും ചെയ്യും'.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരോട് അരുളിച്ചെയ്തതെന്തെന്നാൽ, 'എനിക്കു പെസഹാ ഭക്ഷിക്കേണ്ടതിനായി

നിങ്ങൾ പോയി ഒരുക്കുവിൻ, ഞാൻ കഷ്ടത അനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടൊന്നിച്ച് ഈ പെസഹാ ഭക്ഷിക്കുവാൻ അതിവാഞ്ഛയോടെആഗ്രഹിച്ചു. ദീർഘദർശിമാർ അവരുടെ രഹസ്യങ്ങളിൽ എന്നെക്കുറിച്ചു പ്രവചിച്ചിട്ടുള്ള എല്ലാ സാദൃശ്യങ്ങളെയും ദൃഷ്ടാന്തങ്ങളെയും ഞാൻ നിവർത്തിക്കുകയും ചെയ്യും'.

Qolo: sohdaw(h)i a(n)thun

1. Today our Lord revealed the hidden secret to the company of the apostles: one among you will betray me to the accursed people, and the multitude of the Jews will mock at me and crucify me on the top of the tree, for the salvation of Adam'. **Barekmore.**

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. 'Go and make preparations that I should eat Passover", our Lord told the company of the apostles, "for I earnestly desired to eat this Passover with You before I suffer, and I will fulfill the figures and types of all the prophets, which they have foretold about me by their mysteries'

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܢܦܩ ܕܦܘܪܐ ܢܠܦܡ

ܒܪܝܟ ܡܘܡܬܐ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

മരണം വാനം പൂകാത്ത-തിനാൽ
പാതാ-ളത്തിൽ പാഴായോ-നാം
    ആദാമിന്നായ് നീ താ-ണെത്തി
സൈന്യാ-ധിപനാം കൊള്ളക്കാ-രൻ
പോൽ കൈ-യ്യേറി മൃതി നിക്ഷേ-പം.

ദൈവ-ത്തെപ്പോൽ രോഗം മാ-റ്റാൻ
കഴിയും വീര്യം വെളിവാക്കീ-ടാൻ
    ആജ്ഞാപിച്ചാൻ ശ്രേഷ്ഠൻ വൈദ്യൻ
അവകാ-ശിയെയാ-ദുഷ്ടാത്മാക്കൾ
കുരിശിൽ തൂക്കീ-ടാനേൽപ്പി-ച്ചു.

ജീവൻ വിഗത-ർക്കേകും നി-ന്നെ
അവരെ-വ്വണ്ണം ഹാ-മൃതിനാ-ക്കി
    അപ്പം തിന്നോൻ വഞ്ചിച്ചെങ്കിൽ
തന്നത്താൻ തൂ-ങ്ങിച്ചാവട്ടെ
താതൻ തെളിയും നിന്നുത്ഥാ-നെ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܝܢܺܝܢ ܠܗܽܘ ܠܕܰܝܳܢܳܐ ܕܕܳܢܳܟ
ܕܰܝܳܢܳܐ ܡܳܪܝ ܠܳܐ ܬܕܽܘܢܰܢ ❊ ܡܳܪܝ ܚܽܘܣ ❊

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܡܘܬܐ ܘܙܩܝܦܘܬܐ
ܫܡܥ ܒܥܘܬܢ ܘܚܘܣ ܘܪܚܡ ܥܠ ܢܦܫܬܢ ⁜
ܠܗܘܢ ܕܫܒܚܘܗܝ ܡܢ ܒܢܝܫܐ ܫܘܐ ܟܠܗ ⁜

മ്ശിഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ആകൽക്കറുസാ വീഴാൻ താതൻ ചെയ്തില്ലൊന്നും
യൂദായെ ചേർത്തോനാം പുത്രൻ തെറ്റില്ലാത്തോൻ
സ്ഥാനഭ്രഷ്ടന്മാരെ കഷ്ടം സുമുഖന്മാരേ
ഓയാറിൻ കാവൽക്കാരൻ ഉന്നതശ്ലീഹായും
യൂദായ്ക്കയ്യോ തന്നുടെ ബീമാ നഷ്ടപ്പെട്ടു
സ്വർഗ്ഗീയം ശുശ്രൂഷകപദമാകൽക്ക-റുസാ-യ്ക്കും
നേതാവാകൽക്കറുസായെ താതൻ വിട്ടില്ല
ശ്ലീഹായാം യൂദായെ പുത്രൻ നിരസിച്ചില്ല. ദേവാ--

യൂദാ തന്നിൽ ഗൂഢം മേവിയൊരക്കാപട്യം
ഹീനാത്മാവിൻ കൂട്ടായ്ത്തീരാൻ പ്രേരിപ്പിച്ചു
തേജോമാർഗ്ഗം വിട്ടിരുളതിലേക്കോടിപ്പോയോൻ
കേടേലും കണ്ണുണ്ടോ ദ്യുതിയെ സ്നേഹിക്കുന്നു ?
ഭാഗ്യം കെട്ടോൻ ജീവപ്രദമാം ഭോജ്യം വിട്ടു
തന്നത്താനെ കൊലയറ തന്നിൽ വിരവോടേറി
ശോഭാപൂർണ്ണം പകലിനെ പകകൊണ്ടിരുളായ്ത്തീർന്നോൻ
കൂടിച്ചേർന്നാനെങ്ങും പാഴിരുൾ നിറയും രാവിൽ. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാ- ഹാലേലുയ്യാ ഭോഷത്തരമവരുടെ വായോതുന്നു അന്യായം വലതുകരത്തിൽ കവിയുന്നു. ഹാലേലുയ്യാ

വി. യോഹന്നാൻ 7. 28 - 44

ܠܡܪܢ ܡܫܝܚܐ ܘܠܐܒܘܗܝ ܕܫܕܪܗ ܠܥܠܡܝܢ ✢ ܐܡܝܢ ✢

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܝܫܘܥ ܡܫܝܚܐ ✢ ܟܪܘܙܘܬܗ ✢

യേശു ദേവാലയത്തിൽപഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു. ഞാൻ ആരാണെന്നും എവിടെനിന്നാണ് വന്നതെന്നും നിങ്ങൾക്കറിയാം. ഞാൻ സ്വയം വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാകുന്നു. അവനെ നിങ്ങൾക്ക് അറിഞ്ഞുകൂടാ. എന്നാൽ ഞാൻ അവനെ അറിയുന്നു. എന്തെന്നാൽ ഞാൻ അവൻെറ അടുക്കൽനിന്നാണ് വന്നത്. അവനാണ്എന്നെഅയച്ചത്. അപ്പോൾ അവർ യേശുവിനെ പിടിക്കുവാൻ ശ്രമിച്ചു. എങ്കിലും അവൻെറ സമയം അപ്പോഴും ആയിട്ടില്ലാത്തതിനാൽ ആരും അവൻെറമേൽ കൈവെച്ചില്ല. ജനത്തിൽ പലരും അവനിൽ വിശ്വസിക്കുകയും മശിഹാവരുമ്പോൾ ഇവൻ ചെയ്യുന്നതിലും അധികം അടയാളം ചെയ്യുമോ എന്നു ചോദിക്കുകയുംചെയ്തു. ജനങ്ങൾ അവനെക്കുറിച്ച് ഇങ്ങനെ പറയുന്നത് പരീശർ കേട്ടു. അവരും പ്രധാനാചാര്യന്മാരുംകൂടി അവനെ

പിടിക്കുവാൻ പടയാളികളെ അയച്ചു. അനന്തരം യേശു, ഞാൻ ഇനിഅൽപ്പകാലം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. പിന്നെ എന്നെ അയച്ചവൻെറ അടുക്കലേക്കു പോകും. നിങ്ങൾ എന്നെ അന്വേഷിക്കും. കാണുകയില്ല. ഞാൻ ഇരിക്കുന്നിടത്ത് വരുവാൻ നിങ്ങൾക്ക് കഴിയുകയില്ല എന്നു പറഞ്ഞു. നമുക്ക് കണ്ടെത്തുവാൻ കഴിയാത്തവിധം ഇവൻ എവിടേക്കു പോകും? നമ്മുടെ ആളുകൾ ചിതറിപ്പാർക്കുന്ന ഗ്രീക്കുകാരുടെ ദേശത്ത്പോയി ഗ്രീക്കുകാരെ പഠിപ്പിക്കുമേ? നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ല. ഞാൻ ഇരിക്കുന്നിടത്ത് വരുവാൻ നിങ്ങൾക്ക് കഴിയുകയില്ല' എന്നു ഇവൻ പറഞ്ഞ വചനത്തിൻെറ അർത്ഥം എന്താകുന്നു എന്ന് യഹൂദന്മാർ പരസ്പരം പറഞ്ഞു. പെരുന്നാളിൻെറ അവസാനത്തെദിവസം യേശു എഴുന്നേറ്റുനിന്നുകൊണ്ട് ദാഹിക്കുന്ന ആരും എൻെറഅടുക്കൽവന്ന് പാനംചെയ്യട്ടെ. തിരുവെഴുത്തുകളിൽ പറഞ്ഞപ്രകാരം എന്നിൽ വിശ്വസിക്കുന്നവൻെറ ഉള്ളിൽനിന്ന് ജീവജലത്തിൻെറനദികൾ പ്രവഹിക്കും എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. തന്നിൽ വിശ്വസിക്കുന്നവർ പ്രാപിക്കുവാനിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണ് അവൻ ഇങ്ങനെ പറഞ്ഞത്. എന്തെന്നാൽ അതുവരെ പിരിശുദ്ധാത്മാവ് നൽകപ്പെട്ടിരുന്നില്ല. കാരണം അതുവരെയും യേശു മഹത്വീകരിക്കപ്പെട്ടിരുന്നില്ല. ജനത്തിൽ പലരും യേശുവിൻെറ വാക്കുകൾ കേട്ടിട്ട്, ഇവൻ യഥാർത്ഥത്തിൽ ആ പ്രവാചകൻ തന്നെയാണ് എന്നു പറഞ്ഞു. വേറെ ചിലർ, ഇവൻ മശിഹായാകുന്നു എന്നു

പറഞ്ഞു. മറ്റുചിലർ, ഗലീലയിൽനിന്നാണോ മശിഹാ വരുന്നത്? ദാവീദിന്റെ സന്തതിയിൽനിന്നും, ദാവീദിന്റെ ഗ്രാമമായ ബേത്‌ലഹേമിൽനിന്നും മശിഹാവരുമെന്നല്ലേ തിരുവെഴുത്തു പറയുന്നത് എന്നു ചോദിച്ചു. അങ്ങനെ അവനെക്കുറിച്ച് ജനക്കൂട്ടത്തിൽ ഭിന്നാഭിപ്രായമുണ്ടായി. അവനെ പിടിക്കുവാൻ ആഗ്രഹിച്ചവർ ഉണ്ടായിരുന്നെങ്കിലും ആരും അവന്റെമേൽ കൈവെച്ചില്ല.

ܠܡܳܪܝ ܣܒܰܪܬ ✽ ܘܗܘܕܝܬܗܘܢ ✽

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܫܒܚܐ ܕܐܒܘܟ ܟܠܠ ܡܫܡܫܐ ܒܪܢܫܐ ܢܫܒܚܟ
ܘܫܘܒܚܐ ܕܐܒܘܗ ܡܢ ܘܥܕܡܐ ܠܥܠܡ ܥܠܡܝܢ ✠ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ✠ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܥܘܕܪܢܐ ✠ ܘܥܠܝܢ ܚܛܝܐ ܚܢܢܐ ܘܪܚܡܐ ✠ ܢܬܦܬܚܘܢ
ܠܢ ܬܪ̈ܥܝ ܐܘܪܫܠܡ ܕܠܥܠ ✠ ܘܬܬܩܒܠ ܒܥܘܬܢ ܩܕܡ ܡܪܢ
ܕܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘ̈ܒܝܢ ܘܚܛܗ̈ܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝ̈ܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܡܫܡܫܢܐ ܟܽܠܰܢ ܢܰܥܢܶܐ * ܩܘܡ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



കൗമാ

ܒܕܝܢ ܗܘܢ ܕܚܠܦܡ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܒܫܡ ܕܐܬܐ ܟܠܠ ܡܫܝܚܐ ܒܨܒܝܢܗ ܢܫܒܚܟ
ܘܡܫܒܚܐ ܕܐܘܕܝ ܒܗ ܘܒܣܝܡܐ ܒܟܠܗ ܠܡܠܟܘܬܐ ✠ [3]

ܠܟ ܡܕܪ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܦܐ ✠ ܘܠܪܘܚܐ ܩܘܕܫܐ ܐܬܩܕܫܬܐ
ܘܬܘܕܝܬܐ ✠ ܘܥܠܝܢ ܚܢܢܐ ܘܪܚܡܐ ✠ ܢܫܦܥܘܢ
ܬܩܪܒ ܐܘܡܢܘܬܐ ܘܠܟܠ ✠ ܘܚܝܝܢ ܠܥܠܡ ܡܢܗ ܚܠܡ
ܘܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡܝܢ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܐ ܠܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✠ ܐܡܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ

കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറമേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴിപഠിപ്പിക്കും, പാപികൾ നിങ്കലേക്ക്തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽനിന്ന് എന്നെരക്ഷിച്ചുകൊള്ളണമെ. എൻെറനാവ് നിൻെറനീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - ഒലിവീന്തൽ തലകളെടുത്തൂശാനാ എന്നപോലെ

1 വാനത്തിൽ മഹിമാപൂർവ്വം വാഴ്കെ
മനുജന്മാർ-തൻ നിന്ദ സഹിച്ചോ-നേ
ദേവാ ദയചെയ്തീടണമെ.

2 രക്ഷകനെ മരണത്തിന്നേൽപ്പി-ക്കാൻ
ഹന്നാൻഗൂ-ഢം ചിന്തിച്ചിന്നാളിൽ
ദേവാ ദയചെയ്തീടണമെ.

3 നേരറ്റോൻ ശിഷ്യൻ കയ്യാപ്പായോ-
ടിന്നാൾ നിന്നെ-ക്കൊല്ലാനായൊത്തു
ദേവാ ദയചെയ്തീടണമെ.

4 രോഗികൾ തൻ സൗഖ്യപ്രദനായോനെ
ഈർഷ്യയൊടിന്നാൾ കൊല്ലാൻ വിധി നൽകി
ദേവാ ദയചെയ്തീടണമെ.

5 ഹാശായിൽ ഖേദിക്കും സഭയെനി-
ന്നുത്ഥാന-ത്താൽ മോദിപ്പിക്കേണം
ദേവാ ദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ--മെന്ഓലാം--

6 ജഡപരമായ് നമ്മൾക്കായ് പാടേറ്റോ-
രേകാ-ത്മജനെ നാം കീർത്തിക്കേണം
ദേവാ ദയചെയ്തീടണമെ. സ്തൗമെൻകാലോസ്----

ܦܣܘܩܐ

ܒܠܐ ܥܠܡ ܘܩܘܫܬܐ ܘܫܪܪܐ ܗܘ ܡܙܝܐ ܢܒܝܐ ܀ ܡܙܝܐ ܡܚܙܝܢܐ
ܘܫܡ ܥܠܡ ܘܥܒܕܗ ܀ ܠܡܫܝܚܐ ܐܠܗܐ ܕܡܠܟܐ ܘܟܗܢܐ ܘܡܫܡܫܢܐ
ܘܙܟܘܬܐ ܐܝܟ ܕܐܝܬ ܠܗ ܐܒܘܗܝ ܥܡ ܐܚܘܗܝ
ܘܥܠܡܝܢ ܐܠܗܐ ܢܫܒܚ ܀

തന്റെ കുരിശുകൊണ്ട് ദീർഘദർശിമാരുടെ സൂചനകളെ നിവർത്തിക്കുകയും ദർശനക്കാരുടെ ഉപമകളെ നിറവേറ്റുകയും പുണ്യവാന്മാരുടെ ദൃഷ്ടാന്തങ്ങളെ ഉറപ്പിക്കുകയും പരിശുദ്ധന്മാരുടെ രേഖകളെ പൂർണ്ണമാക്കുകയും പ്രസംഗകരുടെ ശബ്ദത്തെ പ്രബലമാക്കുകയും മഹാശക്തിയാൽ സുവിശേഷകന്മാർക്ക് വചനം നൽകുകയും ചെയ്ത രക്ഷിതാവിന് സ്തുതി. തനിക്ക് ഒമ്പതാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കൂല്ഹൂൻ--- ܒܟܠܗܘܢ

ഞങ്ങൾക്കുവേണ്ടി അറുക്കപ്പെടുകയും തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുകയുംചെയ്ത നല്ല ഇടയനായമശിഹാതമ്പുരാനേ, നിന്റെ ഇടവക നിന്നെ വന്ദിച്ചു പുകഴ്ത്തുന്നു. മിണ്ടാപ്രാണികളുടെ ബലികളിൽനിന്നും

ഞങ്ങളെ വിരോധിപ്പാനും ഞങ്ങളുടെ ജീവിതകാലംമുഴുവൻ ഈ സുഗന്ധധൂപത്തോടുകൂടി സ്തോത്രത്തേയും പരിമള വാസനയേയും ഞങ്ങൾ നിനക്കു സമർപ്പിപ്പാനുമായി ഇപ്രകാരം തിരുമനസ്സായ കർത്താവേ, ഞങ്ങൾ നിനക്ക് സ്തോത്രംചെയ്യുന്നു. എന്റെ നാഥാ നിന്റെ രക്തത്താൽ നീ സമ്പാദിച്ചതും കുരിശുകൊണ്ട് രക്ഷിച്ചതുമായ കതോലികവുംശ്ലൈഹികവുമായ വിശുദ്ധസഭയുടെ സമാധാനത്തെ നീ വർദ്ധിപ്പിക്കണമെ. ഈ ലോകത്തിലെ അധികാരികളായ ക്രൂരരാജാക്കന്മാരെ അവളുടെ വാതിലുകളുടെ മുമ്പിൽ ദുർബലരാക്കണമെ. ലോകാവസാനംവരെ നിന്റെ സത്യ വാഗ്ദാനങ്ങളെ അവൾക്കായി കരുതിവയ്ക്കണമെ. അവളുടെ പ്രധാനപുരോഹിതന്മാരുടെയും പുരോഹിതന്മാരുടെയും പ്രാർത്ഥനകളിൽ നിരപ്പാകണമെ. നിന്റെ എല്ലാ ഇടവകയുടെമേലും പാപപരിഹാരം ചെയ്യണമെ. നിന്റെ ജയമുള്ള സ്ലീബായിൽ അഭയം പ്രാപിച്ചിരിക്കുന്ന വിശ്വാസിയായ രാജാവിന്റെ കിരീടം കാത്തുകൊള്ളണമെ. കാലത്തിന്റെ കിരീടത്തെ നിന്റെകൃപയാൽ അനുഗ്രഹിക്കണമെ. ഭൂമിയിലെ കായ്കനികളെ സകല ഉപദ്രവങ്ങളിൽ നിന്നും സൂക്ഷിച്ചുകൊള്ളണമെ. നീ ഞെരുങ്ങിയിരിക്കുന്നവർക്ക് സഹായിയും ദുഃഖിതർക്ക് സങ്കേതവും വ്യസനിച്ചിരിക്കുന്നവർക്ക് ആശ്വാസകനും ആവശ്യക്കാർക്ക് സംരക്ഷകനും ആയിരിക്കണമെ. കഷ്ടപ്പെടുന്നവരുടെ സങ്കടം തിരുമുമ്പിൽ പ്രവേശിക്കണമെ. അടിമപ്പെട്ടവരുടെ ഞെരുക്കങ്ങളിൽനിന്ന് നിന്റെ അനുഗ്രഹങ്ങളെ വിരോധിക്കരുതെ.

സമുദ്രത്തിലെ ഓളങ്ങളാലും തിരമാലകളാലും ഞെരുങ്ങിയിരിക്കുന്നവരുടെ നിലവിളിയിൽ നീ ഉണർന്നിരിക്കണമെ. അവർ കാംക്ഷിക്കുന്ന തുറമുഖത്തേക്ക് അവരെ കൊണ്ടുപോകണമെ. മുൻകൂട്ടി നിദ്ര പ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ മാതാപിതാക്കന്മാരുടെയും സഹോദരീസഹോദരന്മാരുടെയും ഗുരുക്കന്മാരുടെയും സ്നേഹിതന്മാരുടെയും ആത്മാക്കളെ നിന്റെ കൃപയാൽ ഓർത്തുകൊള്ളണമെ. നീ മുഖാന്തരം അവർ ആശ്വാസസ്ഥലത്ത് ഒന്നിച്ചുകൂടുകയും നിന്റെ ജീവന്റെ സങ്കേതസ്ഥലത്തേക്ക് വന്നുചേരുകയും ചെയ്യുമാറാകണമെ. നിന്റെ കഷ്ടാനുഭവങ്ങളിൽ ഏറ്റുപറഞ്ഞ് കുരിശിനെ വന്ദിക്കുന്നതിനാൽ ഏതുവിധത്തിലും മരിച്ചുപോയിരിക്കുന്ന ഓരോരുത്തനും നാഥാ അവിടെ നീ പ്രതിഫലം നൽകണമെ. അവനെ നിന്റെ ജീവന്റെ മണവറയിലേക്കും സ്വർഗ്ഗരാജ്യത്തിലേക്കും കൊണ്ടുപോകണമെ. നിന്റേയും നിന്റെ പിതാവിന്റേയും പരിശുദ്ധറൂഹായുടേയും കർത്തൃത്വത്തിന് ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരുമായ എല്ലാവരിൽനിന്നും സ്തുതി കരേറ്റുമാറാകണമെ.

ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നിങ്ങളിൽ ഒരുവൻ ശപിക്കപ്പെട്ട യൂദജനത്തിന് എന്നെ ഒറ്റിക്കൊടുക്കുകയും അവർ എന്റെ കൈകളിൽ ആണി

തറയ്ക്കുകയുംകൊല്ലുകയും കബറിൽഎന്നെവയ്ക്കുകയും ചെയ്യുമെന്ന് നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാർ ദുഃഖിക്കുകയും വിലപിക്കുകയുംചെയ്തു. 'ഞങ്ങളുടെ ഇടയിൽ ഗോതമ്പിനോടൊന്നിച്ച് ചേർന്നിരിക്കുന്ന മുള്ളുപോലെയുള്ള ഇവൻആരാകുന്നു' എന്ന് അവർ തന്നോടുത്തരമായി പറഞ്ഞു. ബാറെക്മോർ. † ശുബഹോ: മെന്ഓലം--

വരുവിൻ, ആകാശവുംഭൂമിയുംനിറഞ്ഞിരിക്കുമ്പോൾ നമ്മുടെ വീഴ്ചയെപ്രതി എളിമപ്പെട്ടതിനാൽ തന്നെ നമുക്കു കീർത്തിക്കാം. താൻ നിർദ്ധനയുംമാലിന്യമില്ലാത്ത കന്യകയുമായമറിയാമിൽനിന്ന്മനുഷ്യനായിത്തീരുകയും ദുഃസ്വാതന്ത്ര്യം മൂലം വീണുപോയ നമ്മുടെ വർഗ്ഗത്തെ തന്റെ താഴ്മയാൽ ഉയർത്തുകയുംചെയ്തു. താൻ ആരോഹണം ചെയ്യുകയും സ്വർഗ്ഗരാജ്യത്തിൽ തന്നോടൊന്നിച്ചു ജീവിച്ച് നീതീകരിക്കപ്പെടേണ്ടതിനായി സ്വർഗ്ഗത്തിൽ നമ്മെഇരുത്തുകയും ചെയ്തിരിക്കുന്നു. മൊറിയോ--

Qolo: thhar Gabriel

1. The disciples had 'put on' sorrow and mourning when our Saviour told them: One among you will betray me to the accursed and mad Jewish people and they will fix nails on my hands and place me in a tomb. They asked Him: Who is this man among us like the thorns mixed with wheat and fight against us? Barekmore.

Glory be to the Father, Son and the Holy Spirit

Unto the ages of ages and for ever more.

2. Come let us sing praise to Him, with whom the heavens are filled. He has humbled Himself because of our fall and became man from Mary, the poor and immaculate Virgin. BY His humiliation, He raised our entire race which was overpowered and fell because of its freedom. He made us to ascend and seated un in heaven that we might live with Him and be justified in the heavenly kingdom. ***Morryo rahem alain w adarain.***

എത്രൊ

ഞങ്ങളുടെ കർത്താവേ, നിൻെറ ഇടവക നിനക്ക് സമർപ്പിക്കുന്ന ധൂപംകൈക്കൊള്ളണമെ. നിൻെറ സഭയ്ക്ക് സമാധാനവും നിൻെറ ആടുകൾക്ക് ആശ്വാസവും വിശ്ര മവും നൽകണമെ. നിൻെറ കഷ്ടാനുഭവത്തെ ഏറ്റുപറഞ്ഞ് കഷ്ടതയേൽപ്പാനും നിൻെറ മുറിവുകളെ വന്ദിച്ച് ഓമനി പ്പാനും നിൻെറ പുനരുത്ഥാനത്തെ ആനന്ദപൂർവ്വം വാഴ്ത്തു വാനും നിൻെറ ജീവൻെറ തൊഴുത്തിലേക്ക് പ്രവേശിപ്പാനും നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനും അവളെ യോഗ്യതയുള്ളവളാക്കണമെ. ഹോശോ ----

ബോത്തേദ്ഹാശോ

ܒܪ̈ܝܢ ܗ̇ܢܝܢ ܚܫ̈ܐ ܕܗܘܘ ܚܠܦܝܢ

ܒܪ̈ܝܢ ܫܘܒ̈ܚܐ ܕܫܘܠܡܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

യൂദന്മാർ തൻ നാവിൽ പാ-മ്പിൻ
വിഷമു-ണ്ടെന്നേ-വം ദാവീദിൻ
മുൻചൊ-ല്ലേറ്റം നേരാ-ണോർത്താൽ
മശിഹാ-തന്നെ നിഹനിപ്പോ-ളാം
അവർ തൻ ഹൃദയം ദൃഢമായ് നി-ന്നു.

ചെകിട-ന്മാർ തൻ തെരുവിൽ നീ-ളെ
ആശ്ച-ര്യങ്ങൾ ചെയ്തെന്നാ-ലും
ലേശം പോലും ആ മൂഢന്മാർ
തന്നെ സൂചി-പ്പിക്കും മുൻ-ചൊ-
ല്ലൊന്നും വായി-ച്ചുൾകൊണ്ടില്ല.

ദുഷ്ട-ന്മാർ ചി-ന്തിയ രക്ത-ത്താൽ
കുറ്റ-ക്കാരായ് ചിതറിപ്പോ-യി
ഞാനെ-ന്നേറും ഭാവം മൂലം
യിഹൂ-ദ്യന്മാര-ന്യായ-ക്കാർ
നാനാ-ദിക്കിൽ ചിതറിപ്പോ-യി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

[illegible]

[illegible]

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܡܘܬܐ ܘܙܩܝܦܘܬܐ

ܩܒܠ ܒܥܘܬܢ ܘܚܘܣ ܥܠ ܢܦܫܬܢ ⁜

[illegible] ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ ---

ക്ലേ-ശം തീണ്ടാത്തോൻ നമ്മൾക്കായ് ക്ലേശം പൂണ്ടാൻ
സ്തോ-ത്രം പാടാൻ പ്രിയരേവരുവിൻ സ്തുതിഘോഷിപ്പിൻ
സ-മ്പത്തുള്ളോൻ മാലിന്യത്തിൽ കറയേ-ൽക്കാത്തോൻ
വൻ നിക്ഷേപം നമ്മൾക്കേകാൻ ക്ലേശം പൂ-ണ്ടാൻ
ദു-ഷ്ടന്മാരിന്നടിയും തുപ്പും ഹിതമോ-ടേ-റ്റാൻ
ആ-ദാമ്യർക്കായ്ജീവൻനൽകാൻമൃതികൈ-ക്കൊ-ണ്ടാൻ.ദേവാ--

സ്വർഗ്ഗം തന്നിൽ തിരുസന്നിധിയിൽ നിൽക്കും സൈ-ന്യം
ആം-ഗ്യം കാണിച്ചാലീലോകം തീയാൽ മൂ-ടും
തീ-പൂണ്ടോ-രാം പതിനായിരമുണ്ടാരാധി-പ്പാൻ
ആ-ജ്ഞാപിച്ചാലവരെ നേർക്കാനാരാ-ലാ-വും
എണ്ണം കൂ-ടാതഗ്നിമയന്മാർ ചുറ്റും നി-ൽപ്പൂ
കൽ-പ്പിച്ചെന്നാൽ വന്നുമുടിക്കും ഭൂലോ-കത്തെ. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാ- ഹാലേലൂയ്യാ ഭോഷത്തരമവരുടെവായോതുന്നു
അന്യായം അവരുടെ വലതുകരത്തിൽ കവിയുന്നു. ഹാലേലൂയ്യാ

വി. ലൂക്കോസ് 13. 31 - 35

[illegible]

[illegible]

ആ ദിവസം തന്നെ ചില പരീശർ യേശുവിൻെറ അടുത്തു വന്ന്, നീ യെരുശലേമിൽനിന്നു പൊയ്ക്കൊള്ളുക. എന്തെന്നാൽ ഹെരോദേസ് നിന്നെ കൊല്ലുവാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. യേശു അവരോടു പറഞ്ഞു, നിങ്ങൾപോയി ആ കുറുക്കനോടു പറയുക. ഇന്നും നാളെയും ഞാൻ ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തിനൽകുകയും ചെയ്യും. മൂന്നാം ദിവസം എൻെറ വേല പൂർത്തിയാകും. എങ്കിലും ഇന്നും നാളെയും ഞാൻ പ്രവർത്തിക്കേണ്ടതും അടുത്ത ദിവസം പോകേണ്ടതുമാകുന്നു. കാരണം യെരുശലേമിനു പുറത്തുവച്ച് ഒരു പ്രവാചകനും മരിക്കുവാൻ പാടില്ലല്ലൊ. യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെകൊല്ലുകയും നിൻെറയടുക്കലേക്ക് അയയ്ക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, ഒരു തള്ളക്കോഴി കുഞ്ഞുങ്ങളെ അതിൻെറ ചിറകിൻകീഴിൽ ചേർക്കുന്നതുപോലെ, നിൻെറ മക്കളെ ചേർക്കുവാൻ എത്രയോപ്രാവശ്യം ഞാൻ ആഗ്രഹിച്ചു. നിങ്ങൾക്കോമനസ്സില്ലാതെപോയി. ഇതാ, നിങ്ങളുടെ ഭവനം

ശൂന്യമാക്കപ്പെട്ടിരിക്കുന്നു. കർത്താവിൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനെന്ന് നിങ്ങൾ പറയുന്നതുവരെ, നിങ്ങൾ എന്നെ കാണുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു. ܒܪܟ ܡܪܝ ܀ ܩܘܪܝܠܝܣܘܢ ܀

കൗമാ

നിന്നെവധിപ്പാ-നായ് വന്നജനം വിധിയിൽ വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതിപൂകും രാജ്യം. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

They shall be ju-dg'd, in Thy judgement, who called for Thy Death.
Who receiv'd Thee- and Thy Passion, shall reach Thy Kingdom. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ܘܥܠ ܐܪܥܐ ܫܠܡܐ ܘܫܝܢܐ
ܘܣܒܪܐ ܛܒܐ ܠܒܢܝ̈ܢܫܐ ܠܥܠܡ ܥܠܡܝܢ ✻[3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܠܗܘܬܟ ܐܝܩܪܐ ✻ ܘܬܘܕܝܬܐ ܩܘܕܫܐ ܩܕܝܫܐ
ܘܢܘܡܘܣܐ ✻ ܘܒܥܠܡܐ ܚܕܬܐ ܕܒܪܟܬܐ ✻ ܘܠܫܡܟ
ܠܝܬ ܕܡܘܬܟ ܘܠܥܠܡ ✻ ܘܢܚܘܐ ܠܟ ܡܢ ܩܕܡ
ܘܡܫܒܚܐ ✻ ܩܘܪܝܠܝܣܘܢ ܡܪܝ ܩܘܪܝܠܝܣܘܢ ܡܪܝ
ܩܘܪܝܠܝܣܘܢ ܡܪܝ ܚܘܣ ܥܠܝܢ ✻ ܒܪܟܡܪܝ ✻

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✻ ܐܡܝܢ ✻

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ.

ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം.



പെസഹാവ്യാഴാഴ്ച സന്ധ്യാ നമസ്ക്കാരം

കൗമാ

ܒܪܝ ܦܘܩܝ ܕܚܠܦܝ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܘܪܩܢܗ ܚܕܝܘܗܝ ܠܐܡܗ ܦܪܘܩ
ܒܦܘܪܩܢ ܐܦܪܘܩ ܠܢ ܘܐܬܪܚܡܥܠܝܢ ✠ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܒܪܝ ✠ ܘܠܪܘܚܐ ܩܘܕܫܐ ܩܕܝܫܐ
ܘܒܟܠܙܒܢ ✠ ܘܥܠܝܢ ܚܛܝ̈ܐ ܘܚܝ̈ܒܐ ✠ ܢܬܦܪܣܘܢ
ܠܕܪ̈ܝ ܕܪ̈ܝܢ ܘܠܥܠܡ ܥܠܡܝܢ ✠ ܘܥܠܝܢ ܚܢܢ ܡܢ ܐܡܝܢ
ܘܡܫܝܚܐ ✠ ܩܘܪܝܐ ܠܝܣܘܢ ܩܘܪܝܐ ܠܝܣܘܢ
ܩܘܪܝܐ ܠܝܣܘܢ ܠܥܠܡܝܢ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘ̈ܒܝܢ ܘܚܛ̈ܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝ̈ܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✠ ܐܡܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

† ܩܰܕܺܝܫܳܐ ܐܰܠܳܗܳܐ ܘܰܠܒܶܪܗ ܘܰܠܪܽܘܚܳܐ ܩܰܕܺܝܫܳܐ ⁜ ܘܰܠܥܳܠܰܡ ܥܳܠܡܺܝܢ ܘܥܰܠܶܝܢ ܪ̈ܰܚܡܶܐ ܘܚܢܳܢܳܐ ܢܶܫܬܰܦܥܽܘܢ ܥܰܠ ܢܰܦ̈ܫܳܬܗܽܘܢ ܕܡܺܝ̈ܬܶܐ ܠܟܽܠܗܽܘܢ ܠܥܳܠܡܺܝܢ ⁜ ܐܰܡܺܝܢ ⁜

ܨܠܘܬܐ ܕܩܘܪܒܐ

ദൈവമായ കർത്താവേ, ഞങ്ങളുടെ ആത്മാക്കളുടെ അരമുറുക്കിയും നിന്നെക്കുറിച്ചുള്ള അറിവാൽ ഞങ്ങളുടെ വിളക്കുകൾ പ്രകാശിച്ചും, നിന്നെക്കുറിച്ചുള്ള പ്രത്യാശയാകുന്ന വടിമേൽ ഞങ്ങളുടെ ആത്മാക്കൾ താങ്ങിയും നിന്റെ സ്വർഗ്ഗീയമേശയ്ക്ക് അടുത്തുവരുവാൻ ഞങ്ങളെ അർഹരാക്കണമെ. നിന്റെ കൽപ്പനകളാകുന്ന വഴിയിൽ കൂടി മടികൂടാതെ ഞങ്ങൾ പ്രയാണംചെയ്ത് നിന്റെ വിശുദ്ധശരീരത്തിലും പുണ്യമുണ്ടാക്കുന്ന രക്തത്തിലും സംബന്ധിക്കുകയും നാശവും ആപത്തുംകൂടാതെ നിന്റെ അടയാളത്താൽ അകമെ ഞങ്ങൾകാത്തുരക്ഷിക്കപ്പെടുകയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റും. ഹോശോ---

English

Hold us worthy, O Lord God, to draw near Your heavenly table, having girded the loins of our

souls, and lighted the lamps of Your knowledge, and supported the postures of our spirits by the rod of Your trust, and having walked without interruption in the narrow paths of Your commandments, may we partake of Your holy body and atoing blood. Without destruction and harm, may we be protected internally by Your sign. We will offer up glory and praise to You and Your Father and Your Holy Spirit now and always for ever and ever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണെമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ

അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമെ, ഞാൻവെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ മുഖം തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എന്റെരക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെരക്ഷിച്ചുകൊള്ളണമെ. എന്റെനാവ് നിന്റെനീതിയെ

സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 സ്വജനത്തിൻ തുപ്പലതേൽക്കുകയാൽ
അ-ന്യ-ജനത്തെ വീണ്ടോനേ, ദേവാ ദയചെയ്തീടണമെ.

2 സുരഭിലമാം മൂറോൻ തൈലത്താൽ
സ-ഭയെ-മോദിപ്പിച്ചോനേ, ദേവാ ദയചെയ്തീടണമെ.

3 നിൻ പാപം മോചിതമെന്നേവം
പാ-പിനി-യോടുര ചെയ്തോനേ
ദേവാ ദയചെയ്തീടണമെ.

4 പാപിനിതൻ കണ്ണീർ കൈക്കൊണ്ട്
പാ-പ-വിമുക്തി കൊടുത്തോനേ
ദേവാദയചെയ്തീടണമെ

5 സ്വജനത്തിൽ കനിയുക കർത്താവേ
പി-ന്മാ-റീടരുതവരിന്നും, ദേവാദയചെയ്തീടണമെ

ബാറെക്മോർ. † ശുബഹോ -- മെൻ്ഓലാം വാദാമോ----

6 നിൻെറ ഹിതം നിർമ്മിച്ചവയഖിലം
നിൻ-പേ-ർക്കായ് സ്തുതിയേറ്റട്ടെ
ദേവാദയചെയ്തീടണമെ.

141, 142, 119, 117 സങ്കീർത്തനങ്ങൾ

കുറിയേലായിസ്സോൻ: കർത്താവേ ഞാൻ നിന്നെ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എൻെറ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.

എൻെറ പ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും, എൻെറ കൈകളിലെ കാഴ്ച, വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമെ. എൻെറ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും, ഞാൻ അന്യായ ക്രിയകൾ പ്രവൃത്തിക്കുകയും ചെയ്യാതിരിപ്പാൻ, എൻെറ വായ്ക്ക് കാവൽക്കാരനെയും, എൻെറ അധരങ്ങൾക്ക് സൂക്ഷിപ്പു കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാക രുതെ. നീതിമാൻഎന്നെപഠിപ്പിക്കയും ശാസിക്കയുംചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എൻെറ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എൻെറ പ്രാർത്ഥന അവരുടെ ദോഷംനിമിത്ത മാകുന്നു. അവരുടെ ന്യായാധിപ ന്മാർ പാറയാൽതടയപ്പെട്ടു. ഇമ്പമുള്ള എൻെറ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുപിളർന്നു ചിതറിക്കുന്നതുപോലെ, പാതാള വാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള, പ്രശംസ ക്കാരുടെ കൈയിൽനിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻവിളിച്ചു. എന്റെ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു. തിരു സന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും, തിരു മുമ്പിൽ എന്റെ ഞെരുക്കം അറിയിക്കയും ചെയ്തു. എന്റെ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, എന്റെ ഊടുവഴികൾ നീ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എനിക്കുവേണ്ടി അപേക്ഷിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്നോടുനിലവിളിച്ചു. നീ എന്റെ ആശ്രയവും, ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എൻെറ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പി ക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിൻെറ നാമത്തെ സ്തുതിക്കേണ്ടതിന്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻഏറ്റവുംക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെവചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എൻെറ ആത്മാവ് എല്ലായ്പ്പോഴും നിൻെറ കൈളിൽ ഇരിക്കുന്നു. നിൻെറ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽനിന്നും തെറ്റിപ്പോയില്ല. ഞാൻനിൻെറസാക്ഷി എന്നേയ്ക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അതു എൻെറ ഹൃദയത്തിൻെറ ആനന്ദ മാകുന്നു. നിൻെറകൽപ്പനകൾ എന്നേയ്ക്കും സത്യത്തോടെ ചെയ്വാനായിട്ട് ഞാൻ എൻെറ ഹൃദയം തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - യൗമ്മോനോ എന്നപോലെ

1 ഇന്നാളിൽ ശെമഓനും യോഹന്നാനും പ്രേഷിതനായി
നമ്മുടെ രക്ഷയ്ക്കായ് ബലിയായ രഹസ്യേശന്നായ്
പെസഹാ കുഞ്ഞാ-ടതിനെ സജ്ജമതാ-ക്കിടുവാനായ്.

2 ഇന്നാളിൽനിങ്ങളിലൊരുവൻ എന്നെയൊറ്റീടുംവിലവാങ്ങും
യാതനയും നരകാഗ്നിയുമവനേറ്റിടുമെന്നേവം
മഹിതരഹസ്യം, ശിഷ്യർക്കായ് നാഥൻ വെളിവാക്കി.

3 ഇന്നാളിൽ-പാവനപുരിയിൽശീമോൻയോഹന്നാന്മാർചെന്നു
ബലികൾക്കീശനു കുഞ്ഞാടിനെയും തയ്യാറാക്കി
മാളിക തന്നിൽ, മഹനീയം മർമ്മം വെളിവാക്കി.

4 ഇന്നാളിൽ-സർവ്വാധീശൻ-തൻക്ളേശത്തെയാസ്പദമാക്കി
നിങ്ങളിലൊരുവൻ വിമതർക്കെന്നെയേൽപ്പിച്ചിടുമെ-
ന്നുരചെയ്തപ്പോൾ, ശിഷ്യഗണം പാരം വ്യഥ പൂണ്ടു.

5ശിഷ്യഗണംസംഭ്രമമാർന്നുനിങ്ങളിലൊരുവൻതാനെന്നയഹൊ
വിറ്റിഹവാങ്ങും വിലയെന്നേവം ഗുരുചൊന്നപ്പോൾ
ആരും ധാർഷ്ട്യം, കാണിച്ചില്ലാരെ-ന്നാരായാൻ.

ബാറെക്മോർ. † ശുബഹോ-മെന്ഓലാം--

6 സകലേശാ വിമലസഭയ്ക്കായ് നിൻ തനുവിൽക്ലേശം സ്വയമേറ്റ്
തെറ്റിപ്പോയൊരു വഴിയീന്നിതിനെ രക്ഷിച്ചോനേ
ഭിന്നതനീക്കി-സഭയിൽ വളർത്തണമേ നിൻ ശാന്തി.

സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

[illegible]
[illegible]
[illegible]
[illegible]

ന്യായപ്രമാണസൂചനകളെ നിറവേറ്റുവാൻവേണ്ടി പെരുന്നാളിൽ കരേറിച്ചെന്നവനായി പെരുന്നാളുകളുടെ നാഥനും പെരുന്നാളുകളെ പൂർണ്ണമാക്കുന്നവനും "ഞാൻ മരിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടി പെസഹ ഭക്ഷിക്കുവാനും പഴയവയെ നിവൃത്തിപ്പാനും നിഴലായവയെ പൂർണ്ണമാക്കുവാനും എന്നേയ്ക്കും നിങ്ങളോടുകൂടെ ഇരിപ്പാനുമായിട്ട് എൻെറ രക്തത്തിൽ പുതിയ ഉടമ്പടിയെ നിങ്ങളെ ഏൽപ്പിപ്പാനും പഴക്കംവരാത്ത ഭാവി ജീവൻെറ അച്ചാരമായി എൻെറ വിശുദ്ധശരീരവും വിലയേറിയരക്തവും നിങ്ങൾക്കു തരുവാനും ഞാൻ അത്യന്തംആഗ്രഹിക്കുന്നു" എന്നും "അവ നിങ്ങൾക്ക് കടങ്ങളുടെപരിഹാരത്തിനും പാപമോചനത്തിനും ആയിരിക്കും" എന്നും തൻെറ ശിഷ്യന്മാരോട് അരുളിച്ചെയ്തവനുമായ കർത്താവിന്സ്തുതി. തനിക്ക് സന്ധ്യാ

പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

English

Glory to that Lord of the feasts and the One Who perfects the festivals, Who went up for the feast to complete and to fulfill the mysteries of the Law, Who told His disciples that, 'I earnestly desired to eat the Passover with you before I die, and I shall complete the old and fulfilled the images, and transmit to you the new covenant in My blood so that I may be with you for ever and I give you My Holy body and precious blood as the pledge of the future life which will not grow old, and they shall be for you for the remission of debts and for the forgiveness of sins'. To Him befits praise and thanksgiving at this time of the evening prayer and all festivals, seasons and hours and all the days of life.

ܩܘܠܐ

തൻെറ ദേഹത്താൽ ലോകത്തിൻെറ അകൃത്യത്തെ വഹിപ്പാനും തൻെറ കൃപയാൽ ലോകത്തിൻെറ

ജീവനുവേണ്ടി അറക്കപ്പെടുവാനും തൻെറ കരുണയാൽ പാപികൾക്ക് പകരം തന്നെത്തന്നെ കുരിശു മരണത്തിന് കൊടുപ്പാനുമായി എഴുന്നെള്ളി വന്ന മഹത്വത്തിൻെറ രാജാവും എല്ലാറ്റിൻേറയും ദൈവവും ദൈവത്തിൻെറ കുഞ്ഞാടും ആയ മശിഹാതമ്പുരാനേ, ന്യായപ്രമാണത്തിലും മറ്റും വിധിച്ചിട്ടുള്ളപ്രകാരം കാളക്കുട്ടികൾ, കാളകൾ, ആട്ടിൻക്കുട്ടികൾ, മുട്ടാടുകൾ എന്നിവയെ വെട്ടി ബലികഴിക്കൽ പാനീയനിവേദ്യം ധൂപയാഗം എന്നിവയിൽ നിന്ന് ഞങ്ങളെ ഉദ്ധരിപ്പാൻവേണ്ടി നിൻെറ മനുഷ്യസ്നേഹ ത്താൽ നിനക്ക് തിരുവുള്ളംതോന്നി. “ഇന്നു നിങ്ങളോടുകൂടി പെസഹ ഭക്ഷിപ്പാൻ എനിക്ക് ഏറ്റവും ആഗ്രഹമുണ്ട്. അതിനാൽ നിങ്ങൾ പോയി നമുക്ക് പെരുന്നാളിന് വല്ലതും ഒരുക്കുവിൻ. ഒരുകുടം വെള്ളം ചുമന്നുകൊണ്ട് ഒരാൾ പോകുന്നിടത്തേക്ക് അവനോടുകൂടെ നിങ്ങൾചെന്ന് വീട്ടുടയവനോട് ഇന്നു രാത്രി ഞങ്ങളുടെ ഗുരുവും നാഥനുമായവൻ നിൻെറ അടുക്കൽ പെസഹാ കഴിപ്പാൻ ഇരിക്കുന്നു. ഇപ്രകാരം പറവീൻ” എന്നു നിൻെറ ശിഷ്യന്മാരോട് നീ കൽപ്പിച്ചു. അപ്രകാരം ശെമഓനും യോഹന്നാനും പോയി മർക്കോസിൻെറ ഭവനത്തിൽ ഒരുക്കപ്പെട്ട മാളിക അവർ കണ്ടെത്തി. നിൻെറ ആജ്ഞപോലെ സകലവും അവർ തയ്യാറാക്കി. നിൻെറ ശിഷ്യന്മാരോടുകൂടെ ന്യായപ്രമാണം അനുസരിച്ച് അത്താഴം കഴിച്ചശേഷം താഴ്മയാകുന്ന ഉന്നതിയുടെ നിർമ്മല മാർഗ്ഗത്തെ പ്രവൃത്തിയാലും വചനത്താലും അവരെ

പഠിപ്പിപ്പാൻ നീ തിരുമനസ്സായി. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹത്തോടെ പെരുമാറി എങ്കൽനിന്നു വിനയം പഠിപ്പിൻ എന്നു നീ അരുളിച്ചെയ്തു. അത്താഴം കഴിഞ്ഞ ഉടൻ നിൻെറ വിശുദ്ധ തൃക്കൈകളിൽ പുളിപ്പുള്ള അപ്പം എടുത്ത് സ്തോത്രം ചെയ്ത് അനുഗ്രഹിച്ച് ഇതു ലോകത്തിനെല്ലാം വേണ്ടി ബലികഴിക്കപ്പെടുന്ന രഹസ്യമാണെന്നും ഇതു എൻെറ ശരീരമാണെന്നും എന്നെ വിശ്വസിക്കുന്ന ഏവൻെറയും കടങ്ങളുടെ പരിഹാരത്തിനായി ഇത് നിങ്ങൾ വാങ്ങിഭക്ഷിപ്പിൻ എന്നും അരുളിച്ചെയ്തുകൊണ്ട് അവർക്ക് കൊടുത്തു. ഇപ്രകാരം കാസായും അനുഗ്രഹിച്ച് അവർക്ക് കൊടുത്ത് “ഇത് പുതിയ നിയമത്തിലെ എൻെറ രക്തമാകുന്നു. എന്നെ വിശ്വസിക്കുന്ന ഒരോരുത്തൻെറയും പാപമോചനത്തിനുവേണ്ടി നിങ്ങളെല്ലാവരും ഇതു വാങ്ങി പാപം ചെയ്‌വീൻ. ഞാൻ വീണ്ടും വരുന്നതുവരെയും എൻെറ മരണത്തിൻെറ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്‌വീൻ” എന്നു നീ അവരോട് കൽപ്പിച്ചു. അനന്തരം നീ അവരെ പിതാവിന് ഏൽപ്പിച്ചുകൊടുത്തു. മത്സരക്കാരൻെറ ഏൽപ്പിച്ചുകൊടുക്കൽ, ശിഷ്യന്മാരിൽതലവൻെറ ഉപേക്ഷണം എഴുതപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ഓടിപ്പോക്ക് എന്നിവയെ നീ അവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. പഴയകാര്യങ്ങൾക്ക് നീ സമാപ്തി വരുത്തി. നിത്യജീവനും മരണമില്ലായ്മയും അനശ്വരതയും നൽകുന്ന പുതിയ നിയമത്തെ നീ ഏർപ്പെടുത്തി. പുതിയതും കർത്താവിനടുത്തതുമായ പെരുന്നാൾ എത്രയോ വിസ്മയനീയമാകുന്നു. ഹാ,

വിസ്മയനീയവും അവര്‍ണ്ണനീയവുമായ രഹസ്യം എത്രയോ അതിശയനീയമാകുന്നു. ഹാ, അവര്‍ണ്ണനീയമായ ശ്രേഷ്ഠത എത്രയോ വിസ്മയനീയമാകുന്നു. ഹാ, അപരിമിതമായ മനുഷ്യസ്നേഹം എത്രയോ അതിശയനീയമാകുന്നു. ഹാ, തന്‍െറ രഹസ്യത്താല്‍ ഭക്ഷിക്കപ്പെടുന്ന ന്യായപ്രമാണത്തിലെ കുഞ്ഞാടിനെ ഭക്ഷിച്ച കുഞ്ഞാട് എത്രയോ വിസ്മയനീയ മാകുന്നു. ഹാ, ഞങ്ങളുടെ രക്ഷയുടെ രഹസ്യം നിറവേറ്റിയ തായ പുളിപ്പില്ലാത്ത അപ്പത്തിന്‍െറ വലിയനാള്‍ എത്രയോ വിസ്മയനീയമാകുന്നു. ഹാ, ഒരു വയസ്സുള്ള കുഞ്ഞാട് അതില്‍വച്ച് ഭക്ഷിക്കപ്പെടുകയും തന്‍െറ ബലിയാല്‍ ലോകത്തിന്‍െറ പാപത്തെ നീക്കിക്കളയുന്ന ജീവനുള്ള ദൈവത്തിന്‍െറ കുഞ്ഞാട് അതില്‍വച്ച് ഭക്ഷിക്കപ്പെടുകയും ചെയ്ത രഹസ്യപൂര്‍ണ്ണമായ മാളിക എത്രയോ വിസ്മയ നീയമാകുന്നു. ഇന്നു പുണ്യമുള്ള പ്രധാനപുരോഹിതനായ മല്‍ക്കിസദേക്കിന്‍െറ ദൃഷ്ടാന്തമായി അപ്പത്താലും വീഞ്ഞാലും ജീവന്‍െറ അപ്പം സ്വര്‍ഗ്ഗത്തില്‍നിന്ന് കൂദാശ വഴിയായിനമുക്കുഭരമേല്‍പ്പിക്കപ്പെട്ടു. ഇന്നു നാം എല്ലാവരും ശുദ്ധീകരണപ്പെരുന്നാളും പാപപരിഹരപ്പെരുന്നാളും കൊണ്ടാടണം. ആയത് തിന്മയും കയ്പ്പുമാകുന്ന പഴയ പുളിമാവ്കൊണ്ടല്ല, വെടിപ്പും വിശുദ്ധിയുമാകുന്ന പുളിമാവ് കൊണ്ട് ഘോഷിക്കണം. ഇന്നു പഴമയില്‍നിന്ന് പുതുമയി ലേക്കും മരണത്തില്‍നിന്ന് മരണമില്ലായ്മയിലേക്കും, ദാസ്യ വൃത്തിയില്‍നിന്ന് കര്‍ത്തൃസ്വാതന്ത്ര്യത്തിലേക്കും, ആടുകളിലെ കുഞ്ഞാടില്‍നിന്ന് ദൈവത്തിന്‍െറ കുഞ്ഞാടിലേക്കും മാറ്റം

നൽകിയ പരിശുദ്ധവും കർത്താവിന്നടുത്തതുമായ പെസഹാ പെരുന്നാളിനെ നാം ആചരിക്കണം. ഇന്നു അവിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്കും വഴിതെറ്റിൽനിന്ന് സത്യവഴിയിലേക്കും ഉള്ള ആത്മീയമാറ്റം നമുക്കുണ്ടായി. ഇന്നു അക്ഷയമായ യഥാർത്ഥ ജീവനെ നാം കണ്ടെത്തി. ഇന്ന് മാളികയിൽവച്ച് കഴിക്കപ്പെട്ട രക്തരഹിതമായ നിഷ്ക്കളങ്ക ബലിയിൽ മൂകജന്തുക്കളെ വെട്ടിക്കൊല്ലുന്ന ആയുധം ലേവ്യഭവനക്കാരിൽനിന്ന് വിട്ടു പിരിഞ്ഞു. ഇന്നു തൻെറ രഹസ്യത്താൽ ചിന്നപ്പെട്ടിരുന്നതായി സംസാരശക്തിയുള്ളതും രക്തമില്ലാത്തതുമായ കുഞ്ഞാടിൻെറ ബലിയാൽ സീയോൻ ദേവാലയത്തിൽനിന്നും രക്തച്ചൊരിച്ചിലും ചാരം വിതറലും നിർത്തപ്പെട്ടു. ഇതു ഹേതുവായിട്ട് മൃതനെപ്പോലെ നിൻെറ ശരീരവും രക്തവും ഞങ്ങൾക്കു ഭാഗിച്ചുതരികയും ജീവനുള്ളവനെപ്പോലെ അതിൽനിന്നു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തവനായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നീ ജീവിച്ചിരിക്കുന്നവനും മരിച്ചവനും കൊല്ലപ്പെട്ടവനും ജീവദാതാവും ആണെന്നു ഞങ്ങൾ അറിയുന്നു. നിൻെറ പരിശുദ്ധമായ ശരീരത്തിൻേറയും രക്തത്തിൻേറയും ചൈതന്യപ്രദമായ അംഗീകരണത്തിന് ഇപ്പോൾ ഞങ്ങളെ അർഹരാക്കണമെ. സംഹാരകൻ അകത്തുകടന്ന് ജീവകരമായ നിൻെറ കഷ്ടാനുഭവത്തേയും മരണത്തേയും കുറിച്ചുള്ള നിർമ്മല വിചാരങ്ങളാകുന്ന ഞങ്ങളുടെ ആത്മാക്കളിലെ ആദ്യജാതന്മാരെ നശിപ്പിക്കാതിരിപ്പാനായിട്ട്

അവനിൽനിന്നു ഞങ്ങൾ രക്ഷിക്കപ്പെടുമാറാകണമെ. വിനയമാകുന്ന അരക്കച്ചകെട്ടിയും സമാധാനമാകുന്ന ചെരിപ്പിട്ടും, നിൻെറ ജയമുള്ള സ്ലീബായാകുന്ന വടിയെ അവലംബിച്ചും അതിനെ ഭക്ഷിപ്പാൻ ഞങ്ങളെ അർഹരാക്കണമെ. സത്യഉപ്പ് ചേർത്ത് സ്നേഹാഗ്നിയിൽ വറുത്ത് നിഷ്ക്കളങ്കമായ സത്യവിശ്വാസത്താൽ യാതൊരു സംശയവും കൂടാതെ ഞങ്ങൾ അതിനെകൈക്കൊള്ളുമാറാകണമെ. കർത്താവേ, സകലപഴക്കത്തിൽനിന്നും ഒഴിഞ്ഞു നിത്യവും പുതുതായി നിന്നെ ഭക്ഷിപ്പാനും നിൻെറ രാജ്യത്തിൽ പുതുതായി നിന്നെ പാനംചെയ്യുവാനും ഞങ്ങളെ അർഹരാക്കണമെ. അവിടെ ഞങ്ങൾ നിനക്കു സ്വർഗ്ഗീയരായകുറ്റമില്ലാത്ത ആടുകളെയും, മലിനതയില്ലാത്ത പരമാർത്ഥികളായ കുഞ്ഞാടുകളെയും, നിർമ്മലങ്ങളായ പാനീയ നിവേദ്യങ്ങളെയും, വെടിപ്പുള്ള പ്രാവുകളെയും, ചെങ്ങാലികളെയും ബലികഴിക്കുമാറാകണമെ. ഇവിടെയും അവിടെ ആ മാഞ്ഞുപോകാത്ത ലോകത്തിലും ആനന്ദകര മാകുന്ന പെസഹായാകുന്ന നിന്നിൽ ഞങ്ങൾ സന്തോഷിച്ച് ആനന്ദിച്ച്ആഹ്ളാദിക്കുമാറാകണമെ. ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും നിനക്കും ഞങ്ങൾക്കുവേണ്ടി ചൊരിഞ്ഞ രക്തത്താൽ ഞങ്ങളെ യോജിപ്പിച്ച നിൻെറ പിതാവിനും സാരാംശത്തിൽ നിനക്കു തുല്യനായിരിക്കുന്ന പരിശുദ്ധ റൂഹായ്ക്കും സന്തോഷത്തോടെസ്തുതിയും ആനന്ദത്തോടു കീർത്തനവും ആഹ്ളാദത്തോടു പുകഴ്ചയും കരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ

ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാർക്ക് തൻെറ കഷ്ടാനുഭവത്തെ വെളിപ്പെടുത്തി. അവരോട് തൻെറ നന്മയുടെ ഫലം ദർശിച്ച ആക്രമികളിൽനിന്ന് ആദാമ്യവർഗ്ഗത്തിനുവേണ്ടി താൻ പീഡകൾ സഹിക്കുവാനിരിക്കുന്നുവെന്നും അന്യായക്കാരോടൊന്നിച്ച് സ്ക്കീപ്പായിൽ കുറ്റംകൂടാതെ തന്നെ തറയ്ക്കുമെന്നും പറഞ്ഞു. തൻെറ ശ്രേഷ്ഠതയ്ക്കു സ്തുതി. തൻെറ നിത്യതയിൽ താൻ അതിർത്തിയില്ലാത്തവനായിരിക്കുമ്പോൾ സ്വയംവെറുമയാക്കി തന്നത്താൻ താഴ്ത്തി. ന്യായസ്ഥലത്തുവെച്ച് തന്നെ കുറ്റം വിധിപ്പാൻ ദുഷ്ടന്മാർ തന്നെ പിടിച്ചു. ബാറെക്മോർ.

† ശുബഹോ: മെൻ്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

നിങ്ങളിൽ ഒരുവൻ എന്നെ യഹൂദജനത്തിന്നേൽപ്പിച്ചു കൊടുക്കുമെന്നും ഞാൻ കഷ്ടതയും സ്ക്കീപ്പായും സഹിക്കുമെന്നും നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാരുടെ അനുഗ്രഹീതസംഘത്തിനു ദുഃഖമുണ്ടായി. വഞ്ചകശിഷ്യനായ സ്ക്കറിയോത്തായിൽ സാത്താൻ പ്രവേശിച്ചു. അവൻ ആചാര്യന്മാരുടെ അടുക്കൽപോയി അവർക്ക് തന്നെ ഏൽപ്പിക്കുകയും അവൻെറ ആത്മഹത്യയ്ക്കുള്ള കയറിൻെറ വിലയായി മുപ്പതു വെള്ളിക്കാശ് വാങ്ങുകയും ചെയ്തു. മൊറിയോ---

The desciples told our Lord. ‘Explain to us this parable! Who is the one to become Satan and to betray You to the Jews?’ Our Lord answered and told them, as the desciples were frightened: ‘the one who dips his hand with me in the dish will betray me to the accursed Jewish people.’ Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

Glory to You, O, God the Word, for by Your grace, You became man, and as You gave up Yourself to the weak, they seized You, and they took You to the judge. For our sake, You were led like a lamb for slaughter. Glory to Your mercies, O Good One You have so much loved our nature that You tasted death for our sake . Moriyo---

എത്രൊ

ദൈവമായ കർത്താവേ, ഈ പെരുന്നാളിൽ ഞങ്ങൾ തിരുമുമ്പിൽ സമർപ്പിച്ച ഈ ധൂപത്തെ ഹാബേലിൻെറ കാഴ്ചപോലെയും, നോഹിൻെറ നിവേദ്യംപോലെയും, അബ്രഹാമിൻെറ ബലിപോലെയും, മൽക്കിസദേക്കിൻെറ പുരോഹിതകർമ്മംപോലെയും, മോശയുടെ പ്രാർത്ഥനപോലെയും, അഹരോൻെറ ധൂപംപോലെയും, ഫിനഹാസിൻെറ കാര്യവിചാരംപോലെയും, ദാവീദിൻെറ അപേക്ഷപോലെയും, മനശ്ശെയുടെ കണ്ണുനീരുപോലെയും നീ കൈക്കൊള്ളണമെ.

എൻെറ നാഥാ ഞങ്ങളുടെ വേദനകൾക്കു സൗഖ്യവും ഞങ്ങളുടെ ആത്മാക്കൾക്ക് സംരക്ഷണവും, ഞങ്ങളുടെ വാങ്ങിപ്പോയവർക്ക് നീതീകരണവും നൽകി ഞങ്ങളെ ആനന്ദിപ്പിക്കണമെ. ഞങ്ങൾനിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. മോറാൻ---

English

The Exalted One Who abased Himself for us and became man like us, and endured passions for our salvation, hear our prayers and supplications and accept this incense from our feebleness. By it, enlighten the eyes of our intellects with the light of Your praises. Strengthen all of us for the observance of Your life-giving commandments. Equip our hands for the works our virtues, strengthen our walks according to Your word. Guard our thoughts with Your memory and our lips and tongues with the words of Your praises. Sanctify all of us with Your truth, our Lord and God for ever. Amen.

കോലോ - കൂക്കോയോ രീതി

പെസഹാപ്പെരുന്നാളിനു മുമ്പേ ബുധനാ-മാഴ്ചയിലും
വ്യാഴത്തിലുമീശൻ മർമ്മം വെളിവാക്കി ചൊന്നാൻ

പോകുന്നു നാം പാവനമാം പുരിയിൽ
പിടികൂടീടും എന്നെ യൂദന്മാർ
നിയമം ലംഘിച്ചോനാകും ആദാമിനു വേണ്ടി
മാനുഷപുത്രനെയേറ്റീടും സ്ലീബായിന്മീതെ
ഹാലേലുയ്യാ-അവനേദൻപൂകും.ബാറെക്മോർ.† ശുബഹോ-മെന്ഓലാം-ഹാ-

പെസഹാപ്പെരുന്നാളിനു മുമ്പേ ബുധനാ-മാഴ്ചയിലും
വ്യാഴത്തിലുമാ യൂദന്മാർ വഞ്ചി-പ്പാൻ കൂടി
ജനരക്ഷയ്ക്കായ് ഏകൻ മൃതിയാർന്നാൽ
അതു നന്നാണെ-ന്നാ വൻ പെരുന്നാളിൽ
മശിഹാ തന്നുടെ മൃതിയെ മുൻനിർത്തി കയ്യാപ്പാ
പ്രവചിച്ചാൻ ജനമൊന്നായി-ട്ടതിനെ പിന്താങ്ങി
ഹാലേലുയ്യാ - പ്രാണദനെ കൊന്നാർ.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഹൃദയ-ങ്ങളെയെ-ല്ലാമറിയുന്നോൻ
ഈ സ-ന്ധ്യയിലേ-വം വെളിവാക്കി
നി-ങ്ങളിലേകൻ എന്നെയൊറ്റും
വലമാം ഭാഗ-ത്തമരുന്നോ-രാം
കുഞ്ഞാ-ടുകളേ-റ്റം ഖേദിച്ചു.

ഈ-യന്തിയില-ച്ചതിയൻ യൂ-ദാ
തരമാ-കുമ്പോ-ളവനെ നീ-ചർ-
ക്കേൽപ്പിച്ചീടാ-മെന്നങ്ങേറ്റാൻ
തൻ ര-ക്തത്താൽ നമ്മെക്കൊ-ണ്ടോൻ
തൻ മൂ-ല്യമഹോ മുപ്പതു നാ-ണ്യം.

നാഥ-ന്മാർ തൻ നാഥനു വേ-ണ്ടി
പെസഹാ-ക്കുഞ്ഞാ-ടതിനെയൊരുക്കാൻ
നിബിയന്മാരോ-ടാചാര്യന്മാർ
വെളിപാ-ടുകളാൽ സൂചിപ്പി-ച്ചോൻ
തനയൻ സർവ്വം പൂർണ്ണമതാ-ക്കി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܳܐܶܢ ܠܗ̇ ܠܟܽܠ ܕܕܳܢܶܝ
ܠܕܰܝܳܢܳܐ ܟܺܐܢܳܐ ܡܶܢܝ ܠܳܐ ܬܶܬܒܰܥ ❉ ܡܳܪܝ ܚܽܘܣ̄ ❉

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܠܘܽ ܠܳܐ ܚܰܫܰܘ̈ܗܝ ܕܗܘܳܘ ܕܰܚܠܳܦܰܝܢ
ܒܚܰܫܰܘ̈ܗܝ ܕܒܶܪܳܟ ܢܶܬܒܰܝܶܐ ܠܡܰܥܡܕܳܢܽܘܬܳܟ ܕܰܐܒܽܘܟ ❉
ܥܰܠܘܗܝ ܐܶܠܘܽ ܡܳܪܝ ܠܰܫܡܰܝܳܐ ܢܶܫܡܰܥ ܚܠܳܦܰܝܢ ❉

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ

നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ക്രൂശകൻ തന്നവസാനത്തെ
പെരുന്നാളാം പെസഹാ വന്നു
നാഥൻ പ്രേരണകൂടാതെ
സ്വയമേ കുഞ്ഞാടായ്ത്തീർന്നു
നിൻ ഹിതമെന്തെന്നറിയിക്ക
പെസഹാ എവിടെയൊരുക്കേണം
സദയം താണോരുന്നതനോ-
ടേവം ശിഷ്യർ ചോദിച്ചു. ദേവാ ദയ---

2 താതാ ദർശകരുടെ മർമ്മം
സുതനാം ഞാൻ നിറവേറ്റുന്നു
ഭൂജാതികളാനന്ദിപ്പാൻ, ഞാൻ ബലിയായിത്തീരുന്നു
മുമ്പായ് ഞാൻ നേടിയ സഭയെ
നിൻ സവിധേ ഞാൻ വേൾക്കുന്നു
വിലയേറിയതാമെൻ രക്തം
സ്ത്രീധനമായ് ഞാ-നെഴുതു-ന്നു. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

പെത്ഗോമോ

ഹാ- ഹാലേലുയ്യാ വൈരിസമൂഹമെനിക്കെതിരായ്മന്ത്രിച്ചു

ദോഷംചെയ്‌വാനവരാലോചിച്ചു. ഹാലേലുയ്യാ

ഏവൻഗേലിയോൻ

വി. യോഹന്നാൻ 7. 45 - 52. 8. 12 - 20

ܠܡܪܢܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܟܠܟܘܢ ✠ ܫܠܡ ✠

ܘܐܦ ܥܡ ܪܘܚܟ ܡܢ ܚܝܐ ܡܒܣܪܢܐ ✠ ܡܘܪܕܝܢܘܢ ✠

അനന്തരം പ്രധാനാചാര്യന്മാരുടേയുംപരീശരുടേയും അടുത്ത് പടയാളികൾ ചെന്നപ്പോൾ അവരോട്, നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്തുകൊണ്ട് എന്നുചോദിച്ചു. പടയാളി കൾമറുപടിയായി, ആ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളുംസംസാരിച്ചിട്ടില്ല എന്നുപറഞ്ഞു. പരീശന്മാർ അവരോട്, നിങ്ങളും തെറ്റിപ്പോയോ, ന്യായപ്രമാണം അറിഞ്ഞുകൂടാത്ത ഈ ശപിക്കപ്പെട്ട ജനമല്ലാതെ പ്രധാനി കളോ പരീശരിലോആരെങ്കിലും അവനിൽവിശ്വസിച്ചിട്ടുണ്ടോ എന്നുചോദിച്ചു. പരീശരിൽഒരുവനും നേരത്തെയേശുവിൻെറ അടുക്കൽ വന്നവനുമായ നിക്കോദിമോസ് അവരോട്, ഒരുവന് പറയാനുള്ളത് ആദ്യം കേൾക്കാതെയും ചെയ്ത തെന്തെന്ന് അറിയാതെയും ന്യായം വിധിക്കുവാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ എന്നുചോദിച്ചു. അവർ അവനോട്, നീയും ഗലീലക്കാരനോ, ഗലീലയിൽനിന്ന് ഒരു പ്രവാചകൻ ഉണ്ടാകുകയില്ലെന്നത് നീ പരിശോധിച്ചറിയുക എന്നു പറഞ്ഞു. യോഹന്നാൻ 8. 12-20. യേശു വീണ്ടും ജനങ്ങ ളോട്, ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു. എന്നെ

അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. പിന്നെയോ അവന് ജീവന്റെപ്രകാശംഉണ്ടായിരിക്കും എന്നു പറഞ്ഞു. പരീശന്മാർ അവനോട്, നിന്നെക്കുറിച്ച് നീ തന്നെ സാക്ഷ്യം നൽകുന്നു, നിന്റെ സാക്ഷ്യം സത്യമല്ല എന്നുപറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം സത്യമാകുന്നു. എന്തെന്നാൽ ഞാൻ എവിടെ നിന്നാണ് വന്നതെന്നും, എവിടേക്കാണ് പോകുന്നതെന്നും എനിക്കറിയാം. എന്നാൽ ഞാൻ എവിടെനിന്നാണ് വന്നതെന്നും എവിടേക്കാണ് പോകുന്നതെന്നും നിങ്ങൾ അറിയുന്നില്ല. നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു. ഞാൻ ആരെയും വിധിക്കുന്നില്ല. എന്നാൽ ഞാൻ വിധിച്ചാലും എന്റെ വിധി സത്യമായിരിക്കും. എന്തെന്നാൽ ഞാൻ തനിച്ചല്ല. ഞാനും എന്നെഅയച്ച പിതാവുംകൂടിയാണ് വിധിക്കുന്നത്. രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ച് ഞാൻ തന്നെ സാക്ഷ്യംനൽകുന്നു. എന്നെ അയച്ചപിതാവും എന്നെക്കുറിച്ച് സാക്ഷ്യംനൽകുന്നു. അവർ അവനോട്, നിന്റെ പിതാവ് എവിടെയാകുന്നു എന്നുചോദിച്ചു. യേശു അതിന് ഉത്തരമായി, നിങ്ങൾ എന്നെയോ എന്റെ പിതാവിനെയോ അറിയുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു എന്നുപറഞ്ഞു. യേശു ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഭണ്ഡാരസ്ഥലത്തുവെച്ചാണ് ഈവചനങ്ങൾസംസാരിച്ചത്.

അപ്പോഴും അവൻെറ സമയം ആയിട്ടില്ലാത്തതിനാൽ ആരും അവനെ പിടികൂടിയില്ല. ⁜ ܩܘܪܝܠܝܣܘܢ ⁜ ܡܪܝܐ ܚܘܣ ܥܠܝܢ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all

Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܨܠܘܬܗ ܡܢܗܘ ܠܐܒܐ ܥܢܝܗ

ܒܨܠܘܬܢ ܥܢܝ ܠܢ ܘܐܬܪܚܡܥܠܝܢ ✠ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢܐ ✠ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ
ܘܙܘܡܢܐ ✠ ܘܥܠܡܝܢ ܫܠܝܐ ܘܫܡܝܐ ܘܐܪܥܐ ✠ ܢܥܒܕܘܢ
ܠܐ ܝܕܥ ܐܘܡܢܘܬܐ ܕܠܥܠܡ ✠ ܘܡܢܗܘܢ ܢܬܡܠܐ ܫܘܪ ܠܟܘܢ
ܕܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܒܟܠܥܕܢ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✠ ܐܡܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ----

കൗമാ

ܒܐܝܕ ܦܨܚܐ ܕܢܟܣܬ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy
Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܨܚܗ ܥܒܪ ܠܦܨܚܐ ܦܨܚܢ
ܒܦܨܚܟ ܐܦܨܚ ܠܢ ܘܐܬܪܚܡܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܬܘܕܝܬܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܣܓܝܕܬܐ
ܘܪܘܡܪܡܐ ⁜ ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ ܥܠܡܝܢ ⁜ ܠܐܒܘܟ
ܠܐܚܕ ܐܝܬܘܗܝ ܕܠܟܠܗܘܢ ⁜ ܘܒܪܝܬܐ ܟܠܗܝܢ ܡܢ ܩܕܡ
ܘܡܫܒܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܡܠܟܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒܠܢ ܠܚܡܐ
ܕܣܘܢܩܢܢ : ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

സ്തൗമെൻകാലോസ്- കുറിയേലായിസ്സോൻ

ܦܘܩܕܢ

ܐܢܬ ܡܪܢ ܘܫܪܪܐ ܘܚܢܢܐ ܗܘ ܡܚܒܢܐ ⁜ ܡܚܒܐ ܡܚܢܢܐ
ܢܚܬ ܠܥܠܡ ܘܡܕܒܪ ⁜ ܠܡܫܝܚܐ ܘܐܬܒܘܬܐ ܘܗܘܝܬ ܘܡܫܡܫܢܐ
ܘܡܫܡܫܢܐ ܡܠܐ ܕܠܐ ܟܠܗ ܘܫܡܫܬܐ ܟܠܗ ܠܟ
ܘܟܠܟܠܝ ܢܫܐ ܠܐܬܘ ܢܫܡ ⁜

കർത്താവേ, നീ മാത്രം പൂർണ്ണസത്യസ്നേഹമായിരിക്കുന്നു. നിൻെറപ്രജാവാത്സല്യംമൂലം ആകാശത്തുനിന്ന് ഇറങ്ങിവന്ന് ഭൂമിയിൽ ഭരണപ്രകാരം സഞ്ചരിക്കുകയും അത്താഴത്തിൽ അരയിൽ തൂവാലകെട്ടി നിൻെറ ശിഷ്യന്മാരുടെ കാലുകളെ കഴുകുകയും താഴ്മയെ പരിപൂർണ്ണതയുടെ പ്രശസ്ത മാർഗ്ഗമായി സ്വയം കാണിക്കുകയും ചെയ്തുവല്ലൊ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും സുത്താറ നമസ്ക്കാരത്തിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലുംകരേറ്റുന്നു. ബ്കുല്ഹൂൻ---

ܩܢܘܢ

അദൃശ്യങ്ങളും ദൃശ്യങ്ങളും ആയവയെ തൻെറ വചനത്താൽ നിർമ്മിച്ചവനും അനാദ്യന്തമായ തൻെറ ശക്തിയാൽ എല്ലാറ്റിനേയും ഉൺമയിലേക്കു കൊണ്ടു വരുന്നവനും ആയ ഞങ്ങളുടെ മശിഹാതമ്പുരാനേ, നീ വിശുദ്ധിയുടേയും പ്രകാശത്തിൻേറയും ജീവൻേറയും നീതിയുടേയും, വിശുദ്ധിയുടേയും ഉറവയാകുന്നു. നീ ഞങ്ങളുടെനിമിത്തം ഭേതംകൂടാതെ ശരീരിയായിത്തീരുകയും ഞങ്ങൾക്കുവേണ്ടി

അപമാനങ്ങളും അധിക്ഷേപങ്ങളും അപഹാസങ്ങളും സഹിക്കുകയുംചെയ്തു. സ്വർഗ്ഗീയ സൈന്യങ്ങളാൽ നീ ശുശ്രൂഷിക്കപ്പെടുമ്പോൾ മനുഷ്യരെ രക്ഷിപ്പാൻവേണ്ടി ശുശ്രൂഷകനായി കാണപ്പെട്ടു. സ്വർഗ്ഗീയ സൈന്യങ്ങളാൽ നീ ശുശ്രൂഷിക്കപ്പെടുമ്പോൾ മനുഷ്യരെ രക്ഷിപ്പാൻവേണ്ടി ശുശ്രൂഷകനായി കാണപ്പെട്ടു. അറിവില്ലാ ത്തവരും വിദ്യാവിഹീനരുമായ ശിഷ്യരെ അനേകരിൽ നിന്നും നീ തിരഞ്ഞെടുത്തു അവർക്ക് പുണ്യോപദേശം നൽകിയതിനാൽ നിൻെറ മനുഷ്യസ്നേഹം മൂലം ഇതിനെ നീ നിവർത്തിച്ചു. രഹസ്യപൂർണ്ണമായ മാളികയിൽ അവരോടുകൂടി ഭക്ഷണത്തിന് ഇരുന്ന് പരിശുദ്ധ പെസഹായെ ഭക്ഷിച്ചു. ഗൂഢസംഗതികൾ വെളിപ്പെടുത്തി ക്കാണിച്ചുകൊണ്ട് താഴ്മയുടെ മാതൃകയെ നിന്നിൽത്തന്നെ ആദ്യമായി നീ അവർക്ക് കാണിച്ചു കൊടുത്തു. പിന്നീട് ശുശ്രൂഷകനെപ്പോലെ അത്താഴത്തിൽ നിന്നും എഴുന്നേറ്റ് തുവാല നിൻെറ അരയിൽചുറ്റി പാത്രത്തിൽ വെള്ളമൊഴിച്ച് അവരുടെ കാൽ കഴുകി യഥാർത്ഥമായ ദൃഷ്ടാന്തം നീ അവർക്ക് ഏൽപ്പിച്ചുകൊടുത്തു. ഇളയവനിൽനിന്ന് ആരംഭിച്ച് ഒടുവിൽ പത്രോസിൻെറ അടുക്കൽചെന്ന് താഴ്മ യുടെ മാതൃകയെ ഞങ്ങളെ കാണിച്ചുപഠിപ്പിച്ചു. ഇതിനാൽ സ്നേഹൈക്യത്തേയും അന്യോന്യമുള്ള ക്ഷമയുടെ സംബ ന്ധത്തെയും വിതച്ചു. ഇപ്രകാരം ഞങ്ങളും പരസ്പരം കടപ്പെട്ടിരിക്കുന്നുവെന്ന് നീ ആജ്ഞാപിച്ചു. അവർ ഈ ദൃഷ്ടാന്തം അസൂയകൂടാതെ ഞങ്ങളെയും ഏൽപ്പിച്ചു.

അതിനാൽ അവരെപ്പോലെ ഞങ്ങൾ വർത്തിച്ചു നിന്റെ നന്മയോട് അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങൾ ചെയ്ത പിഴകൾ നീ വിസ്മരിച്ചുകളയണമെ. വേശ്യാസ്ത്രീയ്ക്ക് നൽകിയപ്രകാരം അവയ്ക്കെല്ലാം മോചനം ഞങ്ങൾക്കും നൽകണമെ. നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഞങ്ങളെ നീ ക്രമീകരിക്കണമെ. ഈ ദിവസത്തെ ഈ കഴുകൽ ഞങ്ങൾക്ക് ദേഹാത്മാക്കളുടെ സകല മാലിന്യത്തിൽനിന്നും ഉള്ളശുദ്ധീകരണമായിത്തീരണമെ. എല്ലാദുഃഖങ്ങളെയുംകോപത്തേയും, ദൂഷണത്തേയും, ഏഷണിയേയും, വെറുപ്പിനേയും അസൂയയേയും, ഭിന്നതകളെയും ദുഷ്കൃത്യങ്ങളെയും ഞങ്ങളിൽനിന്ന് അകറ്റിക്കളയണമെ. ഞങ്ങളുടെ അകത്തെ മനുഷ്യനെ പുതുതാക്കി ജീവനുംവിശുദ്ധിയുമുള്ള നിന്റെ റൂഹായാൽ ശുദ്ധീകരിക്കണമെ. തലവന്മാരും അവർക്ക് താഴെയുള്ളവയും, വലിയവരും ചെറിയവരുംആയി നിന്റെ ദാസരായ ഞങ്ങൾ ആത്മീകമായും സ്നേഹപരമായും പരസ്പരം സഹിച്ചും അന്യോന്യം സ്തുതിക്കപ്പെട്ടും പലതരം സ്തുത്യപ്രയത്നങ്ങളെ പരസ്പരം വിഭജിച്ചും ഞങ്ങളുടെ അവയവങ്ങൾപോലെ തമ്മിൽ തമ്മിൽ ആലിംഗനം ചെയ്യുവാൻതക്കവണ്ണം നീ ഞങ്ങൾക്ക് കൃപനൽകണമെ. ഞങ്ങൾ എല്ലാവരും ഒരുമിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ - കൂക്കോയോ രീതി

വ്യാഴദിനത്തിൽ മാളിക തന്നുള്ളിൽ ചെന്നേറി
പന്തിയിരുത്തി വഞ്ചകനാം യൂദാ-യെ നാഥൻ
മൂർച്ചവരുത്തി വാളിനവൻ മേന്മേൽ
കർക്കശ ഹൃദയൻ നൽ പുഞ്ചിരി തൂകി
പുറമേ കുഞ്ഞാടായ് നിന്നാൻ ചെന്നാ-യാകുന്നോൻ
കൂട്ടത്തീന്നാ വഞ്ചകനെ വിട്ടോൻ സംസ്തുത്യൻ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----ഹാ-

നൂതനമായൊരു വ്യാഴദിനേ തൻ ശ്ലീ-ഹന്മാരെ
നല്ലോരുത്തമ ദൃഷ്ടാന്തം കാണി-ച്ചേൽപ്പിച്ചാൻ
ആജ്ഞാപിച്ചാ-നവരോടന്നേവം
ഞാൻ കാണിച്ചോ-രീ ദൃഷ്ടാന്തത്തെ
നിങ്ങളുമേറ്റം വിനയത്തോടെപ്പോ-ഴും ചെയ്‌വിൻ
ഇതിനാൽ നിങ്ങൾ മമ ശിഷ്യന്മാരെ-ന്നറിയേ-ണം
ഹാലേലുയ്യാ ഉ ഹാലേലുയ്യാ.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫ ܕܗܘܐ ܚܠܦܝܢ
ܒܪܝܟ ܗܘ ܡܘܬܗ ܕܡܚܝܢܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

നന്മ-നിറഞ്ഞോൻ സ്വയമേൽപ്പിച്ചു
ഇസഹാ-ക്കിൻ മുൻ-കുറി നിറവേ-റ്റി
ഗോഗുൽ-ത്തായിൽ ബലിയായ്-ത്തീർന്നു
വാളീന്നിസഹാ-ക്കിനെ രക്ഷി-ച്ചു
ആദാ-മിനെയാ-വീഴ്ചയിൽ നിന്നും.

ഇപ്പെ-രുന്നാളിൽ ദുഷ്ടന്മാ-രാം
യൂദ-ന്മാർ വ-ഞ്ചിപ്പാൻ കൂടി
ഇസ്ക്കറിയോത്താ-യ്ക്കേകി ദ്രവ്യം
വാഗ്ദ-ത്തം പോൽ ഗുരുവിനെ-യൊറ്റി
വാങ്ങി-വിലയ്ക്കായ് തൂങ്ങിച്ചാകൽ.

പെസഹാ-ഘോഷി-ച്ചാമുൻ നിയമം
നിർത്തീ-ടാനായ് വിട്ടൂ നാഥൻ
കീപ്പാ യോഹ-ന്നാനെന്നിവരെ
രഹസ്യ-ങ്ങൾ തൻ നാഥനുവേ-ണ്ടി
കുഞ്ഞാ-ടിനെയും തയ്യാറാക്കി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܰܚܶܡ ܠܗ ܒܥܳܠܡܳܐ ܕܪܘܚܳܐ
ܒܢܺܝܢ ܕܡܶܢܟ ܡܶܢܝ ܠܳܐ ܬܶܬܒܰܥ ⁜ ܡܳܪܝ ܘܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܶܐܬܳܐ ܠܚܰܫܳܐ ܘܡܰܘܬܳܐ ܘܙܩܺܝܦܽܘܬܳܐ

ܫܡܰܥ ܒܳܥܽܘܬܳܐ ܘܰܒܥܶܐ ܕܢܶܗܘܶܐ ܟܠܠ ܚܽܘܒܳܐ ܒܢܰܦ̈ܫܳܬܳܐ ܀

ܠܟܽܘܢ ܕܡܥܰܠܠܝܢ ܗܽܘ ܒܫܥܬܳܐ ܗܳܫܳܐ ܟܠܗܝܢ ܀

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ഇസഹാ-ക്കിൻ യാഗം നിറവേറ്റാനീശോ നാഥൻ
പെരുന്നാളിനു നാൾ മൂന്നുള്ളപ്പോൾ മലമേ-ലേറി
യാനം ചെയ്താൻ നാൾ മുന്നിസഹാക് ബലിയായ്ത്തീരാൻ
നാഥൻ തനിയെ ഏൽപ്പിച്ചതിനെ അതു കാ-ട്ടുന്നു. ദേവാ--

അസ്വാ-ഭാവികമുടയോൻ ഹതനായ് സ്വേഷ്ടത്താലെ
സാ-രാംശത്തിൽ മൃതനായില്ല മർത്ത്യ-തയിൽ താൻ
യാ-ഗത്തിന്നായ് വിറകു വഹിച്ചോനായോനി-സഹാക്ക്
തോ-ളിൽ ക്രൂശേന്തിയ സൂനുവിനെ സൂചി-പ്പിച്ചു. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

കൂറിയേലായിസ്സോൻ കൂറിയേലായിസ്സോൻ കൂറിയേലായിസ്സോൻ

91-ാം മസുമൂർ

ബാറെക്മോർ, **ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമേ**

ബാറെക്മോർ, **ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം, എൻെറ ശരണവും, എൻെറ സങ്കേതസ്ഥലവുമെന്ന്, കർത്താവിനെ ക്കുറിച്ച് നീ പറക.**

എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും

അവ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നിൻെറ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും, ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്, അവൻ നിന്നെക്കുറിച്ച് അവൻെറ മാലാഖമാരോട്കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ, അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെവഹിക്കും

സർപ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, എൻെറ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

121-ാം മസുമൂർ

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകൾ ഉയർത്തും, എൻെറ സഹായക്കാരൻ എവിടെ നിന്നു വരും

എൻെറ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച, കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തൻെറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറആത്മാവിനെകാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ -- മെന്ഓലാം--

ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ അനുഗ്രഹത്തിൻെറ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

സകലവും കേൾക്കുന്നവനെ, നിൻെറ അനുഗ്രഹത്താൽ, നിൻെറ അടിയാരുടെ അപേക്ഷ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കി ക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹപരമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാകണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all

Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor.**

ܡܫܝܚܐ ܕܦܪܩܗ ܡܢܗ ܠܥܠܡܐ ܦܪܘܩ
ܒܦܪܩܢܗ ܐܦܪܘܩ ܠܢ ܘܐܬܪܚܡ ܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܬܝܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܡܩܕܫܢܝܬܐ
ܘܣܘܓܕܐ ⁜ ܘܥܠܝܢ ܚܝܠܬܐ ܕܫܡܝܐ ܘܐܪܥܐ ⁜ ܢܫܒܚܘܢܟ
ܬܪܥܝ ܐܘܪܫܠܡ ܕܠܥܠ ⁜ ܢܬܦܬܚܘܢ ܠܢ ܡܢ ܩܕܡ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,--- വിശ്വാസപ്രമാണം

കൗമാ

ܒܪܝܟ ܫܘܒܚܟ ܘܣܓܝܐ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܺܝܚܳܐ ܕܦܰܪܩܶܗ ܒܕܶܡܶܗ ܠܐܳܕܳܡ ܦܪܽܘܩ
ܒܦܽܘܪܩܳܢܶܗ ܐܳܦ ܠܰܢ ܘܐܶܬ݂ܪܰܚܰܡ ܥܠܰܝܢ ❈ [3]

ܠܟ݂ ܡܳܪܝ ܬܶܫܒ݁ܽܘܚܬ݂ܳܐ ܘܠܰܒ݂ܪܳܟ݂ ܐܺܝܩܳܪܳܐ ❈ ܘܠܪܽܘܚܳܐ ܩܽܘܕܫܳܐ ܣܶܓ݂ܕܬ݂ܳܐ
ܘܬܰܘܕܺܝܬ݂ܳܐ ❈ ܘܒ݂ܟ݂ܽܠ ܥܶܕܳܢ ܘܙܰܒ݂ܢ ܚܰܝܳܐ ❈ ܠܥܳܠܡܺܝܢ
ܠܐܰܒ݂ܳܐ ܘܠܰܒ݂ܪܳܐ ܘܠܪܽܘܚܳܐ ܩܰܕܺܝܫܳܐ ❈ ܡܶܢ ܥܳܠܰܡ ܘܥܕܰܡܳܐ
ܕܡܫܺܝܚܳܐ ❈ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ
ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ ܠܥܳܠܡܺܝܢ ❈ ܒܳܪܶܟ݂ܡܳܪܝ ❈

ܐܰܒ݂ܽܘܢ ܕܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܽܘܢ ܕܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕܰܫ ܫܡܳܟ݂ . ܬܺܐܬ݂ܶܐ ܡܰܠܟ݂ܽܘܬ݂ܳܟ݂ . ܢܶܗܘܶܐ
ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟ݂ܰܢܳܐ ܕܒ݂ܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܫܒ݂ܽܘܩ ܠܰܢ ܚܰܘܒܰܝܢ ܘܚܰܛܳܗܰܝܢ : ܐܰܝܟ݂ܰܢܳܐ
ܕܳܐܦ ܚܢܰܢ ܫܒ݂ܰܩܢ ܠܚܰܝܳܒ݂ܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ
ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ . ܡܶܛܽܠ ܕܕܺܝܠܳܟ݂ ܗ݁ܺܝ ܡܰܠܟ݂ܽܘܬ݂ܳܐ ܘܚܰܝܠܳܐ
ܘܬܶܫܒ݁ܽܘܚܬ݂ܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ❈ ܐܡܝܢ ❈

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്ത ണമെ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റേയും നാശത്തി ന്റേയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധറൂഹാ യുമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്ന വരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

113, 119 117 സങ്കീർത്തനങ്ങൾ - പേജ് 30

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരു മായുള്ളോരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

ബാറെക്മോർ: ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ

ആകാശവും ഭൂമിയുംസൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എൻെറ സ്തുതി നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ ജീവിപ്പിക്കുകയും ചെയ്യണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെടുന്നതിനാൽ, നിൻെറ കൈ എന്നെ സഹായിക്കണമെ.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ

അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - മാനവ വത്സലനേ എന്നപോലെ--

1 സ്വർഗ്ഗീ-യാധിപതി നിന്നു വിധിയ്ക്കായ് സകലർക്കും
വിടുതൽ-നൽകാൻ, യാ-തനയേറ്റാൻ, നമ്മെ രക്ഷിപ്പാൻ
നാ-ഥാസ്തുതി-തേ നിഖിലജഗന്നിർമ്മാതാവേ.

2 നമ്മെരക്ഷിച്ചോൻ കീപ്പായോഹന്നാന്മാരെവിട്ടു-പെസഹാ
മാ-ളികതന്നിൽ പരിചൊടൊരുക്കിടുവിൻ
നാ-ഥാസ്തുതി-തേ നിഖിലജഗന്നിർമ്മാതാവേ.

3 നമ്മെ-രക്ഷിച്ചോൻ-ജീവനെഴുംപരിപാവനമാം തനു-
രക്തങ്ങൾ, ശിഷ്യന്മാർ തൻ-സംഘത്തിനു നൽകി
നാ-ഥാസ്തുതി-തേ നിഖിലജഗന്നിർമ്മാതാവേ.

4 രക്ഷാ-ദാതാവേ നീ നാഴികയായെന്നോതി ശിഷ്യന്മാരെ
വി-ട്ടു പെസഹാ-അമ്പൊടൊരുക്കിടുവാൻ
നാ-ഥാസ്തുതി-തേ നിഖിലജഗന്നിർമ്മാതാവേ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

5 വരുവിൻ തനയൻ യാതനയിൽ സങ്കട-മേൽക്കാം
പാടേ-റ്റോൻ കാ-രുണ്യത്തെ-ഉദ്ഘോഷിച്ചീടാം
നാ-ഥാസ്തുതി-തേ നിഖിലജഗന്നിർമ്മാതാവേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

ഒന്നാം കൗമാ

(എക്ബോ - തൂബൈയ്ക്ക് ഒഫ്രാസ്)

മേടയ്ക്കുള്ളിൽ പന്തിരുവർക്കാ-യ്
മെയ്-ഭാഗിച്ചോൻ മ-ശിഹാ ധന്യൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ*

ܦܘܩܕܢ

ܛܘܒܐ ܠܟ ܘܫܘܒܚܐ ܘܚܢܢܐ ܡܢ ܡܪܝܐ ܢܗܘܐ ❉ ܡܪܝܐ ܡܫܝܚܐ
ܝܗܒ ܠܟܠܢ ܘܟܕܪܡܐ ❉ ܠܡܫܝܚܐ ܘܠܐܒܘܗܝ ܘܠܪܘܚܗ ܩܘܕܫܐ
ܘܗܘܡܢܝܐ ܕܥܠܡܐ ܕܠܐ ܟܠܐܠܐ ܒܟܠܗ ܙܒܢ
ܘܠܥܠܡܝ ܥܠܡܝܢ ܐܡܝܢ ❉

സകലപെസഹാകളും തന്നെ രൂപീകരിക്കുകയും സകല പെരുന്നാളുകളും തന്നെ ദൃഷ്ടാന്തീകരിക്കുകയും സകല രഹസ്യങ്ങളും തന്നെ രേഖപ്പെടുത്തുകയും സകല ഉത്സവങ്ങളും തന്നെ പുകഴ്ത്തുകയും സകല വായ്കളും തന്നെ പുകഴ്ത്തുകയും സകല നാവുകളും തന്നെഏറ്റുപറഞ്ഞ് വർണ്ണിക്കുകയും ചെയ്യുന്ന ജീവനുള്ളവനും സകലത്തേയും ജീവിപ്പിക്കുന്നവനും ആയ പെസഹാ ആയ കർത്താവിന് സ്തുതി. തനിക്ക് രാത്രിനമസ്ക്കാരത്തിൻെറ ഒന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും

ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܗܘܿܐ

പിതാവിനോടും പരിശുദ്ധറൂഹായോടുകൂടി എല്ലാറ്റിന്റേയും ദൈവവും സ്രൃഷ്ടാവുമായിരിക്കുന്ന മശിഹാതമ്പുരാനേ, നിന്റെ സ്നേഹത്താൽ തിരുവുള്ളംതോന്നി മനുഷ്യ സൃഷ്ടിയെ മരണത്തിൽനിന്നും പാപത്തിൽനിന്നും രക്ഷിപ്പാനായി അവിവാഹിതയായ കന്യകയിൽനിന്ന് ഭേതംകൂടാതെ മനുഷ്യനായിത്തീർന്നു. മോശയുടെ ന്യായപ്രമാണം സ്ഥാപിച്ചവനായിരിക്കെ ന്യായപ്രമാണംഇല്ലാത്ത ജാതികളുടെ ശാപത്തിൽനിന്ന് വിമുക്തരായിത്തീരുവാനും ആയിട്ട് ന്യായപ്രമാണസംബന്ധമായുള്ളവയുടെ നിവൃത്തിയെ നിന്റെ ദേഹത്താൽനീകാണിച്ചു. എങ്ങനെഎന്നാൽ,ജീവന്റെസുവിശേഷം നിമിത്തം അന്യന്മാരെപ്പോലെആയിത്തീരാതിരിപ്പാനായിട്ട് നീ ചേലാകർമ്മം കഴിച്ച് അബ്രഹാംഭവനക്കാരുടെ അടയാളം ദേഹത്തിൽ നീ വഹിച്ചു. എന്നാൽ ഞങ്ങൾക്ക് പൂർണ്ണ മോചനം നൽകുവാനും വെള്ളത്താൽ അപഹരിക്കപ്പെടാത്ത ഭണ്ഡാരത്തെ ഞങ്ങൾക്ക് സ്ഥാപിപ്പാനുംവേണ്ടി സകല പാപങ്ങളിൽനിന്നും പിഴകളിൽനിന്നും അകന്നിരിക്കുന്നവനായ നീ വ്യാപാരത്തിന്റെ മദ്ധ്യത്തിൽ നീതിയെ നിവർത്തിക്കുകയും അനുതാപത്തിന്റെ മാമോദീസാ സദയം സ്വീകരിക്കുകയുംചെയ്തു. എന്നാൽ നിന്റെ സകലവ്യാപാരത്തിന്റെയും അവസാനത്തിൽ മോശൈക പെസഹായെ കഴിപ്പാൻ നിനക്ക് ഇഷ്ടമാകുകയും രഹസ്യസമ്പൂർണ്ണമായ

കുഞ്ഞാടിനെ നിൻെറ ശിഷ്യന്മാരോടുകൂടെ ഭക്ഷിപ്പാൻ നീ ആഗ്രഹിക്കുകയുംചെയ്തു. ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാടാകുന്ന നിന്നെ ഇത് അതിശയനീയങ്ങളായ അതിൻെറ സൂചനകളാൽ സ്ഥിരമായി രൂപപ്പെടുത്തുകയും അതിൻെറ ഗൂഢചരിതങ്ങളാൽ മുഴുവനായി നിൻെറ സ്വരൂപത്തെ വരച്ചുകാണിക്കുകയും ചെയ്തിരുന്നു. പഴയ ന്യായപ്രമാണത്തിലുള്ള സകലത്തേയും പൂർണ്ണമായി നിവർത്തിപ്പാനും അതിനെ ന്യായമായി വീണ്ടെടുക്കാനും ഞങ്ങൾക്ക്പുതുക്കംനൽകുവാനും നിൻെറ ശ്ലീഹന്മാർക്ക് വിശുദ്ധശരീരം വിഭജിച്ച് ഭക്ഷണമായി നൽകാനും നിൻെറ കർത്തൃരക്തം അവർക്കു പാനീയമായി നൽകുവാനും അതിനാൽ നിൻെറസഭയ്ക്ക് പുതിയ ഉടമ്പടിഎഴുതുവാനും കുരിശുമരണത്തിനൊരുങ്ങുവാനും ഞങ്ങൾക്ക് പൂർണ്ണരക്ഷ ഉണ്ടാക്കുവാനും ആയി നീ പെസഹായെ അനുഷ്ഠിച്ചു. ഉയരവും ആഴവും സകലവും നിന്നാൽ നിറഞ്ഞിരിക്കുന്നു. നീ ജീവൻെറ തലവനുമാകുന്നു. എങ്കിലും തല ചായ്പ്പാൻ സ്ഥലമില്ലാഞ്ഞിട്ട് ഇതിനുവേണ്ടി ഒരു ഭവനം നീ ആവശ്യപ്പെടുകയും നിൻെറ പരിചാരകന്മാർ നിൻെറ കൃത്യത്തിന് തക്കതായ ഒരു സ്ഥലം അന്വേഷിച്ച് ഉണ്ടാക്കുകയും ചെയ്തു. അവിടെ നിനക്ക് യോഗ്യമായിരിക്കുന്നപ്രകാരം സകലവും ഒരുക്കിയശേഷം കൃപയോടും സ്നേഹത്തോടും കൂടി നീ ഭക്ഷണത്തിന് ഇരുന്ന് സകലവും ശാന്തമായി ആചരിച്ചു. നിൻെറ മനുഷ്യസ്നേഹംമൂലം നിൻെറശിഷ്യന്മാരുടെകാലുകളെ നീ കഴുകി താഴ്മയാൽ സ്നേഹത്തിൻെറ

പുതിയമാർഗ്ഗം അവരെ കാണിക്കുകയും അവർ മുഖാന്തരം ഞങ്ങളെ ഏൽപ്പിക്കുകയുംചെയ്തു. അപ്പം മുക്കിക്കൊടുത്ത് വഞ്ചകനായ യൂദായെ നീ ലജ്ജിപ്പിച്ചു. മനുഷ്യരെസ്നേഹി ക്കുന്നവനായ കർത്താവേ, ഇപ്പോൾ നിൻെറ കരുണയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നതെന്തെന്നാൽ, ഞങ്ങളെ ഏൽപ്പിച്ച നിൻെറ ദൈവിക ചുമതലകളെ ഞങ്ങളിൽ നീ പുതുതാക്കണമെ. നിൻെറ വിശുദ്ധറൂഹായുടെ ആവാസ ത്താൽ ഞങ്ങളുടെ ആത്മാക്കളെ ശക്തിപ്പെടുത്തണമെ. നിന്നോടും തമ്മിൽ തമ്മിലുംഉള്ള നിഷ്ക്കളങ്കസ്നേഹം ഞങ്ങളുടെ മനസ്സിൽ നിറയ്ക്കണമെ. തിന്മയും കയ്പ്പുമാകുന്ന പുളിമാവുകൊണ്ടല്ല, നിനക്ക് പ്രീതികരമായ വെടിപ്പും വിശുദ്ധിയുംആകുന്നപുളിമാവാൽ രക്ഷയ്ക്കായുള്ള പെരുന്നാളിനെ വെടിപ്പോടെഘോഷിക്കുന്നതിന് യോഗ്യരായി ത്തീരുവാൻ തക്കവണ്ണം നിൻെറ വിശുദ്ധപെസഹായുടെ ആനന്ദത്താൽ ഞങ്ങളുടെദുഃഖത്തെ ആനന്ദമാക്കിത്തീർക്ക ണമെ. മുകളിലെ എല്ലാ പെരുന്നാളാഘോഷക്കാരോടും അഗ്നിസൈന്യങ്ങളോടും പുണ്യാത്മാക്കളോടുംകൂടി ഞങ്ങൾ സന്തോഷിച്ച് ആനന്ദിച്ച് ആഹ്ളാദിച്ച് നിനക്ക് യോഗ്യമായിരിക്കുന്ന സ്തുതികൾ പാടുമാറാകണമെ. ഞങ്ങളും വിശ്വാസികളായ ഞങ്ങളുടെ പരേതരും നിൻെറ മഹത്വമുള്ള രണ്ടാമത്തെ എഴുന്നെള്ളത്ത് ഉണ്ടാകുന്ന അക്ഷയമായ ആ അന്ത്യപെരുന്നാളിൽ പ്രകാശവും വിവിധ സന്തോഷങ്ങളും നിറഞ്ഞിരിക്കുന്ന നിൻെറ മണവറയിലേക്ക് നിൻെറ ഇഷ്ടം ചെയ്തിട്ടുള്ള എല്ലാവരോടുകൂടി

പ്രവേശിക്കുന്നതിന് ഞങ്ങൾ യോഗ്യരായിത്തീരണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ.

ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഈ രാത്രിയിൽ നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരോട് മഹാദുഃഖത്തോടും സങ്കടത്തോടും അരുളിച്ചെയ്തു. 'നിങ്ങളോടുകൂടി ഈ പെസഹ ഭക്ഷിക്കുകയും അതിനുശേഷം കഷ്ടത അനുഭവിക്കണമെന്ന് ഞാൻ അതിയായി വാഞ്ഛിച്ചു'. താൻ അപ്പം തൃക്കൈയ്യിൽ എടുത്തു, വാഴ്ത്തി നുറുക്കിഅവർക്കുകൊടുത്തു. കാസായും താൻ സ്തോത്രം ചെയ്ത് കൊടുത്തിട്ട് 'നിങ്ങൾക്കുവേണ്ടിയും എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കുംവേണ്ടിയുംചൊരിയപ്പെടുന്ന എൻെറ ജീവനുള്ള രക്തം ഇതാകുന്നു' എന്നരുളിച്ചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഈ രാത്രിയിൽ വഞ്ചകനായയൂദാ മഹാപുരോഹിതന്മാരുടെ അടുക്കൽപോയി അവരോട് നിങ്ങൾ എനിക്ക് എന്തുതരും? ഞാൻ യേശുവിനെ നിങ്ങളുടെ കയ്യിൽ ഏൽപ്പിക്കാം എന്നു പറഞ്ഞപ്പോൾ, അവർ വിലയേറിയവൻെറവിലയായ മുപ്പതു വെള്ളിക്കാശ് അവനോട് വാഗ്ദാനംചെയ്തു. സ്വന്തം

ജീവനെ നഷ്ടപ്പെടുത്തി സാത്താനോടൊന്നിച്ച് ദുരിതവും അതിവേദനയും നരകവും അവകാശിച്ചവനുകഷ്ടം. മൊറിയോ--

Qolo: th-har Gabriel

1. In this night our Lord said to His disciples with great suffering and sorrow: 'I have earnestly desired to eat this Passover with You and them I am going to suffer' He took bread in His hands and blessed it, broke it and gave to them, and giving thanks over the cup, He said: 'This is my living blood, shed for you and for every one who believes in me'. **Berekmore.**

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. In this night the fraudulent Judas went to the high priests and told them: 'What will you give me if I deliver him into your hands?' They promised him to give thirty pieces of silver, as the price of the Precious One. Woe to him who lost his soul and inherited misery, torment and Gehenna with Satan. ***Moryo rahem alain***

എത്രൊ

എൻെറ നാഥാ നിൻെറ രഹസ്യത്തെ ഇസഹാക്ക് സ്വന്തം ബലിയാൽ ദൃഷ്ടാന്തീകരിച്ചു. മോശ തൻെറ ആട്ടിൻകുട്ടി യാൽ അതിനെ രൂപീകരിച്ചു. അതിൻെറ രക്തംമൂലം സംഹാരകനായ മരണത്തിൽനിന്നും ജനം വീണ്ടെടുക്കപ്പെട്ടു.

എനിക്ക് രഹസ്യം എന്റെ വീട്ടുകാർക്കും രഹസ്യം എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഏശായാ തന്റെദീർഘദർശനത്താൽ അതിനെക്കുറിച്ച് പ്രസംഗിച്ചു. എന്റെ കർത്താവേ, നിന്റെ രഹസ്യങ്ങളാൽ ഞങ്ങളെശേഷക്കാരാക്കി, ഞങ്ങൾ നിന്റെ ശരീരത്തിന്റേയും രക്തത്തിന്റേയും സംബന്ധികളായി ത്തീർന്നു. ചൈതന്യപ്രദമായ നിന്റെ മരണത്തിൽ ഞങ്ങൾ സ്നാനം ചെയ്യുകയുംചെയ്തു. നിന്റെ ദാനങ്ങളെ സൂക്ഷി പ്പാനും നിന്റെ കൽപ്പനകളെഅനുസരിക്കുന്നവരും നിന്റെ ഇഷ്ടംചെയ്യുന്നവരും ആയിത്തീരുവാനും ഞങ്ങളെ അർഹ രാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പി ക്കുമാറാകണമെ. മോറാൻ വാലോഹാൻ--

വീണ്ടും കോലോ

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോടരുളിച്ചെയ്തു. ഞാൻ കഷ്ടത അനുഭവിക്കുന്നതിനുമുമ്പ് ഈ പെസഹ നിങ്ങളോടൊന്നിച്ച് ഭക്ഷിപ്പാൻ അതിയായി ആഗ്രഹിച്ചു. തന്റെ ശരീരംമുറിച്ചതും ജീവനുള്ള തന്റെ തിരുരക്തവും അവർക്കുകൊടുത്തു. കണ്ടാലും നാനാഭാഗങ്ങളിലും പള്ളിക ളിൽ ഇതു പരമ്പരയായി നടത്തപ്പെടുന്നു. തന്റെ ശരീരം വിഭജിക്കുകയും തിരുരക്തം കുടിപ്പിക്കുകയും മരണത്തിൽ നിന്ന് ജീവനിലേക്ക് നമ്മെ രക്ഷിക്കുകയും ചെയ്തവനു സ്തുതി. ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം---

യൂഹാനോൻ അത്താഴത്തിൽ നാഥൻെറമോഹനീയമാർവ്വിൽ ചാരിക്കൊണ്ട് രഹസ്യകാര്യങ്ങൾ ഗ്രഹിച്ചു. താൻ അവനോടരുളിച്ചെയ്തു. 'ആദിയിൽ ദൈവമായവചനം ഉണ്ടായിരുന്നു. ആ വചനം സ്വയം താഴ്ത്തി മാനുഷികശരീരം ധരിച്ചു. ദൈവത്തിൽ നമ്മുടെ ശരീരം ശ്രേഷ്ഠമായിത്തീർന്നു എന്ന് പോയി പ്രസംഗിക്കുക'. ഞങ്ങളുടെ ശരീരം ധരിച്ചവനായുള്ളോവേ നിനക്കുസ്തുതി. കൃപയുണ്ടായി ഞങ്ങളുടെമേൽ കരുണചെയ്യണമെ.

Qolo: lok moryo qorenan

1. Our Lord told His disciples: I earnestly desired to eat Passover with you before I suffer. He broke His body, and gave it to them, as well as His blood. Behold it is perpetuated in the churches in the four quarters. Glory to Him, who divided His body. Glory to Him, who gave His blood as drink. Glory to Him, who came and saved us from death to life. Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. At the Supper, John leaned close to the fair breast of his master and learned the hidden things. He told him: 'Go out and preach saying thus: In the beginning there was the Word of God; He humbled Himself and put on a human body and in God our

body was lifted up'. Glory to Him, who had put on our body. Have pity and mercy upon us.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܗ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܗ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഈ രാ-വിൽ കൂരിരുളിൻ മക്കൾ
തേജോ-മയനാം നാഥനെ നേ-ർത്തു
ആരേ-യാരാ-ഞ്ഞീടുന്നെന്നാൻ
ഈശോ-യേ എന്നോതിയ കൂ-ട്ടം
ചാഞ്ച-ല്യത്താൽ വിറയൽ പൂ-ണ്ടു.

നാഥൻ സ്വന്തം ശക്തി മറ-ച്ചു
തന്നെ ശത്രു-ക്കൾക്കേൽപ്പിച്ചീടാൻ
മൗനം നിന്നോ-നെക്കൊല ചെയ്താർ
ഏദൻ തോപ്പിൽ തെറ്റിയ ന-മ്മെ
രക്ഷി-പ്പാനാ-യെല്ലാമേറ്റു.

സൃഷ്ടി-ച്ചോനെ ചോദ്യം ചെ-യ്ത
മണ്ണാ-ങ്കട്ടേ ഹാ കഷ്ടം തേ
ലോകം വെണ്ണീ-റാക്കും തീയെ
ശിക്ഷി-ച്ചീടാൻ പൂഴി മൂതി-ർന്നു
സ്വർഗ്ഗീ-യന്മാർ സംഭ്രമമാ-ർന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശോ. മൊറിയോ----

ܡܳܪܝ ܕܕܳܢܘܟ ܠܗ ܒܒܶܡܳܐ ܕܕܰܝܳܢܳܐ
ܒܕܺܝܢܳܐ ܥܰܡܗܘܢ ܡܶܢ ܠܳܐ ܬܶܕܽܘܢܰܢ ܀ ܡܳܪܝ ܪܰܚܶܡ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܒܚܰܫܳܟ ܕܗܘܳܐ ܕܰܚܠܳܦܰܝܢ
ܒܚܰܫܳܟ ܗܰܘ ܢܶܩܢܶܐ ܚܽܘܣܳܝܳܐ ܘܡܰܠܟܽܘܬܳܐ ܀
ܚܽܘܣ ܥܠܰܝܢ ܡܳܪܝ ܘܪܰܚܶܡ ܥܠܰܝܢ ܀

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. വഞ്ചക ശിഷ്യൻ വിലയേറും
രക്തത്തിൻ വിലകൈപ്പറ്റി, കൂരിരുളിൻസന്താനങ്ങൾ
ദീപ്തിയെ ബന്ധിപ്പാൻ ചെന്നു
ആ സർപ്പത്തിൻ സന്തതികൾ
ശുഭരക്തം ചൊരിയാൻ വെമ്പി. ദേവാ ദയ---

2. ദുർമ്മോഹം ഫലവത്താക്കാൻ
അക്ഷമരായ് ബഹളം കൂട്ടി
തുപ്പിജഗത്തിൻ തേജസ്സാം സൂര്യനുനേരെ ഹീനന്മാർ

തിരുവദനം മൂടിക്കൊണ്ടാ-ദുഷ്ടന്മാർ കവിളിൽ തല്ലി
എല്ലാമേറ്റോനേ അവരെ
ചിതറിച്ചോനേ നീ വന്ദ്യൻ. ദേവാ ദയ--
ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

മദറോശോ

തൂബൈക് ഒഫ്രോഥ് എന്ന പോലെ

1. അന്തിമ പെസഹാ സന്ധ്യേ ഭാഗ്യം
നിന്നാൽ മിസറേം പെ-സഹ നിലച്ചു
നാഥൻ പെസഹാ ഭക്ഷിച്ചോരാ
സന്ധ്യയഹോ വൻ പെരുന്നാളായി
പെസഹാ പെസഹായിൽ ചേ-ർത്തു
പെരുന്നാൾ പെരുന്നാളിൽ ചേ-ർന്നു
നീ-ങ്ങിയ പെസഹാ രണ്ടാമത്തേതിൻ ദൃഷ്ടാ-ന്തം മാത്രം.

2. നാഥൻ ഗാത്രം ഖണ്ഡിച്ചോര-
പ്പുണ്യ സ്ഥലമേ തേ സൗഭാഗ്യം
പരിമിതമാമ-സ്ഥലമിപ്പാരിൽ
സൃഷ്ടിക്കെല്ലാം ദർ-പ്പണമായി
ഉന്നതമാം ശൈല-ത്തി-ങ്കൽ
ചെറുനിയമം മൂശാ നൽകി
ചെറുഭവനത്തീന്നും വൻനിയമം ഭൂവിൽ എങ്ങും വ്യാപിച്ചു.

3. സൃഷ്ടികൾ മദ്ധ്യേ സംസ്ഥാപിതമാം
ചെറിയോരിടമേ തേ സൗഭാഗ്യം
നിന്നിൽ നടന്നോ-രാ വൃത്താന്തം
സീമാതീതം വ്യാ-പിക്കുന്നു
ഒരിപിടി മാവീന്നുരുവാ-മ-പ്പം
നിന്നിൽ മുറിച്ചാൻ തേ സൗ-ഭാ-ഗ്യം
മറിയാമിൻസുതനാംമുന്തിരിയിൻകുലയോമർദ്ദിതനായ്നിന്നിൽ

4. പെസഹാ കുഞ്ഞാ-ടാ സാക്ഷാൽ കു-
ഞ്ഞാടിനെയേറ്റോ-രിടമേ ഭാഗ്യം
നിർമ്മലമാം നിൻ മടിയതിലവശൻ
സൂചനയായ് വി-ശ്രാ-മം പൂണ്ടു
അതുല്യമതാമാ പെസഹാ നി-ന്നിൽ
കർമ്മിതമായി തേ സൗ-ഭാ-ഗ്യം
പെസഹാകുഞ്ഞാടേ-കി ദൈവികമാംകു-ഞ്ഞാടിനുതൻകോയ്മ

5. സോദരമകുടം പുഷ്പചക്രം
സുതനൊടു ചേർത്തോ-രി-ടമേ ഭാഗ്യം
സൗരഭ്യത്താ-ലതിലൊരു കുസുമം
സവിശേഷമതാം നി-ർമ്മല കുസുമം
കുസുമങ്ങൾ സർവ്വം ശ്രേ-ഷ്ഠം
പാവനമാം കുസുമം വീ-ണു
പ-ങ്കിലമായൊരു കുസുമം വീണു സൗരഭ്യം പൊയ്പ്പോയ്.

ഏവൻഗേലിയോൻ.

ഹാലേലൂയ്യാ ഹാലേ- ദോഷിമനസ്സിൽ ദോഷം ചിന്തിപ്പൂ

ദൈവഭയം പാർക്കിലവനില്ല. ഹാലേലൂയ്യാ

വി. മത്തായി 26. 1 - 30

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ܀ܐܡܝܢ܀

܀ ܗܘܠܠܘܝܐ ܀ ܡܫܝܚܐ ܩܕܡ ܡܢ ܡܢܗ ܘܥܠܝ̈ܢ

ഈ വചനങ്ങളൊക്കെയും പറഞ്ഞുതീർന്നശേഷം യേശു ശിഷ്യന്മാരോട് രണ്ടുദിവസം കഴിഞ്ഞിട്ട് പെസഹയാകുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. അന്ന് മനുഷ്യപുത്രനെ കുരിശിക്കുവാൻ ഏൽപ്പിക്കും എന്നുപറഞ്ഞു. പ്രധാനാചാര്യന്മാരും ജനപ്രമാണികളും പ്രധാനപുരോഹിതനായ കയ്യാപ്പാവിൻെറ മുറ്റത്ത്വന്നുകൂടി, യേശുവിനെ ചതിവിൽ പിടിച്ച് കൊല്ലുവാൻ ആലോചിച്ചു. എങ്കിലും ജനം ക്ഷോഭിക്കാതിരിക്കുവാൻ അത് പെരുന്നാളിൽ അരുതെന്ന് പറഞ്ഞു. ബഥാന്യയിൽ കുഷ്ഠരോഗിയായിരുന്ന ശീമോൻെറ വീട്ടിൽ യേശു ഇരിക്കുമ്പോൾ, ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ ഒരു വെൺകൽഭരണിയുമായി അവൻെറ അടുക്കൽവന്നു. അവൻ ഭക്ഷണത്തിനിരിക്കുമ്പോൾ അവൾ തൈലം അവൻെറ തലയിൽ ഒഴിച്ചു. ശിഷ്യന്മാർ അതിൽ നീരസപ്പെട്ട്, ഈ ദുർവ്യയംഎന്തിന്? ഇത് വലിയവിലയ്ക്ക് വിറ്റ്, ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ എന്നുപറഞ്ഞു. യേശു അതറിഞ്ഞ് അവരോടു പറഞ്ഞു. ആ സ്ത്രീയെ വിഷമിപ്പിക്കുന്നതെന്തിന്? അവൾ എനിക്കുവേണ്ടി ഒരു നല്ല പ്രവൃത്തിചെയ്തിരിക്കുന്നു. ദരിദ്രർ എപ്പോഴും നിങ്ങളോ

ടൊപ്പം ഉണ്ട്. എന്നാൽ ഞാൻ നിങ്ങളോടൊപ്പം എപ്പോഴും ഉണ്ടായിരിക്കുകയില്ല. അവൾ ഈ തൈലം എൻെറ ശരീരത്തിൽപൂശിയത്, എൻെറ കബറടക്കത്തിനായിട്ടാണ്. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, ലോകത്തിലെങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം ഇവൾ ചെയ്തതും ഇവളുടെഓർമ്മയ്ക്കായി പ്രസ്താവിക്കപ്പെടും. പന്തിരുവരിൽ ഒരുവനായ യൂദാ ഇസ്ക്കറിയോത്താ പ്രധാനാചാര്യന്മാരുടെ അടുത്തുചെന്ന്, ഞാൻ യേശുവിനെ ഏൽപ്പിച്ചുതരാം, നിങ്ങൾ എനിക്ക് എന്തുതരും എന്നു ചോദിച്ചു. അവർ അവനുമായി മുപ്പത്വെള്ളിക്കാശിന് ഉടമ്പടിചെയ്തു. അപ്പോൾമുതൽ യേശുവിനെ ഏൽപ്പിച്ചുകൊടുക്കുവാൻ അവൻ തക്കം നോക്കിക്കൊണ്ടിരുന്നു. പുളിപ്പില്ലാത്ത അപ്പത്തിൻെറഒന്നാംനാളിൽ ശിഷ്യന്മാർ യേശുവിൻെറ അടുക്കൽ ചെന്ന്അവനോട്, നിനക്ക് പെസഹാഭക്ഷിക്കുവാൻ ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത് എന്നു ചോദിച്ചു. അതിന് അവൻ അവരോടു പറഞ്ഞു. നിങ്ങൾ നഗരത്തിൽപോയി ഇന്ന ആളോടുപറയുക. എൻെറ സമയം അടുത്തിരിക്കുന്നു. ഞാൻ എൻെറ ശിഷ്യന്മാരുമായി നിൻെറ ഭവനത്തിൽ പെസഹാആചരിക്കും എന്നു പറയുവിൻ. ശിഷ്യന്മാർ യേശുകൽപ്പിച്ചതുപോലെ ചെയ്ത് പെസഹാഒരുക്കി. സന്ധ്യയായപ്പോൾ അവൻ പന്ത്രണ്ടുശിഷ്യന്മാരോടുകൂടെ ഭക്ഷണത്തിനിരുന്നു. അവർഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു, ഞാൻ സത്യമായി നിങ്ങളോടുപറയുന്നു. നിങ്ങളിൽ

ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും എന്നുപറഞ്ഞു. അപ്പോൾ അവർ അത്യന്തം ദുഃഖിച്ചു. അത് ഞാനാണോ കർത്താവേ എന്ന് ഓരോരുത്തരും അവനോട് ചോദിച്ചുതുടങ്ങി. യേശു ഉത്തരം പറഞ്ഞു. എന്നോടുകൂടെ കൈ താലത്തിൽമുക്കുന്ന വൻ തന്നെ എന്നെ ഏൽപ്പിച്ചുകൊടുക്കും. മനുഷ്യപുത്രനെ ക്കുറിച്ച് എഴുതിയിരിക്കുന്നപോലെ അവൻ പോകുന്നു. എന്നാൽ എന്നെ ഒറ്റുക്കൊടുക്കുന്നവന് ഹാ കഷ്ടം. ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവന് നന്നായിരുന്നു. അപ്പോൾ ഒറ്റുകാരനായ യൂദാ, എന്റെ ഗുരോ അതു ഞാനാണോ എന്നുചോദിച്ചു. നീ പറഞ്ഞു കഴിഞ്ഞു എന്ന് യേശു മറുപടിപറഞ്ഞു. അവർ ഭക്ഷണത്തിനിരിക്കുമ്പോൾ യേശു അപ്പം എടുത്ത് സ്തോത്രംചെയ്ത് നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട്, വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരമാകുന്നു എന്നുപറഞ്ഞു. പിന്നെ പാനപാത്രം എടുത്ത് സ്തോത്രംചെയ്ത് അവർക്കുകൊടുത്തുകൊണ്ട് പറഞ്ഞു. വാങ്ങി ഇതിൽനിന്നുകുടിക്കുവിൻ, ഇത് പാപമോച നത്തിന് അനേകർക്കുവേണ്ടി ചൊരിയുന്ന പുതിയഉടമ്പടി ക്കുള്ള എന്റെ രക്തമാകുന്നു. എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊപ്പം പുതുതായി പാനംചെയ്യുന്ന നാൾവരെ ഞാൻ മുന്തിരിയുടെ ഈ ഫലത്തിൽനിന്ന് കുടി ക്കുകയില്ല എന്നു നിങ്ങളോടു പറയുന്നു. പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവമലിയിലേക്ക് പോയി.

ܩܘܡܐ ܬܪܝܢܐ ܀ ܕܦܨܚܐ ܀

പെസഹാ വ്യാഴാഴ്ച രാത്രി രണ്ടാം കൗമാ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം ഈ രാവിൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us - kneel and adore Him- this night time.(3Times)
Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܚܫܐ ܕܣܒܪ ܦܪܘܩܢ ܢܣܓܘܕ ܠܗ
ܠܡܫܝܚܐ ܕܦܪܩܢ ܒܫܘܥܒܕܗ ܢܩܕܘܡ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܕܫܕܪܟ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܡܫܒܚܬܐ

ܘܣܘܓܕܬܐ ⁜ ܘܒܟܠܗ ܥܕܢ ܘܥܕܢ ܘܠܥܠܡ ܥܠܡܝܢ ⁜ ܢܗܘܐ

ܠܥܠܡ ܥܠܡܝܢ ܘܠܥܠܡ ⁜ ܘܒܟܠ ܙܒܢ ܡܢ ܩܕܡ

ܘܩܕܝܫܐ ⁜ ܩܕܝܫܐ ܐܢܬ ܡܪܝ ܩܕܝܫܐ ܐܢܬ ܡܪܝ

ܩܕܝܫܐ ܐܢܬ ܡܪܝ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ

ആബോക് സബ്‌വോ അഞ്ചാം രാഗം

ക്രൂശാൽ രക്ഷി-ത ജാതികളെ
കഷ്ടം ദുർഭഗനേ-കീടുവാൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ*

ܦܪܘܡܝܘܢ

ܫܠܐ ܠܟܠ ܘܫܘܒܚܐ ܘܚܝܐ ܩܡ ܩܕܝܐ ܕܒܚܐ ✱ ܩܕܝܐ ܡܫܝܚܐ

ܩܢܘܡ ܟܠܗܘܢ ܘܟܝܢܗ ✱ ܠܡܫܝܚܐ ܕܐܬܝܠܕ ܘܦܪܘܩܢ ܘܩܘܡܬܢ

ܘܙܘܥܐ ܐܠܗܐ ܕܠܐ ܟܠܗ ܐܟܣܢܝܐ ܟܠܗ ܪܡ

ܘܟܠܟܝ ܢܘܗܪܐ ܢܟܣ ✱

അനാദ്യന്തവചനമായ ദൈവമേ, ഉന്നതങ്ങളിൽ എല്ലാ സ്വർഗ്ഗീയസൈന്യങ്ങളും വിറയലോടെ നിനക്ക് ശുശ്രൂഷ ചെയ്യുകയും മേലുള്ള എല്ലാകൂട്ടങ്ങളും ഭയത്തൊട് നിന്റെ ഇഷ്ടം ആചരിക്കുകയുംചെയ്യുന്നു. സ്വാഭാവിക നന്മയാലും മനുഷ്യസ്നേഹത്താലും താഴെയുള്ളവരുടെ അടുക്കലേക്ക് നീ ഇറങ്ങിവന്ന് കൽപ്പനലംഘനംമൂലം നശിച്ചിരുന്നവരെ കൂട്ടിച്ചേർപ്പാനും വൈരിയായ ആകൽക്കറുസായുടെ ദാസ്യ ത്തിൽനിന്ന് സ്വാതന്ത്ര്യപ്പെടുത്തി വീണ്ടെടുപ്പാനും തിരുവുള്ളം

തോന്നി. നിൻെറദാസനായ ശിഷ്യനാൽ ദുഷ്ടദാസന്മാർക്ക് ദാസനെപ്പോലെ കൊലയ്ക്കായി വിൽക്കപ്പെടുകയും ചെയ്തു. ഞങ്ങൾ നിനക്ക് രാത്രിനമസ്ക്കാരത്തിൻെറ രണ്ടാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും കരേറ്റും. ബ്കുല്ഹൂൻ--

ܣܶܕܪܳܐ

അത്യുന്നതനായി വചനമായിരിക്കുന്ന ദൈവമേ, തിരുവിഷ്ടത്താൽ ഞങ്ങൾക്കുവേണ്ടി നീ സഹിച്ചിട്ടുള്ള വന്ദനീയങ്ങളും രക്ഷാകരവുമായ കഷ്ടാനുഭചരിതം വർണ്ണിക്കുവാൻ ത്രാണിയുള്ള വാക്കോ നാവോ ആർക്കുള്ളു. അല്ലെങ്കിൽ ഞങ്ങളെരക്ഷിപ്പാൻ വേണ്ടിയുള്ള അവർണ്ണനീയമായ നിൻെറ പരിത്യാഗത്തിൻെറ അചിന്തനീയമായ ന്യായവിധികളെ പരിശോധിപ്പാനും ഉറ്റുനോക്കി അറിവാനും ശക്തമായ ജ്ഞാനിയും വിദ്വാനും ആരുള്ളു. അല്ലെങ്കിൽ ഞങ്ങൾക്കു വേണ്ടിയുണ്ടായ നിൻെറ വിനയത്തിൻെറ ശ്രേഷ്ഠതയെ ഉൾക്കൊള്ളുവാൻ കഴിയുന്ന ബുദ്ധിയോ വിചാരമോ ഏതുള്ളു. മേലും താഴെയുമുള്ള എല്ലാ സൃഷ്ടികളും നിൻെറ ഉൺമനിമിത്തം ചുളുങ്ങി വിറച്ചു കൊണ്ടിരിക്കെ നിൻെറ കൃപയെ നിരസിക്കുന്നദുഷ്ടന്മാരും മത്സരക്കാരും ആയ യഹൂദജനം ഭൂലോകം മുഴുവൻ ഉള്ളം കൈയിൽ വച്ചിരിക്കുന്ന നിന്നെ നശിപ്പിക്കാൻ ഹന്ന,

കയ്യാപ്പാ എന്നീ പ്രധാനപുരോഹിതന്മാരുമായി ആലോചന നടത്തി. സ്വർഗ്ഗത്തിൽ ജീവനുള്ളഅഗ്നി നിൻെറ ജ്വാലയിൽ നിന്ന് വിറച്ചുകൊണ്ട് ശുശ്രൂഷിക്കുന്ന നിൻെറ ശുശ്രൂഷ യ്ക്കായി നീ തെരഞ്ഞെടുത്തിട്ടുള്ള ശുഷ്യഗണത്തിൽ ഒരുവനായ യഹൂദസ്ക്കറിയോത്താ അപ്പോൾ അവൻെറ സ്വാതന്ത്ര്യംമൂലം ദ്രവ്യാഗ്രഹത്തിന് അടിമപ്പെട്ടു. അപരിമിത മായ നിൻെറ ധനത്തെ ഉപേക്ഷിച്ച് സാത്താനാൽ പ്രേരിത നായി ഘാതകന്മാരുടെ അടുക്കലേക്ക് ഓടിപ്പോയി. അവർ ശാന്തമായി അടങ്ങിയിരിക്കുമ്പോൾ അവരുടെ അടുക്ക ലേക്ക് ചെന്ന് എനിക്ക് എന്തു തരുവാൻ നിങ്ങൾക്ക് മനസ്സുണ്ട്, നിങ്ങൾ അന്വേഷിക്കുന്ന നസ്രായനായ യേശുവിനെ ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചുതരാം. തൻെറ പ്രവൃത്തികൾകൊണ്ടു ശാബതിനെ ലംഘിക്കുകയും താനാണ് ശാബതിൻെറ നാഥനെന്ന് പറയുകയും ചെയ്തവനെ ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചുതരാം. അതിനു നമ്മുടെ കരാർ എന്താണ്? നിങ്ങൾ എനിക്ക് എന്തു തരും? ഞാൻ ദൈവത്തിൻെറ പുത്രനും ഇസ്രായേലിൻെറ രാജാവുമാകുന്നുവെന്ന് പറഞ്ഞവനെ ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചുതരാം. ഞാൻ അവൻെറ ശിഷ്യനാണ്, അവന് എൻെറമേൽ വിശ്വാസ മുണ്ട് എന്നിങ്ങനെ പറഞ്ഞുകൊണ്ട് നിന്നെ അവർക്കു വിൽക്കുവാൻ അതായത് ഏൽപ്പിച്ചു കൊടുപ്പാൻ അവരോട് പ്രതിജ്ഞ ചെയ്തു. അപ്പോൾ അവർ ഹൃദയാനന്ദത്തോടെ മുപ്പതു വെള്ളി ദീനാറ കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. അപ്പോൾ മുതൽ

നിൻെറ തിരുനാമത്തിൽ രോഗികളെ സുഖപ്പെടുത്തുതയും പിശാചുക്കളെ ഒഴിപ്പിക്കുകയും മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തവനും പതൃോസിനോടെന്നപോലെ സ്വർഗ്ഗസിംഹാസനം അവനു വാഗ്ദാനം ചെയ്യുകയും ആകാശത്തിലും ഭൂമിയിലും അധികാരം തൊടുക്കുകയും ചെയ്തവനും രഹസ്യപൂർണ്ണ മായ നിൻെറ അത്താഴത്തിൽ ചേർക്കയും അവൻെറ കാൽകഴുകിക്കലിൽനിന്നു വിരോധിക്കാതിരിക്കുകയും പുണ്യമുള്ള നിൻെറ ശരീരവും രക്തവും കൈക്കൊള്ളുന്നതിൽനിന്ന് തള്ളിക്കളയാതിരിക്കുകയും ചെയ്തവനും ആയ നിന്നെ ഏൽപ്പിച്ചുകൊടുക്കാൻ തക്കവും സമയവും നോക്കിക്കൊണ്ടിരുന്നു. പത്രോസിനും അവൻെറ കൂട്ടു കാർക്കുമുള്ള സകലവും നിൻെറ നേരെ കുതികാലുയർത്തിയവനു പ്രദാനംചെയ്തവനായ ദൈവമേ, നിൻെറ ദീർഘക്ഷമയും ദയയും എത്രയോ വിസ്മയനീയമാകുന്നു. അവൻ സ്വന്ത ഇഷ്ടത്താൽ നിനക്കു വിരോധമായി വഞ്ചന വിചാരിച്ച് നിന്നെ ഉപേക്ഷിച്ച് കുരിശിന്മേൽ തറയ്ക്കുന്നവരുടെ കൂട്ടത്തിൽ കൂടി. നിങ്ങളിൽ ഒരുവൻ ദുഷ്ടന്മാർക്ക് എന്നെ ഏൽപ്പിച്ചുകൊടുക്കാൻ ഒരുങ്ങിയിരിക്കുന്നു. നിങ്ങൾ ഭയപ്പെടരുത് എന്നോടൊപ്പം പാത്രത്തിൽ കൈമുക്കുന്നവനാണ് അതു ചെയ്യുന്നത് നിങ്ങൾ അവനെ സൂക്ഷിച്ചുകൊൾവിൻ എന്നാൽ മൂന്നാം ദിവസം ഞാൻ ജീവിച്ചെഴുന്നേറ്റു, നിങ്ങളെ സമാധാനത്താൽ സന്തോഷിപ്പിച്ച് ആനന്ദിപ്പിക്കുകയും പരിശുദ്ധറൂഹായുടെ കൃപകൊണ്ട് നിറയ്ക്കുകയും

ചെയ്യും, എന്നിങ്ങനെ പത്രോസിനോടും അവൻെറ മറ്റു സഖിമാരോടും ഇതിനെക്കുറിച്ച് നീ അരുളിച്ചെയ്തു. ആദ്യ സൃഷ്ടിയായ ആദാമിൻെറ എല്ലാകടവും ഏറ്റെടുത്ത് എല്ലാ പാപങ്ങളും നിൻെറ ദേഹത്തിൽ വഹിച്ചു കുരിശിൽ തറയ്ക്കപ്പെട്ടവനായ ദയാലുവും പ്രജാവത്സലനുമായ ഞങ്ങളുടെ മശിഹാ തമ്പുരാനേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ കുരിശിനാൽ രക്ഷിക്കപ്പെട്ടവരായ ഞങ്ങളെ പുതുക്കണമെ. ആദ്ധ്യാത്മീയ മായ നിൻെറ അത്താഴത്തിലെ ആനന്ദത്തിനും ഞങ്ങളുടെ സകല അധർമ്മങ്ങളുടെ കഴുകലിനും പുണ്യമുണ്ടാക്കുന്ന തായ നിൻെറ ശരീരത്തിൻേറയും രക്തത്തിൻേറയും ചൈതന്യപ്രദമായ സംബന്ധത്തിനും ഞങ്ങളെ നിൻെറ കൃപയാൽ അർഹരാക്കണമെ. അരിഷ്ടനായ യഹൂദ അനുഭവിച്ച ആശാഭംഗത്തിൽ നിന്ന് ഞങ്ങളെ വീണ്ടു കൊള്ളണമെ. നീതിയുള്ള നിത്യ ശിക്ഷാവിധിയിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. ഞങ്ങളെയും ഞങ്ങളുടെ വാങ്ങിപ്പോയവരേയും നിൻെറ പരിശുദ്ധന്മാരുടെഓഹരിക്കും നിൻെറ തോഴന്മാരുടെ ആനന്ദത്തിനും സ്വർഗ്ഗരാജ്യത്തിൽ നിന്നോടുകൂടിയുള്ള സന്തോഷത്തിനും അർഹരാക്കണമെ. ഞങ്ങൾ നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുവാനായിട്ടു തന്നെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരോട് അരുളിച്ചെയ്തു. ഞാൻകഷ്ടാനുഭവത്തിനായിഒരുങ്ങിയിരിക്കുന്നു. മനസ്സോടെ മരണം ഏൽപ്പാനായി പിതാവ് എന്നെ അയച്ചിരിക്കുന്നു. ഞാൻ മരിക്കുന്നതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട. എന്തെന്നാൽ കബറിൽനിന്ന് ഞാൻ ഉയിർത്തെഴുന്നേൽക്കും.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എൻെറ ശിഷ്യന്മാരേ, ഞാൻ പിതാവിൻെറ അടുക്കലേക്ക് കയറിപ്പോകുന്ന എന്നു പറഞ്ഞതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട. ഞാൻ ആരോഹണംചെയ്യുന്നില്ലായെങ്കിൽ പരിശുദ്ധ റൂഹാ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാനും എൻെറ പിതാവുംലോകാവസാനത്തോളംനിങ്ങളോടുകൂടെയുണ്ട്. മൊറിയോ

Qolo : bsaphro hzaau(hi) talmide

1. 'I am prepared for the passion', our Lord told His disciples. 'For this reason, my Father has sent me that I should die voluntarily. Do not be grieved that I am dying, for I shall rise from the tomb'. Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. 'Do not be troubled, my disciples! For I have said that I am going to ascend towards my Father.

If I do not ascend, the Holy Spirit will not come towards you. My Father and I are with you, even to the end of the world'. ***Moryo rahem alain***

എത്രൊ

എൻെറ കർത്താവേ, വിജയകരവും സഹായസമ്പൂർണ്ണ വുമായ നിൻെറ വലംകൈ വിശ്വാസികളായ നിൻെറ ജനത്തിന്മേൽ നീട്ടി നിൻെറ ഇടവകയിലെ സംഘത്തെ അനുഗ്രഹിക്കണമെ. നിൻെറ തിരുമേനിയുടെ പ്രസാദത്തി നായി ഞങ്ങളുടെ അരിഷ്ടകൈകളാൽ നിനക്കു സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ ധൂപം കൈക്കൊള്ളണമെ. രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്തിൻെറ ഈ ദിവസത്തിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിർമ്മലമായ ശബ്ദങ്ങളാലും ആത്മീയ ഗാനങ്ങളാലും നിൻെറ ദൈവത്വത്തിനു പാടി പുകഴ്ത്തുവാൻ ഞങ്ങളെ അർഹരാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും ഹോശോ-

വീണ്ടും കോലോ

കൂക്കോയോ

കർത്താവിൻ തലമേൽ തൈലം പൂശി പാപിനിയാൾ
നിൻ പാപം മോചിതമായെന്നവളോ-ടുരചെയ്താൻ
അക്ഷണമേറി സാത്താൻ യൂദായിൽ
ഈർഷ്യാകുലനായ് ഏവം ചിന്തിച്ചാൻ

പാവങ്ങൾക്കു വിശക്കുമ്പോൾ ഈ ധൂ-ർത്തടിയെന്തേ
ദീനോറോ മുന്നൂറിന്നീ-തൈലം വിറ്റീടാം
ഹാലേലൂയ്യാ അവരെ പോറ്റീടാം. ബാറെക്മോർ

† ശുബഹോ: മെൻ്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ

ചൊന്നു പുരോഹിതരൊടു യൂദർ തെല്ലും ധൃതിവേണ്ട
അവനെ കാട്ടിത്തരുവാനായ് ശിഷ്യ-രിലുണ്ടേകൻ
അവനീരാവിൽ കാണും നിങ്ങളെയെ-
ന്നേവം ഗൂഢം വാഗ്ദത്തം ചെയ്താർ
നിജഗുരുവിൻവില മുപ്പതു കാശേകേ-ണം നിങ്ങൾ
കൂടുതലായാലും ലേശം മടി കാട്ടീടേണ്ട
ഹാലേലൂയ്യാ ദുരിതമവർക്കെന്നും.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܣܘܒܪ ܚܠܦܝܢ
ܒܪܝܟ ܗܘ ܡܘܟܟܗ ܕܚܠܦܝܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

തൂങ്ങിച്ചാവാൻ കയറിനു വേണ്ടും
വില കൈ-പ്പറ്റി ഗുരുവിനെ വി-റ്റാൻ
തന്ത്ര-ത്താൽ കൂ-ട്ടത്തിൽ പാർത്താൻ
തക്ക-ത്തിനു ത-ന്നിഷ്ടം കാ-ട്ടാൻ
ഉത്സാ-ഹത്തോ-ടൊരുങ്ങിയിരുന്നാൻ.

പുല്ലും മുള്ളും കാരയുമാ-യോർ

ലോകത്തെ വെ-ണ്ണീറാക്കീ-ടും
വൻ തീയിന്മേൽ കൈവച്ചപ്പോൾ
കാഠി-ന്യത്തെ താഴ്ത്തിയ മൂലം
ജ്വാല-യിലാരും വെന്തില്ലേതും.

നിന്മാ-ഹാത്മ്യ-ത്തെ കീർത്തി-പ്പൂ
സ്വർഗ്ഗീ-യരുമൂഴിയിലുള്ളോ-രും
സ്രാപ്പേ-ന്മാരും ക്രോബേ-ന്മാരും
വാഴ്ത്തീ-ടുന്നു നിൻ രക്ത-ത്താൽ
രക്ഷി-തരായോൻ വന്ദിക്കുന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܳܝܶܢ ܠܶܗ ܠܥܳܠܡܳܐ ܕܕܳܝܶܢ
ܒܕܺܝܢܳܐ ܥܰܡܰܢ ܡܶܢ ܠܳܐ ܬܶܥܽܘܠ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܰܐܬܳܐ ܠܚܰܫܳܐ ܘܡܰܘܬܳܐ ܘܰܙܩܺܝܦܽܘܬܳܐ
ܫܡܰܥ ܒܳܥܽܘܬܰܢ ܘܰܐܢܺܝܚ ܠܟܽܠ ܢܰܦܫܳܬܰܢ ⁜
ܐܰܠܳܗܰܢ ܕܰܡܪܰܚܡܳܢ ܡܶܢ ܚܰܛܳܗܶܝܢ ܗܽܘ ܪܰܚܶܡ ܥܠܰܝܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ശീ-മോൻ യോ-ഹന്നാന്മാർക്കെന്നോണം നിൻ നാഥൻ
തന്നാ-ദാനത്തെ വഞ്ചകനെ നീ ഓർത്തില്ല

നീ-സൗഖ്യം നൽകിയ രോഗികളുച്ചത്തി-ൽ കേഴും
കു-ഷ്ഠത്തീന്നും മോചനമാർന്നോർ വിലപി-ച്ചീടും. ദേവാ--

നിൻ തേ-ജസ്സിൻ നഷ്ടത്തിൻ ശ്രുതി കേട്ടീ-ടുമ്പോൾ
യീ-ഹോദോ-ടാ ഗ്ലീലാ നാടും പ്രലപി-ച്ചീടും
വ-ഞ്ചിച്ചിട്ടില്ലാരും ഗുരുവിനെയിതുപോൽ മുന്നം
പേ-ടിച്ചീടും ഗുരുശിഷ്യന്മാരെന്നും നിന്നെ. ദേവാ---

വീ-ണോനാമച്ചതിയൻ നന്മകളെല്ലാം വിട്ടു
വാ-ങ്ങിക്കൊണ്ടാൻ ക്രൂശകരീന്നും ഗൂഢം-കൂലി
ത-ന്നാംഗ്യത്താൽ സൃഷ്ടിഗണത്തെ നിർത്തുന്നോനെ
വിൽക്കാന-മ്പേ നിശ്ചിതമാക്കി യൂദാ മൂല്യം. ദേവാ---

ഉ-ന്മത്തന്മാർ ദൈവസുതൻ തൻമൂല്യം നൽകി
യൂ-ദാ പൂണ്ടാൻ ക്രൂശകരെക്കാൾ ചിത്ത-ഭ്രാന്തി
കൈ-വിട്ടീടാതവനെ വീണ്ടും കൈക്കൊ-ണ്ടോനാം
ദൈവ-സുതൻതൻവിനയംവിസ്മയമാർക്കുംനൽകും. ദേവാ ---

ശി-ഷ്യന്മാരും ഗുരുവും സമരായ് കാണ-പ്പെട്ടു
ചൂ-ണ്ടിക്കാട്ടാനതിനാൽ ദ്രവ്യം ചതിയ-ന്നേകി
വേ-ഷം മാനമിരുപ്പെന്നിവയാൽ പാർത്താ-ലാർക്കും
നേ-താവാരെന്നറിയാനേതും സാധി-ച്ചില്ല. ദേവാ---

നൽ-ശിഷ്യന്മാരെ ഏറ്റോനാം വിമലൻ സ്തുത്യൻ
കൈ-വിട്ടു നീ വഞ്ചന കാട്ടിയ ശിഷ്യൻ തന്നെ
കോ-ട്ടയതാവുക ശുദ്ധസഭയ്ക്കിഹ നിൻ ക്ലേശങ്ങൾ
നി-ന്നെ താതനെ റൂഹായേയും സഭ കീ-ർത്തിക്കും. ദേവാ--

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

സൂഗീസോ - കും പൗലോസ്

1. ദുർഭഗനോടിപ്പോയ് കൂരിരുളിൽ ചേർന്നു
പ്രഭയെ ദ്വേഷിച്ചോൻ ഇരുൾ സ്നേഹിച്ചു
ഉജ്ജ്വലസൂര്യൻ തൻ കതിരുകൾ കാണായ്‌വാൻ
ദൃഷ്ടകൾ തൻ ദീപ്തി മങ്ങിപ്പോയി
സുവിശേഷിച്ചോനാം ശ്ലീഹാ യൂദായെ
ചതിവാലാരേവം നിൻ സൗന്ദര്യം ധ്വംസിച്ചു
വീഴ്ച ഭവിച്ചോനേ ദുർഭഗനേ നിൻെറ
കൈയിലിരിക്കുന്നു മൃതിവിഷപാത്രം.

2. അധികാരം പാരം നേടിയ ശിഷ്യാ നീ
എന്തിനു കൈവിട്ടു നിൻ ബഹുമാനം
ഓ ഗൃഹകാര്യസ്ഥാ വത്സലനാം ശ്ലീഹാ
എന്തിനു വിറ്റീടു-ന്നാ ധനവാനെ
നീ ധനമോഹത്താൽ വിൽക്കാൻ പോകുന്നോൻ
വിലതീരാത്തോനാ-ണയ്യോ നീയിതു ചെയ്യല്ലെ
തന്മഹിമാവോർത്താൽ സൃഷ്ടികൾ നിസ്സാരം
നീയിതു ചെയ്തെന്നാ-ലേൽക്കും ശാപം.

3. ഭാഗ്യം കെട്ടോനേ ഞെട്ടുക നീ ഭീതിയാൽ
വിലതീരാത്തോനെ വിൽക്കരുതെ നീ
സൃഷ്ടിച്ചോനെ നീ വിറ്റതിനാലിപ്പോൾ
ദുഷ്ടാചാര്യന്മാർ ചിരി തൂകുന്നു

വാനിടവും പാരും തന്നുള്ളം കൈയ്യിൽ
കൽപ്പനയാൽ നാഥൻ നിർത്തുന്നെന്നറിയുന്നി-ല്ലേ ?
വിലതീരാത്തോനെ കാശിനു കൈമാറി
കിട്ടിയ കാശോർത്താൽ കയറി മാത്രം.

4. മധുരം പാനം ചെ-യ്തോനാം യൂദായെ
എങ്ങോട്ടിന്നേരം നീയൊഴിയുന്നു
ദീപ്തിയെ വിട്ടോടി കൂരിരുളിൽപോയ് നീ
എന്തിനൊളിക്കുന്നു ചൊല്ലുക യൂദാ
നിൻ സമ്പാദ്യത്തെ കൊള്ളയടിച്ചേവം
നിൻ വ്യാപാരത്തെ മോഷ്ടിച്ചോനാരാണാവോ?
പ്രിയനാം ഭ്രാതാവേ പകയും വേർപാടും
കിട്ടിയ നീയയ്യോ ഭാഗ്യവിഹീനൻ.

5. ശ്ലീഹായാം യൂദാ നീ തള്ളപ്പെട്ടോ?
മനസ്സാ നീയെന്തി-ന്നോടിപ്പോയി
വഞ്ചകനേ എന്തി-ന്നുഴറിച്ചെന്നേവം
ശ്ലീഹഗണത്തെ നീ ഹന്ത തകർത്തു
പന്ത്രണ്ടായീടും നിശ്ചിത സംഖ്യ
നീ ധനമോഹത്താൽ ഭേദിച്ചപ്പോൾ ഭാ-ഗി-ച്ചു
ഘാതകനായ്ത്തീർന്ന ശിഷ്യൻ യൂദായേ
എന്നന്നേക്കും നീ നിന്ദിതനായോൻ.

6. ശിഷ്യത്വം ഭാവി-ച്ചോനാം യൂദായേ
എന്തിനു കൊല്ലുന്നു നാഥനെയേവം
ശീമോൻ യോഹന്നാ-ന്മാർ തൻ കൂട്ടാളി
കൂരിരുളിൽ നിന്നെ തള്ളിയതാര് ?

ചെന്നായായ്ത്തീർന്ന കുഞ്ഞാടാം യൂദാ
ഇടയനെ നീ ചിന്തി-മരണത്തിന്നേൽപ്പിച്ചല്ലൊ
കേഴും നിന്നെയോ-ർത്തി-പ്പാരും വാനും
സൃഷ്ടിഗണം നിന്മേൽ ചൊരിയും ശാപം.
7. വിലതീരാത്തോൻ തൻ വില തൂക്കിക്കൊള്ളാൻ
തൻ കൈയ്യിൽ യൂദാ-ത്രാസു വഹിച്ചു
മറിയാമിൻ സൂനു ദൈവത്തിൻ പൈതൽ
മുപ്പതു വെള്ളിക്കായ് വിൽക്കപ്പെട്ടു
ശാസിപ്പാൻ നീതി-അപ്പൊഴെഴുന്നേറ്റു
നിന്ദിതനാം ശിഷ്യാ വഞ്ചകനാകും യൂ-ദാ-യേ
എന്തിനു നീ കൈയ്യിൽ ത്രാസുമെടുത്തേവം
സൃഷ്ടാവിൻ മൂല്യം തൂക്കീടുന്നു ?
8. ഗുരുവിനെ വഞ്ചിച്ച ശിഷ്യാ കേഴുന്നു
ശിഷ്യന്മാരെല്ലാം നിന്നെച്ചൊല്ലി
ഗുരുവിനെ വിറ്റോനേ യൂദായാം ശ്ലീഹാ
നിന്നെ വിട്ടോടും ഗുരുനാഥന്മാർ
ഉളവായിട്ടില്ല നിന്നെപ്പോലാരും
തലമുറകൾതോറും ചൊല്ലിടുമക്കഥയും നൂ-നം
ഗുരുനാഥൻ തന്നെ കൊന്നോനാം ശിഷ്യൻ
നരകത്തിൽ നൂനം യാതനയേൽക്കും.
9. ശീമോനും യോഹ-ന്നാനും രോദിച്ചു
മത്തായ് ബർത്തുൽമാ-മാർ വിലപിച്ചു
മൃതിയടയാൻ പോകും ഗുരുവിനെയും പാഴാം
ഇരുളൊടു ചേർന്നോനാം പ്രിയനെയുമോർത്താർ

സൃഷ്ടിയതാ വാനും തന്നെ കൈക്കൊണ്ട
വാരിധിയും മന്നും വിലപിച്ചേവം ചൊ-ല്ലു-ന്നു
സ്വന്തം രൂപത്തി-ന്നന്ധത ചേർത്തോനാം
തേജസ്സേ ഹാ ഹാ ദുരിതം ശാപം.
10. നന്മകൾ ഞാൻ നിന്നെ പരിശീലിപ്പിച്ചു
സൗഖ്യ സഹായങ്ങൾ നീ ചെയ്തല്ലൊ
അധികാരം നിൻ പേർ-ക്കമ്പൊടു ഞാനേകി
നിന്നെ മൂടക്കാൻ ഞാൻ വഴി വച്ചില്ല
സദയം ഞാൻ തന്നോ-രധികാരത്താൽ നീ
ദുഷ്ടാത്മാക്കൾ തൻ കൂട്ടത്തെ ദൂ-രത്താ-ക്കി
വഞ്ചകനാം യൂദാ ഏതപകാരത്താൽ
എന്നെ ദ്രോഹിപ്പാൻ പ്രേരിതനായി.

ഏവൻഗേലിയോൻ.

ഹാലേലൂയ്യാ ഹാലേ- ദോഷിമനസ്സിൽ ദോഷം ചിന്തിപ്പൂ
ദൈവഭയം പാർക്കിലവന്നില്ല. ഹാലേലൂയ്യാ

വി. യോഹന്നാൻ 6. 24 - 40

ܠܡܪܢ ܡܫܝܚܐ ܘܠܐܒܘܗܝ ܘܠܪܘܚܗ ܩܕܝܫܐ ܠܥܠܡܝܢ܀ ܐܡܝܢ܀

ܘܥܠܝܢ ܢܗܘܘܢ ܪ̈ܚܡܐ ܡܢ ܐܠܗܐ ܫܒܝܚܐ ܀ ܩܘܪܝܠܝܣܘܢ ܀

യേശുവും ശിഷ്യന്മാരും അവിടെഇല്ലെന്നു കണ്ടിട്ട് ജനങ്ങൾ പടകുകളിൽ കയറി കഫർന്നഹൂമിൽ ചെന്ന് യേശുവിനെ തിരക്കി. അവർ തടാകത്തിനക്കരെ അവനെ കണ്ടെത്തിയപ്പോൾ, ഗുരോ നീ എപ്പോൾ ഇവിടെ വന്നു എന്നുചോദിച്ചു.

യേശു അവരോട് ഇപ്രകാരം പറഞ്ഞു. സത്യമായും സത്യമായും ഞാൻ നിങ്ങളോടുപറയുന്നു. നിങ്ങൾ എന്നെ അന്വേഷിക്കുന്നത് അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ച് തൃപ്തരായതുകൊണ്ടത്രെ. നിങ്ങൾ നശിച്ചു പോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യജീവൻെറ അനശ്വരമായ ആഹാരത്തിനുവേണ്ടിയാണ് അദ്ധ്വാനിക്കേണ്ടത്. ഇത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും. അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു. അവർ അവനോട്, ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുവാൻ ഞങ്ങൾ എന്തു ചെയ്യണം എന്നുചോദിച്ചു. യേശു ഉത്തരമായി പറഞ്ഞു. ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി അവൻ അയച്ചവനെ വിശ്വാസിക്കുകയാണ്. യഹൂദന്മാർ യേശുവിനോട്, ഞങ്ങൾ കണ്ട് നിന്നെ വിശ്വസിക്കുവാൻതക്കവിധം നീ എന്ത് അടയാളം കാണിക്കുന്നു? എന്തു പ്രവർത്തിക്കുന്നു? നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ച് മന്ന ഭക്ഷിച്ചു. അവർക്കു ഭക്ഷിക്കുവാൻ സ്വർഗ്ഗത്തിൽനിന്ന് മോശ അപ്പംനൽകിയെന്ന് എഴുതിയിരിക്കുന്നവല്ലൊ എന്നുപറഞ്ഞു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. സത്യമായും സത്യമായും ഞാൻ നിങ്ങളോട്പറയുന്നു. സ്വർഗ്ഗത്തിൽനിന്ന് മോശ നിങ്ങൾക്ക് അപ്പം തന്നില്ല. സ്വർഗ്ഗത്തിൽനിന്ന് എൻെറ പിതാവത്രെ സാക്ഷാൽ അപ്പം നിങ്ങൾക്കുതരുന്നത്. ദൈവത്തിൻെറ അപ്പം സ്വർഗ്ഗത്തിൽനിന്നിറങ്ങി ലോകത്തിന് ജീവൻകൊടുക്കുന്നതാകുന്നു. അവർ യേശുവിനോട്, കർത്താവേ ഈ അപ്പം എപ്പോഴും ഞങ്ങൾക്ക് നൽകണമെ എന്നുപറഞ്ഞു. യേശു അവരോട്

പറഞ്ഞു. ഞാൻ ആകുന്നു ജീവൻെറ അപ്പം. എൻെറ അടുക്കൽവരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല. എന്നാൽ നിങ്ങൾ എന്നെകണ്ടിട്ടും വിശ്വസിക്കുന്നില്ലെന്ന് ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ. എൻെറ പിതാവ് എനിക്ക് നൽകിയിട്ടുള്ള ഏതൊരുവനും എൻെറയടുക്കൽവരും. എൻെറയടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളെ യുകയുമില്ല. എന്തെന്നാൽ ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നത് എൻെറ ഇഷ്ടം ചെയ്യുവാനല്ല. പിന്നെയോ എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യുവാനത്രെ. അവൻ എനിക്കു നൽകിയിട്ടുള്ളവർ ആരും നശിച്ചുപോകാതെ, അവസാന ദിവസം ഞാൻ അവരെ ഉയിർപ്പിക്കണം എന്നുള്ളതാകുന്നു എന്നെ അയച്ചവൻെറ ഇഷ്ടം. പുത്രനെകണ്ട് അവനിൽ വിശ്വിക്കുന്ന ഏതൊരുവനും നിത്യജീവൻ ലഭിക്കണമെന്നു ള്ളതും അവസാനനാളിൽ ഞാൻ അവനെ ഉയിർപ്പിക്കണം എന്നുള്ളതാകുന്നു എൻെറ പിതാവിൻെറ ഇഷ്ടം.

ܫܘܼܒ݂ܚܵܐ ܠܵܟ݂ ❊ ܡܵܪܝܵܐ ❊

പെസഹാ വ്യാഴാഴ്ച രാത്രി മൂന്നാം കൗമാ

പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം ഈ രാവിൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v’d us by Passion and - lowliness
Let us-kneel and adore Him- this night time.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܒܥܕܢܐ ܕܠܠܝܐ ܗܢܐ ܢܣܓܘܕ ܠܗ
ܠܡܫܝܚܐ ܕܦܪܩܢ ܒܚܫܘܗܝ ܡܟܝܟܬܐ ✣ [3]

ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܬܫܒܘܚܬܐ ✣ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ✣ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ✣ ܢܬܦܬܚܘܢ
ܬܪܥܝ ܨܗܝܘܢ ܕܠܥܠ ✣ ܘܒܥܘܬܢ ܬܬܩܒܠ ܡܢ ܩܕܡ
ܕܡܫܝܚܐ ✣ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✣ ܒܪܟܡܪܝ ✣

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ - ആമ്മോ ഉ ആമ്മോ എന്ന രീതി

ഒരുപോൽ ധരണീ സ്വർഗ്ഗങ്ങൾ
പ്രണമിക്കും നാ-ഥാ സ്തോത്രം
ദോഷികൾ ദോഷം കൈവിട്ടു
നിന്നവതാര-ത്താൽ സ്തോത്രം.

കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് - കൂറിയേലായിസ്സോൻ*

ܦܘܩܕܢ

ܓܠܐ ܒܦܓܪ ܘܐܬܟܪܙ ܒܥܠܡܐ ܘܗܝܡܢ ⁜ ܩܒܝܠܐ ܡܫܡܫܢܐ
ܘܡܬܡܠܠ ܘܡܣܗܕ ܡܢ ܫܠܝܚܐ ⁜ ܠܡܫܝܚܐ ܘܐܬܢܨܚ ܘܐܬܪܘܡ ܘܡܫܒܚܐ
ܘܐܠܗܐ ܕܠܐ ܡܬܡܠܠ ܠܗ ܫܘܒܚܐ ܒܟܠ ܙܒܢ
ܘܒܟܠܗܘܢ ܝܘܡܬܐ ܚܝܝܢ ⁜

ജഡത്തിൽ വെളിപ്പെടുകയും ലോകത്തിൽ പ്രസംഗിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും വിജാതിയരാൽ അംഗീകരിക്കപ്പെടുകയും ശിഷ്യന്മാരാൽ സംസാരിക്കപ്പെടുകയും ശ്ലീഹന്മാരാൽ സാക്ഷിക്കപ്പെടുകയും ചെയ്ത ഗൂഢവും അനിർവ്വചനീയവും ആയ രഹസ്യവാനായിരിക്കുന്ന കർത്താവിന്സ്തുതി. തനിക്ക് രാത്രിപ്രാർത്ഥനയുടെ മൂന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

ഞങ്ങളുടെ രക്ഷകനും രഹസ്യങ്ങളുടെ നാഥനുമായിരിക്കുന്ന മശിഹാതമ്പുരാനേ, ദീർഘദർശിമാരാൽ സൂചനയായി സംസംരിക്കപ്പെടുകയും, സൂചിപ്പിച്ചവർക്ക് ദൃഷ്ടാന്തമായി കാണപ്പെടുകയും ദർശനക്കാരുടെ ഉദാഹരണത്താൽ പരസ്യമായി അറിയിക്കപ്പെടുകയും ചെയ്തതിനാൽ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. അബ്രഹാം നിൻെറ ദിവസം കാൺമാൻ കാത്തിരുന്നു. കണ്ടു സന്തോഷിച്ചു. മലയുടെ മുകളിൽവച്ച് ഇസഹാക്കിനു പകരം ബലിയായിത്തീരുകയും ആയുധത്തിന് ഇരയായിത്തീർന്ന് അവനെ രക്ഷിക്കുകയും ചെയ്ത ആട്ടിൻകുട്ടിയാൽ നിൻെറ മഹിമയുള്ള പ്രത്യക്ഷത അബ്രഹാമിനു കാണപ്പെട്ടു. വീണ്ടും സന്ധ്യക്ക് വിധിക്കപ്പെട്ടു. ഇസ്രായേലിലെ ആദ്യജാതന്മാരെ രക്ഷിച്ച കുഞ്ഞാടിൻെറ രഹസ്യത്താൽ മോശയ്ക്ക് തെളിവായി അറിയപ്പെട്ടു. ലോകത്തിൻെറ പാപത്തെ കുരിശുകൊണ്ട് ഏറ്റെടുത്ത ദൈവത്തിൻെറ ആട്ടിൻകുട്ടിയാകുന്ന നീ നിൻെറ ശിഷ്യന്മാരോടുകൂടെ ന്യായപ്രമാണത്തിലെ ആട്ടിൻകുട്ടിയിയെ ഭക്ഷിച്ചു. രഹസ്യപൂർണ്ണമായ പെസഹായെ നീ നിവർത്തിക്കുകയും ഉദാഹരണം നിറവേറി എന്നും നിഴൽ പൂർണ്ണമായി എന്നും, പൊരുൾ കാണപ്പെടുവാനിരിക്കുന്നുവെന്നും, എനക്കു രഹസ്യം എനിക്കും എൻെറ ഭവനക്കാർക്കും രഹസ്യം എന്നും പുതിയ രഹസ്യം അവർക്കു കാണപ്പെടും എന്നും അവരോട് അരുളിച്ചെയ്യുകയും ചെയ്തു. അതിനുശേഷം നിൻെറ തൃക്കൈകളിൽ അപ്പം എടുത്ത് വാഴ്ത്തി മുറിച്ചു നിൻെറ രഹസ്യങ്ങളുടെ മക്കളായ

ശ്ലീഹന്മാർക്ക് കൊടുത്തു. "ഇതു അനേകർക്കു വേണ്ടിമുറിക്കപ്പെടുകയും ലോകത്തിൻെറ പാപങ്ങൾക്കു വേണ്ടി കൊടുക്കപ്പെടുകയും ചെയ്യുന്ന എൻെറ ശരീരമാകുന്നു" എന്ന് നീ അരുളി ചെയ്തു. വീഞ്ഞിൽ നിന്നും വെള്ളത്തിൽനിന്നും കലർത്തിയ കാസാ അവരെ കുടിപ്പിക്കുകയും "ഇതു എൻെറ രക്തത്തിൽ പുതിയ നിയമത്തിലെ കാസായാകുന്നു. നിങ്ങൾ എല്ലാവരും സംശയിക്കാതെ വാങ്ങി കുടിപ്പീൻ, എന്തെന്നാൽ, ഞാൻ എന്നെത്തന്നെ ബലികഴിച്ചു നിങ്ങൾക്കുവേണ്ടി എൻെറ ആത്മാവിനെ ശുദ്ധീകരിക്കയാകുന്നു. ഈ സമയം മുതൽ പഴയത് എല്ലാം അവസാനിച്ചു. സകലവും പുതുതായി ത്തീർന്നിരിക്കുന്നു. എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്വീൻ" എന്ന് അരുളിച്ചെയ്തു. ഹാ, മഹാ വലിയതും ചൈതന്യപ്രദവുമായ രഹസ്യം എത്രയോ വിസ്മയനീയമായിരിക്കുന്നു. അതിനാൽ ഞങ്ങൾക്കു രക്ഷയുണ്ടായതായി ലോകത്തിൻെറ പാപത്തെ വഹിക്കുന്ന കുഞ്ഞാട് എത്രയോ വിസ്മയനീയമാകുന്നു. തൻെറ കൊലയാൽ സ്വജനത്തെ സന്തോഷിപ്പിച്ച ശ്രേഷ്ഠമായ പെസഹാ എത്രയോ വിസ്മയനീയമാകുന്നു. തന്നെ ബലികഴിക്കുകയും തൻെറ മനസ്സോടെ ആട്ടിൻകുട്ടിയെ പ്പോലെ ഘാതകന്മാരാൽ ബലികഴിക്കപ്പെടുമെന്ന് അറിയി ക്കുകയുംചെയ്ത ബലി എത്രയോ വിസ്മയനീയമാകുന്നു. വിവേകികൾക്ക് ഈ രഹസ്യം വലിയതാകുന്നു. വിദ്വാന്മാർക്ക് ഈ ചരിതം വിസ്മയകരമാകുന്നു. സഭ ഈ

പ്രദാനത്തെ അംഗീകരിക്കുകയും പുറജാതികളിൽ നിന്നുള്ള സംഘം വിശ്വാസത്തോടെ ഈ രഹസ്യംകൈക്കൊള്ളുകയും ചെയ്തു. ഇതാ അവൾ നിന്നെ പാലിക്കുകയും അതിനാൽ എല്ലാ പ്രതികൂലങ്ങളിൽനിന്നും പാലിക്കപ്പെടുകയും ചെയ്യുന്നു. തൻെറ ജീവനുള്ള ശരീരം സംശയിക്കാതെ കൂദാശവഴിയായി അവൾ ഭക്ഷിക്കുകയും സ്നേഹത്തോടു ചൈതന്യപ്രദമായ കാസായെ അങ്ങനെ തന്നെ കുടിക്കുകയും ചെയ്യുന്നു. എൻെറ കർത്താവേ, നിൻെറ വിശുദ്ധകൂദാശയാൽ ദുഷ്ടൻെറ അസൂയയിൽ നിന്ന് അവൾ കാത്തുരക്ഷിക്കപ്പെടണമെ. നിൻെറ ക്രൂശിനാൽ വഞ്ചകശിഷ്യൻെറ വഞ്ചനയിൽനിന്ന് അവൾ സ്വാതന്ത്ര്യപ്പെടുമാറാകണമെ. നിൻെറ കൃപയാൽ അവൾക്കു ശ്രേയസ്സുണ്ടാകണമെ. അത്താഴത്തിൽ നിൻെറ മാർവ്വിൽ ചാരിക്കിടന്ന യോഹന്നാനെപ്പോലെയും ചതിവാൽ നിന്നെ ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരാണെന്നു മനസ്സിലാക്കിയ ശെമഓനെപ്പോലെയും നിൻെറ കൂദാശകളുടെ ഉപദേശം വഴിയായി നിൻെറ പ്രതിജ്ഞകളെ അറിവാൻ അവൾ താൽപ്പര്യപ്പെടുമാറാകണമെ. സകല മലിനതയിൽ നിന്നും കറയിൽനിന്നും അവൾകഴുകപ്പെടുമാറാകണമെ. പ്രിയപ്പെട്ട വിശുദ്ധശിഷ്യഗണംപോലെ നീ പ്രവർത്തിച്ചു കാണിച്ച വിനയവും ഐക്യവും സ്നേഹവും ദയയും അവൾ സമ്പാദിക്കുമാറാകണമെ. അവൾ നിന്നോടൊരുമിച്ച് സന്തോഷിക്കുകയും നിൻെറ മോക്ഷരാജ്യത്തിൽ പുതുതായി ആഹ്ളാദിക്കുകയും നിനക്കും നിൻെറ പിതാവിനും

പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

കൂക്കോയോ

ശിഷ്യസമേതം ശീമോൻ തൻ ഭവന-ത്തിൽ യേശു
പന്തിയിരിപ്പൊരു വൃത്താന്തം പാപി-നി കേട്ടപ്പോൾ
വിശ്വാസത്തോ-ടേവം ചിന്തിച്ചു
സർവ്വജ്ഞനെ ഞാൻ-പോയ് സന്ദർശിക്കും
പാപവിമോചകനെൻ പാപം പക്ഷേ മോചിക്കും
മോചനമില്ലെങ്കിലുമവനെ കണ്ടാൽ മതിയാകും
ഹാലേലൂയ്യാ അവൾ മോചിതയായി. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ

യേശുവിനെ പരിമളതൈലം പാപി-നിയാൾ പൂശി
നേരറ്റോനും ചതിയനുമാം യൂദാ-യ്ക്കാ കർമ്മം
തെറ്റായ് തോന്നീ-ട്ടീർഷ്യാഭാവത്തോ-
ടേവം ചൊന്നാൻ എന്തിന്നീ നഷ്ടം
ദീനോറോ മുന്നൂറുണ്ടാം തൈലം വിറ്റെന്നാൽ
പാവങ്ങൾക്കിപ്പെരുന്നാളിൽ ദാനം ചെയ്യരുതോ
ഹാലേലൂയ്യാ നാശമവനെന്നും. മൊറിയോ--

എത്രൊ

പ്രകൃതികൾ തൻ്റെ കർത്തൃത്വത്തെ വിളിച്ചുപറയുകയും ലോകങ്ങൾ തൻ്റെ ശ്രേഷ്ഠതയെ വിവരമറിയിക്കുകയും

തൻെറ കൊലമൂലം സൃഷ്ടിയെ ഭ്രമിപ്പിക്കുകയും തൻെറ താഴ്മയാൽ പഞ്ചഭൂതങ്ങളെ ചലിപ്പിക്കുകയും ചെയ്ത സത്യ നാഥനായുള്ളോവേ, ഞങ്ങൾ നിനക്ക് സമർപ്പിച്ചിട്ടുള്ള ഈ ധൂപം കൈക്കൊള്ളണമെ. എൻെറ കർത്താവേ നിൻെറ താഴ്മയുടെ കാരണത്തേയും നിൻെറ ത്യാഗത്തിൻെറ വിസ്മയത്തേയും കുരിശിൻെറ ശക്തി യേയും മരണത്തിൻെറ മഹിമയേയും ഞങ്ങളിൽ ചലിപ്പി ക്കണമെ. മൂകസ്വഭാവങ്ങൾക്കു പകരം വിശേഷബുദ്ധിയുള്ള ബലഹീനരായ ഞങ്ങൾ നിൻെറ കർത്തൃത്വത്തെ പ്രഖ്യാപിക്കുകയും ശ്രേഷ്ഠതയെ പ്രസംഗിക്കുകയും കൃപയെ സ്തുതിക്കുകയും നിൻെറ കരുണയെ വന്ദിച്ചു പുകഴ്ത്തുകയും ചെയ്യുമാറാകണമെ. ഹോശോ-

വീണ്ടും കോലോ

ഈ രാത്രിയിൽ അന്യായക്കാരൻ അവൻെറ ഹൃദയത്തിൽ അധർമ്മം ചിന്തിച്ചുകൊണ്ട് അന്തരിന്ദ്രിയങ്ങൾ പരിശോധി ക്കുന്നവനായ രക്ഷകനെ രഹസ്യമായി വിൽക്കുവാൻ ആലോചിച്ചു. വഞ്ചനയും കോപവും നിറഞ്ഞ് വിലയേറിയ വൻെറ വില അവൻനിശ്ചയിക്കുകയും ദൈവകുഞ്ഞാടിനെ അധർമ്മികളുടെ കൈയ്യിൽ ഏൽപ്പിക്കുകയും ചെയ്തു.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഈ രാത്രിയിൽ നമ്മുടെ രക്ഷകൻ അപ്പം മുക്കിക്കൊടുത്തു കൊണ്ട് തന്നെ ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരാകുന്നു എന്ന് ശിഷ്യന്മാരുടെ അനുഗ്രഹീതസംഘത്തെ അറിയിച്ചു.

തൻെറ ശ്രേഷ്ഠതയെ താഴ്ത്തി, താൻ ഇറങ്ങിവന്നു. യജമാനൻ നിന്നുകൊണ്ട് തൻെറ ദാസന്മാരെ ശുശ്രൂഷിച്ചു. തൻെറ തിരുശരീരരക്തങ്ങൾ അവർക്കു നലകി. തൻെറ താഴ്മയ്ക്കു സ്തുതി.

Qolo: *Sohde aphisuni(h)i*

1. In this night the wicked devised iniquity in his heart to sell secretly the One who examines the thoughts and he was filled with deceit and wrath. He agreed on the price of the Precious One and delivered the Lamb of God into the hands of the evil-doers. *Shubho*. Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. In this night, with the bread dipped (in the bowl), our Saviour made it known to the blessed company of the disciples who is going to betray Him. He lowered His greatness and came down. The Lord rose up and ministered to His servants, and gave them His body and blood. Glory to His humility.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܟ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܡܘܬܟ ܕܡܚܝܢܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

നിങ്ങ-ളിലൊരുവൻ എൻ വില ചൊല്ലും
അവനാ-പത്ത-ങ്ങദവകാശിക്കും
തന്ന-ത്താനെ നാശം പൂ-കും
എന്നീ രാവിൽ തന്നെ-പ്പറ്റി
ഗൂഢം കാര്യം വെളിവായ് ചൊന്നാൻ.

കുഞ്ഞാ-ടുകള-ന്നാളിൽ പെ-സഹാ
കുഞ്ഞാടതിനെ മനസ്സാ ത-ള്ളി
ദൈവ-ത്തിൻ കു-ഞ്ഞാടിനെയേറ്റു
നിന്നെ ഒറ്റു-ന്നോനാരെ-ന്ന്
വെളിവാ-ക്കണമെ-ന്നഭ്യർത്ഥി-ച്ചാർ.

തേജോ-മയരാം ദൂതന്മാ-രെ
വിട്ടി-ട്ടാക്ഷേപം കൈ-ക്കൊൾവാൻ
സ്നേഹം നിന്നെ പ്രേരിപ്പിച്ചു
ആദ-ത്തോടു-ള്ളൻപാലാർ-ന്നു
കർത്താ-വേ നീ ന്യായസ്ഥാ-നം.

ഉയിരിൻ ബലിയെ നിൽ കുഞ്ഞാ-ടേ
ശാന്തി-പ്രദനാം രക്ഷകനേ നീ
ജീ-വാ-രാവം പുണ്യ-രക്തം
വാഴ്ത്തും പുറജാ-തികളെയേ-റ്റു
വിട്ടൊ-രു സ്വജന-ത്തെ വെടിയേണം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ

വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܺܝܢܳܐ ܠܗܽܘ ܠܥܰܒܕܳܟ ܕܕܺܝܢܳܐ

ܒܝܰܘܡ ܥܰܡܶܗ ܩܳܡ ܠܳܐ ܠܰܡܫܺܝܚܳܐ ❈ ܡܳܪܝ ܘܥܢܝ ❈

മോർ യാക്കോബിൻെറ ബോവൂസോ

ܡܩܰܒܠܳܐ ܕܐܬܺܝ ܠܒܰܣܡܳܐ ܘܡܰܘܬܳܐ ܘܩܽܘܪܒܳܢܳܐ

ܩܰܒܶܠ ܒܳܥܽܘܬܰܢ ܘܪܰܚܶܡ ܥܰܠ ܢܰܦܫܳܬܰܢ ❈

ܠܗܽܘ ܕܫܰܒܰܚܠܶܗ ܡܶܢ ܟܽܠܗܽܘܢ ܢܳܫܶܐ ܥܰܡܡ ܟܽܠܗܶܝܢ ❈

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

വാ-ത്സല്യത്തൊടു ശിഷ്യസമേതം പെസഹാ-നാഥൻ
കയ്പും-കൂട്ടി ഭക്ഷിച്ചെന്നതു പരമാ-ശ്ചര്യം
ഉൾക്കൊ-ണ്ടോരക്കയ്പ്പോർത്താൽ തൻ മരണം ക്ലേശം
ആസ-ന്നം താനെന്നതി വിശദം സൂ-ചിപ്പിച്ചു. ദേവാ--

കയ്പുൾ-ക്കൊണ്ടാൻ തൻ മരണത്തിന്നച്ചാ-രം പോൽ
ക്ലേശം സർവ്വം ഭരമേറ്റീടാൻ തയ്യാറായാൻ
മാ-ലേറ്റേനെന്നോണം ശിഷ്യരൊടേവം ചൊന്നാൻ
എന്നെ ഒറ്റും നിങ്ങളിലേകൻ പകയ-ന്മാർക്കായ്. ദേവാ ---

അറിയു-ന്നോനായിതുവരെ മൗനം പൂണ്ടെ-ന്നാലും
അ-റിയാത്തോനെന്നെണ്ണീടായ്‌വാനിതു താ-ൻ ചൊന്നു
തേ-ജസ്സേറും പകലോനനുയാ-ത്രയ്ക്കല്ലാതെ
കൂ-രിരുൾ തിങ്ങും പാതയിലൂടെ പോവോനാരാം
മാ-നൃത കൂടും പകലിനെ വിട്ടിട്ടെല്ലാ-ടത്തും

അന്ധത വാഴും രാവൊടു സഖ്യം ചെയ്തോ-നാരം. ദേവാ--

തന്ന-ത്താൻ പിന്മാറി കഷ്ടം ചെന്നാ-യായി
മേ-യിപ്പോനെ ദ്രോഹിക്കുന്നൊരു കുഞ്ഞാടാരാം ?
ആ-ദിത്യന്നും പിടികിട്ടാത്തൊരു തേജ-സ്സാകും
താ-തൻ തൻ കതിരിനെ ഒറ്റുന്നോൻ ആരാ-ണാവോ ?
ശത്രു-ക്കൾക്കായ് നാഥനെ ഏൽപ്പിക്കുന്നോ-നാരാം ?
സന്താ-പത്തോടാ ശിഷ്യന്മാർ ചിന്തിച്ചേവം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

സൂഗീസോ

ആമ്മോ ഉ ആമ്മേ

1. ഒരുപോൽ ധരണീ സ്വർഗ്ഗങ്ങൾ
   പ്രണമിക്കും നാഥാ സ്തോത്രം
   ദോഷികൾ ദോഷം കൈവിട്ടു
   നിന്നവതാര-ത്താൽ സ്തോത്രം

2. ക്ഷമ നൽകുന്നോൻ ക്ഷിതിയാർന്നു
   ദാവീദ്യയിൽ നിന്നുടലേ-ന്തി
   സ്നേഹത്തിൻ പ്രേ-രണമൂലം
   ജനനത്തിന്നായ് വന്നീ-ശൻ

3. നിർമ്മാതാവാ-കും ദൈവം
   ശമനം രോഗ-ങ്ങൾക്കേകി
   വിമലതയാത്മാ-വിനു നൽകി

അത്ഭുതവീര്യം കാണി-ച്ചു.

4. തീത്തമരത്തി-ന്നും നാഥൻ
സക്കായിയെ അ-ൻപൊടു നേടി
സെബദിതനൂജ-ന്മാരെയാ
പടകിൽനിന്നും കൈക്കൊ-ണ്ടു.

5. ശമരിയ നാട്ടിൽ പെട്ടോളെ
വീണ്ടു കിണറ്റിൻ കരയി-ങ്കൽ
ശീമോൻ തന്നുടെ ഗേഹ-ത്തിൽ
പാപിനിയെയും രക്ഷി-ച്ചു.

6. തനയൻ മെയ്യാ-ർന്നാൻ പുണ്യം
സക്കായിക്കേ-കിയ പോലെ
എന്നൊടു തോന്നും കനിവവനെ
കാണാൻ ഞാൻ മോ-ഹിക്കുന്നു.

7. പശ്ചാത്താപം പൂണ്ടോ-ളാം
അവളെ ദുഷ്ടൻ കണ്ടാ-റെ
കൗശലപൂർവ്വം സവിധേ ചെ-
ന്നുരിയാടാനാരംഭി-ച്ചു.

8. എന്തു ഭവിച്ചെൻ ബാലേ നീ
ചൊല്ലുക വിശദം വൃത്താ-ന്തം
പ്രിയരഹിതം കാ-ണിച്ചെങ്കിൽ
രഞ്ജിപ്പിക്കാം കരയേ-ണ്ട.

9. ദൈവാത്മജനെ നേരിട്ടാൽ

നിന്നെയവൻ കൈ-യേൽക്കില്ല
കുറ്റങ്ങൾക്കായ് ശാസിക്കും
നാണിക്കും നീ പിൻ വാങ്ങും

10. മുഴുകും സ-ന്താപത്തിൽ
ക്ഷമ നൽകുകയി-ല്ലവനേതും
നിൻ കുറ്റങ്ങൾ സമ്പൂർണ്ണം
നീ മോചനമാർ-ജ്ജിക്കില്ല.

11. വാസനയേറും തൈലത്താൽ
ഭൂഷിതമാം നിൻ പുരികൂന്തൽ
മൃതിയേകസുതൻ പൂണ്ടോടേ-
തെന്നോണം പങ്കിലമായി

12. നിൻ മിഴി മഷിയാൽ ശോഭിച്ചു
വിസ്മയമേ നിൻ ലാവണ്യം
ആ മിഴിയിപ്പോൾ മുഴുനാളും
കേഴുന്നതു ഞാൻ കാണു-ന്നു.

13. സുരഭിലതൈലം വാങ്ങീടാൻ
കുപ്പിയുമായ് പോ-വുകയോ നീ
പ്രിയസംഘം വ-ന്നെത്തുമ്പോ-
ളവരൊത്താന-ന്ദിക്കാനോ ?

14. എൻഗുണദോഷം കേൾക്കായ്കിൽ
പാരും വാനും ഖേദിക്കും
നീ ലജ്ജിതയായ് പിൻവാങ്ങും

നിൻ യാചന ഞാൻ കേൾക്കില്ല.

15. ദുഃഖിതരെ സ്നേഹിച്ചോനാം
യേശുവിനെ സ്നേഹിക്കുന്നേൻ
കുടിലതയേറും നിന്നേയും
കൂട്ടരെയും ഞാൻ വെടിയുന്നു.

16 ഞെളിയാതപരാ-ധം പൂണ്ടാൽ
അവരിൽ തനയൻ തെളിയുന്നു
താതനുതുല്യം കനിവുള്ളോൻ
അനുതാപികളിൽ പ്രീതൻ താൻ.

17. ശീമോൻ തൻ വീ-ട്ടിൽ പുണ്യം
പാപിനിയാൾക്കേ-കിയപോലെ
നിന്നെ ഉൾക്കൊള്ളുന്നോളാം
വിമലസഭയ്ക്കും നൽക-ണമെ

18. തെരുവീഥിയിൽ നീ നാൾതോറും
സ്നേഹിതരെ സ-മ്പാദിച്ചു
നിന്നെ നോക്കിപ്പാർക്കുന്നോ-
രവരെ കാണാൻ പോകേണം.

19. അവനമലൻ നീ പിഴയാളി
തൻ ശ്വാസത്താൽ നീ തീ-രും
നീ പാപത്തിൽ സംജാത
അവനന്യൂനൻ പരിശു-ദ്ധൻ.

20. സകല പ്രാണ ത്രാതാവേ

സകലവുമങ്ങേ വാഴ്ത്തുന്നു
നിൻ താതന്നും പരിശുദ്ധൻ
റൂഹായ്ക്കും സ്തോ-ത്രം സ്തോത്രം.

ഏവൻഗേലിയോൻ.

ഹാലേലുയ്യാ ഹാലേ- ദോഷിമനസ്സിൽ ദോഷം ചിന്തിപ്പൂ
ദൈവഭയം പാർക്കിലവന്നില്ല. ഹാലേലുയ്യാ

വി. യോഹന്നാൻ 6. 41 - 63

ܠܡܪܝܐ ܡܫܝܚܐ ܘܠܐܒܘܗܝ ܘܠܪܘܚܗ ܠܥܠܡܝܢ ܐܡܝܢ

ܘܥܠܝܢ ܢܗܘܘܢ ܪܚܡܐ ܥܡ ܡܫܝܚܐ ܡܘܪܟܬܗܘܢ

ഞാൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നഅപ്പമാകുന്നു എന്നു പറഞ്ഞതുകൊണ്ട് യഹൂദന്മാർയേശുവിനെപ്പറ്റി പിറുപിറുത്തു. ഇവൻ യൗസേപ്പിൻെറ മകനായ യേശുവല്ലയോ, ഇവൻെറ പിതാവിനെയും മാതാവിനെയും നാം അറിയുന്നുവല്ലോ. പിന്നെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നുവെന്ന് ഇവൻ പറയുന്നതെങ്ങനെ എന്ന് അവർ പറഞ്ഞു. യേശു അവരോട് ഉത്തരമായി പറഞ്ഞു. നിങ്ങൾ അന്യോന്യം പിറുപിറുക്കേണ്ട. എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ, ഒരുവനും എൻെറ അടുക്കൽ വരുവാൻ കഴിയുകയില്ല. അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കുകയുംചെയ്യും. ദൈവം എല്ലാവരെയും പഠിപ്പിക്കുമെന്ന് പ്രവാചകൻ എഴുതിയിരിക്കുന്നു. അതുകൊണ്ട് പിതാവിൽനിന്നു കേട്ടുപഠിക്കുന്ന ഏവനും എൻെറ അടുക്കൽ വരും. പിതാവിനെ ആരും കണ്ടിട്ടില്ല. ദൈവത്തിൽനിന്നുള്ളവൻമാത്രം പിതാവിനെ

കാണുന്നു. യേശുഅരുളിച്ചെയ്തു. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ജീവൻെറ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ച് മന്നഭക്ഷിച്ചിട്ടും മരിച്ചു. ഇത് തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവൻെറ അപ്പമാകുന്നു. ഞാനാകുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ളഅപ്പം. ഈ അപ്പം ഭക്ഷിക്കുന്നവനെല്ലാംഎന്നേക്കുംജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പമോ, ലോകത്തിൻെറ ജീവനുവേണ്ടി കൊടുക്കുന്ന എൻെറ ശരീരമാകുന്നു. ഇവൻെറ ശരീരം ഭക്ഷിക്കുവാൻ നമുക്ക് തരുന്നതിന് ഇവന് എങ്ങനെകഴിയും എന്ന് പറഞ്ഞ് യഹൂദന്മാരുടെ ഇടയിൽ തർക്കമുണ്ടായി. യേശു അവരോട്അരുളിച്ചെയ്തു. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കാതെയും, അവൻെറ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് നിങ്ങളിൽതന്നെ ജീവനുണ്ടാകുകയില്ല. എൻെറശരീരംഭക്ഷിക്കുകയും, എൻെറരക്തംകുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെഅയച്ചിട്ട് ഞാൻ പിതാവുമൂലം ജീവിക്കുന്നതുപോലെ, എന്നെഭക്ഷിക്കുന്നവൻ, ഞാൻമൂലം ജീവിക്കും. സ്വർഗ്ഗത്തിൽനിന്ന്ഇറങ്ങിവന്ന അപ്പം ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തതുപോലെയല്ല, ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. യേശു കഫർന്നഹൂമിൽ പഠിപ്പിച്ചു

കൊണ്ടിരിക്കുമ്പോൾ സുന്നഗോഗിൽവച്ചാണ് ഇപ്രകാരം അരുൾചെയ്തത്. അവൻെറ ശിഷ്യന്മാരിൽ പലരും ഇതു കേട്ട്, ഈ വചനം കഠിനംതന്നെ, ഇത് അനുസരിക്കുവാൻ ആർക്കുകഴിയുംഎന്നുചോദിച്ചു. ഇതിനെക്കുറിച്ച് ശിഷ്യന്മാർ പിറുപിറുക്കുന്നുവെന്ന് യേശു സ്വയംഅറിഞ്ഞിട്ട് അവരോട് ഇപ്രകാരംപറഞ്ഞു. ഇത് നിങ്ങൾക്ക് ഇടർച്ചയാകുന്നുവോ? അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ മുമ്പ്ആയിരുന്നിടത്തേക്ക് കയറുന്നത് നിങ്ങൾ കണ്ടാലോ? ജീവൻ നൽകുന്നത് ആത്മാവാകുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടുപറഞ്ഞ വചനം ആത്മാവും ജീവനും ആകുന്നു. എങ്കിലും നിങ്ങളിൽ ചിലർ വിശ്വസിക്കുന്നില്ല.

ܫܠܳܡܳܐ ܥܰܡܟ݂ ܀ ܥܰܡ ܪܽܘܚܳܟ݂ ܀

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ, ദൈവമെ നിനക്ക് സ്തുതി.

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ.

നാം ദൈവത്തിൻെറ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്ന പ്പോൾ നമ്മെ പഠിപ്പിച്ചവരായ, നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും, പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാ രോടും പുണ്യവാന്മാരോടും കൂടെ, ദൈവപുത്രൻ അവരെ

ആശ്വസിപ്പിക്കും. കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ. ܣܛܘܡܢ ܩܐܠܘܣ . ܩܘܪܝܠܐܝܣܘܢ

ܦܪܘܡܝܘܢ ܣܕܪܐ

ܡܫܒܚܐ ܡܪܝܐ ✱ ܕܥܒܕ ܡܪܝܐ ܗܘ ܘܢܝܚܐ ܘܕܩܫܬܐ ܕܟܠ ܒܝܬ

ܕܐܡܗ ܘܒܛܝܒܘܬܗ ✱ ܠܥܘܗܕܢܐ ܕܩܕܝܫܘܗܝ ܘܡܘܪܒܐ ܘܩܘܠܣܐ

ܘܒܡܪܚܡܢܘܬܗ ܢܦܫܬܐ ܕܡܗܝܡܢܐ ܚܝܐ ܠܟܠܗ ܒܫܠܡܐ

ܘܒܟܠܗܝܢ ܥܕܥܐܕܐ ܫܥܝܢ ✱

തൻെറ മാതാവിൻേറയും തൻെറ കൃപയാൽ സകല പരിശുദ്ധന്മാരുടേയും ഓർമ്മയെ ശ്രേഷ്ഠതപ്പെടുത്തുകയും, തൻെറ കരുണയാൽ വിശ്വാസികളായ പരേതരെ പുണ്യപ്പെടുത്തുകയുംചെയ്ത കർത്താവിന്സ്തുതി. തനിക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ܣܕܪܐ

ന്യായപ്രമാണ ശുശ്രൂഷയുടെ ആചാര്യന്മാരായിരുന്ന് ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ള സകല വിശുദ്ധ പിതാക്കന്മാരും, പ്രത്യേകിച്ച് നിൻെറ വെളിപാടിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ച ദീർഘദർശിമാരും, നിൻെറ സുവിശേഷം ഉദ്ഘോഷിച്ചശ്ലീഹന്മാരും, നിന്നോടുള്ള സ്നേഹം മൂലം വധിക്കപ്പെട്ടവരായ സഹദേന്മാരും, നിൻെറ ദൈവത്വത്തെ ഏറ്റുപറഞ്ഞ മൗദ്യാനന്മാരും, നിൻെറ സത്യത്തെ

അവലംബിച്ചവരായ മല്പ്പാന്മാരും, നിൻെറ മദ്ബഹാകളിൽ ശുശ്രൂഷിച്ച ആചാര്യന്മാരും, നിൻെറ തിരുവിഷ്ടം ആചരിച്ച ശെമ്മാശ്ശന്മാരും, നിൻെറ മുന്തിരിത്തോട്ടത്തിൽ വേല ചെയ്ത ഉത്തമന്മാരും, നിൻെറ ദൈവിക വചനങ്ങളെയും, ജീവദായകങ്ങളായ കല്പ്പനകളെയും അവലംബമാക്കി സ്വന്ത വംശവും കുടുംബവും ഉപേക്ഷിച്ച് കുരിശെടുത്തു കൊണ്ട് നിന്നെ അനുഗമിച്ച താപസന്മാരായ ഈഹീദായക്കാരും, ദയറാക്കാരും, ഒനുവോയക്കാരും, എസ്തുനോയരും ഇവരുടെ സമകാലീനരും മുൻഗാമികളും പിൻഗാമികളും, ഭൂലോകം മുഴുവൻേറയും അഭിമാനഭാജനവും രണ്ടാമത്തെ സ്വർഗ്ഗമെന്നു കീർത്തിയുള്ളവളും, കറയില്ലാത്ത കന്യകയും ശുദ്ധിമതിയുമായ ദൈവമാതാവായ കന്യക മറിയാമും ഞങ്ങളോടു കൂടെയും ഞങ്ങൾക്കു വേണ്ടിയും നിന്നോടപേക്ഷിക്കുമാറാകണമെ. ഞങ്ങളുടെ പാപം മൂലം ഞങ്ങളിൽ വന്നു കൂടുന്ന സകല ശിക്ഷകളേയും കോപവടികളേയും അവളുടേയും സകല വിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ ഞങ്ങളിൽ നിന്ന് നിരോധിച്ച് നീക്കി മായിച്ചുകളയണമെ. ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിൻെറ നിരപ്പിലും സമാധാനത്തിലും ഞങ്ങളെ ശാന്തമായി നയിച്ചുകൊള്ളണമെ. കർത്താവേ, നിൻെറ ശക്തിയാൽ നീ രോഗികളെ സന്ദർശിക്കുകയും, വിഷമത്തിലിരിക്കുന്നവരെ കരുണയോടെ ആശ്വസിപ്പിക്കയും ചെയ്യണമെ. സത്യവിശ്വാസത്തോടുകൂടെ നിൻെറ പ്രത്യാശയിൽ നിദ്രപ്രാപിച്ചിട്ടുള്ള സകലർക്കും ആശ്വാസവും

നല്ല ഓർമ്മയും നൽകണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ.

(ലൂക്കോസ് 1: 46-55)

മറിയാം പറഞ്ഞതെന്തെന്നാൽ, എൻെറ ദേഹി കർത്താവിനെ പുകഴ്ത്തുന്നു, എൻെറ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തൻെറ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധനും ആയവൻ, വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവൻെറ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തൻെറ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു, അവൻ തൻെറ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രാഹാമി

നോടും, അവൻെറ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തൻെറ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ † ശുബഹോ--- മെന്ഗാലം ---- --

മാവുർബോ

ലെക്ദയലയോൻ മെൻഹൂനോ എന്ന രീതി

1 ശിഷ്യർക്കായ് തനുരക്തങ്ങൾ കൂറോ-ടേകിക്കൊ-
ണ്ടിതു ഭക്ഷിപ്പിൻ പുണ്യം നൽകും
രക്തംപാനം-ചെയ്യുവിനെ-ന്നേവം ചൊല്ലിയൊരുടയോനേ
സ്തുതിയങ്ങേക്കെന്നും

2 പങ്കപ്പാടിനു മുമ്പായി പെസഹാ ഭക്ഷിപ്പാൻ
ശാശ്വതജീവൻ പരിശുദ്ധാത്മാ-വെന്നിവനൽകിടുവാനായി
ആശിച്ചോനെന്നുരചെയ്തോൻ മശിഹാ സ്തോത്രം തേ.

ബാറെക്മോർ. † ശുബഹോ---മെന്ഗാലാം----

4 പന്തിയിരുന്നാൻ മാളികയിൽ ശിഷ്യ-രൊടൊത്തീശൻ
ദാസനുതുല്യം തണ്ണീരേന്തി-ക്കഴുകിയവൻ തൻപാദങ്ങൾ
നിങ്ങളുമിതുപോൽ ചെയ്യണമെ-ന്നങ്ങരുളിച്ചെയ്തു. ആമ്മീൻ.

133-ാം സങ്കീർത്തനം

സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു.

അത് അഹരോൻെറ തലയിന്മേലും, അവൻെറ അങ്കിയുടെ നെഞ്ചിൻമേൽ വീണു കിടക്കുന്ന താടിയായ അവൻെറ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും,

സെഹിയോൻ മലമേൽ പൊഴിയുന്ന, ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു
എന്തെന്നാൽ അവിടെ കർത്താവ് എന്നേയ്ക്കും അനുഗ്രഹത്തേയും ജീവനെയും കല്പ്പിച്ചു. ദൈവമെ നിനക്ക് സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനകളാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടേയും, സഹദേന്മോരുടേയും, പ്രാർത്ഥന, നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിൻെറ സഹദേന്മാരുടെ തുറമുഖത്തിനും, നിൻെറ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും, ഞങ്ങളെ യോഗ്യരാക്കണമെ.

ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ, നിൻെറ ന്യായ വിസ്താരദിവസത്തിൽ, ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികളിൽനിന്ന് തൻെറ കരുണയെ വിരോധിക്കാത്തവൻ, വാഴ്തപ്പെട്ടവനാകുന്നു. ബാറെക്മോർ † ശുബഹോ-

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്ക്, നല്ല ഓർമ്മ ഉണ്ടാക്കണമെ, മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

നിൻെറ ശ്രേഷ്ടത ഉദിക്കുന്ന ദിവസത്തിൽ, അവർ നിൻെറ വലത്തു ഭാഗത്തു നിൽക്കുമാറാകണമെ.

മറ്റൊരു എനിയോനൊ

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും, എല്ലാനേരത്തും നിൻെറ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ.

കർത്താവേ, എല്ലാനാഴികയിലും, ഞങ്ങൾക്കായികെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിൻെറ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ, ഞങ്ങളിൽ നിന്ന് മായിച്ചു കളയണമെ.

ഞങ്ങളുടെ കർത്താവായ യേശുമശിഹാ, നിൻെറ സ്ലീബാ † ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശുതമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിൻെറ † സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചു പോയവരെ നിൻെറ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനേയും, പുത്രനേയും, വിശുദ്ധറൂഹായേയും സ്തുതിച്ചു വന്ദിച്ചു മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന ദിവസത്തിൽ നിൻെറ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ, ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട്, നിൻെറ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളുടെ മരണത്തിൻേറയും, ജീവൻേറയും നാഥനായ കർത്താവേ, നിൻെറ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും, ഞങ്ങളുടെ മരിച്ചുപോയവരുടേയും ആത്മാക്കളിൻമേൽ കരുണ ചെയ്യണമെ.

കർത്താവേ കൃപ ചെയ്തു സഹായിക്കണമെ

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ

സ്രഷ്ടാവിൽസന്തോഷിക്കുകയും, സെഹിയോൻെറപുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറശക്തിയുടെആകാശത്തട്ടിൽ അവനെസ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

ܒܚܡܫܐ ܕܦܨܚܐ . ܩܘܡܐ ܪܒܝܥܝܐ

പെസഹാവ്യാഴാഴ്ച രാത്രി നാലാം കൗമാ

ܦܪܘܡܝܘܢ

ܫܘܒܚܐ ܠܟܠܗ ܘܕܫܡܐ ܘܝܩܪܐ ܠܗ ܡܢܝܐ ܢܣܟܐ ܀ ܡܕܝܐ ܡܫܒܚܢܐ

ܕܫܡܝܐ ܠܟܠܗ ܘܠܒܝܐ ܀ ܠܡܫܝܚܐ ܕܐܬܐ ܠܦܘܪܩܢܐ ܘܦܘܪܩܢ ܘܡܫܒܚܐ

ܘܡܫܒܚܐ ܠܗ ܕܠܐ ܒܠܠܐ ܐܬܚܫܒܬ ܠܟܠܗ ܠܐܡ

ܘܒܟ̈ܠܗܝܢ ܫܥ̈ܝܢ ܦܫ̈ܛ ⁜

പുണ്യവാനും പരിശുദ്ധനും അവർണ്ണനീയനും പീഡാരഹിതനും മരണമില്ലാത്തവനും അക്ഷയനും സ്വേഛയാ ഞങ്ങൾക്കുവേണ്ടി പീഡ അനുഭവിക്കുകയും തൻെറ പീഡയാൽ ഞങ്ങളുടെ പീഡകളെ പീഡിപ്പിക്കുകയും ഞങ്ങൾക്കുവേണ്ടിയുള്ള തൻെറ മരണത്താൽ ക്രൂരമരണത്തെ മരിപ്പിക്കുകയും ഞങ്ങൾക്കു ജീവനും നാശമില്ലായ്മയും മരണമില്ലായ്മയും പ്രദാനം ചെയ്തവനും ആയ കർത്താവിന് സ്തുതി. തനിക്ക് രാത്രിപ്രാർത്ഥനയുടെ നാലാം കൗമായുടെ പ്രാർത്ഥനനിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܦܘ̈ܪ

പ്രബലനും മഹത്വത്തിൽ മഹോന്നതനും ഭയങ്കരനും ബലവാനും ലോകപരാക്രമനും പരിശോധനീയനല്ലാത്തവനും അപ്രമേയനും ഒരു സൃഷ്ടിക്കും വർണ്ണിപ്പാൻ വഹിയാത്തവനും ആയ ഞങ്ങളുടെ മശിഹാതമ്പുരാനേ നിൻെറ അദൃശ്യോന്നതങ്ങളിൽനിന്ന് കരുണയോടെ ഞങ്ങളുടെ ബലഹീനതയുടെ അടുക്കലേക്ക് നീ ഇറങ്ങിവരികയും നിൻെറ കഷ്ടതകളാൽ ഞങ്ങൾക്കു കഷ്ടതയില്ലായ്മ നൽകുവാനും നിൻെറ മരണത്താൽ നാശമില്ലാ

യ്മയെ ക്ഷണിച്ചുവരുത്തുവാനും ആയിട്ട് ഞങ്ങൾക്കുവേണ്ടി കഷ്ടതകളും കുരിശുമരണവും സഹിക്കുകയും ചെയ്തു. ജീവനുണ്ടാക്കുന്ന നിൻെറ കുരിശാരോഹണത്തെക്കുറിച്ചും മുൻകൂട്ടിഅറിയിച്ച പരിശുദ്ധദീർഘദർശിമാരുടെയും രഹസ്യ ദർശികളുടെയും എല്ലാസൂചനകളും ഉദാഹരണങ്ങളും ഉപമ കളും നിൻെറ തിരുമേനിയിൽ നീ നിറവേറ്റി. എങ്ങനെ എന്നാൽ, ഒരുവൻ സന്ധ്യാസമയത്ത് വധിക്കപ്പെട്ട ആട്ടിൻ കുട്ടിയെക്കൊണ്ട് ഞങ്ങളുടെ രക്ഷയെ ഉദാഹരിച്ചു. മറ്റൊരാൾ ഇസഹാക്കിനെ രക്ഷിച്ചതായി വൃക്ഷത്തിൽ കാണപ്പെട്ട ആട്ടുകൊറ്റനാൽ നിൻെറ ബലിയെ രൂപപ്പെടുത്തി. ഒരുവൻ ജനത്തിൻെറ പാപങ്ങൾക്കുവേണ്ടി ബലികഴിക്കപ്പെടുന്ന ചുമന്ന പശുക്കുട്ടിയാൽ നിന്നെ ചിത്രീകരിച്ചു. വേറൊരാൾ രോമം വെട്ടുന്നവൻെറ മുമ്പിൽ നിൽക്കുന്ന പെണ്ണാടിനെക്കൊണ്ട് നിന്നെ ഉപമിച്ചു. ഒരുവൻ ആട്ടിൻക്കുട്ടിയെ എന്നപോലെ വെട്ടുവാൻ കൂട്ടിക്കൊണ്ടു പോകുമെന്ന് പ്രവചിച്ചു. വേറൊരുവൻ അധർമ്മികളോടു കൂടെ നീ എണ്ണപ്പെടുമെന്ന് പ്രഖ്യാപനം ചെയ്തു. ഒരുവൻ ഇടയനെ അടിക്ക അവൻെറ ആടുകൾ ചിതറിപ്പോകുമെന്ന് ഉൽഘോഷിച്ചു. വേറൊരുവൻ ഇസ്രായേലിൻെറ ഇടയനെ അവർ ചെകിട്ടത്ത് അടിക്കുമെന്ന് പ്രസംഗിച്ചു. ഒരുവൻ "എൻെറ കൈകളും കാലുകളും അവർ കുത്തിത്തുളച്ചു" എന്ന് പാടി. വേറൊരുവൻ അവർ കുത്തിയവനിൽ സൂക്ഷിച്ചുനോക്കുമെന്ന്ഉപദേശിച്ചു. ഒരാൾ മശിഹാ രാജാവ് കൊല്ലപ്പെടുമെന്നും അവൻെറ കൊലയാൽ വിശുദ്ധപട്ടണം

നശിക്കുമെന്നും അറിയിച്ചു. വേറൊരാൾ പുണ്യവാൻെറ മരണം അവർ കാണമെന്നും അവർ അദ്ദേഹത്തെ തിരിച്ചറിയുകയില്ലെന്നും പറഞ്ഞു. ഒരാൾ “ഇതാ നിങ്ങളുടെ ജീവൻ മരത്തിന്മേൽ ഇരിക്കുന്നു” എന്ന് സ്വന്തജനങ്ങളോട് സൂചിപ്പിച്ച്പറഞ്ഞു. മറ്റൊരാൾ അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കയില്ലെന്ന് ബോധ്യപ്പെടുത്തി. ഇങ്ങനെ അവരുടെ വചനങ്ങൾ സത്യങ്ങളാകുന്നു എന്ന് നീകാണിക്കുകയും ന്യായപ്രമാണത്തിൻെറ ആട്ടിൻക്കുട്ടിയെ നിൻെറ ശിഷ്യന്മാരോടുകൂടി ഭക്ഷിക്കുകയുംചെയ്തു. വഞ്ചകശിഷ്യനാൽ ക്രൂരജനത്തിന് നീ ഏൽപ്പിച്ചുകൊടുക്കുകയും അധിക്ഷേപവും അപഹാസവും സഹിക്കുകയും ഒരു കുറ്റക്കാരനെപ്പോലെ ന്യായസ്ഥലത്തു നിന്ന് ചോദ്യം ചെയ്യപ്പെടുകയും ദുഷ്പ്രവൃത്തിക്കാരനെപ്പോലെ പീഡയുംമരണവും സഹിക്കുകയുംചെയ്തു. അത്യുന്നതങ്ങളിൽ രാജാധിരാജനും കിരീടശിൽപ്പിയും ആയി നീ അറിയപ്പെട്ടിരിക്കുമ്പോൾ, താഴെ അഗാധങ്ങളിൽവച്ച് നിൻെറ തലയിൽ മുൾക്കിരീടം വയ്ക്കപ്പെട്ടു. അത്യുന്നതങ്ങളിൽ നിൻെറ ബഹുമാനത്തിന് അഗ്നിമയമായ രഥം പൂട്ടപ്പെട്ടിരിക്കുമ്പോൾ താഴെ അഗാധങ്ങളിൽ കുരിശുമരത്തിന്മേൽ നീ തറയ്ക്കപ്പെട്ടു. മേലുള്ള ഉന്നതങ്ങളിൽ പിതാവിനോടും സാരാംശത്തിൽ തുല്യനായ റൂഹായോടുംകൂടി വന്ദിക്കപ്പെട്ടിരിക്കുമ്പോൾ താഴെ അഗാധങ്ങളിൽ അന്യായക്കാരോടും ദുഷ്പ്രവൃത്തിക്കാരൊടുംകൂടെ നീ ഗണിക്കപ്പെട്ടു. ആയതിനാൽ നിൻെറ ദയയ്ക്ക് ഞങ്ങൾ ഹൃദയംഗമായ സ്തുതികൾ കരേറ്റി

പറയുന്നു. നിൻെറ ബലിയാൽ ഞങ്ങളുടെ വർഗ്ഗത്തെ ശുദ്ധീകരിച്ച സ്തുത്യനായ ഞങ്ങളുടെ പ്രധാനപുരോഹിതനായിരിക്കുന്ന നിനക്കു സ്തുതി. ഞങ്ങളെ രക്ഷിപ്പാൻവേണ്ടി അറപ്പിന് ആട്ടിൻകുട്ടിയായിത്തീർന്ന ഉത്തമഇടയനായ നിനക്കു സ്തുതി. കഷ്ടത അനുഭവിച്ച നിനക്കുസ്തുതി. കുരിശിന്മേൽ തറയ്ക്കപ്പെട്ട നിനക്കു സ്തുതി. മരണമേറ്റ നിനക്കു സ്തുതി. സംസ്ക്കാരം ചെയ്യപ്പെട്ട നിനക്ക് സ്തുതി. ഉയിർത്തെഴുന്നേറ്റ നിനക്കുസ്തുതി. അനുഗ്രഹപൂർണ്ണനും പ്രജാവത്സലനുമായ കർത്താവേ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങളുടെ അരിഷ്ട കൈകളിൽനിന്ന് ഈ ധൂപത്തെ കൈക്കൊള്ളണമെ. നിൻെറ കഷ്ടതകൾക്കും മരണത്തിനും യോഗ്യമായിരിക്കുന്നപ്രകാരം ഇന്നും ഞങ്ങളുടെ ആയുഷ്ശേഷത്തിലും നിൻെറ സന്നിധിയിൽ കാണപ്പെടുവാൻ ഞങ്ങൾക്ക് നീ സംഗതിയാക്കണമെ. നിൻെറ പരിശുദ്ധ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ പീഡയില്ലാത്തവരും വിജയികളുമാക്കണമെ. സകല അശുദ്ധ വികാരങ്ങളിൽനിന്നും അപമാനങ്ങളിൽ നിന്നും അപരാധങ്ങളിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമെ. രക്ഷാകരമായ നിൻെറ കഷ്ടാനുഭവങ്ങളെ ആസ്വദിക്കുന്നതിനാൽ ഞങ്ങളുടെ മനഃചാഞ്ചല്യത്തെ സമാധാനപ്പെടുത്തണമെ. ജീവനുണ്ടാക്കുന്നതായ നിൻെറ മരണത്താൽ ഞങ്ങളുടെ ജഡമോഹങ്ങളെ അടക്കി മരിപ്പിക്കുമാറാകണമെ. ഞങ്ങൾ നിൻെറ പുനരുത്ഥാനത്താ

ലുള്ള ആനന്ദത്തിനും ചേർച്ചയ്ക്കും സന്തോഷപൂർവ്വം വന്നുചേരുമാറാകണമെ. നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശയാൽ നിൻെറ പരിശുദ്ധന്മാരോടൊന്നിച്ച് ആനന്ദിക്കുമാറാകണമെ. നിൻെറ ആശയിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ പരേതരെ നിൻെറ രാജ്യത്തിൽ വിശ്രമിപ്പിക്കുകയും നിൻെറ മണവറയിൽ ആനന്ദിപ്പിക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

സകലജാതികളുമേ കേൾപ്പിൻ, സകല ഭൂവാസികളുമേ ശ്രദ്ധിപ്പിൻ. ഊർശലേം അതിൻെറനാഥന് ഉപദ്രവം പകരം ചെയ്തിരിക്കുന്നു. താൻ അവൾക്കായി ഭയങ്കരസമുദ്രത്തെ ഭാഗിക്കുകയും അതിനുള്ളിൽകൂടി അവളെ കടത്തിവിടുകയുംചെയ്തു. അവളാകട്ടെ താൻധരിച്ച വസ്ത്രം ഉരിഞ്ഞ് വിഭജിച്ചു. മരുഭൂമിയിൽ അവൾക്ക് മന്നാ കൊടുക്കുകയും പാറയിൽനിന്ന് വെള്ളം ഒഴുക്കുകയും ചെയ്തിട്ടും സ്ക്കീപ്പായിൽവെച്ച് വെള്ളം ചോദിച്ചപ്പോൾ കയ്പ്പും ചൊറുക്കായും അവൾ തനിക്കുനൽകി. സ്വന്തം നാഥനെ ശപിച്ചവളെ ഉന്മൂലനാശം ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം---

ദൈവം മോശയോട് അരുളിച്ചെയ്തത്. നീ സഭയ്ക്ക് ആവശ്യമായ രണ്ട് കൽപ്പനകൾ ഉള്ള രണ്ട് കൽപ്പലകകൾ എടുത്തുകൊണ്ടുപൊയ്ക്കൊൾക. എൻെറ മുമ്പാകെ പര സംഗംചെയ്യുകയും, മിസ്രയീംകാരുടെ മാംസഭക്ഷണത്തെ സ്നേഹിക്കുകയും ഉയരത്തിൽനിന്നുള്ള മന്നയെ വെറുക്കു കയുംചെയ്ത സെഹിയോനെ ഞാനും വെറുക്കും. എൻെറ പ്രീതിയെ അതിൽനിന്ന് നീക്കിക്കളയുകയും ജാതികളുടെ ഇടയിൽ ചിതറിപ്പോകുവാനായി ഞാൻ അതിനെ കൈവിടു കയും എൻെറ വത്സലപുത്രന് സഭയെ ഞാൻ വിവാഹം നിശ്ചയിക്കുകയുംചെയ്യും. അവൻ അതിനുവേണ്ടി മരിക്കു കയും തൻെറ കുറ്റമില്ലാത്ത രക്തത്താൽ ലോകത്തെ രക്ഷി ക്കുകയുംചെയ്യും. മൊറിയോറാഹേം---

Qolo: bkulmedem ethbaqith

1. Hear all people! Give heed all those who dwell on earth! Jerusalem has rewarded her Lord with torments. He had divided the terrible sea and led her through. But she has stripped off His garments and divided (them). In the wilderness, He gave her manna and brought forth water from the rock. When He asked for water on the cross, she gave Him gall and vinegar. Blessed is He who rooted her up, who crucified her Lord. Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. God told Moses: 'Go taking two stone-tablets having the commandments (inscribed) on them, which are useful for the Church. I have hated Zion who has already hated me. She had loved the meat of the Egyptians and hated the manna from above. I will strip off her adornments and reject her to be scattered among the gentiles. I will betroth the Church with my beloved (Son), and He will die for her sake, and He will redeem the world with His innocent blood. ***Moryo rahem alain.***

എത്രൊ

ഞങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിന് നിന്നെ ധൂപിപ്പിക്കുകയും നിൻെറ സ്ലീബായാൽ മരണത്തിൽനിന്ന് ജീവങ്കലേക്ക് ഞങ്ങളെ വിളിക്കുകയും ചെയ്ത പരിമളവാസനയുംസുഗന്ധധൂപവുമായ മശിഹാതമ്പുരാനേ, എൻെറ നാഥാ, ഇപ്പോഴും ഞങ്ങളുടെ നിസ്സാരമായ അപേക്ഷയിൽ ശ്രദ്ധിക്കണമെ. പാപികളായ ഞങ്ങൾ നിനക്ക് സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം കൈക്കൊള്ളണമെ. നിൻെറ കരുണയാൽ കടങ്ങളുടെയും പാപങ്ങളുടെയും മോചനം ഞങ്ങൾക്കു നൽകണമെ. വിശ്വാസികളായ വാങ്ങിപ്പോയവർക്ക് ആദ്യന്തമില്ലാത്ത ആശ്വാസവും പൂർണ്ണപുണ്യവും നൽകണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ

ഞങ്ങളും അവരും നിനക്ക് സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. ഹോശോ-

വീണ്ടും കോലോ

ജനത്തിൻെറ മഹാപുരോഹിതൻ വലിയ പെരുന്നാളിൽ ലോകം രക്ഷിക്കപ്പെടേണ്ടതിന്, ശ്രേഷ്ഠമഹാപുരോഹിതനായവൻ മരിക്കുന്നത് നല്ലതാകുന്നു എന്ന് പ്രവചിക്കുകയായിരുന്നു. മശിഹാ എല്ലാവരെയുംസ്വാതന്ത്ര്യപ്പെടുത്തുമെന്നുള്ളത് ഇതിനാൽ വ്യക്തമാകുന്നു. ഇതാ സഭയും അതിൻെറ മക്കളും തനിക്കു സ്തുതിപാടുന്നു. ബാറെക്മോർ. † ശുബഹോ: മെന്ഓലം

കർത്താവ് അരുളിച്ചെയ്തത് എൻെറ ശിഷ്യന്മാരേ, യഹൂദ ജനത്തിൽനിന്ന് ഞാൻ പീഡയേൽക്കുന്നതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട. ഞാൻ പീഡകളാൽ ദുഷ്ടനെയും മരണത്തെയുംജയിക്കുകയും നാശത്തിൽപഴകിപ്പോയആദാമിൻെറ സ്വരൂപത്തെ പുതുതാക്കുകയും ചെയ്യുന്നു.

Qolo: Iyn sohde metul mono

1. In the great feast the high priest prophesied: It is beneficial that the high priest should die to give life to the people. That Christ sets every one free is evident from it. Behold the Church sings praise to Him with her children. Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. “Do not grieve, my disciples!”, our Lord said, “that I endure suffering at the hand of the

accursed Jewish people. I have to conquer the evil and the death with my passion. And I will renew the image of Adam that became old by corruption".

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܝܒܪ ܚܠܦܝܢ
ܒܪܝܟ ܗܘ ܡܘܟܟܐ ܕܦܘܪܩܢܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

മശിഹാ-ഹാശാ നാളിൽ വി-ട്ടു
ഇരുശി-ഷ്യന്മാരെ പെസഹാ-യ്ക്കായ്
  കർത്താ-വെത്തി സ്വന്തം മെയ്യിൽ
അതിനെ ഭംഗ്യാ നിറവേറ്റി-തൻ
ദൃഷ്ടാ-ന്തത്തെ മായിച്ചീ-ടും.

രക്ത-ത്താൽ മാ-ലിന്യം പൂ-ണ്ടോൻ
കായേൻ-തന്നെ സൂചിപ്പി-ക്കും
  കൊല്ല-പ്പെട്ടോൻ മൗനം പൂ-കും
പക്ഷേ-രക്തം-മുറവിളി കൂ-ട്ടും
ഓർക്കേ-ണം ഘാ-തകനിക്കാര്യം.

ദൂത-ന്മാർ തൻ കോപാവേശം
ദുഷ്ട-ന്മാർമേൽ തീ ചൊരിയായ്-വാൻ
  തന്നെ ക്രൂശിൽ തൂക്കാൻ വന്ന

യൂദ-ന്മാർ നാ-ശം പൂകായ്-വാൻ
രോധി-ച്ചാൻ തൻ വീര്യത്താ-ലെ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܐ ܕܕܝܢܐ ܠܗ ܠܟܠܢ ܕܕܢܗ
ܒܕܝܢܐ ܥܡܢ ܡܪܝ ܠܐ ܬܥܘܠ ✥ ܡܪܝ ܪܚܡ ✥

മോർ അപ്രേമിൻെറ ബോവൂസോ

ܡܪܝ ܐܬܚܫܚܫܬ ܒܚܫܐ ܣܓܝܐܐ ܕܚܠܦܝܢ
ܚܘܣ ܥܠܝܢ ܒܚܫܐ ܕܨܠܝܒܘܬܟ ܢܐܪܬ ✥
ܐܠܗܐ ܪܚܡܥܠܝܢ ܡܪܝ ܚܢܢܥܠܝܢ ܚܘܣ ܥܠܝܢ ✥

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

തൻ ബലിസൂചനയാകും കു-
ഞ്ഞാടിനെ നാഥൻ ഭക്ഷിച്ചാൻ
തൻ കൊലയാലെ പാപികളെ
രക്ഷിച്ചോൻ തനയൻ സ്തുത്യൻ
നാഥനിരുത്തിതൻപ്രിയരെ ശുശ്രൂഷിപ്പാനെഴുന്നേറ്റാൻ
അപ്പം നൽകിയ യൂദാ പോയ്
കുഞ്ഞാടുകളവശേഷിച്ചു. ദേവാ ദയ---

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

<u>മാലാഖമാരുടെ സ്തുതിപ്പ് - പേജ് 45</u>

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനാകുന്ന ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ, നിൻെറ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ

ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനു മായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്ന വനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, പിതാവായ ദൈവത്തിൻെറ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, നിത്യമായികർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങ ളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളിൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܕܡܗ ܩܕܫܗ̇ ܠܥܕܬܐ ܩܕܝܫܬܐ
ܒܦܪܩܗ ܐܦܪܩܗ̇ ܠܗ̇ ܘܐܬܪܘܪܒܒܢ ✱ [3]

ܠܟ ܡܪܝ ܐܬܟܢܫܬ ܘܠܐܠܗܝ ܐܡܪܬ ✱ ܘܒܢܝܐ ܡܘܕܝܐ ܫܒܚܬ
ܘܬܘܕܝܬܐ ✱ ܘܒܠܒܐ ܫܦܝܐ ܘܦܫܝܛܐ ܘܡܚܝܐ ✱ ܢܣܩܠܝܗ̇
ܐܬܒܪܟ ܘܐܬܩܕܫ ܘܠܟܠܗ ✱ ܘܒܝܬܗ ܕܠܘܬܟ ܡܢ ܩܕܡ
ܘܡܫܝܚܐ ✱ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✱ ܒܪܟܡܪܝ ✱


ܒܬܪ ܕܒܥܐ

ܒܬܪ ܕܒܥܐ: ܢܩܪܐ ܡܪܝ. ܐܬܐ ܡܚܝܠܘܬܝ. ܐܘܚܕ
ܒܐܝܕܝ: ܒܥܝܬ ܕܒܥܬܐ ܐܦ ܒܬܪܗ̇. ܘܚܙܝ ܠܡܚܘܬܐ
ܕܫܘܢܩܝ ܘܩܪܘܒܘܬܗ̇ ܘܡܚܝܠܘܬܝ ܘܐܣܝܐ. ܒܥܐ :
ܕܐܦܫ ܡܪܝ ܠܚܘܒܝ. ܠܐ ܬܚܘܒ ܠܡܚܝܠܘܬܐ. ܐܠܐ
ܐܢ ܕܝܢ ܚܛܝܬ ܘܡܚܝܠ ܗܘ ܡܚܝܠܘܬܝ ܚܠܐ

ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.





കൗമാ

ܕܚܠܦܢ ܦܘܩ ܒܪܝ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܘܪܩܢܗ ܚܕܝܘ ܥܠܡܐ ܦܪܘܩܢ
ܒܦܪܘܩܝܢ ܐܦܝܢ ܠܢ ܘܐܬܪܚܡܥܠܝܢ ܀ [3]

ܠܟ ܡܪܝ ܐܠܗܐ ܒܬܫܒܘܚܬܐ ܘܠܐܒܘܟ ܐܠܗܐ ܀ ܘܠܪܘܚܐ ܩܕܝܫܐ ܫܘܒܚܐ
ܘܬܘܕܝܬܐ ܀ ܘܣܓܕܬܐ ܘܫܘܒܚܐ ܘܩܘܠܣܐ ܀ ܢܣܩ ܠܟ
ܠܐܠܗܐ ܕܫܘܒܚܐ ܘܕܝܩܪܐ ܀ ܘܡܠܐܟܐ ܕܢܘܪܐ ܡܢ ܫܡܝܐ
ܘܡܫܝܚܐ ܀ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡܝܢ ܀ ܒܪܟܡܪܝ ܀

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ܀ ܐܡܝܢ ܀

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും

പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം - പേജ് 42

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ

വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഏമോദ്കീസോ-- എന്നപോലെ

1 ഇന്നാൾ നാ-ഥൻ വെളിവാക്കിയ മർമ്മം
ശോകം പാ-രം ശ്ലീഹർക്കുളവാ-ക്കി,
ദേവാ ദയചെയ്തീടണമെ.

2 തൻ സ്മരണ-യ്ക്കായ് പന്തിരുശി-ഷ്യർക്ക്
തനുരക്ത-ങ്ങൾ സസ്നേഹം നൽ-കിയ,
ദേവാ ദയചെയ്തീടണമെ.

3 സാദരമാ സ്രാപ്പേന്മാർ കീർത്തി-ക്കേ
പാപിനി തൈ-ലം കാലുകളിൽ പൂ-ശിയ,
ദേവാ ദയചെയ്തീടണമെ.

4 സ്വവധത്താ-ലാടിനെ മോചിപ്പിച്ച്
തനുരക്ത-ങ്ങൾ ശിഷ്യർക്കേകിയ
ദേവാ ദയചെയ്തീടണമെ. ബാറെക്മോർ. †ശുബഹോ -- മെന്ഓലാം--

5 രക്ഷകനാം നാഥൻ മർത്യതയാർന്നോൻ
ബലിയോടൊ-പ്പം ശ്രേഷ്ഠാചാര്യൻ തൻ
ദേവാ ദയചെയ്തീടണമെ. കൂറിയേലായിസ്സോൻ.

63-ാം സങ്കീർത്തനം

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെകൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ ഹൗദ് ഉഹദോനോ എന്നപോലെ

1. മരണത്തിനു മുമ്പായ്, അപ്പം വീഞ്ഞും
തൻമെയ് രക്തങ്ങടെ കുറിയായ്
ശിഷ്യന്മാർക്കു കൊടുത്തോനേ,
നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

2. പെസഹാക്കുഞ്ഞാടിൻ വിടുതൽ മൂലം
പഴയവ നിർത്തി തൻ ഗാത്രം
ശിഷ്യർക്കേകിയവൻ ധന്യൻ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

3. ഭക്ഷണ വേളയതിൽ നിങ്ങളിലൊരുവൻ
എന്നെയൊറ്റിടുമെന്നേവം
ശിഷ്യന്മാരൊടു ചൊന്നോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

4. അബ്രഹാമിൻ മുൻ-കുറിയാം ബലിയാൽ
ഇസഹാക്കിനെ രക്ഷിച്ചോനേ
പാടേൽപ്പാൻ ഹിതമാർന്നോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

5. സസ്നേഹത്താൽ പങ്കപ്പാടേറ്റ്
ആദാമിനെയും സുതരേയും
വീണ്ടോനാം മശിഹാ നാഥാ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

6. ജലപാത്രം പേറി, കൈലേസരയിൽ
ചേലൊടുചുറ്റി ശിഷ്യരുടെ
കാലുകൾ കഴുകിയവൻ ധന്യൻ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

7. സ്വർപ്പുര രാജാവേ, ആർദ്രത തോന്നി
മഹിമ സഭയ്ക്കേകീടണമെ
അവൾ നിൻപേർക്കും താതന്നും
റൂഹാ-യ്ക്കും സ്തോത്രം പാടും. കുറിയേലായിസ്സോൻ

19-ാം മസുമൂർ - പേജ് 56

ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടത്തും അവയുടെ അറിയിപ്പും, ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറ മേൽ അവൻെറ കൂടാരം അടിച്ചു. അതു തൻെറ മണവറയിൽ നിന്നും പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അറ്റങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിന്മേൽ അതിൻെറ താങ്ങലും ആകുന്നു. അതിൻെറ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിൻെറ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ള വരാക്കുന്നതുമാകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിൻെറ കല്പന തെരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായ വിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായി ട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മധുരമുള്ളവയും ആകുന്നു.

അത്രയുമല്ല, നിൻെറ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര് ? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും, പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽ നിന്ന് നിൻെറ ദാസനെ തടയണമെ. എൻെറ സഹായകനും, രക്ഷിതാവുമായ കർത്താവേ, എൻെറ വായിലെ വചനങ്ങൾ നിൻെറ ഇഷ്ടപ്രകാരവും എൻെറ ഹൃദയത്തിലെ ധ്യാനം നിൻെറ മുമ്പാകെയും ഇരിക്കണമെ. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

<u>എനിയോനൊ - ശ്മായോനേ ശുബഹോ സൊമറിൻ - എന്നപോലെ</u>

1. രക്ഷക പീഡാനുഭവത്തിൽ
സോദരരേ വരുവിൻ കേഴാം
സീയോനിൽ മൂഢന്മാർ തൻ
ദ്രോഹത്തിൽ നിലവിളി കൂട്ടാം.

2. മർത്ത്യർക്കായ് താഴ്ത്തിയ നിന്നെ
വാഴ്ത്തിടുവാ-നേവൻ പോരും
വീണവനാ-ദാമിൻ പേർക്കായ്
സ്നേഹത്താൽ നീ കുരിശേറി.

3. മിസറേമീ-ന്നത്ഭുത പൂർവ്വം
നിർഗ്ഗതമാം മുന്തിരി വള്ളി
കണ്ടാലും ശൂന്യതയാർന്നു
പഥികരതിൽ വിഹരിക്കുന്നു.

4. തോട്ടത്തീ-ന്നതിനെ നീക്കി
ജാതികളിൽ ചിതറിച്ചേവം
തിരുസഭയെ വേട്ടോൻ ധന്യൻ
നിന്നെയവൾ കീർത്തിക്കുന്നു.

5. രക്ഷക സ-ന്നിധിയാർന്നേവം
ശിഷ്യന്മാർ ചോദിച്ചിന്നാൾ
കർത്താവേ എവിടെയൊരുക്കും
നിൻപേർക്കായ് പെസഹാ ഞങ്ങൾ.

ബാറെക്മോർ. † ശുബഹോ ---- മെനോലാം വാദാമോ ---

6. നാഴികയാ-യെന്നോർത്തപ്പോൾ
നാഥൻ നീ ചൊല്ലിയയച്ചു
അത്താഴം പരിചൊടൊരുക്കാൻ
കീപ്പായോ-ഹന്നാന്മാരെ. കുറിയേലായിസ്സോൻ

ഏശായാ 42: 10-13, - പേജ് 58

കർത്താവിന് ഒരു പുതിയ പാട്ടിനേയും അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവൻെറ സ്തുതികളെ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവു എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തൻെറ ശത്രുക്കളെ സംഹരിക്കും

ആകാശങ്ങളെ, മേലിൽ നിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെതളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു. **ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.**

<u>എനിയോനൊ ഗോഗുൽത്തായിൽ സോദരരേ--</u>

1. **ചെറുതായോനാം വലിയവനേ
താനേ മാനവനാ-യോ-നേ
നിൻവധപരമാം ഹാശായ്ക്കായ്
ക്ഷണമീ ഞങ്ങൾക്കേകി നീ**

നിൻ കൃപയെ സ്തോത്രം ചെയ്‌വാൻ
നൽകുക സോപ്പായാൽ വെൺമ.

2. ഗുരുനാഥൻ ശി-ഷ്യന്മാരാം
ശി-ഷ്യരോടാജ്ഞാപിച്ചേ-വം
ലിഖിലം സർവ്വം നിറവേറ്റാൻ
പോയ് മാളികയിൽ വിധിപോലെ
മുൻ-കുറിയാകും പെസഹാ തൻ
കുഞ്ഞാടതിനെയൊരു-ക്കീടാൻ

3. ഭക്ഷിപ്പാനും നുകരാനും
നൽ-കി തൻ മെയ് രക്ത-ങ്ങൾ
തന്നെ എപ്പോഴുമോർക്കേണ്ടും
മർമ്മം നാഥൻ വെളിവാക്കി
ത-മ്മിൽ നോക്കി ശിഷ്യന്മാർ
വിറകൊണ്ടാശ്ചര്യം കൂറി.

4. നിഴലുകൾ പൊരുളു-കളെ നോക്കി
ദൃ-ഷ്ടാന്തങ്ങൾ സത്യ-ത്തെ
ഉപമാനങ്ങൾ രൂപങ്ങൾ
ഗൂഢാർത്ഥങ്ങൾ നിഴലുകളും
മ-ഹിമാരാജാധീശ്വരനാം
തന്നിൽ സാക്ഷാൽ നിറവേറി.

5. ഈശോ നിൻ കാ-രുണ്യത്താൽ
ഹാ-ശായിൽ പങ്കേകേ-ണമെ
നിൻ ഹാശായിൽ ക്ളേശിപ്പാൻ

മൂകപ്രകൃതികളും ചേർന്നു
ഹാ സുതയാതന ദാരുണമാം
പ്രിയരേ വരുവിനതിൽചേരാം. ബാറെക്മോർ. † ശുബഹോ--മെന്ഓലാം--

6. മഹിമാവിൽ രാ-ജേശ്വരനാം
താ-താത്മജ വിമലാത്മാ-വാം
സത്യൈകൻ ദൈവത്തിന്നായ്
എല്ലാ നാവുകളും നവമാം
സ്തു-തിയും സ്തോത്രവുമെപ്പോഴും
മേന്മേലർപ്പിച്ചീ-ടട്ടെ. കുറിയേലായിസ്സോൻ.

സങ്കീർത്തനം

1. *ദൈവം ഇല്ലെന്ന് മൂഢൻ അവന്റെ ഹൃദയത്തിൽ പറയുന്നു. അവരുടെ തന്ത്രങ്ങളാൽ അവർ വഷളന്മാരായി മ്ളേച്ഛത പ്രവർത്തിക്കുന്നു. നന്മ ചെയ്യുന്നവൻ ഒരുത്തനു മില്ല.*

(ബ്ഹോനോയൗമോ - എന്ന രീതി)

ഇന്നാളുടയോ-നപ്പം മുക്കി യൂദാ സ്ക്കറിയോത്തായ്ക്കേകി
ഒറ്റുന്നോരാണെന്നെല്ലാരും കണ്ടു. കുറിയേലായിസ്സോൻ.

2. *ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്ന് കാൺമാൻ കർത്താവ് സ്വർഗ്ഗത്തിൽനിന്ന് മനുഷ്യമക്കളെ സൂക്ഷിച്ചു നോക്കി.*

ഇന്നാൾ കള്ളനെ അപ്പത്താലെ ശിഷ്യർക്കായ് നാഥൻകാട്ടി
ഒളിവായ്മേവിയ വഞ്ചനയ-ന്നേരമുണർന്നു. കുറിയേലായിസ്സോൻ.

3. എല്ലാവരും ഒരുപോലെ തെറ്റി കൊള്ളരുതാത്തവരായി ത്തീർന്നു. നന്മ ചെയ്യുന്നവനില്ല. ഒരുത്തൻപോലുമില്ല.

ഇന്നാൾദൈവികനാട്ടിൻകുട്ടികൊണ്ടാടിപ്പെസഹാപ്പെരുന്നാൾ ബലിയായ്ത്തീരാൻഹിതമായി സ്വയമേൽപ്പിച്ചാൻ. കുറിയേലായിസ്സോൻ.

4. അപ്പം ഭക്ഷിക്കുന്നതുപോലെ എൻെറ ജനത്തെ അവർ ഭക്ഷിച്ചിരിക്കുന്നുവെന്ന് അധർമ്മം പ്രവർത്തിക്കുന്നവർ അറി ഞ്ഞിട്ടില്ല. അവർ കർത്താവിനെ വിളിച്ചിട്ടുമില്ല.

ഇന്നാൾനാഥൻചൊന്നാനെൻമെയ്രക്തങ്ങളെ
ഉൾക്കൊള്ളുന്നോൻ
എന്നെ-നമ്പുന്നോൻ ജീവി-ച്ചിടുമെന്നേക്കും. കുറിയേലായിസ്സോൻ.

5. അവിടെ അവർ അത്യന്തം ഭയപ്പെട്ടു. എന്തെന്നാൽ നിതിമാന്മാരുടെ തലമുറയിൽ കർത്താവുണ്ട്.

ഇന്നാൾപന്തിയി-ലാ യോഹന്നാൻ കർത്താവിൻ മാറിൽചാരി അവനായ് വാനോരീറേന്മാർ ഭാഗ്യം നേർന്നു. കുറിയേലായിസ്സോൻ.

6. ദരിദ്രൻെറ ആലോചനയെ അവർഅപമാനിച്ചു. എന്നാൽ കർത്താവ് അവൻെറ ആലംബമാകുന്നു.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

ഇന്നാൾ ജീവൻലോകർക്കെല്ലാം നൽകുന്നോനെക്രൂശിപ്പാൻ കൂരാണികളാ ദുഷ്ടന്മാർ തയ്യാറാക്കി. ആമ്മീൻ.

113-ാം സങ്കീർത്തനം - പേജ് 60

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽസന്തോഷിക്കുകയും, സെഹിയോൻെറപുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല

നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറശക്തിയുടെആകാശത്തട്ടിൽ അവനെസ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ-മെന്ഓലാം--

എനിയോനോ - ബ്ഏദൻ സഫ്റോ--

1. ആ വൻരാവിൽ-നി-ന്നെ വാ-ഴ്ത്തി സഭയുടെമക്കൾ
നീതിപര-ന്മാർ തൻ നിരയിൽ സ്തോത്രം പാടും
സ്തോത്രം തേ ദേവേശാ.

2. ഇന്നാൾ ശ്ലീഹ-ന്മാർക്കായ് നിൻതനുവും നിണവും
നൂതന കൽപ്പന ഏൽപ്പിച്ചു ചൊന്നാരേവം
സ്തോത്രം തേ ദേവേശാ.

3. മെയ്രക്തങ്ങൾ വഴിയായ് പുണ്യം നേടിയ സഭയും
സുതരും സ-ന്തോഷിച്ചേവം പറയും
സ്തോത്രം തേ ദേവേശാ.

4. ഇന്നാൾ ബലിയാ-ഘോഷിച്ച-തിനാൽ വൈദികരെല്ലാം
സ്തോത്രം പാ-ടി സന്തോഷിച്ചേവം പറയും
സ്തോത്രം തേ ദേവേശാ.

5. തനുരക്തങ്ങൾ നമ്മൾക്കേ-കി തൻ രാജ്യത്തെ
അവകാശി-പ്പാൻ നമ്മെ വിളിച്ചോനെ വാഴ്ത്താം
സ്തോത്രം തേ ദേവേശാ.

6. സഭയേ, സഭ ത-ന്നാത്മജരേ തൻ പുണ്യനിണത്താൽ
വിടുതൽ ന-മ്മൾക്കേകിയ പരനെ കീർത്തിക്കാം
സ്തോത്രം തേ ദേവേശാ. ബാറെക്മോർ. † ശുബഹോ-മെന്ഓലാം--

7. അപഥത്തിന്നും രക്ഷിച്ച-തിനാൽ സഭതൻ മക്കൾ
ആർത്തുവിളി-ച്ചങ്ങേവം നിന്നെ കീർത്തിക്കും
സ്തോത്രം തേ ദേവേശാ. കുറിയേലായിസ്സോൻ.

വി. മത്തായി 5. 3-12

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തു കൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെ ന്നാൽ അവർ ദൈവത്തിന്‍െറ മക്കളെന്നു വിളിക്കപ്പെടും.

നീതി നിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എന്‍െറ നിമിത്തം സകല ദുർവചനവും നിങ്ങളുടെ നേരെ വ്യാജമായി പറയുകയുംചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്ക കൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

മോഹ്നീഗോ വൊസ്ശോസോ

ആ സമയം മഹനീയം, നമ്മെ രക്ഷിപ്പാനായ് നാഥൻ
ക്രൂശിതനായിടുമെന്നേവം വലിയ രഹ-സ്യം

ശി-ഷ്യന്മാ-രോ-ടിന്നാളിൽ വെളിവായ് ചൊ-ന്നാൻ.

ആ നാദം മഹനീയം, സൃഷ്ടിഗണത്തിൻ നാഥനു വേണ്ടി
പെസഹാ ചേലൊടൊരുക്കിടുവാൻ തനയൻ മ-ശിഹാ
ശീ-മോൻ കീ-പ്പാ-യോഹന്നാന്മാരോ-ടോതി.

ഉന്നത ലോകാധീ-ശൻ, തല ചായിപ്പാനിടമില്ലായ്കെ
തൻപേർക്കത്താഴമൊരുക്കാൻ വ്യഴം ത-ന്നിൽ
ശിഷ്യ-ന്മാ-രിൽ ഇരുവരൊടങ്ങാജ്ഞാപിച്ചു.

മൂശാ നിബിതൻ പെസഹാ, ഭക്ഷിച്ചീടാൻ കാംക്ഷിക്കുന്നേൻ
പഴമകളെന്നിൽ നിറവേറും പുതുമയുദി-ക്കും
ശി-ഷ്യന്മാ-രോ-ടിന്നാളിൽ ചൊന്നാ-നേവം.

വിണ്ണവരുടെ മുമ്പാ-കെ, മൺമയരെ ഉയർത്തി കാട്ടിടുവാൻ
ഹിതമാർന്നൊരു ദൈവസുതൻ തൻ മാർവ്വിൽ ചാ-രി
യൂ-ഹാ-നോൻ താൻ മാനവരുടെ മുൻസ്ഥിതി കാ-ട്ടി.

ബാറെക്മോർ. †ശുബഹോ: മെന്ഓലം വാദാമോ---

സ്തുതി താതനു കരേറ്റാം, നമ്മുടെ തിന്മയെ സന്ദർശി-
ട്ടാദാമിന്നവകാശമതാം ഏദൻ നൽ-കാൻ
ക്രൂ-ശേറ്റോ-നാം സുതനേയും കീർത്തിച്ചീടാം.

ܦܪܘܡܝܘܢ

[illegible]
[illegible]
[illegible]

[illegible] ⁜

ജീവനുള്ള ബലിയും ബലികളെ കൈക്കൊള്ളുന്നവനും ശുദ്ധീകരിക്കുന്ന സോപ്പായും വെടിപ്പാക്കുന്ന തളിപ്പും ഞങ്ങളെരക്ഷിപ്പാനായിട്ട് ഗോഗുൽത്തായുടെ ഉയരത്തിൽവച്ച് തന്നെത്താൻ ബലികഴിക്കപ്പെടുകയും തൻെറ ബലിയാൽ ഞങ്ങളുടെ ആത്മാക്കളെ പുണ്യമാക്കി ശുദ്ധീകരിക്കകയും ആദരണീയനായ തന്നെ വന്ദിപ്പാൻ ഞങ്ങളെ ആകർഷിക്കുകയും തൻെറ വിജയകരമായ കുരിശിനാൽ ഞങ്ങളെ രക്ഷിക്കുകയും ജീവകരമായ തൻെറ മരണത്താൽ ഞങ്ങളെ ജീവിപ്പിക്കുകയും തൻെറ മഹത്വമുള്ള ഉയിർപ്പാൽ ഞങ്ങളെഉയിർപ്പിക്കുകയും ചെയ്തവനുംആയ കർത്താവിന് സ്തുതി. തനിക്ക് പ്രഭാത നമസ്ക്കാരത്തിൻെറ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുൽഹൂൻ--

[illegible]

പിതാവായ ദൈവത്തിൻെറ ശക്തിയും ജ്ഞാനവും സാരാംശത്തിൽ തൻെറ പിതാവിനു തുല്യനായിരിക്കുന്ന കതിരും കന്യകയിൽനിന്ന് ജഡമെടുത്തതിനാൽ സർവ്വ സൃഷ്ടിയേയും ആനന്ദിപ്പിച്ച ആനന്ദകരമായ പ്രകാശവും, കഷ്ടതയും മരണവും കൈക്കൊള്ളുകയും കുറ്റക്കാരനായ ആദാമിനെ തൻെറ പിതാവിനോട്രമ്യമാക്കുകയും ചെയ്ത

വനായി സ്രോപ്പേന്മാരുടെ സ്തുതികളെ കൈക്കൊള്ളുന്നവനും പാപികൾക്കുവേണ്ടി ബലിയായിത്തീരുവാനായിട്ട് തൻെറ സ്നേഹം തന്നെ ആകർഷിക്കുകയും പറുദീസായിലെ വൃക്ഷങ്ങളുടെ ഇടയിൽവച്ച് സർപ്പം ഹവ്വായ്ക്ക് ചീറ്റി വിളിച്ച് വരുത്തിയതായ ശണ്ഠയെ ശമിപ്പിക്കുകയും ചെയ്തവനായ ബലികളെയും കാഴ്ചകളെയും കൈക്കൊള്ളുന്നവനും തൻെറ ബലിയാൽ ഞങ്ങളുടെ ബലഹീന വർഗ്ഗത്തിന് പാപപരിഹാരം നൽകിയവനുമായ മഹത്വമുള്ള ആചാര്യനും സ്വർഗ്ഗസ്ഥനായമഹാപുരോഹിതനും ഞങ്ങളെ പ്രഥമ സ്ഥാനത്തേക്ക് കരേറ്റുവാനായി ഞങ്ങളെപ്പോലെ ഞങ്ങളോടുകൂടെ കാണപ്പെട്ട അദൃശ്യനും കാണപ്പെടാവതല്ലാത്തവനും മരണത്തിന് എതിരായി മാർഗ്ഗം ഉപദേശിച്ച് തരികയും തൻെറ പരിശുദ്ധനടപടികളാൽ ഭൂമിയിൽ നിന്ന് ശാപത്തെ നിർമ്മൂലമാക്കുകയും ചെയ്ത പീഡയില്ലാത്തവനും മരണമില്ലാത്തവനും ലോകത്തിൽ അത്ഭുതങ്ങൾ കാട്ടിയവനായ രോഗികളുടെവൈദ്യനും മുറിവേറ്റവരെ സുഖപ്പെടുത്തുന്നവനും രക്ഷകരമായ എല്ലാ വ്യാപാരത്തിൻേറയും അന്ത്യത്തിൽ സ്വമനസ്സാലെ കഷ്ടാനുഭവത്തിന് മുമ്പ് “ന്യായപ്രമാണത്തിലെ പെസഹാ കുഞ്ഞാടിനെ ഇന്ന് നിങ്ങളോടുകൂടിഭക്ഷിപ്പാൻ ഞാൻ ഏറ്റവും ആഗ്രഹിക്കുന്നു” എന്ന് തൻെറ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധശിഷ്യന്മാരോട് മുൻകൂട്ടി അരുളിചെയ്തവനും ആയ യേശുമശിഹാ നിനക്കു സ്തുതി. നിനക്കു കീർത്തനം. ഇന്ന് നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരോട്, “നിങ്ങൾ പോയി

എൻെറ കഷ്ടാനുഭവത്തിനുമുമ്പ് ഈ പെസഹായെ നിങ്ങളോടൊ രുമിച്ച് ഭക്ഷിപ്പാൻ എനിക്ക് മാളികയിൽ ഒരുക്കുവിൻ" എന്ന് അരുളിച്ചെയ്തു. ഇന്ന് ആദിയിൽ തൻെറ ലോകമാകുന്ന ഭവനംപണിയുകയും ആകാശത്തെ അതിൻെറവിതാനമായി വിരിക്കുകയും ഭൂമിയെ അതിന് അസ്തിവാരമാക്കി ഉറപ്പിക്കുകയും ആദാമിനെ കുടുംബങ്ങ ളുടെയും ഗോത്രങ്ങളുടെയും തലവനായി അതിൽ വസിപ്പി ക്കുകയും ചെയ്തവന് ഒരു ചെറിയ ഭവനം തയ്യാറാക്ക പ്പെട്ടു. ഇന്ന് നീതിയുടെ സൂര്യൻ പുറപ്പെട്ടുപോകുകയും അന്ധകാര സ്ഥലത്തു ചെന്ന് പെരുന്നാൾ ഘോഷിപ്പാനും രഹസ്യ പൂർണ്ണമായ അത്താഴത്തിൽ കുഞ്ഞാടിനെ ഭക്ഷിപ്പാനും ആയി തൻെറ പ്രകാശമുള്ള ശിഷ്യന്മാരെ തന്നോടുകൂടെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. ഇന്ന് സന്ധ്യയ്ക്കു തൻെറ രഹസ്യത്തിൻമക്കളെ തൻെറ മേശയ്ക്കരികെ ഭക്ഷണത്തിന് ഇരുത്തി. തൻെറസഭയുടെ പുതിയ രഹസ്യം അവരെ പഠിപ്പിക്കുകയും സത്യമാർഗ്ഗം അവരെ കാണിക്കുകയും ചെയ്തു. ഇന്ന് സ്വർഗ്ഗീയരാജാവ് തൻെറ അരയിൽ തൂവാലകെട്ടി ഭക്ഷണത്തിരിരിക്കുന്നവരെ ശുശ്രൂഷിച്ചു. ഇന്ന് തങ്ങളുടെ നാഥൻ ഒരു ദാസനെ പ്പോലെ തൂവാലകെട്ടി ശിഷ്യന്മാരുടെ മുമ്പിൽ തലകുനിച്ച് അവരുടെ കാലുകളെ കഴുകുന്നതു കണ്ടിട്ട് സ്വർഗ്ഗീയ സൈന്യങ്ങൾ വിസ്മയിച്ചുപോയി. ഇന്ന് അഴുക്കും ചെളിയും ചേർന്ന മണ്ണിനെ അതിൻെറ സൃഷ്ടാവ് ആദരിക്കുന്നതുകണ്ടിട്ട് നമ്മുടെ വർഗ്ഗത്തിനുനേരെ ഉയർന്ന

അഹങ്കാരികളും മത്സരക്കാരുമായ പിശാചുക്കൾ ലജ്ജിച്ചുപോയി. ഇന്ന് നമ്മുടെ കർത്താവ് ചെറിയ പെസഹാ ഭക്ഷിക്കുകയും നമുക്ക് വലിയ പെസഹാ ആയിത്തീരുകയും പെസഹായെ പെസഹായിൽ ചേർക്കയും പെരുന്നാളിനെ പെരുന്നാളിൽ കലർത്തുകയും ചെയ്തു. ഇന്ന് സന്ധ്യാസമയത്ത് നമ്മുടെ നാഥൻ പെസഹാ കുഞ്ഞാടിന്റെ ഭക്ഷണത്തിൽ കയ്പ്പു ചേർക്കുകയും ശ്ലീഹന്മാരുടെ പല്ല് കയ്ച്ചുപോകുകയും ചെയ്തു. ഇന്ന് നിങ്ങളിലൊരുവൻ എന്നെ കുരിശിൽ തറപ്പിനും മരണത്തിനും ഏൽപ്പിച്ചുകൊടുക്കുമെന്ന് അവരുടെ ഗുരു പറഞ്ഞു കേട്ടതിനാൽ പരിശുദ്ധശിഷ്യന്മാർ ആ സന്ധ്യയും രാത്രിയും വ്യസനവുംദുഃഖവും ഉള്ളതാക്കി ത്തീർത്തു. അവർ അത്താഴം പീഡയോടും കയ്പ്പോടുംകൂടി കഴിച്ചു. ഇന്നു നമ്മുടെ കർത്താവ് പഴയ നിയമത്തെ മുദ്ര വെച്ച് പുതിയതിനെ രേഖപ്പെടുത്തി. വിശ്വാസമുള്ള കുടുംബ ക്കാരെ പഠിപ്പിക്കാൻ തുടങ്ങി. ഇന്ന് നമ്മുടെ കർത്താവ് തന്റെ ശരീരം മുറിക്കുകയും രക്തം കലർത്തുകയും തന്റെ പന്തിരുവർക്ക് വിഭജിച്ചുകൊടുക്കുകയും 'ഇത് പാപികൾ അവയാൽ നീതീകരിക്കപ്പെടുവാനും അനുതാപി കൾ ശുദ്ധീകരിക്കപ്പെടുവാനും ആയിട്ട് പുതിയ ജീവന്റെ അച്ചാരമായി ഞാൻ നിങ്ങൾക്കു തരുന്ന എന്റെ വിശുദ്ധശരീരവും വിലയേറിയരക്തവും ആകുന്നു' എന്ന് അരുൾചെയ്തു. നീതിമാന്മാരും പുണ്യവാന്മാരും അതിനായി വാഞ്ഛിക്കുകയും അവരുടെ നല്ല ദർശനങ്ങൾകൊണ്ട്

തൻെറസാദൃശ്യങ്ങളെ രൂപീകരിക്കുകയുംചെയ്ത പരിശുദ്ധ രഹസ്യമിതാകുന്നു. സാമാധാനബലിപോലെ വെട്ടുവാൻ കൊണ്ടുപോകപ്പെട്ട യഥാർത്ഥ കുഞ്ഞാടായ ഹബേൽ സ്വന്ത ബലിയാൽ അതിൻെറ ദൃഷ്ടാന്തത്തെ സൂചിപ്പിച്ച പരിശുദ്ധ രഹസ്യം ഇതാകുന്നു. നീതിമാനായ നോഹ പെട്ടകത്തിൽ വച്ച് അതിനെ സൂചിപ്പിക്കുകയും പ്രളയത്തിന്മേൽ അതിൻെറ ദൃഷ്ടാന്തത്തെ ആഘോഷിക്കുകയും ചെയ്ത വിശുദ്ധ രഹസ്യം ഇതാകുന്നു. പ്രധാന പുരോഹിതനായ മൽക്കിസദേക്ക് തൻെറ ശുശ്രൂഷയ്ക്ക് എഴുന്നേറ്റ് തൻെറ ആത്മീയ പുരോഹിത കർമ്മങ്ങളാൽ പുളിച്ച അപ്പവും വീഞ്ഞും അർപ്പിച്ച് അതിനെ സൂചിപ്പിച്ച വിശുദ്ധമായ ദൈവീകരഹസ്യം ഇതാകുന്നു. അബ്രഹാം തൻെറ പുത്രനായ ഇസഹാക്കിനെ ബലികഴിപ്പാൻ ആഗ്രഹിച്ചപ്പോൾ ആമോറായക്കാരുടെ പർവ്വതത്തിൻെറ മുകളിൽവെച്ച് അതിൻെറ രഹസ്യത്തെ ശുശ്രൂഷിക്കുകയും അത് മുഖാന്തിരം ഇസഹാക്ക് കൊലയിൽനിന്ന് രക്ഷിക്കപ്പെടുകയും ചെയ്ത മഹത്വമുള്ള പെരുന്നാൾ ഇതാകുന്നു. ദീർഘദർശിയായ മോശബലിയർപ്പിക്കുകയും യാക്കോബിൻ വംശക്കാരുടെ വാതിലുകളിന്മേൽ അതിൻെറ രക്തം തളിക്കുകയും മിസ്രയീം ദേശത്തിലെ സകല കടിഞ്ഞൂലുകളെയുംകൊന്ന സംഹാരകനിൽനിന്ന് അവരെരക്ഷിക്കുകയും ചെയ്ത പെസഹാകുഞ്ഞാടിനെകൊണ്ട് മിസ്രയീംകാരുടെ ഇടയിൽവച്ച് അതിനെസൂചിപ്പിച്ചതായ വിശുദ്ധ പെരുന്നാൾ ഇതാകുന്നു. യേശു ബർനൂൻ സ്വജനങ്ങളോട് 'നിങ്ങൾ

ഒന്നാം മാസം പതിനാലാം തിയതി സന്ധ്യയ്ക്ക് യെറിഹോവിലെ മൈതാനത്തിൽവച്ച് ആടുകളെയും കാളകളെയുംഅറുത്ത് നിങ്ങളുടെ ദൈവമായ കർത്താവിന് പെസഹാ കഴിപ്പിൻ' എന്ന് പറഞ്ഞ് അതിനെ സൂചിപ്പിച്ച മഹാദിവസം ഇതാകുന്നു. തെരഞ്ഞെടുക്കപ്പെട്ട ശമുവേൽ, വീരന്മാരും അഗ്രചർമ്മികളുമായ ഫെലിസ്ത്യരെ അതിനാൽ കുറ്റപ്പെടുത്തിയതായ കുടിമാറാത്ത കുഞ്ഞാടിനെകൊണ്ട് രൂപപ്പെടുത്തിയ പരിശുദ്ധമായ മഹാരഹസ്യം ഇതാകുന്നു. യിപ്താഹ് ജയത്തിനുവേണ്ടി തൻെറ പുത്രിയെ കർത്താവിന് നേർച്ചയായി ബലികഴിച്ച് അതിൻെറ ദൃഷ്ടാന്തം സൂചിപ്പിച്ച സ്വർഗ്ഗീയ ബലി ഇതാകുന്നു. അത്യത്ഭുതം കാണാതിരിപ്പാൻ മുഖംമൂടിയ സ്രാപ്പിയിൽ നിന്ന് അഗ്നിക്കൊടിലിൽ തീക്കനൽ കൈക്കൊണ്ടപ്പോൾ ഏശായാ ദീർഘദർശി മഹാ പരിശുദ്ധസ്ഥലത്തുവച്ചു കണ്ട പരിശുദ്ധ രഹസ്യം ഇതാകുന്നു. മിസ്രയീമിലെ സന്ധ്യ അവസാനിച്ചതും നിഴൽ ഒഴിഞ്ഞുപോയതും ന്യായപ്രമാണ ത്തിലെ ദൃഷ്ടാന്തങ്ങൾ നിറവേറിയതും സകല രഹസ്യങ്ങൾക്കും ഉപമകൾക്കും അറുതി വന്നതുമായ സന്ധ്യ ഇതാകുന്നു. ഹാ, ദൈവികവും ആത്മികവുമായ അതിൻെറ ദാനങ്ങളാൽ ലോകത്തെ പ്രകാശിപ്പിച്ച ഈ മഹത്തായ പെരുന്നാൾ സഭയ്ക്ക് പ്രത്യക്ഷീഭവിച്ച വിസ്മയനീയമായ ഈ മഹാ രഹസ്യം എത്രയോ അതിശനീയമാകുന്നു. ഇസ്രായേൽ ജനത്തിൽനിന്നു സംഹാരകനെ വിലക്കിയ കുഞ്ഞാടിൻെറ രക്തത്തേക്കാൾ അധികം തൻെറ രക്തത്താൽ ഞങ്ങളുടെ

ഹൃദയ കട്ടിളപ്പടികളെ കഴുകി ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും അധരങ്ങളെ അഭിഷേകം ചെയ്യുകയും ചെയ്തതായി രക്ഷയെക്കുറിച്ചുള്ള ആശ അതിൽ ഞങ്ങൾക്കു ലഭിച്ചതായി സഭകൂട്ടുന്നതും പരിശുദ്ധമായ ഈ ദിവസം എത്രയോവിസ്മയനീയമാകുന്നു. തൻെറ ദിവ്യ പെരുന്നാളാൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും മരണത്തി ൻെറയും സാത്താൻെറയും അടിമയിൽനിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ പെസഹാ വാഴ്ത്തപ്പെട്ടതാകുന്നു. മുകളിൽനിന്ന് ഇറങ്ങിവരികളയും തൻെറ ശരീരത്തെ ഞങ്ങളുടെ ശരീരത്തിൽ ചേർക്കുകയും സ്വന്തരക്തത്തെ ഞങ്ങളുടെ അവയവങ്ങളിൽ കലർത്തു കയും ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ തൻെറ പിതാവിന് സഹോദരന്മാരും പുത്രന്മാരുമായി ആക്കിത്തീർക്കുകയും ചെയ്ത സ്വർഗ്ഗീയഅപ്പം വാഴ്ത്തപ്പെട്ടതാകുന്നു. ഇവയെല്ലാം ഞങ്ങൾക്കുവേണ്ടി ചെയ്ത് നിവർത്തിച്ച പ്രജാവത്സലനായു ള്ളോവേ നിന്നോട് ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. എൻെറ കർത്താവേ, അവിശ്വാസികളും മത്സരക്കാരുമായ ജനങ്ങളുടേതുപോലെ ഞങ്ങളുടെ പെരുന്നാളുകളെ വിലാപ ത്തിനും ദുഃഖത്തിനും ആക്കിത്തീർക്കരുതെ. നിന്നേയും നിൻെറ വ്യാപാരത്തേയും അപഹസിച്ചവരെ നീ നിരസിച്ച പ്രകാരം ഞങ്ങളെ നിൻെറ മണവറയിൽനിന്നു നിൻെറ നീതി പുറത്താക്കുകയും നിൻെറ അവകാശത്തിൽ നിന്നു ത്യജിക്കുകയും അരുതെ. എൻെറ കർത്താവേ നിൻെറ ഭവനാവകാശത്തിൽനിന്ന് അന്യനായിത്തീരുകയും ശിഷ്യ

ഗണത്തിൽനിന്ന് ബഹിഷ്ക്കരിക്കപ്പെടുകയുംചെയ്ത ഒറ്റു കാരനായ യഹൂദായുടെ സാദൃശ്യത്തിൽ നിൻെറ സംസർഗ്ഗ ത്തിൽനിന്ന് ഞങ്ങളെ അന്യരാക്കുകയും നിൻെറ ആട്ടിൻ കുട്ടികളുടെ എണ്ണത്തിൽനിന്ന് ഞങ്ങളെ വേർതിരിക്കുകയും അരുതെ. നേരെമറിച്ച് ഫിനഹാസിൻേറയും വിശ്വാസിയായ ഹെസക്കിയാരാജാവിൻേറയും നിൻെറ ഭക്തന്മാരായ എല്ലാവരുടെയുംഎന്നപോലെ ഞങ്ങളുടെ ശുശ്രൂഷകളെ കൈക്കൊള്ളുകയും പ്രാർത്ഥനകളിൽ പ്രസാദിക്കു കയുംചെയ്യണമെ. ഈ പെരുന്നാളിൽ ഞങ്ങൾ തിരുമുമ്പിൽ അണയ്ക്കുന്ന സുഗന്ധധൂപത്തെ വെൺമയുള്ള പട്ടക്കാര നായ അഹരോൻെറ ധൂപംപോലെയും അവൻെറ താവഴി ക്കാരായ സകലലേവ്യക്കാരുടേതുപോലെയും കൈക്കൊള്ള ണമെ. എൻെറ നാഥാ ഈ കർത്തൃപെരുന്നാളിൽ ഞങ്ങളുടെ പാപമുള്ള കൈകളാൽ നിൻെറ ഇഷ്ടത്തിന് അണയ്ക്കുന്ന കാണിയ്ക്കകളെയും ആദ്യഫലങ്ങളെയും ദശാംശങ്ങളെയും നിൻെറ മഹാരഹസ്യത്തെ രൂപപ്പെടു ത്തിയ പ്രധാന പുരോഹിതനായ മൽക്കിസദേക്കിൽ നിന്ന് നീ കൈക്കൊണ്ടപ്രകാരം ഇപ്പോഴും കൈക്കൊള്ളണമെ. ദുഷ്ടൻെറ സകല ഉപദ്രവങ്ങളിൽനിന്നും കോപസൂചക ങ്ങളായസകലശിക്ഷകളിൽനിന്നും വടികളിൽനിന്നും അവരെ നീ കാത്തുരക്ഷിച്ചുകൊള്ളണമെ. എൻെറ കർത്താവേ നിൻെറവിശുദ്ധനാമത്തിൽമുദ്രകുത്തപ്പെട്ടിരിക്കുന്നതും,നിൻെറ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങിയിരിക്കുന്നതും ആയ ആയ നിൻെറ ജനത്തിൻേറയും അവകാശത്തിൻേയും

പ്രാർത്ഥനയേയും ദണ്ഡനമസ്ക്കാരങ്ങളേയും കൈക്കൊള്ളണമെ. നിൻെറ കരുണയാൽ രോഗികളെ സന്ദർശിക്കുകയും ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെ. വീണുപോയവരെ നിൻെറ വലത്തു കൈകൊണ്ടു താങ്ങണമെ. വീഴാതെ നിൽക്കുന്നവരെ നിന്നെക്കുറിച്ചുള്ള ആശയാൽ ഉറപ്പിക്കണമെ. സത്യവിശ്വാസത്തിൽ നിന്നെക്കുറിച്ചുള്ള ആശയോടെ നിദ്രപ്രാപിച്ച ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരീസഹോദരങ്ങളേയും ഗുരുക്കന്മാരെയും വിശ്വാസികളായ എല്ലാ പരേതരേയും കുറിച്ച് നിൻെറ സ്വർഗ്ഗീയ ബലിപീഠത്തിന്മേൽ നല്ല സ്മരണയുണ്ടാകണമെ. ഞങ്ങളും അവരും അക്ഷയവും സുസ്ഥിരവുമായ നിൻെറ പെരുന്നാളിനും അതിനാലുള്ള അനന്തസന്തോഷത്തിനും യോഗ്യരാകണമെ. അവിടെ ആത്മീയരും സ്വർഗ്ഗീയരുമായ നിൻെറ സ്തുതിപാഠകന്മാരുടെ നിരകളിൽ നിന്നേയും ഞങ്ങളെ രക്ഷിപ്പാനായി നിന്നെ അയച്ച പിതാവിനേയും സാരംശത്തിൽ നിനക്കു തുല്യനായിരിക്കുന്ന പരിശുദ്ധ റൂഹായേയും ഒരുമിച്ച് ഇടവിടാതെ ഞങ്ങൾ സ്തുതിക്കുമാറാകണമെ. ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

മാളിക തന്നിലെ ഭോജനമങ്ങോർത്താൽ മഹനീയം

ശിഷ്യരിരുന്നു ഗുരുനാഥൻ ശുശ്രൂഷകനായി
കൈകൾ കഴുകി പരിചരണോത്സുകനായ്
വിമലകരത്താൽ ശുദ്ധിയവർക്കേകി
പ്രാർത്ഥനയോടെ മുറിച്ചേകി തൻമെയ് ശിഷ്യർക്കായ്
പാനം ചെയ്‌വാൻ കാസായാം തൻ നി-ണവും നൽകി
ഹാലേലുയ്യാ, തൻ കൃപ ഹാ സ്തുത്യം.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാംഒൽമീനാമീൻ ഹാ-

സത്യത്തിൻ ഗുരുവിനെ യൂദാ വേർപെ-ട്ടൊരു നേരം
ആഴിയുമൂഴിയുമവനെ ഓർത്തയ്യോ വിലപിച്ചു
അതിതാപത്തോ-ടവയേവം ചൊന്നു
ശ്ലീഹായേ നീ എങ്ങോട്ടോടുന്നു
പകലതിനെ വിട്ടെന്തിനു നീ ഇരുളിൻ കൂറാർന്നു
ലോകത്തിൻ പ്രാണനെ തനിയെ നീ രോ-ധിച്ചല്ലോ
ഹാലേലുയ്യാ, കെടുതി നിനക്കെന്നും. മൊറിയോ--

എത്രൊ

സ്വർഗ്ഗീയ പിതാവിൻെറ വചനമായിരിക്കുന്ന എൻെറ നാഥാ ജീവകരമായ നിൻെറ വധം സുഗന്ധധൂപവും പരിമള വാസനയും പ്രസാദകരമായ ധൂപകലശയും ആയിത്തീരു കയും മിണ്ടാപ്രാണികളുടെ ബലികളാൽ അശുദ്ധമായിരുന്ന വായുമണ്ഡലത്തെ വെടപ്പാക്കുകയും നിൻെറ ജീവനുള്ള രക്തം അതിൽ ഇറ്റിറ്റുവീണതിനാൽ ഭൂമിയെ ശുദ്ധീകരിക്കു കയുംചെയ്തുവല്ലൊ. പരിശുദ്ധസഭ തൻെറസന്താനങ്ങളുടെ പുണ്യത്തിനുവേണ്ടി നിനക്കു സമർപ്പിക്കുന്ന ഈ ധൂപം കൈക്കൊള്ളണമെ. ഇതു നിൻെറപ്രീതിക്കും പ്രസാദത്തിനും

ജീവനുള്ളവരുടെ കാവലിനും പാപമോചനത്തിനും ആയിത്തീരണമെ. തങ്ങളുടെ ജീവിതകാലത്ത് നിന്നെ ഏറ്റുപറഞ്ഞ സുകൃതങ്ങളാൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള വിശ്വാസികളായ വാങ്ങിപ്പോയവർക്ക് നല്ല ഓർമ്മയുണ്ടാക ണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. മോറാൻ--

വീണ്ടും കോലോ

കുഞ്ഞാടുകളായ ശിഷ്യന്മാർ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ കർത്താവ് തൻെറ പീഢാനുഭവത്തിൻെറ രഹസ്യം അവർക്കു വെളിപ്പെടുത്തി. യുവാവായ യൂഹാനോൻ അടുത്തുവന്ന് തൻെറ മാറിൽ ചാരി കർത്താവേ, നിന്നെ ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരാകുന്നുവെന്ന് ചോദിച്ചു. താൻ അവന് അടയാളമായി, പാത്രത്തിൽ എന്നോടൊന്നിച്ച് കൈമുക്കുന്നവൻ യൂദജനത്തിന് എന്നെ ഏൽപ്പിച്ചു കൊടുക്കും എന്നരുളിച്ചെയ്തു.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഇന്നേ ദിവസം നമ്മുടെ കർത്താവ് പരിശുദ്ധ തൃക്കൈക ളിൽ കാസാ എടുത്ത് സ്തോത്രം ചെയ്തു ശുദ്ധീകരിച്ച് അതിനെ ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു; ‘ഇത് എൻെറ ജീവനുള്ളരക്തമാകുന്നു, നിങ്ങളെല്ലാവരും വാങ്ങി ഇതിൽനിന്ന് പാനം ചെയ്വിൻ, നിങ്ങൾക്കും ഇതിനെ

സ്വീകരിക്കുന്ന എല്ലാവർക്കും ഇതു സ്വർഗ്ഗരാജ്യത്തിൽ നിത്യ ജീവനെ കൈവരുത്തും.'

Qolo: eno no nuhro shariro

1 When the disciples -the lambs- had supped, our Lord reve3aled the mystery of His passion. John the Youngman drew near, leaned to His breast and asked Him, 'My Lord, who is the one that delivers You up?' He gave him a sign, saying: 'The one who dips his hand in the bowl with me, is to deliver me up to the accursed and deceitful people. **Berekmore.**

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. Today our Lord took the cup in His holy hands and gave thanks over it, sanctified it and gave it to His disciples, saying to them: 'This is my living blood. Take, drink of it, all of you. It invites you and al those who receive it to the eternal life in the heavenly kingdom.

ബോത്തേദ്ഹാശോ

ܒܥܶܝܢ ܡܶܢܳܟ ܚܽܘܣ ܕܽܘܘܪܳܐ ܢܰܠܦܳܡ

ܒܥܶܝܢ ܫܽܘܒܩܳܢ ܕܰܚܛܳܗ̈ܶܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

മിസറേം നാട്ടിൽ നിലനിന്നോരാ
ദൃഷ്ടാന്തമതാകും പെസഹാ തൻ
കുഞ്ഞാടതിനെ തയ്യാറാക്കാൻ
മോശ-യൊടഹറോൻ-പോൽ പ്രേഷതരായ്
ഇന്നാൾ കീപ്പാ യോഹന്നാ-ന്മാർ.
മേഘ-ദ്ധ്വനിയിൽ കെടുതാം കാ-റ്റിൽ
സീനായിൽ കാ-ണപ്പെട്ടോനേ
മൂശാ നബിക-ണ്ടുൾഭ്രമ-മാർന്നോൻ
മാളി-ക തന്നിൽ പന്തിരുവർക്കായ്
ഭാഗി-ച്ചാൻ തൻ-മെയ്‌രക്ത-ങ്ങൾ.

ദൃഷ്ടാ-ന്തങ്ങൾ നിറവേറ്റു-ന്നോൻ
സാക്ഷാ-ലാടാം ബോധം പൂർണ്ണം
വന്ദന സർവ്വം പ്രാപിക്കുന്നോൻ
ബലിയായ്-ത്തീർന്നോൻ മഹിതാചാ-ര്യൻ
തന്നെ-പ്രേഷി-പ്പിച്ചോൻ ധന്യൻ.
നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܢܰܚ ܠܶܗ ܒܰܒܪܳܐ ܕܪܰܡܫܳܐ
ܒܕܶܢܚܳܐ ܕܡܶܢܶܗ ܠܳܐ ܐܶܬܚܰܫܰܠ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ [illegible] ܒܰܫܡܰܝܳܐ ܪܳܡܳܐ ܕܚܶܠܛܳܐ

⁜ ܒܚܫܐ ܕܗܘܐ ܚܠܦܝܢ ܘܡܫܡܫܢܘܬܐ ܥܕܬܐ ⁜

⁜ ܐܠܗܐ ܕܡܫܒܚܐ ܡܪܝ ܡܫܝܚܐ ܚܘܣ ܥܠܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. ശ്രേഷ്ഠതയെഴുമിപ്പെരുന്നാളിൽ
പെസഹാഭക്ഷിച്ചീടാനും
മുൻസൂചന നിറവേറ്റാനും
കുഞ്ഞാടിനെ പാകം ചെയ്‌വാൻ
സത്യമെഴും ഗുരുവാം നിന്നാൻ
ശിഷ്യന്മാർ പ്രേഷിതരായി പാവനമാമീ പെരുന്നാളിൽ
ആടിനെ വച്ചവർ തിരുമുമ്പിൽ
ദൈവികകുഞ്ഞാടാം നിന്നെ
വീക്ഷിപ്പാനതു യോഗ്യമതായ്
മോശയെമൗനംപൂകാനും അഹരോൻവിരമിച്ചീടാനും
ആംഗ്യം കാട്ടി വിലക്കിയതാം
ആ വൻ പെരുന്നാളിതു തന്നെ. ദേവാ ദയ---

2. മനുജപ്രിയനെ നീയെന്നും
മാനവ വാനവരാൽ സ്തുത്യൻ
വാനവരിന്നുംസാത്താനും ശിഷ്യരിൽനിന്നുംയൂദായും
പൊയ്പ്പോയിരു ഭാഗക്കാരും
നിന്നെ സ്തോത്രം ചെയ്തീടും

സ്ക്കീപ്പായാൽ ശമമാർന്ന സഭ
പകരം നിന്നെ സ്തുതി ചെയ്യും
അപഥത്തീന്നും രക്ഷിതരാം
പുറജാതികൾ നിൻ സ്തുതി പാടും
കുരിശാൽ വിടുതൽ നേടിയതാം
ഭൂലോകം നിൻ സ്തുതിചൊല്ലും
താതസുതാത്മാക്കൾക്കായി
സ്തുതി സ്തോത്രങ്ങൾ പാടീടും. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാലേലുയ്യാ ഹാലേ- ദോഷിമനസ്സിൽ ദോഷം ചിന്തിപ്പൂ
ദൈവഭയം പാർക്കിലവന്നില്ല. ഹാലേലുയ്യാ

വി. ലൂക്കോസ് 22. 1 - 13

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪܚܡܘܗܝ ܠܥܠܡܝܢ܀ܐܡܝܢ܀

ܘܩܪܝܒ ܗܘܐ ܥܐܕܐ ܕܦܛܝܪܐ ܀ ܗܘ ܕܡܬܩܪܐ ܦܨܚܐ܀

പെസഹാ എന്നുവിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാൾ സമീപിച്ചിരുന്നു. പ്രധാചാര്യന്മാരും വേദപണ്ഡിതന്മാരും യേശുവിനെ എങ്ങനെ കൊല്ലേണ്ടു എന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. പക്ഷേ അവർ ജനങ്ങളെ ഭയപ്പെട്ടു.

പന്തിരുവരുടെ കൂട്ടത്തിൽ സ്ക്കറിയൂത്താ എന്നുവിളിച്ചിരുന്ന യൂദായിൽ സാത്താൻ പ്രവേശിച്ചു. അവൻ ചെന്ന് പ്രധാനാചാര്യന്മാരോടും,ദേവാലയസേനാനായകരോടും യേശുവിനെ അവർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതനെപ്പറ്റി സംസാരിച്ചു. അവർസന്തോഷിച്ച് അവന് പണംകൊടുക്കാമെന്ന് ഉടമ്പടി ചെയ്തു. അവൻ അവരോട് വാഗ്ദാനവുംചെയ്തു. ജനം ഇല്ലാത്തപ്പോൾ യേശുവിനെ അവർക്ക് ഏൽപ്പിച്ചുകൊടുക്കുവാൻ അവൻ അവസരം നോക്കിക്കൊണ്ടിരുന്നു. പെസഹാ കുഞ്ഞാടിനെ അറുക്കുക പതിവായിരുന്ന പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാൾവന്നു. യേശു കീപ്പായേയും യോഹന്നാനേയും അയച്ചുകൊണ്ട് അവരോട്, നിങ്ങൾ പോയി നമുക്ക് പെസഹാ ഭക്ഷിക്കുവാൻ ഒരുക്കുക എന്നു പറഞ്ഞു. അവർ അവനോട്, ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത് എന്നുചോദിച്ചു. അവൻ അവരോട്പറഞ്ഞു. നിങ്ങൾ പട്ടണത്തിൽ പ്രവേശിക്കുമ്പോൾ ഒരുകുടം വെള്ളംചുമന്നുകൊണ്ട് ഒരാൾ നിങ്ങളുടെ നേരെ വരും. അവനെ അനുഗമിക്കുക. അവൻ പ്രവേശിക്കുന്ന വീടിൻെറഉടമസ്ഥനോട്, ‘എനിക്ക് എൻെറ ശിഷ്യന്മാരോടുകൂടെ പെസഹാഭക്ഷിക്കേണ്ട ഭവനം ഏതാകുന്ന എന്ന് ഞങ്ങളുടെ ഗുരു ചോദിക്കുന്നു’ എന്നു പറയുക. അപ്പോൾ വിരിച്ചൊരുക്കിയ ഒരു വലിയമാളിക അവൻ കാണിച്ചുതരും അവിടെഒരുക്കുക. അവർപോയി, അവൻ പറഞ്ഞതുപോലെ കാണുകയും പെസഹാ ഒരുക്കുകയും ചെയ്തു.

ܠܡܪܝܐ ܫܘܒܚܐ ⁜ ܘܪ̈ܚܡܘܗܝ ⁜

പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രംചെയ്യുന്നതും, ഉന്നതമായ തൻെറ തിരുനാമത്തിനുപാടുന്നതും, പ്രഭാതത്തിൽ തൻെറ കൃപയും, രാത്രികാലങ്ങളിൽ തൻെറ വിശ്വാസവും, അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതത്തിൽ എൻെറ ശബ്ദം നീ കേൾക്കണമെ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു കരുണ തോന്നണമെ. കർത്താവേ, ഞങ്ങളെല്ലാവരുടെയും പാപങ്ങൾപരിഹരിച്ചുക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ നിൻെറ വലത്തുകൈ ആവസിപ്പിച്ച് നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെപാപരോഗത്തെസൗഖ്യമാക്കണമെ.ആമ്മീൻ.

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܫܘܒܚܐ ܕܒܩܝܡܗ ܚܕܝܘ ܥܝܪܐ ܪܘܡܐ

ܒܩܝܡܗ ܐܩܝܡ ܠܢ ܘܐܬܬܪܘܡܡܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ⁜ ܘܬܘܕܝܬܐ ܠܪܘܚܐ ܩܕܝܫܬܐ

ܘܬܘܡܒܪܟܬܐ ⁜ ܘܛܝܒܘܬܐ ܘܚܢܢܐ ܘܪܚܡܐ ⁜ ܢܗܘܢ ܥܠܝܢ

ܬܪܥܐ ܕܨܗܝܘܢ ܢܬܦܬܚܘܢ ⁜ ܘܒܥܘܬܢ ܬܥܘܠ ܩܕܡ ܬܪܘܢ

ܘܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܘܐܦܣܩ ܚܘܒܝܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❋ ܐܡܝܢ ❋

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

വിശ്വാസപ്രമാണം

പെസഹാവ്യാഴാഴ്ച മൂന്നാം മണി - പേജ് 236

കൗമാ

ܒܝܕ ܦܨܚܟ ܕܚܠܦܢ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܚܘܒܗ ܦܪܩܗ ܠܥܠܡܐ ܒܨܒܝܢܗ
ܒܕܡܗ ܐܦܨܢ ܠܢ ܘܐܬܪܥܝܢܝܢ ✣ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ✣ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ✣ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ✣ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ✣ ܘܒܥܘܬܢ ܬܥܘܠ ܩܕܡ ܡܪܢ
ܕܡܫܝܚܐ ✣ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✣ ܒܪܟܡܪܝ ✣

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ

വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറമേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽഎന്നെവെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറരക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെരക്ഷിച്ചുകൊള്ളണമെ. എൻെറനാവ് നിൻെറനീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----

എനിയോനോ - ഹൗദ്ഉഹദോനോ എന്നപോലെ

1 തിരുമെയ്രക്തങ്ങൾ, വഴിയായ് തൻെറ
മരണത്തേയുമുയിർപ്പിനെയും
ഓർക്കണമെന്നുര ചെയ്തോനേ
നിൻ മുൻ വ-ന്നേൻ കൃപ ചെയ്കെന്മേൽ.

2 തൻ പെസഹായാലെ, പഴയതു നീക്കി
ജീവനെഴും തിരു രക്തത്താൽ
പുതിയതുറപ്പിച്ചോൻ ധന്യൻ
നിൻ മുൻ വ-ന്നേൻ കൃപ ചെയ്കെന്മേൽ.

3 നിൻ പെസഹാനാളിൽ, പാവന സഭയെ

നിൻ മരണത്താൽ ശ്രീയരുളി
നിൻ കൃപകൊണ്ടു നിറയ്ക്കണമെ
നിൻ മുൻ വ-ന്നേൻ കൃപ ചെയ്കെന്മേൽ.

4 തൻ പെസഹായാലെ, തിരുസഭയീന്നും
മുടിയനെ രോധിച്ചോൻ ധന്യൻ
സഭനിന്നെയിതാ കീർത്തിപ്പൂ നിൻ മുൻ വ-ന്നേൻ
കൃപ ചെയ്കെന്മേൽ. ബാറെക്മോർ. † ശുബഹോ-- മെന്ഓലാം--

5 കരുണാനിധി മശിഹാ, തെറ്റുകൾ നീക്കി
നിന്നേയും നിൻ താതനെയും റൂഹായേയും വന്ദിപ്പാൻ
ഞങ്ങ-ളെ ബുദ്ധിക്കൊളിയേക. സ്തൗമെൻകാലോസ്----

ܦܪܽܘܡܝܳܘܢ

ܫܽܘܒ݂ܚܳܐ ܠܪܳܡܳܐ ❉ ܗ̇ܘ ܕܪܳܡ ܘܡܰܪܝܡ ܘܰܬ݂ܘܺܝܳܐ ܠܗ̇ ܠܟܽܠ

ܘܰܡܫܰܒ݂ܚܳܐ ܒܟܽܠ ܘܕܚܺܝܠ ❉ ܠܰܡܫܺܝܚܳܐ ܡܳܪܰܢ ܘܰܐܠܳܗܰܢ ܘܰܐܝܬ݂ ܟܽܠܗܽܘܢ

ܘܰܡܫܰܒܚܳܐ ܐܝܬ݂ ܕܶܐܠ ܒ݁ܟ݂ܽܠ ܐܰܚܝܳܢܳܐ ܒܟ݂ܽܠ ܐܰܚܪ

ܘܰܒ݂ܟ݂ܽܠܶܗ ܫܠܳܡܳܐ ܫܡܳܐ ❉

തൻെറ ഔന്നത്യത്തെ താഴ്മയുടെ ഇങ്ങേയറ്റംവരെ താഴ്ത്തിയവനായി തൻെറ ഉൺമയിൽ ഉന്നതനും മഹോന്നതനും തൻെറ പ്രത്യക്ഷതയാൽ താഴ്മയെ ഔന്നത്യത്തിൻെറ സ്ഥിരമാർഗ്ഗമായി കാണിച്ചവനായി ഭയങ്കരനും അത്യുഗ്രനും തൻെറ അദൃശ്യാവസ്ഥയിൽ മഹത്വമുള്ളവനും താഴെ തൻെറ കൃപമൂലം മൺമയരായ തൻെറപരിചാരകന്മാരെ സദയംശുശ്രൂഷിച്ചവനായി തൻെറ ശുശ്രൂഷയിൽ അഗ്നിമയന്മാരായ ശുശ്രൂഷകന്മാർ

ഭയത്തോടെ ജാഗരൂകരായിരിക്കുന്നവനും മുകളിലുള്ളവർ തൻെറ മഹത്വത്തിൽ വിറയലോടെ ചൂളുന്നവനും താഴെയുള്ളവരുടെ ഇടയിൽ വിനീതനായി ശിഷ്യന്മാരെ ശുശ്രൂഷിപ്പാൻ ശുഷ്ക്കാന്തിയോടെ ഇരുന്നവനും ശുശ്രൂഷ ഏൽപ്പാനല്ല ശുശ്രൂഷ ചെയ്‌വാനും പലരുടേയും രക്ഷയ്ക്കായി തന്നെ വിട്ടുകൊടുപ്പാനും ആയി ലോകത്തിലേക്ക് എഴുന്നെള്ളിയവനും ആയ കർത്താവിന് സ്തുതി. തനിക്ക് മൂന്നാം മണിയുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

[illegible]

സാരാംശത്തിൽ പിതാവിനോടും പരിശുദ്ധറൂഹായോടും ഒന്നായിരിക്കുന്ന നിത്യനും കാലാതീതനുമായ വചനമായ ദൈവമേ, നിൻെറ ദൈവത്വത്തിൻെറ ഏകമനസ്സാൽ മനുഷ്യൻെറ സാദൃശ്യത്തിൽ നീ കാലാധീനനായിത്തീരുകയും നിൻെറ അപരിമിതമായ കരുണയാൽ പാപമൊഴികെ സകലത്തിലും ഞങ്ങളെപ്പോലെ ആയിത്തീരുകയും ഞങ്ങളുടെ സ്വഭാവപ്രകാരമെല്ലാം നിവൃത്തിക്കുകയും ചെയ്തു. നിൻെറ വ്യാപാരത്തിൻെറ അവസാനത്തിലേക്ക് നീ എത്തിയപ്പോൾ പാപത്തേയും മരണത്തേയും കൊല്ലുവാനായിട്ട് കുറ്റരഹിതമായി നിൻെറസ്വാഭാവികമായ യഥാർത്ഥ കഷ്ടതകളാൽ ഞങ്ങളുടെ കഷ്ടതകളെ കയ്യേൽപ്പാനും

അവയിൽനിന്ന് ഞങ്ങളെ വിടർത്തുവാനും അവയാൽ കുരിശു മരണത്തിലേക്ക് വരുവാനും നീ നിശ്ചയിച്ചു. മരണമില്ലാത്തവനായ നിൻെറ വിനയത്തിൻെറ ആദർശം പരമാർത്ഥികളായ നിൻെറ ശിഷ്യന്മാർമൂലം ഞങ്ങളെ ഏൽപ്പിപ്പാനായിട്ട് നിൻെറ മനുഷ്യസ്നേഹത്താൽ നിനക്ക് തിരുവുള്ളം ഉണ്ടായി ഒരു നിന്ദ്യനായ മനുഷ്യനെപ്പോലെ നീ തൂവാല എടുത്ത് അരയിൽ കെട്ടി അവരുടെ കാൽ കഴുകി ഉത്തമസ്നേഹത്തിൻെറ രഹസ്യം സ്പഷ്ടമായി ഞങ്ങളെ ഗ്രഹിപ്പിച്ചു. നിൻെറ കൃപാധനം കൽപ്പിച്ചു തന്നതിനു പകരം നിന്നെ പ്രസാദിപ്പിക്കുന്ന സ്തുതിയും കീർത്തനവും കൃതജ്ഞതയും ആകുന്ന ഫലങ്ങളെ നിൻെറ കൃപയ്ക്ക് നിവേദിപ്പാൻ ഞങ്ങൾ യോഗ്യരാ കണമെ. ഞങ്ങളുടെ കർത്താവേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നത് എന്തെന്നാൽ നിൻെറ തത്വങ്ങളുടെ സ്വരൂപം ഞങ്ങളുടെ ആത്മാക്കളിൽ സമ്പൂർണ്ണമായി പതിക്കുവാനും രക്ഷാകരമായ നിൻെറ കൽപ്പനകളെ വിനയമുള്ള മനസ്സോടെ നിർവ്വഹിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിൻെറ ഉപദേശത്തെ പിൻതുടർന്നുകൊണ്ട് തമ്മിൽ തമ്മിൽ കാൽ കഴുകുമാറാക ണമെ. നിൻെറ ദയയോട് പ്രാർത്ഥിക്കുന്നതെന്തെന്നാൽ ഞങ്ങളുടെ ജഡീകകാലുകളെ കഴുകുന്നതിനോടുകൂടെ ആന്തരീക ശത്രുക്കളുടെ പ്രയോഗത്തിൽ രഹസ്യവും പരസ്യവുമായ ചിന്തകൾനിമിത്തം ഞങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന എല്ലാ ദോഷങ്ങളേയും കഴുകിക്കളഞ്ഞ്

നിർമ്മലീകരിക്കണമെ. നിൻെറ യഥാർത്ഥ ശിഷ്യത്വത്താൽ ഞങ്ങൾ പൂർണ്ണരാകുവാനും ആന്തരികമായ സർപ്പത്തിൻെറ കടികളിൽനിന്നും മുറിവുകളിൽനിന്നും ഞങ്ങളുടെ കാലടികളെ പൂർണ്ണമായി വേർപ്പെടുത്തി ശുദ്ധീകരിച്ച് ധൈര്യത്തോടുംശക്തിയോടും അതിൻെറമേലും അതിൻെറ എല്ലാശക്തിമേലും ചവിട്ടുവാനും നീ ഞങ്ങൾക്ക് കൃപനൽകണമെ. സത്യവിശ്വാസത്താലും ഏവൻഗേലിയോൻെറ കൽപ്പനകളാലും നിൻെറ വിശുദ്ധ ശ്ലീഹന്മാർക്ക് നീ നൽകിയിട്ടുള്ള സ്നേഹം സമാധാനം എന്നിവയുടെ പൂർണ്ണതയാലും ഞങ്ങൾ ബന്ധിക്കപ്പെടുമാറാകണമെ. അവരുടെ പരിശുദ്ധ പ്രാർത്ഥനകളാൽ അവിടെ അവർക്കായി കരുതിവച്ചിട്ടുള്ള ഭാഗ്യം അനുഭവിപ്പാൻ അവരോടുകൂടെഞങ്ങളുംവന്നുചേരുമാറാകണമെ. നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും ആദരവും വന്ദനവും ഞങ്ങൾ കരേറ്റുമാറാകണമെ. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ശിഷ്യന്മാരെല്ലാവരും, ഇളയവൻമുതൽ മൂത്തവൻവരെ കഴുകപ്പെട്ടു. ശെമഓൻെറ അടുക്കൽ താൻ എത്തിയപ്പോൾ 'കർത്താവേ, നീ എൻെറ പാദങ്ങൾ കഴുകരുതേ' എന്നവൻ പറഞ്ഞു. അപ്പോൾ കർത്താവ് അവനോട് 'നീ എൻെറ ഹിതത്തിനെതിരായി നിൽക്കുന്നുവെങ്കിൽ നിനക്ക് എന്നോ

ടൊരുമിച്ച് ഓഹരിയില്ല' എന്ന് അരുളിച്ചെയ്തു. കീപ്പാ ഭ്രമിച്ച് തന്നോട്, എന്റെ തലയും എന്റെ ശരീരവുംകൂടെ കഴുകി വെടിപ്പാക്കണമെ എന്ന് പറഞ്ഞു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ദൈവം സീനായിമലയിൽവെച്ച് വലിയവനായ മോശയോട് മേഘത്തിലും അന്ധതമസ്സിലും സംസാരിച്ചപ്പോൾ അവനെ മഹത്ത്വവും തേജസ്സും ധരിപ്പിച്ചു. തന്റെ യോഗ്യതയേറിയ മഹത്വദർശനത്താൽ മോശയെ തേജസ്സണിയിച്ചവൻ ഇന്ന് മാളികയ്ക്കുള്ളിൽ കുനിഞ്ഞുനിന്നുകൊണ്ട് താൻ തിരുമനസ്സായി. നമ്മളിൽ നിന്നുള്ളവനായിത്തീർന്നു കൊണ്ട് തന്റെ ദാസന്മാരുടെ പാദങ്ങൾ കഴുകി. മൊറിയോ---

Qolo: Eno no nuhro shariro

1. The disciples were washed beginning with the youngest to the eldest. When He approached Simon, he answered, "Lord, do not wash my feet!" Then our Lord told him, "If you resist my will, you will have no share with me". Cephas was frightened and told Him, " Teacher, wash and purify my head as well as my body!". **Berekmore.**

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. On the Mount Sinai, the great Moses had put on glory and splendour, when God spoke to him in cloud and thick darkness. He who made Moses bright by the vision of his fair glory, today in the

Upper-room bows down and washes the feet of His servant, for He was pleased to become one among us. ***Moryo---*** **എത്രൊ**

തൻെറ ജീവിതംകൊണ്ട് നല്ല മാതൃക കാണിപ്പാനായി താഴ്മപൂണ്ട പരമോന്നതനായ കർത്താവേ, ഈ സമയത്ത് തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപം കൈക്കൊള്ളണമെ. ഞങ്ങളുടെആത്മാക്കളുടെ രഹസ്യമായ അവയവങ്ങളിൽനിന്ന് പാപത്തിൻെറ ഗൂഢമായമാലിന്യത്തെ കഴുകിക്കളെയുവാനും നിർമ്മലരും നിഷ്ക്കളങ്കരുമായിത്തീരുവാനും ഞങ്ങളെ അർഹരാക്കണമെ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ നിൻെറ മഹിമയുള്ള പുനരുത്ഥാനത്തിൽ എന്നേക്കും സന്തോഷിപ്പാനും നിനക്ക് നിർമ്മല സ്തുതികൾ പാടുവാനും ഞങ്ങൾ യോഗ്യരായിത്തീരണമെ. **മോറാൻ വാലോഹാൻ--**

The Exalted One who humbled Himself to give the beautiful example by His person, receive O Lord, this incense that we offer before You now. Hold us worthy to wash away the hidden dirt of sin from the hidden members of our souls, and may we become pure and unblemished. Hold us worthy to rejoice in Your glorious resurrection, and to sing pure praises to You, our Lord and God, forve ever. Amen.

വീണ്ടും കോലോ

കർത്താവേ, കൊലപാതകിയായ യൂദായുടെ കാലുകളെ നീ പിടിച്ച് സ്നേഹപൂർവ്വം കഴുകിയത് എത്രയോ അത്ഭുതമാകുന്നു. അവൻെറപുറമെയുള്ളചെളി നീ തുടച്ചു കളഞ്ഞുവെങ്കിലും അവൻെറ ഹൃദയത്തിൽനിന്ന് അസൂയയാകുന്ന നിന്ദ്യമായ ചെളികഴുകപ്പെട്ടില്ല. അവന് എന്നേക്കും ഹാ കഷ്ടം. ബാറെക്മോർ.† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം--

വെള്ളത്തിൽനിന്നുംവീഞ്ഞിൽനിന്നും കലർത്തിയകാസാ താൻ എടുത്ത് അതേപ്പറ്റി സ്തോത്രംചെയ്ത് അതിനെ ശുദ്ധീകരിച്ച് തൻെറ ശിഷ്യന്മാർക്കു നൽകി. “നിങ്ങളെല്ലാവരും ഇതുവാങ്ങി പാനം ചെയ്യുവിൻ. ഇത് എൻെറ ജീവനുള്ള രക്തമാകുന്നു. എൻെറമരണത്തിൻെറയും ഉയിർത്തെഴുന്നേൽപ്പിൻെറയും ഓർമ്മയ്ക്കായി ഇപ്രകാരം നിങ്ങൾ ചെയ്വീൻ” എന്ന് അവരോട് കൽപ്പിച്ചു.

Qolo: Sohde pthah(w) gazaikun

1. It is amazing to see that You held the feet of Judas the murderer and by Your love, washed them. Though You purified his outside dirt, the dirt of jealousy from his heart was not washed away. Woe to him for ever. Berekmore.

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

2. He gave thanks over the cup mixed from wine and water, sanctified it and gave to His disciples, saying to them thus, “Take, drink of it all of you,

for this is my living blood. Do likewise for the memory of my death and resurrection.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܦܪܘܩܢ ܡܫܝܚܐ

ܒܪܝܟ ܗܘ ܩܘܒܠܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഉയിരിൻ കുഞ്ഞാ-ടിന്നാൾ തൻ-മെയ്
ഭാഗി-ച്ചേകി പന്തിരുവർ-ക്കായ്
    തൻ രക്ത-ത്താൽ മോദിപ്പിച്ചു
മെസറേം നാട്ടിൽ സൂചിപ്പി-ച്ച
കുഞ്ഞാ-ടിൻ കാ-ര്യം നിറവേ-റ്റി.

സഹ ശി-ഷ്യന്മാ-രെ കൈവി-ട്ടോൻ
പ്രതിപ-ക്ഷത്തിൽ താനേ ചേർ-ന്നോൻ
    ചിന്താഹീനം ശത്രുക്കൾക്കായ്
ഗുരുനാ-ഥനെയ-ങ്ങൊറ്റിയ യൂദാ
എന്നെ-ന്നേയ്ക്കും ശാപാർഹൻ താൻ.

പ്രമുഖാ-ചാര്യാ നീ ധന്യൻ താൻ
സ്തോത്രം സർവ്വം നീയർഹിപ്പൂ
    നീചാ-ത്മാവാം യൂദായെ നീ
രോധി-ക്കാതെ ക്ഷമയോടേറ്റു
താതൻ റൂഹാ-യെന്നിവർ ധന്യർ.
നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ

വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܳܚܶܡ ܠܗܽܘ ܠܚܰܛܳܝܳܐ ܕܬܳܐܶܒ

ܠܒܢ̈ܰܝ ܐ̱ܢܳܫܳܐ ܡܳܪܝ ܠܳܐ ܬܚܰܝܶܒ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܒܚܰܫ̈ܰܝܟ ܣܰܓܝ̈ܐܶܐ ܕܚܰܫܶܫܬ

ܡܶܛܽܠܳܬܰܢ ܐܶܬܪܰܚܰܡ ܥܠܰܝܢ ⁜

ܘܰܒܚܰܫܳܐ ܕܨܠܺܝܒܳܟ ܢܶܫܟܰܚ ܒܶܗ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ഉയിരേകും നിർമ്മലമപ്പം ശിഷ്യസമൂഹം ഭക്ഷിച്ചു
പരമാർത്ഥികളതു മശിഹാ തൻ
തനുവാണെന്നുള്ളിൽ കരുതി
വീഞ്ഞു പകർന്നൊരു കാസായാം
വാഴ്ത്തി പരിപാവനമാക്കി. ദേവാ ദയ---

2 ലോകർക്കായ് ചൊരിയപ്പെടുമെൻ
രക്തമിതെന്നുടയോനരുളി
എൻ മൃതിയാം പുതുനിയമത്തിൻ
മെയ്രക്തങ്ങൾ കൈക്കൊൾവിൻ
സർവ്വസമൂഹങ്ങളുമൊന്നായ് പള്ളികളിൽ ചേരുന്നേരം

ഇവിടെ കണ്ടതുപോൽ നിങ്ങൾ
എന്നോർമ്മയ്ക്കായ് ചെയ്തിടുവിൻ. ദേവാ ദയ--

3 നീ പരിശുദ്ധൻ പരിശുദ്ധൻ
നിൻ ബഹുമാനം ധന്യമതെ-
ന്നാഭീകരരാം സ്രോപ്പേന്മാർ
കീർത്തിപ്പോനെ സ്തോത്രം തേ
കനിവാൽ കഷ്ടതയും മൃതിയും
ഏൽപ്പാൻ വന്നോനേ സ്തോത്രം
നീ അതിരില്ലാതെന്നെന്നും
ദുഷ്ടന്മാരോടലിവുള്ളോൻ. ദേവാ ദയ--

4 സൃഷ്ടികളുടെ മഹിമാവാം നീ
സൃഷ്ടികളാലെല്ലാം സ്തുത്യൻ
താവക രക്തശരീരങ്ങൾ
കൈക്കൊണ്ടോർ നിന്നെ വാഴ്ത്തും
സ്തുതി നിൻ പേർക്കും പ്രേഷകനാം
താതന്നും റൂഹ്ക്കുദിശായ്ക്കും
പാപികളാം ഞങ്ങൾക്കെന്നും
പാപക്ഷമയുണ്ടാകട്ടെ. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാലേലൂയ്യാ ഹാ- എന്നവനുടെ നാമം മൃതിയാൽ മായും

എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു ഹാലേലൂയ്യാ

വി. യോഹന്നാൻ 12. 20 - 36

ܒܙܒܢܐ ܗܘܝܢܐ ܘܒܠܠܝܢ ܘܒܠܠܘܗܝ ܦܪܘܩܢ ܠܬܠܡܝܕܘܗܝ ⁜ܩܕܝܫܐ⁜

ܘܐܝܠܝܢ ܩܝܡ ܡܢ ܗܘܐ ܡܫܝܚܐ ⁜ ܫܘܒܚܐ ܠܟܘܢ ⁜

യേശു അവരോട് ഇപ്രകാരം പറഞ്ഞു. മനുഷ്യപുത്രൻ മഹത്വീകരിക്കേണ്ട സമയമായിരിക്കുന്നു. സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പുമണി നിലത്തുവീണ് അഴുകുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കും. അഴുകുന്നെങ്കിലോ വളരെ ഫലംനൽകും. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അത് നശിപ്പിക്കും. ഈ ലോകത്തിൽ തൻെറ ജീവനെ ദ്വേഷിക്കുന്നവൻ നിത്യ ജീവനുവേണ്ടി അത് കാത്തുസൂക്ഷിക്കും എന്നെ ശുശ്രൂഷി ക്കുന്നവൻ എൻെറ പിന്നാലെവരട്ടെ, ഞാൻ ഇരിക്കുന്നിട ത്തുതന്നെ എൻെറ ശുശ്രൂഷകനും ഇരിക്കും. എൻെറ ശുശ്രൂഷകനെ പിതാവ് ആദരിക്കുകയും ചെയ്യും. ഇപ്പോൾ ഇതാ എൻെറ മനസ്സ്അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടൂ. എൻെറ പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമെ. അല്ല, ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിൽ ഞാൻ വന്നുചേർന്നിരിക്കുന്നത്. പിതാവേ, നിൻെറ നാമം മഹത്വപ്പെടുത്തണമെ. അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന്, ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്വപ്പെടുത്തുകയുംചെയ്യും എന്നൊരു ശബ്ദമുണ്ടായി.

അവിടെ നിന്നിരുന്ന ജനം അതുകേട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ഒരു മാലാഖ അവനോടു സംസാരിച്ചതാണെന്ന് മറ്റുചിലർ പറഞ്ഞു. അപ്പോൾ യേശു അവരോട്, ശബ്ദമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കു വേണ്ടിയാകുന്നു. ഈ ലോകത്തിൻെറ ന്യായവിധി ഇപ്പോഴാകുന്നു. ഇപ്പോൾ ഈ ലോകത്തിൻെറ അധിപതി പുറത്തു തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും എന്നു പറഞ്ഞു. ഏതു പ്രകാരമുള്ള മരണം തനിക്ക് അനുഭവിക്കേണ്ടിയിരിക്കുന്നു എന്നുസൂചിപ്പിക്കുവാനായിരുന്നു അവൻ ഇങ്ങനെ പറഞ്ഞത്. ജനക്കൂട്ടം യേശുവിനോട്, മശിഹാ എന്നേക്കും ഇരിക്കുമെന്ന് ഞങ്ങൾ ന്യായപ്രമാണത്തിൽ നിന്ന് കേട്ടിട്ടുണ്ട്. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടുമെന്ന് നീ പറയുന്നതെന്ത്, ഈ മനുഷ്യപുത്രൻ ആരാണ് എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞു. ഇനി കുറച്ചുകാലം പ്രകാശം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. അന്ധകാരം നിങ്ങളെ കീഴ്പ്പെടുത്താതിരിക്കുവാൻ വെളിച്ചമുള്ളപ്പോൾ തന്നെ അതിൽ നടന്നുകൊൾവിൻ. ഇരുട്ടിൽ നടക്കുന്നവൻ എവിടേക്കു പോകുന്നുവെന്ന് അറിയുന്നില്ല. നിങ്ങൾ പ്രകാശത്തിൻെറ സന്താനങ്ങൾ ആകുവാൻ, പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ എന്നു താൻ കൽപ്പിച്ച് അരുളിച്ചെയ്തു. ⁜ ܫܘܒܚܐ ܠܡܫܝܚܐ ⁜ ܡܘܪܝܐ

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy
Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܨܚܗ ܥܒܪܗ ܠܦܨܚܐ ܦܨܚܢ
ܒܦܨܚܟ ܐܦܨܚ ܠܢ ܘܐܬܪܚܡܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܒܐ * ܘܠܪܘܚܐ ܩܘܕܫܐ ܫܒܝܚܬܐ
ܘܬܘܕܝܬܐ * ܘܥܠܡܝܢ ܐܡܝܢ ܘܐܡܝܢ * ܢܠܒܫܘܢ
ܠܐܒܐ ܐܘܫܥܢܐ ܕܠܗܠ * ܘܢܝܚܐ ܟܠܗܝܢ ܡܢ ܩܕܡ
ܘܡܫܝܚܐ * ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വായനക്കാരൻ, **നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിൻേറയും രക്ഷയുടേയും ശബ്ദം എന്ന് പരിശുദ്ധ റൂഹാ പാടി**

പഴമ വായന - വിശുദ്ധ കുർബാന

Exodus 12: 1 - 11, Leviticus 16: 3 - 10

Ezekiel 45: 18 - 25

Holy Eucharist

Acts. 1: 15 - 20, 1 Corinthians 5: 1 - 8, 11. 23 - 34

വിശുദ്ധ കുർബാന

വിശുദ്ധ കുർബാനയ്ക്കായി തിരശ്ശീല നീക്കുന്നതിനുമുമ്പ്

പെത്ഗോമൊ: **കർത്താവേ പ്രാർത്ഥന കേട്ടരുൾ ഹാലേ--**

കൈക്കൊള്ളണമഹരോനണച്ചതുപോലെ ധൂപമിതും

കൊണ്ടടിയാർ ശുശ്രൂഷയെ നിനുവയരിൻ യാചനപോൽ

കടലതിൽയൗനാനെന്നപോലെ-കനിയുകദാസന്മാരിലെന്നും

കർത്താവേ നിലവിളി കേട്ടരുൾ ഹാലേലുയ്യാ

തീരുക തിരുനാമത്തിനു സുഖകരമാ-യീ ധൂപം

തൃക്കരെളന്നലിവിന്നനുകൂലമതാം മൂലവുമായ്

നിരപ്പാകണമെദൈവമേനിൻ നിരുപമകൃപയാൽ ഞങ്ങളോട്.

എന്നും സ്തുതിനിൻ കനിവിനു കനിവേറും രക്ഷകനെ

എത്രനിറഞ്ഞിന്നെങ്ങും കാണുന്നു നിൻ ദാനം

നിനുവയരോടുണ്ടായകോപം നിലവിളിയാൽനീനിക്കിയല്ലോ

അഹരോൻെറയുമാ സ്ക്കറിയാ തന്നുടെയും ധൂപമതും
മരണത്തെനീക്കിയ ഫിനഹാസിൻ പ്രാർത്ഥനയുംപോൽ
അടിയാരുടെധൂപത്തേയും അൻപുടയോനെ കൈക്കൊൾക.

എരിതീ നിരവിട്ടീറേദൂതനിറങ്ങിച്ചെന്ന്
ഇതമൊടുമറിയാം ഗൃഹമതിൽ നസ്രേത്തിൽ ചൊല്ലിയിത്
നിന്നൊടുകൂടെ കർത്താവീ മന്നിടമഖിലം പാലിപ്പോൻ.

മുൾമരമെരിയാതെരീതൻ നടുവിൽ കണ്ടതുപോൽ
ചിൻമയനമ്മറിയാമിൽ വസിച്ചു ശരീരം പൂണ്ടു
അതിനാൽഭംഗവുമക്കന്യാ വ്രതമുദ്രയ്ക്കുണ്ടായില്ല.

ലോകം താതസഹോദരർ ജാതിയതും തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം സ്നേഹിച്ച
സഹദേന്മാരെസദാകാലം സ്മരണം ചെയ്‌വതുനന്നേറ്റം

തൂക്കപ്പെട്ടുമരത്തിൽ വിലാവുതുറന്നാച്ചവളം
രക്തം വെള്ളമോടൊഴുകും മശിഹായെ സഹദേന്മാർ
കണ്ടങ്ങോടി മരിപ്പാനായ് കർത്താവിൻ പേർക്കെല്ലാരും

വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം വെളിവും നീ
കാന്ത്യാംങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും

വെളിവിൻതട്ടിൽ വസിക്കും പുണ്യനിധേ പരിശുദ്ധാ
വേണ്ടാകഷ്ടത വീൺചിന്തയുമടിയാ-രീന്നൊഴിക്ക
സൽക്രിയകൾക്കു മനഃശു-ദ്ധ്യാ സംഗതിവരണേ ഞങ്ങൾക്ക്.

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബ്രാഹാം തൻ ബലിയും കൈക്കൊണ്ട കർത്താവേ
നോമ്പുംപ്രാർത്ഥനയും കൈക്കൊണ്ടൻപാലടിയാരെകാക്ക

മോചനമതിനായ് പാപികളേ വരുവിൻ യാചിപ്പിൻ
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ തൻ വാതിൽ
യാചിക്കുന്നോൻ പ്രാപിക്കും അന്വേഷിപ്പോൻകൈക്കൊള്ളും.

കർത്താവേ നിൻ രക്തശരീരങ്ങൾ കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമെ നല്ലോർമ്മ
നിൻെറമഹത്വമുദിക്കുംനാൾ നിൽക്കണമവർവലഭാഗത്ത്

പരസ്യമായ വിശുദ്ധ കുർബാന - ഒന്നാം ഭാഗം

പട്ടക്കാരൻ. നിന്നെപ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും ഞങ്ങളോടു കരുണ ചെയ്യണമെ.

ജനം.നിന്മാതാവുവിശുദ്ധന്മാർ എന്നിവർതൻ പ്രാർത്ഥനയാൽ
സ്വർഗ്ഗപിതാവിന്നേകസുതാ വചനമതാം രാജാധീശാ
നിന്നെവാഴ്ത്തും ഞാൻ, സഹജമതായ് മൃതിരഹിതാ
കാരുണ്യത്താൽ, മർത്യന്മാർതൻ, വർഗ്ഗത്തിനുമുഴുവൻ
ജീവനതും രക്ഷയുമേകാനാഗതനായ്,
വിമലശുചിയെ-ന്നിവയുള്ള, മഹിമാവിയലും,
ദൈവജനിത്രി കന്യകയാം മറിയാമീന്നും,
ഭേതമതെന്യേ മാനവനായി, † ക്രൂശിതനായ
ഞങ്ങൾക്കുടയോനാം മശിഹാ, നിജമൃതിയാലിവർതൻ,
മൃതിയെമെതിച്ചു നിഹനിച്ചോനേ,

അപ്പരിപാവനത്രിത്വൈകാ, സ്വപിതാവോടൊപ്പംജീവനെഴും,
റൂഹ്കുദിശാ സഹിതം വന്ദിതനേ
പരികീർത്തിതനേ കൃപചെയ്യേണം.

പട്ടക്കാരൻ. പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ

ജനം. മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

ഭൂവിലശേഷം, ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർപോയ് ജാതികളിടയിൽ,
ഭൂതലസീമയതോളം നല്ലേവൻഗേല്യോൻ
കൈകൊൾവോർക്കൊക്കെയെഴും,
ഭാഗ്യമിതെന്നറിയിച്ചു, സ്വർഗ്ഗമഹാരാജ്യം.

ശുശ്രൂഷക്കാരൻ. പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽനിന്നും ബാറെക്മോർ. അപ്പോ. 1. 15-20

ജനം.ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ. അപ്പോ. 1. 15-20

ആ കാലത്ത് ഏകദേശം നൂറ്റിയിരുപതുപേരുള്ള ഒരു സംഘം കൂടിയിരിക്കുമ്പോൾ പത്രോസ് സഹോദരന്മാരുടെ നടുവിൽ എഴുന്നേറ്റുനിന്നു പറഞ്ഞത്. സഹോദരന്മാരായ പുരുഷന്മാരേ, യേശുവിനെ പിടിച്ചവർക്കു വഴികാട്ടിയായി ത്തീർന്ന യൂദായെക്കുറിച്ചു പരിശുദ്ധാത്മാവ് ദാവീദുമുഖാ ന്തരം മുൻപറഞ്ഞ തിരുവെഴുത്തിന് നിവൃത്തിവരുവാൻ ആവശ്യമായിരുന്നു. അവൻ ഞങ്ങളുടെ എണ്ണത്തിൽ ഉൾപ്പെ ട്ടവനായി ഈ ശുശ്രൂഷയിൽ പങ്കു ലഭിച്ചിരുന്നുവല്ലോ. അവൻ അനീതിയുടെ കൂലികൊണ്ട് ഒരു നിലം മേടിച്ചു

തലകീഴായിവീണു നടുവേ പിളർന്ന് അവൻെറ കുടലെല്ലാം തുറിച്ചുപോയി. അത് യെരുശലേമിൽപാർക്കുന്ന എല്ലാവരും അറിഞ്ഞതാകകൊണ്ട് ആ നിലത്തിന് അവരുടെ ഭാഷയിൽ രക്തനിലം എന്നർത്ഥമുള്ള അക്കൽദാമാ എന്നു പേരായി. സങ്കീർത്തനപുസ്തകത്തിൽ, 'അവൻെ വാസസ്ഥലം ശൂന്യമായിപ്പോകട്ടെ. അതിൽ ആരും പാർക്കാതിരിക്കട്ടെ', എന്നും 'അവൻെറ അദ്ധ്യക്ഷസ്ഥാനം മറ്റൊരുത്തനു ലഭിക്കട്ടെ' എന്നും എഴുതിയിരിക്കുന്നു. ബാറെക്മോർ.

ദൈവമായ കർത്താവേ, ഈ സമയത്ത് തിരുമുമ്പാകെയുള്ള ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻേറയും നിൻെറ ദിവ്യ ശ്ലീഹന്മാരുടേയും വിശുദ്ധ സഭയുടെ പണിക്കാരനും, പ്രധാനശിൽപ്പിയുമായ പൗലോസിൻേറയും കൽപ്പനകൾ വെടിപ്പോടും വിശുദ്ധിയോടും കൂടെ ആചരിപ്പാൻ എന്നും ഞങ്ങളെ യോഗ്യരാക്കണമെ.

പൗ-ലൊസ് ശ്ലീഹാ ധന്യൻചൊൽ കേ-ട്ടൻ ഇതേ-വം
നിങ്ങളെ ഞങ്ങൾ അറിയിച്ചതെതിരായ്
വേറൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലും ആ ദൂ~~തൻ
താനേൽക്കും സഭയിൻ ശാ--പം
പലതരമുപദേശ-ങ്ങളഹോ, പാരിൽ മുളച്ചുപരക്കുന്നു
ദൈവത്തിൻ ഉപദേശംതൊട്ട്,
അവസാനിപ്പിപ്പോൻ ധ--ന്യൻ.

ശുശ്രൂഷക്കാരൻ. പരിശുദ്ധനായ പൗലോസ് ശ്ലീഹാ കോരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ നിന്നും ബാറെക്മോർ. 1 കോരിന്ത്യർ 5:1-8 or 11. 17 - 34

ജനം. ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തൻെറ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

5:1-8; നിങ്ങളുടെ ഇടയിൽ ദുർന്നടപ്പ് ഉണ്ടെന്ന് കേൾക്കുന്നു. ഒരുത്തൻ തൻെറ അപ്പൻെറ ഭാര്യയെ വച്ചുകൊള്ളുന്നു പോൽ; അതു ജാതികളിൽപോലും ഇല്ലാത്ത ദുർന്നടപ്പ് തന്നെ. എന്നിട്ടുംനിങ്ങൾചീർത്തിരിക്കുന്നു; ഈ ദുഷ്ക്കർമ്മം ചെയ്തവനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കുവാൻ തക്ക വണ്ണം നിങ്ങൾ ദുഃഖിച്ചിട്ടുമില്ല. ഞാനോ ശരീരംകൊണ്ട് ദൂരസ്ഥൻഎങ്കിലും ആത്മാവുകൊണ്ട് കൂടെയുള്ളവനായി. നിങ്ങളുടെ മദ്ധ്യേ ഇരിക്കുന്നവനായി തന്നെ. ഈ ദുഷ്ക്കർമ്മം ചെയ്തവനെക്കുറിച്ച് നിങ്ങളും എൻെറ ആത്മാവും നമ്മുടെ കർത്താവായ യേശുവിൻെറ ശക്തി യോടെ ഒന്നിച്ചു കൂടിയിട്ടു നമ്മുടെ കർത്താവായ യേശു വിൻെറ നാമത്തിൽ അവനെ, ആത്മാവ് കർത്താവായ യേശുവിൻെറ നാളിൽ രക്ഷിക്കപ്പെടേണ്ടതിനു ജഡസംഹാര ത്തിനായി സാത്താന്ഏൽപ്പിക്കേണം എന്നു വിധിച്ചിരിക്കുന്നു. നിങ്ങളുടെ പ്രശംസനന്നല്ല; അസാരംപുളിമാവു പിണ്ഡത്തെ മുഴുവനുംപുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ ? നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിനു പഴയപുളിമാവിനെ നീക്കിക്കളവിൻ നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു: ക്രിസ്തുതന്നെ.

ആകയാൽ നാം പഴയ പുളിമാവ്കൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായപുളിപ്പില്ലായ്മകൊണ്ടുതന്നെ ഉത്സവംആചരിക്ക.

11. 17-34, ഇനി ആജ്ഞാപിക്കാൻ പോകുന്നതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല. നിങ്ങൾ കൂടിവരുന്നതിനാൽ നന്മയ്ക്കല്ല, തിന്മയ്ക്കത്രെ ഇടയാകുന്നത്. ഒന്നാമതു നിങ്ങൾ സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്നു ഞാൻ കേൾക്കുന്നു. ഏതാനും വിശ്വസിക്കുകയുംചെയ്യുന്നു. നിങ്ങളിൽകൊള്ളാകുന്നവർ വെളിവാകേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകേണ്ടത്തന്നെ. നിങ്ങൾ കൂടിവരുമ്പോൾ കർത്താവിൻെറ അത്താഴമല്ല കഴിക്കുന്നത്. ഭക്ഷണം കഴിക്കയിൽ ഒരോരുത്തൻ താന്താൻെറ അത്താഴം മുമ്പെ കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും മറ്റൊരുവൻ ലഹരിപിടിച്ചും ഇരിക്കുന്നു. തിന്നുവാനും കുടിപ്പാനും നിങ്ങൾക്കു വീടുകൾ ഇല്ലയോ? അല്ല, ദൈവത്തിൻെറ സഭയെ നിങ്ങൾ തുച്ഛീകരിച്ച്, ഇല്ലാത്തവനെ ലജ്ജിപ്പിക്കുന്നുവോ? നിങ്ങളോട് എന്തു പറയേണ്ടു? നിങ്ങളെ പുകഴ്ത്തുകയോ? ഇതിൻ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല. ഞാൻ കർത്താവിങ്കൽനിന്നും പ്രാപിക്കയും നിങ്ങൾക്ക് ഏൽപ്പിക്കയും ചെയ്തത്എന്തെന്നാൽ, കർത്താവായയേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി, ഇതു നിങ്ങൾക്കുവേണ്ടിയുള്ള എൻെറ ശരീരം. എൻെറ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നുപറഞ്ഞു. അവ്വണ്ണംതന്നെ അത്താഴം കഴിഞ്ഞശേഷം

അവൻ പാനപാത്രവും എടുത്തു. ഈ പാനപാത്രം എൻെറ രക്തത്തിൽ പുതിയനിയമം ആകുന്നു. ഇതു കുടിക്കുമ്പോ ഴൊക്കെയും എൻെറ ഓർമ്മയ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാന പാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവൻെറ മരണത്തെ പ്രസ്താവിക്കുന്നു. അതു കൊണ്ട് അയോഗ്യമായിഅപ്പംതിന്നുകയോ, കർത്താവിൻെറ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താ വിൻെറ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നത്താൻ ശോധനചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാപപാത്രത്തിൽനിന്നു കുടിക്കയും ചെയ്വാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീ രത്തെവിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയുംചെയ്യുന്നു. ഇതുഹേതുവായിട്ട് നിങ്ങളിൽപലരും ബലഹീനരും രോഗികളും ആകുന്നു. അനേകരും നിദ്ര കൊള്ളുന്നു. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുക യില്ല. വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു. ആകയാൽ സഹോദര ന്മാരേ, നിങ്ങൾ ഭക്ഷണംകഴിപ്പാൻകൂടുമ്പോൾ അന്യോന്യം കാത്തിരിപ്പിൻ. വല്ലവനും വിശക്കുന്നുവെങ്കിൽ നിങ്ങൾ ഒരുമിച്ചുകൂടുന്നതു ന്യായവിധിക്കു ഹേതുവാകാതിരിക്കേണ്ട തിന് അവൻ വീട്ടിൽവച്ചു ഭക്ഷണം കഴിക്കട്ടെ. ശേഷം കാര്യങ്ങളെ ഞാൻ വന്നിട്ടു ക്രമപ്പെടുത്തും. ബാറെക്മോർ.

ദൈവമായ കർത്താവേ, നിൻെറ ദിവ്യവചനങ്ങളുടെ ജ്ഞാനം ഞങ്ങൾക്കു നൽകി, നിൻെറ വിശുദ്ധ സുവിശേഷജ്ഞാനവും നിൻെറ നൽവരങ്ങളാകുന്ന സമ്പത്തും നിൻെറ പരിശുദ്ധാത്മദാനങ്ങളും കൊണ്ട് നിറയ്ക്കണമെ. സന്തോഷപൂർവ്വം നിൻെറ കൽപ്പനകൾ ആചരിക്കുവാനും നിൻെറ തിരുവിഷ്ടം അനുഷ്ടിച്ച് നിറവേറ്റുവാനും നിൻെറ അനുഗ്രഹങ്ങൾക്കും കരുണയ്ക്കും അർഹരായി ഭവിക്കുവാനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾക്ക് കൃപ നൽകണമെ.

ഹാലേലൂയ്യാ ഉ ഹാലേലുയ്യാ, സ്തുതി ബലികളണച്ചേറിടുവിൻ കർത്തൃപ്രാകാരേ നിർമ്മല കാഴ്ചയുമായ്, കർത്തനെ സ്തുതി മദ്ബഹാമുമ്പിൽ. ഹാലേലുയ്യാ.

ശുശ്രൂഷക്കാരൻ. ബാറെക്മോർ, നാം അടക്കത്തോടും, ഭയത്തോടും, വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമശിഹായുടെ, വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ നാം കേൾക്കണം.

വിശുദ്ധ കുർബ്ബാനയിലെ ഏവൻഗേലിയോൻ

വി. ലൂക്കോസ് 22. 14 - 30

ܠܡܪܝܐ ܡܫܝܚܐ ܘܠܒܢܝ ܢܒܝܘܗܝ ܠܟܠܟܘܢ ✠ ܫܠܡܐ ✠

ܘܥܡ ܪܘܚܟ ✠ ܡܢ ܐܘܢܓܠܝܘܢ ܩܕܝܫܐ ✠ ܡܒܣܪܢܘܬܗ ✠

സമയമായപ്പോൾ യേശു ഭക്ഷണത്തിനിരുന്നു. ശിഷ്യന്മാരും കൂടെയുണ്ടായിരുന്നു. യേശു അവരോട് അരുളിച്ചെയ്തു. ഞാൻ പീഢ സഹിക്കുന്നിതനുമുമ്പ് ഈ പെസഹ നിങ്ങളോടുകൂടെ ഭക്ഷിക്കുവാൻ അത്യധികം ആഗ്രഹിച്ചു.

എന്തെന്നാൽ ദൈവരാജ്യത്തിൽ ഇത് പൂർത്തിയാകുംവരെ ഇനി ഞാനിത്ഭക്ഷിക്കുകയില്ല എന്ന് നിങ്ങളോട് പറയുന്നു. അവൻ പാനപാത്രം എടുത്ത് സ്തോത്രംചെയ്തശേഷം പറഞ്ഞു. നിങ്ങൾ ഇതുവാങ്ങി അന്യോന്യം പങ്കിടുവിൻ. ദൈവരാജ്യം വരുന്നതുവരെ ഞാൻ മുന്തിരിച്ചാറ് കുടിക്കുകയില്ലെന്ന് നിങ്ങളോടു പറയുന്നു. പിന്നീട് അപ്പമെടുത്ത് സ്തോത്രംചെയ്ത് മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് യേശു പറഞ്ഞു. ഇത് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എൻെറശരീരമാകുന്നു. എൻെറ ഓർമ്മയ്ക്കായി ഇപ്രകാരം അനുഷ്ഠിക്കുവിൻ. അപ്രകാരംതന്നെ അത്താഴം കഴിഞ്ഞ ശേഷം പാനപാത്രം എടുത്ത് ഇപ്രകാരം പറഞ്ഞു. ഈ പാന പാത്രം നിങ്ങൾക്കുവേണ്ടിചൊരിയപ്പെടുന്ന എൻെറ രക്തം കൊണ്ടുള്ള പുതിയ ഉടമ്പടിയാകുന്നു. എങ്കിലും ഇതാ, എന്നെ ഒറ്റിക്കൊടുക്കുന്നവൻെറ കൈ മേശമേൽ ഉണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്നപോലെ മനുഷ്യപുത്രൻപോകുന്നു. എങ്കിലും അവനെഒറ്റിക്കൊടുക്കുന്ന മനുഷ്യന് ഹാ കഷ്ടം. തങ്ങളിൽ ആരായിരിക്കും അതുചെയ്യുകയെന്ന് അവർ പരസ്പരം ചോദിക്കുവാൻ തുടങ്ങി. തങ്ങളിൽ വലിയവൻ ആരെന്ന് അവരുടെഇടയിൽ ഒരു തർക്കം ഉണ്ടായി. യേശു അവരോട്ഇപ്രകാരംപറഞ്ഞു. വിജാതിയരുടെമേൽ അവരുടെ രാജാക്കന്മാർ കർത്തൃത്വം നടത്തുന്നു. തങ്ങളുടെമേൽ അധി കാരം ഉള്ളവരെ അവർ ഉപകാരികളായി കണക്കിടുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾഅങ്ങനെയാകരുത്. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും,

തലവൻ ശുശ്രൂഷകനെപ്പോലെയുംആയിരിക്കണം. ആരാണ് വലിയവൻ ? ഭക്ഷണത്തിനിരിക്കുന്നവനോ, ശുശ്രൂഷകനോ ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെയാകുന്നു. നിങ്ങളാണ് എൻെറ പരീക്ഷകളിൽ എന്നോടൊപ്പം നിലനിന്നവർ. എൻെറ പിതാവ് എനിക്ക് രാജ്യം വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ, ഞാനും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ മേശയിൽനിന്ന് ഭക്ഷിക്കുകയും കുടിക്കുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിൻെറ പന്ത്രണ്ട് ഗോത്രങ്ങളെയും ന്യായം വിധിക്കുകയുംചെയ്യും എന്ന് താൻ കൽപ്പിച്ചരുളിച്ചെയ്തു.

ܫܘܒܚܐ ܠܡܪܝܐ ܀ ܘܥܠܝܢ ܪܚܡܘܗܝ ܀

വിശുദ്ധ കുർബ്ബാനമദ്ധ്യേയുള്ള പ്രത്യേക ഗീതങ്ങൾ

ഏവൻഗേലിയോനു ശേഷം

ല്മൽക്കൂസ് റൗമോ

രഹസ്യം രഹസ്യം, കൂട്ടർക്കുമെനിക്കും, നാഥൻകൽപ്പിച്ചാൻ
ശിഷ്യർ മേടയിലർപ്പിച്ചോ-രീ മർമ്മം ദേവാഗാരേ
സ്ലീബായാൽ പരിരക്ഷിച്ച, രാജസുതൻതൻ പെസഹായായ്
ഇന്നോളം ഘോഷിച്ചീടുന്നു.

മാളികതന്നിൽ കൊണ്ടാടിയമർമ്മം, പാരം ശ്രേഷ്ഠതരം
ശിഷ്യന്മാരേ ഭക്ഷിപ്പിൻ, കാസായും പാനം ചെയ്വിൻ
സഭ കൂടുമ്പോഴെപ്പോഴും ഓർമ്മിയിതാഘോഷിക്കേണം.

ക-ർത്തൻ തൻ തിരുമെയ്, ഭാഗിച്ചോരന്തി, നേരം സ്തുതി
പാടാം, ഈറേന്മാർക്കുമഗമ്യൻ താൻ, കാരുണ്യത്താൽ
പാരാർന്നു, തരുവിൽ തൻെറ വിലാവീന്നും, ദുരിതഹരം
സോപ്പായാകും, തിരുരക്തം നീരൊടു വീഴ്ത്തുകയാൽ.

ശി-ഷ്യർകൂടി, മേടയിലീ നിശയിൽ, പുത്രൻ തന്മേനി
ഭാഗിച്ചു രുധിരം ചേർത്തു, ചൊന്നാനെൻമെയ് ഭക്ഷിപ്പിൻ
മമരക്തം പാനം ചെയ്വിൻ, വാനവരാജ്യത്തെന്മേശ-
യ്ക്കാഗതരായ് നിങ്ങളിരുന്നീടും.

നി-ങ്ങൾ സഹിതം, പെസഹാ ഭക്ഷിപ്പാൻ ശിഷ്യന്മാരെഞാൻ
വാഞ്ഛിച്ചേറ്റം ചെന്നോതിൻ, നിൻവീട്ടിൽ പെസഹാമർമ്മം
നിറവേറ്റാൻകാംക്ഷിക്കുന്നേൻ, അവനപ്പോൾ നിർദ്ദേശിക്കും
സൗധത്തിൽ ചെയ്യുക സന്നാഹം.

മി-സ്രേം നാട്ടിൽ, കുഞ്ഞാട്ടിൻകൊലയാൽ മുക്തിജനംനേടി
കർത്തൻ തൻശിഷ്യന്മാരാം പന്തിരുവർക്കായ് പങ്കിട്ട
അപ്പം വീഞ്ഞിഹ നമ്മളുടെ, മരണത്തെ ജീവിപ്പിച്ച
തൻ മൃതിയിൻ മർമ്മങ്ങൾ തന്നെ.

ര-ക്ഷകഗാത്രം, പേറിയ കബറാണീ, കൂദാശാപീഠം
അപ്പം വീഞ്ഞിഹ കല്ലറയിൽ, വയ്ക്കപ്പെട്ട ശരീരം താൻ
ഉത്ഥാനത്താൽ സാത്താനെ, പോരാട്ടത്തിൽ നേരിട്ട
കർത്താവി-ന്നാത്മാവാചാര്യൻ.

അല്ലെങ്കിൽ കൂക്കോയോ

സ്നേഹിതശിഷ്യസമന്വിതനായ് മോറാ-ആ-നീശോ
ആഘോഷിച്ചാൻ മാളികയിൽ പെസഹായിൻ പെരുന്നാൾ

ഞങ്ങളെ വടിവിൽ നരരൂപം പൂണ്ട
വചനാത്മകനാം കർത്താവേ സ്തോത്രം
ഹാലേലൂയ്യാ എല്ലാരും സാമോദം പാടി
നമ്മേ രക്ഷിപ്പാൻ പെസഹാ ബലിയായിത്തീർന്ന
ഹാലേലൂയ്യാ നാഥൻ സംസ്തുത്യൻ.

The celebrant returns to the altar, bows his head reverently and says the following prayer silently:

ഞങ്ങളോടുള്ള തന്റെ ജീവവചനങ്ങളെപ്രതി കർത്താവേശു മശിഹായ്ക്കും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തന്നെ അയച്ച പിതാവിനും, ഞങ്ങൾക്കു ജീവൻ നൽകുന്നവനായ ജീവനുള്ള പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും വന്ദനവും ഉണ്ടായിരിക്കട്ടെ.

സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

പ്രുമിയോൻ

പട്ടക്കാരൻ. നാമെല്ലാവരും നമസ്ക്കരിച്ച് കർത്താവിനോട് അനുഗ്രഹവും കരുണയും യാചിക്കണം.

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളോട് കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും പ്രാഭവവും പുകഴ്ചയും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും സദാ നേരത്തും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

Proemion

വിശുദ്ധീകരണം നൽകുന്ന കൂദാശകളെ ശുദ്ധീകരിക്കുന്നവനും, വെടിപ്പുനലകുന്ന കാഴ്ചകളെ അംഗീകരിക്കുന്നവനും, ഒരു പ്രാവശ്യമായി ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി പ്രാണാർപ്പണംചെയ്ത് തൻെറ രക്തംമൂലം ഞങ്ങളുടെ തെറ്റുകൾക്ക് വെടിപ്പുവരുത്തുകയും തൻെറ യാഗാർപ്പണം മൂലം ഭൂതലത്തിനു പാപപരിഹാരം നൽകുകയുംചെയ്തു മഹാ പ്രധാനാചാര്യനും ആയ കർത്താവിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.----

ശുശ്രൂഷക്കാരൻ. ബാറെക്മോർ, അനുഗ്രഹിക്കുന്നവനായ കർത്താവിൻെറ മുമ്പാകെയും, പുണ്യം നൽകുന്ന ബലി പീഠത്തിൻെറ മുമ്പാകെയും, ദിവ്യവും സ്വർഗ്ഗീയവുമായ ഈ വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും, ഭയങ്കരമായ ഈ വിശുദ്ധ കുർബാനയുടെ മുമ്പാകെയും ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ (ഈ വന്ദ്യപിതാവിൻെറ/പരിശുദ്ധ പിതാവിൻെറ) കൈകളാൽ കുന്തിരിക്കം വയ്ക്കപ്പെടുന്നു. നാമെല്ലാവരും നമസ്ക്കരിച്ച് കർത്താവിനോട് അനുഗ്രഹവും കരുണയും യാചിക്കണം.

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളോട് കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.

<u>ഹൂസോയോ</u>

പാപപരിഹാരം നൽകുന്നവനും, വെടിപ്പാക്കുന്നവനും, ഞങ്ങളുടെ അകൃത്യങ്ങളെ ക്ഷമിക്കുകയും തുടച്ചു നീക്കുകയും അവയെ ഓർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ, സ്നേഹപൂർവ്വമായ നിൻെറ കാരുണ്യത്താൽ, എൻെറ നാഥാ, അസംഖ്യങ്ങളായ എൻെറ മഹാപാപങ്ങളേയും, വിശ്വാസികളായ നിൻെറ സകല ജനങ്ങളുടെ പാപങ്ങളേയും മായിച്ചുകളയണമെ. ഉത്തമനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ. ദൈവമായ കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ ഓർത്തുകൊള്ളണമെ. എൻെറ കർത്താവേ, നിൻെറ മഹാകരുണയാൽ തന്നെ ഞങ്ങളുടെ മാതാപിതാക്കളുടേയും സഹോദരീസഹോദരങ്ങളുടേയും, നേതാക്കളുടേയും, ഗുരുക്കന്മാരുടേയും, വാങ്ങിപ്പോയവരുടേയും വിശുദ്ധിയും മഹത്വമുള്ള നിൻെറ സഭയുടെ പ്രജകളായ സകല വാങ്ങിപ്പോയവരുടേയും ആത്മാക്കളെ നീ ഓർത്തുകൊള്ളണമെ. ദൈവമായ കർത്താവേ, അവരുടെ ആത്മാക്കൾക്കും ദേഹികൾക്കും ശരീരങ്ങൾക്കും ആശ്വാസം നൽകണമെ. അവരുടെ അസ്ഥികളിൽ കരുണയും കൃപയുമാകുന്ന പനിമഞ്ഞ് തളിക്കണമെ. കർത്താധി കർത്താവും, മഹത്വത്തിൻെറ നാഥനുമായ മശിഹാരാജാവേ, ഞങ്ങൾക്കും അവർക്കും നീ വിമോചകനും വിമോചനവുമായിരിക്കണമെ. കർത്താവേ, ഞങ്ങളോട് ഉത്തരമരുളിച്ചെയ്യണമെ. ഞങ്ങളുടെ തുണയ്ക്കായി എഴുന്നള്ളണമെ. ഞങ്ങളെ സഹായിപ്പാൻ വന്നുചേരണമെ. ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ദൈവമേ, സകല കഠിന ശിക്ഷകളും ദയാപൂർവ്വം ഞങ്ങളിൽ നിന്ന് നീക്കിക്കളയണമെ. കർത്താവേ, കോപവടികളെ ഞങ്ങളിൽ നിന്ന് കരുണാപൂർവ്വം

തടുത്ത് മാറ്റിക്കളയണമെ. സമാധാനപരന്മാരായ ആളുകൾക്കുള്ള ഉത്തമമായ അവസാനത്തിന് ഞങ്ങളെ അർഹരാക്കണമെ. നിനക്കിഷ്ടമുള്ളതും അനുയോജ്യവും നിൻെറ ദൈവത്വത്തിന് പ്രീതികരവുമായ ക്രിസ്തീയ പരിപൂർണ്ണത ഞങ്ങൾക്കു സൗജന്യമായിത്തരണമെ. നല്ല അവസാനത്തിന് ഞങ്ങളെല്ലാവരേയും അർഹരാക്കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ വബ്കൂൽ-- ആമ്മീൻ

ܗܘܐ

പ്രകൃത്യാ ഉത്തമനും വിശുദ്ധർക്കു കൃപയോടെ വിശുദ്ധത നൽകുന്നവനും, രഹസ്യപൂർണ്ണമായ മാളികയിൽവെച്ച് നിൻെറ പാപപരിഹാരപ്രദമായ ശരീരം വിശുദ്ധശിഷ്യർക്ക് മുറിച്ചുകൊടുക്കുകയും സകല വിശ്വാസികൾക്കും പാപപരിഹാരത്തിനുവേണ്ടി തൻെറ വിലയേറിയ രക്തം പകർന്നുകൊടുക്കുകയും, 'എൻെറ ഓർമ്മയ്ക്കു വേണ്ടി ഇപ്രകാരം ചെയ്തുകൊൾവിൻ' എന്ന് അവരോട് കൽപ്പിക്കുകയും ചെയ്തവനുമായ മശിഹാതമ്പുരാനേ, ഇപ്പോൾ അയോഗ്യനായ എന്നെ പരിശുദ്ധാത്മാവാൽ ആചാര്യശുശ്രൂഷയനുഷ്ഠിക്കുന്നുവല്ലൊ. തന്മൂലം ദൈവികവും ആത്മീയവുമായ ഈ ബലിയെ നിരീക്ഷണം ചെയ്തുകൊണ്ട് ആത്മീയ സന്തോഷത്തോടുകൂടി ഞങ്ങൾ കീർത്തിച്ചുപറയുന്നു. രക്ഷയ്ക്കുവേണ്ടി ഞങ്ങൾക്കുനൽകപ്പെട്ടിരിക്കുന്ന ദൈവികബലി ഇതാകുന്നു. ഞങ്ങളുടെ കളങ്കങ്ങൾ വെടിപ്പാക്കപ്പെടുകയും പാപങ്ങൾ പരിഹരിക്കപ്പെടുകയുംചെയ്യുന്ന ദൈവികബലി ഇതാകുന്നു. പൂർണ്ണന്മാർ തന്മൂലം സ്വർഗ്ഗത്തിലേക്കുയരുന്ന

ദൈവികബലി ഇതാകുന്നു. ലോകത്തിൻെറ ജീവനുവേണ്ടി രക്തംകൂടാതെഅർപ്പിക്കപ്പെടുന്ന ദൈവികബലിഇതാകുന്നു. ഹാബേൽ തൻെറ അംഗീകാരബലിമൂലം ഏതൊരു നിഷ്ക്കളങ്കബലിയെ സൂചിപ്പിച്ചുവോ ആ ദൈവികബലി ഇതാകുന്നു. വിശ്വാസികളും രക്ഷിതരുമായ ഞങ്ങൾക്ക് സ്വർഗ്ഗീയവാഗ്ദാനങ്ങളുടെ സങ്കേതസ്ഥാനം നിർദ്ദേശിച്ചു തന്നദൈവികബലിഇതാകുന്നു. ഞങ്ങളുടെആത്മാക്കൾക്കും ശരീരങ്ങൾക്കും രക്ഷയുടെ ആയുധം പ്രദാനം ചെയ്ത ദൈവികബലി ഇതാകുന്നു. പാപികളുടെ കുറ്റങ്ങളും പാപ ങ്ങളും തന്മൂലം ക്ഷമിക്കപ്പെടുന്നതായ ദൈവികബലി ഇതാകുന്നു. 'കർത്താവുനല്ലവനാകുന്നുഎന്ന് രുചിച്ചറിവിൻ' എന്നുപറഞ്ഞുകൊണ്ട് ദിവ്യാത്മീയദീർഘദർശിയായ ദാവീദു സൂചിപ്പിച്ച ദൈവികബലിഇതാകുന്നു. മഹാപുരോഹിതനായ യൂസോദോക്കിൻെറ പുത്രൻ യോശുവാ, യാതൊന്നിനാൽ തൻെറ മലിനവസ്ത്രങ്ങൾ ഉരിഞ്ഞുകളഞ്ഞുവോ ആ ദൈവികബലി ഇതാകുന്നു. ഏശായാ ദീർഘദർശിക്ക് ഒരു നിക്ഷേപമായി അഗ്നിക്കൊടിലുകൊണ്ട് നൽകപ്പെട്ട ദൈവികബലിഇതാകുന്നു. മഹാപ്രധാനാചാര്യനായ മൽക്കി സദേക്ക് താൻ സമർപ്പിച്ച അപ്പവും വീഞ്ഞുംമൂലം ഏതൊരു നിർമ്മലബലിയെ സൂചിപ്പിച്ചുവോ ആ ദൈവികബലി ഇതാകുന്നു. സന്ധ്യാസമയത്ത് അറുക്കപ്പെട്ട കുഞ്ഞാടുമൂലം കർത്താവിൻെറ ദീർഘദർശി യാതൊന്നിൻെറ ദൃഷ്ടാന്തം കാണിച്ചിരുന്നുവോ ആ ദൈവികബലി ഇതാകുന്നു. സകല നീതിമാന്മാരും പുണ്യവാന്മാരും പ്രത്യക്ഷമായി കാണുവാൻ

കാത്തിരിക്കുകയും എന്നാൽ കാണാൻകഴിയാതിരിക്കുകയും ചെയ്ത ദൈവികബലിഇതാകുന്നു. വീണ്ടുംജനനം പ്രാപിച്ച വിജാതിയരുടെ കടങ്ങൾ യാതൊന്നിനാൽ പരിഹരിക്കപ്പെടുകയും കുറ്റങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുന്നുവോ ആ ദൈവികബലി ഇതാകുന്നു. പരിശുദ്ധമായ ശരീരത്തേയും പാപപരിഹാരപ്രദമായ രക്തത്തേയും വിശ്വാസികൾക്കു പ്രദാനംചെയ്യുന്ന ദൈവികബലി ഇതാകുന്നു. ദീർഘദർശിമാരിൽ തലവനായ മോശ പീഠത്തിന്മേൽ സൂക്ഷിച്ചുവച്ച കാഴ്ചയപ്പംമൂലം സൂചിപ്പിച്ചതായ ദൈവികബലി ഇതാകുന്നു. അഗ്നിമയന്മാരും ആത്മീയരുമായ ക്രോബേന്മാരും സ്രോപ്പേന്മാരും യാതൊന്നിൻെറ മുമ്പാകെ വിറച്ചുകൊണ്ട് നിൽക്കുന്നുവോ ആ ദൈവികബലി ഇതാകുന്നു. പിതാവിനോടും ഏകപുത്രനോടുംഒന്നായിരിക്കുന്ന പരിശുദ്ധറൂഹാ യാതൊന്നിന്മേൽ ആവസിച്ച് ശുദ്ധികരിക്കുന്നുവോ ആ ദൈവികബലി ഇതാകുന്നു. അനാദ്യന്തനായ പിതാവ് പൂർത്തിയാക്കുകയും വാത്സല്യപുത്രൻ അനുഷ്ഠിക്കുകയും പരിശുദ്ധറൂഹാ ശുദ്ധീകരിക്കുകയും ചെയ്തിട്ടുള്ള ദൈവികബലിഇതാകുന്നു. ദൈവികത്രിത്വത്തിൽമദ്ധ്യവർത്തിയായയവൻ തൻെറ തിരുമേനിയുടെ കഷ്ടാനുഭവങ്ങൾമൂലം നിർവ്വഹിച്ചതായ ആ ദൈവികബലി ഇതാകുന്നു. നാമും വിശ്വാസികളായ നമ്മുടെ മരിച്ചുപോയവരും തൻേറയും തൻെറ പിതാവിൻേറയും പരിശുദ്ധറൂഹായുടേയും ശ്രേഷ്ഠതയുടെ മഹിമയ്ക്കും നൽവരസമൃദ്ധിക്കും അർഹരായിത്തീരുവാൻ വേണ്ടി ബലഹീനരും പാപകളുമായ നാം തിരുസന്നിധിയിൽ

സമർപ്പിക്കുന്നതായ ഈ ധൂപത്തോടുകൂടി ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും തന്നെ ഓർത്ത് മഹത്വപ്പെടുത്താം. ഹോശോ വബ്കൂൽസ്------

ജനം. *ആമ്മീൻ, കർത്താവ് അവിടുത്തെ ശുശ്രൂഷ കൈക്കൊള്ളുകയും അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറാകട്ടെ.*

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

പട്ടക്കാരൻ. **ബലഹീനനും പാപിയും ദാസനുമാകുന്ന ഞാൻ ഇപ്രകാരം കീർത്തിച്ചു പറയുന്നു.**

പട്ടക്കാരൻ. **പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ**

ജനം. **മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)**

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܒܚܐ ܕܒܪܝܬܗ ܚܢܘܢ ܠܐܒܐ ܒܪܝܟ
ܒܪܝܟ ܐܒܘܟ ܠܟ ܘܠܪܘܚܟ ܡܩܕܫܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ ܐܝܩܪܐ
ܘܥܘܗܕܢܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܦܬܚܘܢ
ܠܢ ܬܪ̈ܥܐ ܕܨܗܝܘܢ ܕܫܠܡܐ ⁜ ܘܒܥܘܬܢ ܬܫܬܡܥ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ശുശ്രൂഷക്കാരൻ. ***ബാറെക്മോർ, ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്ന് ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ (വന്ദ്യപിതാവിൻെറ/ശ്രേഷ്ഠാചാര്യൻെറ) പ്രാർത്ഥനയെ ഏറ്റുചൊല്ലണം.***

<u>വിശ്വാസ പ്രമാണം</u>

പട്ടക്കാരൻ. സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻേറയും ഭൂമിയുടേയും,

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻേറയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിൻെറ ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസ ഒരിക്കൽമാത്രമെ ഉള്ളൂ എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. **ആമ്മീൻ**

***The celebrant washes his fingertips and says the following prayer silently*:**

ദൈവമായ കർത്താവേ, പരിശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിൻെറ മഹാ വിശുദ്ധ സ്ഥലത്ത് പ്രവേശിച്ച്, വന്ദ്യങ്ങളും ദിവ്യങ്ങളുമായ നിൻെറ രഹസ്യങ്ങളെ കളങ്കം കൂടാതെ സ്പർശിക്കുവാൻ വേണ്ടി എൻെറ ആത്മാവിൻെറ മലിന കരമായ അഴുക്കിനെ നീ കഴുകിക്കളഞ്ഞ്, ജീവപ്രദമായ നിൻെറ തളിപ്പുമൂലം എന്നെ വെടിപ്പാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിനക്ക് പ്രീതികരവും മഹനീയവുമായ നിൻെറ ബലിയുടെ ദൃഷ്ടാന്തവുമായ ജീവനുള്ള ബലി നിർമ്മല മനസ്സാക്ഷിയോടു കൂടി ഞാൻ എന്നേക്കും നിനക്കർപ്പിക്കുവാൻ ഇടയാവുകയും ചെയ്യണമെ.

***If a prelate is present, the celebrant says to him*:** Barekmor. I beg pardon.

***Then he modestly stretches out his hands to the clergy and then to the people, saying*:**

My brethren and beloved one, forgive me and pray for me that the Lord may accept my oblation.

***The celebrant kneels before the altar and says the following prayer silently*:**

പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, എന്നോടു കരുണ ചെയ്യണമെ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, പാപിയായ എൻെറമേൽ കരുണ തോന്നണമെ. പരിശുദ്ധവും

മഹനീയവുമായ ത്രിത്വമേ, ബലഹീനവും പാപകരങ്ങളുമായ എൻെറ കൈകളിൽ നിന്ന് ഈ കുർബാന അംഗീകരിക്കണമെ. ദൈവമേ നിൻെറ ജനനിക്കും, സകല പരിശുദ്ധന്മാർക്കും വിശ്വാസികളായ സകല മരിച്ചു പോയവർക്കും നിൻെറ പരിശുദ്ധമായ സ്വർഗ്ഗീയ ബലിപീഠത്തിങ്കൽ ആശ്വാസവും നല്ല ഓർമ്മയും കരുണയോടെ നൽകണമേ. ദൈവമേ, ഈ സമയത്ത് നിൻെറ ദാസനും പാപിയുമായ എൻെറ പാപങ്ങൾ മോചിച്ച് ക്ഷമിക്കുകയും, സദാ നിന്നെ വിളിച്ചുകൊണ്ടിരിക്കുന്ന എൻെറ ബലഹീനതയ്ക്ക്, നിൻെറ മാതാവിൻേറയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ സഹായം നൽകുകയും ചെയ്യണമെ. ദൈവമേ, ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും ഗുരുക്കന്മാരുമായ ഞങ്ങളോട് രക്തബന്ധമുള്ളവരുടേയും, പ്രത്യേകിച്ച് ഈ കുർബാന ആർക്കുവേണ്ടി അർപ്പിക്കപ്പെടുന്നുവോ അവരുടേയും പാപങ്ങൾ കരുണയോടെ പരിഹരിച്ച് ക്ഷമിക്കണമെ.

<u>**HO EDONO**</u>

യാചിക്കേണ്ടും സമയമിതാ,
മോചിക്കും നാഴിക ഇതുതാൻ
ഇതു നമസ്ക്കാരത്തിൻ സമയം
ഇതുതന്നെ കരുണാസമയം

ഉന്നതപദവിയിലേറിയിതാ,
ഇന്നിപ്പോൾ പട്ടക്കാരൻ/ശ്രേഷ്ഠാചാര്യൻ
അനുഭവിച്ചീടുന്നോർക്കായി
അനുഷ്ഠിക്കുന്നീ കുർബാന

പ്രിയരേ ഇതുകരുണയുടേയും
അലിവിൻേറയും സമയം താൻ
സത്യസ്നേഹത്തോടെ സമാ-
ധാനം നൽകും സമയം താൻ

ദൂരസ്ഥർ സവിധസ്ഥരുമായ്
തമ്മിൽ നിരക്കും സമയം താൻ
അതിനാൽ സോദരരേ വരുവിൻ
ഒരുപോൽകരുണയിരന്നീടാം

നാഥാ കൃപചെയ്തീടണമേ,
നാഥാ കൃപചെയ്യുക കനിവാൽ
നാഥാ ഉത്തരമരുളിചെ-യ്ത്
അടിയാരൊടു കൃപ ചെയ്യണമെ.

നല്ലവനേ ഞങ്ങളെ ബലഹീ-നതയോടുത്തരമരുളണമെ
നാമെല്ലാവരുമൊത്തൊരുമി-ച്ചട്ടഹസിച്ചുര ചെയ്യേണം

ശുശ്രൂഷക്കാരൻ. ബാറെക്മോർ. സ്തൗമെൻ കാലോസ് ജനം. കുറിയേലായിസ്സോൻ.

THE ORDER OF ST. JOHN CHRISOSTEM

The celebrant: രഹസ്യപൂർണ്ണമായ അത്താഴസമയത്ത് സൂചനാപരമായിരുന്ന പുരാതന ശുശ്രൂഷയെ പര്യവസാനിപ്പിച്ച് നിൻെറ കൃപയുടെ പുതിയ കൂദാശ ഞങ്ങളെ ഭരമേൽപ്പിച്ചവനായ മശിഹാതമ്പുരാനേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. വിശുദ്ധവും കൂദാശാപരവുമായ നിൻെറ അത്താഴത്തിൽ ഞങ്ങളെ നിന്നോടുകൂടെ സംബന്ധമുള്ളവരും പങ്കാ

ളികളുമാക്കിത്തീർക്കണമെ. നിർമ്മലമായും ശിക്ഷാർഹരാകാതെയും അതിൽനിന്നും ഞങ്ങൾ അനുഭവിക്കുമാറാകണമെ. ശകല പാപന്ധകാരാത്തിൽനിന്നും തൻമൂലം ഞങ്ങൾ സംരക്ഷിക്കപ്പെട്ട് ഇവിടെവച്ചും അനശ്വരമായ ഭാവിജീവിതത്തിൽവച്ചും, രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും ഞങ്ങൾ നിന്നെ പ്രീതിപ്പെടുത്തുമാറാകണമെ. നിൻെറ രാജ്യത്തിലെ സൗഭാഗ്യങ്ങളാൽ നിൻെറ സ്വർഗ്ഗീയമണവറയിൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ. ഞങ്ങളോടുള്ള നിൻെറ കൃപയെപ്രതി നിനക്കും നിൻെറ പിതാവിനും സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനുമായ നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കൃതജ്ഞ്ഞതയും ഞങ്ങൾ അർപ്പിക്കുന്നു. ഹോശോ--- *People*: Amen.

ശുശ്രൂഷക്കാരൻ. കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.

ജനം. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

The celebrant: കർത്താവേ ഇപ്പോൾ തിരുമുമ്പാകെ തലകുനിച്ചു നിൽക്കുന്ന നിൻെറ ദാസരും ആരാധകരുമായ ഇവരെ അനുഗ്രഹപൂർണ്ണമായ നിൻെറ വലതുകൈ ആവിസിപ്പിച്ച് ആശീർവ്വദിക്കണെമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ-- *People*: Amen.

***The celebrant, with crossed hands, says aloud*:** **കർത്താവേ, നിൻെറ ഇടവകയുടെ പാപങ്ങൾക്കും കുറ്റങ്ങൾക്കുംവേണ്ടി രക്താർപ്പിതമല്ലാത്ത ഈ ആത്മീയബലി നിനക്കർപ്പിക്കുവാൻ ഞങ്ങൾക്കു ശക്തി നൽകണമെ. ഞങ്ങളുടെ കൽപ്പനലംഘനങ്ങളെ നീക്കിമായിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ.** ***People*:** Amen.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, നാം എല്ലാവരും ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, സത്യവിശ്വാസത്തോടും. നല്ല ദൈവ ഭക്തിയോടും കൂടെ നിന്ന് ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ *(ഈ വന്ദ്യ പിതാവിൻെറ/ഈ പരിശുദ്ധ പിതാവിൻെറ)* കൈകളാൽ നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ ഈ കുർബാനയിൽ സൂക്ഷിക്കണം എന്തെന്നാൽ നാമെല്ലാവർക്കുംവേണ്ടി ജീവനുള്ള ബലിയെ സകലത്തിൻേറയും ഉടയവനായ പിതാവാം ദൈവത്തിനു നിരപ്പിലും സമാധാനത്തിലും അണയ്ക്കുന്നു.

ജനം. ഈ കുർബാന അനുഗ്രഹങ്ങളും, സമാധാനവും, ബലിയും സ്തോത്രവുമാകുന്നു.

പട്ടക്കാരൻ. (രഹസ്യം) ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകൻെറ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെയാകുന്നു.

പിതാവാം ദൈവത്തിൻെറ സ്നേഹവും, ഏകജാതനായ പുത്രൻെറ കൃപയും, പരിശുദ്ധറൂഹായുടെ സംബന്ധവും, സഹവാസവും എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

ജനം. ആമ്മീൻ, അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ. ഈ സമയത്ത് നാമെല്ലാവരുടേയും ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും, ഉയരങ്ങളിൽ പിതാവാം ദൈവത്തിൻെറ വലത്തുഭാഗത്ത് മശിഹാതമ്പുരാൻ എഴുന്നെള്ളിയിരിക്കുന്ന, സ്ഥാനത്ത് ആയിരിക്കണം.

ജനം. ഞങ്ങളുടെ ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു.

പട്ടക്കാരൻ. ഭയത്തോടുകൂടെ കർത്താവിനെ നാം സ്തോത്രം ചെയ്യണം.

ജനം. ഭയത്തോടുകൂടെ കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.

പട്ടക്കാരൻ. (രഹസ്യം) രാജാധിരാജാവായ പിതാവാം ദൈവമേ, പുത്രനോടും റൂഹായോടുംകൂടെ നിനക്ക് സകലസ്തുതിയും യുക്തമായി കടപ്പെട്ടിരിക്കുന്നു.

The celebrant stretches out his hands and says aloud: മാലാഖമാർ റീശേമാലാഖമാർ, സ്രോപ്പേന്മാർ, മൗത്ത്ബേന്മാർ, മോറാ വോസേന്മാർ തുടങ്ങിയ അദൃശ്യരും അസംഖ്യരുമായ സകലസ്വർഗ്ഗീയ ഗണങ്ങളും കൂട്ടങ്ങളും സേനകളും അടങ്ങാത്ത വായ്കളോടും അവർണ്ണനീയമായ ശബ്ദങ്ങ

ളോടുംകൂടെ വിജയസ്തുതി അട്ടഹസിച്ചുകൊണ്ട് മഹത്വപ്പെടുത്തുന്നവനെ നമുക്കും മഹത്വപ്പെടുത്താം.

ജനം. തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാനാ. ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

പട്ടക്കാരൻ. (രഹസ്യം) പിതാവാം ദൈവമേ, നീയും ഞങ്ങളുടെ കർത്താവേശുമശിഹായും നിൻെറ പരിശുദ്ധ റൂഹായും നിരന്തരമായി സ്തുതിക്കപ്പെടുന്ന പരിശുദ്ധനാകുന്നു.

The celebrant takes the host from the paten with his right hand. He puts it on the palm of his left hand, and raising his eyes skyward, says aloud: **താൻ സ്നേഹപൂർവ്വം ഞങ്ങൾക്കുവേണ്ടി ശരീരം ധരിക്കുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മനസ്സോടെ സ്വയം താഴ്ത്തുകയും ശരീരത്തിൽ കഷ്ടതയനുഭവിക്കുകയും ചെയ്ത കഷ്ടാനുഭവങ്ങളുടെ രാത്രിയിൽ തൻെറ വിശുദ്ധ തൃക്കൈയ്യിൽ അപ്പം എടുത്തുവാഴ്ത്തി. ❖❖ വിശുദ്ധീകരിച്ച് ❖ മുറിച്ച് തൻെറ ശിഷ്യന്മാർക്ക് നൽകി. അവരോട് 'ഇതിൽനിന്ന് നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇത് കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും നിത്യജീവനുംവേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു'.** ***People***: Amen.

The celebrant takes the chalice with both hands, then he holds it with his left hand and makes over it the sign of the Cross three times. Then he puts the second finger of his right hand on its edge and tilts it crosswise, says aloud: **ഇപ്രകാരം**

തന്നെ കാസായും എടുത്തുവാഴ്ത്തി ❖❖ വിശുദ്ധീകരിച്ച് ❖ തൻെറ ശിഷ്യന്മാർക്കു നൽകി അവരോട് അരുളിച്ചെയ്തു. 'കടങ്ങളുടെ മോചനത്തിനും പാപപരഹാരത്തിനും നിത്യ ജീവനുംവേണ്ടി നിങ്ങളെല്ലാവരും ഇതുവാങ്ങി പാനം ചെയ്യുവിൻ'. ***People***: Amen.

The celebrant takes the gomouro from the northern side with his left hand; then he takes the spoon from the southern side with his right hand and puts it on the gomouro. He now raises them with his right hand to remind the faithful of the Lord's second coming, which will be like a flash of lightning, and puts them on the southern side. Then he places the sponge on the northern side and says aloud: **ഈ വിശുദ്ധരഹസ്യത്തിൽ നിങ്ങൾ ഇമ്പപ്പെടുമ്പോഴെല്ലാം എൻെറ വരവുവരെ എൻെറ മരണത്തേയും പുനരുത്ഥാന ത്തേയും നിങ്ങൾ അനുസ്മരിച്ചുകൊൾവിൻ എന്ന് അവരോട് താൻ മുൻകൂട്ടി കൽപ്പിച്ചു.**

ജനം. ഞങ്ങളുടെ കർത്താവേ നിൻെറ മരണത്തെ ഞങ്ങൾ ഓർക്കുകയും നിൻെറ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റു പറയുകയും, നിൻെറ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കി പാർക്കുകയും ചെയ്യുന്നു. നിൻെറ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കണമെ.

ഗീതം. നാഥാ നിൻ മൃതിയോർത്തിങ്ങൾ, നിന്നുത്ഥാന-മതേറ്റോതി, കാക്കുന്നു നിൻ പുനരാഗമനം, വാഴ്വരുളുക ഞങ്ങൾക്കെന്നും.

The celebrant, with crossed hands, says aloud: **കർത്താവെ, പാപികളും കുറ്റ ക്കാരുമായ നിൻെറ ദാസരാകുന്ന ഞങ്ങൾ, രക്ഷാകരമായ**

നിൻെറ മനുഷ്യാവതാരത്തെ മുഴുവനായും, ഭയങ്കരവും മഹനീയവുമായ നിൻെറ പുനരാഗമനത്തേയും ഓർക്കുന്നു. ഇതുനിമിത്തം ഞങ്ങൾ പരിഭ്രമിക്കുകയും വിറയ്ക്കുകയും ചെയ്തുകൊണ്ട് നിന്നോടും നീ മുഖാന്തിരം നിൻെറ പിതാവിനോടും സർവ്വശക്തിയുള്ള പിതാവേ ഞങ്ങളോടു കരുണ ചെയ്യണമെ എന്ന് പശ്ചാത്താപത്തോടെ പ്രാർത്ഥിക്കുകയും ചെയ്യുന്നു

ജനം. സർവ്വശക്തിയുള്ള പിതാവാം ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും, നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണ തോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

The celebrant, stretching out his hands at equal level and gazing upward, says silently: **And we,** Lord, Thy weak and sinful servants, give thanks unto Thee, and confess Thy goodness towards all and on behalf of all.

പട്ടക്കാരൻ. (രഹസ്യം) കർത്താവേ, ബലഹീനരും പാപികളുമായ നിൻെറ ദാസരായ ഞങ്ങൾ നിനക്ക് നന്ദിപറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയുമുള്ള നിൻെറ ദയവിനെ സ്തോത്രം ചെയ്യുന്നു.

ശുശ്രൂഷക്കാരൻ. ബാറെക്മോർ, എൻെറ വാത്സല്യമുള്ളവരേ, ജീവനുള്ള പരിശുദ്ധറൂഹാ, സ്വർഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി, വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബ്ബാനമേൽ പൊരുന്നി ആവസിച്ച്, അതിനെ ശുദ്ധീകരിക്കുന്ന ഈ നാഴിക എത്ര ഭയങ്കരവും, ഈ സമയം

എത്ര ഭ്രമിക്കത്തക്കതും ആകുന്നു. നിങ്ങൾ അടക്കത്തോടും നിന്നുകൊണ്ട് പ്രാർത്ഥിപ്പിൻ.

ജനം. ഞങ്ങളെല്ലാവരോടുംകൂടെ സമാധാനവും, ഞങ്ങൾക്കെല്ലാവർക്കും സംപ്രീതിയും ഉണ്ടായിരിക്കട്ടെ.

The Invocation of the Holy Spirit

The celebrant waves his hands over the Mysteries, and bowing down his head, says silently: May Thy Holy Spirit, O Lord, descend from Thy Holy Abode and hover over this bread and over this mixed cup that set before us, and may He sanctity them and make me pure and unblemished.

പട്ടക്കാരൻ. (രഹസ്യം) കർത്താവേ, നിന്റെ പരിശുദ്ധമായ വാസസ്ഥലത്തുനിന്ന് നിന്റെ പരിശുദ്ധ റൂഹായെ അയച്ചുതരണമെ. അവൻ വന്ന് സമർപ്പിതമായിരിക്കുന്ന ഈ അപ്പത്തിന്മേലും ഈ കലർപ്പിന്മേലും ആവസിച്ച് അവനെ ശുദ്ധീകരിക്കുകയും എന്നെ നിഷ്ക്കളങ്കനും നിർമ്മലനുമാക്കിത്തീർക്കുകയും ചെയ്യണമെ.

കർത്താവേ, എന്നോടുത്തരമരുളിച്ചെയ്യണമെ, കർത്താവേ, എന്നോടുത്തരമരുളിച്ചെയ്യണമെ, കർത്താവേ, എന്നോടുത്തരമരുളിച്ചെയ്ത് നല്ലവനേ, കരുണതോന്നി എന്റെമേൽ അനുഗ്രഹം ചെയ്യണമെ.

ജനം. കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

പട്ടക്കാരൻ. പരിശുദ്ധറൂഹാ ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ മശിഹായുടെ തിരുശരീരമായി ആക്കിത്തീർക്കുമാറാകണമെ.

ജനം. ആമ്മീൻ.

പട്ടക്കാരൻ. പരിശുദ്ധറൂഹാ ആവസിച്ച് ഈ കാസായെ ഞങ്ങളുടെ മശിഹായുടെ തിരുരക്തവുമായി വ്യതാസപ്പെടുത്തുമാറാകണമെ.

ജനം. **ആമ്മീൻ.**

The Diptychs

The celebrant, with outstretched hands, says aloud: **ഈ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന എല്ലാവരും സ്വർഗ്ഗരാജ്യത്തിൽ അവകാശികളായിത്തീരണമെ. പുതിയ ജീവിതത്തിൽ പരിശുദ്ധന്മാരുടെ കൂട്ടത്തിൽ അവർആനന്ദിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** *People*: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, സഭയിലെ ഇടയന്മാരേയും, ഭരണകർത്താക്കളേയും, വൈദികഗണം മുഴുവനേയും ഓർത്തുകൊള്ളണമെ.

Canon of the Living Fathers of the Church.

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്ന്, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ വിശുദ്ധസഭകളെ മേയിച്ചുഭരിക്കുന്ന ശുദ്ധിമാന്മാരും, ബഹുമാനപ്പെട്ടവരും, ഭാഗ്യവാന്മാരുമായി ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന നമ്മുടെ പാത്രിയർക്കിസന്മാരായ ആബൂൻ മോർ ഇഗ്നാത്തിയോസിനു വേണ്ടിയും, ആബൂൻ മോർ ബസ്സേലിയോസിനുവേണ്ടിയും, ആബൂൻ മോർ ഗ്രീഗോറിയോസിനുവേണ്ടിയും, നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ (ഇന്നാർക്കു) വേണ്ടിയും സത്യവിശ്വസികളായ ശേഷമുള്ള സകല എപ്പിസ്ക്കോപ്പന്മാർക്കു വേണ്ടിയും മഹത്തും ഭയങ്കരവും, പരിശുദ്ധവുമായ ഈ സമയത്ത് ദൈവമായ കർത്താവിനോട് നാം അപേക്ഷിച്ചു പ്രാർത്ഥിക്കണം.**

ജനം. **കുറിയേലായിസ്സോൻ.**

The celebrant, with outstretched hands, says ***aloud***: **കർത്താവേ, നിൻെറ ദിവ്യോപദേശങ്ങളുടെപ്രകാശത്താൽ നിൻെറ സ്നേഹിതരെ പ്രകാശിപ്പിക്കണമെ. നല്ലകാലങ്ങളും ശാന്തവും സമാധാന സമൃദ്ധവമായ ജീവിതവും ഞങ്ങൾക്കു നൽകുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** ***People***: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, ഇവിടെയും എല്ലാ സ്ഥലത്തുമുള്ള സത്യവിശ്വാസികളായ നിൻെറ ജനത്തെ നീ ഓർത്തുകൊള്ളണമെ.

2 - Canon of the Faithful Brethren

ശുശ്രൂഷക്കാരൻ. **ബറെക്മോർ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, പലവിധമായ കഠിനപരീക്ഷകളിൽ അകപ്പെട്ട് നിന്നിൽ ആശ്രയിച്ചിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടിയും, വേഗത്തിൽ നീ അവരെ ദർശിക്കുന്നതിനുവേണ്ടിയും, ഈ നാഴികയിലും, ഈ സമയത്തും ഞങ്ങൾ ഓർക്കുവാനായിട്ട് നിസ്സാരരും ബലഹീനരുമായ ഞങ്ങളോടു മുൻകൂട്ടി കല്പ്പിച്ചു ഞങ്ങളെ താല്പ്പര്യപ്പെടുത്തിയിട്ടുള്ള വിശ്വാസികളും, സത്യ ക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരളെ എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. ദൈവത്താൽ പാലിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധസഭയുടെ മക്കളാകുന്ന വിശ്വാസികളായ എല്ലാവർക്കും, അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായിട്ടും, അവർ സുകൃതമുള്ളവരായിത്തിരുവാനായിട്ടും, കർത്താവിനോടു നാം പ്രാർത്ഥിക്കണം.** ജനം. **കുറിയേലായിസ്സോൻ.**

The celebrant, with outstretched hands, says aloud: **കർത്താവേ, പീഡിത രേയും ക്ളേശതരേയും പ്രയാസപ്പെടുന്നവരേയും ദുഃഖിത**

രേയും ദരിദ്രരേയും അഗതികളേയും പരദേശികളേയും നിരാശ്രയരേയും ബന്ധിതരേയും അടിമകളേയും വിധവകളേയും അനാഥരേയും നീ സംരക്ഷിച്ചു പുലർത്തണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ-- *People*: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, തിരുവിഷ്ടം നിറവേറ്റുന്ന വിശ്വാസികളും, അധികാരികളു മായ ഭരണകർത്താക്കളെ ഓർക്കണമെ.

Canon of the Faithful Kings

ശുശ്രൂഷക്കാരൻ. ബാറെക്മോർ, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭകളെയും, ദയറാകളേയും, സത്യവിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും, സത്യക്രിസ്ത്യനികളുമായ സകല ഭരണകർത്താക്കളേയും ഞങ്ങൾ ഓർക്കുന്നു. പട്ടക്കാരും വിശ്വസികളായ ജനങ്ങളുടെ സംഘവും, ക്രിസ്ത്യാനിസമൂഹം മുഴുവനും സുകൃതമുള്ളവരായിത്തീരുവാനായിട്ട് കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം. കുറിയേലായിസ്സോൻ.

The celebrant, with outstretched hands, says aloud: **കർത്താവേ, ശാന്തവും ആനന്ദകരവുമായ ജീവിതം തിരുമുമ്പാകെ നയിക്കുവാനും ഞങ്ങളുടെ ഭരണകർത്താക്കളാൽ ദയാപൂർവ്വം വീക്ഷിക്കപ്പെടുവാനും കരുണയോടെ ഞങ്ങൾക്കു കൃപനൽകണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** *People*: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, ദൈവമാതാവായ കന്യക മറിയാമിനെയും, യോഹന്നാൻ സ്നാപകനേയും, സ്തേപ്പാനോസ് ശെമ്മാശനേയും നിൻെറ തിരുവിഷ്ടം പ്രവർത്തിക്കുന്ന എല്ലാവരേയും നീ ഓർക്കണമെ.

Canon of the Mother of God and the Saints

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, വിശുദ്ധിയുള്ളവളും, മഹത്വമുള്ളവളും, അനുഗ്രഹിക്കപ്പെട്ടവളും, നിത്യകന്യകയും, ഭാഗ്യവതിയുമായ ദൈവമാതാവായ മറിയാമിനെ ഞങ്ങൾ ഓർക്കുന്നു. അവളോടുകൂടെ പരിശുദ്ധന്മാരായ നിബിയന്മാരെയും, പ്രസംഗക്കാരായ ശ്ലീഹന്മാരെയും, ഏവൻഗേലിസ്ഥന്മാരെയും, സഹദേന്മോരേയും, മൗദ്യാനന്മാരേയും, ഭാഗ്യവാനും തൻെറ യജമാനൻെറ മുന്നോട്ടക്കാരനുമായ മോർ യൂഹാനോൻ മംദാനായേയും, ശെമ്മാശ്ശന്മാരിൽ പ്രധാനിയും, സഹദേന്മോരിൽ മുമ്പനുമായ മോർ സ്തേപ്പാനോസിനേയും, ശ്ലീഹന്മാരിൽ തലവാന്മാരായ ഉന്നതപ്പെട്ട മോർ പത്രോസിനേയും മോർ പൗലോസിനേയും, നമ്മുടെ പിതാവായ മോർ തോമ്മാശ്ലീഹായേയും, ശേഷം സകല ശുദ്ധിമാന്മാരേയും, ശുദ്ധിമതികളേയും ഒന്നുപോലെ നാം ഓർക്കണം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം.**

ജനം. കുറിയേലായിസ്സോൻ.

The celebrant, with outstretched hands, says aloud: **കർത്താവേ, പുണ്യപ്രവൃത്തികളാൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരുടെ പ്രാർത്ഥനയാലും അപേക്ഷകളാലും അവരോടൊരുമിച്ചുള്ള അവകാശത്തിനും ഓഹരിക്കും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ**

നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--

People: Amen.

രഹസ്യം: കർത്താവേ, വിശുദ്ധ പിതാക്കന്മാരേയും, ശ്രേഷ്ഠ മല്പാന്മാരേയും, സത്യ പുരോഹിതന്മാരേയും ഓർക്കണമെ.

Canon of the Fathers and Doctors of the Church

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, ശൈ്ലഹികവും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്കു ഏൽപ്പിച്ചുതന്നവരായി, ശുദ്ധിമാന്മാരുടെ സ്ഥലത്തു ശുദ്ധതയോടെ മുൻകൂട്ടി നിദ്രപ്രാപിച്ചു വിശ്രമിക്കുന്നവരേയും, നിഖ്യായിലും കുസ്തന്തീനോപോലീസിലും, എപ്പേസോസിലും വെച്ചുണ്ടായ പുണ്യപ്പെട്ടവയും, പരിശുദ്ധങ്ങളുമായ മൂന്നു പൊതു സുന്നഹദോസുകളേയും, അവയിലുണ്ടായിരുന്ന നീതിമാന്മാരും, മല്പ്പാന്മാരും, സ്തുതിക്കപ്പെട്ടവരും, ദൈവത്തെ ധരിച്ചവരുമായ ഞങ്ങളുടെ പിതാക്കന്മാരേയും, ഊർശ്ലേമിൻെറ ഒന്നാമത്തെ പ്രധാനാചാര്യനും, പുണ്യവാനും, ശ്ലീഹായും, സഹദായുമായ യാക്കോബും, ഇഗ്നാത്യോസും, ക്ലീമ്മീസും, ദിവന്ന്യാസ്യോസും, അത്താനാസ്യോസും, യൂലീയോസും, ബസ്സേലിയോസും, ഗ്രീഗോറിയോസും, ദീയസ്ക്കോറോസും, തീമോത്തിയോസും, പീലക്സീനോസും, അന്തീമോസും, ഈയാവാനീസും, വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്ന് നമ്മുടെ കർത്താവേശു മശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവനും, സത്യവാനും ഉന്നതഗോപുരവുമായ പ്രസിദ്ധനായ മോർ കൂറീലോസും, സുറിയാനിക്കാരുടെ കിരീടവും, ദൈവത്തിൻെറ വിശുദ്ധസഭ മുഴുവൻേറയും വിവേകമുള്ള വായും, തൂണും, മല്പാനും പുഷ്പങ്ങൾകൊണ്ട്**

നിറഞ്ഞ മേച്ചിൽ സ്ഥലവും, മറിയാം ദൈവമാതാവെന്ന് സംശയംകൂടാതെ എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മോർ സേവേറിയോസും, സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും, പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മോർ യാക്കോബു ബുർദാനായും, മോർ അപ്രേമും, മോർ യാക്കോബും, മോർ ഇസഹാക്കും, മോർ ബാലായിയും, ദുഃഖിതന്മാരിൽ തലവനായ മോർ ബർസൗമായും, മോർ ശെമഓൻ ദെസ്തുനിയും, തെരഞ്ഞെടുക്കപ്പെട്ട മോർ അബഹായിയും, യൽദോ മോർ ബസ്സേലിയോസുമായ ഞങ്ങളുടെ പിതാക്കന്മാരേയും, മലങ്കരയുടെ പരിശുദ്ധന്മാരായ മോർ ഗ്രീഗോറിയോസിനേയും, മോർ ദിവന്ന്യാസ്യോസിനേയും, ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ച് ഞങ്ങൾക്ക് ഏൽപ്പിച്ചു തന്നവരായി, ഇവരുടെ മുമ്പും, ഇവരോടുകൂടെയും, ഇവരുടെ പിമ്പുള്ളവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം. ജനം. **കുറിയേലായിസ്സോൻ.**

The celebrant, with outstretched hands, says aloud: **കർത്താവേ, മൂന്നു പരിശുദ്ധ സുന്നഹദോസുകളിലെ സത്യവിശ്വാസത്തിൻെറ പാറമേൽ ഞങ്ങളെല്ലാവരെയും സ്ഥിരപ്പെടുത്തണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** ***People***: Amen.

രഹസ്യം: കർത്താവേ, ഞങ്ങളുടെ മാതാപിതാക്കളെയും, സഹോദരി സഹോദരന്മാരേയും, ഗുരുക്കന്മാരേയും വിശ്വാസികളായ സകല മരിച്ചു പോയവരേയും ഓർക്കണമെ.

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, അരൂപികളുടേയും സകല ജഡങ്ങളുടേയും ഉടയവനായിരിക്കുന്ന പിതാവാം ദൈവമേ, സത്യവിശ്വാസത്തിൽ മുൻകൂട്ടി നിദ്ര പ്രാപിച്ച് വിശ്രമിച്ച് നിൻെറ അടുക്കൽ വന്നുചേർന്നവരായി, ഈ പരിശുദ്ധ മദ്ബഹായിൽ നിന്നും, ഈ പള്ളിയിൽനിന്നും, ഈ സ്ഥലത്തുനിന്നും, എല്ലാ ഭാഗങ്ങളിൽനിന്നും, സ്നേഹത്തോടും സത്യവിശ്വസത്തോടും കൂടെ വാങ്ങിപ്പോയിരിക്കുന്ന വിശ്വാസികളായ സകല മരിച്ചു പോയവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ ആത്മാക്കളേയും അരൂപികളേയും തൻെറ അടുക്കലേക്ക് എടുത്തു കൊണ്ടവനായ നമ്മുടെ ദൈവമായ മശിഹായോട്, ധാരാളമായ തൻെറ അനുഗ്രഹങ്ങൾമൂലം കടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനും അവരെ യോഗ്യരാക്കുവാനും, നമ്മെയും അവരേയും തൻെറ സ്വർഗ്ഗ രാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായിട്ട് നാം അപേക്ഷിച്ച് മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് അട്ടഹസിച്ച് പറയണം.** ജനം. **കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ**

The celebrant, with outstretched hands, says aloud: **കർത്താവേ, വിശ്വാസകളായ ഞങ്ങളുടെ വാങ്ങിപ്പോയവരെ അന്ധകാരസൈന്യങ്ങൾക്കു പിടിക്കുവാൻ പാടില്ലാത്തവരാക്കിത്തീർത്ത് ദുഷ്ടാത്മാക്കളുടെ ബന്ധനത്തിൽനിന്ന് അവരെ വീണ്ടെടുക്കുകയും ദണ്ഡനങ്ങളിൽനിന്നും അതിവേദനകളിൽനിന്നും അവരെ രക്ഷിക്കുകയുംചെയ്യണമെ. നിൻെറഏകജാതൻെറ പ്രകാശം ഞങ്ങളുടെമേലുംഅവരുടെമേലും ഉദിപ്പിക്കണമെ. അവൻമൂലമുള്ള കരുണയുംപാപമോചനവും പ്രാപിക്കുവാൻ**

വേണ്ടി ഞങ്ങളും അവരും അവനിൽതന്നെ ശരണം പ്രാപിക്കുന്നു. ***People*: Amen.**

ജനം. **ദൈവമേ, സത്യവിശ്വാസത്തോടുകൂടി, ഞങ്ങളിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരേയും നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തണമെ. മനസ്സോടും മനസ്സു കൂടാതെയും, അറിവോടു അറിവു കൂടാതെയും നിൻെറ തിരുമുമ്പിൽ ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പിഴകളെ ക്ഷമിക്കണമെ.**

ദൈവമേ, മനസ്സുകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെറ്റുകളെ നീ പരിഹരിച്ച് ക്ഷമിക്കണമെ. രഹസ്യവും പരസ്യവുമായ കാര്യങ്ങൾ നിനക്ക് വെളിപ്പെട്ടിരിക്കുന്നുവല്ലൊ.

The celebrant, with outstretched hands, says aloud: **കർത്താവേ, നിൻെറ മഹാ കരുണയാൽ ഞങ്ങളെ ശ്രദ്ധിച്ച്, ഞങ്ങളേയും ഞങ്ങളുടെ പരേതരേയും ന്യായവിധിയിൽനിന്നും ദുഷ്ടന്മാർക്കായുള്ള ദണ്ഡനങ്ങളിൽനിന്നും രക്ഷിക്കുമാറാകണമെ. തന്മൂലം സകലത്തിലും എന്നപോലെ ഈ കുർബ്ബാനവഴിയായും സകലത്തിലും ബഹമാന്യവും വാഴ്ത്തപ്പെട്ടതുമായ നിൻെറ തിരുനാമം ഞങ്ങളുടെകർത്താവായ യേശുമശിഹായുടെയും പരിശുദ്ധറൂഹായുടെയും നാമങ്ങളോടുകൂടെ സ്തുതിക്ക പ്പെട്ട് പുകഴ്ത്തുമാറാകണമെ.**

ജനം. **ആമ്മീൻ, തൻെറ തിരുനാമം ഇരുന്നപ്രകാരം തന്നെ ഇരിക്കുകയും, തലമുറ തലമുറകളായി സകല തലമുറകൾ വരെയും, ലോകാലോകങ്ങളോളവുംസ്ഥിതിചെയ്യുന്നു. ആമ്മീൻ..**

***The celebrant takes blessing from the chalice, paten and the edge of the tablitho, crosses himself, then he draws the sign of the Cross first to the north then to the south. He then turns to his right-hand side and draws the sign of the Cross on the people three times, saying*:**

വലിയവനും, നമ്മുടെ രക്ഷിതാവുമായ യേശുമശിഹാ ആയ ദൈവത്തിൻെറ കരുണ എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

The curtain is drawn across the sanctuary. The people sing a hymn suitable for the occasion, and then they may chant the general litany.

കാസോലിക്കി

ഞങ്ങൾക്കായുളവായൊരുനിൻ - എന്നപോലെ

ഭീഷണദേശത്താശ്രയമാം കർത്തൃശരീരം പ്രാപിക്കാം
സ്വർഗ്ഗാഗതമാം രക്ഷണ്യ-ക്കാസായും പാനം ചെയ്യാം.

ഗാത്രം ഭഗിക്കുന്നേരം തന്നത്താനേ ശോധിപ്പിൻ
സ്നേഹിതനിൽകോപംപൂണ്ടോൻ ഗാത്രംകൈക്കൊണ്ടീടൊല്ല

ഗാത്രത്തിന്മീതെ തീയും കാസാമേൽ ജ്വാലയുമുണ്ട്
പട്ടക്കാരൻ തന്മദ്ധ്യേ മോചനകർമ്മം ചെയ്യുന്നു.

മർത്യർക്കും ദൈവത്തിന്നും മദ്ധ്യസ്ഥൻ പട്ടക്കാരൻ
ശാപം വൈദികനേകുന്നോൻ രാപ്പകലർഹിക്കും ശാപം.

സൂര്യൻ ചന്ദ്രൻ താരങ്ങൾ പർദൈസാതൻ വൃക്ഷങ്ങൾ
ആ ദുഷ്ടനു കഷ്ടംചൊല്ലി ശാശ്വതശാപം നൽകീടും.

അൻപുടയോനേ നിൻ വാതിൽ മുട്ടുന്നൂ ദാസർ നാദം
ആവശ്യത്താൽ യാചിക്കും അടിയാരേ തള്ളീടല്ലേ

അലിവൊടു ശിക്ഷിച്ചടിയാരേ അരിശം നീക്കിക്കാക്കണമെ

വാതിൽ തുറന്നീ പ്രാർത്ഥനയിൻ നാദം കേട്ടേകീടണമെ.
നിന്നെ വിളിക്കുന്നേ നാഥാ നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ നൽകണമെ യാചിപ്പുകളെ.
കർത്താവേ കാരുണ്യത്താൽ കനിവടിയാരിൽ ചെയ്യണമെ
നന്മ നിറഞ്ഞോനെയെൻെറ തിന്മകളെ നീയോർക്കരുതെ.

സ്രാപ്പികളെ കണ്ടേശായാ ബെസ്ക്കുദിശായിൽ നിൻമുമ്പിൽ
ചിറകുകളാറാറുള്ളവരായ് എരിതീയാമാത്മാക്കളെവർ

കാണായ്വാൻ നിൻദൈവത്വം മുഖമവർ മൂടുന്നിരുചിറകാൽ
എരിയായ്വാൻ നിൻജ്വാലയതിൽ ഇരുചിറകാലേകാലുകളും

അട്ടഹസിക്കുന്നിരുചിറകും കൊട്ടിയവർനി-ന്നിട്ടേവം
പരിശുദ്ധൻ നീ പരിശുദ്ധൻ പരിശുദ്ധൻ നീ ദൈവസുതാ

പരിശുദ്ധൻ നീ നിൻപക്കൽ ഹാലേലുയ്യാ ഉ ഹാലേലുയ്യാ നിൻ-
ബഹുമാനംസ്തുത്യമഹോബാറെക്മോർ കുറിയേലായിസ്സോൻ.

ലുത്തിനിയ

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, നിരപ്പിൻേറയും, സമാധാനത്തിൻേറയും, അനുഗ്രഹങ്ങളുടേയും, കരുണയുടേയും ദൂതിനു നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങൾ യോഗ്യരായിത്തീരണമേ എന്ന് എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. ഞങ്ങളുടെ കർത്താവേ, നിൻെറ കരുണയാൽ ഞങ്ങൾക്കു സംഗതിയാക്കണമെ.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, പള്ളികൾക്കു നിരപ്പും, ദയറാകൾക്കു സമാധാനവും, അവയിലെ പട്ടക്കാർക്കു നല്ല

കാവലും, അവയുടെ പ്രജകൾക്കു പുഷ്ടിയുള്ള കാലവും ഉണ്ടാകുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. **കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ സമാധാനപ്പെടുത്തണമെ.**

ശുശ്രൂഷക്കാരൻ. **സഹോദരങ്ങളേ, സൽപ്രവൃത്തികളാലും, നീതിയുള്ള വെടിപ്പായ പുണ്യനടപടികളാലും, ദൈവത്തിനിഷ്ട മുള്ള സത്യ ക്രിസ്ത്യാനികളായിരിപ്പാൻ എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.**

ജനം. **കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ യോഗ്യരാക്കണമെ.**

ശുശ്രൂഷക്കാരൻ. **സഹോരങ്ങളേ, നാമും നമ്മുടെവാങ്ങിപ്പോയവരും, നമ്മുടെ സമൂഹം ഒക്കെയും, കെടാത്ത അഗ്നിയിൽ നിന്നും, ചാകാത്ത പുഴുവിൽ നിന്നും, കഠിനമായ വേദനയിൽ നിന്നും, കയ്പ്പേറിയ കരച്ചിലിൽ നിന്നും, അവസാനമില്ലാത്ത പല്ലുകടിയിൽ നിന്നും രക്ഷപ്പെടുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.**

ജനം. **കർത്താവേ, നിൻെറ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമെ.**

ശുശ്രൂഷക്കാരൻ. **ശപിക്കപ്പെട്ടവരേ, നിങ്ങൾ എൻെറ അടുക്കൽ നിന്നുപോയി ദുഷ്ടന്മാരേയും അന്യായക്കാരേയും ദഹിപ്പിക്കുന്ന അഗ്നി അവകാശമായി അനുഭവിച്ചുകൊൾവിൻ എന്ന് ഇടത്തു ഭാഗത്തുള്ളവരോടു പറയുന്ന കയ്പ്പേറിയതും, മരണകരവുമായ ശബ്ദത്തിൽ നിന്നു രക്ഷപ്പെടുവാനായിട്ട് എൻെറ**

സഹോദരങ്ങളേ, എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. കർത്താവേ, നിൻെറ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമെ.

ശുശ്രൂഷക്കാരൻ. എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്ന് അകത്ത്പ്രവേശിച്ച്, ലോകാരംഭത്തിനുമുമ്പു നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അനുഭവിച്ചു കൊള്ളുവിൻ എന്ന് വലത്തുഭാഗത്തുള്ളവരോട് പറയുന്ന സന്തോഷകരമായ ശബ്ദത്തിനു നാം യോഗ്യരായിത്തീരുവാനായിട്ട്, എൻെറ സഹോദരങ്ങളേ, എല്ലായ്പ്പോഴും നാം കർത്താവിനോട് അപേക്ഷിക്കണം.

ജനം. ഞങ്ങളുടെ കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ യോഗ്യരാക്കണമെ.

ശുശ്രൂഷക്കാരൻ. ഞങ്ങളുടെ ദൈവമായ കർത്താവേ, നിൻെറ അനുഗ്രഹങ്ങളാലും കരുണയാലും രോഗികൾക്കു സൗഖ്യവും, ഞെരുങ്ങിയിരിക്കുന്നവർക്കു ആശ്വാസവും, ബന്ധിക്കപ്പെട്ടിരിക്കുന്നവർക്കു വിടുതലും, അകലെപ്പോയിരിക്കുന്നവർക്കു തിരിച്ചുവരവും, സമീപസ്ഥർക്കു നല്ലകാവലും, ഭിന്നിച്ചിരിക്കുന്നവർക്കു ഐക്യവും സ്നേഹവും, ചിന്നിപ്പോയിരിക്കുന്നവർക്കു ഒരുമിപ്പും, കാണാതെപോയിരിക്കുന്നവർക്ക് കണ്ടെത്തലും, വിലപിച്ചിരിക്കുന്നവർക്കു ആശ്വാസവും, ക്ഷീണിച്ചിരിക്കുന്നവർക്കു വിശ്രമവും, അഗതികൾക്കു സന്തുഷ്ടിയും, വിധവമാർക്കു മനോധൈര്യവും സഹായവും, ദരിദ്രർക്കു പോഷണവും സംതൃപ്തിയും, പാപികൾക്കു പൂർണ്ണമോചനവും, ആചാര്യത്വത്തിനു നല്ല ഉന്നതിയും, ശുശ്രൂഷകർക്കു വെണ്മ കൊടുക്കു

കയും, നിൻെറ നിരപ്പു ഭൂമിയിലെ രാജ്യങ്ങളിൽ വാഴുകയും, യുദ്ധങ്ങൾക്കു ഒതുക്കവും, മരിച്ചവർക്കു ആശ്വാസവും, ഞങ്ങൾക്കു കടങ്ങളുടേയും പാപങ്ങളുടേയും മോചനവും നൽകണമെ.

ജനം. ഞങ്ങളുടെ കർത്താവേ, നിൻെറ കൃപയാൽ ഞങ്ങൾക്ക് ഇവ സൗജന്യമായി നൽകണമെ.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, വീണ്ടും ദൈവമാതാവായ വിശുദ്ധ മറിയാമിനെക്കുറിച്ചും, പരിശുദ്ധന്മാരെക്കുറിച്ചും, വിശ്വാസികളായ വാങ്ങിപ്പോയവരെക്കുറിച്ചും നല്ല ഓർമ്മ ഉണ്ടാകുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം പ്രാർത്ഥിക്കണം.

ജനം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ.

ശുശ്രൂഷക്കാരൻ. നമ്മുടെ മശിഹാതമ്പുരാനോട് നമ്മുടേയും, നമ്മുടെ മാതാപിതാക്കളുടേയും, സഹോദരീസഹോദരന്മാരുടേയും, നേതാക്കളുടേയും, ഗുരുക്കന്മാരുടേയും, വാങ്ങിപ്പോയവരുടേയും, അന്യോന്യം നാം ഓരോരുത്തരുടേയും ആത്മാക്കൾക്കായി ധാരാളമായി അനുഗ്രഹങ്ങളും കരുണയും നാം യാചിച്ചു, വീണ്ടും യാചിക്കുകയും ചെയ്യുന്നു. സകലത്തിനും ഉടയവനായിരിക്കുന്ന പിതാവാം ദൈവത്തെ നാം സ്തോത്രം ചെയ്യുകയും, തൻെറ ഏക പുത്രനെ വന്ദിക്കുകയും, ജീവനുള്ള തൻെറ വിശുദ്ധ റൂഹായെ മഹത്വപ്പെടുത്തുകയും, കരുണയുള്ളവനായ കർത്താവിൻെറ തൃക്കൈകളിൽ നമ്മുടെ ജീവനെ ഭരമേൽപ്പിച്ചു തന്നോട് അനുഗ്രഹങ്ങളെ യാചിക്കുകയും ചെയ്യണം.

ജനം. **ഉത്തമനായുള്ളോവേ, കരുണതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.**

The curtain is withdrawn.

The Lord's Prayer

The celebrant, with outstretched hands, says aloud: **വലിയവനും ബലവാനുമായ ദൈവമേ,** : **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,**

നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

Celebrant, with outstretched hands, says aloud: If, O Good and Merciful Father, Thou hast made us worthy to be called Thy children, deliver us also from testings that that are severe. Rescue us from the evil one and from all his forces, and from the oppression of evil human beings. Unto Thee we will lift up glory and honor, praise and thanksgiving, now, and for evermore. ***People***: Amen.

ശുശ്രൂഷക്കാരൻ. **അണയ്ക്കപ്പെട്ട ഈ വിശുദ്ധ രഹസ്യങ്ങൾ കൈക്കൊള്ളുന്നതിനുമുമ്പ്, വീണ്ടും കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.**

ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

The celebrant, with outstretched hands**, **says aloud: O Great King, Sovereign Ruler of all, before whose scepter of authority all creation bows its head, send forth Thy blessing upon Thy Holy Church which is now bent before Thee, and unto Thee we shall raise up glory and honor praise and thanksgiving to Thee and to Thine Only-begotten Son and to Thy Holy Spirit, now, always and forever. ***People***: Amen.

പട്ടക്കാരൻ. വിശുദ്ധിയുള്ളതും, മഹത്വമുള്ളതും, സൃഷ്ടിയല്ലാത്തതും, ഉണ്മയായതും, ആദിയുമന്തവും ഇല്ലാത്തതും, വന്ദിക്കപ്പെടുന്നതുമായ വിശുദ്ധ ത്രിത്വത്തിൻെറ കൃപയും അനുഗ്രഹങ്ങളും എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം. ആമ്മീൻ, ബാറെക്മോർ

ശുശ്രൂഷക്കാരൻ. ഭയത്തോടും വിറയലോടുംകൂടി നാം സൂക്ഷിക്കണം.

ജനം. കർത്താവേ, കരുണതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

The Elevation of the Holy Mysteries

പട്ടക്കാരൻ. ഈ വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു.

ജനം. പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല. ആമ്മീൻ

Celebrant (Exalting the Chalice): **പട്ടക്കാരൻ & ജനം. ഒന്നായിരിക്കുന്ന പിതാവിനും, പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി. ആമ്മീൻ**

The celebrant carries the paten with his right hand and the chalice with his left hand, and putting his right hand on his left hand in the shape of the Cross, he says: **With us** is the Holy Father, Who by His grace fashioned the world. **ജനം. ആമ്മീൻ**.

Celebrant: **With us** is the Holy Son, Who by the precious sufferings redeemed it.

ജനം. ആമ്മീൻ.

Celebrant: **With us** is the one Holy and Living Spirit, Who completes and perfects of all that is and all that is to be. Blessed be the name of the Lord, from ages unto ages of ages. **ജനം. ആമ്മീൻ**.

***The celebrant puts the paten and the chalice on the tablitho and covers the Holy Mysteries. Then he descends from the altar step and burns incense. Then the people shall intone the following prayer*:**

ജനം. ദൈവസുതന്മാരായിടുവാൻ, ആയുഷ്ക്കാലെ പഠിപ്പിച്ച താതന്മാരെയോർക്കേണം പ്രാർത്ഥന കുർബ്ബാനകളിൽ നാം ശാശ്വതരാജ്യേ സ്വർഗ്ഗത്തിൽ നീതിജ്ഞന്മാർ സിദ്ധന്മാർ എന്നിവരൊപ്പംദൈവസുതൻ ആശ്വാസമവർക്കേകീടും. **മൊറിയോ-കുക്കിലിയോനു പകരം ചൊല്ലുന്നത്**

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܨܚܗ ܫܪܝܗ ܠܐܡܪܐ ܦܨܚܐ
ܒܦܨܚܟ ܐܦܨܚ ܠܢ ܘܐܬܪܚܡܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܛܝܒܘܬܐ
ܘܥܘܕܪܢܐ ⁜ ܘܥܠܝܢ ܚܛܝܐ ܪ̈ܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪ̈ܥܐ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܢܫܬܡܥ ܒܥܘܬܢ ܩܕܡ ܟܘܪܣܝܗ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ

ܘܫܘܒܚܐ ܢܗܘܐ . ܘܬܫܒܘܚܬܐ ܠܡܪܝܐ ܘܢܬܗܢܐ : ܐܚܝ
ܘܚܒܝܒܝ ܨܠܘ ܥܠܝ . ܠܐ ܐܬܟܠ ܠܡܫܝܚܐ . ܐܠܐ
ܕܢܦܩ ܡܢ ܚܕ ܡܢ ܡܥܠܝܬܗ ܘܢܗܘܐ ܠܡܫܡܫܢܐ ܡܫܠܡ

ܘܠܡܫܝܚܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

The celebrant turns to the people with outstretched hands, saying: My brethren and my beloved, pray for me.

The curtain is drawn across the sanctuary.

പട്ടക്കാരൻ മുട്ടുകുത്തി രഹസ്യപ്രാർത്ഥന

എൻ്റെ കർത്താവേ, വിശുദ്ധിയോടെ നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കണമെ. നിൻ്റെ വിശുദ്ധ ശരീരം ഭക്ഷിക്കുന്നതുമൂലം എൻ്റെ ദുർമോഹങ്ങൾ മാഞ്ഞുപോകണമെ. ജീവപ്രദമായ നിൻ്റെ കാസാ പാനം ചെയ്യുന്നതുമൂലം എൻ്റെ ദുർവികാരങ്ങൾ കെട്ടുപോകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നീ മൂലം കടങ്ങളുടെ മോചനത്തിനും പാപ പരിഹാരത്തിനും എന്നേക്കും ഞാൻ അർഹനായിത്തീരുകയും ചെയ്യണമെ.

<u>വേറൊന്ന്</u>

ദൈവമായ കർത്താവേ, നിൻ്റെ വിശുദ്ധ ശരീരം മൂലം ഞങ്ങളുടെ ശരീരങ്ങൾ പരിശുദ്ധമായിത്തീരുവാനും, പാപപരിഹാരപ്രദമായ നിൻ്റെ രക്തം മൂലം ഞങ്ങളുടെ ആത്മാക്കൾ പ്രശോഭിക്കുവാനും ഞങ്ങളെ നീ യോഗ്യരാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇത്

ഞങ്ങൾക്ക് കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും ആയിത്തീരണമെ.

ദൈവമായ കർത്താവേ, നിൻെറ പരിശുദ്ധ ശരീരം ഭക്ഷിക്കുവാനും, പാപപരിഹാരപ്രദമായ നിൻെറ രക്തം പാനം ചെയ്യുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ നല്ല ഇഷ്ടം അനുവർത്തിച്ചിട്ടുള്ള സകലരോടുംകൂടെ നിൻെറ സ്വർഗ്ഗരാജ്യത്തിൽ ഞങ്ങൾ എന്നേക്കും അവകാശികളായിത്തീരുകയും ചെയ്യുമാറാകണമെ.

Then the celebrant ascends the altar step and partakes of the Holy Mysteries, then he communicates the clergy and the deacons.

അതിർത്തികളെ വഹിച്ചിരിക്കുന്നവനെ, നിന്നെ ഞാൻ വഹിച്ചിക്കുന്നു. ദൈവമെ, എൻെറ വായിൽ നിന്നെ ഞാൻ വയ്ക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമെ കെട്ടു പോകാത്ത അഗ്നിയിൽ നിന്ന് നീ മൂലം ഞാൻ രക്ഷ പ്രാപിക്കയും ആ പാപിനിയേയും കള്ളനേയും പോലെ പാപമോചനത്തിന് എന്നേക്കും അർഹനായിത്തീരുകയും ചെയ്യുമാറാകണമെ. ***അനുഭവിച്ചുകൊണ്ട്***

നമ്മുടെ ദൈവമായ മശിഹായുടെ തിരുശരീര രക്തങ്ങളാകുന്ന, പാപപരിഹര പ്രദമായ തീക്കട്ട, രണ്ടു ലോകങ്ങളിലും നിത്യമായി, കടങ്ങളുടെ മോചനത്തനും പാപപരിഹാരത്തിനും വേണ്ടി, ബലഹീനനും പാപിയുമായ ദാസനായ എനിക്കു നൽകപ്പെടുന്നു.

കാസായിൽ നിന്ന് അനുഭവിച്ചുകൊണ്ട്

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്ന വചനമാം ദൈവമാകുന്ന യേശുവേ, കുരിശിൽ ഒഴുക്കിയ ജീവനുള്ളതും ജീവൻ

നൽകുന്നതമായ നിൻെറ രക്തത്താൽ എന്നെന്നേക്കും എൻെറ കടങ്ങൾ മോചിക്കപ്പെടുകയും എൻെറ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുമാറാകണമെ.

മറ്റുള്ളവർക്കു കൊടുക്കുമ്പോൾ

നമ്മുടെ ദൈവമായ മശിഹായുടെ ശരീരരക്തങ്ങളാകുന്ന പാപപരിഹരപ്രദമായ തീക്കട്ട രണ്ടു ലോകങ്ങളിലും നിത്യമായി കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും വേണ്ടി, സത്യവിശ്വാസികളായ ദാസീ-ദാസർക്കു നൽകപ്പെടുന്നു.

വിശുദ്ധകുർബ്ബാന അനുഭവിക്കുന്നതിനുമുമ്പുള്ള പ്രാർത്ഥനകൾ

എൻെറ കർത്താവേ, നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കണമെ. നിൻെറ പരിശുദ്ധ ശരീരമാകുന്ന ഭക്ഷണം മൂലം എൻെറ ദുർമ്മോഹങ്ങൾ ക്ഷയിച്ചു പോകുകയും നിൻെറ ജീവനുള്ള കാസായാകുന്ന പാനീയത്താൽ എൻെറ ദുർവ്വികാരങ്ങൾ ശമിക്കുകയും ചെയ്യണമെ. എൻെറ കർത്താവും ദൈവവുമേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിന്നാൽ ഞാൻ യോഗ്യനായിത്തീരണമെ. ആമ്മീൻ

Another Prayer

ദൈവമായ കർത്താവേ നിൻെറ പരിശുദ്ധശരീരം ഭക്ഷിപ്പാനും, പുണ്യപ്രദമായ നിൻെറ രക്തം പാനം ചെയ്യുവാനും എന്നെ **യോഗ്യനാക്കണമെ. എൻെറ കർത്താവും എന്നേയ്ക്കും എൻെറ ദൈവവുമേ, നിൻെറ നിൻെറ തിരുവിഷ്ടത്തെ പ്രസാദിപ്പിച്ചിട്ടുള്ള**

സകലരോടുംകൂടെ സ്വർഗ്ഗരാജ്യത്തിനു *ഞാൻ രക്ഷ പ്രാപിക്കയും ആ പാപിനിയേയും കള്ളനേയും പോലെ അവകാശിയായിത്തീരണമെ. ആമ്മീൻ.*

വേറൊന്ന്

ദൈവമായ കർത്താവേ, നിൻെറ പരിശുദ്ധ ശരീരത്താൽ എൻെറ ശരീരം വിശുദ്ധീകരിക്കപ്പെടുവാനും, പുണ്യപ്രദമായ നിൻെറ രക്തത്താൽ എൻെറ ആത്മാവ് പ്രശോഭിക്കുവാനും എന്നെ യോഗ്യനാക്കണമെ. എൻെറ കർത്താവും, എന്നേയ്ക്കും എൻെറ ദൈവവുമേ അതെൻെറ കടങ്ങളുടെ പരിഹാരത്തിനും, പാപങ്ങളുടെ മോചനത്തിനും ആയിത്തീരുമാറാകണമെ. ആമ്മീൻ.

പെസഹാ പെരുന്നാളിൽ കുർബ്ബാനാനുഭവം

റൊസലീ റൊസലീ - എന്നപോലെ

രഹസ്യം രഹസ്യം കൽപ്പി-ച്ചീശൻ
രഹസ്യമെനിക്കും എൻവീ-ട്ടുകാർക്കും

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

മൃതിയെക്കെടുത്തി-ട്ടാദാ-മ്മിനുനൽ
പ്രാണൻ കൊടുത്ത ഗാത്ര-വുമിതുതാൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

സമുദ്രോദരത്തെ ബലത്താൽ പകുത്തു

അടിത്തട്ടിൽ മാർഗ്ഗം തെളിച്ചോനിവൻ താൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

ഈറേയഭോജ്യം സ്വർഗ്ഗീയ മന്ന
മരുവിൽ മനുജൻ ഭുജിച്ചതുമിതുതാൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

കൊലയ്ക്കായ് നയിക്ക-പ്പെട്ടോരജമായ്
ഏശായകണ്ട ദർശനമിതുതാൻ

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

നോക്കിപ്പാർക്കും നാളിൽ നോഹ
പോതത്തിൽ*(പെട്ടകത്തിൽ)* മോദാൽ കണ്ടതുമിതുതാൻ

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

പ്രഥമം പ്രത്യ-ക്ഷതയിൽ രഹസ്യേ
നാഥൻ നിയമിച്ച നാളുമിതുതാൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

അജത്തെ വധിച്ചു രിപുവിൽ*(ശത്രു)* നിന്നും

കിടയെ *(ആട്ടിൻകൂട്ടം)* വിടുർത്ത പെരുന്നാളിതുതാൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

ഇന്നേദിവസം ഹർമ്യേ മശിഹാ
ശിഷ്യർ സഹിതം പെസഹാ ഭുജിച്ചു.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

യാക്കോബുസുതർക്കു മരുവിൻ നടുവിൽ
കുടിപ്പാൻ കൊടുത്ത ശൈലവുമിതുതാൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

സീനായ് മലമേൽ വന്നങ്ങിറങ്ങി
മേഘസ്തംഭേ വസിച്ചോനിവൻതാൻ

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

ഈ പെരുന്നാളിൽ ജീവനഗാത്രം
വിഭജിച്ചവനെ നരരേ സ്തുതിപ്പിൻ

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

മേടത്തിലീശ-തനയൻ ഹതനായ്

മേടം തന്നിൽ പെസഹയജവും.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

ഭൂവാസികളെ സുതരക്തത്താൽ
വിടുവിച്ചവനെ സ്തുതിപാടിടുവിൻ.

സ്വർഗ്ഗീയനായ മണവാ-ളാ-തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷി-ക്കുന്നു.

കുർബ്ബാന അനുഭവിച്ചതിനുശേഷം

എൻെറ ശരീരം ഭക്ഷിക്കുകയും, എൻെറ രക്തം കുടിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുമെന്നും, അവസാന ദിവസത്തിൽ ഞാനവനെ എഴുന്നേല്പിക്കുമെന്നും, പുണ്യവും പരിശുദ്ധവുമായ നിൻെറ തിരുവായരുളിച്ചെയ്തു വാഗ്ദത്തം ചെയ്തിരിക്കുന്നുവല്ലോ. എൻെറ കർത്താവേ, നിൻെറ പരിശുദ്ധശരീരം ഞാൻ ഭക്ഷിക്കുകയും, പുണ്യപ്രദമായ നിൻെറ രക്തം കുടിക്കുകയും ചെയ്തിരിക്കുന്നു. അത് എനിക്കു ന്യായവിധിക്കോ, പ്രതികാരത്തിനോ, ശിക്ഷയ്ക്കോ കുറ്റാരോപണത്തിനോ ആയിത്തീരാതെ, എൻെറ കർത്താവും എന്നേക്കും എൻെറ ദൈവവുമേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും, മരിച്ചുപോയവരുടെ ഇടയിൽനിന്നുള്ള അനുഗ്രഹിക്കപ്പെട്ട പുനരുത്ഥാനത്തിനും, നിൻെറ ഭയങ്കര

സിംഹാസനത്തിനു മുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ആയിത്തീരണമെ. ആമ്മീൻ.

മറ്റൊന്ന്

കർത്താവേ, നിൻെറ സ്വർഗ്ഗീയ മേശയുടെ സംബന്ധത്തിന് എന്നെ യോഗ്യനാക്കിയിട്ടുള്ള ബഹുലമായ നിൻെറ കരുണയെപ്രതി നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. എൻെറ കർത്താവേ, നിൻെറ പരിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണത്താൽ ഞാൻ കുറ്റം വിധിക്കപ്പെടുമാറാകരുതെ. നിൻെറ പരിശുദ്ധറൂഹായോടു സംബന്ധപ്പെടുവാൻ ഞാൻ യോഗ്യനായിത്തീർന്നുകൊണ്ട്, ആദിമുതലുള്ള സകല പുണ്യവാന്മാരോടുംകൂടെ ഓഹരിയും അവകാശവും കണ്ടെത്തുകയും, നിന്നെയും നിൻെറ ഏകപുത്രനെയും, സകലത്തിലും വിശുദ്ധനായ നിൻെറ റൂഹായേയും സ്തുതിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

വേറൊന്ന്

നിൻെറയും, നിൻെറ പിതാവിൻേറയും, നിൻെറ പരിശുദ്ധ റൂഹായുടേയും തിരുവിഷ്ടത്താൽ, ഞങ്ങൾക്കുവേണ്ടി ബലിയായി അർപ്പിക്കപ്പെടുകയും, നിൻെറ പരിശുദ്ധശരീരം ഞങ്ങളെ തീറ്റുകയും, പുണ്യമുണ്ടാക്കുന്ന രക്തം ഞങ്ങളെ കുടിപ്പിക്കുകയും ചെയ്ത ഞങ്ങളുടെ ദൈവമായ യേശു മശിഹാ, നിൻെറ സ്നേഹത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തു കയും, നിന്നോടുള്ള ഭക്തികൊണ്ട് ഞങ്ങളെ നിറയ്ക്കു കയും, നിൻെറ വിശ്വാസത്തിൽ ഞങ്ങളെ പ്രതിഷ്ഠിക്കു

കയും, കുറ്റമില്ലാത്ത നടപടികളാൽ ഞങ്ങളെ അലങ്കരിക്കുകയും ചെല്ലണമെ. ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും പാപങ്ങൾ മോചിക്കണമെ. ഞങ്ങൾ നിത്യമായി നിന്നെയും, നിൻെറ ജനകനാം പിതാവാം ദൈവത്തെയും, നിൻെറ പരിശുദ്ധറൂഹായേയും സ്തുതിക്കുമാറാകണമെ. ആമ്മീൻ.

പട്ടക്കാരൻ. നാം അട്ടഹസിച്ചു പറയണം

ജനം, പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ, വന്ദിക്കപ്പെട്ടവനും, സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദി മുതൽ തലമുറ തലമുറകൾവരെയും തനിക്കു സ്തുതി. ഹാലേലുയ്യാ.

The Procession of the Holy Mysteries

The curtain is drawn back. The celebrant carries the paten in his right hand and the chalice in his left hand. He then turns around from the left-hand side toward the people, saying: **From Thy propitiatory altar, may there descend pardon for Thy servants, O Son of God, Who came for our redemption and Who will come again for our resurrection and for the renewal of our race, for ever and ever.** ജനം. ആമ്മീൻ.

The celebrant descends from the altar step, walks forward two steps and says: **Stretch forth, O Lord, Thine invisible right hand, and † bless this congregation of Thy worshipers who are receiving Thy Precious Body and Blood for the absolution of their offences, and for the forgiveness of their sins and for a confident stand in Thy presence, our Lord and our God, for ever and ever.** ജനം. ആമ്മീൻ.

The celebrant crosses his hands, walks one step forward and says: **The mercies of the Great God and of our Savior Jesus Christ be upon those who bear of these Holy Mysteries, upon those dispense them, upon those who receive of them, and upon all who have labored or partaken or are to partake of them. The same mercies of God be upon us and upon them in both worlds for ever and ever.**

ജനം. **ആമ്മീൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി.** ബാറെക്മോർ.

ഗീതം

നാഥാ കൃപചെയ്തീടണമെ, നാഥാ കൃപചെയ്യണമലിവാൽ കൃപചെയ്യണമുത്തരമരുളി, കൃപചെയ്യണമെ നിനക്കുസ്തുതി. ഹാലേലുയ്യാ

The celebrant, with outstretched hands, says: **Glory be to Thee, glory be to Thee, Glory be to Thee, our Lord and our God, forever and ever. Our Lord, Jesus Christ, Thy Holy Body, which we have eaten, and Thy Atoning Blood, which we have drunk, may not be for condemnation and punishment, rather may they be for the life and redemption of all of us, and have mercy upon us.**

The celebrant returns to the altar.

ഭൂവാകെനമിക്കുംനിന്നെ, എല്ലാനാവും സ്തുതിപാടും
കബറടഞ്ഞോർ നൽ ശരണം നീയേ
മൃതർ തന്നുയിർപ്പും നീ തന്നെ. ഹാലേലുയ്യാ

അല്ലെങ്കിൽ

മരിച്ചോർക്കുയിരേകുന്നോനേ അവരുടെശരണവുമായോനേ
നിന്നെ കുമ്പിടുമേ ലോകം
നാവുകൾ നിൻ നാമം വാഴ്ത്തും. ഹാലേലുയ്യാ.

The Prayer of Thanksgiving

The celebrant, with crossed hands, says aloud: **We praise and worship Thee, for Thy great love of humanity, O Lord. Strengthen us all, sustain us and helpus to stand. And grant us forgiveness and consolation through our rejoicing at this spiritual table. And to Thee we, offer up glory and honor, and Thine only begotten Son and to Thy Holy Spirit both now and forever more.** ജനം. **ആമ്മീൻ.**

ശുശ്രൂഷക്കാരൻ. **നൽകപ്പെട്ട വിശുദ്ധ രഹസ്യങ്ങൾ കൈക്കൊള്ളുന്നതിനുശേഷം, വീണ്ടും കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.**

ജനം. **ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.**

The celebrant, with crossed hands, says aloud: **O Christ, the true bread that came down from heaven and became for us the**

good that perished not, protect our souls and our bodies from the fire of hell that goes not out and from the worm that dies not. To Thee we will offer up glory and honour, to Thee with the Father, and Thy Holy Spirit, now, and for evermore.

People: **Amen. Barekhmor.** *Celebrant*: *Huthomo*

വി. കുർബ്ബാനയിലെ ഹൂത്തോമ്മോ

മിസറേം നാട്ടിൽ മോശയറുത്തൊരു പെസഹാമൂലം
മരണമൊടടിമയൊഴിഞ്ഞിസറായേൽ മോചിതരായി
തലമുറതോറും പെസഹാ കർമ്മം തുടരെപ്പോന്നു
കൊണ്ടാടി ജനം പെസഹാപ്പെരുന്നാളജഭോജ്യത്താൽ.

അജഭോജനമാം പൂർവ്വിക പെസഹാ മാറിപ്പുതുതായ്
അപ്പം വീഞ്ഞായ് പെസഹാ ചെയ്‌വാനരുളിയ നാഥാ
നൽകുകയോഗ്യത നിൻമെയ്നിണവുംകൈക്കൊണ്ടീടാൻ
യൂദായെപ്പോൽ ശിക്ഷാർഹന്മാരാകരുതെങ്ങൾ.

ഹൂത്തോമ്മോ

സകലം മോചിച്ച കുഞ്ഞാടതി ധന്യൻ - എന്ന രീതി

അപ്പത്തെ-*എ*- തൃക്കൈകളിലേ-*ഏ*-ന്തി
വാഴ്ത്തി-*ഇ*- ഭാ-ഗിച്ചിഷ്ടർക്കേ-*ഏ*-കി
കൽപ്പിച്ചാൻ -*ആൻ*- നൽ ജീ-വ-ൻ നൽകും
മമഗാത്രം-*ം*- ഭ-*അ*-ക്ഷിപ്പിൻ*ൻ* നിങ്ങൾ
കാസായും സ്തോത്രം ചെയ്തേവം ചൊന്നാൻ
എല്ലാലോ-കർക്കും പാപം പോ-*ഓ*-ക്കി-*ഈ*-ടാൻ
ഞാൻ ചിന്തീ-*ഈ*-ട്ടുള്ളോരീ-*ഈ*-രക്തം

വാങ്ങിപ്പോ-*ആ*-നം ചെയ്‌വിൻ നിങ്ങൾ.

The Dismissal of the Faithful

***Celebrant*: Depart ye in peace, our brethren and beloved ones, as we commend you to the grace and mercy of the Holy and Glorious Trinity, with the provisions and blessings which you have received from the ✠ atoning altar of the Lord; those who are far, and you who are near, the living and the departed, redeemed by the victorious Cross ✠ of the Lord and sealed with the seal of the Holy Baptism; may the Holy Trinity absolve you from your debts, forgive your offenses, and comfort the spirits of your departed. And may I, a weak and sinful servant, receive grace and help by your prayers. Go ye in peace, ✠ glad and rejoicing, and pray for me always.**

ജനം.* *ആമ്മീൻ, കർത്താവ് അവിടുത്തെ കുർബ്ബാന അംഗീകരിക്കുകയും അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറാകട്ടെ.

വി. കുർബാന കഴിഞ്ഞ് ത്രോണോസിൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട്

ഇന്ന് ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ വിശുദ്ധ കുർബാനയിൽ ദൈവമായ കർത്താവും തൻെറ തിരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പരിശുദ്ധന്മാരും പ്രീതിപ്പെട്ട് ഇതുമൂലം തൻെറ ജനനിക്കും പരിശുദ്ധന്മാർക്കും വിശ്വാസികളായ സകല വാങ്ങിപ്പോയവർക്കും, പ്രത്യേകിച്ച് ആർക്കെല്ലാം വേണ്ടി ഈ കുർബാന അണയ്ക്കപ്പെട്ടിരിക്കുന്നുവോ, ആയവർക്കും നല്ല ഓർമ്മയും ലഭിക്കുവാൻ ഇടയാക്കണമെ.

വേറൊന്ന്

കർത്താവേ, 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു, അവസാന ദിവസത്തിൽ ഞാൻ അവനെ എഴുന്നേൽപ്പിക്കും' എന്ന് പുണ്യകരമായ നിന്റെ പരിശുദ്ധ വായാൽ നീ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. കർത്താവേ, ഞങ്ങൾ നിന്റെ വിശുദ്ധ ശരീരം ഭക്ഷിക്കുകയും പാപപരിഹാരപ്രദമായ നിന്റെ രക്തം പാനം ചെയ്യുകയും ചെയ്തിരിക്കുന്നു. എനിക്കും വിശ്വാസികളായ നിന്റെ ജനത്തിനും ഇതു ന്യായവിധിക്കോ പ്രതികാരത്തിനോ ശിക്ഷയ്ക്കോ കുറ്റാരോപണത്തിനോ കാരണമായിത്തീരാതെ, ഞങ്ങളുടെ കർത്താവും ദൈവവുമേ, കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും, മരിച്ചവരുടെ ഇടയിൽ നിന്നുള്ള അനുഗ്രഹീതമായ പുനരുത്ഥാനത്തിനും, ഭയങ്കരമായ നിന്റെ സിംഹാസനത്തിൻ മുമ്പാകെ മുഖപ്രസന്നതയ്ക്കും പര്യാപ്തമായിത്തീരണമെ.

പീലാസായിൽ നിന്ന് അനുഭവിച്ചുകൊണ്ട്

കർത്താവ് എന്നെ മേയിക്കും. എനിക്കു യാതൊന്നിനും കുറവുണ്ടാകയില്ല. പുഷ്ടിയുള്ള മേച്ചിൽ സ്ഥലങ്ങളിൽ അവൻ എന്നെ വിട്ടയയ്ക്കും. ശാന്തമായ ജലാശയങ്ങളിലേക്ക് അവൻ എന്നെ നയിക്കുകയും ചെയ്യും. അവൻ എന്റെ ആത്മാവിനെ തിരിച്ച്, സത്യ മാർഗ്ഗങ്ങളിൽ എന്നെ നയിച്ചു. മരണനിഴൽ താഴ്വരകളിൽ കൂടി നടന്നാലും, നിന്റെ നാമംമൂലം, നീ എന്റെ കൂടെ

ഉള്ളതുകൊണ്ട് എനിക്കു തിന്മയെ ഭയപ്പെടേണ്ടി വരികയില്ല. നിൻെറ വടിയും ദണ്ഡും എന്നെ ആശ്വസിപ്പിച്ചു. എൻെറ ശത്രുക്കളുടെ മുമ്പിൽ വച്ച് നീ എൻെറ മുമ്പാകെ മേശയൊരുക്കി, എൻെറ തലയെ തൈലം കൊണ്ട് അഭിഷേകം ചെയ്തു. എൻെറ പാനപാത്രം ജീവനുള്ളതുപോലെ ലഹരിപ്പിക്കുന്നു. കർത്താവിൻെറ ഭവനത്തിൽ ഞാൻ ദീർഘകാലം താമസിക്കുവാൻ തക്കവണ്ണം നിൻെറ കരുണയും കൃപയും ആയുഷ്ക്കാലം മുഴുവനും എന്നെ അനുഗമിച്ചു.

ഗ്മൂർത്തോ കൊണ്ട് പീലാസാ തുടയ്ക്കുന്നു

വല്ല അംശവും ശേഷിച്ചിട്ടുണ്ടെങ്കിൽ - ലോക സ്രഷ്ടാവായ നിൻെറ അറിവിൽ ശേഷിച്ചിട്ടുണ്ടെങ്കിൽ - ആ ശേഷിച്ച അംശത്തിന് കർത്താവ് കാവൽക്കാരനായി രിക്കട്ടെ. എനിക്കു മോചനവും ക്ഷമയും നൽകുകയും ചെയ്യുമാറാകട്ടെ.

കാസായിൽ നിന്ന് പാനം ചെയ്തു കൊണ്ട്

ഞങ്ങളുടെ നിത്യ രക്ഷയ്ക്കുവേണ്ടി വന്ന വചനമായ ദൈവമാകുന്ന യേശുവേ, കുരിശിന്മേൽ ചൊരിയപ്പെട്ട ജീവനുള്ളതും ജീവദായകവുമായ നിൻെറ രക്തത്താൽ എൻെറ കടങ്ങൾ മോചിക്കപ്പെടുകയും പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുമാറാകണമെ.

തർവോദോ ശോധന ചെയ്തുകൊണ്ട്

ഞങ്ങളുടെ ദൈവമായ മശിഹാ, എൻെറ അവയവങ്ങളിൽ നിന്നും, വെള്ളത്താലും ആത്മാവാലും നിന്നെ ധരിക്കയും വിലയേറിയ നിൻെറ തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള വിശ്വാസികളായ മരിച്ചു പോയവരുടെ ആത്മശരീരങ്ങളിൽ നിന്നും അഗ്നി ജ്വാലയേയും ഭയങ്കരമായ കഠിന ദണ്ഡനങ്ങളേയും നിൻെറ വിലയേറിയ ശരീര രക്തങ്ങളാകുന്ന ജീവനുള്ള അഗ്നി ശമിപ്പിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, അവസാന ദിവസത്തിൽ നിൻെറ വലത്തു ഭാഗത്ത് അവരെ വിളിച്ച് നിർത്തുകയും ചെയ്യുമാറാകണമെ.

വലതു കൈ വിരലുകൾ രണ്ടു പ്രാവശ്യവും ഇടതു കൈ വിരലുകൾ ഒരു പ്രാവശ്യവും ശോധന ചെയ്യുന്നു. ആദ്യം വലതു കൈ വിരലുകൾ

എൻെറ അധരങ്ങൾ നിൻെറ മഹത്വങ്ങളേയും എൻെറ വായ് നിൻെറ സ്തുതികളെയും ഉച്ചരിക്കുമാറാകണമെ. ഞാൻ നിന്നോടു ചെയ്തുപോയ സകല പാപങ്ങളും നിൻെറ കൈകളിലേയും കാലുകളിലേയും ആണികളേയും നിൻെറ വിലാവ് കുത്തിത്തുറന്ന കുന്തത്തേയുംപ്രതി എന്നോടു ക്ഷമിക്കണമെ.

അനന്തരം ഇടതു കൈ

ദൈവമായ കർത്താവേ, സകല ഉപദ്രവങ്ങളിൽ നിന്നും എന്നെ കാത്തു കൊള്ളണമെ. നിൻെറ വലതു കൈ എനിക്കു സഹായമായിരിക്കണമെ. ഇടത്തേതിനടുത്ത സകല പ്രവൃത്തികളിൽ നിന്നും എന്നാളും എന്നെ കാത്തു കൊള്ളുകയും ചെയ്യണമെ.

പാത്രത്തിൽ നിന്ന് കലർത്തപ്പെട്ട വിഞ്ഞ് കുടിക്കയും ശുശ്രൂഷകന് കൊടുക്കുകയും ചെയ്തുകൊണ്ട്

നിൻെറ ഭവനത്തിലെ കൊഴുപ്പിനാൽ അവർ ലഹരിക്കുമാറാകണമെ. ആനന്ദകരമായ നിൻെറ താഴ്വരയിൽ നിന്ന് അവരെ കുടിപ്പിക്കണമെ. എന്തെന്നാൽ ജീവൻെറ ഉറവ നിൻെറ കൂടെയാകുന്നു. നിൻെറ പ്രകാശത്താലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത്. നിൻെറ അടുത്തുള്ളവർക്ക് നിൻെറ കരുണകളും ഹൃദയ നേരുള്ളവർക്ക് നിൻെറ നീതിയും നീ കാത്തുകൊള്ളണമെ. ബലമേറിയ പാദങ്ങൾ ഞങ്ങളുടെ മേൽ വരുത്തരുതെ. ദുഷ്ടന്മാരുടെ കൈകൾ ഞങ്ങളെ ചലിപ്പിക്കുവാനും ഇടയുകരുതെ. എന്തെന്നാൽ വ്യാജം ചെയ്യുന്ന സകലരും അവിടെ വീണുപോകുന്നു. അവർ മറിച്ചു വീഴിക്കപ്പെടുന്നു. എഴുന്നേൽക്കുവാൻ സാദ്ധ്യമല്ലാതെയും വരുന്നു.

അനന്തരം കൈ കഴുകിക്കൊണ്ട്

കർത്താവേ, എന്നെ ന്യായം വിധിച്ചുകൊള്ളണമെ. എന്തെന്നാൽ ഞാൻ പരമാർത്ഥതയിൽ നടന്നിരിക്കുന്നു. കർത്താവിൽ ഞാൻ ശരണപ്പെട്ടു. എനിക്ക് ഒരിക്കലും ചഞ്ചലപ്പെടേണ്ടി വരികയില്ല. കർത്താവേ, എന്നെ ശോധന ചെയ്യണമെ. എന്നെ പരീക്ഷിച്ചു നോക്കേണമെ. എൻെറ അന്തരിന്ദ്രിയങ്ങളും ഹൃദയവും നീ പരിശോധിക്കണമെ. നിൻെറ കരുണ എൻെറ കണ്ണുകൾക്ക് നേരെ ഇരിക്കുന്നു. വിശ്വാസത്തിൽ ഞാൻ നടന്നു. ദുഷ്ടന്മാരുടെ കൂട്ടത്തിൽ ഞാൻ ഇരുന്നിട്ടില്ല. ഭോഷന്മാരുടെ കൂട്ടത്തിൽ ഞാൻ പോയിട്ടില്ല. ദുഷ്ടന്മാരുടെ സംഘത്തെ ഞാൻ വെറുത്തു.

അധർമ്മികളുടെ കൂട്ടത്തിൽ ഞാൻ ഇരുന്നിട്ടില്ല. എൻെറ കൈകൾ ഞാൻ വെടിപ്പായി കഴുകി. കർത്താവേ, നിൻെറ മഹത്വ ശബ്ദം കേൾക്കുവാനും, നിൻെറ വിസ്മയ കാര്യങ്ങൾ പ്രസ്താവിക്കുവാനും വേണ്ടി നിൻെറ ബലിപീഠത്തിനു ചുറ്റും ഞാൻ നടന്നു. കർത്താവേ, നിൻെറ ഭവനത്തിലേയും നിൻെറതിരുനിവാസസ്ഥലത്തെ പരിചരണ ത്തെയും ഞാൻ ഇഷ്ടപ്പെട്ടു. പാപികളോടും രക്തപ്രിയന്മാ രായ ആളുകളോടുംകൂടെ എന്നെ നശിപ്പിക്കരുതെ. അവരുടെ കൈയിൽ വഞ്ചനയുണ്ട്. അവരുടെ വലത്തു കൈ കൈക്കൂലി നിറഞ്ഞിരിക്കുന്നു. ഞാനോ പരമാർത്ഥത യിൽ നടന്നിരിക്കുന്നു. എന്നെ രക്ഷിച്ച് എന്നോടു കരുണ ചെയ്യണമെ. എൻെറ കാൽ സത്യത്തിൽതന്നെ നില കൊണ്ടു. സഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും. നിനക്കു സ്തുതി യോഗ്യമാകുന്നു.

കൈകൾ തുടച്ചു കൊണ്ട് 29-ാം സങ്കീർത്തനം

കർത്താവിനു മുട്ടാടുകളെ കൊണ്ടു വരുവിൻ. കർത്താവിനു മഹത്വവും ബഹുമാനവും നൽകുവിൻ. കർത്താവിൻെറ നാമത്തിനു ബഹുമാനം കൊടുക്കുവിൻ. കർത്താവിൻെറ വിശുദ്ധ പ്രാകാരത്തിൽ അവനെ വന്ദിപ്പിൻ. കർത്താവിൻെറ ശബ്ദം വെള്ളത്തിന്മേൽ വന്നു. മഹത്വമുള്ളവനായ ദൈവം ഇടി മുഴക്കമുണ്ടാക്കി. പെരുവെള്ളത്തിന്മേൽ കർത്താവു വന്നു. കർത്താവിൻെറ ശബ്ദം ശക്തിയുള്ളതാകുന്നു. കർത്താവിൻെറ ശബ്ദം മഹത്താകുന്നു. കർത്താവിൻെറ ശബ്ദം ദേവദാരു വൃക്ഷങ്ങളെ തകർത്തുകളഞ്ഞു. അവയെ

കാളക്കിടാങ്ങളെ പോലെയും, ലെബാനോനെയും സോനീറിനേയും പോത്തുകുട്ടികളെപ്പോലെയും അവൻ ചലിപ്പിച്ചു. കർത്താവിൻെറ ശബ്ദം അഗ്നിജ്വാലയെ ഖണ്ഡിക്കുന്നു. കർത്താവിൻെറ ശബ്ദം മരുഭൂമിയെ ഇളക്കുന്നു. കർത്താവിൻെറ ശബ്ദം മാൻപേടകളെ ഭ്രമിപ്പിക്കയും വനങ്ങളെ നശിപ്പിക്കയും ചെയ്യുന്നു. അവൻെറ ആലയത്തിൽ എല്ലാവരും സ്തുതി പാടുകയും ചെയ്യുന്നു. കർത്താവ് ജലപ്രളയത്തെ പിന്തിരിപ്പിച്ചു. കർത്താവ് എന്നേക്കും രാജാവായി സ്ഥിതി ചെയ്യുന്നു. കർത്താവ് തൻെറ ജനത്തിന് ശക്തി നൽകും. കർത്താവ് തൻെറ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു.

(Ente Kadangalasehsham)

- **Clear, O Lord, my ev’ry debt,**
  By Thy mercy’s sponge, I pray;
  All the sins I did to Thee,
  By Thy kindness me absolve.
- **Christ, life-giving king Who art,**
  Since I Served Thy Sacraments
  Make me equal with the just,
  And the righteous whe Thee love.
- **May I serve Thee ever Lord,**
  In the heav’nly kingdom blest;

There for ever serving Thee,
Now and always evermore.

❖ Endless praise unto the Lord,
Grace to you upon that day;
Mercy from the righteous judge,
Be to sinful humble me.

❖ Mercy show, Lord mercy show,
Show me mercy who am dull;
For this priest and deacon too,
Who've raised this Qurban to Thee. *Staumen Kalos--*

മരിച്ചു പോയവർക്കു വേണ്ടിയുള്ള പ്രുമിയോൻ

[illegible]

[illegible]

[illegible]

തൻെറ മരണം മൂലം നമ്മുടെ മരണത്തെ മായിച്ചുകളഞ്ഞവനും, തൻെറ ബലിയർപ്പണം മൂലം ആദാമിൻെറ സന്താനങ്ങൾക്കെല്ലാം പാപപരിഹാരം നൽകിയവനുമായ ഉത്തമനായ കർത്താവിനെ ഈ സമയത്തും --------- നമുക്ക് ഓർത്തു മഹത്വപ്പെടുത്താം.

മരിച്ചവരെ ഉയിർപ്പിക്കുന്നവനും, കബറടക്കപ്പെട്ടവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനുമായ കർത്താവേ, ഇന്നു ഞങ്ങൾ ആർക്കുവേണ്ടി കുർബാന അണച്ചിരിക്കുന്നുവോ ആ നിൻെറ ദാസരുടെ ആത്മാക്കളെ നീ സ്വീകരിക്കുമാറാകണമെ. നിൻെറ വത്സലന്മാരായ അബ്രഹാമിൻേറയും

ഇസഹാക്കിൻേറയും യാക്കോബിൻേറയും നിൻെറ പ്രത്യാശയിൽ നിദ്രപ്രാപിച്ചിട്ടുള്ള വിശ്വാസികളായ സകല പരേതരുടേയുംകൂടെ, നിൻെറ പിതൃഭവനത്തിലെ അനുഗൃഹീത ആലയങ്ങളിൽ അവരെ വസിപ്പിച്ചു കൊള്ളണമെ. അവർക്കു ജീവൻ നൽകി നിൻെറ വലത്തുഭാഗത്തു അവരെ നിറുത്തുമാറാകണമെ. ഞങ്ങളെല്ലാവരും പരിശുദ്ധ ത്രിത്വത്തിന് ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ.

O, Lord Jesus, Messiah:

❖ **Not for vengeance-nor our judgment-**
be for us here, Thy Blood and Body taken,
but for debts absolving, and for pardon,
And for standing on Thy right-
Halleluiah - with clear faces.

From the valley of Delight-give them to drink:

❖ **May Thy Body eaten here, and Thy Life Blood,**
What we drank in faith,O Lord,
May they bridge and passage be-for our spirits,
saving us from flames of hell-
Halleluiah - life bestowing.

❖ **Praise the Son of God, who in the upper room,**
brake His Body for His friends;
mingled He His precious Blood, the cup of life,

Adam’s children to redeem,
Halleluiah - through absolving. **Barekmor.**
† Glory be to the Father, Son and the Holy Ghost

- ❖ **For these open hands outstretched,**
which took from Thee, Such a pledge of life divine,
Be they not shrunk at judgment’s hour on that day,
When the blazing flames consume-Halleluiah-
but outstretched be. **Unto the ages of ages of ages and for ever more.**
- ❖ **Hearing sighs of all the dead, our redeemer**
on the † Cross on Calvary;
Waxing strong He went and brake that yoke of
death, From the necks of those who died-
Halleluiah- and console them. **Moiyorahem -----**

ܟܗܢ̈ܐ

കർത്താവേ, നിൻെറ ദാസന്മാർക്കും ദാസികൾക്കും വേണ്ടി ഇന്നു ഞങ്ങൾ നിനക്കണെച്ചിരിക്കുന്ന ഈ കുർബാന അവർക്കു പരിമളവാസനയായി ഭവിക്കു മാറാകണമെ. കർത്താവേ, നിൻെറ തിരുവിഷ്ടം ഇതിൽ പ്രീതിപ്പെട്ട്, കരുണയോടെ അവർക്ക് ആശ്വാസം നൽകുകയും ചെയ്യണമെ.

പട്ടക്കാരൻ സാധാരണ വസ്ത്രം ധരിക്കുന്നു.

പാതകനാം റൂബേലിനു ജീവൻ മൂശാ
മൃഗബലിയാൽ നൽകിയെങ്കിൽ
ജീവനെഴും നിൻ ബലിയാലെ

വിശ്വാസികളായ് മരിച്ചോർക്ക-ങ്ങെത്ര ഗുണംകൂടും

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ----

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ--- ---

കൃപ നിറഞ്ഞ മറിയമെ നിനക്കു സമാധാനം--- ---

ത്രോണോസിൻെറ മുമ്പാകെ വന്ദിച്ചുകൊണ്ട്

ദൈവമെ, നിൻെറ ഭവനത്തിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു. സ്വർഗ്ഗീയ രാജാവേ, നിൻെറ സിംഹാസനത്തിൻ മുമ്പാകെ ഞാൻ വന്ദിക്കുകയും ചെയ്തിരിക്കുന്നു. നിന്നോടു ഞാൻ ചെയ്തുപോയ സകലപാപങ്ങളും എന്നോടു ക്ഷമിക്കണമെ.

ത്രോണോസ് മുത്തി ഹൃദയവേദനയോടെ പറയുന്നു

കർത്താവിൻെറ പരിശുദ്ധവും ദിവ്യവുമായ ബലി പീഠമേ, സമാധാനത്തോടെ വസിക്കുക. ഇനി ഈ സന്നിധിയിലേക്കു ഞാൻ വരുമോ ഇല്ലയോ എന്ന് എനിക്കു നിശ്ചയമില്ല. സ്വർഗീയ കടിഞ്ഞൂലുകളുടെ സഭയിൽ വച്ച് നിന്നെ കാണുവാൻ കർത്താവ് എന്നെ യോഗ്യനാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെട്ടുകൊള്ളുന്നു.

പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇതിൽ നിന്ന് ഞാൻ പ്രാപിച്ച പരിശുദ്ധ ശരീരവും പാപപരിഹാരപ്രദമായ രക്തവും, എനിക്ക് എന്നേക്കും കടങ്ങളുടെ മോചനത്തിനും പാപപരിഹാര

ത്തിനും നിൻെറ ഭയങ്കര സിംഹാസന സന്നിധിയിൽ മുഖപ്രസന്നതയ്ക്കും പര്യാപ്തമായി ഭവിക്കണമെ.

ജീവൻെറ മേശയാകുന്ന പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഇനി എന്നേക്കും എൻെറ സ്മരണ നിന്നിൽ നിന്ന് മാഞ്ഞുപോകുവാൻ ഇടയാകരുതെ. കർത്താവേശുമശിഹായോട് എനിക്കുവേണ്ടി പ്രാർത്ഥിക്കുമാറാകണമെ. ആമ്മീൻ.



പെസഹാ വ്യാഴാഴ്ച ആറാം മണി - പേജ് 242

കൗമാ

ܒܪܺܝܟ ܡܳܪܝܳܐ ܕܚܰܢܳܢܳܐ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ

മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും

മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܨܚܗ ܒܛܠܗ ܠܐܡܪܐ ܦܨܚܝܐ
ܒܦܨܚܟ ܐܦܨܚ ܠܢ ܘܐܬܪܚܡ ܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ ܘܬܘܕܝܬܐ
ܘܣܘܓܕܢܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪܥܝ ܪܘܡܐ ܘܒܥܘܬܢ ⁜ ܢܬܩܒܠܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ

തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ഏമോദകീസോ എന്നപോലെ

1 തന്മരണ-സ്മരണയ്ക്കായ് ശിഷ്യർക്ക്

തനുരക്ത-ങ്ങൾ സസ്നേഹം നൽ-കിയ
ദേവാ ദയചെയ്തീടണമെ.

2 വാനതിലീ-റേന്മാർ ശുശ്രൂഷിക്കെ
പാപിനിതൈ-ലം പൂശിച്ചോൻ മന്നിൽ
ദേവാ ദയചെയ്തീടണമെ.

3 കനിവൊടു മാ-നവനായ് പാപം പോക്കാൻ
തൻ തിരുമെ-യ്യും നിണവും തന്നോ-നേ
ദേവാ ദയചെയ്തീടണമെ.

4 ഞങ്ങൾക്കായ് തനുരക്തങ്ങൾ നൽകി
മൃതിയില്ലായ്മയെ നൽകിയവൻ വ-ന്ദ്യൻ
ദേവാ ദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ--മെന്ഓലാം--

5 കൃപനിറയും മശിഹാ നിൻ ക്ളേശ-ത്താൽ
സഭതൻ കൊമ്പി-ന്നുന്നതിനൽകേണം
ദേവാ ദയചെയ്തീടണമെ. സ്തൗമെൻ കാലോസ്--

ܦܬܓܡܐ

(പാപിനിയായ സ്ത്രീയെക്കുറിച്ച്)

ܚܝܠܐ ܒܟܝ ܘܪܚܡܬ ܘܚܢܢܐ ܕܡ ܡܪܝܐ ܢܟܝܠܐ ⁜ ܡܪܝܐ ܡܚܣܢܢܐ
ܪܚܡ ܥܠܝܢ ܘܒܥܕܪܢ ⁜ ܠܒܢܝ ܐܢܫܐ ܐܘܪܚܬܐ ܘܦܬܓܡܐ ܘܡܫܡܫܢܐ
ܘܪܘܡܪܡܐ ܡܠܟܐ ܕܠܐ ܥܠܡܐ ܩܕܝܫܬܐ ܒܟܠܐ ܥܠܡ
ܘܒܥܠܡܝܢ ܐܡܝܢ ܢܗܘܐ ⁜

സകലത്തിൻേറയും ജീവനും രക്ഷയ്ക്കുംവേണ്ടി താൽപ്പര്യ
ത്തോടെ ഇരിക്കുന്ന കരുണയുള്ളകർത്താവും നിരന്തരമായി

തൻെറ വാതിൽക്കൽ മുട്ടുന്ന അനുതാപികളുടെ ശബ്ദത്തിനായി അതിവാഞ്ഛയോടെ ഇരിക്കുന്നവനും പാപകളങ്കിതയായ വേശ്യാസ്ത്രീയുടെ പാപാശുദ്ധിയിൽ നിന്ന് ശുദ്ധീകരിച്ച് തൻെറ വിശുദ്ധികൊണ്ട് നിറപ്പാൻ അവളെ തന്നിലേക്ക് ആകർഷിച്ചവനും അവളുടെ കണ്ണുനീരിനെ കാണിക്കപോലെയും കരച്ചിലിനെ ആദ്യഫല ത്തെപോലെയും അവളുടെ പ്രാർത്ഥനയെ ജീവനുള്ള ജ്ഞാനബലിപോലെയും ആംഗീകരിച്ചവനും പ്രീശനായ ശെമഓൻെറ ശങ്കയെക്കുറിച്ച്ശാസിക്കുകയും ശിഷ്യന്മാരുടെ മനഃശ്ചാല്യത്തെ വിരോധിക്കുകയും സകലരുടേയും മുമ്പാകെ അവളുടെ വിശ്വാസത്തെ പുകഴ്ത്തുകയും അവളുടെ പാപബാഹുല്യത്തെ ക്ഷമിക്കുകയും അവൾ വിവേകപൂർവ്വം പ്രവർത്തിച്ചതിനെ എല്ലാ അനുതാ പികളെയും ധൈര്യപ്പെടുത്തുവാൻ പര്യാപ്തമാക്കുകയും ചെയ്തവനും ആയ തനിക്ക് സ്തുതി. അവളെ തൻെറ കൃപയാൽകൈക്കൊണ്ടവന് ആറാംമണിയുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലുംനാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܘܼܪ̈ܐ

കരുണയുടെമഹാസമുദ്രവും അനുഗ്രഹങ്ങളുടെ അപരിമിത മായആഴവും ബലഹീനന്മാരും പാപികളുമായ ആത്മദേഹി കളുടെ വിദഗ്ദവൈദ്യനും ലോകത്തിൽ പലതരം

വ്യാധികളും രോഗങ്ങളും പിടിപെട്ടിരിക്കുന്നവരുടെ അടുക്കലേക്ക് പിതാവിനാൽ കൽപ്പിച്ചയയ്ക്കപ്പെട്ടവനും ആയ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിൻെറ മനുഷ്യസ്നേഹം മൂലം ഞെരുങ്ങിയിരിക്കുന്നവരെ തൃക്കൺപാർത്ത് സഹായിപ്പാനും മുറിവേറ്റവരെ സൗഖ്യമാക്കുവാനും രോഗികളെ നിൻെറ ഔഷധങ്ങളാൽ സുഖപ്പെടുത്തുവാനും ഇരുട്ടിൽ പെട്ടവരെ നിൻെറതേജസ്സാൽപ്രകാശിപ്പിപ്പാനും വീണുപോയവരെ നിൻെറ മഹാശക്തിയാൽ എഴുന്നേൽപ്പിപ്പാനും അശുദ്ധരെ നിൻെറ വിശുദ്ധിയാൽ ശുദ്ധീകരിപ്പാനും ദൂരസ്ഥരെ നിൻെറ കരുണയാൽ നിൻെറ പിതാവിൻെറ അടുക്കലേക്ക്കൊണ്ടുവരുവാനും ദുഷ്ടൻെറ കഠിനനുകത്തിനടിമപ്പെട്ട് ലൗകികങ്ങളായ വ്യർത്ഥവിചാരങ്ങളിൽ മുഴുകിയിരിക്കുന്നവരെ അവനിൽനിന്ന് നിൻെറശക്തിയാൽ രക്ഷിപ്പാനും വലിയ പാപങ്ങളാൽ പ്രയാസപ്പെട്ടിരുന്നവരെ നിൻെറ ദയയാൽആശ്വസിപ്പിപ്പാനും വേണ്ടി നശിച്ചിരുന്നവർ നിമിത്തം സ്വമനസ്സാലെ നിൻെറ ശ്രേഷ്ഠതയുടെ ഉന്നതത്തിൽനിന്ന് നീ ഇറങ്ങിവന്നു. മൺമയരും അയോഗ്യരും ദരിദ്രരും പാപികളും അപരാധികളും നിരസിക്കപ്പെട്ടവരുമായ ഞങ്ങളുടെ അടുക്കൽ ഇവയും ഇവയേക്കാൾ വലിയവയും നീ പ്രവർത്തിച്ചു. ഈ വലിയ കാര്യങ്ങൾക്കിടയിൽ നിന്ദ്യമായ കഷ്ടത്തിൽ നിന്ന് കർത്തൃവചനത്താൽ രക്ഷിച്ചിട്ടുള്ള പ്രീശനായ ശെമഓൻെറ വീട്ടിലേക്ക് അവനോടുകൂടെ ഭക്ഷണത്തിനിരിപ്പാൻ നിൻെറ കരുണ നിന്നെ ക്ഷണിച്ചു. പാപിയും കാമവികാരത്തിൻെറയും

അശുദ്ധിയുടെയുംമലിനതകൊണ്ട് നിറഞ്ഞിരിക്കുന്നവളുമായ സ്ത്രീയുടെ അടുക്കലേക്ക് പെട്ടെന്ന് നിൻെറ കരുണ ഇറങ്ങിച്ചെന്നു. എല്ലാവരോടുമുള്ള നിൻെറ കൃപയുടേയും സഹായങ്ങളുടേയും വലിപ്പത്തെക്കുറിച്ചും നിൻെറ കരുണ യിൽശരണപ്പെടുന്ന പാപികളെക്കുറിച്ച് വെറുപ്പുതോന്നാതെ ഉത്തമനും ദയാലുവും ആയ നാഥനെപ്പോലെ അവർക്ക് അധികമായി സഹായം നൽകുന്നു എന്നും അവൾ കേൾക്കയാൽ സത്യ അനുതാപത്തോടും തീഷ്ണതയുള്ള വിശ്വാസത്തോടും മേൽത്തരമായ എണ്ണയോടും പരിശുദ്ധ മായ പശ്ചാത്താപത്തോടുംകൂടി നീ ഇരുന്നിരുന്ന സ്ഥലത്തേക്ക് ധൈര്യസമേതം അവൾ ഓടിവന്നു. നിൻെറ അനുഗ്രഹങ്ങളുടെ വാതുക്കൽ ശക്തിയോടെ മുട്ടി വിളിച്ച് ശെമഓൻെറ ഭവനത്തിൽ നിൻെറ അടുക്കൽ നിശ്ശങ്കം പ്രവേശിച്ചു. നിൻെറ മാഹാത്മ്യമുള്ള ശിരസ്സിൽ വിലയേറി യതായ സുഗന്ധതൈലം അവൾ ഒഴിച്ചു. അതായത് അവളുടെ ദേഹംകൊണ്ട് ദുർവ്യാപാരത്താൽ സമ്പാദിച്ച തായ അധർമ്മത്തിൻേറയും പാപത്തിൻേറയും സകല ആദായത്തേയും സ്വദേഹത്തിൽ സർവ്വലോകത്തിൻേറയും പാപം വഹിപ്പാൻ ത്രാണിയുള്ള നിൻെറമേൽ, അവൾ ഒഴിച്ചു. നിൻെറ വെടിപ്പും വിശുദ്ധിയുമുള്ള തൃപ്പാദങ്ങളെ അവളുടെ അശുദ്ധങ്ങളായ കൈകൾകൊണ്ട് പിടിച്ചു. യാതൊരു മാലിന്യവുമില്ലാത്ത ഊഷ്മളസ്നേഹംനിമിത്തം അവളുടെ അശുദ്ധഅധരങ്ങളാൽ കരഞ്ഞുകൊണ്ട് നിൻെറ പാദങ്ങളെ ചുംബിച്ചു. ദുഃഖത്തിൻെറ കണ്ണുനീരുകളാൽ

അവയെ അവൾ നനച്ച് തൂവാലയ്ക്ക്പകരം അവളുടെ തടമുടികൊണ്ട് തുവർത്തി. അവൾ പാപമോചനത്തെയും പരിശുദ്ധിയേയും പ്രാർത്ഥിച്ച് പറഞ്ഞതെന്തെന്നാൽ, “എൻെറ കർത്താവേ കഠിനനായ കൊള്ളക്കാരൻെറ കയ്യിൽ അകപ്പെട്ടിരിക്കുന്നവളും നിൻെറ തൃക്കൈയുടെസൃഷ്ടിയും ആയ നിൻെറദാസിയെ നീ കടാക്ഷിക്കണമെ.” ഉത്തമനായുള്ളോവേ, നാശംഭവിക്കാതെ അവനിൽനിന്ന് അവളെ രക്ഷിച്ചുകൊള്ളണമെ. കാണാതെപോയ ആടിൻെറ നിമിത്തം വന്ന നല്ല ഇടയനായുള്ളോവേ, കാണാതെപോയ പെണ്ണാടിനെ അന്വേഷിച്ച് ഉപദ്രവിക്കുന്ന ചെന്നായുടെ പല്ലുകളുടെ ഇടയിൽനിന്ന് അതിനെ നീ പുറത്താക്കണമെ. റാഞ്ചുന്ന കഴുകനിൽനിന്നും വഞ്ചകനായ നായാട്ടുകാരൻെറ കെണിയിൽനിന്നും സൂത്രക്കാരനായ പരുന്തിൽനിന്നും അതിനെ വീണ്ടുകൊള്ളണമെ. അതിനെ നിൻെറ കൂട്ടിൽ പരമാർത്ഥപ്രാവും നിൻെറഭവനത്തിൽ പാതിവൃത്യമുള്ള ചെങ്ങാലിയും നിൻെറ ബലിപീഠത്തിനരികെ പ്രിയപ്പെട്ട പറവയും ആയി ആക്കിത്തീർക്കണമെ. പാപസമുദ്രത്തിലും ദോഷ കയത്തിലും മുഴുകിക്കിടക്കുന്നവളെ നീ കോരിയെടുക്കണമെ. അശുദ്ധിയുടെ കുഴിയിൽനിന്നും ചെളിയുള്ളതായ കാമക്കുഴിയിൽനിന്നും അരിഷ്ടയായവളെ നീ കരേറ്റണമെ. അശുദ്ധരെ വെൺമയാക്കുന്ന നിൻെറ സോപ്പാകൊണ്ട് അശുദ്ധയായവളെനിർമ്മലീകരിക്കണമെ. കളങ്കിതരെ നിർമ്മലീകരിക്കുന്ന നിൻെറ വിശുദ്ധിയാൽ അവളെ ശുദ്ധീകരിക്കണമെ. അവളുടെ വമ്പിച്ച അധർമ്മത്തിൽനിന്ന് അവളെ നന്നായി

കഴുകണമെ. നിൻെറ കൃപ അവളുടെമേൽബലപ്പെടണമെ. എൻെറ കർത്താവേ, “ഇസ്രായേൽ ഭവനത്തിൽനിന്നും കാണാതെപോയ ആടുകളെയുംപെണ്ണാടുകളെയും എൻെറ ശ്രേഷ്ഠതൊഴുത്തിലേക്ക് തിരിച്ചുകൊണ്ടുപോകുവാൻആണ് ഞാൻവന്നിരിക്കുന്നത്” എന്ന് നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. എൻെറ കർത്താവേ വിളിപ്പിൻ ഞാൻ ഉത്തരംപറയുമെന്നും മുട്ടുവിൻ ഞാൻ തുറക്കുമെന്നും, യാചിപ്പിൻ, കിട്ടുമെന്നും അന്വേഷിപ്പിൻ കണ്ടെത്തുമെന്നും നീ അരുളിച്ചെയ്തിട്ടു ണ്ടല്ലോ. ഇതാ ഞാൻ നിൻെറ വാതുക്കൽ മുട്ടി നിൻെറ കരുണയ്ക്കായി പ്രതീക്ഷിക്കുന്നു. എൻെറ അപേക്ഷകേട്ട് എന്നോട് ഉത്തരം അരുളിച്ചെയ്യണമെ. എൻെറ നിലവിളി ക്കായി തിരിഞ്ഞ് എൻെറ നെടുവീർപ്പുകളെ വീക്ഷിക്കണമെ. എൻെറ അടിമസ്ഥിതിയെ നീ നോക്കണമെ. എൻെറ സകല കുറ്റവും എന്നോട് ക്ഷമിക്കണമെ. എൻെറ നാഥാ, എൻെറ ശത്രു എന്നെ തകർക്കുവാൻ ആഗ്രഹിക്കുന്നു. കണ്ടാലും എന്നെ ദ്വേഷിക്കുന്നവൻ എന്നെ നശിപ്പിച്ചുകള യുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ലജ്ജയോടെ ഞാൻ പുറപ്പെട്ടുപോയി എന്ന് കണ്ടിട്ട് അവൻ എന്നെക്കുറിച്ച് സന്തോഷിക്കുമാറാകരുതെ. ഞാൻ ദർശിക്കപ്പെടാതെ പുറ പ്പെട്ടുപോയി എന്ന് കണ്ടിട്ട് അവൻ രസിക്കുമാറാകരുതെ. നിൻെറ സങ്കേതസ്ഥലത്തുനിന്നും ഞാൻ ദുഃഖത്തോടെ പോയത്കണ്ടിട്ട് അവൻെറ സൈന്യത്തോടുകൂടെ വിജയോ ല്ലാസത്താൽ അവൻ നൃത്തം ചെയ്യുമാറാകരുതെ. ഞാൻ അവനിൽനിന്നു വിടുതൽ പ്രാപിക്കാതെ നിൻെറ അടുക്കൽ

നിന്ന് അകന്നതുകണ്ടിട്ട് അവൻ എന്നെക്കുറിച്ച് വിജയോത്സവം നടത്തുമാറാകരുതെ. അവൻെറ കെണികളിൽനിന്നും ഞാൻ രക്ഷപ്പെട്ടില്ലെന്ന് കണ്ട് നിന്നെ അപഹസിക്കുമാറാകരുതെ. ഞാൻ അവൻെറ കെട്ടുകളും കുടുക്കുകളും അഴിച്ച് അവൻെറ കെണികൾ പൊട്ടിക്കാഞ്ഞതു കൊണ്ട് അവൻ എന്നെ പരിഹസിക്കുമാറാകരുതെ. എൻെറ നാഥാ ഞാൻ നിൻെറ അടുക്കൽ വന്നതിനാൽ എന്നെ കുറ്റപ്പെടുത്തുന്നതിന് അവൻെറ ശാസനയിൻകീഴിൽ എന്നെ വിട്ടുകൊടുക്കരുതെ. ഞാൻ അവനിൽനിന്നു രഹസ്യമായും പരസ്യമായും പലതുംസഹിച്ചു. നിൻെറ അടുക്കൽ വരുന്നതിന് അവനെന്നെ വളരെ ഭ്രമിപ്പിച്ചു. നിന്നെക്കാണുന്നതിന് അവനെന്നെ വളരെ തടസ്സപ്പെടുത്തി. എൻെറ കർത്താവേ, നിൻെറ കരുണ ഞാൻ കണ്ടതിനാൽ ഇപ്പോൾ അവൻെറ നുകത്തിൽനിന്ന് എന്നെ അഴിച്ചുവിടണമെ. എൻെറ നാഥാ, നിൻെറ നന്മയെ ഞാൻ തിരിച്ചറിഞ്ഞതിനാൽ ഇപ്പോൾ നിൻെറ മനുഷ്യസ്നേഹം എൻെറമേൽ ബലപ്പെടണമെ. അവൻ കണ്ടു ലജ്ജിപ്പാനായി നിൻെറ സത്യമുദ്ര എൻെറമേൽ വയ്ക്കണമെ. അവൻ കണ്ട് ഓടിപ്പോകുന്നതിനായി നിൻെറ ജീവനുള്ള റൂശ്മാ എൻെറമേൽ വരയ്ക്കണമെ. ഇനി അവൻ എൻെറ നേരെ പാഞ്ഞെത്താതിരിപ്പാനായിട്ട് എന്നെ നിൻെറ ആട്ടിൻക്കൂട്ടത്തിൽ എണ്ണിക്കൊള്ളണമെ. എൻെറ നികൃഷ്ടാവസ്ഥയോടു ഇനി അവൻ ദ്രോഹം ചെയ്യാതിരിപ്പാനായിട്ട് നിൻെറ തൊഴുത്തിലേക്ക് എന്നെ പ്രവേശിപ്പിക്കണമെ. എൻെറ കർത്താവേ, ഞാൻ എല്ലാ

അശുദ്ധിയും പുരണ്ടിരിക്കുന്ന പാപിയായ സ്ത്രീ ആകുന്നു. നീതികരിക്കപ്പെട്ടവളും വിശുദ്ധയും സകലമാലിന്യത്തിൽ നിന്നും നീങ്ങിയവളും ആയിട്ടല്ലാതെ ഞാൻ വന്നതുപോലെ അശുദ്ധയായി നിന്റെ അടുക്കൽനിന്ന് പുറപ്പെട്ടുപോകു മാറാകരുതെ. എന്റെ നാഥാ നിന്നെ ദർശിച്ചവനെല്ലാം അവന്റെ വിശ്വാസത്തിന് തക്കവണ്ണം കൃപപ്രാപിച്ചിട്ടുണ്ട്. എന്റെ കർത്താവേ, അപ്രകാരം എനിക്കും നൽകണമെ. എന്റെ നാഥാ ഇപ്പോൾമുതൽ എന്നേക്കും ഞാൻ നിനക്കു ള്ളവളായിരിക്കണമെ. വാഴ്ത്തപ്പെട്ട നിന്റെ പിതാവിനും ജീവിപ്പിക്കുന്ന നിന്റെ റൂഹായ്ക്കും നിന്റെ വിശുദ്ധദൂത ന്മാർക്കും എന്റെ പേരിൽ പ്രസാദംതോന്നിക്കണമെ. ഞങ്ങളുടെ കർത്താവേ, അവളെപ്പോലെ ഞങ്ങളും നിന്നോ ടപേക്ഷിക്കുന്നു. ദുഃഖംനിറഞ്ഞ കണ്ണുനീരോടും പ്രലാപകര മായ നെടുവീർപ്പോടും സത്യഅനുതാപത്തോടും സ്ഥിരവി ശ്വാസത്തോടും ലജ്ജിക്കാത്ത ആശയോടും നിഷ്ക്കപടമായ സ്നേഹത്തോടും നിർമ്മലമായ പ്രേമത്തോടും സ്വഭാവം തീരെ വ്യത്യാസപ്പെട്ട് യഥാർത്ഥമായ പശ്ചാത്താപത്തെ നിനക്ക് അണപ്പാൻ ഞങ്ങളെയും പരിശുദ്ധസഭയുടെ എല്ലാ സന്താനങ്ങളെയും യോഗ്യരാക്കണമെ. 'സ്ത്രീയേ പൊയ്ക്കൊൾക, നിന്റെ വിശ്വാസം നിന്നെ ജീവിപ്പിച്ചു. നീ എന്നെ അധികം സ്നേഹിച്ചതിനാൽ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു' എന്നിങ്ങനെ അവളോട് സ്നേഹ പൂർവ്വം അരുളിച്ചെയ്തതായ ആ ശബ്ദം നിന്നിൽനിന്ന് കേൾപ്പാൻ ഞങ്ങൾയോഗ്യരായിത്തീരണമെ. അവളെപ്പോലെ

ബഹുലമായ പാപമോചനത്തോടെ സന്തോഷിച്ചാഹ്ളാദിച്ചുകൊണ്ട് നിന്റെ അടുക്കൽനിന്ന് ഞങ്ങൾ പുറപ്പെട്ടുപോകുമാറാകണമെ. ഞങ്ങളോടുള്ള നിന്റെ സകലകൃപകൾക്കും വേണ്ടി നിനക്കും നിന്റെപിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഞങ്ങൾ കരേറ്റുന്നു. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഈ പെസഹാപ്പെരുന്നാൾ ദിവസത്തിൽ ശിഷ്യന്മാർ യേശുതമ്പുരാനെ സമീപിച്ച് താൽപ്പര്യത്തോടെ സംസാരിച്ചു. 'കണ്ടാലും മോശ മെസ്രേമിൽവച്ച് കഠിനനായഫറവോനിൽ നിന്ന് എബ്രായജനത്തെ രക്ഷിച്ചപ്പോൾ നിന്നെപ്പറ്റി സൂചിപ്പിച്ചിരുന്നതായ കുഞ്ഞാട് ഇതാ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. ബാറെക്മോർ. † ശുബഹോ:

ഇസ്രായേലിന് സത്യത്തിന്റെ നിഴലായി മോശ എഴുതിയിട്ടുള്ള പെസഹായാകുന്ന അത്താഴം ഒരുക്കുവാൻ രണ്ടു ശിഷ്യന്മാരെ നമ്മുടെ കർത്താവ് അയച്ചു. മോശയും പ്രവാചകന്മാരും എഴുതിയിട്ടുള്ള സർവ്വവും നിറവേറുന്നതിന് സകല സൃഷ്ടിയുടെയും നാഥന് വസിപ്പാൻ ഭവനം അവർ ചോദിച്ചു. മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

കർത്താവും തന്റെ പന്തിരുവരും മാളികയിൽ ഭക്ഷണത്തിനിരുന്നു. താൻ അപ്പം എടുത്ത് റൂശ്മാചെയ്ത് ശ്ലീഹ

ന്മാർക്കു നൽകി. സ്തോത്രത്തിൻെറ കാസായും കലർത്തി, കടങ്ങളുടെ പരിഹാരത്തിനായി എല്ലാവർക്കുംവേണ്ടി നൽകപ്പെടുന്ന ജീവനുള്ള രക്തമാകുന്ന താൻ സ്തോത്രം ചെയ്തു. മൊറിയോ--

വീണ്ടും കോലോ

സ്നേഹത്തോടെ എഴുന്നെള്ളി മനുഷ്യനായിത്തീരുകയും മാളികയിൽവച്ച് ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ഭക്ഷിക്കുകയും നാശത്തിൽ ജീവിച്ചിരുന്ന ആദാമിനെ രക്ഷിക്കുകയും ചെയ്തു. ഏകജാതനായ ദൈവത്തെ നാം സ്തോത്രം ചെയ്തു വന്ദിക്കണം

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

സത്യഇടയനായുള്ളോവേ നിൻെറ തിരുവിലാവിൽനിന്ന് ഒഴുകിയിട്ടുള്ളരക്തത്താൽ രക്ഷിക്കപ്പെട്ടിട്ടുള്ളസഭ നിന്നോട് അപേക്ഷിക്കുന്നു. നിൻെറ താഴ്മയാൽ എൻെറ കർത്താവേ നിൻെറ സമാധാനവും ശാന്തിയും അതിൽവസിപ്പിക്കണമെ. എല്ലാവരും അവനവൻെറ നിലയിൽ നിൻെറ കൃപയെ സ്തോത്രംചെയ്യും.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܗ ܕܚܘܐ ܠܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ദിവ്യൻ കുഞ്ഞാ-ടിന്നാൾ പെസഹ
ഭക്ഷി-ക്കുന്നു മോശേ നോ-ക്കൂ
    ദൃഷ്ടാ-ന്തങ്ങൾ നിർമ്മി-ച്ചോനേ
ആ മാ-ളികത-ന്നത്താഴ-ത്തിൽ
നിറവേറി നിൻ സാമ്യം കാൺക.

നാഥാ നിൻ മുൻ-കുറി രോധിച്ചു
സംഹാരകനെ യിസ്രേലീന്നും
    കർത്താ-വേ നിൻ മെയ് ര-ക്തങ്ങൾ
സഭയതിനാക-ട്ടെ വൻ കോ-ട്ട
പാപ-ങ്ങൾക്കേ-കണമെ മുക്തി.

സ്വസ്വരൂ-പത്തിൽ സൃഷ്ടിച്ചോനെ
പങ്ക-പ്പാടാൽ രക്ഷിച്ചോനെ
    പാർത്താ-ലെല്ലാ-നേരത്തും താൻ
നാമ-ത്യന്തം കീർത്തിക്കേ-ണം
തന്നെ വിട്ടോൻ വാഴ്ത്തപ്പെ-ട്ടോൻ.
നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ.   മൊറിയോ----

ܡܳܪܝ ܕܪܰܚܶܡ ܠܗ̇ ܠܥܰܡܳܐ ܕܝܠܶܗ
ܒܰܕܡܶܗ ܦܪܰܩ ܐܶܢܘܢ ܠܐܘܡܬܳܐ ⁜ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܫܽܘܒܚܳܐ ܕܰܐܬܳܐ ܠܒܰܢܝܳܐ ܘܡܰܘܬܳܐ ܘܰܩܝܳܡܬܳܐ
ܥܰܡ ܒܡܰܘܬܶܗ ܘܰܒܥܰܬ ܕܰܫܡܳܐ ܟܽܠ ܢܦܫܳܬܳܐ ⁜

ܐܠܗܢ ܕܐܨܛܠܒ ܡܢ ܚ̈ܫܝܢ ܗܘ ܒܥܘܬܢ ܩܒܠ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ഈയപ്പം മമ തനുവെന്നോതി ആർ കൈ-ക്കൊള്ളാ ?
കൈക്കൊള്ളാത്തോനില്ലിഹ പാർത്താൽ ശ്ലീഹാ-സ്ഥാനം
ശ്ലീഹന്മാരേവം തിന്നതിനെ താനു-ള്ളപ്പോൾ
ജീവൻനിൽക്കെ താൻ മൃതനായെന്നവർ ബോധിച്ചു. ദേവാ--

ജീവൻ പോകാതെങ്ങനെയപ്പം മെയ്യായ്-ത്തീരും ?
ജീവൻ പോകാതെങ്ങനെ തൻ മെയ് ശ്ലീഹർ-ക്കേകി ?
ഹതനല്ലായ്കിൽ എങ്ങനെ തിന്നാർ ഹതനെ-പ്പോലെ ?
ജീവൻ നിൽക്കാതാരവിടെ തൻ മെയ് ഭാഗിച്ചു ? ദേവാ ---

ഭക്ഷിപ്പോൻ തൻ മെയ്യവരമ്പേ ഭക്ഷി-ക്കുന്നു
കൽപ്പിക്കുന്നോൻ തൻ രക്തമതും പന്തിരുവർ-ക്കായി
സംസാരിക്കുന്നോനെ ഹതനെന്നോർത്തീ-ടുന്നു
ശിഷ്യർക്കെല്ലാം ഭക്ഷണമായോൻ കൂടു-ണ്ടോർത്താൽ. ദേവാ--
നിബി വാക്യങ്ങൾ നിറവേറ്റിയവൻ താതൻ സ്തുത്യൻ
തന്മെയ്യും തൻ രക്തമതും പന്തിരുവർ-ക്കായി
ഭക്ഷിപ്പാനായ് കൽപ്പിച്ചേകിയ പുത്രൻ വന്ദ്യൻ
നിസ്സന്ദേഹം പരിശുദ്ധാത്മാവിനെ വന്ദിക്കാം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാലേലൂയ്യാ ഹാ- എന്നവനുടെ നാമം മൃതിയാൽ മായും
എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു ഹാലേലൂയ്യാ

വി. മർക്കോസ് 14. 1 - 2, വി. ലൂക്കോസ് 7. 36 - 50

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܘܥܠܝܟܘܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ⁜ ܐܡܝܢ ⁜

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܡܪܩܘܣ ܡܒܣܪܢܐ ⁜ ܫܠܡܐ ܠܟܘܢ ⁜

രണ്ടു ദിവസത്തിനുശേഷം പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാൾ ആയിരുന്നു. മഹാപുരോഹിതന്മാരും വേദ പണ്ഡിതന്മാരും യേശുവിനെ എങ്ങനെയാണ് ചതിയിൽ പിടികൂടി വധിക്കേണ്ടതെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. ജനങ്ങളുടെ ഇടയിൽ കലഹം ഉണ്ടായേക്കുമെന്ന് ശങ്കിച്ച് അത് പെരുന്നാളിൽ ആകരുതെന്ന് അവർപറഞ്ഞു. ഒരിക്കൽ ഒരു പരീശൻ യേശുവിനെ ഭക്ഷണത്തിനു ക്ഷണിച്ചു. ആ പരീശൻെറ ഭവനത്തിൽ യേശു ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞിട്ട്, ആ പട്ടണത്തിൻെറ പാപിനിയായ ഒരു സ്ത്രീ ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലം എടുത്ത് അവൻെറ കാൽക്കൽ പുറകിലായി വന്നുനിന്ന് കരഞ്ഞു. അവൾ കണ്ണുനീരുകൊണ്ട് അവൻെറ പാദങ്ങൾ കഴുകു കയും തലമുടികൊണ്ട്തുടയ്ക്കുകയും പാദങ്ങൾ ചുംബിച്ച് സുഗന്ധതൈലം പൂശുകയുംചെയ്തു. ഇതുകണ്ട് യേശു വിനെ ക്ഷണിച്ച പരീശൻ, ഇവൻ ഒരു പ്രവാചകനായിരുന്നു വെങ്കിൽ, അവനെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും, അവളെപ്പറ്റി കേൾക്കുന്നതെന്തെന്നും അറിയുമായിരുന്നു.

അവനെ തൊട്ട ഇവൾ ഒരു പാപിനിയാണല്ലോ എന്ന് ആത്മഗതംചെയ്തു. അപ്പോൾ യേശു അവനോട്, ശീമോനേ എനിക്ക് നിന്നോട് ഒരു കാര്യം പറയുവാനുണ്ട് എന്നു പറഞ്ഞു. അവൻ, ഗുരോ അരുളിച്ചെയ്താലും എന്നു പറഞ്ഞു. യേശു അവനോട് ഇപ്രകാരം പറഞ്ഞു. പണം വായ്പ്പകൊടുക്കുന്ന ഒരുവന് രണ്ടുകടക്കാർ ഉണ്ടായിരുന്നു. അവരിൽ ഒരാൾ അഞ്ഞൂറ് ദീനോറോയും മറ്റവൻ അമ്പതു ദീനോറോയും അവനു കൊടുക്കുവാനുണ്ടായിരുന്നു. കടം വീട്ടുവാൻ അവർക്കു വകയില്ലാത്തതിനാൽ അവൻ ഇരുവർക്കും തുക ഇളച്ചുകൊടുത്തു. അവരിൽ ആര് അവനെ അധികം സ്നേഹിക്കും? ശീമോൻ ഉത്തരമായി, ആർക്ക് അധികം ഇളച്ചു കൊടുത്തുവോ, അവൻ തന്നെ യെന്ന് എനിക്കുതോന്നുന്നു എന്നുപറഞ്ഞു. അപ്പോൾ യേശു അവനോട്, നീ പറഞ്ഞത് ശരിതന്നെ എന്നുപറഞ്ഞു. പിന്നെ യേശു ആ സ്ത്രീയുടെ നേരെ തിരിഞ്ഞ്, ശീമോനോടു പറഞ്ഞു. ഈ സ്ത്രീയെ നീ കാണുന്നില്ലേ? ഞാൻ നിൻെറ വീട്ടിൽ പ്രവേശിച്ചു. നീ എൻെറ കാൽകഴുകുവാൻ വെള്ളം തന്നില്ല. ഇവൾ കണ്ണുനീരുകൊണ്ട് എൻെറ കാൽ കഴുക കയും തലമുടികൊണ്ട്തുടയ്ക്കുകയുംചെയ്തു. നീ എന്നെ ചുംബിച്ചില്ല. ഞാൻ പ്രവേശിച്ചപ്പോൾമുതൽ ഇവൾ എൻെറ കാൽ ഇടവിടാതെ ചുംബിച്ചു. നീ എൻെറ തലയിൽ തൈലംപൂശിയില്ല. ഇവളോ എൻെറ കാലിൽ സുഗന്ധ തൈലം പൂശിയിരിക്കുന്നു. അതിനാൽ ഞാൻ നിന്നോടു പറയുന്നു. ഇവൾ അധികം സ്നേഹിച്ചതിനാൽ ഇവളുടെ

നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. അൽപ്പം ഇളച്ചുകിട്ടുന്നവൻ അൽപ്പംമാത്രം സ്നേഹിക്കുന്നു. പിന്നെ അവൻ ആ സ്ത്രീയോട്, നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നുപറഞ്ഞു. അപ്പോൾ അവനോടൊപ്പം ഭക്ഷണത്തിനിരുന്നവർ, പാപങ്ങൾപോലും ക്ഷമിക്കുന്ന ഇവൻ ആരാണ് എന്നു തമ്മിൽപറഞ്ഞു. യേശു അവളോട്, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു.

ܫܠܡܐ ܠܟܝ ⁜ ܘܥܠ ܪܘܚܟܝ ⁜

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܒܦܘܡܗ ܚܕܝܘ ܥܠܡܐ ܦܪܝܫ
ܒܦܘܡܢ ܐܦܝܢ ܠܟ ܘܐܬܪܫܡܫܡܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܬܘܕܝܬܐ
ܘܣܘܓܕܢܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܐܘܪܫܠܡ ܕܠܥܠ ⁜ ܘܒܥܘܬܢ ܢܬܩܒܠܢ ܩܕܡ ܡܪܡܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ .
ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



Mary, Lazarus' Sister, Anoints Jesus by Harold Copping

പെസഹാ വ്യാഴാഴ്ച ഒമ്പതാം മണി - പേജ് 247

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ

മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܨܚܗ ܒܛܠܗ ܠܐܡܪܐ ܦܨܚܢ
ܒܦܨܚܗ ܐܦܨܚ ܠܢ ܘܐܬܪܚܡ ܥܠܝܢ ⁜ [3]
ܠܟ ܡܪܝ ܫܘܒܚܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܥܠܝܢ ⁜ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ

ܐܰܒ݂ܳܐ ܘܒܪܳܐ ܘܪܽܘܚܳܐ ܩܰܕܺܝܫܳܐ * ܚܰܕ݂ ܐܰܠܳܗܳܐ ܫܰܪܺܝܪܳܐ ܡܳܪܰܢ ܚܽܘܣ
ܘܰܪܚܶܡ ܥܠܰܝܢ * ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ
ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܰܢ ܠܥܳܠܰܡ * ܒܰܪܶܟ݂ܡܳܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ : ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം

തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമെ. നിന്റെ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ, എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ, എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ

നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഹൗദ് ഉഹദോനോ

1. ശ്രേഷ്ഠതയെ താഴ്ത്തി-ശിഷ്യന്മാർ തൻ,
പാദങ്ങളെയമ്പൊടു കഴുകി-
ത്താഴ്മ പഠിപ്പിച്ചോൻ ധന്യൻ,
നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

2. യാതന തീണ്ടാത്തോ-രത്യുന്നതനേ,
ആദാമിൻ പരിരക്ഷയ്ക്കായ്
പാടേൽപാൻ വന്നോൻ ധന്യൻ,
നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

3. സാക്ഷാൽ ദേവേശാ-നരനായോനേ,
ന്യായവിധിയ്ക്കു വിധേയനതായ്
വിധി മായിച്ചോൻ നീ ധന്യൻ,
നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

4. സഭയിൽ കനിയണമേ-സ്വർഗ്ഗാധിപതേ,
ശിക്ഷകളും ഭിന്നതയും നിൻ
കൃപയാൽ നീക്കിക്കളയണമേ
നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

5. കർത്താവേ കൃപയാൽ-പാപം പോക്കി,
നിൻ കൃപയാമുയിർ സോപ്പായാൽ

ഞങ്ങൾക്കേകണമേ വെണ്മ,

നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

സ്തൗമെൻ കാലോസ് --- --- കുറിയേലായിസ്സോൻ

[illegible]

[illegible]

[illegible]

[illegible]

[illegible]

ജീവന്റെ രഹസ്യമായ കർത്താവേ, നിനക്കു സ്തുതി. നിനക്ക് കീർത്തനം. എന്തെന്നാൽ നിന്റെ ഇടവകയ്ക്ക് ഭയങ്കരരഹസ്യങ്ങളെ ഏല്പ്പിച്ചു കൊടുക്കുകയും നിന്റെ രക്തത്താൽ പുതിയ ഉടമ്പടി എഴുതി മണവാട്ടിയായ സഭയ്ക്ക് നീ നൽകുകയുംചെയ്തു. ജീവനാകുന്ന നിന്റെ ശരീരത്തെ നിന്റെ ആടുകൾക്കു ഭക്ഷണമായി കൊടുക്കുകയും ചൈതന്യപ്രദമായ നിന്റെ രക്തം നിന്റെ ആട്ടിൻ കൂട്ടത്തിന് പാനീയമാക്കിത്തീർക്കുകയുംചെയ്തു. മനസ്സോടെയുള്ള താഴ്മയുടെ ആദർശം നിന്റെ പന്തിരുവരുടെ പ്രിയപ്പെട്ട കൂട്ടത്തെ നീകാണിച്ചു. മോശ നിന്നെ മുൻകുറിയായി കാണിച്ച ആട്ടിൻകുട്ടിയെക്കൊണ്ട് പഴയകാര്യങ്ങളെ നീ അവസാനിപ്പിക്കുകയും നിന്റെ വിശുദ്ധ ശരീരത്തിന്റെ ഛേദനത്താൽ പുതിയകാര്യങ്ങളെ ആരംഭിക്കുകയുംചെയ്തു ഞങ്ങളും നിന്റെ സ്വർഗ്ഗീയരഹസ്യത്തിൽ ആനന്ദിച്ചും ആനന്ദകരമായ നിന്റെ പെസഹായിൽ ഉല്ലസിച്ചുംകൊണ്ട്

ഒമ്പതാം മണിയുടെ പ്രാർത്ഥന കഴിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവുംആരാധനയും നിനക്കുകരേറ്റുന്നു. ബ്കുൽഹൂൻ-

ܣܶܕܪܳܐ

ആനന്ദകരമായപെസഹായും ദുഃഖങ്ങളെനീക്കിക്കളയുകയും ജീവൻേറയും സത്യത്തിൻേറയും രഹസ്യവും സന്ധ്യാസമയത്ത് കഴുത്തറുക്കപ്പെട്ടതും അതിൻെറ രക്തം വാതിലിന്മേൽ തളിക്കപ്പെട്ടതും അതിനാൽ ജനം സംഹാരകനിൽ നിന്ന് രക്ഷിക്കപ്പെട്ട് മരണത്തിൽനിന്ന് വീണ്ടെടുക്കപ്പെട്ടതുമായ ആട്ടിൻകൂട്ടിയെക്കൊണ്ട് ദീർഘദർശിയായ മോശ മുഖാന്തിരം മിസ്രയീമിൽവച്ച് രൂപീകരിക്കപ്പെട്ട് ദൃഷ്ടാന്തീകരിക്കപ്പെട്ടവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, ലോകത്തിൻെറ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിൻെറ ജീവനുള്ള ആട്ടിൻകൂട്ടിയായ നിന്നാലല്ലാതെ മോശ മുഖാന്തിരമുള്ള ആട്ടിൻകൂട്ടിയാൽ ലോകത്തിന്രക്ഷയുണ്ടാകുവാൻ കഴിയുന്നതല്ല. എന്നാൽ നീ ഈ ദൃഷ്ടാന്തത്തെ നിറവേറ്റി പഴയനിഴലുകളെ നീക്കിക്കളയുകയും ഫലങ്ങളില്ലാത്ത വൃക്ഷമാകുന്ന ന്യായപ്രമാണത്തെ മായിച്ചുകളയുകയും ചെയ്തു. നിൻെറ പരിശുദ്ധ ശിഷ്യന്മാരോടൊന്നിച്ച് നീ ആട്ടിൻക്കുട്ടിയെ ഭക്ഷിച്ചപ്പോൾ തന്നത്താൻ താഴ്ത്തി അവരുടെ കാലുകൾ കഴുകി. ആട്ടിൻകൂട്ടിയെ ഭക്ഷിച്ചതിനാലും കാലുകൾ കഴുകിയതിനാലും പഴയകാര്യങ്ങൾ

മാഞ്ഞുപോയി എന്നും കഴുകപ്പെട്ടിരിക്കുന്നു എന്നും നിഴൽ ഒഴിഞ്ഞുപോയിഎന്നും അതിനുപകരം പൊരുൾ പ്രവേശിച്ചു എന്നും നീ കാണിച്ചു. നിൻെറ താഴ്മയുടെ ആദർശം നിൻെറ ശിഷ്യന്മാരെ പഠിപ്പിച്ചു. അതിനാൽ നിൻെറ മരണ ത്തിൻെറ രഹസ്യം അവരെ നീ ഗ്രഹിപ്പിച്ചു. എന്തെന്നാൽ ആ രഹസ്യമായിരുന്നുവല്ലോ അത്താഴം. അതുവഴിയായി പുതിയ രഹസ്യം നിൻെറ ശിഷ്യന്മാർക്ക് നീ ഏല്പ്പിച്ചു കൊടുത്തു. അതിനാൽ വഞ്ചകശിഷ്യൻ വെളിപ്പെട്ടു. ശിഷ്യ ന്മാരുടെ തലവൻ നിന്നെ അറിയുകയില്ലെന്ന് ഉപേക്ഷിച്ചു പറവാനും ആണയിടുവാനുംഒരുങ്ങി. നിൻെറ വിശുദ്ധ തൃക്കൈകളിൽ അപ്പംഎടുത്ത്അവർക്ക്വിഭാഗിച്ചുകൊടുത്തു. ലോകത്തിൻെറ ജീവനുവേണ്ടി ഗോഗുൽത്താമേൽവെച്ച് നടത്താൻപോകുന്ന നിൻെറബലിയെ നീ കാണിച്ചു. വെള്ള ത്തിൽനിന്നും വീഞ്ഞിൽനിന്നും പാനപാത്രംകലർത്തി നിൻെറ പരിശുദ്ധ വിലാവിൽനിന്നും ഒഴുകുന്ന രക്തത്താലും വെള്ളത്താലും ലോകത്തിനു പാപശുദ്ധീകരണം ഉണ്ടാകും എന്നും എൻെറ മരണത്തിൻെറ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്വിൻ എന്നും നീ അറിയിച്ചു. ജീവനുള്ള ശരീരം ഞങ്ങൾക്കു ഭക്ഷണമായിത്തന്ന നിനക്കു സ്തുതി. കുറ്റമില്ലാത്ത രക്തത്തെ ഞങ്ങൾക്ക് പാനീയമായിത്തന്ന നിനക്കുസ്തുതി. സ്വമനസ്സോടെ മരിപ്പാൻ വന്ന നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി സ്ലീബായിൽതൂങ്ങിയതിനാൽ നിനക്കു സ്തുതി. ഇതു ഹേതുവായിട്ട് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ, ഞങ്ങൾ വെടിപ്പോടും

വിശുദ്ധിയോടുംകൂടി നിൻെറ രഹസ്യങ്ങളുടെ സംബന്ധത്തിനു യോഗ്യരായിത്തീരണമെ. നീ കഷ്ടമനുഭവിച്ച് ഉറക്കമിളച്ച ഈ രാത്രിയിൽ ഉണർവ്വോടും വെടിപ്പോടും കൂടി ഞങ്ങൾ കഷ്ടമനുഭവിച്ച് ഉറക്കമിളയ്ക്കുമാറാകണമെ. ഞങ്ങളുടെ ഹൃദയം അധർമ്മത്തിൽ നിന്നു കഴുകപ്പെടുകയും ഞങ്ങളുടെ അകത്തെ മനുഷ്യൻ പാപമാലിന്യത്തിൽനിന്നും വെടിപ്പാക്കപ്പെടുകയും ഞങ്ങളുടെ വിചാരങ്ങൾ സകല മലിനതയിൽനിന്നും കറയിൽനിന്നും നിർമ്മലീകരിക്കപ്പെടുകയും ചെയ്യണമെ. ഞങ്ങൾ രഹസ്യത്തിൻെറ മക്കളും ധർമ്മോപദേശങ്ങളെ പാലിക്കുന്നവരും ആയിത്തീരണമെ. യഹൂദന്മാർക്ക് മത്സരമന്ത്രക്കാരനായിത്തീരുകയും അഹങ്കാരത്താൽ ഭയങ്കരകൂദാശയ്ക്ക് അടുത്തുവരികയും കപടചുംബനംകൊണ്ട് നിന്നെ ഏല്പ്പിച്ചുകൊടുക്കുകയുംചെയ്ത യഹൂദായെപ്പോലെ ഞങ്ങൾ മത്സരമന്ത്രക്കാരായിത്തീരരുതെ. ഉറ്റ ഐക്യത്തോടെകൂടി നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും കൃതജ്ഞതയും സ്തോത്രവും അണപ്പാൻ ഞങ്ങൾഅർഹരായിത്തീരുകയല്ലാതെ ഈ കൃപയ്ക്കു അയോഗ്യരായി ഞങ്ങളിൽ ഒരുവനും ഉണ്ടാകരുതെ. ഹോശോ--

English

Glory to You and thanksgiving to You, the Mystery of lif, for You have handed over the awesome mysteries to Your congregation, and wrote the new covenant in Your blood and entrusted (it) to

the Church, Your bride. You gave Your life-giving body and food as Your sheepfold and You made Your vivifying blood as drink for Your flock. You demonstrated the example of voluntary humiliation to the beloved company of Your twelve. You fulfilled the old things through the lamb with which Moses represented You, and You began the new things through the breaking Your holy body, that we also may enjoy with Your heavenly mysteries and rejoice in Your gladdening Passover. We will offer up glory and thanks giving to You, in this time of the prayer of nineth hour and all festivals and seasons and hours all the days of life.

Sedro

Christ our God, the gladdening Passover, and the one who causes the sorrows to pass away, the mystery of life and truth, who was represented and symbolized in Egypt by the Prophet Moses, in the lamb which was slain in the evening, whose blood was smeared on the door, with which the people were redeemed from the destroyer and rescued from slaughter. It is not possible to have salvation for the world through the lamb of Moses, but by

You, who are the Living Lamb of God who takes away the sin of the world. But You fulfilled this type and rooted up the old shadows and removed the Law-the fruitless tree. When You ate the lamb with Your holy apostles, You humbled Yourself and washed their feet. Through the eating of the lamb and washing of the feet, You demonstrated that the old things are removed and were purified (lit: washed), the shadow passed and instead of it, truth has entered. You taught Your desciples the example of humility, and You indicated the mystery of Your slaughter to them, for the supper was a mystery. And by it deceitful desciples was exposed, and the head of the apostles was made ready to renounce and to swear that he does not know You. You took bread in Your holy hands and divided (it) among them and demonstrated the sign of Your sacrifice on Golgotha for the life of the world. And You mixed the cup from wine and water and indicated that through the pouring forth of Your blood and from Your holy side, the purification of the sins of the world will take place and (commanded): ‘Do this for the momory of my death’. Glory to You, for You gave us Your living

body as food. Glory to You, for you gave Your innocent blood as drink. Glory to You, who voluntarily came for death. Glory to You, for You were suspended on the Cross. Therefore we beseech You to hold us worthy for the communion of Your mysteries, with purity and holiness, and with wakefulness and purity, may we suffer and keep vigil in the night in which You suffered and kept vigil. May our heart be washed from inequity. May our inner man be purified from the dirt of sin. May our minds be cleansed from every defilement an impurity. May we become 'the sons of the mysteries' and those keep the 'deposit of the mysteries'. May we not be companions (lit: sons of mysteries) of the Jews, like Judas who became (Your) companion (*bar rozo*) and approached the terrible mystery with pride and betrayed You with a deceitful kiss. Let none of us become unworthy for this grace. But with one concord, may we be held worthy to offer thanksgiving and praise to You and to Your Father and to Your Holy Spirit, now and always for ever and ever.

From God may we received remission of debts and forgiveness of sins for ever and ever. Amen.

1 തൻെറ പ്രബലയാൽ സമുദ്രങ്ങൾ ബന്ധിപ്പിക്ക
പ്പെട്ടിരിക്കുന്നവൻ എഴുന്നേറ്റു പാത്രത്തിൽ വെള്ളമൊഴിച്ചു.
പുറംകുപ്പായംപോലെപ്രകാശംധരിച്ചിരിക്കുന്നവൻ അരയിൽ
തൂവാലചുറ്റി. ജീവനുള്ളതും ദഹിപ്പിക്കുന്നതുമായ അഗ്നി
യായവൻ തൻെറ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാൻ
കുനിഞ്ഞു. ഈറേന്മാർ തൻെറ പ്രഭയാൽ വിറയ്ക്കവേ,
ശെമഓൻെറ മുമ്പിൽ തൻെറ തലയെ ചായിച്ചു. തൻെറ
താഴ്മയ്ക്കു സ്തുതി. ആഴങ്ങൾ തൃക്കൈയ്യാൽ ബന്ധിക്ക
പ്പെട്ടിരിക്കവേ, അല്പജലത്താൽ തിരുസഭയെ താൻ
വെടിപ്പാക്കി, അവൾ ഇതാ നിനക്കു സ്തുതി പാടുന്നു.

ബാറെക്മോർ. † ശുബഹോ: മെനഓലം

2 ശ്ലീഹന്മാരിൽ മുമ്പനായ ശെമഓനോടു, നീ അടുത്തു
വരിക. ഞാൻ നിൻെറ കാലുകൾ കഴുകട്ടെ എന്ന്
കർത്താവു അരുളിച്ചെയ്തു. ശെമഓൻ തൻെറ പ്രഭാവത്തെ
കണ്ട് ഭ്രമിച്ചു, ഭയപ്പെട്ടു. കർത്താവേ, ഒരിക്കലും നീ
എൻെറ കാലുകൾ കഴുകരുതേ എന്നു പറഞ്ഞു. താൻ
അവനോടു, ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നീ എനിക്ക്
അന്യനായിത്തീരും എന്നു പറഞ്ഞു. ശെമഓൻ ഉത്തരമായിട്ട്
കർത്താവേ എൻെറ കാലുകളുംകൈകളും തലയും കഴുക
ണമേ. ഞാൻനിനക്കുള്ളവനായിത്തീരട്ടെ എന്നുപറഞ്ഞു. മൊറിയൊ--

എത്രൊ

സ്വബലിയാൽ സകലബലികളും വിഗ്രഹാരാധനയിലെ
പാനീയനിവേദ്യങ്ങളും മായിച്ചുകളയുകയും തൻെറകഷ്ടത
യാൽ മനുഷ്യവർഗ്ഗത്തിൽനിന്ന്കഷ്ടതകളെ മരിപ്പിക്കുകയും

പറുദീസായിൽവച്ച് ഞങ്ങളുടെ പിതാവായ ആദാമിനെ കൊന്നവനെ തൻെറകുരിശുകൊണ്ട്വധിക്കുകയും തൻെറ പുനരുത്ഥാനത്താൽ പാപവീഴ്ചയിൽനിന്ന് ഞങ്ങളെ എഴുന്നേല്പ്പിക്കുകയുംചെയ്ത നാഥാ, നിസ്സാരന്മാരായ ഞങ്ങൾ സമർപ്പിച്ച ഈ സുഗന്ധധൂപം നീ കൈക്കൊണ്ട് ഞങ്ങളിൽനിന്ന് ശത്രുതയും വഴക്കും തർക്കവും മായിച്ചു കളയണമെ. ഞങ്ങളുടെകർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായ മശിഹാ നിൻെറ നിരപ്പും അഭിന്നമായ സമാധാനവും എപ്പോഴും ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. മോറാൻ വാലോഹാൻ ല്ഒൽമീൻ. ആമ്മീൻ.

Etro English

The fattened bull, who by the offering (lit:slaughter) of His sacrifice removed from earth all sacrifices and liberations of idolatry, and by His passion, put the passions of the human race to death, and by His cross, killed the one who killed our father Adam in the paradise, and by His resurrection, raised us from the fall of sin, from our feebleness, receive this fragrant incense, that is offered to Your Lordship. Remove from us enmity, wrath and strife. Make Your tranquility and peace to reign over us, Christ, our Lord and God, who is always the indivisible peace, for ever.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܢ ܚܫܗ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܡܘܬܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

1 യൂദാ തൻ പാ-ദങ്ങൾ കഴുകി
നാഥൻ മാലിന്യം മായിക്കെ
നീചൻ വെണ്ണീ-റായി-ല്ലല്ലൊ
പാരും വാനും വിസ്മയമാ-ർന്നു
യൂദാ തൻ വഞ്ചതി മാഞ്ഞില്ല.

2 ആ ദാസന്മാർ പന്തിയിരിക്കെ
മശിഹാ നാഥൻ ശുശ്രൂഷിച്ചോ-
രത്താഴം ഹാ-പാരം ശ്രേഷ്ഠം
മനുജർ താതാ-ലയമാർന്നീ-ടാൻ
വൻ ദൃ-ഷ്ടാന്തം-നാഥൻ കാട്ടി.

3 പരമാർത്ഥികളാം കുഞ്ഞാടുകളെ
ബലിയാൽ മെയ്ര-ക്തങ്ങൾമൂലം
തന്നൊടു സംയോ-ജിപ്പിച്ചോനേ
താതാത്മാക്കൾ-ക്കൊപ്പം വന്ദ്യൻ
സുതനേ വീണാ-ധ്വനിയാൽ വാഴ്ത്തിൻ

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܰܕܢܰܚ ܠܶܗ ܒܥܳܠܡܳܐ ܕܰܕܢܰܚܝ

ܒܢܽܘܗܪܳܐ ܕܥܳܠܡ ܡܳܪܝ ܐܰܠܳܗܳܐ ܒܟܽܠ ⁜ ܡܳܪܝ ܘܚܰܢܰܢ ⁜

മോർ യാക്കോബിന്റെ ബോവൂസോ

ܡܫܺܝܚܳܐ ܕܶܐܬܳܐ ܠܚܰܫܳܐ ܘܰܠܡܰܘܬܳܐ ܘܰܨܠܺܝܒܽܘܬܳܐ

ܫܡܰܥ ܒܥܽܘܬܳܐ ܘܰܒܢܰܦܫܳܬܳܐ ܥܒܶܕ ܪܰܚܡܶܐ ⁜

ܠܗܽܘܢ ܕܰܫܒܰܟܽܘ ܡܶܢ ܚܰܝܶܐ ܗܳܫܳܐ ܒܟܽܠܗܽܘܢ ⁜

മ്ശിഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ---

1. ദൈവസുതൻ തൻ താഴ്മയിലാർന്നാൻ ഞാനാശ്ചര്യം
തൻരൂപം ഹാ വർണ്ണിച്ചീടാൻ ഞാനപ്രാപ്തൻ
എങ്ങനെ നോക്കും നാഥാ നിന്നെ ഞാൻ ഭീയാർന്നേൻ
എങ്ങനെ ചൊല്ലും നിൻവൃത്താന്തം വന്ദിക്കുന്നേൻ. ദേവാ--

2. നാഥാ നിന്നെ വാഴ്ത്തിടുവാനായ് തേർവെമ്പുമ്പോൾ
ശിഷ്യസമക്ഷം ദാസൻപോൽ പാത്രം പേറുന്നു
ഗബ്രീയേൽ തൊട്ടുള്ളോർ നിന്നെ വന്ദിക്കുന്നു
ശിഷ്യന്മാർ തൻ കാൽ കഴുകുന്നു നീയാശ്ചര്യം. ദേവാ—

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

*****ഏവൻഗേലിയോൻ*****

പെസ്ഗോമോ

ഹാ- ഹാല്ലേുയ്യാ എന്നവനുടെ നാമം മൃതിയാൽ മായും
എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു ഹാലേലൂയ്യാ

(വി. മത്തായി 26, 31 - 35)

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܘܥܠܝܟܘܢ ܫܠܡܐ ܠܟܠܟܘܢ ܀ ܘܥܡ ܪܘܚܟ ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܡܬܝ ܫܠܝܚܐ ܀ ܫܘܒܚܐ ܠܟ ܡܪܝ

യേശു അവരോട്അരുളിച്ചെയ്തു. ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എന്നിൽ ഇടറും. "ഞാൻ ഇടയനെ അടിക്കും, അവൻെറ ആട്ടിൻപ്പറ്റം ചിതറിപ്പോകും" എന്ന് എഴുതിയിരിക്കുന്നുവല്ലോ. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കുമുമ്പെ ഗലീലയ്ക്കു പോകും. അപ്പോൾ കീപ്പാ അവനോട്, എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല എന്നു പറഞ്ഞു. യേശു അവനോട് അരുളിച്ചെയ്തു. സത്യമായി ഞാൻ നിന്നോടു പറയുന്നു, ഈ രാത്രി കോഴി കൂകുന്നതിനുമുമ്പ് നീ മൂന്നുപ്രാവശ്യം എന്നെ തള്ളിപ്പറയും. നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെതള്ളിപ്പറയുകയില്ല എന്നുപറഞ്ഞു. അങ്ങനെ തന്നെ മറ്റുശിഷ്യന്മാരെല്ലാവരും പറഞ്ഞു.

ܠܡܫܝܚܐ ܡܪܢ ܀ ܫܘܒܚܐ ܠܟ ܡܪܝ ܀

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മ്ശീഹാ †
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ

സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor


ܡܫܝܚܐ ܕܒܦܨܚܗ ܚܕܝܘܗܝ ܠܥܡܐ ܦܨܚܐ
ܒܦܨܚܟ ܐܦܨܚ ܠܢ ܘܐܬܪܚܡܥܠܝܢ ✶ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ✶ ܘܠܪܘܚܐ ܩܕܝܫܐ ܬܘܕܝܬܐ
ܘܪܘܡܪܡܐ ✶ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ✶ ܢܬܦܬܚܘܢ
ܬܪܥܐ ܐܘܪܫܠܡ ܕܠܥܠ ✶ ܘܢܬܩܒܠ ܒܥܘܬܢ ܩܕܡ ܡܪܢ
ܘܡܫܝܚܐ ✶ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✶ ܒܪܟܡܪܝ ✶

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.



പെസഹാ വ്യാഴാഴ്ച നടത്തപ്പെടുന്ന

<u>കാൽകഴുകൽ ശുശ്രൂഷ</u>

✝ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ * ܘܥܠܝܢ ܡܚܝ̈ܠܐ ܘܚܛܝ̈ܐ ܪ̈ܚܡܐ ܘܚܢܢܐ ܢܫܬܦܥܘܢ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

ܨܠܘܬܐ ܕܚܘܣܝܐ

ദൈവമായ കർത്താവേ, ഈ വെള്ളംകൊണ്ടുള്ള കഴുകൽ മുഖേന സകലവിധ കാഠിന്യതയിൽനിന്നും ആകൽക്കറുസായ്ക്കടുത്ത ദുഷ്ടതയിൽനിന്നും പാപത്തിൻെറ എല്ലാവിധ അഴുക്കിൽനിന്നും മാലിന്യത്തിൽനിന്നും തുടച്ചു വെടിപ്പാക്കപ്പെടുവാൻ ഞങ്ങളെ അർഹരാക്കണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും അസൂയ, അഹങ്കാരം, കോപം, വിദ്വേഷം മുതലായ വികാരങ്ങളിൽനിന്നു ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യണമെ. മോറാൻ വാലോഹാൻ----

English

Grant to us, O Lord God, that by washing with these waters we become cleansed and purified from all the bitterness of the adversary, as well as from the defilements and correption of sin and free us from the passions of envy, pride, wrath and hatred all through the days of our life; our Lord and our God forever and ever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറമേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം

തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ

നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഏമോദ്കീസോ

ഭയമൊടു സ്രാ-പ്പികൾ കാദീശാർക്കു-ന്നോൻ
ശിഷ്യപദ-ത്തെ കഴുകിയിന്നാ-ളിൽ ദേവാദയചെയ്തീടണമെ

ഭയമൊടു ക്രോ-ബേന്മാരേന്തുന്നോ-നേ
ശിഷ്യസമ-ക്ഷം, മൗലിനമിച്ചോ-നേ ദേവാ ദയചെയ്തീടണമെ

അഗ്നിമയർ-ക്കീക്ഷിപ്പാൻ കഴിയാത്തോൻ
ശിഷ്യപദ-ത്തെ കഴുകിയിന്നാ-ളിൽ ദേവാ ദയചെയ്തീടണമെ

ജനകൻ ത-ന്നങ്കതലത്തിലദൃശ്യൻ
ശിഷ്യപദ-ത്തെ കഴുകിയിന്നാ-ളിൽ ദേവാ ദയചെയ്തീടണമെ

ദൂതന്മാർ വാനിൽ ശുശ്രൂഷി-പ്പോൻ
ശിഷ്യപദ-ത്തെ കഴുകിയിപ്പാ-രിൽ ദേവാ ദയചെയ്തീടണമെ

ജ്വാലയണി-ഞ്ഞോൻ ശോശപ്പാ ചു-റ്റി
കഴുകീശി-ഷ്യന്മാരുടെ പാദ-ങ്ങൾ ദേവാ ദയചെയ്തീടണമെ

ശോശപ്പാ-യരയിൽ ബന്ധിച്ചെ-ല്ലാ
ശിഷ്യരുടെ-യും പാദം കഴുകീ-താൻ
ദേവാദയചെയ്തീടണമെ

പാത്രത്തി-ന്നുള്ളിൽ വെള്ളമൊഴിച്ച്
വിനയപഥ-ത്തെ ദർശിപ്പിച്ചോ-നേ ദേവാദയചെയ്തീടണമെ

വാനരുളും വിനയമതാം ദൃഷ്ടാ-ന്തം
തൻക്നൂമാ-യിൽ ദർശിപ്പിച്ചോനേ ദേവാദയചെയ്തീടണമെ

ശ്ലീഹന്മാ-രേ വിമലന്മാരാ-ക്കി തിരുമൊഴിഘോ-ഷിപ്പാൻ
നിയമിച്ചോനേ ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ: മെന്ഓലം

സ്തുതിയേകാ-ത്മജനെയയച്ചൊരു താ-താ,വന്നിഹ ക-ഴുകീ
താൻ ശിഷ്യപദ-ത്തെ ദേവാ ദയചെയ്തീടണമെ.

കുറിയേലായിസ്സോൻ

63-ാം സങ്കീർത്തനം

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെ പ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻ്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻ്റെ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻ്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻ്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻ്റെ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻ്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻ്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെ കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ച യുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

(ബ്രോദശ്റോബ്മർബഓ)

പാത്രമതിൽ ത-ണ്ണീർ വാർന്നു, താ-ൻ കഴുകി ശിഷ്യന്മാരെ തമ്മിലുമതുപോൽ ചെയ്യണമെ-ന്നവരോടരുളിച്ചെയ്തോനേ ദേവേശാ നാഥാ നീ ധന്യൻ

സ്വർഗ്ഗതലത്തി-ന്നുടയോനേ, മാ-ലാഖകൾ സേവിപ്പോനേ
സലിലം പാത്രത്തിൽപേറി, ശിഷ്യപദങ്ങൾ തുടച്ചോനേ
ദേവേശാ നാഥാ നീ ധന്യൻ

സ്നേഹത്തൊടുകൈ-ലേസരയിൽ, ചു-റ്റിശ്ശിഷ്യസമൂഹ-ത്തിൻ
പാദം കഴുകിത്തിരുമെയ്യും, തിരുരക്തവുമേ-കിയ മശിഹാ
ദേവേശാ നാഥാ നീ ധന്യൻ

ശിഷ്യന്മാരോ-ടതിവിനയം രക്ഷകനേ നീ പെരുമാറി
തിരുഹൃദയത്തിൻ വിനയത്തെ ബോധിപ്പാൻ കല്പിച്ചോനേ
ദേവേശാ നാഥാ നീ ധന്യൻ

ബാറെക്മോർ. † ശുബഹോ: മെന്ഓലം

നാഥാ എൻകാ-ലൊരുനാളും ക-ഴുകരുതെന്നോതിശീ-മോൻ
കഴുകൽകൂടാതെന്നൊടുപ-ങ്കില്ലെന്നരുളിയൊരുടയോനേ
ദേവേശാ നാഥാ നീ ധന്യൻ. കുറിയേലായിസ്സോൻ

19-ാം മസുമൂർ

ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടത്തും അവയുടെ അറിയിപ്പും, ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറ മേൽ അവൻെറ കൂടാരം അടിച്ചു. അതു തൻെറ മണവറയിൽ നിന്നും പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അറ്റങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിന്മേൽ അതിൻെറ താങ്ങലും ആകുന്നു. അതിൻെറ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിൻെറ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതുമാകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിൻെറ കല്പന തെരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായ വിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തെക്കവെയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മധുരമുള്ളവയും ആകുന്നു.

അത്രയുമല്ല, നിൻെറ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും.

പിഴകളെ തിരിച്ചറിയുന്നവൻ ആര് ? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും, പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽ നിന്ന് നിൻെറ ദാസനെ തടയണമെ. എൻെറ സഹായകനും, രക്ഷിതാവുമായ കർത്താവേ, എൻെറ വായിലെ വചനങ്ങൾ നിൻെറ ഇഷ്ടപ്രകാരവും എൻെറ ഹൃദയത്തിലെ ധ്യാനം നിൻെറ മുമ്പാകെയും ഇരിക്കണമെ. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

(ഹൗദത്ഇൻകുൽബെറിയോസൊ)

ഈറയസേവിതനുടയോനേ തിരുവിനയത്തിന്നായ്സ്തോത്രം
സൃഷ്ടിപതേ നീ സ്നേഹത്തിൻപ്രേരണയാലി-ക്ഷിതിപൂകി
ജലപാ-ത്രത്തെ നീ പേറി ശിഷ്യന്മാരുടെ കാൽകഴുകി
സ്തുതിയാദത്തെപ്പരിരക്ഷിപ്പാൻ താഴ്മയ്ക്കാഗതയായോനേ

മേലങ്കികണക്കൊളിയേന്തിടുമുജ്ജ്വലമാകും ഘോരാഗ്നി
തൻകൈലേസരയിൽ ചുറ്റി-ശ്ലീഷ്യഗണത്തിൻ കാൽകഴുകി
പ്രഭയാ-ലീറയരഞ്ചുമ്പോൾ ശീമോനരികെ താൻ താണു
സ്തുതിയാദത്തെപ്പരിരക്ഷിപ്പാൻ താഴ്മയ്ക്കാഗതയായോനേ

ബാറെക്മോർ. † ശുബഹോ: മെന്ഓലം

തിരുസഭയെനിന്ദ്യജലത്താൽ രക്ഷനഭിഷേ-കം ചെയ്തു
സഭയും തനയരുമനവരതം സ്തുതിയവനായ്പ്പാ-ടീടുന്നു
ഭൂവിൽ ശിഷ്യരെ നീ കഴുകി, പരമോന്നതനേ നീ ധന്യൻ
സ്തുതിയാദത്തെപ്പരിരക്ഷിപ്പാൻ താഴ്മയ്ക്കാഗതയായോനേ.

കുറിയേലായിസ്സോൻ.

കർത്താവിന് ഒരു പുതിയ പാട്ടിനേയും അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരി ക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവൻെറ സ്തുതികളെ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവു എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തൻെറ ശത്രുക്കളെ സംഹരിക്കും

ആകാശങ്ങളെ, മേലിൽ നിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെതളിക്കട്ടെ. ഭൂമിതുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

(യൗമോനോ)

1. **ഇന്നാളിൽ സകലാധീശൻ ശോശപ്പായരയിൽ ബന്ധിച്ചു**
ശിഷ്യന്മാരുടെ കാൽ കഴുകുന്നത് ദർശിച്ചപ്പോൾ
അത്യധികം പാ-രും വാനും പ്രാപി-ച്ചാശ്ചര്യം

2. ഇന്നാളിൽസകലാധീശൻ സലിലത്തെവാർന്നാൻപാത്രത്തിൽ
ശോശപ്പായങ്ങരിയിൽ കെട്ടിശ്ശിഷ്യഗണത്തിൻ
പാദം കഴുകീ-ട്ടത്യന്തം വിനയം കാണിച്ചു

3. ഇന്നാളിൽ പാത്രത്തിൽ സലിലത്തെ വാഴ്ത്തി ശോശപ്പാ
നമ്മുടെ രക്ഷകനരയിൽചുറ്റി സ്നേഹത്തോടേ
ശിഷ്യന്മാർതൻ - പാദങ്ങൾ കഴുകാ-നുത്സുകനായ്

4. ഇന്നാളിൽ വഹ്നിമയൻ പാത്രത്തെപ്പേറിക്കൈപ്പെണിയാം
മണ്മയപാദം കഴുകീടുന്നതു കണ്ടൊരുനേരം
വാനവരാശ്ച-ര്യപ്പെട്ടു സ്തുത്യം-തിരു വിനയം

ബാറെക്മോർ. † ശുബഹോ: മെന്ഓലം

5. ശീമോൻ ചൊന്നാൻ-നാഥാ എന്നെ കഴുകേണ്ടാ ഭ്രമമാ-
ർന്നീടുന്നേൻ, ശീമോനേ നീ എൻ വചനത്തെ ശ്രദ്ധിയ്ക്കാ
യ്കിൽ എൻശിഷ്യൻ നീ-യാകില്ലെന്നുടയോ-നുരചെയ്താൻ

സ്തൗമെൻ കാലോസ് --- --- കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܫܽܘܒܚܳܐ ܠܳܟ݂ ܘܣܶܓܕܬ݂ܳܐ ܚܰܢܳܢܳܐ ܡܶܢ ܡܳܪܝܳܐ ܢܺܚܳܐ ❉ ܡܳܪܝܳܐ ܡܪܰܚܡܳܢܳܐ
ܕܢܶܚܶܬ݂ ܠܘܳܬ݂ܰܢ ܘܰܠܒܶܫ ❉ ܠܰܡܫܺܝܚܳܐ ܘܰܠܐܰܒ݂ܽܘܗ̱ܝ ܘܪܽܘܚܶܗ ܩܰܕܺܝܫܳܐ
ܘܣܽܘܓܕܳܐ ܠܗܳܘ ܕܐܶܬ݂ܳܐ ܠܟ݂ܽܠ ܐܰܢܳܫܽܘܬ݂ܳܐ ܟܽܠܗ ܠܗ
ܘܒܰܟ݂ܽܠܗܽܘܢ ܙܰܒ݂ܢܶܝܢ ܢܶܩܪܶܐ ❉

മനസ്സോടെ വിനീതാവസ്ഥയിലേക്കു ഇറങ്ങിവരികയും എല്ലാവിധ മാനുഷികത്വങ്ങളും കരുണയോടെ സ്വീകരിച്ച് അനുഭവിക്കുകയും, ഞങ്ങൾക്കുവേണ്ടിയുള്ള മനുഷ്യാവ താരം കൃപയോടെ നിർവ്വഹിക്കുകയും വിനയപൂർവ്വം

സ്വശിഷ്യന്മാരുടെ പാദങ്ങൾ കഴുകി താൻ ഇറങ്ങി വന്നതിൻെറ മർമ്മം അവരെ പഠിപ്പിക്കുകയും, തൻെറ സഭയ്ക്കു ഏല്പിച്ചുകൊടുക്കുവാനായി യഥാർത്ഥമായ കല്പന അവർക്കു നൽകുകയും ചെയ്ത അത്യുന്നതനും പ്രകൃത്യാ ശ്രേഷ്ഠനുമായ കർത്താവിനു സ്തുതി. തനിക്ക് മഹനീയമായ ഈ കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുൽഹൂൻ-

ܩܘܡ

വചനമായ ദൈവവും മേലുള്ളവരുടേയും താഴെയുള്ളവരുടേയും നാഥനും, തൻെറ ബഹുമാന്യസ്ഥാനത്തിങ്കലേക്കു നോക്കുവാൻ അഗ്നിമയന്മാരുടെ സേനകൾപോലും ആശങ്കിക്കുന്ന ദഹിപ്പിക്കുന്ന അഗ്നിയായിരിക്കെ ജഢീകാവയവങ്ങളാൽ വഹിക്കപ്പെടുവാൻ കരുണാപൂർവ്വം മനസ്സായവനും, സ്വർഗ്ഗീയർ ഭയത്തോടെ ശുശ്രൂഷിക്കുകയും തിരുമുമ്പാകെ സംഭ്രമത്തോടെ വണങ്ങുകയും ചെയ്യുന്നവനും, ജീവനുള്ളവരുടെ തലവനും സർവ്വത്തിൻേറയും ദൈവവും ആയ ഞങ്ങളുടെ കർത്താവേശുമശിഹാ, നിൻെറ കൈപ്പണിയായ പൂഴിയുടെ മുമ്പിൽ തലകുനിച്ച് നിൻെറ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാൻ കരുണയോടെ നീ തിരുമനസ്സായി. നിൻെറ താഴ്മയുടെ

യാഥാർത്ഥ മാതൃക, അതിൽകൂടി ഞങ്ങളും ചരിക്കു വാനായി നീ ഞങ്ങൾക്കു നൽകുകയും, രക്ഷാകരമായ നിൻെറ താഴ്മയുടെ സാദൃശ്യത്തിലേക്ക് ഞങ്ങളെ നയിക്കുന്ന ഈ മാർഗ്ഗം ഞങ്ങൾക്കു കാണിച്ചുതരികയും ചെയ്തു. നിൻെറ വിനയത്തിൻെറ മാതൃക നിർവ്വഹിച്ചു കൊണ്ട് തിരുമുമ്പാകെ സമ്മേളിച്ച് ഈ നിസ്സാരജലത്താൽ പരസ്പരം കാലുകൾ കഴുകുന്ന നിൻെറ ദാസരായ ഞങ്ങളുടെ ആത്മാക്കൾ ഇതുമൂലം സകല പാപമാലിന്യ ത്തിൽനിന്നും വെടിപ്പാക്കപ്പെടുവാൻ ഞങ്ങൾക്കു കൃപ നൽകണമെ. നിൻെറ വിനയത്തേയും ഞങ്ങളുടെ അടുക്ക ലേക്കുള്ള നിൻെറ അവരോഹണത്തേയും സൂക്ഷ്മമായ മനോനയനങ്ങളാൽ വീക്ഷിച്ചുകൊണ്ട് എല്ലാവിധ അഹങ്കാ രവും ഔദ്ധത്യവും, ആകെൽക്കറുസാ കൊടിയ വഞ്ചന മൂലം ഞങ്ങളുടെ വർഗ്ഗത്തിൽ ഉൽപ്രവേശിപ്പിച്ചിട്ടുള്ള നിന്ദ്യ വികാരങ്ങളും ഞങ്ങൾ പരിത്യജിക്കുമാറാകണമെ. നിൻെറ യഥാർത്ഥ ശിഷ്യന്മാർക്കും നിൻെറ വിശ്വസ്ഥ ഭൃത്യന്മാർക്കും അനുയോജ്യമായ വിധത്തിൽ വെടിപ്പോടും വിശുദ്ധിയോടുംകൂടി ആചരിക്കണമെന്ന് നീ അനുഷ്ഠിച്ചു കൊണ്ട് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ള പൂർണ്ണവിനയവും ദയയും സത്യസ്നേഹവും ഞങ്ങൾ ധരിക്കുമാറാകണമെ. രക്ഷാകര മായ നിൻെറ കഷ്ടാനുഭവത്തിൻേറയും ജീവകരമായ നിൻെറ മരണത്തിൻേറയും ഓർമ്മയെ ഞങ്ങൾ നിർവ്വഹി ക്കുകയും നിൻെറ മഹനീയ പുനരുത്ഥാനപ്പെരുന്നാൾ ഞങ്ങൾ കൊണ്ടാടുകയും ചെയ്യുമാറാകണമെ. ഞങ്ങൾ

നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ---

Promion - English

Glory be to Hom, Who is exalted and most high in His nature. Who humbled Himself of His own, accepting upon Himself and suffering all human griefs by His Compassion. Who fulfilled His dispensation on our behalf by His grace. He washed His Disciples' feet by His meekness and taught them the hidden mystery of His humility and delivered to them the decree of truth to pass on to His Church. To Him be glory, honor and dominion at this time of the washing of the feet and at all festivals, times, hours seasons and through all the days of our life for ever and ever.

Sedro

Our Lord Jesus Christ, God the Word, the Lord of heavenly hosts and the earthly beings; the consuming Fire, at the sight of Whose glory the fiery powers stand in awe; who accepted incarnation upon Himself; to Whom the heavenly beings minister with fear, bowing their faces and

trembling in His presense, the prime cause of life and God of all, and yet, by Your mercies, You were willing to bow Your head before the earth which Your hands had formed and to wash Your disciples' feet. Hence You gave us the true example of Your humility to follow after You by showing us the way which leads us to the pattern of Your redemptive humility. Grant to us, Your servants who are gathered in Your presence, that by washing one another's feet with this small amount of water that we may thereby complete the example of Your humility in order that souls be purified from the defilement, profanity and foulness of sin; and make us worthy, as we consider Your meekness and humility with and enlightened intelligence, to cast away from us all the pride, haughtiness and base passions which the adversary brought upon our race by his bitter guile, and instead, to put on meekness, kindness and true love; such virtues as You taught us to perform with purity and holiness, as befits Your true disciples and faithful servants, so that we may fulfill the remembrance of Your redemptive Passion and Your life-working death, and celebrate

the feast of Your glorious Resurrection. To You we offer praise, glory and thanksgiving, with Your Father and Your Holy Spirit now and forever.

From God may we received remission of debts and forgiveness of sins for ever and ever. Amen.

കൂക്കോയോ - നാലാം നിറം

അഗ്നിമയൻ കർത്താവരയിൽ ശോശ-പ്പാ ചുറ്റി
ജലപാത്രം പേറി ക്രമമായ് കഴുക-പ്പെട്ടിടുവാൻ
    വന്നേറിടും ശിഷ്യ സമൂഹത്തെ
    ശുശ്രൂഷിച്ച രാത്രി മനോഹരമെ
ജലപാത്രത്തൊടു യൂദായെ രക്ഷ-കനാർന്നപ്പോൾ
കത്തിയെരിഞ്ഞില്ലവനേതും വിസ്മ-യമതുപാരം
    ഹലേലൂയ്യാ - ഉ - ഹാലേലൂയ്യാ

മേലങ്കിയെ നീക്കീട്ടരയിൽ ശോശ-പ്പാചുറ്റി
രക്ഷകനരികെ ചെന്നഥ തൻ സൃഷ്ടി-കളെ തോർത്തി
    ശീമോൻ ചൊന്നാൻ നികടേ ചെന്നപ്പോൾ
    കർത്താവേ നീ എന്തിഹ ചെയ്യുന്നു
നാഥൻ ചൊന്നാൻ ശീമോനേ മൗനം പൂകുക നീ
വായുതലാധിപനവമാനം ഞാനെൻ വിനയത്താൽ
    ഹാലേലൂയ്യാ നൽകാൻ കാംക്ഷിപ്പൂ.

ബാറെക്മോർ. ശുബഹോ -- ഹാലേലൂയ്യാ

കീഴുള്ളവരും ഭൗമികരും വാനോ-രും കൂ-പ്പും
ദേവാധിപനും ദൈവത്തിൻ സുതനും സ്തുതിയേ-റും
    മന്നനുമായോൻ മന്നിടമതിലെത്തി

അത്താഴത്തിൽ ജലമഞ്ജരമേന്തി
ശിഷ്യഗണത്തിൻ ചരണങ്ങൾ കഴുകു-ന്നതുക-ണ്ട്
വാനവസേനയുമംബരവും കടലും ഭ്രമമാ-ണ്ടു
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. മെന്ഗാലാം --- ഹാ---

നിർമ്മലസലിലം പാത്രത്തിൽ കർത്താ--ാ-വേന്തി
ശിഷ്യഗണത്തിൻ ചരണങ്ങൾ കഴുകാ-നുൽസുകനായ്
ചൊന്നാൻ ശീമോ-നരികെ ചെന്നപ്പോൾ
റാബീയെൻകാൽ കഴുകരുതൊരുനാളും
ചൊന്നാൻ കഴുകപ്പെട്ടീടാതൊഴിവി-ല്ലാത്തോരാ
ശാശ്വതരാജ്യം പൂകിടുവാൻ നീയ-പ്രാപ്തൻ താൻ
ഹാലേലൂയ്യാ - ഉ - ഹാലേലൂയ്യാ. മൊറിയോറാഹേം---

എത്രൊ

യഥാർത്ഥവും പൂർണ്ണവുമായ സ്നേഹത്തിൻെറ മർമ്മം ഞങ്ങളെ ഭരമേല്പിക്കുകയും അത് തന്നിൽതന്നെ മുൻകൂട്ടി മാതൃകാപരമായി കാണിക്കുകയും ദൈവോചിതമായ വിധത്തിൽ പരസ്പരം കീഴ്പ്പെടുവാനും ശുശ്രൂഷിപ്പാനും പഠിപ്പിക്കുകയും ചെയ്ത ഞങ്ങളുടെ മശിഹാ തമ്പുരാനേ, തിരുമുമ്പാകെ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപത്തെ കരുണയോടെ കൈക്കൊള്ളണമെ. പാപമാലിന്യത്തിൽനിന്നും മ്ളേഛതയിൽനിന്നും നിൻെറ കരുണയാകുന്ന വെടിപ്പിൻസോപ്പായാൽ ഞങ്ങളെ തുടച്ചു വെടിപ്പാക്കണമെ. വിശുദ്ധാത്മ ശക്തിസഹായമുള്ള സ്നേഹത്തോടും വിനീതഹൃദയത്തോടുംകൂടെ നിൻെറ

ദിവ്യകല്പനകൾ ആചരിച്ച് അനുഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. പ്രതികാരത്തിന്റേതായ ആ ഭയങ്കര ദിവസത്തിൽ ഞങ്ങൾ ശിക്ഷാർഹരായി കാണപ്പെടുവാനും ഇടയാകരുതെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു. മോറാൻ വാലോഹാൻ ല്ഒൽമീൻ. ആമ്മീൻ.

(കോലോ-ബ്തറഒക്മോറാൻ)

സ്നേഹത്തൊടു വിശ്വാസത്തിൻ നിറവില്ലാത്തോൻ കഴുകലി-നെന്തേണ്ട, കഴുകീടണമാത്മാവിനെയും പാപം പോക്കാൻ ആത്മമതും തനുവും മനവും കഴുകണമൊന്നായ് പൂർണ്ണ മനസ്സോടെ. ബാറെക്മോർ. ശുബഹോ--- മെന്ഓലാം---

ശിഷ്യന്മാരേ വെടിയരുതേ കരുണാനിധിയാം നാഥൻ തൻ വചനം, സ്നേഹിതരുടെ കാൽകഴുകിടുവാൻ താഴ്മയെഴാ-ത്തോനെൻശിഷ്യത്വം നേടിടുവാനർഹതയില്ലെന്നുടയോൻ കല്പിച്ചു.

(കോലോ-സൊഹദെപ്തഹ്)

പായും പാമരവും കൂടാ-താഴിയിലോടിപ്പോയ് നൗക
സങ്കേതം പ്രാപിക്കില്ലാ മാമോദീസായും മശിഹാ
തന്മെയ് തക്തങ്ങളുമെന്യേ
ജീവൻ നേടുയില്ലാത്മം - ഹാ - ഹാ-
ലോകത്രാതാവാമീശോ നിന്നതവിക്കായി സ്തോത്രം

ബാറെക്മോർ. † ശുബഹോ: മെന്ഓലം

ശിഷ്യന്മാരെവീക്ഷിച്ചേൻ വന്നാർ കഴുകപ്പെട്ടീടാൻ
ശീമോൻ തന്നൂഴംവന്നു ജീവാധീശൻ തൻ സൂനു
ദാസപദം സ്പർശിച്ചപ്പോൾ
ഉച്ചത്തിൽ ചൊന്നാനേവം - ഹാ - ഹാ-
ഒരുനാളും സർവ്വാധീശാ കഴുകരുതേ നീയെൻപാദം

(കോലോ - ഏനോനോനൂഹറോ ശാറീറോ)

ചെറിയോൻതൊട്ടേവരെയുംകഴുകി ശീമോനരികെചെന്നപ്പോൾ
ചൊന്നാനെൻകർത്താവേനീയെൻ പാദംകഴുകരുതെന്നേവം
കർത്താവവനൊടു കല്പ്പിച്ചാൻ
എന്നിഷ്ടത്തിനു വിപരീതം
നിന്നാൽ നീയന്യൻ തന്നെ
കീപ്പാ ചൊന്നാനയ്യോ എൻ തലയും മെയ്യും കഴുകേണം

ബാറെക്മോർ. † ശുബഹോ: മെനൗലം

കൊണ്ടൽകോടും കാറ്റിവയിൽക്കൂടി ദൈവം സംഭാഷിച്ചപ്പോൾ
തേജസ്സും മഹിമാവും മൂശാ-നിബി സീനായിൽ പ്രാപിച്ചാൻ
പ്രോജ്വലമാം തൻ വെളിപാടാൽ
ആ നിബിയെ ശോഭിപ്പിച്ചാൻ
മനുജത്വം സ്വയമാർന്നിന്നാൾ
വെണ്മാടത്തിൽ തലതാഴ്ത്തി ദാസന്മാർ തൻ കാൽകഴുകി

(കോലോ-തൂബൈക് ഈത്തോ)

അപ്പോസ്തോലർ പന്തിയിരിപ്പാൻ വന്നെത്തി
പന്തിയിരുത്തിത്തൽപ്രിയരെ ശുശ്രൂഷിപ്പാനെഴുന്നേറ്റാൻ
വെള്ളം പാത്രത്തിൽ പേറി പാദം കഴുകാൻ തലതാഴ്ത്തി
സൃഷ്ടിപദംതോർത്താൻ റൂമാൽ-സൃഷ്ടാവരയിൽബന്ധിച്ചു

അത്ഭുതസംഭവമിതുകാണ്മാൻസർവ്വരുമേ വരുവിൻപോകാം

ബാറെക്മോർ. † ശുബഹോ: മെന്ഓലം

വിശ്വാസത്തോ-ടമലസ്നേഹവുമില്ലാത്തോൻ
ശാരീരികമാംകഴുകലിനായ് മാത്രംവരുവതയോഗ്യം താൻ
മെയ്കഴുകപ്പെട്ടിടുമ്പോൾ ആത്മാവമരും പാപത്തിൽ
ആത്മശരീരങ്ങളുമകവും പരിപൂ-ർണ്ണം നാം കഴുകേണം
കല്പനകാക്കും സമ്പൂർണ്ണ-ക്ഷാളനമതുതാ-നെന്നോർപ്പിൻ

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܟ ܕܩܒܠܬ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܟ ܕܡܛܠܬܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

1. ഇന്നേദിവസം ദൈവതനൂജൻ
ശോശപ്പാത-ന്നരയിൽ ചുറ്റി
ദാസന്മാർതൻ പാദം കഴുകി
തോർത്തിപ്പാരം വിമലത നൽകി
മേശയ്ക്കവരെ പന്തിയിരുത്തി

2. കർത്താവരുളി ശീമോനോടായ്
നിൻതോഴരുടേ-തെന്നോണം ഞാൻ
നിൻപാദങ്ങൾ കഴുകായ്കിൽ നീ
ശുശ്രൂഷകനും ശിഷ്യനുമാകാ
ശ്ലൈഹികസിംഹാ-സനവും നഷ്ടം

3\. ഗോചരനല്ലാത്തൊരു താതന്നും
പന്തിരുവരുടെ പാദം കഴുകി
കൃത്യം സർവ്വം നിറവേറ്റിയൊരാ
തൻപുത്രന്നും റൂഹ്ക്കുദിശായ്ക്കും
സ്തുതിയും നതിയും നാമേകിടേണം

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܰܪܟܶܢ ܠܶܗ ܠܥܰܡܳܐ ܕܪܳܥܰܝ
ܠܥܰܢܳܐ ܕܡܳܐ ܡܶܢ ܠܳܐ ܐܰܠܗܽܘܬܶܗ ※ ܡܶܢ ܕܰܪܚܰܡ ※

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܰܐܬܳܐ ܠܚܰܫܳܐ ܘܰܨܠܺܝܒܽܘܬܳܐ ܘܡܰܝܬܽܘܬܳܐ
ܫܡܰܥ ܒܳܥܽܘܬܰܢ ܘܰܥܒܶܕ ܪܰܚܡܶܐ ܥܰܠ ܢܰܦܫܳܬܰܢ ※
ܐܰܝܟ ܕܰܠܡܣܰܟܠܶܐ ܡܶܢ ܚܰܣܺܝܢ ܗܘܳܘ ܠܟܠ ※

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

ഞാനോതീടും വചനങ്ങളെ നീ മാനിയ്ക്കായ്കിൽ
ശ്ലീഹായാകാനെടുതല്ലേതും നീയോതുമ്പോൾ
എൻ ശിഷ്യൻ നീയെന്നാലണയണമെന്നിഷ്ടം പോൽ
എൻേറതാകാതെൻ ശിഷ്യത്വം നീയാർന്നീടാ.

പങ്കില്ലേതും കഴുകൽകൂടാതെന്നോ-ടൊപ്പം
നിൻ വാദത്താലെൻ കാംക്ഷയെ നീ രോധി-ക്കുന്നു

ഞാനോതുന്നോരിപ്പുതുവാഞ്ഛയെ നീയേൽ-ക്കായ്കിൽ
മർത്യന്മാരുടെ ഗുരുവാകാൻ നീയപ്രാ-പ്തൻ താൻ.

ഞാൻ ചൊല്ലുന്നോരീവാക്യം നീ കൈക്കൊ-ള്ളായ്കിൽ
കൈക്കൊള്ളുന്നൊരു ശ്ലീഹായെ ഞാൻ നിയമി-ച്ചീടും
വന്നേറ്റീടുക കഴുകലിനാലെൻ ശിഷ്യ-ത്വം നീ
നീയന്യൻ താൻ കഴുകലിനെക്കൈക്കൊണ്ടി-ല്ലെങ്കിൽ

കാംക്ഷിച്ചതുപോൽനാഥൻ കഴുകി ശീമോൻ തൻ കാൽ
വന്നെല്ലാരും രക്ഷകസവിധേ ക്രമമായ് നിന്നു
തണ്ണോനേപ്പോൽ ശിഷ്യസമക്ഷം ശീർഷം താഴ്ത്തി
വിനയം മൂലം മാനിപ്പാൻ തൽപാദം കഴുകി.

ശ്ലീഹന്മാരെ മുന്നംചേർത്തൊരു താതൻ സ്തുത്യൻ
തൻവിനയത്താലവരെയുയർത്തിയ പുത്രൻ വന്ദ്യൻ
വിജ്ഞാനത്താലവരെ നിറച്ചൊരു റൂഹാ സ്തുത്യൻ
തൽപ്രാർത്ഥനയാൽ വാഴ്വെങ്ങൾക്കുണ്ടാക-ട്ടെന്നും.

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

(മദറോശോ-കുംപൌലോസ്)

1. ശിഷ്യരുമായെത്തി മാളികയിൽ നാഥൻ
   ദൃഷ്ടാന്തം സർവ്വം നിറവേറ്റീടാൻ
   വിനയസമുദ്ര-ന്നടിയോളം ചെന്നാൻ
   തന്നത്താൻതാഴ്ത്തി ബലവാനീശൻ
      സകലത്തിൻ നാഥൻ നിഖിലത്തിൻ ദൈവം

ജീവരഥത്തിന്മേൽ ആഘോഷിതനായീ-ടുന്നോൻ
മാതൃകയാവാനായ് വിനയത്തിൻ മാർഗ്ഗം
ശിഷ്യർക്കായ് കാട്ടാൻ ഉള്ളിലുറച്ചാൻ.

2. ദൈവിക സൗധത്തിൽ ദാസന്മാർ വന്നു
യജമാനൻനിന്നു മുൻഭാഗത്തായ്
തോർത്തരയിൽചുറ്റി നിന്നുകുനിഞ്ഞീശൻ
ശിഷ്യസമൂഹത്തിൻ കാൽകഴുകീടാൻ
വഞ്ചകയൂദാതൻ കാലും നീ കഴുകി
മനുജകുലസ്നേഹം നിന്നെയഹോ പാരം താഴ്ത്തി
കരുണനിറഞ്ഞോനേ ഉത്തമനേ സ്തോത്രം
പാടേറ്റോനേ നിൻ സ്നേഹം സ്തുത്യം

3. നേരിലുറച്ചോരായ് നിർമ്മലരായ്മേവും
കുഞ്ഞാട്ടിൻകൂട്ടം സ്വീകൃതമായി
മനുജസ്നേഹത്താ-ലവരർക്കന്നൊപ്പം
ശോഭിപ്പാൻ കർത്താ-വാഗ്രഹമാർന്നു.
അത്ഭുതകാര്യങ്ങൾ ചെയ്‌വാൻ കെൽപ്പേകി
അധികാരംനൽകി പദവികൾ വാഗ്ദാനംചെയ്തു
സാഘോഷം കർത്താ-വാഗതനാകുമ്പോൾ
വിധിപീഠത്തിന്മേ-ലവരുമിരിക്കും.

4. അഗ്നിമയന്മാരാൽ സേവിതനാകുന്നോൻ
ജിവനൊടങ്ങാളി-ക്കത്തിടുമഗ്നി
പൂഴിയതിൻ മുമ്പിൽ തൻതലയും താഴ്ത്തി
കാൽകഴുകീടാനായ് അർത്ഥിക്കുന്നു

ക്രൂബേസ്രോപ്പേന്മാർ കീർത്തിച്ചീടുന്നോൻ
ജീവരഥത്തിന്മേൽ സ്ഥിതിചെയ്യും സർവ്വാധീശൻ
നിന്നു ശീമോൻ മുമ്പിൽ തൻതലയും താഴ്ത്തി
സ്തുത്യൻ താനേവം വിനയം പൂണ്ടോൻ.

5. മണ്ണാമെൻ പാദം കഴുകുംമട്ടേവം
സ്വർഗ്ഗീയാ പാരം താണീടരുതേ
എൻകർത്താവേ ഞാൻ നിന്ദിതമാംപൂഴി
എങ്ങനെയിക്കാര്യം നീ ചെയ്തീടും
ആദാമിൻ താതാ സൃഷ്ടികൾതൻ നാഥാ
ഞാൻ നിൻശ്ലീഹാതാൻ എന്നെ ലജ്ജിപ്പിക്കല്ലെ
എൻകർത്താവേ ഞാൻ പേടിക്കുന്നേറ്റം
ഗുരുനാഥാ നീയെൻ കാൽകഴുകേണ്ടാ.

6. വെള്ളം പാത്രത്തിൽ കോരിയൊഴിച്ചീശൻ
തലവൻ ശീമോനോ-ടേവമുരച്ചു
വരികശീമോനേനീ-യെന്നരികെവേഗം
നിന്നുടെ പാദങ്ങൾ ഞാൻ കഴുകട്ടെ
തൻപണിയായിടും പൂഴിയതാം പാദം
കഴുകിയ വാനോനേ സ്തുത്യംതന്നേ നിൻ താഴ്മ
എവ്വിതമിക്കാര്യം നേരിടുമെന്നോർത്ത്
ശീമോനത്യന്തം സംഭ്രമമാർന്നു.

7. ശീമോനേ ശീഘ്രം നിന്നിഷ്ടം തള്ളി
എന്നിഷ്ടത്തേ നീ കൈക്കൊള്ളേണം
വിനയത്തിൻ മാർഗ്ഗം കാട്ടിത്തന്നീടാം
കീപ്പായേ നിൻകാൽ ഞാൻ കഴുകട്ടെ

നീയും ചെയ്തേവം സ്വർഗ്ഗീയന്മാരെ
വീഴ്ത്തിയതാമാ-വൻ നിഗളത്തേ നീക്കീടേണം
കാൽകഴുകീടാനായ് തൻ തലയും താഴ്ത്തി
അർത്ഥിച്ചാൻ നാഥൻ ശിഷ്യനോടേവം

8. എന്തിനു ശീമോനേ തർക്കിക്കുന്നേവം
എതിരായ് നില്ക്കാതെൻ വചനം കേൾക്ക
വായുതലത്തിങ്കൽ കാവലിരിപ്പോനേ
പോരിൽ തോൽപ്പിപ്പാൻ ഞാനിച്ഛിപ്പൂ
കേൾക്കുക ശീമോനേ നീ തന്നിഷ്ടത്താൽ
എന്നെമറുത്തെന്നാൽ ഇല്ല നിന-ക്കെൻശി-ഷ്യത്വം
ശീമോനേ ഞാൻ നിൻ കാൽകഴുകീടായ്കിൽ
പ്രിയരൊപ്പം സ്ഥാനം നീ നേടിടാ.

9. ശിഷ്യവരൻ ശീമോൻ ഗുരുസവിധം ചെന്നു
കാൽകഴുകാൻ നാഥൻ മുതിരുകയായി
ഇതുപോലാശ്ചര്യം കാണുമ്പോഴയ്യോ
വിസ്മിതനായേവൻ കരയുകയില്ല ?
ബലവാനാം ദൈവം സൃഷ്ടിഗണാധീശൻ
മൺപൊടിയിൻ മുമ്പിൽനിൽക്കുന്നൂ ശീർഷംതാഴ്ത്തി
നിഗളികളേ നോക്കിൻ ഡംഭികളേ കാണ്മിൻ
തന്നത്താൻ നിങ്ങൾ ശോധന ചെയ്വിൻ.

10. നന്മനിറഞ്ഞോൻ കാൽ-കഴുകി വെടിപ്പാക്കി
തൻ ശിഷ്യന്മാരെ ജ്ഞാനികളാക്കി
അതുപോലന്യോന്യം ശിഷ്യന്മാർ ചെയ്‌വാൻ
വിനയത്തിൻ മാർഗ്ഗം നാഥൻ നൽകി

കുഞ്ഞാട്ടിൻ മാംസം ഭക്ഷിപ്പാൻ രാവിൽ
പന്തിയിലേയ്ക്കേറ്റി സത്തമനാ ശിഷ്യന്മാരെ
ദിവ്യമാതാമാട്ടിൻ കുട്ടിയെ രക്ഷിച്ചു
പുതുബലിയർപ്പിപ്പാൻ വേളയടുത്തു.

11. വീക്ഷിക്കുന്നെങ്ങൾ മാനസമേ ചൊല്ലൂ
ഭീകരമാം ക്രോബ-ത്തേരിലിരിപ്പോൻ
സൃഷ്ടാവാം താതൻ മഹിമകൾതൻ നാഥൻ
ശിഷ്യ സമൂഹത്തിൻ മദ്ധ്യേ നിൽപ്പൂ
തിരുമാറിൽ വാഴ്വോൻ ശിഷ്യപദം കഴുകി
അവനേ യൂദന്മാർ കൊലചെയ്വാനായേൽപ്പിച്ചു
അവകാശം വീണ്ടും ആദാമ്മിന്നേകാൻ
അവനൻപാലേവം വിനയം പൂണ്ടു.

(സൂമ്മോറോ - അസ്ദെസൂറെയോൻ)

വിനയസമേതം വാനുടയോൻ ശിഷ്യസമൂഹത്തിൻ കാൽ കഴുകി, ദുഷ്ടാഹങ്കാരം നീക്കി താഴ്മ പഠിപ്പിച്ചാൻ നമ്മെ വിനയത്തൊടു നീങ്ങങ്ങൾക്കായ് ഏറ്റൊരുയാതനസംസ്തുത്യം

വായനകൾ

പുറപ്പാട് 34, 18-26, 2 രാജാക്കന്മാർ 23, 21-25
ഏശായാ 50, 4-10

1പത്രോസ് 3, 17-22, എബ്രായർ 10, 21-29

പെത്ഗോമോ

ഹാ- ഹാ- നല്ല വെടിപ്പൊടു കൈകഴുകി
നിൻ ബലിവേദി വലംവച്ചേൻ ഹാലേലൂയ്യാ

ഏവൻഗേലിയോൻ

(കാൽകഴുകൽ സമയത്തെ ഏവൻഗേലിയോൻ അതിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ട ഒരാൾ വായിക്കണം)

(യോഹന്നാൻ 13. 1-19)

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ✠ܐܡܝܢ✠

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܝܘܚܢܢ ܡܒܣܪܢܐ ✠ ܫܠܡܐ ܠܟܘܢ ✠

തനിക്ക് ഇഹലോകംവിട്ട് പിതൃസന്നിധിയിലേക്കു പോകേണ്ട സമയമായിരിക്കുന്നു എന്ന് പെസഹാ പ്പെരുന്നാളിനുമുമ്പു തന്നെ യേശുതമ്പുരാൻ അറിഞ്ഞിരുന്നു. ഇഹലോകത്തിലുള്ള തനതാളുകളെ അദ്ദേഹം സ്നേഹിച്ചി രുന്നു. അവസാനത്തോളം അവരെ സ്നേഹിക്കുകയും ചെയ്തു. അദ്ദേഹത്തെ ഏൽപ്പിച്ചുകൊടുക്കണമെന്ന് ശെമവൂൻെറ പുത്രനായ യിഹൂദാസ്ക്കറിയോത്തായുടെ ഹൃദയത്തിൽ അത്താഴസമയത്ത് സാത്താൻ തോന്നിച്ചിരുന്നു. യേശു, പിതാവ് സകലത്തേയും തൻെറ കൈകളിൽ ഏല്പ്പിച്ചിരിക്കയാണെന്നും, ദൈവസന്നിധിയിൽ നിന്ന് താൻ പുറപ്പെട്ടിരിക്കയാണെന്നും, ദൈവസന്നിധിയിലേക്കു തന്നെ പോവുകയാണെന്നും അറിഞ്ഞിരുന്നതുകൊണ്ട് അത്താഴം കഴിഞ്ഞ് എഴുന്നേറ്റ് തൻെറ മേൽവസ്ത്രങ്ങളെ മാറ്റിയിട്ട് ഒരു തൂവ്വാലയെടുത്ത് അരയിൽ ചുറ്റി. അനന്തരം ഒരുപാത്രത്തിൽ വെള്ളമെടുത്തു.

(ഈ സമയത്ത് മേല്പട്ടക്കാരൻ ഈ പ്രാർത്ഥന വെള്ളത്തിന്മേൽ നടത്തുന്നു.)

ദൈവമായ കർത്താവേ, നിൻെറ ജീവവചനങ്ങളെ അനുസരിച്ചുകൊണ്ട് വിനയത്തോടെ നിൻെറ മുന്തിരി ത്തോട്ടത്തിൽ ശ്രേഷ്ഠമായ സേവനം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമെ. പാത്രത്തിൽ വെള്ളമൊഴിച്ച് നിൻെറ സത്യശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ട് നീ ഞങ്ങൾക്കു കാണിച്ചുതന്നതനുസരിച്ച് ഞങ്ങളും പരസ്പരം കഴുകി നിൻെറ മാതൃക നിർവ്വഹിച്ച് നിന്നെ പ്രീതിപ്പെടുത്തുമാറാകണമെ. വിനയത്തിൻെറ ഈ മാതൃക എല്ലായഥാർത്ഥ ശിഷ്യന്മാരുടേയും ഇടയിൽ സ്ഥിര പ്രതിഷ്ഠിതമായിത്തീർന്നിരിക്കുന്നു. ദൈവമായ കർത്താവേ, ഞങ്ങളെയും നിൻെറ വിനയത്തിൽ സാദൃശ്യപ്പെടുവാനും നിൻെറ വത്സലന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുവാനും, ഈ വെള്ളംമൂലം സകല പാപമാലിന്യത്തിൽനിന്നും കഴുകപ്പെടുവാനും കരുണയോടെ നീ അർഹരാക്കി ത്തീർക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാ കണമെ. ഹോശോവബ്-- ജനം. ആമ്മീൻ. കുറിയേലായിസ്സോൻ.

മേല്പട്ടക്കാരൻ - രഹസ്യപ്രാർത്ഥന

പരിശുദ്ധ കന്യകമറിയാമിൽനിന്ന് വ്യാഖ്യാനാതീതമായ നിലയിൽ ജനിക്കുകയും നിൻെറ ദാസരും പാപികളുമായ ഞങ്ങളെ ആകെൽക്കറുസായുടെ അടിമത്വത്തിൽനിന്ന് സ്വതന്ത്രരാക്കുവാൻവേണ്ടി രക്ഷാകരമായ മനുഷ്യാവതാരം മുഴുവനും തിരുമേനിയിൽ നിറവേറ്റുകയും ചെയ്ത

പിതാവാം ദൈവത്തിൻെറ പുത്രനും വചനവുമായ കർത്താവേശുമശിഹാ, ഈ വെള്ളത്തെ, നിൻെറ ശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ നീ ഉപയോഗിച്ച വെള്ളംപോലെ ആക്കിത്തീർക്കണമെ.

പ്രാർത്ഥന

ദൈവമായ കർത്താവേ, ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകലത്തിൻേറയും സൃഷ്ടാവും, പിതാവിനോടും റൂഹായോടുംകൂടെ സ്വർഗ്ഗത്തിൽ മാലാഖമാരുടെ സേനകളാൽ സ്തുതിക്കപ്പെടുന്നവനുമായ നീ, നഷ്ടപ്പെട്ടുപോയ ആടിനെ അന്വേഷിച്ചുവരികയും, നിൻെറ വിശുദ്ധ തോളിന്മേൽ അതിനെ വഹിച്ച് നിൻെറ പിതൃഭവനത്തിലേക്ക് അതിനെ പ്രവേശിപ്പിക്കുകയുംചെയ്തു. കർത്താവേ ഇപ്പോൾ കഴുകുന്നവരും കഴുകപ്പെടുന്നവരുമായ നിൻെറ ദാസരായ ഞങ്ങളെല്ലാവരേയും വിശ്വാസപൂർവ്വം ഈ വെള്ളത്തെ സ്പർശിക്കുന്ന സകലരേയും അനുഗ്രഹിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ, പാപമാലിന്യങ്ങളും എല്ലാവിധ നിയമലംഘനങ്ങളും ഞങ്ങളിൽനിന്ന് നീക്കപ്പെടുകയും ചെയ്യുമാറാകണമെ.മോറാൻ--

(വീണ്ടും വായനക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു)

ശിഷ്യന്മാരുടെ കാൽ കഴുകുവാനും തൻെറ അരയിൽ ചുറ്റിയിരിക്കുന്ന തുവ്വാലകൊണ്ട് തുവർത്തുവാനും തുടങ്ങി.

ഇവിടെ മേല്പ്പട്ടക്കാരൻ കാൽ കഴുകുവാൻ തുടങ്ങുന്നു. ചെറിയവൻ മുതൽ ആരംഭിച്ചു പ്രധാനിയിൽ അവസാനിപ്പിക്കുന്നു

ഈ സമയത്ത് ചൊല്ലാവുന്ന ഗീതം

ത്ഹർഗബ്രിയേൽ - കൂക്കോയോ രീതിയിൽ ചൊല്ലാം

എരിതീയായോൻ തലതാഴ്ത്തി ശിഷ്യന്മാർ പാദം
കഴുകീടുന്നതു കണ്ടപ്പോൾ ഗബ്രീയേൽ ഞെട്ടി
മീഖായേലും വാനവസേനകളും
ഞെട്ടിവിറച്ചൂ സംഭ്രമമതിലാണ്ടു
മണ്മയർപാദം കഴുകുന്നു എരിതീ പാത്രത്തിൽ
ഞാൻ ചെയ്തതുപോലന്യോന്യം ചെയ്വീനെന്നോതി
ഹാലേലുയ്യാ സ്തുത്യം തദ്വിനയം

ചെറിയോൻ മുതലെല്ലാ ശിഷ്യന്മാരേയും കഴുകി
തലയാളാം ശീമോനോതി നാഥാ എൻ പാദം
നീ കഴുകരുതെ ശാസിച്ചൂ നാഥൻ
വിപരീതം നീ നിന്നാൽ നീയന്യൻ
കീപ്പാസംഭ്രമമോടോതി എൻമെയ്യും തലയും
കർത്താവേ കഴുകീടണമെ ഞാൻ നിന്റേതാവാൻ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ.

വേറൊന്ന്

തൻമഹിമനമിച്ചു മണ്മയരെ കഴുകിയ സർവ്വേശാ
ആരാധകരെ മലിനതനീക്കി കൃപയാൽ കഴുകണമെ.

ܐܠܗܐ ܕܐܪܟܢ ܘܚܫܠ ܪ̈ܓܠܝܗܘܢ ܐܫܝܓ ܠܬܠܡ̈ܝܕܐ
ܐܫܝܓ ܚܘܒ̈ܝܢ ܕܡܫܝ̈ܚܐ ܒܪܚܡܘܗܝ ܕܐܠܗܐ ܀

കഴുകുമ്പോൾ ഓരോരുത്തരുടെമേലും ഈ പ്രാർത്ഥന ചൊല്ലുന്നു

ദൈവമായ കർത്താവ് നിന്നിൽനിന്ന് പഴയ മനുഷ്യൻെറ സകല നടപടികളും കഴുകിക്കളയുകയും നിന്നേയും നിൻെറകൂടെ ഞങ്ങളെല്ലാവരേയും ആത്മാവിലും സത്യത്തിലും നവീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

കാലുകൾ തുവ്വാലകൊണ്ട് തുടയ്ക്കുമ്പോൾ ഈ പ്രാർത്ഥന ചൊല്ലുന്നു

കർത്താവ് നിന്നിൽനിന്നും ഞങ്ങളിൽനിന്നും സകല ദുഷ്ട വിചാരങ്ങളേയും നടപടികളേയും ശീലങ്ങളേയും തുടച്ചു കളയട്ടെ. നിന്നെയും നിൻെറകൂടെ ഞങ്ങളെല്ലാവരേയും വെടിപ്പാലും വിശുദ്ധിയാലും മശിഹാതമ്പുരാനു പ്രീതികര മായ ജീവിതത്താലും ശ്രേഷ്ഠരാക്കുകയും ചെയ്യട്ടെ. മോറാൻ വാലോഹാൻ --- ആമ്മീൻ.

പ്രധാനിയുടെ അടുത്തുചെല്ലുമ്പോൾ പത്രോസിനു പ്രത്യേകമായ ഭാഗം നിർവ്വഹിക്കുന്നു.

(ഏവൻഗേലിയോൻ വായിക്കുന്നയാൾ വായന തുടരുന്നു)

എന്നാൽ അദ്ദേഹം ശെമവൂൻകീപ്പായുടെ അടുക്കൽ ചെന്ന പ്പോൾ അവൻ, “എൻെറ കർത്താവേ, അങ്ങ് എൻെറ കാലുകളെ കഴുകുകയോ” എന്നു ചോദിച്ചു. യേശു അവനോട് “ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല, പിന്നീട് അറിയും” എന്നു പറഞ്ഞു. ശെമവൂൻകീപ്പാ അദ്ദേഹത്തോട് “അവിടുന്ന് ഒരിക്കലും എൻെറ കാല് കഴുകരുത്” എന്നു പറഞ്ഞു. യേശു അവനോട് “ഞാൻ കഴുകാതിരുന്നാൽ എന്നോടൊരുമിച്ച് നിനക്കു പങ്കുണ്ടാക യില്ല” എന്നു പറഞ്ഞു. അപ്പോൾ ശെമവൂൻകീപ്പാ അദ്ദേഹത്തോടു “എൻെറ കർത്താവേ, അങ്ങിനെയെങ്കിൽ

എൻെറ കാലുകൾ മാത്രമല്ല, കൈകളും തലയുംകൂടി കഴുകണമെ" എന്നു പറഞ്ഞു. യേശു അവനോട് "കളിച്ചവന് കാലുകൾ മാത്രമല്ലാതെ കഴുകേണ്ട ആവശ്യ മില്ല, അവൻ സർവ്വാംഗശുദ്ധനാകുന്നു. നിങ്ങളും ശുദ്ധിയുള്ളവരാകുന്നു. എങ്കിലും എല്ലാവരും അങ്ങിനെയല്ല" എന്നു പറഞ്ഞു. യേശു തന്നെ ഏല്പിച്ചുകൊടുക്കുന്നവനെ അറിഞ്ഞിരുന്നതുകൊണ്ടാണ് "നിങ്ങളെല്ലാവരും ശുദ്ധിയുള്ള വരല്ല" എന്നു പറഞ്ഞത്. അദ്ദേഹമാകട്ടെ അവരുടെ കാലു കഴുകിയശേഷം തൻെറ മേൽവസ്ത്രങ്ങൾ ധരിച്ച് പന്തിയിലിരുന്നു.

(ഈ സമയത്ത് മേല്പ്പട്ടക്കാരൻ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഏവൻഗേലിയോൻ വായന പൂർത്തിയാക്കുന്നു)

അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ഞാൻ നിങ്ങളിൽ എന്താണ് പ്രവർത്തിച്ചതെന്ന് നിങ്ങളറിയുന്നുവോ ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നുണ്ടല്ലോ. ഞാൻ അങ്ങനെയാകകൊണ്ട് നിങ്ങൾ പറയുന്നത് ശരിതന്നെ. ആകയാൽ നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം കാലുകഴുകുവാൻ എത്രമാത്രം കടപ്പെട്ടവരാ കുന്നു. ഞാൻ നിങ്ങളിൽ പ്രവർത്തിച്ചതുപോലെതന്നെ നിങ്ങളും പ്രവർത്തിപ്പാനായിട്ട് ഈ ദൃഷ്ടാന്തത്തെ ഞാൻ നൽകിയിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, യജമാനനെക്കാൾ വലിയ ഭൃത്യൻ ഇല്ല. അയച്ചവനേക്കാൾ വലിയ അയയ്ക്കപ്പെട്ടവനുമില്ല.

ഇതുകൾ നിങ്ങൾ അറിയുമെങ്കിൽ - ആചരിക്കുമെങ്കിൽ - ഭാഗ്യവാന്മാരാകുന്നു. ഞാൻ നിങ്ങളെല്ലാവരെക്കുറിച്ചുമല്ല പറയുന്നത്. എന്തെന്നാൽ എന്നാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വരെ എനിക്കറിയാം. പക്ഷെ "എൻെറ കൂടെ അപ്പം ഭക്ഷിക്കുന്നവൻ എൻെറനേരെ കുതികാലുയർത്തി" എന്നുള്ള തിരുവെഴുത്തു നിവർത്തിയാക്കേണ്ടതാകുന്നു. അതു സംഭവിക്കുമ്പോൾ ഞാൻ തന്നെയാകുന്നു അവൻ എന്നു നിങ്ങൾക്കു വിശ്വാസം വരേണ്ടതിനായിട്ട് സംഭവിക്കുന്നതിനു മുമ്പെ - ഇപ്പോൾതന്നെ - ഞാൻ നിങ്ങളോടു പറയുന്നു", എന്നു താൻ കല്പിച്ചരുളിച്ചെയ്തു.

⁜ ܫܠܳܡܳܐ ܠܳܟ݂ ⁜ ܘܥܰܡ ܪܽܘܚܳܟ݂ ⁜

(ഏവൻഗേലിയോൻ വായന കഴിയുമ്പോൾ കാലുകൾ കഴുകപ്പെട്ടവരെല്ലാവരും എഴുന്നേൽക്കുകയും അവരിൽ ശെമവൂൻെറ സ്ഥാനം വഹിച്ചയാൾ തങ്ങളുടെ കാലുകഴുകിയ ആളിൻെറ കാലുകൾ കഴുകുകയും ചെയ്തശേഷം ഈ പ്രാർത്ഥന നടത്തുന്നു.)

സർവ്വാധിപതിയായ പിതാവാം ദൈവമേ, നിൻെറ പരിശുദ്ധ ഏകജാതൻ, ഭാഗ്യവാന്മാരായ തൻെറ ശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ട്, യഥാർത്ഥ ശിഷ്യന്മാരെപ്പോലെ നിങ്ങൾ ഇപ്രകാരം സ്നേഹപൂർവ്വം പരസ്പരം കാലുകൾ കഴുകുവിൻ എന്നു അവരെ പറഞ്ഞു പഠിപ്പിച്ചു. കർത്താവേ, ആ കർത്തൃകല്പന ഞങ്ങൾ നിറവേറ്റുകയും പരസ്പരം കാലുകഴുകുകയും ചെയ്തിരിക്കുന്നതിനാൽ അവൻെറ സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ നിറയുകയും ഞങ്ങളുടെ ശരീരാത്മാക്കളിൽ വസിക്കുകയും അവൻെറ

കൃപ ഞങ്ങളിൽ ആവസിക്കുകയും ചെയ്യണമെ. അവൻെറ കരുണയാൽ ഞങ്ങൾ പൂർണ്ണരാക്കപ്പെടുകയും അവൻെറ ദയയാൽ ഞങ്ങൾ പാപപരിഹാരം പ്രാപിക്കുകയും ചെയ്യുമാറാകണമെ. ഹോശോവബ്കൂൽ ---- ആമ്മീൻ.

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܡܘܬܐ ܘܙܩܝܦܘܬܐ

ܩܒܠ ܒܥܘܬܐ ܘܗܒ ܪܚܡܐ ܠܟܠ ܢܦܫܬܐ ❋

ܠܗܘܢ ܕܫܟܒܘ ܥܠ ܣܒܪܟ ܡܢ ܥܠܡ ܟܠܗܘܢ ❋

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

പാത്രം തന്നിൽ വെള്ളമൊഴിച്ചാൻ നാഥൻ സൗമ്യം
ശ്ലീഹാമുഖ്യൻ ശീമോനെവിളിച്ചാൻ കാൽ-കഴുകാൻ
ശീമോൻ ചൊന്നാനരുതരുതീശാ കഴുകേ-ണ്ടെന്നെ
കല്പ്പിച്ചതുപോൽ കഴുകീടുകിലുൾഭയമേ-റീടും
സ്വർഗ്ഗസ്ഥാ നീ ഭൗമികപാദം കഴുകീ-ടേണ്ട
സ്രൃഷ്ടാവാം നീ പാഴ്ച്ചെളിയെ ബഹുമാനി-ക്കേണ്ട.

ചൊന്നാൻ നാഥൻ ശ്ലീഹാമുഖ്യാ മതിശീ-മോനേ
വേണ്ടാപോരും നേരാലുള്ളൊരു നിൻ പോ-രാട്ടം
ഗുരുനാഥന്മാർ ശിഷ്യന്മാരോടനുവർ-ത്തിപ്പാൻ
ഞാൻ ചെയ്യുന്നോരീ നവകൃത്യം നീ ബോ-ധിക്ക
വന്നേറ്റീടുക കഴുകലിനാലെൻ ശിഷ്യ-ത്വം നീ
നീയന്യൻതാൻ കഴുകലിനെ കൈക്കൊണ്ടി-ല്ലെങ്കിൽ

ചൊന്നാൻ ശിമോൻ ഞാനർത്ഥിപ്പൂ നിൻേറ-താവാൻ
കൈകാലുകളും തലയുംകൂടെ കഴുകി-ടേണമെ
നിൻ ശിഷ്യത്വം കഴുകൽ കൂടാതില്ലെന്നാ-കിൽ
നാഥാ ദേവാ ബഹുശതമെന്നെയഭിഷേ-ചിക്ക
ഹിതമെന്നാലെൻ പദപാണികളെക്കഴുകി-ടേണം
നിന്നൈക്യം ഞാൻ വിട്ടീടരുതേ കഴുകുക പൂ-ർണ്ണം.

കുമ്പിട്ടയ്യോ മൂടുന്നുമുഖം ഗബ്രി-യേല്യർ
ആശ്ചര്യം നീ ശിമോന്യപദം കഴുകി-ടുന്നു
ശുശ്രൂഷിപ്പാൻ തിരുവുളമായ് നീ താണെ-ന്നാകിൽ
മ്ളേഛരന്മാരോടെന്തിനു വിനയം ദൈവാ-ത്മജനേ
നിന്നെക്കൊല്ലാനുള്ളിലുറച്ചോരു യൂദാ-യേയും
കഴുകാൻ നിന്നേയേതൊരു സ്നേഹം പ്രേരി-പ്പിച്ചു.

മർത്ത്യന്മാരിൽ വാഴ്‌വേകുകയാൽ താതാ സ്തോത്രം
സുതനേ വിട്ടോൻ നമ്മെപ്രതിതാൻ ഗാത്രം പേറി
ദിവ്യന്മാർ തൻകാലുകൾ കഴുകി സ്വസ്നേ-ഹത്താൽ
പാത്രം തന്നിൽ വെള്ളമൊഴിച്ചതി വിനയ-ത്തോടെ
ശ്ലീഹന്മാരെക്കഴുകിയ പുത്രാ വന്ദി-ക്കുന്നു
സ്തുതി പുത്രന്നും ജനകന്നും പാവനറൂ-ഹായ്ക്കും

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു-
മാനോർ വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു.

കൗമാ

പെസഹായാൽ പെസഹാടിനെ നീക്കിയ മശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം.   ബാറെക്മോർ

Messi-ah Who effaced Pa-schal Lamb by, Thy Pasch Gladden, show mercy - by Thy Pasch. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܦܨܚܗ ܥܒܪܗ ܠܐܡܪܐ ܦܨܚܐ
ܒܦܨܚܟ ܐܦܨܚܢ ܠܢ ܘܐܬܪܚܡܥܠܝܢ ⁜ [3]
ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܐܘܪܫܠܡ ܕܠܥܠ ⁜ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܪܡܐ
ܘܡܣܒܪܢܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܐܠܗܐ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

<u>വിശ്വാസ പ്രമാണം</u>


സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻേറയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻേറയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.


ദൈവത്തിൻെറ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ട പ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസ ഒരിക്കൽമാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ

ബാറെക്മോർ. സ്തൗമെൻ കാലോസ് കൂറിയേലായിസ്സോൻ.





The Crucifixion



വലിയ വെള്ളിയാഴ്ച സന്ധ്യാ നമസ്ക്കാരം

† പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ.

തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

കൗമാ

ܒܪ̈ܝ ܫܘܒܚ ܕܚܫܐ

ഹാശായാ-ലടിയാരുടെ പിഴ തീർത്തൊരു മശിഹാ
ഈ ശു-ശ്രൂഷയതേറ്റാശിഷമേകണമെ. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - by His Passion saved - us from sin, receive Our worship, Have mer-cy on us. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܒܚܐ ܕܚܫܘܗܝ ܦܪܩܢ ܡܢ ܛܘܥܝܢ
ܥܠܡܐ ܟܠܗ ܘܐܬܕܫܟܟܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܘܕܝܬܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܪܘܚܡܐ ⁜ ܘܥܠܝܢ ܚܛܝܐ ܛܝܒܘܬܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܝ ܐܘܪܫܠܡ ܕܠܥܠ ⁜ ܘܬܬܩܒܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ܀ ܐܡܝܢ ܀

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

† ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܀ ܘܥܠܝܢ ܚܛ̈ܝܐ
ܘܚܝ̈ܒܐ ܪ̈ܚܡܐ ܘܚܢܢܐ ܢܫܬܦܟܘܢ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ
ܥܠܡܝܢ ܀ ܐܡܝܢ ܀

ܚܘܬܐ ܕܫܘܪܐ

എൻെറ കർത്താവേ, ഞങ്ങളുടെ ശരീരങ്ങളെ വിശുദ്ധി കൊണ്ടും ആത്മാക്കളെ വിശ്വാസംകൊണ്ടും ബോധങ്ങളെ അദ്ധ്യാത്മജ്ഞാനംകൊണ്ടും ആയുധം ധരിപ്പിക്കണമെ. പരി പാകതയുള്ള വിശുദ്ധവിചാരങ്ങളാലും വിനീതനടപടികളുടെ സ്ഫുടതയാലും സത്യവ്യാപാരങ്ങളുടെ നിർമ്മലതയാലും നിൻെറ സ്വർഗ്ഗീയമേശയോട് സമീപിക്കുവാനും ഞങ്ങളുടെ രക്ഷയ്ക്കുള്ള ഈ പെരുന്നാളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും മരണമില്ലായ്മയെ പ്രദാനം ചെയ്യുന്നതായ നിൻെറ തിരുശരിരത്തിലും രക്തത്തിലും സംബന്ധിപ്പാനും ഞങ്ങൾ യോഗ്യരായിത്തീരണമെ. ഹോശോ

English

Equip O Lord, our bodies with holiness and our souls with faith and our minds with divine wisdom (lit: word of theology). Grant us that with purity of chaste thoughts and purity of humble manners and sincerity of upright dealings, we may be held worthy to approach Your heavenly table and to communicate in Your body and blood which confer immortality, in this festival of our salvation as well as in all the days of our lives forever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴിപഠിപ്പിക്കും, പാപികൾ നിങ്കലേക്ക്തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 മനുജത്വം മനസാ കൈക്കൊണ്ടു, ഞങ്ങൾക്കായ്
പീഡകളേറ്റൊരു ദേവാ ദയചെയ്തീടണമെ.

2 ഉപമകളും സൂചനകളുമമ്പാൽ, എഴുന്നെ-ള്ളി-
സ്സാർത്ഥകമാക്കിയ ദേവാ ദയചെയ്തീടണമെ.

3 ഞങ്ങളെ ര-ക്ഷിപ്പാൻ പിഴയാളി-യ്ക്കൊപ്പം
വിധിനിലയേ നിന്നോൻ ദേവാ ദയചെയ്തീടണമെ.

4 നൃപതികളും വിധിനാഥന്മാരും നിഹനി-
പ്പാനാലോചിച്ചോരു ദേവാ ദയചെയ്തീടണമെ.

5 സകലത്തിൻ വിധിപതിയായ് വാഴ്കെ അന്യാ-യം
വിധിയേറ്റോനേ ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6 ചതിവിരുതൻ ശിഷ്യൻ ക്രൂശകരാം ആചാ-ര്യർ-
ക്കേല്പ്പിച്ചോനാം ദേവാ ദയചെയ്തീടണമെ.

കുറിയേലായിസ്സോൻ: **കർത്താവേ ഞാൻ നിന്നെ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എൻെറ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.**

എൻെറ പ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും, എൻെറ കൈകളിലെ കാഴ്ച, വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമെ. എൻെറ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും, ഞാൻ അന്യായ ക്രിയകൾ പ്രവൃത്തിക്കുകയും ചെയ്യാതിരിപ്പാൻ, എൻെറ വായ്ക്ക് കാവൽക്കാരനെയും, എൻെറ അധരങ്ങൾക്ക് സൂക്ഷിപ്പു കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാ കരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എൻെറ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എൻെറ പ്രാർത്ഥന അവരുടെ ദോഷംനിമിത്തമാകുന്നു. അവരുടെ ന്യായാധിപ ന്മാർ പാറയാൽതടയപ്പെട്ടു ഇമ്പമുള്ള എൻെറ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുപിളർന്നു ചിതറിക്കുന്നതുപോലെ, പാതാള വാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, എൻെറ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എൻെറ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള, പ്രശംസക്കാരുടെ കൈയിൽനിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

എൻെറ ശബ്ദത്തിൽ കർത്താവിനെ ഞാൻവിളിച്ചു. എൻെറ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു. തിരുസന്നിധിയിൽ എൻെറ സങ്കടം ഞാൻ ഉയർത്തുകയും, തിരുമുമ്പിൽ എൻെറ ഞെരുക്കം അറിയിക്കയും ചെയ്തു. എൻെറ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, എൻെറ ഊടുവഴികൾ നീ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എനിക്കുവേണ്ടി അപേക്ഷിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്നോടുനിലവിളിച്ചു. നീ എൻെറ ആശ്രയവും, ജീവനുള്ളവരുടെ ദേശത്ത് എൻെറ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എൻെറ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിൻെറ നാമത്തെ സ്തുതിക്കേണ്ടതിന്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ

എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻഏറ്റവുംക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെവചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എൻെറ ആത്മാവ് എല്ലായ്പ്പോഴും നിൻെറ കൈളിൽ ഇരിക്കുന്നു. നിൻെറ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽനിന്നും തെറ്റിപ്പോയില്ല. ഞാൻ നിൻെറസാക്ഷി എന്നേയ്ക്കുമായി അവകാശ പ്പെടുത്തി. എന്തെന്നാൽ അതു എൻെറ ഹൃദയത്തിൻെറ ആനന്ദമാകുന്നു. നിൻെറകൽപ്പനകൾ എന്നേയ്ക്കും സത്യ ത്തോടെ ചെയ്വാനായിട്ട് ഞാൻ എൻെറ ഹൃദയം തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-മെന്ഓലാം--

എനിയോനോ - സ്ലീമൊറിയോ എന്നപോലെ

1 ദർശകരുടെ ദൃഷ്ടാന്തങ്ങൾ
ഈ സന്ധ്യയതിൽ നിറവേറി
ദർശനഗൂഢരഹസ്യങ്ങൾ-ക്കെല്ലാം സ്പഷ്ടതയുണ്ടായി.

2 സോദരരിൽ നിന്നെന്നെപ്പോൽ
ഒരുനിബിയെഞാൻ നിയമിക്കും
നിർണ്ണയമവനെ നിഷേധിപ്പോൻ
സംപ്രാപിച്ചീടും നാശം

3 ദൈവമിവൻ താൻ നിബിയുമിവൻ
വൈദികനും തൽബലിയുമിവൻ
അർപ്പകനും സ്വീകർത്താവും
എല്ലാം നിറവേറ്റുന്നോനും.

4 ഇന്നാളന്തിയിൽ മാളികയിൽ
നാഥൻ പെസഹാ ഭക്ഷിച്ചു
ഭരമേല്പ്പിച്ച രഹസ്യത്തിൽ
ശിഷ്യന്മാർ സന്തോഷിച്ചു.

5 അപ്പം വാഴ്ത്തി നുറുക്കിക്കൊ-
ണ്ടിതു മമതനുവെന്നുരചെയ്താൻ
വീഞ്ഞിനു ശുദ്ധിവരുത്തിക്കൊ
ണ്ടിതുമമനിണമാണെന്നോതി. ബാറെക്മോർ.† ശുബഹോ-മെന്ഓലാം--

6 നാഥനുമടിയാരും ഭക്ഷി-ച്ചാമർമ്മത്തിന്നംശികളായ്
സ്തുതി പാടീട്ടൊലിവിൻ മലമേൽ
ചെന്നുപദേശം കൈക്കൊണ്ടാർ. സ്തൗമെൻ----

ܦܪܘܡܝܘܢ

ܩܒܠ ܕܒ̈ܚܐ ܘܡܪܐ ܕܪ̈ܒܝ ܟܘܡܪ̈ܐ ܀ ܕܨܒܐ ܕܢܗܘܐ ܕܒܚܐ ܘܟܗܢܐ ܘܡܫܡܠܝܢܐ [illegible] [illegible] ܀ [illegible] ܀

സ്വേഛയാ ബലിയും പുരോഹിതനുമായിത്തീർന്നവനായി ബലികളെ അംഗീകരിക്കുന്നവനും മഹാപുരോഹിതനും, ഇന്ന് സന്ധ്യയ്ക്ക് മോശയുടെ ദൃഷ്ടാന്തത്തെ നിറവേറ്റുകയും എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ തൻെറ പിതാവിനു സ്വീകാര്യകാഴ്ചയായി സമർപ്പിക്കുകയും ചെയ്തവനായ ഉപമകളെ നിറവേറ്റുന്നവനും, രഹസ്യങ്ങൾക്ക് മുദ്രവയ്ക്കുന്നവനും, താൻ ജീവിച്ചിരിക്കെ സ്വന്തശരീരത്തെ സ്വന്തം കൈകൊണ്ട് മേശപ്പുറത്ത്വച്ച് വിഭജിക്കുകയും തൻെറ രക്തത്തെ ശ്ലീഹന്മാർക്ക് കലർത്തുകയും ചെയ്തവനായി പരിശോധിക്കപ്പെടാവതല്ലാത്ത അതിശയവും ആയ കർത്താവിന് സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

The One Who receives sacrifices and the Lord of the high priests, Who was pleased to become the Sacrifice and the Priest, and the One Who perfects

the types and seals the mysteries, in the evening fulfilled the writing of Moses and offered Himself to His Father as an acceptable offering. The inscrutable wonder divided with His hands-while He is alive- and mixed His blood for the apostles. To Him be glory and honor and worship at this time of evening prayer; and all festivals and seasons and hours, and all the days of our life.

ܣܶܕܪܳܐ

നീതിയുടെമഹാസൂര്യനും ഈ ലോകത്തേക്കു വരുന്ന എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന പിതാവിൽ നിന്നുള്ള നിത്യ മായ സത്യപ്രകാശവും തൻെറ ദിവ്യജ്ഞാനപ്രകാശത്താൽ സകലത്തേയും നിറയ്ക്കുന്നവനും കാലാവസാനത്തിൽ വഴി തെറ്റാൽ അന്ധകാരപ്പെട്ടിരുന്ന സൃഷ്ടിയെ പ്രകാശിപ്പിപ്പാ നായിട്ട് ജഡപ്രകാരം ഇറങ്ങിവന്നവനും ആയ ഞങ്ങളുടെ മശിഹാതമ്പുരാനേ, ന്യായപ്രമാണസന്ധ്യയായ പെസഹാ യുടെ ഈ സന്ധ്യയിൽ ന്യായപ്രമാണസംബന്ധമായവയെ നിൻെറ തിരുമേനിയാൽ നീ നിവർത്തിച്ചു. ജീവൻെറ സുവി ശേഷപ്രകാശത്തെ നീ ഉദിപ്പിക്കുകയും മോശയുടെ സന്ധ്യ യിൽ മിസ്രയീമിൽവച്ച് രൂപപ്പെടുത്തിയിരുന്നതിനെ പ്രകാശം നിറഞ്ഞിരിക്കുന്നതായ നിൻെറ സന്ധ്യയിൽ ശരിയായി വിവ രിച്ച് കാണിക്കുകയുംചെയ്തു. എന്തെന്നാൽ നിൻെറ ദൈവത്വത്തിൻെറആനന്ദകരമായതേജസ്സാൽ എല്ലാറ്റിനേയും

ആനന്ദിപ്പിക്കുന്ന പെസഹായാകുന്ന നീ നിന്റെ ശിഷ്യന്മാരോടൊന്നിച്ച് ന്യായപ്രമാണത്തിലെപെസഹാഗ്രഹത്തോടെ ഭക്ഷിച്ചു. ഇന്നു സന്ധ്യയ്ക്ക് സർവ്വലോകത്തിന്റേയും പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാകുന്ന നീ രഹസ്യങ്ങളുടെ കുഞ്ഞാടിനെ അവസാനിപ്പിക്കുകയും നിന്റെ ഭവനക്കാരോടുകൂടെ ഇതിനെ കയ്പ്പോടുകൂടി ഭക്ഷിക്കുകയും മരണത്തിന്റെ കയ്പ്പുള്ള കാസായെ കൈക്കൊള്ളുവാൻ നിശ്ചയിക്കുകയുംചെയ്തു. രണ്ടു നിയമങ്ങളുടേയും അതിർത്തിയാകുന്ന ഈ സന്ധ്യയ്ക്ക് പഴയ കാര്യങ്ങളെ നീക്കിക്കളയുകയും പുതിയവ ആരംഭിക്കുകയുംചെയ്തു. ഈ സന്ധ്യയ്ക്ക് നിന്റെ വിശുദ്ധ ശിഷ്യന്മാരുടെ കാലുകളെ സ്നേഹപൂർവ്വം കഴുകുകയും നിന്റെ അരയിൽ കെട്ടിയിരുന്ന തൂവാലകൊണ്ട് മനുഷ്യസ്നേഹത്താൽ തുവർത്തി തുടയ്ക്കുകയും ചെയ്തു കൊണ്ട് വലിയതാഴ്മയോട് അത്യുന്നതിയുടെ ഉത്തമ മാതൃകയെ കാണിച്ചുകൊടുത്തു. ഈ ഉത്തമ ദൃഷ്ടാന്തം അവർക്ക് ഭരമേല്പ്പിച്ചുകൊടുക്കുകയും സമാധാനപരമായ സൗമൃത അവരെ പഠിപ്പിക്കുകയും ചെയ്തു. ഈ സന്ധ്യയിൽ ജീവിപ്പിക്കുന്ന നിന്റെ ശരീരത്തെ നിന്റെ വിശുദ്ധ തൃക്കൈകൾകൊണ്ട് നിന്റെ ശിഷ്യന്മാർക്ക് ഭാഗിച്ചുകൊടുത്തു ഭക്ഷിപ്പിക്കുകയും, നിന്റെ രക്തം കലർത്തികൊടുത്ത് കുടിപ്പിക്കുകയും അതിനാൽ വിശുദ്ധസഭയാകുന്ന നിന്റെ മണവാട്ടിക്ക് പുതിയ ഉടമ്പടി സ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ സന്ധ്യയിൽ മുക്കിയ

അപ്പംകൊണ്ട് വഞ്ചകനായ യൂദായെ പരസ്യമാക്കുകയും പരമാർത്ഥികളായ ശിഷ്യന്മാർക്ക് അവൻെറ അഹങ്കാരത്തെ വെളിപ്പെടുത്തികൊടുക്കുകയുംചെയ്തു. ഇന്ന് സന്ധ്യയ്ക്ക് മിണ്ടാപ്രാണികളെ ബലിക്കത്തിയിൽനിന്ന് രക്ഷിക്കുകയും നിൻെറതിരുമേനിയുടെ ജീവനുള്ളഅറപ്പാൽ ബലികർമ്മത്തെ മായിക്കുകയുംചെയ്തു. ഈ സന്ധ്യയിൽ നിഴലുകളെയും ദൃഷ്ടാന്തങ്ങളെയും നീ മിണ്ടടക്കുകയും പരസ്യമായ സത്യത്തെ മറകൂടാതെവെളിപ്പെടുത്തി ഞങ്ങളുടെ മുമ്പാകെ വയ്ക്കുകയുംചെയ്തു. ഈ സന്ധ്യയിൽ ലേവി അവൻെറ ശുശ്രൂഷയിൽനിന്ന് അകലുകയും അഹറോൻ അവൻെറ സമാധാനബലികളിൽനിന്ന് വിശ്രമിക്കുകയുംചെയ്തു. ഈ സന്ധ്യയിൽ ശെമഓൻ മുതലായ ശ്രേഷ്ഠസംഘത്തിന് പുരോഹിതസ്ഥാനംഭരമേല്പ്പിക്കുകയും നിൻെറ ജീവനുള്ള ശരീരം ഭൂമിയിലെ ജാതികൾക്ക് വിഭജിച്ച് കൊടുപ്പാനും നിൻെറ കുറ്റമില്ലാത്ത രക്തം കുടുംബങ്ങളേയും വംശങ്ങളേയും കുടിപ്പിപ്പാനുംആയി അവർ ദൈവികഭണ്ഡാരവിചാരിപ്പുകാരായിത്തീരുകയുംചെയ്തു. ഇതാ ഇന്ന് ഈ സന്ധ്യയിൽതന്നെ നിൻെറ കർത്തൃകല്പ്പനപ്രകാരം എല്ലാ അതിർത്തികളിലും ഭാഗങ്ങളിലും കടങ്ങളുടേയും പാപങ്ങളുടേയും മോചനത്തിനായി അത് നൽകപ്പെടുന്നു. പുതിയതും പരിശുദ്ധവുമായ ഏവൻഗേലിയോനെന്ന സത്യസുവിശേഷത്തിന് പ്രചരിപ്പാൻ സൗകര്യമുണ്ടാക്കുന്നതിന് നിഴലായ ന്യായപ്രമാണം അതിൽ അസ്തമിപ്പിക്കുകയും യാത്ര അയയ്ക്കുകയുംചെയ്തു. വിസ്മയം നിറഞ്ഞിരിക്കുന്ന ഈ

സന്ധ്യയിൽ ഞങ്ങളുടെ മശിഹാകർത്താവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ, ഞങ്ങൾ ദുഃഖത്തിൽ നിന്നും കോപത്തിൽനിന്നും വേർപ്പെട്ടും ഞങ്ങളുടെ വിചാരങ്ങൾ വഴക്കിൻേറയും സ്ക്കറിയോത്തായ്ക്കടുത്ത വഞ്ചനയുടേയും കലഹത്തിൽനിന്നും വെടിപ്പാക്കപ്പെട്ടും ഞങ്ങളുടെ മനസ്സാക്ഷികൾ കടങ്ങളെക്കുറിച്ചും പാപങ്ങളെക്കുറിച്ചും ഉള്ള പ്രശസ്തമായ പശ്ചാത്താപത്തിൻെറ ശുദ്ധീകരിക്കുന്ന കഴുകലാൽ നിർമ്മലീകരിക്കപ്പെട്ടും ഞങ്ങളുടെആത്മാക്കൾ അന്യോന്യമുള്ള സ്നേഹവാത്സല്യത്താൽ ദൈവീകപ്രകാരം ബന്ധിക്കപ്പെട്ടും ഞങ്ങളുടെ ബോധങ്ങൾ നിൻെറ ദിവ്യോപദേശങ്ങളുടെ കതിരുകളാലും പ്രഭയാലും പ്രകാശിച്ചുകൊണ്ട് വെടിപ്പോടും വിശുദ്ധിയോടുംകൂടെ ഭയങ്കരമായ ദിവ്യമേശയ്ക്ക് സംബന്ധിക്കുവാൻ ഞങ്ങളെ നീ യോഗ്യരാക്കണമെ. നിൻെറ ജീവിപ്പിക്കുന്നകൂദാശകൾ ഞങ്ങൾക്ക് ശിക്ഷാവിധിയ്ക്കും കുറ്റത്തിനും ന്യായതീർപ്പിനും ആയിത്തീരരുതെ. എന്നാലോ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിന്ദ്യങ്ങളായ സകല മലിനതകളിൽ നിന്നും സകലകുറ്റത്തിൽനിന്നും ഉള്ള ആത്മാക്കളുടേയും ശരീരങ്ങളുടേയും നിർമ്മലതയ്ക്കും വിചാരങ്ങൾ ഉൽകൃഷ്ടജ്ഞാനത്തിലേയ്ക്ക് ഉയർന്ന് പ്രവേശിക്കുന്നതിനും ദൈവീകമായ കിരണങ്ങളും കാന്തികളുംകൊണ്ട് തിളങ്ങുന്നതിനും ആയിത്തീരുമാറാകണമെ. ഞങ്ങൾ എപ്പോഴും നിന്നിലും നീ ഞങ്ങളിലും വസിക്കുമാറാകണമെ. ഞങ്ങൾ നിൻെറ ഏകപിതാവിന് മുഴുവനായും എപ്പോഴും പൂർണ്ണ

ജനമായിത്തീരണമെ. ഞങ്ങൾ നിനക്കും നിൻെറ വിശുദ്ധ പിതാവിനും ജീവനുണ്ടാക്കുന്ന നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോ - കൂക്കോയോ രീതി

കർത്താവിന്നരുളപ്പാടാലുളവായൊരു പെസഹാ
പന്തിരുഗോത്രം ഭക്ഷിച്ചു മൂശാതൻ നാളിൽ
കർത്താവിന്നാ-ളന്തിയതാം നേരം
പന്തിയിരുന്നു ഉയിരിൻ മേശയ്ക്കായ്
യാക്കോബിൻ ഗോത്രേജാതന്മാരാം പന്തിരുവർ
അഴിവില്ലാതെന്നും നിലനിന്നീടും രഹസ്യത്തെ
ഹാലേലൂയ്യാ ഘോഷിച്ചീടുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം വാദാമോ----ഹാ-

ഈ സന്ധ്യാനേരത്തുടയോൻ തൻ ശിഷ്യന്മാർക്കായി
പുതിയവ കാണിച്ചേൽപ്പിച്ചാൻ നൽ സാദൃശ്യങ്ങൾ
നിങ്ങൾ കാൺകെ ഞാൻ ചെയ്തിട്ടുള്ള
ദൃഷ്ടാന്തങ്ങൾ വിനയത്തൊടു ചെയ്വീൻ
പാർത്താലീവിധ കർമ്മങ്ങൾ ചെയ്യു-മ്പോൾ നിങ്ങൾ
മാമക ശിഷ്യന്മാരാണെന്നെല്ലാരും തേറും
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. മൊറിയോറാഹേം ---

(185)-**In the days of Moses, the twelve tribes ate the Passover, begun for the first time by the commandment of the Lord. Today our Lord sat at the table of life to sup with innocence. And behold, his twelve (desciples) from the tribes of Jacob's children hold and celebrate the eternal mystery which lasts for ever.** **Berekmor. Glory be to the----**

In this evening, our Lord revealed new things and entrusted figures and beautiful example to his desciples, and commanded them, saying thus: "I have done this examples before you. Do likewise with humility; by this I have taught you this that all will know that you are my disciples" **Moriyo---**

എത്രൊ

ഞങ്ങളുടെ മശിഹാതമ്പുരാനേ, ഈ സുഗന്ധധൂപം ഞങ്ങൾ നിനക്ക് സമർപ്പിച്ച് നിൻെറ കരുണയോട് യാചിക്കുന്നതെന്തെന്നാൽ, പഴയതിൻെറ അവസാനവും പുതിയതിൻെറ ആരംഭവുമാകുന്ന പെരുന്നാൾ വെടിപ്പോടെ നിനക്ക് ഘോഷിപ്പാനും നിൻെറ വിശുദ്ധശരീരവും കുറ്റമില്ലാത്ത രക്തവും ഞങ്ങളുടെ ആത്മാക്കളിൽ കലർത്തപ്പെടുവാനും അത് ഞങ്ങളുടെ സകല ലംഘനങ്ങളുടെയും പരിഹാരത്തിനും വിശ്വാസികളായ വാങ്ങിപ്പോയവരുടെ ആശ്വാസത്തിനും ആയിത്തീരുവാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും സ്തുതിയും സ്തോത്രവും കരേറ്റും. മോറാൻ വാലോഹാൻ---

Christ our God, we offer this fragrant incense to You and entreat Your loving kindness to make us worthy that with purity, we may celebrate the feast of the conclusion of the Old (covenant) and the beginning of the New, and Your holy body and Your innocent blood be mixed with our souls, and it may be for the remission of all our transgressions, and for the rest of our faithful departed. We and they will offer You glory and praise and to Your Father now and forever.

വീണ്ടും കോലോ

ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് തൃക്കൈകളിൽ തൻെറ ശരീരം എടുത്ത് മുറിച്ചു ശ്ലീഹന്മാർക്കു നൽകി, തൻെറ രക്തത്തിൻെറ പാനപാത്രം കലർത്തി അവരെ കുടിപ്പിച്ചു. "നിങ്ങൾ ഒരുമിച്ചു കൂടുമ്പോഴെല്ലാം ഞാൻ നിങ്ങളെ കാണിച്ചപ്രകാരം ചെയ്യുവിൻ. എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഇത് കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായിത്തീരണമെ. ബാറെക്മോർ.

†ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഇന്നേദിവസം യൂദന്മാരും മഹാപുരോഹിതന്മാരും പ്രീശേന്മാരും തന്നെ ഏതുകാരണത്താൽ മരണത്തിനു വിധിക്കണമെന്നു നമ്മുടെ രക്ഷകനെതിരായി ആലോചന നടത്തി.

അപ്പോൾ യൂദാസ്ക്കറിയോത്ത അവരോട് “അവൻെറ വില യായ ദ്രവ്യം എനിക്കുതരിക, ഞാൻ അവനെ നിങ്ങൾക്കു ഏല്പ്പിച്ചുതരാം” എന്നു പറഞ്ഞു. സ്വന്തം ഗുരുവിനെ വിറ്റ് ആത്മഹത്യയ്ക്കുള്ള കയർ വാങ്ങിയവനു ഹാ കഷ്ടം.

In this evening our Lord took his body in his hands broke (it) and gave it to his apostles and mixed the chalice of His blood and gave them to drink, saying: each time that you gather together, do like wise as I have shown you, it will be for the remission of debts and for the forgiveness of sins, for all whosover believe in me. **Berekmore.**

Glory be to the Father, Son and the Holy Spirit. Unto the ages of ages ---

On this day, the Jews, the high priests and the Pharisees gathered together and held councel in order to decide the reason for which our Savior could be put to death. The Judas Iscariot told them give me the price of His blood and I will deliver Him up to you. Woe to him who sold his master and then killed himself.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܗ ܕܗܘܐ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

കുഞ്ഞാ-ടായോ-നത്താഴ-ത്തിൽ
ശിഷ്യർ-ക്കായ് മെയ് ഭാഗിച്ചേകി
ഹാശാ കർമ്മം വെളിവായ് കാട്ടി
പരമാർത്ഥമെഴും കുഞ്ഞാടു-കളാ
വേർപാ-ടിങ്കൽ ദുഃഖിതരാ-യി.

ഇന്നാൾ സന്ധ്യ-യ്ക്കൂടയോൻ ചൊ-ന്നാൻ
തൻ ക്രൂശേറ്റ-ത്തെയോർത്തേവം
ന്യായം കൂടാ-തെന്നെക്കൊല്ലാൻ
ഏകൻ തോഴൻ ജനവൃന്ദ-ത്തിൽ
സപ്രേന്മാർക്കാ-യേല്പ്പിച്ചീടും

വാന-ത്തോടങ്ങത്താഴത്തിന്നും
ഏകാധിപനേ നാം വാഴ്ത്തേണം
അവനാണെന്നും സർവ്വാധീശൻ
എല്ലാ-ടത്തും താൻ വാഴു-ന്നു
സ്തോത്രം- സർവ്വം കൈക്കൊള്ളുന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝܳܐ ܕܕܰܝܳܢܳܐ ܠܟ݂ܽܠ ܒܝܰܘܡܳܐ ܕܕܺܝܢܶܗ
ܠܕܰܝܳܢܶܐ ܡܳܪܰܢ ܠܰܢ ܠܳܐ ܬܶܕܽܘܢ ❋ ܡܳܪܝ ܪܰܚܶܡ ܥܠܰܝܢ ❋

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܚܰܫܳܐ ܘܰܡܰܘܬܳܐ ܘܰܙܩܺܝܦܽܘܬܳܐ

ܩܰܒܶܠ ܒܳܥܽܘܬܰܢ ܘܰܥܒܶܕ ܪ̈ܰܚܡܶܐ ܥܰܠ ܢܰܦ̈ܫܳܬܰܢ ⁜

ܠܗܽܘܢ ܕܰܡܫܰܒܚܺܝܢ ܠܶܟ ܒܬܶܫ̈ܒܚܳܢ ܚܠܳܦ ܟܽܠܰܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ

പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ ---

ഈ മർമ്മത്താൽ മർമ്മമശേഷം നിറവിൽ വന്നു

പെസഹാ-ക്കയ്പിൻ പൊരുളെന്തെന്നും തെളിവായ്തീർന്നു

ശിഷ്യന്മാരിൽ കയ്പുളവാക്കി വധ വൃത്താന്തം

പെസഹാ-ക്കുഞ്ഞാടിൻ സന്ധ്യയതോകയ്പായ്തീർന്നു.ദേവാ--

മൂശാനിബിതൻ പെസഹാ കുഞ്ഞാടിൻ ബലിമൂലം

സുത ഹാ-ശായെ സൂചിപ്പിച്ചോരു ജനകൻ സ്തുത്യൻ

വന്നി-ട്ടെല്ലാം നിറവേറ്റിയൊരപ്പുത്രൻ വന്ദ്യൻ

നിഖിലം ശുദ്ധീകൃതമാക്കീടും റൂഹാ സ്തുത്യൻ. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ

വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

പെത്ഗോമോ

ഹാ- ഹാ- എന്നെക്കാളകളനവധി വലയം ചെയ്തു

എന്നെ വളഞ്ഞു ബാശാൻ കൂറ്റന്മാർ ഹാലേലുയ്യാ

ഏവൻഗേലിയോൻ

ܠܡܳܪܰܢ ܡܫܺܝܚܳܐ ܘܰܠܐܰܒܽܘܗ̱ܝ ܘܰܠܪܽܘܚܶܗ ܠܥܳܠܡܺܝܢ ⁜ ܐܰܡܺܝܢ ⁜

ܘܥܰܠܰܝܢ ܢܶܚܽܘܬ ܡܶܢ ܫܡܰܝܳܐ ܡܫܰܒܚܳܢܳܐ ⁜ ܥܽܘܕܪܳܢܳܐ

പെസഹ എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാൾ സമീപിച്ചിരുന്നു. പ്രധാനാചാര്യന്മാരും വേദ പണ്ഡിതന്മാരും യേശുവിനെ എങ്ങനെ കൊല്ലേണ്ടു എന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. പക്ഷേ അവർ ജനങ്ങളെ ഭയ പ്പെട്ടു. പന്തിരുവരുടെ കൂട്ടത്തിൽ സ്ക്കറിയൂത്താ എന്നു വിളിച്ചിരുന്ന യൂദായിൽ സാത്താൻ പ്രവേശിച്ചു. അവൻ ചെന്ന് പ്രധാനാചാര്യന്മാരോടും ദേവാലയസേനാനായക രോടും യേശുവിനെ അവർക്ക്ഏൽപ്പിച്ചുകൊടുക്കുന്നതിനെ പ്പറ്റി സംസാരിച്ചു. അവർ സന്തോഷിച്ച് അവന് പണം കൊടുക്കാമെന്ന് ഉടമ്പടിചെയ്തു. അവൻ അവരോട് വാഗ്ദാനവും ചെയ്തു. ജനം ഇല്ലാത്തപ്പോൾ യേശുവിനെ അവർക്ക് ഏൽപ്പിച്ചുകൊടുക്കുവാൻ അവൻ അവസരം നോക്കിക്കൊണ്ടിരുന്നു. പെസഹാക്കുഞ്ഞാടിനെ അറുക്കുക പതിവായിരുന്നു. പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാൾ വന്നു. യേശു കീപ്പായേയും യോഹന്നാനേയും അയച്ചു കൊണ്ട് അവരോട്, നിങ്ങൾ പോയി നമുക്കു പെസഹാ ഭക്ഷിക്കുവാൻ ഒരുക്കുക എന്നുപറഞ്ഞു. അവർ അവനോട്, ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത് എന്നുചോദിച്ചു. അവൻ അവരോടുപറഞ്ഞു. നിങ്ങൾ പട്ടണ ത്തിൽപ്രവേശിക്കുമ്പോൾ ഒരുകുടം വെള്ളം ചുമന്നുകൊണ്ട് ഒരാൾ നിങ്ങളുടെ നേരെവരും. അവനെ അനുഗമിക്കുക. അവൻ പ്രവേശിക്കുന്ന വീടിൻെറ ഉടമസ്ഥനോട്, 'എനിക്ക് എൻെറ ശിഷ്യന്മാരോടുകൂടെ പെസഹാ ഭക്ഷിക്കേണ്ടഭവനം

ഏതാകുന്നുവെന്ന് ഞങ്ങളുടെ ഗുരു ചോദിക്കുന്നു' എന്നു പറയുക. അപ്പോൾ അവൻ വിരിച്ചൊരുക്കിയ ഒരു വലിയ മാളിക കാണിച്ചുതരും. അവിടെ ഒരുക്കുക. അവർപോയി, അവൻ പറഞ്ഞതുപോലെ കാണുകയും പെസഹാഒരുക്കുകയുംചെയ്തു. സമയമായപ്പോൾ യേശുഭക്ഷണത്തിനിരുന്നു. ശിഷ്യന്മാരും കൂടെയുണ്ടായിരുന്നു. യേശു അവരോട് അരുൾചെയ്തു. ഞാൻ പീഡ സഹിക്കുന്നതിനുമുമ്പ് ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിക്കുവാൻ അത്യധികം ആഗ്രഹിച്ചു. എന്തെന്നാൽ ദൈവരാജ്യത്തിൽ ഇത് പൂർത്തിയാകുംവരെ ഇനി ഞാനിത് ഭക്ഷിക്കുകയില്ല എന്നു നിങ്ങളോടു പറയുന്നു. അവൻ പാനപാത്രം എടുത്ത് സ്തോത്രംചെയ്തശേഷം പറഞ്ഞു. നിങ്ങൾ ഇതുവാങ്ങി അന്യോന്യം പങ്കിടുവിൻ. ദൈവരാജ്യംവരുന്നതുവരെ ഞാൻ മുന്തിരിച്ചാറ് കുടിക്കുകയില്ലെന്ന് നിങ്ങളോടു പറയുന്നു. പിന്നീട് അപ്പമെടുത്ത് സ്തോത്രംചെയ്ത് മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് യേശു പറഞ്ഞു. 'ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു എൻെറ ഓർമ്മയ്ക്കായി ഇപ്രകാരം അനുഷ്ഠിപ്പിൻ.' അപ്രകാരം തന്നെ അത്താഴം കഴിഞ്ഞശേഷം പാനപാത്രം എടുത്ത് ഇപ്രകാരം പറഞ്ഞു. 'ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയപ്പെടുന്ന എൻെറരക്തംകൊണ്ടുള്ള പുതിയ ഉടമ്പടിയാകുന്നു.' എങ്കിലും ഇതാ, എന്നെ ഒറ്റിക്കൊടുക്കുന്നവൻെറ കൈ മേശമേൽ ഉണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്നപോലെ മനുഷ്യപുത്രൻ പോകുന്നു. എങ്കിലും അവനെ ഒറ്റിക്കൊടുക്കുന്ന

മനുഷ്യന് ഹാ കഷ്ടം. തങ്ങളിൽ ആരായിരിക്കും അതു ചെയ്യുകയെന്ന് അവർ പരസ്പരം ചോദിക്കുവാൻ തുടങ്ങി. തങ്ങളിൽ വലിയവൻ ആരാണെന്ന് അവരുടെ ഇടയിൽ ഒരു തർക്കം ഉണ്ടായി. യേശു അവരോട് പറഞ്ഞു. വിജാതിയരുടെമേൽ അവരുടെ രാജാക്കന്മാർ കർത്തൃത്വം നടത്തുന്നു. തങ്ങളുടെമേൽ അധികാരം ഉള്ളവരെ അവർ ഉപകാരികളായി കണക്കിടുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അങ്ങനെയാകരുത്. നിങ്ങളിൽ ഏറ്റവുംവലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും, തലവൻ ശുശ്രൂഷകനെ പ്പോലെയും ആയിരിക്കണം. ആരാണ് വലിയവൻ ? ഭക്ഷണ ത്തിനിരിക്കുന്നവനോ, ശുശ്രൂകനോ? ഭക്ഷണത്തിനിരിക്കുന്നവ നല്ലയോ? ഞാനോ നിങ്ങളുടെയിടയിൽ ശുശ്രൂകനെപ്പോലെ യാകുന്നു. നിങ്ങളാണ് എൻെറപരീക്ഷകളിൽ എന്നോടൊപ്പം നിലനിന്നവർ. എൻെറ പിതാവ് എനിക്ക് രാജ്യം വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ഞാനും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ മേശയിൽ നിന്ന് ഭക്ഷിക്കുകയും കുടിക്കുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിൻെറ പന്ത്രണ്ട്ഗോത്രങ്ങളെയും ന്യായം വിധിക്കുകയും ചെയ്യും. ⁜ ܫܘܒܚܐ ܠܡܫܝܚܐ ⁜ ܘܥܠܝܢ ܢܗܘܘܢ

Evening

Luke 22: 1-30

1 **Now the Feast of Unleavened Bread drew near, which is called Passover. 2And the chief priests and the scribes sought how they might kill Him, for**

**they feared the people. [3] Then Satan entered
Judas, surnamed Iscariot, who was numbered
among the twelve. [4] So he went his way and
conferred with the chief priests and captains, how
he might betray Him to them. [5]And they were glad,
and agreed to give him money. [6]So he promised
and sought opportunity to betray Him to them in
the absence of the multitude. [7]Then came the Day
of Unleavened Bread, when the Passover must be
killed. [8]And He sent Peter and John, saying, "Go
and prepare the Passover for us, that we may eat."
[9]So they said to Him, "Where do You want us to
prepare?" [10]And He said to them, "Behold, when
you have entered the city, a man will meet you
carrying a pitcher of water; follow him into the
house which he enters. [11]Then you shall say to the
master of the house, "The Teacher says to you,
"Where is the guest room where I may eat the
Passover with My disciples?"' [12]Then he will show
you a large, furnished upper room; there make
ready." [13]So they went and found it just as He had
said to them, and they prepared the Passover.
[14]When the hour had come, He sat down, and the
twelve apostles with Him. [15]Then He said to them,**

"With fervent desire I have desired to eat this
Passover with you before I suffer; 16 for I say to
you, I will no longer eat of it until it is fulfilled in the
kingdom of God." 17 Then He took the cup, and
gave thanks, and said, "Take this and divide it
among yourselves; 18 for I say to you, I will not
drink of the fruit of the vine until the kingdom of
God comes." 19 And He took bread, gave thanks
and broke it, and gave it to them, saying, "This is
My body which is given for you; do this in
remembrance of Me." 20 Likewise He also took the
cup after supper, saying, "This cup is the new
covenant in My blood, which is shed for you. 21 But
behold, the hand of My betrayer is with Me on the
table. 22 And truly the Son of Man goes as it has
been determined, but woe to that man by whom He
is betrayed!" 23 Then they began to question among
themselves, which of them it was who would do
this thing. 24 Now there was also a dispute among
them, as to which of them should be considered
the greatest. 25 And He said to them, "The kings of
the Gentiles exercise lordship over them, and
those who exercise authority over them are called
"benefactors.' 26 But not so among you; on the

contrary, he who is greatest among you, let him be as the younger, and he who governs as he who serves. 27For who is greater, he who sits at the table, or he who serves? Is it not he who sits at the table? Yet I am among you as the One who serves.
28"But you are those who have continued with Me in My trials. 29And I bestow upon you a kingdom, just as My Father bestowed one upon Me, 30that you may eat and drink at My table in My kingdom, and sit on thrones judging the twelve tribes of Israel."

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോട് കരുണ ചെയ്യണമെ.

ܡܫܝܚܐ ܕܒܚܫܘܗܝ ܦܪܩ ܠܢ ܡܢ ܚܘܒܝܢ
ܩܒܠ ܨܠܘܬܢ ܘܐܬܪܚܡ ܥܠܝܢ ⁜

Christ, Who - by His Passion saved - us from sin
Receive Our worship, Have mer-cy on us

ഹാശായാ-ലടിയാരുടെ പിഴ തീർത്തൊരു മശിഹാ
ഈ ശു-ശ്രൂഷയതേറ്റാശിഷമരുളണമെ. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം.   ബാറെക്മോർ.

Christ Who - by His Passion saved - us from sin, receive Our worship, Have mer-cy on us. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܒܚܫܗ ܦܪܩܢ ܡܢ ܚܛܗܐ
ܩܒܠ ܬܫܡܫܬܢ ܘܪܚܡ ܥܠܝܢ ⁜ [3]
ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܬܘܕܝܬܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܪܚܡܐ ⁜ ܥܠܝܢ ܚܛܝܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪܥܝ ܐܘܪܫܠܡ ܕܠܥܠ ⁜ ܘܒܥܘܬܢ ܢܥܘܠ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡ ⁜ ܒܪܟܡܪ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ: ܢܬܩܕܫ ܫܡܟ. ܬܐܬܐ ܡܠܟܘܬܟ. ܢܗܘܐ
ܨܒܝܢܟ: ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ. ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ. ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ: ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ. ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ. ܐܠܐ
ܦܨܢ ܡܢ ܒܝܫܐ. ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വലിയ വെള്ളിയാഴ്ച സുത്താറ

ഹാശായാ-ലടിയാരുടെ പിഴ തീർത്തൊരു മശിഹാ
ഈ ശു-ശ്രൂഷയതേറ്റാശിഷമരുളണമെ. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - by His Passion saved - us from sin, receive Our worship, Have mer-cy on us. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܡܫܝܚܐ ܕܚܫܗ ܦܪܩܢ ܡܢ ܚܛܗܝܢ
ܩܒܠ ܣܓܕܬܢ ܘܐܬܪܚܡܥܠܝܢ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܬܘܕܝܬܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ⁜ ܘܥܠܝܢ ܚܛܝܐ ܢܗܘܐ ܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪ̈ܥܐ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܬܬܩܒܠ ܒܥܘܬܢ ܡܢ ܩܕܡ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ.

ܦܘܩܡܝܢ

ܝܐܐ ܠܟ ܫܘܒܚܐ ܘܐܝܩܪܐ ܡܢ ܦܘܡܐ ܕܟܠ ⁜ ܦܘܡܐ ܡܡܠܠܢܐ
ܘܠܫܢ ܟܠܗ ܘܒܪܝܬܐ ⁜ ܬܫܒܘܚܬܐ ܘܬܘܕܝܬܐ ܘܣܓܕܬܐ ܘܩܘܠܣܐ
ܘܪܘܡܪܡܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܒܟܠ ܙܒܢ
ܘܠܥܠܡ ܥܠܡܝܢ ܐܡܝܢ ⁜

തൻെറ മൗനതയാൽ വിധിയേറ്റ് ഞങ്ങളുടെ കുറ്റത്തെ നീതീകരിച്ച ന്യായാധിപതിമാരുടെന്യായാധിപതിയും തൻെറ ദേഹത്തെഅടികൾക്കും കവിൾത്തടങ്ങളെ മർദ്ദനങ്ങൾക്കും നൽകി, തൻെറ അടികളാൽ ഞങ്ങളുടെ കടങ്ങളെ വീട്ടുകയും തൻെറ കഷ്ടതകളാൽ ഞങ്ങളുടെ കഷ്ടതകളെ പീഡിപ്പിക്കുകയും തൻെറ കിരീടത്താൽ ഞങ്ങളുടെ ശാപത്തെ വഹിക്കുകയും തൻെറ കൊലയാൽ ഞങ്ങളെ കൊല്ലുന്നവനെ ഓടിച്ചുകളയുകയും തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ മരിപ്പിക്കുകയുംചെയ്ത രക്ഷകനും ആയ കർത്താവിന് സുത്താറാ പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുല്ഹൂൻ--- ആമ്മീൻ.

The Judge of the judges was judged, and by His silence, He justified our guilt. The Savior gave His body for blows and His cheeks for slaps and reapaid our debts with stripes, and caused suffering to our sufferings by His passion, and bore our curse by His crown, and banished our killing by His slaughter, and killed our death by His death. To Him befits glory and praise at this time and all seasons and hours all the days of life for ever and ever.

ܩܽܘܡܳܐ

തൻെറ നല്ലമനസ്സാലും സാരാംശത്തിൽ തനിക്ക്സദൃശനായ പരിശുദ്ധറൂഹായുടെ വ്യാപാരത്താലും അഭിന്നമായ യോജിപ്പായി ഞങ്ങളുടെ സ്വാഭാവികദേഹത്തോട് യോജിച്ചവനായി പിതാവിൻെറഏകജാതനും വചനവുമായിരിക്കുന്ന ദൈവമേ നിനക്കുസ്തുതി. പാപമൊഴികെ സകലത്തിലും ഞങ്ങൾക്കു നീ സദൃശ്യനാകുകയും ദൈവികപ്രകാരവും മനുഷ്യപ്രകാരവും നീ ഞങ്ങളോടുകൂടെ പെരുമാറുകയുംചെയ്തു. പീഡകളാലും മരണത്താലും രക്ഷാകരമായ എല്ലാപ്രവർത്തനത്തിൻെറയും പൂർണ്ണതയാലും ഞങ്ങളുടെമനുഷ്യവർഗ്ഗത്തിൻെറ കുറ്റത്തിന് പൂർണ്ണപരിഹാരം നൽകുകയും മരണത്തെയും സാത്താനേയുംപാപത്തെയുംമായിച്ച് പുതിയജീവനിലേക്കുള്ള പ്രവേശനം ഞങ്ങൾക്കെല്ലാവർക്കും കാണിച്ചുതരികയും ചെയ്തു. നിൻെറ കുറ്റമില്ലാത്ത രക്തത്താൽ പുതിയഉടമ്പടി ഞങ്ങൾക്കെഴുതിത്തരുവാനായിട്ട് രക്ഷാകരമായ കഷ്ടാനുഭവത്തിലേക്ക് സത്യമായ പ്രവൃത്തിയാൽ നീ എഴുന്നെള്ളിവന്നു. ഞങ്ങളെ രക്ഷിപ്പാനായി സത്യവിരോധികളും ആകൽക്കറുസായുടെ സ്ഥിരഭവനക്കാരനുമായ യഹൂദന്മാരുടെ ക്രൂരതയാൽ താഴ്മയും പീഡയും അപമാനവും നിന്ദയും പരിഹാസവും നീ സഹിക്കുകയുംചെയ്തു. കൽപ്പന ലംഘനംമൂലമുള്ള ശിക്ഷാവിധിയിൽനിന്ന് കുറ്റക്കാരനായ ആദാമിനെ മോചിപ്പിക്കുവാനായിട്ട് നിൻെറ കരുണാസമൃദ്ധിയാലും അനുകമ്പാതിരേകത്താലും അവനുവേണ്ടി അവ സഹിപ്പാൻ ഇന്ന് മനസ്സോടെ നീ എഴുന്നെള്ളിവന്ന് നിൻെറ ദാസനായ മോശ മിസ്രയീമിൽവെച്ച് മുൻകൂട്ടി സൂചിപ്പിച്ച

രക്ഷാപൂർണ്ണമായ ദൃഷ്ടാന്തത്തെ നീ മുൻകൂട്ടി അറിയിക്കുകയും കഷ്ടാനുഭവത്താൽനിറവേറ്റുകയുംചെയ്തു. നിന്റെ വിശുദ്ധസഭയുടെചൈതന്യപ്രദങ്ങളായഅറിവുകളും രഹസ്യങ്ങളുംനിറഞ്ഞമാളികയിൽവെച്ച് രക്ഷാകരമായ ആ സന്ധ്യയിൽ ശ്ലീഹന്മാരുടെ മുമ്പാകെ ഇതിനെ നിറവേറ്റുകയും ചെയ്തു. പഴയതിനെ ആട്ടിൻ കുട്ടിയിൽ അവസാനിപ്പിക്കുകയും പുതിയതിനെഅപ്പത്തിലാരംഭിക്കുകയും രഹസ്യപൂർണ്ണമായഅത്താഴത്തിൽവെച്ച് നിന്റെ ശരീരവുംരക്തവും ഞങ്ങൾക്കു തരികയും കടങ്ങളുടെ പരിഹാരത്തിനായി നീ ഞങ്ങൾക്കു ഭക്ഷണവുംപാനീയവുമായിത്തീരുകയുംചെയ്തു. വഞ്ചനയുടെ ചുംബനത്തിനായി നിന്റെ തലയെ ചായിച്ചുകൊടുക്കുകയും ശപിക്കപ്പെട്ട യഹൂദജനത്താൽ നീ പിടിക്കപ്പെടുകയുംചെയ്തു. ഞങ്ങളുടെമേലുള്ള കഠിന ശിക്ഷയിൽനിന്നുംന്യായവിധിയിൽനിന്നും ഞങ്ങളെ വീണ്ടെടുപ്പാനായിട്ട് നിന്റെമനസ്സോടെയുള്ളതാഴ്മയാൽ കുരിശിലെ അപമാനത്തിനായിട്ട് നീ എഴുന്നെള്ളിവരികയും ആറാം ദിവസം ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തുകയറി നിൽക്കുകയുംചെയ്തു. പാപദാസ്യത്തിൽനിന്നും ശിക്ഷയിൽ നിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്താനായിട്ട് അഹങ്കാരിയായ ദാസനിൽനിന്ന് ചെകിട്ടത്ത് അടികൊള്ളുകയും കുറ്റക്കാരനെപ്പോലെവിധിയേൽക്കുകയും ഞങ്ങളുടെകുറ്റമുള്ള വർഗ്ഗത്തെ കുറ്റമില്ലാതാക്കിത്തീർക്കുകയുചെയ്തു. ന്യായാധിപനായ പീലാത്തോസിന്റെ ആജ്ഞമൂലം ചമ്മട്ടികൊണ്ട് അടിയേൽക്കുകയും കുറ്റക്കാരനായ ഞങ്ങളുടെ കുടുംബത്തലവന്റെ

കുറ്റത്തിന് പ്രതിവിധിയുണ്ടാക്കുകയുംചെയ്തു. ഈ വെള്ളിയാഴ്ചദിവസം അശുദ്ധരിൽനിന്ന് തിരുമുഖത്തേറ്റ തുപ്പലിനാൽ കൽപ്പനലംഘനംമൂലം ഞങ്ങളുടെമേൽ വാണിരുന്ന മഹാനിന്ദ്യമായലജ്ജയെ ഞങ്ങളുടെ എല്ലാവരുടെയും മുഖത്തുനിന്ന് നീക്കിക്കളഞ്ഞു. ഘോരസർപ്പത്തിന്റെ അസൂയയാൽ വൃക്ഷങ്ങളുടെ ഇടയിൽവെച്ച് ഞങ്ങൾ ഉരിഞ്ഞുകളഞ്ഞതായ പരിശുദ്ധറൂഹായെ വീണ്ടും ഞങ്ങൾ ധരിപ്പാനായിട്ട് യഹൂദന്മാരുടെ അപമാനകരമായ അധിക്ഷേപത്താൽ ചുവപ്പുവസ്ത്രം നീ അണിയുകയുംചെയ്തു. ഞങ്ങളുടെ അവയവങ്ങൾക്കുള്ളിൽ മരണത്തെ വിതച്ച പാപത്തെ നിന്റെ കിരീടത്തിന്റെ മുള്ളുകളാൽ വേരോടെ പറിക്കുകയും ജനത്തിലെ പുരോഹിതന്മാർ നിന്നെപിടിപ്പിച്ച പരിഹാസക്കോൽകൊണ്ട് നിന്റെ ജീവന്റെപുസ്തകത്തിൽ ഞങ്ങളുടെ പേരുകൾ എഴുതുകയുംചെയ്തു. മരത്തിന്റെ മുകളിൽ നഗ്നനായി തൂക്കപ്പെടുകയും നിന്റെ ജഡം ഉരിച്ചിലാൽ ദോഷങ്ങളുടെ അദ്ധ്യക്ഷനും വ്യാജത്തിന്റെ പിതാവും ആയി വായുമണ്ഡലസൂക്ഷിപ്പുകാരനാകുന്ന പിശാചിനെ നീ ലജ്ജിപ്പിച്ചുനാണിപ്പിക്കുകയും ആദാമിന്റെ ലജ്ജയെ മറയ്ക്കുകയുംചെയ്തു. പഴം പറിച്ച് ലോകത്തിലേക്ക് മരണത്തെവരുത്തി അതിന് എല്ലാതലമുറകളിലും വാഴ്ച നൽകിയ കൈയ്ക്കുപകരം നിന്റെ വിശുദ്ധ തൃക്കരങ്ങളെ ആണികൾക്കും തൃപ്പാദങ്ങളെ ഇരുമ്പുബന്ധനങ്ങൾക്കും നീ കൊടുത്തു. മരണകരമായ വൃക്ഷത്തിൽ നിന്നുള്ള ഭക്ഷണത്തിനുപകരം കാടി കുടിക്കുകയും

കയ്പിനെ ആസ്വദിക്കുകയുംചെയ്തു. അക്രമികളോടുകൂടെ നീ എണ്ണപ്പെടുകയും ആദാമിന്റെ നിന്ദയെനീക്കുവാനായിട്ട് കള്ളന്മാരുടെ ഇടയിൽവെച്ച് നിന്ദ ഏൽക്കുകയുംചെയ്തു. നിന്റെ പിതാവിന്റെ ദീർഘദർശിമാർ മുൻകൂട്ടി സൂചിപ്പിച്ചിരുന്നതെല്ലാം നിന്റെ ദേഹത്തിൽ നിറവേറ്റകയും 'ഇതാ എല്ലാം നിറവേറിയിരിക്കുന്നു' എന്നുപറഞ്ഞ് നിന്റെ തല ചായിച്ച് നിന്റെ ആത്മാവിനെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. പ്രജാവാത്സല്യത്താൽ ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ഇതൊക്കെയുംനിവർത്തിച്ച മനുഷ്യസ്നേഹമുള്ളകർത്താവേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ, അവർണ്ണനീയമായ നിന്റെ താഴ്മയും മനസ്സോടെയുള്ളവയും കുറ്റമില്ലാത്തവയുമായ നിന്റെ കഷ്ടതകളെയും നീ ഓർത്ത് രക്ഷാകരവും ചൈതന്യപ്രദവുമായ നിന്റെ കഷ്ടാനുഭവത്തിന്റെ ദുഃഖകരമായ ഈ ദിവസത്തിൽ ഇപ്പോൾ ബഹുലങ്ങളായ നിന്റെഅനുഗ്രഹങ്ങളെ ഞങ്ങളിൽ പുതുക്കണമെ. നിഷ്ക്കളങ്കമായ വിശ്വാസത്തോടെ നിന്റെ പീഡകളെ വന്ദിച്ച് നിന്റെ മനുഷ്യാവസ്ഥകളെ ഏറ്റ് പറയുകയും നിന്നെ എല്ലാറ്റിന്റേയുംസാക്ഷാൽദൈവമെന്ന്അറിയുകയും ചെയ്യുന്നതായി ഇവിയെും എവിടെയുംഉള്ള കാതോലികവും അപ്പോസ്തോലികവുമായ നിന്റെ പരിശുദ്ധസഭയെ നിന്റെ വിജയകരമായ കുരിശുകൊണ്ട് സംരക്ഷിക്കണമെ. ഞങ്ങളുടെ അകൃത്യത്തെ മായിച്ചുകളഞ്ഞ നിന്റെ കഷ്ടാനുഭവങ്ങളുടെ ഓർമ്മയെ കഴിക്കുന്ന ഈ സമയത്ത് ബലഹീനരുംനികൃഷ്ടരുമായ ഞങ്ങളാൽസമർപ്പിക്കപ്പെടുന്ന

ഈ സുഗന്ധധൂപം വഴിയായി ഞങ്ങൾ നിന്നോടപേക്ഷി ക്കുന്നു. മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും ഞങ്ങൾ എന്തിനാൽ അശുദ്ധന്മാരായിത്തീർ ന്നുവോ ആ കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോച നവും നീ ഞങ്ങൾക്ക് നൽകണമെ. ലോകാവസാനത്തോളം ഞങ്ങളുടെ ആയുഷ്ക്കാലംമുഴുവനും നിരപരാധവും നിർമ്മ ലവും ആയ ജീവിതത്താൽ നിന്റെ മുമ്പാകെ ഞങ്ങളെ കാത്തുകൊള്ളണമെ. തക്കധൈര്യത്തോടെ ഞങ്ങളുടെ ആത്മാക്കളെ നിന്റെ വിശുദ്ധപിതാവിന്റെതൃക്കൈകളിൽ ഞങ്ങളും സമർപ്പിക്കുമാറാകണമെ. ജീവകരമായ നിന്റെ സ്ലീബായാകുന്ന വലിയതും രക്ഷാകരവുമായ അടയാള ത്തോടുകൂടിയുള്ള മഹനീയമായ നിന്റെ രണ്ടാമത്തെ വരവിന്റെനാളിൽ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ വബ്കൂൽസ് ---- ആമ്മീൻ.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ - കൂക്കോയോ

ഗോത്രാധിപനാമാദാമിൻ വിധി നീക്കീടാനായ്
നമ്മുടെ കർത്താവീരാവിൽ വിധിഗേ-ഹേ നിന്നു
ഹാനാൻ കയ്യാ-പ്പാമാർ വിധി നൽകി
മരണാർഹൻ താ-നിവനെന്നാർത്തു ജനം
ദുഷ്ടന്മാരെ രക്ഷിപ്പാൻ ദൈവ-സുതൻ വന്നു

ആ ദുഷ്ടന്മാരുടെ കൈയ്യാലിവയെ-ല്ലാമേറ്റു
ഹാലേലുയ്യാ ഉ ഹാലേലുയ്യാ. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം-

മരണത്തിനു ദൈവാത്മജനെ ഏൽപ്പി-ച്ചീടാനായ്
വഴിയാരാഞ്ഞാൻ കയ്യാപ്പാ വിസ്താ-രം തന്നിൽ
നിയമത്തെ ഇവൻ ലംഘിപ്പതു കണ്ടു
ശാബതിൽ സൗഖ്യം കുഷ്ഠാർത്തർക്കേകി
കള്ളന്മാരാം സാക്ഷികൾ നിന്നേവം ചൊന്നതിനാൽ
മരണാർഹൻ താനിവനെന്നാജനമ-പ്പോഴാർത്തു
ഹാലേലുയ്യാ ഉ ഹാലേലുയ്യാ.

വീണ്ടും കോലോ

ഇന്നേദിവസം തൻെറ ശിഷ്യന്മാരുടെ മുമ്പാകെ അവരെ താഴ്മ പഠിപ്പിക്കുവാൻ കുനിഞ്ഞ് അവരുടെ പാദങ്ങൾ കഴുകിയ ദൈവപുത്രനെക്കണ്ട് മാലാഖമാർഅത്ഭുതപ്പെടുകയും അഗ്നിയാത്മമയന്മാരായ ക്രോബേന്മാരുടെയും സ്രോപ്പേന്മാരുടെയുംകൂട്ടങ്ങൾ ഭ്രമിച്ചിളകി വിറയ്ക്കുകയുംചെയ്തു.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

ഇന്നേദിവസം ക്രൂശകരിൽനിന്ന് സ്വന്തഗുരുവിൻെറ വില യൂദാ വാങ്ങി. ഇളകി ബഹളം കൂട്ടിക്കൊണ്ടിരുന്ന കൊലപാതകരെ ശാന്തരാക്കി. എൻെറ ഗുരുവിനെ നിങ്ങളുടെ ആഗ്രഹപ്രകാരം ഞാൻ നിങ്ങൾക്കുഏൽപ്പിച്ചുതരാംഎന്നുള്ള അവൻെറ വചനങ്ങളാൽ വഞ്ചകൻ ആ വഞ്ചകന്മാരെ ധൈര്യപ്പെടുത്തി

On this day the angels were astonished and the ranks of the Cherubim and the Seraphim of fire and Spirit were agitated and became shocked with fear and trembling for having seen the Son of God inclining before His disciples and washing theie feet in order to teach them humility. Barekmore.

† Glory be to the Father Son and Holy--- Unto the ---

On this day Judas received the price of his master from the crucifiers and made the murderers quiet, who were agitated. The deceiver consoled the fraudulent (saying): 'I will deliver my master up to you as you desire'.

ബോത്തേദ് ഹാശോ

ܒܝܐ ܡܪܝ ܚܫܐ ܕܣܝܒܪܬ ܚܠܦܝܢ
ܒܝܐ ܡܘܟܟܐ ܕܐܬܡܟܟܬ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

പാടേ-റും തൻ മൃതിയെപ്പറ്റി
ഇന്നാളന്തി-ക്കുടയോൻ ചൊന്നാൻ
കാരുണ്യം കൂ-ടാതങ്ങെന്നെ
ശിഷ്യ-രിലേകൻ സപ്രേമ്മാർക്കായ്
നിഹനി-ച്ചീടാ-നേൽപ്പിച്ചീടും

ഇന്നാളന്തി-ക്കുടയോൻ ചൊന്നാൻ
ഇപ്പെ-സഹായേ-വം ഭക്ഷിപ്പാൻ
നേടുനാളായി-ക്കാംക്ഷിച്ചോൻ ഞാൻ
പിതൃഗേ-ഹജരാം നിബിയന്മാർ തൻ
വചനം സർവ്വം ഞാൻ നിറവേറ്റും

കറനീ-ണ്ടാത്തോ-നാം കുഞ്ഞാട്
തനുര-ക്തത്താൽ നമ്മെ വീണ്ടു
ആ നല്ലോനാ-മിടയൻ തന്നെ
സഭതൻ കുഞ്ഞാ-ടുകൾ കീർത്തിച്ചു
വന്ദ്യൻ താൻ താ-താത്മജറൂഹാ

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܚܶܠ ܠܶܗ ܠܰܥܡܳܐ ܕܕܶܢܚܶܐ
ܒܕܺܝܢܳܐ ܥܰܡܶܗ ܡܳܪܝ ܠܳܐ ܬܶܬܚܰܫܫ ܀ ܡܳܪܝ ܪܰܚܶܡ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܫܬܰܒܰܚ ܒܚܰܫܶܐ ܕܰܪܳܐ ܕܚܰܫܰܘܗܝ
ܒܚܰܫܶܐ ܕܗܳܘ ܚܰܫܘܼܫܳܐ ܘܡܰܠܟܽܘܬܳܐ ܕܰܢܽܘܪܬܳܐ ܀

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 ആ ജനതതി തയ്യാറാക്കി
സർവ്വവ്യാപിക്കായ് വസനം
വാനോർ പേടിക്കുന്നോനെ ആചാര്യന്മാർ നിന്ദിപ്പൂ
തൻെറ ഹിതത്താൽ വന്നോനെ
കൊല്ലാനവർ വട്ടം കൂട്ടി. ദേവാ ദയ---

2 താഴ്ചയിലേക്കാഗതനായ
മശിഹാ രാജാവേ സ്തോത്രം
പാവത്തെപ്പോൽ നീ പെസഹ ഭക്ഷിച്ചുപരഗേഹത്തിൽ
സ്തുതിനിൻ പേർക്കും പ്രേഷകനാം
താതന്നും റൂഹ്ക്കുദിശായ്ക്കും. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

91-ാം മസുമൂർ

ബാറെക്മോർ, ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമേ

ബാറെക്മോർ, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം, എൻെറ ശരണവും, എൻെറ സങ്കേതസ്ഥലവുമെന്ന്, കർത്താവിനെക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും

അവ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നിൻെറ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും, ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്, അവൻ നിന്നെക്കുറിച്ച് അവൻെറ മാലാഖമാരോട്കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ, അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെവഹിക്കും

സർപ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, എൻെറ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

121-ാം മസുമൂർ

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകൾ ഉയർത്തും, എൻെറ സഹായക്കാരൻ എവിടെ നിന്നു വരും

എൻെറ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച, കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.
അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തൻെറ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിൻെറ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻെറ ഗമനത്തേയും നിൻെറ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ -- മെന്ഓലാം--

ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ അനുഗ്രഹത്തിൻെറ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ അനുഗ്രഹത്താൽ, നിൻെറ അടിയാരുടെ അപേക്ഷ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കി ക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹപരമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ.

നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാകണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

കൗമാ

ഹാശായാ-ലടിയാരുടെ പിഴതീർത്തൊരു മശിഹാ
ഈ ശുശ്രൂഷയതേറ്റാശിഷമരുളണമെ. (3 പ്രാവശ്യം)
നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Who - by His Passion saved - us from sin receive
Our worship, Have mer-cy on us 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܚܫܗ ܩܡ ܡܢ ܩܒܪܐ
ܫܠܠ ܠܥܝܪ̈ܐ ܘܐܬܦܨܚܘ ❉ [3]
ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢ ❉ ܘܬܘܕܝܬܐ ܡܘܕܝܢܢ ܩܕܝܫܐ
ܘܪܘܡܪܡܐ ❉ ܘܥܠܝܢ ܚܛܝ̈ܐ ܚܘܣܝܐ ܘܚܢܢܐ ❉ ܢܫܦܥܘܢ
ܬܪ̈ܥܐ ܕܨܗܝܘܢ ܕܠܥܠ ❉ ܘܢܬܩܒܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܗ
ܕܡܫܝܚܐ ❉ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ❉ ܒܪܟܡܪ ❉


ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.





കൗമാ

ܒܵܥܝ ܨܘܒ݂ ܕܚܫܵܘܗ

ഹാശാ-യൊടു വ്യഥയാർന്നർത്ഥി-ച്ചർത്ഥനയാൽ
പ്രാർത്ഥന കൈക്കൊണ്ടാശിഷമരുളണമെ. (3 പ്രാവശ്യം)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Who By Thy- Pray'r of sorrow and Passion, Lord-
accept - this Prayer and have me-rcy on us. 3 Times

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢ ✻ ܘܠܪܘܚܐ ܩܕܝܫܐ ܘܡܚܝܢܐ
ܘܠܥܠܡ ܥܠܡܝܢ ✻ ܐܡܝܢ ܩܕܝܫܐ ܚܝܠܬܢܐ ܘܢܬܩܕܫ
ܠܐ ܡܝܘܬܐ ܐܬܪܚܡ ܥܠܝܢ ✻ ܘܒܟܠܙܒܢ ܘܡܪܝ ܡܢ ܩܕܡ
ܘܡܪܚܡܢܐ ✻ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡܝܢ ✻ ܒܪܟܡܪܝ ✻

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✻ ܐܡܝܢ ✻

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റേയും നാശത്തിന്റേയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധറൂഹായുമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

113, 119 117 സങ്കീർത്തനങ്ങൾ - പേജ് 30

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

ബാറെക്മോർ: ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ

ആകാശവും ഭൂമിയുംസൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കുകയും, നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കുകയും

ചെയ്യണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെടുന്നതിനാൽ, നിൻെറ കൈ എന്നെ സഹായിക്കണമെ.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെസ്തുതിനിനക്ക്യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഓലാം--

സങ്കീർത്തനം 109

1. *എന്റെ മഹത്വത്തിന്റെ ദൈവമേ, നീ മൗനമായിരിക്കരുതേ. എന്റെ വൈരികൾ വ്യാജ നാവാലും വിദ്വേഷ ശബ്ദത്തിലും എന്നോടു സംസാരിച്ചു.*

(മ്ശീഹോ ദമ്ലാക് - എന്ന രീതി)

മാനുഷ പുത്രൻ ദുഷ്ടരുടെ
കൈകളിലേൽപ്പി-ക്കപ്പെടുവാൻ
സമയം വന്നു സോദരരേ
ഉണർവ്വോടെണീപ്പിൻ നിങ്ങൾ. കുറിയേലായിസ്സോൻ.

2. *അവൻ നന്മയ്ക്കു പകരം ദോഷവും, സ്നേഹത്തിനു പകരം വിദ്വേഷവും എനിക്കു നൽകി.*

മൃതികരമാം മാ-ലേറുകയാൽ
ഞാൻ പ്രാർത്ഥിപ്പാൻ പോകുന്നു
ഉണർവ്വോടിരിക്കുവിനെന്നഴലോ-
ടുടയോൻ ശിഷ്യരൊടായ് ചൊന്നാൻ. കുറിയേലായിസ്സോൻ.

3. *അവർ വിസ്തരിക്കപ്പെടുമ്പോൾ കുറ്റക്കാരായി പുറത്തു വരും. അവരുടെ പ്രാർത്ഥന പാപമായിത്തീരുകയുംചെയ്യും.*

നിദ്രയെഴാത്തോ-രുണർവ്വുള്ളോൻ
പ്രാർത്ഥനയിൽ നി-ന്നീരാവിൽ
മരണക്കാസാ നീങ്ങിടുവാൻ
മാനവനെപ്പോലർത്ഥിച്ചു. കുറിയേലായിസ്സോൻ.

4. *അവരുടെ മക്കൾ അനാഥരും അവരുടെ ഭാര്യമാർ വിധവകളും ആയിത്തീരട്ടെ.*

സൗഖ്യം രോഗാ-ത്തർക്കെല്ലാം
നൽകീടുകയാൽ യൂദന്മാർ
ഈ രാവിൽ വാൾ വടികളുമായ്
യേശുവിനെതിരായ് ചെന്നെത്തി. കുറിയേലായിസ്സോൻ.

5. അവരുടെ നാളുകൾ ചുരുക്കമായിത്തീരട്ടെ. അവരുടെതായി ശേഷിക്കുന്നത് അന്യന്മാർ എടുക്കട്ടെ.

മത്തുപിടിച്ചോളീ രാവിൽ
കർത്തൃസമക്ഷം തല താഴ്ത്തി
യൂദന്മാരുടെ രാജാവേ
വന്ദനമെന്നാക്ഷേപിച്ചു. കുറിയേലായിസ്സോൻ.

6. അവരുടെ പിതാക്കന്മാരുടെ അന്യായം ഓർക്കപ്പെടട്ടെ. അവരുടെ മാതാക്കളുടെ പാപങ്ങൾ മങ്ങിപ്പോകാതിരിക്കുകയും ചെയ്യട്ടെ.

മശിഹായെ ഞാനറിയില്ലെ-
ന്നാണയൊടുര ചെ-യ്താൻ ശീമോൻ
നിലവിളി കൂട്ടിയൊരീ രാവിൽ
കരയാത്തോനാ-രുണ്ടാകും. കുറിയേലായിസ്സോൻ.

7. എന്തുകൊണ്ടെന്നാൽ നന്മചെയ്യുവാൻ അവർ ഓർത്തില്ല. ദരിദ്രനെയും അഗതിയെയും ഹൃദയവേദനയിൽ ഇരിക്കുന്നവരെയും മരിക്കത്തക്കവണ്ണം അവർ പീഡിപ്പിച്ചു.

കുരിശിനെ സാക്ഷി-ച്ചോർ കാവ്യർ
വെള്ളദിനത്തിൽ രക്ഷിതരായ്

ദൈവത്തെ കുരിശിച്ചോരീ
വെള്ളിയിലപരാധം പേറി. കൂറിയേലായിസ്സോൻ.

8. അവർ ശാപങ്ങളെ സ്നേഹിച്ചു. അനുഗ്രഹങ്ങൾ ഇഷ്ട പ്പെട്ടതുമില്ല. അസ്ത്രംപോലെ ശാപങ്ങൾ അവർ ധരിച്ചു. അവരിൽ വെള്ളംപോലെയും അവരുടെ അസ്ഥികളിൽ തൈലം പോലെയും അവ പ്രവേശിച്ചു.

ബാറെക്മോർ. † ശുബഹോ -- മെനിങ്ഓലാം--

പിഴയാളി കണ-ക്കീ രാവിൽ
വിധി നിലയേ ദൈ-വം നിന്നു
ദാസൻറടിയേറ്റിഹ പാപ-ദാസർക്കേകീ സ്വാതന്ത്ര്യം.

കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ.

ഒന്നാം കൗമാ

(എക്ബോ - എത്തയീർ ശാഹോറോ - മാനവവത്സലനേ-)

ഉലകിൻ ര-ക്ഷാർത്ഥം വിധി നിലയേ പെട്ടു
ക്രൂശാരോ-ഹിതനാം ഉയിരായോൻ ധന്യൻ

കൂറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കൂറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. ***സ്തൗമെൻ കാലോസ് - കൂറിയേലായിസ്സോൻ***

പ്രഘോ:ഷ

ഞങ്ങൾക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥനയിൽ ജാഗരിച്ചവനായി പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും ഞങ്ങൾക്കുവേണ്ടി ദുഃഖത്തോടെ തന്റെ പിതാവിന് അപേക്ഷ സമർപ്പിച്ചവനായി അപേക്ഷകളെ കേൾക്കുന്നവനും ഞങ്ങൾക്കുവേണ്ടി തന്റെ പിതാവിന്റെ മുമ്പാകെ വ്യസനത്തോടെ മുട്ടുകുത്തിയവനായി എല്ലാ മുട്ടുകളും തന്നെ വണങ്ങുന്നവനും ഞങ്ങളുടെ ശത്രുവിനോടുള്ള പോരാട്ടത്തിൽ രക്തത്തുള്ളികളെ വിയർപ്പിച്ചവനായി ആദാമിന് വിയർപ്പോടെ ഭക്ഷണം നിശ്ചയിച്ചവനും ഞങ്ങൾക്ക് ധൈര്യം തരുവാനായിട്ട് ഭയംപൂണ്ട ധീരനും ഞങ്ങളുടെ ദുഃഖത്തേയും സങ്കടത്തേയും മായിച്ചു കളവാനായിട്ട് മരണത്തോളം വ്യസനിക്കുകയും ഖേദിക്കുകയും ചെയ്തവനായി ഞങ്ങളുടെ വ്യസനങ്ങളെ നീക്കുന്നവനും സന്തോഷങ്ങളുടെ നാഥനുമായകർത്താവിന് രാത്രിപ്രാർത്ഥനയുടെ ഒന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܡܪܝܐ

ആകാശത്തിൻെറയും ഭൂമിയുടെയും നാഥനും ഞങ്ങളുടെ ആത്മാക്കളുടെദൈവവും രക്ഷിതാവും ഞങ്ങളുടെ ദാരിദ്ര്യം തീർക്കുന്നതിൽ ജാഗരൂകനുമായ യേശുമശിഹാ ആയുള്ളോവേ, നിനക്ക് സ്തുതി, നിനക്ക് കീർത്തനം. ആജ്ഞാലംഘനംമൂലം ഉള്ള ഞങ്ങളുടെ ബലഹീനതയുടെ അധഃപതനം നിമിത്തം അശുദ്ധവികാരങ്ങളിൽനിന്നും അധർമ്മങ്ങളിൽനിന്നും ഞങ്ങളെ സ്വതന്ത്ര്യപ്പെടുത്തുവാൻവേണ്ടി മനസ്സോടെയുള്ളത്യാഗത്തിനും മാനുഷികമായപീഡകൾക്കും ആയി എഴുന്നെള്ളിവന്നു. കുരിശുമരണത്തിനായി നീ വരികയും അപരിമിതമായ അനുസരണം കാണിക്കുകയും ഭയവുംവേദനയും ദുഃഖവും ശോചനീയമാംവണ്ണം സഹിക്കുകയും നിൻെറ പിതാവിൻെറ മുമ്പാകെ വേദനയോടുകൂടി നമസ്ക്കാരവും അപേക്ഷയും സമർപ്പിക്കുകയുംചെയ്തു. കഴിയുമെങ്കിൽ കയ്പുള്ള മരണക്കാസാ നിന്നിൽനിന്ന് ഒഴിയുവാനായിട്ട് തന്നോടപേക്ഷിക്കുകയും കഴിയുന്നതല്ലെങ്കിൽ അവിടുത്തെഇഷ്ടംപോലെആകട്ടെന്ന് നീ സമ്മതിക്കുകയും ചെയ്തു. നീ മനസ്സോടെ ശരീരത്തിൽ സ്വാഭാവികമായി വാസ്തവത്തിൽ പീഡ അനുഭവിച്ചെന്നും സ്വപ്നത്തിലോ മായയാലോ അല്ലെന്ന് അറിയിക്കുകയും ദൂതനിൽനിന്ന് ശക്തി നിൻെറമേൽ കൈക്കൊള്ളുകയുംചെയ്തു.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

താതൻ തൻ വചനമതായോൻ വിധി-നാഥൻ മുമ്പിൽ
മിണ്ടീടാതൊരു കുഞ്ഞാടെന്നോണം നില കൊണ്ടാൻ
താനടിയേറ്റു സൃഷ്ടികൾ വിറ പൂണ്ടു
അഗ്നിമയന്മാർ സംഭ്രമമതിലാണ്ടു
ക്രോബേന്മാർ തേരിൻ മറവിൽ ശരണം പ്രാപിച്ചു
നാഥൻ ചൊന്നാനിവയെല്ലാം മനസ്സാ ഞാനേറ്റു
ഹാലേലുയ്യാ നിർഭയരായ് മേവിൻ. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലുയ്യാ

അരചൻ മശിഹാ വിധിഗേഹേ നിന്നീ-ടുന്നേരം
പ്രമുഖാചാര്യൻ കയ്യാപ്പാ ദൈവി-കനാമത്തിൽ
സത്യം ചെയ്തി-ട്ടേവം ചോദിച്ചു
നീ ദൈവത്തിൻ വൃതനാം മശിഹായോ?
ഞാനാണെന്നുത്തരമുടയോ-നാചാ-ര്യന്നേകി
നിർത്തുക ദൈവിക ദൂഷണമെന്നുരചെയ്-താചാര്യൻ
ഹാലേലുയ്യാ തൻ വസ്ത്രം കീറി. മൊറിയോ--

വീണ്ടും കോലോ

കല്ലടാവിൽ ഉറങ്ങുന്ന തൻെറ ശിഷ്യന്മാരെ വിട്ട് നമ്മുടെ കർത്താവ് പോയി പ്രാർത്ഥിച്ചു. ഈ കാസാ എന്നിൽനിന്ന്

നീങ്ങിപ്പോകണമെ. എങ്കിലും എന്റെ ഇഷ്ടം പോലെയല്ല, നിന്റെ ഇഷ്ടംപോലെയാകട്ടെ.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ആ നാഴികയിൽ കർത്താവ് ക്രൂശകരോട്, കള്ളന്റെ നേരെയെന്നപോല നിങ്ങൾ എന്റെ നേരെ പുറപ്പെട്ടിരിക്കുന്നുവോ? അന്ധകാരപുത്രന്മാരും സത്യദ്വേഷികളുമേ, അനുദിനവും ദേവാലയത്തിൽ നിങ്ങളോടുകൂടെ ഞാൻ ഉണ്ടായിരുന്നിട്ടും നിങ്ങൾഎന്നെപിടിച്ചില്ലല്ലൊ എന്നുപറഞ്ഞു.

He left His disciples and they were sleeping in the cave, and went to pray and said thus: Father, if possible, remove this cup from me. Yet not what I will, but what You will. † Glory be to the Father--- unto the ---

At that moment our Lord told the assembly of the crucifiers: Have you come out as against a robber against me ? Every day I was with you in the temple and you nor sieze me, O children of darkness and those who hate the truth.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܐ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܩܘܒܠܟ ܕܩܒܠܬ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

ഈ രാ-വിൽ ശി-ഷ്യർ, ക്രൂശി-പ്പോർ
രക്ഷി-പ്പോനും നിദ്രവെടി-ഞ്ഞു
കൊന്നീടാനായ് ക്രൂശിപ്പോരും
ഓടി-യൊളിപ്പാൻ ശ്ലീഹന്മാരും
സൈത്തിൻ ഗിരിമേൽ ദൈവാത്മജനും.

ഈ രാ-വിൽ ത-ന്നെ ഒരു ശി-ഷ്യൻ
യൂദർ-ക്കായ് കാ-ട്ടിടുമെന്നേ-വം
തെളിവായ് നാഥൻ ചൊന്നൊരു നേരം
വലഭാ-ഗത്തിൽ നിർമ്മലരാ-കും
കുഞ്ഞാ-ടുകളേ-റ്റം ഖേദി-ച്ചു.

ഈ രാ-വിൽ തോ-പ്പിൽ പ്രാർത്ഥി-ച്ചാൻ
കനി തി-ന്നോളാം ഹവ്വായ്ക്കാ-യി
പാപം ചെയ്യാ-ത്തോനാം നാ-ഥൻ
അറിവിൻ തരുവിൻ കനിതൽസ്ഥാ-നേ
കർത്താ-വുയിരിൻ തരുവായ് നിൽപ്പൂ.

ഈ രാ-വിൽ വ-ഞ്ചകനാം യൂദാ
ഗുരുനാ-ഥൻ തൻ വില വാങ്ങി-ച്ചു
തൻ വരവിൽ വാ-ഗ്ദാനം പോ-ലെ
അഭിലാ-ഷം സാ-ധിച്ചതിനാ-ലെ
ദുഷ്ടാ-ത്മാക്കൾ സന്തോഷി-ച്ചു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܰܚܶܡ ܠܶܗ ܒܒܳܥܽܘܬܳܐ ܕܪܽܘܚܳܐ

ܠܒܢܰܝ̈ܳܐ ܕܥܰܡܳܐ ܡܶܢ ܠܳܐ ܠܡܰܘܬܳܐ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܙܕܩܶܦ ܒܚܰܫܳܐ ܘܰܚܫܳܫܽܘܬܳܐ

ܫܡܰܥ ܨܠܽܘܬܰܢ ܘܗܰܒ ܪܰܘܚܳܐ ܠܟܽܠ ܢܰܦܫ̈ܳܬܳܐ ⁜

ܐܰܠܳܗܳܐ ܕܰܫܒܰܚܠܶܗ ܡܶܢ ܒܪܺܝܬܳܐ ܗܽܘ ܟܽܠܗ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ആ പ്രാ-ർത്ഥന തൻ പൊരുളിന്നുള്ളൊരു മാഹാ-ത്മ്യത്താൽ
എന്തർ-ത്ഥിക്കണമെന്നറിയാതെയവർ നിദ്ര-യിലാ-ണ്ടു
പ്രാർത്ഥി-പ്പാനായവരെ വീണ്ടും നാഥ-നുണർ-ത്തി
ഭാര-പ്പെട്ടതിനാലവർ വീണ്ടും നിദ്ര-യിലാണ്ടു. ദേവാ--

അവതാ-രത്തിൻ മുട്ടിന്മേൽ നിന്നീ ഞ-ങ്ങൾ-ക്കായ്
പ്രാർത്ഥി-ച്ചോനേ പ്രാർത്ഥനകൈക്കൊൾവോനേസ്തോത്രം
താത-ന്നൊത്തോൻ ദൈവം നരനായ്ത്തീർന്നെ-ന്നേവം
കാണി-പ്പാനായ് പ്രാർത്ഥിച്ചോനേ നാഥാ സ്തോത്രം.ദേവാ ---

താൻ സ-മ്പൂർണ്ണം നമ്മൾക്കൊത്തോനാണെ-ന്നേ-വം
പുത്രൻ ദൈവം താതസമക്ഷം വെളിവാ-യ് കാട്ടി
താത-ന്നൊപ്പം പ്രാർത്ഥനയെ കൈക്കൊണ്ടീടു-ന്നോൻ
നമ്മൾ-ക്കൊപ്പം സങ്കടപൂർവ്വം പ്രാർത്ഥി-ച്ച-ല്ലൊ. ദേവാ--

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാലേലൂയ്യാ ഹാലേലൂയ്യാ, എന്നെ ചുറ്റി നായ്ക്കളനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാലേലൂയ്യാ

വി. മത്തായി 26. 31 - 46

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܒܪ̈ܟܬܗ ܠܥܠܡܝܢ ✠ ܐܡܝܢ ✠

ܐܡܪ ܠܗܘܢ ܡܪܢ ܝܫܘܥ ܡܫܝܚܐ ✠ ܠܬܠܡܝܕܘܗܝ ✠

യേശു അവരോട് അരുൾചെയ്തു. ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എന്നിൽ ഇടറും. 'ഞാൻ ഇടയനെ അടിക്കും. അവൻെറ ആട്ടിൻപ്പറ്റം ചിതറിപ്പോകും' എന്ന് എഴുതിയിരിക്കുന്നുവല്ലൊ. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുമ്പെ ഗലീലയ്ക്കു പോകും. അപ്പോൾ കീപ്പാഅവനോട്, എല്ലാവരും നിന്നിൽഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല എന്നു പറഞ്ഞു. യേശു അവനോട് അരുൾചെയ്തു. സത്യമായി ഞാൻ നിന്നോടു പറയുന്നു. ഈ രാത്രി കോഴി കൂകുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും. കീപ്പാ അവനോട്, നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്നുപറഞ്ഞു. അങ്ങനെതന്നെ ശിഷ്യന്മാരെല്ലാവരും പറഞ്ഞു. അനന്തരം യേശു അവരോടൊപ്പം

ഗത്സീമോൻ എന്ന സ്ഥലത്തുചെന്നു. അവൻ തൻെറ ശിഷ്യന്മാരോട്, ഞാൻ പോയി പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുക എന്നു പറഞ്ഞു. അവൻ കീപ്പായേയും സെബദി പുത്രന്മാർ രണ്ടുപേരേയും കൂട്ടിക്കൊണ്ടു പോയി വിവശനാകുവാനും ദുഃഖിക്കുവാനും തുടങ്ങി. അവൻ അവരോട്, എൻെറ ആത്മാവ് മരണതുല്യം ദുഃഖിത മായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നോടുകൂടെ ഉണർന്നി രിപ്പിൻ എന്നു പറഞ്ഞു. പിന്നെ അവൻ അൽപ്പം അകലെ മാറി കവിണ്ണുവീണ്, എൻെറ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമെ. എങ്കിലും എൻെറ ഹിതംപോലയല്ല, നിൻെറ ഹിതം പോലെയാകട്ടെ എന്നു പ്രാർത്ഥിച്ചു. അനന്തരം അവൻ തൻെറ ശിഷ്യന്മാരുടെ അടുത്തേക്കു വന്നു. അവർ ഉറങ്ങുന്നതു കണ്ടിട്ട്, കീപ്പായോട് ഇപ്രകാരംപറഞ്ഞു. ഒരു നാഴിക എൻെറകൂടെ ഉണർന്നിരിക്കുവാൻ നിങ്ങൾക്കുകഴിഞ്ഞില്ലല്ലോ. പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുക. ആത്മാവ് ഒരുക്കമുള്ളതെങ്കിലും ശരീരം ബലഹീനമാകുന്നു. പിന്നെ രണ്ടാം പ്രാവശ്യവും അവൻ പോയി. എൻെറ പിതാവേ, ഈ പാനപാത്രം ഞാൻ കുടിക്കാതെ, അതു നീങ്ങിപ്പോകാൻ സാദ്ധ്യമല്ലെങ്കിൽ, നിൻെറ ഇഷ്ടമാകട്ടെ എന്നു പ്രാർത്ഥിച്ചു. അവൻ പിന്നെയും വന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. എന്തെന്നാൽ അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു. അവൻ അവരെ വിട്ടു പിന്നെയും പോയി മൂന്നാമതും അതേ വചനം പറഞ്ഞ്

പ്രാർത്ഥിച്ചു. പിന്നെ അവൻ തൻെറ ശിഷ്യന്മാരുടെ അടുത്തുവന്ന് അവരോട്, ഇപ്പോഴും നിങ്ങൾ ഉറങ്ങി വിശ്രമിക്കുകയാണോ? ഇതാ സമയം അടുത്തിരിക്കുന്നു, മനുഷ്യപുത്രൻ പാപികളുടെകൈകളിൽ ഏൽപ്പിക്കപ്പെടുന്നു. എഴുന്നേൽക്കുവിൻ നമുക്കു പോകാം. ഇതാ എന്നെ ഒറ്റിക്കൊടുക്കുന്നവൻഅടുത്തെത്തിയിരിക്കുന്നു എന്നുപറഞ്ഞു.

ܒܥܘܬܐ ܕܡܪܝ ⁜ ܩܘܪܒܢܐ ⁜

വലിയ വെള്ളിയാഴ്ച രണ്ടാം കൗമാ

വിധിഗേഹേ നിന്നെ നയിച്ച സ്നേഹമതാൽ
വിധിയിൽ ചേർക്കരുതെ പിഴകൾ ഓർക്കരുതെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

By Thy - Love that led Thee to- Judgement Hall, Save us- from judgement and re-move our sins .(3Times)
Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all

Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܒܥܘܬܐ ܕܥܢܝܐ ܬܗܘܐ ܩܘܒܠܐ ܠܗ
ܠܡܫܝܚܐ ܕܩܡ ܒܫܘܒܚܗ ܢܣܓܘܕ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܬܫܒܘܚܬܐ
ܘܬܘܕܝܬܐ ⁜ ܘܥܠܝܢ ܚܢܢܐ ܘܪܚܡܐ ⁜ ܢܬܦܬܚܘܢ
ܬܪܥܐ ܕܐܘܪܫܠܡ ܕܠܥܠ ⁜ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗ̄ܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ - കുംപൗലോസ്

പകയൊടു ദുഷ്ടന്മാർ വിധി ചെയ്തോൻ ധന്യൻ
ബലിയായോൻ ധന്യൻ രക്ഷിപ്പാനായ്

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ*

ܦܪܘܡܝܘܢ

ܡܫܝܚܐ ܦܪܘܩܐ ✣ ܢܘܗܪܐ ܦܪܘܩܐ ܕܡ ܚܝܐ ܘܫܘܒܚܐ ܠܟܠ ܚܝܠܐ
ܡܘܡܠܠܐ ܘܡܫܒܚܐ ܘܡܪܘܡܐ ܘܡܬܩܠܣܐ ✣ ܕܠܐ ܢܝܚ ܠܟܠ ܥܡܝܢ
ܘܡܫܒܚܐ ܠܢܐ ܕܠܐ ܥܠܡܐ ܐܠܗܝܐ ܒܟܠ ܙܒܢ
ܘܒܟܠܗܘܢ ܝܘܡܝܢ ܚܝܝܢ ✣

തൻെറ കുരിശിനാൽ തള്ളപ്പെട്ടവരെ അവരുടെ അവകാശത്തിലേക്ക് തിരികെ കൊണ്ടുവരികയും കുറ്റക്കാരിൽനിന്ന് അവരുടെ ലജ്ജയെ നീക്കിക്കളയുകയും നഗ്നന്മാരെ അവരുടെ വസ്ത്രം ധരിപ്പിക്കുകയും അവരുടെ മനുഷ്യത്വത്തിൻെറ നഗ്നതയെ മറയ്ക്കുകയും അവരുടെ അജ്ഞാനാന്ധകാരത്തെ മായിച്ചുകളയുകയും തൻെറ കുരിശിനാൽ ലോകത്തെ പ്രകാശിപ്പിക്കുകയും ചെയ്ത രക്ഷകനായ കർത്താവിന് രാത്രിനമസ്ക്കാരത്തിൻെറ രണ്ടാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܗܽܘܙ

നമ്മുടെ മശിഹാതമ്പുരാൻ പുത്രനും നാഥനും പിതാവിനെപ്പോലെഉള്ളവനും പിതാവിൽനിന്നായിരുന്നവനും ആയിരിക്കുന്നവനും ആകുന്നു. പിതാവിന് തിരുവുള്ളം തോന്നുകയാൽ വലിയ കടച്ചീട്ടിൻപ്രകാരമുള്ള പഴയ കടം വിട്ടുവാൻ പുത്രനെ ലോകത്തിലേക്ക് അയച്ചു. നമ്മുടെ പേരിലുള്ള മരണവിധിമൂലം താൻ വിധിക്കപ്പെടുകയും ന്യായസ്ഥലത്തേക്ക് എഴുന്നെള്ളുകയും ചെയ്തു. തന്നെ കൂട്ടിക്കൊണ്ടുപോകുകയും താൻ കാരാഗൃഹത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. അവർ തന്നെ അടിക്കുകയും താൻ വിചാരണയിൽനിൽക്കുകയും മൗനംപൂണ്ട് പഴയകടം

കയ്യേൽക്കുകയും ചെയ്തു. താഴ്മയുടെ ഔന്നത്യത്തിലേക്ക് തൻെറ മുഖം ഉയർത്തി തുപ്പൽ ഏൽക്കുകയും തൻെറ മുതുകിനെ ചമ്മട്ടികൾക്കൊരുക്കുകയും കവിൾത്തടങ്ങളെ ദണ്ഡനങ്ങൾക്കായിട്ട് കൊടുക്കുകയും തൻെറ ദേഹത്തെ മർദ്ദനങ്ങൾക്കായി ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു. പരിഹാസവസ്ത്രങ്ങളാൽ അപമാനിക്കപ്പെടുകയും കോൽ കൊണ്ട് തൻെറ തലയ്ക്ക് അടിക്കപ്പെടുകയും ചെയ്തു. താൻ ഒരു കുറ്റക്കാരനെപ്പോലെ തൻെറ കുരിശ് തോളിന്മേൽ വഹിക്കുകയും ദുർന്നടപ്പുകാരനെപ്പോലെ അക്രമികളോടുകൂടെഗണിക്കപ്പെടുകയുംചെയ്തു. കുരിശിൽ വച്ച് തൻെറ തൃക്കൈകളും കാലുകളും ആണികൾകൊണ്ട് തറയ്ക്കപ്പെട്ടു. താൻ നഗ്നായി മുൾക്കിരീടം ധരിച്ചിരിക്കുന്നു. അവർ തന്നെ കൂട്ടിക്കൊണ്ടുപോകുകയും താൻ കഷ്ടതകൾ സഹിക്കുകയും ചെയ്യുന്നു. താൻ വെള്ളത്തിനായി ദാഹിച്ചിരിക്കുന്നു. കാടിയും കയ്പ്പും തനിക്ക് കൊടുക്കുന്നു. താൻ ദുഃഖത്തോടെ നിലവിളിക്കുന്നു. കുരിശിന്മേൽ നിന്ന് തൻെറ നെടുവീർപ്പുകൾ കേൾക്കപ്പെടുന്നില്ല. ഇവ ഒക്കെയോടുംകൂടെ സ്വസ്ഥത പ്രാപിച്ചവർ നിൻെറ സഹായങ്ങൾ വഹിച്ചിരിക്കുന്നു. തൻെറ സത്യത്തിന് പീലാത്തോസിൻെറ ഭവനക്കാർ സാക്ഷികളായിരിക്കുന്നു. മൂന്നുഭാഷകളിൽ താൻ രാജാവാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. താൻ സൃഷ്ടികളുടെനാഥനാണെന്ന് ന്യായാധിപന്മാർ ഉത്ഘോഷിക്കുന്നു. ഭൂമി ഇളകുന്നു. ഭൂലോകം കുലുങ്ങുന്നു. പാറകൾ പൊളിയുന്നു.

ശവക്കല്ലറകൾ തുറക്കപ്പെടുന്നു. മരിച്ചവർ ജീവിച്ചെഴുന്നേൽക്കുന്നു. പാതാളം ഉന്മൂലനം ചെയ്യപ്പെടുന്നു. സൂര്യപ്രകാശം മറഞ്ഞിരിക്കുന്നു. ഇളക്കംനിമിത്തം വാതിൽമറകീറിപ്പോകുന്നു. ഭയംനിമിത്തം അന്യോന്യബന്ധം അഴിഞ്ഞു പോകുമോ എന്ന് വച്ച് പഞ്ചഭൂതങ്ങൾ പരിഭ്രമിക്കുന്നു. നാശത്തിൻെറ കോട്ടകൾവിറയ്ക്കുന്നു. ജീവിച്ചിരിക്കുന്നവരുടെകോലാഹലം മരിച്ചവരുടെ സ്ഥലത്ത് കേൾക്കപ്പെടുന്നു. പുറത്തേക്ക് പോകുവാൻ തിക്കിത്തിരിക്കുന്ന പുരുഷാരങ്ങളാൽ മരണം അതിൻെറ കട്ടിളപ്പടികളിമേൽവച്ച് ചവിട്ടപ്പെടുന്നു. ലോകം തൻെറ നാഥനെ മരത്തിന്മേൽ തൂക്കിയതുകണ്ടിട്ട് അഴിഞ്ഞുപോകുമോഎന്ന് വിറച്ച് ഭ്രമത്തോടെ വിറയ്ക്കുന്നു. വമ്പിച്ച സംഭവങ്ങൾ നടക്കുന്നു. വിസ്മനയനീയങ്ങളായ ശക്തികൾ കാണപ്പെടുന്നു. ഭൂമിയും ആകാശവും ഇളകിമറഞ്ഞ് ഓടിഒളിപ്പാൻ സ്ഥലംഅന്വേഷിക്കുന്നു. മാലാഖമാരുടെ നാഥൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു എന്ന് അറിയപ്പെടാൻ തക്കവണ്ണം സൃഷ്ടിയിലുള്ള എല്ലാ അത്ഭുതങ്ങളും കാണപ്പെടുന്നു. ഈ മഹത്തരങ്ങളും സാധാരണങ്ങളുമായ പീഡകളും ശക്തികളും ഏക പുത്രൻെറ ഏക ക്നൂമ്മായ്ക്കുള്ളതാകുന്നു. ഇതാ തൻെറ ഉപദേശം എല്ലാ ഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നു. എല്ലാ ജാതികളും വർഗ്ഗങ്ങളും തൻെറ വലയിൽ പെട്ടിരിക്കുന്നു. ഇതാ എല്ലാ ശക്തികളും തൻെറ വാതിൽക്കലേക്ക് ഓടി എത്തുന്നു. എല്ലാ സംഘങ്ങളും തൻെറ പടിവാതിൽക്കൽ വന്ദിക്കുന്നു. എല്ലാ വായ്കളും നിൻെറ ശരീരം

ഭക്ഷിക്കുകയും എല്ലാ നാവുകളും തൻെറ രക്തം ആസ്വദിക്കുകയും ചെയ്യുന്നു. എല്ലാ ശബ്ദങ്ങളും തൻെറ സ്തുതിപാടുന്നു. എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ളവർ തന്നെ വന്ദിപ്പാനായിട്ട് ചെല്ലുന്നു. സകല നാവും 'യേശു കർത്താവാകുന്നു' എന്ന് ഏറ്റുപറയുന്നു. ഞങ്ങൾ തന്നെയും തൻെറ പിതാവിനെയും പരിശുദ്ധറൂഹായേയും സ്തുതിച്ചു വന്ദിക്കുന്നു. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

ചെന്നാൻ യൂദഭടന്മാർ ചേർന്നീരാ-വിൽ യൂദാ
യേശുവിനെ ബന്ധിച്ചയ്യോ മരണ-ത്തിർപ്പേകാൻ
സവിധേ ചെന്നി-ട്ടുടയോൻ ചോദിച്ചു
വാൾ വടികളുമായ് ആരെ ആരായ്വൂ
നേതാക്കളെയങ്ങുപമാകളായ് തോർപ്പി-ച്ചോനാകും
തച്ചൻെറ മകൻ നസറായൻ യേശു-വിനെയെന്നാർ
ഹാലേലുയ്യാ അവനെ ക്രൂശിപ്പാൻ. ബാറെക്മോർ

† ശുബഹോ: മെന്ഗാലം വാദാമോ ല്ഗാലാം ഒൽമീനാമീൻ - ഹാലേലുയ്യാ

നീതിമഹാർക്കൻ തൂണിന്മേൽ കെട്ട-പ്പെട്ടോ-നായ്
ഈ രാവിൽ ഹന്നാൻ തൻെറ സന്നി-ധിയിൽ നി-ന്നാർ
ആഴിയെ മണലാൽ ബന്ധിച്ചോരു നാഥൻ
ദുഷ്ക്കർമ്മി സമം നിന്ദിതനായ് കാൺക

ഗബ്രിയേൽ മീഖായേലും ഹാ സം-ഭ്രമമാ-ർന്നു
തെറ്റിയൊരാദാമിൻ പേർക്കാണിവയെല്ലാം തന്നെ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. മൊറിയോ--

വീണ്ടും കോലോ

കർത്താവ് തൻെറ ശിഷ്യന്മാരോട് അത്താഴസമയത്ത് നിങ്ങളെല്ലാവരും എന്നോട്‌വിരുദ്ധപ്പെട്ട് എന്നിൽനിന്ന്ഓടിപ്പോകും എന്നരുളിച്ചെയ്തു. ശെമഓൻ കീപ്പാ തന്നോട്, കർത്താവേ നിനക്ക് അങ്ങനെ ഭവിക്കരുതെ, നിന്നോടൊന്നിച്ച് മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ ഉപേക്ഷിക്കയില്ല എന്ന്പറഞ്ഞു. താൻ അവനോട് ശെമഓനെ നീ ആണയിടേണ്ട. എന്തെന്നാൽ ഈ രാത്രിയിൽ നീ എന്നെ തള്ളിപ്പറയും എന്നരുളിച്ചെയ്തു. അവൻെറ അനുതാപത്തെ കൈക്കൊള്ളുകയും അവനോട് കരുണ ചെയ്കയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ----

വഞ്ചകനുംമോഷ്ടാവുമായയൂദാ, യേശുതമ്പുരാനെതിരായി സപ്രേന്മാരുടെയും മഹാപുരോഹിതന്മാരുടെയും അടുക്കൽ നിന്ന് പടജനത്തെ കൂട്ടിക്കൊണ്ട് പുറപ്പെട്ടു. സർവ്വ സൃഷ്ടികളുടെയുംമഹാപ്രകാശമായവനെ ഏൽപ്പിച്ചുകൊടുക്കുവാൻ അന്ധകാരത്തിൻെറ പാളയത്തോടൊന്നിച്ച് അവൻ വന്നു. അവൻ തന്നെ സമീപിച്ച് ചുംബിച്ചുകൊണ്ട് 'ഗുരുവേ സമാധാനം' എന്ന് പറഞ്ഞു. ക്രൂശകർ തന്നെ പിടിച്ചു, ദൈവം തൻെറ വരവിൻെറ ദിവസത്തിൽ അവരെ ന്യായം വിധിക്കും.

At the supper, our Lors told His disciples: ‘In this night all of you will stumble at me and will flee away’. Simon Cephas told Him: ‘let it not happen to You, O Lord, even if I die with You,' I will not deny You’. He (Jesus) told him; ‘do not swear O Simon, for in this night you will deny me’. Blessed is He Who accepted his repentance and had pity and mercy upon him. Barekmore. † Glory be to the- Unto the-

Judas the betrayer and the thief led the troop of the scribes and high priests and went against Jesus. He went out with the entire camp of the darkness to betray that great light of the entire creation. He drew near and kissed him, saying; Peace, my teacher! The crucifiers seized Him. In the day of his coming, God will punish them.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܐ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܐ ܕܡܬܠܟ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഈ രാ-വിൽ നേ-രറ്റോൻ ശി-ഷ്യൻ
വാങ്ങി ഗുരുവിൻ മൂല്യം തൂക്കി

‘ഞാൻ ചുംബിക്കു-ന്നോനാണേശു
അവനെ നിങ്ങൾ പിടികൂടേ-ണം’
അടയാ-ളമവർ-ക്കേവം ചൊ-ന്നാൻ.

ഗുരുവിൻ വിലവാ-ങ്ങിയ യൂദാ തൻ
വൃത്താ-ന്തം വി-ശ്രുതമായ-പ്പോൾ
ആ സം-ഘത്തെ വേർപെ-ട്ടാശു
ഇരുളിൻ സുതർ തൻ നിരയിൽ ചേ-ർന്ന്
നരക-ത്തിനു യോ-ഗ്യതയാർജ്ജി-ച്ചാൻ.

ഈ രാ-വിൽ വാ-രിധി വിധിയേ-ൽപ്പാൻ
മണ്ണാ-യോൻ തൻ മുമ്പിൽ നിന്നു
തിരമാ-ലകളെ പാട്ടിൽ നിർത്തി
അത്യുന്നതമാം തിരയാലാ-ഴി
പൂഴി-പ്പൊടിയെ ദ്രോഹിച്ചി-ല്ല.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܰܐܫܠܶܡ ܠܶܗ ܠܟܽܘܡܪܶܐ ܕܝܽܘܕܳܝܶܐ
ܒܝܰܕ ܥܰܡܳܐ ܡܳܪܝ ܠܳܐ ܬܰܫܠܡܰܢ ⁜ ܡܳܪܝ ܪܰܚܶܡ̄ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܶܢ ܐܰܬܪܰܥܫܒܠܢ ܒܝܰܘܡܳܐ ܪܰܒܳܐ ܕܕܺܝܢܳܐ
ܒܝܰܘܡܳܐ ܗܰܘ ܢܰܗܺܝܪܳܐ ܘܰܡܪܰܚܡܳܢܳܐ ܕܰܐܬܶܐ ⁜
ܠܟܽܠ ܐܢܫܒܥܠ ܡܶܢ ܒܛܠܝܢ ܢܦܫ ܚܛܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. അപ്പം മുക്കി ശിമോൻ തൻ
സുതനാം യൂദായ്ക്കായ് നൽകി
അവനിൽ സാത്താൻ കുടിയേറി
ക്രൂശകരെക്കൊണ്ടഥ വന്നു
നിന്ദ്യമാതാമിരുൾ രാവിൻെറ
സഖിയാം നിഴലിനു വഴികാട്ടി
യൂദാ ദുഷ്ടവിചാരത്താൽ
തേജോനിധിയെ ചും-ബി-ച്ചു ദേവാ ദയ---

2. അധരത്തിന്മേൽശാന്തിയതും ഉള്ളിൽകൂരിരുളുംമേവും
ഇരുളായോൻ കതിരോൻ വായിൽ
തൊട്ടധരം നിഷ്പ്രഭമായി
ഗുരുവേ ശ്ലോമെന്നുര ചെയ്കേ
ദുഷ്ടന്മാർ വലയം ചെയ്തു
എൻ ശിഷ്യാ എന്നൊടു പറയൂ
എന്തൊരു കുറവു നിന-ക്കുണ്ടായ്. ദേവാ ദയ--

3. എന്നെ നിരസിച്ചീടായ്വാൻ, എന്തുനിനക്കേകീടേണം
എന്നെ കുരിശിൽ കൊന്നിടുവാൻ
കയ്യാപ്പാ നിനക്കെന്തേകി

സ്വർണ്ണം വൈദികരെന്തേകി
ഹന്നാനെത്ര പണം നൽകി
ഈ വകയല്ലയ്യോ പാർത്താൽ
ശിഷ്യന്മാരുടെ കർ-ത്ത-വ്യം. ദേവാ ദയ---

4. ആ സോദരരെ വേർപിരിയാൻ
നിന്നെയിന്നാർ വഞ്ചിച്ചു
ഘാതകരെത്താലോലിച്ചാൻ, വലഭാഗത്തിന്നവകാശി
വൈരികളൂതുകയാൽ തീയാം
സുന്ദര രൂപം കെട്ടല്ലൊ, നൗകനശിച്ചു വ്യാപാരം
നഷ്ടമതായി ഹാ- കഷ്ടം. ദേവാ ദയ---

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

മദറോശോ കുംഫൗലോസ്

1. അടിയിടയൻ കൊണ്ടു ആടുകളോടിപ്പോയ്
ശ്ലീഹന്മാർ വെമ്പി ചിതറിപ്പോയി
കാണിച്ചാൻ യൂദാ കുരിശിക്കുന്നോർക്കായ്
ആണകളായ് ശീമോൻ തള്ളിച്ചൊല്ലി
അഗ്നിമയന്മാരും ഭ്രമമധികം പൂണ്ടു
ശിഷ്യരൊളിച്ചോടി മൗനം പൂ-ണ്ടാ-ത്മീയ-ന്മാർ
ഈ വിധമാം ക്ളേശം ക്രൂശകരീന്നേൽപ്പാൻ
തിരുഹിതമുണ്ടായാൻ നിത്യം സ്തുത്യൻ

2. പകലായോനെ ഈ രാവിൽ ബ-ന്ധിച്ചു
അവനുടനെ നീക്കി കതിരുകളെല്ലാം
ഇടയനെ വെട്ടീടാൻ ഖഡ്ഗമെഴു-ന്നേറ്റു
നിർന്നിദ്രം പ്രാർത്ഥി-ച്ചാനുണർവ്വു-ള്ളോൻ
    മൃതിയെ ലാക്കാക്കി യാനം ചെ-യ്തപ്പോൾ
    മാർഗ്ഗത്തിൽ ക്ഷീണി-ച്ചാ വീരൻ സ്വേ-ദം തൂ-കി
പരമുണർവ്വുള്ളോനെ വിധിഗേഹം തന്നിൽ
കാണുന്നോരാരീ രാവിലുറങ്ങും ?

3. സൃഷ്ടികളെയെല്ലാം ബന്ധിച്ചോൻ നിന്നാൻ
ഹന്നാൻ തൻ ഗേഹേ ബന്ധിതനായി
സീമകളെ ആംഗ്യ-ത്താൽ പേറീ-ടുന്നോൻ
വാക്കാൽ വാനോരിൽ ഭ്രമമേറ്റു-ന്നോൻ
    മുടിയരചന്മാർക്കും വിധിനാഥ-ന്മാർക്കും
    മുടയുന്നോൻതാഴ്ത്തി വിധിപതിമു-മ്പിൽതൻ-ശീർഷം
കുറ്റം ചെയ്തോരെ വിജയിപ്പി-ക്കുന്നോൻ
വിധിചെയ്യപ്പെട്ടോൻ ഈശൻ സ്തു-ത്യൻ.

4. വധമേൽപ്പാൻ പോകും ജീവസുതൻ നാ-ഥൻ
പ്രാർത്ഥിപ്പാൻ ചെന്നു താതസമ-ക്ഷം
താൻ ബലിയായ്ത്തീരാൻ അക്കുഞ്ഞാ-ടാശു
കത്തിയെ ലാക്കാക്കി മെല്ലെ നട-ന്നു
    അവനുടെ വീര്യത്താൽ വിറ കൊൾവൂ ലോകം
    സ്വയമർപ്പിച്ചപ്പോൾ ക്രൂശകര-വനെ ബ-ന്ധി-ച്ചു
ആദാമിൻ പേർക്കായ് മൃതിയേൽപ്പാ-നേവം
താഴ്മ വരിച്ചോൻ സം-സ്തുത്യൻ നൂനം.

5. വിധിനിലയേ നാഥൻ നിശ്ശബ്ദം നിൽക്കേ
വിവശതയാൽ നോക്കി നിർമ്മല നിന്നു
സ്നേഹിതരങ്ങില്ല ശിഷ്യനുമ-ങ്ങില്ല
മാറിലടിച്ചേവം ചൊന്നാള-പ്പോൾ
പാർത്താൻ താതന്നും മാതാവാ-യോൾക്കും
ഏകസുതാനിൻപേർ-ക്കെങ്ങനെഞാൻരോ-ദിക്കേണ്ടു
കഠിനം നിൻ ഖേദം സംഘമതായ് കേഴാൻ
എൻ സ്വാധീനത്തിൽ നിപുണകളി-ല്ല.

6. പ്രവചിക്കുന്നോരെ നീതിപര-ന്മാരെ
കൊല ചെയ്യുന്നോളെ യേരുശലേ-മേ
അയ്യോ നീ ഏവം പ്രതികാരം ചെയ്യാൻ
എൻ സുതനാം ദൈവം എന്തിഹ ചെയ്തു?
അത്ഭുതമായ് നീക്കി നിൻ മിസറേം ദാസ്യം
ആഴി പകുത്തൻപാൽ നിന്നെമറ-ച്ചു മേ-ഘത്താ-ൽ
നിൻ ദാസ്യം തീർത്തോ-നീ വിധിഗേ-ഹത്താൽ
ബന്ധനമേകീടാൻ കാരണമെന്ത് ?

7. അവൾ കയ്യാപ്പാ തൻ മുറ്റത്തായ് നിന്നു
മൗലി കുനിച്ചേവം കേണു പറ-ഞ്ഞു
എന്നേകാത്മജനെ വിധി ചെയ്യു-ന്നോനേ
ഈ വിധി ലോകത്തിൽ നിലനിൽക്കി-ല്ല
അവനെ ക്രൂശിപ്പാൻ പിഴയാരോ-പിച്ചു
വൈദികർ തേജസ്സും പുണ്യമതും ദർ-ശി-ക്കി-ല്ല
അവനെ ശിക്ഷിച്ച ബലിപീഠം തന്നിൽ
ഇനിയുണ്ടാകില്ല പാപ വിമുക്തി.

8. യൂദന്മാരെ ഇ-ന്നേകനതാം സൂ-നു
ഏതപരാധത്താൽ ശിക്ഷിതനാ-യി ?
കൽപ്പനയാൽ സൗഖ്യം കുഷ്ഠാർത്തർ-ക്കേകി
രോഗികളായോർക്കും സ്വസ്ഥത നൽകി
വഴിയിൽ വച്ചേകി ഉയിർ വിധവാ പുത്ര-
ന്നഴുകിപ്പോയോനാം ലാസറിനെ എഴു-ന്നേൽ-പ്പി-ച്ചു
വിധിനിലയേ നിന്നി-ട്ടവനെന്തിന്നി-പ്പോൾ
നിർദ്ദയമീവണ്ണം മർദ്ദിതനാ-യി.

9. തൻമെയ്ക്കുപ്പായം കീറിയെറി-ഞ്ഞോനാം
കയ്യാപ്പായേതും ശുദ്ധിയെഴാ-ത്തോൻ
നീതിയുണർവ്വേനം ലേവികുല-ത്തിൻെറ
പൗരോഹിത്യത്തെ പാടെ നീക്കി
അതു ഗിരി ഹോരേബിൽ മോശയ്ക്കായ് നൽകി
കയ്യപ്പാ കീറി പൗരോഹി-ത്യത്തി-ൻ വ-സ്ത്രം
കുറ്റം ചാർത്തീടാൻ മറ്റൊന്നും വേണ്ടെ-
ന്നന്നേരം നേരം ദുഷിയും ചൊന്നു.

10. കൈശോഷിച്ചോന് നൽസൗഖ്യം നൽകി
ശാബതു ലംഘിച്ചോൻ ഈ മനുജൻ താൻ
വിധി കർത്താവേ നീ അവനെ ക്രൂ-ശിക്ക
അവനേകാനില്ല മറ്റൊരു കൂലി
ബറബാസിന്നാശു-വിടുതൽ നൽ-കേണം
നിയമങ്ങൾ സർവ്വം ലംഘിച്ചോ-നെ ക്രൂ-ശി-ക്ക
അവനെ വിധീശാ നീ ക്രൂശു ചുമ-പ്പിക്ക
കൊല്ലാൻ യൗസേപ്പിൻ സുതനെ തരിക.

11. നിലകൊണ്ടാൻ കുഞ്ഞാ-ടവരുടെ മദ്ധ്യ-ത്തിൽ
അവരവനെ ക്രൂരം ക്ഷതമേൽ-പ്പിച്ചു
കൊലചെയ്‌വോൻ മുമ്പിൽ കുഞ്ഞാടെ-ന്നോണം
സൗമ്യതയിൽ നിന്നാൻ മിണ്ടീടാ-തെ
ഉരിയാടാതാടെ-ന്നോണം നി-ന്നോനെ-
ന്നാശായാ ചൊന്ന വചനം മുറ്റും നേ-രാ-യി
ദൈവത്തിൻ കുഞ്ഞാ-ടെന്നാ യോ-ഹന്നാൻ
ചൊന്നതുമന്നേരം നിറവിൽ വന്നു.

ഏവൻഗേലിയോൻ.

ഹാലേലുയ്യാ, ഹാലേലുയ്യാ എന്നെ ചുറ്റി നായ്ക്കളനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാലേലുയ്യാ

വി. മർക്കോസ് 14. 27 - 52

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ⁜ ܐܡܝܢ ⁜

ܐܘܢܓܠܝܘܢ ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܡܣܒܪܢܘܬܐ ⁜ ܕܡܪܩܘܣ ⁜

യേശുശിഷ്യന്മാരോടുപറഞ്ഞു. നിങ്ങളെല്ലാവരും ഈ രാത്രി എന്നിൽ ഇടറും. 'ഞാൻ ഇടയനെ അടിക്കും, അവൻെറ ആടുകൾ ചിതറിപ്പോകും' എന്ന് എഴുതിയിരിക്കുന്നുവല്ലൊ. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുമ്പെ ഗലീലയ്ക്കു പോകും അപ്പോൾ കീപ്പാ അവനോട്, എല്ലാവരുംഇടറിയാലും ഞാൻ ഇടറുകയില്ല എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞു. സത്യമായി ഞാൻ നിന്നോടു പറയുന്നു, ഇന്ന്, ഈ രാത്രിയിൽതന്നെ, കോഴി രണ്ടു

പ്രാവശ്യം കൂകും മുമ്പെ, നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയും. അവൻ എൻെറ കർത്താവേ, നിന്നോടുകൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെതള്ളിപ്പറയുകയില്ല എന്നു തറപ്പിച്ചു പറഞ്ഞു. അങ്ങനെ തന്നെ മറ്റു ശിഷ്യന്മാരെല്ലാവരും പറഞ്ഞു. പിന്നെ അവർ ഗത്സീമോൻ എന്ന സ്ഥലത്തു എത്തി. അപ്പോൾ യേശു ശിഷ്യന്മാരോട്, ഞാൻ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുവിൻ എന്നു പറഞ്ഞു. അവൻ കീപ്പായേയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി, ദുഃഖിക്കുവാനും വിവശനാകുവാനും തുടങ്ങി. അവൻ അവരോട്, എൻെറ ആത്മാവ് മരണതുല്യം ദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ എന്നു പറഞ്ഞു. പിന്നെ അവൻ അൽപ്പം മുമ്പോട്ടു ചെന്ന് നിലത്തുവീണ്, കഴിയുമെങ്കിൽ ഈ നാഴിക നീങ്ങിപ്പോകണം എന്നു പ്രാർത്ഥിച്ചു. അവൻ പറഞ്ഞു, അബ്ബാ പിതാവേ, നിനക്ക് എല്ലാം കഴിയും, ഈ പാനപാത്രം എന്നിൽനിന്ന് മാറ്റിത്തരേണമേ, എങ്കിലും എൻെറഹിതംപോലെയല്ല, നിൻെറ ഹിതം പോലെയാകട്ടെ. പിന്നെ അവൻതിരിച്ചുവന്നു. ശിഷ്യന്മാർഉറങ്ങുന്നതു കണ്ടിട്ട് കീപ്പായോടുചോദിച്ച. ശീമോനേ, നീ ഉറങ്ങുകയാണോ? ഒരു നാഴിക എൻെറ കൂടെ ഉണർന്നിരിക്കുവാൻ നിനക്ക് കഴിഞ്ഞില്ലയോ? പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുക. ആത്മാവ് ഒരുക്കമുള്ളത്, ശരീരമോബലഹീനമത്രെ. യേശു പിന്നെയും പോയി ആ വചനംതന്നെ ചൊല്ലി പ്രാർത്ഥിച്ചു. അവൻ

വീണ്ടും മടങ്ങിവന്നപ്പോൾ, അവർ ഉറങ്ങുന്നതായി കണ്ടു. എന്തെന്നാൽ അവരുടെകണ്ണുകൾനിദ്രാഭാരമുള്ളതായിരുന്നു. അവനോട് എന്തുത്തരം പറയണമെന്ന് അവർക്ക് അറിവില്ലായിരുന്നു. അവൻ മൂന്നാമതും വന്ന് അവരോട് പറഞ്ഞു. നിങ്ങൾ ഇപ്പോഴും ഉറങ്ങി വിശ്രമിക്കുകയാണോ? അവസാനം അടുത്തു. ഇതാ മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുന്നു. എഴുന്നേൽക്കുക, നമുക്കു പോകാം. ഇതാ എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തെത്തിയിരിക്കുന്നു. അവൻ സംസാരിച്ചുകൊണ്ടിരിക്കു മ്പോൾതന്നെ, പന്തിരുവരിൽ ഒരുവനായ യൂദാസ്ക്കറിയോ ത്തായും, പ്രധാനാചാര്യന്മാരുടെയും വേദപണ്ഡിതന്മാരു ടെയും ജനപ്രമാണിമാരുടെയും അടുത്തുനിന്ന് വാളും വടികളുമായി ജനങ്ങളും വന്നെത്തി. 'ഞാൻ ആരെ ചുംബിക്കുന്നുവോ അവൻ തന്നെയാണ് ആ മനുഷ്യൻ, അവനെ സൂക്ഷമായി പിടിച്ച് കൊണ്ടുപോകണം' എന്ന് ഒറ്റിക്കൊടുക്കുന്നവൻ അവർക്ക് അടയാളം പറഞ്ഞു കൊടുത്തിരുന്നു. അതിനാൽ അവൻ യേശുവിൻെറ അടുത്തുചെന്ന്, ഗുരോ എന്നുപറഞ്ഞ് അവനെ ചുംബിച്ചു. അപ്പോൾഅവർ യേശുവിനെ പിടിച്ച്ബന്ധിച്ചു. അരികെ നിന്നിരുന്നവരിൽ ഒരാൾ വാൾ ഊരി പ്രധാനചാര്യൻെറ ദാസനെ വെട്ടി. അവൻെറ ചെവി ഛേദിച്ചുകളഞ്ഞു. യേശു അവരോടു പറഞ്ഞു. ഒരു കള്ളൻെറ നേരെ എന്നപോലെ, എന്നെ പിടിക്കുവാൻ വാളും വടിയുമായി നിങ്ങൾ വന്നിരിക്കുന്നുവല്ലൊ. ഞാൻ ദിവസേന ദേവാലയത്തിൽ

പഠിപ്പിച്ചുകൊണ്ട് നിങ്ങളോടുകൂടെആയിരുന്നല്ലോ. എങ്കിലും നിങ്ങൾ എന്നെ പിടിച്ചില്ല. എന്നാൽ തിരുവെഴുത്തുകൾ നിവൃത്തിയാകുവാൻ ഇങ്ങനെസംഭവിച്ചിരിക്കുന്നു. തത്സമയം ശിഷ്യന്മാർ എല്ലാവരും അവനെവിട്ട് ഓടിപ്പോയി. ഒരു പുതപ്പുമാത്രം ധരിച്ച ഒരു യുവാവ് യേശുവിനെ അനുഗമിച്ചിരുന്നു. അവർ അവനെയും പിടികൂടി. എന്നാൽ അവൻ പുതപ്പ് ഉപേക്ഷിച്ച് നഗ്നനായി ഓടിപ്പോയി.

⁜ ܩܘܡܐ ܬܠܝܬܝܐ ⁜ ܫܘܒܚܐ

മൂന്നാം കൗമാ

വിധിയാൽ വിധിതീർപ്പിനെ മായി-ച്ചോൻ മശിഹാ
വിധിയിൽ ചേർക്കരുതെ പിഴകൾ ഓർ-ക്കരുതെ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Thou - Effaced Judgment by- Thy trial, Save us - from judgment and re-move our sins .(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all

Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܠܶܟ ܡܳܪܝ ܬܶܫܒ݁ܽܘܚܬ݂ܳܐ ܘܰܠܐܰܒ݂ܽܘܟ݂ ܐܰܒ݂ܳܐ ⁜ ܘܰܠܪܽܘܚܳܐ ܩܽܘܕ݁ܫܳܐ ܫܽܘܒ݂ܚܳܐ
ܘܰܥܽܘܗܕ݁ܳܢܳܐ ⁜ ܘܰܥܠܰܝܢ ܚܢܳܢܳܐ ܘܪܰܚܡܶܐ ⁜ ܢܶܗܘܽܘܢ ܢܰܦ݂ܫܳܬ݂ܰܢ
ܠܐܰܒ݂ܳܐ ܐܰܘܡܶܫܬ݂ܰܢ ܘܰܠܟ݂ܽܠܰܢ ⁜ ܘܰܢܺܝܫܰܢ ܫܰܘܝܳܐ ܦ݁ܽܘܡ ܚܰܝܶܐ
ܘܰܡܫܺܝܚܳܐ ⁜ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܝ
ܫܽܘܒ݂ܚܳܐ ܠܳܟ݂ ܣܰܒ݂ܪܰܢ ܠܥܳܠܡܺܝܢ ⁜ ܒܰܪܶܟ݂ܡܳܪܝ ⁜

ܐܰܒ݂ܽܘܢ ܕ݁ܰܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܽܘܢ ܕ݁ܰܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕ݁ܰܫ ܫܡܳܟ݂ . ܬܺܐܬܶܐ ܡܰܠܟ݂ܽܘܬ݂ܳܟ݂ . ܢܶܗܘܶܐ
ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟ݁ܰܢܳܐ ܕ݁ܰܒ݂ܰܫܡܰܝܳܐ ܐܳܦ݂ ܒ݁ܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ
ܕ݁ܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒ݂ܽܘܩ ܠܰܢ ܚܰܘܒ݁ܰܝܢ ܘܰܚܛܳܗܰܝܢ : ܐܰܝܟ݁ܰܢܳܐ
ܕ݁ܳܐܦ݂ ܚܢܰܢ ܫܒ݂ܰܩܢ ܠܚܰܝܳܒ݂ܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ
ܦ݁ܰܨܳܢ ܡܶܢ ܒ݁ܺܝܫܳܐ ܡܶܛܽܠ ܕ݁ܕ݂ܺܝܠܳܟ݂ ܗ݈ܝ ܡܰܠܟ݂ܽܘܬ݂ܳܐ ܘܚܰܝܠܳܐ
ܘܬ݂ܶܫܒ݁ܽܘܚܬ݂ܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ - ഹോനാവ്യർഹോ

ഞങ്ങൾക്കായ് പാ-ടേറ്റോനാം ദൈ-വസുതാ തേ
സ്തോത്രം ചെയ്യുന്നു.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

ܦܘܩܣܝ

ܝܠܐ ܠܟܘܢ ܘܒܫܡܝܐ ܘܚܝܐ ܩܘܡ ܡܪܝܐ ܐܠܗܐ ⁜ ܡܪܝܐ ܡܫܝܚܐ
ܫܡܥ ܠܟܠܢ ܘܐܬܪܚܡ ⁜ ܠܬܫܒܘܚܬܐ ܘܠܬܘܕܝܬܐ ܘܫܘܒܚܐ ܘܩܘܠܣܐ
ܘܫܘܒܚܐ ܐܝܟ ܕܐܝܬ ܠܟܠ ܐܠܗܘܬܐ ܒܟܠ ܐܢ
ܘܠܥܠܡ ܥܠܡܝܢ ܐܡܝܢ ⁜

ഞങ്ങളെ രക്ഷിപ്പാൻ ഇറങ്ങിവരികയും തന്റെ ഉയർന്ന നിലയിൽതന്നെ വസിക്കുകയും ശൂന്യനാകുകയും ചെയ്ത ഉന്നതനും പകയ്ക്കപ്പെടുകയും തന്റെ ആത്മീക സ്ഥിതിയിൽ വസിക്കുകയും ചെയ്ത നിർമ്മലനും വിധിക്കപ്പെടുകയും ഞങ്ങളുടെ കുറ്റത്തെ കുറ്റമില്ലാത്തതാക്കിത്തീർക്കുകയും താൻ ഏറ്റ അടികളാൽ ഞങ്ങളുടെ കടങ്ങളെ വീട്ടുകയും തന്റെ പീഡകളാൽ ഞങ്ങളുടെ സ്വാഭാവിക പീഡകളെ പീഡിപ്പിക്കുകയും തന്റെ കിരീടത്താൽ ഞങ്ങളുടെ ശാപം വഹിക്കുകയും തന്റെ കൊലയാൽ ഞങ്ങളെ കൊല്ലുന്നവനെ ഓടിച്ചുകളയുകയും കുരിശിക്കപ്പെടുകയും ജഡത്തിൽ മരിക്കുകയും തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മരിപ്പിക്കുകയു ചെയ്ത ന്യായാധിപന്മാരുടെ ന്യായാധിപതിയും ആയ തനിക്ക് രാത്രിപ്രാർത്ഥനയുടെ മൂന്നാം കൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

കാലത്തിന് അധീനനാകാതെയും പീഡാപ്രവാഹത്തിൽനിന്ന് ഒഴിഞ്ഞും തന്റെ പിതാവിന്റെ അദൃശ്യമായ ഹൃദയത്തിൽ നിന്നു ജനിക്കുകയും ഞങ്ങളുടെ പാപം നിമിത്തം ജഡം ധരിക്കുകയും ദൈവത്വത്തിൽനിന്നും ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്ത മനുഷ്യത്വത്തിനിന്നും ഏകസ്വഭാവമായി

തീരുകയും ഞങ്ങളെ സമ്പാദിപ്പാനായിട്ട് ഇങ്ങനെ നിശ്ചയിക്കുകയും നിർബ്ബന്ധമെന്യേ രാജകീയ സ്വാതന്ത്ര്യ ത്താൽ മാനുഷികമായ സകലത്തേയും സഹിക്കുകയും ചെയ്ത അദൃശ്യനും അവർണ്ണനീയനും ആയ സ്വയംഭൂവും ആയുള്ളോവേ, നിനക്കു സദൃശ്യനായിരിക്കുന്ന പരിശുദ്ധ റൂഹാ എഴുതിവെച്ചിരിക്കുന്നവയെ ആചരിക്കുകയും മോശയുടെ പെസഹാ കഴിക്കുകയും പുതിയ രഹസ്യം ഞങ്ങളെ അറിയിക്കുകയും നിന്റെ കർത്തൃശരീരിത്തിന്റെ ഖണ്ഡിപ്പാലും ജീവൻ ഉണ്ടാക്കുന്ന നിന്റെ രക്തച്ചൊരിച്ചി ലാലും പുതിയതിനെ നീ ആരംഭിക്കുകയുംചെയ്തു. പിന്നീട് കഷ്ടാനുഭവ മാർഗ്ഗത്തെ ഭയംകൂടാതെ നിനക്കായി നീ ഒരുക്കുകയും നീ ആട്ടിൻക്കുട്ടിയെപ്പോലെ ബലികഴിക്കപ്പെടു ന്നതിന് അടുത്തുചെല്ലുകയും ചെയ്തു. നിന്റെ ദൈവിക ക്രോധം ജ്വലിക്കാതെ രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ നീ അനങ്ങാതെ നിന്നു. ഹാ, നാഥൻ വേദനപ്പെടുന്നു. ഹാ രാജാവ് ചമ്മട്ടികളാൽ അടിക്കപ്പെ ടുന്നു. ഹാ ലോകാധിപൻകുറ്റക്കാരനെന്നപോലെശിക്ഷയ്ക്കു വിധിക്കപ്പെടുന്നു. മൺമയൻ പാഞ്ഞെത്തുന്നു. ദൈവപുത്രൻ ജഢത്തിൽ കഷ്ടപ്പെടുന്നു. യഹൂദാ ഏൽപ്പിച്ചുകൊടുക്കുന്നു. യേശു സഹിക്കുന്നു. സകലത്തിൻേറയും രക്ഷിതാവ് ഇപ്പോൾ വധിക്കപ്പെടുമെന്നും ആദാമിനെ ജയിച്ചവൻ തോൽക്കുകയില്ലെന്നും പറഞ്ഞ സാത്താൻ നിഗളിക്കുന്നു. ഹാ സർവ്വശക്തന്റെ കഷ്ടാനുഭവങ്ങളാൽ പൂർണ്ണമായി നിറവേറുന്ന രക്ഷ പുതുക്കപ്പെടുന്നു. ഹാ ആസന്നമായ

ദുഃഖം സന്തോഷത്തേയും വേദനയേയും ക്ഷണിച്ചുവരുത്തുന്നു. യോഹന്നാൻ മഹത്തായ സ്നേഹത്താൽ യേശുവിനോടുകൂടി ആസ്ഥാനമണ്ഡപത്തിനകത്തേക്കു പ്രവേശിച്ച് അമ്പരപ്പോടെ നിൽക്കുന്നു. ശെമഓൻ തള്ളിപ്പറയുന്നു. തോമ്മാ ഓടിപ്പോകുന്നു. യാക്കോബ് മറഞ്ഞുകളയുന്നു. യഹൂദാ അന്യനായിത്തീരുന്നു. ഹന്നാൻെറ ആളുകൾ കുരിശൊരുക്കുന്നു. ശത്രു പ്രതികാരം ചെയ്യുന്നു. പ്രതിയോഗി നശിച്ചുപോകുന്നു. സർപ്പം ചതയ്ക്കപ്പെടുന്നു. കാടി കലർത്തപ്പെടുന്നു. കിരീടം മുടയപ്പെടുന്നു. വാൾ മൂർച്ച കൂട്ടപ്പെടുന്നു. ആണികൾ ഒരുക്കപ്പെടുന്നു. ഹാ രക്ഷിതാവ് അത്യന്തംതാഴ്മപ്പെടുന്നു. ഇപ്രകാരം രക്ഷിതാവ് അൽപ്പനേരംഹീനനാകുന്നു. നാമോ വിജയികളായിത്തീരുന്നു. ഇപ്പോൾ ഊർശ്ലേംപുത്രിയായ അഹങ്കാരിണി വിലാപത്തിലിരിക്കും. അവളുടെ രഹസ്യ ആലോചനക്കാരിയായ പാതാളം നശിക്കുന്നു. ഇപ്പോൾ നിനക്കു കീഴ്പ്പെട്ടവർ രക്ഷിക്കപ്പെടുന്നു. ഇതാ നിൻെറ രക്തത്താൽ നീ രക്ഷിച്ചിട്ടുള്ള പുതിയ സഭ നിന്നെ ബഹുമാനിക്കുന്നു. അവളുടെ കണ്ണുനീരുകളാൽ നിൻെറ മുറിവുകളെ നനയ്ക്കുന്നു. എതിരാളിയുടെ തന്ത്രങ്ങളിൽനിന്നും മനുഷ്യരുടെ നാശകരമായ ചതിവിൽനിന്നും മത്സരക്കാരുടെയും അനുസരണമില്ലാത്തവരുടെയും ക്രോധത്തിൽനിന്നും അവളെയും അവളുടെ സന്താനങ്ങളെയും കാത്തുകൊള്ളണമെന്ന് അവൾ നിന്നോടപേക്ഷിക്കുന്നു. സ്നേഹമാകുന്ന ഉറ്റ ഐക്യത്താൽ അവൾ നിന്നിൽ ബന്ധിക്കപ്പെടുവാനായിട്ട് അവളെ നീ

സ്ഥിരപ്പെടുത്തണമെ. സകല ഉപദ്രവത്തിൽനിന്നും അവൾ രക്ഷിക്കപ്പെടുകയും അവളും അവളുടെ സന്താനങ്ങളും നിന്റെ ചിറകുകൾക്കുള്ളിൽ മറച്ചുകൊള്ളപ്പെടുകയും ചെയ്യണമെ. അവൾ, അവൾക്കു വേണ്ടി കഷ്ടപ്പെടുകയും അവളെ രക്ഷിക്കുകയും ചെയ്ത നിന്നേയും നീ മുഖാന്തിരം അവളോട് നിരപ്പായ നിന്റെ പിതാവിനെയും ദാനങ്ങളാൽ അവളെ ഐശ്വര്യപ്പെടുത്തിയ നിന്റെ ജരിശുദ്ധറൂഹായേയും അവസാനമില്ലാതെ സ്തോത്രം ചെയ്ത് വന്ദിച്ച് സ്തുതിക്കുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

കോഴിക്കൂവൽ കേട്ടപ്പോൾ ശീമോനാം കീപ്പാ
വെളിയിൽച്ചെന്നെല്ലാമോർത്തോർത്തുച്ച-ത്തിൽ കേ-ണു
ഇന്നലെയീ ഞാൻ വാനോർ തൻ തോഴൻ
ഇന്നയ്യയ്യോ ക്രൂശകരുടെ തോഴൻ
ദാവീദുസുതാ പിഴപെട്ടേൻ മാപ്പേ-കീടേണം
നിന്നെ വിളിച്ചു ഞാൻ കടലിൽ, നീ ഉ-ത്തരമരുളി
ഹാലേലുയ്യാ കനിവുണ്ടാകിപ്പോൾ.

ബാറെക്മോർ. † ശുബഹോ: മെന്ഗാലം വാദാമോ ല്ഗാലാം-- ഹാ-

ശിഷ്യവരൻ കയ്യാപ്പാ തൻ മുറ്റ-ത്തായ് നിന്നി-
ട്ടതികഠിനം രോദിച്ചേവം ചൊന്നാ-നന്നേരം

ശ്ലീഹന്മാരേ മുന്നുരു മശിഹായെ
തള്ളിച്ചൊന്നേൻ എൻപേർ-ക്കർത്ഥിപ്പിൻ
ഈയപരാധത്താൽ പാരും വാനും വിലപിക്കും
നാഥൻ വാതിലടച്ചാൽ ഞാനെങ്ങ-ഭയം തേടും
ഹാലേലുയ്യാ കനിയണമേ നാഥാ. മൊറിയോ--

വീണ്ടും കോലോ

കർത്താവേ, ഈ രാത്രിയിൽ ദുഷ്ടന്മാർ അടുത്തുവന്ന് നിന്നെ പിടിക്കുകയും ശിഷ്യന്മാർ നിന്നെവിട്ട് ഓടിപ്പോകുകയുംചെയ്തു. ദോഷികൾനിന്നെവളഞ്ഞു. കൊലപാതകനെ എന്നപോലെ അവർ നിന്നെ കൊണ്ടുപോയി വിധിച്ചു. തുപ്പലാൽ അവർ തിരുമുഖത്തെ അശുദ്ധപ്പെടുത്തി. എല്ലാവിധ പരിഹാസങ്ങളാലും നിൻെറ ചെവികൾ അവർനിറച്ചു. ഞങ്ങളെ രക്ഷിപ്പാൻ ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടി ഇവയെല്ലാം സഹിച്ചവനായുള്ളോവേ നിനക്കുസ്തുതി.

ബാറെക്മോർ † ശുബഹോ: മെന്ഓലം

ആദാം തോട്ടത്തിൽവച്ച് ഉരിഞ്ഞുകളഞ്ഞ വസ്ത്രങ്ങൾക്കു പകരം ഈ രാത്രിയിൽ ദുഃഖവസ്ത്രങ്ങൾ അവർ നിന്നെ ധരിപ്പിച്ചു. ആദാം തോട്ടത്തിൽവച്ച് ദുഃഖം നിറഞ്ഞവനായി. നീയും തോട്ടത്തിൽവച്ച് ദുഃഖം ധരിച്ചു. നിൻെറ സ്നേഹം ഇവയ്ക്കു നിന്നെനിർബന്ധിച്ചു. തൻെറ ദാസർക്കുവേണ്ടി കഷ്ടപ്പാടുകൾ കരുണയോടെ സഹിച്ച നാഥൻ വാഴ്ത്തപ്പെട്ടവനാകുന്നു.

In this night the wicked approached and seized You and Your disciples left You and fled. They

surrounded You, for they hated You. They took (You) and condemned (You) like a criminal. They spitted on Your face and filled Your ear with all kinds of abused, halleluia with halleluia. Glory to You Who endured all these for us in order to redeem us. Barekmore. † Glory to the Father---- Unto the ages—

In this night the surrounded You and You were made to put on the garments of passion. As Adam was stripped in the garden and sufferings surrounded him, you had put on sufferings in the garden. You love compelled You for these things, halleluia with halleluia. Blessed is the Lord who for the sake of his servants endured suffering, for his mercies compelled Him.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܗ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

യൂദാ-ഒറ്റി ശീമോൻ ത-ള്ളി
ആചാ-ര്യന്മാ-രാക്ഷേപി-ച്ചു
തല്ലി തലയിൽ തുപ്പി വ-ദനേ

കോപി-ക്കാതെ-ല്ലാമേറ്റോ-നാം
പുത്രൻ തൻ കാ-രുണ്യം സ്തു-ത്യം.

ഈ രാ-ത്രിയിലാ-ശിഷ്യന്മാർ തൻ
നേതാ-വോടാ സ്ത്രീയുരചെ-യ്തു
തൻ ശിഷ്യൻ താൻ നീയെന്നേവം
യേശു-വിനെ ഞാനറികില്ലെ-ന്ന്
സത്യം ചൊല്ലി തള്ളിച്ചൊ-ന്നാൻ.

ദ്യുതിയിൽ വാഴും ദ്യുതിപതി-തന്നെ
വിധി ചെ-യ്താർ ദീ-പത്തിൻ മു-മ്പിൽ
ആ തേജസ്സിൻ സാന്നിദ്ധ്യത്തിൽ
സ്ഥാനം വഹ്നിക്കി-ല്ലെന്നാ-ലും
ക്ഷമയോ-ടെല്ലാ-മേറ്റോൻ സ്തു-ത്യൻ.

താതന്നൊപ്പം റൂഹാ സ-ഹിതം
വന്ദ്യൻ പാരം യാതനയേറ്റു
ശിഷ്യ-രിലൊരുവൻ നിന്നെയൊറ്റി
അപരൻ തള്ളി നിന്ദിച്ചു ജനം
നിന്തിരുനാമം സ്തുത്യം നിത്യം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܺܝܢܳܐ ܠܶܗ ܒܒܰܥܘܬܳܐ ܕܪܰܚܡܶܐ
ܒܰܪܢܳܫܳܐ ܒܳܥܶܐ ܡܶܢܳܟ ܠܳܐ ܬܶܬܠܶܐ ⁜ ܡܳܪܝܳܐ ܥܰܕܰܪܰܝܢ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܚܰܫܳܐ ܘܡܰܘܬܳܐ ܘܙܩܺܝܦܽܘܬܳܐ

ܫܡܰܥ ܒܳܥܽܘܬܳܐ ܘܰܥܢܺܝ ܕܫܐܶܠ ܟܽܠ ܢܰܦܫܳܬܳܐ ⁜

ܐܠܗܝ ܕܪܚܡܬܠܡ ܗܘ ܒܪܚܡܝܗ ܢܗܘܐ ܥܠܡ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ശീ-മോൻ കൂറാൽ വിസ്താരം കാണാനായ് പോയി
അന്യൻ പോലെ ക്രൂശകരിടയിൽ കൂടി-ക്കൊ-ണ്ടാൻ
ഏവം പ്രാക്കിളി പക്ഷിഗണത്തിൽ പറ്റി-ച്ചേർന്നു
ഗ്ലീലാ-യൻ ശിഷ്യൻ നീയെന്നവരും ചൊന്നു. ദേവാ--

സത്യം ചെയ്താനവനെ അറിയില്ലെന്ന-ന്നേവം
സ്വൽപ്പം-പോലും സന്ദേഹമവർക്കുണ്ടാ-യില്ല
ദൈ-വസുതൻ തന്നരികിൽ നിലകൊണ്ടാന-ന്യൻ പോൽ
ദൂ-രെ പോവാൻ സ്നേഹംമൂലം സാധി-ച്ചില്ല. ദേവാ ---

ധീരാ-ത്മാവാ രക്തപ്പകയിൽ ഭീതി-പ്പെട്ടു
തള്ളി-ച്ചൊല്ലുകയില്ലെന്നേവം ശീമോൻ കീപ്പാ
അൻപുള്ളോനെ വെടിയാൻ വയ്യാതയ്യോ കേണു
മൂന്നുരു തള്ളിച്ചൊന്നൊരുനേരം കൂവി കോഴി
ദൈ-വസുതൻതൻ മൊഴിയോർത്തപ്പോൾശിഷ്യൻവെമ്പി.ദേവാ-

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

ഏവൻഗേലിയോൻ.

ഹാലേലുയ്യാ ഹാലേലുയ്യാ, എന്നെ ചുറ്റി നായ്ക്കളനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാലേലുയ്യാ

വി. ലൂക്കോസ് 22. 31 - 62

ܠܡܳܪܝܳܐ ܫܽܘܒܚܳܐ ܘܥܰܠܰܝܢ ܪ̈ܰܚܡܰܘܗ݈ܝ ܠܥܳܠܰܡ ܥܳܠܡܺܝܢ⁜ܐܰܡܺܝܢ⁜

ܐܶܘܰܢܓܶܠܝܳܘܢ ܩܰܕܺܝܫܳܐ ܡܶܢ ܠܽܘܩܳܘܣ ܡܣܰܒܪܳܢܳܐ ⁜ ܟܪܽܘܙܽܘܬܶܗ ⁜

അനന്തരം യേശു ശീമോനോട്അരുൾചെയ്തു. ശീമോനേ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പുമണിപോലെ പാറ്റിക്കൊഴിക്കുവാൻഅന്വേഷിച്ചു. ഞാനോനിൻെറവിശ്വാസം ക്ഷയിക്കാതിരിക്കുവാൻ നിനക്കുവേണ്ടി അപേക്ഷിച്ചു. നീ മനംതിരിഞ്ഞ് നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിച്ചു കൊള്ളുക. ശീമോൻ അവനോട്, കർത്താവേ, ഞാൻ നിന്നോടുകൂടെ തടവിലാകുവാനുംമരിക്കുവാനും തയ്യാറാണ് എന്നു പറഞ്ഞു. അതിന് യേശു അവനോട്, ശീമോനേ, ഞാൻ നിന്നോടു പറയുന്നു. നീ എന്നെ അറിയുകയില്ലെന്ന് മൂന്നു വട്ടം തള്ളിപ്പറയുംമുമ്പ് ഇന്ന് കോഴി കൂകുകയില്ല എന്നു പറഞ്ഞു. പിന്നെ യേശു അവരോട്, മടിശ്ശീലയും പൊക്കണവും കൂടാതെ ഞാൻ നിങ്ങളെ അയച്ചപ്പോൾ വല്ല കുറവുമുണ്ടായോ എന്നു ചോദിച്ചു. ഇല്ലെന്ന് അവർ ഉത്തരം പറഞ്ഞു. യേശു അവരോട് അരുൾ ചെയ്തു, എന്നാൽ ഇനി പണസ്സഞ്ചിയുള്ളവൻ അത് എടുക്കട്ടെ. അങ്ങനെ തന്നെ ഭാണ്ഡവും. വാൾ ഇല്ലാത്തവൻ തൻെറ പുറങ്കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ. ഞാൻ നിങ്ങളോടു

പറയുന്നു, ഞാൻ അധർമ്മികളോടുകൂടെ എണ്ണപ്പെടുമെന്ന് എഴുതിയിരിക്കുന്നത്നിറവേറേണ്ടിയിരിക്കുന്നു. എന്തെന്നാൽ എന്നെക്കുറിച്ചുള്ളതെല്ലാം നിറവേറിയിരിക്കുന്നു. അപ്പോൾ, കർത്താവേ, ഇവിടെ രണ്ടു വാൾ ഉണ്ട് എന്ന് അവർ പറഞ്ഞു. മതിയെന്ന് യേശുഅവരോട്പറഞ്ഞു. പിന്നെ യേശു പതിവുപോലെ ഒലിവുമലയിലേക്കു പോയി. ശിഷ്യന്മാരും അനുഗമിച്ചു. അവിടെ എത്തിയപ്പോൾ അവൻ അവരോട്, നിങ്ങൾ പരീക്ഷയിൽ അകപ്പെടാതെയിരിക്കുവാൻ പ്രാർത്ഥിക്കുവിൻ എന്നു പറഞ്ഞു. അവൻ അവരിൽനിന്ന് ഒരു കല്ലേറുദൂരം മാറി മുട്ടുകുത്തി, പിതാവേ, നിനക്ക് ഇഷ്ടമുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കണമെ, എങ്കിലും എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം നടക്കട്ടെ എന്നു പ്രാർത്ഥിച്ചു. അപ്പോൾ അവനെ ശക്തപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷനായി. പിന്നെ യേശു പ്രാണവേദനയിലായി. അതിതീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അവൻെറ വിയർപ്പ് രക്തത്തുള്ളിപ്പോലെ നിലത്തു വീണു. അവൻ പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റ് ശിഷ്യന്മാരുടെ അടുത്തു വന്നപ്പോൾ, അവർ വിഷാദിച്ച് ഉറങ്ങുന്നതു കണ്ടു. യേശു അവരോട്, നിങ്ങൾ ഉറങ്ങുന്നതെന്ത്? പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നുപ്രാർത്ഥിക്കുക എന്നുപറഞ്ഞു. ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഒരു ജനസമൂഹവും, അവരുടെ മുമ്പിൽ പന്ത്രണ്ടുപേരിൽ ഒരുവനായ യൂദായും അവിടെ എത്തി. അവൻ യേശുവിനെ സമീപിച്ച് അവനെ

ചുംബിച്ചു. എന്തെന്നാൽ ഞാൻ ആരെ ചുംബിക്കുന്നുവോ അവൻതന്നെയാകുന്നു എന്ന അടയാളം അവൻ അവർക്കു പറഞ്ഞുകൊടുത്തിരുന്നു. യേശു അവനോട്, യൂദായേ, മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത് ചുംബനംകൊണ്ടോ എന്നുചോദിച്ചു. എന്താണ്സംഭവിക്കുന്നതെന്ന്യേശുവിൻെറ കൂടെയുള്ളവർ കണ്ടപ്പോൾ, കർത്താവേ, ഞങ്ങൾ വാൾ കൊണ്ട് വെട്ടട്ടെയോ എന്നുചോദിച്ചു. അവരിൽ ഒരുവൻ പ്രധാനാചാര്യൻെറ ദാസനെ വെട്ടി, അവൻെറ വലതു ചെവി മുറിച്ചു. അപ്പോൾ യേശു പറഞ്ഞു. നിറുത്തൂ, അതു പാടില്ല, അവരുടെ ഇഷ്ടംനടക്കട്ടെ. അനന്തരം അവൻെറ ചെവി തൊട്ടു സുഖപ്പെടുത്തി. യേശു തൻെറ നേരെ വന്ന പ്രധാനാചാര്യന്മാരോടും ദേവാലയ സേനാനായകരോടും ജനപ്രമാണികളോടും ചോദിച്ചു ഒരു കള്ളൻെറ നേരെ എന്നപ്പോലെ നിങ്ങൾ വാളും വടികളുമായി എന്നെ പിടിക്കുവാൻ വന്നിരിക്കുന്നുവല്ലോ. എല്ലാദിവസവും ഞാൻ നിങ്ങളോടുകൂടെ ദേവാലയത്തിൽ ആയിരുന്നിട്ടും നിങ്ങൾ എന്നെ പിടിച്ചില്ല. എന്നാൽ ഇത് നിങ്ങളുടെ നേരവും അന്ധകാരത്തിൻെറ ആധിപത്യവും ആകുന്നു. അവർ യേശുവിനെ പിടിച്ച് പ്രധാനാചാര്യൻെറ ഭവനത്തിൽ കൊണ്ടുപോയി. ശീമോൻ അകലെ മാറി പിന്നാലെ ചെന്നു. കുറെപ്പേർ നടുമുറ്റത്ത് തീ കത്തിച്ച് ഒന്നിച്ചിരുന്നപ്പോൾ ശീമോനും അവരുടെകൂടെ ഇരുന്നു. അവൻ തീയ്ക്കരികെ ഇരിക്കുന്നത് ഒരു പരിചാരിക കണ്ട് അവനെ സൂക്ഷിച്ചു നോക്കിക്കൊണ്ട്, ഇവനും യേശുവിനോടുകൂടെ ആയിരുന്നു

എന്നു പറഞ്ഞു. അതിന് ശീമോൻ, സ്ത്രീയേ, എനിക്ക് അവനെഅറിഞ്ഞുകൂടാ എന്ന് തള്ളിപ്പറഞ്ഞു. കുറെ കഴിഞ്ഞ് മറ്റൊരാൾ അവനെ കണ്ട്, നീയും അവരുടെ കൂട്ടത്തിൽ ഉള്ളവനാണ് എന്നു പറഞ്ഞു. അതു ഞാനല്ല എന്ന് കീപ്പാ പറഞ്ഞു. ഏകദേശം ഒരു നാഴികയ്ക്കു ശേഷം വേറൊരാൾ അവനെ നോക്കി, സത്യമായും ഇവനും അവനോടുകൂടയുണ്ടായിരുന്നു, ഇവനും ഗലീലക്കാരനാണല്ലോ എന്ന് തറപ്പിച്ചു പറഞ്ഞു. അപ്പോൾ കീപ്പാ, ഹേ മനുഷ്യാ, നീ പറയുന്നത്എന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല എന്നുപറഞ്ഞു. അവൻസംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കോഴികൂകി. അപ്പോൾ യേശു തിരിഞ്ഞ് കീപ്പായുടെ നേരെ സൂക്ഷിച്ചുനോക്കി. 'ഇന്നു കോഴി കൂകുംമുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും' എന്ന് കർത്താവു പറഞ്ഞ വാക്ക് ഓർത്ത് കീപ്പാ പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു.

ܫܘܼܒ݂ܚܵܐ ܠܵܟ݂ ܡܵܪܝ ܀ ܗܘܼܠܵܠܝܐ ܀

നാലാം കൗമാ

വിധിയിൽ ദാസനിൽ നിന്നടിയേറ്റോൻ മശിഹാ
വിധിനാ-ളൻപാലടിയാരിൽ ദയ ചെയ്തു. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- was smote by servant- at trial,
Bless us, and have mercy in - Thy judgment .(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܠܳܟ ܡܳܪܝ ܬܶܫܒ݂ܽܘܚܬܳܐ ܘܰܠܐܰܒ݂ܽܘܟ݂ ܐܺܝܩܳܪܳܐ ❉ ܘܰܠܪܽܘܚܳܐ ܩܽܘܕܫܳܐ ܣܶܓ݂ܕܬܳܐ
ܘܥܰܠܰܝܢ ܚܛܳܝܶ̈ܐ ❉ ܪ̈ܰܚܡܶܐ ܘܚܢܳܢܳܐ ❉ ܢܶܬܦܰܬܚܽܘܢ
ܬܰܪ̈ܥܶܐ ܕܨܶܗܝܽܘܢ ܕܰܠܥܶܠ ❉ ܘܬܶܬܩܰܒܰܠ ܒܳܥܽܘܬܰܢ ܩܕܳܡ ܟܽܘܪܣܝܳܐ
ܕܡܫܺܝܚܳܐ ❉ ܫܽܘܒ݂ܚܳܐ ܠܳܟ ܡܳܪܝ ܫܽܘܒ݂ܚܳܐ ܠܳܟ ܡܳܪܝ
ܫܽܘܒ݂ܚܳܐ ܠܳܟ ܣܰܒ݂ܪܰܢ ܠܥܳܠܰܡ ❉ ܒܳܪܶܟ݂ܡܳܪܝ ❉

ܐܰܒ݂ܘܢ ܕܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܘܢ ܕܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕܰܫ ܫܡܳܟ݂ . ܬܺܐܬܶܐ ܡܰܠܟܽܘܬ݂ܳܟ݂ . ܢܶܗܘܶܐ
ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟܰܢܳܐ ܕܒ݂ܰܫܡܰܝܳܐ ܐܳܦ݂ ܒܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒ݂ܽܘܩ ܠܰܢ ܚܰܘܒܰܝ̈ܢ ܘܚܰܛܳܗܰܝ̈ܢ : ܐܰܝܟܰܢܳܐ

ܘܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ
ܘܚܝܠܐ ܘܬܫܒܘܚܬܐ

ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ - ഹൊക്ത്തിലുബ് മെസ്രേൻ എന്ന രീതി

സൂചനകൾ സർവ്വം സ്വയമാം ബലിയിൽ
നിറവേറ്റിയ കുഞ്ഞാ-ടേറ്റം സ്തുത്യൻ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܝܳܐܶܐ ܠܶܗ ܘܫܽܘܒܚܳܐ ܘܚܰܢܳܢܳܐ ܗܽܘ ܡܪܺܝܐ ܢܟܺܝܠܳܐ ✱ ܡܪܺܝܐ ܡܪܰܚܡܳܢܳܐ

ܕܰܢܦܰܫ ܠܟܽܠܗ ܘܰܠܥܳܠܡܳܐ ✱ ܠܡܫܺܝܚܳܐ ܐܰܠܳܗܳܐ ܘܰܦܪܽܘܩܳܐ ܘܡܰܠܟܳܐ

ܘܡܰܪܝܳܐ ܐܰܒܳܐ ܕܠܳܐ ܟܳܠܶܐ ܐܰܚܝܳܢܳܐ ܒܟܽܠܶܗ ܠܳܡ

ܘܰܒܟܽܠܗܽܘܢ ܥܳܠܡܺܝܢ ܥܳܠܡܺܝܢ ✱

തന്നത്താൻ കൊലയ്ക്ക് വിട്ടുകൊടുത്ത് ബുഭുക്ഷയുള്ള ചെന്നായ്ക്കളിൽനിന്ന് നിൻെറ ആട്ടിൻകൂട്ടത്തെ രക്ഷിച്ച ഉത്തമഇടയനും അശുദ്ധരിൽനിന്ന് പീഡയേറ്റ് ആരാധകന്മാരെ സ്തുതി പഠിപ്പിച്ച ദയാലുവും മാനുഷികമായ ശൂന്യതയ്ക്ക് തന്നെ കീഴ്പ്പെടുത്തി ആക്ഷേപവും മരണവും കൈക്കൊണ്ട് ലോകത്തെ രക്ഷിച്ച സ്വതന്ത്രനുമായ കർത്താവിന് രാത്രിനമസ്ക്കാരത്തിൻെറ നാലാംകൗമായുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

പിതാവിൽനിന്നുള്ള ഏകജാതനും ലോകങ്ങൾക്ക് മുമ്പുള്ള വചനവും സകലത്തിൻേറയും സൃഷ്ടാവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ദൈവത്തിൽനിന്നുള്ള ദൈവവും അദൃശ്യനായ പിതാവിൻെറ ജ്ഞാനവും വചവും ജീവനും രൂപവും ജഡത്തിൽ കാണപ്പെട്ട അദൃശ്യനും ശരീരത്തിൽ

നിർണ്ണയിക്കപ്പെട്ട അനിർണ്ണയനും മനസ്സോടെ വചനത്തിന് കീഴടങ്ങിയ അനിർവചനീയനും ഹീനന്മാരും ദരിദ്രന്മാരും ആയ ഞങ്ങളെ ശ്രേഷ്ഠരാക്കുവാൻ തിരുവുള്ളംതോന്നി. താഴ്മയ്ക്കായി ഇറങ്ങിവന്ന അറുതിയില്ലാത്തവനും മരണമുള്ളവരെ മരണത്തിൽനിന്നും പാപത്തിൽനിന്നും സ്വാതന്ത്ര്യപ്പെടുത്തുവാനായി അവരുടെ അടുക്കലേക്ക് വരികയും അവർ തന്നെകൈക്കൊള്ളാതെ ബഹിഷ്ക്കരിച്ച് തോട്ടത്തിന് പുറത്തു തന്നെ കുരിശിൽ തറയ്ക്കുകയും ചെയ്ത നാഥനുംആയ നമ്മുടെ മശിഹാതമ്പുരാൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അവർ കോപത്താൽ എരിയുന്നു. താൻ കഷ്ടതയിൽ ഇരിക്കുന്നു. അവർ കോപം കൊണ്ട് ഉജ്ജ്വലിക്കുന്നു. താൻ ആണികളിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അവരിൽ വൈരാഗ്യം കത്തിജ്വലി ക്കുന്നു. തൻെറവിലാവ് ചവളംകൊണ്ട് കുത്തപ്പെട്ടിരിക്കുന്നു. താൻ മരണമുള്ളവർക്ക് ജീവൻ വാഗ്ദാനം ചെയ്യുന്നു. മാലാഖമാർ അന്ധാളിച്ചു നിൽക്കുന്നു. ആദാമിൻെറ മക്കൾ രക്ഷിക്കപ്പെടുന്നു. പിശാചുക്കൾ വിറയ്ക്കുന്നു. ഭൂതബാധ കൾ നശിപ്പിക്കപ്പെടുന്നു. നീതിമാൻ അക്രമികളോടുകൂടെ ഗണിക്കപ്പെട്ടു. പുണ്യവാൻ അധർമ്മികളോടുകൂടെ എണ്ണപ്പെട്ടു. ദൈവം കള്ളന്മാരോടുകൂടെയും ജീവദാതാവ് കൊലപാതകികളോടുകൂടെയും ചേർക്കപ്പെട്ടിരിക്കുന്നു. സാക്ഷികൾ കളവും ചതിവും സംസാരിക്കുന്നു. അവർ അറിയാത്തതിനെ തന്നോട്ചോദിക്കുന്നു. ഞാൻ ദേവാലയം പൊളിച്ചുകളയുമെന്ന് താൻ പറഞ്ഞതായി ഒരാൾ സാക്ഷി

പറയുന്നു. മറ്റൊരാൾ അവൻ ശാബതിനേയും ന്യായപ്രമാണത്തേയും ലംഘിച്ചു എന്നും മൊഴി കൊടുക്കുന്നു. മറ്റൊരാൾ തൻെറ ചെകിട്ടത്ത് അടിക്കുന്നു. വേറൊരാൾ തിരുമുഖത്ത് തുപ്പുന്നു. ഒരുത്തൻ ചുംബനംകൊണ്ട് ചതിക്കുന്നു. മറ്റൊരുത്തൻ തന്നെ അറിയുകയില്ലെന്ന് പറയുന്നു. അവരിൽ ചിലർ തന്നെ അടിപ്പാനായി മലർത്തി കിടത്തി. മറ്റു ചിലർ തൻെറ പുറത്ത് അടിച്ചു. ചിലർ മുട്ടുകുത്തി തന്നെ വന്ദിക്കുന്നു. ചിലർ യഹൂദന്മാരുടെ രാജാവെന്ന് പേർവിളിച്ചു. ഒരുവൻ പെരുന്നാൾവസ്ത്രങ്ങൾ അഴിച്ച് മറ്റൊരുവൻ പരിഹാസവസ്ത്രം ധരിപ്പിച്ചു. വേറൊരുത്തൻ രാജകിരീടത്തിനു പകരം മുൾക്കിരീടം അണിയിക്കുന്നു. മറ്റൊരുത്തൻ സാമ്രാജ്യചെങ്കോലിനുപകരം വടി പിടിപ്പിക്കുന്നു. ഒരാൾ തൻെറ തലയിൽ അടിച്ചു. മറ്റൊരാൾ ക്രോധത്തോടെ കാടിയും കയ്പുനീരും കലർത്തി വച്ചു. ഒരാൾ തന്നെ മരത്തിൽ നീട്ടിക്കിടിത്തി. വേറൊരാൾ തൃക്കൈകളിലും തൃക്കാലുകളിലും ആണികൾ തറച്ചു. ഒരാൾ നീ ദൈവപുത്രനാണെങ്കിൽ നിന്നെത്തന്നെ ജീവിപ്പിക്ക എന്നു പറഞ്ഞു. മറ്റൊരുത്തൻ നീ രാജ്യത്തിൽ വരുമ്പോൾ എന്നെ ഓർമ്മിക്കണമെ എന്ന് പ്രാർത്ഥിച്ചു. ഒരാൾ കുരിശിൽ നിന്ന് ഇറങ്ങി വരിക, നിന്നെ ഞങ്ങൾ വിശ്വസിക്കാം എന്ന്പറഞ്ഞു. മറ്റൊരാൾ സത്യമായിട്ട് ഇവൻ ദൈവപുത്രനാകുന്നു എന്ന് ഏറ്റുപറഞ്ഞു. പടയാളികൾ പരിഹസിക്കുകയും യൂദന്മാർ ദുഷിക്കുകയും ചെയ്തു. പ്രധാന പുരോഹിതന്മാർ തന്നെ നോക്കി തലകുലുക്കി.

കയ്യപ്പായും ഹന്നാനും ആലോചന പറഞ്ഞുകൊടുത്തു. ന്യായാധിപൻ ഇവനെ കുരിശിൽ തറയ്ക്കുക എന്ന് അട്ടഹസിച്ചു. ഹാ, അനിർവചനീയമായ അത്ഭുതത്തിന് സ്തുതി. ഹാ, ശ്രേഷ്ഠമായിരിക്കുന്ന വ്യാഖ്യാനത്തിന് സ്തുതി. ദൈവം കുരിശിന്മേൽ തറയ്ക്കപ്പെട്ടരിക്കുന്നു. സൂര്യൻ ഇരുളുന്നു. ദേവാലയത്തിലെ തിരശ്ശീല കീറുന്നു. വിലാവിൽനിന്ന് രക്തവും വെള്ളവും ഒഴുകുന്നു. പാറകൾ പൊളിയുന്നു. ഭൂമി വിറയ്ക്കുന്നു. മരിച്ചവർ ജീവിച്ചെഴു ന്നേൽക്കുന്നു. യൂദ പണം വാങ്ങിക്കുന്നു. കയ്യാപ്പാ ആലോചന ചെയ്യുന്നു. ഹന്നാസ് കുറ്റം ചുമത്തുന്നു. പീലാത്തോസ് ഇരിക്കുന്നു. നമ്മുടെ നാഥൻ നിൽക്കുന്നു. ഇപ്രകാരം എല്ലാ അത്ഭുതങ്ങൾ കൊണ്ടും താൻ ആകുന്നു മഹത്വത്തിൻെറ കർത്താവ് എന്നറിയപ്പെട്ടവനെ നാം സ്തുതിക്കണം. മരത്തിന്മേൽ തൂക്കപ്പെടുകയും നമുക്കുവേണ്ടി ശാപമായിത്തീരുകയും ചെയ്തവനെ നാം കുമ്പിടണം. ഭൂമിയിലെ എല്ലാ അതിർത്തികളെയും ഭാഗങ്ങ ളെയും സ്ഥാപിച്ചവനോട് നാം അടുപ്പം നേടണം. നമ്മുടെ മുഖം ലജ്ജിക്കാതെ ശോഭിപ്പാൻവേണ്ടി നാം അടുത്തു ചെന്ന് കുരിശിന്മേൽ തറയ്ക്കപ്പെട്ടവനിൽ ആശ്രയിക്കണം. നമുക്കുവേണ്ടി താഴ്മപൂണ്ട അത്യുന്നതൻെറ തൃപ്പാദ പീഠത്തെ നാം വന്ദിക്കണം. എല്ലാ ദ്രോഹികളിൽനിന്നും നമ്മെ ചുറ്റിക്കൂടിയിരിക്കുന്ന കഠിന ഞെരുക്കങ്ങളിൽനിന്നും തൽക്ഷണം നമ്മെ രക്ഷിപ്പാനായിട്ട് തൻെറ ദയയോട് നാം അപേക്ഷിക്കണം. നമുക്കുവേണ്ടി താൻ സഹിച്ച പീഡകളെ

നാം സ്മരിച്ചുകൊണ്ട് മനസ്സിൻെറ അടിത്തട്ടിൽനിന്ന് നാം അട്ടഹസിച്ച് പറയണം. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട കർത്താവേ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. കുരിശിൽ തറയ്ക്കപ്പെട്ട് ഞങ്ങളെ രക്ഷിച്ചദൈവമേ നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. ഞങ്ങളുടെ വിളികേട്ട് ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമെ. ഞങ്ങളുടെ ദുഃഖംതീർത്ത് ഞങ്ങളെആനന്ദിപ്പിക്കണമെ. ജയചിഹ്നമായ കുരിശോടുകൂടെ നീ പ്രത്യക്ഷപ്പെടുകയും മഹിമയോടെ നിന്നെ ബഹുമാനിച്ചിട്ടുള്ളവരെ നിൻെറ രാജ്യത്തിൻെറ വലിയ മഹത്വത്തിൽ ആഘോഷിക്കുകയും ചെയ്യുമ്പോൾ നിൻെറവലത്തുഭാഗത്ത് ഞങ്ങളെയുംനിറുത്തണമെ. അവിടെ നിൻെറ പരിശുദ്ധന്മാരുടെ സംഘങ്ങളിൽവച്ച് നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

വംശത്തലയാമാദാത്തിൻ വിധി നീ-ക്കീടാനായ്
നമ്മുടെ കർത്താവീരാവിൽ വിധി ഗേ-ഹേ നിന്നു
ഹാനാൻ കയ്യാ-പ്പാമാർ വിധി നൽകി
മരണാർഹൻ താ-നിവനെന്നാർത്തു ജനം
ദുഷ്ടജനത്തെ രക്ഷിപ്പാൻ ദൈവ-സുതൻ വന്നു

ആ ദുഷ്ടന്മാരുടെ കൈയ്യാലിവയെ-ല്ലാമേറ്റാൻ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ

വഞ്ചനയേ നീയതികഠിനൻ കൂടിലം നിൻ സ്നേഹം
നിൻ കൂട്ടർക്കെല്ലാം ദുരിതം ഇരുലോ-കങ്ങളിലും
ഇതു ശരിയെന്നാ യൂദാ സാക്ഷിപ്പൂ
കാട്ടിയതെന്താം നിന്നെ വെടിഞ്ഞപ്പോൾ
ശ്ലീഹാസ്ഥാനത്തിനുപകരം ഹാ തൂ-ങ്ങിച്ചാവൽ
നിത്യമതാം ജീവനു പകരം നിത്യ-മതാമഗ്നി
ഹാലേലൂയ്യാ കാക്കണമവനിന്നും. മൊറിയോ---

വീണ്ടും കോലോ

അന്ധകാരപുത്രന്മാർ നീതിസൂര്യനെ വീശിപ്പിടിക്കേണ്ടതിന് രാത്രിയിൽപുറപ്പെട്ടു. അവൻെറപ്രഭനിമിത്തം അവർ ഭ്രമിച്ചു വീണു. നിർമ്മലനായ താൻ അവരോടുസംസാരിച്ചു. അവർ ശക്തിപ്രാപിച്ചു. നിലത്തുനിന്ന് എഴുന്നേറ്റു. വഞ്ചകനായ യൂദാ അടുത്തുചെന്ന് ഗുരുവേ സമാധാനം എന്ന് പറയുകയും അക്രമികൾ ഭയംകൂടാതെ തന്നെ പിടിക്കുകയും ചെയ്തു. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ---

മഹാസമുദ്രത്തിന് മണൽകൊണ്ട് അതിർ നിശ്ചയിച്ചു. പ്രബലതിരമാലകൾ ഉയർന്നാലും അതിനെ ലംഘിക്കാതിരിക്കുന്നു. അധർമ്മികളായ വഞ്ചകന്മാർ ബലമായി തന്നെ പിടിപ്പാൻചെന്നു. തൻെറ മഹാശക്തി പുറപ്പെട്ട് അവരെ നിലത്തുവീഴിച്ചു. എന്നാൽ പ്രവചന നിവൃത്തിക്കായി അവരുടെ കൈകളിൽ തന്നെത്തന്നെ ഏൽപ്പിച്ചുകൊടുത്തു.

In the night the children of darkness went out to capture the Sun of Justice. They were shaken at His splendor and fell down. The pure one spoke to them and they regained strength and stood up from the earth. The fraudulent Judas approached and said; Peace my teacher! They laid (their) hand upon Him and the ungreatful were not terrified.

Barekmore. † Glory to the Father---- Unto the ages--

With scattered sand He had established a boarder to the great ocean, that even if powerful waves rise, they will not go beyond it. The fraudulent liars went out to seize Him with force. His intense power came forth and thrust them down and He gave Himself up in to their hands that by it the prophecy shall be fulfilled.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܐ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܚܘܒܘܗܝ ܕܡܬܪܚܡܢܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

വിധിചെയ്-വോർ തൻ പതിയീരാ-വിൽ
വിധിഗേ-ഹത്തെ സംപ്രാപിച്ചു

ലോകാ-ധീശൻ തന്നോടായി
ചോദി-ച്ചൂരെ-ങ്ങെന്നാചാര്യർ
അവനെ ക്രോബേ-ന്മാർ വാഴ്ത്തുന്നു.

മണ്ണാ-യോനീ രാവിലിരു-ന്നു
ദൈവ-മവൻ തൻ മുമ്പിൽ നി-ന്നു
ചോദ്യം ചെയ്യ-പ്പെട്ടാൻ ക്രൂരം
സൃഷ്ടി-ക്കെല്ലാം രക്ഷാദാ-താ-
വായോൻ നിന്നാൻ ശീർഷം താഴ്ത്തി.

നേരെ നോക്കാൻ കെൽപ്പില്ലാതെ
സ്രാപ്പികൾ വക്ത്രം മൂടുന്നോ-നെ
നേതാ-ക്കന്മാർ ഹാ ശി-ക്ഷിച്ചു
ദുഷ്ട-ന്മാരാം യൂദ സമൂ-ഹം
വിസ്താ-രത്തിൽ വദനേ തുപ്പി.

കരുണാ-നിധിയാ-മൻപുള്ളോ-നും
തൽതാ-തന്നും റൂഹ്ക്കുദിശാ-യ്ക്കും
നമ്മൾ-ക്കിപ്പോൾ വൻ സ്തുതി പാടാം
ഏക-ത്വത്തിൽ വാഴുന്നോ-നെ
സൃഷ്ടി-കളെല്ലാം വന്ദി-ക്കുന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝܳܐ ܕܪܳܚܶܡ ܠܶܗ ܠܡܰܟܺܝܟܶܐ ܘܚܳܐܶܣ
ܒܕܺܝܢܳܟ ܡܳܪܰܢ ܠܳܐ ܬܶܕܽܘܢܰܢ ܀ ܡܳܪܝ ܚܽܘܣ ܀

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡܥܠܰܝܢ ܒܚܽܘܒܳܟ ܕܰܗܘܳܐ ܕܰܠܘܳܬܰܢ

ܒܚܽܘܒܳܟ ܗܳܘ ܢܶܦܬܰܚ ܬܰܪܥܳܐ ܕܰܡܠܰܟܽܘܬܳܐ ܠܚܰܛܳܝ̈ܐ ⁜

ܠܰܘ ܐܶܬܪܰܚܰܡܥܠܰܝܢ ܡܳܪܝ ܒܪ̈ܰܚܡܰܝܟ ܗܰܘ ܠܟܽܠܰܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. രക്ഷകനെബന്ധിച്ചേറ്റി ദുഷ്ടന്മാർ വിധിഗേഹത്തിൽ
ശീമോൻ ഗുരുവരനെ തള്ളി-പ്പറയേണ്ടുംസമയംവന്നു
കർത്താവോതിയ തരുവചനം
പാഴാവാനെളുത-ല്ലല്ലൊ. ദേവാ ദയ---

2. മൂന്നുരുരാവിലെന്നെ നീ തള്ളും, ചൊന്നേവംനാഥൻ
അവനെ നേരെകണ്ടപ്പോ-ളാ വാതിൽക്കാവൽക്കാരി
മാനവരെ നീ ഈശോ തൻ
ശിഷ്യൻ താനെന്നുര ചെയ്-താൻ. ദേവാ ദയ---

3. കണ്ടിട്ടില്ലേയവനെ ഞാ-നെന്നാണയൊടോതിശീമോൻ
ദൈവാധീശാനിൻ കൃപയെ, വാഴ്ത്താൻഞങ്ങളശക്തന്മാർ
ഞങ്ങൾക്കായ് നീയുടയോനേ
ദാസൻ തൻ താഡനമേ-റ്റു. ദേവാ ദയ---

4. ദുഷ്ടൻ ഹന്നാനേ ദാസാ
സൃഷ്ടാവിനെ നിന്ദിച്ചോനേ

രണ്ടുരു മരണം പ്രാപിക്കും ദോഷീ നീ മാനവനല്ലേ
നിൻ ദാസത്വം ശാപാർഹം
നിന്നുടെ ധാർഷ്ട്യം കോ-പാ-ർഹം. ദേവാ ദയ---

5. സ്വാഭാവികദാസ്യത്തിന്നും സാത്താനും നീ കീഴ്പ്പെട്ടു
രണ്ടെജമാനന്മാർക്കൊരുപോൽ
ദാസൻ നീ പാരം നിന്ദ്യൻ
നരവർഗ്ഗത്തിൽ നീ ശപ്തൻ
എന്നെന്നേക്കും ഹാ കഷ്ടം. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

സൂഗീസോ - ഹൊക്ത്തീലു മെസ്രോൻ എന്നപേലെ

1. സൂചനകൾ സർവ്വം സ്വയമാം ബലിയാൽ
നിറവേറ്റി-യ കുഞ്ഞാ-ടേറ്റം സ്തുത്യൻ

2. ഏകതനൂ-ജൻ തൻ കദനം കാൺമാൻ
നമ്മെയിതാ സഭയാ-ഹ്വാനം ചെയ്വൂ

3. രാജാവിൻ തനയൻ നമ്മൾ-ക്കായി
നിന്ദനമേ-റ്റീടാൻ സ്വയമർ-പ്പിതനായ്.

4. നേരറ്റോൻ ശിഷ്യൻ നേര-റ്റോരെ
കണ്ടിഹതൻ ഗുരുവിൻ വില തീ-ർപ്പാക്കി.

5. ഒറ്റിയവൻ ചതിയാൽ ചും-ബിച്ചപ്പോൾ
അത്ഭുതമീ-റേന്മാർ-ക്കധികം തോന്നി.

6. ശീഘ്രം വാ-ളൂരി ശീമോൻ വെ-ട്ടി
ദാസൻ തൻ കർണ്ണം വിഛേ-ദിച്ചു.

7. കർണ്ണമെടു-ത്തുടയോൻ മുറി കൂ-ട്ടീ-ട്ടും
ധിക്കാരി-ക്കനുതാ-പം വ-ന്നില്ല.

8. താതനൊടർ-ത്ഥിച്ചാൽ സംഖ്യാതീതം
സ്വർഗ്ഗീയന്മാരെ പ്രേഷി-പ്പിക്കും.

9. ക്രോബേന്മാർ നിരയോ-ടീറേ-ഗണവും
ഉടനടി വ-ന്നെത്തും ജനകാം-ഗ്യത്താൽ.

10. അത്ഭുതശക്തിക്കായ് ഗുരുവാം നാഥൻ
പന്തിരുവർ-മേലാത്മ-ത്തെ ഊതി.

11. ഇസറായേൽ നഗര-ത്തിലെ നിൻ ഹാശാ
ഘോഷിപ്പാൻ നാഥാ കൃപ ചെ-യ്യണമെ.

12. താഡതനായ് ദൈവം മനുജ-ന്മാരാൽ
ഇതു കണ്ടീ-റേന്മാ-രാധിപ്പെട്ടു.

13. കുരിശു ചുമ-ന്നീടും നാഥൻ തന്നെ
കണ്ടപ്പോൾ സ്വർഗ്ഗം വിറയൽ പൂണ്ടു.

14. ക്രൂബേന്മാ-രുടെയാ മറ്റൊ-രു നിവഹം
ഉളവാക്കി-യതാവാം ഭൂവിൽ ചലനം.

15. കാണാൻ പോ-ലും യോ-ഗ്യതയി-ല്ലാത്തോൻ
നാഥൻ തൻ കാതിൽ ദുഷി വർഷിച്ചു.

ഏവൻഗേലിയോൻ.

ഹാലേലുയ്യാ ഹാലേലുയ്യാ, എന്നെ ചുറ്റി നായ്ക്കളെനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാലേലുയ്യാ

വി. യോഹന്നാൻ 18. 12 - 15, വി. മത്തായി 27. 1 - 14

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ܀ܐܡܝܢ܀

ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܝܘܚܢܢ ܟܪܘܙܐ ܣܒܪܬܢܐ܀ܕܡܪܝ ܡܬܝ܀

പട്ടാളവും സഹസ്രാധിപനും യെഹൂദന്മാരുടെ ചേവകരും യേശുവിനെ പിടിച്ചുകെട്ടി, ഒന്നാമത് ഹന്നാവിൻെറ അടുക്കൽ കൊണ്ടുപോയി. അവൻ ആ സംവത്സരത്തെ മഹാപുരോഹിതനായ കയ്യഫാവിൻെറ അമ്മായപ്പൻ ആയിരുന്നു. കയ്യാഫാവോ, ജനത്തിനുവേണ്ടി ഒരുമനുഷ്യൻ മരിക്കുന്നത് നന്ന് എന്ന് യഹൂദന്മാരോടു ആലോചന പറഞ്ഞവൻതന്നെ. ശീമോൻ പത്രോസും മറ്റൊരു ശിഷ്യനും യേശുവിൻെറ പിന്നാലെചെന്നു. ആ ശിഷ്യൻ മഹാപുരോഹിതന് പരിചയമുള്ളവൻ ആകയാൽ യേശുവിനോടുകൂടെ മഹാപുരോഹിതൻെറ നടുമുറ്റത്തു കടന്നു. പുലർച്ചയ്ക്കു മഹാപുരോഹിതന്മാരും ജനത്തിൻെറ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടിവിചാരിച്ചു. അവനെ ബന്ധിച്ചുകൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏൽപ്പിച്ചു.

അവനെ ശിക്ഷയ്ക്കു വിധിച്ചു എന്ന് അവനെ കാണിച്ചു കൊടുത്ത യൂദാ കണ്ട് അനുതപിച്ചു, ആ മുപ്പതു വെള്ളി ക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടു ക്കൽ മടക്കികൊണ്ടുവന്ന്, ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപംചെയ്തു എന്നുപറഞ്ഞു. അത് ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക എന്ന് അവർപറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞ്, ചെന്ന് കെട്ടിഞാന്നു ചത്തുകളഞ്ഞു. മഹാപുരോഹി തന്മാർ ആ വെള്ളിക്കാശ് എടുത്ത് ഇതു രക്തവിലയാക യാൽ ശ്രീഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞു കൂടിആലോചിച്ച് പരദേശികളെ കുഴിച്ചിടുവാൻ അതുകൊണ്ട് കുശവൻെറ നിലംവാങ്ങി. ആകയാൽ ആ നിലത്തിന് ഇന്നുവരെ രക്തനിലം എന്നുപേർപറയുന്നു. യിസ്രായേൽമക്കൾ വിലമതിച്ചവൻെറ വിലയായ മുപ്പതു വെള്ളിക്കാശ് അവർ എടുത്തു, കർത്താവ് എന്നോട് അരുളി ച്ചെയ്തതുപോലെ കുശവൻെറ നിലത്തിനുവേണ്ടികൊടുത്തു എന്ന് യിരമ്യാപ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തതിന് അന്ന് നിവൃത്തി വന്നു. എന്നാൽ യേശു നാടുവാഴിയുടെ മുമ്പാകെ നിന്നു. നീ യഹൂദന്മാരുടെ രാജാവോ എന്നു നാടുവാഴി ചോദിച്ചു. ഞാൻ ആകുന്നു എന്നു യേശു അവനോടുപറഞ്ഞു. മഹാപുരോഹിതന്മാരും,മൂപ്പന്മാരും കുറ്റം ചുമത്തുകയിൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല. പീലാത്തോസ് അവനോട്, ഇവർ നിൻെറനേരെ എന്തെല്ലാം സാക്ഷ്യംപറയുന്നുഎന്നു കേൾക്കുന്നില്ലയോ എന്നുചോദിച്ചു.

അവൻ ഒരുവാക്കിനും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു. ⁜ ܒܪܶܟ݂ ܡܳܪܝ ⁜ ܫܘܒܚܐ ⁜

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി.

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ

എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെരാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

കോലോകൾ - കൂക്കോയോ

കത്തെഴുതി പീലാത്തോസിന്നേവം നിജ കാന്ത
വിധികർത്താക്കൾക്കധിനാഥൻ നീ വി-ധി ചെയ്യുന്നോൻ
വിധി ചെയ്യരുതെ നിന്നെ വിധിപ്പോനെ
അക്കൈകളിലാം നിന്നാത്മാവോർത്താൽ
രക്തപ്പകയുണ്ടാകായ്‌വാൻ കഴുകീ-ടുക നീ കൈ
കയ്യാപ്പാ യൂദായിവർ മേൽ നിൽക്കട്ടാ രക്തം
ഹാലേലൂയ്യാ നാശമവർക്കെന്നും. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ

സങ്കടപൂർവ്വം വഞ്ചകനാം യൂദാ ചൊന്നേവം
സ്വർഗ്ഗത്തിന്നും ഹാ കഷ്ടം വീണേൻ നരകത്തിൽ
മുപ്പതു വെള്ളി തനയൻ തൻ വിലയായ്
ആചാര്യരിൽ നി-ന്നയ്യോ ഞാൻ വാങ്ങി
ലോകവിധിക്കായ് പീഠത്തിൽ സ്നേഹി-തരമരുമ്പോൾ
കഷ്ടം ഞാൻ വെറുതെ നോക്കി നിൽക്കാ-നിടയാകും
ഹാലേലൂയ്യാ, എന്തിഹ ചെയ്യേണ്ടു. മൊറിയോ---

വീണ്ടും കോലോകൾ

പീലാത്തോസിനോട് അവൻെറ ഭാര്യ ആളയച്ചു പറയിച്ചു. ആ നീതിമാൻെറ കാര്യത്തിൽ നീ ഇടപെടരുത്. ഞാൻ രാത്രിയിൽ എൻെറ കിടക്കയിൽ ഉറങ്ങിക്കിടക്കുമ്പോൾ സൈന്യങ്ങളും പെരുമ്പാമ്പുകളും എന്നെ വളഞ്ഞിരിക്കുന്നതായി ദർശനംകണ്ടു. എന്നെ നശിപ്പിക്കുവാൻ അവ വായ് തുറക്കുകയും നിൻെറമുമ്പാകെ വിധിക്കപ്പെടുന്നവൻ കൈ നീട്ടി അവയെ തടയുകയുംചെയ്തു. അവൻെറ രക്തത്തിനായി നിൻെറ കൈ നീട്ടരുത്. ബാറെക്മോർ. †ശുബഹോ. മെന്ഓലാം

ന്യായാധിപൻ വെള്ളം വരുത്തി കൈകൾ കഴുകി. ഈ നീതിമാൻെറ രക്തത്തിൽനിന്ന് ഞാൻ ഒഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞു. എല്ലാവരും അട്ടഹസിച്ച് അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും ഇരിക്കട്ടെ എന്ന്പറഞ്ഞു. അവരെ ചിതറിച്ച് ഉന്മൂലനാശം ചെയ്യുകയും തെറ്റിപ്പോയിരുന്ന ജാതികളെ വിളിച്ച് വന്നു പ്രവേശിച്ച് രാജ്യം അവകാശിപ്പിൻ എന്ന് പറയുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

Pilate's wife send him a word: 'Do not have anything to do with that righteous. When I was sleeping in the night on my bed, I saw a vision of hosts (and) serpents surrounding me, opening their mouth to destroy me. The One Who is scourged before you extended His hand and forbid them. Do not stretch out your hand for His blood!

Barekmore. † Glory to the Father---- Unto the ages—

The judge who judged the Son, asked for water and washed his hands, saying: 'I am free from the blood of this righteous man'. But all cried out together, 'Let His blood be upon us and upon our children'. Blessed is He who rooted them up and scattered, and called the gentiles who went astray (saying): 'Come, enter and inherit the kingdom'.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܐ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܟ ܕܩܒܠܬ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

ആദാ-മിനു വസ്ത്രം നെയ്തോ-നെ

നിന്ദാ-വസ്ത്രം ചാർത്തിയശു-ദ്ധർ

ആദ-ത്തെ സം-രക്ഷിച്ചോന്

ചൂടാൻ മുള്ളിൻ മകുടം തീ-ർത്തു
ശപ്തൻ ദാസൻ ചെകിടിൽ തല്ലി.

നമ്മൾ-ക്കൗന്ന-ത്യം തന്നോ-നാം
സൽപു-ത്രൻ തൻ തലയിലടി-ച്ചു
    മൃതരെ ജീവി-പ്പിച്ചോൻ മീതെ
ശാന്ത-തയാഴി-ക്കേകിയവ-ന്മേൽ
ദുഷിയോ-ടാക്ഷേ-പം വർഷി-ച്ചാർ.

ധന്യൻ സുതനേ സത്തമ നാ-ഥാ
നിൻ കാ-രുണ്യം സ്തുത്യം ത-ന്നെ
    ഞങ്ങൾ-ക്കായ് നീ യാ-തയയേറ്റു
സ്തുതി നിൻ പേർക്കും നിൻ പ്രേ-ഷകനാം
താത-ന്നും വി-മലാത്മാവിന്നും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ.   മൊറിയോ----

ܡܳܪܝ ܕܪܳܚܶܡ ܠܗ ܠܒܢܝܢܫܐ ܕܪܚܡ
ܚܣ ܡܪܝ ܕܠܐ ܬܒܥܐ ܠܟ ⁜ ܡܪܝ ܪܚܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܠܥܳܠܡܳܐ ܘܰܐܢܗܰܪ ܒܪܺܝܬܳܐ
ܢܰܦܫܳܬܳܐ ܕܥܰܒܕܰܝܟ ⁜
ܠܗܘܢ ܕܫܡܠܝܘ ܡܢ ... ⁜

മ്ശിഹാ സ്ക്കിപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

ഈ രാവിൽ തന്നാടുകളെ പ്രതി അടിയേ-റ്റി-ടയൻ
പിൻ-പറ്റിയ കുഞ്ഞാടുകളെല്ലാം ചിതറി-പ്പോ-യി
മ-ത്തായ് പോയി, യാക്കോ-ബൊളിവിൽ, തോമ്മാ ഓ-ടി
ശീ-മോൻ ത-ള്ളിച്ചൊന്നാനീശൻ മൗനം പൂ-ണ്ടു. ദേവാ--

കർ-ത്താവേ നീ വൻ സ്നേഹത്താൽ ക്ളേശം പാ-രം
ദു-ഷ്ടന്മാരീന്നേറ്റതു പാർത്താൽ സ്തുത്യം ത-ന്നെ
നിൻ ഹാശായിൻ വധുവാകും സഭ ദുഃഖി-ക്കു-ന്നു
മോ-ദമുയിർപ്പിൽ സഭയുടെ മക്കൾക്കേകീ-ടേ-ണം. ദേവാ ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

<u>മാലാഖമാരുടെ സ്തുതിപ്പ് - പേജ് 45</u>

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവും, യേശുമശിഹായാകുന്ന ഏകപുത്രനാകുന്ന ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ, നിൻെറ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, പിതാവായ ദൈവത്തിൻെറ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, നിത്യമായികർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളിൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

നിന്നെ-തള്ളിയ ശീമോനേ-കി മുക്തി
നിന്നിൽ ശരണപ്പെടുമെന്മേൽ കൃപ ചെയ്ക. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ

സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Thou Lord - forgive Simon who - denied Thee
My trust - is on Thee, have mercy on me. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor


ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܬܘܕܝܬܐ
ܘܣܘܓܕܐ ⁜ ܘܥܠܝܢ ܚܛܝܐ ܛܝܒܘܬܐ ܘܪܚܡܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܢܬܩܒܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ

ܕܫܘܒܩܢܐ ܢܗܘܐ. ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ: ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ. ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ. ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.





വെള്ളിയാഴ്ച പ്രഭാത നമസ്ക്കാരം - പേജ്

കൗമാ

ܒܪܝ ܫܘܒܚ ܕܚܠܦܝܢ

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം പുലർകാലേ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us-kneel and adore Him- this morning.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ܘܥܠ ܐܪܥܐ
ܫܠܡܐ ܘܣܒܪܐ ܛܒܐ ܠܒܢܝ̈ܢܫܐ ❈ [3]

ܠܟ ܡܪܝ ܐܚܝܕ ܟܠ ܘܠܒܪܟ ܝܚܝܕܝܐ ❈ ܘܠܪܘܚܟ ܩܕܝܫܐ ܢܬܩܕܫ
ܘܬܫܒܘܚܬܐ ❈ ܘܬܘܕܝܬܐ ܘܣܓܕܬܐ ܘܝܩܪܐ ❈ ܢܫܒܚܘܢ
ܗܫܐ ܘܒܟܠܙܒܢ ܘܠܥܠܡ ❈ ܥܠܡܝܢ ܐܡܝܢ ܡܪܝ ܪܚܡ
ܘܡܫܝܚܐ ❈ ܡܪܝܐ ܠܟ ܡܪܝ ܡܪܝܐ ܠܟ ܡܪܝ
ܡܪܝܐ ܠܟ ܡܪܝ ܡܫܒܚܝܢ ❈ ܒܥܘܬܐ ❈

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❈ ܐܡܝܢ ❈

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം

തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമെ. നിന്റെ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങു മാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴിപഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയുംചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ, എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ, എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ

നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഹൗ ദഹവൊ ബുഖറൊ എന്നപോലെ

1 പാതകിപോൽ ഞങ്ങടെ രക്ഷയ്ക്കായ്
ന്യായ-സ്ഥാനം പ്രാപിതനേ, ദേവാ ദയചെയ്തീടണമെ.

2 ദാസൻ ത-ന്നടി കന്നത്തേറ്റ്
കന്മ-ഷദാസരെ വീണ്ടോനേ, ദേവാ ദയചെയ്തീടണമെ.

3 തലമേൽ കോൽ കൊണ്ടടിയേറ്റിവർ തൻ
പാപ-ച്ചീട്ടു പൊളിച്ചോനേ, ദേവാ ദയചെയ്തീടണമെ.

4 മന്നവരും വിധിനാഥന്മാരും, കൊല്ലാൻ
ചതിവാലാർന്നോനേ, ദേവാ ദയചെയ്തീടണമെ.

5 നിർദ്ദോഷം സകലവിധീശ്വരനേ, ദോ-ഷികളാൽ
വിധിയേറ്റോനേ, ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6 നീതിജ്ഞാ പുണ്യനിധേ സ്വഹിതാൽ, ദ്രോ-ഹികളാൽ
വിധിയേറ്റോനേ, ദേവാ ദയചെയ്തീടണമെ.

63-ാം സങ്കീർത്തനം

എൻെറ ദൈവമെ, നീ എൻെറ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലവും നിൻെറ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എൻെറ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിൻെറ നാമത്തിൽ എൻെറ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.
എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെകൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ - മെൻഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ ദേവേശാ മശിഹാ എന്നപോലെ

1. ദേവേശാ മശിഹാ, സ്വസ്നേഹത്താൽ
വിധിനിലയേകന്നത്തടിയേ-റ്റടിമയിൽനിന്നും വീണ്ടോനേ,
നിന്നെയാ-ർന്നേൻ കൃപ ചെയ്കെന്മേൽ.

2. ദേവേശാ മശിഹാ, സ്ലീബായിന്മേൽ
ഞങ്ങളെരക്ഷയ്ക്കായ്തൂങ്ങി ജീവൻമൃതിയാൽതന്നോനേ,
നിന്നെയാർ-ന്നേൻ കൃപചെയ്കെന്മേൽ.

3. ദേവേശാ മശിഹാ, നിജവിജയത്താൽ
താണവർ ഞങ്ങളെയേറ്റിത്തൻ, പാടാൽ പീഡകൾ
തീർത്തോനേ, നിന്നെയാർ-ന്നേൻ കൃപചെയ്കെന്മേൽ.

4. ദേവേശാ മശിഹാ, തിരുവിഷ്ടത്താൽ
സ്ലീബായും പീഡയുമേറ്റി-ട്ടാദാമ്യരെ രക്ഷിച്ചോനേ,
നിന്നെയാർ-ന്നേൻ കൃപചെയ്കെന്മേൽ.

5. ദേവേശാ മശിഹാ, പാപത്താൽ ദോ-ഷം
തീണ്ടാത്തോരേകാ സ്വഹിതാൽ, ദോഷികൾ ഞങ്ങളെ
വീണ്ടിടുവാൻ, കുറ്റത്തിൻ വിധിയേറ്റോനേ.

ബാറെക്മോർ. † ശൂബഹോ ---- മെൻ്ഓലാം വാദാമോ ---

6. ദേവേശാ മശിഹാ, ഞങ്ങളെ രക്ഷിപ്പാൻ, കഷ്ടതയും കുരിശും പേറി-ക്നൂമ്മായാലുയിൽ തന്നോനേ, നിന്നെയാർ-ന്നേൻ കൃപചെയ്കെന്മേൽ. കുറിയേലായിസ്സോൻ

സങ്കീർത്തനം 35

1. ***കർത്താവേ, എന്നോടു നീ ന്യായം നടത്തണമെ. എന്നോട് പോരാടുന്നവരോട് നീ പോരാടണമെ. ആയുധവും പരിചയും പിടിച്ച് എൻെറ സഹായത്തിനായി എഴുന്നേൽക്കണമെ.***

(കോലൊദുശുബഹോ ബ്പുംമാലാഖേ - എന്ന രീതി)

ഇന്നാൾ നിന്നാൻ മൌലി നമിച്ചാ വിധിഗേഹത്തിൽ
സർവ്വവിധീശ വിധീ-ശൻ-താൻ,
പിഴയിൽനിന്നും നമ്മെ വിടർത്താൻ മത്സരികളിൽ നിന്ന്
ഏറ്റാൻ ദുഷി പരിഹാ-സ-ങ്ങൾ. കുറിയേലായിസ്സോൻ.

2. ***എൻെറ ആത്മാവിനെ അന്വേഷിക്കുന്നവർ ലജ്ജിച്ചു പോകട്ടെ. എനിക്ക് വിരോധമായി തിന്മ വിചാരിക്കുന്നവർ പിൻതിരിഞ്ഞു നാണിച്ചുപോകട്ടെ.***

ഇന്നാൾ വിധിപതി പീലാത്തോസേ, ഇവനെ ക്രൂശി-
ക്കെന്നാ യൂദന്മാ-രാർ-ത്തു
ദ്രോഹികൾ ബാറാബായെ ചോദിച്ചുത്തമസുതനെ
നിഹനിപ്പാൻ ക്രൂശിൽ തൂ-ക്കി. കുറിയേലായിസ്സോൻ.

3. അവരുടെ വഴി ഇരുണ്ടുപോകട്ടെ. അതിൽ മാർഗ്ഗഭ്രംശം ഉണ്ടാകട്ടെ. ദൈവത്തിൻെറ ദൂതൻ അവരെ പിന്തുടരട്ടെ. എന്തെന്നാൽ അവർ എനിക്കായി കെണികൾ മറച്ചു വെയ്ക്കുകയും, എൻെറ ആത്മാവിനുവേണ്ടി വല വിരിക്കുകയും ചെയ്തിരിക്കുന്നു.

ഇന്നാൾ തുപ്പലണിഞ്ഞാനേദൻ നാഥൻ പറുദീ-
സാദാമിനു വീണ്ടും നൽകാൻ
നമ്മെ ദുഷ്കൃതദാസ്യം നീക്കി കാപ്പാൻ ദാസ-
പ്രഹരത്തെ കന്നത്തേറ്റാൻ. കുറിയേലായിസ്സോൻ.

4. കള്ളസാക്ഷികളെഴുന്നേറ്റ് ഞാനറിയാതിരുന്നതിനെ എന്നോട് ചോദിച്ചു. നന്മയ്ക്ക് തിന്മ അവർ പ്രതിപകരം ചെയ്യുകയും, മനുഷ്യരുടെ ഇടയിൽനിന്ന് എൻെറ ജീവനെ അവർ നശിപ്പിക്കുകയും ചെയ്തു.

ഇന്നാൾ ശിഷ്യന്മാരുടെ കൂറു തണുത്തു പരക്കം
പാച്ചിലിനെ ശരണം തേ-ടി
ക്രൂശകമദ്ധ്യേ സത്യത്തിൻ ഗുരുനാഥൻ തനിയെ
വ്യഥയും പീഡയുമേൽക്കുന്നു. കുറിയേലായിസ്സോൻ.

5. എൻെറ സങ്കടത്തിൽ അവർ കൂട്ടംകൂടുകയും, എനിക്കെതിരായി സന്തോഷിക്കുകയും ചെയ്തു. ദീർഘകാലത്തേക്ക് എനിക്കെതിരായി അവർ കൂട്ടംകൂടി. ഞാനോ, അവരുടെ അഹങ്കാരംഅറിഞ്ഞില്ലായിരുന്നു. അവർ ആക്ഷേപിച്ചുകൊണ്ട് എൻെറനേരെ പല്ലുകടിക്കുകയും ചെയ്തു.

ഇന്നാൾ യൂദജനം വിളികൂട്ടി "പീലാത്തോസേ
മൂശാതൻ നിയമത്തേയും
ശാബതിനേയും ജനതതിയേയും തെറ്റിക്കുന്നോ-
രീ മാനുഷനെ ക്രൂ-ശി-ക്ക". കുറിയേലായിസ്സോൻ.

സങ്കീർത്തനം 59

1. *എൻെറ ഹൃദയത്തിൻെറതകർച്ചയെ നീ സൗഖ്യപ്പെടുത്തി ശക്തീകരിക്കണമെ..*

(ശ്മാഹോദേകൂലഹൂൻ ആമ്മേ - എന്ന രീതി)

വിദ്വേഷികൾ ചെയ്തതെന്തെന്ന് കേൾക്കുവിനെല്ലാ
ജാതികളും, സൃഷ്ടികൾതന്നധിനായകനെ, നിന്ദ്യസ്ലീബാ-
മേൽ തൂക്കി വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ.

2. *അവരുടെ മേശ കെണിക്കായും അവരുടെ പ്രതികാരം വിരുദ്ധത്തിനായും തീരട്ടെ*

ഭൂവാസികളേ ശ്രദ്ധിപ്പിൻ-കൊലയാളിയെ ദോ-ഷികളേറ്റു
സൃഷ്ടഗണത്തിന്നുടയോനെ വൈരത്താൽ ക്രൂശിൽ തൂക്കി
വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ.

3. *കോപവും ക്രോധവും അവരുടെമേൽ ചൊരിയണമെ*

ചന്ദ്രാർക്കന്മാർ വാനത്തിൽ-മങ്ങി കേണു സൃഷ്ടികളും
സൃഷ്ടികൾ സൃഷ്ടാവോടൊപ്പം ഖേദിച്ചീടുന്നതു യുക്തം
വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ.

4. *എന്തെന്നാൽ നീ ദണ്ഡിപ്പിച്ചവൻെറ പിന്നാലെ അവർ പോയിരിക്കുന്നു.*

കൈപ്പേറിയതാം കാടിയവ-ന്നവരേകി ദാഹിച്ചപ്പോൾ
ലിഖിതം നിഖിലംനിറവായെ-ന്നോതീട്ടതു പാനംചെയ്താൻ
വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ.

5. ജീവൻെറ പുസ്തകത്തിൽ നിന്ന് അവർ മായിക്കപ്പെടട്ടെ. നിൻെറനീതിമാന്മാരോടുകൂടെ അവർഎഴുതപ്പെടാതിരിക്കട്ടെ.

തന്നെ എതിരേൽപ്പാനെത്തി-പരിശുദ്ധന്മാർ മൃതിഗതരും
സത്യം കർത്താവിവനാണെ-ന്നുരചെയ്താർ ജനതാമദ്ധ്യേ
വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ.

6. സ്തോത്രത്തോടെ ദൈവത്തിൻെറ നാമത്തെ ഞാൻ സ്തുതിക്കും. സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തുകയുംചെയ്യും.

മ്ളേച്ഛന്മാരാൽ ദൂഷിതമാം ആലയമതിൽനിന്നും റൂഹാ
നീങ്ങിയതായ് താൻചീന്തിയതാം തിരശ്ശീലയഹോ സാക്ഷിപ്പൂ
വന്നിടുവിൻ തന്നെ നമിച്ചീടാം.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

യൂദന്മാരേ ഓർത്തിടുവിൻ തരുവിന്മീതെ തൂക്കിയവൻ
ദൈവം, ദൈവതനൂജൻ താൻ, നിങ്ങളെ നിർമ്മൂലംനീക്കും
വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ.

സങ്കീർത്തനം 54

1. കർത്താവേ, നിൻെറ നാമത്താൽ എന്നെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ അന്യജാതിക്കാർ എനിക്കു വിരോധമായി എഴുന്നേറ്റിരിക്കുന്നു.

(യൗമ്മോനോ - എന്ന രീതി)

കഷ്ടതയാൽ, മരണനുകത്തെ, അഴിവാക്കി തനുവിൻ ത്യാഗത്താൽ, ദുഷ്ടാത്മാക്കളെ ലജ്ജിപ്പിച്ചോരീശോധന്യൻ, നിൻ ഹാശായിൽ കഷ്ടതയാൽ പ്രഭനേ-ടണമെങ്ങൾ.

കുറിയേലായിസ്സോൻ.

2. കർത്താവേ, നിൻെറ നാമത്തെ ഞാൻ സ്തോത്രം ചെയ്യും. എന്തെന്നാൽ അതു നല്ലതാകുന്നു. സകല സങ്കടങ്ങളിൽനിന്ന് നീ എന്നെ വിടുവിച്ചിരിക്കുന്നുവല്ലൊ.

തിരുസഭയെ-പ്രതി കഷ്ടതയേ-റ്റടിയാരെ തെറ്റിൽനിന്നും വീണ്ടോനേ, ദുർഭിന്നതയുംകലഹവുമതിൽനിന്നകലത്താക്കി-ടന്ത്യംവരെ നിൻ ശാന്തിയതിൻ സുതരിൽ-മേവണമെ.

കുറിയേലായിസ്സോൻ.

3. അധർമ്മവും കുരളയും വഞ്ചനയും അതിൻെറ ഉള്ളി ലുണ്ട്. അതിൻെറതെരുവുകളിൽനിന്ന് പകയും വഞ്ചനയും ഹനിക്കപ്പെടുന്നില്ല.

വിധിനിലയേ-രക്ഷകനിന്നാൾ-പാതകിയെപ്പോൽ നി-ന്നെങ്ങൾ ക്കായ്, മൃതികൈക്കൊണ്ടിഹ ശാശ്വതജീവൻ നൽകിയനേരം സൃഷ്ടികളഖിലം വ്യസനംപൂണ്ടധികംവിലപിച്ചു. കുറിയേലായിസ്സോൻ.

4. എന്തുകൊണ്ടെന്നാൽ അവർ എന്നോട് ശണ്ഠ കൂടിയിരിക്കുന്നു. ദൈവംകേട്ടിട്ട് അവരെതാഴ്ത്തിക്കളയുമാറാകട്ടെ.

യൂദന്മാർ-ഗോഗാൽത്താമേൽ-രക്ഷകനെകുരിശിച്ചൊരുനാളിൽ അടിനിലയിടറി,കൂരിരുളേറി,മൃതിഗതരിളകി,സൃഷ്ടികളഖിലം സങ്കടവും വ്യഥയും പ്രാപിച്ചു. കുറിയേലായിസ്സോൻ.

സങ്കീർത്തനം 22

1. *എൻെറ ദൈവമേ, എൻെറ ദൈവമേ നീ എന്നെ കൈവിട്ടതെന്തിന് ? ഭോഷത്വമായ എൻെറ വചനങ്ങൾ നിമിത്തമായി എൻെറ രക്ഷ എന്നിൽനിന്ന് അകറ്റിക്കളഞ്ഞതുമെന്ത്?*

(ബ്ഹോനോയൗമോ - എന്ന രീതി)

ഇന്നാൾ സ്രാപ്പികൾ കാദീശ് കാദീശ് എന്നേവം വാഴ്ത്തുന്നോനെ, തൂക്കുക തൂക്കുക-യെന്നാർത്തു കയ്യാപ്പാഗണം.
കൂറിയേലായിസ്സോൻ.

2. *എൻെറ ദൈവമേ പകൽ സമയത്ത് ഞാൻ നിന്നെ വിളിക്കും. നീ എന്നോട് ഉത്തരമരുളുകയില്ല. രാത്രിയിലും ഞാൻ നിന്നെവിളിക്കും, നീ എന്നെകാത്തുകൊള്ളുകയുമില്ല.*

ഇന്നാൾ ക്രോബകൾ മഹിതം ബഹുമതി താവകമെന്നാർക്കുന്നോനെ, നീക്കുക നീക്കുക-യെന്നുഴറി-ശപ്ത ജനങ്ങൾ
കുറിയേലായിസ്സോൻ.

3. *അവരുടെ അധരങ്ങൾകൊണ്ട് ഗോഷ്ടി കാണിക്കുകയും അവരുടെ തലകൾ കുലുക്കുകയും ചെയ്തു.*

ഇന്നാളംബര-മാരാൽ നിറയു-ന്നതു ചെറുതാർ-ക്കായവനോ ടായ്, ചോദിച്ചാൻ നാടേതെന്നാ-നിന്ദ്യൻ ഹാനാൻ.

കുറിയേലായിസ്സോൻ.

4. തനിക്ക് അവനോട് തിരുമനസ്സു തോന്നുന്നെങ്കിൽ അവനെ രക്ഷിക്കട്ടെ.

ഇന്നാൾ-പീലാത്തോസൊടു ജനമാർ-ത്തീശോയെ നിഹനിച്ചീ-ടാൻ, 'ബാറാബായെ വിട്ടിവനെ തൂക്കുക തരുവിൽ'.

കുറിയേലായിസ്സോൻ.

5. ബാശാൻ കൂറ്റന്മാർ എന്നെ വളഞ്ഞിരിക്കുന്നു.

ഇന്നാളാരുടെ ബലമഹിമാവീ-സൃഷ്ടികളെ താങ്ങീടുന്നു അവനെ തരുവിൽ കുരിശിച്ചാർ ഗോഗുൽത്തായിൽ.

കുറിയേലായിസ്സോൻ.

6. വെള്ളംപോലെ ഞാൻ തൂകപ്പെട്ടിരിക്കുന്നു.

ഇന്നാൾ മണ്ണാ-ലാദാമിനെ നിർമ്മിച്ചോര-ത്തൃക്കൈത്തണ്ടിൽ ആണി തറച്ചാർ സ്ക്കീപ്പാമേൽ തരുവിന്മീതെ. കുറിയേലായിസ്സോൻ.

7. എൻെറ കൈകളും കാലുകളും അവർ തുളച്ചിരിക്കുന്നു. എൻെറ അസ്ഥികളൊക്കെയും വിലപിച്ചു.

ഇന്നാളുടയോൻ തരുവിന്മീതെ ദാഹത്താൽ ജലമാരായ്കെ പാരാവാരം കൂറ്റൻപോ-ലാരവമേറ്റി. കുറിയേലായിസ്സോൻ.

8. സിംഹത്തിൻെറ വായിൽ നിന്ന് എന്നെയും അഹങ്കാര പ്രമത്തതയിൽനിന്ന് എൻെറ താഴ്മയെയും രക്ഷിക്കണമെ.

ഇന്നാൾ ശാസ്ത്രി പരീശന്മാരും നിന്ദ്യന്മാർ പട്ടക്കാരും ധാർമ്മികനെപ്രതി സത്യം ചൊ-ന്നില്ലുൾപ്പകയാൽ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

ഇന്നാൾ ദുരിതം സീയോനേ ദേവാത്മജനെ ക്രൂശിപ്പോളേ സഭയേ ഭാഗ്യം നീയവനെ കൊണ്ടാടുകയാൽ.

സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܫܘܒܚܐ ܠܗ ܘܩܘܠܣܐ ܘܐܝܩܪܐ ܠܗ ܡܪܝܐ ܢܗܝܪܐ ܀ ܡܪܝܐ ܡܫܝܚܐ
ܕܚܫܗ ܒܠܒܗ ܘܡܪܝܡ ܀ ܠܡܫܒܚܘܬܐ ܘܐܬܕܪܝܬ ܘܕܚܠܬܐ ܘܩܘܕܫܐ
ܘܬܫܡܫܬܐ ܕܐܬܐ ܕܠܐ ܡܬܡܠܠ ܡܫܒܚܢܘܬܐ ܒܟܠ ܙܒܢ
ܘܒܟܠܗܘܢ ܝܘܡܬܐ ܚܝܝܢ ܀

സ്വമനസ്സോടെ കാരാഗൃഹത്തിൽനിന്ന് വെട്ടുവാൻ ആട്ടിൻക്കുട്ടിയെ എന്നപോലെ ശിക്ഷാവിധിക്ക് കൂട്ടിക്കൊണ്ടുപോകുകയും ന്യായാധിപനായ പീലാത്തോസിൻെറമുമ്പാകെ രോമം വെട്ടുന്നവൻെറ മുമ്പാകെ പെണ്ണാടുപോലെ അനങ്ങാതെ നിൽക്കുകയും തൻെറ താഴ്മമൂലം വായ് തുറക്കാതിരിക്കുകയും ചെയ്ത മഹാരക്ഷിതാവും നികൃഷ്ടന്മാരാൽ അന്യായമായി മരണശിക്ഷയ്ക്ക് വിധിക്കപ്പെടുയും പാപശിക്ഷയിൽനിന്ന് തൻെറ കൃപമൂലം നമ്മെ കുറ്റമില്ലാതാക്കിത്തീർക്കുകയും ചെയ്ത ന്യായാധിപതിമാരുടെ ന്യായാധിപതിയും പരിഹാസവും നിന്ദയും

ഏൽക്കുകയും ലജ്ജയിൽനിന്ന് തൻെറ തിരുമുഖം പിൻതിരിക്കാതിരിക്കുകയും തൻെറകരുണയാൽ ലജ്ജയിൽ നിന്ന് നമ്മെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവനും മഹോന്നതനും അഹങ്കാരികളിൽനിന്ന് അശുദ്ധമായ തുപ്പൽ തിരുമുഖത്തേറ്റ് ആജ്ഞാലംഘനക്കാരനായ ആദാമിനെ തൻെറ അവകാശത്തിലേക്ക് വീണ്ടുകൊള്ളുവാൻ ധൈര്യവും മുഖപ്രസാദവും നൽപിയ മഹത്വമുള്ളവനും ആയ കർത്താവിന് സ്തുതി. തനിക്ക് പ്രഭാതനമസ്ക്കാര ത്തിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

കാലങ്ങൾക്കുമുമ്പ് തൻെറപിതാവിൻെറ ഹൃദയത്തിൽനിന്ന് ദൈവീകപ്രകാരം ജനിക്കുകയും കാലാവസാനത്തിൽ വിശുദ്ധ കന്യകമറിയാമിൽനിന്ന് ഉദിക്കുകയുംചെയ്ത വചനമായ ദൈവം ദീർഘദർശിമാരുടെ ദീർഘദർശനങ്ങ ളെയും ദർശനക്കാരുടെ ഉപമകളെയും തൻെറ തിരുമേനി യാൽ നിറവേറ്റി. തലമുറകളിൽനിന്നും വംശങ്ങളിൽനിന്നും മറഞ്ഞിരുന്ന രഹസ്യം ഇന്നു ഭൂലോകമദ്ധ്യത്തിൽ പ്രത്യക്ഷ നായി. അഗ്നിമയന്മാരും സ്വർഗ്ഗീയ സൈന്യങ്ങളും തൻെറ തേജസ്സിൽ ചൂളുങ്ങുന്നവൻ ഇന്നു താഴ്മയോടെ ഭൂമിയിൽ കാണപ്പെട്ടു. മാലാഖമാരും പ്രധാന മാലാഖമാരും ആരുടെ

തേജസ്സാൽ വിറയ്ക്കുന്നുവോ അവൻ ഇന്ന് മൺമയനാൽ പിടിക്കപ്പെട്ടു. ക്രൂബകൾമേൽ വഹിക്കപ്പെട്ടിരുന്നവനും സ്രോപ്പേന്മാരാൽ സ്തുതിക്കപ്പെടുന്നവനും ഇന്നു നിന്ദ്യമായ കളിമണ്ണാൽ പരിഹസിക്കപ്പെട്ടു. സ്വർഗ്ഗസേനകൾക്ക് തൻെറ മഹത്വത്തോടു സമീപിപ്പാൻ ത്രാണിയില്ലാതെ ഇരിക്കുന്നവൻ ഇന്നു ദാസന്മാരാൽ അപഹസിക്കപ്പെട്ടു. ഈ വെള്ളിയാഴ്ച രാവിലെ പീലാത്തോസ് ആസ്ഥാനമണ്ഡപത്തിൽ ഇരുന്നു. യേശുതമ്പുരാനോ അവൻെറ മുമ്പിൽ കുറ്റക്കാരനെപ്പോലെ ബന്ധിക്കപ്പെട്ടവനായിനിന്നു. ആകാശം സ്തുതിക്കുന്നതു പോലും അൽപ്പമായിരിക്കുന്നവൻെറ തിരുമുഖത്തു അവർ അശുദ്ധമായ തുപ്പൽചീന്തി. ആകാശവും ആകാശങ്ങളുടെ ആകാശവും തൻെറ സ്തുതിയെ അട്ടിഹസിക്കുന്നവൻ ഇന്നു ചമ്മട്ടികളാൽ അടിക്കപ്പെട്ടു. എല്ലാ ജഢങ്ങളും ആരുടെ മുമ്പിൽ നിൽക്കുന്നുവോ അവൻ ഇന്നു രാവിലെ വിചാരണ ചെയ്യപ്പെട്ടു. ആകാശത്തെ മേൽക്കട്ടിപോലെ വിരിക്കുകയും ഭൂമിയെ വെള്ളത്തിന്മീതെ പരത്തുകയും ചെയ്തവൻ ഇന്നു ന്യായാധിപനായ പീലാത്തോസിൻെറ മുമ്പാകെശിക്ഷയ്ക്കു വിധിക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ താൻ ആദാമിനെപറുദീസായിൽ രാജാവാക്കി. വെള്ളിയാഴ്ച രാവിലെ യേശുവിനെ കൊല്ലണമെന്നുള്ള ഉത്തരവു പുറപ്പെട്ടു. വെള്ളിയാഴ്ച രാവിലെ ആദാം സൃഷ്ടിക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ അവനെ സൃഷ്ടിച്ചവൻ അവനു വേണ്ടി അവൻെറമക്കളിൽനിന്നു ശിക്ഷഏറ്റു. വെള്ളിയാഴ്ച രാവിലെ ആദാം അവൻെറ നാഥനിൽനിന്നു നഷ്ടപ്പെട്ടു.

വെള്ളിയാഴ്ച രാവിലെ അവൻെറകർത്താവ് അവനുവേണ്ടി അടികൊണ്ടു. തൻെറ വചനത്താൽ പർവ്വതങ്ങളെ തൂക്കി നോക്കുകയും സമുദ്രങ്ങളെ മണൽകൊണ്ടു തടയുകയും ചെയ്തവൻ ഇന്നുന്യായസ്ഥലത്തു ബന്ധനത്തിലാക്കപ്പെട്ടു. വിശേഷബുദ്ധിയുള്ള എല്ലാവർക്കും വചനം നൽകിയവനെ ഇന്നേദിവസം ഹന്നാൻെറ ഭവനത്തിൽകൊണ്ടുപോയി ഇട്ടടച്ചു. ഇന്നു താൻ ന്യായാധിപൻെറ മുമ്പിൽ സംസാരി ക്കാതെ മൗനമായി നിന്നു. മുകളിൽ ഈറേന്മാർ തൻെറ മുമ്പാകെ വിറയ്ക്കുന്നു. അഗാധത്തിൽ താഴെയുള്ളവർ തന്നെ അപഹസിക്കുന്നു. അത്യുന്നതങ്ങളിൽ ക്രൂബേന്മാർ തന്നെ വാഴ്ത്തുന്നു താഴെ അക്രമികൾ തന്നെ അപമാനി ക്കുന്നു. തഴെ അഗാധങ്ങളിൽ അഹങ്കാരികൾ തന്നെ ദുഷി ക്കുന്നു. അത്യുന്നതങ്ങളിൽ പുറംകുപ്പായംപോലെ പ്രകാശം ധരിച്ചിരിക്കുന്നവൻ താഴെ അഗാധങ്ങളിൽ നിന്ദനീയമായ പരിഹാസക്കുപ്പായം ഇട്ടു. അത്യുന്നതങ്ങളിൽ അഗ്നിരഥം തന്നെ ആഘോഷിക്കുന്നവൻ താഴെ അഗാധങ്ങളിൽ കുരിശുമരിത്തിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അത്യുന്നതങ്ങ ളിൽ തൻെറ പിതാവിനോടുകൂടെ പുകഴ്ത്തപ്പെട്ടു സ്തുതി ക്കപ്പെടുന്നവൻ അഗാധങ്ങളിൽ അധർമ്മികളോടുകൂടെ ഗണിക്കപ്പെട്ടു. അത്യുന്നതങ്ങളിൽ രാജാവും രാജാവും രാജാധിരാജനും അധികരികൾക്കു കരീടം നിർമ്മിക്കുന്നവനും ആയവൻ താഴെ അഗാധങ്ങളിൽ മുൾക്കിരീടം വഹിച്ചിരിക്കുന്നു. അത്യന്നതങ്ങളിൽ വിശേഷബുദ്ധിയുള്ള രഥങ്ങളാൽ പ്രബലീകരിക്കപ്പെടുന്നവൻ

താഴെ അഗാധങ്ങളിൽ കള്ളന്മാരുടെ ഇടയിൽ കുരിശിന്മേൽ തറയ്ക്കപ്പെട്ടു. അത്യുന്നതങ്ങളിൽ പിതാവിനേയാടും റൂഹായോടും ഒന്നിച്ചു ശ്രേഷ്ഠസിംഹാസനത്തിൽ മഹിമയോടെ വാണരുളുന്നവൻ താഴെ അഗാധങ്ങളിൽ അപമാനത്തിന് തന്നത്താൻ ഏൽപ്പിച്ചുകൊടുത്തു. അത്യുന്നതങ്ങളിൽ പ്രൂബയോടു ജീവവൃക്ഷം സൂക്ഷിപ്പാൻ കൽപ്പിച്ചവൻെറ വിലാപ്പുറം താഴെ അഗാധങ്ങളിൽ കുന്തംകൊണ്ട് കുത്തിത്തുളച്ചു. അത്യുന്നതങ്ങളിൽ തൻെറ ആഗ്യംകൊണ്ട് മാറായിലെ കയ്പ്പുവെള്ളം മധുരമാക്കിത്തീർത്തവന് താഴെ അഗാധങ്ങളിൽ കയ്പ്പും മാടിയും നീട്ടിക്കൊടുത്തു. അത്യുന്നതങ്ങളിൽ ആദാമമ്മിൽ ജീവാത്മാവിനെ ഊതിക്കയറ്റിയവൻ അഗാധങ്ങളിൽ മരിച്ചവനെപ്പോലെ പാതാളത്തിലേക്ക് ഇറങ്ങുയെും മരിച്ചവരോടുകൂടെ ഗണിക്കപ്പെടുകയും ചെയ്തു. ഇതു ഹേതുവായിട്ട് ഈ സുഴന്ധധൂപം പഴിയായി നിനക്കു കൃതജ്ഞത സമർപ്പിച്ചു ഞങ്ങൾ വന്ദിച്ചു പറയുന്നു. തൻെറ ന്യായവിധികൾ നിർണ്ണയിക്കുവാൻ വഹിയാത്ത ദൈവമേ നിനക്കു സ്തുതി. കുരിശിന്മേൽ തറയ്ക്കപ്പെട്ടവനായ നിനക്കു സ്തുതി. മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിച്ച നിനക്കു സ്തുതി. സംസ്ക്കംരം ചെയ്യപ്പെട്ടവനായ നിനക്കു സ്തുതി. മഹിമയോടെ ജീവിച്ചെഴിന്നേറ്റ് തൻെറ പിതാവിൻെറ അടുക്കലേക്ക് തന്നോടുകൂടെ ഞങ്ങളെ കൊണ്ടുപോയ നിനക്കു സ്തുതി. ഞങ്ങൾ എിൻെറ മനുഷ്യത്വത്തെ

ഏറ്റുപറയുകയും നിന്റെ ദൈവത്വത്തെ പുകഴ്ത്തുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള സകലവും നിവർത്തിയായ ഈ പ്രഭാതത്തിൽ ഞങ്ങളുടെ രക്ഷയ്ക്കു വെണ്ടി ഈ കൃത്യമെല്ലാം സാധിച്ചവനായ ദൈവമേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവത്തിന്റെയും ക്രൂശാരോഹണത്തിന്റെയും ഓർമ്മയെ കഴിക്കുന്ന ഈ നാളിൽ ബലഹീനരായ ഞങ്ങൾ തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ സുഗന്ധധൂപംമൂലം നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുയവാനും നിന്റെ താഴ്മയിൽ സാമ്യപ്പെടുവാനും നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിപ്പാനും നിന്റെ ഇഷ്ടം ചെയ്ത എല്ലാവരോടും കൂടെ ഉല്ലസിപ്പാനും നിന്റെ കൃപയാലും നിന്റെ പിതാവിന്റെ തിരുവുള്ളത്താലും പരിശുദ്ധറൂഹായുടെ വ്യാപാരത്താലും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

വെള്ളിദിനത്തിന്നുദയത്തിൽ ജഗതീ രക്ഷകനാം
ദേവാധിപനെ ക്രൂശിപ്പാ-നവരു-ത്സുകരായി
പ്രകൃതി വിറച്ചു ഭൂമിതലം ഞെട്ടി
പാറ തകർന്നു കൊടുമുടികൾ പതറി

കബറുകൾ വിണ്ടു മൃതന്മാരും നിർഗ്ഗ-തരായെത്തി
നാഥാത്മജനെ ക്രൂശിച്ച ശപ്തരെ നിന്ദിച്ചു
ഹാലേലൂയ്യാ ദുരിതമവർക്കെന്നും. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ

ദൈവത്തിൻ ജീവാത്മജനാം ജഗതീ പാലകനെ
ഗോഗുൽത്താമേൽ സ്ക്കീപ്പായിൽ ജനസം-ഘം തൂക്കി
കണ്ടകമകുടം തിരുമൗലിയിൽ വച്ചു
കൈകൾ തറച്ചി-ട്ടവർ പുളിവീഞ്ഞേകി
ലിഖിതംപോലെ പിളർത്തി വിലാ-വയ്യോ കുന്തത്താൽ
ഗതിലോകർക്കരുളും നീരും നിണവും പ്രവഹിച്ചു
ഹാലേലൂയ്യാ തൻ കൃപ സംസ്തുത്യം. മൊറിയോ--

എത്രൊ

മരത്തിന്മേൽ ബലികഴിക്കപ്പെട്ട പുണ്യമുണ്ടാക്കുന്ന ബലിയായ നിനക്ക് സ്തുതി. തൻെറ വധം ലോകത്തിൽ സുഗന്ധധൂപമായിത്തീരന്ന പ്രസാദകരമായ ധൂപകലശമേ നിനക്ക് സ്തുതി. നിൻെറ സഭ പാപ അശുദ്ധിയിൽനിന്നും അശുദ്ധബലികളിൽനിന്നും അഭക്തിജന്യമായ ദുഷ്കൃത്യ ങ്ങളിൽനിന്നും നീ മുഖാന്തിരം വെടിപ്പാക്കപ്പെട്ടു. നിൻെറ രക്തത്താൽ മരണത്തിൽനിന്നും നാശത്തിൽ നിന്നും ഞങ്ങൾ രക്ഷിക്കപ്പെട്ടതിനാൽ ഞങ്ങളുടെ രക്ഷിതാവേ നീ മഹിമ ഉള്ളവനാകുന്നു. ഞങ്ങൾ നിൻെറ കുരിശിനെ വന്ദിച്ച് നിൻെറ കഷ്ടാനുഭവങ്ങളിൽ ഏറ്റുപറയുന്നു. ഞങ്ങൾ നിൻെറ കുരിശിനാൽ ജീവിച്ചു നിൻെറ

മരണത്താൽ സ്വതന്ത്രരായി. നിൻെറ സഹായങ്ങൾ വലിയവയാകുന്നു. ഞങ്ങളുടെ നിസ്സാരമായ സ്തുതി നിനക്ക് എത്രയും തുഛമാകുന്നു. നീ സൃഷ്ടിച്ച് രക്ഷിച്ചിരിക്കുന്ന സകലത്താലും നിനക്കുസ്തുതി. ഹോശോ-

വീണ്ടും കോലോ - ബ്തറങാക് മോറാൻ

രാവിലെ നിന്നാൻ സൃഷ്ടികളെ വിധിചെയ്യുന്നോൻ
വിധിയിൻ നിലയത്തിൽ, ചോദ്യം ചെയ്താനീറയൻതൻ
പതിയൊടു ദാസൻ, സ്തുതി ആദാമിന്നവകാശം
നൽകാവേം കഷ്ടപ്പെട്ടോനേ. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

മയ്യലിലുടയോ-നേറ്റാൻ വിധി പീലാത്തോസ്സാൽ മരണാ-
ർഹനുതുല്യം, തൂക്കുകതൂക്കുകനസറായൻയേശുവിനെ
നീ, ബാറാബായെ മോചിപ്പിക്കുക എ-ന്നാർത്തു യൂദർ.

അല്ലെങ്കിൽ

സൃഷ്ടികളെവിധിക്കുന്ന ന്യായാധിപൻ പ്രഭാതത്തിൽ ന്യായ സ്ഥലത്തു നിന്നു. ഈറേന്മാരുടെ നാഥൻ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടു. ആദാമിനെ അവൻെറ അവകാശത്തി ലേക്കു തിരിക്കുവാൻ ഇവയെല്ലാം സഹിച്ച തനിക്കുസ്തുതി

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ

പ്രഭാതത്തിൽ മരണയോഗ്യനെപ്പോലെ കർത്താവ് പീലാത്തോസിനാൽ വിധിക്കപ്പെട്ടു. നസ്രായനായ യേശുവിനെ ക്രൂശിക്ക ക്രൂശിക്ക, ബാറാബായെ വിട്ടുതരിക എന്ന് യൂദ ജനം അട്ടഹസിച്ചു.

In the morning, the Judge of the judges, Who judges the creation, stood in the tribunal and the Lord of the watchers was questioned by the servant. Glory to Him who endured (all these things) in order to restore Adam to hin inheritance.

Barekmore. † Glory to the Father---- Unto the ages--

In the morning our Lord was judged by Pilate, as the One who deserves death. The Jewish people cried out: crucify Him, crucify Jesus the Nazarite, take Him away and release Barabas.

ബോത്തേദ്ഹാശോ

ܒܪܝܟ ܡܪܝ ܚܫܘ ܕܣܒܪܬ ܚܠܦܝܢ

ܒܪܝܟ ܡܘܟܟܟ ܕܡܬܟܠܠ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ

താഴ്ചകളേറ്റം ധന്യം നാഥാ.

മുഴുരാ-വവനെ വൈദികസംഘം

ശോധിച്ചുദയേ പീലാത്തോസ്സിൻ

മുമ്പിൽ ചേർത്താൻ തൻ വിധി കേൾക്കാൻ

ഹാ യേശുവിനെ നിഹനിച്ചീ-ടാൻ

ജനമൊന്നാകെ ഘോഷിച്ചാർത്തു.

പാവനരക്തം ചിന്താതവനെ

ക്രൂശകരിന്നും മോചിച്ചീടാൻ

ആൾവി-ട്ടോതി ഗൂഢം ഭാ-ര്യ
ആകാങ്ക്ഷതിനാൽ ക്രൂശകരൊപ്പം
വിധിയേൽക്കായ്‌വാൻ കഴുകിയവൻ കൈ.

മരണാ-ർഹൻ താ-നിവനെന്നൊപ്പം
പീലാത്തോസ്സോ-ടാർത്താൻ ഹസ്തം
ശോഷി-ച്ചോനും രോഗാ-ർത്തർക്കും
ശാബതു നാളിൽ ശാന്തി കൊടുത്താൻ
മരണ-ത്തിനിവൻ യോഗ്യൻ നൂനം.

ദൈവാത്മജനെ-ന്നെണ്ണുന്നോ-നെ
തൂക്കുക തൂക്കെ-ന്നാർത്താ-രേറ്റം
സ്തു-തൃഫല-ത്തെ ആരാ-ഞ്ഞാർന്നോ-
രവകാ-ശമെഴും താതാത്മജനെ
അവര-ന്ധതയിൽ ദർശിച്ചി-ല്ല.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܳܐ ܕܪܳܚܶܡ ܠܶܗ ܠܰܐܡܳܪܳܐ ܕܪܳܚܡܰܝ
ܒܪ̈ܰܚܡܶܐ ܕܰܡܳܟ ܡܳܪܝ ܠܳܐ ܐܶܬܥܰܠܠ ⁜ ܡܽܪܝܳܐ ܪܰܚܶܡ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܠܰܝܢ ܒܝܰܘܡܳܐ ܕܺܝܢܳܐ ܕܰܚܠܺܝܦܰܝܢ
ܒܝܰܘܡܳܐ ܗܰܘ ܕܡܶܫܬܰܩܠ ܘܡܰܠܟܽܘܬܳܐ ܢܶܐܬܶܐ ⁜
ܐܰܠܳܗܳܐ ܐܶܬܪܰܚܰܡ ܡܳܪܝ ܥܰܠ ܚܰܛܳܝܶܐ ܗܳܫܳܐ ܟܽܠܗܽܘܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. തിരുനിണവില നിപതിച്ചതിനാൽ
പരിശുദ്ധാഗാരം ഞെട്ടി
തൻ ശുശ്രൂഷസമാപിപ്പാൻ അവസരമായെന്നതുകണ്ടു
വൈദികപദവീഭ്രംശത്താൽ പൂജകരെപ്രതി വിലപിച്ചു
ശാശ്വതശൂന്യത വന്നതിനാൽ ബലികേഴാനാരംഭിച്ചു
യേശുവിനെ പ്രതി ജനമാർത്തു
പീലാത്തോസ് കൈകൾ കഴുകി
തൻ രക്തം സന്തതിനിരയിൽ
പിൻതലമുറകളിലേ-ക്കേ-റ്റാൻ. ദേവാ ദയ---

2. മനുജപ്രിയനെ നീയെന്നും
വാനത്തെ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നെ നിന്ദാവസത്രമുടുപ്പിച്ചു
മഹിതം ബഹുമതി താവകമെ-
ന്നുദയേ ക്രോബകളാർക്കുമ്പോൾ
അഗ്ന്യാത്മീയന്മാരീരേർ കാദീശാഘോഷിക്കുമ്പോൾ
നീക്കുക നീക്കുക ഭൂമിയിൽ നി-
ന്നുയിരുള്ളോരിൽ നിന്നിവനെ
എന്നുദയേ വിധിപതി സവിധം
തേവടിയാൾ ബഹളം കൂട്ടി. ദേവാ ദയ--

അഗ്രിമമാം പെരുന്നാളാകും
കഷ്ടതനിറയും വെള്ളിയിതിൽ
ക്ഷണികമതാമിപ്പുലർകാലേ
നിൻ ശ്രേഷ്ഠത നിർമ്മിച്ചോരീ
സർവ്വത്തിന്നും പ്രഭയേറും
മശിഹായെ സ്തുതിയങ്ങേക്കായ്
സർവ്വാനന്ദദമുദയം നീ ഉദയങ്ങളിലെല്ലാം സ്തുതിതേ
നിർമ്മാതാവിനെ വിധി ചെയ്വാൻ
മണ്ണാങ്കട്ടയിരുന്നുദയേ, പ്രഭയേറും പുലർകാലം നീ
പുലർവേളയിലെല്ലാം സ്തുതി തേ. ദേവാ ദയ--

പൂക്കൾക്കും പുൽക്കൊടികൾക്കും
കമനീയത നീയരുളുന്നു, ബലഹീനർക്കഖിലം വടിയും
തുണയതുമായോനേ സ്തുതി തേ
കരുണാനായകനേ സ്തുതി തേ
പതിനായിരമായി സ്തുതി തേ
നിഖിലവിധീശ വിധീശൻ നീ
വിധിനിലയത്തിൽ നിന്നതിനാൽ
ആയിരമുരുവോടായിരമായ്
സർവ്വാധീശ്വരനേ സ്തുതി തേ
സ്തുതി തേ പ്രേഷകജനകന്നു
പ്രോന്നതി പാവന റൂ-ഹായ്ക്കും. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ

നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

മ്ശീഹോ ദമ്ലാക്ക് നൂഹോമോ

1. വെള്ളിയതാം നാൾ ബന്ധിതനായ്
കടലിനെ മണലാൽ ബന്ധിച്ചോൻ
മരണനുകത്തെ തച്ചവനെ തരുവതിലേറ്റി ക്രൂശിച്ചാർ

2. വെള്ളിയതാംനാൾ പീലാത്തോസ്
മൂഢജനത്തിൻ വിധിയെഴുതി
വെള്ളിയതാംനാൾവിധിയേറ്റു ദൈവത്തെ ക്രൂശിച്ചോരും

3. വെള്ളിയതാംനാൾ കുന്തത്താൽ ജീവിതഹൃദയം ഭേദിച്ചു
സകലജഗത്പുണ്യപ്രദമാം ശോണിതവും ജലവും തൂകി

4. വെള്ളിയതാംനാൾ മൃതികേണു
സ്നേഹിതനാം നീ-ചൻ പാഞ്ഞു
ഉയിരാർന്നോൻ മൃതവാസത്തിൽ
തൽദ്രവ്യം മോഷ്ടി-ച്ചതിനാൽ

5. വെള്ളിയതാംനാൾനിയമിച്ചാ-നുടയോനവനെ പൂങ്കാവിൽ
അന്നാളിൽ താൻ മത്സരിയായ്
നഗ്നത പാപത്താ-ൽ പൂണ്ടു.

6. വെള്ളിയതാംനാൾ പറുദീസിൽ
ചേർത്താനുടയോ-നാദമിനെ
വെള്ളിയതാംനാൾലജ്ജിതനാ-യംബരമായിലയെചാർത്തി

7. വെള്ളിയതാംനാൾ കേട്ടുനരൻ

തിന്നും നാൾ മൃതനാമെന്ന്
തിന്നാജ്ഞയെ ലംഘിച്ചിട്ടും മൃതിപൂണ്ടില്ലുൾ കൃപമൂ-ലം

8. വെള്ളിയതാംനാൾകനിതിന്നോ-രാദ്യൻ സ്വപദംകൈവിട്ടു
വെള്ളിയതാംനാൾ തരുവിൽ നി-
ന്നീശനിറങ്ങി മൃ-തനായി.

9. വെള്ളിയതാംനാളാദിനരൻ തൻപ്രഭയസ്തം-ഗതമായി
വെള്ളിയതാംനാൾ തരുവിട്ടാൻ
അണിയിച്ചോൻ ദ്യുതിയാദത്തെ.

10. വെള്ളിയതാംനാളവനേദൻ വിട്ടൂഴിയിൽവൈദേശികനായ്
വെള്ളിയതാംനാളാദിമരും അന്തിമരും ഭേതം പൂണ്ടു.

11. വെള്ളിയതാം നാളീശകര-നിർമ്മിതനാദം പൂണ്ടുഭയം
വെള്ളിയതാംനാൾദേവേശൻ,മൃതനായികബറിൽപാർത്തു.

12. വെള്ളിയതാംനാൾ മൃഗജാലം വരുമാദത്തെക്കണ്ടരുകിൽ
വെള്ളിയതാംനാൾ പാതാളേ രക്ഷകഭാസ്സാൽ മൃതരേറ്റു

13. വെള്ളിയതാംനാൾ വിധിനാഥൻ മൃതിവിധിച്ചാദാമിന്നേകി
വെള്ളിയതാംനാളൻപുടയോൻ
താണുമൃതന്മാ-ർക്കുയിരേകി.

14. വെള്ളിയതാംനാൾ പാനം ചെയ്-
താദാം ദ്രുതമാ-ർന്നൊരു കാസാ
വെള്ളിയതാംനാൾ പാനം ചെയ്-
തുടയോൻ തിരുവിഷ്ട-ക്കാസാ.

15. വെള്ളിയതാംനാൾപണിചെയ്‌വാൻ-ഭാഗ്യാരാമേചെന്നാദാം

വെള്ളിയതാംനാൾമൃതഗേഹം ദോഷിസമംജീവദനാർന്നു

16. വെള്ളിയതാംനാൾ പരദേശ-പ്പാർപ്പാൽദുഷ്ടൻവിഹസിച്ചു
വെള്ളിയതാംനാൾമൃതമദ്ധ്യേ അന്യനുതുല്യംവാണീശൻ
17. വെള്ളിയതാംനാളാദത്തെ ദുഷ്ടൻ താഴ്ത്തീ-ടാനാഞ്ഞു
വെള്ളിയതാംനാൾ നീതിസുതൻ വഞ്ചകശീർഷംധൂളിച്ചു

18. വെള്ളിയതാംനാൾ മൃതതുല്യം നാഥൻ പാതാ-ളം പൂകി
മുടിമാറ്റിയമന്നവനൊപ്പം ചതിയൻതന്നൊളിവാ-രായ്‌വാൻ

19. വെള്ളിയതാംനാൾകൈവിട്ടാൻ-ശോഭനവസ്ത്രത്തെയാദാം
വെള്ളിയതാംനാളവർ നീക്കി
സുതനുടെ മോഹനമാം വസ്ത്രം

20. വെള്ളിയതാംനാൾ ശിഷ്യന്മാർ
പകലോൻ മറവായെന്നാർത്തു
ഞായർദിനത്തിൽ ശാശ്വതമാം സൂര്യൻ ജീവൻ പ്രാപിച്ചു.

സൂമ്മോറോ

വായനക്കാരൻ, നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റേയും രക്ഷയുടേയുംശബ്ദംഎന്ന് പരിശുദ്ധ റൂഹാ പാടി.

പഴയനിയമം - പ്രഭാതവായനകൾ

Leviticus 4: 1 - 7, Numbers 19: 1 - 11

2 Kings 19: 20 - 29; Zechariah 13: 7 - 14: 5

Habakuk 1: 1 - 12; Ezekiel 13: 17 – 22

Acts 22: 30 - 23: 16; 2 Corinthians 1: 18 - 31

ഏവൻഗേലിയോൻ.

ഹാലേ- ഹാലേലൂയ്യാ, ഞാനെറിയും മൽപാദുകമേദോമിൽ ഞാനട്ടഹസിക്കും പാലസ്തീനിൽ. ഹാലേലൂയ്യാ

വി. മത്തായി 27. 1 -10, വി. മർക്കോസ് 15. 1 - 10
വി. ലൂക്കോസ് 22. 66 - 71, വി. യോഹന്നാൻ 18. 28 - 40

ܠܡܪܢ ܫܘܒܚܐ ܘܥܠܝܢ ܒܪ̈ܟܬܗ ܠܥܠܡܝܢ※ܐܡܝܢ※

ܘܥܠܝ̈ܟܘܢ ܢܚܬ ܡܢ ܫܡܝܐ ܚܝܐ ܘܡܚܝܢܐ※ܐܡܝܢ※ܠܥܠܡ ܥܠܡܝܢ※

യേശുവിനെ പിടിച്ചവർ അവനെ പരിഹസിച്ചു, കണ്ണു മൂടിക്കെട്ടി മുഖത്തടിച്ചുകൊണ്ട് നിന്നെ അടിച്ചതാരെന്നു പ്രവചിക്കുക എന്നുപറഞ്ഞു. വേറെ പലതും പറഞ്ഞ് അവർ അവനെ ദുഷിച്ചു. പ്രഭാതമായപ്പോൾ ജനപ്രമാണികളും പ്രധാനചാര്യന്മാരും വേദപണ്ഡിതരും ഒരുമിച്ചുകൂടി, യേശുവിനെ അവരുടെ സന്നിദ്രിംസംഘത്തിലേക്ക് കൊണ്ടുപോയി. അവർ അവനോട്, നീ മശിഹാ ആണെങ്കിൽ ഞങ്ങളൊടു പറയുക എന്നു പറഞ്ഞു. യേശു അവരോടു പറഞ്ഞു. ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല, ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം പറയുകയോ, എന്നെ വിട്ടയയ്ക്കുകയോ ചെയ്യുകയുമില്ല. ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെവലതുഭാഗത്ത് ഇരിക്കും. അപ്പോൾ അവരെല്ലാവരും അവനോട്, അങ്ങനെയെങ്കിൽ

നീ ദൈവപുത്രനാണോ എന്നുചോദിച്ചു. യേശു അവരോട്, ഞാൻആകുന്നു എന്ന് നിങ്ങൾതന്നെപറയുന്നുവല്ലൊ എന്നു പറഞ്ഞു. ഉടനെ അവർ, ഇനി സാക്ഷികളെക്കൊണ്ട് എന്താവശ്യം, ഇവൻെറവായിൽനിന്നുതന്നെ നാം കേട്ടല്ലൊ എന്നു പറഞ്ഞു. യേശുവിനെ ശിക്ഷയ്ക്കുവിധിച്ചു എന്ന് അറിഞ്ഞപ്പോൾ, ഒറ്റുകാരനായയൂദാദുഃഖിച്ച്, പ്രധാനാചാര്യന്മാരെയും ജനപ്രമാണികളേയും ആ മുപ്പതുവെള്ളിക്കാശ് ഏൽപ്പിച്ചുകൊണ്ട്, കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തതിനാൽ ഞാൻ പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അവർ അവനോട്, അതിന് ഞങ്ങൾക്കെന്താണ്, അതു നിൻെറ കാര്യം എന്നു പറഞ്ഞു. അവൻ ആ പണം ദേവാലയത്തിൽ എറിഞ്ഞിട്ട് അവിടം വിട്ടുപോയി തൂങ്ങിമരിച്ചു. പ്രധാനാചാര്യന്മാർ ആ വെള്ളിക്കാശ് എടുത്തിട്ട്, ഇതു രക്തത്തിൻെറ വിലയാണ്, ഭണ്ഡാരത്തിൽ ഇടുവാൻ പാടില്ല എന്നു പറഞ്ഞു. അവർ തമ്മിൽ ആലോചിച്ചശേഷം അതു കൊടുത്ത് പരദേശികളെ സംസ്ക്കരിക്കുവാൻ ഒരു കുശവൻെറ പറമ്പു വാങ്ങി. അതുകൊണ്ട് ആ പറമ്പ് ഇന്നും രക്തനിലംഎന്നുവിളിക്കപ്പെടുന്നു. 'ഇസ്രായേൽമക്കൾ വില നിശ്ചയിച്ചവൻെറ വിലയായ മുപ്പതു വെള്ളിക്കാശ് ഞാൻ എടുത്ത്, കർത്താവ് എന്നോടുകൽപ്പിച്ചപ്രകാരം കുശവൻെറ പറമ്പിനു കൊടുത്തു' എന്ന് പ്രവാചകൻ പറഞ്ഞത് അപ്പോൾ നിറവേറി. ⁜ ܫܘܒܚܐ ܠܟ ⁜ ܡܪܢ ܝܫܘܥ

പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രംചെയ്യുന്നതും, ഉന്നതമായ തൻെറ തിരുനാമത്തിനുപാടുന്നതും, പ്രഭാതത്തിൽ തൻെറ കൃപയും, രാത്രികാലങ്ങളിൽ തൻെറ വിശ്വാസവും, അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതത്തിൽ എൻെറ ശബ്ദം നീ കേൾക്കണമെ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു കരുണ തോന്നണമെ. കർത്താവേ, ഞങ്ങളെല്ലാവരുടെയും പാപങ്ങൾപരിഹരിച്ചുക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ നിൻെറ വലത്തുകൈ ആവസിപ്പിച്ച് നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെപാപരോഗത്തെസൗഖ്യമാക്കണമെ.ആമ്മീൻ.

കൗമാ

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തിനമിക്കാം പുലർകാലേ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ sa-v'd us by Passion and - lowliness
Let us-kneel and adore Him- this morning.(3Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܒܥܘܬܐ ܕܪܦܐ ܢܗܘܐ ܩܘܒܠܗ ܠܗ
ܠܡܫܝܚܐ ܕܦܪܩܢ ܒܣܡܥܘܗܝ ܢܩܛܪ ⁜ [3]

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܚܘܣܝܐ ⁜ ܘܥܠܝܢ ܚܛܝܐ ܘܚܝܒܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܐܘܪܫܠܡ ܕܠܥܠ ⁜ ܘܒܥܘܬܢ ܢܗܘܝܢ ܡܢ ܩܕܡ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ

ܘܰܐܒܽܘܢ ܒܒܽܟܳܡ ܟܽܠܗܶܝܢ ⁜ ܥܡܪ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വെള്ളിയാഴ്ച മൂന്നാം മണി - പേജ് 307

കൗമാ

ܒܕܺܝܢ ܫܳܐܶܠ ܕܥܰܒܕܶܗ

ചോദ്യം നിജദാസനിൽ നിന്നേ-റ്റോൻ മശിഹാ
വിധിനാ-ളൻപാലടിയാരിൽ ദയ ചെയ്ക. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - was questioned in trial (court) - by His Servant have Mercy on us on Judgment day **(3 Times)**

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ܀ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܪܘܡܪܡܐ ܀ ܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ܀ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ܀ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܗ
ܕܡܫܝܚܐ ܀ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ܀ ܒܪܟܡܪܝ ܀

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܀ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ܀ ܐܡܝܢ ܀

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു,

നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - അൽമൊറിയോ റൗബോ ആക്കീം എന്നപോലെ

1 പ്രതിവാദത്താൽ യൂദന്മാൽ ബഹളം കൂട്ടീട്ടുടയോനെ തരുവിന്മീതെ ക്രൂശിച്ചു.

2 ദൈവം വിധിനിലയേനിന്നു ദോഷികളാൽനിന്ദിതനായി സൃഷ്ടികളെ മൃതിയാ-ൽ കാത്തു.

3 മിസ്രേമീന്നുംരക്ഷിച്ചോ-നെതരായ്, വിധിപാമശിഹായെ തൂക്കുകയെന്നറി വേ-ശ്യ.

4 മത്സരബുദ്ധികൾ മശിഹായെ കൊണ്ടിഹപോയ് വാദം ചെയ്തു, വിധിയേകി കൊലചെയ്തീടാൻ.

5 ആദാമിനെ നിർമ്മിച്ചോൻതൻ തൃക്കൈകാലുകളിന്മീതെ ആണിയടിച്ചു ദുഷ്ടന്മാർ. ബാറെക്മോർ. † ശുബഹോ -- മെൻ്ഓലാം---

6 ഞങ്ങൾക്കായൂഴിലെത്തി-സ്വേഷ്ടത്താൽ നരനായവനാം ദേവാ നിൻ ദയ സം-സ്തുത്യം. സ്തൗമെൻകാലോസ്----

പ്രഘോ:ഷ

ܚܝܠܐ ܠܟ ܘܫܘܒܚܐ ܘܣܓܕܬܐ ܦܘ ܡܪܝܐ ܢܒܚܐ ܀ ܡܪܝܐ ܡܚܣܢܐ
ܕܚܝܢ ܒܟܠܗ ܘܒܙܒܢ ܀ ܠܐܒܘܟ ܘܠܪܘܚܟ ܩܕܝܫܐ ܘܡܫܒܚܐ
ܘܡܒܪܟܐ ܠܥܠܡ ܘܠܐ ܠܥܠܡܝܢ ܩܕܝܫܐ ܒܟܠܗ ܙܒܢ
ܘܒܟܠܗܝܢ ܝܘܡܬܐ ܕܚܝܝܢ ܀

ഞങ്ങളെ രക്ഷിച്ച പരിശുദ്ധനും ഞങ്ങളുടെ ജീവനെ വീണ്ടുകൊള്ളുന്നവനും തൻെറ ബലിയാൽ ഞങ്ങളുടെ പാപങ്ങളെ നീക്കിക്കളഞ്ഞ ജീവനുള്ളവനും ജീവദാതാവും ആയ കുഞ്ഞാടും ജീവിപ്പിക്കുന്ന തൻെറ കഷ്ടാനുഭവത്താൽ ദുഷ്ടൻെറകാഠിന്യത്തിൽനിന്നും ഞങ്ങളെ മോചിപ്പിച്ചവനും ജീവനുണ്ടാക്കുന്ന തൻെറ മരണത്താൽ ഞങ്ങളെ മരണത്തിൻെറ കൈയ്യിൽനിന്ന് വീണ്ടെടുത്തവനും രക്ഷകരമായ തൻെറ കുരിശിനാൽ ഞങ്ങൾ നഷ്ടപ്പെടുത്തിയ ഞങ്ങളുടെ പൂർവ്വ അവകാശത്തിലേക്ക് ഞങ്ങളെ തിരിച്ചുകൊണ്ടുവന്നവനും ആയ കർത്താവിന് മൂന്നാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

ജ്ഞാനമുള്ള ശിൽപ്പിയായ ദൈവമേ, നീ ആറാം ദിവസമാകുന്ന ഈ വെള്ളിയാഴ്ച ആദാമിനെ കൽപ്പിച്ച് സൃഷ്ടിക്കുകയും നിൻെറ ശ്രേഷ്ഠ സ്വരൂപം അവനിൽ

പകർത്തുകയും ആനന്ദങ്ങളുടെയും സർവ്വശ്രേയസ്സുകളുടെയും ഇരിപ്പിടമായ പറുദീസായെ വിശ്വാസപൂർവ്വം അവനെ ഏൽപ്പിക്കുകയുംചെയ്തു. എന്നാൽ അവൻെറ സ്വാതന്ത്ര്യത്താൽ ഭാര്യയുടെ ആലോചനയ്ക്കധീനമായി നിൻെറ ദിവ്യ കൽപ്പനയെ ലംഘിച്ചതിനാൽ ഈ വെള്ളിയാഴ്ചദിവസം ആദാം പറുദീസായിൽനിന്ന് ബഹിഷ്ക്കരിക്കപ്പെടുകയും നിഷ്ക്കാസനംചെയ്യപ്പെടുകയും ചെയ്തു. എന്നാൽ കർത്താവേ നിൻെറ ദയയാൽ അവനോട് കരുണകാണിക്കുകയും അവൻെറമേൽ മനസ്സലിയുകയും നിൻെറ കരുണ അരിഷ്ടനായ അവൻെറ വീഴ്ചയിന്മേൽ ചൊരിയുകയും ചെയ്തു. ഈ വെള്ളിയാഴ്ച ദിവസത്തിൽ തന്നെ കഷ്ടതയ്ക്കും കുരിശു മരണത്തിനും നീ എഴുന്നെള്ളിവന്നു. ഈ വെള്ളിയാഴ്ച ഹന്നാൻേറയും കയ്യാപ്പായുടേയും ആളുകൾ അവനെ കുരിശിന്മേൽ തറയ്ക്ക, തറയ്ക്ക, എന്ന് അട്ടഹസിച്ചു. ഈ വെള്ളിയാഴ്ച നീതികെട്ട ന്യായാധിപന്മാർ സർവ്വത്തിൻേറയും നാഥനായ നിന്നെ ശിക്ഷയ്ക്കു വിധിച്ചു. ഈ വെള്ളിയാഴ്ച വലത്തുഭാഗത്തെകള്ളൻ നിന്നെ മരത്തിന്മേൽ കണ്ടപ്പോൾ നീ ദൈവമാകുന്നു എന്ന് അവൻ വിശ്വസിച്ചു. ഈ വെള്ളിയാഴ്ചദിസം ഏദൻതോട്ടത്തിൽവച്ച് പരാജിതമായ ഞങ്ങളുടെ സ്വഭാവത്തിന് നീ വീണ്ടും ജയം നൽകി. ഈ വെള്ളിയാഴ്ച സൂര്യൻ നീതിയുടെ മഹാസൂര്യനായ നിന്നെ കണ്ടിട്ട് ഇരുണ്ടുപോയി. ഈ വെള്ളിയാഴ്ച നിന്നെ ഗോഗുൽത്താമേൽ കണ്ടിട്ട് മലകൾ വിറയ്ക്കുകയും ഭൂമി

കുലുങ്ങുകയും ചെയ്തു. ഈ വെള്ളിയാഴ്ച അറുതിയില്ലാത്ത അനുഗ്രഹസമുദ്രമായ നിനക്ക് അവർ കാടിയും കയ്പും തന്നു. ഈ വെള്ളിയാഴ്ച മഹാരഹസ്യമടങ്ങിയതായ ന്യായവിധി പീലാത്തോസ് എഴുകി. ഈ വെള്ളിയാഴ്ച കുരിശിലെ കഷ്ടാനുഭവത്തിന് നീ എഴുന്നെള്ളി വരികയും ജീവനുണ്ടാക്കുന്ന നിൻെറ പീഡയാൽ ഞങ്ങളുടെ പീഡകളെ കായിച്ചുകളയുകയും ചെയ്തു. ഈ വെള്ളിയാഴ്ച ആകാശത്തെ മേക്കട്ടിപോലെ വിരിച്ച നീ കുരിശിന്മേൽ നീ നിന്നെത്തന്നെ മനസ്സോടെ വിരിച്ചു. ഈ വെള്ളിയാഴ്ച മരത്തിന്മേൽ തൂങ്ങിക്കിടക്കുന്ന നിന്നെ സൂക്ഷിച്ചു അഗ്നിമയന്മാരും ആത്മമയന്മാരും വിസ്മയത്തോടെ നിന്നു. ഈ വെള്ളിയാഴ്ച സാത്താനും അവൻെറ സൈന്യങ്ങളും എല്ലാ പിശാചുക്കളും അഗ്നിയുടെ മുമ്പാകെ മെഴുകുപോലെ ഉരുകിപ്പോയി. ഈ വെള്ളിയാഴ്ചദിവസം ആകാശവീഥിയിൽ സൂര്യൻ അസ്തമിക്കുകയും നീ ഭൂമിയുടെ മദ്ധ്യത്തിൽ രക്ഷയുണ്ടാക്കുകയും ചെയ്തു. ഈ വെള്ളിയാഴ്ച ഞങ്ങളുടെ വർഗ്ഗത്തിന് മരണത്തിൽനിന്നും സാത്താനിൽനിന്നും രക്ഷ കിട്ടി. ഈ വെള്ളിയാഴ്ച വിസ്മയനീയവും ദൈവികവുമായ രഹസ്യം നിറഞ്ഞ ക്രൂശാരോഹണംമൂലം ജീവനുള്ള കുരിശ് പാപത്തെ കുരിശിൽ തറച്ചു. ഈ വെള്ളിയാഴ്ച ശവക്കല്ലറകളും പാറകളും പിളരുകയും മരിച്ചവർ നിൻെറ ശബ്ദത്താൽ ജീവിച്ചെഴുന്നേൽക്കുകയുംചെയ്തു. ഈ വെള്ളിയാഴ്ച ഞങ്ങളുടെ നാഥാ വിശ്വാസപൂർവ്വം കൈക്കൊള്ളുന്ന

ഭക്തന്മാർക്ക് നിൻെറ വിലാവിൽനിന്ന് ജീവൻെറ കാസാ യാകുന്ന രക്തവും വെള്ളവും ഒഴുകി. ഈ വെള്ളിയാഴ്ച നിൻെറ മരണത്തിൻേറയും ഉയിർപ്പിൻേറയും രഹസ്യത്തിൽ വിശ്വസിച്ചവരും വിശ്വസിക്കുന്നവരും ആയ മനുഷ്യർക്ക് പൂർണ്ണവീണ്ടെടുപ്പുണ്ടായി. ഈ വെള്ളിയാഴ്ച പരിശുദ്ധസഭ അഭംഗമായ സ്തുതിയെ സമർപ്പിച്ച് പറയുന്നു. ഞങ്ങൾക്കു വേണ്ടി ഭരണപ്രകാരം വമ്പിച്ച താഴാഴ്മയ്ക്കായി ഇറങ്ങി വന്ന മശിഹാതമ്പുരാനേ നിനക്ക് സ്തുതി. മഹത്തായ ജയത്താൽ ഉന്നതപ്പെടുകയും ഏദൻതോട്ടത്തിൽവച്ച് പരാജി തമായിപ്പോയ ഞങ്ങളുടെ സ്വഭാവത്തെ ഉയർത്തുകയും ചെയ്ത നിനക്ക് സ്തുതി. നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങൾ രക്ഷപ്പെട്ടതിനാൽ നിനക്ക്സ്തുതി. ഭുജവും വല്ലഭത്വവും നിനക്കുള്ളതാകയാൽ നിനക്ക് സ്തുതി. ഇരുന്നവനും ഇരിക്കുന്നവനുമായ നിനക്ക് സ്തുതി. ഭരണ പ്രകാരം ഞങ്ങൾക്കുവേണ്ടി പീഡയേറ്റവനായി പ്രകൃത്യാ പീഡാരഹിതനായിരിക്കുന്ന നിനക്ക്സ്തുതി. എല്ലാ വായ്കളിൽനിന്നും നിനക്കു സ്തുതി. എല്ലാ നാവുകളാലും നിനക്കു സ്തുതി. എല്ലാസമയങ്ങളിലും നിനക്കുസ്തുതി. എല്ലാറ്റിനെക്കുറിച്ചും നിനക്കു സ്തുതി. നിർണ്ണയിക്കപ്പെടാവ തല്ലാത്തവനായ നിനക്കു സ്തുതി. അറുതിയില്ലാത്തവനായ നിനക്ക്സ്തുതി. നിനക്ക് ആയിരമായിരം സ്തുതി. നിനക്കും നിൻെറ പിതാവിനും നിൻെറ റൂഹായ്ക്കും പതിനായിരംപതിനായിരം സ്തുതി. ഹോശോ--

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

ജഗതീശിൽപ്പിപരാദ്യസുതൻ വെള്ളി-ദിനേ മൂന്നാം
മണിനേരത്തു പുറപ്പെട്ടാൻ സീയോ-നിൽ നിന്നും
സൃഷ്ടിഗണത്തിൻ രക്ഷാദായകനെ
ഗോഗുത്തായിൽ സ്ക്ലീപ്പാ-യിന്മീതെ
നിഹനിപ്പാൻ തൻ തോളിന്മേൽ സ്ക്ലീപ്പാ-യെ വച്ചാർ
സ്തുതിദൈവാത്മജ, ലോകത്തെ മൃതിയാൽകാത്തോനേ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ.

സ്ലീബായിൻ തരുവിന്മീതെ ലോക-ത്തിൻ പ്രഭയാം
നീതിയതാകും പകലോനെ തിരുസ-ഭ ദർശിച്ചാർ
മുറിവുകൾ കൈമേൽ-ആണി, വിലാവിന്മേൽ
ചവളമതും ക-ണ്ടധികം വ്യസനിച്ചാൾ
തിരുസവിധത്തിലടുത്തേവം ചൊന്നാ-ളുത്തരമായ്
ഞങ്ങളെയോർത്തു മരിച്ചതിനാൽ ഞാനും മമസുതരും
ഹാലേലൂയ്യാ നിന്നെ വണങ്ങുന്നു. മൊറിയോ---

വീണ്ടും കോലോ - സൊഹദെ പ്താഹ്ഗാസൈക്കൂൻ

സകലജനങ്ങളുമേ കേൾപ്പിൻ
ക്രൂശിച്ചോൾ ചെയ്തെന്തെന്ന്, ഭൂവാസികളേ ശ്രദ്ധിപ്പിൻ
നാഥനെയവർതൂക്കി തരുവിന്മേൽ

കുന്തം കുത്തി വിലാവു തുറ-
ന്നൊഴുകി സകല ജഗത്പുണ്യം
ഹാ- ഹാ- നൽകും ശോണിതവും നീരും. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ധാർമ്മിക രക്തത്തിന്മേൽ ഞാൻ
കുറ്റമൊഴിഞ്ഞോനെന്നോതി
സുതനെ വിസ്താരം ചെയ്തോൻ
വെള്ളം വാങ്ങി കൈകഴുകി
ഇവനുടെ രക്തം ഞങ്ങളിലും
സുതരിലുമെന്നൊന്നായാർത്താർ
ഹാ- ഹാ- അവരെ വഹിച്ചോൻ സംസ്തുത്യൻ.

അല്ലെങ്കിൽ

സകല ജാതികളുമേ ഇതു കേൾപ്പിൻ, സകല ഭൂതലവാസികളുമേ ശ്രദ്ധിപ്പിൻ. ക്രൂശിച്ചവർ മരത്തിന്മേൽ അവരുടെ നാഥനെ തൂക്കുകയും കുന്തത്താൽ തന്റെ വിലാവിനെ തുറക്കുകയും ലോകം ഒക്കെയുടെ വിമോചനത്തിനായി രക്തവും വെള്ളവും അതിൽനിന്നൊഴുക്കുകയും ചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം

പുത്രനെ വധിച്ച ന്യായാധിപൻ വെള്ളംവാങ്ങി കൈകൾ കഴുകി. ഞാൻ ഈ നീതിമാന്റെ രക്തത്തിൽനിന്ന് കുറ്റമൊഴിഞ്ഞവനായിരിക്കും എന്ന് പറഞ്ഞു. അവരെല്ലാവരും അട്ടഹസിച്ച് അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളിന്മേലും ഇരിക്കട്ടെ എന്നു പറഞ്ഞു.

Hear this all People and give heed all indwellers of the earth! She who crucified, hung her Lord on the wood, and opened His side with a spear and blood and water came out of it, halleluia with halleluia for the propiation of the whole world.

Barekmore. † Glory to the Father---- Unto the ages—

The judge who judged the Son asked for water and washed his hands saying: 'I am innocent of the blood of this righteous man'. And all cried out together: 'Let this blood (be) upon us and upon our children! Halleluia with halleluia Glory to Him who endured them.

ബോത്തേദ്ഹാശോ

ܒܪܝܟ ܚܫ̈ܐ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܨܘܥܪ̈ܐ ܕܩܒܠ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

താതയുതം ദ്യോ-വു വിരിച്ചോനെ
ചമ്മട്ടി വിരി-ച്ചവർ താഡിച്ചു
നിന്ദ്യ-സ്ക്കീപ്പാ ഏൽപ്പാ-നേകി
ലോകാ-ധർമ്മം മോചിച്ചീ-ടാൻ
അവനെ ഗോഗു-ൽത്താമേൽ തൂക്കി.

ആദം ഹവ്വാ-യെന്നോർക്കേ-കി
പറുദീ-സിൽ താൻ തേജോവ-സ്ത്രം
  തൻ തുകിൽ ചീന്തി ആദാം മക്കൾ
പറുദീ-സായിൻ നന്മയ്ക്കെ-തിരായ്
ചീട്ടി-ട്ടാർ തൻ വസ്ത്രത്തി-ന്നായ്.

സൽസേവകരാം സഭയുടെ മക്കൾ
ഉചിത-സ്തുതി രാ-ജാവിന്നേ-കും
  കൂലി-ക്കവരെ-കൂട്ടിച്ചേ-ർത്താൻ
മൂന്നാം മണിയിൽ തരുവിന്മീ-തെ
തൻഹാ-ശായെ സ്തോത്രം ചെയ്-വാൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܕܳܢܶܐ ܠܗܘܢ ܠܥܰܡܳܐ ܕܕܳܢܽܘܟ
ܒܕܺܝܢܳܐ ܥܰܡܰܢ ܡܳܪܝ ܠܳܐ ܬܶܥܘܽܠ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܒܚܽܘܒܳܟ ܪܰܒܳܐ ܕܰܚܠܳܦܰܝܢ
ܒܚܽܘܒܳܟ ܗܰܘ ܕܶܐܢܳܫܽܘܬܳܐ ܡܫܰܡܠܝܳܐ ܢܶܐܬܶܐ ⁜
ܠܟܽܠ ܐܶܬܪܰܚܰܡ ܡܳܪܝ ܥܰܠ ܥܰܒܕܰܝܟ ܗܳܠܶܝܢ ܒܟܽܠܗܘܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ

നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1 വെള്ളിദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെ തൂക്കി
ഉടയവനെ ക്രൂശിൽകണ്ട് സൃഷ്ടിഗണംകൂരിരുളാണ്ടു
അട്ടഹസിച്ചാൻതരുവിന്മേൽ-ശ്രദ്ധിച്ചുസൃഷ്ടികളെല്ലാം
ചെറിയൊരു വീടതിലെന്നോണം
ധരണിയിലെങ്ങും കേട്ടവരും
ഗോഗുൽത്തായിന്നുപരിതലേ നാദത്തെ ശ്രദ്ധിച്ചപ്പോൾ
മിണ്ടാ പ്രകൃതികൾ ചൊന്നേവം
ശപ്തജനത്തിനു ഹാ കഷ്ടം. ദേവാ ദയ---

2 വെള്ളിദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെ തൂക്കി
മാധുര്യത്തിൻനീരുവയ്-ക്കേകി കയ്പും പുളിവീഞ്ഞും
മന്നോർ മുടി മുടയുന്നോനെ-
മുള്ളുകളാൽ മുടിയണിയിച്ചാർ
ഏദൻചവളമൊഴിച്ചോൻെറ
ഹൃത്തുപിളർന്നുചവളത്താൽ,ക്രൂശകരതിനിന്ദാപൂർവ്വം
ഘോഷിച്ചാർ നീ ദൈവത്തിൻ
നന്ദനനെങ്കിൽസ്ലീബായിൻ,തരുവിൽനിന്നുമിറങ്ങിവരൂ
കൽപ്പനയാൽ മൃതർ വന്നെത്തി
ദുഷ്ടജനത്തെ ശാസിച്ചു. ദേവാ ദയ--

3 ഈശോ നൃപതേ ജേതാവേ
സ്തോത്രം തേ ത്രിത്വത്തിന്നായ്
കഷ്ടത തീണ്ടീടാത്തൊരു നിൻ
നിത്യ സ്ഥിതിയതിനായ് സ്തോത്രം
നിൻ ശ്രേഷ്ഠത വെളിവാക്കിയൊരാ
ജഡധാരണമതിനായ് സ്തോത്രം
നിന്മഹിമാവിന്നുന്നതിയെ
താഴ്ത്തിയ കരുണയ്ക്കായ്സ്തോത്രം. ദേവാ ദയ-

4 പിഴയാമിരുളിൽ നിന്നും നീ
ഹാശായാൽ സഭയെ കാത്തു
പീഡാതീതപ്രകൃതത്തിൽ പീഡകൾ ജഡമതിലേറ്ററിവാൻ
താതാത്മയുതം നീ വാഴു-ന്നത്യുന്നതിയിലനാദ്യന്തം
നീയുണ്ടാക്കിയ പറുദീസിൽ
ചേർന്നാദാം മൂന്നാം മണിയിൽ
മൂന്നാം മണിയിൽ തുവിന്മേൽ
ശപ്തന്മാർ നിന്നെ തൂക്കി. ദേവാ ദയ--

5 സ്ക്കീപ്പൂസായിൻ മുറിവുകളാൽ
നീ കാത്തോരിടവക നിന്നെ ഹാലേലുയ്യാ ഗീതികളാൽ
വാഴ്ത്തുന്നു മൂന്നാം മണിയിൽ
പ്രേഷക താതന്നുന്നതിയും
നതി പരിശുദ്ധാത്മാ-വിന്നും. ദേവാ ദയ--

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ

നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

മദറോശോ കുംപൗലോസ്

സകലം മോചിച്ച കുഞ്ഞാടതി ധന്യൻ
സ്തുതിയഖിലം രുധിരാൽ വിടുവിച്ചോനേ.

1. നിർമ്മലമായീടും ജീവന യാഗത്താൽ
സ്ക്കീപ്പായെ കാൺമാൻ ജനത തിരിച്ചു
പ്രവചിക്കുക മശിഹാ നിന്നെയടിച്ചോനാ-
രെന്നവരുദ്ഘോഷി-ച്ചാക്ഷേപിച്ചു
കുത്തും താഡനവും ക്ഷമയൊടു കൈക്കൊണ്ടാൻ
ശാന്തനെ നിന്ദിച്ചാർ കോപമവ-ന്നു-ണ്ടായില്ല
അത്ഭുത കുഞ്ഞാടിൻ കാഴ്ചക്കായ് ചെന്നു
ഉത്സവമെന്നോണം തരുസവിധത്തിൽ.

2. സ്ക്കീപ്പാതോളിന്മേ-ലേന്തീടുന്നോനെ
യേരുശലേംകാരാം നാരികൾ കണ്ടു
ഉയിരോടാനന്ദം ചേർത്തീടുന്നോനായ്
വിലപിച്ചീടാനവ-രാരംഭിച്ചു
നൃപനേ കൊണ്ടങ്ങേ-യെങ്ങിഹ പോകുന്നു
രക്ഷകനേ എന്തി-ന്നിത്തരു നീ പേറീ-ടു-ന്നു
ദാവീദിൻ ഗീതം തംബുരു നാദത്തോ-
ടവരാലാപിച്ചി-ട്ടഴലൊടു കേണു.

3. സ്ക്കീപ്പായേന്തീടു-ന്നവനെ കണ്ടപ്പോൾ
സ്ത്രീജനമത്യന്തം മാലൊടു കേണു

അവരുടെ നേരെ താ-നങ്ങു തിരിഞ്ഞോതി
നാരികളേ എന്തി-ന്നിതി കേഴുന്നു ?
യേരുശലേമിന്നായ് മുറവിളി കാന്തന്മാർ-
ക്കാദിതനൂജർക്കായ്നിലവിളി-ഞാൻ നിർമ്മാ-താവാം
യേരുശലേമേ നിൻ നാശമിതാസന്നം
നിൻ സുതർ ദാസ്യത്താൽ ചിതറും നൂനം.

4. സൃഷ്ടിസമൂ-ഹത്തെ ഏന്തീടും വീരൻ
വന്നെത്തിച്ചേർന്നു ഗോഗുൽത്തായിൽ
സീകളെ ശക്ത്യാ സംസ്ഥാപിച്ചോനെ
ഗോഗുൽത്തായിന്മേൽ ശപ്തജനങ്ങൾ
തരുവാം സ്ക്കീപ്പായെ നാട്ടിയവർ തൂക്കി
പാണിയുഗത്തിന്മേൽ ധർമ്മവിഹീ-നന്മാ-രയ്യോ
കാലുകളിന്മേലും ആണിയടിച്ചേറ്റി
തരുവിന്മേൽ തന്നെ നഗ്നം തൂക്കി.

5. സൃഷ്ടികളിൻ നാഥൻ ക്രൂശിതനായ് തീർന്നു
സ്ലീബാ തരുവിന്മേൽ തൂക്കപ്പെട്ടു
എഴുതി തന്മീതെ ഇവനിസ്രാ-യേലിൻ
മന്നൻ രക്ഷകനാം ഈശോയെന്നായ്
വീണിഹ വന്ദിച്ചാർ ഹിതമല്ലെന്നാലും
ദൈവികമായീടും മാനമവൻ-പേർക്ക-ർപ്പിച്ചാ-ർ
പിഴയാലന്ധതയെ പൂണ്ട ജനത്തിൻെറ
തൽ ബഹുമാനത്തെ നീതി ഗ്രഹിച്ചു.

വൊയ്ലെക്സെഹിയൂൻ

സീയോനെ മശിഹായെ ക്രൂശിച്ചോളേ
ഹാ കഷ്ടം ഭാ-ഗ്യം സഭയേ സ്തുതി മഹിതേ

1. ഏറ്റാനടി മൗനം വിധിഗേ-ഹേ വിമലൻ
പൈശൂന്യത്താ-ലീശോയെ പ്രതിയാർത്തു
വിധനാഥാ ഞങ്ങളെ നിന്ദിക്കും
യൗസേപ്പിൻ സുതനെ തൂക്കിടുക
സൗഖ്യദനെ തള്ളുകയാൽ ഭൂവധികം ഭ്രമമാർന്നു.

2. താനടിയേറ്റ-പ്പോൾ ലെഗിയോൻ വിറപൂണ്ടു
സ്രൃഷ്ടാവിനെ ധി-ക്കാരികൾ നി-ന്ദിച്ചതിനാൽ
ചിറകു വിടർ-ത്താരവരെ ചുടുവാൻ
ജനകാംഗ്യം ശമനമവർക്കേകി
തിരുവുളമായ് ദുഷിയേറ്റാൻ തീ പൂണ്ടോർ ശമമാർന്നു.

3. ന്യായേശാ വാ-യിക്കുക നോ-ക്കുക നിയമം
കൊന്നീടുന്നി-ല്ലൊരുനാളും ധാർമ്മികനെ
പ്രതിദാനം കണ്ണിനു കണ്ണല്ലോ
കുരുടർക്കായ് കാഴ്ച കൊടുത്തീശോ
കാണിച്ചീടുക നിയമം ചൊല്ലുന്നെന്തിഹ നീതി.

4. ഘാതകനെങ്കിൽ നിയമത്താ-ലെന്തുളവാം
പ്രാണപ്രദനാ-ണെന്നാലെ-ന്തരുളുന്നു
ലാസറസേ വിധവാ നന്ദനനേ
പ്രഭുസുതയാം ബാലികയേ വരുവിൻ
ഉയിർപൂണ്ടോ-രാം മൃതരേ നിന്ദിപ്പിൻ ക്രൂശകരെ.

5. കുറ്റം ചെയ്താ-നാദം സു-ന്ദരരൂപൻ
ദാസനെ വീണ്ടീ-ടാനുടയോൻ നിന്നുള്ളിൽ
അടിയാനെ പ്രതിയടിയേറ്റുടയോൻ
സ്വകദാസൻ സ്വാതന്ത്ര്യം നേടി
ദോഷിയെ സം-രക്ഷിപ്പാൻ ധർമ്മപരൻ ഹിതമാർന്നു.

6. ക്രൂശകരേ ര-ക്തം വിമലം ഞെട്ടിടുവിൻ
വീരന്മാർ തൻ പുരിയതിനാ-ലഴിയും
പ്രബലപുരി യേരുശലേമിൻെറ
സ്ഥാപനകൾ-ക്കറുതിയടുത്തയ്യോ
സ്ക്കീപ്പായാൽ നിന്നെനശി-പ്പിക്കും നിൻ വിധിയേറ്റോൻ.

7. നീതിവിധി നാ-ഥനു നീ കാ-ണിച്ചിടുക
അന്യായത്തോ-ടുത്തമനെ പിടികൂടി
കായേന്യർ ദോഷികൾ പാവനമാം
ആടിൻ ര-ക്തത്തിനു ദാഹിച്ചു
വിധിനാഥാ ദോഷികളൊ-ത്തഴിയായ്‌വാൻ കരുതിടുക.

8. നാഥാ നീ രക്ഷിച്ചോരാ-നാവുകളും
വായ്കളുമങ്ങേ സ്നേഹത്തെ വാഴ്ത്തുന്നു
സ്തോത്രം തേ മാനവനായോനേ
സ്തോത്രം തേ സ്ലീബായേറ്റോനേ
സ്തോത്രമുയിർത്താരോഹാൽ-വിമലതയെചേർത്തോനേ.

ENGLISH

Woe to you Zi-on who crucified Christ!
Blest are you, Church - for you offer praises

1. The Pure One Who- took lashings - in silence
In their evil - they cried out against Christ
Crucify - him, son of Joseph,
Who deceived - and insulted us
They denied-the Healer,-so the whole-Earth trembled

2. When Christ was struck-the legions did tremble
They spread their wings-to burn down the wicked
For they saw - their Lord, Creator,
Being shamed - by the foolish men
They were calmed - seeing that - He suffered - by
His will

3. O Judge, read and - see what does the law say
Never one just - or innocent is killed
In the Law - it states eye for eye
Christ opened - the eyes of the blind
Show us then - what does the - law say - with true
Justice ?

4. If murderer , - what can Law say of Him?
If Life-giver, - what could be said of Him?
Lazarus, - and the widow’s son,
and the dau-ghter of the ruler
Those of you-who gained life-mock the cru-cifiers

5. Guilty was A-dam, image beautiful
In place of Him - our Lord God entered and
Stood to be- beaten shamefully
His servant - was freed from his guilt
The innocent was pleased - to free - the guilty one

6. Tremble Soldiers! - because His blood is pure
He will destroy the city of the strong
Woe to you - O Jerusalem!
for at hand - is your destruction
The one whom - you condemned - will triumph - with his Cross

7. O Justice come - and show the judge this truth
The righteous one was beaten unjustly
Cain’s children, - those who hate virtues
Thirst for blood - of the blameless lamb
O judge see - so that you - may not perish with them

8. Behold all mouths and tongues that you have saved
Glorify You Lord for Your love towards them
Glory Lord - for You became Man
Glory Lord - for You bore the Cross
Glory Lord - for You were - risen and ascended

സൂഗീസോ

1. ഘാതക ധിക്കാരിയെ വെന്നോൻ
മശിഹാ ധന്യൻ ക്രൂശകിയാം
സെഹ്യോനെ വീഴ്ത്തി സ്നേഹാൽ
ചേർത്താൻ വിശ്വസ്തന്മാരെ.

2. കൊന്നിടുമണലിക്കുഞ്ഞുങ്ങൾ
പെസഹായിൽ കൂട്ടം കൂടി
തൻപ്രിയ ശാന്തിപ്രദനെതിരായ്
ഗൂഢം തന്ത്രം ചിന്തിച്ചാർ.

3. പൈശൂന്യമാതാം തീകൂട്ടി
മതിചലനത്താലാളിച്ചു
ചിന്തകളാകും കരു തീർത്തു
ചതി നിർമ്മിച്ചു രക്ഷകനായ്.

4. സുതനെ നഗ്നം തരുവിന്മേൽ
ക്രൂശിച്ചതു ദർശിച്ചപ്പോൾ
ആടിക്കേണേരുശലേമിൻ
നാരികൾ രോദിപ്പതുകേട്ടേൻ.

5. നാഥസുതൻ തന്നാക്ഷേപം
കണ്ടു സഹിപ്പാൻ കഴിയാതെ
സൂര്യൻ മങ്ങി പ്രഭമാഞ്ഞു
രക്തനിറം ചന്ദ്രൻ പൂണ്ടു.

6. കീറിയ പാണികൾ കണ്ടപ്പോൾ
മുറവിളികൂട്ടി കേണേറ്റം

നാരികൾ കണ്ണീർക്കടലോടെ
രോദനഗേഹം പ്രാപിച്ചു.

7. പുളിവീഞ്ഞും കയ്പുംചേർത്തോ-
രക്കൈ ഹാ ശോഷിച്ചില്ല
ദാഹമെവർക്കും തീർപ്പോനായ്
കാടിയതും കയ്പും നൽകി.

8. അഴലൊടു ശിഷ്യന്മാർപോയി
തായും യൗസേപ്പും കേണു
പട്ടക്കാർ നിന്ദാപൂർവ്വം
വടിയാൽ തന്നെ താഡിച്ചു.

9. അക്ഷികൾ വാനത്തേക്കേറ്റി-
ട്ടട്ടഹസിച്ചാൻ താതനൊടായ്
ഹൈക്ലാ പൂകീടാനാത്മം
തൃക്കൈകളിലർപ്പിക്കുന്നേൻ.

10. മന്ദിരമറയെ താൻ കീറി
തൻമെയ് കുന്തത്താൽ കുത്തി
കബറീന്നും നിർഗ്ഗതരെത്തി
ധിക്കാരികളെ ശാസിച്ചു.

11. വിധിനാഥാ കല്ലറകാപ്പാൻ
നിൻ ഭടരോടാജ്ഞാപിക്ക
എന്നിഹ പീലാത്തോസോടായ്
നിണമോഹികളുദ്ഘോഷിച്ചു.

12\. കഷ്ടത മെയ്യിൽ കൈയേറ്റ
വചനമതാം സ്വയമുദ്ഭൂതൻ
കുരിശിൽ തൂക്കപ്പെട്ടോൻ തൻ
രുധിരത്തിന്നായ് പകവീട്ടി.

13\. തൻ ഗാത്രത്തിന്മേലേറ്റം ധാർഷ്ട്യം ശപ്തന്മാർ കാട്ടി
തൻ നഗരത്തെ നിശ്ശേഷം തൻ ക്രോധം വിദ്ധ്വംസിച്ചു.

ഏവൻഗേലിയോൻ.

ഹാലേലുയ്യാ ഹാലേലുയ്യാ എന്നെ കയ്പവരയ്യോ തീറ്റി
തന്നു കുടിപ്പാൻ കയ്പേറും പാനീയം. ഹാലേലുയ്യാ

വി. മത്തായി 27. 26 - 30, വി. യോഹന്നാൻ 19. 5 - 11,
വി. മർക്കോസ് 15. 21 - 27, വി. ലൂക്കോസ് 23. 26 - 31

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ܐܡܝܢ

ܐܘܢܓܠܝܘܢ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܣܒܪܬܐ ܚܝܬܐ ܟܪܘܙܘܬܐ ܕܡܬܝ

അവർ എല്ലാവരും, ഇവൻ ജനങ്ങളെ വഴിതെറ്റിക്കുകയും കൈസർക്കു നികുതി കൊടുക്കുന്നതു വിലക്കുകയും, മശിഹാ എന്ന രാജാവാണെന്ന് സ്വയം പറയുകയും ചെയ്യുന്നതായി ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു എന്ന് കുറ്റം ചുമത്തിത്തുടങ്ങി. പീലാത്തോസ് യേശുവിനോട്, നീ യഹൂദന്മാരുടെ രാജാവുതന്നെയോ എന്നു ചോദിച്ചു. യേശു അവനോട്, നീ പറഞ്ഞല്ലോ എന്നു പറഞ്ഞു. പ്രഭാതത്തിൽ കയ്യാപ്പായുടെഅടുത്തുനിന്ന് പീലാത്തോസിൻെറ ആസ്ഥാന ത്തേക്ക് അവർ യേശുവിനെ കൊണ്ടുപോയി. പെസഹാ

കഴിക്കുന്നതുവരെ തങ്ങൾ അശുദ്ധരാകാതെയിരിക്കുവാൻ, അവർ ആസ്ഥാനത്തു കടന്നില്ല. അതിനാൽ പീലാത്തോസ് അവരുടെ അടുത്തേക്കുവന്ന്, ഈ മനുഷ്യനിൽ നിങ്ങൾ എന്തു കുറ്റമാണ് ആരോപിക്കുന്നത് എന്നു ചോദിച്ചു. അവർ ഉത്തരമായി അവനോട്, കുറ്റക്കാരൻ അല്ലായിരുന്നെങ്കിൽ ഇവനെ ഞങ്ങൾ നിൻെറയടുക്കൽ ഏൽപ്പിക്കുകയില്ലായിരുന്നു എന്നു പറഞ്ഞു. പീലാത്തോസ് അവരോട്, നിങ്ങൾതന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമപ്രകാരം വിധിച്ചുകൊൾവിൻ എന്നു പറഞ്ഞു. അപ്പോൾ യഹൂദന്മാർ, ആരെയും മരണശിക്ഷയ്ക്കുവിധിയ്ക്കുന്നതിന് ഞങ്ങൾക്ക് അധികാരം ഇല്ലല്ലോ എന്ന് മറുപടി പറഞ്ഞു. ഏതുവിധത്തിലുള്ള മരണമാണ് തനിക്കു വരാനിരിക്കുന്നതെന്ന് യേശു അരുളിച്ചെയ്തിരുന്നത് ഇതിനാൽ നിവൃത്തിയായി. പീലാത്തോസ് ആസ്ഥാനത്തു പ്രവേശിച്ച് യേശുവിനെ വിളിച്ച് അവനോട്, നീ യഹൂദന്മാരുടെ രാജാവാണോ എന്നു ചോദിച്ചു. യേശു അവനോട്, നീ ഇതു സ്വയമായിപറയുന്നതോ, മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു പറഞ്ഞതോ എന്നു ചോദിച്ചു. പീലാത്തോസ് അവനോട്, ഞാൻ യഹൂദനല്ലല്ലോ, നിൻെറ ജനങ്ങളും പ്രധാനാചാര്യന്മാരുമാണ് നിന്നെഎൻെറപക്കൽ ഏൽപ്പിച്ചത്. നീ എന്താണ് ചെയ്തത് എന്നു ചോദിച്ചു. യേശു പറഞ്ഞു, എൻെറ രാജ്യം ഐഹികമല്ല. ആയിരുന്നെങ്കിൽ ഞാൻ യഹൂർക്ക് ഏൽപ്പിക്കപ്പെടാതിരിക്കുവാൻ എൻെറ സേവകർ പോരാടുമായിരുന്നു. എന്നാൽ എൻെറ രാജ്യം ഐഹികമല്ല.

പീലാത്തോസ് അവനോട്, അപ്പോൾ നീ രാജാവാണോ എന്നുചോദിച്ചു. യേശു അവനോട്, ഞാൻ രാജാവാണെന്ന് നീ തന്നെ പറയുന്നു. സത്യത്തെ സാക്ഷ്യപ്പെടുത്തുവാനാണ് ഞാൻ ജനിച്ചത്. ഇതിനായിട്ടാണ് ഞാൻ ലോകത്തിലേക്ക് വന്നതും. സത്യത്തിൽ നിന്നുള്ളവനെല്ലാം എൻെറ സ്വരം കേശക്കുന്നു എന്ന് അരുൾ ചെയ്തു. പീലാത്തോസ് അവനോട്, എന്താണ് സത്യം എന്നു ചോദിച്ചു. ഇതു ചോദിച്ചിട്ട് പീലാത്തോസ് വീണ്ടും യഹൂദന്മാരുടെ അടുത്തു ചെന്ന് അവരോടു പറഞ്ഞു. ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. എന്നാൽ പെസഹാ ദിവസം ഒരാളെ ഞാൻ നിങ്ങൾക്ക് സ്വതന്ത്രനായി വിട്ടു തരുന്ന പതിവുണ്ടല്ലോ. അതിനാൽ യഹൂദന്മാരുടെ ഈ രാജാവിനെ ഞാൻ നിങ്ങൾക്കു വിട്ടുതരട്ടെയോ? അവർ, ഈ മനുഷ്യനെ അല്ല, ബറബ്ബാസിനെ വിട്ടുതരിക എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ബറബ്ബാസ് ആകട്ടെ ഒരു ദുഷ്ക്കർമ്മിയായിരുന്നു. പീലാത്തോസ് വീണ്ടുംഅവരോട്, യഹൂദന്മാരുടെരാജാവെന്ന് നിങ്ങൾ വിളിക്കുന്നവനെ ഞാൻ എന്തു ചെയ്യണം എന്നു ചോദിച്ചു. അവർ വീണ്ടുംനിലവിളിച്ച്, അവനെ ക്രൂശിക്കുക എന്നു പറഞ്ഞു. പീലാത്തോസ് അവരോട്, അവൻ എന്തു കറ്റംചെയ്തു എന്നു ചോദിച്ചു. ഉടനെ അവർ കൂടുതൽ ഉച്ചത്തിൽ നിലവിളിച്ച് അവനെ ക്രൂശിക്കുക എന്നു പറഞ്ഞു. അപ്പോൾ പീലാത്തോസ് ജനത്തിൻെറ ഇഷ്ടം പോലെ ചെയ്യുവാൻ നിശ്ചയിച്ച്, ബറബ്ബാസിനെ അവർക്കു വിട്ടുകൊടുക്കുകയും, യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച

ശേഷം കുരിശിൽ തറയ്ക്കുന്നതിന് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. പ്രധാനചാര്യന്മാരും ജനപ്രമാണികളും അവനെതിരെ കുറ്റം ചുമത്തിയപ്പോൾ യേശു ഒരു മറുപടിയും പറഞ്ഞില്ല. അപ്പോൾ പീലാത്തോസ് അവനോട്, ഇവൻ നിനക്കു വിരോധമായി എന്തെല്ലാം സാക്ഷ്യമാണ് നൽകുന്നതെന്ന് നീ കേൾക്കുന്നില്ലയോ എന്നു ചോദിച്ചു. അവൻ അതിന് ഒരു വാക്കുപോലും മറുപടി പറഞ്ഞില്ല. തന്നിമിത്തം പീലാത്തോസ് അത്യന്തം ആശ്ചര്യപ്പെട്ടു. പീലാത്തോസ് പ്രധാനാചാര്യന്മാരോടും ജനക്കൂട്ടത്തോടും ഈ മനുഷ്യനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്നു പറഞ്ഞു. അവർ അട്ടഹസിച്ച് ഇവൻ ഗലീല മുതൽ ഇവിടം വരെ യഹൂദ്യയിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കിവിടുന്നു എന്നു പറഞ്ഞു. ഗലീല എന്നു കേട്ടപ്പോൾ പീലാത്തോസ്, ഇവൻ ഗലീലക്കാരനാണോ എന്നു ചോദിച്ചു. ഹേറോദേസിൻെറ അധികാരത്തിലുള്ളവനാണെന്ന് പീലാത്തോസ് അറിഞ്ഞപ്പോൾ, ആ സമയത്ത് ഹേറോദേസ് യെരുശലേമിൽ ഉണ്ടായിരുന്നതിനാൽ, അവൻെറ അടുക്കലേക്ക് യേശുവിനെ അയച്ചു. യേശുവിനെ കണ്ടപ്പോൾ ഹേറോദേസ് വളരെ സന്തോഷിച്ചു. എന്തെന്നാൽ അവൻ യേശുവിനെക്കുറിച്ച് പലതും കേട്ടിരുന്നതിനാൽ വല്ല അത്ഭുതവും അവനിൽനിന്നുകാണാമെന്ന് ആഗ്രഹിച്ചിരുന്നു. അവൻ യേശുവിനോട് പലതും ചോദിച്ചു. അവൻ ഉത്തരമൊന്നും പറഞ്ഞില്ല. എന്നാൽ പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും അവനിൽ ശക്തിയായി കുറ്റം

ചുമത്തിക്കൊണ്ടു നിന്നിരുന്നു. ഹേറോദേസും അവൻെറ സേവകരും യേശുവിനെ ഭോഷനാക്കി തിരിച്ചയച്ചു. അന്നേദിവസം പീലാത്തോസും ഹേറോദേസും തമ്മിൽ സ്നേഹിതരായിത്തീർന്നു. മുമ്പ് അവർ ശത്രുക്കളായിരുന്നു. പ്രധാനാചാര്യന്മാരെയും പ്രമാണികളെയും ജനങ്ങളെയും വിളിച്ച് പീലാത്തോസ് ഇപ്രകാരം പറഞ്ഞു. നിങ്ങളുടെ ജനങ്ങളെ തെറ്റിക്കുന്നവനെന്നനിലയിൽ നിങ്ങൾ ഈ മനുഷ്യനെ എൻെറ അടുക്കൽ കൊണ്ടുവന്നല്ലൊ. ഞാൻ നിങ്ങളുടെ മുമ്പിൽവച്ച് വിസ്തരിച്ചതിൽ നിങ്ങൾ ആരോപിക്കുന്ന ഒരു കുറ്റവും ഈ മനുഷ്യനിൽ കണ്ടില്ല. ഹേറോദേസിൻെറ അടുക്കലേക്ക് അവനെ അയച്ചിട്ട് ഹേറോദേസും കുറ്റമൊന്നുംകണ്ടില്ല. ഇതാ മരണാർഹമായ യാതൊന്നും ഇവൻ ചെയ്തിട്ടില്ല. അതുകൊണ്ട് ഇവനെ ഞാൻ ശിക്ഷിച്ച് ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയയ്ക്കും. പെരുന്നാൾ തോറും ജനങ്ങൾ ഇച്ഛിക്കുന്ന ഒരു തടവുകാരനെ നാടുവാഴി അവർക്കു വിട്ടുകൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു. ബറബ്ബാസ് എന്ന കുപ്രസിദ്ധനായ ഒരുവൻ തടവിൽ അടയ്ക്കപ്പെട്ടിരുന്നു. അതിനാൽ അവർ ഒത്തുകൂടിയപ്പോൾ പീലാത്തോസ് അവരോട്, ഞാൻ ആരെ മോചിപ്പിക്കണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്, ബറബ്ബാസിനെയോ, മശിഹാ എന്നുവിളിക്കുന്ന യേശുവിനെയോ എന്നു ചോദിച്ചു. എന്തെന്നാൽ അസൂയ നിമിത്തമാണ് അവർ യേശുവിനെ ഏൽപ്പിച്ചതെന്ന് പീലാത്തോസിന്അറിയാമായിരുന്നു. അവൻന്യായാസനത്തിൽ

ഇരിക്കുമ്പോൾ അവൻെറ ഭാര്യ ആളയച്ച് ആ നീതിമാൻെറ കാര്യത്തിൽ ഇടപെടരുത്, അവൻ നിമിത്തം ഞാൻ ഇന്ന് സ്വപ്നത്തിൽ വളരെ കഷ്ടത സഹിച്ചു എന്നു പറയിച്ചു. എന്നാൽപ്രധാനചാര്യന്മാരുംജനപ്രമാണികളും ബറബ്ബാസിനെ മോചിപ്പിക്കണമെന്നും യേശുവിനെ വധിക്കണമെന്നും ആവശ്യപ്പെടാൻജനങ്ങളെപ്രേരിപ്പിച്ചു. നാടുവാഴി പിന്നെയും അവരോട്, ഇവർ രണ്ടു പേരിൽ ആരെ മോചിപ്പിക്കണെ മെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നു ചോദിച്ചു. അവർ ബറബ്ബാസിനെ എന്നു പറഞ്ഞു. പീലാത്തോസ് മൂന്നാമതും അവരോട്, ഇവൻ എന്തു കുറ്റം ചെയ്തു? വധശിക്ഷാർഹമായ യാതൊരു കുറ്റവും ഇവനിൽ കണ്ടില്ല. അതുകൊണ്ട് ഇവനെ ശിക്ഷിച്ച് അടിപ്പിച്ച് വിട്ടയയ്ക്കാം എന്നു പറഞ്ഞു. ബഹളം വർദ്ധിക്കുന്നതല്ലാതെ പ്രയോജന മൊന്നും ഉണ്ടാകുന്നില്ലെന്നു കണ്ട് പീലാത്തോസ് വെള്ള മെടുത്ത് ജനത്തിൻെറ മുമ്പാകെ തൻെറ കൈകൾ കഴുകിക്കൊണ്ട്, ഈ നീതിമാൻെറ രക്തത്തിൽ എനിക്കു പങ്കില്ല, നിങ്ങൾ നോക്കിക്കൊള്ളുവിൻ എന്നു പറഞ്ഞു. ജനമെല്ലാംഉത്തരമായി, അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെമക്കളുടെമേലും ആയിരിക്കട്ടെ എന്നുപറഞ്ഞു. എന്നാൽ അവർ യേശുവിനെ ക്രൂശിക്കണെ മെന്ന് തുടരെ അട്ടഹസിച്ചുകൊണ്ട് നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. അവരുടെയും പ്രധാനാചാര്യന്മാരുടെയും ശബ്ദം ശക്തിപ്പെട്ടുവന്നു. അപ്പോൾ പീലാത്തോസ് അവരുടെ അപേക്ഷപ്രകാരമാകട്ടെ എന്നു കൽപ്പിച്ചു. കലാപവും

കൊലപാതകവും നിമിത്തം തടവിൽ ഇട്ടിരുന്നവനെ അവരുടെ അപേക്ഷയനുസരിച്ച് അവർക്കു വിട്ടുകൊടുത്തു. പീലാത്തോസ് യേശുവിൻെ ചമ്മട്ടികൊണ്ട് അടിപ്പിച്ചശേഷം ക്രൂശിക്കുന്നതിനായി അവരെ ഏൽപ്പിച്ചു. അപ്പോൾ നാടുവാഴിയുടെപടയാളികൾ യേശുവിനെ അരമനയിലേക്ക് കൊണ്ടുപോയി. പടയാളികളുടെസർവ്വവൃന്ദവും യേശുവിനു ചുറ്റും കൂടിയിരുന്നു. അവർ അവൻെറ ഉടുപ്പ് ഉരിഞ്ഞ് ഒരു ചുവന്ന പുറങ്കുപ്പായം ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം ഉണ്ടാക്കി അവൻെറ തലയിൽ വച്ചു. വലത്തെ കയ്യിൽ ഒരു കോലുംകൊടുത്തു. അവനന്തരം അവൻെറ മുമ്പിൽ മുട്ടു കുത്തി, യഹൂന്മാരുടെ രാജാവേ സമാധാനം എന്നു പറഞ്ഞ് പരിഹസിച്ചു. അവർ അവൻെറ മുഖത്തു തുപ്പുകയും കോലെടുത്ത് തലയിൽ അടിക്കുകയുംചെയ്തു. ഇങ്ങനെ അവനെ പരിഹസിച്ചശേഷം അവർ ചുവന്ന പുറങ്കുപ്പായം മാറ്റി സ്വന്തവസ്ത്രങ്ങൾ ധരിപ്പിച്ച് അവനെ ക്രൂശിക്കുവാൻ കൊണ്ടുപോയി. ⁜ ܫܘܒܚܐ ⁜ ܠܟ ܡܪܝܐ

കൗമാ

ചോദ്യം നിജദാസനിൽ നിന്നേ-റ്റോൻ മശിഹാ
വിധിനാ-ളൻപാലടിയാരിൽ ദയ ചെയ്ക. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ

നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - was questioned in trial (court) - by His Servant have Mercy on us on Judgment day (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܬܢܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܥܘܕܪܢܐ ⁜ ܘܥܠܝܢ ܚܛܝܐ ܪ̈ܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪ̈ܥܐ ܕܐܘܪܫܠܡ ܕܠܥܠ ⁜ ܘܒܥܘܬܢ ܬܗܘܐ ܩܕܡ ܡܪܢ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܘܰܦܨܳܢ ܡܶܢ ܒܺܝܫܳܐ. ܡܶܛܽܠ ܕܕܺܝܠܳܟ݂ ܗ݈ܝ ܡܰܠܟܽܘܬ݂ܳܐ. ܘܚܰܝܠܳܐ
ܘܬܶܫܒ̈ܽܘܚܬ݂ܳܐ ܠܐܰܒܳܐ ܘܰܠܒܪܳܐ ܘܰܠܪܽܘܚܳܐ ܕܩܽܘܕܫܳܐ
ܠܥܳܠܰܡ ܥܳܠܡܺܝܢ ܀ ܐܰܡܺܝܢ ܀

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻ്റെ രാജ്യം വരണമെ. നിൻ്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം



വലിയ വെള്ളിയാഴ്ച ഒന്നാമത്തെ പ്രദക്ഷിണം

(മൂന്നാം മണിയുടെ പ്രാർത്ഥനയ്ക്കുശേഷം പട്ടക്കാരൻ മാത്രം അംശവസ്ത്രംധരിച്ച് മ്നൊർത്തോയിന്മേൽ നാട്ടിയിരിക്കുന്ന കുരിശെടുത്ത് അതിലെ ഊറാറ നീക്കം ചെയ്തിട്ട് പട്ടക്കാരൻെറ വലതുതോളിൽ ഒരു വെള്ളത്തുണിയിട്ട് ആ തുണിയിന്മേൽ കുരിശു വെച്ച് വഹിച്ചുകൊണ്ട് എല്ലാവരുംകൂടി പള്ളിയുടെ തെക്കേവാതിൽവഴി പുറപ്പെട്ട് ഒരു പ്രദക്ഷിണംവെച്ച് വടക്കേവാതിൽവഴി അകത്തു പ്രവേശിക്കുന്നു ഈ പ്രദക്ഷിണത്തിൽ കുടി, കൊടി, മേക്കട്ടി ആദിയായവയൊന്നും ഉപയോഗിക്കേണ്ട ആവശ്യമില്ലാത്തതും എല്ലാവരും വളരെ വിനയമായും ശാന്തമായും ഇതിൽ സംബന്ധിക്കേണ്ടതുമാകുന്നു. പ്രദക്ഷിണസമയത്ത് താഴെ കാണുന്ന ഗീതം ചൊല്ലാം.)

കദ്നോഫേക്മെൻ

സ്ലീബാ തോളിന്മേൽ താങ്ങി കോട്ടയെവിട്ടു പുറപ്പെട്ടാൻ
നെടുവീർപ്പൊടുനിലവിളി കൂട്ടാൻ മേളിച്ചെബ്രായാംഗനമാർ
അറിയുന്നോരേവരുമൊന്നി-ച്ചകലത്തായ് നിന്നാൾ ജനനി
ബഹുസങ്കടവും വ്യാകുലവും പൂണ്ടവൾ പ്രാവുസമം കേണു
എങ്ങെൻ മകനെ വത്സലനേ, എങ്ങിവർ നിന്നെനയിക്കുന്നു
വിദ്വേഷികളുടെ കൈകളിൽ നീ-യെന്തിനു തനിയേയേല്പിച്ചു
ഹാ മകനേ, മമ വത്സലനേ എന്തു നിനക്കു ഭവിച്ചിന്നാൾ
ഞങ്ങൾക്കായുളവായൊരുനിൻ വ്യഥയുംതാഴ്മയുമ-തിധന്യം



Cross He carried on shoulders
As He came out from the fort
Hebrew women assembled
Weeping and wailing for Him
His Mother stood from afar
With her kin waiting for Him
Overcome with grief and pain.
Like a dove she moaned and cried,
“Where, where are they taking You
My Son, my beloved one?
Why did You give Yourself up
Unto these ungrateful ones?
My Son, my beloved One
O, what has befallen You?
Blessed is Your lowliness
And Your passion for - our - sake.”




പള്ളിയുടെ നാലുവശത്തും ചെല്ലുമ്പോൾ ഇതു ചൊല്ലണം. *വടക്ക്, പടിഞ്ഞാറ്, തെക്ക്, കിഴക്ക് എന്നീ ക്രമത്തിൽ*

As He was coming out from the city, carrying His Cross on His shoulder, the Hebrew women were gathered weeping over Him bitterly. His Mother was standing afar, with all her acquantances, and as a dove, she began to moan with grief and sorrow: Whither my Son, whither my beloved One are You going ? Where are they taking you away ? Why did You give up Yourself in the hands of the ungrateful people ? Woe is me, my Son. Woe is me, my beloved One. What happened to You, today ? Blessed be Your Passion for us and Your humility on our account.

നമ്മുടെ കർത്താവ് സെഹിയോൻ കോട്ടയുടെ ഉള്ളിൽനിന്ന് പുറപ്പെട്ടപ്പോൾ തൻ്റെ സ്ലീബായെ തോളിൽ വഹിച്ചു. സങ്കടത്തോടെ തന്നെക്കുറിച്ചു കരയുവാൻ എബ്രായ സ്ത്രീകൾ കൂട്ടമായി കൂടി. തൻ്റെ മാതാവും അവളെ അറിയുന്ന എല്ലാവരും ദൂരെനിന്നു. മാതാവ് വലിയ സങ്കടത്തോടും ദുഃഖത്തോടുംകൂടെ "എൻ്റെ പുത്രാ, നീ എവിടേക്കു പോകുന്നു ? ഇവൻ നിന്നെ എവിടേക്കു കൂട്ടി കൊണ്ടുപോകുന്നു" ? എന്നു പ്രാവിനെപ്പോലെ കുറുകി ക്കരയുവാൻതുടങ്ങി. അയ്യോ നിഷേധികളായ ജനത്തിൻ്റെ

കയ്യിൽ നീ നിന്നെ എന്തിന് ഏല്പിച്ചുകൊടുത്തു. എൻെറ പുത്രാ എനിക്കു കഷ്ടം, എൻെറ വാത്സല്യവാനേ, എനിക്കു കഷ്ടം. ഇന്നു നിനക്ക് എന്തു സംഭവിച്ചു. ഞങ്ങൾക്കുവേണ്ടിയുണ്ടായ നിൻെറ കഷ്ടാനുഭവവും, ഞങ്ങളെ പ്രതിയുള്ള നിൻെറ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

പ്രദക്ഷിണം കഴിഞ്ഞ് പള്ളിയിൽ പ്രവേശിച്ചശേഷം അഴിക്കകത്ത് മദ്ബഹാ വാതിലിനു വടക്കുവശത്തായി മ്നൊർത്തോയിൽ കുരിശു നാട്ടി മറുവഹസാകൾ കൂടാതെ ഇരുവശവും കത്തിക്കാത്ത മെഴുകു തിരികൾ മാത്രംവച്ച്, അതിനു മുമ്പിലായി ഒരുമേശയിട്ട് വിരിച്ചൊരുക്കി ആ മേശയുടെ മുമ്പിൽ നിന്നുകൊണ്ട് ഉച്ചയുടേയും ഒമ്പതാംമണി സമയത്തേയും പ്രാർത്ഥനകൾ കഴിക്കുന്നു. അതിനിശേഷം കുരിശെടുത്ത് ആ മേശമേൽവച്ച് ഇരുവശവും മെഴുകുതിരികൾ കത്തിച്ചുവെച്ച് പട്ടക്കാരും ശെമ്മാശ്ശന്മാരും അംശവസ്ത്രങ്ങളും ധരിച്ചു കൊണ്ട് സ്ലീബാവന്ദനവിൻെറ ക്രമം ആരംഭിക്കുന്നു.



കൗമാ

ܒܪܝ ܩܘܢ ܕܚܫܡ

ദാസൻ വിധിസമയത്താക്ഷേപിച്ചോനേ
മശിഹാ വിധിദിവസേ കനിവാൽ കൃപ ചെയ്ക. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - was treated with shame - by His servant have Mercy on us on - Judgment day. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܬܝܐ * ܘܠܪܘܚܐ ܩܘܕܫܐ ܗܫܐ
ܘܒܟܠܙܒܢ * ܘܠܥܠܡ ܥܠܡܝܢ ܐܡܝܢ * ܢܬܦܢܐ
ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ * ܘܥܠܝܢ ܢܗܘܐ ܚܢܢܐ
ܘܡܚܣܢܐ * ܡܪܝܐ ܚܘܣ ܥܠܝܢ ܡܪܝܐ ܚܘܣ ܥܠܝܢ
ܡܪܝܐ ܚܘܣ ܘܪܚܡ ܥܠܝܢ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാന ത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ

സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറരക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെരക്ഷിച്ചുകൊള്ളണമെ. എൻെറനാവ് നിൻെറനീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറവായ്നിൻെറസ്തുതികൾപാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ

നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ഹൗദഹവോ ബുക്റോ എന്നപോലെ

1 സ്ലീബായും പീഡകളും പേറി, മുള്ളിൻ
മുടി കൈയ്യേറ്റോനേ ദേവാ ദയ ചെയ്തീടണമേ.

2 ആദത്തെ സുതസഹിതം കാപ്പാൻ, സ്വഹിതാൽ
തരുവതിലാരൂഢാ ദേവാ ദയ ചെയ്തീടണമേ.

3 പരിഹാസം ചെയ്വാൻ തൻതലയിൽ, മുള്ളിൻ
മുടിയവരണിയിച്ചു ദേവാ ദയ ചെയ്തീടണമേ.

4 സ്ക്കീപ്പാമേൽ തന്നെ കണ്ടപ്പോൾ, പകലോ-നിരുളാൽ
പ്രഭനീക്കി, ദേവാ ദയ ചെയ്തീടണമേ.

5 സ്ലീബായാൽ മർത്യരെരക്ഷിപ്പാൻ, താണോ-
രുന്നതനേ സ്തോത്രം, ദേവാ ദയ ചെയ്തീടണമേ.

ܦܪܘܡܝܘܢ

ܫܝܢܐ ܠܟܘܢ ܘܫܘܒܚܐ ܘܚܝܠܐ ܠܗ ܡܪܝܐ ܡܫܝܚܐ ❈ ܡܪܝܐ ܡܬܪܚܡܢܐ
ܕܐܬܐ ܠܟܠܢ ܘܠܒܪܐ ❈ ܠܬܫܒܘܚܬܐ ܘܠܬܘܕܝܬܐ ܘܠܩܘܪܒܢܐ ܘܠܩܘܠܣܐ
ܘܡܫܒܚܐ ܕܠܐ ܫܘܠܡ ܕܟܠܗ ܝܘܡܬܐ ܒܟܠ ܙܒܢ
ܘܠܥܠܡ ܥܠܡܝܢ ܐܡܝܢ ❈

ഞങ്ങൾക്കുവേണ്ടിയുള്ള തൻെറ മരണംമൂലം സ്വമനസ്സാൽ കുരിശുമരണംവഹിച്ചവനായി സ്വശക്തിയാൽ സൃഷ്ടികളെ വഹിച്ചവനായി സ്വശക്തിയാൽ സൃഷ്ടികളെ വഹിച്ചിരിക്കു

ന്നവനും ബലവാനും തന്റെ പുണ്യരക്തം ചിന്തി മനുഷ്യരുടെ കടച്ചീട്ട് കീറിക്കളഞ്ഞ അദൃശ്യനും ഉന്നതനും സൃഷ്ടിക്കപ്പെടുകയും തൃക്കൈനീട്ടലാൽ ഭൂലോകത്തിന്റെ എല്ലാ അതിരുകളെയും പിടിക്കുകയും ചെയ്ത നിർമ്മലനും സ്വമഹിമയുടെ ഉദയത്തിൽനിന്ന് മാറാതെ ഞങ്ങളെ രക്ഷിപ്പാനായിട്ട് ഞങ്ങളുടെ മനുഷ്യത്വത്തിന്റെ പശ്ചിമ ഭാഗത്തേക്ക് വാഹനമേറിയ പ്രകാശത്തിന്റെയും ഉദയത്തി ന്റെയും നാഥനും ആയ കർത്താവിന് സ്തുതി. തനിക്ക് ആറാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുല്ഹൂൻ---

ܗܒܘܢ

ആറു വചനങ്ങൾകൊണ്ട് ലോകത്തേയും അതിലുള്ള സകലത്തേയും സൃഷ്ടിച്ചു തന്റെ ജ്ഞാനത്താൽ ക്രമപ്പെടുത്തിയ ജ്ഞാനമുള്ളസൃഷ്ടാവായ നിനക്കുസ്തുതി, നിനക്കു കീർത്തനം. നിന്റെ ഏകപുത്രൻ തന്റെ കഷ്ടാനുഭവത്തിന്റെ ആറുദിവസംകൊണ്ട് എല്ലാ സൂചനകളെയും നിറവേറ്റി. സൃഷ്ടിയെ പുതുക്കി ആ പരമസ്വതന്ത്രൻ വെള്ളിയാഴ്ച അറുതിയില്ലാത്ത അനുസരണംകാണിച്ച് ഞങ്ങളുടെ ആദ്യപിതാവായ ആദാമിന്റെ ആജ്ഞാലംഘനത്തെ ഇല്ലായ്മ ചെയ്തു. ഏകജാതനായ ദൈവം വെള്ളിയാഴ്ച കുരിശിന്മേൽ

തൃക്കൈകൾ നീട്ടി ആദ്യനായ ആദാം കൊതിയോടെ കനിയിലേക്ക് നീട്ടിയതായ അവൻെറ കൈ സ്വസ്ഥതപ്പെടുത്തി. രക്തത്തിനും കൊലയ്ക്കും ദാഹിച്ചിരി കൊലപാതകന്മാരിൽനിന്ന് അവന് വേണ്ടി കഷ്ടതയും കുരിശുമരണവും കൈക്കൊണ്ടു. കരിങ്കല്ലിനേക്കാൾ കഠിയമായിരുന്ന അവരുടെ ഹൃദയം ഉണ്ടായ കാര്യങ്ങളെ തിരിച്ചറിഞ്ഞില്ല. അവരുടെ സ്വന്തകൃത്യങ്ങളെക്കുറിച്ച് ചാഞ്ചല്യം ഉണ്ടായതുമില്ല. ഏകജാതനായി വചനമായിരി ക്കുന്ന ദൈവമാണെന്ന് കർത്താവിനെകണ്ടിട്ടും അറിഞ്ഞിട്ടും തനിക്കു വിരോധമായി പ്രതികൂലിച്ചതിനാൽ അവർക്ക് കഷ്ടം തങ്ങളുടെആത്മാക്കളെ അവർ സ്വാതന്ത്ര്യപ്പെടുത്തു കയൊ അവരുടെ കൈ കഴുകുകയോ ചെയ്യാതെ അവരുടെ ഹൃദയകാഠിന്യത്തിൽ അവർ നിലനിൽക്കുകയും കൊല ചെയ്വാനായിട്ട് അവർ ഒരുങ്ങുകയുംചെയ്തു. കുറ്റമില്ലാത്ത രക്തം ചിന്നിപ്പാനായി അവർ സന്നദ്ധരാകു കയും രക്ഷിതാവിൻെറ മേൽ കൈവച്ച് കുറ്റം ചുമത്തു കയും ചെയ്തു. അവർ തന്നെ ശുഷ്കാന്തിയോടെ പിടികൂടി ന്യായവിധിക്കായി കൊണ്ടു ചെന്ന് ന്യായാധിപനെ ഏൽപ്പിച്ചു. അവർ തന്നെ കുരിശു ചുമപ്പിക്കുകയും ഗോഗുൽത്തായിലേക്ക് നേരെ കൊണ്ടു പോകുകയും ഭൂമിയുടെമദ്ധ്യത്തിൽ നാട്ടിയിരുന്നകുരിശിന്മേൽ കരേറ്റുകയും ചെയ്തു. തൻെറ മഹിമയുടെ ശിരസ്സിൽ അവർ മുൾക്കിരീടം വയ്ക്കുകയും തിരുമുഖത്തു തുപ്പുകയും അധിക്ഷേപിച്ചു ചുവപ്പുകുപ്പായം ധരിപ്പിക്കുകയും ചെയ്തു.

അവർ തന്നെ കാടിയും കയ്പും കുടിപ്പിക്കുകയും തൃക്കൈകളിലും തൃക്കാലുകളിലും ആണി തറയ്ക്കുകയും ചെയ്തു. തൻെറ വിലാവിൽ കുന്തംകൊണ്ടു കുത്തുകയും ജീവനെയും മരണത്തേയും സൂചിപ്പിക്കുന്ന ചോരയും വെള്ളവും അതിൽനിന്ന് ഒഴുകുകയും ചെയ്തു. 'എൻെറ ദൈവമേ എൻെറ ദൈവമേ നീ എന്നെ ഉപേക്ഷിച്ചത് എന്തുകൊണ്ടാണ്' എന്നിങ്ങനെ താൻ ഉന്നത ശബ്ദത്തിൽ അട്ടഹസിച്ചു പറഞ്ഞു. തൻെറ ശബ്ദത്താൽ ഭൂമി കുലുങ്ങുകയും പാറ പൊളിയുകയും സൂര്യൻ ഇരുണ്ടു പോകുകയും തീക്കൽപ്പാറകൾപൊട്ടിച്ചിതറുകയും ചെയ്തു. ദേവാലയത്തിൻെറ തിരശ്ശീല മുടിമുതൽ അടിവരെ കീറി. അഗ്നിമയന്മാർ അന്ധാളിക്കുകയും ആത്മമയന്മാർ വിറയ്ക്കുകയും സഹചരികൾ പരിഭ്രമിക്കുകയും ദൂതന്മാർവിസ്മയിക്കുകയും ക്രൂബേന്മാർ വിറയ്ക്കുകയും തങ്ങളുടെ കർത്താവ് മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നത് കണ്ടിട്ട് സ്രാപ്പേന്മാർ ചുളുങ്ങുകയും ചെയ്യുന്നു. തൻെറ സൃഷ്ടാവിൻെറ നഗ്നത കാണാതിരിപ്പാനായി സൂര്യൻ അതിൻെറ രശ്മികളെ മറച്ചുകളഞ്ഞു. നിത്യപ്രകാശം മരത്തിന്മേൽ തൂക്കപ്പെട്ടത് കാണുകയാൽ നട്ടുച്ചയ്ക്ക് അന്ധകാരം ഉണ്ടായി. ശിഷ്യന്മാർ ഓടിഒളിക്കുന്നു. സ്നേഹിതന്മാർ ചിന്നിച്ചിതറുന്നു. "ബ്രക്യായുടെ പുത്രാ ഉണർന്ന് എഴുന്നേൽക്ക, ഇടയൻ അടിയേറ്റു. അവൻെറ ആടുകൾ ചിതറിപ്പോയി" എന്നുള്ള നിൻെറ ദീർഘദർശനം ഇതാ നിറവേറിയിരിക്കുന്നു. അഗ്നിമയന്മാരെിവിടെ?

അഗ്നി ജ്വാലയെ ധരിച്ചിരിക്കുന്നവരെവിടെ? മീഖായേലേ നിൻെറ വൈരാഗ്യം എവിടെ? അസൂറിയാക്കാരുടെ ആയിരങ്ങളെ കൊലചെയ്ത നിൻെറ വാൾ എവിടെ? ദൂതന്മാരുടെ തലവനായ ഗബ്രിയേലേ നിൻെറ ഉഗ്രത എവിടെ? ശിഷ്യന്മാരേ നിങ്ങൾ ഭയപ്പെടേണ്ട. ശക്തിപൂണ്ട് ധൈര്യപ്പെട്ട് ഒന്നിച്ചുകൂടുവിൻ. ഇന്ന് നിങ്ങളുടെ ഗുരു അടിയേൽക്കുന്നെങ്കിൽ ദീർഘദർശി അദ്ദേഹത്തെക്കുറിച്ച് ഉൽഘോഷിച്ചിട്ടുള്ളപ്രകാരം ഞായറാഴ്ച താൻ ജീവിച്ചെഴുന്നേൽക്കും. ശെമഓാനേ, നീ എവിടേക്ക് പോകുന്നു? യോഹന്നാനേ, നീ എവിടേക്ക് ഓടുന്നു? ബർത്തുൽമായേ നീ എവിടേക്ക്ഓാടിഒളിക്കുന്നു ? തോമ്മായേ നീ എവിടേക്ക് മാറുന്നു? ഫിലിപ്പോസേ നീ എവിടേക്ക് അകലുന്നു? അന്ത്രയോസേ നീ എന്തിനു ദുഃഖിക്കുന്നു? യാക്കോബേ നീ എന്തിനു വിലപിക്കുന്നു? ലാബീ നീ എന്തിനു കരയുന്നു? ശ്ലീഹന്മാരേചിതറിപ്പോകുവാനായിട്ട് നിങ്ങൾ വെമ്പരുതേ. ഇന്ന് നിങ്ങൾ ഓടിപ്പോയാലും ഞായറാഴ്ച ഒന്നിച്ചുകൂടും. ഇന്ന് ഭയത്താൽഒളിക്കുന്നതിനുള്ള ഓട്ടമാണ്. ഞായറാഴ്ച ആനന്ദത്തിനുള്ള കൂട്ടമാണ്. ഇന്ന് ഭയവും വിറയലുമത്രെ. ഇന്നു നിങ്ങളുടെ കൂട്ടത്തിന് വിലാപം, ഞായറാഴ്ച സന്തോഷവും ആനന്ദവും. നിങ്ങളുടെ ഗുരു ശവക്കല്ലറ കളിൽനിന്ന് ജീവിച്ചെഴുന്നേറ്റെന്ന്കേൾക്കുമ്പോൾ യൂദന്മാർ ദുഃഖിച്ച് വിലപിക്കും. ഇതു ഹേതുവായിട്ട് ഞങ്ങളുടെ മശിഹാതമ്പുരാനേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. നിൻെറരക്ഷാകരമായ ഈ കഷ്ടാനുഭവനാളിൽ കഷ്ടത

യില്ലാത്തവരും ഉപദ്രവമില്ലാത്തവരുമായി ഞങ്ങളെ ആക്കിത്തീർക്കണമെ. എല്ലാ പാപദുർവ്വികാരങ്ങളിൽനിന്നും ഞങ്ങളെ വേർപ്പെടുത്തണമെ. നിൻെറ ദിവ്യ ശക്തിയാലും നിൻേറയും നിൻെറപിതാവിൻെറയും പരിശുദ്ധറൂഹായുടേയും കൃപയാലും ഞങ്ങൾ ശത്രുവിൻെറ വ്യാപാരങ്ങളെ എല്ലാം ജയിക്കുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ മ്ശീഹോ നാത്താർ ല്ഈത്തോക്ക്

ദൈവം സ്ക്കീപ്പാമേൽ തൂങ്ങി-സൃഷ്ടികളതിസങ്കടമാർന്നു
ആകാശത്തിലെ സൈന്യങ്ങൾ ഭയമൊടുവിഹ്വലരായ്മേവി
പീലാത്തോസിൻ സന്നിധിയിൽ
മൗലി വണങ്ങിയ സുതനെ ക-ണ്ടപ്പോൾ
നിന്ദിതനാഥനെ സൂക്ഷിച്ചാ-സൂര്യൻ രശ്മികളെ നീക്കി
സൃഷ്ടികളെയെല്ലാ-മേന്തുന്നോനെ പിഴയെന്യേ
നിന്ദിതമണ്ണു വിധിച്ചപ്പോൾ ആഴികളും ഭൂമീതലവും
സംഭ്രമമാർന്നു. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ---

പാർത്താലത്യന്തം ശ്രേഷ്ഠം സത്യം മോഷകവിശ്വാസം
ആണികൾ പാണിതലങ്ങളിലും പാദങ്ങളിലും പേറുമ്പോൾ
ക്രൂശിതനാമുടയോനോടായ്
പാപവിമോചമർത്ഥിച്ചാൻ
സത്യം ചെയ്താൻ കീപ്പാ ഞാ-നവനെ അറിയുന്നില്ലെന്നാൻ

പ്രതി, യോഹന്നാനും ശിഷ്യന്മാരും വിട്ടോടി
നാഥാ രാജ്യേ നിൻവരവിൽ സ്മൃതിചെയ്യണമെന്നെയെന്നാ-
ഘാതകനാർത്തു. മൊറിയോ--

അല്ലെങ്കിൽ

ദൈവം ക്രൂശിൽ തൂക്കപ്പെട്ടിരിക്കുന്നു. സൃഷ്ടികൾ വില പിച്ചു. പീലാത്തോസിൻെറ മുമ്പാകെ തലകുനിച്ചുനിൽക്കുന്ന പുത്രനെ കണ്ടിട്ട് സ്വർഗ്ഗീയസൈന്യങ്ങൾ ഭയത്തോടും വിറ യലോടുംകൂടെ നിന്നു. നാഥൻ പരിഹസിക്കപ്പെടുന്നതുക ണ്ടിട്ട് സൂര്യൻ അതിൻെറ കിരണങ്ങൾ മറച്ചുകളഞ്ഞു. ഭൂമി വിറച്ചു. ആഴത്തിൻെറ അടിസ്ഥാനങ്ങൾ ഇളകി. സൃഷ്ടി കളെ വഹിച്ചിരിക്കുന്നവനെ നിന്ദ മൺകട്ട ഇരുന്നുകൊണ്ട് വിധിക്കുന്നു. ബാറെക്മോർ. † ശുബഹോ: മെന്ഗാലം വാദാമോ---

കള്ളൻെറവിശ്വാസം ഏറ്റം വലുതും യഥാർത്ഥവുമായിരുന്നു. മരത്തിൽതൂക്കപ്പെട്ടിരിക്കുന്ന അവൻെറ നാഥനോട് അവൻ പാപപരിഹാരം യാചിച്ചു. അവൻെറ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എൻെറ അകൃത്യം ക്ഷമിക്ക ണമേ എന്നവൻ പറഞ്ഞു. ശെമഓൻ കീപ്പാ തന്നെ ഉപേ ക്ഷിച്ച്, 'ഞാനവനെ അറിയുന്നില്ല' എന്നാണയിട്ടുപറഞ്ഞു. യൂഹാനോനും മറ്റു ശിഷ്യന്മാരും തന്നെ ഉപേക്ഷിച്ച് ഓടി പ്പോയി. എന്നാൽ കൊലപാതകൻ, 'കർത്താവേ, നിൻെറ രാജ്യത്തിൽ നീ എഴുന്നെള്ളുമ്പോൾ എന്നെ ഓർക്കണമെ' എന്ന് നിലവിളിച്ചു പറഞ്ഞു. മൊറിയോറാഹേം--

God is suspended on the Cross and the creations are in mourning. The hosts of heaven remained with fear in the firmament, when they saw the Son standing and their Lord inclining His head before Pilate. The sun hid his rays for he saw his Lord being insulted. The earth trembled and the foundations of the depths were shaken, for the accured dust judges without transgression the one Who holds the creation in His hands.

Barekmore. † Glory to the Father---- Unto the ages—

Great and true is the faith of the thief of the, for he beseeched forgiveness to his Lord who was suspended on the tree, nails on His hands and feet. And he said to Him, forgive me my iniquities. Simon Cephas renounced Him and swore. I do not know Him. John the Virgin and his disciples left Him and fled. But the murderer cried out saying: remember me my Lord, when You come in Your kingdom!

എത്രൊ

തൻെറ സ്നേഹത്താൽ തിരുവുള്ളംതോന്നി ഞങ്ങൾക്കു വേണ്ടി ജഡത്തിൽ കഷ്ടമനുഭവിക്കുകയും ആറുമണിക്കൂർ കുരിശിന്മേൽ നഗ്നനായി കിടക്കുന്നതിനെ കാണാതിരിപ്പാ

നായി ആകാശത്തട്ടിൽ സൂര്യനെ അന്ധകാരപ്പെടുത്തുകയും തൻെറ ശബ്ദം കേട്ടപ്പോൾ പാറകൾ പൊളിയുകയും ശവക്കല്ലറകൾ തുറക്കപ്പെടുകയും ശവക്കല്ലറകളിൽ നിന്ന് അനേകം മരിച്ചവർ ജീവിച്ചെഴുന്നേൽക്കുകയും ചെയ്തവനായി പിതാവിൻെറ പുത്രനാകുന്ന നിനക്ക് സ്തുതി. എൻെറ കർത്താവേ ഞങ്ങളുടെ ജീവിതകാലം മുഴുവനും പാപവീഴ്ചകൂടാതെ തിരുമുമ്പാകെ ഞങ്ങളെ നിർത്തണമെ. ഞങ്ങളുടെ ധൂപം കൈക്കൊണ്ട് ഞങ്ങളുടെ ആരാധനയുടെ ധൂപത്തിൽ പ്രസാദിക്കണമെ. ഞങ്ങൾ എല്ലായ്പ്പോഴും നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതി പാടുമാറാകണമെ. ഹോശോ-

വീണ്ടും കോലോ ഹൗ സഫ്റോ റാബോ

അപ്പുലരിയിൽ നിന്നെ സ്ക്കീപ്പാലേ ദുഷ്ടൻ
തൂക്കുന്നതു കണ്ടാർ വാനിലെയീറേന്മാർ
ശപ്തജനം തൂക്കെ-ന്നട്ടഹസിച്ചപ്പോൾ
ചെന്നദ്ദ്രോഷികളെ സംഹാരം ചെയ്യാൻ, ഹാലേലുയ്യാ
സംഘത്തോടൊന്നായ് ചേർന്നഭ്യർത്ഥിച്ചാർ.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

സിംഹാസനപീഠേ പൂഴി ഞെളിഞ്ഞേറി
വിധിനായകപതിയെ വിസ്താരം ചെയ്തു
തൂക്കുക മരണത്തി-ന്നർഹൻ യേശുവിനെ
ബറാബാസിനെ വിടുകെ-ന്നാർത്തു സപ്രേന്മാർ
ഹാലേലുയ്യാ, തൻസ്മൃതിമായിച്ചോൻവാഴ്ത്തപ്പെട്ടോനാം

അല്ലെങ്കിൽ

കർത്താവേ, നീ ദുഷ്ടന്മാരുടെ കൈകളാൽ സ്ക്കീപ്പായിൽ തറയ്ക്കപ്പെട്ടിരിക്കുന്നതിനെ മേലുള്ള ഈറേന്മാർ കണ്ട സമയത്ത് അവൻ കൂട്ടം കൂട്ടമായി പരസ്പരം ചേർന്ന് ആ ദുഷ്ടന്മാരുടെമേൽ ഇറങ്ങി അവനെ ക്രൂശിക്ക എന്നട്ടഹസിച്ച ശപിക്കപ്പെട്ടവരെ നശിപ്പിക്കാൻ തിരക്കുകൂട്ടി.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

മൺകട്ട സിംഹാസനത്തിൽ ഇരുന്ന് വമ്പു ഭാവിച്ച് ന്യായാധിപതിയുടെ ന്യായധിപനെ വിസ്തരിച്ചു. ജനത്തിൻെറ സപ്രേന്മാർ 'ബാറാബായെഅഴിച്ചുവിടുക, മരണയോഗ്യനായ യേശുവിനെ ക്രൂശിക്ക' എന്നട്ടഹസിച്ചു. അവരുടെ ഓർമ്മ ഇനിയും ഉണ്ടാകാതവണ്ണം അവരെ മായിച്ചു കളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

In that morning when the watchers in the heights above saw You suspended on the cross by the wicked, they gathered together in their ranks and hastened to come down to destroy the evel-doers halleluiah the accursed one who cried out saying: crucify Him. **Barekmore. † Glory to the Father-- Unto the ages—**

The lump of earth boastfully sat down on the throne to judge of all judges. The scribes of the people cried out: Release Barabas and crucify Jesus for He deserves death halleluiah. Blessed is

He Who wipes out them that their memory shall cease for ever.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܣܒܪ ܚܠܦܝܢ
ܒܪܝܟ ܡܘܟܟܗ ܕܡܫܝܚܢ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

ഇരുളിൻ സുതരാം മൂഢാത്മാക്കൾ
ദൈവികനാകും കുഞ്ഞാടിനെയാ
സ്ക്കീപ്പാ-സായിൻ തരുവിൽ തൂക്കി
ബഹുവാകും തൻ നന്മയ്ക്കെതിരായ്
കയ്പ്പേറിയതാം പുളിവീഞ്ഞേകി.

യീഹൂ-ദിലെ ദാ-രുണവൃത്തം ക-
ണ്ടുരുശൈലങ്ങൾ പൊട്ടിക്കീറി
ഏദ-നിലാദാ-മിനെ നിർമ്മിച്ച
പാണികളിന്മേ-ലാണി തറയ്ക്കെ
ഖേദം യൂദർക്കുണ്ടായില്ല.

ശിശു കേസരിയ-ത്തരുവിൽ ചീറി
ഇരുളിൻ സുതരാം ജംബുകരോടി
ദുഷ്ടാ-ത്മാക്കൾ വിസ്മയമാ-ർന്നു
തന്നുടെ മകുടം നിപതിച്ചതിനാൽ
പാപാധിപനാം സാത്താൻ കേണു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ

വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܪ ܕܕܢܐ ܠܗ ܠܟܠܡܐ ܕܕܢܝ

ܒܕܝܢܐ ܟܐܢܐ ܡܢ ܠܐ ܬܥܠܠ ܀ ܡܪܝܐ ܪܚܡ ܀

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܡܘܬܐ ܘܩܒܘܪܘܬܐ

ܩܒܠ ܒܥܘܬܢ ܘܚܘܢ ܥܠ ܢܦܫܬܢ ܀

ܠܗܘ ܘܫܒܚܠܝܢ ܡܢ ܟܝܢܫܒܚ ܗܘ ܠܟܠܝ ܀

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ

പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ ---

യാഗാർത്ഥം ജീവനെഴും ദൈവിക കുഞ്ഞാടെത്തി

അർപ്പകരാ-മാചാര്യന്മാർ ക്രൂശകർ നിന്നു

ഗോഗുൽ-ത്തായിൽ സ്ലീബായാം തരുവിന്മേൽ തൂക്കി

ദുർവേ-ലക്കാരക്കല്ലേറ്റി കെട്ടി-ന്നീതെ

ആഴം വിണ്ണെന്നിവകൾക്കിടയിൽ തൂണായ് നാട്ടി

നിന്നാൻ വീ-രൻപോൽ ലോകത്തിൻ ഭാരം താങ്ങാൻ.ദേവാ--

മദ്ധ്യാഹ്ന-ത്തിൽ കൂരിരുൾ കുന്നിച്ചിക്ഷിത മൂടി

ജ്യോതി-സ്സിന്മേൽ കോയ്മയവന്നെന്നതിനാൽ തേറി

വെള്ളിയിൽ വെട്ടം തേജസ്വിയെ വാഴ്ത്തീടാൻ മാഞ്ഞു

സ്ലീബായേ-റ്റോൻ ദൈവത്മജനെന്നുലകം കണ്ടു

മദ്ധ്യാഹ്ന-ത്തിൽ വൃക്ഷഫലത്തെ ആദാം തിന്നു

ലജ്ജാ-പൂർവ്വം തൻ മൂഢതയിൽ കമ്പം പൂണ്ടാൻ. ദേവാ ---

വസ്ത്രം സർ-പ്പം റാഞ്ചീടുകയാൽ നൃപനെ ചാർത്താൻ
പകലിന്നു-ള്ളിൽ രാവു കരേറി സ്ഥാനം നേടി
നഗ്നത പൂ-ണ്ടോരുടയോനെ കണ്ടടിയാൻ സൂര്യൻ
ഘോരാക്ഷേ-പം കാണായ്വാൻ തൻ നയനം മൂടി
നോഹിൻ നാ-ഥൻ തൻ നഗ്നത കാ-ണായ്വാൻശേമും
യാഫേത്തും-പോൽ രവിയും മതിയും വദനം മൂടി. ദേവാ--

സ്ക്കീപ്പാ-യിന്മേൽ നീതിമഹാർക്കൻ മേവീ-ടുമ്പോൾ
സൃഷ്ടികളിൽ ഞാനെങ്ങനുദിക്കും ചൊന്നാൻ സൂര്യൻ
മോഷകമ-ദ്ധ്യേ നാഥനെ നഗ്നം ദർശി-ച്ചപ്പോൾ
തൻ തേജ-സ്സിനെ എങ്ങനെ പകലോൻ വെളിവാക്കീടും
ജ്യോതിർവ്യൂ-ഹത്താൽ പൂർണ്ണമതാം തേജോ-ഗോളം
വൃക്ഷത്തി-ന്മേൽ നാഥനെ ദർശിച്ചന്ധത പൂണ്ടു. ദേവാ ---

മദ്ധ്യാഹ്നേ-നഗ്നതയാർന്നാൻ പുത്രൻ സ്ക്കീ-പ്പാമേൽ
ആദത്തെ-കൊന്ന മഹാസർപ്പം പേടിച്ചാർത്തു
ദൃഷ്ടാ-ന്തേശി രഹസ്യം നിറയും ഹാശാ-വെള്ളി
നിൻ വൃത്താ-ന്തം വർണ്ണിപ്പാനെൻ വദനം പോരാ
ആറാം നാ-ളിൽ പറുദീസിൽ നിന്നാദാം നീങ്ങി
അന്നാളിൽ താൻ ദേവതനൂജൻ സ്ക്കീപ്പാ-യേറി. ദേവാ---

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

കുംപൗലോസ്

ബലികളെ നീക്കീടും തിരുബലി ധന്യം താൻ
പുണ്യം നൽകീടും ബലിയേ സ്തോത്രം

1. അഗ്നിത്തേരിന്മേൽ സ്ഥിതി ചെയ്യുന്നോനെ
സ്ക്കീപ്പാമേലേറ്റി വെള്ളിദിനത്തിൽ
വച്ചു തറച്ചാർ തൻ പാണികളത്യുഗ്രം
കാലുകളും ലേശം കരളലിവെന്യേ
ആംഗ്യത്താൽ വാനോ-ടാഴവുമേന്തുന്നോൻ
തിരുവിഷ്ടംമൂലം സ്ക്കീപ്പായെ താ-നേ-യേന്തി
ഈറേന്മാർ ചൂളും കാന്തിയെ ഏന്തുന്നോൻ
തരുവിന്മേൽ നഗ്നം തൂക്കപ്പെട്ടു.

2. വെള്ളിയതാം നാളിൽ സൃഷ്ടിഗണം കേണു
ജനനികളേകൻെറ കഷ്ടതകൾക്കായ്
രോദനഗേഹത്തെ പുത്രനു നിർമ്മിച്ചു
സ്വർഗ്ഗാദ്യാത്മജനെ ഓർത്തു കരഞ്ഞാർ
ജ്യോതിസ്സാൽ വാനും പാറകളാൽ പാരും
മൃതരാൽ ശീയോളും തിരുമാഹാ-ത്മ്യം ഘോഷിച്ചു
തൻ മാഹാത്മ്യത്തിൻ ഭാവമറിഞ്ഞീടാ-
തന്ധതപൂണ്ടേറ്റം ക്രൂരകസംഘം.

3. നിബി മുമ്പേറായി ചൊന്നതുപോൽ ഭൂമി
വെള്ളിയതാം നാളിൽ കൂരിരുളേറി
ദ്വേഷത്താല രൂക്കി-ക്കൊല്ലപ്പെട്ടോനാ-
മേസുതൻപേർക്കായ് രോദനമുണ്ടായ്
അന്ധജനത്തിന്നായ് ബഹുകഷ്ടം നേർന്നാൻ
അവരുടെയാനന്ദം വ്യാധിയുമാ-ധിയുമായ്-മാറി
തൽപെരുന്നാളെല്ലാം വിട്ട ജനത്തിൻെറ
മോദത്തെ നീക്കും വ്യഥയുണ്ടായി.

4. വെദിയിൽ വംശത്തിൻ പതിയെ പറുദീസിൽ
ആദാമേ നീ എ-ങ്ങെന്നു വിളിച്ചാൻ
ഏലോഹീം ലാമാ-ശബക്താനിത്യേവം
തരുവിൽ ഘോഷിച്ചാൻ വെള്ളിയതാം നാൾ
വെള്ളിയിലാദത്തെ സർപ്പം വഞ്ചിച്ചു
തൽ പിഴയെ താനും വെള്ളിയതാം നാൾ മാ-യി-ച്ചു
അന്ധത ബോധത്തി-ന്നേറ്റജനത്തിന്മേൽ
വെള്ളിയതാം നാളിൽ സൂര്യനിരുണ്ടു.

5. തന്നെ വഹിച്ചോര-ത്തരുവിന്നാൾ കേണു
മുറവിളിയോടേവം ചൊന്നു തുടങ്ങി
കഷ്ടമെനിക്കേറ്റം ഞാനയ്യോ ദോഷി
ദുഷ്പ്രതിദാനം ഞാൻ രക്ഷകനേകി
മഴ മഞ്ഞെന്നിവയാൽ അവനെന്നെ പോറ്റി
അപകാരത്താൽ ഞാൻ അവനെസ്ക്കീപ്പാ-മേ-ലേന്തി
സൃഷ്ടിസമൂഹത്തിൻ പതിയെ ക്രൂശിച്ച
ദുർയ്യൂദന്മാരേ ദോഷം ദോഷം.

6. പാർത്താൽ പാവനയാം ദാവീദിൻ തനയ
തരുവിൽ ക്രൂശിതനാ-മേകാത്മജനെ
വീർപ്പിടുമുൾക്കാമ്പോ-ടേറ്റം രോദിച്ചാൾ
ബാഷ്പം വർഷിച്ചാൾ മിഴികളിൽ നിന്നും
തരുവിന്മേൽ തൂക്കി മാർവ്വു പിളർന്നോൻ തൻ
ചാരെ ചെന്നെത്തി സങ്കടപൂർവ്വം ഭാ-ഷി-ച്ചാൾ
പാണിതലത്താൽ തൻ മാർവ്വിൽ താഡിച്ച്
വിഹ്വലമാനസയാം നിർമ്മല കേണു.

7. നിർമ്മലയാം മാട-പ്രാവിഹ രോദിച്ചു
സ്നേഹിതനാകും തൻ കഴുകനുവേണ്ടി
തിരുവിഷ്ടപത്തോടെൻ മകനായോനീശാ
ഹതി മൃതികൾക്കായ് നീ പോയതുമെന്ത് ?
ഉജ്ജ്വലതേജസ്സേ മഹിമാവേറും നിൻ
രശ്മികളെ ഏവൻ വീശിടുവാൻ ധൈര്യം കാട്ടി
വിഷ്ടപവീരാ നീ കെട്ടപ്പെട്ടാരാൽ ?
തരുവിന്മേൽ നീ ഹാ നഗ്നത പൂണ്ടു.

8. ആ രോദനനാദം ദൈന്യതയും പാരം
സങ്കടവും വീർപ്പും സംപ്രാപിച്ചു
മൗലി നിമിപ്പിച്ചി-ട്ടാച്ചെറുകുഞ്ഞുങ്ങൾ
പോയ പിറാവെപ്പോൽ തേങ്ങിക്കേണാൾ
ക്രൂശിതനായ് കുന്തം കൊണ്ടു പിളർന്നോനെ
കണ്ടുൾത്താപത്തോ-ടരികെ ചെന്നാശ്ളേ-ഷി-ച്ചാൾ
ലഹരി പിടിച്ചുൾക്കാ-മ്പതസന്താപത്താൽ
ഗദ്ഗദസമ്പൂർണ്ണം സംസാരിച്ചാൾ.

9. ദ്യുതിയെ മറച്ചീടാൻ രവിയൊടു കൽപ്പിക്ക
ഏകസുതാ ചാരേ ഞാനണയട്ടെ
നിൻെറ നിയോളത്താ-ലിരുളാർന്നീടട്ടെ
സ്ലീബാവൃക്ഷത്തെ ഞാൻ പുണരട്ടെ
എന്മകനേ ഞാൻ നി-ന്നടികളെ മുത്തട്ടെ
പ്രാണപ്രദനേ നിൻ സൗരഭ്യം ഞാ-നേൽ-ക്കട്ടെ
ദുർവൃത്തന്മാർ നിൻ നഗ്നത കാണായ്‌വാൻ
അന്ധത പൂകട്ടെ തൽ നയനങ്ങൾ.

10. ദൂതന്മാർ മുമ്പൻ ഗബ്രിയേലേ നിൻ
എരിതീവൈരാഗ്യം കെട്ടതുമെന്ത് ?
ദുഷിയേൽക്കുന്നു നി-ന്നുടയോൻ സ്ക്കീപ്പായിൽ
അഗ്നിമയാ മൗനം പൂണ്ടതുമെന്ത് ?
ഓ മീഖായേലേ തീക്ഷ്ണമതേ കാൺക
തൻെറവിലാവിന്മേൽ ദ്വേഷികൾകുന്തത്താൽ കുത്തി
പത്തു സഹസ്രത്തെ വീഴ്ത്തിയ നിൻ വാളാൽ
ക്രൂശകരെ നാശം ചെയ്തു മുടിക്ക.

വൊയ്ലെക്സെഹിയൂൻ

സീയോനെ മശിഹായെ ക്രൂശിച്ചോളേ
ഹാ കഷ്ടം ഭാ-ഗ്യം സഭയേ സ്തുതി മഹിതേ

1. തേജോനാഥൻ സ്ലീബായിന്മേലേറി
പാവനനെ കൊ-ന്നീടാൻ ക്രൂശകരാർത്തു
നാശകരാം ചെന്നായക്കൾ ചുറ്റി
നിർമ്മല കു-ഞ്ഞാടതിനെ ചീന്തി
ഹിതമൊടു വേ-ദനയേറ്റേ-വരെയും വീ-ണ്ടാൻ കുരിശാൽ.

2. തേ-ജസ്സുതരാം ശിഷ്യന്മാര പാഞ്ഞെത്തി
കൂ-രിരുളുകൾ തേ-ജോമയനെ പിടികൂടി
ദ്വേഷത്താൻ കയ്യാപ്പാ താനും
ഹന്നാനും വാമവശാധിപനാം
യൂദായും ദക്ഷിണഭാ-ഗാധിപനെ ക്രൂശിച്ചു.

3. ചൊല്ലുന്നു മരം കഷ്ടമെനിക്കെന്തുളവായ്
സൃഷ്ടീശനെയെൻ മീതെ ഹാ കുരിശിച്ചാർ

മഴമഞ്ഞെ-ന്നിവയാലവനെന്നെ
പോറ്റീ ഞാ-നപകാരം ചെയ്തു
മശിഹാ തൻക്രൂശകരാം യൂദന്മാരേ കഷ്ടം.

4. നാ-ഥാ മകനേ ക്രൂശിച്ചോ-രിത്തരുവിൽ
ഉന്നതസുതനെ ദ്വേഷിച്ചെ-ന്തിനു പകയർ
സകലർക്കും നന്മകൾ നീയരുളി
ആരോഗ്യം നിഖിലർക്കും നൽകി
പ്രതിഫലമായ് സ്ക്കീപ്പാമേ-ലെന്തിന്നി-പ്പരിഹാസം.

5. ദോഷം ചെയ്തെ-ന്തേരുശലേം പുത്രികളേ
എൻ പുത്രൻ കാ-ന്തർക്കുപകാ-രം ചെയ്തു
തുപ്പലിനാൽ കാഴ്ചകൊടുത്തന്ധർ-
ക്കരുളാൽ കു-ഷ്ഠാത്തർക്കമെലതയും
കാന്തസുത-ന്മാരവനെ പ്രതിഫലമായ് താഡിച്ചു.

6. നാ-ഥാ മകനേ എങ്ങനെ ഞാൻ കേഴേണം
തോഴികളും പാ-വനമാം സംഘവുമെന്യേ
സ്ക്കീപ്പായെ ഘാതകർ ചൂഴുന്നു
ദ്വേഷികൾ നിൻ മൃതിയതിനുഴറുന്നു
മൂകമതാം സൃഷ്ടക്കേ-കുക കേഴാനാരാവം.

7. മൂ-കതയോ നിർ-മ്മലരക്തം വീണധരേ
ചേലയെഴുന്നോ-ർക്കുൾഭ്രമേറ്റുക വലുതാം
പാറകളേ ആർക്കുക കല്ലുകളേ
ശാസിപ്പിൻ ക്രൂശകരെ നിങ്ങൾ
താൻ നഗ്നൻ പ്രകൃതികളേ ആംഗ്യത്താ-ലിളകിടുവിൻ.

8. ഓ എഴുന്നേൽപ്പിൻ സൃഷ്ടികളേ പിതൃഭവന-
ത്തായകളേ കേ-ഴിൻ മൃതിപൂ-കും സുതനായ്
സുതനേകൻ തമ്മിലിളക്കിടുവിൻ
തിരുമഹിമാ-വേറ്റം നിരസിച്ച
ക്രൂശകരേ ഭീകരമാം നെടുവീർപ്പാൽ ശാസിപ്പാൻ.

9. ഉ-ഗ്രന്മാരാ-മുജ്ജ്വല ദൂതന്മാരേ
തൻ നഗ്നത ക-ണ്ടെന്തെരിയാതമരുന്നു
നിങ്ങളിൽ ര-ണ്ടാളുകൾ സോദോമിൽ
നിന്ദിതരായ് തൽപുരി തീയ്ക്കിരയായ്
വാനവരേ ക്ഷമയരുതേ ദുഷിയേറ്റീടുന്നുടയോൻ.

10. സ്ക്കീ-പ്പായേ ചൂ-ഴുന്നോരാം ദ്രോഹികളിൽ
അത്യുന്നതരേ വൈരാഗ്യത്തീ ചൊരിവിൻ
രക്ഷകനെ തൂക്കിയ ജനതയ്ക്കായ്
ചിറകുകളിൽ തീക്കനലേന്തിടുവിൻ
വനവരേ തന്നാംഗ്യം രോധിച്ചോ ക്ഷമയെന്ത് ?

ENGLISH

Woe to you Zi-on who crucified Christ!
Blest are you, Church - for you offer praises

1. **The - Lord of glory - ascended the Cross**
Wi-cked men yelled - to kill the innocent
The vicious - wolves surround and they
Tear apart - the innocent lamb
By His will-He suffered,-By His Cross-He saved us

2. The - disciples - the children of light fled
The - men of dark-ness had bound up the Light
Caiaphas, - Hannah and Judas
Who belong - to the left hand side
Were set to - crucify - Christ in their jealousy

3. The-tree said: woe-is me! what has happened ?
On me, they cru-cified the Lord of all
He nurtured - me with dew and rains
I repaid - him with this evil
Lord have mer-cy on the-ones who crucified Christ

4. My - Lord, My son! - who has crucified You
Why - did the foo-lish men hate you O Lord?
You have done - such good things for all
And you gave - healing unto all
Why did they-reward you-with insults-on the Cross?

5. Zi-on! What fault - has my Son done to you?
In - fact, he has - done good things for your men
With his word - he cleansed the lepers
With his spit - gave sight to the blind
But your men-and children-reward him-with insults

6. My - son, my Lord how should I mourn for you
Without friends and the group of chaste women
Murderers - surround your Cross and

The wicked - run upon your death
Give voice to - the dumb nat-ures to mourn - for You Lord!

7. In-nocent blood was spilled on you O Earth!
Quake and cause fear to the circumcised ones
Shout o rocks! O stones cry aloud!
And reprove - the crucifers
O natures,-move with signs-Behold He-is exposed!

8. O Mothers of - the paternal house weep!
Lo, The Son of the Father is dying!
With the sound - of the intense sigh
He reproached - the Crucifiers
They denied - His greatness - Lord have mercy on them

9. O zealous and mighty angels speak out!
Why aren't you moved - as you see Him exposed?
In Sodom - two among you were
Insulted - and the city burned
Your Lord is - being mocked- O Angels - don't keep still

10. O - Heav'nly ones, - pour out the fire of zeal!
Upon the in-solent around the cross
With your wings - drop flames upon those

People who - crucified the Lord
Has the Lord - withheld you? Your zeal has - been subdued!

ഏവൻഗേലിയോൻ.

ഹാലേലുയ്യാ ഹാലേലുയ്യാ എന്നെ കയ്പവരയ്യോ തീറ്റി തന്നു കുടിപ്പാൻ കയ്പേറും പാനീയം. ഹാലേലുയ്യാ

വി. ലൂക്കോസ് 23. 26-34, വി. മത്തായി 27. 34, വി. യോഹന്നാൻ 19. 23-24, വി. മത്തായി 27. 36, 37, 39-43, വി. ലൂക്കോസ് 23. 36-37, 39-45, വി. യോഹന്നാൻ 19. 25-27

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ܀ܐܡܝܢ܀

ܘܥܡ̈ܠܘܗܝ ܡܫܝܚܐ ܡܢ ܠܒܘܫ ܘܟܝܢܘܗܝ ܀ ܗܘܪܐܠܟܘܢ܀

അവർ യേശുവിനെ ക്രൂശിക്കുവാൻ കൊണ്ടുപോകുമ്പോൾ ഗ്രാമത്തിൽനിന്ന് ആ വഴി വന്ന കുറേനക്കാരൻ ശീമോൻ എന്ന ഒരുവനെ പിടിച്ചുനിറുത്തി, യേശുവിൻെറ പിന്നിൽ നിന്ന് താങ്ങുവാൻ തക്കവിധം കുരിശ് അവൻെറമേൽ വച്ചു. അനേകംജനങ്ങളും, യേശുവിനെച്ചൊല്ലി മാറത്തടിച്ച് കരയുന്ന സ്ത്രീകളും അവനെ അനുഗമിച്ചു. യേശു അവരുടെ നേരെ തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു. യെരുശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ട. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരയുവിൻ. എന്തെന്നാൽ ഇതാ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും, പാലൂട്ടാത്തമുലകൾക്കും ഭാഗ്യം, എന്നുപറയുന്ന ദിവസങ്ങൾ

വരുന്നു. അപ്പോൾ മലകളോട് ഞങ്ങളുടെമേൽ വീഴുവിൻ എന്നും കുന്നുകളോട് ഞങ്ങളെ മൂടുവിൻ എന്നും നിങ്ങൾ പറഞ്ഞു തുടങ്ങും പച്ചമരത്തോട് ഇവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിനോട് എന്തായിരിക്കും? ദുഷ്ക്കർമ്മികളായ രണ്ടാളുകളെയും അവനോടുകൂടെ വധിക്കുവാനായി കൊണ്ടുപോയിരുന്നു. അവർ തലയോടിടം എന്നു പേരുള്ള സ്ഥലത്തു ചെന്നു. അവിടെ അവർ യേശുവിനെ കുരിശിൽ തറച്ചു. ആ ദുഷ്ക്കർമ്മികളെയും ഒരുവനെ അവൻെറ വലത്തും മറ്റവനെ ഇടത്തുമായി കുരിശിൽ തറച്ചു. പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയാത്തതിനാൽ ഇവരോട് ക്ഷമിക്കണമേ എന്ന് യേശു പ്രാർത്ഥിച്ചു പറഞ്ഞു. അവർ കയ്പ്പു കലർത്തിയ ചൊറുക്ക യേശുവിന് കുടിപ്പാൻ കൊടുത്തു. അവൻ അത് രുചി നോക്കിയെങ്കിലും കുടിക്കുവാൻ ഇഷ്ടപ്പെട്ടില്ല. യേശുവിനെ കുരിശിൽ തൂക്കിയശേഷം പടയാളികൾ അവൻെറ വസ്ത്രങ്ങൾ നാലായി പങ്കിട്ട് ഓരോരുത്തരും ഓരോ പങ്ക് എടുത്തു. അവൻെറ മേലങ്കി തയ്യൽകൂടാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. അവർ പരസ്പരം, ഇതു കീറണ്ട. ഇതു ആർക്ക് കിട്ടണമെന്ന് നറുക്കിടാം എന്നു പറഞ്ഞു. ‘എൻെറ വസ്ത്രങ്ങൾ അവർ പങ്കിട്ടു, എൻെറ അങ്കിക്ക് അവർ ചീട്ടിട്ടു’ എന്ന തിരുവെഴുത്ത്നിവൃത്തിയാകുവാൻ പടയാളി കൾ ഇപ്രകാരം പ്രവർത്തിച്ചു. അനന്തരം പടയാളികൾ അവടെ അവന് കാവലിരുന്നു. ‘ഇവൻ യഹൂദന്മാരുടെ

രാജാവായ യേശു ആകുന്നു' എന്ന കുറ്റപത്രം അവൻെറ തലയ്ക്കു മുകളിൽ എഴുതിവെച്ചു. ആ വഴി കടന്നു പോയവർ അവനെ നിന്ദിച്ചുകൊണ്ട്, ദേവാലയംപൊളിച്ച് മൂന്നുദിവസം കൊണ്ടു പണിയുന്നവനേ, നീ ദൈവപുത്ര നെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക, കുരിശിൽനിന്ന് ഇറങ്ങി വരിക എന്നുപറഞ്ഞു. വേദപണ്ഡിതരോടും ജനപ്രമാണിക ളോടും ചേർന്ന് പ്രധാനാചാര്യന്മാരം അങ്ങനെതന്നെ അവനെ പരിഹസിച്ച്, ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിക്കുവാൻ ഇവന് കഴിയുന്നില്ല. ഇവൻ ഇസ്രായേലിൻെറ രാജാവാണെങ്കിൽ ഇപ്പോൾ കുരിശിൽ നിന്ന് ഇറങ്ങിവരട്ടെ. എന്നാൽ ഞങ്ങൾ ഇവനിൽ വിശ്വസിക്കാം. ഇവൻ ദൈത്തെ ആശ്രയിച്ചല്ലോ. ഇപ്പോൾ ദൈവത്തിന് ഇഷ്ടമുണ്ടെങ്കിൽ ഇവനെ രക്ഷിക്കട്ടെ. എന്തെന്നാൽ ഞാൻ ദൈവപുത്രനാണെന്ന് ഇവൻ പറഞ്ഞല്ലോ എന്നുപറഞ്ഞു. പടയാളികളും അവൻെറ അടുക്കൽചെന്ന് ചൊറുക്കകൊടുത്തുകൊണ്ട്, അവനെ പരിഹസിച്ച്, നീ യഹൂദന്മാരുടെ രാജാവാണെങ്കിൽ നിന്നെ ത്തന്നെരക്ഷിക്കുക എന്നു പറഞ്ഞു. അവനോടൊരുമിച്ച് ക്രൂശിക്കപ്പെട്ട ദുഷ്ക്കർമ്മികളിൽ ഒരുവൻ, യേശുവിനെ നിന്ദിച്ചുകൊണ്ട്, നീ മശിഹായാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക, ഞങ്ങളെയും രക്ഷിക്കുക എന്നു പറഞ്ഞു. അപ്പോൾ അവൻെറ കൂട്ടുകാരൻ അവനെ ശാസിച്ച്, ഒരേ ശിക്ഷയിൽ ആയിരുന്നിട്ടും നീ ദൈവത്തെപ്പോലും ഭയപ്പെടു ന്നില്ലേ? നമ്മുടെ പ്രവർത്തികൾക്ക് അർഹമായ ശിക്ഷയാണ്

നമുക്ക് ലഭിച്ചിരിക്കുന്നത്. എന്നാൽ ഇവനാകട്ടെ യാതൊരു അനീതിയും പ്രവർത്തിച്ചിട്ടില്ല എന്നു പറഞ്ഞു. പിന്നെ അവൻ യേശുവിനോട്, എൻെറ കർത്താവേ നിൻെറ രാജ്യത്തിൽ വരുമ്പോൾ എന്നെ ഓർക്കണമെ എന്നുഅപേക്ഷിച്ചു. യേശു അവനോട്, സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ ഇന്ന് എന്നോടൊരുമിച്ച് പറുദീസായിൽ ഇരിക്കും എന്ന് അരുൾചെയ്തു. യേശുവിൻെറ കുരിശിനരികെ അവൻെറ മാതാവും, മാതൃസഹോദരിയും, ക്ലേയോപ്പാ മറിയാമും, മഗ്ദലക്കാരി മറിയാമും നിന്നിരുന്നു. മാതാവും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും നിൽക്കുന്നതു കണ്ട്, മാതാവിനോട് യേശു, സ്ത്രീയേ, ഇതാ നിൻെറ മകൻ എന്നു പറഞ്ഞു. പിന്നെ ശിഷ്യനോട്, ഇതാ നിൻെറ അമ്മ എന്നും പറഞ്ഞു. അപ്പോൾ മുതൽ ആ ശിഷ്യൻ അവൻെറ ഭവനത്തിൽ അവളെ സ്വീകരിച്ചു.

⁜ ܩܘܡܘ ܫܠܡܐ ⁜ ܠܟܘܢ ܘܥܡ ܪܘܚܟ ⁜

കൗമാ

നാഥാ നിൻ വരവിൻ മഹിമാദിവസത്തിൽ
അടിയാരെ ഓർക്കുക കള്ളനെയെന്നതുപോൽ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

O Lord - in that glorious day - of Your coming
Rem-ember us also - with the thief (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܦܢܐ ✱ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ✱ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ✱ ܢܬܦܬܚܘܢ
ܠܢ ܬܪܥܝ ܐܘܪܫܠܡ ܕܠܥܠ ✱ ܘܢܒܥܐ ܨܠܘܬܢ ܩܕܡ ܒܪܡ
ܕܡܫܝܚܐ ✱ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✱ ܒܪܟܡܪܝ ✱

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܫܒܩܢ ܚܢܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✽ ܐܡܝܢ ✽

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം

വെള്ളിയാഴ്ച ഒമ്പതാം മണി - പേജ് 333

കൗമാ

ܒܪܝܟ ܗܘ ܕܚܝܠܗ

സ്ക്കീപ്പാ-യാൽ ക്രൂശകിയെ മാ-യിച്ചോനേ
മശിഹാ കോട്ടയുമഭയവുമാം നിൻ സ്ലീബാ. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ

സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who - By Your Cross destroyed - the cruci-fers Lord, May Your Cross be - our fortress. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢܐ ※ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܪܘܡܪܡܐ ※ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ※ ܢܬܦܬܚܘܢ
ܠܢ ܬܪܥܝ ܐܘܪܫܠܡ ܕܠܥܠ ※ ܘܬܥܘܠ ܒܥܘܬܢ ܩܕܡ ܬܪܘܢ
ܕܡܫܝܚܐ ※ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ※ ܒܪܟܡܪܝ ※

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ

ܕܫܒܩܢ ܚܢܢ . ܠܚܝ̈ܒܝܢ ܘܠܚܛ̈ܗܝܢ : ܘܠܐ
ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ . ܡܛܠ
ܕܕܝܠܟ ܗ̄ܝ ܡܠܟܘܬܐ ܘܚܝܠܐ

ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ※ ܩܘܡ ※

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ

വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ

നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ബസ്കീഫോ അം ആവോലെ എന്നപോലെ

1 സന്ദർശിപ്പാനാഗതനാം സൽസുതനെ ദ്രോഹികളൊപ്പം
ദോഷികളെണ്ണി സ്ക്കീ-പ്പാ-മേൽ.

2 ദേവേശനു ദാഹിച്ചപ്പോൾ പുളിവീഞ്ഞും കയ്പുംനൽകി
നിറവേറി നിബിതൻ വാക്യം.

3 മന്നൻ ദാവീദോതിയപോൽ തൻ വസ്ത്രത്തെ പങ്കിട്ടാർ
ചീട്ടിട്ടാർ തന്ന-ങ്കി-ക്കായ്.

4 വിശ്വസ്ത സഭാമക്കൾക്കായ്
സ്ലീബാ കെൽപ്പിയലും വലുതാം
ആയുധമായ് തീർത്തോൻ ധന്യൻ.

5 ദുഷ്ടൻ തൻ സേനകളിവയിൽ
വിശ്വാസിനിയാം വിമലസഭ-യ്ക്കാകട്ടെ സ്ലീബാകോട്ട.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6 സ്ലീബായാൽ സഭ രക്ഷിതയായ്
സ്ലീബായെ വെടിയാത്തതിനാൽ
സ്ലീബായതിനെ കാ-ക്കു-ന്നു.

സ്തൗമെൻകാലോസ് - കൂറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܠܗ̇ܘ ܪܳܡܳܐ ܒܟ݂ܝܳܢܶܗ ܐܰܠܳܗܳܝܳܐ [illegible] ܀ [illegible] ܡܶܬ݂ܚܙܝܳܢܳܐ
[illegible] ܀ [illegible]
[illegible]
[illegible] ܀

തന്റെ ദൈവീകസ്വഭാവത്തിൽസർവ്വോന്നതനും അദൃശ്യനും ഞങ്ങൾക്കുവേണ്ടി സ്വമനസ്സാൽ പീഡയേൽപ്പാൻ ഞങ്ങളുടെ അടുക്കലേക്ക് വന്നവനായി പീഡകളിൽനിന്ന് അകന്നിരിക്കുന്നവനും ഞങ്ങളെ രക്ഷിപ്പാൻ സദയം ജഡത്തിൽ മരണമാസ്വദിച്ച അമരണനും പാപത്തിന്റെ

ശിക്ഷാവിധിയിൽനിന്ന് കരുണയോടെ ഞങ്ങളെ വേർപെടുത്തുവാനായിട്ട് ന്യായസ്ഥലത്തു പീലാത്തോസിൻെറ മുമ്പാകെ നിന്ന ന്യായാധിപതിമാരുടെ ന്യായാധിപതിയും ഞങ്ങൾക്കുവേണ്ടി തൻെറ പിതാവിനോടു പ്രാർത്ഥിച്ചവനായി പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനുമായ കർത്താവേ നിനക്കു സ്തുതി. നിനക്ക് ഒമ്പതാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܶܕܪܳܐ

തൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച ഉന്നതനും അത്യുൽകൃഷ്ടനുമായ ദൈവമേ, നിൻെറ ശ്രേഷ്ഠമായ ഉൺമയെ ഞങ്ങൾ സ്തുതിച്ച് ഏറ്റു പറയുന്നു. സ്വർഗ്ഗീയ പിതാവിൻെറ വചനമായ ഏകപുത്രാ നിൻെറ രക്ഷയെ ഞങ്ങൾ പുകഴ്ത്തുന്നു. നിന്ദ്യമായ മണ്ണിൽനിന്നും തിരുമുമ്പാകെ സ്തുതിപാഠകരായി ഞങ്ങളെ നിർത്തിയ നിൻെറ പരിശുദ്ധറൂഹായെ ഞങ്ങൾ പുകഴ്ത്തുന്നു. ഭൂമിയിലെ രാജാവായി ആദ്യമനുഷ്യനായ ആദാമിനെ മേടമാസം ആറാം തിയതി വെള്ളിയാഴ്ച നീ സൃഷ്ടിച്ച് അവൻ മഹിമയോടെ ഉല്ലസിപ്പാനും മാലാഖമാർക്ക് ചാർച്ചക്കാരനാകുവാനും നീ അവനെ പറുദീസായിൽ വാഴിച്ചു. വെള്ളിയാഴ്ച പ്രഭാതത്തിൽ നീ

അവനെ ഏദനിൽ അവകാശിയാക്കി. ഭൂമിയിലുള്ള സകലത്തിൻെറയും ആധിപത്യം അവനു നൽകി. എന്നാൽ മൂന്നു മണിക്കു മോഹനീയമായ പഴത്തിൻെറ അടുക്കലേക്ക് മൂഢതയാൽ അവൻ അടുത്തുചെന്ന് വെമ്പലോടെ ഭക്ഷിച്ച് നഗ്നനായിത്തീർന്നു. 'ആദമേ ആദമേ നീ എവിടെ യാകുന്നു' എന്ന് ഒരു ഗംഭിരശബ്ദം കേട്ട്, 'എൻെറ നാഥാ നിൻെറ ശബ്ദം കേട്ടിട്ട് ഞാൻ ഒളിച്ചിരിക്കയാണ്' എന്ന് അവൻ മുഖലജ്ജയോടെ ഉത്തരം പറഞ്ഞു. നീ ക്രോധവും കോപവും പൂണ്ട് 'അനുസരണമില്ലാത്ത ദാസാ, നീ നിൻെറ അവകാശം വിട്ട് മുള്ളുനിറഞ്ഞ ശപിക്കപ്പെട്ട ഭൂമിയിലേക്ക് പോക' എന്ന് അവനോട് കൽപ്പിച്ചു. ഈ വെള്ളിയാഴ്ച അവൻ കർത്തൃകൽപ്പനയാൽ പറുദീസായിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ടു. അവൻെറ സഹായത്തിനായി സൃഷ്ടിക്കപ്പെട്ട ഹവ്വായോടുകൂടി ഈ ദുഃഖകരമായ ജീവിതത്തിലേക്ക് അവൻ തള്ളപ്പെട്ടവനായിത്തീർന്നു. നിൻെറ രാജകീയസ്വരൂപം നശിച്ചുപോകുന്നത് നിൻെറ കൃപയ്ക്ക് സമ്മതമല്ലായ്കയാൽ നിൻെറ സ്വരൂപരക്ഷ യ്ക്കായി നിൻെറ വചനമായ അനാദ്യന്തനെ നീ നിയോഗി ച്ചയച്ചു. അവൻ പാപവികാരമെന്യേ ഭരണം നടത്തി. ആദാമിനെ രക്ഷിപ്പാനായിട്ട് വെള്ളിയാഴ്ച തന്നെ കുരിശാരോഹണത്തിന് ഒരുങ്ങിച്ചെന്നു. ഒരു ദുഷ്ടനെ എന്നപോലെ ഹന്നായുടെ ഭവനത്തിൽ അവനെ അവർ ബന്ധനത്തിലാക്കി. കയ്യാപ്പായുടെ ഗൃഹത്തിൽവച്ച് ഒരു കുറ്റക്കാരനെപ്പോലെ അവനെ വടികൊണ്ടടിച്ചു. ബലഹീന

നെന്നപ്പോലെ അവൻ തൂണിനെ കെട്ടിപ്പിടിച്ചു. പീലാത്തോസിൻെറ കൊട്ടാരത്തിൽവച്ച് കുറ്റക്കാരനെപ്പോലെ അവനെ കൊലപ്പെടുത്താൻ ഏൽപ്പിച്ചു. വെള്ളിയാഴ്ച ആദാം സൃഷ്ടിക്കപ്പെട്ടു. മേടമാസം പതിനാലാം നിയതി വെള്ളിയാഴ്ച നമ്മുടെ നാഥനായ മശിഹാതമ്പുരാൻ നമുക്കുവേണ്ടി ജഡത്തിൽ കഷ്ടമനുഭവിച്ച് നമ്മെ രക്ഷിച്ചു. വെള്ളിയാഴ്ച ദൈവം ആദാമിനെ സൃഷ്ടിച്ചു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ ആദാമിൻെറ മക്കളായ അശുദ്ധരിൽനിന്ന് തുപ്പലേറ്റു. വെള്ളിയാഴ്ച മൃഗങ്ങളും ജന്തുക്കളും അവയ്ക്ക് പേരിട്ടുകിട്ടുന്നതിന് തലകുനിച്ച് വന്ദിച്ചുകൊണ്ട് ആദാമിൻെറ മുമ്പിൽ ഒരുമിച്ചുകൂടി. വെള്ളിയാഴ്ച യൂദന്മാർ, 'യൂദന്മാരുടെരാജാവേ സമാധാനം' എന്ന് അപഹസിച്ച് പറഞ്ഞുകൊണ്ട് മശിഹായ്ക്കെതിരായി സഭകൂടി. "ബാശാനിലെ അനേകം കാളകളും കാളക്കുട്ടികളും എന്നെ ചുറ്റിവളഞ്ഞു" എന്നു ദാവീദ് പറഞ്ഞതു നിറവേറി. വെള്ളിയാഴ്ച ആദാമിൻെറ തലയിൽ രാജകീയ കിരീടം വയ്ക്കപ്പെട്ടു. വെള്ളിയാഴ്ച നമ്മുടെ കർത്താവിൻെറതലയിൽ മുൾക്കിരീടം വയ്ക്കപ്പെട്ടു. ആദാം മഹിമയോടെ പ്രശോഭിച്ചുകൊണ്ട് പറുദീസായിൽ മൂന്നുമണിക്കൂർനേരം ഇരുന്നു. നമ്മുടെ കർത്താവ് ആദാമിൻെറ മക്കളായ മൺമയരുടെ അടിയേറ്റുകൊണ്ട് മൂന്നുമണിക്കൂർനേരം ന്യായസ്ഥലത്തുനിന്നു. വെള്ളിയാഴ്ച ഹവ്വാ നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിൻെറ അടുക്കലേക്ക് ചെന്നു. വെള്ളിയാഴ്ച ആറുമണിക്ക്

ജീവവൃക്ഷമാകുന്ന മശിഹാതമ്പുരാൻ കുരിശിലേക്ക് കയറി. വെള്ളിയാഴ്ച ഹവ്വാ ആദാമിനു മരണകരമായ പഴം കൊടുക്കുകയും അവൻ തിന്നു ആത്മീയമായി മരിക്കുകയും ചെയ്തു. വെള്ളിയാഴ്ച ജനങ്ങൾ നമ്മുടെ കർത്താവിന് കാടിയും കയ്പുനീരും നീട്ടക്കൊടുക്കുകയും താൻ അതു കുടിക്കുകയുംചെയ്തു. വെള്ളിയാഴ്ച ആദാം നഗ്നായി മൂന്നു മണിക്കൂർ നേരം പറുദീസായിൽ ഇരുന്നു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ മൂന്നുമണിക്കർനേരം കുരിശിന്മേൽ നഗ്നനായി കിടന്നു. വേള്ളിയാഴ്ച മരണ മുള്ളവരായ മൺമയരുടെ മാതാവായ ഹവ്വാ ആദാമിൻെറ ഇടത്തു ഭാഗത്തുനിന്ന് പുറപ്പെട്ടു. ജീവൻെറ കാസായും ആത്മീയപാനീയവും മശിഹാതമ്പുരാൻെറ വിലാവിൽനിന്നു പുറപ്പെട്ടു. വെള്ളിയാഴ്ച ആദാമും ഹവ്വായും പാപം ചെയ്തു. വെള്ളിയാഴ്ച അവരുടെ പാപം ക്ഷമിക്കപ്പെട്ടു. വെള്ളിയാഴ്ച അവരിരുവരുടെയും കണ്ണുകൾ തുറക്കപ്പെട്ടു. തങ്ങൾ നഗ്നരാണ് എന്നറിഞ്ഞു. വെള്ളിയാഴ്ച സത്യപ്രകാശം അവർക്ക് ഉദിക്കുകയും ദുരാഗ്രഹിയായ മരണം അവരുടെമേൽ വാഴുകയുംചെയ്തു. വെള്ളിയാഴ്ച മരണത്തിൻെറ അധികാരം പൊയ്പ്പോയി. വെള്ളിയാഴ്ച ആദാമും ഹവ്വായും ദുഃഖത്താൽ തലതാഴ്ത്തിക്കൊണ്ട് പറുദീസായിൽനിന്ന് പുറപ്പെട്ടുപോയി. വെള്ളിയാഴ്ച കുരിശടയാളം അവരെ സന്തോഷത്തോടെ പറുദീസായി ലേക്ക് തിരികെ കൊണ്ടുവന്നു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ മഹത്വത്തിൻെറ വസ്ത്രം അഴിച്ചുകളഞ്ഞു.

ആദാമും ഹവ്വായും വൃക്ഷങ്ങളുടെ ഇടയിൽവച്ച് അഴിച്ചു കളഞ്ഞ മഹത്വമുള്ള അങ്കിക്കുപകരം അവരെ അതു വീണ്ടും ധരിപ്പിച്ചു. വെള്ളിയാഴ്ച സാത്താൻ തൻെറ വഞ്ചനയാൽ അവരെ നാണിപ്പിച്ചു. വെള്ളിയാഴ്ച മശിഹാ തമ്പുരാൻ സാത്താനേയും അവൻെറ സൈന്യങ്ങളെയും ലജ്ജിപ്പിച്ചു. വെള്ളിയാഴ്ച പറുദീസായുടെ വാതിൽ അടയ്ക്കപ്പെടുകയും തങ്ങൾ അധഃപ്പതിച്ച് നിന്ദ്യരായതി നാൽ സൗഭാഗ്യവാസികളായിരുന്ന ആദാമും ഹവ്വായും അവിടെനിന്ന്പുറപ്പെട്ടുപോകുകയുംചെയ്തു. വെള്ളിയാഴ്ച പറുദീസായുടെ വാതിൽ തുറക്കപ്പെടുകയും വലത്തു ഭാഗത്തെ കള്ളൻ അങ്ങോട്ടു കടക്കുകയും ചെയ്തു. വെള്ളിയാഴ്ച പറുദീസായെ സൂക്ഷിപ്പാൻ ക്രോബേയ്ക്കു മൂർച്ചയുള്ള വാൾ കൊടുക്കപ്പെട്ടു. വെള്ളിയാഴ്ച മശിഹാ തമ്പുരാൻ കുന്തംകൊണ്ട് കുത്തേറ്റ് മൂർച്ചയുള്ളവാൾ മുറിച്ച് ശത്രുതയാകുന്ന വേലി പൊളിച്ചു. വെള്ളിയാഴ്ച ആദാം രാജാവും പുരോഹിതനും ദീർഘദർശിയുമായി ത്തീർന്നു. വെള്ളിയാഴ്ച യൂദരിൽനിന്ന് രാജത്വവും പൗരോഹിത്യവും ദീർഘദർശനവും എടുത്തുകളഞ്ഞു. വെള്ളിയാഴ്ച ആനന്ദകരമായ പറുദീസായിൽനിന്ന് ആദാം ശാപഭൂമിയിലേക്ക് ഇറങ്ങിപ്പോയി. വെള്ളിയാഴ്ച മശിഹാതമ്പുരാൻ കുരിശിന്മേൽ നിന്നു മണ്ണിൽ ഉറങ്ങി ക്കിടക്കുന്നവരുടെ അടുക്കലേക്ക് ഇറങ്ങി. ആദാം ബുദ്ധിഹീനതയാൽ ചെയ്തുപോയ സകലത്തേയും പാപം ഒന്നൊഴികെ മശിഹാതമ്പുരാൻ തൻെറ വ്യാപാരത്താൽ

നിറവേറ്റി. മരണത്തെ താൻ ബലാൽ ജയിച്ചു, പാപത്തെ ശിക്ഷയ്ക്കു വിധിച്ചു. ആദാമിനെ സംസ്ക്കരിക്കുകയും മൽക്കീസദേക്ക് പൗരോഹിത്യം നടത്തുകയും ചെയ്ത സ്ഥലത്തുതന്നെ രക്ഷിതാവായ യേശുതമ്പുരാൻെറ കുരിശുമരംനാട്ടി. രഹസ്യപൂർണ്ണമായ ചോരയും വെള്ളവും ആദാമിൻെറ വായിലേക്ക് ഇറ്റിറ്റുവീണു. നമ്മുടെ അടുക്കൽ നമുക്കുവേണ്ടി താൻ ചെയ്ത വ്യാപാരത്തിനുവേണ്ടി നാം തനിക്കും തൻെറ പിതാവിനും തൻെറ പരിശുദ്ധ റൂഹായ്ക്കും വന്ദനവ് കരേറ്റണം. ഹോശോ---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

മൃതിയെ രുചിച്ചാൻ ദേവേശൻ സ്ലീബാ മേലേറി
പാതാളക്കോട്ട തകർത്താൻ മൃതലോകം പൂകി
കതകുകളും ചെ-മ്പോടാമ്പലുമൊപ്പം
അഴകറ്റോനാ-മാദാമിനു ജീവൻ
നൽകിത്തന്നുത്ഥാനത്തെ നമ്പിടുമാദാമിൻ
സുതർയാനം ചെയ്യേണ്ടോരാ-കബറീന്നും പറുദീസ്
ഹാലേലുയ്യാ, പൂകും വഴികാട്ടി. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലുയ്യാ

ജഗതീനാഥൻ ദൈവസുതൻ സ്ക്കീപ്പാ-യിന്മേൽ
മൗലി നമിച്ചാത്മത്തെ തൻ പിതൃപാണിയിലേകി

പാറകൾ കീറി കല്ലറകൾ വീണ്ടു
സൃഷ്ടികളെല്ലാം ആശ്ചര്യം പൂണ്ടു
ദൈവസുതൻെറ വിലാവയ്യോ യൂദന്മാർ ചിന്തി
പുണ്യം ലോകത്തിനു നൽകും ജലവും ശോണിതവും
ഹാലേലൂയ്യാ, പ്രവഹിച്ചതിൽനിന്നും. മൊറിയോ--

വീണ്ടും കോലോ തൂബൈക് ഈത്തോ

വൃക്ഷത്തിന്മേൽ പാണിപദങ്ങളിലാണിയടി-
ച്ചുടയോൻ ക്രൂശിതനായപ്പോൾ,
മോചനമർത്ഥിച്ചൊരു ചോരൻ
തൻവിശ്വാസംബഹുശ്രേഷ്ഠം-ചൊന്നാൻപോക്കുകമമദോഷം,
ശീമോൻ കണ്ടു നിഷേധിച്ചാൻ നിന്നാൻ
യൂഹാനോനകലെ, ഘോഷിച്ചാൻ ചോരൻ നാഥാ
ഓർക്കണമെന്നെനിൻരാ-ജ്യേ. ബാറെക്മോർ. ശുബഹോ-മെന്ഓലാം-

തരുവിൽ തൂങ്ങി തസ്ക്കര-രിടയിൽ വിടർന്നവനാം
സുതനെകണ്ടഗ്ന്യാത്മീയർ തൻ നി-വഹംവിസ്മയമാണ്ടു
തൻ നഗ്നതയെ കാണായ്വാൻ
കതിരോൻ കതിരുകളെമൂടി ആംഗ്യത്താൽ മാനത്തേയും
വീര്യത്താലിക്ഷിതിയേയും, തീർത്തോൻ തൻ നഗ്നതയെ
ക-ണ്ടൂഴിയുമംബരവും ഞെട്ടി.

അല്ലെങ്കിൽ

കള്ളൻെറ വിശ്വാസം ഏറ്റവും വലുതും യഥാർത്ഥവമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവൻെറ നാഥനോട് അവൻ പാപപരിഹാരം യാചിച്ചു. അവൻെറ കൈകളും

കാലുകളുംആണികളാൽതറയ്ക്കപ്പെട്ടു. എൻെറ അകൃത്യം ക്ഷമിക്കണമേ എന്നവൻ പറഞ്ഞു. ശെമഓൻ കീപ്പാ തന്നെ ഉപേക്ഷിച്ചുപറഞ്ഞു. യൂഹാനോൻ അകലെനിന്നു. 'നിൻെറ രാജ്യത്തിൽ നീ എന്നെ ഓർക്കണമെ' എന്ന് കള്ളൻ അട്ടഹ സിച്ചുപറഞ്ഞു. ബാറെക്മോർ. † ശുബഹോ: മെന്ഓലം വാദാമോ—

മരത്തിന്മേൽ തൂക്കപ്പെട്ടും, കള്ളന്മാരുടെയിടയിൽ വിധിക്ക പ്പെട്ടും കിടക്കുന്ന പുത്രനിൽ അഗ്നിമയന്മാരും ആത്മമയ ന്മാരുമായ ഈറേന്മാരുടെകൂട്ടങ്ങൾ അത്ഭുതപ്പെട്ടു. സൂര്യൻ അതിൻെറ കിരണങ്ങൾ തൻെറ നഗ്നത കാണാതിരിക്ക ത്തക്കവണ്ണം ഒതുക്കിക്കളഞ്ഞു. സ്വശക്തിയാൽ ഭൂമിയെ രൂപ പ്പെടുത്തുകയും ആംഗ്യത്താൽ ആകാശത്തെ വിരിക്കുകയും ചെയ്തവൻ വസ്ത്രംഉരിഞ്ഞും നഗ്നനായും കിടക്കുന്നത് ആകാശവും ഭൂമിയും കണ്ടപ്പോൾ ഇളകിപ്പോയി.

Great is the faith of the thief, for he beseeched forgiveness to his Lord suspended on the tree. (Behold) nails on His hands and feet and he asked Him: 'Forgive me my iniquity!'. Behold Simon who saw Him renounced Him and John stood away, and the thief cried out, saying: 'Remember me, O Lord in Your kingdom!'. Barekmore. † Glory to ---- Unto the--

The multitudes of the streams of fire and spirit were astonished at the Son on seeing (Him) suspended on the tree, stretched out between the

thieves. The sun withheld its rays, not to see His naked ness. Heaven and earth were shaken on seeing Him stripped off and naked-He Who spread forth the earth by His power and stretched out the heaven by His gesture.

ബോത്തേദ്ഹാശോ

ܒܪܝܟ ܗܘ ܚܫܗ ܕܣܒܪ ܚܠܦܝܢ

ܒܪܝܟ ܗܘ ܡܘܟܟܗ ܕܡܫܝܚܐ

ഞങ്ങൾക്കായ് നീയേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

1. ഉരുകിപ്പോയില്ലാണികൾ കൈയിൽ
വെന്തില്ലേരും നിൻ ഹന്താക്കൾ
സ്വയമേ താണൊരു സിംഹക്കുട്ടി
ഏദനിൽ മൃതനാമാദാമിന്നുയിർ
നൽകാൻ പീഡാ-മൃതി നീയേറ്റു.

2. ക്രൂശിൽ മൃതിയേറ്റോനുച്ചത്തിൽ
ഘോഷിച്ചപ്പോൾ ശിലകൾ വീണു
തീയേറ്റതുപോൽ കല്ലുകൾ കീറി
ബഹുസംഭ്രമമോടലറി ഭൂമി
പെൺസിംഹംപോൽ സൃഷ്ടികൾ ചീറി.

3. പ്രഭയോലും പൂ-ക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ കടുവീഞ്ഞേകി

റോസാ-പുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താ-ലാ ദുഷ്ടന്മാർ
മുള്ളിൻമുടി തൻ തലയിൽ ചാർത്തി.

4. പാടേറ്റോനേ ജീവാത്മജനേ
റൂഹാസഹിതം താതനിലേകാ
സ്തുതി തേ സ്തുതിയാം താരും സർവ്വ
സ്തോത്രപ്പൂവിൻ കുലയും തേജോ-
മകുടത്തിന്മേ-ലണിയിക്കുന്നു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪ ܕܢܰܚܬ ܠܶܗ ܒܒܰܝܬܳܐ ܕܝܽܘܡܳܝ
ܒܢܰܝܳܐ ܒܟܳܐ ܡܶܢܶܗ ܠܐ ܐܳܒܕܺܝܢ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܺܝܚܳܐ ܕܐܶܬܳܐ ܒܫܰܝܢܳܐ ܘܰܦܪܰܩܬܳܐ
ܩܰܒܶܠ ܒܳܥܽܘܬܰܢ ܘܰܫܡܰܥ ܨܠܽܘܬܰܢ ܘܰܥܢܺܝܢ ⁜
ܐܰܠܳܗܰܢ ܘܡܰܚܝܳܢܰܢ ܡܳܪܝ ܚܘܺܣ ܥܠܰܝܢ ⁜

മ്ശീഹാ സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ ---

ചൊന്നാൾ ദുഃ-ഖധ്വനിയോടേവം ഞാൻ ശ്ര-ദ്ധിച്ചു
ചൊല്ലുന്നോരാ-വചനമതെന്തെന്നറിവാ-നായി
നാഥാ സീ-യോൻകോട്ട തകർക്കട്ടെ നിൻ സ്ലീബാ

നിന്നെ ദ്വേഷിച്ചോരു കണ്ണുകളന്ധത പൂ-കട്ടെ. ദേവാ--

പാടേറ്റോ-നെ പാടിനു വിട്ടോരു താതൻ സ്തു-ത്യൻ
പീഡാ ഹീ-നാ സ്തുതി ഞങ്ങൾക്കായ് പാടേ-റ്റോനേ
റൂഹ്ക്കുദിശാ പീഡാമൃതിഹീനാ വന്ദിക്കു-ന്നേൻ
ത്രിത്വപ്രഭ-യാമേക പ്രകൃതത്തിന്നായ് സ്തോ-ത്രം. ദേവാ ---
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു- മാനോർ
വാനോർ നിൻതാഴ്മയിലതി വിസ്മയമാർന്നു. ദേവാ---

കുംപൗലോസ്

ധന്യൻ തൻ മൃതിയാൽ മരണത്തെക്കൊന്ന്
പാതാളസ്ഥർക്കായ് വിടുതൽ കൊടുത്തോൻ

1. സൃഷ്ടികളെയെല്ലാം കൈകളിലേന്തിക്കൊ-
ണ്ടുടയോൻ നിന്നാന-ക്കാൽവറി മീതെ
വീഴ്ച ഭവിച്ചോനാ-മാദാമിൻ പേർക്കായ്
രക്ഷകനായ് പാരിൻ നടുവിലുദിച്ചാൻ
സൃഷ്ടികളെ ജീവ-ദ്ധ്വനി കമ്പിപ്പിച്ചു
തിരുമഹിമാവോ താൻ പരിശുദ്ധ-ന്മാർ-ക്കുയിരേ-കി
ഭൂസ്വർഗ്ഗങ്ങൾ തൻ മദ്ധ്യേ ക്രൂശിതനായ്
സ്ക്കീപ്പായാ-ലെങ്ങും ശാന്തി പരന്നു.

2. സ്ക്കീപ്പായിക്കാർന്നോ-രേകസുതൻ തന്നെ
യേരുശലേംകാരാം സ്ത്രീകൾ ദുഷിച്ചു
അറിയാതെന്നാലും പ്രവചനവാക്യത്തിൽ
ശാപത്തെ ഘോഷി-ച്ചധികം കേണു
ഘാതകഖഡ്ഗത്തോ-ടടിമത്തത്തിന്നായ്

പോയീടുന്നതിനാ-ലേവം പാ-രം രോ-ദിച്ചു
നിരുപമ സന്തോഷം നൽകിയവന്നായി
നാരികളേ കേഴു-ന്നെന്തിനു നിങ്ങൾ ?

3. സ്പർദ്ധാധിക്യത്താൽ ഹതനാം കർത്താവേ
ഡംഭികൾ നിൻ മൃതിയിൽ വെന്തീടട്ടെ
സ്ക്കീപ്പായിന്നീതെ ഹതമാം തേജസ്സേ
വഞ്ചകരെ കൽപ്പി-ച്ചില്ലാതാക്കൂ
സൃഷ്ടികളിൽ വാക്കും പ്രഭയും ചേർപ്പോനേ
ഏറ്റം താണതിനാ-ലവ നിന്നെ കീർത്തി-ക്കട്ടെ
തിരുബഹുമാനത്തെ നിരസിച്ചോരാകും
ജനതയ്ക്കായ് ശാപം ഘോഷിക്കട്ടെ.

4. സൃഷ്ടിസമൂഹത്തിൻ പതിയെ ക്രൂശിതനായ്
സ്ലീബാവൃക്ഷത്തിൽ ദർശിച്ചപ്പോൾ
ആത്മീയന്മാർതൻ നിവഹം ക്ഷോഭിച്ചു
വഗ്നിമയന്മാരും സംഭ്രമമാണ്ടു
ക്രൂശകവൃന്ദത്തെ ചെന്നു നശിപ്പിപ്പാൻ
ഗബ്രിയേൽ നോക്കി തോഴൻ മീഖായേൽ താനും
തിരുവുള്ളത്താൽ താൻ തരുവിൽ ക്രൂശിതനായ്
അഗ്നിമയന്മാരേ ക്ഷോഭിക്കേണ്ടാ.

5. ഏകതനൂജൻ തൻ മഹിമയെ ഏറ്റോതി
സ്തോത്രം ഘോഷിച്ചാൻ മോഷ്ടാവീ നാൾ
അതിഭാസ്സോടീശാ നീ നിൻ രാജ്യത്തിൽ
വന്നീടുന്നേര-ത്തോർക്കണമെന്നെ

എൻവരവോളം നീ-കാക്കേണ്ടന്നോതീ-
ട്ടുയിർഗതിയാകുന്നോ-രച്ചാരത്തെ താ-നേകി
മാമക തത്ത്വത്തെ നമ്പിയ മർത്ത്യാ നീ
ഈ ദിനമെത്തീടും പറുദീസായിൽ.

6. ധർമ്മവിഹീനന്മാർ തരുവിൽ ക്രൂശിച്ചോ-
രുടയോനെ കണ്ടി-ട്ടടിയാൻ സൂര്യൻ
കതിരുകളെ നീക്കി സ്ക്കീപ്പായിന്മീതെ
ഭൂപതിയർഹിക്കും ബഹുമതി നലകി
അന്ധത പൂണ്ടീടും ജനനിവഹത്തിന്മേ-
ലെങ്ങനെയാ സൂര്യൻ സ്വപ്രഭയെ ശോഭി-പ്പിക്കും
ക്രൂശകവൃന്ദത്തി-ന്നൊളി നൽകീടായ്വാൻ
രശ്മികളെ അർക്കൻ നിഷ്പ്രഭമാക്കി.

7. ജീവമയൻ ജീവൻ മൺമയനേകീടാൻ
സ്ലീബായിന്മീതേ മരണം പൂണ്ടു
സാക്ഷിച്ചീടുന്നു തൽമൃതിയെ വെള്ളം
ഘോഷിക്കുന്നേറ്റം ജീവനെ രക്തം
ദൈവിക കുഞ്ഞാടേ നിൻമൃതി സത്യം താൻ
ഉന്നതപുത്രാ നീ ജീവനെഴുന്നോൻ സത്യം താൻ
ഉയിരുടയോനാം നീ മൃതനായ് വാഴുന്നു
ഭൂമിയിലും മേലും സീമയിലെങ്ങും.

കള്ളന്മാരുടെ സംവാദം - കുലകൂൻ ആമ്മേ

1. ഭൂജാതികളേ വന്നെത്തി

തസ്ക്കരനാദം ശ്രദ്ധിപ്പിൻ
തന്മദ്ധ്യഗതം സംവാദം
നേരായാരാഞ്ഞീക്ഷിപ്പിൻ.

2. മദ്ധ്യേ കർത്താവിൻ സ്ക്കീപ്പാ
ചായാത്തൊരു ന്യായാധിപനായ്
സത്യമെഴും ത്രാസെന്നോണം
തദ്വചനം നന്നായ് തൂക്കി.

3. നിഖിലേശനൊടോതി ചോരൻ
നിൻ വരവിൻ നാളോർക്കെന്നെ
അവ്യയരാജ്യേ കാരുണ്യം
തടവെന്യേ ഞാൻ കാണട്ടെ.

4. ഇടതുവശത്തായ് ക്രൂശേറ്റോൻ
തോഴൻ കേട്ടേവം ചൊന്നാൻ
എന്തിനിവൻ രാജാവെങ്കിൽ
നിന്ദ്യസ്ക്കീപ്പാമേലേറി.

5. നിൻ സ്നേഹിതനാം ഞാൻ നമ്പി
സ്ലീബായാൽ നാം വേർപെട്ടു
വെൺമയണിഞ്ഞോൻ രക്തത്താൽ
ഉയിരരുളി ധൈര്യം പൂണ്ടേൻ.

6. നമ്മെപ്പോലാണികളേന്തി
പാടേൽപ്പതുകാണുന്നില്ലേ ?
രാജ്യം തരുവോനാമെങ്കിൽ

സ്വയമൊഴിവാകട്ടെ നമ്പാം.

7. കർത്തൃവചസ്സാം താക്കോലാൽ
ഏദൻതോട്ടം പൂകും ഞാൻ
നീ തെറ്റിപ്പോയ് തെറ്റവനിൽ
ചൊ-ന്നെന്നെ തെറ്റിക്കേണ്ട.

8. തരുവിൽ നമ്മെപ്പോൽ തൂങ്ങി
കഷ്ടം നമ്മെക്കാളേറ്റാൻ
രാജാവെങ്കിൽ ലെഗിയോനാ
വന്നിഹ ശാപം നീക്കട്ടെ.

9. ഈശോ പാരിൽ തരുവിന്മേൽ
വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോ-നെയേറ്റു
തൻക്രൂശേറ്റത്താൽവെമ്പി.

10. നിൻ ശ്രേഷ്ഠനെ നീ സൂക്ഷിക്ക
മുതുകിൽ ചാട്ടപ്പാടില്ലേ ?
നീ മഹിമയവ-ന്നോതുന്നു
നീ ചൊന്നതിനെ ആർ നമ്പും ?

11. ആദാമിൻശാപം പോക്കാൻ
മൺമുള്ളുകളെ തൻ മുള്ളാൽ
നീക്കിയെരീശോ നൃപനല്ലാ-
താർക്കും കഴിവില്ലതു ചെയ്യാൻ.

12. അരുളിയപോൽ സ്ക്കീപ്പായേറ്റോൻ

പറുദീസാ നിനക്കേകട്ടെ
നീ കാണാത്തോ-രേദനിലേ-
ക്കെങ്ങനെ അവനേറ്റും നിന്നെ ?

13. ഈ മരണം പാതാളത്തിൻ
പ്രാഗൽഭ്യത്തെ മായിച്ചു
അതിനെ തൻ നാദം വീഴ്ത്തി
ധൂളിപ്പാൻ താൻ പൂകുന്നു.

14. ഞെങ്ങിഞെരുങ്ങിപ്പാടേറ്റാൻ
കയ്പു കുടിച്ചു കുത്തേറ്റു
കഷ്ടത നിറയുന്നോനെ ഞാ-
നെങ്ങനെ രാജാ-വെന്നോതും.

15. പാറകൾ പിളരും നാദത്തെ
ശ്രദ്ധാപൂർവ്വം കേട്ടാലും
സിദ്ധാസ്ഥികളൊന്നിക്കുന്നു
എന്തിനവിശ്വാസം തോഴാ ?

16. സൃഷ്ടികളിളകി ഭൂതങ്ങൾ
ഞെട്ടി നീ കൂസു-ന്നില്ല
കല്ലുകൾ ചിന്നി വ്യാജം വി-
ട്ടേറ്റു പറഞ്ഞേ-ൽക്കുക ജീവൻ.

17. ആരാഞ്ഞാൽ തൻ മാഹാത്മ്യം
പലതും നിന്നോടോതീടും
സൃഷ്ടികളവനെ സാക്ഷിപ്പൂ

ഇളകുന്നഖിലം തൻ പാടിൽ.

18. ലിഖിതം മൂലം രാജാവെ-
ന്നിവനെ വിളിച്ചാൻ പീലാത്തോസ്
സാക്ഷികൾ പോലവരാർത്തതിനാൽ
നൃപനെന്നോതി ഇടയേണ്ട.

19. നമ്മൾക്കിടയിൽ സ്ക്കീപ്പായ-
ങ്ങതിരാം കുഴി നീയേറീടാ
വാമസുതാ നിൻ സ്ഥലമേൽക്ക
വലതുവശം മാമകമല്ലോ.

20. സ്ലീബ തുറന്നു പാതാളം
സൂര്യനിരുണ്ടു ക്ഷിതി ഞെട്ടി
രണ്ടായ് വാതിൽമറ കീറി
സർവ്വം സാക്ഷി-ച്ചുടയോനെ.

21. ഭൂ മരുവും സൃഷ്ടികളെല്ലാ-
മുഴറും ധ്വനിയും നീ കേൾക്ക
തൻ ശബ്ദത്താൽ ഭീയർന്നീ-
ഭൂ ഭിത്തികളാടിടുന്നു.

22. പാതാളത്തിന്നെത്തീടും
മൃതരുടെ ബഹളം തോഴാ കേൾ
ഞാൻ നമ്പിയ ജീ-വപ്രദനാം
യേശുവിനെ നീ സൂക്ഷിക്ക.

23. ആദാമുണരാൻ മൃതിയേറ്റാൻ

മൃതിഗതരവനെ നോക്കുന്നു
അവനാദത്തെ വിടുവിക്കു-
ന്നേദനിലെന്നെ ഏറ്റുന്നു.

24. ഹാ സ്വഹിതത്താൽ മൃതിയേറ്റ
പരസുതനെ ദുഷി-ച്ചിടുന്നോ ?
പൊത്തുക ദുഷിയേറും വായ് നീ
ഞാൻ നമ്പിയ സ്ലീബാ ധന്യം.

25. ഏറ്റുപറഞ്ഞേദൻ താനൊ-
ത്തവനേറിടുമെ-ന്നോതുകയാൽ
നാഥാ നിന്നെ ഏറ്റോരാം
ഞങ്ങളെ വരവിൻ നാളോർക്ക.

ഏവൻഗേലിയോൻ.

ഹാ- ഹാ- ഭൂനാഥനുമധിപതികളുമെഴുന്നേറ്റു
ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാലേലുയ്യാ

വി. മത്തായി 27. 45-47, വി. യോഹന്നാൻ 19. 28-29, വി. മത്തായി 27.49, വി. യോഹന്നാൻ 19.30, വി. ലൂക്കോസ് 23.46, വി. യോഹന്നാൻ 19.30, വി. മത്തായി 27. 51-56

ܠܡܪܢ ܡܫܝܚܐ ܘܡܠܟܢ ܘܦܪܘܩܢ ܠܟܠܥܠܡ ✱ ܐܡܝܢ ✱
ܐܘܢܓܠܝܘܢ ܩܕܝܫܐ ܡܢ ܡܬܝ ܐܘ ܝܘܚܢܢ ܫܠܝܚܐ
ܡܪܩܘܣ ܐܘ ܠܘܩܘܣ ܡܣܒܪܢܐ ✱ (ܘܡܢܚܢܢ) ܗܘܕܝܬܗܘܢ

ആറാം മണി മുതൽ ഒമ്പതാം മണിവരെ ദേശമാസകലം ഇരുട്ടുണ്ടായി. ഉദ്ദേശം ഒമ്പതാംമണി സമയത്ത് യേശു, ഏലി ഏലി ല്മാചാശ്ബക്താനി എന്ന് ഉറക്കെ വിളിച്ചു. (എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത് എന്നർത്ഥം) എന്നാൽ അതു കേട്ടിട്ട് അവിടെ നിന്നവരിൽ ചിലർ, ഇവൻ ഏലിയായെ വിളിച്ചതാണ് എന്ന് പറഞ്ഞു. വി. യോഹന്നാൻ 19. 28-29. അനന്തരം സകലവും നിവൃത്തിയായി എന്നറിഞ്ഞ്, തിരുവെഴുത്തു നിവർത്തിക്കപ്പെടുന്നതിന് യേശു, എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. അവിടെ ചൊറുക്ക നിറഞ്ഞ ഒരു പാത്രം വച്ചിരുന്നു. അവർ ചൊറുക്കയിൽ മുക്കിയ ഹിസോപ്പ്, തണ്ടിന്മേൽവച്ച് അവന്റെ വായോട് അടുപ്പിച്ചു. വി. മത്തായി 27.49. എന്നാൽ മറ്റുള്ളവർ, വരട്ടെ ഇവനെ രക്ഷിക്കുവാൻ ഏലിയാ വരുമോ എന്നു കാണാം എന്നു പറഞ്ഞു. വി. യോഹന്നാൻ 19.30. യേശു ചൊറുക്ക സ്വീകരിച്ച്, ഇതാ സർവ്വവും നിവൃത്തിയായിരിക്കുന്നു എന്നു പറഞ്ഞു. വി. ലൂക്കോസ് 23.46, യേശു ഉച്ചസ്വരത്തിൽ നിലവിളിച്ച്, എന്റെ പിതാവേ, ഞാൻ എന്റെ ആത്മാവിനെ നിന്റെ കൈകളിൽഏൽപ്പിക്കുന്നു (വി. യോഹന്നാൻ 19.30) എന്നു പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു. (വി. മത്തായി 27.51-56) ഉടനെ ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിവരെ രണ്ടായി കീറിപ്പോയി. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ശവക്കല്ലറകൾ തുറക്കപ്പെട്ടു, നിദ്ര പ്രാപിച്ച അനേകം വിശുദ്ധന്മാരുടെശരീരങ്ങൾഉയിർത്തു. അവന്റെ പുനരുത്ഥാ

നത്തിൻെറ ശേഷം അവർ ശവകുടീരങ്ങളിൽ നിന്ന് പുറത്തുവന്ന് വിശുദ്ധ പട്ടണത്തിൽ പ്രവേശിച്ച് പലർക്കും കാണപ്പെട്ടു. ഭൂമികുലുക്കവും മറ്റു സംഭവങ്ങളും കണ്ടിട്ട് യേശുവിനെ കാത്തുകൊണ്ടിരുന്ന ശതാധിപനും കൂടെയുള്ള വരും വളരെ ഭയപ്പെട്ട്, ഇവൻ സത്യമായും ദൈവപുത്രനാ യിരുന്നു എന്നു പറഞ്ഞു. യേശുവിനെ പരിചരിച്ച്കൊണ്ട് ഗലീലയിൽനിന്ന് അനുഗമിച്ചിരുന്ന പല സ്ത്രീകളും അകലെ നിന്ന് നോക്കുന്നുണ്ടായിരുന്നു. അക്കൂട്ടത്തിൽ മഗ്ദലക്കാരി മറിയാമും, യാക്കോബിൻേറയും യോസിയു ടേയും മാതാവായ മറിയാമും, സെബദി പുത്രന്മാരുടെ മാതാവും ഉണ്ടായിരുന്നു. ⁜ ܫܠܡܐ ܥܡܟ݂ ⁜ ܘܥܡ ܪܘܚܟ݂

കൗമാ

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മശിഹാ
മൃതരാ-യോർക്കുയിരും ഞങ്ങൾ-ക്കരുൾ കൃപയും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who by His death gave life - to mortals,
Give life To our departed - and have mercy. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܪܘܚܡܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܬܥܠܐ ܒܥܘܬܢ ܩܕܡ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം.

സ്ലീബാ ആരാധനയുടെ ക്രമം

<u>വലിയ വെള്ളിയാഴ്ച</u>

കുരിശെടുത്ത് ആ മേശമേൽവച്ച് ഇരുവശവും മെഴുകുതിരികൾ കത്തിച്ചുവെച്ച് പട്ടക്കാരും ശെമ്മാശ്ശന്മാരും അംശവസ്ത്രങ്ങളും ധരിച്ചു കൊണ്ട് സ്ലീബാവന്ദനവിൻെറ ക്രമം ആരംഭിക്കുന്നു.

✝ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ⁜ ܘܥܠܝܢ ܡܚܝܠܐ ܘܚܛܝܐ ܪܚܡܐ ܘܚܢܢܐ ܢܫܬܦܥܘܢ ܒܬܪܝܗܘܢ ܥܠܡܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

ܒܪܟܡܪ

ദൈവമായ കർത്താവേ, നിൻെറ വിശുദ്ധ † സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ദൃഢമാക്കപ്പെടുവാനും ദൈവോചിതമായി വിശുദ്ധിയോടുകൂടി നിന്നെ വന്ദിക്കു വാനും ഞങ്ങളുടെ ശരീരാവയവങ്ങളെ സദാ നിഹനിച്ചു കൊണ്ട് നിൻെറ കർത്തൃ കല്പനപ്രകാരം ക്രിസ്തീയമായി

അതിനെ ഞങ്ങളുടെ തോളുകളിൽ വഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ നിത്യദൈവവുമേ, നിൻെറ † സ്ലീബായെ വന്ദിക്കുകയും നിൻെറ വിശുദ്ധനാമത്തെ ഏറ്റുപറയുകയും ചെയ്യുന്നവർക്കു നീ പ്രതിഫലം കൊടുക്കുന്നതായ സ്വർഗ്ഗത്തിൽനിന്നുള്ള നിൻെറ മഹനീയ പ്രത്യക്ഷതയേയും അനുഗ്രഹീതമായ പ്രത്യാശയേയും പ്രതീക്ഷിച്ചുകൊണ്ട് യാഥാർത്ഥ ജീവനാകുന്ന നിന്നിൽ പൂർണ്ണദൈവഭയത്തോടു കൂടി ഞങ്ങൾ ജീവിക്കുകയും ചെയ്യുമാറാകണമെ. മോറാൻ വാലോഹാൻ --- ആമ്മീൻ.

Make us worthy, O Lord God, that with our souls steadfast in Your Holy † Cross, we may worship You as divinely befitting and with holiness. May we, in compliance with Your supreme command, carry Your † Cross on our shoulders in a Christianlike manner, always ready to mortify our members which are on earth and live by You in the fear of God for You are the true life, and constantly awaiting the blessed hope and the glorious revelation from heaven when You will give reward to those who adore Your † Cross and to those who confess Your Holy name, our Lord and our God, forever. Amen

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ

സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി

ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ഏമോദ്കീസോ

1. സീയോനിൽ തരുവിൽ ക്രൂശേറ്റോനേ †സ്ലീബായാൽ
ലോകം രക്ഷിച്ചോനേ, ദേവാ ദയചെയ്തീടണമെ

2. സീയോനിൽ തരുവിൽ ജീവരവത്താൽ സൃഷ്ടിഗണ-
ത്തെക്കമ്പിപ്പിച്ചോനേ, ദേവാ ദയചെയ്തീടണമെ

3 കയ്പും കാടിയുമുൾക്കൊണ്ടടിയാർ തൻ കഷ്ടതയിൻ
കയ്പിനെ മായിച്ചോനേ, ദേവാ ദയചെയ്തീടണമെ

4. വിഗ്രഹവന്ദനയിൽ നിന്നും നമ്മെ കാത്തൊരു
†സ്ലീബായെ വന്ദിച്ചീടാം ദേവാ ദയചെയ്തീടണമെ

5. മൃതരായോർ ശോഭനമാം മോദത്തിൻ, മണവറ പൂ-
കീടാൻ കർത്തൃ †സ്ലീബാ വഴിയും പാലവുമാകട്ടെ

6. സ്ലീബായിൻ പീഡകളെ കൈക്കൊണ്ടു, തൻ തലയി-
ന്മേൽ മുൾമുടിയേറ്റോനേ ദേവാ ദയചെയ്തീടണമെ.

7. കുന്തത്താൽ കുത്തുവിലാവതിലേറ്റു, നിണവും നീ-രും
പ്രവഹിപ്പിച്ചോനേ ദേവാ ദയചെയ്തീടണമെ.

8. തിരുവുള്ള-ത്താൽ സ്വയമേല്പിച്ചു മർത്യാത്മാ-ക്കളെ
മോദിപ്പിച്ചോനേ ദേവാ ദയചെയ്തീടണമെ.

9. സ്ക്കീപ്പായിന്മേൽ ഈൽഈൽ എന്നാർത്തു,ഭൂമിയെയൊ-

ന്നായ് വിറകൊള്ളിച്ചോനേ ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

1. *എൻ്റെ ദൈവമേ, എൻ്റെ ദൈവമേ, നീ എന്നെ നീ കൈവിട്ടതെന്ത്.*

(തെഹറൊ റാബോ ദൂമോറോ)

ഗോഗുൽത്തായിൽ സോദരരേ
ദർശിച്ച മഹാശ്ചര്യത്താൽ ഞാൻ സംഭ്രമമാർന്നു,
ദൈവം തരുവിൽ ക്രൂശിതനായ് ദുഷ്ടിദോഷികളീന്നേൽ-
ക്കുന്നു, വിണ്ണോരേ മൺമയരേ തന്നെവാഴ്ത്തിൻ നിത്യം

2. *ദൈവമേ പകൽ സമയത്തു നിന്നെ ഞാൻ വിളിക്കും*

† സ്ലീബാത്തരുവിൽ വചനമതാം
ദൈ-വം വിരിവാർന്നതിനാലതുപാരം ധന്യം
നാമതിനാൽ വന്ദിച്ചീടു-ന്നാശയുമഭയവുമാം തന്നെ
ആർത്തീടാൻ ചൊന്നവനാം തന്നെ വാഴ്ത്തിൻ നിത്യം

3. *എൻ്റെ കൈകളും കാലുകളും അവർ കുത്തിമുറിച്ചു.*

കർത്താവേ നിൻ സ്ലീബായേ
കൂ-പ്പിക്കീർത്തിച്ചതിൽ ഞങ്ങൾ ശരണം തേടുന്നു
ദോഷിയിൽനിന്നും രക്ഷിപ്പാൻ ചൂടുന്നതിനെ ലലാടത്തിൽ
† സ്ലീബായിൽ ക്രൂശിതനാം തന്നെ വാഴ്ത്തിൻ നിത്യം

4. *അവർ എന്നെ സൂക്ഷിച്ചുനോക്കി*

വന്ദിക്കുക നാം † സ്ലീബായേ
ബിം-ബാരാധനനേ നീക്കിത്തടവെന്യേ-യാനം ചെയ്വാൻ

ജീവപഥത്തെക്കാട്ടിയതാം †സ്ലീബായെക്കൊണ്ടാടീടാം
ഘോഷിക്കും സർവ്വരുമേ തന്നെ വാഴ്ത്തിൻ നിത്യം
ബാറെക്മോർ. ശുബഹോ -- മെനഓലാം വാദാമോ----

5. കർത്താവേ എന്നിൽ നിന്നും നീ അകന്നു പോകരുതേ

വന്ദിക്കുന്നോർക്കാശ്രയവും കോ-ട്ടയുമായും
ക്രൂശിതനെ-ത്തള്ളുന്നോർ-ക്കെല്ലാമതി വീഴ്ചയുമായും
† സ്ലീബായെത്തീർത്തോൻ ധന്യൻ
തന്നാഗമനേ ഹിതമല്ലാ-തവർതന്നെ കൊണ്ടാടീടും.

കുറിയേലായിസ്സോൻ

(ലൂക്കോസ് 1: 46-55)

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു, എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധനും ആയവൻ, വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തല മുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിപ്പിച്ചു. അവൻ

ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു, അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും, അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --

ലേക്ഫായോ ദൻകാലേസ്

1. ദേവേശാ മശിഹായേ, † സ്ലീബാതൻ തരുവിന്മേൽ നീ
   ക്രൂശിതനായപ്പോൾ ഭുവനത്തേ സീ-മകളോളം
   ശോഭിപ്പിച്ചതിനാൽ സ്തുത്യൻ.

2. രക്ഷകനേ സ്ലീബായാൽ ദ്വേഷമെഴും ദോഷിയെവെന്നു
   സ്വർഗ്ഗമഹാരാജ്യവുമുയിരും നേ-ടീട്ടടിയാർ
   നിൻ കൃപയെ സ്തോത്രം ചെയ്യും.

3. ദേവേശാ മശിഹായേ, വിഗ്രഹസേവ ദുരാത്മഭയം
   എന്നിവയിൽനിന്നടിയങ്ങളെ ര-ക്ഷിച്ചതിനാൽ
   നിൻ സ്ലീബായെ നമിക്കുന്നു.

4. ഉന്നതനാം ദേവേശാ, സ്വർഗ്ഗസ്ഥാ കൃപയാൽ സഭയിൽ
   പുണ്യത്തിൻ ബലിപീഠത്തെ സ്ഥാ-പിച്ചോനേ
   പരിശുദ്ധൻ നീയെന്നേക്കും

ലമ്ശീഹോ ദെത്റീം

1. വിശ്വസികൾ ഞങ്ങൾക്കഭയമതും
രക്ഷയുമരുളാൻ ശാപമെഴും, യൂദന്മാർ ഗോഗുൽത്തായിൽ
തരുവിന്മേൽ ക്രൂശിച്ചവനാം, സർവ്വർക്കും
പ്രാണദനാകും മശിഹായെ
തന്മൂലം സ്തുതി സതതം ചെയ്തീടുന്നെങ്ങൾ

2. വിശ്വസികൾ ഞങ്ങൾക്കഭയമതും രക്ഷയുമരുളാ-
നേരുശലേം, ഗോഗുൽത്തായിൽ ക്രൂശേറ്റോൻ
ഗഗനത്തിൽ പകലോൻ മങ്ങി, ശില ചിതറി
മൃത്യുഗതന്മാരുയിൽ പൂണ്ടു
തന്മൂലം സ്തുതി സതതം ചെയ്തീടുന്നെങ്ങൾ

3. വിശ്വസികൾ ഞങ്ങൾക്കഭയമതും
രക്ഷയുമരുളാൻ ശാപമെഴും, യൂദന്മാരേരുശലേമിൽ
കർക്കപ്സായിൽ തരുമയമാം, സ്ലീബാമേൽ
ക്രൂശിച്ചവനാം മശിഹായെ
തന്മൂലം സ്തുതി സതതം ചെയ്തീടുന്നെങ്ങൾ

ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --

4. ജീവസ്ലീബായെ സ്തുതിചെയ്തും
നതിചെ-യ്തു സമ്മാനിച്ചും, സാനന്ദം ചൊല്ലുന്നടിയാർ
ക്രൂശിതനായ് ദോഷിയിൽ നിന്ന-ങ്ങടിയാരെ
രക്ഷിച്ചോൻ മശിഹാ ധന്യൻ
തന്മൂലം സതതം ഞങ്ങൾ വന്ദിച്ചീടുന്നു. ആമ്മീൻ

113-ാ0 സങ്കീർത്തനം

പ്രകാശത്തിൻെറ സ്രുഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനംവരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഹിമവും, ഉറച്ച വെള്ളവും, അവൻെറ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമെ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യുവാക്കളും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമംമാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറകൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത സ്വന്തം ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിക്കുകയും, സെഹിയോൻെറ പുത്രന്മാർ തങ്ങളുടെരാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവൻെറ സകല

നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുനവാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --

ഹോഹസ്നോമാത്തി

ഹാ സ്ക്കീപ്പായിൽ നാഥൻ സത്യം ദ്വേഷിച്ച
യൂദന്മാരാൽ നമ്മൾക്കായ് ക്രൂശേൽക്കുന്നു.

ആചാര്യേശന്മാർ തരുവിന്മേലവനെ ക്രൂശി-
ക്കെന്നേവം നേരറ്റോരാം സേവകരൊ-ത്താർത്തു

യൂദന്മാർ മദ്ധ്യേ അടിയും നിന്ദയുമേറ്റോനേ
പ്രതികടലും കരയും വാനും പേടിച്ച-ഞ്ചുന്നു.

ക്രോ-ബേന്മാരും സ്രാപ്പികളും കാദീശാർത്തു
ഭോഷന്മാരാം യൂദന്മാർതരുവിന്മേൽ ക്രൂശിക്കെന്നും.

മ്ശബഹിൻലോക്മൊറിയോ

ഇന്നാൾ വിധിഗേഹേ ജഗതീ വിധി നാഥൻ
മൗലിനമിച്ചേറ്റാൻ കുറ്റം ദാസൻ പോൽ

ഇന്നാൾ യൂദന്മാർ വർഷിച്ചീശോയാം
ദൈവത്തിൻ മുമ്പിൽ നിന്ദാക്ഷേപങ്ങൾ

ഇന്നാൾ നിർമ്മിച്ചാൻ മുൾമുടി മന്നിതനെ
പൂവല്ലികളാലെ ഭൂഷിപ്പിച്ചോനായ്

ഇന്നാൾ വിധി ചെയ്താർ ദുഷ്ടനെയെന്നോണം
രാജാക്കന്മാർക്കായ് ന്യായം തീർപ്പോനെ

ഇന്നാൾ ഘോഷിച്ചാ-രീശോ മശിഹായെ
ക്രൂശിക്കെന്നേവം പീലാത്തോസോടായ്

ഇന്നാൾ ശ്ലീഹന്മാർ തൻ നിരയിൽനിന്നും
നീങ്ങിയ വഞ്ചകനാം യൂദയ്ക്കയ്യയ്യോ

ഇന്നാൾ തരുവിന്മേൽ തൂങ്ങിയ ദൈവത്തെ
ഇക്ഷിതി കണ്ടപ്പോ-ളൊന്നായ് വിറകൊണ്ടു.

ഇന്നാളിരുളാർന്നു സൂര്യൻ ഗഗനത്തിൽ
ജ്യോതിസ്സുകൾ മങ്ങി സൃഷ്ടികൾ വിറകൊണ്ടു.

ഇന്നാൾ സ്വപദം പൂ-ണ്ടാദാം ക്രൂശിതനാം
മശിഹായാൽ കെറൂബിൻ കുന്തം നീങ്ങിപ്പോയ്.

ഇന്നാൾ തലതാഴ്ത്തി-ത്താൻ മൃതിയേറ്റതിനാൽ
മൃതരായോർക്കെല്ലാ-മുയിരേകീടുന്നു.

ഇന്നാൾ പട്ടക്കാർ ശാസ്ത്രി പരീശന്മാർ
മശിഹായെപ്പകയാൽ തൂക്കി തരുവിന്മേൽ.

ഇന്നാൾ മാതാവാം മറിയാമൊടു ചൊന്നാൻ
കേഴേണ്ടാ കേഴൂ യേരുശലേമിന്നായ്. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ഇന്നാൾ † സ്ലീബായേ വാഴ്ത്തിനമിച്ചീടാം
ക്രൂശിതനേയെന്നും വാഴ്ത്തുന്നടിയങ്ങൾ. കുറിയേലായിസ്സോൻ

വി. മത്തായി 5. 3-12

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിൻെറ മക്കളെന്നു വിളിക്കപ്പെടും.

നീതി നിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എൻെറ നിമിത്തം സകല ദുർവചനവും നിങ്ങളുടെ നേരെ വ്യാജമായി പറയുകയുംചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ.

† ശുബഹോ: മെൻ്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

സ്ലേക്ലസ്ലീബോ

ദേ-വാ മശിഹാ, മാന-വരെ സംരക്ഷിപ്പാൻ
താതാത്മഹിതാൽ മറിയാമീ-ന്നേറ്റൊരു തിരുമെയ്യോടുകൂടി
സ്ലീബായിന്മേൽ നീയേറി.

† സ്ലീ-ബാതരുവിൽ ക്രൂശിതനാം ചോരൻ നിന്നെ
ഉടയോനെന്നിഹ കൊണ്ടാടി, നീയാഗതനായീടുമ്പോ-
ളെന്നെയോർക്കണമെ-ന്നാർത്താൻ.

ദേ-വാ മശിഹാ, രക്ഷ-യെഴും സ്ലീബായാലും
ജീവദമാം പീഡകളാലും, രക്ഷ നരർക്കരുളീടുകയാൽ
മാനവവത്സലനേ സ്തോത്രം.

ദേവാ മശിഹാ, പ്രാണ-ദമാം നിൻസ്ലീബായാൽ
ദ്വേഷമെഴും ദോഷിയെ വീഴ്ത്തി-പ്പാപത്തിൻ ദാസ്യത്തിൽ നി-
ന്നാദാമ്യരെ നീ രക്ഷിച്ചു.

മോഹ്നീഗോ വൊസ്ശോസോ

ആ സമയം ദയനീയം, വിട്ടു മശിഹാ പുരിയേറുശലേം
രോഗങ്ങളെയങ്ങാറ്റിയതിൻ പകരം തന്നെ
ക്രൂശി-ച്ചീടാൻ-കൊണ്ടിഹപോയി ധൃഷ്ടന്മാർ.

ആ നാദം ദയനീയം, ഏകാത്മജനോടാകുല പൂർവ്വം
ചൊന്നാൾമറിയാം വത്സലനേ പോകുന്നെവിടെ
നിന്നെ-യെങ്ങോ-ട്ടവർകൊണ്ടിഹ പോയീടുന്നു.

ഹാ ബഹുമോഹനനാദം, ജനനിയൊടോതീ ദൈവതനൂജൻ
ജഗതീരക്ഷയ്ക്കായ് † ക്രൂശേറ്റദാ-മിന്നായ്
ഓ-ഹരിയേ-കാൻ പോകുന്നേനെൻ മാ-താവേ.

ആ സമയം ദയനീയം, തരുവിന്മീതെ തന്നെത്തൂക്കി
മശിഹായെങ്കിലിറങ്ങുകെ നീ ഞങ്ങൾ നിന്നെ
നമ്പീ-ടാമെ-ന്നാക്ഷേപിച്ചു യൂ-ദന്മാർ.

ആ സമയം ദയനീയം, നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും കാടിയുമേ-കി
നിൻ നാ-ദത്താൽ ആഴിയുമാഴവുമ-ങ്ങഞ്ചി.

തിരുസഭ സങ്കടപൂ-ർവ്വം, ദേവനോടർത്ഥിച്ചോതുന്നേവം
ഞങ്ങളെ മഹിത †സ്ലീബായാൽ നീ രക്ഷി-ച്ചു
നിൻ വര-വിങ്കൽ ഓർത്തീടമെന്നെ നാ-ഥാ.

രക്ഷകനേ കബറീ-ന്നും, പറുദീസയിലേ-ക്കുയിരോടേറാൻ
പാർക്കുന്ന മൃതർക്കായ് പുണ്യം നൽകീ-ടണമെ
സാത്താ-നീന്നും ഞങ്ങളെ വീണ്ടൊരു †സ്ലീബായാൽ.

ബാറെക്മോർ. †ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം---
ബഹുമാന്യ മഹൽ †സ്ലീബാ, നഷ്ടമതാം പറുദീസയിൽ
ഞങ്ങൾ, നിന്നാലേറിടുമെന്നോതി പ്രണമിച്ചി-ട്ടാ
ക്രൂ-ശേറ്റോ-നാം മശിഹായെ സ്തുതിചെ-യ്യുന്നു.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

പ്രൊമിയോൻ

മരത്തിന്മേൽ തൂക്കപ്പെട്ട് തൻെറ കൈനീട്ടി സ്വജാതീയരേയും വിജാതീയരേയും കൂട്ടിച്ചേർത്ത സ്വർഗ്ഗീയ സമാധാനവും പടിഞ്ഞാറോട്ടഭിമുഖമായി സ്ലീബാമേൽ കയറി സകല സീമകളിൽനിന്നും യഥാർത്ഥ സ്തുതിയും സത്യാരാധനയും കൈക്കൊണ്ട ജഡംധരിച്ച കർത്താവും, തൻെറ ആടുകൾക്കുവേണ്ടിയുള്ള കരുതലാൽ തൻെറ ഉത്തമഇടയത്തം വെളിപ്പെടുത്തുകയും തൻെറ ഇടവകയ്ക്കുവേണ്ടി പ്രാണാർപ്പണംചെയ്ത് തൻെറ മഹാകൃപയുടെ ബാഹുല്യത്തെ സ്ഥിരീകരിക്കുകയും തൻെറ മനോധൈര്യം മൂലം സകല ജാതികളേയും രക്ഷിക്കയും തൻെറ ബലിയാൽ സർവ്വരുടേയും പാപങ്ങൾ

ക്ഷമിക്കുകയും ചെയ്ത യഥാർത്ഥ ഇടയനും ആയവനു സ്തുതി. തനിക്ക് † സ്ലീബാവന്ദനവിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും സ്തുതിയും സ്തോത്രവും നിനക്കു യോഗ്യമാകുന്നു. ബ്കുല്ഹൂൻ---

<u>സെദറാ</u>

മഹോന്നതനായ ദൈവമേ, നിൻെറ രൂപത്തിൽ ഞങ്ങളെ സൃഷ്ടിക്കയും നിൻെറ സാദൃശ്യത്തിൽ ഞങ്ങളെ നിർമ്മിക്കയും ചെയ്തതിനാൽ നിൻെറ നിത്യതയെ ഞങ്ങൾ വന്ദിച്ച് സ്തുതിച്ചുപുകഴ്ത്തുന്നു. മനുഷ്യ വത്സലനേ ഈ വെള്ളിയാഴ്ച ദിവസത്തിൽ നിൻെറ സ്ക്കീപ്പാ † മൂലം ഞങ്ങളെ രക്ഷിക്കയും നിൻെറ ശരണത്താൽ ഞങ്ങൾക്കു സ്വാതന്ത്ര്യം നൽകുകയും ചെയ്തതിനാൽ നിൻെറ രക്ഷയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആദിയിൽ ആറാം ദിവസം നിനക്കു ആഗ്രഹം തോന്നിയിട്ട് ഞങ്ങളുടെ സൃഷ്ടിയെ നീ നിർവ്വഹിച്ചു. ഓദംസോയിലെ മണ്ണ് നിൻെറ തൃക്കൈകളിൽ നീ എടുത്തു മനഞ്ഞ് നിൻെറ രൂപസാമ്യത്തിൽ അതിനെ സജ്ജമാക്കി. നിൻെറ വായിലെ ശ്വാസത്തിൽനിന്ന് അവൻെറ മുഖത്തു നീ ജീവശ്വാസം ഊതി. അവൻ സൗന്ദര്യപൂർണ്ണനായി ജ്ഞാനത്തിൽ തികഞ്ഞ് ഒരു അത്ഭുത ഭാജനമായി ത്തീരുകയും ചെയ്തു. ബുദ്ധിഹീനതമൂലം അവൻ കല്പനലംഘിച്ച് നിന്ദിതനായപ്പോൾ ന്യായവിധിയാൽ

കുറ്റാരോപണം ചെയ്യപ്പെടുകയും മരണത്താൽ നശിപ്പിക്കപ്പെടുകയും ചെയ്തു. കാരുണ്യവാനും കൃപാ പൂർണ്ണനും ദയാലുവുമായ കർത്താവേ, അതിനുശേഷം അവൻെറ നാശത്തെക്കുറിച്ച് നിൻെറ കരുണ നിന്നെ പ്രേരിപ്പിക്കയും അവൻെറ രക്ഷയെപ്രതി, രഹസ്യസംപൂർണ്ണമായ വെള്ളിയാഴ്ചയെന്ന ആറാംദിവസംതന്നെ നിൻെറ കൈകൾ † സ്ലീബാമേൽ ആണികളാൽ തറയ്ക്കപ്പെടുകയും ചെയ്തു. ക്രൂശകരിൽനിന്ന് തിരുമുഖത്ത് അശുദ്ധമായ തുപ്പൽ നീ സ്വീകരിച്ചു. അവനെ ജീവിപ്പിക്കുവാൻവേണ്ടി തിരുവിലാവിൽ നീ കുന്തത്താൽ കുത്തുകൊണ്ടു. നിൻെറ പാർശ്വത്തിൽനിന്ന് പ്രവഹിച്ച രക്തവും വെള്ളവുംമൂലം അവൻ പുതിയ ജീവൻ സമ്പാദിച്ച് നവീകരിക്കപ്പെടുകയും ചെയ്തു. കർത്താവേ, ഇപ്പോൾ രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്തിൻേറയും ജീവദായകമായ നിൻെറ † സ്ലീബായുടേയും സ്മരണയുടെ ഈ വെള്ളിയാഴ്ച ദിവസത്തിൽ സഭ അതിൻെറ പ്രജകളുടെ വായ്വഴി നിന്നോടപേക്ഷിക്കുകയും ഈ സുഗന്ധധൂപത്തോടുകൂടെ തിരുമുമ്പിൽ അഭയയാചന നടത്തുകയും ചെയ്യുന്നു. ആദിയിൽ നിനക്കു പ്രീതിതോന്നി സൃഷ്ടിക്കയും അവസാനം രക്ഷിക്കയും ചെയ്തപ്രകാരം ഇപ്പോഴും കരുണാപുരസ്സരം നിൻെറ സൃഷ്ടിയെ നീ ദർശിച്ച് നിൻെറ സ്ലീബാമൂലം ഭൂതലത്തിനുമുഴുവനും സഹായം നൽകണമെ. നിൻെറ സ്ലീബായാൽ കോപത്തെ ശമിപ്പിക്കണമെ. നിൻെറ സ്ലീബായാൽ യുദ്ധങ്ങളെ

ശാന്തമാക്കണമെ. നിൻെറ സ്ലീബായാൽ കലഹങ്ങളെ മായിച്ചുകളയണമെ. നിൻെറ സ്ലീബായാൽ ശിക്ഷകളെ തടുക്കണമെ. നിൻെറ സ്ലീബായാൽ ക്ഷോഭിച്ചിരിക്കുന്നവരെ ശാന്തമാക്കണമെ. നിൻെറ സ്ലീബായാൽ കലഹകാരികളെ സമാധാനപ്പെടുത്തണമെ. നിൻെറ സ്ലീബായാൽ ഡംഭത്തെ വിനീതമാക്കണമെ. നിൻെറ സ്ലീബായാൽ പ്രശംസയെ നശിപ്പിക്കണമെ. നിൻെറ സ്ലീബായാൽ ശത്രുതയെ ദൂരീകരിക്കണമെ. നിൻെറ സ്ലീബായാൽ കോപത്തെ ശമിപ്പിക്കണമെ. നിൻെറ സ്ലീബായാൽ ദുഷ്ടതയുടെ ഉഗ്രതയെ അമർത്തണമെ. നിൻെറ സ്ലീബായാൽ പള്ളികളെ സ്ഥിരപ്പെടുത്തണമെ. നിൻെറ സ്ലീബായാൽ ദയറാകളെ ദൃഢീകരിക്കമെ. നിൻെറ സ്ലീബായാൽ പുരോഹിതന്മാരെ പ്രശോഭിപ്പിക്കണമെ. നിൻെറ സ്ലീബായാൽ ശെമ്മശ്ശന്മാരെ പ്രശസ്ഥരാക്കണമെ. നിൻെറ സ്ലീബായാൽ വൃദ്ധന്മാരെ താങ്ങണമെ. നിൻെറ സ്ലീബായാൽ യുവാക്കളുടെ ഉന്മേഷത്തെ നിയന്ത്രിക്കണമെ. നിൻെറ സ്ലീബായാൽ ശിശുക്കളെ വളർത്തണമെ. നിൻെറ സ്ലീബായാൽ പാപികൾക്കു മോചനംനൽകണമെ. നിൻെറ സ്ലീബായാൽ അപരാധികളോടുക്ഷമിക്കണമെ. ഇപ്പോൾ തിരുസന്നിധിയിൽ വന്ദിക്കുകയും നിൻെറ കഷ്ടാനുഭവങ്ങളെ ബഹുമാനിക്കുകയും നിൻെറ മുറിവുകളെ താലോലിക്കുകയും നിൻെറ വ്രണങ്ങളെ തഴുകുകയും നിൻെറ വടുക്കളെ ചുംബിക്കുകയും നിൻെറ † സ്ലീബായിൽ പ്രശംസിച്ച് ആനന്ദിച്ച്

അഭിമാനംകൊള്ളുകയും ചെയ്യുന്ന നിൻെറ ഇടവകയെ നീ ഭംഗിയായി ക്രമീകരിക്കണമെ. ഞങ്ങളേയും നിൻെറ സർവ്വ ജനത്തേയും പൂർണ്ണമായി നീ രക്ഷിക്കണമെ. നിൻെറ വാഗ്ദാനങ്ങൾ ഞങ്ങളുടെ അടുക്കൽ നിറവേറ്റണമെ. ഞങ്ങൾ മുഖപ്രസന്നതയോടെ നിൻെറ മഹനീയപുനരുത്ഥാനത്തിലേയ്ക്ക് ചെന്നുചേരത്തക്കവണ്ണം നിൻെറ ഉയിർപ്പിനാൽ ഞങ്ങളെ സന്ദർശിക്കണമെ. ഞങ്ങൾ നിൻെറ മണവറയിൽ തോഴന്മാരും നിൻെറ വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും നിൻെറ നിത്യരാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമെ. അവിടെ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും മുടക്കംകൂടാതെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ --- ആമ്മീൻ

കൂക്കോയോ

ദൈവതനൂജൻ †സ്ക്കീപ്പായിൽ സ്വയമ-ർപ്പിച്ചേകി
ലോകാധിപനാം താതൻ തൻ തൃക്കൈ-കളിലാത്മം
കബറുകൾ പൊട്ടി പാറകളും ചിതറി
സൃഷ്ടികളെല്ലാം സംഭ്രമമതിലാണ്ടു
ദൈവസുതൻെറ വിലാവയ്യോ കുന്ത-ത്താൽ കുത്തി
മോചനമുലകത്തിനു നൽകും ജലവും രക്തമതും
ഹാലേലുയ്യാ - പ്രവഹിച്ചതിൽ നിന്നും
വെള്ളിയിൽ മുന്തിരിയന്ത്രത്തെ യൂദ-ന്മാർ നാട്ടി
വീഞ്ഞുകുടിച്ചില്ലവർ വാഴ്വിൻ കുലമ-ർദ്ദിച്ചിട്ടും
പാപപ്പിശറാം കാടികുടിച്ചയ്യോ

തരുവിന്മീതെ വാനവനന്ദനനെ
ക്രൂശിച്ചതിനാൽ യേരുശലേം സന്ത-തികൾക്കവർതൻ
മേശകൾ കെണിയാമെന്നുള്ളൊരു നിബിയാം ദാവീദിൻ
ഹാലേലുയ്യാ വചനം നിറവേറി.

ബാറെക്മോർ. † ശുബഹോ ----- ഹാലേലുയ്യാ

കർത്താവമ്മയൊടും വധുവാം സഭയോ-ടും ചൊന്നു
പ്രിയസുതരെന്നൊടു ചെയ്തെന്തെ-ന്നീക്ഷി-പ്പാൻ വരുവിൻ
അബ്രാഹാമ്യർ തരുവിൽ ക്രൂശിച്ചു
യാക്കോബ്യന്മാർ താഡിച്ചെൻ കവിളിൽ
കുന്തത്താൽ കുത്തീസ്വഹിതം പോലെ-ല്ലാം ചെയ്തു
പ്രതിഫലമേകീടാനായ് ഞാനാഗ-തനാകുമ്പോൾ
ഹാലേലുയ്യാ - കഷ്ടമവർക്കയ്യോ.

മെന്ഗ്ഗാലാം വാദാമോ ------ ഹാലേലുയ്യാ

മശിഹാ വാനിൽനിന്നെത്തി-ത്തരുവിൽ ക്രൂശിതനായ്
യൂദന്മാർ കൊന്നൊരു കൂറ്റൻ ബലിപീ-ഠേസ്ഥിതനായ്
വന്നേറിടുവിൻ ജാതികളെ സഭയെ
എഴുന്നേൽക്കുക നീ സീയോൻ നിപതിച്ചു
ജീവനെഴുന്നോ-രപ്പത്തിൻ മേശ-യതും നിന്നിൽ
കർത്താവിൻെറ വിലാവിൽനി-ന്നൂറ്റിയ കാസായും
ഹാലേലുയ്യാ - സ്തുതിചെയ്തീടുന്നു. മൊറിയോ--

The Son of God gave up His soul on the Cross. The Lord of the world committed His Spirit into His Father's hands. The tombs were opened, the rocks

were split and the whole creation was taken by astonishment. With the spear they pierced the side of the Son of God and blood and water flowed out for the atonement of the world. Halleluiah, Halleluiah.

On Friday, the jews erected a wine press and in it they squeezed the grape of blessing and they did not taste its wine, and they drank the vinegar, the sediment of sin. The word of the prophet David that the table of the sons of Jerusalem shall become a snare of them, was fulfilled, for they had crucified the Son of the Most High on the tree.

Barekmore. † Glory be to the Father Son and the Holy spirit.

Christ says to His mother and to His Church whom He had betrothed; 'Come and see what happened to me from the children of my friends. For the house of Abraham has crucified me on the tree. And the house of Jacob has slapped on my cheeks they took a lance and pierced me and did according to their will. Woe to them, when I come again to give them reward. Halleluiah, Halleluiah.

Unto the ages of ages and for ever more.

Christ, who descended from on high is lifted on the cross. The bull which the jews slaughtered is

laid on the altar. Come, enter O Gentiles, for the people have departed. Rise up, O Church, for Zion has fallen down. In You have been established the table of the bread of life and the wine vessel, mixed from the side of the Lord. Halleluiah, Halleluiah.

എത്രൊ

തൻെറ ആനന്ദപരിമളത്താൽ ലോകത്തെ ആമോദിപ്പിക്കുന്നവനേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിൻെറ സ്ക്കീപ്പാ ആത്മീയധൂപമായിത്തീരുകയും അതിൻെറ ആനന്ദപരിമളത്താൽ നിൻെറ പിതാവിനെ നീ സൃഷ്ടയുമായി രമ്യപ്പെടുത്തുകയും ചെയ്തു. നിൻെറ കഷ്ടാനുഭവം അഗ്നിക്കും നിൻെറ സ്നേഹം സുഗന്ധവർഗ്ഗത്തിനും പകരമായി തീർന്നിട്ട് നിൻെറ മനുഷ്യത്വത്തിൻെറ പൗരോഹിത്യം വഴിയായി നിൻെറ സ്ക്കീപ്പായാകുന്ന ധൂപം പിതാവിനു നീ സമർപ്പിച്ചു. ഇപ്പോൾ തിരുമുമ്പാകെ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ ധൂപം ഞങ്ങളുടെ ദുർബലഹസ്തങ്ങളിൽനിന്ന് അംഗീകരിച്ച് അതുമൂലം നിൻെറ ഇടവകയ്ക്കു പാപപരിഹാരവും മോചനവും നൽകുകയും വിശ്വാസികളായ ഞങ്ങളുടെ സകലപരേതർക്കും ആശ്വാസവും നല്ല ഓർമ്മയും നൽകുകയും ചെയ്യണമെ. മോറാൻ വാലോ----

ഹൂത്തോമ്മോ

തൻെറ അജയ്യശക്തിയാൽ സകലവും പ്രവർത്തിക്കുന്നവനും ലോകത്തിൻെറ നാലുദിക്കുകളെ നാലായി വികസി

പ്പിക്കുകയും എന്നാൽ തൻെറ സ്നേഹംമൂലം അവയെ ഒന്നായി ബന്ധിക്കുകയും ചെയ്യുന്നവനും ദുഷ്ടൻെറ ആധിപത്യത്തെ മായിച്ചുകളഞ്ഞ പത്ഥ്യോപദേശം തന്നിൽ നിന്നു, താൻമൂലമായി, നമുക്കു സമ്പാദിച്ചുതന്നവനുമായ കർത്തൃസ്വരൂപവും, ദൈവത്തെപ്പോലെ ജീവനുള്ളവനായിരിക്കെ ശരീരപ്രകാരം മരത്തിന്മേൽ തൂക്കപ്പെട്ട കർത്താവും വിവേകശക്തിയുള്ള ഇസ്രായേലിൻെറ പരിശുദ്ധനും ആയുള്ളോവേ, ഞങ്ങൾക്കഭിമുഖമായ തൂങ്ങിക്കിടക്കുന്ന നിന്നിൽ ഞങ്ങളുടെ ദൃഷ്ടികൾ പതിയുമാറാകണമെ. കഷ്ടതകളുടെ മദ്ധ്യാഹ്നത്തിൽ ആകൽക്കറുസാ ഞങ്ങൾക്കെതിരായി പ്രയോഗിക്കുന്ന രാത്രിയിലെ കെണികളിൽ നിന്നും പകലിലെ അസ്ത്രങ്ങളിൽനിന്നും ഞങ്ങൾ ഭയപ്പെടുവാനിടയാകരുതെ. നീ ഞങ്ങളുടെ പ്രബലസങ്കേതമാകുന്നുവല്ലോ. നിൻെറവലത്തുകൈ ഞങ്ങളിലെല്ലാവരിലും ആവസിപ്പിച്ച് നിന്നിലുള്ള ഞങ്ങളുടെ ഈ സമ്മേളനത്തെ അനുഗ്രഹിക്കണമെ. നിൻെറ സ്ലീബായെന്ന ശ്രേഷ്ഠമായ അടയാളത്താൽ ഞങ്ങളുടെ ആത്മാക്കളെ കാത്തുസംരക്ഷിച്ചുകൊള്ളണമെ. ഞങ്ങൾ സദാ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും ഉചിതമായ സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ -- ആമ്മീൻ.

We worship You, O Lord, Who sweetens the world by the incense of His savour, Whose Cross became the spiritual censer which reconciled

creation unto Your Father. Instead of Myrrh, Your Passion; instead of sweet spices, Your love. And by the priesthood of Your humanity, You offered the censer of Your Crucifixion. Even now, O Lord, be pleased with the censer which our frail hands offered unto You and grant by it atonement and forgiveness to all Your flock and make rest and good memorial to all the faithful departed, now and forever. Amen.

Hothomo

We praise O Lordly appearance (*Eskimo)* who does all things by His invincible power, who stretched the four quraters of the world in the four directions and unites (them) by His love, by whom we gained the sound knowledge that blotted out the dominion of the evil one. O Lord, who was stretched out on the tree according to the body, being alive as God, upon You our eyes are set, and O Holy Intelligent One of Israel, the Living One suspended before us. May we not be afraid of the terrors of the night, nor of the day, and the arrows of the day that the adversary sends against us. (Ps.91:5), for Your are our great protection.

Overshadow Your right hand upon all of us and bless our assembly. Defend and protect our souls by the great sign of Your Cross. We will offer up due praise and thanksgiving always to You and to Your Father and to Your Holy Spirit. Now and always for ever and ever.

കോലോ - തൂബൈക്ക്ഈത്തോ

താതൻ തന്നേകാത്മജനാകും കർത്താവേ
ധിക്കാരികളി-സ്രായേല്യർ, സ്ക്കീപ്പാ-മേൽ നിന്നെത്തൂക്കി
കുന്തമതേറ്റ വിലാവിൽനി-ന്നൊഴുകീ ശോണിതവും നീരും
ഗോഗു-ൽത്തായിൽസ്ക്കീപ്പാമേൽ, ജീവനെഴുന്നോരൂറ്റൊഴുകി
വിശ്വാസത്താൽ പതിതന്മാർ വിഗ്രഹസേവയിൽ നിന്നേ-റി.

ഉന്മാദിനിയാം സീയോൻ സുതഗോഗുൽത്തായിൽ
ദൈവത്തിൻ സു-തനെത്തൂക്കി രോഗങ്ങളെയാറ്റുമ്പോൾ തൻ
തലമേൽ വടിയാൽതാഡിച്ചു തുപ്പീ തിരുവദനത്തിന്മേൽ
നമ്മെപ്പറുദീസയിലേറ്റാൻ, നമ്മു-ടെ ദീനകുലത്തിന്നായ്
അടിയും കഷ്ടതയും ദുഷിയും പരമേറ്റോനായി സ്തോത്രം

ബാറെക്മോർ. ശുബഹോ -----

പാരം ശ്രേഷ്ഠം പാർത്താൽ തസ്ക്കരവി-ശ്വാസം
പാണിപദങ്ങളിലാണിയുമായ് നാഥൻ തരുവിൽതൂങ്ങുമ്പോൾ
എൻപിഴ പോക്കണമെന്നേവം പാപവിമോചനമർത്ഥിച്ചാൻ
ശീമോൻ കണ്ടു നിഷേധിച്ചു യൂഹാനോൻ നിന്നാനകലെ
നിൻവരവതിലോർക്കണമെന്നേ-യെന്നേവം മോഷ്ടാവാർത്തു.

മെൻ്ഗാലാം വാദാമോ-----

പുണ്യമെഴുന്നോ-ൻ കണ്ടീ-ടും തരുവതി ധന്യം
ശ്ലേമൂൻ നൃപനേവം നമ്മൾ-ക്കെഴുതീ സൃഷ്ടികളോടോതീ
സ്ക്കീപ്പൂസായിൻ തരുവിന്മേൽ ദൈവസുതൻന്നെ വിരിച്ചു
അമ്പൊടണഞ്ഞഖിലം ലിഖിതം നിറവേറ്റിത്തന്നേ സത്യം
വിമലസഭയ്ക്കുവിലാപ്പഴുതാൽ പുണ്യമണച്ചോനേസ്തോത്രം

മൊറിയോറാഹേം -----

Lord, who is the Only Begotten of the Father, the ungreatful children of Israel ventured to hand You on the Cross. They pierced Your side with a spear, and blood and water flowed out from it. Behold, a fount of life overflowed at Golgotha on the Cross. The Gentiles believed and were set free from the error of idolatry.

The daughter of Zion went mad and crucified the Son of God on Golgotha and struct Him on His head with a stick, and moinstened His face with spit, though He endured passions, beating and insult for the sake of our feeble race, in order to turn us back to the Paradise. Barekmor. † Glory be to the..

How great is the faith of the thief, who asked forgiveness of His Lord suspended on the tree,

with nails on His hands and feet. He told Him: Forgive me my inequity. Simon who saw Him, renounced Him and John stood afar, but the thief cried out, saying: 'Remember me O Lord, when You come!' **Unto the ages of ages for ever.**

Blessed be the tree upon which the Righteous One is seen. Thus wrote King Solomon, preaching it to the whole world. The Son of God stretched out Himself on the tree of crucifixion. Praise to Him who by His mercies came and fulfilled all that was written and by the piercing of His side the believing and the holy Church received absolution.

(മോർ അപ്രേമിൻെറ ബോവൂസോ)

ܡܳܪܝ ܐܶܬ݂ܪܰܚܰܡܥܠܰܝܢ ܒܚܰܫܳܟ݂ ܪܰܒܳܐ ܘܰܚܢܳܢܳܐ
ܒܚܰܫܳܟ݂ ܢܶܗܘܶܐ ܫܰܘܬܳܦܶܐ ܘܰܠܡܰܠܟܽܘܬ݂ܳܟ݂ ܢܺܐܪܬ݂ ⁜
ܠܗܽܘ ܕܰܒܚܰܫܳܘܗ̱ܝ ܡܳܪܝ ܒܰܢܰܝܢܳܫܳܐ ܦܪܰܩ ܟܽܠܰܢ ⁜

നാഥാ കൃപചെയ്തീടണമേ
മഹിതമതാം നിൻ ഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം
നാഥാ കൃപതോന്നേണമൻപാൽ

മറിയാംതിരുസവിധേചെന്നൂ
ഗോഗുത്തായിൽ തലതാങ്ങി
സങ്കടദയനീയ ധ്വനിയോ-
ടേകാത്മജനെ പ്രതി കേണാൾ
തരുവിൽ തൂക്കിയ സുതനെക്ക-
ണ്ടതി ദുഃഖം കണ്ണീർചിന്തി
ഇടറിയ സങ്കടനാദത്തോ-
ടെബ്രായയിലേവം ചൊന്നാൾ
സഖികളുമവളൊപ്പം കേണു
കഷ്ടതയും വ്യഥയും പൂണ്ടു
ദേവാ ദയയുണ്ടാകേണം
നാഥാ കൃപതോന്നേണമൻപാൽ

നിലവിളിയൊടു മറിയാംചൊന്നാൾ
മൂകപ്രകൃതികളിളകുന്നു
മകനേ നാലതിരും ചുറ്റി-
ത്തിരുവധമെന്ന വിരുന്നിന്നായ്
സകരെയും ചേർപ്പാൻ
നാഥാ ഗരുഢത്വമെനിക്കാരേകി ?
നിൻകബറേറ്റത്താലിന്നാൾ
കേഴുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്താൽ ദുഃഖം
രക്ഷിത സഭയാലാനന്ദം
നിൻ കല്ലറമണവറതുല്യം

മകനേ നീയതിൽ മണവാളൻ
മൃതി പൂണ്ടോർ തോഴന്മാരായ്
വാനവരൊപ്പം വാ-ഴുന്നു
    ദേവാ ദയയുണ്ടാകേണം
    നാഥാ കൃപതോന്നേണമൻപാൽ

കേണോതീ മറിയാം ശാന്താ
നിന്നോടാർക്കീ വൈരാഗ്യം
ഉന്മാദിനിസീയോൻനിന്നിൽ
കണ്ടെന്തിഹനിൻസ്ക്കീപ്പായ്ക്കായ്
മിസ്രേമീന്നവളേ വിണ്ടും
വൻകടൽ തരണം ചെയ്യിച്ചു
സൗഖ്യം രോഗാർത്തർക്കേകി
പൂർണ്ണസുഖം വാതാർത്തർക്കും
ക്രൂശകികൾക്കായി പകരം
ദുഷിയും ദുഷ്ടതയും നൽകി
പകരം ജാതികൾ മദ്ധ്യേയീ
സംഘത്തെ മഴു ചിതറിക്കും
    ദേവാ ദയയുണ്ടാകേണം
    നാഥാ കൃപതോന്നേണമൻപാൽ

**നിന്നെ തൂക്കിയ നഗരത്തിൽ*
ന്യായാധീശൻ വാഴരുതേ
നിൻസ്ലീബായാം വെൺമഴുവാ-
ലതു ചുറ്റും ചിതറീടട്ടെ

നിന്നെ വിധിച്ചൊരുവിധിനിലയേ
വിധിനാഥനിരുന്നീടരുതേ
നീ പിഴയേറ്റൊരു മദ്ബഹായിൽ
പുണ്യമതുണ്ടായീടരുതേ
നിന്നെസ്ക്കീപ്പായേല്പിച്ച
വൈദികനേൽക്കരുതാശ്വാസം
അവനതിവേദന ശാശ്വതമായ്
നരകത്തിൽ പ്രാപി-ക്കട്ടെ
**ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ*

സൃഷ്ടികളെവിലപിച്ചിടുവിൻ
തരുവിൽ തൂക്കിയനാഥന്നായ്
നീക്കുക ദിനകര കതിരുകളെ
നാഥാക്ഷേപം മറവാക്കാൻ
പാതാളസ്ഥരെ ദർശിപ്പാൻ
നിർമ്മാതാവു ഗമിക്കുന്നോ-
രിരുളിൽ താണുദയം ചെയ്ക
ജീവദനെന്നവരോതീടും
നാഥസുതൻദുഷിയേല്പതിനാൽ
ഞെട്ടുവിറയ്ക്കുകഭൂതലമേ
സീയോൻസുതരാംവൈരികൾതൻ
നിന്ദയെവീട്ടുകനിൻവായിൽ
പതിനായിരമായ് നിഹനിച്ച
വാളെങ്ങിഹ മീഖാ-യേലേ
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

എങ്ങിഹ ഗബ്രിയേലേ നിൻ
ജ്വാലാഭീകര വൈരാഗ്യം
സ്ക്കിപ്പാമേൽ നാഥൻ നഗ്നൻ
നിൻ ചിറകെന്തിളകുന്നില്ല
പെരുന്നാളറ്റൊരു സീയോനേ
പ്രതി മന്ദിരമേ വിലപിക്ക
റൂഹാ വാതിൽ മറകീറി
നിന്നെവെടിഞ്ഞിഹ പൊയ്പ്പോയി
മൂകപ്രകൃതികൾവാഴ്ത്തീടും
പ്രകൃതിയ്ക്കുടയോനേസ്തോത്രം
തിരുവുളമായ്ഭൗതികർകുറ്റം
ചാർത്തിയ നാകപതേസ്തോത്രം

ദേവാ ദയയുണ്ടാകേണം
നാഥാ കൃപതോന്നേണമൻപാൽ

വാനവുമാഴവുമേൽക്കുമ്പോൾ
തരുവേറ്റോനേതേസ്തോത്രം
ഭൂസീമകളെ വഹിക്കുമ്പോൾ
കബറിലമർന്നോനേസ്തോത്രം
നിൻസ്ലീബായാൽരക്ഷിതരാം
സൃഷ്ടികളിൽനിന്നുംസ്തോത്രം
നിൻപ്രഭയങ്ങു പരന്നതിനാൽ
മൃതലോകം വാഴ്ത്തും നിന്നെ
ആയിരമൊടു പതിനായിരമായ്
സ്തുതി മഹിമകളേകീടുന്നു

സ്തുതിനിൻപ്രേഷകതാതന്നും
റൂഹ്ക്കുദിശായ്ക്കുനമസ്ക്കാരം
ദേവാ ദയയുണ്ടാകേണം
നാഥാ കൃപതോന്നേണമൻപാൽ

കർത്താവേകൃപചെയ്യണമെ
മഹിതമതാം നിൻ ഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം
നാഥാ കൃപതോന്നേണമൻപാൽ

(സൂമ്മോറോ - ഗ്ലാവ് ഹർമ്മേ ഉശാലഹ്)

ܐܠܐ ܐܢ̈ܬܝܢ ܩܠܝܠܐ ܕܫܒܚܢ

ܠܟ ܢܣܒܐ ܘܡܫܝܚ ܢܣܝܒ ܘܩܘܒ ܪܘܚܐ ܟܒ̈ܢܝܬܐ ⁜

തൻവസ്ത്രമുരിഞ്ഞുശപ്തർ ഭൂവനം സംഭ്രമമൊടുമേവി
സെഹിയോൻതൻദുഷ്കൃത്യത്താൽവസുധാധാരംഭ്രമമാണ്ടു
തൻ ഭാരത്തെത്താങ്ങീടാൻ ഗോഗുൽത്താ ക്ളേശിച്ചേറ്റം
ഞങ്ങൾക്കായുളവായൊരുനിൻ വ്യഥയുംതാഴ്ചയുമതിധന്യം

വായനകൾ

ഉല്പത്തി 22. 1-14, പുറപ്പാട് 17. 8-14,
യെശയ്യാ 52. 13 - 53. 12
1 പത്രോസ് 2. 19-25, ഗലാത്യർ 2. 26- 3. 14, 6. 11-18

1 പത്രോസ് 5. 5-14, റോമർ 16. 1-27.

ഏവൻഗേലിയോൻ

ഹാലേലുയ്യാ ഉ ഹാലേലുയ്യാ എന്നാടകളവർ ഭാഗിച്ചു
എന്നങ്കിക്കായ് ചീട്ടിട്ടു. ഹാലേലുയ്യാ.

ഏവൻഗേലിയോൻ.

ലൂക്കോസ് 23. 49, മത്തായി 27. 55-56, മർക്കോസ് 15. 41, യോഹന്നാൻ 19. 31-42, മത്തായി 27. 60, ലൂക്കോസ് 23. 55-56

ܠܡܪܝܐ ܫܘܒܚܐ ܘܥܠܝܢ ܪ̈ܚܡܘܗܝ ܠܥܠܡܝܢ ܐܡܝܢ ✱

ܘܐܘܢ̈ܓܠܝܘܢ ܩܕܝܫ ܡܢ ܡܬܝ ܐܘ ܠܘܩܐ ܡܣܒܪܢܐ

ܡܪܩܘܣ ܐܘ ܠܘܩܘܣ ܡܣܒܪܢܐ ✱ (ܘܣܒܪܘܗܝ) ܗܘ ܠܐܠܗܘܬܗ

യേശുവിൻെറ പരിചയക്കാരെല്ലാവരും, ഗലീലായിൽനിന്ന് അദ്ദേഹത്തിൻെറ കൂടെ വന്നിരുന്ന സ്ത്രീകളും ദൂരെനിന്ന് ഇതെല്ലാം നോക്കിക്കൊണ്ടിരുന്നു. അവരിൽ ഒരുവൾ മഗ്ദലനക്കാരി മറിയാമും മറ്റവൾ യാക്കോബിൻെറയും യോസിയുടേയും മാതാവായ മറിയാമും വേറൊരുവൾ സെബദിപുത്രന്മാരുടെ മാതാവും ആയിരുന്നു. യേശുവിനെ ക്രൂശിച്ചത് ശാബതിൻെറ ഒരുക്കനാളായ വെള്ളിയാഴ്ച ആയിരുന്നു. ആ ശാബത് അതിപ്രധാനവുമായിരുന്നു. ശാബതിൽ മൃതശരീരങ്ങൾ കുരിശിൽ സ്ഥിതിചെയ്യാതെയി രിക്കുവാൻ, അവരുടെ കാലുകൾ തകർത്ത് അവരെ കുരിശിൽനിന്നു നീക്കംചെയ്യുവാൻ യഹൂദന്മാർ പീലാത്തോ

സിനോട് ആവശ്യപ്പെട്ടു. അപ്പോൾ പടയാളികൾചെന്ന് യേശുവിനോടുകൂടെ കുരിശിൽതൂക്കപ്പെട്ട രണ്ടുപേരുടെയും കണങ്കാലുകൾ തകർത്തു. യേശുവിൻെറ അടുത്തുചെന്ന പ്പോൾ അവൻമരിച്ചുകഴിഞ്ഞു എന്നുകണ്ടതിനാൽ അവൻെറ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവൻെറ വിലാപ്പുറത്തു കുത്തി. ഉടനെ അതിൽനിന്നു രക്തവുംവെള്ളവും പുറപ്പെട്ടു. ഇതു കണ്ടവനാണ് സാക്ഷ്യം നൽകിയിരിക്കുന്നത്. അവൻെറ സാക്ഷ്യംസത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യം പറഞ്ഞിരിക്കുന്നുവെന്ന് അവൻ അറിയുകയും ചെയ്യുന്നു. "അവൻെറ അസ്ഥിതകർക്കപ്പെടുകയില്ല" എന്ന തിരുവെഴുത്തും "തങ്ങൾ കുത്തിത്തുളച്ചവനെ അവർ നോക്കും" എന്ന മറ്റൊരു തിരുവെഴുത്തും നിവൃത്തിയാകു വാൻ ഇവ സംഭവിച്ചു. അനന്തരം യഹൂദന്മാരോടുള്ള ഭയം കാരണം രഹസ്യമായി യേശുവിന്ശിഷ്യപ്പെട്ടിരുന്ന അരിമത്യ ക്കാരൻ യൗസേപ്പ് യേശുവിൻെറ ശരീരം എടുക്കുവാൻ പീലാത്തോസിനോട് അനുവാദംചോദിച്ചു. പീലാത്തോസ് അനുവാദം നൽകി. യൗസേപ്പ് വന്ന് യേശുവിൻെറ ശരീരം എടുത്തുമാറ്റി. മുമ്പ് രാത്രിയിൽ യേശുവിൻെറ അടുക്കൽ ചെന്നിരുന്ന നീക്കോദീമോസുംവന്നു. അവൻ ഉദ്ദേശം നൂറു റാത്തലിലധികം മൂറും ചെന്നിനായകവുംചേർന്ന സുഗന്ധ ക്കൂട്ടും കൊണ്ടുവന്നു. അവർ ഇരുവരും യേശുവിൻെറ ശരീരമെടുത്ത് യഹൂദന്മാരുടെ ശവസംസ്ക്കാരക്രമമനുസ രിച്ച് സുഗന്ധദ്രവ്യത്തോടുകൂടി തുണികൊണ്ട് പൊതിഞ്ഞ്

കെട്ടി. യേശുവിനെ കുരിശിച്ച സ്ഥലത്ത് ഒരു തോട്ടവും, ആ തോട്ടത്തിൽ അന്നുവരെ ആരെയും സംസ്ക്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. ശാബത് ആരംഭിച്ചതിനാലും, കല്ലറ സമീപത്തായതുകൊണ്ടും അവർ യേശുവിനെ അതിൽ സംസ്കരിച്ചു. കല്ലറയുടെവാതുക്കൽ ഒരു വലിയ കല്ല് ഉരുട്ടിവെച്ചിട്ട് അവർ പോയി. ഗലീലയിൽ നിന്ന് യേശുവിനോടുകൂടെപോന്ന സ്ത്രീകൾ അടുത്തുണ്ടായിരുന്നു. അവർ കല്ലറയും അവൻെറ ശരീരം സംസ്ക്കരിച്ചതുംകണ്ടു. അവർ മടങ്ങിവന്ന് സുഗന്ധദ്രവ്യവും പരിമള തൈലവും ഒരുക്കി, ശാബതിൽ നിയമപ്രകാരം സ്വസ്ഥമായിരുന്നു.

ܠܟܝ ܡܫܝܚܐ ܐܬܐ ⁜ ܩܘܪܒܢܟܘܢ ⁜

അനന്തരം കുരിശു മേശയോടുകൂടി അഴിക്കകെത്ത് മദ്ധ്യ ഭാഗത്തായി വച്ചിട്ട് പട്ടക്കാരും ശെമ്മാശ്ശന്മാരും താഴെ കാണുന്ന ഗീതം ചൊല്ലിക്കൊണ്ട് മേശയ്ക്കുചുറ്റും ധൂപംവീശി വന്ദിച്ച് കുമ്പിടുന്നു. അപ്പോൾ അവരോടുകൂടെ എല്ലാവരും കുമ്പിടുന്നു.

ܠܨܠܝܒܟ ܡܫܝܚܐ ⁜ ܕܗܘ ܗܘܐ ܦܘܪܩܢܐ ܠܢܦܫܬܢ ⁜ ܘܥܡ
ܓܝܣܐ ܐܡܪܝܢܢ ⁜ ܡܫܝܚܐ ܐܬܕܟܪܢܝ ܡܐ ܕܐܬܐ ܐܢܬ ⁜

ആത്മാക്കളെ രക്ഷിച്ചൊരു നിൻ †സ്ലീബായെനമിച്ചെങ്ങൾ ചോരനൊടൊപ്പം ചൊല്ലുന്നു, മശിഹാ-യോർക്കെങ്ങളെ നീ വന്നീടുമ്പോൾ.

ഗദ്യം

ഞങ്ങളുടെ ആത്മത്തിനു അതിനാലെ രക്ഷയുണ്ടായി എന്ന † സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു. മശിഹാതമ്പുരാനേ, നീ എഴുന്നെള്ളി വരുമ്പോൾ ഞങ്ങളെയും ഓർക്കേണമെന്ന് കള്ളനോടുകൂടി ഞങ്ങളും ചൊല്ലുന്നു.

Adoration of the Cross (song)

We bow be-fore the Cross That brought us Salva-tion And with the - thief we cry out Christ remem-ber us when - You come

അനന്തരം പട്ടക്കാരൻ സ്ലീബാ വഹിച്ചുകൊണ്ട് തെക്കേ വാതിൽ വഴി പുറപ്പെട്ട് പള്ളിക്കുചുറ്റും ഒരു പ്രദക്ഷിണം നടത്തി, വടക്കേ വാതിൽവഴി അകത്തു പ്രവേശിക്കുന്നു. ഈ പ്രദക്ഷിണത്തിൽ കുട, കൊടി, ധൂപക്കുറ്റി ആദിയായ എല്ലാസാധനങ്ങളും ഉപയോഗിക്കാം. അവ ദുഃഖസൂചകമായി കറുത്ത നിറമുള്ളവയായിരിക്കണം.

പ്രദക്ഷിണഗീതം - ഹദ്ഗബറോ

ܚܲܕ ܓܲܒܪܵܐ [ܗܘ] ܕܫܡܹܗ ܗܘܵܐ ܝܵܘܣܹܦ ⁜ ܡܸܢ ܪܵܡܬܵܐ

ܘܟܹܐܢ ܗܘܵܐ ܒܥܒܵܕܵܘܗܝ ⁜ ܐܲܝܟ ܗܘܵܐ [ܗܘܵܐ] ܒܥܠ ܡܸܢ

ܩܲܕܡܵܘܗܝ ⁜ ܕܢܸܦܠܘܼܢ ܠܹܗ ܦܸܓܪܹܗ [ܗ] ܘܡܥܲܡܠܵܐ ⁜

ܘܫܐܸܠ ܗܘ ܠܹܗ ⁜ ܦܸܓܪܹܗ ܘܦܲܪܡܹܗ ⁜ ܫܲܒܩܹܗ ܘܲܟܝܼܠ

ܠܡܲܪܝܲܡ ⁜ ܘܐܝܟ [ܐ] ܐܣܟܡܗܘܢ ⁜ ܒܝܘܡܐ [ܐܝܟܝ] ܘܐܣܬܟܠ

ܟܠ ܡܫܡܠ ⁜ ܘܟܠ ܩܘܫܬܐ ܘܫܡܝܐ [ܐ] ܐܬܚܡܡ ⁜

അരിമത്യാ നാട്ടിൽ ധാർമ്മികനായ് വാണ

യൗസേപ്പെന്നോതും മാനവനേകൻ
മശിഹാതൻ ഗാത്രം പ്രാപിപ്പാൻ ചെന്നു
പീലാത്തോസ്സോടാ-യർത്ഥിച്ചേവം
വിധിനാഥാ നൽക ഭാഗ്യമഹാനിധിയാം
രക്ഷകഗാത്രത്തെ സംസ്ക്കാരം ചെയ്യട്ടെ ഞാൻ
അവനേ യൂദന്മാർ തരുവിന്മേൽ തൂക്കി
ഞാനാമോദിപ്പാ-നതിനെ നൽക.

Joseph, hailing from, land of A-rimathea
He was one righteous, and venera-ble.
Beseeching He came, unto Pi-late’s Court
Pleading for Jesus’, Body Di-vine
Body of Savior, Most Holy - Treasure
Grant Thou me, Ru-ler, I may bu - ry Him - my - self
Crucified was He, on a Cross by Jews
Give it unto me, for my de-light

അനന്തരം ബീമായിലൊ മദ്ബഹായിലൊ നിന്നുകൊണ്ട്
സ്ലീബാആഘോഷം നടത്തുന്നു.

കിഴക്കോട്ടു തിരിഞ്ഞുകൊണ്ട് - പ്രാർത്ഥന

ഞങ്ങളുടെ വർഗ്ഗത്തിൻെറ രക്ഷയെപ്രതി കുരിശിൽ തൂക്കപ്പെട്ട മശിഹാതമ്പുരാനേ, വിശുദ്ധസ്ലീബാ ഞങ്ങൾക്കു സമാധാനത്തിൻെറ ലക്ഷ്യവും വിജയത്തിൻെറ പതാകയും രക്ഷയുടെ ആയുധവും ആയിത്തീരുമാറാകണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ, അതിൻെറ പാർശ്വങ്ങളിൽ ഞങ്ങളെ സംരക്ഷിച്ച് അതിൻെറ

വിജയശക്തിയാൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഹോശോ --- ആമ്മീൻ.

Christ our God, Who was crucified for the redemption of our race, may Your Cross be unto the sign of tranquility, the banner of victory and the armor of salvation. Protect us all under its wings and keep us by its victorious power, our Lord and our God, forever. ***Amen.***

മസ്അക്കോനൂസൊ

⁜ ܐܶܬܩܛܶܠ ܡܳܪܝ ܒܨܠܺܝܒܳܐ ⁜

കർത്താവേ ദ്വേഷികളാൽ നീ, ക്രൂശിന്മേൽ തൂക്കപ്പെട്ടു
പാണികൾ നീ നീട്ടിപ്പാരിൽ നാലതിരുകൾ കരഗതമാക്കി
നാഥനെ നഗ്നം കണ്ടതിനാൽ ഗഗനത്തിൽ പകലോൻമങ്ങി
പകൽ മദ്ധ്യാഹ്നേ നിശയേറി തന്നധികാരേ നിലകൊണ്ടു
തരുവിൽ തൻദ്ധ്വനിധരയേയും വാനിനെയും വറകൊള്ളിച്ചു
കൃപയാൽ നീമൃതസമനായി ഹിതമൊടു നീയുത്ഥിതനായിട്ട്
ആദാമിനെയെഴുന്നേല്പിച്ച-ങ്ങേദതനിലേയ്ക്കു തിരിച്ചേറ്റി
രക്ഷക കരുണാസമ്പന്നാ ശ്രേഷ്ഠം നിൻ കൃപ കർത്താവേ

പെത്ഗോമോ. രക്ഷണപരിചയെനിക്കായ് നീ നൽകി

ܦܬܓܡܐ ⁜ ܫܘܒܚ ܠܟ ܡܪܝ ܦܪܘܩܐ ⁜

പറുദീസാമദ്ധ്യേനട്ടോ-രേദൻ തന്നിലെ ജീവമരം
ലോകം ജീവഫലം പൂണ്ട സ്ലീബായുടെ ദൃഷ്ടാന്തം താൻ

തന്നുടെ പൂജാദിവസത്തിൽ പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു നാമും ചേർന്നോതീടേണം

കുറിയേലായിസ്സോൻ,കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

1- (Towards the East) Ekbo

Crucified were you, O, Lord
On the Cross by evil men
Extending hands on both sides
You held the four ends of earth
Sun was darkened in the sky
Seeing Lord naked on Cross
Darkness came at midday and
Overshadowed the daylight
Voice of the Lord from the Cross
Made earth and heaven tremble
Lord, You died in Your mercy
You came to life, by Your will
You raised up fallen Adam
Restored him to Paradise
Savior, Lord, full of mercy
Your grace is exalted, Lord.

Shield of salvation You gave to me!

The Tree of Life planted in
The center of Eden was

Symbol of the Holy Cross
That gave life-fruit for the world
We adore the Cross today
Joyous are earth and heaven
They do celebrate today-
Let us join them and cry out:

Kurieleison, kurieleison, Kurieleison

പടിഞ്ഞാറോട്ടു തിരിഞ്ഞുകൊണ്ട് പ്രാർത്ഥന

ദൈവമായ കർത്താവേ, നിൻെറ ജയകരമായ † സ്ലീബായുടെ മുദ്രമൂലം നിൻെറ ഇടവകയിലെ ആടുകൾ അഹങ്കാരിയായ ആകെൽക്കറുസായുടെ സകല നശീകരണ തന്ത്രങ്ങളിൽനിന്നും ദുരാഗ്രഹികളായ ദുഷ്ടന്മാരുടെ ദുഷ്ടതകളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ ഞങ്ങളെ നീ യോഗ്യരാക്കണമെ. ഞങ്ങളെപ്രതി അറുക്കപ്പെട്ട യഥാർത്ഥ ഇടയനായ മശിഹാ നിനക്കു ഞങ്ങൾ സ്തുതി കരേറ്റുന്നു. ഹോശോ --- ആമ്മീൻ.

Make us worthy, O Lord God, that the flock of Your faithful be protected by the sign of Your victorious Cross from all the destructive artful devices of the rebellious adversary, from the wickedness fo evil doers and from the vicious, O Christ, the Shepherd Who was slain on account of us. To You we offer glory, now and forever. ***Amen.***

എക്ബോ

ܡܰܠܟܳܐ ܕܡܰܠܟ̈ܶܐ ⁜

മശിഹാ നീ ഭൂമദ്ധ്യത്തിൽ ക്രൂശിതനായൊരു വേളയതിൽ
ആലയമറ രണ്ടായ് കീറി, നിന്നെക്കുരിശിൽ ദർശിച്ചി-
ട്ടൂഴിയുമഖിലം വിറപൂണ്ടു സംഭ്രമമോടുൽഘോഷിച്ചാൻ
താതന്മാരുടെ ദൈവം നീ വാഴ്ത്തപ്പെട്ടവനാകുന്നു.

പെത്ഗോമോ.

തൃക്കൈ തുണചെയ്തെന്നെവളർത്തും നിൻ ശിക്ഷ.

ܫܽܘܒܚܳܐ ܠܰܡܫܺܝܚܳܐ ܘܰܡܫܰܒܚܳܐ ܠܳܗ̇ ܠܐܰܒܽܘܗ̱ܝ ⁜

മൃതിയിൽ നിന്നിസഹാക്കിനെസം-രക്ഷിച്ചൊരജപോതത്തെ
സംദാനം ചെയ്തൊരു തരുഭൂ-സീമകളെപ്പരിരക്ഷിപ്പാൻ
തൂക്കപ്പെട്ടൊരു കുഞ്ഞാടിൻ സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ പാരുംവാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു നാമും ചേർന്നോതീടേണം

കുറിയേലായിസ്സോൻ,കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

2- (Towards the West) Ekbo

Christ, when you were crucified
At the center of the earth
The Temple’s curtain was torn
When it saw You on the Cross
All the earth trembled in fear

Crying aloud and saying
"O Lord of our forefathers
Blessed are You, O my Lord!"

Your holy hand shall teach and bring me up

Tree that gave a lamb which did
Rescue Isaac from his death
That tree is a symbol of
The Holy Cross on which the
Lamb of God was crucified
We adore the Cross today
Joyous are earth and heaven
They do celebrate today
Let us join them and cry out:

Kurieleison, kurieleison, Kurieleison

വടക്കോട്ടു തിരിഞ്ഞുകൊണ്ട് പ്രാർത്ഥന

കർത്താവേ, ബഹുമാന്യവും ജീവദായകവുമായ നിൻെറ † സ്ലീബായ്ക്ക് ആത്മാവിലും സത്യത്തിലുമുള്ള യഥാർത്ഥ ആരാധന സമർപ്പിക്കുവാനും നിൻെറ † സ്ലീബായുടെ അടയാളത്തിൻെറ മുമ്പിൽ നിർമ്മല മനഃസ്സാക്ഷിയോടുകൂടെ വെടിപ്പുള്ള സ്തോത്രം മുഴക്കുന്നതിനും ഞങ്ങൾക്കു കൃപ നൽകണമെ. വിശ്വാസപൂർവ്വം അതിനെ ആഘോഷിക്കുന്ന സഭ ഉപദ്രവങ്ങളിൽനിന്നുസംരക്ഷിക്കപ്പെടുകയും അതിൻെറ പ്രജകൾ അപകടങ്ങളിൽനിന്നു കാക്കപ്പെടുകയും ചെയ്യു

മാറാകണമെ. സർവ്വലോകത്തിൻേറയും രക്ഷയെപ്രതി കുരിശിൽതൂക്കപ്പെട്ടമശിഹാതമ്പുരാനേ,നിനക്കു സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമെ. ഹോശോ--

Grant us, O Lord, that we may offer true worship, in spirit and in truth, to Your adorable and life-giving Cross. May we joyfully sing, with pure confession and sincere mind, before the sign fo the Cross. May the Church that glorifies it in faith, be delivered from all kinds of injuries and may her children be preserved from every danger. To You we offer glory and praise, O Christ God, Who was crucified for the salvation of the whole world, now and forever.

എക്ബോ

ܠܳܟ݂ ܡܳܪܝܳܐ ܫܽܘܒ݂ܚܳܐ ܠܳܟ݂ܽܘ

കർത്താവേ നീഞങ്ങൾക്കായ് ഗോഗുൽത്തായിൻമൗലിയതിൽ
തിരുവുള്ളത്താൽ നിന്ദിതമാം കുരിശിൽ കഷ്ടത ഭരമേറ്റു
ആർത്തിയെഴും ഭീഷക മൃതിയിൻ ദംഷ്ട്രയെനീ നിപതിപ്പിച്ചു
പാതാളത്തിലകപ്പെട്ടോർ-ക്കേകി ബന്ധനമുക്തിയെ നീ
തൻമൂലം വിജയധ്വനിയോ-ടാത്മീയമതാം ഗാനങ്ങൾ
എന്നിവസഹിതം തിരുസവിധേ കൂപ്പിനമിച്ചീടുന്നെ-ങ്ങൾ

പെത്ഗോമോ.

കുത്തിമുറിക്കും ശത്രുക്കളെ നിന്നാൽ ഞങ്ങൾ

ܒܟ ܢܕܩ ܠܒܥܠܕܒܒܝܢ

യാക്കോമാമചപാലനവൻ തഴുകിവണങ്ങിയതാം ദണ്ഡം
മശിഹായാംനമ്മുടെയിടയൻ മൃതിയെവണങ്ങിക്കൊലചെയ്ത്
പാതാളത്തെധ്വൂളിച്ച സ്ലീബാതന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ പാരും വാനും പുരാമോദാൽ
പെരുന്നാൾഘോഷിച്ചീടുന്നു നാമും ചേർന്നോതീടേണം
കുറിയേലായിസ്സോൻ,കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

3- (Towards the North) Ekbo

On the mount of Golgotha
Lord our God, for our sake, You,
By Your own will on the Cross,
Endured torments and distress
And destroyed the fangs of Death
Ruthless and all-consuming
You gave freedom to all those
Bound in the depths of Hades
Therefore, with shouts of joy and
Victory and hymns of praise
We bow down and worship now
In Your holy pres-ence, Lord.

By You we shall pierce our enemies!

Jacob, that shepherd of old

Touched and worshipped staff in hand
Symbol of the Holy Cross
By which Christ our Great Shepherd
Bowed down, and did conquer Death
And shredded Hades at once
We adore the Cross today
Joyous are earth and heaven
They do celebrate today
Let us join them and cry out:

Kurieleison, kurieleison, Kurieleison

തെക്കോട്ടു തിരിഞ്ഞുകൊണ്ട് പ്രാർത്ഥന

കർത്താവേ, നിൻെറ † സ്ലീബാ നിൻെറ പരിശുദ്ധ സഭയ്ക്കു രക്ഷയുടെ ആയുധവും അജയ്യമായഭുജവും ആയിരിക്കണമെ. സഭയോടു ശണ്ഠകൂടുന്ന സകല ആന്തരികശത്രുക്കളേയും † സ്ലീബായാൽ അതു കുത്തി മുറിക്കുമാറാകണമെ. അതിലെ ഇടയന്മാരും ഉപദേഷ്ടാക്കളും ഇതിനാൽ ശ്രേഷ്ഠതപ്രാപിച്ച് വിശുദ്ധാത്മശക്തിയാൽ സന്തോഷിക്കുവാൻ ഇടയാകണമെ. ആചാര്യന്മാരും ശുശ്രൂഷകരും വെടിപ്പോടുകൂടി ശുശ്രൂഷ ചെയ്‌വാനും രാജാക്കന്മാരും ഭടന്മാരും ശാന്തതയിലും സമാധാനത്തിലും വർത്തിക്കുവാനും സകലവിശ്വാസികളും നന്മകളിൽ സമൃദ്ധിയുള്ളവരായിത്തീരുവാനും സംഗതിയാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും

സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ---

May Your Cross, O Lord, be unto Your Church an armor of salvation and an impregnable arm by which to pierce the mystical powers who fight against her. When she comes out victorious in the fight, then her shepherds and doctors may rejoice in the power of Your Holy Spirit, her priests and deacons may minister in purity, the kings and their armies may lead a life of peace and tranquility and all the faithful may enjoy abundant blessings. To You we offer glory, honor and dominion, with Your Father and Your Holy Spirit, now and forever.

എക്ബോ

ܩܘ ܒܡܪ ܫܒܠܐ ܕܗܘܪܐ

ജളതയെഴും യൂദന്മാരാൽ ഗോഗുൽത്തായിൽ ക്രൂശിതനായ്
ജീവപ്രദമാം സ്ലീബായാൽ ഞങ്ങളെ രക്ഷിച്ചോൻ ധന്യൻ
നീയാഗതനായീടുമ്പോൾ ഞങ്ങളെ ഓർക്കണമെന്നേവം
ചോരനൊടൊന്നിച്ചുദ്ഘോഷി-ച്ചെപ്പോഴും കൂപ്പുന്നടിയാർ.

പെത്ഗോമോ.

ശത്രുക്കളെ നീക്കിക്കാത്തെങ്ങളെ നീ

ܢܘܚ ܗܘ ܟܐܢܐ ܕܒ ܕܪܗ

നീതിപരൻ നോഹിൻ കാല-ത്തുലകത്തിനു ജീവിതശിഷ്ടം
സംരക്ഷിച്ചോ-രാ നൗക നവജീവന സുവിശേഷത്തെ
ലോകത്തിനു പരമരുളിയതാം സ്ലീബാതന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ പാരും വാനും പുരാമോദാൽ
പെരുന്നാൾഘോഷിച്ചീടുന്നു നാമും ചേർന്നോതീടേണം

കുറിയേലായിസ്സോൻ,കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

4- (Towards the South) Ekbo

Blessed is He who was then
Crucified on Golgotha
By His life-giving Cross, He
Saved us all from sin and death
We worship You forever
With the thief we say to You
Jesus Christ, remember us
When You come in Your glo-ry!

You did save us from our enemies!

Righteous Noah, in his days
Built the Ark which saved all the
Remnants of life on this earth
This Ark prefigures the Cross
That gives Good News of new life

Throughout the entire world
We adore the Cross today
Joyous are earth and heaven
They do celebrate today
Let us join them and cry out:-

Kurieleison, kurieleison, Kurieleison

വീണ്ടും കിഴക്കോട്ടു തിരിഞ്ഞുകൊണ്ട്

ദൂതന്മാർ സേവിപ്പോനേ, ܗܘ ܕܡܠܐܟܐ ܡܫܡܫܝܢ ܠܗ

ഈശാ നീ പരിശുദ്ധൻ ܩܕܝܫ ܐܢܬ ܐܠܗܐ

ക്രോബേന്മാർ വാഴ്ത്തുന്നോനേ ܗܘ ܕܟܪܘܒܐ ܡܒܪܟܝܢ ܠܗ

ശക്താ നീ പരിശുദ്ധൻ ܩܕܝܫ ܐܢܬ ܚܝܠܬܢܐ

സ്രാപ്പികൾ കാദീശാർപ്പോനേ ܗܘ ܕܣܪܦܐ ܡܩܕܫܝܢ ܠܗ

മൃതിഹീനാ നീ പരിശുദ്ധൻ ܩܕܝܫ ܐܢܬ ܠܐ ܡܝܘܬܐ

വിശ്വസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു

ܥܕܬܐ ܕܒܪܬܐ ܡܗܝܡܢܬܐ ܡܬܟܫܦܐ ܘܐܡܪܐ ⁜

ഞങ്ങൾക്കായ് ക്രൂശേറ്റോനേ കൃപ ചെയ്യേണം

ܕܐܨܛܠܒ ܚܠܦܝܢ ܐܬܪܚܡ ܥܠܝܢ ⁜

<u>വീണ്ടും പടിഞ്ഞാറോട്ടു തിരിഞ്ഞുകൊണ്ട്</u>

തീമയർ ഹാലൽ ചൊൽവോനേ ܗܘ ܕܢܘܪ̈ܢܐ ܡܗܠܠܝܢ ܠܗ

ഈശാ നീ പരിശുദ്ധൻ ܩܕܝܫܐ ܐܠܗܐ

ആത്മീയർ ശ്ലാഘിപ്പോനേ ܗܘ ܕܪ̈ܘܚܢܐ ܡܗܘܕܝܢ ܠܗ

ശക്താ നീ പരിശുദ്ധൻ ܩܕܝܫܐ ܚܝܠܬܢܐ

മൺമയരാഘോഷിപ്പോനേ ܗܘ ܕܥܦܪ̈ܢܐ ܡܫܒܚܝܢ ܠܗ

മൃതിഹീനാ നീ പരിശുദ്ധൻ ܩܕܝܫܐ ܠܐ ܡܝܘܬܐ

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.

ܚܛܝܐ ܒܬܝܒܘܬܐ ܡܫܒܚܝܢ ܘܐܡܪܝܢ ⁜

ഞങ്ങൾക്കായ് ക്രൂശേറ്റോനേ കൃപ ചെയ്യേണം

ܕܐܨܛܠܒܬ ܡܛܠܬܢ ܐܬܪܚܡ ܥܠܝܢ ⁜

<u>വീണ്ടും വടക്കോട്ടു തിരിഞ്ഞുകൊണ്ട്</u>

മേലുള്ളോർ മാനിപ്പോനേ ⁜ ܗܘ ܕܥܠ̈ܝܐ ܡܩܕܫܝܢ ܠܗ

ഈശാ നീ പരിശുദ്ധൻ ⁜ ܩܕܝܫܐ ܐܠܗܐ

മദ്ധ്യമർകീർത്തിക്കുന്നോനേ ⁜ ܗܘ ܕܡܨܥ̈ܝܐ ܡܫܒܚܝܢ ܠܗ

ശക്താ നീ പരിശുദ്ധൻ ⁜ ܩܕܝܫܐ ܚܝܠܬܢܐ

കീഴുള്ളോർ കൂപ്പുന്നോനേ ⁜ ܘܰܕ݂ܬܰܚܬ݁ܳܝܶܐ ܣܳܓ݂ܕ݁ܺܝܢ ܠܶܗ

മൃതിഹീനാ നീ പരിശുദ്ധൻ ⁜ ܩܰܕ݁ܺܝܫ ܐܰܢ̄ܬ݁ ܠܳܐ ܡܳܝܽܘܬ݂ܳܐ

വിശ്വസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു

⁜ ܥܺܕ݁ܬ݂ܳܐ ܕ݂ܚܰܝܶܐ ܡܗܰܝܡܢܬ݂ܳܐ ܘܒ݂ܢܰܝ̈ܗ̇ ܡܰܒ݁ܥܶܝܢ ⁜

ഞങ്ങൾക്കായ് ക്രൂശേറ്റോനേ കൃപ ചെയ്യേണം

ܕ݂ܶܐܨܛܠܶܒ݂ܬ݁ ܚܠܳܦܰܝܢ ܐܶܬ݂ܪܰܚܰܡ ܥܠܰܝܢ ⁜

<u>വീണ്ടും തെക്കോട്ടു തിരിഞ്ഞുകൊണ്ട്</u>

നാഥാ കൃപചെയ്തീടണമെ ⁜ ܡܳܪܰܢ ܐܶܬ݂ܪܰܚܰܡ ܥܠܰܝܢ

നാഥാ കൃപ ചെയ്യുക കനിവാൽ ⁜ ܡܳܪܰܢ ܚܽܘܣ ܘܰܪܰܚܶܡ ܥܠܰܝܢ

നാഥാ കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെയ്യേണം ⁜ ܡܳܪܰܢ ܩܰܒ݁ܶܠ ܬ݁ܶܫܡܶܫܬ݂ܳܢ ܘܨܠܰܘܳܬ݂ܰܢ ܘܰܪܰܚܶܡ ܥܠܰܝܢ

ദേവേശാ തേ സ്തോത്രം ⁜ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܐܰܠܳܗܰܢ

സൃഷ്ടാവേ തേ സ്തോത്രം ⁜ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܒ݁ܳܪܽܘܝܰܢ

പാപികളാം ദാസരിലലിയും മശിഹാ രാജാവേ സ്തോത്രം ബാറെക്മോർ

ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܰܠܟ݁ܳܐ ܡܫܺܝܚܳܐ ܕ݂ܚܳܐܣ ܠܰܚܛܳܝܶܐ ܥܰܒ݂ܕ݁ܰܝܟ݂ ܒ݁ܰܪܶܟ݂ܡܳܪ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

(അനന്തരം ത്രോണോസിൻെറ അടുക്കൽചെന്ന് അതിന്മേൽ നിന്ന് മെഴുകുതിരികൾ ചിത്തോല ആദിയായ സകല സാധനങ്ങളും മാറ്റിയിട്ട് കുരുശു കൈയിൽ പിടിച്ചിരുന്ന പ്രകാരംതന്നെ എടുത്ത് ത്രോണോസിന്മേൽ വെച്ചിട്ട് ചൊറുക്കായും ചെന്നിനായകവും ചേർത്തവെള്ളം ഒരു പാത്രത്തിൽ കൊണ്ടുവന്നു ത്രോണോസിൽവച്ച് അതിൽ കുരിശിൻെറ കോണുകൾ മുക്കണം. പിന്നീട് കുരിശു പാത്രത്തിൻെറ മുകളിൽ പിടിച്ചുകൊണ്ട് പനിനീരോ ശുദ്ധ ജലമോ ഒഴിച്ചുകഴുകി തുടയ്ക്കണം. യൗസേപ്പും നീക്കോദീമോസുംകൂടി കർത്താവിൻെറശരീരം സംസ്ക്കരിക്കുന്നതിനു മുമ്പായി കുളിപ്പിച്ചതിൻെറ സൂചനയായിട്ടാണ് ഇപ്രകാരം ചെയ്യുന്നത്. അനന്തരം ആദ്യമുപയോഗിച്ച വെള്ളത്തുണി വിടുർത്തിയിട്ട് അതിൽ നൂൽപഞ്ഞി നിരത്തി അതിനു മുകളിലായി കുരിശുവച്ച് കുന്തുരുക്കവും ഇട്ട് പൊതിഞ്ഞു കെട്ടി ത്രോണോസിൻെറ ഉള്ളിലോ, അതിനായി ഒരുപ്പെട്ട വേറെ സ്ഥലത്തോ അടക്കം ചെയ്യണം. ത്രോണോസിന്നുള്ളിൽ അടക്കംചെയ്യുന്നപക്ഷം ദുഃഖശനിയാഴ്ച ആ ത്രോണോസിന്മേലല്ലാതെ വേറെ ത്രോണോസിന്മേൽ വി. കുർബ്ബാന അണച്ചുകൊള്ളണം. കബറിൽ വെയ്ക്കുമ്പോൾ കുരിശിൻെറ തല തെക്കോട്ടും കാൽ വടക്കോട്ടും മുൻ ഭാഗം കിഴക്കോട്ടും കുന്തംകൊണ്ടുള്ളമുറിവു നിലത്തുതൊട്ട് വലതുവശം ചരിഞ്ഞ് കിടക്കത്തക്കവിധത്തിൽ വലതുവശം കീഴോട്ടും ആയിരിക്കണം. മുന്നൂറ്റിതൊണ്ണൂറു ദിവസം

അവൻ വലതുവശം ചരിഞ്ഞുകിടന്നു എന്നു ഹസ്ക്കീയേൽ ദീർഘദർശി തന്നെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആകയാൽ പുറം നിലത്തു തൊട്ടിരിക്കരുത്. കുരിശു തുണിയിൽ പൊതിഞ്ഞു കെട്ടുന്നതുമുതൽ താഴെ കാണുന്ന കുക്കിലിയോൻ തുടങ്ങി ബോവൂസോയുടെ അവസാനംവരെ തികച്ചിട്ട് കുരിശുഅടക്കംചെയ്യണം. ചൊറുക്കായും ചെന്നിനായകവും ചേർത്ത ഈ വെള്ളം ശുശ്രൂഷയുടെ അവസാനത്തിൽ വിശ്വാസികൾ അനുഗ്രഹത്തിനായി കുടിക്കുന്നു. അപ്പോൾ അതുനിലത്തു വീഴാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം.)

**കബറിലുറങ്ങും ഹതരെപ്പോൽ ഹാലേലുയ്യാ ഉ ഹാ-
മൃതരുടെ മദ്ധ്യേ സ്വാ-തന്ത്ര്യസുതൻ**

**മൃതിനിഴലും കൂരിരുള്ളുമെഴും ഹാലേലുയ്യാ ഉ ഹാ-
പടുകുഴിയിൽ ചേർത്താ-നെന്നെ നീ.**

**മൃതരായോർക്കായ് നീ ചെയ്താശ്ചര്യങ്ങൾ ഹാ- ഉ ഹാ-
വീരന്മാരെഴുന്നേറ്റങ്ങേ-വാഴ്ത്തീടും**

**നിൻകൃപയെക്കല്ലറവാസികളും ഹാലേലുയ്യാ ഉ ഹാ-
നിൻവിശ്വാസത്തെപ്പാഴായോരുംവർണ്ണിക്കും.** ബാറെക്മോർ ശുബഹോ.

എക്ബോ

മൃതരുടെ മാതാവാം പാതാളത്തിൽ, - രാജ്യതനൂജനിറങ്ങിച്ചെന്നു, - ശൂന്യതയെഴുമവളെനിർമ്മൂലം വീഴ്ത്തീട്ടുൾക്കോട്ടകളെല്ലാം ഭഞ്ജിച്ചു, - സത്തമശീലൻ മരണക്കോയ്മയെ നീക്കംചെയ്തു, - കോശത്തേയും കൊട്ടാരങ്ങളെയും ശൂന്യ

മതാക്കി, - വന്നേൻ കൽപ്പന ലംഘിച്ചോനാദാമിൻ പേർ ക്കായ്, - എൻസവിധം ചേരുവിനെന്നേവംമൃതരോടോതി, - വിശ്വാസികളാം നാമേവരുമേവം മോദത്തൊടു ഘോഷി ക്കേണം, - ആശ്ചര്യങ്ങളെ മൃതരായോർക്കായ് നീ ചെയ്യുന്നു,- വീരന്മാരെഴുന്നേറ്റങ്ങേസ്തുതിചെയ്തീടും.സ്തൗമെൻ

ܩܘܡܐ

ܝܠܐ ܟܠܗ ܘܦܫܛܐ ܘܫܢܝܐ ܩܡ ܩܒܪܐ ܢܩܒܪܐ ⁜ ܩܒܪܐ ܡܫܒܚܢܐ

ܘܢܫܡ ܟܠܗܡ ܘܟܪܘܡ ⁜ ܠܡܫܒܚܢܘܬܐ ܘܠܘܬܗ ܘܩܝܘܡܐ ܘܡܩܝܡܐ

ܘܡܫܒܚܢܐ ܠܟܪܐ ܕܠܐ ܟܠܗܘܢ ܕܫܘܒܚܐ ܟܠܗܘܢ ܟܠܗ

ܘܟܠܟܠܝ ܢܫܠܘܬ ܢܦܫ ⁜

തൻെറ മനുഷ്യസ്നേഹംമൂലം പ്രീതിതോന്നി മനസ്സോടെ മരണമനുഭവിച്ച മരണമില്ലാത്ത ഉണർവ്വുള്ളവനും സ്നേഹം മൂലം ഒരുബലഹീനനെപ്പോലെ കല്ലറയിൽ സ്ഥിതിചെയ്ത വനും മരിച്ചവരെ എഴുന്നേൽപ്പിക്കുന്നവനും കബറക്കപ്പെട്ട വരെ ഉദ്ധരിക്കുന്നവനും ഒരു ദരിദ്രനെപ്പോലെ യൗസേപ്പും നീക്കോദിമോസുംകൂടി കേത്താനാത്തുണിയിൽ പൊതിഞ്ഞ് സംസ്ക്കരിച്ചലോകസൃഷ്ടാവും സംസ്ക്കരിക്കപ്പെടുന്നതിനു വേണ്ടി ന്യായാധിപനെപ്പോലെ ചോദിക്കപ്പെട്ടവനായി കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കു അവയുടെ അപേക്ഷ നൽകുന്നവനും ഒരു മൃതശരീരമെന്നപോലെ സംസ്ക്കരിക്ക പ്പെടുന്നതിനായി ന്യായാധിപനോടു തൻെറ ശരീരം ചോദിക്കപ്പെട്ടവനും ആയവനു സ്തുതി. തൻെറ കഷ്ടാനു

ഭവവും മരണവുംമൂലം നമ്മെ രക്ഷിച്ചവനെ നാം ഈ നേരത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിച്ചു സ്തോത്രം ചെയ്യണം. ബ്കുല്ഹൂൻ---

ܩܘܠܐ

യഥാർത്ഥമായ പ്രകാശവും ജീവനും തിരുവിഷ്ടപ്രകാരം മരിച്ച് തന്നെ സംസ്ക്കരിക്കുവാൻവേണ്ടി സ്നേഹിതനായ യൗസേപ്പിനാൽ നിർമ്മിക്കപ്പെട്ടിരുന്ന പുതിയ കല്ലറയിൽ സംസ്ക്കരിക്കപ്പെട്ട മരണമില്ലാത്തവനും ആയ മശിഹാതമ്പുരാനേ, ഇപ്പോൾ മഹനീയവും ജീവദായകവുമായ കബറടക്കത്തെ ഞങ്ങൾ സന്തോഷപൂർവ്വം ബഹുമാനിച്ചുകൊണ്ടു പറയുന്നു. ഈ ജീവദായകമായ കബറടക്കം പരേതരെ കല്ലറകൾക്കുള്ളിൽ ആശ്വസിപ്പിച്ചു. ഈ ജീവദായകമായ കബറടക്കം പാതാളക്കുഴിയിൽ നിദ്രകൊണ്ടിരുന്ന പരേതർക്കു ദുഃഖത്തിൽനിന്നു ആശ്വാസംനൽകി. ഈ ജീവദായകമായ കബറടക്കത്തിൻെറ സ്വീകരണത്തിനായി ഉണങ്ങിയ അസ്ഥികൾ കാത്തിരുന്ന് ജീവൻ നൽകി. ഈ ജീവദായകമായ കബറടക്കത്തിൻെറ സ്വീകരണത്തിനായി ഉണങ്ങിയ അസ്ഥികൾ കാത്തിരുന്ന് ജീവൻനേടി. ഈ ജീവപ്രദമായകബറടക്കം മരണത്തിനുംപിശാചിനും ഭീതിയും പരിഭ്രമവും ഉളവാക്കുകയും അവരുടെ അധികാരത്തെ അഴിക്കുകയുംചെയ്തു. ഈ ദൈവികമായ കബറടക്കം പാതാളത്തിൻെറ കോട്ടകളെ നശിപ്പിച്ച് അതിൻെറ ഗോപുര

ങ്ങളെതകർത്തു. ഈ ദൈവികമായ കബറടക്കം പ്രതികൂലി കളായ അന്ധകാരസൈന്യങ്ങൾക്ക് കഷ്ടതയും ദുഃഖവും ഉളവാക്കി. ഈ ദൈവികമായ കബറടക്കം ആദാമിനെയും വിശ്വാസികളുടെവർഗ്ഗത്തെആകമാനവും പ്രഭയും മഹത്വവും ധരിപ്പിച്ചു. ജീവദായകമായ ഈ കബറടക്കം പുണ്യവാന്മാ രുടെ വിഭാഗങ്ങൾക്കാകമാനം നവജീവൻ നൽകി. ഈ ജീവദായകമായ കബറടക്കം നന്മ വിതച്ച് പാതാളത്തെ നിരാശ്രയരാക്കി. ഈ ജീവദായകമായ കബറടക്കം ആദാമിനെയും അവൻെറ സർവ്വസന്താനങ്ങളെയും രാജ്യാ വകാശികളാക്കിത്തീർത്തു. ഈ ദൈവികമായ കബറടക്കം സാത്താനേയും സൈന്യങ്ങളെയും ദുഃഖിതരാക്കിത്തീർക്കു കയും അവൻ കീഴ്പ്പെടുത്തിവച്ചിരുന്ന അടിമത്വത്തെ കീഴ് പ്പെടുത്തുകയുംചെയ്തു. ഈ ദൈവികമായ കബറടക്കം ആദാമിനും അവൻെറസകലസന്താനങ്ങൾക്കും ധൈര്യവും സന്തോഷവും നേടിക്കൊടുത്തു. പൊടിമണ്ണിൽ കിടിന്നിരുന്ന പരേതർ ഈ ശ്രേഷ്ഠമായ കബറടക്കത്താൽ ആനന്ദിച്ച് മഹാസന്തോഷം നേടി. ഈ ദൈവികമായ കബറടക്കം യഥാർത്ഥവിശ്വാസികൾക്ക് പ്രകാശവും ജീവനും ഉദിപ്പിച്ചു. ഈ ദൈവികമായ കബറടക്കം വംശങ്ങളുടെയും തലമുറകളുടെയും തലവനു യഥാർത്ഥമായ പ്രത്യാശയും ജീവനും പ്രദാനംചെയ്തു. ഈ ദൈവികമായ കബറടക്ക ത്തിങ്കൽ ഉന്നതത്തിലെ ഈറേന്മാർ ഇറങ്ങിവന്ന് തങ്ങളുടെ യജമാനൻെറ പുത്രൻെറ കല്ലറയെ ആദരിച്ചു. ആനന്ദകര മായ സൗരഭ്യം പ്രസരിപ്പിക്കുന്ന ഈ ദൈവികമായ കബറ

ടക്കം പൊടിമണ്ണിൽ വീണുകിടന്നിരുന്നവരെ മശിഹായുടെ പാതാളപ്രവേശനം മുഖാന്തിരം സന്തോഷിപ്പിച്ചു. ഈ ദൈവികമാ കബറടക്കം മരിച്ചുപോയവരുടെമേൽ അതിരില്ലാത്ത പ്രകാശം ഉദിപ്പിച്ചു. ഈ ദൈവികമായ കബറടക്കം വിശ്വാസികൾക്കായി വിശുദ്ധിയും നൈർമ്മല്യവും അതിനെ പരിത്യജിച്ചവർക്കു ആക്ഷേപവുംലജ്ജയും ക്ഷണിച്ചുവരുത്തി. കബറുകൾക്കുള്ളിൽ കിടന്നിരുന്നവർ ഈ ദൈവികമായ കബറടക്കംമൂലം കരുണയും കൃപയും കണ്ടെത്തി. ഈ ദൈവികമായ കബറടക്കം സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഇടയിൽ സമാധാനവും ബഹുലമായ നിരപ്പും ഉളവാക്കി. ഈ ദൈവികമായ കബറടക്കം തങ്ങളുടെ അവകാശത്തിൽനിന്ന് തള്ളപ്പെട്ട് ബഹിഷ്കൃതരായിരുന്നവർക്ക് സ്വർഗ്ഗീയമണവറയുടെ വാതിൽ തുറന്നുകൊടുത്തു. ദൈവമായ കർത്താവേ, ഇപ്പോൾ തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിച്ചതായ ഈ ധൂപംമൂലം നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങളും അപരാധങ്ങളും പരിഹരിക്കണമെ. ഞങ്ങളുടെ സർവ്വ നിയമലംഘനങ്ങളും ക്ഷമിക്കണമെ. നിൻെറസന്നിധിയിലേക്ക് യാത്രപുറപ്പെട്ടിരിക്കുന്ന ഞങ്ങളുടെ പരേതരെയും വിശ്വാസികളായ സകല പരേതരെയും ആശ്വസിപ്പിക്കണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയുംസ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ വബ്കൂൽസ്---

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

ലോക്മൊറിയോ കോറേനാൻ--

ജീവമയൻ മൃതലോകം പുക്കുൽഘോഷിച്ചാൻ
പുനരുജ്ജീവനമുത്ഥാനം കടമോചനമിവയെ
പാതാളത്തിൻ വാതിൽ തകർത്തോടാമ്പലൊടി-
ച്ചാമൃതി തന്നധികാരത്തൊടു ജയവും മായിച്ചു
മരണത്തെ ജീവിപ്പിച്ചവനേ
നിദ്രയൊഴി-ച്ചോനേ നീ ധന്യൻ
കബറാൽ ജീവൻ തന്നവനേ കൃപയാൽ വാഴ്വരുൾക.

ശുബഹോ. † മെന്ഓലാം വാദാമോ--ഹാ-

മൃതലോകം പൂകിയ ദാവീദത്മജനാകും
രാജാവിന്നാൾ പോരായ് ദാവീദോതീടുന്നു
പാതാളത്തെന്നുയിരെത്തി-യെന്നുടെയാത്മം
ക്രൂശകരീന്നും ദുഷിയേറ്റു കഴിയാർന്നോരൊപ്പം
എണ്ണപ്പെട്ടോൻ പാതാളസ്ഥർ-
ക്കുയിരും മോചനവും ഞാൻ നൽകും
ഉയിരാർന്നുയിൽ ഞാനേകുംക്രൂശകർലജ്ജിതരാകും. മൊറിയോ-

മോർ യാക്കോബിൻെറ ബോവൂസോ

ܡܫܝܚܐ ܕܐܬܐ ܠܚܝܐ ܘܡܘܬܐ ܘܩܝܡܬܐ
ܡܢܗ ܚܝܘܬܐ ܘܡܢܗ ܕܢܦܫܐ ܠܟܠ ܢܦܫܬܐ ⁜
ܠܗܘ ܕܡܚܝܠܝܢ ܡܢܗ ܢܬܚܝܘܢ ܫܘܫ ܟܠܗ ⁜

മ്ശീഹാസ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ---

ദാസ്യത്തിൽ രക്ഷകനെപ്പോൽ മൃതസവിധം പൂണ്ടാർ
ഭീയാർന്നു ഭീകരഭൂതം താൻ ദാസ്യം നീക്കി
ബദ്ധന്മാരുടെ തുടലും തളയും പാടേപോക്കി
വീണ്ടീടാൻ വന്നൊരു രക്ഷകനെയാൾ വന്ദിച്ചു. ദേവാ---

പാതാളത്തിൻ നിലയെ മരുവും വാങ്ങിപ്പോയോർ
കൊണ്ടർപ്പിച്ചാർ നതി മഹിമകൾ തൻ മകുടങ്ങൾ താൻ
ആദ്യം ഹതനാം ഹാബേൽ തൻ മുമ്പിൽ കൂമ്പിട്ടു
വർഗ്ഗങ്ങൾക്കെല്ലാം തലയായോരാദാം താനും. ദേവാ--

നോഹിൻ വീടും സുന്ദരശേത്തൊത്തബറാഹാമും
രക്ഷിപ്പാൻ വന്നോരുയിരോനെ മോദാൽ കൂപ്പി
നീതിജ്ഞന്മാർ പിതൃതതി ജാതിത്തലവന്മാരും
ആചാര്യന്മാർ നൃപരും വന്നാമോദാൽ കൂപ്പി. ദേവാ---

മോശാ നിബിയും നിബി സഞ്ചയമങ്ങഹരോൻ താനും
ലേവ്യന്മാരും പട്ടക്കാരും തന്നെക്കൂപ്പി
വാഞ്ഛിച്ചാർ നെടുനാളായ് തന്നെ ദർശിച്ചീടാൻ
ദർശിച്ചപ്പോൾ നതിയുംസ്തുതിയും പകരംനൽകി. ദേവാ—

സ്തോത്രം താതാ മൃതലോകേ സുതനെ വിട്ടോനേ
തൽഗേഹം പൂണ്ടൊരു സുതനെ വന്ദിച്ചീടുന്നു
ആശ്വാസകനാം ജീവപ്രദനേ റൂഹാ സ്തോത്രം
കബറീന്നും പറുദീസായിൽ ചേർപ്പോനേസ്തോത്രം. ദേവാ

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ളേശിച്ചു
മാനോർവാനോർ നിൻതാഴ്ചയിലതിവിസ്മയമാർന്നു.ദേവാ-

തുടർന്നു മാലാഖമാരുടെ സ്തുതിപ്പും, ദൈവമേ നീ പരിശുദ്ധനാകുന്നു എന്നുള്ള കൗമായും, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നുള്ളതും വിശ്വാസപ്രമാണവും ചൊല്ലിയശേഷം കുക്കിലിയോനു പകരം താഴെ കാണുന്ന കൗമാ ചൊല്ലണം.

മ്ശീഹോ ദബ്മൗത്തോ

മൃതിയാലടിയാരുടെ മൃതിപോക്കിയ മശിഹാ
മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord, Ever Praise to Thee our Hope. **Barekmor**

ܡܫܝܚܐ ܕܫܘܒܚܗ ܐܝܟ ܡܠܟܘܬܗ

ܐܢܫ ܠܥܠܡ ܡܫܒܚ ܬܫܒܘܚܬܗ ܒܟܠ ✠ [3]


ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܟܢܐ ✠ ܘܠܪܘܚܐ ܩܘܕܫܐ ܗܫܐ
ܘܠܥܠܡܝܢ ܘܥܠܝܢ ܚܢܢܐ ܘܪܚܡܐ ✠ ܢܫܦܥܘܢ
ܐܬܪܝ ܕܟܠܗ ܘܒܝܬܐ ܕܟܠܗ ✠ ܘܒܝܬܟ ܕܝܠܟ ܡܪܝ ܡܪܝܐ
ܘܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ
ܫܘܒܚܐ ܠܟ ܣܒܪܢ ܒܟܠܙܒܢ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✠ ܐܡܝܢ ✠

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ.

ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.



അറിയിപ്പിൻെറ ശനി സന്ധ്യ

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Ento-mb'd Thou effaced perdi-tion of tomb, Christ e-fface death, raise our dead -from the tomb. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ܀ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ܀ ܘܥܠܝܢ ܚܛܝ̈ܐ ܪܚܡܐ ܘܚܢܢܐ ܀ ܢܬܦܬܚܘܢ

ܬܪ̈ܥܝ ܐܘܪܫܠܡ ܕܠܥܠ ܘܒܢܝ̈ܗ ܕܥܕܬܐ ܡܢܗ ܩܡܘ
ܘܡܫܒܚܐ ✱ ܩܕܝܫܐ ܠܟ ܡܪܢ ܩܕܝܫܐ ܠܟ ܡܪܢ
ܩܕܝܫܐ ܠܟ ܡܪܢ ܠܥܠܡܝܢ ✱ ܒܪܟܡܪܝ ✱

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝ̈ܢ ܘܚܛܗܝ̈ܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝ̈ܢ . ܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✱ ܐܡܝܢ ✱

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

✝ ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܕܩܘܕܫܐ ✱ ܘܥܠܝܢ ܚܠܫ̈ܐ
ܘܚܛܝ̈ܐ ܢܗܘܘܢ ܪ̈ܚܡܐ ܘܚܢܢܐ ܒܬܪ̈ܝܗܘܢ ܥܠܡܐ ܠܥܠܡ
ܥܠܡܝܢ ✱ ܐܡܝܢ ✱

[illegible]

മനുഷ്യനെ സ്നേഹിക്കുന്നവനായ കർത്താവേ, നിന്നെ യൗസേപ്പും നീക്കോദീമോസും മൂറും നറുമ്പശയും ഇട്ട് സംസ്ക്കരിച്ചപ്രകാരം ഞങ്ങൾ അവരോടുകൂടെ ജീവിപ്പിക്കുന്നതായ നിന്റെ കബറടക്കത്തെ സൽക്രിയകളാൽ ബഹുമാനിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. പുതിയ ശവക്കല്ലറയിൽഎന്നപോലെ നീ ഞങ്ങളുടെ ആത്മാക്കളിൽ പ്രവേശിച്ചു വിശ്രമിക്കുമാറാകണമെ. നിന്റെ സ്ലീബായാൽ നീ രക്ഷിച്ചിട്ടുള്ള ജീവിച്ചിരിക്കുന്നവരോടും നിന്റെ തിരുമേനിയാൽ കടാക്ഷിച്ചിട്ടുള്ള വാങ്ങിപ്പോയവരോടുംകൂടി നിനക്കും നിന്റെ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കീർത്തനവും ഞങ്ങൾ കരേറ്റുമാറാകണമെ. ഹോശോ---

Hold us worthy, Lord God, Lover of men, with Joseph and Nicodemus, to honour Your life-giving burial with good works, as they have embalmed and buried You with Myrrh and aloe. May You enter in our souls and take rest as if in a new tomb. Along with the living whom You have redeemed with Your and the dead whom You visited, may we offer up glory and praise to You and Your Father. Now and for ever and ever. Amen.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങു മാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴിപഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയുംചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ -- മെന്ഗാലാം വാദാമോ----

എനിയോനോ - പാതകിപോൽ ഞങ്ങളെ എന്നപോലെ

1 പാതാള-സ്ഥിതരൊടു ജീവനതും പുനരു-
ത്ഥാനവുമറിയിച്ചൊരു ദേവാ ദയചെയ്തീടണമെ.

2 പാതാളം തന്നിലിറങ്ങിയഹോ, മൃതൻ തൻ
ജീവനെ അറിയിച്ചൊരു ദേവാ ദയചെയ്തീടണമെ.

3 പാതാള-ക്കല്ലറകൾക്കുള്ളിൽ, മൃതരെ
മൃതരെ സന്ദർശിച്ചോനേ ദേവാ ദയചെയ്തീടണമെ.

4 മൃദുനാദ-ത്താൽ വിഗതന്മാരാം, വിമല-
ന്മാരെ വിളിച്ചോനേ ദേവാ ദയചെയ്തീടണമെ.

5 ആദാമിൻ പൂഴിയിൽ വിശ്രമമാർ-ന്നവനെ
എഴുന്നേൽപ്പിച്ചോനേ ദേവാ ദയചെയ്തീടണമെ.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6 മൃതശയ്യാ-ശയനമനുഷ്ഠിച്ച്, മൃതരെ
മൃതിയിന്നും വീണ്ടൊരു ദേവാ ദയചെയ്തീടണമെ.

141, 142, 119, 117 സങ്കീർത്തനങ്ങൾ

കുറിയേലായിസ്സോൻ: കർത്താവേ ഞാൻ നിന്നെ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എൻെറ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.

എൻെറ പ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും, എൻെറ കൈകളിലെ കാഴ്ച, വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമെ. എൻെറ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും, ഞാൻ അന്യായ ക്രിയകൾ പ്രവൃത്തിക്കുകയും ചെയ്യാതിരിപ്പാൻ, എൻെറ വായ്ക്ക്

കാവൽക്കാരനെയും, എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പു കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാ കരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പി ക്കരുതെ. എന്തെന്നാൽ എന്റെപ്രാർത്ഥന അവരുടെദോഷം നിമിത്തമാകുന്നു. അവരുടെ ന്യായാധിപന്മാർ പാറയാൽ തടയപ്പെട്ടു ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുപിളർന്നു ചിതറിക്കുന്നതുപോലെ, പാതാള വാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവെ, എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള, പ്രശംസ ക്കാരുടെ കൈയിൽനിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻവിളിച്ചു. എന്റെ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു. തിരു സന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും, തിരു മുമ്പിൽ എന്റെ ഞെരുക്കം അറിയിക്കയും ചെയ്തു. എന്റെ ആത്മാവു കുണ്ഠിതപ്പെട്ടപ്പോൾ, എന്റെ ഊടുവഴികൾ നീ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ, അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി, എനിക്കുവേണ്ടി അപേക്ഷിക്കുന്നവനും ഇല്ല. കർത്താവേ, ഞാൻ നിന്നോടുനിലവിളിച്ചു. നീ എൻെറ ആശ്രയവും, ജീവനുള്ളവരുടെ ദേശത്ത് എൻെറ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എൻെറ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പി ക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിൻെറ നാമത്തെ സ്തുതിക്കേണ്ടതിന്, എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ, നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻഏറ്റവുംക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ, എൻെറ വായിലെവചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിൻെറ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എൻെറ ആത്മാവ് എല്ലായ്പ്പോഴും നിൻെറ കൈളിൽ ഇരിക്കുന്നു. നിൻെറ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവെച്ചു. എന്നാലും ഞാൻ നിൻെറ കൽപ്പനകളിൽനിന്നും തെറ്റിപ്പോയില്ല. ഞാൻ നിൻെറസാക്ഷി എന്നേയ്ക്കുമായി അവകാശ പ്പെടുത്തി. എന്തെന്നാൽ അതു എൻെറ ഹൃദയത്തിൻെറ ആനന്ദമാകുന്നു. നിൻെറകൽപ്പനകൾ എന്നേയ്ക്കും സത്യ ത്തോടെ ചെയ്വാനായിട്ട് ഞാൻ എൻെറ ഹൃദയം തിരിച്ചു.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ- മെന്ഓലാം--

എനിയോനോ - യൗമ്മോനോ എന്നപോലെ

1 ഉയിരുള്ളോ--നിന്നാൾ കൃപയാൽ മൃതരുടെ മദ്ധ്യത്തിൽ
ശയനം ചെ-യ്താമരണത്തിൻ മൗലി മെതിച്ചു
കിരീടം വീഴ്ത്തി മൃതരുൾബലമോ-
ടവനെ സ്തുതി പാടി-കൈക്കൊണ്ടാർ.

2 സ്നേഹത്താ-ലാദാം നാഥൻ മൃതിയാർന്നോൻ
തൻ ലോകം പൂകി, പാതാളത്തിൻ കോട്ട തകർത്തി-
ട്ടുള്ളറയിൽ തൻ ദീപ്തി പരത്തി
സർവ്വനരർക്കും ജീ-വൻ നൽകി.

3 സകലേശൻ പാതാളത്തിൽ ചെന്നവസിച്ചുത്ഥാ-
നം മൂലം, നൽകി മൃതർക്കായ് പ്രത്യാശയതെ-
ന്നീശായ് പുത്രൻ വിമലാത്മാവാൽ
മുൻചൊല്ലിയതിന്നാ-ൾ നിറവേറി.

4 ഉയരത്തിൽ വാനവരാകും ദൂതഗണങ്ങൾ സ്തോ-
ത്രം പാടി, അവരോടൊപ്പം മാനവരതുപോൽ
സ്തുതിയർപ്പിച്ചു മൃതരുടെ ഗേഹേ
ചെന്നെത്തീട്ടവരെ വീണ്ടോനായ്.

5 വിധിപോൽ ദൈ-വാത്മജഗാത്രം കബറിലടക്കിയ
നീ-തി പ്രിയനാം, റംസാക്കാരൻ യൗസേപ്പേ നിൻ
ഭാഗ്യമപാരം രാജ്യമതും ത-ന്മണവറയും
നിൻ പേ-ർക്കായ് സജ്ജം. ബാറെക്മോർ.† ശുബഹോ-മെന്ഓലാം--

6 മൃതിയാർന്നോരേ സൗഭാഗ്യം നിങ്ങൾക്കുത്ഥാന-ത്തിൻ
നാളിൽ, ഉൾക്കൊണ്ടോയിരിൻ തിരുമെയ്യും മോചന-
മേകും തിരുരക്തമതും നിങ്ങളെ നിർത്തീടും വലഭാഗേ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܢܝܚܐ ܠܟ ܘܫܘܒܚܐ ܘܚܢܢܐ ܡܢ ܡܪܝܐ ܢܗܘܐ ܀ ܡܪܝܐ ܡܢܝܚܢܐ
[illegible]
[illegible]
[illegible]

മരണമുള്ളവരായ ഞങ്ങൾക്കുവേണ്ടി സ്വമനസ്സോടെ ജഡത്തിൽ മരിച്ചവനായി സ്വഭാവേന ജീവനുള്ളവനും മരണമില്ലാത്തവനും എല്ലാവരുടേയും ജീവനും പുനരുത്ഥാനവും പാപത്താൽ കൊല്ലപ്പെട്ടിരുന്ന ഞങ്ങളെ ജീവിപ്പിപ്പാൻ തിരുവുള്ളം തോന്നിയതിനാൽ കൊല്ലപ്പെട്ടവനെപ്പോലെ മരിച്ചവരുടെ ഇടയിൽ വസിച്ചവനും തൻെറ സംസ്ക്കാരത്തിൽ ശവക്കല്ലറയിലെ നാശം തീർക്കുകയും മരിച്ചവരുടെ ഇടയിൽ അനശ്വരമായ ജീവനെയും പുനരുത്ഥാനത്തേയും വിതയ്ക്കയും തൻെറ ശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ ഉപദ്രവവും നാശവും പറ്റാതെ കാത്തുരക്ഷിക്കുകയും തൻെറ ആത്മാവിനാൽ ഞങ്ങളുടെ ആത്മക്കൾക്ക് രക്ഷ പ്രസംഗിക്കുകയും ചെയ്തവനും ആയ കർത്താവിന് സ്തുതി. തനിക്ക് സന്ധ്യാനമസ്ക്കാരത്തിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

To that Living and immortal by nature, Who voluntarily died in the flesh, for us the mortals, Who is the life and resurrection of all, and for us, dwelt voluntarly among the dead like the slain, in order to vivify us, Who were killed by sin, Who by His entombment dissolved the corruption of the

tomb, and sowed incorruptible life among the dead and with His body preserved our bodies without injury and corruption, and through His soul preaced salvation to our souls. To Him befits glory and hounour and thanksgiving in this evening time and all festivals, seasons and hours and all day of our life.

ܗܳܒܘܿܢ

എല്ലാറ്റിൻെറയും ജീവനും പുനരുത്ഥാനവും ഉയിർപ്പും ആയ ഞങ്ങളുടെ മശിഹാതമ്പുരാനേ മരണമില്ലായ്മയും നാശമില്ലായ്മയും നിനക്കുള്ളതാകുന്നു. സർവ്വശക്തിയും പരാക്രമവും നിനക്കുള്ളതാകുന്നു. വിശുദ്ധിയും പുണ്യവും നിന്നിൽ കണ്ടെത്തിയിരിക്കുന്നു. മേലുള്ളവരിൽനിന്നും താഴെയുള്ളവരിൽനിന്നും എപ്പോഴും യോഗ്യതയുടെ സ്തുതി നിനക്കു ന്യായമായിരിക്കുന്നു. എന്തെന്നാൽ, എൻെറ കർത്താവേ, നിൻെറ സ്നേഹാതിരേകത്താലും കരുണാബാഹുല്യത്താലും ഞങ്ങൾക്കുവേണ്ടി പീഡയേൽപ്പാനും മരിപ്പാനും നീ മനസ്സോടെ എഴുന്നെള്ളിവന്നു. ദൈവമാതാവായ കന്യകമറിയാമ്മിൽനിന്ന് പ്രകൃതിയിലും ആകൃതിയിലും വ്യത്യാസംകൂടാതെ നീ ജഡമെടുത്ത് അവതരിച്ചു. സൃഷ്ടിക്കപ്പെട്ടവരുടെയും നിർമ്മിക്കപ്പെട്ടവരുടെയും അറിവിനെ അതിശയിച്ചിരുന്ന എല്ലാ കൃത്യവും കുരിശുമരണംവരെയും നീ സാധിച്ചു. സംഭ്രമപരമായ ക്രൂശാരോഹണത്താൽ അവർണ്ണനീയങ്ങളായഅത്ഭുതങ്ങൾ

നീ കാണിച്ചു. നട്ടുച്ചയ്ക്ക് സൂര്യൻ ഇരുണ്ടുപോയി. പകൽസമയം രാത്രി കാണപ്പെട്ടു. കരിമ്പാറകൾ പിളർന്നു. അടച്ചിരുന്ന ശവക്കല്ലറകൾ തുലക്കപ്പെട്ടു. പരിശുദ്ധന്മാരുടെ ശരീരങ്ങൾ ജീവിച്ചെഴുന്നേറ്റു. ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിവരെ കീറി. കള്ളൻ വിശ്വസിച്ച് ഏറ്റുപറയുകയും അവൻെറ സ്നേഹിതനെ അവൻെറ കുറ്റത്തെക്കുറിച്ച് ശാസിക്കുകയും ചെയ്തു. ശതാധിപൻ ഇവൻ സാക്ഷാൽ ദൈവപുത്രനായിരുന്നുവെന്ന് പുകഴ്ത്തി പ്പറഞ്ഞു. നിൻെറ വിലാവിൽനിന്ന് ജീവകരവും അനശ്വരവു മായ വെള്ളവും രക്തവും ഒഴുകി. നീ മരിച്ചിട്ടും ജീവനുള്ളവനായി കാണപ്പെട്ടു. നീ ഭൂമിയിൽ ഇരുന്നിട്ടും ഉന്നതങ്ങളിൽ വസിക്കുന്നു. ദൈവത്വത്തിലും മനുഷ്യത്വ ത്തിലും നീ ഏക ദൈവമായി വിശ്വസിക്കപ്പെടുന്നു. ആദാം അനുഭവിക്കേണ്ടിയിരുന്ന പീഡമുഴുവനും നീ നിൻെറ മനുഷ്യത്വത്തിലുംദൈവത്വത്തിലും സഹിച്ചു. സർവ്വശക്തനെ പ്പോലെ നീ ഞങ്ങളുടെ പീഡകളെ നിൻേറതാക്കിത്തീർത്തു. നിൻെറ കൃപയാൽ നീ വരിച്ചതായ ജയം ഞങ്ങൾക്കു ള്ളതാക്കി വച്ചു. മനസ്സോടെ ഞങ്ങളുടെ മരണം നീ കയ്യേറ്റു. നിൻെറ ജീവനുള്ള മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാക്കി. മരണമില്ലാത്ത നീ ഞങ്ങൾക്കു മരണമില്ലായ്മയെ നൽകി. നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങളെ പീഡിപ്പിക്കുന്ന ദുഷ്ടനെ നീ പീഡിപ്പിച്ചു. പ്രകൃതിയാൽ കഷ്ടതയില്ലാത്തവനാകുന്ന നീ കഷ്ടതയു ള്ളവരായ ഞങ്ങൾക്കു കഷ്ടതയില്ലായ്മയെ നേടിത്തന്നു.

സകലത്തേയും വഹിച്ചിരിക്കുന്നവനായി അടുക്കാൻ വഹിയാത്തവനും ഗ്രഹിപ്പാൻ വഹിയാത്തവനും ആയ നിന്നെ സംസ്ക്കാരത്തിനു കൊടുത്തപ്പോൾ പുണ്യവാനും നീതിമാനും ആയ അരിമത്യക്കാരൻ യൗസേപ്പ് നിന്നെ കൈകളിൽ എടുത്തു. നിൻെറ സ്നേഹിതനായ നീക്കോദീമോസ് വെടിപ്പുള്ള വസത്രങ്ങൾകൊണ്ടും മേൽത്തരമായ മൂരുകൊണ്ടും നറുമ്പശകൊണ്ടും നിന്നെ പൊതിയുകയും സുഗന്ധംപൂശുകയും ചെയ്തിട്ട് മരിച്ചവനെ എന്നപോലെ അടക്കി. പ്രകൃതിയാൽ അറുതിയില്ലാത്തവനായ നിന്നെ പാറ വെട്ടിയുണ്ടാക്കിയ പുതിയ ശവക്കല്ലറയിൽവച്ചു. അപ്പോൾ നിൻെറ സംസ്ക്കാരത്തെ ആദരിപ്പാൻ സ്വർഗ്ഗത്തിലെ സകല ഭയങ്കരദൂതന്മാരും ഇറങ്ങിവന്നു. അവരുടെ ഉഗ്രമായ അരിശംമൂലം ശപിക്കപ്പെട്ട യഹൂദസംഘത്തെ നശിപ്പിച്ചുകളയാതിരിപ്പാനായിട്ട് കുരിശാരോഹണ സമയത്ത് നീ കാണിച്ച ആംഗ്യം അവരെ ഇറങ്ങിവരുവാൻ സമ്മതിച്ചില്ല. എന്നാൽ അവർ സ്നേഹിതന്മാരുടെ അടുക്കൽ ഇറങ്ങി വന്നു. ദൈവമേ നീ പരിശുദ്ധനാകുന്നു. ബലവനേ നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു എന്നു പറഞ്ഞുകൊണ്ട് അവരെ ജയത്തിൻെറ സ്തുതി പഠിപ്പിച്ചു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമെ എന്ന് നിൻെറ സ്നേഹിതർ ഏറ്റുപാടി. കർത്താവേ, ഞങ്ങൾ സത്യവിശ്വാസത്താൽ യൗസേപ്പിനോടും നിക്കോദീമോസിനോടുംകൂടി ഇപ്രകാരം അട്ടഹസിച്ചു പറയുന്നു.

ദൈവമായിത്തന്നെ വസിച്ചുകൊണ്ട് ഞങ്ങൾക്കുവേണ്ടി ഭേതംകൂടാതെ മനുഷ്യനായിത്തീരുകയും മനുഷ്യരായ ഞങ്ങളെ നിൻെറ കൃപയാൽ ദൈവങ്ങളാക്കിത്തീർക്കുകയും ചെയ്ത വചനമായ ദൈവമേ നീ പരിശുദ്ധനാകുന്നു. നികൃഷ്ടരായ ഞങ്ങൾക്കുവേണ്ടി വിനയപ്പെടുകയും അധിക്ഷേപവും അപഹാസവും ബലഹീനതയും സഹിക്കുകയും അശുദ്ധങ്ങളായ എല്ലാ ദുർവ്വികാരങ്ങൾക്കും എതിരായി ശക്തിയും ധൈര്യവും ഞങ്ങൾക്കു തരികയുംചെയ്ത ബലവാനേ നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ മരിക്കുകയും ജഢപ്രകാരമുള്ള നിൻെറ മരണത്താൽ ദുഷ്ടനിൽനിന്നും മരണത്തിൽനിന്നും ഞങ്ങളെ രക്ഷിക്കുകയും പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോട് പുനരുത്ഥാനവും മരിച്ചവരുടെ ഉയിർപ്പും പ്രസംഗിക്കുകയും ചെയ്തു. ആദാമിനേയും ഹവ്വായേയും ആദിമുതലുള്ള സകല പുണ്യവാന്മാരേയും ഉയിർപ്പിൻേറയും ഏദയിലേക്കുള്ള തിരിച്ചുവരവിൻേറയും ആശയാൽ ആശ്വസിപ്പിക്കുകയുംചെയ്തു. പ്രകൃത്യാ മരണമില്ലാത്തവനും നാശമില്ലാത്തവനുംആണെങ്കിലും മൂന്നു ദിവസം ശവക്കല്ലറയിൽകിടപ്പാൻ തിരുവുള്ളം തോന്നുകയും ചെയ്ത മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു. ഞങ്ങളുടെ മശിഹാ തമ്പുരാനേ ഇപ്പോൾ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ ശ്രേഷ്ഠാനുഗ്രഹങ്ങൾക്കു ഞങ്ങളെ അർഹരാക്കണമെ. നിൻെറ വാഗ്ദാനങ്ങളെ നിറവേറ്റി ഞങ്ങളെ ആശ്വസിപ്പിക്കണമെ.

നിൻെറ ഉയിർപ്പിൻെറഞായറാഴ്ചയിൽ ഞങ്ങളെ നീ സന്തോഷിപ്പിക്കണമെ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ച വർക്കും നീതിയുടെ പുതുക്കംഉണ്ടാക്കിത്തരണമെ. ഞങ്ങളും അവരും നിനക്കും നിൻെറപിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ

സ്ലീബാച്ചിറകിന്നും നീതിസൂര്യൻ താണപ്പോൾ
വന്നെതിരേറ്റ് വ്രണത്തിന്മേൽ ചുംബി-ച്ചോതി സഭ
പാതാളത്തിൽ നാഥാ പോകരുതെ
നാശത്തിന്നീ-പൂമെയ്യേകരുതെ
വിശ്വസ്തേ ചൊല്ലരുതേവം പാർത്താൽ ഞാൻ നിത്യൻ
സ്നേഹിതരാഹ്ളാദിക്കുന്നു ക്രൂശി-ച്ചോരെന്നിൽ
ഹാലേലൂയ്യാ, ലജ്ജിതരാകുന്നു. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ ഹാലേലൂയ്യാ

പാതാളത്തിൻ കോട്ടകളെ ദൈവം ധൂളിച്ചു
വന്നു തുറന്നാനുള്ളറകൾ മരണം ഭ്രമമാർന്നു
എഴുന്നേറ്റാദാം വന്ദിച്ചുടയോനെ
നിബിയന്മാൻ ത-ന്നുപമകൾ നിറവേറി
എന്നപരാധം ദൈവസുതാ നീക്കി കൃപചെയ്ക
എങ്ങനെ പാപം ചെയ്തെന്നോർത്തയ്യോ പതറുന്നേൻ
ഹാലേലൂയ്യാ, എന്നാദാം ചൊന്നു. മൊറിയോറാ---

എത്രൊ

മശിഹാതമ്പുരാനേ നീ എല്ലാറ്റിനും മതിയാകുന്നവൻ ആകുന്നു. നിൻെറ പ്രസാദത്തിന് മനുഷ്യർ ഭൂമിയിലെ സസ്യങ്ങളിൽനിന്നും സുഗന്ധദ്രവ്യങ്ങളിൽനിന്നും സമർപ്പി ക്കേണ്ട ആവശ്യമില്ലാത്തവനുമാകുന്നു. നിക്കോദീമോസ്, യൗസേപ്പ് എന്നിവർ സുഗന്ധദ്രവ്യങ്ങൾകൊണ്ടും നിർമ്മല വസ്ത്രങ്ങൾകൊണ്ടും ജഢപ്രകാരം നിന്നെ സംസ്ക്കരി ക്കുന്നതിന് സ്വമനസ്സാൽ സമ്മതിച്ചവനും ആയി സൗരഭ്യവും പരിമളവും ആയ മശിഹാതമ്പുരാനേ, നിൻെറ മനുഷ്യസ്നേഹത്താൽ നിൻെറ കുരിശാരോഹണത്തിൻെറ ഓർമ്മയെ കഴിക്കുന്ന പെരുന്നാളിൽ നിൻെറ കർത്തവ്യത്വത്തിന് ഇപ്പോൾ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധങ്ങളെ ഞങ്ങളുടെ അരിഷ്ടകൈകളിൽനിന്ന് ആംഗീകരിക്കണമെ. ഇഹത്തിലും പരത്തിലും ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നൽകണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ-

കോലോകൾ

മരണം ദൈവപുത്രനെ വഹിച്ചുകൊണ്ടു പ്രവേശിച്ചു. താൻ വഹിച്ചിരിക്കുന്ന മരിച്ചവൻ പാതാളത്തെ നശിപ്പിക്കുമെന്ന് അവർ അറിഞ്ഞിരുന്നില്ല. ദാവീദ് ദൂരത്തുവച്ച് അവനെകണ്ടു കൊണ്ട് ഉച്ചത്തിൽ പറഞ്ഞു, വാതിലുകളേ നിങ്ങളുടെ തല കളുയർത്തുവിൻ, മഹത്വത്തിൻെറ രാജാവ് പ്രവേശിക്കട്ടെ.

പാതാളം ഉത്തരമായിട്ട് ദാവീദിനോട്, 'ഈ മഹത്വത്തിൻെറ രാജാവ്ആരാകുന്നു' എന്ന്ചോദിച്ചു. 'നമ്മുടെ രക്ഷയ്ക്കായി വന്ന ബലവാനായകർത്താവാകുന്നു' എന്ന് അവൻ പറഞ്ഞു.

ബാറെക്മോർ.† ശുബഹോ-മെന്ഓലാം--

തൻെറ സ്വരൂപത്തെ ഉദ്ധരിപ്പാനും നാശത്തിൽ പഴകിദ്രവിച്ചു പോയ ആദാമിനെ പുതുക്കുവാനും ദൈവം മരിച്ചവരുടെ ഇടയിലേക്കിറങ്ങി. താൻ മരണത്തിൻെറ മൂർച്ച തകർത്ത്, പാതാളത്തെ മറിച്ചിട്ട്, അവിടെ ബന്ധിതനായിരുന്ന ആദാമിനെയും മക്കളെയും കരേറ്റി. സ്വർഗ്ഗത്തിലേക്കു നമ്മെ കരേറ്റിയവനുസ്തുതി. മരണത്തിൽനിന്ന് നമ്മെ രക്ഷിച്ചവനു സ്തുതി. തൻെറ സ്വന്തരക്തത്താൽ സകരെയും ജീവിപ്പിച്ച വനു സ്തുതി.

Death carried the Son of God and entered (into Sheol). It did not know that the dead One Whom it carries will demolish Sheol. David saw Him from afar and began to cry out: 'Lift up your heads, O doors that the King may enter through you' (Ps.24:9). Sheol answered to David sayin: 'who is this King of glory?' David answered: ' He is the Lord Almighty Who came for our salvation.

Barekmore. † Glory be to the Father Son and the Holy spirit.

God descended into Sheol to lift up His image and to renew Adam, who became old and worn out by

corruption. He broke the sting of death and demolished Sheol. He lifted up Adam and his children who were (held) captives there. Glory to Him Who lifted us to heaven. Glory to Him Who redeemed us from death. Glory to Him who gave life to all by His ows blood.

ബോത്തേദ്ഹാശോ ഹബ്ലൻ മോറാൻ എന്നപോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

സീയോൻ വഴി ഞാൻ പോകു-ന്നേരം
ആരവം കേ-ട്ടാരാണാർന്നു
    യൂദാ നാട്ടിൽ കൊലയൊന്നുണ്ടായ്
ക്രൂശകരേവം ബഹളം കൂട്ടാൻ
കാരണമെന്തെ-ന്നാലോചിച്ചേ-ൻ.

ഗോഗുൽത്തായിൽ ഞാൻ പാ-ഞ്ഞെത്തി
ആശ്ചര്യത്താൽ എന്നകമുരുകി
    കേഴുന്നോരാം നാരികളെയും
മാതാവാകും മറിയാ-മിനെയും
തൻ സോദരിയെയും ഞാൻ കണ്ടു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܐ ܕܚܺܝܠ ܠܗܽܘ ܥܶܕܳܢܳܐ ܕܕܺܝܢ

ܒܥܘܬܐ ܕܡܪܝ ܐܦܪܝܡ ܠܐ ܟܠܗܘܢ ⁜ ܡܪܝ ܐܬܪܚܡ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܪܝ ܕܐܣܬܟܠܬ ܒܚܫܟ ܣܓܝܐܐ ܕܚܠܦܝܢ

ܒܚܫܟ ܗܘܝܢ ܢܫܟܚ ܘܒܡܠܟܘܬܟ ܢܝܚܐ ⁜

ܠܗܘܢ ܕܐܣܬܟܠܬ ܡܪܝ ܕܚܢܢܟ ܢܦܘܫ ܥܠܝܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.

ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. സ്വതന്ത്ര്യം മൃതിയാൽ തന്ന
സുതനാം നാഥാ കൃപചെയ്ക
ഞങ്ങൾക്കും മൃതരായോർക്കും
പാപവിമോചനമേകേണം. ദേവാ ദയ---

2. നിൻ കല്ലറ മണവറപോലാം
തനയനതിൽ മണവാളൻപോൽ
വിഗതജനം തോഴന്മാർപോൽ
മണവാളനെ വാഴ്ത്തീടുന്നു. ദേവാ ദയ---

3. സൃഷ്ടകളേ തരുവിന്മീതെ
ക്രൂശിതനെപ്രതി വിലപിപ്പിൻ
ആക്ഷേപത്തെ മറയ്ക്കാനായ്
കതിരുകൾ നീക്കുക കതിരോനേ. ദേവാ ദയ---

4. മൃതരെസന്ദർശിച്ചീടാൻ സൃഷ്ടാവവരോഹംചെയ്ത
കൂരിളുളെങ്ങും തിങ്ങീടും
പാതാളത്തിലുദിച്ചാലും. ദേവാ ദയ--

5. ഉത്ഥാനം ചെയ്യിക്കുന്നോ-
നിവനെന്നവരുദ്ഘോഷിക്കും
മൂകപ്രകൃതികൾ കീർത്തിച്ച
പ്രകൃതിപതേ നാഥാ സ്തോത്രം. ദേവാ ദയ---

6. തിരുവുളമായ് മൺമയർ കുറ്റം
ചാർത്തിയ വാനവനേ സ്തോത്രം
വിശ്വത്തെയേന്തും നിന്നെ
മരമേന്തുകയാൽ സ്തോത്രം. ദേവാ ദയ---

7. സീമകളെയേന്തുംനിന്നെ കല്ലറയുൾക്കൊണ്ടതുമൂലം
നാഥാ നിൻ സ്ലീബായാലെ
സൃഷ്ടികൾ രക്ഷിതരായ-തിനാൽ. ദേവാ ദയ---

8. പാതാളത്തിൽ നിൻ ദീപ്തി
വിഗതർക്കുദയം ചെയ്തതിനാൽ
ആയിരമായ് പതിനായിരമായ്
സ്തോത്രം സ്തോത്രം തേ സ്തോത്രം
പ്രേഷകനാം താതൻ സ്തുത്യൻ
പാവനനാം റൂഹാ വ-ന്ദ്യൻ. ദേവാ ദയ---

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ

നിൻ ഹാശായിൻ കഷ്ടതയാൽ

നേടണമവകാശം രാജ്യേ. ദേവാ ദയ--

ഏവൻഗേലിയോൻ.

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ, **കല്ലറയിലുറങ്ങും ഹതരെപ്പോലെ**

നിദ്രിതരുടെ മദ്ധ്യേ മോചനസൂനു ഹാലേലൂയ്യാ

ലൂക്കോസ് 23. 49, മത്തായി 27. 55-56, മർക്കോസ് 15. 41,

യോഹന്നാൻ 19. 31-42, മത്തായി 27. 60, ലൂക്കോസ് 23. 55-56

ܠܡܪܢ ܡܫܝܚܐ ܘܟܠܟܝܢ ܘܪܚܡܘܗܝ ܠܟܠܟܘܢ ❊ ܐܡܝܢ ❊

ܘܒܢܝܢܗ ܚܝܠ ܡܢ ܚܫܐ ܕܡܫܝܚܐ ܘܒܪܢܫܐ ❊ ܘܒܪܢܫܐ ❊

യേശുവിൻെറ പരിചയക്കാരെല്ലാവരും, ഗലീലായിൽനിന്ന് അദ്ദേഹത്തിൻെറ കൂടെ വന്നിരുന്ന സ്ത്രീകളും ദൂരെനിന്ന് ഇതെല്ലാം നോക്കിക്കൊണ്ടിരുന്നു. അവരിൽ ഒരുവൾ മഗ്ദലനക്കാരി മറിയാമും മറ്റവൾ യാക്കോബിൻെറയും യോസിയുടേയും മാതാവായ മറിയാമും വേറൊരുവൾ സെബദിപുത്രന്മാരുടെ മാതാവും ആയിരുന്നു. യേശുവിനെ ക്രൂശിച്ചത് ശാബതിൻെറ ഒരുക്കനാളായ വെള്ളിയാഴ്ച ആയിരുന്നു. ആ ശാബത് അതിപ്രധാനവുമായിരുന്നു. ശാബതിൽ മൃതശരീരങ്ങൾ കുരിശിൽ സ്ഥിതിചെയ്യാതെയി രിക്കുവാൻ, അവരുടെ കാലുകൾ തകർത്ത് അവരെ കുരിശിൽനിന്നു നീക്കംചെയ്യുവാൻ യഹൂദന്മാർ പീലാത്തോ സിനോട് ആവശ്യപ്പെട്ടു. അപ്പോൾ പടയാളികൾചെന്ന്

യേശുവിനോടുകൂടെ കുരിശിൽത്തൂക്കപ്പെട്ട രണ്ടുപേരുടെയും കണങ്കാലുകൾ തകർത്തു. യേശുവിൻെറ അടുത്തുചെന്ന പ്പോൾ അവൻമരിച്ചുകഴിഞ്ഞു എന്നുകണ്ടതിനാൽ അവൻെറ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവൻെറ വിലാപ്പുറത്തു കുത്തി. ഉടനെ അതിൽനിന്നു രക്തവുംവെള്ളവും പുറപ്പെട്ടു. ഇതു കണ്ടവനാണ് സാക്ഷ്യം നൽകിയിരിക്കുന്നത്. അവൻെറ സാക്ഷ്യംസത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യം പറഞ്ഞിരിക്കുന്നുവെന്ന് അവൻ അറിയുകയും ചെയ്യുന്നു. “അവൻെറ അസ്ഥിതകർക്കപ്പെടുകയില്ല” എന്ന തിരുവെഴുത്തും “തങ്ങൾ കുത്തിത്തുളച്ചവനെ അവർ നോക്കും” എന്ന മറ്റൊരു തിരുവെഴുത്തും നിവൃത്തിയാകു വാൻ ഇവ സംഭവിച്ചു. അനന്തരം യഹൂദന്മാരോടുള്ള ഭയം കാരണം രഹസ്യമായി യേശുവിന്ശിഷ്യപ്പെട്ടിരുന്ന അരിമത്യ ക്കാരൻ യൗസേപ്പ് യേശുവിൻെറ ശരീരം എടുക്കുവാൻ പീലാത്തോസിനോട് അനുവാദംചോദിച്ചു. പീലാത്തോസ് അനുവാദം നൽകി. യൗസേപ്പ് വന്ന് യേശുവിൻെറ ശരീരം എടുത്തുമാറ്റി. മുമ്പ് രാത്രിയിൽ യേശുവിൻെറ അടുക്കൽ ചെന്നിരുന്ന നീക്കോദീമോസുംവന്നു. അവൻ ഉദ്ദേശം നൂറു റാത്തലിലധികം മൂറും ചെന്നിനായകവുംചേർന്ന സുഗന്ധ ക്കൂട്ടും കൊണ്ടുവന്നു. അവർ ഇരുവരും യേശുവിൻെറ ശരീരമെടുത്ത് യഹൂദന്മാരുടെ ശവസംസ്ക്കാരക്രമമനുസ രിച്ച് സുഗന്ധദ്രവ്യത്തോടുകൂടി തുണികൊണ്ട് പൊതിഞ്ഞ് കെട്ടി. യേശുവിനെ കുരിശിച്ച സ്ഥലത്ത് ഒരു തോട്ടവും,

ആ തോട്ടത്തിൽ അന്നുവരെ ആരെയും സംസ്ക്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. ശാബത് ആരംഭിച്ചതിനാലും, കല്ലറ സമീപത്തായതുകൊണ്ടും അവർ യേശുവിനെ അതിൽ സംസ്കരിച്ചു. കല്ലറയുടെവാതുക്കൽ ഒരു വലിയ കല്ല് ഉരുട്ടിവെച്ചിട്ട് അവർ പോയി. ഗലീലയിൽ നിന്ന് യേശുവിനോടുകൂടെപോന്ന സ്ത്രീകൾ അടുത്തുണ്ടായിരുന്നു. അവർ കല്ലറയും അവൻെറ ശരീരം സംസ്ക്കരിച്ചതുംകണ്ടു. അവർ മടങ്ങിവന്ന് സുഗന്ധദ്രവ്യവും പരിമളതൈലവും ഒരുക്കി, ശാബതിൽ നിയമപ്രകാരം സ്വസ്ഥമായിരുന്നു.

ܬܰܪܥܳܐ ܕܪ̈ܰܚܡܶܐ ❊ ܡܳܪܰܢ ܝܶܫܽܘܥ ❊

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറിന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Ento-mb'd Thou effaced perdi-tion of tomb, Christ e-fface death, raise our dead -from the tomb. (3 Times)


Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ✠ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܬܘܕܝܬܐ ✠ ܘܥܠܝܢ ܚܛܝܐ ܪ̈ܚܡܐ ܘܚܢܢܐ ✠ ܢܬܦܬܚܘܢ
ܠܢ ܬܪ̈ܥܐ ܐܘܪܫܠܡ ܕܠܥܠ ✠ ܘܬܬܩܒܠ ܨܠܘܬܢ ܡܢ ܩܕܡ
ܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.



അറിയിപ്പിൻെറ ശനി സൂത്താറാ

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Ento-mb'd Thou effaced perdi-tion of tomb, Christ e-fface death, raise our dead -from the tomb. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܬܘܕܝܬܐ ܚܢܢܐ ܘܪܚܡܐ
ܢܗܘܘܢ ⁜ ܥܠܝܢ ܚܛܝܐ ܬܪܥܐ ܕܪܘܡܐ ⁜ ܢܬܦܬܚܘܢ

ܬܘܕܝܬܐ ܘܬܫܒܘܚܬܐ ܘܠܟܠܗ ✻ ܘܒܪܝܟ ܐܠܗܐ ܡܢ ܥܠܡ
ܘܡܩܕܫܐ ✻ ܩܕܝܫܐ ܐܢܬ ܡܪܢ ܩܕܝܫܐ ܐܢܬ ܡܪܢ
ܩܕܝܫܐ ܐܢܬ ܡܪܢ ܠܥܠܡ ✻ ܒܪܟܡܪܝ ✻

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✻ ܐܡܝܢ ✻

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ܦ:ܩܘܡ

ܚܝܐ ܕܟܠ ܘܩܛܠܐ ܘܚܝܐ ܡܢ ܩܒܪܐ ܢܦܩܐ ✱ ܩܒܪܐ ܡܚܝܢܐ
ܦܫܛ ܒܟܠܗ ܘܥܒܪ ✱ ܠܡܫܝܚܐ ܕܐܬܕܢܚ ܘܦܘܪܩܢ ܘܡܫܒܚܐ
ܘܡܫܘܒܚܐ ܡܛܠ ܕܐܝܬ ܒܟܠ ܐܫܝܬܐ ܒܟܠ ܟܕ
ܘܒܟܠܗܘܢ ܫܥܝܢ ܢܫܡ ✱

തിരുവുള്ളത്താൽ ജഡപ്രകാരം മരണത്തോടു യോജിക്കുകയും തൻെറകർത്തൃത്വത്തെ സൃഷ്ടികളോട് പ്രസംഗിപ്പാൻ തൻെറ ആംഗ്യത്താൽ പ്രകൃതികളെ ഇളക്കുകയും, തൻെറ നഗ്നത ആളുകൾ കാണാതിരിപ്പാൻ തൻെറ ആജ്ഞയാൽ സൂര്യനെ ഇരുട്ടിക്കുകയും തൻെറ ശബ്ദത്താൽ ദൈവിക പ്രകാരം പാറകളെ പൊളിക്കുകയും തൻെറ ബലത്താൽ ശവക്കല്ലറകളെ തുറക്കുകയും, മരണത്താൽ മരിച്ചവരെ ജീവിപ്പിക്കുകയും, കുരിശിന്മേൽ തറച്ചവരെ ശാസിപ്പാൻ സ്വയം കൊലയേറ്റു ശവക്കല്ലറയിൽ കിടന്നവരെ പുറത്തേക്ക് കൊണ്ടുവരികയും ചെയ്ത ജീവനുള്ളവനും ജീവൻ നനൽകുന്നവനും ആയ കർത്താവിന് സ്തുതി. തനിക്ക് സുത്താറാനമസ്ക്കാരത്തിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുല്ഹൂൻ---

ܩܘܠܐ

അവർണ്ണ്യമായഅത്ഭുതങ്ങൾ കാണിച്ച ബലവാനും തൻെറ കഷ്ടാനുഭദിവസം ആകാശത്തെ ഇരുട്ട് ധരിപ്പിക്കുകയും

തൻെറ കുശാരോഹണദിവസം ദീർഘദർശനവചനപ്രകാരം അവരെ ചാക്കുശീല ധരിപ്പിക്കുകയും ചെയ്ത സർവ്വാധിപതിയും ആകാശം മേൽക്കട്ടപോലെവിരിക്കുകയും ഭൂമിയെ വെള്ളത്തിന്മീതെ പരത്തുകയും ചെയ്ത സൃഷ്ടാവായ ദൈവത്തെ അവർ അപമാനിച്ച് കുരിശിന്മേൽ മലർത്തിക്കിടത്തി. പരാക്രമശാലി ഗോഗുൽത്താമേൽ ചവിട്ടുകയും ഭൂമിയുടെ അടിസ്ഥാനങ്ങൾ വിറയ്ക്കുകയും ചെയ്തു. ഏകജാതനെ അസൂയയാൽ അവർ കൂരിശന്മേൽ തറച്ചു. സർവ്വശക്തൻ പഞ്ചഭൂതങ്ങളെ സൂക്ഷിക്കുകയും അവ ഭ്രമം നിമിത്തം ഉരുകി അലിഞ്ഞുപോകുകയും ചെയ്തു. നീതിയുടെ പുത്രൻ കുരിശിന്മേൽവച്ച് നിലവിളിക്കുകയും ആകാശത്തെ ഇളക്കുകയും ഭൂമിയിൽ ഇറ്റിറ്റുവീണ നിർദ്ദോഷരക്തത്താൽ ഭൂതലത്തിൻെറ കീഴ്ഭാഗങ്ങളെ കുലുക്കുകയും ചെയ്തു. ഉയരത്തിലെ മണവാളൻ സ്ലീബായിൽ കിടന്നപ്പോൾ പ്രകൃതിയെ സംഭ്രമിപ്പിക്കുകയും താൻ സത്യദൈവമാണെന്ന്കാണിക്കുകയുംചെയ്തു. കുരിശുതണ്ടിന്മേൽ വയ്ക്കപ്പെട്ട മഹാദീപം സൂര്യനിൽ ഊതുകയും അത് കെട്ടുപോകുകയും ചെയ്തു. സൃഷ്ടികളുടെ സത്യപ്രകാശം ഗോഗുൽത്തായുടെ മുകളിൽ നിന്ന് സൃഷ്ടിക്കപ്പെട്ട സൂര്യനെ ഇരുട്ടിലേക്കിറക്കി. പരിശുദ്ധകിരണം മരത്തിന്മേൽ തൂക്കപ്പെടുകയും അതിൻെറ കാന്തികളെ അഗാധങ്ങളായ പാതാളക്കുഴിയിലേക്ക് അയയ്ക്കുകയും ചെയ്തു. പ്രകൃതിയുടെ നാഥൻ കുരിശിന്മേൽ തറയ്ക്കപ്പെടുകയും പ്രകൃതികളെ താൻ

പരിഭ്രമിപ്പിക്കുകയും അവ തന്നെ ആദരിക്കുകയുംചെയ്തു. സൃഷ്ടാവിന്‍െറ കഷ്ടാനുഭവസമയത്ത് ഉയരവും ആഴവും താന്‍ ദൈവമാണെന്ന് സാക്ഷിച്ചു. സൃഷ്ടാവു പ്രവര്‍ത്തിച്ച ഭയങ്കരകൃത്യങ്ങള്‍ താന്‍ സൃഷ്ടാവാകുന്നു എന്നു പ്രസംഗിച്ചു. തന്‍െറ നാഥന്‍ നഗ്നനായി കിടക്കുന്നതു കണ്ടിട്ട് പകല്‍ അതിന്‍െറ വസ്ത്രം കീറിക്കളയുന്നു. മദ്ധ്യാഹ്നത്തില്‍ അന്ധകാരവസ്ത്രങ്ങളെ അതു ധരിക്കുന്നു. ഭൂമി മൃതശരീരങ്ങളെ തനിക്കുനേരെകുടയുന്നു. ലോകം ഈ ദിവസം മറ്റു ചെയ്യപ്പെട്ടവരോടുകൂടെ പെട്ടെന്ന് കറുപ്പുവസ്ത്രം ധരിക്കുന്നു. ഞങ്ങളുടെ കര്‍ത്താവായ യേശുമശിഹാ ദൈവമേ, നിന്‍െ അവര്‍ണ്ണനീയമായ വരവില്‍ സത്യമായ വിസ്മയനീയങ്ങ ളായ വലിയ കാര്യങ്ങള്‍ നീ പ്രവര്‍ത്തിച്ചു എന്നും നിന്നെപ്പോലെ ആരുള്ളു എന്നും ഞങ്ങള്‍ പറഞ്ഞ് അത്ഭുതപ്പെടുന്നു. ഞങ്ങള്‍ ഈ സുഗന്ധധൂപംമൂലം നിന്നൊട് അപേക്ഷിച്ചു പ്രാര്‍ത്ഥിക്കുന്നു. നിന്‍െറ താഴ്മ യുടെ രഹസ്യത്തെ എപ്പോഴും ഞങ്ങളില്‍ നീ ഉജ്ജ്വലിപ്പി ക്കണമെ. നിന്‍െറകുരിശിനെക്കുറിച്ചുള്ള സ്നേഹം കൊണ്ട് ഞങ്ങളെ നീ ചൂടുപിടിപ്പിക്കണമെ. നിന്‍െറ കുരിശു മൂലമുള്ള മഹത്തായ അഭിമാനം ഞങ്ങളില്‍ നിറയ്ക്കണമെ. നിന്നെപ്പോലെ പ്രാര്‍ത്ഥിപ്പാന്‍ ഞങ്ങളെ പഠിപ്പിക്കണമെ. നിന്‍െറ പരിശുദ്ധങ്ങളായ ഉന്നതസ്ഥാനങ്ങളില്‍നിന്നു സമൃദ്ധങ്ങളായ അനുഭവങ്ങളെ ഞങ്ങള്‍ക്കയെച്ചുതരണമെ. ഞങ്ങളിലുള്ള നിന്‍െറ എല്ലാകൃപകള്‍ക്കുമായി ഞങ്ങള്‍

നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും പുകഴ്ചയും കരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

ഈ രാത്രിയിൽ രക്ഷകൻ മരിച്ചവരുടെ ഇടയിൽ വിശ്രമിച്ചു. ജീവനോടിരുന്നവരെ താൻ സന്ദർശിച്ചശേഷം ആദാമിനെ സന്ദർശിപ്പാൻ മരിച്ചവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നു. മാർത്തയും മാതാവായ മറിയാമും മരിച്ചവരെ ജീവിപ്പിക്കുന്ന വനായ തന്നെപ്പറ്റി നെടുവീർപ്പോടെ കരഞ്ഞുകൊണ്ടിരുന്നു.

ബാറെക്മോർ. † ശുബഹോ- മെന്ഓലാം--

ഈ രാത്രിയിൽ ജീവനുള്ളവൻ മരിച്ചവരുടെ പാതാളത്തിൽ വസിച്ചു. അവരുടെ മുഖങ്ങളിൽനിന്ന് ആവരണം നീക്കി അവരുടെ ആത്മാക്കൾ പ്രകാശിച്ചു. തൻെറ കിരണങ്ങൾ അവരുടെമേൽ ശോഭിപ്പിക്കുകയും അവരുടെ കബറുകളിൽ പുനരുത്ഥാനം വർഷിക്കുകയുംചെയ്തു. അവർ തനിക്കു സ്തുതിപാടി.

ബോത്തേദ്ഹാശോ

ഹബ്ലൻ മോറാൻ എന്നപോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

പീലോത്തോസോടത്തിരു ഗാത്രം
ചോദിച്ചോനാം യൗസേപ്പ് ധന്യൻ
പുതുജീവൻ തൻ ഫലമെന്നോണം
കൈക്കൊണ്ടീടാൻ കൈകൾ നീട്ടി
ആനന്ദിപ്പാൻ താഴെയിറക്കി.

ലിഖിതംപോൽ കല്ലറയിൽ വച്ചു
വസ്ത്രാവൃതമാമത്തിരുഗാത്രം
കൊണ്ടിഹ വന്നാൻ നീക്കോദീമോസ്
അൽവാമൂറും കേത്താനായും
അവൻ ജീവദനെ കബറിൽ വച്ചു.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ---

ܡܳܐ ܕܕܳܝܢܶܐ ܠܗܘ ܒܡܶܬܕܳܝܢܺܝܢ ܕܕܳܢܽܘܟ
ܒܕܺܝܢܳܐ ܡܶܢ ܠܐ ܬܕܽܘܢܰܢ ܀ ܡܳܪܝ ܐܪܚܡ ܀

മോർ യാക്കോബിൻെറ ബോവൂസോ

മൃതരായോരാത്മജ നാദത്താലെഴുന്നേറ്റീടും
ഉത്ഥാനത്തിൽ നൽകീടുമവൻ തേജോവസ്ത്രം. ദേവാ ---

വിഗതന്മാർതൻ പാതാളം പൂ-കാനായ് ചെന്നാൻ
ചെന്നപ്പോൾ സ്വീകരണം നൽകി വാങ്ങിപ്പോയോർ
ഉള്ളിൽ ചെന്നോനെ മാനിപ്പാൻ വെളിയിൽ വന്നാൻ
തൻ വീര്യത്താലവരെല്ലാരും കമ്പം പൂണ്ടാൻ. ദേവാ--

മൃതിയുള്ളോർക്കുയിരേകാൻ മനസാ മൃതനായോനാം
മൃതർ തന്നാത്മജനെ വാഴ്ത്തീടാൻ കഴിവാർക്കുണ്ടാം
രക്ഷിച്ചതിനാലുയിരുള്ളോരും മൃതരും വാഴ്ത്തും
തന്നേയും തൻ താതനെയും ശുദ്ധാത്മ-ത്തേയും. ദേവാ ---

ലോകം വിട്ടോർക്കുത്ഥാനത്തിൽ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാസ്തോത്രം. ദേവാ-

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

91-ാം മസുമൂർ

ബാറെക്മോർ, ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനും ദൈവത്തിൻെറ നിഴലിൽ മഹത്വപ്പെടുന്നവനുമേ

ബാറെക്മോർ, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം, എൻെറ ശരണവും, എൻെറ സങ്കേതസ്ഥലവുമെന്ന്, കർത്താവിനെ ക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽനിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും

അവൻ തൻെറ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുറ്റും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിൻെറ ഒരു ഭാഗത്തു ആയിരങ്ങളും, നിൻെറ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും

അവ നിങ്കലേക്ക് അടുക്കുകയില്ല, എന്നാലോ നിൻെറ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും, ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എൻെറ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല, ശിക്ഷ നിൻെറ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്, അവൻ നിന്നെക്കുറിച്ച് അവൻെറ മാലാഖമാരോട്കല്പിക്കും.

നിൻെറ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ, അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെവഹിക്കും

സർപ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്, ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും, എൻെറ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും

ഞാൻ അവനോട് ഉത്തരം പറയും, ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും, എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

121-ാം മസുമൂർ

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും, എന്റെ സഹായക്കാരൻ എവിടെ നിന്നു വരും

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച, കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു, കർത്താവ് തന്റെ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും, കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ-- ഹാ ഹാ ഹാ -- മെന്ഗാലാം--

ഉയരപ്പെട്ടവൻെറ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിൻെറ അനുഗ്രഹത്തിൻെറ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ

സകലവും കേൾക്കുന്നവനെ, നിൻെറ അനുഗ്രഹത്താൽ, നിൻെറ അടിയാരുടെ അപേക്ഷ കേൾക്കണമെ

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ യേശു മശിഹാ, നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമെ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കി ക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച്, ഇഹപരമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവേ, നിൻെറ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച്, നിൻെറ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ. നിൻെറ സ്ലീബാ † ദുഷ്ടനിൽ നിന്നും അവൻെറ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിൻെറ വലത്തു കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാകണമെ.

നിന്നെ പ്രസവിച്ച മാതാവിൻേറയും നിൻെറ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ, ദൈവമെ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise
To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ * ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ

ܘܬܘܕܝܬܐ * ܒܥܕܢܐ ܕܪܡܫܐ ܘܕܨܦܪܐ ܘܒܟܠܗܘܢ * ܥܕܢܝܢ

ܠܥܠܡ ܥܠܡܝܢ ܐܡܝܢ * ܘܥܠܝܢ ܚܛܝܐ ܡܪܝ ܚܘܣ

ܘܪܚܡܝܢ * ܚܘܣܢܐ ܠܟ ܡܪܝ ܚܘܣܢܐ ܠܟ ܡܪܝ

ܚܘܣܢܐ ܠܟ ܡܪܝ ܠܥܠܡܝܢ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വിശ്വാസപ്രമാണം

അറിയിപ്പിൻെറ ശനിയാഴ്ച രാത്രി ഒന്നാം കൗമാ

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Ento-mb'd Thou effaced perdi-tion of tomb, Christ e-fface death, raise our dead -from the tomb. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ※ ܘܣܓܕܬܐ ܘܩܘܠܣܐ ܠܪܘܚܐ ܩܕܝܫܐ
ܘܥܡܘܪܐ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ※ ܠܥܠܡܝܢ

ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ❉ ܘܠܪܘܚܐ ܩܕܝܫܐ ܡܢ ܥܠܡ

ܘܩܕܝܫܐ ❉ ܩܕܝܫܐ ܐܢܬ ܡܪܝ ܩܕܝܫܐ ܐܢܬ ܡܪܝ

ܩܕܝܫܐ ܐܢܬ ܡܪܝ ܠܥܠܡ ❉ ܒܪܟܡܪܝ ❉

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❉ ܐܡܝܢ ❉

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ എൻെറ കർത്താവേ, നിൻെറ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപ മുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമെ.

മരണമില്ലാത്ത ജീവനുള്ളവനേ, നിൻെറ കരുണയെ ഞങ്ങൾവന്ദിപ്പാനായിട്ട്, മരണത്തിൻേറയുംനാശത്തിൻേറയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമെ. † പിതാവും പുത്രനും പരിശുദ്ധറൂഹായുമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ച് വിശുദ്ധി യോടുകൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

113, 119 117 സങ്കീർത്തനങ്ങൾ - പേജ് 30

ബാറെക്മോർ: രാത്രി കാലങ്ങളിൽ കർത്താവിൻെറ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിൻെറ സകല ദാസന്മാരു മായുള്ളോരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

ബാറെക്മോർ: ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ

ആകാശവും ഭൂമിയുംസൃഷ്ടിച്ച കർത്താവ്, സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ എൻെറ സ്തുതി നിൻെറ മുമ്പാകെ പ്രവേശി ക്കുകയും, നിൻെറ വചനത്താൽ എന്നെ ജീവിപ്പിക്കുകയും ചെയ്യണമെ. എൻെറ അപേക്ഷ നിൻെറ മുമ്പാകെ പ്രവേശിക്കുകയും, നിൻെറ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എൻെറ നാവ് നിൻെറ വചനം ഉച്ചരിക്കും, എന്തെന്നാൽ നിൻെറ കല്പനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നിൻെറ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ, എൻെറ അധരങ്ങൾ നിൻെറ സ്തുതികളെ ഉച്ചരിക്കും. ഞാൻ നിൻെറ കല്പനകളിൽ ഇഷ്ടപ്പെടുന്നതിനാൽ, നിൻെറ കൈ എന്നെ സഹായിക്കണമെ.

എൻെറ ആത്മാവ് നിൻെറ രക്ഷയ്ക്കായിട്ട് കാത്തിരുന്നു, നിൻെറ വേദപ്രമാണത്തിൽ ഞാൻ ധ്യാനിച്ചു, എൻെറ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും, നിൻെറ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻെറ ഭൃത്യനെ അന്വേഷിക്കണമെ, എന്തെന്നാൽ ഞാൻ നിൻെറ കല്പനകൾ ഒന്നും മറന്നില്ല.

സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ആയിറൈൻദെസ്മർ ലോക് എന്നപോലെ

1. അഹിതൻ തൻ-ചതിവിൽ നി-ന്നെങ്ങളെസംരക്ഷിച്ചോനേ
   നിന്നെ കീർത്തിപ്പാൻ ഞങ്ങൾ-ക്കുണർവ്വേകണമെ.
2. ഈരാവിൽ സിംഹംപോൽ ലോകപരാക്രമിയാർത്തപ്പോൾ
   മൃതിയോടൊപ്പം സാത്താനും സംഭ്രമമാർന്നു.

3. ഈ നിശയിൽ കല്ലറയിൽ ശയനംചെയ്തൊരുജീവദനെ
നിദ്രവെടിഞ്ഞാ-ദം മോദാൽ വാഴ്ത്തിപ്പാടി.

4. സൃഷ്ടാവീ-നിശ തന്നിൽ തന്നെ സന്ദർശിച്ചതിനാൽ
മണ്ണിൽ നിന്നാദാം താതൻ മൗലിയുയർത്തി.

5. മാതാവാം ഹവ്വായീ-രാവിൽ നമ്മെ രക്ഷിപ്പാൻ
മൃതിയേറ്റോനാ-മുത്തമനെ വാഴ്ത്തിപ്പാടി.

ബാറെക്മോർ. † ശുബഹോ -- മെന്ഓലാം വാദാമോ----

6. മൃതി മനസ്സാ-കൈക്കൊണ്ടി-ട്ടാദാമിനെ ജീവിപ്പിച്ചോൻ
ഈ രാവിൽ മ-നസ്സാ കബറിൽ ശയനം ചെയ്താൻ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

ഒന്നാം കൗമാ

(എക്ബോ - ശ്മായോനേ ശുബഹോ --)

മൃതിഗതരെ സന്ദർശിച്ച് തൻ പുനരുത്ഥാനം മൂലം
പുനരുത്ഥാനം വാഗ്ദാനംചെയ്തോനാം മശിഹാ ധന്യൻ

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായി സ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܚܝܐ ܠܢ ܘܣܒܪܐ ܘܚܢܢܐ ܗܘ ܡܪܝܐ ܢܒܥܐ ⁜ ܡܪܝܐ ܡܪܚܡܢܐ
ܢܥܢܐ ܠܢ ܘܢܪܚܡ ⁜ ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ
ܘܥܠܝܢ ܚܛܝܐ ܘܚܛܝܬܐ ܢܗܘܘܢ ܪܚܡܐ ܘܚܢܢܐ
ܒܥܠܡܝܢ ܬܪܝܢ ⁜

തൻെറ മരണത്താൽ ഞങ്ങൾക്ക് ജീവൻ ഉദിക്കുകയും തൻെറ മനുഷ്യത്വത്താൽ ഞങ്ങൾ ദൈവത്വത്തെ നേടുകയും തൻെറ താഴ്മയാൽ ഞങ്ങൾക്ക് ഉന്നതിയുണ്ടാകുകയും തൻെറ സംസ്ക്കാരത്താൽ ഞങ്ങൾക്ക് പുനരുത്ഥാനം നൽകപ്പെടുകയും തൻെറ പാതാളപ്രവേശനത്താൽ ഞങ്ങളെ ഉയർത്തുകയും ശവക്കല്ലറയിൽ ഉറങ്ങിക്കിടന്നുകൊണ്ട് ഞങ്ങളെ ഉണർത്തുകയും ചെയ്ത കർത്താവിന് രാത്രിനമസ്ക്കാരത്തിൻെറ ഒന്നാംകൗമാ നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܦܪܘܡܝܘܢ

മരണമുള്ളവരുടെ ആശാബന്ധവും മരിച്ചവരുടെ പുനരുത്ഥാനവും ആയുള്ളോവേ നീതിമാനായ യൗസേപ്പും ന്യായപ്രമാണ ഉപദേഷ്ടാവായ നിക്കോദീമോസും നിൻെറ പരിശുദ്ധ ശരീരം ചോദിച്ച് ന്യായാധിപനായ പീലാത്തോസിൻെറ അനുമതിയോടുകൂടെ കുരിശിന്മേൽനിന്നു ഇറക്കിയശേഷം വെള്ളവസ്ത്രംകൊണ്ടു നിന്നെ സുഗന്ധം

പൂശുകയും മരിച്ചവനെപ്പോലെ ശവക്കല്ലറയിൽ കൊണ്ടുപോയി വയ്ക്കുകയുംചെയ്തു. മൂന്നുമുഴം ഉള്ള ഇടുങ്ങിയ സ്ഥലത്ത് മരിച്ചവനെപ്പോലെ നീ കിടന്നു. നിൻെറ മഹാശക്തിയാൽ പാതാളത്തെ കുലുക്കുകയും കഠിനമായ മരണത്തിൻെറ ഭണ്ഡാരങ്ങളെ നിൻെറ ബലത്താൽ കവർച്ച ചെയ്യുകയും ചെയ്തു. മനുഷ്യരെ അടിമപ്പെടുത്തിയ മല്ലനെ ബന്ധനത്തിലാക്കുകയും അവൻ അപഹരിച്ച അടിമയെ അവൻെറ കൈകളിൽനിന്ന് വീണ്ടെടുക്കുകയും അവൻെറമത്സരത്താൽ അടിമപ്പെടുത്തിയ അടിമകളെ നീ തിരിച്ചുകൊണ്ടുവരികയുംചെയ്തു. പാതാള ത്തിലെ കോട്ടകളെ നീ കുലുക്കുകയും എല്ലാ പരാക്രമി കളെയുംവിഴുങ്ങിയിരുന്ന അതിൻെറ പട്ടണത്തിലെ മതിലു കൾപൊളിച്ചുകളയുകയും കഠിനമായ അസൂയയാൽ ഞങ്ങളുടെ വർഗ്ഗത്തലവനെ നശിപ്പിച്ചവൻെറ കഴുത്തിൽ നീ ചവിട്ടി അവൻെറ തല ചതയ്ക്കുകയും ചെയ്തു. സ്വമനസ്സാൽ നീ നിന്നെ മരണത്തിന് ഏൽപ്പിച്ചുകൊടുക്കു കയും പാതാളത്തിലെ മരിച്ചവരോട് നിൻെറ പ്രവേശന ത്തിൻെറ മഹാരഹസ്യം അറിയിക്കുകയും നോഹയുടെ കാലത്തുപോലും അനുസരിക്കാതിരുന്ന ആത്മാക്കൾക്ക് നിന്നിൽവിശ്വാസവും നിൻെറ ഭരണത്തെക്കുറിച്ചുള്ളഅറിവും കൈക്കൊൾവാൻ നീ അവസരം നൽകുകയും ചെയ്തു. നിൻെറ ദൈവത്വം നിൻെറ ആത്മാവിൽ നിന്നാകട്ടെ ശരീരത്തിൽ നിന്നാകട്ടെ വേർപെടാതെ രണ്ടിനെയും യോജിപ്പിച്ചുകൊണ്ട് നീ ജഡത്തിൽ മരണമേറ്റു. നിന്നെ

ഏറ്റുപറഞ്ഞ കള്ളനെ നീ വാഗ്ദാനം ചെയ്ത പ്രകാരം നിൻെറ ആത്മാവാൽ പറുദീസായിലേക്ക് പ്രവേശിപ്പിച്ചു. കാവൽക്കാരനായ ക്രോബെയുടെ കുന്തം നീ തകർക്കുകയും മനുഷ്യവർഗ്ഗത്തെ അതിൻെറ മുന്നവകാശത്തിലേക്കു തിരിച്ചുകൊണ്ടുവരികയും ചെയ്തു. ദീർഘദർശിയുടെ വചനംപോലെ നിൻെറ മരണത്തേയും പ്രവേശനത്തേയും പറ്റി പാതാളം പിറുപിറുത്തു. മരിച്ചവർ നിന്നെ വന്ദിക്കുകയും അവരുടെ ശരീരാത്മാക്കൾകൊണ്ട് നിന്നെ സ്തുതിക്കുകയും തെളിവായി നിന്നെ ഗ്രഹിക്കുകയും ചെയ്തു. മനുഷ്യനെപ്പോലെ നീ കഠിനമരണം അനുഭവിക്കുകയും ബലഹീനനെപ്പോലെ ഉഗ്രമായ പാനീയം കുടിക്കുകയും ഭയങ്കരവും സംഭ്രമസംപൂർണ്ണമായതിനെ ഇപ്പോൾ മുതൽ നീ ഉറക്കി ഏതുമുഖത്തുനിന്നും കണ്ണുനീർ നീക്കിക്കളയുകയും ചെയ്തു. ഇതാ ജീവിച്ചിരുന്നവരും മരിച്ചവരും നിന്നെ സ്തുതിക്കുന്നു. ഇതാ എല്ലാവായ്കളും നിനക്ക് സ്തുതി പാടുന്നു. മരിച്ച് ഞങ്ങളെ ജീവിപ്പിച്ച നിനക്ക് സ്തുതി. നാശമില്ലായ്മയിലേക്ക് ജീവിച്ചെഴുന്നേറ്റ മരിച്ചവരുടെ കടിഞ്ഞൂലും ഉറങ്ങിപ്പോയവരുടെ ആദ്യഫലവും ആയിത്തീർന്ന നിനക്ക് സ്തുതി. ഇതു ഹേതുവായിട്ട് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ, കർത്താവേ മരിച്ചുപോകുന്ന മരിച്ചവരുടെ രണ്ടാമത്തെ മരണത്തിൽനിന്ന് ഞങ്ങളെ നീ വീണ്ടുകൊള്ളണമെ. പാപനാശത്തിൽനിന്നും നാശക്കുഴിയിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. നിൻെറ ശരണത്തിന്മേൽ ഉറങ്ങിപ്പോയ ഞങ്ങളുടെ മരിച്ചവരെ

നിൻെറ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പിക്കണമെ. ഞങ്ങളും ഇവരും നിനക്കും നിൻെറ പിതാവിനും നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ കൂക്കോയോ രീതി

1. സ്വാതന്ത്ര്യത്തിൻ സുതനായോൻ പാതാ-ളം തന്നിൽ
കബറിന്നുള്ളിൽ മൃതനെപ്പോലായ-തുമാശ്ചര്യം
തൂക്കപ്പെട്ടാൻ ലോകം ഭ്രമമാർന്നു
പാതാളത്തിൽ മൃതരെ ഉയർപ്പിച്ചാൻ
കൽപ്പന ലംഘിച്ചതുമൂലം മൃതി നേ-രിട്ടോനാം
ആദാമിന്നായ്-താണേറ്റം പാടേ-റ്റോൻ സ്തുത്യൻ
ഹാലേലൂയ്യാ, ആ വിനയംസ്തുത്യം.ബാറെക്മോർ.†ശുബഹോ:മെന്ഓലം

2. ഉടയോനെ ക്രൂശിൽ തൂക്കി, ബറബായെ കൈക്കൊ-
ണ്ടോളാമേരുശലേമിന്നാധാ-രം നീങ്ങി
കല്ലിന്മേൽ ക-ല്ലില്ലാതായിടുമെ-
ന്നേവം ചൊന്നാൻ ദാവീദാം മന്നൻ
ത്രിത്വത്തെ ദ്വേഷിച്ചപ്പോൾ പ്രാപി-ക്കും നാശം
സ്തോത്രം സഭയെകൈക്കൊണ്ടോനെന്നേവംവാനോർ
ഹാലേലൂയ്യാ, നമ്മൊടുചേർന്നാർക്കും. മൊറിയോ--

വീണ്ടും കോലോ

ഈ രാത്രിയിൽ രാജപുത്രൻ മരണത്തെ അതിൻെറ സ്വന്ത സ്ഥലത്തുവച്ച് കൊന്നു. അവിടെ പ്രവേശിച്ച് കബറടക്ക പ്പെട്ടവരെ സന്ദർശിച്ച് അവരുടെ അടുക്കൽ കഴിഞ്ഞുകൂടി. തിരുവിഷ്ടത്താൽ കബറിന്നുള്ളിൽ താൻ പ്രവേശിച്ചു. നമുക്കുവേണ്ടി മരണം ആസ്വദിക്കുകയും തൻെറ വാസന മൃതരുടെമേൽ വീശുകയും അവർ ജീവൻ പ്രാപിച്ച് സ്തുതി പാടുകയും ചെയ്തു

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

ബലവാനായിരുന്നദാവീദ് കവിണയുംകല്ലും വടിയുംകൊണ്ട് മല്ലനായ ഗോല്യത്തിനെ കൊല്ലുകയും യിസ്രായേൽക്കാരെ രക്ഷിക്കുകയും ചെയ്തു. നമ്മുടെ കർത്താവ് കബറിലേക്ക് ഇറങ്ങിച്ചെന്ന് മരണത്തെയും സാത്താനെയും കൊല്ലുകയും ആദാമിനെയും മക്കളെയും ജീവിപ്പിക്കുകയുംചെയ്തു. കണ്ടാലും അവർ തനിക്കു സ്തുതി പാടുന്നു.

In this the Son of the King killed death in its place. He entered there and visited those who are in the tombs and voluntarily dwelt with them in the tomb. He tasted death for us. His fragrance exhaled over the dead and they were revived and sang praise.

Barekmore. Glory be to the Father….. Unto the ages of…..

David who was a little boy, killed Goliath with a sling, stone and a stick, and saved Israel. Our Lord descended into the tomb and killed death and

Satan, and He gave lige to Adam and his children. Behold they sing praises.

ബോത്തേദ്ഹാശോ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

വംശത്തലയാമാദാ-മി-ൻെറ
പൂഴിപ്പൊടിയിൽ ശയനം ചെയ്താൻ
ഈ രാത്രിയിലേ-ദൻ തൻ നാ-ഥൻ
സ്വയമേ താണാൻ യാത-നയേ-റ്റാൻ
മനസ്സാ മരണം താൻ കൈയേറ്റാൻ.

ജഗതീവീരൻ പഥികൻ പോലീ
രാവിൽ പാർത്താൻ പാതാളത്തിൽ
പണ്ടേ പാഴ്മ-ണ്ണിൽ പെ-ട്ടോനാം
ആദാമിൻ സന്തതികൾ-ക്കേ-കി
പുനരുത്ഥാന-ത്തിൻ പ്രത്യാശ.

ഭഗ്നാശന്മാർ പാതാ-ള-ത്തിൽ
ഈ രാ-വിൽ ക-ണ്ടാൻ വൻ ദീപ്തി
ദൈ-വത്തിൻെറ ആ-ദ്യൻ സൂനു
അവരോഹം ചെയ്തുദ്ഘോഷി-ച്ചാൻ
മൃ-തരാ-യോർ തൻ പുനരുത്ഥാനം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܢܳܚܶܡ ܠܗܽܘ ܒܥܳܠܡܳܐ ܕܢܽܘܗܪܳܐ

ܒܢܰܝ̈ܐ ܥܰܡܶܗ ܡܶܢ ܐܳܬ ܒܳܥܽܘܬܳܐ ⁜ ܡܳܪܝ ܝܰܥܩܽܘܒ ⁜

മോർ യാക്കോബിൻെറ ബോവൂസോ

മൃതരായോരാത്മജ നാദത്താലെഴുന്നേറ്റീടും
ഉത്ഥാനത്തിൽ നൽകീടുമവൻ തേജോവസ്ത്രം. ദേവാ ---

കള്ളന്നുള്ളിൽ കൂരിരുൾ തന്നിൽ തേജസ്സുണ്ടായ്
സ്തോത്രത്തോടെ വിജയകിരീടം നിർമ്മിച്ചേകി
അന്യായത്തിൻ കാറുയരുമ്പോഴേവം ചൊന്നാൻ
മശിഹാനാഥാ ഓർക്കണമെന്നെ നിൻ രാജ്യത്തിൽ. ദേവാ--

തന്നാക്ഷേപം കണ്ടോരു ഞാൻ നിൻ സ്തുതിയുംകാണാൻ
ഭാഗ്യം നാഥാ നൽകീടണമെന്നുദ്ഘോഷിച്ചാൻ
ജ്വാലാരോധം നീങ്ങിയ നേരം ക്രോബേദൂതൻ
നേരെ വന്നിട്ടത്ഭുതപൂർവ്വം ചോദിച്ചേവം. ദേവാ ---

നിൻ നാടേതാണാരാണ് നീ മനുജാ ചൊൽക
എവ്വണ്ണം നീയീ തീവഴിയിൽ വന്നേർപ്പെട്ടു ?
ദൈവത്തിൻ തൃക്കൈയ്യാൽ നിർമ്മിതനാദാമോ നീ
നീ ദൈവാത്മജ സൂചനയാകും ശേത്താണോ ചൊൽ
പെട്ടകമുണ്ടാക്കി പ്രളയത്തിൽ വിജയം നേടി
കർത്താവിൻസംപ്രീതി ലഭിച്ചോൻ നോഹാണോ നീ. ദേവാ ---

ലോകം വിട്ടോർക്കുത്ഥാനത്തിൽ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാസ്തോത്രം. ദേവാ---

സൂഗീസോ

ക്രോബേമാലാഖയും കള്ളൻ തീത്തോസും തമ്മിലുള്ള സംസാരം

ഭൂജാതികളെ വന്നെത്തി എന്ന പോലെ

1. മൃതിഗതരെ സന്ദർശിച്ചു
തൻ പുനരുത്ഥാനം മൂലം
പുനരുത്ഥാനം വാഗ്ദാനം
ചെയ്തോനാം മശിഹാധന്യൻ.

2. നിൻ വരവിൽ നിൻ രാജ്യത്തിൽ
ഓർക്കണമെന്നെയുമെന്നേവം
കർത്താവൊടു ചോരൻ ചൊൽകേ
വിസ്മിതനായ് ഞാൻ കുരിശിങ്കൽ

3. ശാശ്വതമാം നിൻ രാജ്യത്തിൽ
നീ മഹിമാവോടെത്തുമ്പോൾ
കാണേണം നിൻ കൃപ ഞാനെ-
ന്നാർത്തു പറഞ്ഞാൻ കുരിശിങ്കൽ.

4. സ്ലീബായടയാളത്താക്കോൽ
കൈവശമാക്കിച്ചെന്നെന്നാൽ
നിഷ്ക്കാസിതനാമാദാമും
കയറും നൂനം തോട്ടത്തിൽ.

5. നിന്നെ അയച്ചോനാര് നീയി-
ങ്ങെങ്ങനെ എന്തന്നെത്തി ചൊൽ
എന്നെ വിളിപ്പാനെന്തുണ്ടായ്
പറയുക വിശദം നീയാര് ?

6. നീയൊരു മോഷ്ടാവാണല്ലോ
മോഷണമിവിടെ പാടില്ല
കാവൽ നിൽക്കും വാൾ രൂക്ഷം
വഴിതെറ്റിപ്പോയോ പോവൂ.

7. ഭീകരമാണീ സ്ഥലമേറ്റം
കോട്ടകളെരിതീ ചുറ്റും വാൾ
ആർക്കുമമർത്താൻ പറ്റാത്തോ-
രിവിടെങ്ങിനെ നീ വന്നെത്തി ?

8. തോട്ടം വിട്ടു പണ്ടാദാം
പിന്നിവിടാരും വന്നില്ല
നിഷ്ക്കാസിതമായ് നിൻ വർഗ്ഗം
തർക്കം വേണ്ടാ പൊയ്ക്കൊൾക.

9. ഇവിടെ കയറാൻ മലിനന്മാർ-
ക്കൊക്കുകയില്ലെന്നോർക്കേണം
കൊലപാതകി നീ നിണദാഹി
നിന്നെ ആരിങ്ങെത്തിച്ചു ?

10. തർക്കിക്കേണ്ട പോയ്ക്കൊൾക
ആജ്ഞാനുസൃതം നിൽക്കുന്നേൻ
ജീവദ്രുമമീ വാളാൽ ഞാൻ
നിങ്ങളിൽ നിന്നും രക്ഷിക്കും.

11. എഴുതി വീട്ടാൻ കഴിയാത്ത
ചീട്ടാദാമും ഹവ്വായും

മന്നിതിൽ മുള്ളുണ്ടാമെന്ന്
മന്നൻ മുന്നം വിധി നൽകി.

12. ഭ്രഷ്ടു ഭവിച്ചോരാദാമി-
ന്നിവിടെ വരാനില്ലവകാശം
വന്നാൽ ചുറ്റിത്തിരിയും വാൾ
അവനെ എതിർക്കും നിസ്തർക്കം.

13. ഏദനിലേറ്റും പാദങ്ങൾ
നൂതനദൃശ്യം ഞാൻ കണ്ടു
നിഷ്ക്കാസിതനായ് പോയോനാം
ആദാമിൻ പാദങ്ങൾ താൻ.

14. സൃഷ്ടിയതാം നിൻ വർഗ്ഗത്തോ-
ടുടയോൻ കോപം പൂണ്ടല്ലോ
ഇവിടം വിടണം പ്രിയനേ നീ
ഈ തോട്ടത്തിന്നന്യൻ നീ.

15. ഇതു പരിശുദ്ധസ്ഥലമല്ലോ
നീയിവിടേറാൻ പാടില്ല
ദൈവനിവാസത്തിൻ മുമ്പിൽ
കാവൽ നിൽപ്പൂണ്ടെരിതീ വാൾ.

16. ആദാമ്യന്മാർ പൂകായ്‌വാൻ
ഏദൻതോപ്പിൻ വഴി കാപ്പാൻ
തീവാൾ ചുറ്റുന്നുണ്ടെന്നെൻ
പ്രിയനേ വായിച്ചിട്ടില്ലേ ?

17. ഏദൻതോപ്പിൻ വഴി കാപ്പാൻ
തിരിയും തീവാൾ കണ്ടപ്പോൾ
ഭ്രംശിതനാദാം ഭയമാർന്നാൻ
പക്ഷേ നീയോ ഭയഹീനൻ.

18. സംഖ്യാതീതം നിൽക്കുന്നു-
ണ്ടഗ്നിമയന്മാരിവിടെങ്ങും
ഭീതി വളർത്തും വ്യൂഹങ്ങൾ
പിന്നിടുവാൻ നീ അപ്രാപ്തൻ.

19. മർത്ത്യരെ നിഹനിക്കുന്നോനേ
നിന്നെയിങ്ങോട്ടാർ വിട്ടു ?
ചൂഴും തിരിയും വാൾ നിന്മേൽ
വീഴും മുന്നോട്ടാരാഞ്ഞാൽ.

20. എന്നെ നയിക്കും പുത്രൻ തൻ
കുരിശിനെ ഞാൻ കൈവെടികില്ല
സത്യമാമുഗ്ര സ്ലീബായാൽ
ഏദനിലേറാം തടവെന്യേ.


21. നിഹതൻ തോട്ടത്തിൽ കാവൽ
മൃദുവാക്കാൻ സാക്ഷ്യം നൽകി
ഭീതികരം നിന്നടയാളം
കയറുക പെട്ടെന്നവകാശി.

22. മൃതരാമാദാമ്യന്മാരേ
വൻ കാരുണ്യം കൈവന്നു

ഉൾപ്പൂകുക മോഷ്ടാവേ കേൾ
സ്വീകൃതരാകും കേറുന്നോൻ.

23. കൈയിൽ ഞാനേന്തിയ തീവാൾ
സ്ക്കീപ്പാമൂലം നിർമ്മൂലം
പ്രത്യാഗതരേ ഭയമെന്യേ
തോപ്പിൽ പൂകിൻ സാമോദം.

24. ആദാമിനെയും സുതരേയും
തിരികെ വരുത്തിയ സർവ്വേശാ
കൃപ കെഞ്ചിയ ചോരൻ പേർക്കായ്
വാതിൽ തുറന്നോനേ സ്തോത്രം.





അറിയിപ്പിൻെറ ശനിയാഴ്ച രാത്രി രണ്ടാം കൗമാ

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറിന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Ento-mb'd Thou effaced perdi-tion of tomb, Christ e-fface death, raise our dead -from the tomb. (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܕܝܫܐ ܣܓܕܬܐ
ܘܥܘܕܪܢܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܗܘܘܢ

ܠܐܒ̈ܐ ܘܐܚ̈ܝܢ ܘܠܟܠܗܘܢ ✱ ܘܢܦܫ̈ܬܐ ܕܥܢܝ̈ܐ ܡܢ ܟܠܗ
ܘܡܫܒܚܐ ✱ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✱ ܒܪܟܡܪܝ ✱

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝ̈ܢ ܘܚܛܗ̈ܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒ̈ܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ✱ ܐܡܝܢ ✱

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ

മൃതി കൈക്കൊണ്ടോനേ വീണ്ടുമുയിർത്തോനേ
മരണം മായ്ച്ചോനേ നീ സംസ്തുത്യൻ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ*

ܦܪܘܡܝܘܢ

ܢܘܗܪܐ ܕܢܚ ܒܨܒܝܢܗ ܥܠ ܡܝܬܐ ܕܒܥܘܡܩܐ ܕܐܪܥܐ ✱ ܕܠܐ ܡܬܩܪܒܢܐ

ܘܠܐ ܡܬܚܡܢܐ ✱ ܕܒܐܠܗܘܬܐ ܠܐ ܡܬܚܡܐ ܠܪܘܡܐ ܘܠܥܘܡܩܐ

ܘܡܣܬܝܟܐ ܒܩܒܪܐ ܙܥܘܪܐ ܘܒܥܘܒܐ ܕܐܒܘܗܝ ܠܚܘܕ

ܘܒܥܘܒܐ ܕܒܬܘܠܬܐ ܐܝܬܘܗܝ ✱

ഭൂമിയുടെ അടിത്തട്ടിൽ മരിച്ചുകിടന്നവരുടെ അടുക്കൽ ഇഷ്ടം തോന്നി ഉദിച്ചവനായി അടുത്തുകൂടാത്തതും അറുതിയില്ലാത്തതും ആയ പ്രകാശത്തിൽ വസിക്കുന്നവനും, ദൈവീകപ്രകാരം അതിർത്തികൾക്കും ഭൂഗങ്ങൾക്കും തന്നെ ഒരുക്കുവാൻ പാടില്ലാത്തവനും തിരുവുള്ളം തോന്നിയതിനാൽ മനുഷ്യപ്രകാരം ചെറിയ ശവക്കല്ലറ തന്നെ ഉൾകൊണ്ടവനും വാസ്തവത്തിൽ തനിക്ക് വസിക്കുന്നതിന് പിതാവിൻെറ മാർവ്വിടം മാത്രമേ മതിയാകയുള്ളു എങ്കിലും തിരുവിഷ്ടം തോന്നി കന്യകയുടെ ഗർഭത്തിൽ വിസ്മയകരമാംവണ്ണം ഒതുങ്ങിയിരുന്നവനും ഇന്ന് പാതാളത്തിൻെറ ഉള്ളിൽ മരിച്ചവനെപ്പോലെ വസിച്ചവനും സൂന്യമായ അസ്തികളിൽ അനുഗ്രഹങ്ങളും കരുണയുമാകുന്ന പനിമഞ്ഞ്

മനുഷ്യസ്നേഹംമൂലം തളിച്ചവനും സംസ്ക്കരിക്കപ്പെട്ട വരുടെ കുഴിയിൽ മരിച്ചവരുടെ പുനരുത്ഥാനം ശരിയായി പ്രസംഗിച്ചവനും ആയ കർത്താവിനു സ്തുതി. തനിക്ക് രാത്രിനമസ്ക്കാരത്തിൻെറ രണ്ടാം കൗമാ നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܩܘܼܠܐ

പാപമൊഴികെ വാസ്തവത്തിൽ പൂർണ്ണമനുഷ്യനായിത്തീർന്ന അദൃശ്യനായ പിതാവിൻെറ പുത്രനാകുന്ന വചനമായ ദൈവമേ, ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. പ്രകൃത്യാ ജീവനുള്ളവനും ജീവിപ്പിക്കുന്നവനും ആയിരിക്കെ പാപ മരണത്തിൽ നിന്ന് സ്നേഹംമൂലം ഞങ്ങളെ രക്ഷിപ്പാനായിട്ട് ഞങ്ങൾക്കുവേണ്ടി കുരിശുമരണം സഹിച്ചതിനാൽ ഞങ്ങളിലുള്ള നിൻെറ വാത്സല്യത്തെ ഞങ്ങൾ എപ്പോഴും സ്തോത്രം ചെയ്യുന്നു. രക്ഷിതാവിന് അനുരൂപമായവിധം പാതാളമാകുന്ന കാരാഗൃഹത്തിൽനിന്ന് ഞങ്ങളെ പുറത്തുവിടുവാൻ സേഛയാ ശവക്കല്ലറയിൽ കിടന്ന നിൻെറ കരുണയെ ഞങ്ങൾ വന്ദിക്കുന്നു. മരണത്താൽ നശിച്ച ഞങ്ങളെ ദൈവികപ്രകാരം തൃക്കൺ പാർത്ത് ജീവിപ്പിപ്പാൻ മരിച്ചവരുടെ ഇടയിൽ നിസ്സാരനായി ഇറങ്ങിയ നിൻെറ സ്നേഹത്തെ ഞങ്ങൾ സ്തുതിക്കുന്നു. അഗാധമായ കുഴിയിൽ മുഴുകിയ ആദാമിനെയും

അവൻെറ മക്കളെയും സദയം ഉദ്ധരിപ്പാൻ പാതാള ക്കുഴയിൽ കിടിന്നിരുന്ന അവൻെറഅടുക്കലേക്ക് ഇറങ്ങിയ നിൻെറ കരുണയെ ഞങ്ങൾ പുകഴ്ത്തുന്നു. അടിമപ്പെടുത്തി യവൻെറ കൈകളിൽനിന്ന് ഞങ്ങളെ വീണ്ടെടുപ്പാൻ തിരുമനസ്സായ നിൻെറ ശ്രേഷ്ഠകൃപയെ ഞങ്ങൾ പുകഴ്ത്തുന്നു. ഒരു ഒറ്റുകാരനെപ്പോലെ മരണത്തിൻെറ പട്ടണത്തിൽ നീ പ്രവേശിച്ച് അവൻെറ പല്ലുകളുടെ ഇടയിൽനിന്ന് ഞങ്ങളുടെ വർഗ്ഗത്തെ വീണ്ടെടുത്ത് അവനെ കൊന്നൊടുക്കുകയും അവൻെറ പട്ടണത്തെ നാമാവശേഷ മാക്കിത്തീർക്കുകയും ചെയ്തതിനാൽ ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. സർവ്വനാഥനും ദൈവവുമാകുന്ന നീ സ്വമനസ്സാൽ മത്സരക്കാരനായ ദാസന്മാരിൽനിന്ന് കഷ്ടത കളും മരണവും ഏറ്റു. ജീവകരമായ നിൻെറ മരണത്താൽ അപമാനകരമായ പീഡകളിൽനിന്നും പാപമരണത്തിൽ നിന്നും മനുഷ്യസ്നേഹംമൂലം നീ ഞങ്ങളെ വീണ്ടെടുത്തു. പുറംക്കുപ്പായംപോലെ ദൈവികതേജസ്സ് ധരിച്ചിരുന്ന നീ യൗസേപ്പിനാൽ സുഗന്ധദ്രവ്യം ഇട്ട് വെള്ളവസ്ത്രങ്ങൾ കൊണ്ട് പൊതിഞ്ഞ് സംസ്ക്കരിക്കപ്പെടുവാൻ കൃപമൂലം തിരുമനസ്സായി. വിസ്മയനീയരായ മാലാഖമാർ ദൈവത്തിന് അനരൂപമായിരിക്കുന്നപ്രകാരം ഭയഭക്തിയോട് ആഘോഷി ക്കുന്ന നിൻെറ ശരീരത്തെ നിനക്ക് ഇഷ്ടമായതിനാൽ പാറവെട്ടിയുണ്ടാക്കിയ ശവക്കല്ലറയിൽ അവർ അടക്കി. എല്ലാ സൃഷ്ടിയേയും ഉള്ളംകൈയ്യിൽ വച്ചിരിക്കുന്നവനും എല്ലാറ്റിനെയും സൂക്ഷ്മതയോടെ വഹിച്ചിരിക്കുന്നവനും

ആയ നീ മനസ്സോടെ മുദ്രകൾക്കും കാവൽക്കാർക്കും കീഴിൽ കുരിശിൽ തറയ്ക്കുന്നവരാൽ ഭയങ്കരമാംവണ്ണം ഇട്ടടയ്ക്കപ്പെട്ടു. ബലവാന്മാരെ പരിഭ്രമിപ്പിച്ച് തുള്ളിക്കുന്ന ശക്തിമാനായ നീ അടിക്കപ്പെട്ടവനും വധിക്കപ്പെട്ടവനു മെന്നപോലെ മരണം സാത്താൻ എന്നിവരുമായി പോരാടി അവരെ പരാക്രമത്തോടെ ജയിച്ചു. ബലഹീനന്മാർക്കും ഹീനന്മാർക്കും ഒരു സഹായിയെപ്പോലെ ശക്തിയും ജയവും നീ സമ്പാദിച്ചുകൊടുത്തു. തള്ളപ്പെട്ടവനായ ആദാമിൻെറ അടുക്കലേക്ക് കരുണയോടെ നീ എഴുന്നെ ള്ളുകയും അവന് ധൈര്യവും ആശ്വാസവും നൽകുകയും വാത്സല്യത്തോടെ നല്ലആശയാൽ അവനെ നിറയ്ക്കുകയും ചെയ്തു. ആദിമുതലുള്ള നീതിമാന്മാരേയും പുണ്യവാ ന്മാരേയും കൂട്ടത്തോടെ പാതാളത്തിൽ സന്തോഷിപ്പിക്കു കയും സർവ്വലോകത്തിനുംവേണ്ടിയുള്ള നിൻെറ കഷ്ടാനു ഭവങ്ങളെ അവരെ വ്യക്തമായി അറിയിക്കുകയും ചെയ്തു. മോശയേയും അവൻെറ സഖിമാരായ ദീർഘ ദർശിമാരേയും നീ പൂർണ്ണമായി ആനന്ദിപ്പിക്കുകയും അവൻ നിന്നെക്കുറിച്ച് അറിയിച്ചിട്ടുള്ളവനെ പൂർണ്ണമായി നിറവേറ്റുകയും ചെയ്തു. നിൻെറ ആണികൾ, കാടി, കയ്പുനീര്, വസ്ത്രങ്ങൾഎന്നിവയേയും മറ്റും കുറിച്ച് വിസ്മയകരമാംവണ്ണം നീ ദാവീദിനെ അറിയിച്ചു. തുപ്പൽ അടികൾ ചെകിട്ടത്ത്ഏറ്റ അടികൾ എന്നിവയെക്കുറിച്ച് വിസ്മയം തോന്നത്തക്കവണ്ണം ഏശായായോട് നീ അറിയിച്ചു. തൃക്കൈ നീട്ടലും പിത്തളസർപ്പം പോലെ

മരത്തിന്മേൽ തൂക്കപ്പെടുന്നതും മോശയ്ക്കു തെളിവായി കാണിച്ചുകൊടുത്തു. കുന്തത്താൽ കുത്തേൽക്കുമെന്നുള്ളതും മറ്റുള്ളതും മറ്റെല്ലാശിക്ഷകളും സ്ക്കറിയായെ വ്യക്തമായി നീ കാണിച്ചു. മരിച്ചുപോയവർക്കെല്ലാം മരണമില്ലായ്മയെ നൽകുമെന്ന് മരിച്ചവരുടെ ജീവനെക്കുറിച്ച് നീ പ്രസംഗിച്ചു. എന്നാൽ കർത്താവേ നിൻെറ കഷ്ടാനുഭവങ്ങളിലും കുരിശിലും താഴ്മയിലും സംശയിക്കാതെ ഏറ്റു പറഞ്ഞിട്ടു ള്ളവരായ ഞങ്ങൾ ഉയരത്തിലും ആഴത്തിലും ഭൂമിയിലും നിൻെറ പിതാവിൻെറ മടിയിലും ശവക്കല്ലറയിലും സ്വർഗ്ഗീ യരായ ഈറേന്മാരുടെ അടുക്കലും നീ ഏകനാണെന്ന് ഞങ്ങൾഅറിയുന്നു. ഇന്ന് സങ്കടത്തോടെ നിൻെറ കരുണ യോട് ഞങ്ങൾഅപേക്ഷിക്കുന്നതെന്തെന്നാൽ, പിതാവിൻെറ മുമ്പിൽ ഞങ്ങളെ തള്ളിപ്പറയരുതെ. നിൻെറ മനുഷ്യത്വത്തെ അന്ധതയാൽ നിരസിക്കാത്തവരായ ഞങ്ങളെ നിൻെറ ഏകത്വത്തെ നിരസിച്ചവരുടെ കൂട്ടത്തിൽ അശേഷം ഗണിക്കരുതെ. എന്നാലോ നിൻെറ കഷ്ടാനുഭവത്തിൽ കഷ്ടതയനുഭവിച്ചതിനാൽ മഹിമയേറിയ നിൻെറ പുനരു ത്ഥാനത്തിൽവിവിധമായിസന്തോഷിപ്പാനും നിൻെറ രക്ഷയിൽ ഞങ്ങൾ ശരണപ്പെട്ടിരിക്കുന്നതിനാൽ നിൻെറ അനുഗ്രഹ ങ്ങളും കരുണയും ധാരാളം ലഭിപ്പാനും ഞങ്ങളെയും ഞങ്ങളുടെ വാങ്ങിപ്പോയവരേയും കൂട്ടത്തോടെ അർഹരാ ക്കണമെ. ഞങ്ങൾ നിന്നേയും നിൻെറ പിതാവിനേയും പരിശുദ്ധറൂഹായേയും ഏറ്റുപറഞ്ഞിരിക്കുന്നപ്രകാരം തൻെറ മുമ്പാകെയും തൻെറ മാലാഖമാരുടെ മുമ്പാകെയും

നന്നായി സ്വീകരിച്ച് പറയണമെ. വലത്തുഭാഗത്തെ കള്ളനോടുകൂടെ ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും ആനന്ദത്തോടെസ്തുതിയും ഇടവിടാതെയുള്ളസ്തോത്രവും എപ്പോഴും പുകഴ്ചയും ഒരുമിച്ചുകരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ജീവനുള്ളവൻ മരിച്ചവരുടെ ഇടയിലേക്കു പ്രവേശിച്ചപ്പോൾ അവർ ഉണർന്നു. സ്തുതി മുടങ്ങിയിരുന്ന സ്ഥലത്ത് മരിച്ച വരുടെ പുനരുത്ഥാനകന് അവർ സ്തുതിപാടി. അവരുടെ അടുക്കലേക്ക് താൻ പ്രവേശിച്ചു. അവർ കുറ്റം ചെയ്തതി നാൽ മരണക്കാസാ പാനം ചെയ്തിരിക്കുന്നു. താൻ കുറ്റം ചെയ്യാതെ അതിനെ ആസ്വദിച്ചു. തലമുറയായി പെരുകിയി രുന്ന കടം താൻമൂലം വീടി. ബാറെക്മോർ † ശുബഹോ: മെന്ഓലം-

രക്ഷിതാവേ മരണമാർഗ്ഗത്തിൽ കഷ്ടതകൾ നിന്നെനേരിട്ടു. നിൻെറ ആടിനെ തേടിപ്പുറപ്പെടുന്നതിൽനിന്ന് നിന്നെ പിന്തി രിപ്പിക്കുന്നതിന് (കഷ്ടതകൾക്ക്) കഴിഞ്ഞില്ല. പാതാളത്തിൽ നീ അതിനെ അന്വേഷിച്ചു കണ്ടെത്തി. നീ അതിനെ കൈവിട്ടില്ല. കുളിക്കുന്നവനെപ്പോലെ പാതാളത്തിലേക്ക് നീ താണു. നിൻെറ വിശിഷ്ട സ്വരൂപമായുള്ളവനെ നീ അന്വേ ഷിച്ചു. അവനെ കണ്ടപ്പോൾ കാരുണ്യവാനായ നിനക്ക്

ആശ്വാസമായി. അവകാശമായ തോട്ടത്തിലേക്ക് അവൻ മടങ്ങുകയുംചെയ്തു.

When the living One entered the house of the dead all of them woke up and san praise worthily in the place that was deprived of praise, for the One who raises the departed, for He was pleased to visit them. He drank the cup for they had committed offence. He tasted it without being guilty. He Himself repaid the debt to the generation that become increased.

Barekmore. † Glory to ---- Unto the ages----

On the way of death, You encountered sufferings, O our Saviour. They could not turn You back. You went after Your sheep and You did not stop Your journey. In the abyss of the dead. You sought it and found it and You did not leave it. Like a diver, You descended into Sheol and sought for Your image endowed with speech. Your mercies were pleased to see him and brought him back to the Garden, his inheritance.

വീണ്ടും കോലോ

രക്ഷകനെക്കുറിച്ച് ഈശായിയുടെ പുത്രനായ ദാവീദ് പ്രസംഗിച്ചവചനം ഇന്ന് നിവൃത്തിയായി. കണ്ടാലും സ്വതന്ത്രൻ മരിച്ചവരുടെ ഇടയിലായിരിക്കുന്നു. മരിച്ചവരെ

ജീവിപ്പിക്കുന്നവൻ കബറിനുള്ളിൽവസിച്ചു. അസൂയമൂലം ദൈവപുത്രനെ ക്രൂശിച്ച സെഹിയോനേ, നീ സന്തോഷി ക്കേണ്ട. എന്തെന്നാൽ അവൻഉയിർത്തെഴുന്നേറ്റ് നിന്നേയും നിന്റെ മക്കളെയും ജാതികളുടെഇടയിൽ ചിതറിക്കുകയും മുഖത്ത് തിരുരക്തം തളിച്ച് വിശുദ്ധസഭയെ താൻ പണിയു കയും ചെയ്യും. ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ---

ഈ രാത്രിയിൽ കർത്താവ് പുനരുത്ഥാനംമൂലമുണ്ടായ വലിയ പ്രത്യാശ മരിച്ചവർക്ക് നൽകി. കബറിലേക്ക് താൻ പ്രവേശിച്ച് പാതാളത്തെകൊള്ളയിട്ടു. അതിന്റെകോട്ടകളെ പൊളിച്ചു. കോണുകളെ നശിപ്പിച്ചു. തലമുറകളായി ദുഷ്ട നാൽ അടിമപ്പെട്ടിരുന്ന അടിമയെ താൻ കീഴടക്കി ജീവനി ലേക്ക് അതിനെ തിരിപ്പിച്ചു. വിശ്വസമുള്ള സഭയെ സന്തോ ഷിപ്പിച്ചു. കണ്ടാലും അതിന്റെ മക്കൾ നാനാഭാഗങ്ങളിലും നിനക്ക് നിർമ്മലസ്തുതികൾ പാടുന്നു.

Today was fulfilled the word of David, Son of Jesse, who preached on our Saviour: Behold the Free one is among the dead; the one who revives the dead dwelt in the tomb. Do not rejoice, the daughter of Zion, who crucified the Son by jealousy. For He will rise again and will scatter you and your children among the gentiles and will build the Holy Church for Him, shedding His blood for her sake. Barekmore. † Glory to ---- Unto the ages ----

In this night, our Lord sprinkled the great hope of resurrection among the dead. He entered the tomb and plundered Sheol. He pulled down its walls and demolished it corners. He led away the captive who was enslaved by the evil for generations and brought him back to life and gladdened the believing Church. Behold its children sing pure praise to You in the four quarters.

ബോത്തേദ്ഹാശോ ഹബ്‌ലാൻ മോറാൻ എന്ന പോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

പുത്രീ-സുതനീ-രാവിൽ കബറിൽ
ചെന്നതിലാ-ദാ-മാനന്ദിക്കും
ബലവ-നെ ബന്ധിച്ചീ-ടാനും
പറുദീസാ ദാസന്നേ-കാ-നും
വഴിപോ-ക്കൻ പോ-ലവനങ്ങെത്തി.

മൃതരായോ-രെ രക്ഷിച്ചീ-ടാൻ
ചെന്നോനാം ജീ-വേശാത്മജനായ്
ജീവ-പ്രദനാം നാഥൻ പേ-ർക്കായ്
ഹതനാം ഹാബേലേ ധാ-ർമ്മിനേ
ഈ രാവിൽ നീ സ്തോത്രം ചെയ്ക.

മനസ്സാ മൃതിയാ-ർന്നുയിർ താ-ത-ങ്കൽ
അർപ്പിച്ചോൻ ജീ-വേശൻ സ്തുത്യൻ

പ്രതിരൂ-പത്തി-ന്നായ് പാതാളേ
നിദ്രിതനായങ്ങവനെ വീ-ണ്ടി-
ട്ടുയിർ വാ-ഗ്ദാനം ചെയ്താനൻപാൽ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܰܝܳܢܳܐ ܕܟܽܠܗ ܥܳܠܡܳܐ ܕܺܝܢܳܟ݂
ܥܰܒ݂ܕܰܝܟ ܡܳܪܝ ܡܰܢ ܠܐ ܚܛܳܐ ܠܳܟ݂ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

മൃതരായോരാത്മജ നാദത്താലെഴുന്നേറ്റീടും
ഉത്ഥാനത്തിൽ നൽകീടുമവൻ തേജോവസ്ത്രം. ദേവാ ---
മൃതരേ സവിധേ ജീവാധീശൻ ശയനം ചെയ്വൂ
നാശസ്ഥാനത്തുണരിൻ ഘോഷിച്ചീടിൻ സ്തോത്രം
മൃതനായ്ത്തീരാൻഹിതമാർന്നോനെ സ്തോത്രം ചെയ്വിൻ
നൽതേജസ്സാ മരണത്തീന്നും നിങ്ങൾക്കുണ്ടായ്. ദേവാ--

മണ്ണാലാദത്തെ സൃഷ്ടിച്ചോൻ താതൻ സ്തുത്യൻ
താഴ്ന്നവനെ സന്ദർശിച്ചോൻ പുത്രൻ വന്ദ്യൻ
സന്ദർശിച്ചോനാം ജീവദനെ കീർത്തിച്ചീടാൻ
നീതിപ്രിയരെ അറിയിച്ചോനാം റൂഹാ സ്തുത്യൻ. ദേവാ ---

ലോകം വിട്ടോർക്കുത്ഥാനത്തിൽ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാസ്തോത്രം. ദേവാ---

മദറോശോ കുംപൗലോസ്

മൃതി കൈക്കൊണ്ടോനേ വീണ്ടുമുയിർത്തോനേ
മരണം ജയിച്ചോനേ നീ സംസ്തുത്യൻ.

അർത്ഥനയാലേകി മറിയാം പുത്രൻെറ
ഗാത്രം പീലാത്തോസ് യൗസേപ്പിന്നായ്
വിക്രമനാം പ്രാണ-പ്രദനെ യൗസേപ്പ്
കുരിശിന്മേൽ നിന്നും താഴെയിറക്കി
    വസനങ്ങൾ ചുറ്റി മൂറോടൽവായും
    പരിമളമായ് പൂശി പുതിയൊരു കല്ലറയിൽ വച്ചു
നിബിയാം ദാവീദിൻ വചനംപോൽ നാഥൻ
കബറിലമർന്നോരെ സന്ദർശിച്ചു.

ശ്രേഷ്ഠൻ യൗസേപ്പേ നീയേറ്റം ധന്യൻ
ഉന്നത സൗഭാഗ്യം നീയാർജ്ജിച്ചു
യൂദജനം ക്രൂശിൽ ഹന്ത ഹനിച്ചോൻെറ
കിരണസമൂഹത്താൽ ശോഭിതനായ് നീ
    കുരിശിന്മേൽ മർദ്ദി-ച്ചെങ്കിലുമാ ഹീനർ
    രുചി നോക്കീടാത്ത വീഞ്ഞു കുടിച്ചോൻ നീ ധന്യൻ
ആ വീഞ്ഞിൻ സ്വാദാൽ കണ്ടാലും നിൻെറ
ആത്മാവത്യന്തം മദമാർന്നല്ലോ.

ആദ്യജനെ വച്ചു കല്ലറ തന്നുള്ളിൽ
നടപടി തെറ്റാണെ-ന്നോർത്തെന്നാലും
കർത്തൃമഹത്വത്തെ ഉദ്ഘോഷിച്ചീടാൻ
ആ നീചാത്മാക്കൾ ഹിതമാർന്നില്ല
    നാഥനെ വന്ദിച്ചാർ ക്രൂശിൽ കുമ്പിട്ടാർ

നിർത്തി ഭടന്മാരെ മുദ്രിതമാം കബർ കാത്തീടാൻ
മൃതിയില്ലാത്തോനെ-ന്നറിവുണ്ടെന്നാലും
അവരുടെ ബോധത്തെ വഞ്ചന മൂടി.

അറിയിപ്പിൻെറ ശനിയാഴ്ച രാത്രി മൂന്നാം കൗമാ

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise
To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢ * ܘܠܪܘܚܐ ܩܕܝܫܐ ܬܫܒܘܚܬܐ
ܘܬܘܕܝܬܐ * ܘܐܝܩܪܐ ܘܣܓܕܬܐ ܘܫܘܒܚܐ * ܠܥܠܡܝܢ
ܐܡܝܢ ܘܐܡܝܢ * ܘܒܪܝܟ ܫܡܗ ܕܡܪܝܐ ܠܥܠܡ
ܘܡܫܒܚܐ * ܩܕܝܫܐ ܠܟ ܡܪܝ ܩܕܝܫܐ ܠܟ ܡܪܝ
ܩܕܝܫܐ ܠܟ ܡܪܝ ܠܥܠܡ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ ܦܨܐ ܠܢ ܡܢ ܒܝܫܐ . ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

എക്ബോ ആമ്മോ ഉ ആമ്മേ എന്ന രീതി

ഈശസുതൻ പോയ് പാതാളേ
മോചനമറിയിച്ചൊരുനേരം
ബന്ധിതരാത്മാക്കൾ നിന്ന്
ആമോദത്താൽ സ്തുതി പാടി.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ. *സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ*

ܦܪܘܡܝܘܢ

[illegible] ❉ [illegible]
[illegible] ❉ [illegible]
[illegible]
[illegible] ❉

പ്രകൃത്യാ താൻമാത്രം മരണവും നാശവുമില്ലാത്ത ജീവനുള്ളവനും ജീവിപ്പിക്കുന്നവനും സ്നേഹംമൂലം ജഡം ധരിച്ചതിനാൽ മരണത്തോടു പറ്റിച്ചേർന്നവനും പാപത്തിൻെറ ഉഗ്രതയെ നീക്കി അതിൻെറ പട്ടണത്തെ നശിപ്പിച്ച് തൻെറ ശക്തിയാൽ കൊള്ളയിട്ട് അവിടുത്തെ തടവുകാരെ അഴിച്ചുവിടുകയും അവരെ ഉയിർപ്പിൻ ശരണംകൊണ്ട് നിറയ്ക്കുകയും ചെയ്തവനായ കർത്താവിന്സ്തുതി. തനിക്ക് രാത്രിനമസ്ക്കാരത്തിൻെറ

മൂന്നാം കൗമ്മാ നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܶܕܪܳܐ

ഞങ്ങളുടെ മശിഹാതമ്പുരാനേ, ജീവനുണ്ടാക്കുന്നതായ നിൻെറ മരണത്താലും ചൈതന്യപ്രദമായ സംസ്ക്കാരത്താലും നിൻെറ പ്രജാവാത്സല്യംമൂലം മരിച്ചവരുടെ പുനരുത്ഥാനത്തേയും മരണനാശത്തേയുംകുറിച്ചുള്ള ഉത്തമമായ ആശയെ ഞങ്ങളുടെ ആത്മാക്കളിൽ നീ വിതച്ചു. ഈ മഹാദിവസത്തെ ഞങ്ങൾ സ്തുതിച്ചു പുകഴ്ത്തി, നിൻെറ കർത്തൃത്വത്തിന് തക്ക സ്തുതി ഞങ്ങൾ കരേറ്റി പറയുന്നതെന്തെന്നാൽ മനസ്സോടെ ഞങ്ങൾക്കുവേണ്ടി ഈ കഷ്ടതയെല്ലാം ഏൽപ്പാൻ സ്നേഹത്താൽ പ്രേരിതനായി കരുണയാൽ മനുഷ്യനായിത്തീർന്നഅനാദ്യന്തനും പിതാവിൻെറ പുത്രനുമായുള്ളോവേ നിനക്കു സ്തുതി. ഞങ്ങളെ മോചിപ്പിക്കുവാൻവേണ്ടി നിൻെറ മനുഷ്യസ്നേഹത്താൽ ന്യായസ്ഥലത്തേക്കുചെന്ന പരാക്രമനും ഉന്നതനുമായ നിനക്ക് സ്തുതി. ഞങ്ങളുടെ കുറ്റംനിമിത്തം നിൻെറ കൃപ ന്യായസ്ഥലത്തു നിന്നെ നിർത്തിയ ന്യയാധിപതിയുടെ ന്യായാധിപതിയേ നിനക്കു സ്തുതി. തൻെറ മഹത്വത്താൽ പ്രബലനായ നിനക്കുസ്തുതി. ഞങ്ങളെ വീണ്ടെടുപ്പാൻ നിൻെറ കരുണ

നിന്നെ മരണത്തത്തിനു കുറ്റക്കാരനാക്കിത്തീർത്ത നിൻെറ തിരുനാമത്തിനുസ്തുതി. ഞങ്ങളെ കരേറ്റുവാനായി മരിച്ചവരുടെ ഇടയിലേക്ക് നിൻെറ സ്നേഹം നിന്നെ ഇറക്കിയ ജീവൻെറ സങ്കേതമേ നിനക്കുസ്തുതി. കുരിശിന്മേലുള്ള നിൻെറ ബലത്താൽ പരാക്രമശക്തി കാണിച്ച പുണ്യവാനും സത്യവാനുമായ നിനക്ക് സ്തുതി. കള്ളന് അവൻെറ മഹത്തായ വിശ്വാസത്തിന് പ്രതിഫലമായി സന്തോഷങ്ങളുടെ പറുദീസാതാക്കോൽ കൊടുത്ത ഉത്തമനും ഭാഗ്യവാനുമായുള്ളോവേ നിനക്ക് സ്തുതി. ഞങ്ങൾക്കുവേണ്ടിയുള്ള തൻെറ മഹത്തായ ബലിയാൽ തൻെറ പിതാവിനെ നിരപ്പാക്കിയ സത്യപുരോഹിതനും നീതിയുടെ മഹാപുരോഹിതനും ആയുള്ളോവേ നിനക്ക് സ്തുതി. വിഴുങ്ങുന്ന പാതാളത്തിലേക്ക് തൻെറ ആത്മാവിനാൽ ഇറങ്ങി മരിച്ചവരുടെ ഉയിർപ്പിനെ പ്രസംഗിച്ച മരണത്തിൻെറ നാഥാ നിനക്കുസ്തുതി. ഭൂമിയുടെ അടിയിൽ അന്ധകാരമയമായ അറകളിൽ കടന്ന് അവിടെ കഷ്ടപ്പെട്ടു കിടക്കുന്നവർക്ക് വെളിച്ചംനൽകിയ ജാതികളുടെ ശരണവും കാത്തിരിപ്പുമായ നിനക്കുസ്തുതി. അധഃപതിച്ചുകിടന്ന തൻെറ ആത്മാക്കളെ തൻെറ മഹത്തായ കിരണോദയത്താൽ ആനന്ദിപ്പിച്ച ഞങ്ങളുടെ രക്ഷിതാവേ നിനക്കു സ്തുതി. ശവക്കല്ലറകളിലെ കെടുതൽ തീർത്തതായ മൂന്നാംദിവസ മുള്ള തൻെറ ഉയിർപ്പാൽ ആദാമിനേയും അവൻെറ മക്കളെയും നാശത്തിൽനിന്ന് ഉദ്ധരിച്ചവനായി പതിതന്മാർ

ക്കെല്ലാം ഉയിർപ്പും ജീവനുമായിരിക്കുന്ന നിനക്കു സ്തുതി. സ്വശക്തിയാൽ മരണത്തിൻെറ പട്ടണമാകുന്ന പാതാളത്തിൻെറ ഉറപ്പുള്ള കോട്ടകൾ പൊളിച്ച് തൻെറ കൃപയാൽ അതിനെ മരിക്കുന്നമനുഷ്യർക്ക് ചവിട്ടാനുള്ളതാക്കിത്തീർത്ത സ്വർഗ്ഗീയ നിരപ്പായുള്ളോവേ നിനക്കു സ്തുതി. ഇതു ഹേതുവായിട്ട് ദൈവമേ ഈ സഭ കൂടുന്ന വിശുദ്ധ ദിവസത്തിൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ നിസ്സാരരും പാപികളുമായ ഞങ്ങൾ നിനക്കു സമർപ്പിച്ചിട്ടുള്ള അപേക്ഷകളേയും പ്രാർത്ഥനകളേയും രാപ്പകൽ തിരുമുമ്പാകെ ഞങ്ങൾചെയ്തിട്ടുള്ള ആരാധനകളേയും ജാഗരണത്തേയും നമസ്ക്കാരങ്ങളേയും നീ കൈക്കൊള്ളണമെ. നിൻെറ ബഹുലമായ എല്ലാ കൃപകളും സമൃദ്ധമായ ദാനങ്ങളും ഞങ്ങൾ എല്ലാവരുടെമേലും വർഷിപ്പിക്കണമെ. നിൻെറ അനുഗ്രഹങ്ങളുടെ താൽപര്യത്താൽ രോഗികൾക്കും ഞെരുങ്ങിയിരിക്കുന്നവർക്കും സ്വസ്ഥതയും വിലപിക്കുന്നവർക്കും ദുഃഖിക്കുന്നവർക്കും ആശ്വാസവും, പട്ടിണിക്കാർക്കും ദരിദ്രന്മാർക്കും പോഷണവും, വഴിതെറ്റിപ്പോയവർക്കും കാണാതെപോയവർക്കും തിരിച്ചു വരവും, സമീപസ്ഥന്മാർക്കും ദൂരസ്ഥന്മാർക്കും രക്ഷയും, കോപിച്ചിരിക്കുന്നവർക്കും വഴക്കുകാർക്കും നിരപ്പും, നിരസിക്കപ്പെട്ടവർക്കും അപഹൃതന്മാർക്കും ആശ്വാസവും, പാപികൾക്കും അപരാധികൾക്കും മോചനവും, പള്ളികൾക്കും സന്യാസിമഠങ്ങൾക്കും ഐക്യവും നീ നൽകണമെ. അവയിൽനിന്നും എല്ലാ വസതികളിൽനിന്നും

വഴക്കും തർക്കവും ശിക്ഷകളും കോപസൂചകങ്ങളായ വടികളും നീക്കിക്കളയണമെ. വിശുദ്ധഹൃദയത്തോടും നിർമ്മലമായ ചിന്തയോടും പൂർണ്ണസ്നേഹത്തോടുംകൂടി പരസ്പരം ആലിംഗനം ചെയ്യുവാൻ നിന്റെ കരുണയാൽ ഞങ്ങളെ അർഹരാക്കണമെ. ഞങ്ങളുടെ കർത്താവായ യേശുമശിഹാ, നീ ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരീസഹോദരന്മാരേയും ഞങ്ങളുടെ ഗുരുക്കന്മാരെയും വിശ്വാസികളായ എല്ലാ വാങ്ങിപ്പോയവരേയും പുണ്യവാന്മാരുടെ സ്ഥാനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസാദത്തിനും നിന്റെ രാജ്യത്തിൽ നിന്റെ വലത്തുഭാഗത്തുള്ള ആഹ്ളാദത്തിനും ആർഹരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

എഴുതപ്പെട്ടതെല്ലാം നിവൃത്തിയായിരിക്കുന്നു. ആത്മാവിന് ഉപമകളായി നിശ്ചയിക്കപ്പെട്ടിരുന്ന സകലദൃഷ്ടാന്തങ്ങളും നിറവേറിയിരിക്കുന്നു. എന്നിങ്ങനെ രക്ഷകൻ സ്ക്കീപ്പായിൽ വച്ച് പറഞ്ഞ അന്ത്യവചനംപോലെ ഈ രാത്രിയിൽ രഹസ്യങ്ങളും, ദൃഷ്ടാന്തങ്ങളും ഉപമകളും തന്നിൽനിവൃത്തിയായി.

ബാറെക്മോർ † ശുബഹോ: മെന്ഗാലം-

മരണം പീഡിതന്മാർക്ക് പീഡകൾ വിട്ട് വിശ്രമിക്കുവാനുള്ള തുറമുഖമാകുന്നു. കഷ്ടതകളിൽ നിന്നുയർന്നിരിക്കുന്നവൻ കഷ്ടതകൾ ഏൽക്കുവാൻ തയ്യാറായി. യൂദജനം തന്നെ നിന്ദിച്ചപ്പോൾ തൻെറ താഴ്മയാൽ താൻ വായ് തുറന്നില്ല.

In this night the mysteries, types and parables were fulfilled, as He sealed (them) on the cross, saying, Behold everything has been fulfilled as written. And all allegories of the parables that were set for the spirit have reached the end.

Barekmore. † Glory to ---- Unto the ages----

Death is a harbor for the afflicted. They take rest from anxieties. The One Who was beyond passions was pleased to receive affictions. He did not open His mouth by humility, when the Jewish people insulted Him. Moriyorahem---

വീണ്ടും കോലോ

ആദാം വീണ് പൊടിമണ്ണായിക്കിടക്കുന്നത് കർത്താവ് കണ്ട് കരുണതോന്നി അവനോട്, നീ എഴുന്നേറ്റ് ധൈര്യപ്പെടുക. കണ്ടാലും നിൻെറ മക്കൾ കള്ളനോടൊന്നിച്ച് സ്ക്കീപ്പായിൽ നിനക്കുവേണ്ടി എന്നെ ക്രൂശിച്ച് അപമാനിച്ചു. ഏദനിൽ നിനക്കു ജീവൻ തരുവാൻ കബറിനുള്ളിലേക്ക് ഞാൻ ഇറങ്ങിയിരിക്കുന്നു എന്ന് അരുളിച്ചെയ്തു.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ---

സകലത്തേയും കൊള്ളചെയ്യുന്ന മരണത്തിന്റെ പട്ടണമായ പാതാളത്തിലേക്ക് ശാന്തമായി നീ പ്രവേശിച്ചു. നിന്റെ കാരുണ്യത്തെ പരസ്യമാക്കുവാൻ തക്കവണ്ണം മരണത്തിൽ നിന്ന് നിന്റെ സ്വരൂപത്തെ രക്ഷപ്പെടുത്തുവാൻ പരസ്യമായി നിന്റെ തിരുമേനിയിൽ മരണമാകുന്ന സ്പഷ്ടമായ യാഥാർത്ഥ്യം നീ കൈയേറ്റു. നിന്റെ മരണത്താൽ മരണത്തെ കൊല്ലുവാനായിട്ട് മരണം നീ സഹിച്ചു.

Our Lord saw Adam lying down and became dust and He had mercy upon him. He told him, Rise up and take heart, Behold, for you, your children crucified me with the thief and they mocked at me. I have descended in the tomb to give you life in Eden. **Barekmore. † Glory to ---- Unto the ages ----**

Quietly You entered into Sheol, the city of death which plunders all. Clearly You accepted the reality of mortal state in Your person, to reveal Your compassion, and to rescue Your image from death. Therefore Your endured death, that by Your death, You might kill the death.

ബോത്തേദ്ഹാശോ ഹബ്ലാൻ മോറാൻ എന്ന പോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

ഈ രാത്രിയിലീ-റേന്മാർ നാ-ഥൻ

മൃതരോടൊപ്പം നിദ്രയിലാണ്ടു
    മൃതിയെ കൊന്നാൻ പാതാളത്തെ
ഭഞ്ജിച്ചാദത്തെ ക-രകേറ്റി
നാഥൻ പൂർവ്വ-സ്ഥാനത്താക്കി.

പാതാളത്തിൻ കുഴിയിലിറങ്ങി
മൃതരെ നാശ-ത്തിന്നും വീണ്ടു
    ഏകാത്മജനെ പരിപാവനയാം
സഭയോടൊപ്പം സന്താനങ്ങൾ
ഈ രാ-വിങ്കൽ കീർത്തിച്ചീടും.

വീരന്മാരെ ഉള്ളിലൊതുക്കും
പാ-താളത്തിൻ കൊട്ട തകർത്ത
    മൃതനീ രാ-വിൽ ഗർജ്ജിച്ചപ്പോൾ
ജീവപ്രദനാദം കേ-ട്ടോ-രാം
മൃതരു-ച്ചത്തിൽ സ്തോത്രം പാടി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܳܐܶܢ ܠܟܽܠܗ ܥܳܠܡܳܐ ܕܳܐܶܢܰܢ
ܒܕܺܝܢܳܐ ܥܰܡܳܟ ܡܳܪܝ ܠܳܐ ܬܶܥܽܘܠ ⁜ ܡܳܪܝ ܥܕܰܪܝܢ ⁜

മോർ ബാലായിയുടെ ബോവൂസോ

1. മൃതിയാൽ മർത്ത്യതയെ ജീവിപ്പിച്ചോനേ
വിഗതർക്കുയിരേകി മശിഹാ കൃപ ചെയ്ക.

2. പാതാളത്തിൽ ചെ-ന്നുടയോൻ സ്പർശിച്ചാൻ
ക്ളേശത്താൽ താൻ വായ് പൂട്ടിയൊരാദത്തെ.

3. വിജയശ്രീയോടെ നാഥൻ നിർഗ്ഗതനായ്
താതാന്തികമെത്താൻ ആരോഹം ചെയ്താൻ.

4. ഭോക്താവിൽനിന്നും ഭോജ്യം നിർഗ്ഗതമായി
ഏവം ശിംശോൻ തൻ കടമൊഴി നിറവേറി.

5. വാനവർ തൻ നാഥാ മർത്ത്യർക്കാശ്രയമേ
ഈ പ്രാർത്ഥന കേട്ടി-ട്ടൻപുണ്ടാകണമെ.

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമെ നിനക്ക് സ്തുതി.

കരുണയുള്ള ദൈവമെ, നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ.

നാം ദൈവത്തിൻെറ മക്കളായിത്തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ, നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും, പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ, ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കൃപചെയ്തു ഞങ്ങളെ സഹായിക്കണമെ.

[illegible]

ܦܪܘܡܝܘܢ ܣܕܪܐ

ܝܠܗ ܒܟܠ ܘܙܒܢܐ ܘܫܘܒܚܐ ܗܘ ܡܪܝܐ ܢܨܠܐ ❉ ܡܪܝܐ ܡܫܒܚܢܐ

ܕܢܚܘ ܒܟܠܗ ܘܒܟܠ ❉ ܠܐܡܗ ܘܠܒܝܬܗ ܘܠܕܝܢܝܗ ܘܥܕܢܐ ܘܡܘܬܒܐ

ܘܫܥܝܢܐ ܐܠܗܐ ܘܐܦ ܟܠܗܘܢ ܐܝܩܪܐ ܒܟܠܗ ܠܗ

ܘܒܟܠܗܘܢ ܝܘܡܬܐ ܚܝܝܢ ❉

തൻെറ മാതാവിൻേറയും തൻെറ കൃപയാൽ സകല പരിശുദ്ധന്മാരുടേയും ഓർമ്മയെ ശ്രേഷ്ഠതപ്പെടുത്തുകയും, തൻെറ കരുണയാൽ വിശ്വാസികളായ പരേതരെ പുണ്യപ്പെടുത്തുകയുംചെയ്ത കർത്താവിന്സ്തുതി. തനിക്ക് ഈ സമയത്തും സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ܣܕܪܐ

ന്യായപ്രമാണ ശുശ്രൂഷയുടെ ആചാര്യന്മാരായിരുന്ന് ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ള സകല വിശുദ്ധ പിതാക്കന്മാരും, പ്രത്യേകിച്ച് നിൻെറ വെളിപാടിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ച ദീർഘദർശിമാരും, നിൻെറ സുവിശേഷം ഉദ്ഘോഷിച്ച ശ്ലീഹന്മാരും, നിന്നോടുള്ള സ്നേഹംമൂലം വധിക്കപ്പെട്ടവരായ സഹദേന്മാരും, നിൻെറ ദൈവത്വത്തെ ഏറ്റുപറഞ്ഞ മൗദ്യാനന്മാരും, നിൻെറ സത്യത്തെ അവലംബിച്ചവരായ മല്പ്പാന്മാരും, നിൻെറ മദ്ബഹാകളിൽ ശുശ്രൂഷിച്ച ആചാര്യന്മാരും, നിൻെറ

തിരുവിഷ്ടം ആചരിച്ച ശെമ്മാശ്ശന്മാരും, നിൻെറ മുന്തിരിത്തോട്ടത്തിൽ വേല ചെയ്ത ഉത്തമന്മാരും, നിൻെറ ദൈവിക വചനങ്ങളെയും, ജീവദായകങ്ങളായ കല്പ്പന കളെയും അവലംബമാക്കി സ്വന്ത വംശവും കുടുംബവും ഉപേക്ഷിച്ച് കുരിശെടുത്തുകൊണ്ട് നിന്നെ അനുഗമിച്ച താപസന്മാരായ ഈഹീദായക്കാരും, ദയറാക്കാരും, ഒനുവോ യക്കാരും, എസ്തുനോയരും ഇവരുടെ സമകാലീനരും മുൻഗാമികളും പിൻഗാമികളും, ഭൂലോകം മുഴുവൻേറയും അഭിമാനഭാജനവും രണ്ടാമത്തെ സ്വർഗ്ഗമെന്നു കീർത്തിയു ള്ളവളും, കറയില്ലാത്ത കന്യകയും ശുദ്ധിമതിയുമായ ദൈവമാതാവായ കന്യകമറിയാമും ഞങ്ങളോടു കൂടെയും ഞങ്ങൾക്കു വേണ്ടിയും നിന്നോടപേക്ഷിക്കുമാറാകണമെ. ഞങ്ങളുടെ പാപം മൂലം ഞങ്ങളിൽ വന്നു കൂടുന്ന സകല ശിക്ഷകളേയും കോപവടികളേയും അവളുടേയും സകല വിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ ഞങ്ങളിൽ നിന്ന് നിരോധിച്ച് നീക്കി മായിച്ചുകളയണമെ. ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിൻെറ നിരപ്പിലും സമാധാ നത്തിലും ഞങ്ങളെ ശാന്തമായി നയിച്ചുകൊള്ളണമെ. കർത്താവേ, നിൻെറ ശക്തിയാൽ നീ രോഗികളെ സന്ദർശിക്കുകയും, വിഷമത്തിലിരിക്കുന്നവരെ കരുണ യോടെ ആശ്വസിപ്പിക്കയും ചെയ്യണമെ. സത്യവിശ്വാസ ത്തോടുകൂടെ നിൻെറ പ്രത്യാശയിൽ നിദ്ര പ്രാപിച്ചിട്ടുള്ള സകലർക്കും ആശ്വാസവും നല്ല ഓർമ്മയും നൽകണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും

പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ.

(ലൂക്കോസ് 1: 46-55)

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു, എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.
എന്തെന്നാൽ ശക്തിമാനും പരിശുദ്ധനും ആയവൻ, വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നൻമകൾകൊണ്ട് സംപൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു, അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും, നമ്മുടെ പിതാക്കന്മാരായ അബ്രാഹാമി

നോടും, അവൻെറ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തൻെറ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ † ശുബഹോ--- മെന്ഓലം ---- --

മാവൂർബോ

1 കബറിലേക്കുള്ള ഇറക്കത്തോൽ പാതാളത്തേയും മരണത്തേയും കൊള്ളചെയ്തവനെ നമുക്കെല്ലാവർക്കും സ്തുതിക്കാം. കുരിശാരോഹണത്താൽ നമ്മുടെ മേലുള്ള ന്യായത്തീർപ്പിനെ മായിച്ചുകളഞ്ഞവനെ നാമെല്ലാവരും വന്ദിക്കുകയും ഇളവുകൂടാതെ എന്നെന്നേക്കും മഹത്വപ്പെടുത്തുകയും ചെയ്യണം.

2 കഷ്ടപ്പാടിനു വിധേയനായ മനുഷ്യനെപ്പോലെ കബറിനുള്ളിൽ വയ്ക്കപ്പെട്ടവനെ നമുക്കെല്ലാവർക്കും സ്തുതിക്കാം. കുരിശാരോഹണത്താൽ നമ്മുടെ മേലുള്ള ന്യായത്തീർപ്പിനെ മായിച്ചുകളഞ്ഞവനെ നാമെല്ലാവരും വന്ദിക്കുകയും ഇളവുകൂടാതെ എന്നെന്നേക്കും മഹത്വപ്പെടുത്തുകയും ചെയ്യണം.

3 സ്നേഹിതനായ ലാസറിനെ കബറിൽനിന്ന് വിളിച്ചെഴുന്നേൽപ്പിച്ചവനെ നമുക്കെല്ലാവർക്കും സ്തുതിക്കാം. വിധവയുടെ മകനായ യുവാവിനെ മരണപാശങ്ങളിൽ നിന്ന് രക്ഷിച്ചവനെ നാമെല്ലാവരും വന്ദിക്കുകയും ഇളവുകൂടാതെ എന്നെന്നേക്കും മഹത്വപ്പെടുത്തുകയും ചെയ്യണം. ബാറെക്മോർ. † ശുബഹോ---മെന്ഓലാം----

4 തന്റെ മരണത്താൽ മരണത്തേയും നാശത്തേയും പാതാളത്തേയും നീക്കിയവനെ നമുക്കെല്ലാവർക്കും സ്തുതിക്കാം. ആദാമിനും അവന്റെ എല്ലാ മക്കൾക്കും ജീവനും പുനരുത്ഥാനവും വാഗ്ദത്തം ചെയ്തവനെ നാമെല്ലാവരും വന്ദിക്കുകയും ഇളവുകൂടാതെ എന്നെന്നേക്കും മഹത്വപ്പെടുത്തുകയും ചെയ്യണം. ആമ്മീൻ.

133-ാം സങ്കീർത്തനം

സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത്, എത്ര നന്മയും, എത്ര സൗന്ദര്യവുമാകുന്നു.

അത് അഹരോന്റെ തലയിന്മേലും, അവന്റെ അങ്കിയുടെ നെഞ്ചിൻമേൽ വീണു കിടക്കുന്ന താടിയായ അവന്റെ താടിയിന്മേലും, ഒലിക്കുന്ന തൈലം പോലെയും, സെഹിയോൻ മലമേൽ പൊഴിയുന്ന, ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു

എന്തെന്നാൽ അവിടെ കർത്താവ് എന്നേയ്ക്കും അനുഗ്രഹത്തേയും ജീവനെയും കല്പ്പിച്ചു. ദൈവമെ നിനക്ക് സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ

ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനകളാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടേയും, സഹദേന്മാരുടേയും, പ്രാർത്ഥന, നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിൻെറ സഹദേന്മാരുടെ തുറമുഖത്തിനും, നിൻെറ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും, ഞങ്ങളെ യോഗ്യരാക്കണമെ.

ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ, നിൻെറ ന്യായ വിസ്താരദിവസത്തിൽ, ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികളിൽനിന്ന് തൻെറ കരുണയെ വിരോധിക്കാത്തവൻ, വാഴ്തപ്പെട്ടവനാകുന്നു. ബാറെക്മോർ†ശുബഹോ-

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്ക്, നല്ല ഓർമ്മ ഉണ്ടാക്കണമെ, മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

നിൻെറ ശ്രേഷ്ടത ഉദിക്കുന്ന ദിവസത്തിൽ, അവർ നിൻെറ വലത്തു ഭാഗത്തു നിൽക്കുമാറാകണമെ.

മറ്റൊരു എനിയോനൊ

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും, എല്ലാനേരത്തും നിൻെറ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ.

കർത്താവേ, എല്ലാനാഴികയിലും, ഞങ്ങൾക്കായികെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിൻെറ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ, ഞങ്ങളിൽ നിന്ന് മായിച്ചു കളയണമെ.

ഞങ്ങളുടെ കർത്താവായ യേശുമശിഹാ, നിൻെറ സ്ലീബാ † ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശുതമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിൻെറ † സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചു പോയവരെ നിൻെറ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായ്പ്പോഴും പിതാവിനേയും, പുത്രനേയും, വിശുദ്ധറൂഹായേയും സ്തുതിച്ചു വന്ദിച്ചു മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന ദിവസത്തിൽ നിൻെറ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ, ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട്, നിൻെറ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളുടെ മരണത്തിൻേറയും, ജീവൻേറയും നാഥനായ കർത്താവേ, നിൻെറ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും, ഞങ്ങളുടെ മരിച്ചുപോയവരുടേയും ആത്മാക്കളിൻമേൽ കരുണ ചെയ്യണമെ.

കർത്താവേ കൃപ ചെയ്തു സഹായിക്കണമെ

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.
എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല

കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽസന്തോഷിക്കുകയും, സെഹിയോൻെറപുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും,

തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറശക്തിയുടെആകാശത്തട്ടിൽ അവനെസ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ

അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ എല്ലാനേരത്തും സ്തുതി നിനക്ക് യോഗ്യമാകുന്നു.

കോലോകൾ

നമ്മുടെ കർത്താവ് സ്ലീബായെ തൻെറ തോളിൽ വഹിച്ചു. നന്മകളുടെ പ്രതിഫലമായി തനിക്ക് യഹൂദസഭ നൽകിയത് ഇതുമാത്രമായിരുന്നു. എല്ലാ നന്മകളും അവൾക്കായി താൻ പ്രവർത്തിച്ചു. എന്നാൽ ദുഷ്പ്രവൃത്തിക്കാരനെപ്പോലെ കള്ളന്മാരുടെ ഇടയിൽ തന്നെ അവർ ക്രൂശിച്ചു. ആ സംഘത്തെ നിരസിച്ച് അതിനുപകരം പരിശുദ്ധസഭയെ വിവാഹം നിശ്ചയിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ഈ രാത്രിയിൽ വംശത്തലവനായ ആദാം അവൻെറ നാശാവസ്ഥയിൽ രക്ഷകൻെറ പ്രകാശം കണ്ടതിനാൽ തന്നെ വന്ദിച്ചു. അവനും അവൻെറ മക്കളും തങ്ങളുടെ നാഥനെ സ്തുതിച്ചു. എന്തെന്നാൽ മരണത്തിൽനിന്നും നാശത്തിൻെറ ചുഴലയിൽനിന്നും അവരെ താൻഎഴുന്നേൽപ്പിച്ചു. തനിക്കും ഞങ്ങളുടെരക്ഷയ്ക്കായിട്ട് തന്നെഅയച്ചപിതാവിനുംസ്തുതി.

ബോത്തേദ്ഹാശോ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

ഈ രാവിങ്കൽ സർവ്വാ-ധീശൻ
മൃതരോ-ടൊപ്പം നിദ്രയിലാണ്ടു
മൃതിയെ കൊന്നാൻ പാതാളത്തെ
ഭഞ്ജിച്ചാദാമിനെയ-ങ്ങേ-റ്റി
തന്നെ വി-ട്ടോൻ തൻ സവിധത്തിൽ.

തന്നെ ഭംഗ്യാ സൃഷ്ടി-ച്ചോനായ്
തൻ ര-ക്ഷയ്ക്കായ് മൃതിയേറ്റോനേ
പാതാ-ളത്തിൽ തൻ തൽപ്പത്തിൽ
ദർശിച്ചതിനെയാസ്പദമാക്കി
ചൊന്നീ-ട-ട്ടാദാമീ രാ-വിൽ.

സ്തുതിയീ-രാവിൽ നിൻ പേർക്കായി
നതിയോ-ടൊ-ത്തുണ്ടായീടട്ടെ
ആദത്തെ ദു-ഷ്ടൻ വീഴിച്ചോ-
രേദൻ തോപ്പിന്നുള്ളി-ൽത്തന്നെ
അവനെ നീ തേ-ടിക്കണ്ടെത്തി.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܢܰܚܬ݁ ܠܶܗ ܠܰܡܳܪܝ ܕܢܳܚܶܡ
ܠܒܰܢ̈ܝܳܐ ܥܰܡܳܐ ܡܶܢ ܐܳܠ ܠܡܶܣܰܩ ⁜ ܡܶܢ ܩܳܪܝ ܕܩܘܽܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

മൃതരായോരാത്മജ നാദത്താലെഴുന്നേറ്റീടും
ഉത്ഥാനത്തിൽ നൽകീടുമവൻ തേജോവസ്ത്രം. ദേവാ ---

ക്രൂശേറ്റത്താൽ കണ്ടെത്തിയൊരാ നഷ്ടപ്പെട്ടോർ
സ്തോത്രാലാപ-ത്തൊടു വന്ദനയും വന്നർപ്പിച്ചു
വന്ദിച്ചാന-ങ്ങാദ്യം വംശത്തലയാമാദം
പിമ്പബറാഹം സുമഖൻ ശേത്തൊടു നോഹിൻവംശം. ദേവാ--

മൃതനായ് പാതാളത്തിലിറങ്ങാൻ ഹിതമാർന്നോനായ്
ഹതനാം ജീവാധീശനു ലോകം സ്തോത്രം പാടും
ജീവിപ്പിച്ചതിനാലവർ നിന്നെ വന്ദി-ക്കുന്നു
നിന്നേയും പിതൃറൂഹായേയും കീർത്തിക്കുന്നു. ദേവാ ---

ലോകം വിട്ടോർക്കുത്ഥാനത്തിൽ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാസ്തോത്രം. ദേവാ---

മാലാഖമാരുടെ സ്തുതിപ്പ് - പേജ് 45

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ, ബലഹീനരും മൺമയരുമായ ഞങ്ങളും സ്തുതിക്കുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും, നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു, സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയ രാജാവും, സ്രൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവും,

യേശുമശിഹായാകുന്ന ഏകപുത്രനാകുന്ന ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ, നിൻെറ സ്തുതിയുടെവലിപ്പംനിമിത്തം ഞങ്ങൾ സ്തോത്രംചെയ്യുന്നു.

പിതാവിൻെറ പുത്രനും, വചനവും, ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിൻെറ കുഞ്ഞാടായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിൻെറ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ, നിൻെറ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിൻെറ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു, പിതാവായ ദൈവത്തിൻെറ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ, യേശുമശിഹായായ നീ മാത്രം, നിത്യമായികർത്താവാകുന്നു.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും, നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിൻെറ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു, നിൻെറ

തിരുനാമം സ്തുതിക്കപ്പെട്ടതും, എന്നേക്കും സ്തുതികളിൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു, മഹത്വം നിനക്ക് യുക്തമാകുന്നു, സകലത്തിൻേറയും ദൈവവും, സത്യത്തിൻെറ പിതാവുമായവനേ, നിനക്കും ഏക പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാസമയത്തും, എന്നേക്കും പുകഴ്ചചേർച്ചയാകുന്നു. ആമ്മീൻ

മോറാനേശു മശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മായ്ക്കപ്പെടുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ പക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണ ചെയ്യണമെ.

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ

നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܠܟ ܡܪܝ ܐܒܛܠܬ ܠܡܘܬܢ ܒܡܘܬܟ ܁ ܘܐܚܝܬ ܡܝܬܐ ܘܪܚܡ ܥܠܝܢ
ܘܣܓܕܬܐ ܁ ܘܠܟܠܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ܁ ܢܬܦܬܚܘܢ
ܠܢ ܬܪܥܐ ܕܨܗܝܘܢ ܕܠܥܠ ܁ ܘܬܬܩܒܠ ܒܥܘܬܢ ܩܕܡ ܟܘܪܣܝܟ
ܘܫܘܒܚܐ ܁ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ܁ ܒܪܟܡܪܝ ܁

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܐܝܟ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ. ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ. ܐܠܐ
ܦܨܢ ܡܢ ܒܝܫܐ. ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

ശനി പ്രഭാതം

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܳܟ݂ ܡܳܪܝ ܬܶܫܒ݁ܽܘܚܬܳܐ ܘܰܠܐܰܒ݂ܽܘܟ݂ ܐܰܡܺܝܢ ❋ ܘܣܽܘܓ݂ܕ݁ܬ݂ܳܐ ܫܽܘܒ݂ܚܳܐ ܠܪܽܘܚܳܐ
ܘܩܽܘܕ݂ܫܳܐ ❋ ܘܰܚܢܳܢ ܚܰܛ̈ܳܝܶܐ ܦܽܘܬ݂ܳܚܳܐ ܘܚܽܘܣܳܐ ❋ ܢܶܬ݂ܦܰܬ݁ܚܽܘܢ
ܠܰܬ݂ܪ̈ܰܥ ܐܽܘܪܫܠܶܡ ܕ݁ܰܠܥܶܠ ❋ ܘܒ݂ܳܥܽܘܬ݂ܰܢ ܢܶܬ݂ܩܰܒ݁ܰܠ ܩܕ݂ܳܡ ܟ݁ܽܘܪܣܝܳܐ
ܕ݁ܡܫܺܝܚܳܐ ❋ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܰܢ ܫܽܘܒ݂ܚܳܐ ܠܳܟ݂ ܡܳܪܰܢ
ܫܽܘܒ݂ܚܳܐ ܠܳܟ݂ ܣܰܒ݂ܪܰܢ ܠܥܳܠܰܡ ❋ ܒܰܪܶܟ݂ܡܳܪܝ ❋

ܐܰܒ݂ܽܘܢ ܕ݁ܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܽܘܢ ܕ݁ܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕ݁ܰܫ ܫܡܳܟ݂ . ܬܺܐܬ݂ܶܐ ܡܰܠܟ݁ܽܘܬ݂ܳܟ݂ . ܢܶܗܘܶܐ
ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟ݁ܰܢܳܐ ܕ݁ܒ݂ܰܫܡܰܝܳܐ ܐܳܦ ܒ݁ܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ
ܕ݁ܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒ݂ܽܘܩ ܠܰܢ ܚܰܘ̈ܒܰܝܢ ܘܚܰܛ̈ܳܗܰܝܢ : ܐܰܝܟ݁ܰܢܳܐ
ܕ݁ܳܐܦ ܚܢܰܢ ܫܒ݂ܰܩܢ ܠܚܰܝܳ̈ܒܰܝܢ . ܘܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ
ܦ݁ܰܨܳܢ ܡܶܢ ܒ݁ܺܝܫܳܐ ܡܶܛܽܠ ܕ݁ܕ݂ܺܝܠܳܟ݂ ܗ݈ܺܝ ܡܰܠܟ݁ܽܘܬ݂ܳܐ ܘܚܰܝܠܳܐ

⁜ ܩܘܡ ⁜ ܬܫܒܘܚܬܐ ܠܐܠܗܐ ܒܡܪ̈ܘܡܐ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം - പേജ് 42

ദൈവമെ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങളെ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്വാനായിട്ട് തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു.

പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ മുഖം തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമെ. നിന്റെ മുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സീയോനോടു നന്മചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകളെ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - പാതകിപോൽ-- എന്നപോലെ

1 സഹജമതായ് ഉയിരുള്ളോരു നിലയിൽ
ഞങ്ങൾ-ക്കായ് മൃതിയാൽ ബദ്ധൻ
ദേവാ ദയചെയ്തീടണമെ.

2 മരണത്തെ മനസ്സാ കൈക്കൊണ്ട്
മൃതരെ ജീവിപ്പിച്ചോനേ ദേവാ ദയചെയ്തീടണമെ.

3 മൃതിഹീനാ മൃതനേ ഉത്ഥിതനേ
ഞങ്ങൾക്കായ് ജീവൻ നൽകിയ

ദേവാ ദയചെയ്തീടണമെ.

4 ദോഷി കണ-ക്കാദാമിനുവേണ്ടി
മൃതലോ-കത്തിൽ നിക്ഷിപ്തൻ,
ദേവാ ദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

5 ഞങ്ങൾ തൻ രക്ഷയെ മുൻനിർത്തി
കബറിൽ മൂന്നു ദിനം മേവിയ
ദേവാ ദയചെയ്തീടണമെ. കുറിയേലായിസ്സോൻ.

63-ാം സങ്കീർത്തനം

എന്റെ ദൈവമെ, നീ എന്റെ ദൈവമാകുന്നു, ഞാൻ നിനക്കായി കാത്തിരിക്കും

ദാഹിച്ച് വരണ്ട് വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ, ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു, എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും, നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും, എൻെറ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും

എൻെറ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു, രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു, നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു, നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു, അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏൽപ്പിക്കപ്പെടുകയും, കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെകൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും, എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ ഹൗദ് ഉഹദോനോ എന്നപോലെ

1. നൂതന ജീവൻ, തൻ സുവിശേഷത്തെ
പാതാളത്തിൽ മൃതരോടായ്
ഘോഷിച്ചോൻ മശിഹാ നാഥാ,

നിൻ മുൻ വന്നേൻ കൃപ ചെയ്കെന്മേൽ.

2. തൻ മൃതിയാൽ ജീവൻ മൃതിയുള്ളോർക്കായ്
നൽകി പാതാളസ്ഥിതരിൽ, പ്രത്യാശയുറപ്പിച്ചോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

3. തന്നവരോഹത്തെ, വിരവൊടറിഞ്ഞോർ
വിഗതന്മാർ സ്തുതി പാടിക്കൊ-
ണ്ടെതിരേൽപ്പാനായ് വന്നോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

4. പാതാളം പൂകി, വിശ്വാസികളിൽ
ജ്ഞാനത്തിൻദീപ്തിനിറച്ച സർവ്വാധിപനാകുംമശിഹാ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

5. പാതാളത്തിൽ തൻ, മൃതിയാലെത്തി
ഞങ്ങടെവർഗ്ഗത്തെതൃക്കൈ-നീട്ടിയെഴുന്നേൽപ്പിച്ചോനേ
നിൻ മുൻ വന്നേൻ കൃപചെയ്കെന്മേൽ. കൂറിയേലായിസ്സോൻ

<u>19-ാം മസുമൂർ - പേജ് 56</u>

ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടത്തും അവയുടെ

അറിയിപ്പും, ഭൂലോകത്തിൻെറ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യൻെറ മേൽ അവൻെറ കൂടാരം അടിച്ചു. അതു തൻെറ മണവറയിൽ നിന്നും പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തൻെറ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിൻെറ അറ്റങ്ങളിൽനിന്ന് അതിൻെറ പുറപ്പാടും, ആകാശത്തിൻെറ അറുതികളിന്മേൽ അതിൻെറ താങ്ങലും ആകുന്നു. അതിൻെറ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിൻെറ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിൻെറ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ള വരാക്കുന്നതുമാകുന്നു. കർത്താവിൻെറ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിൻെറ കല്പന തെരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിൻെറ ന്യായ വിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായി ട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മധുരമുള്ളവയും ആകുന്നു.

അത്രയുമല്ല, നിൻെറ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര് ? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും, പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായത്തിൽ നിന്ന് നിൻെറ ദാസനെ തടയണമെ. എൻെറ സഹായകനും, രക്ഷിതാവുമായ കർത്താവേ, എൻെറ വായിലെ വചനങ്ങൾ നിൻെറ ഇഷ്ടപ്രകാരവും എൻെറ ഹൃദയത്തിലെ ധ്യാനം നിൻെറ മുമ്പാകെയും ഇരിക്കണമെ. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

†ശുബഹോ - മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനൊ - ഗോഗുൽത്തായിൽ സോദരരേ - എന്നപോലെ

1. വിഗതർക്കായിരേകീടാനും കൈ-യേറിയമൃതിയെവീഴ്ത്തി
ആശ്വാസമവർക്കേകൊനും
ദൈവസുതൻമൃതി കൈക്കൊ-ണ്ടു
നാഥൻ താൻ മഹിമാവിൻ മന്നൻ.

2. ആദാമിനെയുംസുതരേയും ഭീകര മരണക്കടലിന്നും
കോരിയെടുപ്പാൻ ജീവേശൻ
മൃതിഗർത്തിത്തിലിറങ്ങുകയായ്
നാഥൻ താൻ മഹിമാവിൻ മന്നൻ.

3. സവിധേമശിഹാചെന്നെത്തി സംസ്കൃതനെന്നെണ്ണപ്പെട്ടു
ജീവൻ കബറിൽ വിതയ്ക്കുകയാൽ

മൃതരിന്നാമോദിക്കട്ടെ
നാഥൻ താൻ മഹിമാവിൻ മന്നൻ.

4. മൃതിയുള്ളോർ തന്നരികെ ചെ-
ന്നിന്നാൾ ജീവൻ നൽകുന്നോൻ
പാതാളത്തിന്നിരുളറയിൽ ഉത്ഥാനപ്പനിനീർ വീഴ്ത്തി
നാഥൻ താൻ മഹിമാവിൻ മന്നൻ.

5. ഇന്നാളുടയോൻ പാതാളം പ്രാപിച്ചാൻ മൃതരെല്ലാരും
ജീവനെഴുംസുവിശേഷം കേ-ട്ടുടയോനെ നേരിൽകണ്ടു
നാഥൻ താൻ മഹിമാവിൻ മന്നൻ.

ബാറെക്മോർ. † ശുബഹോ ---- മെന്ഓലാം വാദാമോ ---

6. ഇന്നാൾ സർവ്വാത്മാ-ക്കളുമാ-പാതാളത്തിൽ പ്രഭ കണ്ടു
മൃതിബന്ധന മോചനമാർന്നോർ
അത്യധികം സ്തോത്രം പാടി
നാഥൻ താൻ മഹിമാവിൻ മന്നൻ. കുറിയേലായിസ്സോൻ

<u>ഏശായാ 42: 10-13, - പേജ് 58</u>

കർത്താവിന് ഒരു പുതിയ പാട്ടിനേയും അവൻെറ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ

കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിനു മഹത്വം കൊടുക്കയും അവൻെറ സ്തുതികളെ ദ്വീപുകളിൽ അറിയിക്കയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും അവൻ യോദ്ധാവു എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ടു തൻെറ ശത്രുക്കളെ സംഹരിക്കും

ആകാശങ്ങളെ, മേലിൽ നിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെതളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു. ദൈവമെ നിനക്കു സ്തുതി യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനൊ ദൈവമുയിർത്തു മഹത്വത്തോടാദാമിനെയും തൻ--

1. മരണമമർത്തിയ നിജരൂപമതാമാദാമിനെയാ
   പാഴിരുളിൽ സന്ദർ-ശി-ച്ചാൻ
   കനിവൊടു നാഥൻ പ്രതിരൂപത്തെ മോചിപ്പിച്ചാൻ
   കല്ലറയിലെ നാശ-ത്തീന്നും
2. ആദാമാദ്യം പുറകെ സുമുഖൻ ശേത്തും നിതി-
   പ്രിയനാകും നോഹു സൗ-മ്യൻ
   ശേമും ധാർമ്മികനബ്രറാമിസ്സഹാ-ക്കൊടു യാക്കോബും
   സന്ദർശകനെ വ-ന്ദിച്ചു.
3. വാനവ ശിഷ്യരൊടൊപ്പമുയിർപ്പതിലാനന്ദിപ്പാൻ
   നാഥാ കൃപ നൽകീടേണം

നിൻവരവിൻെറമഹാദിനമോർത്തിഹ നിൻസ്തുതിപാടാൻ ഞങ്ങളെ എഴുന്നേൽപ്പിക്കേണം. ബാറെക്മോർ. † ശുബഹോ--മെന്ഗാലാം--

4. ഉയിരേകുന്നോൻ കല്ലറയിൽ ചെന്നുത്ഥാനത്തിൻ
പനിനീർ തൂവുകയാ-ലി-ന്നാൾ
ആദ്യമതായ് മൃതിയേറ്റു ഹതന്മാർക്കാദ്യജനാകും
ഹാബേലാഹ്ളാദിക്കട്ടെ. കുറിയേലായിസ്സോൻ.

സങ്കീർത്തനം 44

1. *എൻെറ ദൈവമായ കർത്താവേ, രാവും പകലും നിൻെറ തിരുമുമ്പാകെ ഞാൻ നിലവിളിച്ചു.*

(ബ്ഹോനോയൗമോ - എന്ന രീതി)

ഇന്നാൾ നാഥൻ വീരനുതുല്യം ആർത്തപ്പോളിളകിപ്പോയി പാതാളത്തിന്നാധരം മരണം ഞെട്ടി. കുറിയേലായിസ്സോൻ.

2. *എന്തുകൊണ്ടെന്നാൽ എൻെറ ആത്മാവ് തിന്മകളിൽ തൃപ്തിപ്പെടുകയും എൻെറ ജീവൻ പാതാളത്തോളം എത്തുകയുംചെയ്തു.*

ഇന്നാൾ പുത്രീ പുത്രൻ സവിധേ വന്നുകിടന്നതിലാദാമാം ഒന്നാമൻ സന്തോഷത്താൽ സ്തുതിപാടട്ടെ. കുറിയേലായിസ്സോൻ.

3. പാതാളത്തിലിറങ്ങുന്നവരോടൊന്നിച്ച് ഞാൻഗണിക്കപ്പെട്ടു. സഹായമില്ലാത്ത മനുഷ്യനെപ്പോലെ ഞാൻ ആയിത്തീർന്നു.

ഇന്നാൾഹതരിൽ-മുമ്പൻഹാബേൽ ഹതനേ ജീവമായാജീവ-പ്രദനേ ശാന്ത്യാ വന്നിടുകകെ-ന്നട്ടഹസിച്ചു. കുറിയേലായിസ്സോൻ.

4. കബറിൽനിദ്രകൊള്ളുന്നനിഹതന്മാരെപ്പോലെ സ്വതന്ത്രൻ മരിച്ചവരുടെ കിടന്നു.

മൃതരായോർത-ന്നസ്ഥികളിന്നാൾ ആദാമിന്നുടയോനാംസർ-വ്വാധിപനെ പാതാളത്തിൽ ചോലോടറിഞ്ഞു. കുറിയേലായിസ്സോൻ.

5. അവരെ നീ വീണ്ടുമോർത്തില്ല. അവർ നിൻെറ തൃക്കൈയ്യിൽനിന്ന് നഷ്ടപ്പെട്ടു.

ഇന്നാൾ മൃതർതൻ പ്രാണനെ മൃതരുടെ മദ്ധ്യേകണ്ടപ്പോൾ മൃതിയോടൊപ്പം പാതാളം പേടിച്ചോടി. കുറിയേലായിസ്സോൻ.

6. അഗാധക്കുഴിയിലെ ഇരുളിലേക്കും മരണനിഴലുകളി ലേക്കും നീ എന്നെ താഴ്ത്തിക്കളഞ്ഞു. നിൻെറ ക്രോധം എൻെറമേൽ ഉണ്ടായി. നിൻെറ ഓളങ്ങളെല്ലാം എൻെറ മേൽ നീ വരുത്തി.

ഇന്നാൾനാഥൻ പാതാളത്തിൽമൃതരുടെമദ്ധ്യേ ചെന്നതുമൂലം പാതാളത്തിൽ മൃതരായോരാഹ്ളാദിച്ചു. കുറിയേലായിസ്സോൻ.

5. എൻെറ പരിചയക്കാർ എന്നിൽനിന്നകന്നു കളഞ്ഞു. അവർക്കെന്നെ നീ നിന്ദ്യനാക്കിത്തീർക്കുകയും ഞാൻ പുറത്തു കടക്കാത്തവണ്ണം തടയപ്പെടുകയും ചെയ്തു.

പാതാളത്തിൽ ബന്ധനമെല്ലാം ഭഞ്ജിച്ചോനാമുഗ്രൻെറ കല്ലറകാപ്പാൻകാവർക്കാർ നിന്നുസൂക്ഷ്മം. കുറിയേലായിസ്സോൻ.

6. എൻെറ താഴ്ചനിമിത്തം ഞാൻ കണ്ണുനീരൊഴുക്കി. കർത്താവേ, ഞാൻ എല്ലാ ദിവസവും നിന്നെ വിളിക്കുകയും

നിൻെറ അടുക്കലേക്ക് എൻെറ കൈകൾ നീട്ടുകയും ചെയ്തു. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

ഇന്നാൾ ജീവൻനിറയും തൻമെയ്രക്തങ്ങൾനൽകുകയാൽ ആദ്യജനെ വിശ്വാസിനിയാം സഭ വാഴ്ത്തട്ടെ. ആമ്മീൻ.

113-ാ൦ സങ്കീർത്തനം - പേജ് 60

പ്രകാശത്തിൻെറ സ്രൃഷ്ടാവിന് സ്തുതി. കർത്താവിൻെറ ഭൃത്യന്മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിൻെറ നാമത്തെ സ്തുതിപ്പിൻ

കർത്താവിൻെറ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു

സൂര്യൻെറ ഉദയം മുതൽ അതിൻെറ അസ്തമനം വരെയും കർത്താവിൻെറ നാമം വലിയതാകുന്നു

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവൻെറ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിൻെറ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

148, 149, 150 സങ്കീർത്തനങ്ങൾ.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, ആകാശത്തിൽ നിന്ന് കർത്താവിനെ സ്തുതിപ്പിൻ, ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻെറ സകല ദൂതന്മാരുമേ അവനെ സ്തുതിപ്പിൻ, അവൻെറ സകലസൈന്യങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ, അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമേ, അവനെ സ്തുതിപ്പിൻ. അവ കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി, അവൻ ഒരു നിയമം നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, ഉറച്ച വെള്ളവും ഹിമവും, അവൻെറ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ, കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും, ശിശുക്കളും കന്യകമാരും, വൃദ്ധന്മാരും യൗവനക്കാരും, കർത്താവിൻെറ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻെറ നാമം മാത്രം വലിയതാകുന്നു. അവൻെറ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തൻെറ ജനത്തിൻെറ കൊമ്പും, തൻെറ സകല നീതിമാന്മാർക്കും, തനിക്കടുത്ത ജനമായ യിസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻെറ സ്തുതിയും പാടുവിൻ, യിസ്രായേൽ തൻെറ സ്രഷ്ടാവിൽസന്തോഷിക്കുകയും, സെഹിയോൻെറപുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.
അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവൻെറ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻെറ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും, ജനങ്ങൾക്കു ശാസനയും കൊടുപ്പാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾ കൊണ്ടു ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെ മേൽ നടത്തുവാനും, അവൻെറ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനും, അവരുടെ കൈകളിൽ ഇരുമുന വാളുണ്ട്.

കർത്താവിനെ അവൻെറ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ, അവൻെറശക്തിയുടെആകാശത്തട്ടിൽ അവനെസ്തുതിപ്പിൻ.

അവൻെറ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻെറ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻെറ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമെ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

† ശുബഹോ-മെന്ഗാലാം--

എനിയോനോ - മൂടികൾ മൂടഞ്ഞൊട്ടിത്തകിടും--

1. ഉയിരുള്ളോൻ മൃതിയുള്ളോരെ
കരളലിവാൽ സന്ദർശിച്ചു
പുനരുത്ഥാനവുമഴിയാത്തോ-
രുയിരും വാഗ്ദാനംചെയ്തു

2. ഇന്നേ ദിവസം പാതാളം തന്നിലിറങ്ങി മൃതന്മാരെ
സന്ദർശിച്ചൊരു രക്ഷകനെ
നീതിപരന്മാർ കീർത്തിച്ചു.

3. ഉയിരുള്ളോൻ മൃതരുടെ മദ്ധ്യേ
ദൈവസുതൻ കബറിന്നുള്ളിൽ
സഭയെ മൃതിയാൽ നിൻ സുതരെ
രക്ഷിച്ചോനെ കീർത്തിക്ക.

4. രക്ഷകനാം പ്രാണപ്രദനാൽ
പ്രാണൻ നേടിയ വിഗതന്മാർ
ദൈവാത്മജ കാരുണ്യത്തെ
സന്തോഷത്തൊടു കീർത്തിച്ചു.

5. മൃതലോകത്തിലിറങ്ങിച്ചെ-ന്നുടയോനട്ടഹസിച്ചപ്പോൾ
പാതാളക്കോട്ടകളിളകി മൃതിയും സാത്താനും ഞെട്ടി.

ബാറെക്മോർ. † ശുബഹോ-മെന്ഗാലാം--

6. മൃതരെ തലകളുയർത്തിടുവിൻ
കബറിലിറങ്ങിയ ജീവകരൻ
നിങ്ങടെ മുഖധൂളികൾ നീക്കി

പ്രഭയും ശക്തിയുമണിയിക്കും. കുറിയേലായിസ്സോൻ.

വി. മത്തായി 5. 3-12

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിൻെറ മക്കളെന്നു വിളിക്കപ്പെടും.

നീതി നിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എൻെറ നിമിത്തം സകല ദുർവചനവും നിങ്ങളുടെ നേരെ വ്യാജമായി പറയുകയുംചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്ക കൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

മോദോസേ ആത്ത് എന്നപോലെ

1. മാതാവി-നു നിൻ രാജ്യത്തിൽ ശിഷ്ടഗണത്തിൽ
മുഖ്യസ്ഥാനം നൽകുമ്പോൾ, കർത്താവേ നീ
ഞങ്ങളെ ഓർക്കണമെ.

2. ഇന്നാളുടയോ-നട്ടഹസിക്കെ പാതാളം,
വിറകൊണ്ട് മൃതരെഴുന്നേറ്റു, കർത്താവേ നീ
ഞങ്ങളെ ഓർക്കണമെ.

3. ഇന്നാളെ-രിതീ അണിയുന്നോരെ വിറപ്പിപ്പോൻ
ചെന്നുകിടന്നാൽ മൃതരിടയിൽ, കർത്താവേ നീ
ഞങ്ങളെ ഓർക്കണമെ.

4. ഇന്നാൾ നാഥൻ സന്ദർശിച്ചതിനാലാദാമും
സാനന്ദം സ്തുതിപാടട്ടെ, കർത്താവേ നീ
ഞങ്ങളെ ഓർക്കണമെ.

5. ഇന്നാൾ ദീപ്തി പാതാളത്തിലുദിച്ചപ്പോൾ
മൗലിയുയർത്തി ശിഷ്ടന്മാർ, കർത്താവേ നീ
ഞങ്ങളെ ഓർക്കണമെ. ബാറെക്മോർ. † ശുബഹോ: മെന്ഓലം---

6. ഇന്നാൾ പ്രാ-ണ-പ്രദനാധാരമുലച്ചപ്പോൾ
പാതാളം സംഭ്രമമാർന്നു, കർത്താവേ നീ
ഞങ്ങളെ ഓർക്കണമെ. സ്തൗമെൻ കാലോസ്----

ܦܪܘܡܝܘܢ

ܚܝܐ ܟܝܢܐ ܘܕܡܟ ܒܝܬ ܡܝ̈ܬܐ ✠ ܘܐܥܝܪ ܠܡܝ̈ܬܐ ܕܫܝܘܠ
ܒܩܠܗ ܕܠܩܒܪܗ ܐܬܘ ܝܗܘ̈ܕܝܐ ✠ ܘܚܬܡܘ ܟܐܦܐ ܥܡ ܢܛܘܪ̈ܐ
ܘܐܘܕܥܘ ܡܠܟܐ ܕܠܐ ܢܬܩܛܠ ܒܝܫܐ ܕܒܝܫܬܐ ܠܡ
ܘܒܫܘܠܛܢܗ ܢܦܩ ܩܡ ✠

സ്വമനസ്സോടെ മരണംഅനുഭവിക്കുകയും വീണുകിടന്നിരുന്ന മരിച്ചവർക്ക് സ്വശക്തിയാൽ പുനരുത്ഥാനത്തിൻെറ അറിവു നൽകുകയും ചെയ്തവനായി പ്രകൃത്യാ ജീവനുള്ളവനും മരിച്ചവരുടെ ഇടയിൽ ഉറങ്ങിക്കിടന്ന് പാതാളത്തിലെ മരിച്ചവരെ എല്ലാം സ്വശബ്ദത്താൽ ഉണർത്തിയവനും ശവക്കല്ലറകൾ സൂക്ഷിപ്പാൻ യഹൂദന്മാരാൽ തനിക്ക് വിരോധമായി ഭ്രാന്തുപിടിച്ച് വന്നെത്തുകയും കാവൽക്കാരോടുകൂടെ കല്ലിൽ മുദ്ര വയ്ക്കുകയും ചെയ്തവനായി പരാക്രമനും ശക്തിമാനും മരണത്തെ കൊന്നവനും പാതാളത്തെ നശിപ്പിച്ചവനും ആദാമിനെ കൊന്ന ദുഷ്ടനെ നാമാവശേഷമാക്കിയവനും ആയ കർത്താവിന് പ്രഭാത നമസ്ക്കാരത്തിൻെറ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

ഉൺമയുടെ ശക്തിയും ബലവും ശ്രേഷ്ഠതയുടെ ഭുജവും പിതാവിൻെറ സത്തായ സ്വാഭാവിക ജ്ഞാനവും ഉണ്ടായ സകലത്തേയും താൻ മുഖാന്തിരം ഉണ്ടാക്കുകയും സൃഷ്ടാവിൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും ആദി മനുഷ്യനായ ആദാമിനെ താൻ മുഖാന്തിരം സൃഷ്ടിക്കുകയും ചെയ്തവനും, രാജത്വം, പൗരോഹിത്യം, ദീർഘദർശനംഎന്നിവയാൽ അലംകൃതനായിരിക്കുന്ന സ്വതന്ത്രനും സ്വയാധികാരം ഉള്ളവനും ആയ ഞങ്ങളുടെ മശിഹാ തമ്പുരാനേ, ലോകൈകപരാക്രമിയായ നിനക്കല്ലാതെ അനേകർക്കുവേണ്ടി ഈ വമ്പിച്ച ഭാരം വഹിപ്പാൻ ആർക്കുകഴിയുമായിരുന്നു. കർത്താവേ നിൻെറകൽപ്പനയെ ലംഘിക്കയാൽ തൻെറ ഉന്നത പദവിൽനിന്ന് വീണുപോയ ആദാമിൻെറമേൽ നിൻെറ അനുഗ്രഹങ്ങൾ പൊഴിയുകയും നിൻെറ ശുദ്ധതയുടെ മഹോന്നതങ്ങളിൽ നിന്ന് നീ ഇറങ്ങിവന്ന് ആദാമ്യ പുത്രിയിൽനിന്ന് അവതരിക്കുകയും സ്വാഭാവികമായ എല്ലാ പ്രായത്തിലും വളരുകയും സ്വമനസ്സാൽ പീഡകൾ ഏൽക്കുകയും ജഡത്തിൽ മരിച്ച് ആദാമിനെ രക്ഷിക്കുകയും അവൻെറ മുൻമഹിമയിലേക്ക് അവനെ തിരിച്ചുകൊണ്ടുവരികയും ചെയ്തു. നീ ജഡത്തിൽ മരണം അനുഭവിച്ച് മരിച്ചവരോടുകൂടെ ഗണിക്കപ്പെട്ടപ്പോൾ ആകാശവും ഭൂമിയും ഇളകുകയും അഗ്നിമയന്മാരുടെ സൈന്യങ്ങൾ തിക്കിത്തിരക്കിവന്ന് ഭൂതലത്തെ ചുട്ടു ദഹിപ്പിക്കേണ്ടതിന് അവരുടെ ചിറകുകളെ കൂട്ടിഉരസുകയും ചെയ്തു. ദുഷ്ടനും മരണവും

ഞെട്ടിവിറയ്ക്കുകയും അവരുടെ അധികാരം നശിച്ചു നാമാവശേഷമാകുകയും ചെയ്തു. ഇന്ന് മരണം പാതാളവാതിൽക്കൽവച്ച് ചവിട്ടപ്പെട്ടു. ഇന്ന് പറുദീസാ സ്ഥാപകൻ ആദാമിനെ തോട്ടത്തിനുള്ളിൽ അന്വേഷിച്ചു കണ്ടെത്തി. ഇന്ന് ആകാശം തൻെറ മഹത്വത്തെ അറിയിക്കുകയും സൃഷ്ടികൾ തൻെറ മഹാശ്രേഷ്ഠതയെ പ്രസംഗിക്കുകയും ചെയ്യുന്നവനെ ചൊല്ലി തൻെറ മാതാവായ മറിയാം അവളുടെ സഖിമാരോടുകൂടി രഹസ്യത്തിൽ കരഞ്ഞുകൊണ്ടിരുന്നു. ഇന്നു സാധുക്കളായ കുഞ്ഞാടുകളാകുന്ന ശ്ലീഹന്മാർ ഗൂഢസ്ഥലങ്ങളിൽ ഒളിച്ചിരുന്നു. എൻെറ കർത്താവേ ഇന്നു നിൻെറ സത്യമണവാട്ടിയായ സഭ നിൻെറ മരണത്തിൽ വിജയം ഘോഷിക്കുകയും നിൻെറ പീഡകളേയും കുരിശാരോഹണത്തേയും വാത്സല്ലിക്കുകയും ചെയ്യുന്നു. ഇരു ഹേതുവായിട്ട് രക്ഷിതാവായ മശിഹാ തമ്പുരാനേ അവളിൽ നിൻെറ പ്രതിജ്ഞകൾ ഉറപ്പിക്കണമെ. അവളുടെ മക്കളെ അനുഗ്രഹിച്ചു നിൻെറ കുരിശടയാളത്താൽ അവളെ ഉൽക്കർഷപ്പെടുത്തണമെ. അവളുടെ സന്താനങ്ങളുടെ സംഘത്താൽ അവളെ പ്രബലപ്പെടുത്തണമെ. അവളുടെ സമൃദ്ധിയായ സമാധാനം കൊണ്ട് നിറയ്ക്കണമെ. അവരുടെ എല്ലാ യാചനകളെയും സാധിപ്പിക്കണമെ. നിൻെറ വലത്തുകൈ അവളുടെമേൽ ആവസിപ്പിക്കണമെ. നിൻെറ അനുകമ്പ അവളുടെ മക്കളിൽ നിലനിൽക്കണമെ. നിൻെറ അനുഗ്രഹങ്ങൾ അവൾക്കു അഭയസ്ഥാനവും

നിൻെറ ദയ ഉന്നത കോട്ടയും ആയിരിക്കണമെ. നിൻെറ നീതിയും ദയയും അവളെ സഹായിക്കുമാറാകണമെ. നിൻെറ ദാനങ്ങളെല്ലാം അവൾക്കു വർദ്ധിപ്പിക്കണമെ. ബഹുലമായ വാഴ്വുകൾ അവളിൽ ചൊരിയണമെ. നിൻെറ വിശുദ്ധറൂഹാ അവളിൽ വസിക്കുമാറാകണമെ. അവളിൽനിന്ന് നിദ്രപ്രാപിച്ചിരിക്കുന്ന വിശ്വാസികളായ വാങ്ങിപ്പോയവർ ഊർശ്ലേമ്യഭവനങ്ങളിൽ ആഹ്ളാദിക്കു മാറാകണമെ. ഏകജാതനായ ദൈവമേ അവളുടെ സന്താനങ്ങളോടുകൂടി ഉറ്റഐക്യത്തോടെ അവൾക്കുവേണ്ടി യുള്ള നിൻെറ കഷ്ടതകളേയും മരണത്തേയും സംസ്ക്കാരത്തേയും അവൾ പുകഴ്ത്തുമാറാകണമെ. അവൾ നിന്നേയും ഞങ്ങളെ രക്ഷിപ്പാൻ നിന്നെ അയച്ച പിതാവിനെയും ജീവനുണ്ടാക്കുന്ന നിൻെറ പരിശുദ്ധ റൂഹായേയും സ്തുതിച്ചു വന്ദിക്കുമാറാകണമെ. ഹോശോ-- ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഇന്നേദിവസം പ്രഭാതത്തിൽ ഭോഷന്മാർ ആരവം ഉണ്ടാക്കി. അന്യായസംഘത്തിൽ രഹസ്യം ആലോചിച്ചു. നീതിമാൻ കൊലയേറ്റ്കബറടക്കപ്പെട്ടിരിക്കുന്നു. അവൻ ചിന്തിയതായ നീതിയുള്ളരക്തത്തിൽനിന്ന് അവർ സംതൃപ്തരാകാതെയും

ശാന്തി അനുഭവിക്കാതെയും ഇരിക്കുന്നു. അവരുടെ ഓർമ്മ നീതിയോടെ നശിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം---

ഇന്നേദിവസം പ്രഭാതത്തിൽ മരിച്ചവർക്കു ഭാഗ്യം. ലോക രക്ഷകൻ അവരുടെ അടുക്കൽചെന്ന് അവരെ വിളിച്ച് ജീവനും ഉയിർപ്പും അവരോടുസുവിശേഷിച്ചു. 'ഞങ്ങളുടെ പുനരുത്ഥാനത്തിനായി ഇറങ്ങിവന്ന ജീവനുള്ളവൻ വാഴ്ത്ത പ്പെട്ടവനാകുന്നു' എന്ന് അവർ തലയുയർത്തിപാടി. **മൊറിയോ—**

Today morning, the foolish people made clamour and the multitude of the wicked plotted. The Righteous One was killed and buried. They were not satisfied with the blood of truth that they has shed and they were not quiet. Blessed is He who, by justice, destroyed their memory.

Barekmore. † Glory to ---- Unto the ages ----

Blessed are the dead, in the morning, for the savior of world has descended towards them. He called them and announced life and resurrection. They raised their heads and glorified Him, saying: Blessed is the Living One who came down for our resurrection. **Moriyo rahem melain-u-adarain.**

എത്രൊ

തൻെറ മരണമാകുന്ന ധൂപക്കൂട്ടാൽ മരിച്ചവരെ ജീവിപ്പിക്കുകയും തൻെറ സംസ്ക്കാരത്താൽ സംസ്ക്കരിക്കപ്പെട്ടവരെ ഉയിർപ്പിക്കുകയും മരണത്തിൻെറ അധികാരം അഴിച്ചുകളഞ്ഞു രക്ഷിക്കപ്പെട്ടവർക്ക് അതിനെ നിദ്ര ആക്കിത്തീർക്കുകയുംചെയ്ത ജീവനുള്ളവനേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. എൻെറ നാഥാ, ഈ സുഗന്ധധൂപത്താൽ പാപത്തിൻെറ എല്ലാ ചലനങ്ങളെയും നീ മരിപ്പിക്കണമെ. നിർദ്ദോഷമായ പുണ്യജീവനെ ഞങ്ങളുടെ അവയവങ്ങളിൽ വ്യാപിപ്പിക്കണമെ. സൽക്രിയകളുടെ പരിമളം ഞങ്ങളുടെ ചിത്തവൃത്തികളിൽ വീശണമെ. വിശ്വാസികളായ പരേതരെ ഭാഗ്യസ്ഥലത്ത് വിശ്രമിപ്പിക്കണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. മോറാൻ--

വീണ്ടും കോലോകൾ

ഇന്നേദിവസം മരിച്ചവരുടെ ഇടയിൽ സ്വതന്ത്രൻ കിടന്നു. താൻ മനസ്സോടെ സ്വയം താഴ്ത്തി. യൂദന്മാർ തൻെറ കബറിനെ സൂക്ഷിപ്പാൻ കാവൽക്കാരെനിശ്ചയിച്ചു. ആകാശവും ഭൂമിയും തന്നാൽ നിറയപ്പെട്ടിരിക്കവേ കബർ തന്നെ വഹിച്ചു. തൻെറ താഴ്മയ്ക്കുസ്തുതി. തൻെറ മരണത്താൽ മരിച്ചവരെ ജീവിപ്പിക്കുകയും ആദാമിനെയും അവൻെറ മക്കളെയുംഉയർത്തി സ്വർഗ്ഗത്തിലേക്കുകരേറ്റുകയുംചെയ്തു.

ബാറെക്മോർ. † ശുബഹോ: മെന്ഓലം---

ഇന്നേദിവസം ദൈവം സൃഷ്ടികളെ സൃഷ്ടിച്ചുകഴിഞ്ഞ് വിശ്രമിച്ചു. ഇന്ന് രാജാവ് പാതാളത്തിലേക്ക് ഇറങ്ങി. ജീവനുള്ളവൻ മരിച്ചവരുടെ ഇടയിൽ ശാന്തനായിരുന്നു. സെഹിയോനിൽ തൻെറ വസ്ത്രങ്ങളെ വിഭജിച്ചു. സഭയേ നീ അടുത്തുചെന്ന് അവൻെറ ശരീരത്തെ സ്വീകരിക്കുക. മത്സരത്തോടെ തന്നെ കുരിശിച്ചവളുടെ അടിസ്ഥാനങ്ങൾ താൻ ഉന്മൂലനംചെയ്തു. സ്ലീബായിൽ ഏറ്റുപറഞ്ഞ നിന്നെ വലത്തുഭാഗത്ത് ഇതാ നട്ടിരിക്കുന്നു.

Today the Free One dwelt among the dead, and voluntarily He humbled Himself. The Jews assigned guards to watch over His tomb. Heaven and earth are filled with Him and the tomb contained Him, as He was pleased. Glory to His humiliation, who by His death, gave life to the dead and caused Adam and his children to ascend to heaven. Barekmore. † Glory to ---- Unto the ages ----

On this day, in which God rested, when He created the world. In it our King went down to Sheol and the Living One remained quiet among the dead. Zion divided His garments. Draw near, O Church, and receive His body. He has rooted up the foundation of her who dared to crucify Him. And

you, who have confessed the cross, has been planted at the roght hand.

ബോത്തേദ്ഹാശോ - ഹബ്ലാൻ മോറാൻ എന്ന പോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

ഞാനയ്യയ്യോ സംഭ്ര-മമാർന്നേൻ
ഓടി-ച്ചെ-ന്നേൻ ഗോഗുൽത്തായിൽ
നിന്നേൻ ഞാനാ-ശ്ചര്യത്തോ-ടെ
മാതാ തൻ സോ-ദരിയോ-ടൊ-ത്ത്
കേ-ഴു-ന്നതു ഞാ-നവിടെ കണ്ടു.

ഞാൻ വിസ്മിതനായ് ചുറ്റും നോ-ക്കി
ധ്വനിയെ-ന്താ-ണെന്നാരാഞ്ഞീടാൻ
പാരം വേഗം ചാരേ നിന്നാൻ
അവിടെക്കണ്ടേ-നേകാ-ത്മജനെ
ചൊ-ല്ലിക്കേ-ഴും നാരികളെ ഞാൻ.
ക്രൂശിന്മീതെ ബലിയായ്-ത്തീ-രാൻ
സു-തനെ വിട്ടോൻ താതൻ സ്തുത്യൻ
മനസ്സാ മൃതനായ് ലേപനമേറ്റ
പുത്രൻ വന്ദ്യൻ സൂചന സ-ർവ്വം
നിറവേ-റ്റി-യവൻ റൂഹാ സ്തുത്യൻ.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪ̈ܰܚܡܶܐ ܠܶܗ ܠܥܰܡܳܐ ܕܪ̈ܳܚܡܰܝ

ܒܚܰܝܳܐ ܩܰܥܶܐ ܡܶܢ ܠܳܐ ܐܰܒܽܘܟ݂ ✠ ܡܳܪܝ ܝܰܥܩܽܘܒ ✠

മോർ യാക്കോബിൻെറ ബോവൂസോ

മൃതരായോരാത്മജ നാദത്താലെഴുന്നേറ്റിടും
ഉത്ഥാനത്തിൽ നൽകീടുമവൻ തേജോവസ്ത്രം. ദേവാ ---

സംഹാ-ര-ത്തൊടു വാദിച്ചുടയോൻ തിരികെ വാ-ങ്ങി
നഷ്ടമതായ്-ത്തീർന്നോരാദാമിൻ പ്രതിരൂ-പത്തെ
പാ-താ-ളത്തിൽ ക്ഷയമാർന്നൊരു തൻ സാദൃശ്യത്തെ
ആരാഞ്ഞീ-ടാനാഴങ്ങളിലേക്കുടയോൻ ചെന്നു. ദേവാ--

ചിതറിപ്പോ-യൊരു ദുഷ്ടർക്കായ് കതിർ വീശിയ നാ-ഥാ
മാനവ-വർഗ്ഗം മുഴുവനുമങ്ങേ വാഴ്ത്തീ-ടുന്നു
നീ വീ-ണ്ടോർ നിൻ നാമത്തിന്നും നിൻ താ-തന്നും
റൂഹ്ക്കു-ദിശാ-യ്ക്കുംസ്തോത്രംപാടുംകൃപചെയ്യേണം.ദേവാ---

ലോകം വിട്ടോർക്കുത്ഥാനത്തിൽ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാസ്തോത്രം. ദേവാ---

ഏവൻഗേലിയോൻ.

പെത്ഗോമോ

ഹാലേലുയ്യാ ഉ ഹാലേലുയ്യാ പാതാളതലം പൂകി മമജീവൻ
ഞാൻ കബറിലുറങ്ങുന്നോരെപ്പോലായി ഹാലേലുയ്യാ

വി. മത്തായി 27. 62 - 66

ܠܡܳܪܝܳܐ ܫܽܘܒܚܳܐ ܘܥܰܠܶܝܢ ܪ̈ܰܚܡܰܘܗܝ ܠܥܳܠܡܺܝܢ ✠ ܐܳܡܺܝܢ ✠

ܐܘܢܓܠܝܘܢ ܩܕܝܫܐ ܕܡܪܢ ܝܫܘܥ ܡܫܝܚܐ ܁ ܕܡܬܝ ܁

ഒരുക്കനാൾ കഴിഞ്ഞ് പിറ്റേദിവസം, പ്രധാനാചാര്യന്മാരും പരീശരും പീലാത്തോസിൻെറ അടുക്കൽ ഒരുമിച്ചുകൂടി, അവനോടു പറഞ്ഞു. പ്രഭോ, ആ വഞ്ചകൻ ജീവിച്ചിരിക്കുമ്പോൾ, മൂന്നു ദിവസം കഴിഞ്ഞ് ഞാൻ ഉയിർക്കുമെന്ന് പറഞ്ഞതായി ഞങ്ങൾ ഓർക്കുന്നു. അതുകൊണ്ട്, അവൻെറ ശിഷ്യന്മാർവന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയിട്ട് അവൻ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞ് ജനത്തെ പറഞ്ഞു ധരിപ്പിക്കും. അങ്ങനെ ഒടുവിലത്തെ വഞ്ചന, ആദ്യത്തേതിനേക്കാൾ ദോഷമായിത്തീരും. അതു സംഭവിക്കാതിരിക്കുവാൻ, മൂന്നാം ദിവസം വരെ കല്ലറ സൂക്ഷിക്കുവാൻ കൽപ്പിച്ചാലും. പീലാത്തോസ് അവരോടു പറഞ്ഞു. നിങ്ങൾക്ക് കാവൽക്കാരുണ്ടല്ലോ. പോയി നിങ്ങൾക്ക് സാധിക്കുവോളം സൂക്ഷിക്കുക. അവർ ചെന്ന് കല്ലിന് മുദ്രവച്ചു. സൂക്ഷിക്കുവാൻ കാവൽക്കൂട്ടത്തെയും നിർത്തി. ܁ ܫܘܠܡ ܐܘܢܓܠܝܘܢ ܁ ܣܘܓܝܬܐ ܕܨܦܪܐ

പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രംചെയ്യുന്നതും, ഉന്നതമായ തൻെറ തിരുനാമത്തിനുപാടുന്നതും, പ്രഭാതത്തിൽ തൻെറ കൃപയും, രാത്രികാലങ്ങളിൽ തൻെറ വിശ്വാസവും, അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാതത്തിൽ എൻെറ ശബ്ദം നീ കേൾക്കണമെ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടണമെ. കർത്താവേ, നിൻെറ ജനത്തോടു

കരുണ തോന്നണമെ. കർത്താവേ, ഞങ്ങളെല്ലാവരുടെയും പാപങ്ങൾപരിഹരിച്ചുക്ഷമിക്കണെമെ. പരിശുദ്ധനായുള്ളോവേ നിൻെറ വലത്തുകൈ ആവസിപ്പിച്ച് നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെപാപരോഗത്തെസൗഖ്യമാക്കണമെ.ആമ്മീൻ.

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറിന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise
To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܵܟ݂ ܡܵܪܝ ܬܸܫܒ̇ܘܿܚܬܵܐ ܘܲܠܐܲܒ݂ܘܼܟ݂ ܐܝܼܩܵܪܵܐ * ܘܲܠܪܘܼܚܵܐ ܩܘܼܕܵܫܵܐ ܫܘܼܒ̣ܚܵܐ
ܘܪܘܼܡܪܵܡܵܐ * ܫܠܵܡܵܐ ܘܫܲܝܢܵܐ ܘܣܲܒ݂ܪܵܐ ܛܵܒ݂ܵܐ * ܠܒ݂ܢܲܝܢܵܫܵܐ
ܠܐܲܒ݂ܵܐ ܘܲܠܒ݂ܪܵܐ ܘܲܠܪܘܼܚܵܐ * ܒܟ݂ܠܙܒܲܢ ܘܲܥܕܲܡܵܐ ܡܸܢ ܥܵܠܲܡ
ܘܲܥܕܲܡܵܐ * ܥܵܠܡܵܐ ܠܵܟ݂ ܡܵܪܝ ܥܵܠܡܵܐ ܠܵܟ݂ ܡܵܪܝ
ܥܵܠܡܵܐ ܠܵܟ݂ ܡܵܪܝ ܠܥܵܠܡܝܼܢ * ܐܵܡܹܝܢ ܘܐܵܡܹܝܢ *

ܐܲܒ݂ܘܼܢ ܕ݂ܒ݂ܲܫܡܲܝܵܐ

ܐܲܒ݂ܘܼܢ ܕ݂ܒ݂ܲܫܡܲܝܵܐ : ܢܸܬ݂ܩܲܕܲܫ ܫܡܵܟ݂ . ܬܹܐܬܸܐ ܡܲܠܟܘܼܬ݂ܵܟ݂ . ܢܸܗܘܹܐ
ܨܸܒ݂ܝܵܢܵܟ݂ : ܐܲܝܟ݂ܢܵܐ ܕ݂ܒ݂ܲܫܡܲܝܵܐ ܐܵܦ ܒ݂ܐܲܪܥܵܐ . ܗܲܒ݂ ܠܲܢ ܠܲܚܡܵܐ
ܕ݂ܣܘܼܢܩܵܢܲܢ ܝܵܘܡܵܢܵܐ . ܘܲܫܒ݂ܘܿܩ ܠܲܢ ܚܵܘܒܲܝܢ ܘܲܚܛܵܗܲܝܢ : ܐܲܝܟ݂ܢܵܐ
ܕ݂ܐܵܦ ܚܢܲܢ ܫܒ݂ܲܩܢ ܠܚܲܝܵܒ݂ܲܝܢ . ܘܠܵܐ ܬܲܥܠܲܢ ܠܢܸܣܝܘܿܢܵܐ . ܐܸܠܵܐ
ܦܲܨܵܢ ܡܸܢ ܒܝܼܫܵܐ ܡܸܛܠ ܕ݂ܕ݂ܝܼܠܵܟ݂ ܗ݈ܝܼ ܡܲܠܟܘܼܬ݂ܵܐ ܘܚܲܝܠܵܐ
ܘܬܸܫܒ̇ܘܿܚܬܵܐ ܠܥܵܠܲܡ ܥܵܠܡܝܼܢ * ܐܵܡܹܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

അറിയിപ്പിൻെറ ശനിയാഴ്ച മൂന്നാംമണി

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܫܘܒܚܐ ※ ܘܠܪܘܚܟ ܩܕܝܫܐ ܣܓܕܬܐ ܘܬܘܕܝܬܐ
ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ※ ܘܬܪܥܐ ܕܫܡܝܐ ※ ܢܬܦܬܚܘܢ

ܠܰܐܒ݂ܳܐ ܘܰܠܒ݂ܪܳܐ ܘܰܠܪܽܘܚܳܐ ܕ݁ܩܽܘܕ݂ܫܳܐ ⁜ ܡܶܢ ܥܳܠܰܡ ܘܰܥܕ݂ܰܡܳܐ
ܠܥܳܠܰܡ ܥܳܠܡܺܝܢ ⁜ ܚܽܘܣܳܝܳܐ ܠܰܢ ܡܳܪܰܢ ܚܽܘܣܳܝܳܐ ܠܰܢ ܡܳܪܰܢ
ܚܽܘܣܳܝܳܐ ܠܰܢ ܡܳܪܰܢ ܠܥܳܠܡܺܝܢ ⁜ ܒ݁ܰܪܶܟ݂ܡܳܪܝ ⁜

ܐܰܒ݂ܽܘܢ ܕ݁ܒ݂ܰܫܡܰܝܳܐ

ܐܰܒ݂ܽܘܢ ܕ݁ܒ݂ܰܫܡܰܝܳܐ : ܢܶܬ݂ܩܰܕ݁ܰܫ ܫܡܳܟ݂ . ܬ݁ܺܐܬ݂ܶܐ ܡܰܠܟ݁ܽܘܬ݂ܳܟ݂ . ܢܶܗܘܶܐ ܨܶܒ݂ܝܳܢܳܟ݂ : ܐܰܝܟ݁ܰܢܳܐ ܕ݁ܒ݂ܰܫܡܰܝܳܐ ܐܳܦ݂ ܒ݁ܰܐܪܥܳܐ . ܗܰܒ݂ ܠܰܢ ܠܰܚܡܳܐ ܕ݁ܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒ݂ܽܘܩ ܠܰܢ ܚܰܘܒ݁ܰܝܢ ܘܰܚܛܳܗܰܝܢ : ܐܰܝܟ݁ܰܢܳܐ ܕ݁ܳܐܦ݂ ܚܢܰܢ ܫܒ݂ܰܩܢ ܠܚܰܝܳܒ݂ܰܝܢ . ܠܳܐ ܬ݁ܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ ܦ݁ܰܨܳܢ ܡܶܢ ܒ݁ܺܝܫܳܐ . ܡܶܛܾܠ ܕ݁ܕ݂ܺܝܠܳܟ݂ ܗ݈ܝ ܡܰܠܟ݁ܽܘܬ݂ܳܐ ܘܚܰܝܠܳܐ ܘܬ݂ܶܫܒ݁ܽܘܚܬ݂ܳܐ ܠܥܳܠܰܡ ܥܳܠܡܺܝܢ ⁜ ܐܰܡܺܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

എനിയോനോ - ഏമോദ്കീസോ, ഒലിവീന്തൽ- എന്നപോലെ

1. പാതാളം തന്നിൽ മൃതിയെ വീഴ്ത്തി
ഞങ്ങളുടേതാം വിധിമായിച്ചോ-നേ,
ദേവാ ദയചെയ്തീടണമെ

2. മൃതനുസമം കബറിൻ ബന്ധനമേറ്റി-
ട്ടുയിരുടയോൻ പോൽ, മൃതരായോർക്കേ-കിയ
ദേവാ ദയചെയ്തീടണമെ

3. കല്ലറയിൽ സവിധമിറങ്ങിച്ചെന്ന്
വിഗതന്മാ-രെ ബഹുമാനിച്ചോ-നേ
ദേവാ ദയചെയ്തീടണമെ. ബാറെക്മോർ. † ശുബഹോ -- മെന്ഓലാം--

4. ഹനനത്താൽ ഉണ്ടായൊരു മരണത്താൽ
മൃതി പാതാള-ങ്ങളവർക്കായ് ന-ൽകി
ദേവാ ദയചെയ്തീടണമെ. സ്തൗമെൻകാലോസ്- കൂറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܚܝܐ ܕܡܝܬ ܒܦܓܪܐ ܘܐܚܝ ܠܓܢܣܐ ܕܡܝܘܬܐ ❈ ܚܝܐ ܘܡܚܝܢܐ
ܘܒܫܝܘܠ ܚܒܠܐ ܠܐ ܚܙܐ ❈ ܙܕܝܩܐ ܘܠܘܬ ܐܬܪܐ ܕܡܝܬܐ
ܐܙܠ ܘܐܚܝ ܠܡܝܬܐ ܒܩܘܒܪܐ
ܘܡܩܝܡܢܐ ܕܦܓܪܐ ❈

ജഡത്തിൽ മരിച്ച് മരണമുള്ളവരുടെ വർഗ്ഗത്തെ ജീവിപ്പിച്ച ജീവനുള്ളവനും ജീവദാതാവും പാതാളത്തിൽവച്ച് നാശംകാണാതെയുമിരുന്ന പുണ്യവാനും മരിച്ചവരുടെ സ്ഥലത്തുചെന്ന് സംസ്ക്കരിക്കപ്പെട്ടവരോട്പുനരുത്ഥാനവും

നിദ്ര പ്രാപിച്ചവരോട് സത്യശരണവും പരേതരോട് ജീവനും മരണമില്ലായ്മയും പ്രസംഗിച്ചവനുമായ മശിഹാതമ്പുരാന് സ്തുതി. തനിക്ക് മൂന്നാംമണിയുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കൂല്ഹൂൻ---

ܗܒ݂ܘܿܢ

സത്യജീവനും ലോകത്തെ ജീവിപ്പിക്കുന്നവനുമായ നമ്മുടെ മശിഹാതമ്പുരാൻ പ്രകൃത്യാ എല്ലാ ലൗകിക പീഡകളിൽ നിന്നും അകന്നിരിക്കെ സ്വമനസ്സാൽ പീഡ ഏൽപ്പാനായിട്ടു വന്നു. നമ്മെ രക്ഷിപ്പാൻവേണ്ടി കുരിശിൽ തറപ്പും മരണവും താൻ സഹിച്ചു. യോനാ സമുദ്രത്താലും മത്സ്യത്താലും മുൻകൂട്ടി സൂചിപ്പിച്ച പ്രകാരം മൂന്നുദിവസം കർത്താവ് പാതാളത്തിൽ താമസിച്ചു. യാക്കോബ് ആരെക്കുറിച്ച് കൊലയിൽനിന്ന് വിട്ടുപോയെന്ന് പ്രവചിച്ചുവോ ആ സിംഹക്കുട്ടി ഒരു ബലഹീനനെപ്പോലെ പാതാളത്തിൻെറ അടിയിൽ മടിഞ്ഞു കിടന്നു. ഭക്ഷിക്കുന്നവ നിൽനിന്ന് പുറപ്പെട്ട മധുരഭക്ഷണത്താൽ ശിംശോൻ ക്രൂരമരണത്തെ ജയിക്കുന്ന തന്നെ സൂചിപ്പിച്ചിരുന്നു. ഇന്ന് ജീവൻെറ അച്ചാരമാകുന്ന പറുദീസായിൽ നീ എന്നോടുകൂടെ ഇരിക്കുമെന്നുള്ള ശബ്ദം കേട്ട കള്ളൻ കർത്താവിനെ സ്വർഗ്ഗീയ രാജാവാണെന്നു തിരിച്ചറിഞ്ഞു.

താൻ സത്യദൈവത്തിൻെറ പുത്രനാണെന്ന് ശതാധിപൻ തന്നെ ഏറ്റു പറഞ്ഞു. യൗസേഫ് നാടുവാഴിയായ പീലാത്തോസിനോട് കർത്താവിൻെറശരീരം ചോദിച്ചുവാങ്ങി. മൂരും നറുമ്പശയുമാകുന്ന സുഗന്ധദ്രവ്യങ്ങൾ ഇട്ട് നേരിയ വസ്ത്രങ്ങൾകൊണ്ട് മൂടി യഥാശക്തി തന്നെ ആദരിച്ച് അവൻെറ വകയായ പുതിയ ശവക്കല്ലറയിൽ തന്നെ അടക്കി. തൻെറ പ്രവേശത്തിൽ ദീർഘദർശി പറഞ്ഞതുപോല പാതാളം അനുസരിച്ചു. തന്നെ സംസ്ക്കരിച്ചതിനാൽ അത് അതിൻെറ അസ്ഥിവാരങ്ങളോടെ നശിച്ചുപോയി. വന്ദ്യനായ താൻ അതിൽ പ്രവേശിച്ച് അതിൻെറ ഭണ്ഡാരങ്ങൾ ശൂന്യമാക്കി. അന്തർഭാഗം നശിച്ചു. മരണമേ, നിൻെറ മൂർച്ച എവിടെ? പാതാളമേ, നിൻെറ ജയമെവിടെ എന്ന് നീതിയോടെ താൻ ചോദിച്ചു. ബലവാനായ രാജാവ് ക്രൂരനായ മരണത്തെ ബന്ധിച്ച് ആദാമിൻെറ ഭവനക്കാരായ അടിമകളെ അവനിൽനിന്ന് വീണ്ടെടുത്തു. ബലവാനു ശിക്ഷ വിധിച്ച് അവൻെറ അധികാരം അവനിൽനിന്ന് എടുത്തുകളഞ്ഞു. തോട്ടത്തിൻെറ ഉടമസ്ഥനായ അവകാശിയെ കൊടുപ്പെടുത്തുവാൻ കോപിച്ചിരുന്ന നാശസംഘം, 'ഏഹെ, ഏഹെ ഞങ്ങളുടെ കണ്ണ് അവനെക്കണ്ടു' എന്നും, ദേവാലയം പൊളിച്ചു മൂന്നുദിവസംകൊണ്ടു നിർമ്മിക്കുന്നവനേ നീ നിന്നെത്തന്നെ രക്ഷിക്ക' എന്നും ആക്ഷേപിച്ചു പറഞ്ഞു. അതിനു മണവാളൻെറ മരണത്താൽ വിലപിച്ചുകൊണ്ടിരുന്ന പുറജാതികളുടെ പുത്രിയാകുന്ന സഭ "എൻെറ ശത്രുവായ

നീ എന്നെക്കുറിച്ച് സന്തോഷിക്കേണ്ട. ഞാൻ വീണു പോയാലും എഴുന്നേൽക്കും. ഞാൻ ഇരുട്ടിൽപെട്ടു വെങ്കിലും കർത്താവ് എന്നെ പ്രകാശിപ്പിക്കും" എന്നു ദീർഘദർശി പഠിപ്പിച്ചപ്രകാരം വേശ്യ ആയ മണവാട്ടിയോടു മറുപടി പറഞ്ഞു. ഇതു ഹേരുവായിട്ട് ഞങ്ങളുടെ മശിഹാതമ്പുരാനേ ദൈവം ജീവിച്ചെഴുന്നേറ്റു എന്നും അവന്റെ എല്ലാ ശത്രുക്കളും ചിന്നിപ്പോയെന്നും, അവർ മുട്ടുകുത്തി വീണു എന്നും, ഞങ്ങൾ എഴുന്നേറ്റു സന്നദ്ധരായിരിക്കുന്നു എന്നും, ഞങ്ങളെ മരണത്തിന്റെ ആധിപത്യത്തിൽനിന്ന് രക്ഷിച്ച കർത്താവിന്റെ തിരുനാമാമണ് ഞങ്ങൾക്ക് തുണയെന്നും ഞങ്ങൾ ജാടിപ്പറയുന്നു. ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും നിന്റെ രാജ്യത്തിൽ ആഹ്ളാദിപ്പാനും നിന്നെക്കണ്ടു സന്തോഷിപ്പാനും ഞങ്ങൾക്കു സംഗതി വരുത്തണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും.

ഹോശോ-

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

മരിച്ചവരുടെ ഇടയിൽ ജീവനുള്ളവൻ ബന്ധിക്കപ്പെട്ടു. നമ്മുടെ രക്ഷയ്ക്കായി ദൈവപുത്രൻ കബറിനുള്ളിൽ

സ്ഥിതിചെയ്തു. നമുക്കുവേണ്ടി തൻെറ ശ്രേഷ്ഠതയെ താഴ്ത്തി മരണമുള്ളവരെജീവിപ്പിക്കേണ്ടതിന് സ്ലീബായുടെ കഷ്ടതകൾസഹിച്ചു. എല്ലാ മരിച്ചവരും ആശ്വാസംപ്രാപിച്ചു. സ്നേഹത്തോടെ കബറിനുള്ളിൽഇറങ്ങി അവരെ സന്ദർശിച്ചവന് അവർ ഉണർന്നെഴുന്നേറ്റ് സ്തുതി പാടി.

ബാറെക്മോർ. † ശുബഹോ: മെന്ഓലം---

മശിഹാ പാതാളത്തിൽമരിച്ചവരുടെയിടയിൽകിടന്നു. ദാവീദേ നീ എഴുന്നേറ്റ് നിൻെറ കിന്നരമെടുത്തുകൊണ്ട് സ്തുതി പാടുക. കണ്ടാലും നിൻെറ പ്രവചനം നിവൃത്തിയായിരിക്കുന്നു. മശിഹാ മരിച്ചവരുടെയിടയിലേക്ക് ഇറങ്ങിച്ചെന്ന് ആദാമിനെസന്ദർശിച്ചു. ജീവനുള്ളവൻ മരിച്ചവരുടെയിടയിൽ പാതാളത്തിനുള്ളിൽ കിടന്നു. നമ്മോടു കരുണചെയ്തു. തനിക്കും തൻെറ പിതാവിനും സ്തുതി.

Behold the Living One confined Himself among the dead by His own will, and the Son of God was in the tomb for our salvation. He lowered the height of magnificence for our sake and endured suffering on the cross to give life to the mortals. All the departed were consoled and they woke up and together glorified Him, who by His love descended into the tomb and visited them.

Barekmore. † Glory to ---- Unto the ages ----

Christ the Living One dwelt among the dead in Sheol. O David, rise and take your Cithare and sing praise to Him, for behold, O man of the spirit, your prophecy has been fulfilled and Christ has descended towards the dead and visited Adam. Behold, the Living One dwelt among the dead and the Free One in Sheol. Gloty to Him and to His Sended who has pity and mercy upon us.

ബോത്തേദ്ഹാശോ - ഹബ്ലാൻ മോറാൻ എന്ന പോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

ദൈവാത്മജനാം നല്ലവ-കാ-ശി
പാ-താ-ള-ത്തിൻ സവിധേ ചെന്നു
മൃതരെ സന്ദർ-ശിച്ചതിനാ-ലെ
കബറിൽ പാർത്താർ ധർമ്മിഷ്ഠന്മാർ
ഇന്നാ-ളൂ-ടയോനെ കീർത്തിച്ചു.

നിൻകാര്യം മുൻചൊന്നോ-രാ-കും
ആദാം-ഹാ-ബേൽ ഇസഹാക്ക് യാക്കോബ്
മൂശാ യോശ്വാ ശമുവേൽ ദാവീദ്
എന്നുള്ളോർതന്നസ്ഥി-കളി-ന്മേൽ
നിൻ തേ-ജ-സ്സിന്നുദയം ചെയ്തു.

സ്വയമേ ക്രൂശിന്നർപ്പി-ച്ചോ-നായ്
കബറി-ന്നു-ള്ളിൽ ശയനം ചെയ്ത

സ്വയമുദ്ഭൂതൻ നാഥാ നിന്നെ
ആട്ടിൻ കൂട്ടം സ്തോത്രം ചെയ്യും
പിതൃറൂ-ഹായെ വന്ദിച്ചീടും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪ̈ܚܡܐ ܠܳܘ ܒܒܳܥܘܬܐ ܕܪ̈ܚܡܝ
ܒܚܰܢܳܢ ܒܥܳܘ ܡܶܢܳܟ ܐܳܠ ܬܶܥܒܰܟ ܀ ܡܶܢܝ ܘܪܰܚܶܡ ܀

മോർ ബാലായിയുടെ ബോവൂസോ

1. തന്മ-രണത്താലെ ഞങ്ങളെ രക്ഷിച്ച
മശിഹാ പ്രാർത്ഥന കേ-ട്ടൻപുണ്ടാകേണം.

2. ബലവാ-നാം നാഥൻ താഴേക്കെഴുന്നെള്ളി
സദയം സുതസഹിതം കര കേറ്റീടുകയാൽ
ആദാം ഹവ്വാമാ-രിന്നാനന്ദിക്കട്ടെ.

3. സ്തുത്യൻ നന്ദനനെ വിട്ടോനാം താതൻ
പോയ് മൃതരെ കണ്ടോൻ പുത്രൻസ്തോത്രാർഹൻ
നിഖില-ജഗത്പൂജ്യൻ പരിപാ-വന റൂഹാ.

4. വിണ്ണവർ തൻനാഥാ മൺമയരാശയുമേ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറിന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും

മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും

ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും

മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ

സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ

നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise

Worship glory be to the Ho-ly Ghost

Grace and mercy be on us sinners all

Opened be to us - Zion's gates above.

May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord,

Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ ܘܐܝܩܪܐ

ܘܪܘܡܪܡܐ ⁜ ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ

ܠܢ ܬܪܥܐ ܕܐܘܪܫܠܡ ܕܠܥܠ ⁜ ܘܒܥܘܬܢ ܬܥܘܠ ܩܕܡ ܟܘܪܣܝܗ

ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܢ ܫܘܒܚܐ ܠܟ ܡܪܢ

ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪ ⁜

ܐܡܝܢ ܘܐܡܝܢ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ❉ ܐܡܝܢ ❉

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

അറിയിപ്പിൻെറ ശനിയാഴ്ച ആറാംമണി

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ

സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ

നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise

Worship glory be to the Ho-ly Ghost

Grace and mercy be on us sinners all

Opened be to us - Zion's gates above.

May our - pleas be heard at the throne of Christ

Praise to Thee, O Lord, Praise to Thee, O Lord,

Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢܐ ⁜ ܘܬܘܕܝܬܐ ܘܣܘܓܕܐ ܩܕܝܫܐ

ܘܢܘܗܪܐ ⁜ ܘܚܢܢܐ ܘܪܚܡܐ ܥܠ ܚܛܝܐ ⁜ ܢܬܦܬܚܘܢ

ܠܢ ܬܪ̈ܥܐ ܕܨܗܝܘܢ ܕܠܥܠ ⁜ ܘܒܥܘܬܢ ܬܗܘܐ ܩܕܡ ܟܘܪܣܝܟ

ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ

ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ

ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ

ܫܒܩܢ ܠܚܝ̈ܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എൻെറ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരു മുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായ

വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ മുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഹൗദ് ഉഹദോനോ

1. ഉടയോനാം മശിഹാ, പാതാളത്തിൽ
   പുനരുത്ഥാനപ്പനിനീരാൽ, മൃതരെ മോദിപ്പിച്ചോനേ
   നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

2. ഉടയോനാം മശിഹാ, പാതാളത്തിൽ
   നോക്കിപ്പാർത്തൊരു സിദ്ധന്മാർ-
   ക്കാശ്വാസം നൽകിയ നാഥാ,
   നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

3. ഉടയോനാം മശിഹാ, ഞങ്ങൾക്കായി
മാനവനെപ്പോൽ മൃതിയാർന്നു
മൃതിയാൽ മൃതിയെ കൊന്നോനേ
നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

4. ഉടയോനാം മശിഹാ, അടിമത്തം തീർ-
ത്താദാമിനെരക്ഷിച്ചീടാൻ കബറിലിറങ്ങിയനിഖിലേശാ
നിൻമുൻ വ-ന്നേൻ കൃപചെയ്കെൻമേൽ. ബാറെക്മോർ

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

5. മൃതിയാൽ പാപികളെ, രക്ഷിച്ചോനേ
മർത്ത്യർക്കുത്ഥാനത്തിൻ പ്രത്യാശകൊടുത്തോനാംനാഥാ
നിൻ മുൻ വ-ന്നേൻ കൃപചെയ്കെൻമേൽ

സ്തൗമെൻ കാലോസ് --- --- കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܚܝܐ ܟܝܢܝܐ ܘܡܚܝܢܐ ܘܓܘܢܐ ܕܡܝܬܐ ❊ ܢܘܚܡܐ ܕܥܢܝܕܐ ܘܩܝܡܬܐ
ܕܩܒܝܪܐ ܘܡܚܕܝܢܐ ❊ ܠܕܡܟܝܢ ܒܥܦܪܐ ܘܡܢܗܪܢܐ ܕܚܫܘܟܐ
ܘܡܦܪܢܣܢܐ ܕܟܠ ܕܐܝܬ ܘܐܝܬܘܗܝ ܡܪܝܐ ܠܟܠ ܐܠܗܐ
ܘܡܠܟܐ ܕܥܠܡܐ ❊

പ്രകൃത്യാ ജീവനുള്ളവനും ജീവൻ നൽകുന്നവനും മരിച്ചവരുടെ ശരണവും പരേതരുടെ പുനരുത്ഥാനവും സംസ്ക്കരിക്കപ്പെട്ടവരുടെ ഉയിർപ്പും മണ്ണിൽ ഉറങ്ങിയവരെ ആനന്ദിപ്പിക്കുന്നവനും അന്ധകാരത്തെ പ്രകാശിപ്പിക്കുന്ന

രശ്മിയും ബന്ധിക്കപ്പെട്ടിരിക്കുന്നവരെ ആശ്വസിപ്പിക്കുന്ന മഞ്ഞും മരണത്തെ മരിപ്പിക്കുന്നവനും പാതാളത്തെ നശിപ്പിക്കുന്നവനും തൻെറ സ്വരൂപത്തെ പുതുക്കുന്നവനും സൃഷ്ടിയെ നിലനിർത്തുന്നവനുമായ കർത്താവിന് സ്തുതി. തനിക്ക് ആറാം മണിയുടെ നമസ്ക്കാരം നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܶܕܪܳܐ

അദൃശ്യനും ബുദ്ധികൊണ്ട് ആരാഞ്ഞറിയുവാൻ വഹിയാത്ത വനും അവർണ്ണനീയനുമായ ആ ബലവാൻനിമത്തം ഇന്നലെയും ഇന്നു ഉണ്ടായവ വർണ്ണിപ്പാൻ ത്രാണിയുള്ള ജ്ഞാനവും വാക്കും ആർക്കുള്ളു? ഇന്നലെ പീഡകളും ശിക്ഷാവിധിയും അനുഭവിച്ച വെള്ളിയാഴ്ച. ഇന്ന് സമാധാനത്തിൻെറയും ആശ്വാസത്തിൻേറയും ശനിയാഴ്ച. ഇന്നലെ സപ്രേന്മാരും പ്രീശേന്മാരും പുരോഹിതന്മാരും പ്രധാന പുരോഹിതന്മാരും പരിഹസിക്കുന്നു. ഇന്ന് പതിതരായ പരേതന്മാർ സ്തുതിക്കുന്നു. ഇന്നലെ പാറകൾ പിളരുകയും ദേവാലയത്തിലെതിരശ്ശീല കീറുകയുംചെയ്തു. ഇന്ന് ശവക്കല്ലറകൾ തുറക്കപ്പെട്ടു. ഇന്നലെ പരാക്രമൻ തൂണ് കെട്ടിപ്പിടിച്ചു. ഇന്ന് അവൻ പാതാളത്തിൽ പൂഴിയായ ആദാമിൻെറ അടുക്കൽ കിടക്കുന്നു. ഇന്നലെ കഷ്ടതകളും

ദുഃഖവും നിറഞ്ഞ വെള്ളിയാഴ്ച. ഇന്ന് സുവിശേഷത്തിൻെറ ശനിയാഴ്ച. ഇന്നലെ കുരിശിന്മേൽ തറയ്ക്കുന്നവർ പരിഹസിക്കുന്നു. ഇന്ന് മരിച്ചവർ ജീവിച്ചെഴുന്നേറ്റ് സന്തോഷത്തോടെ സ്തുതിക്കുന്നു. ഇന്ന് പാതാളം വസന്തംപോലെ സ്തുതികളാൽ പുഷ്പിച്ചു. മരിച്ചവർ ശവക്കല്ലറകളിൽ നിന്ന് ആനന്ദിച്ചുകൊണ്ട് പൂക്കൾപോലെ മുളച്ചു. ഇന്ന് ഭൂമിയുടെ മുകൾഭാഗം നിശ്ശബ്ദമായിരുന്നു. താഴെ പാതാള വീഥികളിൽ കോലാഹലം കേൾക്കപ്പെട്ടു. ഇന്ന് മരണത്തെ ബന്ധിച്ച് ആദാമിനെ മോചിപ്പിച്ചതുകണ്ടിട്ട് ശവക്കല്ലറകൾ ദുഃഖിച്ചു. ഇന്ന് മരിച്ചവരെല്ലാം കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തുനിന്ന് എന്നേക്കുംവാഴ്ത്തപ്പെട്ടതാകുന്നു എന്ന് ഒരേ ശബ്ദത്തിൽ അട്ടഹസിച്ചുപറഞ്ഞു. ഞങ്ങൾ നിനക്കു സമർപ്പിക്കുന്ന ഈ പരിമളധൂപംമൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. കർത്താവേ കടങ്ങളുടെ പരിഹാരവും പാപങ്ങൾക്കു മോചനവും നൽകുന്നതായ നിൻെറ വിസ്മയനീയമായ കൃത്യത്തിന് ഞങ്ങളെ പാത്രമാക്കണമെ. നിന്നോടുകൂടെ സന്തോഷിപ്പാനും നിൻെറ പുനരുത്ഥാനത്തിൽ ആനന്ദിച്ച് ആഹ്ളാദിപ്പാനും നിൻെറ ഉയിർപ്പിൽ സ്തുതിപാടുവാനും ഞങ്ങൾക്കു കൃപ നൽകണമെ. വിശ്വാസികളായ മരിച്ചവരിൽ അനുഗ്രഹങ്ങളും കരുണയുമാകുന്ന പനിമഞ്ഞ് നീ തളിക്കണമെ. ഞങ്ങളും അവരും നിനക്കുംനിൻെറപിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ വബ്----

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

സ്രൃഷ്ടാവായ ദൈവം ആദാമിനെപുതുക്കുവാൻ അവൻെറ അടുക്കൽ ദയവോടെ പ്രവേശിച്ചു. തന്നോടൊന്നിച്ച് സ്വർഗ്ഗത്തിലേക്ക് അവനെ കരേറ്റി. തൻെറ പിതാവിൻെറ മഹത്വസ്ഥലത്ത് അവനെ വസിപ്പിച്ചു. മരണം ബന്ധിച്ചിരുന്ന ബന്ധിതനെ താൻ പുറത്താക്കി. കബറക്കപ്പെട്ടവർക്ക് ധൈര്യവും നല്ല പ്രത്യാശയും താൻ നൽകി.

ബാറെക്മോർ. † ശുബഹോ: മെനൗാലം---

പാതാളത്തിൻെറ മടിയിൽ നിദ്രപ്രാപിച്ചവർക്ക് ഇന്നേദിവസം പ്രത്യാശയുണ്ടായി. അവർക്ക് പ്രകാശം ഉദിക്കുകയും പാപാന്ധകാരംനീങ്ങിപ്പോകുകയുംചെയ്തു. അവരുടെ അടുക്കൽ ഇറങ്ങിച്ചെന്നവന് അവർ സ്തുതിപാടി. അത്യാഗ്രഹിയായ മരണത്തിൻെറ അധീനതയിൽനിന്ന് അവരുടെ ശരീരങ്ങളെ താൻ ജീവിപ്പിച്ചു.

By His compassion, the Creator went down to Adam, for He was pleased to renew him, and raised him to heaven with Him, to the glorious place of His Begetter. He released and brought out the prisoners, whom death had imprisoned in his

domain. He gave courage and good hope to those who were in the tombs.

Barekmore. † Glory to ---- Unto the ages ----

Today hope was revealed to those who were lying down in the 'bosom' of Sheol, for Light dawned for them, and by it the darkness of sin disappeared. They began to sing praise to Him who lowered Himself towards them, and the raised their bodies from the lower regions of the greedy death.

ബോത്തേദ്ഹാശോ - ഹബ്ലാൻ മോറാൻ എന്ന പോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

സ്വവധത്താലാദാമി-നെ വീ-ണ്ടു
പറുദീ-സായിലേറ്റിയൊരാത്മജനേ
പാവന സഭയാ-നന്ദക്കട്ടെ
കൂട്ടം ചേർന്നോരപ്പുരുഷാ-രം
സ്തുതി നിൻ-പേ-ർക്കായ് പാടീടട്ടെ.

ഏകസുതൻ തൻ ദൃഷ്ടാ-ന്ത-ങ്ങൾ
ഇന്നേ-ദിവസം നിറവിൽ വന്നു
നിർമ്മലസഭ തൻ-സന്താനങ്ങൾ
പാപക്ഷമയും ശാന്തിയുമേ-കാ-ൻ
നാ-ഥൻ പ-ക്കൽ യാചിക്കുന്നു.

കർത്താവേ നിൻ സൃഷ്ടി-കളെ-ല്ലാം
നിന്നെ സ്തോ-ത്രം ചെയ്തീടട്ടെ
ദൃഷ്-ടാന്തത്താൽ ധർമ്മി-ഷ്ഠന്മാർ
ഗൂഢോക്തിളാൽ നിബിയ-ന്മാ-രും
സവ്യോ-ക്തി-കളാൽ താതന്മാരും.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܪܳܚܶܡ ܠܗܽܘ ܠܟܽܠܗܽܘܢ ܕܪܳܚܡܝܢ
ܒܪܺܝܫ ܥܒܶܕ ܡܳܪܝ ܐܶܠ ܠܥܰܒܕܶܐ ⁜ ܡܳܪܝ ܕܪܰܚܶܡ ⁜

മോർ യാക്കോബിൻെറ ബോവൂസോ

മൃതരായോരാത്മജ നാദത്താലെഴുന്നേറ്റീടും
ഉത്ഥാനത്തിൽ നൽകീടുമവൻ തേജോവസ്ത്രം. ദേവാ ---

യൗനാനെ മീൻ പോലെ വിഴുങ്ങി തന്നെ മരണം
മൂന്നാം നാളിൽ നാശമതെന്യേ കരയിൽ നൽകി
ജീവേശൻ നാൾ മൂന്നു വസിച്ചാൻ പാതാളത്തിൽ
ഉത്ഥാനത്താൽ വീരഭടൻപോൽ വെളിയിൽ വന്നാൻ. ദേവാ--

ഈറേന്മാർ തൻ മഹിമ വിടർത്തി പാരം താണി-
ട്ടാദാമിനെ സന്ദർശിച്ചോൻ ശ്രേഷ്ഠൻ സ്തുത്യൻ
വാനോരും മാനവരും നിന്നെ കീർത്തിക്കട്ടെ
തൽ പ്രതിരൂപത്തെ രക്ഷിപ്പാൻ വന്നോൻ സ്തുത്യൻ. ദേവാ---

ലോകം വിട്ടോർക്കുത്ഥാനത്തിൽ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാസ്തോത്രം. ദേവാ---

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)
നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܡܝܢ * ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ

ܘܬܘܕܝܬܐ * ܘܥܠܝܢ ܚܠܫܐ ܘܚܛܝܐ * ܢܫܬܦܥܘܢ

ܪ̈ܚܡܐ ܘܚܢܢܐ ܒܥܠܡܐ ܬܪܝܢ * ܡܪܝ ܚܘܣ

ܘܡܪܚܡܢܐ * ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ

ܫܘܒܚܐ ܠܟ ܡܪܢ ܠܥܠܡ * ܒܪܟܡܪܝ *

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ * ܐܡܝܢ *

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

അറിയിപ്പിൻെറ ശനിയാഴ്ച ഒമ്പതാംമണി

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറിന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion's gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܣܓܕܬܐ ✠ ܘܬܘܕܝܬܐ ܩܘܕܫܐ ܠܪܘܚܟ
ܘܗܘܡܢܘܬܐ ✠ ܘܥܠܝܢ ܚܛܝܐ ܪ̈ܚܡܐ ܘܚܢܢܐ ✠ ܢܬܦܬܚܘܢ
ܠܢ ܬܪ̈ܥܐ ܕܨܗܝܘܢ ܕܠܥܠ ✠ ܘܢܥܠܢ ܒܥܘܬܢ ܩܕܡ ܡܫܝܚܐ
ܕܡܫܝܚܐ ✠ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ✠ ܒܪܟܡܪܝ ✠

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܘܚܝܠܐ
ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ ⁜ ܐܡܝܢ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ.

എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെയുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു, നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ചമഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ മുഖം തിരിച്ച്, എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽനിന്നും എന്നെ തള്ളിക്കളയരുതെ, നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കുതുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതി ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എനിയോനോ - ലോത്തേയുലദീനോ - എന്നപോലെ

1. മൃതരുടെ മദ്ധ്യത്തിൽ ചെന്നു കിടന്നീശൻ
   ആഴത്തീന്നിന്നാൾ ആദത്തെ വീണ്ടു.

2. പീലാത്തോസ്സോടാ-ദൈവത്തിൻ ഗാത്രം

ചെന്നർത്ഥിച്ചോനാം യൗസേപ്പ് നീ ധന്യൻ.

3. നിന്നുടയോനെ നീ കേത്താനാ ചുറ്റി
മൃതനെയെന്നോണം കല്ലറയിൽ വച്ചു.

4. അവനെ ക്രൂശിച്ച യൂദർക്കുൾത്താപം
സംസ്ക്കാരം ചെയ്ത യൗസേപ്പിനും മോദം.

ബാറെക്മോർ. † ശുബഹോ - മെന്ഓലാം--

5. രക്ഷകനേ ഞങ്ങൾ-ക്കേകെണമെ ശാന്തി
നൽകണമെ പുണ്യം കാരുണ്യത്തോടെ.

സ്തൗമെൻകാലോസ് --- കുറിയേലായിസ്സോൻ

ܦܪܘܡܝܘܢ

ܚܝܐ ܒܟܝܢܗ ܘܡܚܝܢܐ ܘܚܢܢܐ ܗܘ ܡܚܝܐ ܠܡܝܬܐ ⁜ ܡܚܝܐ ܡܬܚܫܚܢܐ
ܕܡܝܬ ܒܒܣܪ ܒܨܒܝܢܗ ⁜ ܠܫܝܘܠ ܢܚܬ ܘܡܬܘܠܝ ܘܡܫܠܛܢܐ
ܘܡܦܣܩܢܐ ܠܡܝܬܐ ܕܠܐ ܠܡܠܟܐ ܕܡܝܬܐ ܒܚܝܠܗ ܘܐܝܬ
ܘܚܠܚܠܝ ܢܦܫܐ ܕܠܡܘܬ ܢܦܫ ⁜

പ്രകൃത്യാ ജീവനുള്ളവനും തൻെറ ദയയാൽ മരിച്ചവർക്ക് ജീവൻ കൊടുക്കുന്നവനും സ്വമനസ്സാലെ ജഡത്തിൽ മരിച്ച് തിരുവുള്ളം തോന്നിയതിനാൽ പാതാളത്തിലേക്ക് ഇറങ്ങിയവനും മരിച്ചവരുടെ ഇടയിൽ തൻെറ അധികരാത്താൽ തന്നെ അടക്കിയ സ്വതന്ത്രനും സംസ്ക്കരിക്കപ്പെട്ടവരെ ജീവൻെറ ശരണം അറിയിക്കുകയും മരിച്ചവരോട് പുനരുത്ഥാനം പ്രസംഗിക്കുകയും മരണം ഉള്ളവർക്ക് ഉയിർപ്പ്

വാഗ്ദാനം ചെയ്കയും ചെയ്തവനായ കർത്താവിന് സ്തുതി. തനിക്ക് ഒമ്പതാം മണി നമസ്ക്കാരത്തിൻെറ പ്രാർത്ഥന നിർവ്വഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമായിരിക്കുന്നു. ബ്കുല്ഹൂൻ---

ܣܕܪܐ

ഞങ്ങളുടെ മശിഹാതമ്പുരാനേ, നിനക്ക് ഞങ്ങളിലുള്ള എല്ലാ കൃപകൾക്കുമായി വിശേഷിച്ചും നിൻെറ പാതാള പ്രവേശനത്തിൻെറ ഈ ദിവസത്തിൽ ഞങ്ങൾ നിന്നെ വന്ദിച്ച് വാഴ്ത്തിസ്തുതിക്കുന്നു. എന്തെന്നാൽ കർത്താവേ, നീ ഞങ്ങൾക്കുവേണ്ടി പീഡയനുഭവിക്കുകയും മൂന്നുനാൾ ഭൂഗർഭത്തിൽ വസിക്കുകയും ചെയ്തുവല്ലൊ. ക്രൂരനായ മല്ലനെ ബന്ധനത്തിലാക്കി രക്ഷാകരവും ചൈതന്യപ്രദവും ആയ നിൻെറ രക്തത്താൽ പാതാളത്തെ കൊള്ളയിട്ട് അടിമയെ വീണ്ടെടുത്തു. നീ നാശമേൽക്കാതെ സമാധാനവും സന്തോഷവും സുവിശേഷിച്ചു. നീ ദൈവത്തെപ്പോലെ മഹിമയോടെ ജീവിച്ചെഴുന്നെൽക്കുകയും ഞങ്ങളെ നാശം കൂടാതെ നിന്നോടുകൂടെ ഉയിർപ്പിക്കുകയും ചെയ്തു. കർത്താവെ ഇപ്പോൾ ഞങ്ങൾ ആനന്ദിച്ച് പറയുന്നു. കർത്താവ് തൻെറ ഭക്തന്മാർക്ക് ഇന്ന് തൻെറ രക്ഷ കാണിച്ച് പുറജാതികളുടെ മുമ്പിൽ തൻെറ നീതി വെളിപ്പെടുത്തി. ഇന്ന് ദൈവികഗായകനായ ദാവീദിനോടുകൂടി

ഞങ്ങൾ അട്ടഹസിച്ചുപറയുന്നു. കർത്താവ് ഉണ്ടാക്കിയ ദിവസം ഇതാകുന്നു. വരുവിൻ നമുക്ക് സന്തോഷിച്ച് ആനന്ദിക്കാം. വലിയ പെരുന്നാൾ ഇതാകുന്നു. ഇന്നാകുന്നു സന്തോഷം. ഇന്നാകുന്നു രക്ഷ. ഇന്നാകുന്നു വലിയ പെരുന്നാൾ. ഇന്ന് മാലാഖമാർ ഭൂവാസികളോട് സന്തോഷത്തെപ്പറ്റി പ്രസംഗിക്കുന്നു. ഇന്ന് കുരിശിന്മേൽ തറച്ചവർക്ക് വിലാപവും ശിഷ്യന്മാർക്ക് ആശ്വാസവും യഹൂദന്മാർക്ക് ദുഃഖവും സഭയ്ക്ക് സന്തോഷവും ആനന്ദവുമാകുന്നു. ഇന്ന് ജീവൻെറശരണത്തോട് നാം സമീപിച്ചിരിക്കുന്നു. ഇന്ന് മരിച്ചവരെ സ്വശബ്ദത്താൽ ഉണർത്തുകയും തൻെറ സൃഷ്ടിയെ വീണ്ടും സന്തോഷിപ്പിക്കുകയും ചെയ്യുന്നവൻ മരിച്ചവരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. ആകാശത്തേയും ഭൂമിയേയും തൻെറ കൃപയുടെ ആംഗ്യംകൊണ്ട് തൂക്കിനിർത്തിയിട്ടുള്ളവനെ ആണികളാൽതറച്ചതായും കുന്തംകൊണ്ട് തൻെറ വിലാവ് കുത്തിത്തുളച്ചതായും ഇന്നലെ നാം കുരിശിന്മേൽ കണ്ടു. ഇന്ന് മരണത്തെ കൊള്ളയിട്ട് അവൻെറ ഭണ്ഡാരങ്ങൾ ശൂന്യമാക്കിയവനെ നാം ശവക്കല്ലറയിൽ കണ്ടു. താഴെ യൗസേപ്പ് തന്നെ സംസ്ക്കരിപ്പാനായി പീലാത്തോസിൻെറ അനുവാദം അപേക്ഷിച്ചു. മുകളിൽ തൻെറ മഹത്ത്വം കണ്ടുകൊൾവാൻ ഗബ്രിയേൽ മുതലായവരോട് താൻ ആജ്ഞാപിക്കുന്നു. ഇവിടെ മഗ്ദലനക്കാരി മറിയാം തന്നെ ശവക്കല്ലറയിൽനിന്ന് ആര് എടുത്തുകൊണ്ടു പോയി എന്ന് കരഞ്ഞുകൊണ്ട് ചോദിക്കുന്നു. മുകളിൽ തന്നെ സ്തുതിക്കുന്നത് നിർത്താതിരിപ്പാൻ സ്രാപ്പേന്മാരെ

പ്രോത്സാഹിപ്പിക്കുന്നു. ഇതു ഹേതുവായിട്ട് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങൾക്ക് ഐക്യവും സമാധാനവും പ്രദാനം ചെയ്യണമെ. രോഗികളെയും പീഢിതരേയും ദുഷ്ടാത്മാക്കളാൽ പരീക്ഷിക്കപ്പെടുന്നവരെയും നീ കനിഞ്ഞ് കടാക്ഷിക്കണമെ. സത്യവിശ്വാസത്താൽ നിൻെറ ശരണത്തിന്മേൽ നിദ്രപ്രാപിച്ച എല്ലാവർക്കും നല്ലതും അംഗീകരിക്കപ്പെട്ടതുമായ ഓർമ്മയുണ്ടാക്കണമെ. അവരെയും അവരോടുകൂടെ ഞങ്ങളെയും അനുഗ്രൃഹീതമായ പുനരുത്ഥാനത്തിന് മുഖപ്രസാദത്താൽ അർഹരാക്കണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. ഹോശോ വബ്കൂൽസ്ബാൻ ------

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോലോകൾ

ഇന്നേദിവസം സ്വതന്ത്രനായവൻ മരിച്ചവരുടെ ഇടയിൽ കിടന്നു. തിരുവിഷ്ടത്താൽ താൻ സ്വയംതാഴ്ത്തി. യൂദന്മാർ തൻെറ കബറിനെ കാക്കുവാൻ പരിഹാസത്തോടെ കാവൽക്കാരെയാക്കി. ആകാശവും ഭൂമിയും തന്നാൽ നിറയപ്പെട്ടിരിക്കുന്നു. തിരുവിഷ്ടത്താൽ കബർ തന്നെ വഹിച്ചു. തൻെറ താഴ്മയ്ക്കു സ്തുതി.

ബാറെക്മോർ. † ശുബഹോ: മെന്ഓലം---

ഇന്നേദിവസം സർവ്വശക്തനായ ദൈവം സൃഷ്ടികളെ സൃഷ്ടിച്ചുകഴിഞ്ഞ് വിശ്രമിച്ചു. ഇന്ന് രാജാവ് പാതാളത്തിലേക്ക് ഇറങ്ങി. ജീവനുള്ളവൻ മരിച്ചവരുടെ ഇടയിൽ ശാന്തനായിരുന്നു. സെഹിയോനിൽ തൻെറ വസ്ത്രങ്ങളെ വിഭജിച്ചു. സഭയേ നീ അടുത്തുചെന്ന് അവൻെറ ശരീരം സ്വീകരിക്കുക. മത്സരത്തോടെ തന്നെ കുരിശിച്ചവരുടെ അടിസ്ഥാനങ്ങൾ താൻ ഉന്മൂലനംചെയ്തു. സ്ലീബായിൽ ഏറ്റുപറഞ്ഞ നിന്നെ വലത്തുഭാഗത്ത് ഇതാ നട്ടിരിക്കുന്നു.

ബോത്തേദ്ഹാശോ - ഹബ്ലാൻ മോറാൻ എന്ന പോലെ

മൃതനാമുയിരിൻ തനയൻ ധന്യൻ
അഴിവില്ലാത്തോൻ വിമലൻ ധന്യൻ.

ലോകത്തിനുമഗ്ന്യാത്മീ-യർ-ക്കും
പ്രഭയാൽ ജീ-വൻ നൽകും പുത്രാ
മാസങ്ങൾക്കൈ-ശ്വര്യം നൽക
നിന്നെ ഞങ്ങൾ വാഴ്ത്താൻ ഭൂ-വിൽ
വർദ്ധി-ക്ക-ട്ടെ നന്മകളെല്ലാം.

ഭൂസ്വർഗ്ഗേശാ രാജാ-ധീ-ശാ
ജഗതീ-നാ-ഥന്മാർ തൻ നാഥാ
ജനതയ്ക്കേകീ-ടേണം ശാന്തി
വിശ്വാസത്തോടങ്ങേ-വാ-ഴ്ത്താൻ
രാജാവേ നൽകുക കാരുണ്യം.

മാതാവിന്നും ശുദ്ധ-ന്മാ-ർക്കും
നിബിയർ ശ്ലീ-ഹർ സഹദേന്മാർക്കും

ഉളവാക്കിടേ-ണം നല്ലോർമ്മ
നിന്നെ കാത്തങ്ങമരും മൃ-തരെ
ആ വൃ-ന്ദ-ത്തിൽ ചേർത്തീടേണം.

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ----

ܡܳܪܝ ܕܕܳܢܶܘ ܠܶܗ ܠܕܰܝܳܢܳܐ ܕܕܳܢܶܐ
ܠܕܺܝܢܳܐ ܠܳܐ ܡܳܪܝ ܬܥܰܠܶܠ ⁜ ܡܳܪܝ ܪܰܚܶܡ ⁜

മോർ അപ്രേമിൻെറ ബോവൂസോ

ܡܳܪܝ ܐܶܬܪܰܚܰܡ ܥܰܠ ܥܰܒܕܰܝܟ ܕܰܫܟܶܒܘ
ܒܡܶܣܒܰܪܬܳܐ ܕܚܽܘܒܳܟ ܩܳܡܽܘ ܠܶܗ ܘܰܢܣܺܝܒܺܝ ⁜
ܐܶܬܪܰܚܰܡ ܥܠܰܝܗܽܘܢ ܡܳܪܝ ܥܰܒܕܳܐ ܗܳܢܽܘܢ ܟܽܠܗܽܘܢ ⁜

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ.
ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ

1. സ്വാതന്ത്ര്യം തന്നരുളിയതാം
സ്ലീബായെ വന്ദിച്ചിടുവിൻ
നിങ്ങൾക്കായ് മൃതിയേറ്റോനാം
മണവാളന്നായ് സ്തുതിപാടിൻ. ദേവാ ദയ---

2. മൃതി ഞങ്ങൾക്കായേറ്റോനാം

ദേവേശാ സ്തുതി കനിയണമെ
ഇഹപരലോകങ്ങളിലെന്നും
ഞങ്ങളോടാദ്രത തോന്നണമെ. ദേവാ ദയ--

3. മൃതിയാൽ ഞങ്ങളെ വീണ്ടോനാം
ദൈവസുതാ കൃപ ചെയ്യണമെ
പാപവിമോചനമേകണമെ
ഞങ്ങൾക്കും മൃതരായോർക്കും. ദേവാ ദയ---

ഞങ്ങൾക്കായുളവായൊരുനിൻ
ബഹുകഷ്ടതയാൽ കൃപ
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ ദയ--

കൗമാ

കബറാർന്നു കബർനാശം നീക്കിയ മശിഹാ
മൃതരെ ജീവിപ്പിച്ചേറ്റുക കബറീന്നും. (3)

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Christ Who- Effaced our Death by- Thy death - Raise To life, the dead and have me-rcy on us (3 Times)

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. Barekmor

ܠܟ ܡܪܝ ܬܫܒܘܚܬܐ ܘܠܐܒܘܟ ܐܝܩܪܐ ⁜ ܘܠܪܘܚܐ ܩܘܕܫܐ ܣܓܕܬܐ
ܘܣܘܓܕܢܐ ⁜ ܘܥܠܝܢ ܚܛܝ̈ܐ ܪ̈ܚܡܐ ܘܚܢܢܐ ⁜ ܢܬܦܬܚܘܢ
ܠܢ ܬܪ̈ܥܝ ܨܗܝܘܢ ܘܒܥܘܬܢ ⁜ ܬܥܘܠ ܩܕܡ ܡܪܢ ܟܘܪܣܝܐ
ܕܡܫܝܚܐ ⁜ ܫܘܒܚܐ ܠܟ ܡܪܝ ܫܘܒܚܐ ܠܟ ܡܪܝ
ܫܘܒܚܐ ܠܟ ܣܒܪܢ ܠܥܠܡ ⁜ ܒܪܟܡܪܝ ⁜

ܐܒܘܢ ܕܒܫܡܝܐ

ܐܒܘܢ ܕܒܫܡܝܐ : ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ . ܢܗܘܐ
ܨܒܝܢܟ : ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ . ܗܒ ܠܢ ܠܚܡܐ
ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ : ܐܝܟܢܐ
ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ . ܘܠܐ ܬܥܠܢ ܠܢܣܝܘܢܐ . ܐܠܐ
ܦܨܢ ܡܢ ܒܝܫܐ ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ ܚܝܠܐ

ܐܒܘܢ ܕܒܫܡܝܐ ⁜ ܘܫܪܟܐ ⁜

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

വായനക്കാരൻ, **നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിൻേറയും രക്ഷയുടേയുംശബ്ദം എന്ന് ദാവീദുമുഖാന്തിരം പരിശുദ്ധറൂഹാ പാടി**

പഴമ വായന

Genesis 8: 1 - 12, Zachariah 12: 11 - 13: 7
Jeremiah 38: 2 - 13; Micah 7: 8 - 13

വിശുദ്ധ കുർബാന

1 Peter 3: 13 - 22; Romans 6: 1 - 14

വിശുദ്ധ കുർബാന

വിശുദ്ധ കുർബാനയ്ക്കായി തിരശ്ശീല നീക്കുന്നതിനുമുമ്പ്

പെത്ഗോമൊ: കർത്താവേ പ്രാർത്ഥന കേട്ടരുൾ ഹാലേ--
കൈക്കൊള്ളണമഹറോനണച്ചതുപോലെ ധൂപമിതും
കൊണ്ടടിയാർ ശുശ്രൂഷയെ നിനുവയരിൻ യാചനപോൽ
കടലതിൽയൗനാനെന്നപോലെ-കനിയുകദാസന്മാരിലെന്നും

കർത്താവേ നിലവിളി കേട്ടരുൾ ഹാലേലുയ്യാ

തീരുക തിരുനാമത്തിനു സുഖകരമാ-യീ ധൂപം
തൃക്കരെളന്നലിവിന്നനുകൂലമതാം മൂലവുമായ്
നിരപ്പാകണമെദൈവമേനിൻ നിരുപമകൃപയാൽ ഞങ്ങളോട്.

എന്നും സ്തുതിനിൻ കനിവിനു കനിവേറും രക്ഷകനെ
എത്രനിറഞ്ഞിന്നെങ്ങും കാണുന്നു നിൻ ദാനം
നിനുവയരോടുണ്ടായകോപം നിലവിളിയാൽനീനിക്കിയല്ലോ

അഹരോൻെറയുമാ സ്ക്കറിയാ തന്നുടെയും ധൂപമതും
മരണത്തെനീക്കിയ ഫിനഹാസിൻ പ്രാർത്ഥനയുംപോൽ
അടിയാരുടെധൂപത്തേയും അൻപുടയോനെ കൈക്കൊൾക.

എരിതീ നിരവിട്ടീറേദൂതനിറങ്ങിച്ചെന്ന്
ഇതമൊടുമറിയാം ഗൃഹമതിൽ നസ്രേത്തിൽ ചൊല്ലിയിത്
നിന്നൊടുകൂടെ കർത്താവീ മന്നിടമഖിലം പാലിപ്പോൻ.

മുൾമരമെരിയാതെരീതൻ നടുവിൽ കണ്ടതുപോൽ
ചിൻമയനമ്മറിയാമിൽ വസിച്ചു ശരീരം പൂണ്ടു
അതിനാൽഭംഗവുമക്കന്യാ വ്രതമുദ്രയ്ക്കുണ്ടായില്ല

ലോകം താതസഹോദരർ ജാതിയതും തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം സ്നേഹിച്ച
സഹദേന്മാരെസദാകാലം സ്മരണം ചെയ്‌വതുനന്നേറ്റം

തൂക്കപ്പെട്ടുമരത്തിൽ വിലാവുതുറന്നാച്ചവളം
രക്തം വെള്ളമോടൊഴുകും മശിഹായെ സഹദേന്മാർ
കണ്ടങ്ങോടി മരിപ്പാനായ് കർത്താവിൻ പേർക്കെല്ലാരും
വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു

വെളിവീയടിയാരഖിലാധാരമതാം വെളിവും നീ
കാന്ത്യാഞങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും

വെളിവിൻതട്ടിൽ വസിക്കും പുണ്യനിധേ പരിശുദ്ധാ
വേണ്ടാകഷ്ടത വീൺചിന്തയുമടിയാ-രീന്നൊഴിക്ക
സൽക്രിയകൾക്കു മനഃശു-ദ്ധ്യാ സംഗതിവരണേ ഞങ്ങൾക്ക്.

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബ്രാഹാം തൻ ബലിയും കൈക്കൊണ്ട കർത്താവേ
നോമ്പുംപ്രാർത്ഥനയും കൈക്കൊണ്ടൻപാലടിയാരെകാക്ക

മോചനമതിനായ് പാപികളേ വരുവിൻ യാചിപ്പിൻ
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ തൻ വാതിൽ
യാചിക്കുന്നോൻ പ്രാപിക്കും അന്വേഷിപ്പോൻകൈക്കൊള്ളും.

കർത്താവേ നിൻ രക്തശരീരങ്ങൾ കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമെ നല്ലോർമ്മ
നിൻെറമഹത്വമുദിക്കുംനാൾ നിൽക്കണമവർവലഭാഗത്ത്

പരസ്യമായ വിശുദ്ധ കുർബാന - ഒന്നാം ഭാഗം

പട്ടക്കാരൻ. നിന്നെപ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോട പേക്ഷിക്കും ഞങ്ങളോടു കരുണ ചെയ്യണമെ.

ജനം.നിന്മാതാവുവിശുദ്ധന്മാർ എന്നിവർതൻ പ്രാർത്ഥനയാൽ
സ്വർഗ്ഗപിതാവിന്നേകസുതാ വചനമതാം രാജാധീശാ
നിന്നെവാഴ്ത്തും ഞാൻ, സഹജമതായ് മൃതിരഹിതാ

കാരുണ്യത്താൽ, മർത്യന്മാർതൻ, വർഗ്ഗത്തിനുമുഴുവൻ
ജീവനതും രക്ഷയുമേകാനാഗതനായ്,
വിമലശുചിയെ-ന്നിവയുള്ള, മഹിമാവിയലും,
ദൈവജനിത്രി കന്യകയാം മറിയാമീന്നും,
ഭേതമതെന്യേ മാനവനായി, † ക്രൂശിതനായ
ഞങ്ങൾക്കുടയോനാം മശിഹാ, നിജമൃതിയാലിവർതൻ,
മൃതിയെമെതിച്ചു നിഹനിച്ചോനേ,
അപ്പരിപാവനത്രിത്വൈകാ, സ്വപിതാവോടൊപ്പംജീവനെഴും,
റൂഹ്കുദിശാ സഹിതം വന്ദിതനേ
പരികീർത്തിതനേ കൃപചെയ്യേണം.

പട്ടക്കാരൻ. മൃതിയാലടിയാരുടെ മൃതിപോക്കിയ മശിഹാ

ജനം. മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും † (3)

കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ

ഭൂവിലശേഷം, ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർപോയ് ജാതികളിടയിൽ,
ഭൂതലസീമയതോളം നല്ലേവൻഗേല്യോൻ
കൈകൊൾവോർക്കൊക്കെയെഴും,
ഭാഗ്യമിതെന്നറിയിച്ചു, സ്വർഗ്ഗമഹാരാജ്യം.

ശുശ്രൂഷക്കാരൻ. പരിശുദ്ധനായ പത്രോസ്ശ്ലീഹാ പൊതുവിനെഴുതിയ ഒന്നാംലേഖനത്തിൽ നിന്നും ബാറെക്മോർ.

ജനം.ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തൻെറ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

വിശ്വസിച്ചവരായ ജനക്കൂട്ടത്തിനു ഏകമനസ്സും ഏകാഭിപ്രായവും ആയിരുന്നു. അവരിൽ യാതൊരുവനും അവന്റെ സമ്പാദ്യങ്ങളെക്കുറിച്ച് സ്വന്തമെന്നു പറഞ്ഞു വന്നില്ല. എന്നാലോ അവർക്കുണ്ടായിരുന്ന സകലവും പൊതുവകയായിരുന്നു. ശ്ലീഹന്മാർ യേശുമശിഹായുടെ ഉയിർപ്പിനെക്കുറിച്ചു വലിയ ശക്തിയോടുകൂടി സാക്ഷിച്ചു കൊണ്ടിരുന്നു. അവർ എല്ലാവരോടും കൂടെ വലിയ കൃപയും ഉണ്ടായിരുന്നു. അവരുടെ ഇടയിൽ ദരിദ്രനായ ഒരുവനും ഉണ്ടായിരുന്നില്ല. എന്തെന്നാൽ നിലങ്ങളും ഭവനങ്ങളും ഉണ്ടായിരുന്നവർ അവ വിറ്റ് വിലകൊണ്ടുവന്നു ശ്ലീഹന്മാരുടെ കാൽക്കൽ വയ്ക്കുകയും, ഓരോരുവനും ആവശ്യംപോലെ നൽകുകയും ചെയ്തുവന്നു. കുപ്രോസു ദേശത്തുനിന്നുള്ള ഒരു ലേവ്യനും, ആശ്വാസത്തിന്റെ പുത്രൻ എന്നർത്ഥമുള്ള "ബർന്നബാ" എന്ന് ശ്ലീഹന്മാർ വിളിച്ചിരുന്നവനുമായ യൗസേഫിന് ഒരു നിലം ഉണ്ടായിരുന്നു. അവൻ അതു വിറ്റ് വിലകൊണ്ടുവന്ന് ശ്ലീഹന്മാരുടെ കാൽക്കൽ വെച്ചു. **ഹാബിബായ് ബാറെക്മോർ**

ദൈവമായ കർത്താവേ, ഈ സമയത്ത് തിരുമുമ്പാകെയുള്ള ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റേയും നിന്റെ ദിവ്യ ശ്ലീഹന്മാരുടേയും വിശുദ്ധ സഭയുടെ പണിക്കാരനും, പ്രധാനശിൽപ്പിയുമായ പൗലോസിന്റേയും കൽപ്പനകൾ വെടിപ്പോടും വിശുദ്ധിയോടും കൂടെ ആചരിപ്പാൻ എന്നും ഞങ്ങളെ യോഗ്യരാക്കണമെ.

പൗ-ലൊസ് ശ്ലീഹാ ധന്യൻചൊൽ കേ-ട്ടേൻ ഇതേ-വം

നിങ്ങളെ ഞങ്ങൾ അറിയിച്ചതെതിരായ്
വേറൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലും ആ ദൂ~~തൻ
താനേൽക്കും സഭയിൻ ശാ--പം
പലതരമുപദേശ-ങ്ങളഹോ, പാരിൽ മുളച്ചുപരക്കുന്നു
ദൈവത്തിൻ ഉപദേശംതൊട്ട്
അവസാനിപ്പിപ്പോൻ ധ--ന്യൻ.

ശുശ്രൂഷക്കാരൻ. **പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനത്തിൽ നിന്നും ബാറെക്മോർ.**

ജനം. **ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തൻെറ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.**

പട്ടക്കാരൻ - രഹസ്യപ്രാർത്ഥന

ദൈവമായ കർത്താവേ, നിൻെറ ദിവ്യവചനങ്ങളുടെ ജ്ഞാനം ഞങ്ങൾക്കു നൽകി, നിൻെറ വിശുദ്ധ സുവിശേഷജ്ഞാനവും നിൻെറ നൽവരങ്ങളാകുന്ന സമ്പത്തും നിൻെറ പരിശുദ്ധാത്മദാനങ്ങളും കൊണ്ട് നിറയ്ക്കണമെ. സന്തോഷപൂർവ്വം നിൻെറ കൽപ്പനകൾ ആചരിക്കുവാനും നിൻെറ തിരുവിഷ്ടം അനുഷ്ടിച്ച് നിറവേറ്റുവാനും നിൻെറ അനുഗ്രഹങ്ങൾക്കും കരുണയ്ക്കും അർഹരായി ഭവിക്കുവാനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾക്ക് കൃപ നൽകണമെ.

ഹാലേലുയ്യാ ഉ ഹാലേലുയ്യാ, സ്തുതി ബലികളണച്ചേറിടുവിൻ കർത്തൃപ്രാകാരേ നിർമ്മല കാഴ്ചയുമായ്, കർത്തനെ സ്തുതി മദ്ബഹാമുമ്പിൽ. ഹാലേലുയ്യാ.

The celebrant bows before the altar and turns toward the west to read the Gospel, flanked by two servers with lit candles.

ശുശ്രൂഷക്കാരൻ. ബാറെക്മോർ, നാം അടക്കത്തോടും, ഭയത്തോടും, വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമശിഹായുടെ, വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ നാം കേൾക്കണം.

ഏവൻഗേലിയോൻ. വി. കുർബ്ബാന

വി. മത്തായി 27. 62 - 66

ܠܡܳܪܰܢ ܡܫܺܝܚܳܐ ܘܰܠܟܽܠܰܢ ܘܰܫܡܰܥܘܢ ܠܟܽܠܟܽܘܢ܀ܐܰܡܺܝܢ܀

܀ ܣܽܘܪܳܓܠܺܣܽܘܢ ܀ ܡܫܺܝܚܳܐ ܗܳܢܳܐ ܡܢ ܡܶܢܗ ܡܢ ܘܶܐܬܚܢܰܢ

ഒരുക്കനാൾ കഴിഞ്ഞ് പിറ്റെദിവസം, പ്രധാനാചാര്യന്മാരും പരീശരും പീലാത്തോസിൻെറ അടുക്കൽ ഒരുമിച്ചുകൂടി, അവനോടു പറഞ്ഞു. പ്രഭോ, ആ വഞ്ചകൻ ജീവിച്ചിരിക്കു മ്പോൾ, മൂന്നു ദിവസം കഴിഞ്ഞ് ഞാൻ ഉയിർക്കുമെന്ന് പറഞ്ഞതായി ഞങ്ങൾ ഓർക്കുന്നു. അതുകൊണ്ട്, അവൻെറ ശിഷ്യന്മാർവന്ന് അവനെ മോഷ്ടിച്ചുകൊണ്ടു പോയിട്ട് അവൻ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തിരിക്കു ന്നുവെന്ന് പറഞ്ഞ് ജനത്തെ പറഞ്ഞു ധരിപ്പിക്കും. അങ്ങനെ ഒടുവിലത്തെ വഞ്ചന, ആദ്യത്തേതിനേക്കാൾ ദോഷമായി ത്തീരും. അതു സംഭവിക്കാതിരിക്കുവാൻ, മൂന്നാം ദിവസം വരെ കല്ലറ സൂക്ഷിക്കുവാൻ കൽപ്പിച്ചാലും. പീലാത്തോസ് അവരോടു പറഞ്ഞു. നിങ്ങൾക്ക് കാവൽക്കാരുണ്ടല്ലോ. പോയി നിങ്ങൾക്ക് സാധിക്കുവോളം സൂക്ഷിക്കുക. അവർ

ചെന്ന് കല്ലിന്മുദ്രവച്ചു. സൂക്ഷിക്കുവാൻ കാവൽക്കൂട്ടത്തെയും നിർത്തി. ❉ ܫܠܡܐ ܠܟܠܟܘܢ ❉ ܘܥܡܟܘܢ ❉

ഏവൻഗേലിയോനു ശേഷം

കൂക്കോയോ പേജ് 298

സ്ലീബാച്ചിറകീന്നും നീതി സൂര്യൻ താണപ്പോൾ
വന്നെതിരേറ്റു വ്രണത്തിന്മേൽ ചുംബിച്ചോതി സഭ
പാതാളത്തിൽ നാഥാ പോകരുതേ
നാശത്തിന്നീ-പ്പൂമെയ്യാകരുതെ
വിശ്വസ്തേ ചൊല്ലരുതേവം പാർത്താൽ ഞാൻ നിത്യൻ
സ്നേഹിതരാഹ്ളാദിക്കുന്നു ക്രൂശിച്ചോരെന്നിൽ
ഹാലേലൂയ്യാ ലജ്ജിച്ചീടുന്നു.

The celebrant returns to the altar, bows his head reverently and says the following prayer silently:

ഞങ്ങളോടുള്ള തന്റെ ജീവവചനങ്ങളെപ്രതി കർത്താവേശു മശിഹായ്ക്കും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തന്നെ അയച്ച പിതാവിനും, ഞങ്ങൾക്കു ജീവൻ നൽകുന്നവനായ ജീവനുള്ള പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും വന്ദനവും ഉണ്ടായിരിക്കട്ടെ.

സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

പ്രുമിയോൻ

പട്ടക്കാരൻ. **നാമെല്ലാവരും നമസ്ക്കരിച്ച് കർത്താവിനോട് അനുഗ്രഹവും കരുണയും യാചിക്കണം.**

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളോട് കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും പ്രാഭവവും പുകഴ്ചയും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും സദാ നേരത്തും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

Proemion

ശൂന്യതയിൽ നിന്ന് ഞങ്ങളെ സൃഷ്ടിച്ച്, യഥാസ്ഥിതിയിലാക്കിത്തീർത്ത ഉന്നതനും, ശ്രേഷ്ഠനും പാപത്തിൻെറ അടിമത്തത്തിൽനിന്ന് തൻെറ വിലയേറിയ രക്തംമൂലം ഞങ്ങളെ ഉദ്ധരിച്ച് പുത്രസ്വീകാരത്തിന് ഞങ്ങളെ നിയോഗിച്ച പ്രധാനാചാര്യനും ആയ കർത്താവിന് ദൈവികമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.----

ശുശ്രൂഷക്കാരൻ. ബാറെക്മോർ, അനുഗ്രഹിക്കുന്നവനായ കർത്താവിൻെറ മുമ്പാകെയും, പുണ്യം നൽകുന്ന ബലി പീഠത്തിൻെറ മുമ്പാകെയും, ദിവ്യവും സ്വർഗ്ഗീയവുമായ ഈ വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും, ഭയങ്കരമായ ഈ വിശുദ്ധ കുർബാനയുടെ മുമ്പാകെയും ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ (ഈ വന്ദ്യപിതാവിൻെറ/പരിശുദ്ധ പിതാവിൻെറ) കൈകളാൽ കുന്തിരിക്കം വയ്ക്കപ്പെടുന്നു. നാമെല്ലാവരും

നമസ്ക്കരിച്ച് കർത്താവിനോട് അനുഗ്രഹവും കരുണയും യാചിക്കണം.

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളോട് കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.

ഹൂസോയോ

പാപപരിഹാരം നൽകുന്നവനും, വെടിപ്പാക്കുന്നവനും, ഞങ്ങളുടെ അകൃത്യങ്ങളെ ക്ഷമിക്കുകയും തുടച്ചു നീക്കുകയും അവയെ ഓർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ, സ്നേഹപൂർവ്വമായ നിന്റെ കാരുണ്യത്താൽ, എന്റെ നാഥാ, അസംഖ്യങ്ങളായ എന്റെ മഹാപാപങ്ങളേയും, വിശ്വാസികളായ നിന്റെ സകല ജനങ്ങളുടെ പാപങ്ങളേയും മായിച്ചുകളയണമെ. ഉത്തമനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ. ദൈവമായ കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളെ ഓർത്തുകൊള്ളണമെ. എന്റെ കർത്താവേ, നിന്റെ മഹാകരുണയാൽ തന്നെ ഞങ്ങളുടെ മാതാപിതാക്കളുടേയും സഹോദരീസഹോദരങ്ങളുടേയും, നേതാക്കളുടേയും, ഗുരുക്കന്മാരുടേയും, വാങ്ങിപ്പോയവരുടേയും വിശുദ്ധിയും മഹത്വമുള്ള നിന്റെ സഭയുടെ പ്രജകളായ സകല വാങ്ങിപ്പോയവരുടേയും ആത്മാക്കളെ നീ ഓർത്തുകൊള്ളണമെ. ദൈവമായ കർത്താവേ, അവരുടെ ആത്മാക്കൾക്കും ദേഹികൾക്കും ശരീരങ്ങൾക്കും ആശ്വാസം നൽകണമെ. അവരുടെ അസ്ഥികളിൽ കരുണയും കൃപയുമാകുന്ന പനിമഞ്ഞ് തളിക്കണമെ. കർത്താധികർത്താവും, മഹത്വത്തിന്റെ നാഥനുമായ മശിഹാരാജാവേ, ഞങ്ങൾക്കും അവർക്കും നീ വിമോചകനും വിമോചനവുമായിരിക്കണമെ. കർത്താവേ, ഞങ്ങളോട് ഉത്തരമരുളിച്ചെയ്യണമെ. ഞങ്ങളുടെ

തുണയ്ക്കായി എഴുന്നള്ളണമെ. ഞങ്ങളെ സഹായിപ്പാൻ വന്നുചേരണമെ. ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ദൈവമേ, സകല കഠിന ശിക്ഷകളും ദയാപൂർവ്വം ഞങ്ങളിൽ നിന്ന് നീക്കിക്കളയണമെ. കർത്താവേ, കോപവടികളെ ഞങ്ങളിൽ നിന്ന് കരുണാപൂർവ്വം തടുത്ത് മാറ്റിക്കളയണമെ. സമാധാന പരന്മാരായ ആളുകൾക്കുള്ള ഉത്തമമായ അവസാനത്തിന് ഞങ്ങളെ അർഹരാക്കണമെ. നിനക്കിഷ്ടമുള്ളതും അനു യോജ്യവും നിൻെറ ദൈവത്വത്തിന് പ്രീതികരവുമായ ക്രിസ്തീയ പരിപൂർണ്ണത ഞങ്ങൾക്കു സൗജന്യമായിത്തരണമെ. നല്ല അവസാനത്തിന് ഞങ്ങളെല്ലാവരേയും അർഹരാക്കണമെ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ--

ܣܶܕܪܳܐ

തൻെറ ആട്ടിൻ കൂട്ടത്തിന് ഇടയനായിത്തീർന്ന ഉത്തമ ഇടയനായുള്ളോവേ, നിനക്കു സ്തുതി. ഭൂമിയിലെ നിന്ദ്യ പൂഴിയായ എന്നെ നിൻെറ തിരുനിവാസസ്ഥാനത്ത് പ്രവേശി ക്കുവാൻ കരുണയോടെ നീ അർഹനാക്കിത്തീർക്കുകയും നിൻെറ ശ്രേഷ്ഠതയുടെ മഹാശുദ്ധസ്ഥലമാകുന്ന മഹോന്നത ങ്ങളിലേക്ക് എന്നെ ഉയർത്തുകയും നിന്നെ സ്തുതിക്കുന്നവരായ ക്രോബേന്മാരുടേയും, നിനക്കു കാദീശ് പാടുന്നവരായ സ്രോപ്പേന്മാരുടേയും ഗണത്തിൽ എന്നെ ചേർക്കുകയും ചെയ്തിരിക്കുന്നതിനാൽ ദൈവമേ, നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. ഇതാ, അഗ്നിമയമായ ഈ സ്ഥലത്ത്, നിൻെറ അഗ്നിസിംഹാസനത്തിൻ മുമ്പാകെ നിന്നു കൊണ്ട് നിൻെറ ജനത്തിനു പാപപരിഹാരവും സൃഷ്ടിമുഴുവനും വേണ്ടി

മോചനവും ഞാൻ യാചിക്കുന്നു. കർത്താവേ, ആവശ്യക്കാരുടെ മുമ്പിൽ നിന്റെ സമൃദ്ധമായ ശ്രീഭണ്ഡാരം തുറന്ന് നിന്റെ അനുഗ്രഹങ്ങൾ ചൊരിയണമെ. കടക്കാരുടെ കടച്ചീട്ടിനെ കീറിക്കളയണമെ. പാപികളുടെ കുറ്റങ്ങൾ ക്ഷമിക്കണമെ. ഞങ്ങൾ ചെയ്തുപോയ തെറ്റുകളെ നിന്റെ സ്മരണയിൽനിന്ന് മായിച്ചുകളയണമെ. നഷ്ടപ്പെട്ടുപോയവർ നീ മുഖാന്തരം തിരിച്ചുവന്ന് തിരുമുമ്പാകെ സമ്മേളിക്കണമെ. കർത്താവേ, നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന ഈ വിശുദ്ധ ബലിയെ ഞങ്ങൾ സമീപിക്കുന്നു. നിന്റെ പരിശുദ്ധാത്മാവ് ഞങ്ങളുടെ കുർബാനയിൽ പ്രീതിപ്പെട്ട് ഇറങ്ങിവന്ന് ഇതിനെ ശുദ്ധീകരിക്കയും അനീതികളിൽനിന്ന് ഞങ്ങളെ നിർമ്മലരാക്കി അനശ്വരവസ്ത്രം ഞങ്ങളെ ധരിപ്പിക്കയും നിന്റെ രാജ്യത്തിലെ ആനന്ദത്തിനു ഞങ്ങളെ അർഹരാക്കിത്തീർക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലായ്പ്പോഴും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഹോശോ വബ്കൂൽസ്------

ജനം. ആമ്മീൻ, കർത്താവ് അവിടുത്തെ ശുശ്രൂഷ കൈക്കൊള്ളുകയും അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറാകട്ടെ.

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

പട്ടക്കാരൻ കുന്തിരിക്കം ഇട്ടശേഷം ധൂപക്കുറ്റിമേൽ മൂന്നുപ്രാവശ്യം കുരിശടയാളം വരച്ചുകൊണ്ട് ചൊല്ലുന്നത്.

ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ കീർത്തിച്ചു ചൊല്ലുന്നു.

പട്ടക്കാരൻ. **മൃതിയാലടിയാരുടെ മൃതിപോക്കിയ മശിഹാ**

ജനം. **മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും †**

പട്ടക്കാരൻ. **മൃതിയാലടിയാരുടെ മൃതിപോക്കിയ മശിഹാ**

ജനം. **മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും †**

പട്ടക്കാരൻ. **മൃതിയാലടിയാരുടെ മൃതിപോക്കിയ മശിഹാ**

ജനം. **മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും †**

നാഥാ, തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകുൾ കൃപ പാപികളാം ഞങ്ങളിലും
മേലുള്ളൂറിശലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ സ്തോത്രം കർത്താവേ
നിത്യം ശരണവുമേ സ്തോത്രം. ബാറെക്മോർ.

Praise to Thee O Lord - To Thy Father Praise
Worship glory be to the Ho-ly Ghost
Grace and mercy be on us sinners all
Opened be to us - Zion’s gates above.
May our - pleas be heard at the throne of Christ
Praise to Thee, O Lord, Praise to Thee, O Lord,
Ever Praise to Thee our Hope. **Barekmor**

ܡܫܰܡܫܳܢܳܐ ܒܳܪܶܟ݂ܡܳܪܝ ܐܰܚ ܩܰܠܘܬܳܐ

ܢܨܘܬ ܠܚܒܝܒܢ ܡܠܝܠ ܠܡܣܡܟܐ ܘܬܘܕܝܬܐ ܠܥܠܡ ✠ [3]

ܟܠ ܡܢ ܠܡܫܝܚܐ ܘܠܐܠܗܐ ܐܒܐ ✠ ܘܠܪܘܚܐ ܩܘܕܫܐ ܫܘܒܚܐ

ܘܩܘܕܡܘܬܐ ✠ ܘܠܥܠܡ ܥܠܡܝܢ ܘܫܝܢܐ ܘܫܡܝܐ ✠ ܢܥܢܐ

ܐܡܝܢ ܘܠܥܠܡ ܥܠܡܝܢ ✠ ܘܢܝܚܐ ܠܟܠܢ ܡܢ ܩܕܡ

ܘܡܫܡܫܢܐ ✠ ܩܘܪܝܠܝܣܘܢ ܠܝ ܡܪܝ ܩܘܪܝܠܝܣܘܢ ܠܝ ܡܪܝ

ܩܘܪܝܠܝܣܘܢ ܠܝ ܡܪܝ ܠܠܥܠܡ ✠ ܒܪܟܡܪܝ ✠

ശുശ്രൂഷക്കാരൻ. ബാറെക്മോർ, ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്ന് ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ (വന്ദ്യപിതാവിൻെറ/ശ്രേഷ്ഠാചാര്യൻെറ) പ്രാർത്ഥനയെ ഏറ്റുചൊല്ലണം.

<u>വിശ്വാസ പ്രമാണം</u>

പട്ടക്കാരൻ. സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻേറയും ഭൂമിയുടേയും,

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻേറയും സൃഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിൻെറ ഏകപുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി

തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി † വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്നു, മനുഷ്യനായി പൊന്തിയോസ് പിലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി † കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗ ത്തിലേക്കു † കരേറി തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തൻെറ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തൻെറ രാജ്യത്തിന് അവസാന മില്ലാത്തവനുമായി യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസ ഒന്നുമാത്രമെ ഉള്ളു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ

The celebrant washes his fingertips and says the following prayer silently:

ദൈവമായ കർത്താവേ, പരിശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിൻെറ മഹാ വിശുദ്ധ സ്ഥലത്ത് പ്രവേശിച്ച്, വന്ദ്യങ്ങളും ദിവ്യങ്ങളുമായ നിൻെറ രഹസ്യങ്ങളെ കളങ്കം കൂടാതെ

സ്പർശിക്കുവാൻ വേണ്ടി എന്റെ ആത്മാവിന്റെ മലിന കരമായ അഴുക്കിനെ നീ കഴുകിക്കളഞ്ഞ്, ജീവപ്രദമായ നിന്റെ തളിപ്പുമൂലം എന്നെ വെടിപ്പാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിനക്ക് പ്രീതികരവും മഹനീയവുമായ നിന്റെ ബലിയുടെ ദൃഷ്ടാന്തവുമായ ജീവനുള്ള ബലി നിർമ്മല മനസ്സാക്ഷിയോടു കൂടി ഞാൻ എന്നേക്കും നിനക്കർപ്പിക്കുവാൻ ഇടയാവുകയും ചെയ്യണമെ.

If a prelate is present, the celebrant says to him: **Barekmor. I beg pardon**.

Then he modestly stretches out his hands to the clergy and then to the people, saying:

My brethren and beloved one, forgive me and pray for me that the Lord may accept my oblation.

The celebrant kneels before the altar and says the following prayer silently:

പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, എന്നോടു കരുണ ചെയ്യണമെ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, പാപിയായ എന്റെമേൽ കരുണ തോന്നണമെ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, ബലഹീനവും പാപകരങ്ങളുമായ എന്റെ കൈകളിൽ നിന്ന് ഈ കുർബാന അംഗീകരിക്കണമെ. ദൈവമേ നിന്റെ ജനനിക്കും, സകല പരിശുദ്ധന്മാർക്കും വിശ്വാസികളായ സകല മരിച്ചു പോയവർക്കും നിന്റെ പരിശുദ്ധമായ സ്വർഗ്ഗീയ ബലിപീഠത്തിങ്കൽ ആശ്വാസവും നല്ല ഓർമ്മയും കരുണയോടെ നൽകണമേ. ദൈവമേ, ഈ സമയത്ത് നിന്റെ ദാസനും പാപിയുമായ എന്റെ പാപങ്ങൾ മോചിച്ച് ക്ഷമിക്കുകയും, സദാ നിന്നെ വിളിച്ചുകൊണ്ടിരിക്കുന്ന എന്റെ ബലഹീനതയ്ക്ക്, നിന്റെ മാതാവിന്റേയും സകല

പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ സഹായം നൽകുകയും ചെയ്യണമെ. ദൈവമേ, ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും ഗുരുക്കന്മാരുമായ ഞങ്ങളോട് രക്തബന്ധമുള്ളവരുടേയും, പ്രത്യേകിച്ച് ഈ കുർബാന ആർക്കുവേണ്ടി അർപ്പിക്കപ്പെടുന്നുവോ അവരുടേയും പാപങ്ങൾ കരുണയോടെ പരിഹരിച്ച് ക്ഷമിക്കണമെ.

HO EDONO

യാചിക്കേണ്ടും സമയമിതാ,
മോചിക്കും നാഴിക ഇതുതാൻ
ഇതു നമസ്ക്കാരത്തിൻ സമയം
ഇതുതന്നെ കരുണാസമയം

ഉന്നതപദവിയിലേറിയിതാ,
ഇന്നിപ്പോൾ പട്ടക്കാരൻ/ശ്രേഷ്ഠാചാര്യൻ
അനുഭവിച്ചീടുന്നോർക്കായി
അനുഷ്ഠിക്കുന്നീ കുർബാന

പ്രിയരേ ഇതുകരുണയുടേയും
അലിവിൻേറയും സമയം താൻ
സത്യസ്നേഹത്തോടെ സമാ-
ധാനം നൽകും സമയം താൻ

ദൂരസ്ഥർ സവിധസ്ഥരുമായ്
തമ്മിൽ നിരക്കും സമയം താൻ

അതിനാൽ സോദരരേ വരുവിൻ
ഒരുപോൽകരുണയിരന്നീടാം

നാഥാ കൃപചെയ്തീടണമേ,
നാഥാ കൃപചെയ്യുക കനിവാൽ
നാഥാ ഉത്തരമരുളിചെ-യ്ത്
അടിയാരൊടു കൃപ ചെയ്യണമെ.

നല്ലവനേ ഞങ്ങളെ ബലഹീ-നതയോടുത്തരമരുളണമെ
നാമെല്ലാവരുമൊത്തൊരുമി-ച്ചട്ടഹസിച്ചുര ചെയ്യേണം

ശുശ്രൂഷക്കാരൻ. ബാറെക്മോർ. സ്തൗമെൻ കാലോസ് ജനം. കുറിയേലായിസ്സോൻ.

സമാധാനത്തിനുമുമ്പുള്ള യാക്കോബ് മൽപ്പാൻെറ പ്രാർത്ഥന

മശിഹാതമ്പുരാനേ, ഞങ്ങൾക്കുവേണ്ടിയുള്ളജഢീകവ്യാപാരം നീ നിർവ്വഹിച്ച കഷ്ടതയും കുരിശും അനുഭവിക്കുകയും പരേതർക്കു പ്രത്യാശയും മനോധൈര്യവും നൽകുവാനായി മൃതലോകത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തശേഷം നിന്നിൽവിശ്വസിക്കുന്ന ഏവനേയും പാപമാലിന്യത്തിൽനിന്ന് വെടിപ്പാക്കിതുടച്ചെടുക്കുവാനായി ഈ കൂദാശയെ നിൻെറ ക്നൂമ്മായാൽ നീ കാണിച്ചുതന്നു. അവനു നിൻെറകൂടെ നിൻെറ രാജ്യത്തിൽ ആനന്ദിക്കാമെന്ന് പുതിയതായി നീ വാഗ്ദാനവുംചെയ്തു. രഹസ്യപരവും സ്വർഗ്ഗീയവുമായ ഈ ആനന്ദത്തിൽ ഭാഗഭാക്കുകളായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. വെടിപ്പോടെ കൂറ്റംകൂടാതെ ഇതിൽ സംബന്ധിക്കുവാൻ ഞങ്ങൾക്കു കൃപനൽകണമെ. ഇതിൽ

സംബന്ധിക്കുന്നതുമൂലം യഥാർത്ഥവും അവിഭാജ്യവുമായ ജീവിതത്തിൽ ഞങ്ങൾ നിന്നോടുസംയോജിപ്പിക്കപ്പെടുകയും നീ മൂലം അനശ്വരതയുംനിത്യാനന്ദവും ഞങ്ങൾ പ്രാപിക്കുകയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും സകലത്തിലും പരിശുദ്ധനും ഉത്തമനുംവന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനുമായ നിൻെറ റൂഹായ്ക്കും ഞങ്ങൾ സ്തുതി കരേറ്റുമാറാകണമെ. ഹോശോ-- ജനം. ആമ്മീൻ.

THE ORDER OF ST. JOHN CHRISOSTEM

ശുശ്രൂഷക്കാരൻ. കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.

ജനം. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

The celebrant: കർത്താവേ ഇപ്പോൾ തിരുമുമ്പാകെ തലകുനിച്ചു നിൽക്കുന്ന നിൻെറ ദാസരും ആരാധകരുമായ ഇവരെ അനുഗ്രഹപൂർണ്ണമായ നിൻെറ വലതുകൈ ആവിസിപ്പിച്ച് ആശീർവ്വദിക്കണെമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ-- ***People***: Amen.

The celebrant, with crossed hands, says aloud: കർത്താവേ, നിൻെറ ഇടവകയുടെ പാപങ്ങൾക്കും കുറ്റങ്ങൾക്കുംവേണ്ടി രക്താർപ്പിതമല്ലാത്ത ഈ ആത്മീയബലി നിനക്കർപ്പിക്കു

വാൻ ഞങ്ങൾക്കു ശക്തി നൽകണമെ. ഞങ്ങളുടെ കൽപ്പനലംഘനങ്ങളെ നീക്കിമായിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ. ***People:*** Amen.

ശുശ്രൂഷക്കാരൻ. **സഹോദരങ്ങളേ, നാം എല്ലാവരും ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, സത്യവിശ്വാസത്തോടും. നല്ല ദൈവ ഭക്തിയോടും കൂടെ നിന്ന് ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ** *(ഈ വന്ദ്യ പിതാവിൻെറ/ഈ പരിശുദ്ധ പിതാവിൻെറ)* **കൈകളാൽ നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ ഈ കുർബാനയിൽ സൂക്ഷിക്കണം എന്തെന്നാൽ നാമെല്ലാവർക്കുംവേണ്ടി ജീവനുള്ള ബലിയെ സകലത്തിൻേറയും ഉടയവനായ പിതാവാം ദൈവത്തിനു നിരപ്പിലും സമാധാനത്തിലും അണയ്ക്കുന്നു.**

ജനം. **ഈ കുർബാന അനുഗ്രഹങ്ങളും, സമാധാനവും, ബലിയും സ്തോത്രവുമാകുന്നു.**

പട്ടക്കാരൻ. (രഹസ്യം) ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകൻെറ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെയാകുന്നു.

പിതാവാം ദൈവത്തിൻെറ സ്നേഹവും, ഏകജാതനായ പുത്രൻെറ കൃപയും, പരിശുദ്ധറൂഹായുടെ സംബന്ധവും, സഹവാസവും എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

ജനം. ആമ്മീൻ, അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ. ഈ സമയത്ത് നാമെല്ലാവരുടേയും ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും, ഉയരങ്ങളിൽ പിതാവാം ദൈവത്തിൻെറ വലത്തുഭാഗത്ത് മശിഹാതമ്പുരാൻ എഴുന്നെള്ളിയിരിക്കുന്ന, സ്ഥാനത്ത് ആയിരിക്കണം.

ജനം. ഞങ്ങളുടെ ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു.

പട്ടക്കാരൻ. ഭയത്തോടുകൂടെ കർത്താവിനെ നാം സ്തോത്രം ചെയ്യണം.

ജനം. ഭയത്തോടുകൂടെ കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.

പട്ടക്കാരൻ. (രഹസ്യം) രാജാധിരാജാവായ പിതാവാം ദൈവമേ, പുത്രനോടും റൂഹായോടുംകൂടെ നിനക്ക് സകലസ്തുതിയും യുക്തമായി കടപ്പെട്ടിരിക്കുന്നു.

The celebrant stretches out his hands and says aloud: മാലാഖമാർ റിശേമാലാഖമാർ, സ്രോപ്പേന്മാർ, മൗത്ത്ബേന്മാർ, മോറാവോസേന്മാർ തുടങ്ങിയ അദൃശ്യരും അസംഖ്യരുമായ സകലസ്വർഗ്ഗീയ ഗണങ്ങളും കൂട്ടങ്ങളും സേനകളും അടങ്ങാത്ത വായ്കളോടും അവർണ്ണനീയമായ ശബ്ദങ്ങളോടുംകൂടെ വിജയസ്തുതി അട്ടഹസിച്ചുകൊണ്ട് മഹത്വപ്പെടുത്തുന്നവനെ നമുക്കും മഹത്വപ്പെടുത്താം.

ജനം. തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാനാ. ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

പട്ടക്കാരൻ. (രഹസ്യം) പിതാവാം ദൈവമേ, നീയും ഞങ്ങളുടെ കർത്താവേശുമശിഹായും നിൻെറ പരിശുദ്ധ റൂഹായും നിരന്തരമായി സ്തുതിക്കപ്പെടുന്ന പരിശുദ്ധനാകുന്നു.

The celebrant takes the host from the paten with his right hand. He puts it on the palm of his left hand, and raising his eyes skyward, says aloud: **താൻ സ്നേഹപൂർവ്വം ഞങ്ങൾക്കുവേണ്ടി ശരീരം ധരിക്കുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മനസ്സോടെ സ്വയം താഴ്ത്തുകയും ശരീരത്തിൽ കഷ്ടതയനുഭവിക്കുകയും ചെയ്ത കഷ്ടാനുഭവങ്ങളുടെ രാത്രിയിൽ തൻെറ വിശുദ്ധ തൃക്കൈയ്യിൽ അപ്പം എടുത്തുവാഴ്ത്തി. ❖❖ വിശുദ്ധീകരിച്ച് ❖ മുറിച്ച് തൻെറ ശിഷ്യന്മാർക്ക് നൽകി. അവരോട് 'ഇതിൽനിന്ന് നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇത് കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും നിത്യജീവനുംവേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു'.** ***People***: Amen.

The celebrant takes the chalice with both hands, then he holds it with his left hand and makes over it the sign of the Cross three times. Then he puts the second finger of his right hand on its edge and tilts it crosswise, says aloud: **ഇപ്രകാരം തന്നെ കാസായും എടുത്തുവാഴ്ത്തി ❖❖ വിശുദ്ധീകരിച്ച് ❖ തൻെറ ശിഷ്യന്മാർക്കു നൽകി അവരോട് അരുളിച്ചെയ്തു.**

'കടങ്ങളുടെ മോചനത്തിനും പാപപരഹാരത്തിനും നിത്യ ജീവനുംവേണ്ടി നിങ്ങളെല്ലാവരും ഇതുവാങ്ങി പാനം ചെയ്യുവിൻ'. ***People***: Amen.

The celebrant takes the gomouro from the northern side with his left hand; then he takes the spoon from the southern side with his right hand and puts it on the gomouro. He now raises them with his right hand to remind the faithful of the Lord's second coming, which will be like a flash of lightning, and puts them on the southern side. Then he places the sponge on the northern side and says aloud: **ഈ വിശുദ്ധരഹസ്യത്തിൽ നിങ്ങൾ ഇമ്പപ്പെടുമ്പോഴെല്ലാം എൻെറ വരവുവരെ എൻെറ മരണത്തേയും പുനരുത്ഥാന ത്തേയും നിങ്ങൾ അനുസ്മരിച്ചുകൊൾവിൻ എന്ന് അവരോട് താൻ മുൻകൂട്ടി കൽപ്പിച്ചു.**

ജനം. ഞങ്ങളുടെ കർത്താവേ നിൻെറ മരണത്തെ ഞങ്ങൾ ഓർക്കുകയും നിൻെറ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റു പറയുകയും, നിൻെറ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കി പാർക്കുകയും ചെയ്യുന്നു. നിൻെറ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കണമെ.

ഗീതം. നാഥാ നിൻ മൃതിയോർത്തെങ്ങൾ, നിന്നുത്ഥാന-മതേറ്റോതി, കാക്കുന്നു നിൻ പുനരാഗമനം, വാഴ്വരുളുക ഞങ്ങൾക്കെന്നും.

The celebrant, with crossed hands, says aloud: **കർത്താവെ, പാപികളും കുറ്റ ക്കാരുമായ നിൻെറ ദാസരാകുന്ന ഞങ്ങൾ, രക്ഷാകരമായ നിൻെറ മനുഷ്യാവതാരത്തെ മുഴുവനായും, ഭയങ്കരവും മഹനീയവുമായ നിൻെറ പുനരാഗമനത്തേയും ഓർക്കുന്നു.**

ഇതുനിമിത്തം ഞങ്ങൾ പരിഭ്രമിക്കുകയും വിറയ്ക്കുകയും ചെയ്തുകൊണ്ട് നിന്നോടും നീ മുഖാന്തിരം നിൻെറ പിതാവിനോടും സർവ്വശക്തിയുള്ള പിതാവേ ഞങ്ങളോടു കരുണ ചെയ്യണമെ എന്ന് പശാചാത്താപത്തോടെ പ്രാർത്ഥിക്കുകയും ചെയ്യുന്നു

ജനം. **സർവ്വശക്തിയുള്ള പിതാവാം ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും, നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണ തോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.**

The celebrant, stretching out his hands at equal level and gazing upward, says silently: **And we,** Lord, Thy weak and sinful servants, give thanks unto Thee, and confess Thy goodness towards all and on behalf of all.

പട്ടക്കാരൻ. (രഹസ്യം) കർത്താവേ, ബലഹീനരും പാപികളുമായ നിൻെറ ദാസരായ ഞങ്ങൾ നിനക്ക് നന്ദിപറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയുമുള്ള നിൻെറ ദയവിനെ സ്തോത്രം ചെയ്യുന്നു.

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, എൻെറ വാത്സല്യമുള്ളവരേ, ജീവനുള്ള പരിശുദ്ധറൂഹാ, സ്വർഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി, വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ പൊരുന്നി ആവസിച്ച്, അതിനെ ശുദ്ധീകരിക്കുന്ന ഈ നാഴിക എത്ര ഭയങ്കരവും, ഈ സമയം എത്ര ഭ്രമിക്കത്തക്കതും ആകുന്നു. നിങ്ങൾ അടക്കത്തോടും നിന്നുകൊണ്ട് പ്രാർത്ഥിപ്പിൻ.**

ജനം. ഞങ്ങളെല്ലാവരോടുംകൂടെ സമാധാനവും, ഞങ്ങൾക്കെല്ലാവർക്കും സംപ്രീതിയും ഉണ്ടായിരിക്കട്ടെ.

The Invocation of the Holy Spirit

The celebrant waves his hands over the Mysteries, and bowing down his head, says silently: May Thy Holy Spirit, O Lord, descend from Thy Holy Abode and hover over this bread and over this mixed cup that set before us, and may He sanctity them and make me pure and unblemished.

പട്ടക്കാരൻ. (രഹസ്യം) കർത്താവേ, നിൻെറ പരിശുദ്ധമായ വാസസ്ഥലത്തുനിന്ന് നിൻെറ പരിശുദ്ധ റൂഹായെ അയച്ചുതരണമെ. അവൻ വന്ന് സമർപ്പിതമായിരിക്കുന്ന ഈ അപ്പത്തിന്മേലും ഈ കലർപ്പിന്മേലും ആവസിച്ച് അവനെ ശുദ്ധീകരിക്കുകയും എന്നെ നിഷ്ക്കളങ്കനും നിർമ്മലനുമാക്കിത്തീർക്കുകയും ചെയ്യണമെ.

കർത്താവേ, എന്നോടുത്തരമരുളിച്ചെയ്യണമെ, കർത്താവേ, എന്നോടുത്തരമരുളിച്ചെയ്യണമെ, കർത്താവേ, എന്നോടുത്തര മരുളിച്ചെയ്ത് നല്ലവനേ, കരുണതോന്നി എൻെറമേൽ അനുഗ്രഹം ചെയ്യണമെ.

ജനം. കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

പട്ടക്കാരൻ. പരിശുദ്ധറൂഹാ ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ മശിഹായുടെ തിരുശരീരമായി ആക്കിത്തീർക്കുമാറാകണമെ.

ജനം. ആമ്മീൻ.

പട്ടക്കാരൻ. പരിശുദ്ധറൂഹാ ആവസിച്ച് ഈ കാസായെ ഞങ്ങളുടെ മശിഹായുടെ തിരുരക്തവുമായി വ്യതാസപ്പെടുത്തുമാറാകണമെ.

ജനം. ആമ്മീൻ.

The Diptychs

The celebrant, with outstretched hands, says aloud: **ഈ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന എല്ലാവരും സ്വർഗ്ഗരാജ്യത്തിൽ അവകാശികളായിത്തീരണമെ. പുതിയ ജീവിതത്തിൽ പരിശുദ്ധന്മാരുടെ കൂട്ടത്തിൽ അവർആനന്ദിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** ***People*: Amen.**

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, സഭയിലെ ഇടയന്മാരേയും, ഭരണകർത്താക്കളേയും, വൈദികഗണം മുഴുവനേയും ഓർത്തുകൊള്ളണമെ.

Canon of the Living Fathers of the Church.

ശുശ്രൂഷക്കാരൻ. ബാറെക്മോർ, ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്ന്, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ വിശുദ്ധസഭകളെ മേയിച്ചുഭരിക്കുന്ന ശുദ്ധിമാന്മാരും, ബഹുമാനപ്പെട്ടവരും, ഭാഗ്യവാന്മാരുമായി ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന നമ്മുടെ പാത്രിയർക്കിസന്മാരായ ആബൂൻ മോർ ഇഗ്നാത്തിയോസിനുവേണ്ടിയും, ആബൂൻ മോർ ബസ്സേലിയോസിനുവേണ്ടിയും, ആബൂൻ മോർ ഗ്രീഗോറിയോസിനുവേണ്ടിയും, നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ (ഇന്നാർക്കു) വേണ്ടിയും സത്യവിശ്വസികളായ ശേഷമുള്ള സകല എപ്പിസ്ക്കോപ്പന്മാർക്കുവേണ്ടിയും മഹത്തും ഭയങ്കരവും, പരിശുദ്ധവുമായ ഈ സമയത്ത് ദൈവമായ കർത്താവിനോട് നാം അപേക്ഷിച്ചു പ്രാർത്ഥിക്കണം. ജനം. കുറിയേലായിസ്സോൻ.

The celebrant, with outstretched hands, says ***aloud***: **കർത്താവേ, നിൻെറ ദിവ്യോപദേശങ്ങളുടെപ്രകാശത്താൽ നിൻെറ സ്നേഹിതരെ പ്രകാശിപ്പിക്കണമെ. നല്ലകാലങ്ങളും ശാന്തവും സമാധാന**

സമൃദ്ധവമായ ജീവിതവും ഞങ്ങൾക്കു നൽകുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ-- *People*: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, ഇവിടെയും എല്ലാ സ്ഥലത്തുമുള്ള സത്യവിശ്വാസികളായ നിൻെറ ജനത്തെ നീ ഓർത്തുകൊള്ളണമെ.

2 - Canon of the Faithful Brethren

ശുശ്രൂഷക്കാരൻ. **ബറെക്മോർ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, പലവിധമായ കഠിനപരീക്ഷകളിൽ അകപ്പെട്ട് നിന്നിൽ ആശ്രയിച്ചിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടിയും, വേഗത്തിൽ നീ അവരെ ദർശിക്കുന്നതിനുവേണ്ടിയും, ഈ നാഴികയിലും, ഈ സമയത്തും ഞങ്ങൾ ഓർക്കുവാനായിട്ട് നിസ്സാരരും ബലഹീനരുമായ ഞങ്ങളോടു മുൻകൂട്ടി കല്പ്പിച്ചു ഞങ്ങളെ താല്പ്പര്യപ്പെടുത്തിയിട്ടുള്ള വിശ്വാസികളും, സത്യ ക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരളെ എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. ദൈവത്താൽ പാലിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധസഭയുടെ മക്കളാകുന്ന വിശ്വാസികളായ എല്ലാവർക്കും, അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായിട്ടും, അവർ സുകൃതമുള്ളവരായിത്തിരുവാനായിട്ടും, കർത്താവിനോടു നാം പ്രാർത്ഥിക്കണം.** ജനം. **കുറിയേലായിസ്സോൻ.**

The celebrant, with outstretched hands, says aloud: **കർത്താവേ, പീഡിതരേയും ക്ളേശതരേയും പ്രയാസപ്പെടുന്നവരേയും ദുഃഖിതരേയും ദരിദ്രരേയും അഗതികളേയും പരദേശികളേയും നിരാശ്രയരേയും ബന്ധിതരേയും അടിമകളേയും വിധവകളേയും അനാഥരേയും നീ സംരക്ഷിച്ചു പുലർത്തണമെ.**

ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ-- ***People***: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, തിരുവിഷ്ടം നിറവേറ്റുന്ന വിശ്വാസികളും, അധികാരികളു മായ ഭരണകർത്താക്കളെ ഓർക്കണമെ.

Canon of the Faithful Kings

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭകളെയും, ദയറാകളേയും, സത്യ വിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും, സത്യ ക്രിസ്ത്യനികളുമായ സകല ഭരണകർത്താക്കളേയും ഞങ്ങൾ ഓർക്കുന്നു. പട്ടക്കാരും വിശ്വസികളായ ജനങ്ങളുടെ സംഘവും, ക്രിസ്ത്യാനിസമൂഹം മുഴുവനും സുകൃതമുള്ളവരായിത്തീരു വാനായിട്ട് കർത്താവിനോടു നാം പ്രാർത്ഥിക്കണം.**

ജനം. **കൂറിയേലായിസ്സോൻ.**

The celebrant, with outstretched hands, says aloud: **കർത്താവേ, ശാന്തവും ആനന്ദകരവുമായ ജീവിതം തിരുമുമ്പാകെ നയിക്കുവാനും ഞങ്ങളുടെ ഭരണകർത്താക്കളാൽ ദയാപൂർവ്വം വീക്ഷിക്ക പ്പെടുവാനും കരുണയോടെ ഞങ്ങൾക്കു കൃപനൽകണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** ***People***: Amen.

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, ദൈവമാതാവായ കന്യക മറിയാമിനെയും, യോഹന്നാൻ സ്നാപകനേയും, സ്തേപ്പാനോസ് ശെമ്മാശനേയും നിൻെറ തിരുവിഷ്ടം പ്രവർത്തിക്കുന്ന എല്ലാവരേയും നീ ഓർക്കണമെ.

Canon of the Mother of God and the Saints

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, വിശുദ്ധിയുള്ളവളും, മഹത്വമുള്ളവളും, അനുഗ്രഹിക്കപ്പെട്ടവളും, നിത്യകന്യകയും, ഭാഗ്യവതിയുമായ ദൈവമാതാവായ മറിയാമിനെ ഞങ്ങൾ ഓർക്കുന്നു. അവളോടുകൂടെ പരിശുദ്ധന്മാരായ നിബിയന്മാരെയും, പ്രസംഗക്കാരായ ശ്ലീഹന്മാരെയും, ഏവൻഗേലിസ്ഥന്മാരെയും, സഹദേന്മോരേയും, മൗദ്യാനന്മാരേയും, ഭാഗ്യവാനും തൻെറ യജമാനൻെറ മുന്നോട്ടക്കാരനുമായ മോർ യൂഹാനോൻ മംദാനായേയും, ശെമ്മാശ്ശന്മാരിൽ പ്രധാനിയും, സഹദേന്മോരിൽ മുമ്പനുമായ മോർ സ്തേപ്പാനോസിനേയും, ശ്ലീഹന്മാരിൽ തലവാന്മാരായ ഉന്നതപ്പെട്ട മോർ പത്രോസിനേയും മോർ പൗലോസിനേയും, നമ്മുടെ പിതാവായ മോർ തോമ്മാശ്ലീഹായേയും, ശേഷം സകല ശുദ്ധിമാന്മാരേയും, ശുദ്ധിമതികളേയും ഒന്നുപോലെ നാം ഓർക്കണം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം.**

ജനം. കുറിയേലായിസ്സോൻ.

The celebrant, with outstretched hands, says aloud: **കർത്താവേ, പുണ്യപ്രവൃത്തികളാൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരുടെ പ്രാർത്ഥനയാലും അപേക്ഷകളാലും അവരോടൊരുമിച്ചുള്ള അവകാശത്തിനും ഓഹരിക്കും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--**

People: Amen.

രഹസ്യം: കർത്താവേ, വിശുദ്ധ പിതാക്കന്മാരേയും, ശ്രേഷ്ഠ മല്പാന്മാരേയും, സത്യ പുരോഹിതന്മാരേയും ഓർക്കണമെ.

ശുശ്രൂഷക്കാരൻ. ബാറെക്മോർ, ശ്ശെലഹികവും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്കു ഏൽപ്പിച്ചു തന്നവരായി, ശുദ്ധിമാന്മാരുടെ സ്ഥലത്തു ശുദ്ധതയോടെ മുൻകൂട്ടി നിദ്രപ്രാപിച്ചു വിശ്രമിക്കുന്നവരേയും, നിഖ്യായിലും കുസ്തന്തീനോപോലീസിലും, എപ്പേസോസിലും വെച്ചുണ്ടായ പുണ്യപ്പെട്ടവയും, പരിശുദ്ധങ്ങളുമായ മൂന്നു പൊതു സുന്നഹദോസുകളേയും, അവയിലുണ്ടായിരുന്ന നീതിമാന്മാരും, മല്പ്പാന്മാരും, സ്തുതിക്കപ്പെട്ടവരും, ദൈവത്തെ ധരിച്ചവരുമായ ഞങ്ങളുടെ പിതാക്കന്മാരേയും, ഊർശ്ലേമിൻെറ ഒന്നാമത്തെ പ്രധാനാചാര്യനും, പുണ്യവാനും, ശ്ലീഹായും, സഹദായുമായ യാക്കോബും, ഇഗ്നാത്യോസും, ക്ലീമ്മീസും, ദിവന്ന്യാസ്യോസും, അത്താനാസ്യോസും, യൂലിയോസും, ബസ്സേലിയോസും, ഗ്രീഗോറിയോസും, ദീയസ്ക്കോറോസും, തീമോത്തിയോസും, പീലക്സീനോസും, അന്തീമോസും, ഈയാവാനീസും, വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്ന് നമ്മുടെ കർത്താവേശു മശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവനും, സത്യവാനും ഉന്നതഗോപുരവുമായ പ്രസിദ്ധനായ മോർ കൂറീലോസും, സുറിയാനിക്കാരുടെ കിരീടവും, ദൈവത്തിൻെറ വിശുദ്ധസഭ മുഴുവൻേറയും വിവേകമുള്ള വായും, തൂണും, മല്പാനും പുഷ്പങ്ങൾകൊണ്ട് നിറഞ്ഞ മേച്ചിൽ സ്ഥലവും, മറിയാം ദൈവമാതാവെന്ന് സംശയംകൂടാതെ എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മോർ സേവേറിയോസും, സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും, പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മോർ യാക്കോബു ബുർദാനായും, മോർ

അപ്രേമും, മോർ യാക്കോബും, മോർ ഇസഹാക്കും, മോർ ബാലായിയും, ദുഃഖിതന്മാരിൽ തലവനായ മോർ ബർസൗമായും, മോർ ശെമഓൻ ദെസ്തുനിയും, തെരഞ്ഞെടുക്കപ്പെട്ട മോർ അബഹായിയും, യൽദോ മോർ ബസ്സേലിയോസുമായ ഞങ്ങളുടെ പിതാക്കന്മാരേയും, മലങ്കരയുടെ പരിശുദ്ധന്മാരായ മോർ ഗ്രീഗോറിയോസിനേയും, മോർ ദിവന്ന്യാസ്യോസിനേയും, ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ച് ഞങ്ങൾക്ക് ഏൽപ്പിച്ചു തന്നവരായി, ഇവരുടെ മുമ്പും, ഇവരോടുകൂടെയും, ഇവരുടെ പിമ്പുള്ളവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം. ജനം. **കുറിയേലായിസ്സോൻ.**

The celebrant, with outstretched hands, says aloud: **കർത്താവേ, മൂന്നു പരിശുദ്ധ സുന്നഹദോസുകളിലെ സത്യവിശ്വാസത്തിൻെറ പാറമേൽ ഞങ്ങളെല്ലാവരെയും സ്ഥിരപ്പെടുത്തണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹാ--** ***People***: Amen.

രഹസ്യം: കർത്താവേ, ഞങ്ങളുടെ മാതാപിതാക്കളെയും, സഹോദരീ സഹോദരന്മാരേയും, ഗുരുക്കന്മാരേയും വിശ്വാസികളായ സകല മരിച്ചു പോയവരേയും ഓർക്കണമെ.

Canon of the Faithful Departed

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, അരൂപികളുടേയും സകല ജഢങ്ങളുടേയും ഉടയവനായിരിക്കുന്ന പിതാവാം ദൈവമേ, സത്യവിശ്വാസത്തിൽ മുൻകൂട്ടി നിദ്ര പ്രാപിച്ച് വിശ്രമിച്ച് നിൻെറ അടുക്കൽ വന്നുചേർന്നവരായി, ഈ പരിശുദ്ധ മദ്ബഹായിൽ നിന്നും, ഈ പള്ളിയിൽനിന്നും, ഈ സ്ഥലത്തുനിന്നും, എല്ലാ**

ഭാഗങ്ങളിൽനിന്നും, സ്നേഹത്തോടും സത്യവിശ്വസത്തോടും കൂടെ വാങ്ങിപ്പോയിരിക്കുന്ന വിശ്വാസികളായ സകല മരിച്ചു പോയവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ ആത്മാക്കളേയും അരൂപികളേയും തൻെറ അടുക്കലേക്ക് എടുത്തു കൊണ്ടവനായ നമ്മുടെ ദൈവമായ മശിഹായോട്, ധാരാളമായ തൻെറ അനുഗ്രഹങ്ങൾമൂലം കടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനും അവരെ യോഗ്യരാക്കുവാനും, നമ്മെയും അവരേയും തൻെറ സ്വർഗ്ഗ രാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായിട്ട് നാം അപേക്ഷിച്ച് മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് അട്ടഹസിച്ച് പറയണം. ജനം. കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

The celebrant, with outstretched hands, says aloud: **കർത്താവേ, വിശ്വാസകളായ ഞങ്ങളുടെ വാങ്ങിപ്പോയവരെ അന്ധകാരസൈന്യങ്ങൾക്കു പിടിക്കുവാൻ പാടില്ലാത്തവരാക്കിത്തീർത്ത് ദുഷ്ടാത്മാക്കളുടെ ബന്ധനത്തിൽനിന്ന് അവരെ വീണ്ടെടുക്കുകയും ദണ്ഡനങ്ങളിൽനിന്നും അതിവേദനകളിൽനിന്നും അവരെ രക്ഷിക്കുകയുംചെയ്യണമെ. നിൻെറഏകജാതൻെറ പ്രകാശം ഞങ്ങളുടെമേലുംഅവരുടെമേലും ഉദിപ്പിക്കണമെ. അവൻമൂലമുള്ള കരുണയുംപാപമോചനവും പ്രാപിക്കുവാൻ വേണ്ടി ഞങ്ങളും അവരും അവനിൽതന്നെ ശരണം പ്രാപിക്കുന്നു.** ***People*: Amen.**

ജനം. ദൈവമേ, സത്യവിശ്വാസത്തോടുകൂടി, ഞങ്ങളിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരേയും നീ

ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തണമെ. മനസ്സോടും മനസ്സു കൂടാതെയും, അറിവോടു അറിവു കൂടാതെയും നിന്റെ തിരുമുമ്പിൽ ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പിഴകളെ ക്ഷമിക്കണമെ.

ദൈവമേ, മനസ്സുകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെറ്റുകളെ നീ പരിഹരിച്ച് ക്ഷമിക്കണമെ. രഹസ്യവും പരസ്യവുമായ കാര്യങ്ങൾ നിനക്ക് വെളിപ്പെട്ടിരിക്കുന്നുവല്ലൊ.

The celebrant, with outstretched hands, says aloud: **കർത്താവേ, നിന്റെ മഹാ കരുണയാൽ ഞങ്ങളെ ശ്രദ്ധിച്ച്, ഞങ്ങളേയും ഞങ്ങളുടെ പരേതരേയും ന്യായവിധിയിൽനിന്നും ദുഷ്ടന്മാർക്കായുള്ള ദണ്ഡനങ്ങളിൽനിന്നും രക്ഷിക്കുമാറാകണമെ. തന്മൂലം സകലത്തിലും എന്നപോലെ ഈ കുർബ്ബാനവഴിയായും സകലത്തിലും ബഹുമാന്യവും വാഴ്ത്തപ്പെട്ടതുമായ നിന്റെ തിരുനാമം ഞങ്ങളുടെകർത്താവായ യേശുമശിഹായുടെയും പരിശുദ്ധറൂഹായുടെയും നാമങ്ങളോടുകൂടെ സ്തുതിക്കപ്പെട്ട് പുകഴ്ത്തുമാറാകണമെ.**

ശുശ്രൂഷക്കാരൻ. **കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം.**

ജനം. **ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.**

The celebrant: **കർത്താവേ, അനശ്വരമായ നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കണമെ. നിന്റെയും നിന്റെ ഏകജാതന്റെയും തിരുവിഷ്ടം നിറവേറ്റുവാൻ ഇപ്പോഴും**

എപ്പോഴും എന്നേയ്ക്കും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ. *People*: ആമ്മീൻ.

The celebrant, with crossed hands, says aloud: കർത്താവേ, നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ ബലിമുഖാന്തിരം, സകല അശുദ്ധ വിചാരങ്ങളെയും ഞങ്ങളിൽനിന്ന് ദൂരീകരിക്കണമെ. ഇതിനാൽ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും, ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറഏകജാതനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ. *People*: ആമ്മീൻ.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, നാം എല്ലാവരും ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, സത്യവിശ്വാസത്തോടും. നല്ല ദൈവഭക്തിയോടും കൂടെ നിന്ന് ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ *(ഈ വന്ദ്യ പിതാവിൻെറ/ഈ പരിശുദ്ധ പിതാവിൻെറ)* കൈകളാൽ നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ ഈ കുർബാനയിൽസൂക്ഷിക്കണം എന്തെന്നാൽനാമെല്ലാവർക്കും വേണ്ടി ജീവനുള്ള ബലിയെ സകലത്തിൻേറയും ഉടയവനായ പിതാവാം ദൈവത്തിനു നിരപ്പിലും സമാധാനത്തിലും അണയ്ക്കുന്നു.

ജനം. ഈ കുർബാന അനുഗ്രഹങ്ങളും, സമാധാനവും, ബലിയും സ്തോത്രവുമാകുന്നു.

പട്ടക്കാരൻ. (രഹസ്യം) ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകൻെറ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെയാകുന്നു.

പിതാവാം ദൈവത്തിൻെറ സ്നേഹവും, ഏകജാതനായ പുത്രൻെറ കൃപയും, പരിശുദ്ധറൂഹായുടെ സംബന്ധവും, സഹവാസവും എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

ജനം. **ആമ്മീൻ, അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.**

പട്ടക്കാരൻ. **ഈ സമയത്ത് നാമെല്ലാവരുടേയും ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും, ഉയരങ്ങളിൽ പിതാവാം ദൈവത്തിൻെറ വലത്തുഭാഗത്ത് മശിഹാതമ്പുരാൻ എഴുന്നെള്ളിയിരിക്കുന്ന, സ്ഥാനത്ത് ആയിരിക്കണം.**

ജനം. **ഞങ്ങളുടെ ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു.**

പട്ടക്കാരൻ. **ഭയത്തോടുകൂടെ കർത്താവിനെ നാം സ്തോത്രം ചെയ്യണം.**

ജനം. **ഭയത്തോടുകൂടെ കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.**

പട്ടക്കാരൻ. (രഹസ്യം) പിതാവ്, പുത്രൻ പരിശുദ്ധറൂഹാ എന്ന സത്യേക ദൈവത്തെ സ്തുതിച്ച് സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു.

The celebrant stretches out his hands and says aloud: **തിരുമുമ്പാകെ നിന്നുകൊണ്ട് ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുന്ന ആയിരങ്ങളും പതിനായിരങ്ങളുമായ അഗ്നിമയന്മാരോടൊരുമിച്ച് ത്രിത്വസ്തുതികളാൽ നിന്നെ പുകഴ്ത്തുവാൻ ഞങ്ങൾ യോഗ്യരായി ഭവിക്കണമെ. കദ്ക്കോയേനാൻ ---**

ജനം. **തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാനാ. ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.**

പട്ടക്കാരൻ. (രഹസ്യം) ജനകനും ജാതംചെയ്യാത്തവനുമായ പിതാവ് പരിശുദ്ധനാകുന്നു. ജാതം ചെയ്തവനും ജനകനല്ലാത്തവനുമായ പുത്രൻ പരിശുദ്ധനാകുന്നു. പിതാവിൽ നിന്ന് പുറപ്പെടുന്നവനും പുത്രനിൽനിന്നെടുക്കുന്നവനുമായ പരിശുദ്ധറൂഹാ പരിശുദ്ധനാകുന്നു. കരുണയോടും ദയവോടുംകൂടെ ഞങ്ങളെ രക്ഷിച്ച സത്യദൈവം ഏകനാകുന്നു.

The celebrant takes the host from the paten with his right hand. He puts it on the palm of his left hand, and raising his eyes skyward, says aloud: **രക്ഷാകരമായ കഷ്ടാനുഭവത്തിന് താൻ ഒരുങ്ങിയപ്പോൾ അപ്പം എടുത്ത് വാഴ്ത്തി + +, ശുദ്ധീകരിച്ച് + മുറിച്ച്, അത് അനുഭവിക്കുന്നവർക്ക് നിത്യജീവനുവേണ്ടിയുള്ള തൻെറ പരിശുദ്ധശരീരമെന്ന് അതിനെ നാമകരണം ചെയ്തു.** *People*: **ആമ്മീൻ.**

The celebrant takes the chalice with both hands, then he holds it with his left hand and makes over it the sign of the Cross three times. Then he puts the second finger of his right hand on its edge and tilts it crosswise, says aloud: **അപ്രകാരം തന്നെ വീഞ്ഞും വെള്ളവും ചേർത്തുണ്ടാക്കിയ കാസായും വാഴ്ത്തി + +,**

ശുദ്ധീകരിച്ച് + അത് അനുഭവിക്കുന്നവർക്ക് നിത്യജീവനുവേണ്ടിയുള്ള തൻ്റെ വിലയേറിയ രക്തമായിട്ട് അതിനെ പൂർത്തിയാക്കി. *People*: **ആമ്മീൻ.**

***The celebrant takes the gomouro from the northern side with his left hand; then he takes the spoon from the southern side with his right hand and puts it on the gomouro. He now raises them with his right hand to remind the faithful of the Lord's second coming, which will be like a flash of lightning, and puts them on the southern side. Then he places the sponge on the northern side and says aloud*: ഞാൻ വരുന്നതുവരെ എൻ്റെ സ്മരണയ്ക്കായി ഇപ്രകാരം നിങ്ങൾ ചെയ്വിൻ എന്ന് അരുളിച്ചെയ്തുകൊണ്ട് വിശുദ്ധശ്ലീഹന്മാർക്ക് ഇതിനെ താൻ ഭരമേല്പിച്ചു.**

ജനം. ഞങ്ങളുടെ കർത്താവേ നിൻ്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിൻ്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റു പറയുകയും, നിൻ്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കി പാർക്കുകയും ചെയ്യുന്നു. നിൻ്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കണമെ.

ഗീതം. നാഥാ നിൻ മൃതിയോർത്തെങ്ങൾ, നിന്നുത്ഥാനമതേറ്റോതി, കാക്കുന്നു നിൻ പുനരാഗമനം, വാഴ്വരുളുക ഞങ്ങൾക്കെന്നും.

***The celebrant, with crossed hands, says aloud*: കർത്താവേ, നിൻ്റെ മനുഷ്യാവതാരത്തിലെ സകലരക്ഷാപ്രവർത്തനങ്ങളെയും നിൻ്റെ സഭ ഓർക്കുന്നു. ഒരോരുവനും അവനവൻ്റെ പ്രവൃത്തികൾക്ക് അനുസരണമായി പ്രതിഫലംകൊടുക്കുന്ന ഭ്രമജനകമായ നിൻ്റെ പുനരാഗമനത്തേയും അനുസ്മരിക്കുന്നു. തന്മൂലം നിൻ്റെ സഭയും നിൻ്റെ ഇടവകയും നിന്നോടും നീ മുഖാന്തിരം നിൻ്റെകൂടെ നിൻ്റെ പിതാവിനോടും സർവ്വശക്തി യുള്ള**

പിതാവാം ദൈവമേ, ഞങ്ങളോടു കരുണചെയ്യണമെ എന്നു പശ്ചാത്താപത്തോടെ പ്രാർത്ഥിക്കുന്നു.

ജനം. **സർവ്വശക്തിയുള്ള പിതാവാം ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും, നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണ തോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.**

പട്ടക്കാരൻ. (രഹസ്യം) കർത്താവേ, ബലഹീനരും പാപികളുമായ നിന്റെ ദാസരായ ഞങ്ങളും നിനക്ക് നന്ദിപറഞ്ഞുകൊണ്ട് സകലത്തെക്കുറിച്ചും സകലത്തിനുവേണ്ടിയുമുള്ള നിന്റെ ദയവിനെ സ്തോത്രം ചെയ്യുന്നു.

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരേ, ജീവനുള്ള പരിശുദ്ധറൂഹാ, സ്വർഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി, വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ പൊരുന്നി ആവസിച്ച്, അതിനെ ശുദ്ധീകരിക്കുന്ന ഈ നാഴിക എത്ര ഭയങ്കരവും, ഈ സമയം എത്ര ഭ്രമിക്കത്തക്കതും ആകുന്നു. നിങ്ങൾ അടക്കത്തോടും നിന്നുകൊണ്ട് പ്രാർത്ഥിപ്പിൻ.**

ജനം. **ഞങ്ങളെല്ലാവരോടുംകൂടെ സമാധാനവും, ഞങ്ങൾക്കെല്ലാവർക്കും സംപ്രീതിയും ഉണ്ടായിരിക്കട്ടെ.**

The Invocation of the Holy Spirit

പട്ടക്കാരൻ. (രഹസ്യം) കർത്താവേ, എന്നോടു കരുണതോന്നി സഭയിലെ കൂദാശകളെയും തന്റെ ആവസിപ്പാൽ പൂർത്തീകരിക്കുന്നവനായ നിന്റെ പരിശുദ്ധ റൂഹായെ എന്റെമേലും സമർപ്പിതമായിരിക്കുന്ന ഈ കുർബ്ബാന മേലും നീ അയച്ചുതരണമെ.

കർത്താവേ, എന്നോടുത്തരമരുളിച്ചെയ്യണമെ, കർത്താവേ, എന്നോടുത്തരമരുളിച്ചെയ്യണമെ, കർത്താവേ, എന്നോടുത്തര മരുളിച്ചെയ്ത് നല്ലവനേ, കരുണതോന്നി എൻെറമേൽ അനുഗ്രഹം ചെയ്യണമെ.

ജനം. **കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.**

പട്ടക്കാരൻ. ***പരിശുദ്ധറൂഹാ ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ മശിഹായുടെ തിരുശരീരമായി ആക്കിത്തീർക്കുമാറാകണമെ.*** **ആമ്മീൻ.**

പട്ടക്കാരൻ. ***പരിശുദ്ധറൂഹാ ആവസിച്ച് ഈ കാസായെ ഞങ്ങളുടെ മശിഹായുടെ തിരുരക്തവുമായി വ്യതാസപ്പെടുത്തുമാറാകണമെ.*** ജനം. **ആമ്മീൻ.**

The Diptychs

***The celebrant, with outstretched hands, says aloud*:** **കർത്താവേ, തിരുശരീര രക്തങ്ങൾ അനുഭവിക്കുന്ന സകലർക്കും ഇവ കടങ്ങളുടെ പരിഹാരത്തിനായിത്തീരണമെ. തന്മൂലം അവർ നിത്യജീവന് അവകാശികളായിത്തീരണമെ. അവൻ നിനക്കും നിൻെറ ഏക ജാതനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയം ചെയ്യണമെ.** ***People*:** **ആമ്മീൻ.**

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, എല്ലാസ്ഥലങ്ങളിലുമുള്ള നിൻെറ വിശുദ്ധ സഭയ്ക്കുവേണ്ടിയും വിശ്വാസികളായ നിൻെറ ജനങ്ങൾക്കും വൈദിക ഗണത്തിനുംവേണ്ടിയും ഈ ബലി നിനക്കു ഞങ്ങൾ അണയ്ക്കുന്നു.

Canon of the Living Fathers of the Church.

ശുശ്രൂഷക്കാരൻ. **ബാറെക്മോർ, ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്ന്, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ വിശുദ്ധസഭകളെ മേയിച്ചുഭരിക്കുന്ന ശുദ്ധിമാന്മാരും, ബഹുമാനപ്പെട്ടവരും, ഭാഗ്യവാന്മാരുമായി ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന നമ്മുടെ പാത്രിയർക്കിസന്മാരായ ആബൂൻ മോർ ഇഗ്നാത്തിയോസിനു വേണ്ടിയും, ആബൂൻ മോർ ബസ്സേലിയോസിനുവേണ്ടിയും, ആബൂൻ മോർ ഗ്രീഗോറിയോസിനുവേണ്ടിയും, നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ (ഇന്നാർക്കു) വേണ്ടിയും സത്യ വിശ്വസികളായ ശേഷമുള്ള സകല എപ്പിസ്ക്കോപ്പന്മാർക്കു വേണ്ടിയും മഹത്തും ഭയങ്കരവും, പരിശുദ്ധവുമായ ഈ സമയത്ത് ദൈവമായ കർത്താവിനോട് നാം അപേക്ഷിച്ചു പ്രാർത്ഥിക്കണം.**
ജനം. **കുറിയേലായിസ്സോൻ.**

***The celebrant, with outstretched hands, says aloud*: കർത്താവേ നിൻെറ പരിശുദ്ധസഭയ്ക്കു ശാന്തിയും സമാധാനവും അതിലെ ഇടയന്മാർക്ക് ഉത്തമവും പ്രശാന്തവുമായ ദീർഘായുസ്സും നൽകണമെ. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ അതിൽ എഴുന്നേല്പ്പിക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ.** ***People*: ആമ്മീൻ**

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, സൽപ്രവൃത്തികൾ ചെയ്യുന്ന എല്ലാവരെയും നീ ഓർക്കണമെ. നിന്നെവിളിക്കുകയും ദൃഢവിശ്വാസത്തോടെ നിന്നിൽ സങ്കേതം പ്രാപിക്കുകയും ചെയ്യുന്ന എല്ലാവരോടും നീ കരുണചെയ്ത് സഹായിക്കുകയും ചെയ്യണമെ.

ശുശ്രൂഷക്കാരൻ. **ബറെക്മോർ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, പലവിധമായ കഠിനപരീക്ഷകളിൽ അകപ്പെട്ട് നിന്നിൽ ആശ്രയിച്ചിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടിയും, വേഗത്തിൽ നീ അവരെ ദർശിക്കുന്നതിനുവേണ്ടിയും, ഈ നാഴികയിലും, ഈ സമയത്തും ഞങ്ങൾ ഓർക്കുവാനായിട്ട് നിസ്സാരരും ബലഹീനരുമായ ഞങ്ങളോടു മുൻകൂട്ടി കല്പ്പിച്ചു ഞങ്ങളെ താല്പ്പര്യപ്പെടുത്തിയിട്ടുള്ള വിശ്വാസികളും, സത്യ ക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരളെ എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. ദൈവത്താൽ പാലിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധസഭയുടെ മക്കളാകുന്ന വിശ്വാസികളായ എല്ലാവർക്കും, അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായിട്ടും, അവർ സുകൃതമുള്ളവരായിത്തിരുവാനായിട്ടും, കർത്താവിനോടു നാം പ്രാർത്ഥിക്കണം.** ജനം. **കുറിയേലായിസ്സോൻ.**

The celebrant, with outstretched hands, says aloud: **കർത്താവേ, ഞെരുക്കത്തിലും ദാരിദ്ര്യത്തിലും ക്ളേശിക്കുന്ന എല്ലാവർക്കും നിൻെറ സഹായങ്ങൾ നൽകണമെ. അവരേയും അവരെ സഹായിക്കുന്നവരേയും കാത്തുകൊള്ളണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ.** *People*: ആമ്മീൻ

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, നിൻെറ വിശുദ്ധസഭയ്ക്കു സഹായം നൽകുന്നവരായ ഭരണകർത്താക്കളെയും വിശ്വാസികളായ നിൻെറ ജനത്തിനു നന്മചെയ്യുന്നവരെയും ഓർത്തുകൊള്ളണമെ.

Canon of the Faithful Kings

ശുശ്രൂഷക്കാരൻ. ബാറെക്മോർ, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭകളെയും, ദയറാകളേയും, സത്യ വിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും, സത്യ ക്രിസ്ത്യനികളുമായ സകല ഭരണകർത്താക്കളേയും ഞങ്ങൾ ഓർക്കുന്നു. പട്ടക്കാരും വിശ്വസികളായ ജനങ്ങളുടെ സംഘവും, ക്രിസ്ത്യാനിസമൂഹം മുഴുവനും സുകൃതമുള്ളവരായിത്തീരു വാനായിട്ട് കർത്താവിനോടു നാം പ്രാർത്ഥിക്കണം. ജനം. കുറിയേലായിസ്സോൻ.

The celebrant, with outstretched hands, says aloud: കർത്താവേ അദൃശ്യനായ ആ ശത്രുവിനെയും അവൻെറ ക്രൂരവാഴ്ചയേയും ഞങ്ങളിൽനിന്ന് നീക്കി കരുണയില്ലാത്ത അധിപന്മാരുടെ കൈകളിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ. *People*: ആമ്മീൻ

പട്ടക്കാരൻ. (രഹസ്യം): കർത്താവേ, നിൻെറ സകലപരിശുദ്ധന്മാരെയും നിൻെറ ഏകപുത്രൻെറ മാതാവിനെയും നീ ഓക്കുകയും നിൻെറ സേവകരുടെ പ്രാർത്ഥനകളാൽ ഞങ്ങൾക്കു രക്ഷയും സഹായവും നൽകുകയും ചെയ്യണമെ.

Canon of the Mother of God and the Saints

ശുശ്രൂഷക്കാരൻ. ബാറെക്മോർ, ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, വിശുദ്ധിയുള്ളവളും, മഹത്വമുള്ളവളും, അനുഗ്രഹിക്കപ്പെട്ടവളും, നിത്യകന്യകയും, ഭാഗ്യവതിയുമായ ദൈവമാതാവായ മറിയാമിനെ ഞങ്ങൾ ഓർക്കുന്നു. അവളോടുകൂടെ പരിശുദ്ധന്മാരായ നിബിയ ന്മാരെയും, പ്രസംഗക്കാരായ ശ്ലീഹന്മാരെയും, ഏവൻഗേലി

സ്ഥന്മാരെയും, സഹദേന്മാരേയും, മൗദ്യാനന്മാരേയും, ഭാഗ്യവാനും തൻെറ യജമാനൻെറ മുന്നോട്ടക്കാരനുമായ മോർ യൂഹാനോൻ മംദാനായേയും, ശെമ്മാശ്ശന്മാരിൽ പ്രധാനിയും, സഹദേന്മാരിൽ മുമ്പനുമായ മോർ സ്തേപ്പാനോസിനേയും, ശ്ലീഹന്മാരിൽ തലവാന്മാരായ ഉന്നതപ്പെട്ട മോർ പത്രോസിനേയും മോർ പൗലോസിനേയും, നമ്മുടെ പിതാവായ മോർ തോമ്മാശ്ലീഹായേയും, ശേഷം സകല ശുദ്ധിമാന്മാരേയും, ശുദ്ധിമതികളേയും ഒന്നുപോലെ നാം ഓർക്കണം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം. ജനം. കുറിയേലായിസ്സോൻ.

The celebrant, with outstretched hands, says aloud: കർത്താവേ, നിൻെറ വിശുദ്ധന്മാരുടെ പാർശ്വങ്ങളിൽ ഞങ്ങളെ സംരക്ഷിച്ച് അവരുടെ അണികളിൽ ഞങ്ങളെയും ഉൾപ്പെടുത്തണമെ. അവരോടൊരുമിച്ച് ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ.

People: ആമ്മീൻ

രഹസ്യം: കർത്താവേ, സത്യവിശ്വാസം ഞങ്ങളോടു പ്രസംഗിച്ചിട്ടുള്ള സുശിക്ഷിതരായ പിതാക്കന്മാരും, സത്യ ഉപദേഷ്ഠാക്കളുമായ ഞങ്ങളുടെ സത്യ ഇടയന്മാരെ ഓർത്തുകൊള്ളണമെ.

Canon of the Fathers and Doctors of the Church

ശുശ്രൂഷക്കാരൻ. ബാറെക്മോർ, ശൈ്ലഹികവും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്കു ഏൽപ്പിച്ചു തന്നവരായി, ശുദ്ധിമാന്മാരുടെ സ്ഥലത്തു ശുദ്ധതയോടെ മുൻകൂട്ടി നിദ്രപ്രാപിച്ചു വിശ്രമിക്കുന്നവരേയും, നിഖ്യായിലും

കുസ്തന്തീനോപോലീസിലും, എപ്പേസോസിലും വെച്ചുണ്ടായ പുണ്യപ്പെട്ടവയും, പരിശുദ്ധങ്ങളുമായ മൂന്നു പൊതു സുന്നഹദോസുകളേയും, അവയിലുണ്ടായിരുന്ന നീതിമാന്മാരും, മല്പ്പാന്മാരും, സ്തുതിക്കപ്പെട്ടവരും, ദൈവത്തെ ധരിച്ചവരുമായ ഞങ്ങളുടെ പിതാക്കന്മാരേയും, ഊർശ്ലേമിൻെറ ഒന്നാമത്തെ പ്രധാനാചാര്യനും, പുണ്യവാനും, ശ്ലീഹായും, സഹദായുമായ യാക്കോബും, ഇഗ്നാത്യോസും, ക്ലീമ്മീസും, ദിവന്ന്യാസ്യോസും, അത്തോനാസ്യോസും, യൂലീയോസും, ബസ്സേലിയോസും, ഗ്രീഗോറിയോസും, ദീയസ്ക്കോറോസും, തിമോത്തിയോസും, പീലക്സീനോസും, അന്തിമോസും, ഈയാവാനീസും, വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്ന് നമ്മുടെ കർത്താവേശു മശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവനും, സത്യവാനും ഉന്നത ഗോപുരവുമായ പ്രസിദ്ധനായ മോർ കൂറീലോസും, സുറിയാനിക്കാരുടെ കിരീടവും, ദൈവത്തിൻെറ വിശുദ്ധസഭ മുഴുവൻേറയും വിവേകമുള്ള വായും, തൂണും, മല്പാനും പുഷ്പങ്ങൾകൊണ്ട് നിറഞ്ഞ മേച്ചിൽ സ്ഥലവും, മറിയാം ദൈവമാതാവെന്ന് സംശയംകൂടാതെ എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മോർ സേവേറിയോസും, സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും, പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മോർ യാക്കോബു ബുർദാനായും, മോർ അപ്രേമും, മോർ യാക്കോബും, മോർ ഇസഹാക്കും, മോർ ബാലായിയും, ദുഃഖിതന്മാരിൽ തലവനായ മോർ ബർസൗമായും, മോർ ശെമഓൻ ദെസ്തുനിയും, തെരഞ്ഞെടുക്കപ്പെട്ട മോർ അബ്രഹായിയും, യൽദോ മോർ ബസ്സേലിയോസുമായ ഞങ്ങളുടെ പിതാക്കന്മാരേയും, മലങ്കരയുടെ പരിശുദ്ധന്മാരായ

മോർ ഗ്രീഗോറിയോസിനേയും, മോർ ദിവന്ന്യാസ്യോസിനേയും, ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ച് ഞങ്ങൾക്ക് ഏൽപ്പിച്ചു തന്നവരായി, ഇവരുടെ മുമ്പും, ഇവരോടുകൂടെയും, ഇവരുടെ പിമ്പുള്ളവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം. ജനം. **കുറിയേലായിസ്സോൻ.**

***The celebrant, with outstretched hands, says aloud*: കർത്താവേ, സത്യ വിശ്വാസത്തിൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളെ അതിൽ നിന്നു വ്യതിചലിക്കാത്തവരും കുറ്റമില്ലാത്തവരുമാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ.**

***People*: ആമ്മീൻ**

രഹസ്യം: കർത്താവേ, നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ചിട്ടുള്ള സത്യവിശ്വാസികളായ മരിച്ചുപോയവരെ നീ ഓർത്ത് നിന്റെ ഏകപുത്രന്റെ രക്തംമൂലം രക്ഷപ്രാപിച്ചിട്ടുള്ള അവരെ കരുണയോടെ ആശ്വസിപ്പിക്കുമാറാകണമെ.

Canon of the Faithful Departed

ശുശ്രൂഷക്കാരൻ. ബാറെക്മോർ, അരൂപികളുടേയും സകല ജഡങ്ങളുടേയും ഉടയവനായിരിക്കുന്ന പിതാവാം ദൈവമേ, സത്യവിശ്വാസത്തിൽ മുൻകൂട്ടി നിദ്ര പ്രാപിച്ച് വിശ്രമിച്ച് നിന്റെ അടുക്കൽ വന്നുചേർന്നവരായി, ഈ പരിശുദ്ധ മദ്ബഹായിൽ നിന്നും, ഈ പള്ളിയിൽനിന്നും, ഈ സ്ഥലത്തുനിന്നും, എല്ലാ ഭാഗങ്ങളിൽനിന്നും, സ്നേഹത്തോടും സത്യവിശ്വസത്തോടും കൂടെ വാങ്ങിപ്പോയിരിക്കുന്ന വിശ്വാസികളായ സകല മരിച്ചു പോയവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ

ആത്മാക്കളേയും അരൂപികളേയും തൻെറ അടുക്കലേക്ക് എടുത്തു കൊണ്ടവനായ നമ്മുടെ ദൈവമായ മശിഹായോട്, ധാരാളമായ തൻെറ അനുഗ്രഹങ്ങൾമൂലം കടങ്ങളുടെ പരിഹാരത്തിനും, പാപമോചനത്തിനും അവരെ യോഗ്യരാക്കുവാനും, നമ്മെയും അവരേയും തൻെറ സ്വർഗ്ഗ രാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായിട്ട് നാം അപേക്ഷിച്ച് മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് അട്ടഹസിച്ച് പറയണം. ജനം. **കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ**

The celebrant, with outstretched hands, says aloud: **കർത്താവേ, കരുണയോടെ ഞങ്ങളുടെ പരേതരെ നീ കടാക്ഷിച്ച് അവരുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയം ചെയ്യണമെ. എന്തെന്നാൽ നിൻെറ ഏകപുത്രൻെറ ശരീര രക്തങ്ങൾ അവരുടെ അവയവങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുവല്ലൊ. അവൻ മൂലമുള്ള കരുണയും പാപമോചനവും പ്രാപിക്കുവാൻ വേണ്ടി ഞങ്ങളും അവരും അവനിൽത്തന്നെ ശരണപ്പെടുന്നു.**

ജനം. **ദൈവമേ, സത്യവിശ്വാസത്തോടുകൂടി, ഞങ്ങളിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരേയും നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തണമെ. മനസ്സോടും മനസ്സു കൂടാതെയും, അറിവോടു അറിവു കൂടാതെയും നിൻെറ തിരുമുമ്പിൽ ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പിഴകളെ ക്ഷമിക്കണമെ.**

ദൈവമേ, മനസ്സുകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെറ്റുകളെ നീ പരിഹരിച്ച് ക്ഷമിക്കണമെ. രഹസ്യവും പരസ്യവുമായ കാര്യങ്ങൾ നിനക്ക് വെളിപ്പെട്ടിരിക്കുന്നുവല്ലൊ.

The celebrant, with outstretched hands, says aloud: **കർത്താവേ, ഞങ്ങളുടെയും ഞങ്ങളുടെ പരേതരുടെയും അപരാധങ്ങൾ ഓർക്കാതെ, ഞങ്ങളെയും അവരെയും ക്രിസ്തീയഅന്ത്യേത്തിനു നീ അർഹരാക്കിത്തീർക്കണമെ. തന്മൂലം സകലത്തിലും ബഹുമാന്യവും വാഴ്ത്തപ്പെട്ടതുമായ നിൻെറ തിരുനാമവും, ഞങ്ങളുടെ കർത്താവായ യേശുമശിഹായുടെയും നിൻെറ പരിശുദ്ധറൂഹായുടെയും നാമങ്ങളും സകലത്തിലും എന്നപോലെ ഈ കുർബ്ബാനവഴിയായും മഹത്വീകരിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുമാറാകണമെ. ഹോശോ ---**

ജനം. ആമ്മീൻ, തൻെറ തിരുനാമം ഇരുന്നപ്രകാരം തന്നെ ഇരിക്കുകയും, തലമുറ തലമുറകളായി സകല തലമുറകൾ വരെയും, ലോകാലോകങ്ങളോളവുംസ്ഥിതിചെയ്യുന്നു. ആമ്മീൻ.

The celebrant takes blessing from the chalice, paten and the edge of the tablitho, crosses himself, then he draws the sign of the Cross first to the north then to the south. He then turns to his right-hand side and draws the sign of the Cross on the people three times, saying:

വലിയവനും, നമ്മുടെ രക്ഷിതാവുമായ യേശുമശിഹാ ആയ ദൈവത്തിൻെറ കരുണ എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

***The curtain is drawn across the sanctuary. The people sing a hymn suitable for the occasion, and then they may chant the general litany*.**

കാസോലിക്കി

മോർ യാക്കോബ് - മശിഹാ സ്ക്കീപ്പാമൃതി-- എന്നപോലെ

നാദത്താൽ മൃതരെ കബറിൽ നിന്നേറ്റിപ്പുത്രൻ
ഉത്ഥാനത്തിൽ തേജോവസ്ത്രം ചാർത്തീടുന്നു.

വാങ്ങിപ്പോയോർ തിങ്ങിപ്പാർക്കും പാതാളത്തിൽ

ചെന്നപ്പോളെല്ലാപേരും തന്നെക്കൈക്കൊണ്ടു.

ബഹുമാനാർത്ഥം കല്ലറവാസികളാഗതരായി
ഞെട്ടിപ്പാതാളദ്വാരം തൻ മുമ്പിൽ വീണു.

ക്രൂശാരോഹം മൂലം ജീവൻ സിദ്ധിച്ചോരാം
വാങ്ങിപ്പോയോർ നിന്നെ സ്തോത്രം ചെയ്തീടട്ടെ.

ആശ്വാസം നിന്നിൽ കണ്ടോരാം സർവ്വന്മാരും
അങ്ങേയ്ക്കും താതാത്മാക്കൾക്കും സ്തുതി പാടട്ടെ.

ലോകം വിട്ടോർക്കുത്ഥാനത്തിൻ ജീവൻ നൽകി
തേജോവസ്ത്രം ചാർത്തുന്നോനാം നാഥാ സ്തോത്രം.

ലുത്തിനിയ

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, നിരപ്പിൻേറയും, സമാധാനത്തിൻേറയും, അനുഗ്രഹങ്ങളുടേയും, കരുണയുടേയും ദൂതിനു നിൻെറ അനുഗ്രഹക്കളാൽ ഞങ്ങൾ യോഗ്യരായിത്തീരണമേ എന്ന് എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. ഞങ്ങളുടെ കർത്താവേ, നിൻെറ കരുണയാൽ ഞങ്ങൾക്കു സംഗതിയാക്കണമെ.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, പള്ളികൾക്കു നിരപ്പും, ദയറാകൾക്കു സമാധാനവും, അവയിലെ പട്ടക്കാർക്കു നല്ല കാവലും, അവയുടെ പ്രജകൾക്കു പുഷ്ടിയുള്ള കാലവും ഉണ്ടാകുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ സമാധാനപ്പെടുത്തണമെ.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, സൽപ്രവൃത്തികളാലും, നീതിയുള്ള വെടിപ്പായ പുണ്യനടപടികളാലും, ദൈവത്തിനിഷ്ട മുള്ള സത്യ ക്രിസ്ത്യാനികളായിരിപ്പാൻ എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ യോഗ്യരാക്കണമെ.

ശുശ്രൂഷക്കാരൻ. സഹോരങ്ങളേ, നാമും നമ്മുടെ വാങ്ങപ്പോയവരും, നമ്മുടെ സമൂഹം ഒക്കെയും, കെടാത്ത അഗ്നിയിൽ നിന്നും, ചാകാത്ത പുഴുവിൽ നിന്നും, കഠിനാമായ വേദനയിൽ നിന്നും, കയ്പ്പേറിയ കരച്ചിലിൽ നിന്നും, അവസാനമില്ലാത്ത പല്ലുകടിയിൽ നിന്നും രക്ഷപ്പെടുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. കർത്താവേ, നിൻെറ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമെ.

ശുശ്രൂഷക്കാരൻ. ശപിക്കപ്പെട്ടവരേ, നിങ്ങൾ എൻെറ അടുക്കൽ നിന്നുപോയി ദുഷ്ടന്മാരേയും അന്യായക്കാരേയും ദഹിപ്പിക്കുന്ന അഗ്നി അവകാശമായി അനുഭവിച്ചു കൊൾവിൻ എന്ന് ഇടത്തു ഭാഗത്തുള്ളവരോടു പറയുന്ന കയ്പ്പേറിയതും, മരണകരവുമായ ശബ്ദത്തിൽ നിന്നു

രക്ഷപ്പെടുവാനായിട്ട് എൻെറ സഹോദരങ്ങളേ, എല്ലായ്പ്പോഴും കർത്താവിനോട് നാം അപേക്ഷിക്കണം.

ജനം. കർത്താവേ, നിൻെറ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമെ.

ശുശ്രൂഷക്കാരൻ. എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്ന് അകത്ത് പ്രവേശിച്ച്, ലോകാരംഭത്തിനുമുമ്പു നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അനുഭവിച്ചു കൊള്ളുവിൻ എന്ന് വലത്തുഭാഗത്തുള്ളവരോട് പറയുന്ന സന്തോഷകരമായ ശബ്ദത്തിനു നാം യോഗ്യരായി ത്തീരുവാനായിട്ട്, എൻെറ സഹോദരങ്ങളേ, എല്ലായ്പ്പോഴും നാം കർത്താവിനോട് അപേക്ഷിക്കണം.

ജനം. ഞങ്ങളുടെ കർത്താവേ, നിൻെറ കരുണയാൽ ഞങ്ങളെ യോഗ്യരാക്കണമെ.

ശുശ്രൂഷക്കാരൻ. ഞങ്ങളുടെ ദൈവമായ കർത്താവേ, നിൻെറ അനുഗ്രഹങ്ങളാലും കരുണയാലും രോഗികൾക്കു സൗഖ്യവും, ഞെരുങ്ങിയിരിക്കുന്നവർക്കു ആശ്വാസവും, ബന്ധിക്കപ്പെട്ടിരിക്കുന്നവർക്കു വിടുതലും, അകലെപ്പോയി രിക്കുന്നവർക്കു തിരിച്ചുവരവും, സമീപസ്ഥർക്കു നല്ലകാവലും, ഭിന്നിച്ചിരിക്കുന്നവർക്കു ഐക്യവും സ്നേഹവും, ചിന്നിപ്പോയിരിക്കുന്നവർക്കു ഒരുമിപ്പും, കാണാതെപോയിരിക്കുന്നവർക്ക കണ്ടെത്തലും, വിലപിച്ചി രിക്കുന്നവർക്കു ആശ്വാസവും, ക്ഷീണിച്ചിരിക്കുന്നവർക്കു വിശ്രമവും, അഗതികൾക്കു സന്തുഷ്ടിയും, വിധവമാർക്കു

മനോധൈര്യവും സഹായവും, ദരിദ്രർക്കു പോഷണവും സംതൃപ്തിയും, പാപികൾക്കു പൂർണ്ണമോചനവും, ആചാര്യത്വത്തിനു നല്ല ഉന്നതിയും, ശുശ്രൂഷകർക്കു വെണ്മ കൊടുക്കുകയും, നിൻെറ നിരപ്പു ഭൂമിയിലെ രാജ്യങ്ങളിൽ വാഴുകയും, യുദ്ധങ്ങൾക്കു ഒതുക്കവും, മരിച്ചവർക്കു ആശ്വാസവും, ഞങ്ങൾക്കു കടങ്ങളുടേയും പാപങ്ങളുടേയും മോചനവും നൽകണമെ.

ജനം. ഞങ്ങളുടെ കർത്താവേ, നിൻെറ കൃപയാൽ ഞങ്ങൾക്ക് ഇവ സൗജന്യമായി നൽകണമെ.

ശുശ്രൂഷക്കാരൻ. സഹോദരങ്ങളേ, വീണ്ടും ദൈവമാതാവായ വിശുദ്ധ മറിയാമ്മിനെക്കുറിച്ചും, പരിശുദ്ധന്മാരെക്കുറിച്ചും, വിശ്വാസികളായ വാങ്ങിപ്പോയവരെക്കുറിച്ചും നല്ല ഓർമ്മ ഉണ്ടാകുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം പ്രാർത്ഥിക്കണം.

ജനം. അവരുടെപ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ.

ശുശ്രൂഷക്കാരൻ. നമ്മുടെ മശിഹാതമ്പുരാനോട് നമ്മുടേയും, നമ്മുടെ മാതാപിതാക്കളുടേയും, സഹോദരീ സഹോദരന്മാരുടേയും, നേതാക്കളുടേയും, ഗുരുക്കന്മാരുടേയും, വാങ്ങിപ്പോയവരുടേയും, അന്യോന്യം നാം ഓരോരുത്തരുടേയും ആത്മാക്കൾക്കായി ധാരാളമായി അനുഗ്രഹങ്ങളും കരുണയും നാം യാചിച്ചു, വീണ്ടും യാചിക്കുകയും ചെയ്യുന്നു. സകലത്തിനും ഉടയവനായിരിക്കുന്ന പിതാവാം ദൈവത്തെ നാം സ്തോത്രം

ചെയ്യുകയും, തന്റെ ഏക പുത്രനെ വന്ദിക്കുകയും, ജീവനുള്ള തന്റെ വിശുദ്ധ റൂഹായെ മഹത്വപ്പെടുത്തുകയും, കരുണയുള്ളവനായ കർത്താവിന്റെ തൃക്കൈകളിൽ നമ്മുടെ ജീവനെ ഭരമേൽപ്പിച്ചു തന്നോട് അനുഗ്രഹങ്ങളെ യാചിക്കുകയും ചെയ്യണം.

ജനം. ഉത്തമനായുള്ളോവേ, കരുണതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

The curtain is withdrawn.

The Lord's Prayer

The celebrant, with outstretched hands, says aloud: **പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും, അപേക്ഷകൾക്കു മറുപടിനൽകുന്നവനു മായ ദൈവമേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു. പരിശുദ്ധനായ നിനെറ ഏകപുത്രൻ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ള ഈ കർത്തൃ പ്രാർത്ഥന, നുറുങ്ങിയ ഹൃദയത്തോടെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നുവിളിച്ചുകൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,**

നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ

തിന്മപ്പെട്ടവനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

Celebrant, with outstretched hands, says aloud: ദൈവമായ കർത്താവേ, ദുഷ്ടനിൽനിന്നും എല്ലാവിധ നിയമലംഘനങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെ പാപങ്ങളും കുറ്റങ്ങളും ക്ഷമിക്കണമെ. ഏതെങ്കിലും വിധത്തിൽ ഞങ്ങളോടു കുറ്റം ചെയ്തിട്ടുള്ള എല്ലാവർക്കും ഞങ്ങൾക്കും നീ പരിഹാരകനായിരി ക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ. *People*: ആമ്മീൻ

ശുശ്രൂഷക്കാരൻ. അണയ്ക്കപ്പെട്ട ഈ വിശുദ്ധ രഹസ്യങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പ്, വീണ്ടും കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.

ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

The celebrant, with outstretched hands, says aloud: കർത്താവേ, നിൻെറ ഏക ജാതൻെറ തിരുശരീര രക്തങ്ങൾ അനുഭവിക്കുവാൻ പ്രതീക്ഷിച്ചുനിൽക്കുന്ന നിൻെറ ജനത്തേയും നിൻെറ ഇടവകയിലെ ആടുകളെയും നിൻെറ വലത്തുകൈ നീട്ടി

അനുഗ്രഹിക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ. *People*: ആമ്മീൻ

പട്ടക്കാരൻ. വിശുദ്ധിയുള്ളതും, മഹത്വമുള്ളതും, സൃഷ്ടിയല്ലാത്തതും, ഉണ്മയായതും, ആദിയുമന്തവും ഇല്ലാത്തതും, വന്ദിക്ക പ്പെടുന്നതുമായ വിശുദ്ധ ത്രിത്വത്തിൻെറ കൃപയും അനുഗ്രഹങ്ങളും എൻെറ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം. ആമ്മീൻ, ബാറെക്മോർ

ശുശ്രൂഷക്കാരൻ. ഭയത്തോടും വിറയലോടുംകൂടി നാം സൂക്ഷിക്കണം.

ജനം. കർത്താവേ, കരുണതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

The Elevation of the Holy Mysteries

പട്ടക്കാരൻ. ഈ വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു.

ജനം. പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല. ആമ്മീൻ

Celebrant (Exalting the Chalice): **പട്ടക്കാരൻ & ജനം. ഒന്നായിരിക്കുന്ന പിതാവിനും, പുത്രനും, ജീവനുള്ള വിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി. ആമ്മീൻ**

The celebrant carries the paten with his right hand and the chalice with his left hand, and putting his right hand on his left hand in the shape of the Cross, he says: **കരുണയോടെ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏകപിതാവ് നമ്മോടുകൂടെ. ജനം. ആമ്മീൻ**.

Celebrant: **തന്റെ വിലയേറിയ കഷ്ടാനുഭവങ്ങൾമൂലം ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ. ജനം. ആമ്മീൻ**.

Celebrant: **ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാനുള്ളതുമായ സകലത്തേയും പൂർണ്ണമാക്കുന്ന ജീവനുള്ള ഏകപരിശുദ്ധ റൂഹായും നമ്മോടു കൂടെ, കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നന്നേയ്ക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ. ജനം. ആമ്മീൻ**.

The celebrant puts the paten and the chalice on the tablitho and covers the Holy Mysteries. Then he descends from the altar step and burns incense. Then the people shall intone the following prayer:

ജനം. ദൈവസുതന്മാരായിടുവാൻ, ആയുഷ്ക്കാലെ പഠിപ്പിച്ച താതന്മാരെയോർക്കേണം പ്രാർത്ഥന കുർബ്ബാനകളിൽ നാം ശാശ്വതരാജ്യേ സ്വർഗ്ഗത്തിൽ നീതിജ്ഞന്മാർ സിദ്ധന്മാർ എന്നിവരൊപ്പം ദൈവസുതൻ ആശ്വാസമവർക്കേകീടും. മൊറിയോ-

കുക്കിലിയോനു പകരം ചൊല്ലേണ്ടത്

പട്ടക്കാരൻ. മൃതിയാലടിയാരുടെ മൃതിപോക്കിയ മശിഹാ

ജനം. മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും †

ശുശ്രൂഷക്കാരൻ. നാം അട്ടഹസിച്ചു പറയണം.

ജനം. പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ വന്ദിക്കപ്പെട്ടവനും, സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറ തലമുറകൾവരെയും തനിക്കു സ്തുതി. ഹാലേലുയ്യാ

The celebrant turns to the people with outstretched hands, saying: My brethren and my beloved, pray for me.

The curtain is drawn across the sanctuary.

എൻെറ കർത്താവേ, വിശുദ്ധിയോടെ നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കണമെ. നിൻെറ വിശുദ്ധ ശരീരം ഭക്ഷിക്കുന്നതുമൂലം എൻെറ ദുർമോഹങ്ങൾ മാഞ്ഞുപോകണമെ. ജീവപ്രദമായ നിൻെറ കാസാ പാനം ചെയ്യുന്നതുമൂലം എൻെറ ദുർവികാരങ്ങൾ കെട്ടുപോകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നീ മൂലം കടങ്ങളുടെ മോചനത്തിനും പാപ പരിഹാരത്തിനും എന്നേക്കും ഞാൻ അർഹനായിത്തീരുകയും ചെയ്യണമെ.

വേറൊന്ന്

ദൈവമായ കർത്താവേ, നിൻെറ വിശുദ്ധ ശരീരം മൂലം ഞങ്ങളുടെ ശരീരങ്ങൾ പരിശുദ്ധമായിത്തീരുവാനും, പാപപരിഹാരപ്രദമായ നിൻെറ രക്തം മൂലം ഞങ്ങളുടെ ആത്മാക്കൾ പ്രശോഭിക്കുവാനും ഞങ്ങളെ നീ

യോഗ്യരാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇത് ഞങ്ങൾക്ക് കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും ആയിത്തീരണമെ.

Then the celebrant ascends the altar step and partakes of the Holy Mysteries, then he communicates the clergy and the deacons.

അതിർത്തികളെ വഹിച്ചിരിക്കുന്നവനെ, നിന്നെ ഞാൻ വഹിച്ചിക്കുന്നു. ദൈവമെ, എൻെറ വായിൽ നിന്നെ ഞാൻ വയ്ക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമെ കെട്ടു പോകാത്ത അഗ്നിയിൽ നിന്ന് നീ മൂലം ഞാൻ രക്ഷ പ്രാപിക്കയും ആ പാപിനിയേയും കള്ളനേയും പോലെ പാപമോചനത്തിന് എന്നേക്കും അർഹനായി ത്തീരുകയും ചെയ്യുമാറാകണമെ.

അനുഭവിച്ചുകൊണ്ട്

നമ്മുടെ ദൈവമായ മശിഹായുടെ തിരുശരീര രക്തങ്ങളാകുന്ന, പാപപരിഹര പ്രദമായ തീക്കട്ട, രണ്ടു ലോകങ്ങളിലും നിത്യമായി, കടങ്ങളുടെ മോചനത്തനും പാപപരിഹാരത്തിനും വേണ്ടി, ബലഹീനനും പാപിയുമായ ദാസനായ എനിക്കു നൽകപ്പെടുന്നു.

കാസായിൽ നിന്ന് അനുഭവിച്ചുകൊണ്ട്

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്ന വചനമാം ദൈവമാകുന്ന യേശുവേ, കുരിശിൽ ഒഴുക്കിയ ജീവനുള്ളതും ജീവൻ നൽകുന്നതമായ നിൻെറ രക്തത്താൽ എന്നെന്നേക്കും എൻെറ കടങ്ങൾ മോചിക്കപ്പെടുകയും എൻെറ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുമാറാകണമെ.

മറ്റുള്ളവർക്കു കൊടുക്കുമ്പോൾ

നമ്മുടെ ദൈവമായ മശിഹായുടെ ശരീരരക്തങ്ങളാകുന്ന പാപപരിഹരപ്രദമായ തീക്കട്ട രണ്ടു ലോകങ്ങളിലും നിത്യമായി കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും വേണ്ടി, സത്യവിശ്വാസികളായ ദാസീ-ദാസർക്കു നൽകപ്പെടുന്നു.

<u>വിശുദ്ധകുർബ്ബാന അനുഭവിക്കുന്നതിനുമുമ്പുള്ള പ്രാർത്ഥനകൾ</u>

എൻെറ കർത്താവേ, നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കണമെ. നിൻെറ പരിശുദ്ധ ശരീരമാകുന്ന ഭക്ഷണം മൂലം എൻെറ ദുർമ്മോഹങ്ങൾ ക്ഷയിച്ചു പോകുകയും നിൻെറ ജീവനുള്ള കാസായാകുന്ന പാനീയത്താൽ എൻെറ ദുർവ്വികാരങ്ങൾ ശമിക്കുകയും ചെയ്യണമെ. എൻെറ കർത്താവും ദൈവവുമേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിന്നാൽ ഞാൻ യോഗ്യനായിത്തീരണമെ. ആമ്മീൻ

Another Prayer

ദൈവമായ കർത്താവേ നിൻെറ പരിശുദ്ധശരീരം ഭക്ഷിപ്പാനും, പുണ്യപ്രദമായ നിൻെറ രക്തം പാനം ചെയ്യുവാനും എന്നെ **യോഗ്യനാക്കണമെ. എൻെറ കർത്താവും എന്നേയ്ക്കും എൻെറ ദൈവവുമേ, നിൻെറ നിൻെറ തിരുവിഷ്ടത്തെ പ്രസാദിപ്പിച്ചിട്ടുള്ള സകലരോടുംകൂടെ സ്വർഗ്ഗരാജ്യത്തിനു** ***ഞാൻ രക്ഷ പ്രാപിക്കയും ആ പാപിനിയേയും കള്ളനേയും പോലെ അവകാശിയായിത്തീരണമെ. ആമ്മീൻ.***

വേറൊന്ന്

ദൈവമായ കർത്താവേ, നിൻെറ പരിശുദ്ധ ശരീരത്താൽ എൻെറ ശരീരം വിശുദ്ധീകരിക്കപ്പെടുവാനും, പുണ്യപ്രദമായ നിൻെറ രക്തത്താൽ എൻെറ ആത്മാവ് പ്രശോഭിക്കുവാനും എന്നെ യോഗ്യനാക്കണമെ. എൻെറ കർത്താവും, എന്നേയ്ക്കും എൻെറ ദൈവവുമേ അതെൻെറ കടങ്ങളുടെ പരിഹാരത്തിനും, പാപങ്ങളുടെ മോചനത്തിനും ആയിത്തീരുമാറാകണമെ. ആമ്മീൻ.

കുർബ്ബാന അനുഭവിച്ചതിനുശേഷം

എൻെറ ശരീരം ഭക്ഷിക്കുകയും, എൻെറ രക്തം കുടിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുമെന്നും, അവസാന ദിവസത്തിൽ ഞാനവനെ എഴുന്നേല്പിക്കുമെന്നും, പുണ്യവും പരിശുദ്ധവുമായ നിൻെറ തിരുവായരുളിച്ചെയ്തു വാഗ്ദത്തം ചെയ്തിരിക്കുന്നുവല്ലോ. എൻെറ കർത്താവേ, നിൻെറ പരിശുദ്ധശരീരം ഞാൻ ഭക്ഷിക്കുകയും, പുണ്യപ്രദമായ നിൻെറ രക്തം കുടിക്കുകയും ചെയ്തിരിക്കുന്നു. അത് എനിക്കു ന്യായവിധിക്കോ, പ്രതികാരത്തിനോ, ശിക്ഷയ്ക്കോ കുറ്റാരോപണത്തിനോ ആയിത്തീരാതെ, എൻെറ കർത്താവും എന്നേക്കും എൻെറ ദൈവവുമേ, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും, മരിച്ചുപോയവരുടെ ഇടയിൽനിന്നുള്ള അനുഗ്രഹിക്കപ്പെട്ട പുനരുത്ഥാനത്തിനും, നിൻെറ ഭയങ്കര

സിംഹാസനത്തിനു മുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ആയിത്തീരണമെ. ആമ്മീൻ.

മറ്റൊന്ന്

കർത്താവേ, നിൻെറ സ്വർഗ്ഗീയ മേശയുടെ സംബന്ധത്തിന് എന്നെ യോഗ്യനാക്കിയിട്ടുള്ള ബഹുലമായ നിൻെറ കരുണയെപ്രതി നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. എൻെറ കർത്താവേ, നിൻെറ പരിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണത്താൽ ഞാൻ കുറ്റം വിധിക്കപ്പെടുമാറാകരുതെ. നിൻെറ പരിശുദ്ധറൂഹായോടു സംബന്ധപ്പെടുവാൻ ഞാൻ യോഗ്യനായിത്തീർന്നുകൊണ്ട്, ആദിമുതലുള്ള സകല പുണ്യവാന്മാരോടുംകൂടെ ഓഹരിയും അവകാശവും കണ്ടെത്തുകയും, നിന്നെയും നിൻെറ ഏകപുത്രനെയും, സകലത്തിലും വിശുദ്ധനായ നിൻെറ റൂഹായേയും സ്തുതിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.

വേറൊന്ന്

നിൻെറയും, നിൻെറ പിതാവിൻേറയും, നിൻെറ പരിശുദ്ധ റൂഹായുടേയും തിരുവിഷ്ടത്താൽ, ഞങ്ങൾക്കുവേണ്ടി ബലിയായി അർപ്പിക്കപ്പെടുകയും, നിൻെറ പരിശുദ്ധശരീരം ഞങ്ങളെ തീറ്റുകയും, പുണ്യമുണ്ടാക്കുന്ന രക്തം ഞങ്ങളെ കുടിപ്പിക്കുകയും ചെയ്ത ഞങ്ങളുടെ ദൈവമായ യേശു മശിഹാ, നിൻെറ സ്നേഹത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തു കയും, നിന്നോടുള്ള ഭക്തികൊണ്ട് ഞങ്ങളെ നിറയ്ക്കു കയും, നിൻെറ വിശ്വാസത്തിൽ ഞങ്ങളെ പ്രതിഷ്ഠിക്കു

കയും, കുറ്റമില്ലാത്ത നടപടികളാൽ ഞങ്ങളെ അലങ്കരിക്കുകയും ചെല്ലണമെ. ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും പാപങ്ങൾ മോചിക്കണമെ. ഞങ്ങൾ നിത്യമായി നിന്നെയും, നിൻെറ ജനകനാം പിതാവാം ദൈവത്തെയും, നിൻെറ പരിശുദ്ധറൂഹായേയും സ്തുതിക്കുമാറാകണമെ. ആമ്മീൻ.

HYMN AT THE TIME OF THE HOLY COMMUNION

മോർ ബാലായി

രക്ഷകനുരചെയ്താ-നെൻ മെയ് രക്തങ്ങൾ
കൈക്കൊള്ളുന്നോരിൽ വാസം ചെയ്യും ഞാൻ

വിശ്വാസാൽ ശുദ്ധ്യാ എന്നെ കൈക്കൊണ്ടു
കല്പ്പന കാക്കുന്നോൻ എൻ സ്നേഹിതനല്ലോ

ഗാത്രം ഭക്ഷണമാം രുധിരം കാസായാം
അവ കൈക്കൊൾവോനിൽ വാസം ചെയ്യും ഞാൻ.

ആത്മാവിനു മുക്തി നേടാൻ പുണ്യമെഴും
രക്തശരീരങ്ങൾ രക്ഷകനെ നൽക.

താവക ഗാത്രത്താൽ പരിഹാരം നേടി
നിശ്ചയമായ് ജീവൻ പ്രാപിക്കും ഞങ്ങൾ.

രക്തശരീരങ്ങൾ കൈക്കൊണ്ടതുമൂലം
അന്ത്യദിനേ ഞങ്ങൾ വിധിയേറ്റീടരുതെ.

തവമെയ് രക്തങ്ങൾ ഉൾക്കൊണ്ടോർ ഞങ്ങൾ
വിധിയും ദണ്ഡനവും നേടരുതെ നാഥാ.

നിൻ മെയ്രക്തങ്ങൾ ഞങ്ങൾക്കച്ചാരം
തന്നതിനാൽ വിധിയിൽ നാഥാ ചേർക്കരുതെ.

അംഗങ്ങളിലവയെ നിക്ഷേപിക്കുകയാൽ
ഉയിരേകിയ നാഥാ വന്ദിക്കുന്നടിയാർ.

സത്യം കാക്കുന്നോ-രുത്തമ വിധി നാഥാ
കടമെല്ലാം പോക്കി വിധിയൊഴിവാക്കണമെ.

മോർ അപ്രേം

മശിഹാരാജാവാം നാഥൻ ദൈവത്തിൻ വ്യാപാരത്താൽ
വിശ്വാസം കൊണ്ടാത്മാവിൻ പുണ്യംനേടേണം ഞങ്ങൾ. ഹാ-

രക്ഷക നീ ധന്യൻ സ്തോത്രം സ്തോത്രം കൃപചെയ്കെന്നേവം
സ്ലീബായാൽ രക്ഷിച്ചോനാം സുതനോടർത്ഥിക്കേണം നാം ഹാ-

മാതൃവിശുദ്ധ പരേതർക്കായ് സുസ്മൃതി വർദ്ധിപ്പിച്ചോനാം
നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ നീ മഹനീയൻ. ഹാലേ--

ദൂതഗണം ഞങ്ങൾക്കൊപ്പം പാവനമീ സ്ഥാനം പൂകി
കൊണ്ടാടുന്നീശാത്മജനാം മശിഹാ തൻ മെയ്രക്തങ്ങൾ ഹാ-

പട്ടക്കാരൻ. നാം അട്ടഹസിച്ചു പറയണം

ജനം, പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ, വന്ദിക്കപ്പെട്ടവനും, സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറ തലമുറകൾവരെയും തനിക്കു സ്തുതി. ഹാലേലുയ്യാ.

The curtain is drawn back. The celebrant carries the paten in his right hand and the chalice in his left hand. He then turns around from the left-hand side toward the people, saying: **ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും ഞങ്ങളുടെ വർഗത്തിൻെറ നിത്യമായ പുതുക്കത്തിനും വേണ്ടി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ, പാപപരിഹാരം നൽകുന്ന നിൻെറ ബലിപീഠത്തിൽനിന്ന് നിൻെറ ദാസർക്കായി പാപപരിഹാരം ഇറങ്ങുമാറാകണമെ.** ജനം. **ആമ്മീൻ**.

The celebrant descends from the altar step, walks forward two steps and says: **ദൈവമായ കർത്താവേ, കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും, ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കുംവേണ്ടി, വിലയേറിയതായ നിൻെറ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്ന ഈ നിൻെറ ആരാധകരുടെ സംഘത്തെ അദൃശ്യമായ നിൻെറ വലത്തുതൃക്കൈ നീട്ടി വാഴ്ത്തുമാറാകണമെ. †.** ജനം. **ആമ്മീൻ**.

The celebrant crosses his hands, walks one step forward and says: **വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമശിഹായാകുന്ന ദൈവത്തിൻെറ കരുണ, ഈ വിശുദ്ധതകൾ വഹിച്ചിരിക്കുന്നവരുടെമേലും, ഇവ നൽകുന്നവരുടെമേലും, അനുഭവിക്കുന്നവരുടെമേലും പരിശ്രമിച്ച് ഇവയിൽ സംബന്ധിച്ചിട്ടുള്ളവരും സംബന്ധിക്കുന്നവരുമായ എല്ലാവരുടെമേലും ഉണ്ടാകണമെ. ദൈവത്തിൻെറ കരുണ നമ്മുടെമേലും അവരുടെമേലും രണ്ടുലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.**

ജനം. **ആമ്മീൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ, കർത്താവേ, ഉത്തരമരുളിചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ**

നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

ഗീതം

നാഥാ കൃപചെയ്തീടണമെ,
നാഥാ കൃപചെയ്യണമലിവാൽ
കൃപചെയ്യണമുത്തരമരുളി,
കൃപചെയ്യണമെ നിനക്കുസ്തുതി. ഹാലേലുയ്യാ

The celebrant, with outstretched hands, says: ഞങ്ങളുടെ കർത്താവും ദൈവവുമേ നിനക്കുസ്തുതി, നിനക്കുസ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെകർത്താവേശുമശിഹാ, ഞങ്ങൾ ഭക്ഷിച്ചതായ നിൻെറ വിശുദ്ധ ശരീരവും, ഞങ്ങൾ പാനം ചെയ്ത പാപ പരിഹാരപ്രദമായ നിൻെറ രക്തവും ഞങ്ങൾക്കു ശിക്ഷയ്ക്കും പ്രതികാരത്തിനും കാരണമായിത്തീരരുതെ, എന്നാലോ ഞങ്ങളെല്ലാവരുടേയും ജീവനും രക്ഷയ്ക്കുമായി ഭവിക്കണമെ. ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്യണമെ.

The celebrant returns to the altar.

People: ഭൂവാകെ നമിക്കും നിന്നെ, എല്ലാനാവും
സ്തുതിപാടും കബറടഞ്ഞോർ നൽ
ശരണം നീയേ മൃതർ തന്നുയിർപ്പും
നീ തന്നെ. ഹാലേലുയ്യാ

അല്ലെങ്കിൽ

മരിച്ചോർക്കുയിരേകുന്നോനേ
അവരുടെ ശരണവുമായോനേ
നിന്നെ കുമ്പിടുമേ ലോകം
നാവുകൾ നിൻ നാമം വാഴ്ത്തും. ഹാലേലുയ്യാ.

The Prayer of Thanksgiving

The celebrant, with crossed hands, says aloud: **കർത്താവേ, നിൻെറ മനുഷ്യസ്നേഹത്തെ ഞങ്ങൾ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്യുന്നു. ഞങ്ങളെല്ലാവരെയും നീ ശക്തിപ്പെടുത്തി സഹായിച്ച് താങ്ങി എഴുന്നേല്പിക്കണമെ. ഈ ആത്മീയമേശയിൽനിന്ന് ഞങ്ങൾ സന്തുഷ്ടരായിരിക്കുന്നതിനാൽ ഞങ്ങൾക്കെല്ലാവർക്കും പാപപരിഹാരവും ആശ്വാസവും നൽകണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ.** ജനം. **ആമ്മീൻ.**

ശുശ്രൂഷക്കാരൻ. **നൽകപ്പെട്ട വിശുദ്ധ രഹസ്യങ്ങൾ കൈക്കൊള്ളുന്നതിനുശേഷം, വീണ്ടും കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.**

ജനം. **ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.**

The celebrant, with crossed hands, says aloud: **സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന് ഞങ്ങൾക്ക് അനശ്വരഭക്ഷണമായിത്തീർന്ന സത്യ അപ്പമായ മശിഹാ, കെടാത്ത തീയിൽനിന്നും ചാകാത്ത പുഴുവിൽ നിന്നും ഞങ്ങളുടെ ആത്മശരീരങ്ങളെ കാത്തുകൊള്ളണമെ.**

ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ. *People*: **ആമ്മീൻ**

People: **Amen. Barekhmor.** ***Celebrant*: *Huthomo***

ഹൂത്തോമ്മോ

ഏഴര നാഴിക പകലുള്ളപ്പോൾ കുരിശിൽ നിന്നും
ചെന്നാൻ മശിഹാ മൃതരെ കാൺമാൻ പാതാളത്തിൽ
അവരോടവിടെപ്പുനരുത്ഥാനം പ്രഖ്യാപിച്ചു
മുടിവിൻ തടവതിലടി പെട്ടോർക്കായ് വിടുതൽ നൽകി.

ആദിമദശ മുതൽ മൃതിയാർന്നോരെ സന്ദർശിച്ചു
രക്ഷാകരമാം ദൂതറിയിച്ചൊരു മശിഹാ നാഥാ
വിശ്വാസികളാം പൂർവ്വ പരേതരെയോർത്തീടണമെ
പാപവിമോചനമൊടുവിലവർക്കായ് നൽകീടണമെ.

ഹൂത്തോമ്മോ

ദൈവമുയിർത്തു മഹത്വത്തോടാ--- എന്ന രീതി

ദൈവതനൂജൻ പാതാളത്തിൽ ദയവാൽ ചെന്നു
മൃതരെപ്രതി മൃതനായ്ത്തീർന്നു
എതിരേൽപ്പാനായ് മൃതിരാഗതരായ്തന്നെ വന്ദി-
ച്ചൂശാനകളാൽ കൈക്കൊണ്ടു.

[illegible]

[illegible]

† ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ❉ ܘܥܠܝܢ ܡܚܝܠܐ
ܘܚܛܝܐ ܪܚܡܐ ܘܚܢܢܐ ܢܫܬܦܥܘܢ ܒܬܪܬܝܗܘܢ ܥܠܡܐ
ܠܥܠܡ ܥܠܡܝܢ ❉ ܐܡܝܢ ❉

പട്ടക്കാരൻ

കർത്താവേ, നിൻെറ നിരപ്പും സമാധാനവും നിൻെറ ദൈവത്വത്തിനു പ്രീതികരമായ സ്നേഹവും സദാ ഞങ്ങളുടെ ഉള്ളിൽ കുടികൊള്ളുകയും അതിനാൽ ഞങ്ങളെ സദാ ബന്ധിച്ച് അഴിഞ്ഞുപോകാത്തവിധം ഉറപ്പിച്ചുകൊള്ളുകയും ചെയ്യണമെ. ഞങ്ങൾ ഇടവിടാതെ നിന്നേയും നിൻെറ പിതാവിനേയും ജീവനുള്ള പരിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിക്കുമാറാകണമെ. ഹോശോ ---

51-ാം സങ്കീർത്തനം

ദൈവമെ, നിൻെറ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിൻെറ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻെറ പാപങ്ങൾ മായിച്ചുകളയണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു എൻെറ പാപങ്ങൾ എപ്പോഴും എനിക്കെതിരായുമിരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിൻെറ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻെറ

വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിൻെറ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ അറിയിച്ചു, നിൻെറ സോപ്പാകൊണ്ട് എൻെറമേൽ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ, ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിൻെറ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണമുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്ന് നിൻെറ തിരുമുഖം തിരിച്ച്, എൻെറ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമെ, വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ സ്ഥിരതയുള്ള ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ, നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമെ, മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ

നിൻെറ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമെ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻെറ നാവ് നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ എനിക്കു തുറക്കണമെ, എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല, ഹോമബലികളിൽ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലി താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ, ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

† ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

എനിയോനോ - ഹ്ത്തീസ്ലോക്

പാ-പം ചെയ്തേൻ, പ്രാർത്ഥന കേട്ടമ്പുടയോനേ എൻപിഴ
പോക്കണമെ, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

ഏ-റും കടപാപങ്ങളിൽ ഞാൻ മലിനത പൂണ്ടു, നിലവിളി
കൂട്ടുന്നേൻ, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

നാ-ഥാ കരുണാനിധിയേ നിൻ വാതിലിലല്ലാ-തെവടടിയാർ മുട്ടും, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

കേ-ഴു-ന്നേൻ പാപിനിയെപ്പോൽ അർത്ഥിക്കുന്നേൻ ചുങ്കക്കാരൻപോൽ നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

അൻ-പു-ള്ളോനേ പാപികളിൻ ദോഷകടങ്ങൾ-ക്കൻപാൽ ക്ഷമ നൽക, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

വൈ-രം മത്സരമിവവെടിയും സ്നേഹത്താലുൾ-ത്തളിരു നിറയ്ക്കണമെ, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

മ്ശീ-ഹാ പാപിനി ചോരനിവർക്കുൾസ്നേഹത്താൽ മുക്തി കൊടുത്തോനേ, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

മ്ശീ-ഹാ മാളികയതിലേറി ശ്ലീഹന്മാർക്കായ്, ശാന്തി-യണച്ചോനേ, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ

മ്ശീ-ഹാ മഹിതശ്ലോമ്മോയാൽ ശിഷ്യരെ സൗധേ മോദിപ്പിച്ചോനേ, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ.

ബാറെക്മോർ † ശുബഹോ: മെന്ഓലം വാദാമോ ല്ഓലാം ഒൽമീനാമീൻ

താ-തൻ പേർക്കായ് സ്തുതിയേറ്റി കൂപ്പുക സുതനേ റൂഹായോടൊപ്പം, നാഥാ നിഖിലേശാ കൃപചെയ്കെന്നിൽ.

സ്തൗമെൻ കാലോസ് - കുറിയേലായിസ്സോൻ.

പ്രഘോ:ഷ

ܫܠܐ ܠܟ ܘܫܘܒܚܐ ܐܒܐ ܗܘ ܫܝܢܐ ❊ ܫܝܢܐ ܕܒܪܐ ܡܫܝܢܢܐ
ܦܫܪܐ ܒܠܒܐ ܘܡܒܪܟܐ ❊ ܠܡܫܝܚܐ ܘܠܪܘܚܐ ܘܩܕܝܫܐ ܘܡܫܒܚܐ
ܘܡܫܒܚܐ ܐܠܗܐ ܕܠܐ ܡܠܟܐ ܐܡܝܢܐ ܒܟܠ ܙܒܢ
ܘܒܟܠܟܝܢ ܠܥܠܡ ܐܡܝܢ ❊

സ്വർഗ്ഗീയ സമാധാനമാകുന്ന പിതാവേ, നിനക്കു സ്തുതി. ഭൗമികരുടെ നിരപ്പാകുന്ന പുത്രാ നിനക്കു സ്തോത്രം. ദൈവികദാനങ്ങളെ പൂർത്തീകരിക്കുന്നവനായ വിശുദ്ധറൂഹാ നീ വന്ദ്യനാകുന്നു. പിതാവു നമ്മുടെ രക്ഷയെ പ്രതി തൻെറ ഏകജാതനെ മരണത്തിനു നൽകി. സ്വസ്നേഹത്തിൻെറ പ്രേരണയാൽ പുത്രൻ നമുക്കുവേണ്ടി മരിച്ചു. പരിശുദ്ധറൂഹാ നമ്മുടെ നന്മയിൽ സന്തോഷിക്കുന്നു. അവൻ മൂലം നമ്മുടെ യാചനകൾ നൽകപ്പെടുകയും ചെയ്യുന്നു. നീ ത്രിത്വമായും സാരാംശത്തിൽ ഏകമായും സ്ഥിതിചെയ്യുന്നവനും മഹത്വത്തോടു മൂന്നു ക്നൂമ്മാകളായി വന്ദിക്കപ്പെടുന്നവനുമാകുന്നു. കർത്താവേ, പരസ്പരം പരമാർത്ഥമായി സമാധാനം നൽകുവാൻ ഞങ്ങൾക്ക് കൃപ നൽകുകയും അതുമൂലം ദൈവികമായി നിന്നോടുള്ള ഐക്യത്തിലും അനശ്വരമായ സ്നേഹബന്ധത്തിലും ഞങ്ങളെ കാത്തുകൊള്ളുകയും ചെയ്യണമെ. മഹനീയമായ നിൻെറ ഉയിർപ്പിൻെറ ആനന്ദദിവസത്തിലും സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും

ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ --- ---

ܗܘܼܙ

സൃഷ്ടികളുടെ നിത്യസമാധാനവും സകല ഭാഗങ്ങളുടേയും അതൃത്തികളുടേയും യഥാർത്ഥമായ നിരപ്പും ആയ മശിഹാതമ്പുരാനേ, നീ സ്നേഹമാകുന്നു. സ്നേഹമെന്ന് നീ വിളിക്കപ്പെടുകയും ചെയ്യുന്നു. മറ്റെല്ലാ നാമങ്ങളേക്കാൾ ഈ നാമത്തിൽ നീ കൂടുതലായി സന്തോഷിക്കുന്നു. അതുമൂലം മനുഷ്യസ്നേഹമുള്ളവൻ എന്നു നീ അറിയപ്പെടുന്നു. അതു ധരിച്ചിരിക്കുന്നവരെ നീ ബഹുമാനിക്കുന്നു. നിൻെറ കുരിശുമുഖാന്തിരം ശത്രുക്കളുടെ വേലിയെ തകർത്തുകൊണ്ട് ഈ സ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി സ്വീകാര്യബലിയും ആനന്ദപരിമളവുമായി നീ സ്വയം സമർപ്പിച്ചു. സ്വന്ത രക്തത്താൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളവയെ നീ സമാധാനപ്പെടുത്തി. നിത്യമായ നിൻെറ ദൈവത്വത്തിൻെറ അവിഭാജ്യമായ ഏകത്വംമൂലം അവ രണ്ടിനേയും ഒന്നാക്കിത്തീർത്തുകൊണ്ട് മദ്ധ്യത്തിൽ നിന്നു വിദ്വേഷത്തെ നീ നീക്കിക്കളഞ്ഞു. താൽക്കാലികമായ നിൻെറ മനുഷ്യത്വം മൂലം ദൂരസ്ഥരേയും സമീപസ്ഥരേയും നീ വിളിച്ച് ദൈവികമായ നിൻെറ സ്നേഹൈക്യത്തിലും നിൻെറ അനാദ്യന്തമായ രാജ്യത്തിലെ ഭവനാവകാശത്തിലും അവരെ ബന്ധിച്ചു. പ്രധാന മാലാഖയുടെ അഭിവാദനംമൂലം നിൻെറ ഗർഭധാരണത്തെക്കുറിച്ച് കന്യകയായ നിൻെറ

മാതാവിനോടു അറിയിക്കുകയാൽ ലോകത്തോടു നിരപ്പും സമാധാനവും സുവിശേഷിച്ചു. സമാധാനത്തോടുകൂടെ നിൻെറ മാതാവ് നിൻെറ പ്രാസംഗികനായ യോഹന്നാൻെറ മാതാവായ ഏലിശ്ബായെ അഭിമുഖീകരി ക്കുകയും നിൻെറ സമാധാനത്തിൻെറ സന്തോഷംമൂലം ഒരു ദാസൻ തൻെറ യജമാനൻെറ സന്നിധിയിൽ എന്നവിധം അവൻ നിൻെറ സന്നിധിയിൽ തുള്ളി ച്ചാടുകയും ചെയ്തു. നിൻെറ ജനനത്താൽ ഈറേന്മാർ ഇടയന്മാരോടു സമാധാനം അറിയിച്ചു. മഹനീയമായ നിൻെറ പുനരുത്ഥാനത്തെക്കുറിച്ച് സുവിശേഷിച്ച സ്ത്രീകൾക്ക് നീ സമാധാനം നൽകി. പരിശുദ്ധ ശിഷ്യന്മാർ കൂടിയിരുന്ന മാളികയിൽ നീ സമാധാനപൂർവ്വം പ്രവേശിച്ച് നിൻെറ പുനരുത്ഥാനത്തെക്കുറിച്ച് അവരെ സ്ഥിര ചിത്തരാക്കി. നിന്നെ അയച്ചവൻെറ അടുക്കലേയ്ക്ക് നീ ആരോഹണം ചെയ്തപ്പോൾ നിൻെറ ശ്ലീഹന്മാർക്കു നീ സമാധാനം നൽകുകയും, എൻെറ സമാധാനം നിങ്ങൾക്കായി നൽകുന്നു, ലോകം നൽകുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു നൽകുന്നത്, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണ മെന്നുള്ളതാകുന്നു എൻെറ കല്പന എന്ന് അവരോട് അരുളിച്ചെയ്യുകയും ചെയ്തു. ഞങ്ങളുടെ രക്ഷിതാവേ, ഈ സ്നേഹം ഞങ്ങൾക്കായി നീ കാത്തുകൊള്ളണമെ. അതിനാൽ ഞങ്ങളുടെ മനസ്സുകളെ സ്ഥിരപ്പെടുത്തണമെ. നിൻെറ സ്നേഹത്താൽ ഞങ്ങൾ പരസ്പരം

ബന്ധപ്പെടണമെ. നിൻെറ സ്നേഹം ഞങ്ങളുടെ ഇടയിൽനിന്ന് ഭിന്നതകളേയും തർക്കങ്ങളേയും ബഹിഷ്ക്കരിക്കുമാറാകണമെ. നിൻെറ സ്നേഹം ഞങ്ങളെ നിൻെറ ജീവദായകമായ കല്പനകളെ ആചരിക്കുന്ന വരാക്കിത്തീർക്കണമെ. നിൻെറ സ്നേഹത്താൽ പീഢകളും കഷ്ടതകളും ഞങ്ങളിൽനിന്നു നീക്കിക്കളയണമെ. നിൻെറ സ്നേഹംമൂലം ഞങ്ങൾ നിരപ്പിൻേറയും സമാധാനത്തി ൻേറയും സന്താനങ്ങളായി ഭവിക്കണമെ. സമാധാനംമൂലം ഇടയന്മാരേയും അവരുടെ ആടുകളേയും ഐക്യപ്പെടു ത്തണമെ. നിൻെറ സമാധാനം മൂലം ആചാര്യന്മാരെ അവരുടെ കൂദാശകളാൽ ആനന്ദിപ്പിക്കണമെ. നിൻെറ സമാധാനത്താൽ അതിനെ ഭരിക്കണമെ. നിൻെറ സമാധാനത്താൽ അതിനെ അലങ്കരിക്കണമെ. നിൻെറ സമാധാനത്താൽ അതിലെ സംഘങ്ങളെ നയിച്ചു കൊള്ളണമെ. സമാധാനംമൂലം അതിലെ മക്കളെ സന്തോഷിപ്പിക്കണമെ. അതിലുള്ള ദൂരസ്ഥരെ സമാധാനംമൂലം ആകർഷിക്കണമെ. അതിലെ സമീപസ്ഥരെ കാത്തുകൊള്ളണമെ. സമാധാനംമൂലം അതിലെ ശുശ്രൂഷകരെ ശോഭിപ്പിക്കണമെ. അതിലെ ഭരണ കർത്താക്കളെ സമാധാനത്താൽ സംയോജിപ്പിക്കണമെ. അതിലെ ഗണങ്ങളെ സമാധാനത്താൽ ക്രമീകരിക്കണമെ. സമാധാനത്താൽ അതിലെ പെരുന്നാളുകളെ നിലനിറു ത്തണമെ. കോപിച്ചിരിക്കുന്നവരെ സമാധാനത്താൽ ശാന്തത പ്പെടുത്തണമെ. വൃർദ്ധന്മാരെ സമാധാനംമൂലം പിന്തിരിപ്പി

ക്കണമെ. ആത്മദുഃഖിതരെ സമാധാനത്താൽ സന്തോഷ പൂർണ്ണരാക്കണമെ. നിൻെറ ഇടവകയെ സമാധാനത്താൽ കാത്തുകൊള്ളണമെ. സംശയബുദ്ധികളെ സമാധാനത്താൽ സ്ഥിരതയുള്ളവരാക്കണമെ. സമാധാനംമൂലം ഞങ്ങളുടെ വിചാരങ്ങളെ നിർമ്മലമാക്കണമെ. കഠിനരായ യജമാന ന്മാരിൽനിന്ന് സമാധാനംമൂലം ഞങ്ങളെ രക്ഷിക്കണമെ. നിൻെറ എല്ലാ പെരുന്നാളുകളിലും സമാധാനംകൊണ്ട് ഞങ്ങളെ അലങ്കരിക്കണമെ. സമാധാനത്താൽ ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും അംഗീകരിക്കണമെ. സമാധാനത്താൽ കരുണയും വിമോചനവും ഞങ്ങൾക്കു നൽകണമെ. സമാധാനംമൂലം ദുഷ്ടബന്ധനങ്ങളെ ഞങ്ങളിൽനിന്ന് അഴിച്ചുകളയണമെ. സമാധാനംമൂലം ഞങ്ങളിൽനിന്ന് ശത്രുവിൻെറ നുകം തകർത്തുകളയണമെ. നിൻെറ സമാധാനം ഞങ്ങളോടുകൂടെ സ്ഥിതിചെയ്യണമെ. നിൻെറ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴണമെ. നിൻെറ സ്നേഹത്താൽ ഞങ്ങളുടെ മനസ്സിനെ സന്നദ്ധമാക്കണമെ. നിൻെറ സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കണമെ. സമാധാനനാഥനായ നിന്നേയും, ദാതാവായ നിൻെറ പിതാവിനേയും, സത്യസ്നേഹത്തെ പൂർത്തിയാക്കുന്നവനായ നിൻെറ പരിശുദ്ധറൂഹായേയും ഇപ്പോഴും എന്നേയ്ക്കും ഞങ്ങൾ സ്തോത്രം ചെയ്യുമാറാകണമെ. ഹോശോവബ്കൂൽസ് ----

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

<u>കൂക്കോയോ</u>

സ്നേഹത്തരുവേ നീ പാരം മോദകരം ധന്യം
നീയധിവാസം ചെയ്യുമിടം ശുഭപൂർണ്ണം നി-ന്നാൽ
    അബ്രാഹാമിൻ ഗൃഹമാർന്നൂ നാഥൻ
    നിന്നാലേറി വൈദികർ ബെസ്ക്കുദിശാ
യാതനയും പീ-ഡയുമെന്നെ-ക്കത്ത്യ സ്നേഹത്തീ-
ന്നേതുമകറ്റില്ലെന്നോതി നിന്നാൽ പൗലോസും
    ഹാലേലൂയ്യാ - ഇതു തന്നോൻ ധന്യൻ.

സോദരനപരാധം ചെയ്താൽ വൈരം കൈവി-ട്ടി-
ട്ടേഴോടെഴുപതുവട്ടം നീ ക്ഷമ നൽകീടേ-ണം
    സോദരനെപ്പോൽ നീയും പിഴയാളി
    ഓർക്കിൽ നിനക്കും മോചനമാവശ്യം
രമ്യതയാൽ കൂട്ടാളികളായ് ദിനരാത്രം നി-ങ്ങൾ
നാഥാ സ്തുതിയെന്നാർക്കണമെന്നേവം നമ്മൾ-ക്കായ്
    ഹാലേലൂയ്യാ - എഴുതി ദൈവസുതൻ

ബാറെക്മോർ. † ശുബഹോ ------ ഹാലേലൂയ്യാ

സ്നേഹം നിസ്തുലമെന്നെഴുതി മോർ പൗലോസ-തിനെ
മോഹിക്കുന്നോൻ ധന്യനവൻ കണ്ടിടുമുടയോനെ
    കണ്ടാൻ പരനെ ഗിരിമൌലിയിൽ മോശ
    വിധിനിലയത്തിൽ സഹദേരും കണ്ടു

തിരുസഭയവനെത്തരുവിന്മേൽ സ്നേഹത്താൽ ദ-ർശി-
ച്ചിരവും പകലും സ്തുതിഗാനം ഘോഷിച്ചീടുന്നു
ഹാലേലൂയ്യാ - ഉ - ഹാലേലൂയ്യാ

മെന്ഗാലം വാദാമോ ല്ഗാലാം ഒൽമീനാമീൻ ഹാലേലൂയ്യാ

പ്രിയരേ തീഷ്ണത കാട്ടുക ദിവ്യായുധമാം നോമ്പിൽ
മശിഹായിൽ പൂർണ്ണതയാർന്നോർ നോമ്പിൽ ജയമാ-ർന്നു
ആകൽക്കറൂസാ തന്നൊടു പോരിട്ടാർ
ശോഭിതനായി സീനായിൽ മോശ
ഏലിയായെരിതീത്തേരിൽ നോമ്പാൽ വാനേറി
ഉന്നതിസുകൃതികളാർജ്ജിച്ചു മകുടം സഹദേരും
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ. *മൊറിയോറാഹേം മേലെൻ ---*

എത്രൊ

കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളെ സമാധാന മന്ദിരങ്ങളും ഞങ്ങളുടെ മനസ്സുകളെ സമാധാന തുറമുഖങ്ങളും ആക്കിത്തീർത്ത്, നിന്നോടും, അന്യോന്യമുള്ള യഥാർത്ഥ സ്നേഹം ഞങ്ങളുടെ ഉള്ളിൽ വിതയ്ക്കേണമെ. സ്നേഹവും യോജിപ്പും ഐകമത്യവും ഭക്തിയും ഞങ്ങളിൽ സ്ഥാപിക്കുകയും ചെയ്യണമെ. അങ്ങിനെ ഞങ്ങൾ അന്യോന്യം സമാധാനം നൽകുവാനും പരമാർത്ഥ തയോടെ അതു സ്വീകരിപ്പാനും ഞങ്ങൾക്കിടയാക്കണമെ. ഞങ്ങൾനിർവ്വഹിക്കുന്ന ഈകർമ്മത്തിൽ തിരഞ്ഞെടുക്കപ്പെട്ട ധൂപത്തിലും ആനന്ദപരിമളത്തിലും ഹിതകരമായ ധൂപത്തിലും എന്നപോലെ തിരുവിഷ്ടം പ്രീതിപ്പെടുമാറാ

കണമെ. നീ സകലത്തേയും സമാധാനംമൂലം ആനന്ദിപ്പിക്കുന്നവനും നിരപ്പിനാൽ സകലത്തേയും സന്തോഷിപ്പിക്കുന്നവനും ആകുന്നുവല്ലോ. നിനക്കും നിൻെറ പിതാവിനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു.

ഹോശോ --- ആമ്മീൻ

ആഹായ്നാഹേബ്

കല്പനകാപ്പാനന്യോന്യം സ്നേഹിപ്പിൻ സഹജന്മാരേ
ചിലരുപവാസം കാക്കുമ്പോൾ ഹൃദയം സ്പർദ്ധാവൈരമയം
വീണ്ടുവെടിഞ്ഞോരിൽ ചിലരോ പ്രിയനെരഹസ്യം നിഹനിപ്പൂ.

മണിപതിനൊന്നിൽപണിചെയ്‌വാൻ വേലക്കാരെവിളിച്ചോനേ
നിന്മാനത്തിനുഞാൻ തീർത്തൊരുമകുടം പതിനൊ-ന്നും
കൈക്കൊ-ണ്ടരുളുക പാപവിമോചനമ-ക്കനിവിനു ഞാൻ
സ്തുതി പാടീടും ബാറെക്മോർ. † ശുബഹോ ---

പരിപാവന സ-ഭയേശാന്തി ശമനം നിന്മതിലാകട്ടെ,
ഈർഷ്യയതും വ്യാജവുമെങ്ങും സ്നേഹത്തീയി-ലൊടുങ്ങട്ടെ
തിരുമണവാളൻ തൻപെരുന്നാൾ സുചിരം നീയാഘോഷിക്ക.

മെന്ഓലാം വാദാമോ ----

ദേവാ കൃപചെയ്തീടണമെ നിൻ കൃപയിൻ പതിവിന്നൊപ്പം
കെണിയനവരതം ഞങ്ങൾക്കായ് വയ്ക്കും കുടിലനെ-
യോടിക്ക നിൻ † സ്ലീബാ കാവൽ ഞങ്ങൾ-
ക്കതിനാലാവൃതരാം ഞങ്ങൾ
കരുണാജലനിധിയാം ദേവാ പാതകികൾക്കുത്തരമരുൾക

അപരാധം ചെയ്തോർ ഞങ്ങൾ-കൃപയിൻ വാതിലിൽ
മുട്ടുന്നു, ശ്രീമയമാം നിൻ നിധിയിൽ നി-ന്നേകീടുക
പാതകമുക്തി. മൊറിയോറാഹേം ----

മോർ യാക്കോബിൻെറ ബോവൂസോ

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം
ഈശാ നാഥാ ഈറയനാഥാ മാലാഖേശാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപചെയ്യേണം

ഐക്യത്തിന്നായ് ബദ്ധപ്പെടുവിൻ ക്രൂദ്ധന്മാരേ
നമ്മാൽ ക്രുദ്ധൻ നാഥൻ നമ്മിൽ പ്രീതിപ്പെട്ടു
കുറ്റം ചെയ്തോനിങ്ങുവരട്ടെസംമാന്യൻ ഞാ-
നങ്ങെത്തീടിൽ മാനം കെടുമെന്നോതീടല്ലേ.

സ്നേഹിക്കേണം ഭ്രാതാക്കളെ നീ-യവയവതുല്യം
കർത്താവീശോയേകൻ തന്നെ മെയ്യിൻ മൌലി
കോപംമൂലം ഭ്രാതൃസ്നേഹം വിട്ടീടുന്നോൻ
നാഥദ്വേഷി, ഭ്രാതൃസ്നേഹിക്കില്ലടിമത്തം

ക്രോധാവിഷ്ടാ, ദൈവത്തെപ്പോൽ നിൻഭ്രാതാവോ-
ടൈക്യം പാലിച്ചിടേണം നീ ചിന്താപൂർവ്വം
നീക്കുക നീ നിന്നുള്ളിലെ ദുഷ്ടും പകയും പോരും
കർത്തൃസ്നേഹം വാനതിലെപ്പോൽ വാഴും നിന്നിൽ.

കോപിച്ചോർ തൻ ശാന്തിയതാകും താതൻ സ്തുത്യൻ
വന്ദ്യൻ † ക്രൂശാൽ ശാന്തി ജഗത്തിന്നേകിയ പുത്രൻ
തപ്തന്മാർക്കായ് മോചനമരുളും റൂഹാ സ്തോത്രം

ഉണ്ടാകട്ടെ നമ്മുടെ മേലൻപാമ്മീനാമ്മീൻ
സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

<u>വായനകൾ</u>

1 യോഹന്നാൻ 4. 11-21
1 കോരിന്ത്യർ 13. 4-10

പെത്ഗോമോ

ഹാലേലുയ്യാ ഉ ഹാലേലുയ്യാ. ദോഷക്ഷമയാർജ്ജിച്ചോൻ - പാപവിമോചനമാർന്നോൻ ധന്യൻ. ഹാലേലുയ്യാ

ഏവൻഗേലിയോൻ.

പെത്ഗോമോ

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ തൻ പിഴകൾക്കായ് പൊറുതി ലഭിച്ചോൻ പാപത്തിനു മോചനമതുമാർന്നോൻ ധന്യൻ. ഹാലേലുയ്യാ

ഏവൻഗേലിയോൻ

വി. മത്തായി 18. 12 - 35

യേശു ശിഷ്യന്മാരോട് അരുൾ ചെയ്തു. നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരുവന് നൂറ് ആട് ഉണ്ടായിരിക്കെ അവയിൽ ഒന്ന് വഴിതെറ്റിപ്പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മലയിൽ വിട്ടിട്ട് തെറ്റിപ്പോയതിനെ അന്വേഷിച്ചു പോകുന്നി ല്ലയോ? അതിനെ കണ്ടുകിട്ടിയാൽ തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിനേക്കാളധികം അതിനെപ്പറ്റി അവൻ

സന്തോഷിക്കും എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. അങ്ങനെതന്നെ ഈ ചെറിയവരിൽ ഒരുവൻ നശിച്ചുപോകുന്നത് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല. നിൻെറ സഹോദരൻ നിന്നോടു കുറ്റം ചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ അവന് കുറ്റബോധം വരുത്തുക. അവൻ നിൻെറ വാക്കുകേട്ടാൽ നിൻെറ സഹോദരനെ നീ നേടിക്കഴിഞ്ഞു. അവൻ നിൻെറ വാക്കു കേൾക്കുന്നില്ലെങ്കിൽ, രണ്ടോ മൂന്നോ പേരെ നിന്നോടുകൂടെ കൊണ്ടു പോകുക. അവരെയും അവൻ അനുസരിക്കുന്നില്ലെങ്കിൽ സഭയോടു പറയുക. സഭയേയും അനുസരിക്കുന്നില്ലെങ്കിൽ അവൻ നിനക്ക് ചുങ്കക്കാരനെപ്പോലെയും വിജാതിയനെപ്പോലെയും ആയിരിക്കട്ടെ. യേശു ശിഷ്യന്മാരോട് അരുൾ ചെയ്തു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളിൽ രണ്ടുപേർ ഏതു കാര്യത്തെക്കുറിച്ചും യാചിക്കുവാൻ ഏകമനസ്സുള്ളവരായാൽ സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൽനിന്ന് അത് അവർക്കു ലഭിക്കും. എന്തെന്നാൽ എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ എവിടെ കൂടിയാലും അവിടെ അവരുടെയിടയിൽ ഞാനുമുണ്ട്. അപ്പോൾ കീപ്പാ യേശുവിൻെറ അടുത്തുചെന്ന് അവനോട്, എൻെറ കർത്താവേ, എൻെറ സഹോദരൻ

എന്നോട് തെറ്റു ചെയ്താൽ ഞാൻ അവനോട് എത്ര പ്രാവശ്യം ക്ഷമിക്കണം. ഏഴു പ്രാവശ്യംവരെയോ, എന്നു ചോദിച്ചു. യേശു അവനോട്, ഏഴുവരെ എന്നല്ല, ഏഴേഴുവീതം എഴുപതു പ്രാവശ്യംവരെ എന്നത്രെ ഞാൻ നിന്നോടു പറയുന്നത് എന്നുപറഞ്ഞു. സ്വർഗ്ഗരാജ്യം തൻെറ ദാസന്മാരുടെ കണക്കു കേൾക്കു വാൻ തീരുമാനിച്ച ഒരു രാജാവിനോടു സദൃശ്യമാകുന്നു. അവൻ കണക്കു കേട്ടുതുടങ്ങിയപ്പോൾ പതിനായിരം താലന്തു കടം വാങ്ങിയിരുന്ന ഒരാളെ അവൻെറ അടുക്കൽകൊണ്ടുവന്നു. അവന് കടം വീട്ടുവാൻ വകയില്ലായിരുന്നതുകൊണ്ട് അവനെയും അവൻെറ ഭാര്യയേയും മക്കളെയും അവനുള്ളതൊക്കെയും വിറ്റ് കടം തീർക്കുവാൻ യജമാനൻ കൽപ്പിച്ചു. അപ്പോൾ ആ ദാസൻ വീണ് യജമാനനെ വന്ദിച്ച്, എൻെറ യജമാനനേ, എനിക്ക് ഒരവധി തരണമെ, ഞാൻ സകലകടവും നിനക്ക് തന്ന് തീർത്തുകൊള്ളാം എന്നുപറഞ്ഞു. യജമാനൻ മനസ്സലിഞ്ഞ് കടം ഇളവുചെയ്തുകൊടുക്കുകയും അവനെ വിടുകയും ചെയ്തു. ആ ദാസൻ പുറത്തിറങ്ങിയപ്പോൾ തന്നോടു നൂറ് ദീനോറോ വാങ്ങിയിരുന്ന ഒരു കൂട്ടുദാസനെ കണ്ടെത്തി. അവനെ പിടിച്ച് തൊണ്ടയ്ക്കുഞെക്കി, എന്നോടു കടം വാങ്ങിയത് തന്നുതീർക്കുക എന്നുപറഞ്ഞു. ആ കൂട്ടുദാസൻ അവൻെറ കാൽക്കൽവീണ്, എനിക്ക് ഒരു അവധിതരണമെ ഞാൻ സകലവും നിനക്ക് തന്നുതീർത്തുകൊള്ളാം എന്നു പറഞ്ഞു. എന്നാൽ അവൻ അതു സമ്മതിക്കാതെ ചെന്ന്,

തന്നോടുകടംവാങ്ങിയ സർവ്വവും തിരികെകൊടുക്കുവോളം അവനെ കാരാഗൃഹത്തിലാക്കിച്ചു. അതു കണ്ടപ്പോൾ അവൻെറ കൂട്ടുദാസന്മാർ വളരെ ദുഃഖിച്ചു. അവർ ചെന്ന് സംഭവിച്ചതെല്ലാം തങ്ങളുടെ യജമാനനെ അറിയിച്ചു. അപ്പോൾ യജമാനൻ അവനെ വിളിച്ച് ദുഷ്ടദാസാ, നീ എന്നോടു അപേക്ഷിച്ചതിനാൽ ആ കടമെല്ലാം ഞാൻ നിനക്കു ഇളവുചെയ്തില്ലേ? ഞാൻ നിന്നോടു കരുണ ചെയ്തപോലെ നീയും കൂട്ടുദാസനോട് കരുണ ചെയ്യേണ്ടത് ന്യായമായിരുന്നില്ലേ എന്നുചോദിച്ചു. യജമാനൻകോപിച്ച് ആ ദാസൻ കടംവാങ്ങിയിരുന്നതെല്ലാം കൊടുത്തുതീർക്കുവോളം അവനെ ദണ്ഡനാധികാരികളുടെ കൈയ്യിൽ ഏൽപ്പിച്ചു. നിങ്ങൾ ഓരോരുത്തരും അവനവൻെറ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാതി രുന്നാൽ സ്വർഗ്ഗത്തിലുള്ള എൻെറ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല.

ܩܠ ܀ ܒܥܘܬܐ ܡܪܝ

നാഥാ വാതിലിൽ മുട്ടുന്നേൻ, നിധി
നിലയത്തിന്നൻപർത്ഥിക്കുന്നേൻ
നെടുനാളായ് ഞാൻ നിൻ വഴി കൈവിട്ടൊരു പാപി,
പാപമുപേക്ഷിച്ചങ്ങത്തെ കൃപയിൽ വാഴാൻ
കൃപ ചെയ്തീടണമെ.

കരുണാ നിധിയാം നാഥാ, നിൻ
വാതിലിലല്ലാതെവിടടിയാർ മുട്ടും

രാജാക്കന്മാരടികൂപ്പും രാജാധീശാ,
തിരുസന്നിധിയിൽ യാചിപ്പാൻ
നിൻ കൃപയല്ലാതെങ്ങൾക്കാരുള്ളൂ.

ബാറെക്മോർ. † ശുബഹോ --- --

ജനകാത്മജ വിമലാത്മാവേ ഞങ്ങളോടേൽക്കും
ദുഷ്ടാത്മപ്പടയിൽ
ഞങ്ങൾക്കാവുക വന്മതിലും ശരണമതും നീ,
സത്തമരെത്തിരയുന്നേരം
കരുണാച്ചിറകിൽ ചേർക്കുക ഞങ്ങളെ നീ. മെനഓലാം ---

ഈയഭ്യർത്ഥന സ്വർഗ്ഗത്തിൻ വാതിൽത്തുറക്കും
താക്കോലാകണമെ
മാനവനാദം മോദകരം മറുപടി നാഥൻ,നൽകിടുമെന്നാ-
നിരകളിലുദ്ഘോഷിക്കട്ടെ റാബേ ദൂതന്മാർ. മൊറിയോ –

മോർ യാക്കോബിൻെറ ബോവൂസോ

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപചെയ്യേണം

ഈശാ നാഥാ ഈറയനാഥാ മാലാഖേശാ
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ കൃപചെയ്യേണം

കാംക്ഷിക്കുന്നേൻ കന്മഷമുക്തിക്കെൻ കർത്താവേ
കാലത്തിന്നൊത്തൻപർത്ഥിപ്പാൻ നൽകുക കണ്ണീർ
ദാഹിക്കുന്നേനേകാശ്രയമാം നിൻ കരുണയ്ക്കായ്
വർഷിക്കെന്മേൽ കരുണാക്കടലേ കരുണാപൂരം

വൈകീനേരം മൃതിനിഴലെന്നെ വലയം ചെയ്തു
നീയെൻ സന്ധ്യാരവിയാകണമെ നിൻ പ്രഭകാണ്മാൻ
ചാവല്ലെ ഞാൻ മുന്തിരി വയലിൻ വെളിയിൽ നാഥാ
എൻതാപത്തെ നിന്തിരുനേത്രം കൈക്കൊള്ളേണം

കാലം പോക്കിപ്പാഴായവയെ സേവിച്ചീ ഞാൻ
ജീവാന്ത്യത്തിൽ കൈക്കൊൾകെന്നെ ഞാൻ നിൻ്റേതാം
മായാരാജാവെന്നെ വധിപ്പാനെയ്തു ബാണം
സേനാധീശാ സൗഖ്യം നേടാനൗഷധമേകൂ

ആട്ടിൻപ്പറ്റം വീണ്ടൊരു നല്ലോരിടിയാ സ്തോത്രം
ചെന്നാരാഞ്ഞാ നഷ്ടമജത്തെ രക്ഷിച്ചോനേ
ഏവൻപോരും നേരായ് നിന്നെ സ്തുതി ചെയ്തീടാൻ
താതാത്മാവൊത്തമരുമദൃശയ്യാ സ്തോത്രം സ്തോത്രം.

ദേവാ ദേവാ ഉത്തരമരുളിക്കാരുണ്യം ചെ-
യ്തേകീടേണം മനുജാത്മാക്കൾക്കനുതാപം നീ

ഞങ്ങളുടെ കർത്താവായ യേശുമശിഹാ, നിൻെറ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു, ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ, നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിൻെറ സ്നേഹം നിൻെറ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേയ്ക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണയുണ്ടാകണമെ.

(തുടർന്ന് ദൈവമേ നീ പരിശുദ്ധനാകുന്നു ഇദ്യാതി കൗമായും, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, കൃപ നിറഞ്ഞമറിയമേ നിനക്കു സമാധാനം -- ചൊല്ലിയശേഷം സ്നേഹത്തെക്കുറിച്ചും ക്ഷമയെക്കുറിച്ചും പ്രസംഗിക്കുന്നു. അനന്തരം താഴെക്കാണുന്നത് ചൊല്ലിക്കൊണ്ട് പ്രധാന പട്ടക്കാരൻ എല്ലാവരുടേയും മുമ്പാകെ മൂന്നു പ്രാവശ്യം മുട്ടു കുത്തുന്നു. ഓരോ പ്രാവശ്യവും മുട്ടുകുത്തുമ്പോൾ ജനങ്ങളും "പിതാവേ ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ" എന്നു പറഞ്ഞുകൊണ്ട് മുട്ടുകുത്തുന്നു.)

ഒന്നാമത്

പട്ടക്കാരൻ, സഹോദരന്മാരേ, വത്സലരേ, മശിഹായെപ്രതി എന്നോടു ക്ഷമിപ്പിൻ, ഞാൻ നിങ്ങളോടു പാപം ചെയ്തു പോയി. സ്നേഹത്തോടും ആത്മീയമായ ഐക്യത്തോടും പൈതൃകമായ സ്നേഹത്തോടുംകൂടി ജാഗരൂകനായ ഇടയനെപ്പോലെ നിങ്ങളെല്ലാവരോടും ഞാൻ കല്പിക്കയും നിങ്ങളുടെ മുമ്പാകെ നിലത്തു കുമ്പിടുകയും ചെയ്യുന്നു.

ജനം, പിതാവേ ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

രണ്ടാമത്

നിങ്ങളുടെ നിർവ്യാജ സ്നേഹത്തോടു ഞാൻ അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സഹോദരന്മാരേ, വത്സലരേ വരുവിൻ, ദൈവം നമ്മോടു രമ്യപ്പെടുവാൻ വേണ്ടി നമുക്കു പരസ്പരം രമ്യമാകാം. വിശുദ്ധ ത്രിത്വത്തിൻെറ ബഹുമതിയ്ക്കായി ഞാൻ നിലത്തു കുമ്പിടുന്നു.

ജനം, പിതാവേ ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

മൂന്നാമത്

നിങ്ങളെല്ലാവരുടേയും സന്നിധിയിൽ സങ്കടഹൃദയത്തോടും പരിപൂർണ്ണ മനഃസ്സാക്ഷിയോടുംകൂടെ നിങ്ങളുടെ സ്നേഹത്തോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഉന്നത ശബ്ദത്തിൽ നിങ്ങളോട് അട്ടഹസിക്കുകയും ചെയ്യുന്നു. സഹോദരരേ, വത്സലരേ, വരുവിൻ. നമുക്കു പരസ്പരം രമ്യമാകാം. നിങ്ങൾ പരസ്പരം തെറ്റുകുറ്റങ്ങൾ ക്ഷമിച്ചാൽ നിങ്ങളോടും ക്ഷമിക്കപ്പെടുമെന്ന് പറഞ്ഞിരിക്കുന്നതനുസരിച്ച് നാമെല്ലാവരിലും ദൈവം പ്രീതിപ്പെട്ട് നമ്മുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുവാൻവേണ്ടി നാമോരുത്തരും അവനവൻെറ സഹോദരനോട് നാം അന്യോന്യം ചെയ്തു പോയിട്ടുള്ള തെറ്റുകളും കുറ്റങ്ങളും ക്ഷമിക്കണം. ദൈവമായ കർത്താവ് എൻെറ പാപങ്ങളും നിങ്ങളുടെ പാപങ്ങളും ക്ഷമിച്ച് പരിഹരിക്കട്ടെ.

ജനം, പിതാവേ ക്ഷമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

തുടർന്ന് പട്ടക്കാരൻ ജനങ്ങൾക്ക്വേണ്ടിയുള്ള പ്രാർത്ഥന

ഈ വിശുദ്ധ നോമ്പിൻെറ പ്രാരംഭം അനുഗ്രഹീത മായിരിക്കട്ടെ. ഇതിൻെറ അവസാനവും അനുഗ്രഹീത മായിരിക്കട്ടെ. തൻെറ ഇഷ്ടാനുസരണം ഇതിനെ അനുഷ്ഠിക്കുന്നതിനു ദൈവം നിങ്ങളെല്ലാവരേയും സഹായിച്ചു തുണയ്ക്കട്ടെ രഹസ്യവും പരസ്യവുമായ ശത്രുക്കളുടെ, അതായതു വിശ്വാസികളായ ക്രിസ്ത്യാനി കളുടെ ശത്രുവായ സാത്താൻെറ കെണികളെ നിങ്ങളുടെ മുമ്പിൽനിന്ന് അവൻ തകർത്തുകളയട്ടെ. നമ്മുടെ

കർത്താവായ യേശുമശിഹാ തന്റെ നോമ്പിന്റെ അന്ത്യത്തിൽ അവനെ തോല്പിച്ച്, “സാത്താനേ എന്റെ പിന്നിൽ പോവുക” എന്ന് അവനോട് പറഞ്ഞപ്രകാരം അവന്റെ പരീക്ഷണങ്ങളിൽനിന്ന് നിങ്ങളേയും രക്ഷിക്കുമാറാകട്ടെ. ദൈവമാതാവായ വിശുദ്ധ മറിയാമിന്റേയും, മോർ തോമ്മാശ്ലീഹായുടേയും, മോർ ഗീവർഗ്ഗീസ് സഹദായുടേയും, പരുമല മോർ ഗ്രീഗോറിയോസിന്റേയും, മോർ ദിവന്നാസ്യോസിന്റേയും ശേഷം എല്ലാ ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനയാലും, † സ്ലീബായുടെ ശക്തിയാലും നിങ്ങളെ കാത്തു സഹായിക്കുമാറാകട്ടെ. ആമ്മീൻ




Ὁ ἄσωτος υἱός
Ὁ φιλόστοργος πατήρ